# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 13, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1802/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 95

**II അടിയന്തരപ്രമേയം**

ലൈഫ് മിഷനുമായി ബന്ധപ്പെട്ട അഴിമതി

– ശ്രീ. അനിൽ അക്കര

(അവതരണാനുമതി നിഷേധിച്ചു) ...490

**III ശ്രദ്ധ ക്ഷണിക്കൽ**

1. കഞ്ചിക്കോട് ബി.ഇ.എം.എൽ. സ്വകാര്യവത്കരണം

– ശ്രീ. പി. കെ. ശശി …515

2. ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

– ശ്രീ. അനൂപ് ജേക്കബ് …521

**IV സബ്മിഷൻ**

1. റിമാൻഡ് പ്രതിയുടെ തൂങ്ങി മരണം

– ഡോ. എം. കെ. മുനീർ …527

2. വിവരാവകാശ നിയമം ദുരുപയോഗം ചെയ്യൽ

– ശ്രീ. എ. എൻ. ഷംസീർ …529

3. കായൽജലം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

– ശ്രീ. ജോൺ ഫെർണാണ്ടസ് …531

*പേജ്*

4. ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

– ശ്രീ. എം. രാജഗോപാലൻ ...533

5. കുട്ടികൾക്ക് സൗജന്യ ചികിത്സ

– ശ്രീ. പാറക്കൽ അബ്ദുല്ല ...534

6. മിമിക്രിയെ കേരള സംഗീത നാടക അക്കാദമിയുടെ ഭാഗമാക്കൽ

– ശ്രീ. ബി. ഡി. ദേവസ്സി ...538

7. പൈതൃക ഗ്രാമ പദ്ധതി

– ശ്രീ. സജി ചെറിയാൻ ...540

8. ഡിജിറ്റലൈസേഷൻ

– ശ്രീ. ഷാഫി പറമ്പിൽ ...542

9. മരമടി മത്സരം

– ശ്രീ. ചിറ്റയം ഗോപകുമാർ ...545

10. കുറുക്കൻകുണ്ട് പ്രദേശത്തിന്റെ വികസനം

– ശ്രീ. എൻ. ഷംസുദ്ദീൻ ...547

**V മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 166 (1), 47 (2), 236 (5), 236 (6) എന്നിവ പ്രകാരമുള്ള കടലാസുകൾ ...549

**VI റിപ്പോർട്ട് സമർപ്പണം**

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തി മൂന്ന് മുതൽ അറുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ ...636

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ ...636

(3) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ പതിനൊന്നാമതും പന്ത്രണ്ടാമതും റിപ്പോർട്ടുകൾ ...636

പേജ്

VII **ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ...637

VIII **വ്യക്തിപരമായ വിശദീകരണം**

പുനർജനി പദ്ധതിയെക്കുറിച്ചുള്ള ആരോപണം

– ശ്രീ. വി. ഡി. സതീശൻ ...700

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 13, ബുധൻ*

| വാല്യം 183] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 4 |
|---|---|---|

നിയമസഭ 2021 ജനുവരി മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു :

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *31

### ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

1 (*31) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറിലെ പഴുതുകൾ ഉപയോഗിച്ച് ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഒരു ട്രഷറിയിൽനിന്നും 2.5 കോടി രൂപ വെട്ടിപ്പ് നടത്തിയ കേസിൽ വിജിലൻസ് അന്വേഷണം വേണ്ടെന്ന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കണ്ടെത്തിയിട്ടില്ല. വകുപ്പിൽ നടപ്പാക്കിയിട്ടുള്ള IFMS സംവിധാനത്തിന്റെ ഭാഗമായി കേന്ദ്ര ഏജൻസിയായ NIC തയ്യാറാക്കിയിട്ടുള്ള വിവിധ മൊഡ്യൂളുകളിൽ ഏതെങ്കിലും തരത്തിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് യഥാ സമയം തന്നെ NIC അധികൃതർക്ക് റിപ്പോർട്ട് ചെയ്ത് പരിഹരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ടെസ്റ്റ് റണ്ണും സെക്യൂരിറ്റി ആഡിറ്റും നടത്തുകയും കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ചുവരികയും ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയറിലുണ്ടാകാൻ സാദ്ധ്യതയുള്ള ഒട്ടുമിക്ക പഴുതുകളും അടച്ചുകൊണ്ടാണ് ട്രഷറി സോഫ്റ്റ്‌വെയർ പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത്.

(ബി) തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല. പ്രസ്തുത കേസിൽ ക്രിമിനൽ കേസും വകുപ്പുതല നടപടിയുമുണ്ട്.

(സി) വഞ്ചിയൂർ അഡീഷണൽ സബ്‌ട്രഷറിയിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ട്രഷറിയിടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേയ്ക്കായി, ബിൽ/ചെക്ക് സ്ക്രൂട്ടിണി ലെവലിലോ പാസ്സാക്കിയതിനുശേഷമോ ക്യാൻസൽ ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറി ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ജീവനക്കാർ വിരമിച്ചാലോ ലീവിൽ പ്രവേശിച്ചാലോ സസ്പെൻഷനിലായാലോ അവരുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും സ്വയം നിർജ്ജീവമാകുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാരുടെ വ്യക്തിഗത പാസ്‌വേർഡിനൊപ്പം മൊബൈൽ/ഇ-മെയിൽ മുഖാന്തരം ഡെയിലി പാസ്‌വേർഡ്കൂടി ലഭ്യമാക്കി ഇടപാടിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇടപാടുകൾ നടത്തുന്ന ട്രഷറി ജീവനക്കാരുടെ അടിസ്ഥാന ഔദ്യോഗിക രേഖകൾ കൃത്യമാണെന്ന് ഉറപ്പുവരുത്താനായി ആയത് സ്പാർക്കുമായി സംയോജിപ്പിച്ചിട്ടുണ്ട്. കൂടാതെ ട്രഷറി സോഫ്റ്റ്‌വെയറിന്റെ സെക്യൂരിറ്റി ആഡിറ്റ് നടത്തുന്നതിനും ട്രഷറികളിലെ ക്രമക്കേടുകൾ തടയുന്നതിനായി വകുപ്പുതല പരിശോധന ശക്തിപ്പെടുത്തുന്നതിനും ട്രഷറി സോഫ്റ്റ്‌വെയറിൽ അനിവാര്യമായ ക്രമീകരണങ്ങൾ കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സോഫ്റ്റ്‌വെയറിൽ തകരാറൊന്നും കണ്ടെത്തിയിട്ടില്ല എന്നാണ് അങ്ങ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. പക്ഷേ സംസ്ഥാന ട്രഷറിയിൽ IFMS ഓൺലൈൻ സംവിധാനം നടപ്പിലാക്കിയത് 2017-ലാണ്. കാലങ്ങളായി തകരാറിലാകുന്ന സോഫ്റ്റ്‌വെയറിന് പരിഗണന

നൽകി അത് ശരിയാക്കുന്നില്ല എന്നതാണ് പലപ്പോഴായി നടക്കുന്ന തട്ടിപ്പുകളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമായിരുന്നെങ്കിൽ ഇത്തരം തട്ടിപ്പ് നടക്കുമായിരുന്നില്ല. പണം മറ്റേതെങ്കിലും അക്കൗണ്ടിലേയ്ക്ക് മാറ്റിയാൽത്തന്നെ വീണ്ടും അതേ ശേഷിപ്പ് അവിടെ കാണുകയാണ്. പുതിയ സോഫ്റ്റ്‌വെയറിൽ പഴയ രീതിയിലുള്ള സൗകര്യം പോലുമില്ലെന്നാണ് അറിയുന്നത്. ഉദാഹരണത്തിന്, എം.എൽ.എ.-മാരുടെ ലോണും മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് ഈ സോഫ്റ്റ്‌വെയർ വരുന്നതിനുമുമ്പ് വളരെ കൃത്യമായി ലഭിക്കുമായിരുന്നു. ഇപ്പോൾ സ്റ്റേറ്റ്മെന്റ് കിട്ടാനുള്ള സൗകര്യം അതിലില്ലെന്നാണ് അറിയാൻ കഴിയുന്നത്. അതുപോലെതന്നെ അക്കൗണ്ടിൽ ആവശ്യമായ പണം ഇല്ലെങ്കിൽ പണം കൈമാറാനും ഇതിന്റെ മേൽനോട്ടം വഹിക്കുന്ന NIC-യെ ബന്ധപ്പെട്ട് പരാതികൾ അറിയിക്കാനും സംസ്ഥാന തലത്തിൽ ചുമതലപ്പെടുത്തിയിരിക്കുന്ന ചീഫ് കോ-ഓർഡിനേറ്റർക്ക് മതിയായ സാങ്കേതിക പരിജ്ഞാനമില്ലെന്നാണ് അറിയുന്നത്. അത്തരം പരിജ്ഞാനമില്ലാത്ത ആളുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടും സോഫ്റ്റ്‌വെയറിലെ തകരാറുകൾ പരിഹരിക്കപ്പെടാതെയും മുന്നോട്ടു പോകുമ്പോൾ ഇതുപോലുള്ള തട്ടിപ്പുകൾ ആവർത്തിക്കപ്പെടുന്ന സ്ഥിതിയാണ് വരുന്നത്. അതിനൊരു പരിഹാരമെന്ന നിലയിൽ ജീവനക്കാർക്ക് സാങ്കേതിക പരിജ്ഞാനം നൽകാൻവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യയിലെ ഏറ്റവും മികച്ച ട്രഷറി സോഫ്റ്റ്‌വെയർ കേരളത്തിന്റേതാണ്. ഇതുസംബന്ധിച്ച വിശദമായ അവതരണം നമ്മൾ ഡൽഹിയിൽ നടത്തുകയും അതിന് വളരെ പ്രശംസ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണെങ്കിലും ഈ സോഫ്റ്റ്‌വെയർ നിർമ്മാണത്തിന്റെ 80% പ്രവൃത്തികളും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പൂർത്തീകരിച്ചത്. ബാക്കി മാത്രമാണ് ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ളത്. ഇത് പൂർണ്ണമായും NIC ആണ് ചെയ്തത്. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ NIC ആണ് തിരുത്തുന്നത്. NIC-യുടെ ഒരു യൂണിറ്റ് അതിനുവേണ്ടിയുണ്ട്. അവരുടെ കീഴിലാണ് നമ്മുടെ സാങ്കേതിക വിദഗ്ദ്ധരായ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈ സോഫ്റ്റ്‌വെയറിനെക്കുറിച്ച് അങ്ങനെയൊരു മോശം നിഗമനത്തിലേയ്ക്ക് സഭ എത്തരുത്. ഏത് സോഫ്റ്റ്‌വെയറാണെങ്കിലും തുടക്കത്തിൽ ഒരുപാട് glitches ഉണ്ടാകും. അത് കണ്ടെത്തി പരിഹരിക്കുകയാണ് വേണ്ടത്. ഇപ്പോൾ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ രണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്ന്, സെക്യൂരിറ്റി ആഡിറ്റ് - കേന്ദ്ര സർക്കാരിന്റെ ഒരു ഏജൻസിയെക്കൊണ്ട് സെക്യൂരിറ്റി ആഡിറ്റ് നടത്താം. രണ്ട്, ഫംഗ്ഷണൽ

ആഡിറ്റ് - അത് പുറത്തുനിന്നുള്ള ഒരു ഏജൻസിയെക്കൊണ്ടോ നമ്മുടെ തന്നെ ടീമോ നടത്തുന്നുണ്ട്. ഫംഗ്ഷണൽ ആഡിറ്റ് നടത്തുന്നതിന് ചില കാലതാമസം വന്നിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുകയാണ്. കാരണം അത് നടത്തുമ്പോൾ ട്രഷറി സിസ്റ്റം ഫ്രീസ് ചെയ്യേണ്ടിവരും. അതിന് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കാൻ പറ്റില്ല. എന്നാൽ നിങ്ങൾക്ക് അറിയാവുന്നതുപോലെ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഒരുപാട് ട്രഷറി ക്രമീകരണങ്ങൾ വേണ്ടിവന്നിട്ടുണ്ട്. പണത്തിന്റെ ഞെരുക്കത്തിന്റെ അടിസ്ഥാനത്തിൽ, DBT, Discounting system ഇങ്ങനെ നിരന്തരം മാറ്റം വരുത്തുന്നതുകൊണ്ട് ഇതൊക്കെ നിർത്തിവച്ച് ഫംഗ്ഷണൽ ആഡിറ്റിലേയ്ക്ക് പോകാൻ കഴിഞ്ഞിട്ടില്ല. എന്നിട്ടും ട്രഷറി സിസ്റ്റം ഫ്രീസ് ചെയ്തുകൊണ്ട് ഫംഗ്ഷണൽ ആഡിറ്റ് നടത്തുകയാണ്. ഇന്ത്യാ രാജ്യത്തെ ഏറ്റവും നല്ല ട്രഷറി സോഫ്റ്റ്വെയർ കേരളത്തിന്റേതാണെന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാൻ സാധിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, താങ്കൾ പറഞ്ഞത് ശരിയാണ്. കേരളത്തിലെ ട്രഷറികൾ ഏറ്റവും നല്ല ധനകാര്യ സ്ഥാപനങ്ങൾ തന്നെയാണ്. അതുകൊണ്ടാണല്ലോ കേരളത്തിലെ ട്രഷറികളിൽ ലക്ഷക്കണക്കിനാളുകൾ അക്കൗണ്ടുകൾ തുടങ്ങുന്നത്. അതുപോലെ 6.7 ലക്ഷം എസ്.ബി. അക്കൗണ്ടുകളും 5 ലക്ഷം സ്ഥിര നിക്ഷേപകരുമുണ്ട്. 4 ലക്ഷത്തിലധികം ആളുകൾക്ക് പെൻഷൻ നൽകുന്നുണ്ട്. അത്തരമൊരു ധനകാര്യ സ്ഥാപനത്തിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതുതന്നെയാണ് ഉദ്ദേശിച്ചത്, അല്ലാതെ ഇതിനെ മോശമാക്കാൻ ഉദ്ദേശിച്ചല്ല പറഞ്ഞത്. തിരുവനന്തപുരത്ത് കാട്ടാക്കടയിൽ നടന്ന തട്ടിപ്പിനെക്കുറിച്ച് അങ്ങ് പറഞ്ഞു. നേരത്തെയും ഇത്തരത്തിൽ ഉണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനിയിലും ചങ്ങരംകുളത്തും ഇതുപോലുള്ള തട്ടിപ്പുകൾ 2017-ലും 2018-ലും നടന്നിട്ടുണ്ട്. അതുപോലെ കണ്ണൂർ ട്രഷറിയിലും ഇതുപോലുള്ള തട്ടിപ്പുകൾ നടന്നിട്ടുണ്ട്. അന്നൊക്കെ തട്ടിപ്പ് കണ്ടുപിടിച്ച ആളുകളെ ശിക്ഷിക്കുകയും തട്ടിപ്പ് നടത്തിയ ആളുകളെ സംരക്ഷിക്കുകയുമാണ് ചെയ്തിരുന്നത്. ഇത്രയും ആളുകളുടെ വിശ്വാസ്യതയാണ് ട്രഷറികളിലുള്ളതെന്നുള്ളതുകൊണ്ട് ആ വിശ്വാസ്യത നിലനിർത്തുന്നതിനുവേണ്ടി തട്ടിപ്പുകാരെ പിരിച്ചുവിടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കർശനമായ നടപടികൾ സ്വീകരിക്കും. ട്രഷറിയുടെ വിശ്വാസ്യത തകർക്കുന്ന ഒരു ഏർപ്പാടുമുണ്ടാകില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നുപേരെ ട്രഷറി സർവ്വീസിൽനിന്ന് ഡിസ്മിസ് ചെയ്തിട്ടുണ്ട്. അതിൽ രണ്ടുപേർ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുറ്റകൃത്യം ചെയ്തിട്ടുള്ളവരാണ്. അര നൂറ്റാണ്ടുകാലത്തെ ട്രഷറി അനുഭവം

പരിശോധിക്കുകയാണെങ്കിൽ ഒൻപത് പേരെ ഡിസ്മിസ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാകും. രണ്ടുമുന്നണിയുടെ കാലത്തും തട്ടിപ്പുണ്ടായിട്ടുണ്ട്. ഞാൻ അതിന്റെ കണക്ക് പറയുന്നില്ല. വളരെ കർശനമായ സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. എല്ലാ കാര്യങ്ങളും മാനുവലായി നടക്കുമ്പോൾ അന്വേഷിച്ച് അതിന്റെ പുറകെ നടന്നാൽ മാത്രമേ തട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുമായിരുന്നുള്ളൂ. എന്നാൽ ഇന്നിപ്പോൾ ഒരു ഗുണമുള്ളത്, സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന്റെ അടിസ്ഥാനത്തിൽ എവിടെയെങ്കിലും ക്രമക്കേടുകൾ പൊന്തിവരും. യാതൊരു സംശയവുമില്ല. അതു കൊണ്ടാണ് കഴിഞ്ഞ മൂന്നുനാല് വർഷമായി കുറച്ചധികം കേസ്സുകൾ (ആറേഴെണ്ണം) വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ ധനകാര്യ സ്ഥാപനങ്ങളിലെ തട്ടിപ്പിന്റെ വ്യാപ്തി കണക്കാക്കുമ്പോഴാണ് നമ്മുടെ ട്രഷറിയുടെ മികവ് മനസ്സിലാകുന്നത്. ഞാൻ 2019-ലെ Reserve Bank-ന്റെ Financial Stability Report വായിക്കാം; 4412 ബാങ്കിംഗ് ക്രമക്കേടുകളിലൂടെ തട്ടിച്ചത് 1,13,000 കോടി രൂപയാണ്. അതിനു മുമ്പുള്ള വർഷം 6801 കേസ്സുകളിൽ നിന്നായി 71,000 കോടി രൂപയാണ് തട്ടിച്ചിരിക്കുന്നത്. ഈ തട്ടിപ്പുകൾക്കെതിരായി ഇൻഷ്വർ ചെയ്യുകയെന്നത് ബാങ്കുകൾക്ക് അനിവാര്യമായി വരികയാണ്. ഇൻഷ്വർ ചെയ്യുക എന്നുവച്ചാൽ എത്രമാത്രം തട്ടിപ്പുണ്ടാകുമെന്നത് റാഷണലായി കാൽക്കുലേറ്റ് ചെയ്യാൻപോലും ഏജൻസിക്ക് പറ്റുമെന്നുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോഴാണ് നമ്മുടെ ട്രഷറി എത്ര സുരക്ഷിതമാണെന്ന് മനസ്സിലാകുന്നത്. അതിന് പ്രധാനപ്പെട്ട കാരണം ബാങ്കുകളിലെ തട്ടിപ്പിനെക്കുറിച്ച് ചോദിക്കാനും പറയാനും നിയമസഭയിൽ ആളുകളുണ്ട് എന്നുള്ളതാണ്. ആ ജനകീയ മേൽനോട്ടം മറ്റൊരു സ്ഥാപനത്തിന്മേലും ഇല്ല. അതുകൊണ്ടാണ് തട്ടിപ്പ് കുറഞ്ഞിരിക്കുന്നതും ട്രഷറി സുരക്ഷിതമായിരിക്കുന്നതും.

ശ്രീ. പി. കെ. അബ്ദുറബ്ബിനുവേണ്ടി <u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സംസ്ഥാന ചരിത്രത്തിലാദ്യമായിട്ടാണ് ട്രഷറിയിൽ രണ്ടരക്കോടി രൂപയുടെ വെട്ടിപ്പ് നടന്നത്. ആകെ തട്ടിപ്പും വെട്ടിപ്പുമായതുകൊണ്ട് അതേ ലാഘവത്തോടുകൂടിയാണ് സംസ്ഥാന ഗവൺമെന്റ് ഇതിനെ കാണുന്നതെന്നാണ് അങ്ങയുടെ മറുപടിയിൽനിന്ന് വ്യക്തമാകുന്നത്. തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തു ന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല. ട്രഷറിയുടെ വിശ്വാസ്യതയെ തകർക്കും വിധം തട്ടിപ്പ് വർദ്ധിച്ചുവരുമ്പോൾ വിജിലൻസ് അന്വേഷണം നടത്താൻ സർക്കാർ തീരുമാനമെടുത്തിട്ടില്ല എന്ന് വളരെ ലാഘവത്തോടുകൂടി മറുപടി പറയുകയാണ്. ഇടത് അനുകൂല സർവ്വീസ് സംഘടനയുടെ നേതാവാണ് തട്ടിപ്പ് നടത്തിയതെന്നതു കൊണ്ടാണോ വിജിലൻസ് അന്വേഷണം നടത്താത്തത്? ഈ കേസ്സിൽ ക്രിമിനൽ കേസ്സും വകുപ്പുതല നടപടിയുമുണ്ട് എന്ന ഒറ്റവരി മറുപടിയാണ്

ലഭ്യമാക്കിയിട്ടുള്ളത്. എന്ത് വകുപ്പുതല അന്വേഷണമാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്; എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അദ്ദേഹം ഇടതുപക്ഷ നേതാവാണോ അല്ലയോ എന്ന് എനിക്കറിയില്ല, ഏതായാലും അദ്ദേഹം ഇപ്പോൾ സർവ്വീസിന് പുറത്താണ്, സമ്മറി ഡിസ്മിസൽ നടത്തിയിരിക്കുകയാണ്. ഒളിവിൽ പോയതിനാൽ എക്സ്പ്ലനേഷനുപോലും കാത്തുനിന്നില്ല. സമ്മറി ഡിസ്മിസൽ നടത്തി. സർക്കാരിന്റെ പ്രാഥമിക നിഗമനം ഇത് ഇദ്ദേഹത്തിന്റെ ഒറ്റപ്പെട്ട ക്രിമിനൽ ആക്ടിവിറ്റിയാണെന്നാണ്. അതിനുപിന്നിൽ മറ്റൊരു ഗൂഢാലോചന നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല. പക്ഷേ അതിന്റെ പരിശോധന നടത്താൻ വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. അതുസംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഒന്ന്, ഈ വ്യക്തിയുടെ സർവ്വീസ് കാലഘട്ടത്തിലെ മുഴുവൻ ഇടപാടുകളും പരിശോധിക്കുന്നതാണ്. അത് നടന്നുകൊണ്ടിരിക്കുകയാണ്. രണ്ട്, ഇതുപോലെയുള്ള കേസ്സുകൾ, ഉദാഹരണത്തിന് കളക്ടർമാരുടെ അക്കൗണ്ടിൽനിന്നും ധാരാളം ട്രാൻസാക്ഷൻ നടക്കുന്നു, അതുമല്ലെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ചില സന്ദർഭങ്ങളിൽ മൈനസ് വരുന്നു, ഇങ്ങനെ സംസ്ഥാന ട്രഷറിയുമായി ബന്ധപ്പെട്ട് സംശയാസ്പദമായിട്ടുള്ള എല്ലാ കേസ്സുകളിലും പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. അത് അതിന്റെ അവസാന ഘട്ടത്തിലാണ്. ഒരു നല്ല കാര്യം സഭയെ അറിയിക്കാനുള്ളത്, ഇതുവരെ വേറൊരു കേസ് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. ഇതിലൊന്നിനും യാതൊരു വിട്ടുവീഴ്ചയുമില്ല. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ചെയ്തിരിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നു.

1. ഒരാൾ റിട്ടയർ ചെയ്യുമ്പോൾ ഉള്ള പാസ്‌വേഡ് ഓട്ടോമാറ്റിക്കായി സ്പാർക്കുമായി ബന്ധപ്പെട്ട് ഡീ-ആക്ടിവേറ്റ് ചെയ്യപ്പെടും.
2. ഒരാൾക്ക് അയാളുടെ കമ്പ്യൂട്ടറിൽ നിന്നല്ലാതെ വേറെ കമ്പ്യൂട്ടറിൽനിന്ന് പാസ്‌വേഡ് ഉപയോഗിച്ച് അക്സസ് ചെയ്ത് കാര്യങ്ങൾ ചെയ്യാൻ പറ്റില്ല.
3. അദ്ദേഹത്തിന്റെ പാസ്‌വേർഡിനുപുറമെ അതതു ദിവസത്തെ ഒ.ടി.പി. ജനറേറ്റ് ചെയ്തിട്ടേ എന്റർ ചെയ്യാൻ പറ്റൂ.
4. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് നിശ്ചയമായും അതിന്റെ അടിസ്ഥാനത്തിൽ നടപടിയും സ്വീകരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ട്രഷറി തട്ടിപ്പിനെക്കുറിച്ച് എന്റെ സഹപ്രവർത്തകർ വളരെ സ്പഷ്ടമായി ചോദിച്ചു. അതിനാൽ തട്ടിപ്പിനെക്കുറിച്ചല്ല എനിക്ക് ചോദിക്കാനുള്ളത്. ട്രഷറി നിയന്ത്രണത്തെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അത് എന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. ട്രഷറിയിൽ ബില്ലുകൾ വന്നാൽ അത് മാറിക്കൊടുക്കാതെ നീട്ടിക്കൊണ്ടുപോകും. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവന അടുത്ത ദിവസം പത്രത്തിൽ കണ്ടു - 'ട്രഷറിയിലേയ്ക്ക് ആരും ഇനി നിക്ഷേപവുമായി വരണ്ട. അതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്' എന്ന്. ഇതൊരു വിരോധാഭാസമായി തോന്നുന്നു. കാരണം ട്രഷറി സ്ഥിരനിക്ഷേപ പലിശ എട്ടര ശതമാനത്തിൽനിന്നും എട്ട് ശതമാനമായി കുറച്ചിട്ടും ധാരാളം ആളുകൾ ഇന്ന് നിക്ഷേപവുമായി വരുന്നുണ്ട്. അത് സ്വീകരിക്കാൻ പറ്റില്ല എന്നാണ് പറഞ്ഞത്. അപ്പോൾ എട്ടര ശതമാനത്തിനും എട്ട് ശതമാനത്തിനും ധാരാളം പണം ഇവിടെ നിന്ന് കിട്ടുമ്പോൾ മസാല ബോണ്ടിന് സംസ്ഥാന സർക്കാർ നൽകുന്ന പലിശ 9.723 ശതമാനമാണ്. ഇത്രയും പലിശ നൽകി ഈ മസാല ബോണ്ടിൽനിന്നും എന്തിനാണ് നമ്മൾ പണം എടുക്കുന്നത്. നമ്മുടെ സംസ്ഥാനത്തുതന്നെ ധാരാളം പണമുണ്ടല്ലോ? എട്ട് ശതമാനത്തിനും എട്ടര ശതമാനത്തിനും സംസ്ഥാനത്തുനിന്നു തന്നെ പണം കിട്ടുമ്പോൾ മസാല ബോണ്ടിന് ഒൻപത് ശതമാനം പലിശ എന്തിനാണ് നമ്മൾ കൊടുക്കുന്നത്? അത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടത് പലിശ എന്നുപറയുന്നത് മാറ്റമില്ലാതിരിക്കുന്ന ഒന്നല്ല; മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇപ്പോൾ എന്തുകൊണ്ടാണ് എട്ടര ശതമാനം പലിശ വന്നത്? നേരത്തെ ഇന്ത്യയിലെ പലിശ എട്ടര ശതമാനമായിരുന്നു. അന്ന് നമ്മളും എട്ടര ശതമാനമാണ് നൽകിയിരുന്നത്. ഇപ്പോൾ പലിശ ഏഴര ശതമാനമായി കുറഞ്ഞിട്ടും നമ്മൾ കുറച്ചിരുന്നില്ല. അതുകൊണ്ട് ഇപ്പോൾ അരശതമാനം കുറച്ചു. എന്തുകൊണ്ടാണത്? എട്ടര ശതമാനമാകുമ്പോൾ ധാരാളംപേർ കൊണ്ടുവന്ന് ഡെപ്പോസിറ്റ് ചെയ്യും. ഡെപ്പോസിറ്റ് ചെയ്യുന്നത് നല്ലതല്ലേ എന്നു ചിന്തിച്ചേയ്ക്കാം. അത് ഇപ്പോൾ നല്ലതാണ്. പക്ഷേ അടുത്ത വർഷം എത്രയാണോ ഇങ്ങനെ വന്നത് അത്രയും നമ്മുടെ വായ്പയിൽനിന്നും വെട്ടിക്കുറയ്ക്കും. ഇത്രയും തുക മാത്രമേ ഞങ്ങൾ വായ്പയെടുക്കു എന്ന് പറഞ്ഞിട്ടുള്ളതിനാൽ റിസർവ് ബാങ്കിന് അതുസംബന്ധിച്ച് ഒരു തർക്കമുണ്ടാകും. അതുകൊണ്ട് നമുക്ക് മിതത്വം പാലിക്കണം. അന്നെടുത്തത് ശരിയാണ്; ഇന്നിപ്പോൾ 9 ശതമാനത്തിന് പലിശയ്ക്കെടുക്കാൻ പോയാൽ വട്ടാണെന്നു പറയും. അത് ചെയ്യാൻ പാടില്ലാത്തതാണ്. പലിശ നിരക്കിൽ ഇങ്ങനെ ചില മാറ്റം വരുമെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ആ മാറ്റം മനസ്സിലാക്കി

നമ്മുടെ പലിശയിലും മാറ്റം വരുത്തേണ്ടിവരും; അതിൽ തെറ്റില്ല. അങ്ങനെ തന്നെയാണ് പ്രവർത്തിക്കേണ്ടത്. അന്ന് ഒൻപത് ശതമാനത്തിനുപകരം ഞങ്ങൾ ഏഴര ശതമാനമേ തരു എന്നുപറഞ്ഞിരുന്നെങ്കിൽ ആരെങ്കിലും വായ്പ തരുമായിരുന്നോ? വേണമെങ്കിൽ അന്ന് വായ്പയെടുക്കണ്ട, പലിശ കുറയുമ്പോൾ എടുത്താൽ മതിയെന്ന് തീരുമാനിക്കാമായിരുന്നു. അതൊരു best judgment ആണ്. അത്തരമൊരു സാഹചര്യത്തിൽ പല കാരണങ്ങൾകൊണ്ട് വായ്പയെടുക്കണമെന്ന് അതിനെക്കുറിച്ച് വലിയ ധാരണയുള്ള ആളുകൾ തീരുമാനിച്ചു. അതുകൊണ്ട് ഇത് കാര്യക്ഷമത കുറവായിട്ടൊന്നും ആരും കണക്കാക്കരുത്.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ യൂസർ ഐഡി, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ചാണ് വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ തട്ടിപ്പ് നടന്നത്. വിരമിച്ചു കഴിഞ്ഞാൽ ഇവരുടെ അധികാരം തിരിച്ചുപിടിക്കാനുള്ള ഉത്തരവാദിത്തം ആർക്കാണ്; അങ്ങനെ തിരിച്ചുപിടിക്കാത്ത ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതിന്റെ രേഖകളിലും ഗൈഡ് ലൈൻസിലും കൃത്യമായി ആരാണ് അത് ചെയ്യേണ്ടതെന്ന് രേഖപ്പെടുത്തിക്കാണുന്നില്ല. സറണ്ടർ ചെയ്യണമെന്ന് മാത്രമേയുള്ളൂ. ഏതായാലും ഇപ്പോൾ ചെയ്തിരിക്കുന്നത് റിട്ടയർ ചെയ്യുന്ന ദിവസം അവരുടെ യൂസർ ഐഡിയും പാസ്‌വേർഡും ഓട്ടോമാറ്റിക്കായി പിൻവലിക്കപ്പെടും. അത് ട്രഷറി സോഫ്റ്റ്‌വെയറിനെ ഓരോ ഉദ്യോഗസ്ഥന്റെയും സ്പാർക്കുമായി ബന്ധിപ്പിച്ചതിന്റെ ഫലമായി സംഭവിക്കുന്നതാണ്. കൃത്യതയുണ്ടോ; ഇന്ന ഉദ്യോഗസ്ഥൻ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ ഇനിയും പരിശോധന നടത്തുന്നുണ്ട്. കീഴ്‌വഴക്കങ്ങളും കാര്യങ്ങളുമേയുള്ളൂ. ഉത്തരവായി ഇറങ്ങിയിട്ടില്ല. ആ വ്യക്തത ഇപ്പോൾ വരുത്തുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് മറുപടി പറയുന്നത് കേരള നിയമസഭയിലാണെന്നുള്ള തോന്നലെങ്കിലും വേണമായിരുന്നു എന്ന ഒബ്സർവേഷനാണ് എനിക്കുള്ളത്. അങ്ങയുടെ സഹായികൾ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കും. പക്ഷേ എനിക്ക് അങ്ങയോട് നേരിട്ടാണ് ചോദിക്കാനുള്ളത്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? രണ്ടരക്കോടി രൂപയുടെ തട്ടിപ്പിനെക്കുറിച്ച് ചോദ്യം ചോദിച്ചപ്പോൾ 71000 കോടി രൂപയുടെ തട്ടിപ്പ് നേരത്തെ നടന്നിട്ടുണ്ടെന്നാണ് അങ്ങ് പറയുന്നത്. അതാണോ മറുപടി. നമ്മൾ ഒരു ലക്ഷം കോടി നേരത്തെ തട്ടിപ്പ് നടത്തി; ഇപ്പോൾ വെറും രണ്ടരക്കോടിയല്ലേ എന്ന രൂപത്തിൽ മറുപടി പറയുന്നത് നമ്മുടെ കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ എന്നെനിക്കറിയില്ല; യഥാർത്ഥത്തിൽ ഈ തട്ടിപ്പുകാരെ പിടിക്കുന്നതിനുവേണ്ടി എന്ത്

നടപടിയാണെടുത്തത്; അവർക്കെതിരായി എന്ത് ക്രിമിനൽ കേസാണ് എടുത്തത്? അവരുടെ രാഷ്ട്രീയ പശ്ചാത്തലം വച്ചുകൊണ്ട് അവരോട് കുറച്ച് അനുഭാവം കാണിച്ചുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഞാൻ അതൊരു ആവലാതിയായി ഇവിടെ പറയുന്നില്ല. നമ്മുടെ ഖജനാവ് കാത്തുസൂക്ഷിക്കേണ്ടയാൾ ആരാണ്? കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ്. അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം അങ്ങേയ്ക്കാണ്. അങ്ങ് നിയോഗിക്കുന്ന ഉദ്യോഗസ്ഥ പരമ്പരയ്ക്ക് താഴെ മുതൽ മുകളിൽ വരെ ഒരേ രൂപത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും അവരെക്കൊണ്ട് പണിചെയ്യിക്കുകയും ചെയ്യേണ്ടത് അങ്ങല്ലേ? ഇതിന്റെ vicarious liability അങ്ങേയ്ക്ക് ഉണ്ടെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി കുറ്റക്കാർക്കെതിരായി അതിശക്തമായ നടപടിയെടുക്കുന്നതിന് ഈ വൈകിയ വേളയിലെങ്കിലും അങ്ങ് തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു പ്രശ്നമുണ്ട്. ഇഷ്ടമുള്ള കാര്യങ്ങളേ കേൾക്കുകയുള്ളൂ, മറ്റുള്ളത് കേൾക്കില്ല. അദ്ദേഹം ഈ പറഞ്ഞത് മാത്രമാണ് ഞാൻ പറഞ്ഞതെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? നിങ്ങൾ എല്ലാം കേട്ടുകൊണ്ടിരിക്കുകയല്ലേ. പക്ഷേ അത് അദ്ദേഹത്തിന്റെ ഒരു ശൈലിയാണ്. നമ്മളെ ഒന്ന് ഇരുത്താൻ വേണ്ടിയുള്ളതാണ്; അത് ആയിക്കോട്ടെ.

ഉത്തരവാദിത്തപ്പെട്ടവരെ ശിക്ഷിക്കണമെന്ന് പറയുന്നു. ഇതിൽ ക്രിമിനൽ ലയബിലിറ്റി വച്ച് കേസെടുത്തിട്ടുണ്ട്. ആ കേസിന്റെ തീർപ്പിന് കാത്തുനിൽക്കാതെ കുറ്റക്കാരനെ സമ്മറി ഡിസ്മിസ് ചെയ്തു. ഇതുപോലൊരു സംഭവം കേരളത്തിലെ വേറെ ഏതെങ്കിലും ട്രഷറിയിലുണ്ടായിട്ടുണ്ടോ എന്നുള്ളതിന് സമൂലമായ പരിശോധന നടത്തുന്നു. ഉണ്ടാകാം, ഇല്ലാതിരിക്കാം. ഇനി ഒരാൾക്കും തട്ടിപ്പ് നടത്താൻ പറ്റാത്ത വിധത്തിൽ ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നു. ഇതല്ലേ മന്ത്രി ചെയ്യേണ്ടത്? അതാണ് ചെയ്തിരിക്കുന്നത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി അങ്ങ് സ്വീകരിക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. ചാലക്കുടി സബ് ട്രഷറി ജീർണ്ണിച്ച ഒരു ചെറിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ട്രഷറികളുടെ പ്രവർത്തനം ഏറെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇവിടെ നിരവധി അസൗകര്യങ്ങൾ നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ചാലക്കുടി സബ് ട്രഷറിക്ക് പുതിയൊരു കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സ്ഥലമുണ്ടെങ്കിൽ കെട്ടിടം പണിയാം. ഒരു പ്രയാസവുമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചാൽ അത് ചെയ്യാവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ട്രഷറികളിൽ, പ്രത്യേകിച്ച് മാസത്തിന്റെ ആദ്യത്തെ ആഴ്ചയിൽ ഉപഭോക്താക്കളുടെ എണ്ണം വളരെ കൂടുതലാവുകയും ഡാറ്റാ സെർവർ വളരെ മന്ദഗതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നതുമൂലം വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. കൊണ്ടോട്ടി ട്രഷറി ബൈഫർക്കേറ്റ് ചെയ്യണമെന്ന കാര്യം കഴിഞ്ഞ പ്രാവശ്യം സബ്മിഷനായി ഞാൻ അവതരിപ്പിച്ചിരുന്നു. എന്നാൽ അധിക ജോലിയുള്ളയിടത്ത് അധിക തസ്തികകൾ അനുവദിക്കാമെന്നും ബൈഫർക്കേറ്റ് ചെയ്യുന്നകാര്യം ഇപ്പോൾ ആലോചിക്കാൻ കഴിയില്ലെന്നുമായിരുന്നു അന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയത്. മാസത്തിന്റെ ആദ്യമുണ്ടാകുന്ന ബുദ്ധിമുട്ടിന് പ്രതിവിധിയായി കോടിക്കണക്കിന് രൂപയുടെ ഡാറ്റാ സെർവർ വാങ്ങിയെന്നുള്ള പത്രവാർത്തയുണ്ടായിരുന്നു. പക്ഷെ അത് വയ്ക്കുന്നതിനു വേണ്ടിയുള്ള സ്ഥലമില്ലെന്നും അത് സ്വപ്ന സുരേഷ് ജോലി ചെയ്തിരുന്ന സ്പേസ് പാർക്കിൽ വയ്ക്കുമെന്നൊക്കെ പറഞ്ഞിരുന്നു. ആ കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ എന്നറിയാൻ താല്പര്യമുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം രണ്ടുമൂന്ന് മാസത്തിനുള്ളിലുണ്ടാകും. ഇങ്ങനെയുള്ള സ്ഥാപനങ്ങളെ കെ-ഫോൺ പദ്ധതിവഴി ആദ്യമായി പരസ്പരം ബന്ധിപ്പിക്കാൻ പോകുകയാണ്. നല്ല ബാൻഡ്‌വിഡ്ത്തുള്ള ഐ.ടി. കണക്ടിവിറ്റി ട്രഷറിക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഉറപ്പായും ലഭിക്കും. അതോടുകൂടി വളരെ മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും ഇന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും സാധിക്കും. ഇത്രയുമായില്ലേ, രണ്ടുമാസംകൂടി കാത്തിരിക്കാം. അതിനുള്ളിൽ ഈ പ്രശ്നങ്ങൾ തീരും.

ശ്രീ. പി. ടി. എ. റഹീം: സർ, കുന്ദമംഗലത്ത് ഒരു ട്രഷറി ആരംഭിച്ചു, അങ്ങ് അത് ഉദ്ഘാടനം ചെയ്തു. വളരെ സന്തോഷമുണ്ട്. പക്ഷേ ആ ട്രഷറി പൂർണ്ണതോതിൽ പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. ചെസ്റ്റ് ഓപ്പൺ ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല. പൂർണ്ണമായ രീതിയിൽ ട്രഷറി പ്രവർത്തിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്നാണ് അറിയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ മാസം തന്നെ അത് ഉറപ്പു വരുത്തും.

ശ്രീ. എം. വിൻസെന്റ്: സർ, ട്രഷറി തട്ടിപ്പ് തടയുന്നതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ചുവെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. അരിവാൾ ചുറ്റിക നക്ഷത്രം പ്രൊഫൈൽ പിക്ചറായി ഇട്ടിരുന്ന ഇടതുപക്ഷ സർവ്വീസ് സംഘടനയുടെ സജീവ പ്രവർത്തകനായിരുന്ന, തട്ടിപ്പ് നടത്തിയ ആൾ ഇപ്പോൾ

ജാമ്യത്തിലിറങ്ങിയിരിക്കുകയാണ്. യഥാസമയം കുറ്റപത്രം കൊടുക്കാത്തതുകൊണ്ടാണ് അദ്ദേഹത്തിന് ജാമ്യം ലഭിച്ചിട്ടുള്ളതെന്നാണ് അറിയാൻ സാധിക്കുന്നത്. മാത്രമല്ല, ഡിസ്മിസ് ചെയ്യുന്നതിനുമുമ്പ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ അദ്ദേഹത്തിന് കോടതിയിൽ പോയി രക്ഷപ്പെടാനുള്ള സാധ്യതയുണ്ടെന്നും പറയപ്പെടുന്നു. ഈ 2.5 കോടി രൂപ തിരിച്ചുപിടിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതുവരെ ആ സമ്മറി ഡിസ്മിസലിനെ കോടതിയിലോ വേറെ എവിടെയെങ്കിലുമോ ആരും ചോദ്യം ചെയ്തിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ സർവ്വീസിലുട നീളമുള്ള മുഴുവൻ ഇടപാടുകളുടെ പരിശോധനയുംകൂടി പൂർത്തീകരിച്ചുകഴിഞ്ഞിട്ടാണ് പോലീസ് ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നത്. വളരെ വിശദമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ അക്കൗണ്ടുകളും മറ്റും മരവിപ്പിച്ചിട്ടുണ്ട്. 2.5 കോടി രൂപയല്ല, 61 ലക്ഷം രൂപയാണ് ഈ രീതിയിൽ ട്രഷറി സിസ്റ്റത്തിൽനിന്ന് പുറത്തുപോയിട്ടുള്ളത്. അത് തിരിച്ചുപിടിക്കാൻ കഴിയും.

## കിഫ്ബിവഴി നടത്തുന്ന പ്രവർത്തനം

2 (*32) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. ശർമ്മ :
ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും മൂലധനചെലവ് എത്രയായിരുന്നു; ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങളെയും കോവിഡ് മഹാമാരി യെയും നേരിടേണ്ടി വന്നിട്ടും മുൻ സർക്കാർ വരുത്തിവച്ച സാമ്പത്തിക കുഴപ്പങ്ങളെ അതിജീവിച്ചുകൊണ്ട് ഈ സർക്കാരിന്റെ കാലത്ത് മൂലധനചെലവ് വർദ്ധിപ്പിക്കാ നായിട്ടുണ്ടോ;

(ബി) ഉയർന്ന മൂലധന ചെലവിനും വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനും കിഫ്ബിവഴി നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്തേതിൽനിന്നും വ്യത്യസ്തമായി 140 നിയോജ കമണ്ഡലങ്ങളിലും പക്ഷപാതരഹിതമായി വികസനം ഉറപ്പാക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) വെബ്സൈറ്റിൽ എല്ലാ വിവരങ്ങളും നൽകി ഏറ്റവും സുതാര്യതയോടെയും നിയമാനുസൃതമായും പ്രവർത്തിക്കുന്ന കിഫ്ബിയെ തകർക്കുകയെന്ന ലക്ഷ്യത്തോടെ പ്രതിപക്ഷ കക്ഷികൾ ആരോപണം ഉയർത്തുന്ന സാഹചര്യത്തിൽ കിഫ്ബിയുടെ ഓഡിറ്റ് സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) മുൻ സർക്കാരിന്റെ കാലത്തെ മൂലധനചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികരൂപത്തിൽ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | മൂലധന ചെലവ് |
|---|---|
| 2011-2012 | 4851.46 |
| 2012-2013 | 5739.44 |
| 2013-2014 | 5758.5 |
| 2014-2015 | 4997.68 |
| 2015-2016 | 8342.29 |

മുൻ സർക്കാരിന്റെ കാലത്ത് മൂലധനച്ചെലവ് 29689.37 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ ആദ്യ നാലു വർഷക്കാലയളവിൽ (2016-17 മുതൽ 2019-2020 സാമ്പത്തിക വർഷം വരെ) മൂലധനച്ചെലവ് 40994.06 കോടി രൂപയായിരുന്നു. ആദ്യ നാലുവർഷംകൊണ്ടുതന്നെ മുൻസർക്കാരിനെ അപേക്ഷിച്ച് 11304.69 കോടി രൂപയുടെ വർദ്ധനവ് മൂലധനച്ചെലവിൽ ഉണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിന് പുറമെനിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. വിദ്യാഭ്യാസ രംഗം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലുടനീളമുള്ള സർക്കാർ സ്കൂളുകളിൽ 44705 ക്ലാസ്റൂമുകൾ ഹൈടെക്ക് ആക്കി മാറ്റിയ 493.50 കോടി രൂപയുടെ പദ്ധതി, 292 കോടി രൂപ ചെലവിൽ സ്കൂളുകളിൽ ഹൈടെക്ക് ലാബുകൾ, കിഫ്ബി വിഹിതമായി 3 കോടി/5 കോടി രൂപ നൽകി ഏകദേശം 1642.05 കോടി രൂപ ചെലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ പുതുക്കി നിർമ്മിക്കുന്ന പദ്ധതി, ആരോഗ്യമേഖലയിൽ ഇതുവരെ 3121.86 കോടി രൂപയ്ക്കുള്ള അംഗീകാരം എന്നിവ കിഫ്ബി നൽകിക്കഴിഞ്ഞു. സംസ്ഥാനത്തെ ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലായി 1053.87 കോടി രൂപയ്ക്കുള്ള കാത്ത്

ലാബ്, ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി, മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി 376.75 കോടി രൂപയുടെ പദ്ധതി, തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിനായി 252.70 കോടി രൂപയുടെ അംഗീകാരം എന്നിവ അവയിൽപ്പെടുന്നു. 672.64 കോടി രൂപയ്ക്ക് നാളിതുവരെ അംഗീകാരം നൽകിയ കൊച്ചിയിലെ നഗര പുനരുജ്ജീവനവും സമഗ്ര ജലഗതാഗതവും പദ്ധതി, 5200 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി, 1061.73 കോടി രൂപയുടെ കെ-ഫോൺ പദ്ധതി, ദേശീയ പാത വികസനത്തിന് സ്ഥലമേറ്റെടുക്കാനുള്ള 5374 കോടി രൂപയുടെ പദ്ധതി, വ്യവസായ പാർക്കുകളും വ്യവസായ ഇടനാഴിയും സാദ്ധ്യമാക്കാനായി ഏകദേശം 15000 കോടി രൂപയ്ക്ക് സ്ഥലമേറ്റെടുക്കാനുള്ള പദ്ധതികൾ, 164.83 കോടി രൂപയ്ക്ക് നാളിതുവരെ അംഗീകാരം നൽകിയ തീരദേശ ഹൈവേ, 1719.59 കോടി രൂപയുള്ള മലയോര ഹൈവേ എന്നീ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബിവഴി അനുമതി നൽകിയിട്ടുള്ളത്.

(സി) 5 വർഷം കൊണ്ട് 50000 കോടി രൂപയുടെ വികസന പദ്ധതികളായിരുന്നു ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ വൻകിട മൂലധന നിക്ഷേപവും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ടുകൊണ്ട് നാളിതുവരെ 60096.35 കോടി രൂപയുടെ 821 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 40096 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികളും ഉൾപ്പെടുന്നു. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ജലസേചനം എന്നീ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ 140 നിയോജക മണ്ഡലങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പാക്കിവരുന്നത്.

(ഡി) കിഫ്ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിംഗ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ട്. കിഫ്ബി സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. കിഫ്ബി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതോടൊപ്പം ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം, നികുതി ഓഡിറ്റിംഗ് സംവിധാനം, അന്താരാഷ്ട്ര നിക്ഷേപകരുടെ താല്പര്യ പ്രകാരമുള്ള പിയർ റിവ്യൂ ഓഡിറ്റിംഗ് എന്നിവയും കിഫ്ബിയിൽ നടന്നുവരുന്നു. 2020 ജൂലൈ മാസം വരെയുള്ള കാലയളവിലെ സി.&എ.ജി. ഓഡിറ്റ് കിഫ്ബിയിൽ പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിൽ കിഫ്ബിയുടെ വരവുചെലവ് കണക്കുകൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ട്. അതോടൊപ്പം പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റുകളും കിഫ്ബിയിൽ നിലവിലുണ്ട്. ഇന്റേണൽ ക്വാളിറ്റി ഓഡിറ്റ് സെൽ, സ്വതന്ത്ര ക്വാളിറ്റി

ഓഡിറ്റ് എന്നിവയാണവ. കിഫ്ബി പദ്ധതികൾ മികച്ച നിലവാരത്തിലാണ് നിർമ്മിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്താൻ ഇവ സഹായിക്കും. പദ്ധതി നിർവ്വഹ ണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും സത്വര വുമായ നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, കിഫ്ബി മുഖാന്തരം എല്ലാ മേഖലകളിലും നടന്നിട്ടുള്ള അത്ഭുതകരമായ വികസന പദ്ധതികളുടെ ഗുണം അനുഭ വിക്കുന്ന ഒരു മണ്ഡലമാണ് എന്റേത്. എന്റെ മണ്ഡലത്തിന്റെ ഒരു ഭാഗം മുഴുവനും കടലാണ്. ഒരു ഭാഗത്ത് ചാലിയാർ പുഴയാണ്. കുടിവെള്ളം എന്നുള്ളത് ഒരിക്കലും നടക്കാത്ത സ്വപ്നമായിരുന്നു. ഇന്ന് കിഫ്ബി ഫണ്ടുപയോഗിച്ച് ആ മണ്ഡലത്തിലെ മുഴുവൻ വീടുകളിലും വെള്ളമെത്തിക്കാൻ സാധിച്ച, സന്തോഷകരമായ അവസ്ഥ യിലാണ് ഞാൻ. ആ ഒറ്റ കാരണംകൊണ്ട് കിഫ്ബിക്കും പ്രത്യേകിച്ച് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിക്കും പ്രത്യേകമായ അഭിനന്ദനവും നന്ദിയും ഞാൻ അറിയിക്കു കയാണ്.

കിഫ്ബിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആ ആസൂത്രണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിൽ നടപ്പാക്കാനുദ്ദേ ശിക്കുന്ന അത്ഭുതങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തെ ഞാൻ നിരാശപ്പെടുത്തേണ്ടതുണ്ട്. കിഫ്ബി രണ്ടാം ഘട്ടത്തിലേയ്ക്കുള്ള ചിന്ത ആരംഭിച്ചിട്ടില്ല. പണം വാരിയെടുക്കാനായി ഇതൊരു അക്ഷയ ഖനിയൊന്നുമല്ല. കിഫ്ബിയുടെ ഫിനാൻഷ്യൽ മോഡലിനെപ്പറ്റി വളരെ കൃത്യമായി നിയമസഭയിൽ പറഞ്ഞു. 50000 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ 15 വർഷം കൊണ്ട് സർക്കാരിൽനിന്നും ലഭിക്കുന്ന വാർഷിക ഗ്രാന്റ് വച്ച് മുതലും പലിശയും തിരിച്ചടയ്ക്കാമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ പിന്നീട് ഒരു കാര്യം ബോദ്ധ്യമായി. ഈ പ്രോജക്ടുകളൊക്കെ വിചാരിച്ച സ്പീഡിൽ പോകുന്നില്ല. പ്രത്യേകിച്ച് ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന പ്രോജക്ടുകൾ, തിരിച്ചുകൊടുക്കേണ്ടതിന്റെ കാലാവധി കൂടും. അതുകൊണ്ട് 50000 കോടി രൂപയല്ല, കുറച്ചുകൂടി പ്രോജക്ടുകളാകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ 60000 കോടി രൂപയിലേയ്ക്ക് എത്തിയിട്ടുള്ളത്. ഇനിപ്പോൾ പൈപ്പ് ലൈനിലുള്ള പ്രോജക്ടും കൂടി എടുത്തുകഴിഞ്ഞാൽ അത് 65000 കോടി രൂപയിൽ വരും. ഇപ്പോൾ ഇത് ഭംഗിയായി നടപ്പാക്കുക എന്നതാണ് ലക്ഷ്യം. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് തന്നെ ഓർമ്മയുണ്ടാകും, കിഫ്ബിയുടെ പ്രോജക്ടുകളൊക്കെ ആദ്യത്തെ രണ്ട് ബഡ്ജറ്റിലാണ് ഞാൻ പ്രഖ്യാപിച്ചത്. അതിനുശേഷം കിഫ്ബിയുടെ

പ്രോജക്ടുകൾ പുതിയതായി പ്രഖ്യാപിച്ചിട്ടില്ല. ചിലപ്പോൾ ഒന്നോ രണ്ടോ പ്രോജക്ടുകൾ വന്നുകാണും. കൃത്യമായിട്ടുള്ള അസറ്റ്-ലയബിലിറ്റി മാച്ചിംഗ് മോഡലിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി പ്രോജക്ട് എടുക്കുന്നത്. അതുകൊണ്ട് കിഫ്ബിയുടെ രണ്ടാം ഘട്ടത്തെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കിഫ്ബി പദ്ധതി 1999-ൽ ആരംഭിച്ചതാണ്. ഈ പദ്ധതിയിലൂടെ നിരവധി ഗുണഫലങ്ങൾ വന്നതിനുശേഷം 2019-ൽ സി &എ.ജി.യുടെ ഭാഗത്തുനിന്ന് ചില സംശയങ്ങളും ആലോചനകളും അതിനെതിരായ ചില വർത്തമാനങ്ങളും വരാനിടയായി. ഇത്തരത്തിലുള്ള സംശയങ്ങൾ ഉന്നയിക്കാനിടയായ കാരണത്തെ സംബന്ധിച്ച് വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 1999 മുതലുള്ള കിഫ്ബിയുടെ മോഡലിൽ അടിസ്ഥാനപരമായി വ്യത്യാസമില്ല. ഒരു പ്രത്യേക ധനകാര്യ സ്ഥാപനം (ബോഡി കോർപ്പറേറ്റ്) സർക്കാർ ആരംഭിക്കുന്നു. ആ ബോഡി കോർപ്പറേറ്റ് കമ്പോളത്തിൽനിന്നും വായ്പയെടുത്ത് നാട്ടിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നു. അത് തികച്ചും ഭരണഘടനാപരമാണ്, സംസ്ഥാനത്തിന് ചെയ്യാവുന്നതാണെന്ന് സഭയിൽ അപ്പുറവും ഇപ്പുറവും ഇരിക്കുന്നവർ പലതവണ അംഗീകരിച്ചിട്ടുള്ളതാണ്. കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് 2016-ൽ ഏകകണ്ഠമായി അംഗീകരിച്ചത്. 1999-ലെ നിയമത്തെക്കുറിച്ച് സി&എ. ജി.ക്കുള്ള വിമർശനമെന്ന് പറയുന്നത്, വായ്പ എടുത്തത് പശ്ചാത്തല സൗകര്യത്തിനുവേണ്ടി ഉപയോഗിച്ചില്ലെന്നും ബഡ്ജറ്റിനുവേണ്ടിയും ദൈനംദിന ചെലവുകൾക്കുവേണ്ടിയും ഉപയോഗിച്ചുവെന്നുള്ളതാണ്. അതുകൊണ്ട് 2016-ൽ ഗവൺമെന്റ് പറഞ്ഞത് കിഫ്ബിയുടെ പണം ട്രഷറിയിൽ ഇടാൻ പാടില്ലെന്നും പൂർണ്ണമായും പശ്ചാത്തല സൗകര്യത്തിനുവേണ്ടി മാത്രമായിരിക്കും എന്നുമാണ്. രണ്ടാമതായി, 1999-ന് ശേഷമാണ് ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരങ്ങൾ കൂടുതൽ നടപ്പിലായത്. കോർപ്പറേറ്റുകൾക്ക് മാർക്കറ്റിൽനിന്നും പണം സമാഹരിക്കുന്നതിന് പുതിയ ഒട്ടേറെ ഇൻസ്ട്രുമെന്റ്സിന് കേന്ദ്ര സർക്കാർ രൂപം നൽകിയതിനാൽ അതിനെക്കൂടി പ്രയോജനപ്പെടുത്താനുള്ള വകുപ്പ് കൂട്ടിച്ചേർത്തു. 1999-നെക്കാൾ വ്യത്യസ്തമായി നിയമസഭയ്ക്ക് കിഫ്ബിയുടെ കാര്യത്തിൽ ചർച്ച ചെയ്യാനും പരിശോധിക്കാനുമുള്ള അവകാശങ്ങൾ വർദ്ധിപ്പിക്കുകയും സ്ക്രൂട്ടിണി ചെയ്യാനുള്ള സംവിധാനം കൊണ്ടുവരികയും ചെയ്തു. ഇതെല്ലാം ചെയ്തതിലൂടെ ഉദാരവത്കരിക്കുകയല്ല മറിച്ച് വ്യവസ്ഥകൾ കർശനമാക്കുകയാണ് ചെയ്തത്. 1999 മുതൽ എട്ട് തവണ നടത്തിയ ഓഡിറ്റിൽ കണ്ടെത്താത്ത അടിസ്ഥാന നിഗമനങ്ങളും കണ്ടെത്തലുകളും സി &എ. ജി. ഇപ്പോൾ നടത്തിയിരിക്കുന്നത് എങ്ങനെയാണ്? അത് പരിശോധിക്കുമ്പോഴാണ് അന്നും ഇന്നും തമ്മിലുള്ള വ്യത്യാസം മനസ്സിലാകുന്നത്. അന്ന് 500 കോടി രൂപ വായ്പയെടുത്ത് അത്യാവശ്യ

കാര്യങ്ങൾക്ക് ചെലവഴിച്ചിരുന്ന സ്ഥാപനം അവിശ്വസനീയമായ രീതിയിൽ 50,000-60,000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം കൊടുത്ത് നടപ്പിലാക്കുന്നു, ആവശ്യാനുസരണം ലയബിലിറ്റി വരുമ്പോൾ വായ്പയെടുത്ത് നടപ്പിലാക്കുന്നു. ഇത് നടക്കുന്ന കാര്യമാണെന്ന് തെളിഞ്ഞു. അതിന്റെ പ്രയാസം ചില കോണുകൾക്കുണ്ട്. ഒരു സംസ്ഥാനം ഇങ്ങനെയൊക്കെ ചെയ്യുമോ; അവർക്ക് ഇഷ്ടം പോലെ വായ്പ എടുക്കാനുള്ള അവകാശമുണ്ടോ? സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയില്ല, ബോഡി കോർപ്പറേറ്റിനുണ്ട് എന്ന് നമ്മൾ പറയുന്നു. ഇത് കിഫ്ബിയെ തകർക്കുന്നതിനുവേണ്ടിയുള്ള വലിയ ഗൂഢാലോചനയാണ്. കേരളത്തിൽ 60,000 കോടി രൂപയുടെ നിക്ഷേപം രണ്ടുമൂന്ന് വർഷത്തിനുള്ളിൽ പ്രാബല്യത്തിൽ വരുമ്പോൾ വലിയ മാറ്റമാണ് വരുന്നത്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യത്തിലും പിന്നാക്കാവസ്ഥയിലും മാറ്റമുണ്ടാകും. അതിന് വിരോധമുള്ള ചില കക്ഷികൾ കേസ് കൊടുക്കുകയും സി & എ. ജി.യെ കക്ഷി ചേർക്കുകയും ചെയ്യുന്നു. സി &എ. ജി. ഓഡിറ്റിന്റെ ഒരു ഘട്ടത്തിലും ഉന്നയിക്കാത്ത ഭരണഘടനാ പ്രശ്നം; കരട് റിപ്പോർട്ടിൽ രേഖപ്പെടുത്താത്തത്, സംസ്ഥാന സർക്കാരിനോട് ഒരിക്കൽപ്പോലും ചർച്ച ചെയ്യാത്ത കാര്യങ്ങൾ ഫൈനൽ റിപ്പോർട്ടിൽ ചേർത്തത് malafide intentions ആണ്. ഒരു ഭരണഘടനാ സ്ഥാപനവും ഇങ്ങനെ ചെയ്യാൻ പാടില്ല. ഈ നിയമസഭയും സംസ്ഥാന സർക്കാരും ഭരണഘടനാ സ്ഥാപനം തന്നെയാണ്. ഈ പദ്ധതി വിജയിക്കുന്നു എന്നതിന്റെ തെളിവാണ് കിഫ്ബിക്ക് എതിരെ ഉയർന്നുവരുന്ന ആക്ഷേപങ്ങൾ.

ശ്രീ. എസ്. ശർമ്മ: സർ, കിഫ്ബി കേരള സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഒരു അദ്ധ്യായമാകും. മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നിട ത്തോളംകാലം ഓർക്കാൻ കഴിയുന്ന വിലപ്പെട്ട അദ്ധ്യായമാകും. അതിന്റെ തുടർച്ച യെക്കുറിച്ചും നാൾവഴികളെക്കുറിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. 2002-ലും 2006-ലെ ആദ്യ ഘട്ടത്തിലും കിഫ്ബിയിൽ ഓഡിറ്റ് നടത്തണമെന്ന് സി. &എ. ജി. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനോട് ആവശ്യപ്പെട്ടപ്പോൾ അവർ സി. &എ. ജി.ക്ക് നൽകിയ കത്ത് അങ്ങ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; ആ കത്തിന്റെ ഉള്ളടക്കം എന്തായിരുന്നു; കിഫ്ബിയിൽ ഓഡിറ്റിംഗ് നടക്കുന്നില്ലെന്ന പ്രതിപക്ഷ നേതൃത്വത്തിന്റെ വിമർശനത്തിന് അടിസ്ഥാനമുണ്ടോ; അന്നത്തെ കത്തിലെ ഉള്ളടക്കം വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ആ കത്ത് നിശ്ചയമായും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. ഓഡിറ്റുകൾ പലതരമുണ്ട്. ഒന്ന്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് - ദൈനംദിന കണക്കുകൾ പരിശോധിച്ച് ഓഡിറ്റഡ് റിപ്പോർട്ട് സമർപ്പിക്കണം. കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടറിയായി പല ഏജൻസികൾക്കും ഓഡിറ്റഡ്

റിപ്പോർട്ട് സമർപ്പിക്കാനുള്ളതാണ്. അത് എങ്ങനെ വേണമെന്നുള്ളത് സംബന്ധിച്ച് കിഫ്ബി നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ട്, സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് - സംസ്ഥാന സർക്കാരിന് ഗണ്യമായ നിക്ഷേപമുള്ള എല്ലാ സ്ഥാപനങ്ങളെയും സി.&എ.ജി. ഓഡിറ്റ് ചെയ്യുന്നത്. മൂന്ന്, സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിംഗ് - സർക്കാരിന്റെ ഗണ്യമായ നിക്ഷേപം ഇല്ലാതായിക്കഴിഞ്ഞാൽ ഈ സ്ഥാപനം സി. &എ. ജി. ഓഡിറ്റിന്റെ പരിധിക്ക് പുറത്തുപോകും. അത്തരം സാഹചര്യങ്ങളിൽ സി.&എ.ജി.-ക്ക് ആവശ്യപ്പെടാവുന്നതും സർക്കാരിന് അധികാരപ്പെടുത്താവുന്നതുമാണ്. ഞാൻ നേരത്തെ പറഞ്ഞ സി.&എ.ജി. ഓഡിറ്റ് അല്ലാതെ വേറെ പല ഓഡിറ്റുകളും കിഫ്ബിയിലുണ്ട്. ഇന്റേണൽ ഓഡിറ്റ്, ക്വാളിറ്റി ഓഡിറ്റ് തുടങ്ങിയവ. യു.ഡി.എഫ്. ഭരണകാലത്തും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കണമെന്ന് സി.&എ.ജി. ആവശ്യപ്പെട്ടപ്പോൾ അത് പറ്റില്ലെന്നും കിഫ്ബി നിയമപ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് ഇങ്ങനെയാണെന്നും സെക്ഷൻ 14(1) പ്രകാരം ഓഡിറ്റിംഗ് ഏത് വേണമെങ്കിലും നടത്താമെന്നുമുള്ള മറുപടിയാണ് നൽകിയത്. അതാണ് ശരിയായിട്ടുള്ള മറുപടി. കാരണം ധനകാര്യ സ്ഥാപനം എന്ന നിലയിൽ ഓരോ ഘട്ടത്തിലും, നിങ്ങൾ ഒരു ബോണ്ട് ഇറക്കുമ്പോൾ അതുവരെയുള്ള ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് കൊടുക്കണം. അതിന് കാത്തിരിക്കാൻ പറ്റില്ല. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ വേറെയാണ്. സി.&എ.ജി.ക്ക് കിഫ്ബിയുടെ മുഴുവൻ റിക്കോർഡുകളും പരിശോധിക്കുന്നതിന് ഒരു തടസ്സവുമില്ല. കിഫ്ബിയുടെ സി.ഇ.ഒ.-ക്ക് ആക്സസ്സ് ഉള്ള മുഴുവൻ കമ്പ്യൂട്ടർ ഫയലുകളുടെയും പാസ്‌വേർഡ് എ.ജി.-ക്ക് കൊടുത്തിട്ടാണ് സെക്ഷൻ 14(1) പ്രകാരം ആറ് മാസത്തെ ഓഡിറ്റ് പൂർത്തിയാക്കിയത്. അതുകൊണ്ട് യു.ഡി.എഫ്. എടുത്ത നിലപാടും ഈ സർക്കാർ എടുത്ത നിലപാടും രണ്ടും ഒന്നുതന്നെയാണ്. സഭയുടെ മേശപ്പുറത്ത് ആ രേഖ ഞാൻ വയ്ക്കാം.

ശ്രീമതി വീണാ ജോർജ്ജിനുവേണ്ടി ശ്രീ. കെ. ദാസൻ: സർ, കിഫ്ബി വഴി നടപ്പിൽ വരുത്തുന്ന വികസന- വിപ്ലവത്തെക്കുറിച്ച് അറിയാനും മനസ്സിലാക്കാനും ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനങ്ങളിലെ ധനകാര്യ വിഭാഗം സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ടോ; മറ്റേതെങ്കിലും സംസ്ഥാനം സമാന മാതൃക സ്വീകരിച്ചതായി അറിവുണ്ടോ? കിഫ്ബിയിൽനിന്നും ഇതുവരെ എത്ര പദ്ധതികൾക്ക് അന്തിമ ധനകാര്യ അനുമതി നൽകിയിട്ടുണ്ട്; ആകെ എത്ര കോടി രൂപയാണ് ഇതിന്റെ അടങ്കൽ വരുന്നത്; ഏറ്റവും കൂടുതൽ പണം വകയിരുത്തിയ ആദ്യ മൂന്ന് മേഖലകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യയിലെ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും കിഫ്ബിക്ക് സമാനമായ പശ്ചാത്തല സൗകര്യങ്ങളുള്ള ധനകാര്യ സ്ഥാപനങ്ങളുണ്ട്. തമിഴ്നാട്ടിലും കർണ്ണാടകത്തിലുമുണ്ട്. 1999-ൽ കേരളം

ചെയ്തതുപോലെ ആയിരമോ രണ്ടായിരമോ കോടി രൂപയൊക്കെ അത്യാവശ്യം വായ്പയെടുക്കുന്ന സ്ഥാപനങ്ങളുണ്ട്. അവയൊക്കെ സി.&എ.ജി. ഓഡിറ്റിംഗിന് വിധേയമാണ്. അവയൊന്നും ഭരണഘടനാ വിരുദ്ധമാണെന്ന് സി.&എ.ജി. റിപ്പോർട്ടിലില്ല. കേരളം ഇത്തവണ ചെയ്തതെന്താണ്? പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് ഈ മോഡൽ വിപുലപ്പെടുത്തി അന്യാദൃശ്യമായ രീതിയിൽ വായ്പയെടുത്തു. അതൊരു സംസ്ഥാന സർക്കാരിന്റെയും ഇൻഫ്രാസ്ട്രക്ചർ ഫണ്ടിംഗിൽ ചെയ്തിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിംഗിൽ ചെയ്തിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) എടുക്കുന്ന വായ്പ കേന്ദ്ര സർക്കാർ എടുക്കുന്ന വായ്പയല്ല. അത് കേന്ദ്ര സർക്കാരിന്റെ വായ്പാ കണക്കിൽ വരികയില്ല. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ബോണ്ട് വച്ച് വായ്പയെടുക്കുന്നു. അവരിപ്പോൾ ഡോളർ വായ്പയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അപ്പോൾ ബോഡി കോർപ്പറേറ്റുകൾ, കേരളത്തിന് സമാനമായി കമ്പോളത്തിലിടപെട്ടിട്ടുള്ള ഒരനുഭവം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേതാണ്. ഒരു സംസ്ഥാനവും അതിനപ്പുറം ചെയ്തിട്ടില്ല. അത് വളരെയേറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. കേരളം ഇപ്പോൾ 40000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. അതിലിപ്പോൾ ഏഴായിരത്തി ചില്വാനം കോടി രൂപയുടെ പണി പൂർത്തിയാക്കിക്കൊടുത്തുകഴിഞ്ഞിരിക്കുന്നു. 15000 കോടി രൂപയുടെ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷമാകുമ്പോഴേയ്ക്കും ഇപ്പോൾ അനുവദിച്ചിരിക്കുന്ന പ്രോജക്ടുകളിൽ ഏതാണ്ടെല്ലാം പ്രവൃത്തി പഥത്തിലേയ്ക്കെത്തിച്ചേരും.

പ്രൊഫ. കെ. യു. അരുണൻ: സർ, കിഫ്ബിയിൽ ധാരാളം ആളുകൾ പണം നിക്ഷേപിച്ചിട്ടുണ്ട്. ഇന്നല്ലെങ്കിൽ നാളെ ആ പണം തിരിച്ചുകൊടുക്കണം. അതിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് ചുരുക്കി വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പണം തിരിച്ചുകൊടുക്കുന്നത് എങ്ങനെയാണെന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അതിന് കേരളത്തിന്റെതന്നെ അനുഭവങ്ങളുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് നടത്തുന്ന വലിയ പ്രോജക്ടുകളായിരുന്നു ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (DMRCL)-ന്റെ കൊച്ചി മെട്രോ അതല്ലെങ്കിൽ സിയാൽ എയർപോർട്ട്. അതിന് എങ്ങനെയാണ് പണം കണ്ടെത്തിയത്? ആ കമ്പനി വായ്പയെടുക്കുന്നു. എന്തടിസ്ഥാനത്തിൽ? ഈ പ്രോജക്ട് പൂർത്തിയാകുമ്പോൾ അതിൽനിന്നുള്ള വരുമാനത്തിൽനിന്ന് വായ്പ തിരിച്ചടയ്ക്കാമെന്നുള്ള റവന്യൂ മോഡലിൽ, ഇങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്. പക്ഷേ കേരളത്തിനൊരു പ്രശ്നമുണ്ട്. നമുക്ക് റവന്യൂ മോഡലല്ലാത്ത ധാരാളം പ്രോജക്ടുകൾ ചെയ്യണം, പ്രത്യേകിച്ച് റോഡുകൾ. ടോൾ ഏർപ്പെടുത്താൻ നമുക്ക് സമ്മതമല്ല. അപ്പോൾ എന്താണ് ചെയ്തത്? ആന്വിറ്റി

മോഡൽ. അത് ഏറ്റവും കൂടുതലുണ്ടായിട്ടുള്ളത് നിങ്ങളുടെ ഭരണകാലത്താണ്. ഉദാഹരണത്തിന് തിരുവനന്തപുരം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് 100 കോടി രൂപ ചെലവ് വരുന്നു. ടെണ്ടർ വിളിക്കുന്നു. 20 വർഷംകൊണ്ട് മാത്രമേ പണം തരാൻ പറ്റുകയുള്ളൂവെന്ന് പറയുന്നു. അപ്പോൾ കോൺട്രാക്ടർ ഇതിന്റെ പലിശയുംകൂടി കണക്കാക്കി 600, 700 കോടി രൂപയ്ക്ക് വർക്ക് ചെയ്യാമെന്ന് പറയുന്നു. അത് തുല്യമായി വീതിച്ച് 20 വർഷംകൊണ്ട് കൊടുക്കുന്നു. അതിൽ ശ്രദ്ധിക്കേണ്ട കാര്യം, ആ 700 കോടി രൂപ സർക്കാർ കടമെടുത്തുവെന്ന് അക്കൗണ്ടിൽ എഴുതുകയില്ല. ആന്വിറ്റി മാത്രമേ സർക്കാരിന്റെ കണക്കിൽ വരികയുള്ളൂ. ഇങ്ങനെ മുൻകൂട്ടി മുതൽ മുടക്കി 20 വർഷം കാത്തിരിക്കാൻ അധികം പേരില്ല എന്നതാണ് ഗൗരവമായ പ്രശ്നം. അവർ കുറച്ചുപേർ മാത്രമുള്ളതുകൊണ്ട് നമ്മുടെ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിലേയ്ക്കുള്ള ഇംപ്ലിസിറ്റ് പലിശ 15 ശതമാനമാണ്. ചിലപ്പോൾ 20 ശതമാനത്തിനടുത്ത് പോകും. ഉദാഹരണത്തിന്, ഞാൻ പ്രോജക്ടിന്റെ പേര് പറയുന്നില്ല. അതിന് 15 ശതമാനത്തിലും കൂടുതലാണ് പലിശ. അതിലും നല്ലത് ഏഴോ എട്ടോ ഒൻപതോ ശതമാനം പലിശയ്ക്ക് പണമെടുത്ത് ചെയ്യുന്നതല്ലേ? അപ്പോൾ കിഫ്ബിക്ക് നമ്മളൊരു ആന്വിറ്റി കൊടുക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ സർക്കാർ പറയുന്ന പ്രോജക്ടുകൾക്ക് കിഫ്ബിയിൽ നിന്ന് വായ്പയെടുത്ത് നിർമ്മാണം നടത്തുന്നു. കിഫ്ബിയുടെ ആന്വിറ്റിയുടെ ഏക വ്യത്യാസം, മറ്റേത് തുല്യ തവണകളാണെങ്കിൽ, കിഫ്ബി, മോട്ടോർ വെഹിക്കിൾ വാഹന നികുതി വർദ്ധിക്കുന്നതനുസരിച്ച് ഇൻക്രീസിംഗ് ആന്വിറ്റി സ്കീം എന്നുപറയും. ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന് ഒരു പരാമർശംകൂടി നടത്തണം. ഞങ്ങൾക്ക് കിഫ്ബിയെന്ന ഭസ്മാസുരനെ കിട്ടിയെന്നുപറഞ്ഞ് പ്രോജക്ടുകളെല്ലാം എടുക്കാൻ തീരുമാനിച്ചാലോ? 60000 കോടി രൂപയുടെ പ്രോജക്ടിനോടൊപ്പം 50000 കോടി രൂപയുടെ പ്രോജക്ടുംകൂടി ഇരിക്കട്ടെയെന്ന് വിചാരിച്ചാൽ സർക്കാർ കൊടുക്കുന്ന ആന്വിറ്റി കൊണ്ട് തികയുകയില്ലല്ലോ. നിയമസഭ അംഗീകരിച്ചതുകൊണ്ട് തികയുകയില്ലല്ലോ എന്നുള്ളതാണ് ചോദിക്കാവുന്ന ചോദ്യം. വളരെ സങ്കീർണ്ണമായിട്ടുള്ള അസ്സറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി പ്രവർത്തനം നടത്തുന്നത്. അടുത്ത 20 വർഷത്തേയ്ക്ക് സംസ്ഥാനത്തുനിന്നും ഏറ്റെടുത്ത പ്രോജക്ടുകളിൽനിന്ന് ഓരോ വർഷവും തിരിച്ചടവ് കിട്ടുന്ന പണം എത്രയുണ്ടെന്ന് കൃത്യമായി ഗണിച്ച് പറയാൻ കിഫ്ബിക്ക് സാധിക്കും. ഇതുപോലെ അടുത്ത 20 വർഷത്തേയ്ക്ക് ഏറ്റെടുത്തിരിക്കുന്ന പ്രോജക്ടുകളിൽനിന്ന് കോൺട്രാക്ടർമാർക്ക് ഓരോ വർഷവും നൽകേണ്ട തുക എത്രയാണെന്നും പറയാൻ കഴിയും. ഇത് മാറിക്കൊണ്ടിരിക്കും. ഒരു പ്രോജക്ടിന് കാലതാമസം വന്നാൽ അപ്പോൾ രേഖ മാറും. കിഫ്ബിയിലെ ഡയറക്ടർമാരൊക്കെ വളരെ ഉത്തരവാദിത്തമുള്ളവരാണ്. പേഴ്സണൽ ലയബിലിറ്റിയുണ്ട്.

ഏതെങ്കിലും ഘട്ടത്തിൽ അസ്സറ്റിന് മുകളിൽ ലയബിലിറ്റി പോകുന്ന പ്രോജക്ട് ഒരു കാരണവശാലും ഏറ്റെടുക്കുകയില്ല. അതുകൊണ്ട് സുരക്ഷിതമാണ്. ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമനുസരിച്ച് വർഷംതോറും നൽകേണ്ടുന്ന നികുതി വിഹിതത്തിനപ്പുറം ഒരു പൈസ പോലും കിഫ്ബിക്ക് കൊടുക്കേണ്ട. അതിനപ്പുറം ഒരു ഭാരവും സർക്കാരിന്റെ മുകളിലേയ്ക്ക് കിഫ്ബി വരുത്തുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആളുകളെയും ജനങ്ങളെയും സഭയേയും തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ സെക്ഷൻ 14 (1)-ഉം 20(2)-മൊക്കെ വളരെ വിശദമായി നമ്മൾ ചർച്ച ചെയ്തതാണ്. സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുന്ന പണത്തിന്റെ ഓഡിറ്റ് കാര്യക്ഷമമായും സമഗ്രമായും ചെയ്യണമെന്ന് ഭരണഘടനാ സ്ഥാപനമായ സി.&എ.ജി. പറയുമ്പോൾ ഒന്നും മറച്ചുവയ്ക്കാനില്ലെങ്കിൽ എന്തിനാണ് അങ്ങ് അതിനെ എതിർക്കുന്നത്? ഏത് ഗവൺമെന്റാണെങ്കിലും ഒരു രൂപ ചെലവഴിക്കണമെങ്കിൽ ഈ സഭ പാസ്സാക്കണം. ഇവിടെ സഭയോ ക്യാബിനറ്റോ ഭരണഘടനാപരമായ നടപടികളോ അറിയേണ്ട, ആകെയുള്ളത് സി.&എ.ജി. ഓഡിറ്റ് മാത്രമാണ്. സെക്ഷൻ 14 (1) അനുസരിച്ച് ഓഡിറ്റ് ചെയ്യാമെന്നാണ് അങ്ങ് പറയുന്നത്. സി.&എ.ജി. നിരന്തരമായി ആവശ്യപ്പെടുന്നത് സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റാണ്. സർക്കാർ കൊടുക്കുന്ന ഗ്രാന്റ് മാത്രമുള്ള ഓഡിറ്റിംഗാണ് അങ്ങ് വിഭാവനം ചെയ്യുന്നത്. സെക്ഷൻ 20(2) അനുസരിച്ചുള്ളത് സമഗ്രമായ ഓഡിറ്റാണ്. ആ ഓഡിറ്റ് വേണ്ടെന്നുപറയുന്ന ഗവൺമെന്റിന്റെ നടപടി അംഗീകരിക്കാവുന്നതല്ല. 1999-ൽ ഇത്രയും ബാധ്യതകളൊന്നുമില്ല. അന്ന് കടമെടുത്തതിന്റെ വോള്യം എത്രയാണെന്ന് നോക്കുക. ഇപ്പോൾ സംസ്ഥാനത്ത് സാമ്പത്തികമായ വലിയൊരു ഭാരമുണ്ടാകുന്നു. അതിന്റെ ഓഡിറ്റ് വേണ്ട, നിയമസഭയോ ക്യാബിനറ്റോ അറിയേണ്ട, ആരും അറിയേണ്ട. ഡയറക്ടർമാർ നല്ലവരാണ്; അവർ നല്ലവരായതുകൊണ്ട് അവരെ വിശ്വസിക്കുകയെന്ന് പറയുന്നത് ജനാധിപത്യ സംവിധാനത്തിൽ അംഗീകരിച്ചുകൊടുക്കാൻ കഴിയുന്ന കാര്യമാണോ? അതുപോലെ പ്രാഥമിക റിപ്പോർട്ടിൽ കാണാത്തത് ഫൈനൽ റിപ്പോർട്ടിൽ വന്നു. പാമോലിൻ കേസ് മറക്കരുത്. കെ. കരുണാകരന് എതിരായ പാമോലിൻ കേസ്സിൽ ആദ്യം ഗവൺമെന്റുമായി ചർച്ച ചെയ്ത എക്സിറ്റ് മീറ്റിംഗുകളുടെ റിപ്പോർട്ട് പ്രിലിമിനറി റിപ്പോർട്ടിലില്ല. അത് ഫൈനൽ റിപ്പോർട്ടിലാണ് വന്നത്. ഇങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ട്. സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ച് ഇതിനിടയ്ക്ക് ചർച്ച ചെയ്യാൻ വരുമല്ലോ? അപ്പോൾ സെക്ഷൻ 20(2) അനുസരിച്ചുള്ള സമഗ്രമായ ഓഡിറ്റ് നടത്താതെ ഗവൺമെന്റ് മുന്നോട്ടുപോകുന്നതിലാണ് ജനങ്ങളിൽ ആശങ്ക നിലനിൽക്കുന്നത്. ആ ആശങ്ക ദൂരീകരിക്കാൻവേണ്ടി സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റ് നടത്താനും സുതാര്യമായ പണമിടപാടുകൾ നടത്താനും ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രതിപക്ഷനേതാവ് എഴുന്നേറ്റപ്പോൾ ഞാൻ വിചാരിച്ചത് നിങ്ങൾ ഭരിച്ചിരുന്നപ്പോൾ എന്തുകൊണ്ടാണ് സെക്ഷൻ 14(1) അനുസരിച്ചുള്ള ഓഡിറ്റ് മതിയെന്നും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കേണ്ടെന്നും സൂചിപ്പിച്ച് കത്ത് അയച്ചത് എന്നത് സംബന്ധിച്ച് വിശദീകരിക്കുമെന്നാണ്. അദ്ദേഹം നൽകിയ ഏക വിശദീകരണം അന്ന് അത്ര തുകയൊന്നും വായ്പയെടുത്തില്ലല്ലോ അതുകൊണ്ട് ഇത്രയും മതി എന്ന് ചിന്തിച്ചുവെന്നുള്ളതാണ്. The question of principle is നിങ്ങൾ എത്ര വായ്പയെടുക്കുന്നുണ്ട് എന്നതല്ല. നിങ്ങൾ അന്ന് എടുത്ത നിലപാട് ശരി, അതുതന്നെ ഞങ്ങൾ തുടരുകയാണ്. സെക്ഷൻ 20(2) വളരെ വ്യക്തമാണ്. ഏതായാലും പ്രിവിലേജസ് & എഥിക്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ചർച്ചയ്ക്ക് വരുമെന്ന് പറഞ്ഞല്ലോ. അത് വരട്ടെ. എന്താണ് ആക്ടിലുള്ളതെന്ന് നമുക്ക് വായിക്കാം. സെക്ഷൻ 20(2) എന്നുപറയുന്നത് 14(1) ബാധകമല്ലാത്ത സ്ഥാപനങ്ങൾക്കു വേണ്ടിയുള്ളതാണ്. 14(1) എന്നുവച്ചാൽ സർക്കാർ കൊടുക്കുന്ന ഫണ്ട് മാത്രമല്ല, എല്ലാ ഇടപാടുകളും പരിശോധിക്കാം. അങ്ങനെയാണ് ഈ വർഷത്തെ സി.&എ .ജി.-യുടെ റിപ്പോട്ട് പുറത്തുവരാൻ പോകുന്നത്. എന്തിനാണ് പ്രതിപക്ഷനേതാവേ, ഇല്ലാത്ത പ്രശ്നം ഉണ്ടാക്കുന്നത്? സി.&എ.ജി. പോലും ഇപ്പോൾ ഇതുസംബന്ധിച്ച് കത്ത് എഴുതുന്നില്ലല്ലോ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സി.&എ.ജി. മൂന്ന് കത്ത് അയച്ചിട്ടുണ്ട്. (....... മൈക്ക് ഓഫ്.....)

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല. സി.&എ.ജി. അത് നിർത്തി. ആ കത്ത് അസംബന്ധമാണ്. എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അദ്ദേഹം പോലും തിരിച്ചറിഞ്ഞു കാണില്ല.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കിഫ്ബിയുടെ പശ്ചാത്തല മേഖലയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള സമ്പദ്ഘടനയിലുണ്ടാക്കാവുന്ന ഗുണകരമായ മാറ്റങ്ങളെ സംബന്ധിച്ച് ഈ സമൂഹം വേണ്ടത്ര ചർച്ച ചെയ്യുന്നില്ലെന്നുള്ള പരിമിതി ഇപ്പോഴുമുണ്ട്. 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും മികച്ച നിലവാരം പുലർത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നിർവ്വഹണ വേഗത കൂട്ടുന്നതിനും കിഫ്ബിയുടെ നിലവിലുള്ള സാങ്കേതിക സംവിധാനം വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അതോടൊപ്പം ഇനിയൊരു പഞ്ചവടിപ്പാലമോ പാലാരിവട്ടം പാലമോ ആവർത്തിക്കില്ല എന്നതുകൂടി ഉറപ്പാക്കാൻ കിഫ്ബി വേണ്ടത്ര ജാഗ്രത പുലർത്തുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വളരെയേറെ ജാഗ്രത കിഫ്ബി ഇപ്പോൾ പുലർത്തുന്നുണ്ട്. അതുകൊണ്ടാണ് തേർഡ് പാർട്ടി ക്വാളിറ്റി ടെസ്റ്റ് നടത്തുന്നത്. അതിന് പ്രത്യേകം ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്. കിഫ്ബിയുടെ തന്നെ ക്വാളിറ്റി ടെസ്റ്റിനുള്ള സംവിധാനമുണ്ട്. ആളുകളുടെ എണ്ണം നിയന്ത്രിച്ച് നിർത്താൻവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെയൊക്കെ മികവ് ഉന്നത നിലവാരത്തിലാക്കിയിട്ടുണ്ട്. കിഫ്ബി പ്രോജക്ടിന്റെ കീഴിൽ ഇത്രയും വർക്ക് നടന്നിട്ട് എവിടെയെങ്കിലും ഒരു അഴിമതിയാരോപണം ആ രീതിയിൽ നടന്നിട്ടുണ്ടോയെന്ന് നിങ്ങൾ പറയൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതിയെപ്പറ്റി സഭയിൽ എഴുതി ഉന്നയിച്ച ആരോപണമാണ്. ഇപ്പോൾ ലോകായുക്തയുടെ പരിഗണനയിലുള്ള അഴിമതിയാരോപണമാണത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർ മുഴുവൻ എന്നോട് പറഞ്ഞിട്ടുള്ള ആക്ഷേപം കിഫ്ബിയുടെ കീഴിൽ നടത്തുന്ന പരിശോധന കൂടിപ്പോകുന്നു, അതിന്റെ ഫലമായി കാലതാമസം ഉണ്ടാകുന്നു എന്നുള്ളതാണ്. മാനദണ്ഡങ്ങൾ കർശനമാക്കരുതെന്നാണ് പൊതുവിൽ വന്നിട്ടുള്ള അഭിപ്രായം. കിഫ്ബി നടത്തുന്ന പരിശോധനയുടെയും മേൽനോട്ടത്തിന്റെയും തീവ്രതയൊന്നും കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ സംഭവിച്ചതുപോലുള്ള അനുഭവം ഇത്ര ആയിരം കോടികൾ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ ഉണ്ടാകാൻ പാടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പാലാരിവട്ടം പാലത്തെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ. കിഫ്ബിയിൽ കൊച്ചി ക്യാൻസർ സെന്ററിനുവേണ്ടി 150 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഇടിഞ്ഞ് താഴെവീണു. അക്കാര്യം അങ്ങ് അന്വേഷിക്കുമോ?

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടിയുടെ ചോദ്യംകൂടി കേട്ടിട്ട് അങ്ങ് ഒരുമിച്ച് ഉത്തരം നൽകിയാൽ മതി.

ശ്രീ. സി. മമ്മൂട്ടി: സർ, ആദ്യത്തെ ബഡ്ജറ്റിൽ തന്നെ കിഫ്ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി എം.എൽ.എ.മാരോട് 50 കോടി രൂപയുടെ രണ്ട് പദ്ധതി വീതം സമർപ്പിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടു. തിരൂർ നിയോജകമണ്ഡലത്തിൽനിന്ന് രണ്ട് പദ്ധതി നൽകി. 50 കോടി രൂപയുടെ തിരൂർ ഫ്ലൈ ഓവർ അംഗീകരിക്കുകയും ആദ്യ ബഡ്ജറ്റിൽ തന്നെ പ്രഖ്യാപിക്കുകയും

ചെയ്തു. ആദ്യത്തെ മൂന്നുവർഷം സ്ഥിരമായി നിരന്തരം ഫോളോ അപ് നടത്തി പദ്ധതി എവിടെയും എത്താത്ത അവസ്ഥയിൽ അങ്ങയോട് ഞാൻ ഒരു കാര്യം ആവശ്യപ്പെടുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പണി കഴിഞ്ഞ് റെയിൽവേ തിരിച്ചേൽപ്പിച്ച രണ്ട് ഓവർ ബ്രിഡ്ജുകൾ അവിടെയുണ്ട്. അതിനുള്ള അപ്രോച്ച് റോഡിന് ആ ഫണ്ട് അനുവദിക്കുകയും മറ്റ് പദ്ധതികൾക്കു കൂടി വിനിയോഗിക്കാൻ തയ്യാറാകുമോയെന്നും ചോദിച്ചപ്പോൾ അങ്ങ് ഗൗരവമായി പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. നാളിതുവരെയായി ഒരു നടപടിയുമുണ്ടായിട്ടില്ല. ഞങ്ങൾ വളരെ പ്രതീക്ഷയോടുകൂടി സമർപ്പിച്ച പദ്ധതിയായിരുന്നു. കിഫ്ബിയുടെ പദ്ധതി നല്ലരീതിയിൽ നടക്കുന്നുവെന്ന് പറയുമ്പോൾത്തന്നെ ഇങ്ങനെയുള്ള നടക്കാത്ത പദ്ധതിയെക്കുറിച്ചുകൂടി അങ്ങ് വിശദീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എനിക്ക് ഇത് ഓഫ് ഹാൻഡായി പറയാൻ കഴിയില്ല. നിശ്ചയമായും കിഫ്ബി സി.ഇ.ഒ.-യുമായി സംസാരിച്ച് ഇതുസംബന്ധിച്ച് പരിശോധിക്കാം. അതിന് തടസ്സമില്ല. എന്താണ് കൊച്ചിൻ ക്യാൻസർ സെന്ററിൽ നടന്നത്? കിഫ്ബി അപ്രൈസബിലിറ്റി അപ്രൂവ് ചെയ്തതിൽനിന്നും വ്യത്യസ്തമായി ബീമുകൾ ചിലത് ഒഴിവാക്കി. അതുകണ്ടുപിടിച്ചു. അതനുസരിച്ച് കർശന നടപടികളും സ്വീകരിച്ചു. കിഫ്ബിയുടെ നിർദ്ദേശം മറികടന്ന്, കിഫ്ബി അംഗീകരിച്ച മോഡലിൽനിന്നും മാറിയതിന്റെ ഫലമായിട്ടാണ് അങ്ങനെ സംഭവിച്ചത്. അല്ലാതെ കിഫ്ബി അംഗീകരിച്ച പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ചെയ്തിട്ട് വന്നതല്ല. ഇനി ഇത്തരത്തിൽ സംഭവിക്കാൻ പാടില്ലായെന്നുള്ളതുകൊണ്ടാണ് നിരന്തരമായ മേൽനോട്ട സംവിധാനങ്ങൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്നതിന് തീരുമാനിച്ചത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, കിഫ്ബി പദ്ധതി വിവിധ മണ്ഡലങ്ങളിൽ വിവിധ മേഖലകളിലെല്ലാം നൽകിയിട്ടുണ്ട്. ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, ജലവിഭവം തുടങ്ങിയ വിവിധ മേഖലകളിൽ പരിശോധന നടത്തി പുതിയ പദ്ധതി പ്രഖ്യാപിക്കാനുള്ള പ്രയാസം അങ്ങ് ചൂണ്ടിക്കാണിച്ചു. ഏതെങ്കിലും മണ്ഡലങ്ങളിൽ ഇക്കാര്യത്തിൽ കുറവുകളുണ്ടെങ്കിൽ അത് പരിഗണിക്കാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ തീരട്ടെ. നിങ്ങളുടെ എല്ലാവരുടെയും മണ്ഡലങ്ങളിൽ പ്രവൃത്തികൾ നടന്നുവരികയാണ്. കിഫ്ബിയെക്കുറിച്ച് രാഷ്ട്രീയ പരിഗണന വച്ച് വീതം വച്ചിട്ടുണ്ടെന്ന ആക്ഷേപം ഇതുവരെ ഉയർന്നുവന്നിട്ടില്ല. തീരദേശ ഹൈവേ, മലയോര ഹൈവേ തുടങ്ങിയ റോഡുകൾ മണ്ഡലാതിർത്തിയിൽ എത്തിനിൽക്കുന്ന കാര്യങ്ങളല്ല. ഇത്ര കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾ, താലൂക്കാശുപത്രികൾക്ക് മുകളിലുള്ള

ആശുപത്രികൾ എന്നുപറയുമ്പോൾ എല്ലാ മണ്ഡലങ്ങളും ഇതിൽ ഉൾപ്പെടുന്നു. ട്രാൻസ്ഗ്രിഡ് എന്നുപറയുമ്പോൾ എല്ലാ മണ്ഡലത്തിലും വരുന്നതല്ല. ഇത്തരത്തിലുള്ള വലിയ പ്രോജക്ടുകളായതുകൊണ്ട് മണ്ഡലാടിസ്ഥാനത്തിൽ രാഷ്ട്രീയ വിവേചനം നടത്തിയെന്ന് കിഫ്ബിയെക്കുറിച്ച് സാധാരണഗതിയിൽ വിമർശനമില്ല. ശ്രീ. അബ്ദുൾ ഖാദർ പറയുന്നത് കേൾക്കുമ്പോൾ തോന്നുന്നത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വേണ്ടത്ര ചെയ്തിട്ടില്ലായെന്നാണ്. സന്തുലനാവസ്ഥയൊക്കെ നോക്കിയിട്ടാണ് പ്രോജക്ട് വച്ചത്. നമുക്ക് പരിശോധന നടത്താം.

## കിഫ്ബിയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ

3 (*33) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) നിയമനിർമ്മാണ സഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ നിയമസാധുത പരിശോധിക്കാൻ സി.&എ.ജി.-ക്ക് എന്തെങ്കിലും അധികാരമുണ്ടോ; കിഫ്ബിയുടെ ഭരണഘടനാ സാധുത സി.&എ.ജി. ചോദ്യം ചെയ്തെന്നുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കുമോ;

(ബി) കേന്ദ്ര കുറ്റാന്വേഷണ ഏജൻസികളെയും ഓഡിറ്റ് ഏജൻസിയെയും കിഫ്ബിയെക്കുറിച്ച് തെറ്റായ ആരോപണങ്ങൾ ഉയർത്താൻ പ്രതിപക്ഷ കക്ഷികൾ വിനിയോഗിക്കുന്നത് കിഫ്ബി വഴിയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനിടയായിട്ടുണ്ടോ; കിഫ്ബി വായ്പയ്ക്കെതിരെ പ്രതിപക്ഷത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി )രാഷ്ട്രീയ ദുരുദ്ദേശ്യത്തോടെ കിഫ്ബിക്കെതിരെ ആരെങ്കിലും കോടതിയിൽ കേസ് നൽകിയിരുന്നോ; അവയുടെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;

(ഡി) നിലവിലെ കേസിലെ കക്ഷി ആരാണെന്നും അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) കിഫ്ബിയിൽ നിലവിൽ ഏതെല്ലാം തലത്തിലുള്ള ഓഡിറ്റ് പരിശോധന നടക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) നിലനിൽക്കുന്ന ഏതെങ്കിലും ചട്ടങ്ങളിൽനിന്ന് സർക്കാരിന്റെയോ അതിനുകീഴിൽ വരുന്ന ഏജൻസികളുടെയോ പ്രവർത്തികൾ വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അത് തങ്ങളുടെ പരിധിയിൽ വരുന്ന വിഷയമാണെങ്കിൽ അവ സർക്കാരിനെ ചൂണ്ടി ക്കാണിക്കേണ്ടത് സി.&എ.ജി.-യുടെ കടമയാണ്. എന്നാൽ സംസ്ഥാന കിഫ്ബി ആക്ട് എന്നുപറയുന്നത് രണ്ടുതവണ സംസ്ഥാന നിയമ വകുപ്പ് വിശദമായി പരിശോധിച്ച് അംഗീകരിച്ച കാര്യമാണ്. അത് തികച്ചും ഭരണഘടനാപരമാണ്. നിയമസഭയുടെ മുമ്പാകെ വരുന്ന നിയമങ്ങൾ എല്ലാം തന്നെ നിയമ വകുപ്പിന്റെ കർശനമായ നിയമസാധുത പരിശോധന കഴിഞ്ഞുവരുന്നവയാണ്. ഈ നിയമങ്ങൾ രാജ്യത്ത് നിലനിൽക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രത്യേകിച്ച് ഭരണഘടനാപരമായ വ്യവസ്ഥകൾക്ക് എതിരാണോ അല്ലയോ എന്നത് കൃത്യമായി നിയമ വകുപ്പ് പരിശോധിക്കുകയും അവയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. 1999-ൽ കിഫ്ബിയുടെ ആക്ട് രൂപീകരിക്കുന്ന കാലത്തും 2016-ൽ അത് ഭേദഗതി ചെയ്യുന്ന അവസരത്തിലും ഭരണഘടനാപരമായ സാധുത വിശദമായി പരിശോധിക്കപ്പെട്ടതും അവയ്ക്ക് നിയമ വകുപ്പിന്റെ അനുകൂലമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. കിഫ്ബി എന്ന സ്ഥാപനമോ അതിന്റെ പ്രവർത്തനങ്ങളോ രാജ്യത്ത് നിലവിലുള്ള ഒരു നിയമത്തിനും എതിരല്ല. കിഫ്ബി ആക്ട് സുദീർഘമായ വിശകലനങ്ങൾക്കും ചർച്ചകൾക്കും ഒടുവിൽ കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു നിയമമാണ്. സി.&എ.ജി. റിപ്പോർട്ട് സംബന്ധിച്ച വിവാദം ഇപ്രകാരമാണ്. നിയമസഭയുടെ മുമ്പാകെ സി.&എ.ജി. റിപ്പോർട്ട് സമർ പ്പിക്കേണ്ടത് ധനകാര്യമന്ത്രിയാണ്. സഭയിൽ സമർപ്പിക്കുന്ന ഈ റിപ്പോർട്ടിനെ ക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് വ്യക്തമായ ബോദ്ധ്യവും ഉത്തരവാദിത്തവും ഉണ്ടാകണം. നിലവിലെ ഓഡിറ്റ് ചട്ടങ്ങൾ സർക്കാരിന് പൂർണ്ണമായും ഇതുസംബന്ധിച്ച അറിവ് ഉണ്ടാകും വിധമാണ്. സി.&എ.ജി. കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക, അതിന്മേലുള്ള സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുക, തുടർന്ന് അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിക്കുക, തുടർന്ന് മീറ്റിംഗിന്റെ മിനിറ്റ്സ് ചംക്രമണം ചെയ്യുക. ഈ പ്രക്രിയകളിലുടനീളം സർക്കാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശ ങ്ങളും വിശദീകരണങ്ങൾക്കും എല്ലാവിധ പരിഗണനയും നൽകി അന്തിമ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേയ്ക്ക് തുടർന-ടപടികൾക്കായി സമർപ്പിക്കുക എന്നിങ്ങനെയാണ് സംസ്ഥാനത്തിന്റെ ധനകാര്യ റിപ്പോർട്ട് സംബന്ധിച്ച് സി.&എ.ജി. സ്വീകരിക്കേണ്ട നടപടിക്രമം. സർക്കാരിന് അല്ലെങ്കിൽ ഓഡിറ്റിന് വിധേയമാകുന്ന സ്ഥാപനത്തിന് കരട് റിപ്പോർട്ട് നൽകി അതിന്മേലുള്ള അഭിപ്രായങ്ങളും നിരീക്ഷണങ്ങളും

വിയോജിപ്പുകളും പരിഗണിച്ച് മാത്രമേ അന്തിമ റിപ്പോർട്ട് തയ്യാറാക്കാനാകൂ. എന്നാൽ സി.&എ.ജി. ഇപ്പോൾ സമർപ്പിച്ച അന്തിമ കരട് റിപ്പോർട്ടിൽ ഒരുതരത്തിലും ഉൾപ്പെടാത്ത നിഗമനങ്ങളും നിരീക്ഷണങ്ങളും തീർപ്പുകളും, സി.&എ.ജി. തന്നെ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് നടപടിക്രമങ്ങളുടെ ചട്ടങ്ങൾ പാലിക്കാതെ ഏകപക്ഷീയമായി, ഉൾപ്പെടുത്തി എന്നതാണ് വിവാദത്തിന് കാരണമായത്. സർക്കാരിന് സംസ്ഥാനത്തിന്റെ ധനകാര്യ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചട്ടപ്രകാരം പാലിക്കേണ്ട നടപടികൾ സി.&എ.ജി. സ്വീകരിച്ചില്ല. ഇതിന് സർക്കാരിന്റെ അഭിപ്രായം ആരായുവാനുള്ള താല്പര്യം സി.&എ.ജി. കാണിച്ചില്ല. എക്സിറ്റ് മീറ്റിംഗിന്റെ മിനിറ്റ്സ് പോലും സർക്കാരിന് നൽകിയില്ല. കിഫ്ബി പോലെ സർക്കാരിന്റെ സുപ്രധാനമായ ഒരു സംവിധാനത്തെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത വരുത്തുവാൻ ശ്രമിക്കാതെയുള്ള റിപ്പോർട്ടിലെ പരാമർശങ്ങൾ സി.&എ.ജി.യുടെ ഭാഗത്തുനിന്നുണ്ടായ ഗൗരവമേറിയ വീഴ്ചയായി കാണുന്നു. ഇതുസംബന്ധമായ പരാമർശം നടത്തിയ സാഹചര്യം ഇതാണ്.

(ബി) 2016-ൽ ഐകകണ്ഠ്യേനയാണ് കേള നിയമസഭ കിഫ്ബി ഭേദഗതി നിയമം പാസ്സാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തന മികവാണ് കിഫ്ബി എന്ന സ്ഥാപനം കാഴ്ചവച്ചത്. വളരെ പ്രൊഫഷണലായുള്ള പ്രവർത്തന രീതികളാണ് കിഫ്ബിയെ ഇതിന് സഹായിച്ചത്. ചുരുങ്ങിയ കാലയളവിൽത്തന്നെ കിഫ്ബി ആഭ്യന്തര, അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. മാറ്റങ്ങൾ കൺമുമ്പിൽ കണ്ടുതുടങ്ങി. ഇങ്ങനെ നാളത്തെ കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധ മാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകണം നൽകുവാൻ സർക്കാരിനും കിഫ്ബിക്കും കഴിഞ്ഞു. ഉചിതമായ ഈ ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തു സൂക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്തു മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ടുപോകുവാൻ കഴിയൂ. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുവാനും കിഫ്ബി മുഖേനയുള്ള കേരളത്തിന്റെ സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് ഈ സർക്കാരിന്റെ തീരുമാനം.

(സി) കിഫ്ബിയുടെ മസാല ബോണ്ടിന്റെ ഭരണഘടനാ സാധുതയും സി.&എ.ജി. ഓഡിറ്റും സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ നിലനിൽക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ പരാതിയിന്മേലുള്ള വാദം കേൾക്കൽ കോടതി നീട്ടിവെച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, റിസർവ് ബാങ്ക്, സി.&എ.ജി., കിഫ്ബി, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിങ്ങനെ വിവിധ സംവിധാനങ്ങളെ ഇതിൽ കക്ഷി ചേർത്തിട്ടുള്ളതിനാൽ പ്രസ്തുത പരാതി സംബന്ധിച്ച് എല്ലാവരുടെയും സത്യവാങ്മൂലം സമർപ്പിക്കേണ്ട തായുണ്ട്.

(ഡി) എം.ആർ. രഞ്ജിത്ത് കാർത്തികേയൻ എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ് ഹൈക്കോടതിയിൽ കിഫ്ബിയുടെ മസാല ബോണ്ടിന്റെ ഭരണഘടന സാധുതയും സി.&എ.ജി. ഓഡിറ്റും സംബന്ധിച്ച് റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരി ക്കുന്നത്. പെറ്റീഷനിൽ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- കിഫ്ബിയെ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും അവ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലോ മറ്റേതെങ്കിലും സ്റ്റോക്ക് എക്സ്ചേഞ്ചിലോ ലിസ്റ്റ് ചെയ്യുന്നതിൽനിന്നും വിലക്കുക.
- നിലവിൽ പുറപ്പെടുവിച്ച മസാല ബോണ്ടിന്റെ വിപണിയിലെ ക്രയവിക്രയങ്ങൾ അവസാനിപ്പിക്കുക. മസാല ബോണ്ടുവഴി സമാഹരിച്ച തുക വിനിയോഗിക്കുന്നതിൽനിന്ന് കിഫ്ബിയെ വിലക്കുക.
- സി.&എ.ജി.-യുടെ 20(2) പ്രകാരമുള്ള ഓഡിറ്റിന് കിഫ്ബിയെ വിധേയമാക്കുക.
- കിഫ്ബിയുടെ മസാല ബോണ്ട് ഭരണഘടനാ ലംഘനമാണെന്നും ഇതിന്മേൽ നൽകുന്ന സർക്കാർ ഗ്യാരന്റി സഞ്ചിതനിധിയിൽ നിന്നും ചാർജ് ചെയ്യുന്നത് വിലക്കണമെന്നും അപേക്ഷയിൽ പറയുന്നു.

(ഇ) കിഫ്ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിംഗ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ട്. കിഫ്ബിയിൽ സി.&എ.ജി.-യുടെ ഓഡിറ്റ് നടക്കുന്നുണ്ട്. 2020 ജൂലൈ മാസം വരെയുള്ള കാലയ ളവിലെ സി.&എ.ജി. ഓഡിറ്റ് കിഫ്ബിയിൽ പൂർത്തിയായിട്ടുണ്ട്. കിഫ്ബി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതുകൂടാതെ ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം, ടാക്സ് ഓഡിറ്റിംഗ് സംവിധാനം, അന്താരാഷ്ട്ര നിക്ഷേപകരുടെ

താല്പര്യപ്രകാരമുള്ള പിയർ റിവ്യൂ ഓഡിറ്റിംഗ് എന്നിവയും കിഫ്ബിയിൽ നടന്നു വരുന്നു. ഇത്തരത്തിൽ കിഫ്ബിയുടെ വരവ് ചെലവ് കണക്കുകൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ട്.

അതോടൊപ്പം പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റുകളും കിഫ്ബിയിൽ നിലവിലുണ്ട്. ഇന്റേണൽ ക്വാളിറ്റി ഓഡിറ്റ് സെൽ, സ്വതന്ത്ര ക്വാളിറ്റി ഓഡിറ്റ് എന്നിവയാണവ. കിഫ്ബി പദ്ധതികൾ മികച്ച നിലവാരത്തിലാണ് നിർമ്മിക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഇവ സഹായിക്കും. പദ്ധതി നിർവ്വഹണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും സത്വരവുമായ നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു.

10.00 A.M.]

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സി.&എ.ജി. റിപ്പോർട്ട് അന്തിമമായി എഴുതുന്നതിനുമുമ്പ് കേരള ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞില്ലെന്നുള്ളതും കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു നിയമപ്രകാരമാണ് ഈ വായ്പകളെടുത്തതെന്നുള്ളതും അതിന് റിസർവ് ബാങ്കിന്റെ അനുമതിയുണ്ടായിരുന്നു വെന്നുള്ളതും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങേണ്ടതില്ലെന്നുള്ളതും സി.&എ.ജി.-യെ ഗവൺമെന്റ് പിന്നീട് എപ്പോഴെങ്കിലും അറിയിച്ചോ; അതിന് സി.&എ.ജി. ഗവൺമെന്റിന് എന്തെങ്കിലും തരത്തിലുള്ള മറുപടി നൽകിയിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കിഫ്ബിയുടെ ഭരണഘടനാ സാധുതയെക്കുറിച്ച് ഒരു ആക്ഷേപവും സി.&എ.ജി. ഒരു ഘട്ടത്തിലും സർക്കാരിനോട് ഉന്നയിച്ചിട്ടില്ല. ഇത് ഓഫ് ബഡ്ജറ്റ് ബോറോയിംഗാണോ തുടങ്ങിയ ചോദ്യങ്ങളുണ്ട്. ഓഫ് ബഡ്ജറ്റ് ബോറോയിംഗൊന്നും ഭരണഘടനാ വിരുദ്ധമല്ല. ഓഫ് ബഡ്ജറ്റ് ബോറോയിംഗ് കേന്ദ്ര സർക്കാരാണ് ഏറ്റവും കൂടുതൽ നടത്തുന്നത്. ബഡ്ജറ്റ് രേഖയോടൊപ്പം ഇത്രയും ഓഫ് ബഡ്ജറ്റ് ബോറോയിംഗ് ഉണ്ടെന്ന് കണക്ക് പറഞ്ഞുതുടങ്ങിയിട്ടുണ്ട്. അതിനെക്കുറിച്ചുള്ള പരാമർശമല്ലാതെ കിഫ്ബി ആക്ട് ഭരണഘടനാവിരുദ്ധമാണ് എന്നൊരു നിഗമനത്തിൽ ഒരു ഘട്ടത്തിലും എത്തുകയോ ചോദിക്കുകയോ പറയുകയോ ചെയ്തിട്ടില്ല. ഇത് എക്സിറ്റ് മീറ്റിംഗിന് വിധേയമായ കരട് റിപ്പോർട്ടിൽ ഉണ്ടായിരുന്നുമില്ല. കരട് റിപ്പോർട്ടിൽ ഓഫ് ബഡ്ജറ്റ് ബോറോയിംഗിനെക്കുറിച്ചുള്ള ഒരു പാരഗ്രാഫ് മാത്രമേയുള്ളൂ. ഇതെല്ലാം അവസാനിച്ച് കഴിഞ്ഞതിനുശേഷം നിയമസഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടിൽ ഏകപക്ഷീയമായി എട്ട് പാരഗ്രാഫുകൾ കൂട്ടിച്ചേർക്കുകയാണ്. അത് ഞാൻ ഇവിടെ പറഞ്ഞ രീതിയിലുള്ള പാരഗ്രാഫുകളാണ്. ഇത് ചെയ്യുന്നതിന് നിയമം സി.&എ.ജി.-ക്ക് അനുവാദം കൊടുക്കുന്നില്ല, സി.&എ.ജി. തന്നെയുണ്ടാക്കിയ ചട്ടങ്ങൾക്കെല്ലാം കടകവിരുദ്ധമാണ്.

മധ്യപ്രദേശ് സി.&എ.ജി.യുടെ സമ്മറിയുണ്ട്. അതിൽ അദ്ദേഹം പറയുന്നത് കരട് റിപ്പോർട്ട് അംഗീകരിച്ചുകഴിഞ്ഞാൽപ്പിന്നെ അതിലൊരു പാരഗ്രാഫ് കൂട്ടിച്ചേർക്കാൻ പാടില്ലെന്നുള്ളതാണ്. ഇത്തരത്തിൽ സി.&എ.ജി. എടുത്ത നിലപാട് വളരെ ദൗർഭാഗ്യകരമായിപ്പോയി.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലോക്ക്ഡൗൺ മൂലമുള്ള സാമ്പത്തിക പ്രതിസന്ധി

4(*34) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം ഒന്നര മാസം സമ്പൂർണ്ണ ലോക്ക്ഡൗൺ ഏർപ്പെടുത്തിയതും തുടർന്നുള്ള നിയന്ത്രണങ്ങളും സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ള സാമ്പത്തിക പ്രതിസന്ധി ഏതൊക്കെ തരത്തിലെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളുടെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉത്പാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപ്പാദനം

നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനുശേഷം ഉത്പാദനം പുനരാരംഭിക്കാനെടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉത്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം ഉത്പാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവിൽ 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്.

(ബി) ടൂറിസം, ഹോട്ടൽ, കെട്ടിടനിർമ്മാണം, വിനോദസഞ്ചാര വ്യവസായം, യാത്രകൾ, തീർത്ഥാടനങ്ങൾ തുടങ്ങിയ ഒട്ടുമിക്ക സേവന മേഖലകളും നിശ്ചലമായത് സംസ്ഥാന വരുമാനത്തിൽ എത്ര വലിയ ഇടിവാണ് ഉണ്ടാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം, 2020 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 52057 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 23.04%-ന്റെയും നികുതിയേതര വരുമാനത്തിൽ 65.55% -ന്റെയും കേന്ദ്ര നികുതി വിഹിതത്തിൽ 38.49%- ന്റെയും ഇടിവ് ഉണ്ടായിട്ടുണ്ട്. 15þmw ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റിനത്തിൽ നൽകിയ ഇടക്കാല വിഹിതമാണ് വരുമാനത്തിലെ ആശ്വാസം. ധനക്കമ്മീഷൻ അവാർഡിൽ കേരളത്തിന്റെ നികുതി വിഹിതം കുറഞ്ഞ പശ്ചാത്തലത്തിൽ വലിയ സമ്മർദ്ദം ഉയർത്തിയാണ് ആർ.ഡി.ഗ്രാന്റ് നാം വാങ്ങിയെടുത്തത്.

(സി) ഈ സേവനമേഖലകളിലെല്ലാമുണ്ടായിട്ടുള്ള തൊഴിലില്ലായ്മ സംസ്ഥാനത്തിനും അതിലുപരി സാമൂഹികജീവിതത്തിലും കുടുംബങ്ങളിലും ഏതൊക്കെ തരത്തിലുള്ള പ്രതിസന്ധിയാണ് സൃഷ്ടിച്ചതെന്നറിയിക്കുമോ?

കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് ലോക്ക്ഡൗൺ കാലയളവിൽ ആകെ തൊഴിൽ നഷ്ടപ്പെട്ട വ്യക്തി ദിനങ്ങൾ (രജിസ്റ്റർ ചെയ്തവർ, രജിസ്റ്റർ ചെയ്യാത്തവർ, തോട്ടം മേഖലയിൽ ജോലി ചെയ്യുന്നവർ) 213 ദശലക്ഷമാണ്. (ക്ഷേമ ബോർഡുകളിലും തൊഴിൽ സംഘടനകളിലും 211.2 ദശലക്ഷം, തോട്ടം മേഖലയിൽ 1.82 ദശലക്ഷം). 10.2 ദശലക്ഷം തൊഴിലാളികളുടെ മൊത്തം വേതന വരുമാന

നഷ്ടം പ്രതീക്ഷിക്കുന്നത് 12976.9 കോടി രൂപയാണ്. (തോട്ടം മേഖല ഉൾപ്പെടെ). വൻതോതിലുള്ള തൊഴിൽ നഷ്ടം സാമൂഹ്യ, സാമ്പത്തിക രംഗങ്ങളിൽ ഗുരുതര പ്രത്യാഘാതം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഇത് വ്യക്തികളുടെ കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും ആശങ്കാജനകമായ അനന്തരഫലങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്.

(ഡി) ഗൾഫിൽനിന്നും മറ്റുരാജ്യങ്ങളിൽനിന്നും പ്രവാസികൾ കൂട്ടത്തോടെ മടങ്ങിവരുന്നതിനാൽ സംസ്ഥാന വരുമാനത്തിൽ ആയത് പ്രതിഫലിക്കുമോ; വിശദമാക്കുമോ?

കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് 2019-20-ൽ സംസ്ഥാനത്തേയ്ക്ക് സ്വകാര്യ രസീതുകളിലൂടെ പ്രതിമാസം അയച്ച ശരാശരി തുക 8023 കോടി രൂപയാണ്. അംഗീകൃത വിദേശനാണ്യ വ്യാപാരികളിൽനിന്ന് ശേഖരിച്ച വിവരമനുസരിച്ച് ജനുവരി മുതൽ ഫെബ്രുവരി വരെ സ്വകാര്യ കൈമാറ്റത്തിൽ 28.19 ശതമാനം കുറവുണ്ടാകും, അഥവാ 2261.68 കോടി രൂപയുടേത്. 2020 ജനുവരി മുതൽ ഫെബ്രുവരി വരെ പ്രമുഖ വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിൽ 138.29 കോടി രൂപ കുറവുണ്ടായിട്ടുണ്ട്. 2020 ജനുവരി മുതൽ ഫെബ്രുവരി വരെ സംസ്ഥാനത്തേയ്ക്ക് അയച്ച നിക്ഷേപത്തിൽ ആകെ 2399.97 കോടി രൂപ കുറവുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ പ്രവാസിപ്പണവരവിലെ കുറവ് മേൽ വിവരിച്ചതിനേക്കാൾ കൂടുതലായിരിക്കും. പ്രവാസിപ്പണവരവിലെ ഇടിവ് സംസ്ഥാന വരുമാനത്തിൽ പ്രതിഫലിക്കും.

### ഊർജ്ജമേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ

5(*35) ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. കെ. ദാസൻ:

ശ്രീ. കെ.യു. ജനീഷ് കുമാർ:

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പവർകട്ടും ലോഡ്ഷെഡിംഗും പതിവ് സംഭവമായിരുന്ന സ്ഥിതിയിൽനിന്നും ലോഡ്ഷെഡിംഗോ പവർകട്ടോ ഇല്ലാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ ഊർജ്ജരംഗത്തെ പ്രാപ്തമാക്കുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് സംസ്ഥാനത്തെ ഊർജ്ജരംഗം പ്രാപ്തമാക്കുന്നതിനുവേണ്ടി ആഭ്യന്തര ഉത്പാദനത്തിന് പുറമെ നിലവിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര ഉത്പാദകരിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ 1215MW വൈദ്യുതിയും കേന്ദ്രവൈദ്യുതിനിലയങ്ങളിൽ നിന്ന് 1741 MW വൈദ്യുതിയുള്ള ദീർഘകാല കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ വേനൽകാലത്തെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഈ കരാറുകൾക്ക് പുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് മുൻകൂട്ടി കണക്കാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇവ കൂടാതെ സംസ്ഥാനം താഴെപ്പറയുന്ന സ്വകാര്യ പാരമ്പര്യേതര ഊർജ്ജ ഉത്പാദകരുമായി വൈദ്യുതി വാങ്ങൽ കരാറിലേർപ്പെട്ടിട്ടുണ്ട്. (Annexure 1)*. കേരളത്തിലെ ഉപഭോഗത്തിന്റെ സർവ്വകാല റെക്കോർഡായ 88 · 1 mu 4316 MW രേഖപ്പെടുത്തിയത് 2019 ഏപ്രിൽ മാസത്തിലായിരുന്നു. ഇപ്രകാരമുള്ള വർദ്ധിച്ച ഉപഭോഗം മുന്നിൽ കണ്ടുകൊണ്ട് വേനൽക്കാലത്തേക്ക് ആവശ്യമുള്ള അധിക വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.എൽ. നടത്തിയ ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും താഴെ പറയുന്ന പ്രകാരമാണ്.

1. ആഭ്യന്തര ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള വൈദ്യുത ഉത്പാദനം കാര്യക്ഷമമായി ക്രമീകരിക്കുക വഴി, പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതോല്പാദനത്തിനുള്ള ജലം വേനൽക്കാലത്തെ അധിക ഉത്പാദനത്തിനായി സംഭരിച്ച് വയ്ക്കുക

2. വേനൽക്കാലത്ത് ആവശ്യമായ അധിക വൈദ്യുതി മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗ് കരാറുകളിൽ KSERC അനുമതിയോടെ ഏർപ്പെട്ട് കണ്ടെത്തുകയും അപ്രകാരം ലഭ്യമായ വൈദ്യുതി അടുത്ത കാലവർഷകാലയളവിൽ തിരികെ നൽകുക.

3. നിലവിലെ കരാറുകളിൽനിന്നുള്ള വൈദ്യുതിയിലും ആഭ്യന്തര ഉത്പാദനത്തിലും വരുന്ന കുറവ് നികത്താനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ചുകളിൽനിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുക.

4. ഇവ കൂടാതെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുത കമ്മി കെ.എസ്.ഇ.ബി.എൽ. മുൻകൂട്ടി വിലയിരുത്തുകയും MOP യുടെ DEEP portal -ലൂടെ മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ലഭിച്ച നിരക്കുകൾ KSERC യുടെ അനുമതിയോടെ ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറിലൂടെ പരമാവധി നികത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(5) 400 kV തിരുനെൽവേലി-ഇടമൺ-കൊച്ചി ഈസ്റ്റ് ഡബിൾ circuit പ്രസരണ ലൈൻ 25-09-2019-ൽ കമ്മീഷൻ ചെയ്തപ്പോൾ കേരളത്തിന്റെ അന്തർ സംസ്ഥാന പ്രസരണ ശേഷി വർദ്ധിക്കുകയുണ്ടായി. മേൽ പറഞ്ഞ കരുതൽ നടപടികൾ മുൻകൂറായി സ്വീകരിച്ചു കൊണ്ടാണ് ലോഡ്ഷെഡ്ഡിംഗോ പവർ കട്ടോ ഇല്ലാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ ഊർജ്ജ രംഗം പ്രാപ്തമാക്കാൻ കഴിഞ്ഞത്. സംസ്ഥാനത്തെ എല്ലാത്തരം ഉപഭോക്താക്കൾക്കും ആവശ്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ്, തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടും 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരവും കൂടാതെ സൗരോർജ്ജ പദ്ധതികളിൽനിന്നും 259.2785 മെഗാവാട്ടും കാറ്റിൽനിന്നും 27 MW ഉം ഉൾപ്പെടുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ

ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉള്ളത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം ആകെ 62 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഇതിൽ ആറ് 220 കെ.വി സബ്സ്റ്റേഷനുകളും ഇരുപത്തിയഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. 2021-ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2020 നവംബർ വരെ, ഏകദേശം 17 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 8406 കി മീ എച്ച് റ്റി ലൈൻ, 17369 കി.മീ. എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി മീ എൽ റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ മാറ്റി സ്ഥാപിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾവഴി 24x7 തോതിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം നടത്താൻ ഊർജ്ജ മേഖലയിൽ സ്വയം പര്യാപ്തത നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഊർജ്ജ മേഖലയിൽ വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT (Perform Achieve and Trade) Cycle 2 ഈ കാലയളവിൽ കെ.എസ്.ഇ.ബി. വിജയകരമായി പൂർത്തീകരിച്ചു. KSEB-യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാൻ ആയി.

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര ദിവസം പവർകട്ടും ലോഡ്ഷെഡിംഗും ഉണ്ടായിരുന്നു എന്നതിന്റെ വിശദാംശം ലഭ്യമാണോ; ഈ സർക്കാരിന്റെ കാലത്ത് എത്ര ദിവസം പവർകട്ടും ലോഡ്ഷെഡിംഗും ഏർപ്പെടുത്തേണ്ടിവന്നു; വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന ദിവസങ്ങളിൽ ആണ് സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നത്. 2011 ജൂൺ 20 മുതൽ 28 വരെ 2011 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10 വരെ 2012 ഏപ്രിൽ 2 മുതൽ മെയ് 23 വരെ 2012 സെപ്റ്റംബർ 27 മുതൽ 2013 ജൂൺ 15 വരെ 2014 മെയ് 22 മുതൽ 31 വരെ 2014 ജൂൺ മാസം 2 മുതൽ 26 വരെ. 2012 ഏപ്രിൽ 5 മുതൽ മെയ് 31 വരെ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2012 ഏപ്രിൽ 26 മുതൽ മെയ് 31 വരെ എൽ.റ്റി ഉപഭോക്താക്കൾക്ക് 10 ശതമാനം പവർ കട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. 2012 ഡിസംബർ 15 മുതൽ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 25% പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.റ്റി ഉപഭോക്താക്കൾക്ക് 20% പവർ കട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മെയ് 31 വരെ നിലനിന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാങ്കേതിക തകരാർ മൂലമുള്ള നിയന്ത്രണങ്ങളൊഴികെ കേരളത്തിൽ പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടില്ല.

(സി) അടുത്ത ഇരുപത്തിയഞ്ച് വർഷത്തേക്ക് സംസ്ഥാനത്ത് പവർകട്ടുണ്ടാകില്ലെന്ന് ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

നിലവിലെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനം ആഭ്യന്തര ഉത്പാദനംവഴിയും 70 ശതമാനം പുറമേനിന്നും ഇറക്കുമതി ചെയ്തുമാണ് നിറവേറ്റുന്നത്. നിലവിലെ വർദ്ധനനിരക്കനുസരിച്ച് അടുത്ത 25 വർഷംകൊണ്ട് വൈദ്യുതിയുടെ ആവശ്യകത ഏതാണ്ട് 11000 മെഗാവാട്ട് ആകുമെന്നാണ് കണക്കാക്കുന്നത്. നിലവിൽ ആസൂത്രണം ചെയ്തിട്ടുള്ള വിവിധ സൗരോർജ്ജ പദ്ധതികൾ, ഇടുക്കി Extension Scheme ഉൾപ്പെടെയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ, കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതികൾ ഉൾപ്പെടെ മൊത്തം ആഭ്യന്തര ഉത്പാദനം അടുത്ത 25 വർഷം കൊണ്ട് 4000 മെഗാവാട്ട് ആകുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 7000 മെഗാവാട്ട് വൈദ്യുതി പുറമേ നിന്നും കൊണ്ടുവരാൻ ശേഷിയുള്ള വിവിധ പ്രസരണ പദ്ധതികൾ ഇതിനകം ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. ഇതിൽ തിരുനെൽവേലി - കൊച്ചി 400 കെ.വി ലൈൻ, ഉദുമൽപ്പേട്ട്-പാലക്കാട് 400 കെ.വി ലൈൻ എന്നിവ ഇതിനകം പൂർത്തിയായിട്ടുണ്ട്. കൂടാതെ, പുഗലൂർ-തൃശ്ശൂർ 320 കെ.വി ലൈൻ, ഉടുപ്പി-കാസർഗോഡ് 400 കെ.വി ലൈൻ എന്നിവ

നിർമ്മാണ ഘട്ടത്തിലാണ്. ഇപ്രകാരം ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിയും, പുറമേനിന്ന് കൊണ്ടുവരുന്ന അധിക വൈദ്യുതിയും സംസ്ഥാനത്തിനകത്ത് സുഗമമായി പ്രസരണം ചെയ്യുന്നതിനാവശ്യമായ വിവിധ പ്രസരണ ശൃംഖല വികസന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നൽകിയ വൈദ്യുതി കണക്ഷനുകൾ എത്രയെന്നതിന്റെ കണക്ക് ലഭ്യമാണോ?

ഈ സർക്കാർ അധികാരത്തിലേറിയശേഷം, വിവിധ പദ്ധതിയിലുൾപ്പെടുത്തി നവംബർ 2020 വരെ ആകെ 17,14,280 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.

## സഹകരണ മേഖല സംബന്ധിച്ച ആർ.ബി.ഐ. നിർദ്ദേശം

6(*36) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ സംഘങ്ങൾ പേരിനോടൊപ്പം ചേർത്തിട്ടുള്ള ബാങ്ക് എന്ന പദം മാറ്റണമെന്ന് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ടോ?

RBI-ൽ നിന്നും രേഖാമൂലമുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരം ഒരു പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും മുഖ്യ ബിസിനസ്സുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ, 'ബാങ്ക്, ബാങ്കിംഗ്, ബാങ്കർ' എന്ന പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇത് സഹകരണ പ്രസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉണ്ട്; സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി

നിൽക്കുന്നതല്ല. സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം, KSRTC പെൻഷൻ കൺസോർഷ്യം/വിതരണം, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ്, ആംബുലൻസ് സർവ്വീസ്, ഡയാലിസിസ് സെന്ററുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വില്പന ശാലകൾ, ഉത്സവകാല ചന്തകൾ തുടങ്ങിയവ നടത്തുക എന്നിങ്ങനെയുള്ള വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരംവയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പാ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ബാങ്കിംഗ് നിയമത്തിന്റെ പരിധിയിൽ വന്നാൽ അവയുടെ പ്രവർത്തനം ബാങ്കിംഗ് മേഖലയിൽ മാത്രമായി ചുരുക്കപ്പെടും; എന്നാൽ പേരിൽനിന്നും 'ബാങ്ക് ' എന്ന പദം ഒഴിവാക്കിയാൽ ജനങ്ങൾക്കിടയിൽ ഈ സ്ഥാപനങ്ങളുടെ ഇമേജിനെ ബാധിക്കാനിടയുണ്ട്. ഇത് ബിസിനസ്സിനേയും ബാധിച്ചേക്കാം.

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് ആംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. ബിൽ നിയമമായതിനു ശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് സർക്കാർ ഒരു സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കുന്നതിന് ആലോചിക്കുന്നു.

## ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വികസനം

7(*37) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ;

(എ) ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഖാദിയുടെ വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതികവിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഖാദി വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. ഖാദിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നൽകിയത്, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉത്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ്പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കിവരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗ പ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ "എന്റെ ഗ്രാമം പദ്ധതി" പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ച് നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു. കൂടാതെ ഗ്രാമ വ്യവസായ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകളായി 5 റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് കേന്ദ്രങ്ങളും 6 ഹണി പ്രോസസ്സിംഗ് യൂണിറ്റുകളും 3 ഓയിൽ യൂണിറ്റുകളും 2 കിടക്ക നിർമ്മാണ യൂണിറ്റുകളും 4 കൈക്കടലാസ് യൂണിറ്റുകളും ഒരു സോപ്പ് യൂണിറ്റും ഒരു നോട്ട് ബുക്ക് യൂണിറ്റും ഒരു മൺപാത്ര യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 175 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ

വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടത്തുകയും ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ചരിത്രത്തിലാദ്യമായി, നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റു സർക്കാർ എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞു. അതുപോലെ, യുവ തലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. ആയതനുസരിച്ച്, ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു. കേരള ഭക്ഷ്യ വകുപ്പ് 2021 ജനുവരി മാസത്തെ ഭക്ഷ്യ കിറ്റിനോടൊപ്പം 2 മാസ്കുകൾ വീതം നൽകുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് 172 ലക്ഷം മാസ്കുകൾക്ക് ഓർഡർ നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ കേരള പോലീസ് വകുപ്പിന്റെ ക്യാന്റീൻവഴി ഖാദി ഉത്പന്നങ്ങൾ വിപണനം നടത്തി വരികയും ചെയ്യുന്നു.

(ബി) ഈ മേഖലയുടെ സമഗ്ര പുരോഗതിക്കായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ "ഏറ്റുകുടുക്ക സ്ലൈവർ പ്രോജക്ടിന്റെ" ആധുനിക വത്കരണത്തിനും, ഖാദി സഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും ധനസഹായത്തിനും, ഖാദി നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉത്പാദന പ്രോത്സാഹനവും ഉത്സവബത്തയ്ക്കും വകുപ്പുതല ഖാദി ഉത്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെടുത്തലിനും, ഖാദി ഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധനച്ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു.

(സി) ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ ഖാദി ഗ്രാമം പദ്ധതിയിൽ സ്ത്രീകൾക്കും ദുർബലവിഭാഗത്തിൽപ്പെട്ട വർക്കുമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ 'ഖാദി ഗ്രാമം പദ്ധതി' പ്രകാരം സ്ത്രീകൾക്കും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും നൂൽപിലും, നെയ്ത്തിലും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഈ മേഖലയിൽ തൊഴിൽ നൽകുന്നു. കൂടാതെ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുള്ള സ്ത്രീകൾക്ക് വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിലേക്കായി ചർക്കകളും തറികളും ആവശ്യമായ അസംസ്കൃത വസ്തുക്കളും വീട്ടിലെത്തിച്ച് തൊഴിൽ നൽകുന്നു.

(ഡി) പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ ഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. നിബന്ധനകൾ 1) 1 ലക്ഷം രൂപ മുതൽമുടക്കുമ്പോൾ ഒരാൾക്ക് തൊഴിൽ. 2)പുതിയ യൂണിറ്റ് ആയിരിക്കണം. വായ്പ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ : നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ. പ്രാഥമിക സഹകരണസംഘങ്ങൾ 1)ബോർഡ് പത്രപരസ്യം/പത്ര കുറിപ്പ് നൽകി അപേക്ഷ ക്ഷണിക്കുന്നു. 2)താല്പര്യമുള്ളവരിൽനിന്നും നിശ്ചിത പ്രഫോർമയിൽ അപേക്ഷ, പ്രോജക്ട് റിപ്പോർട്ട്, ക്വട്ടേഷൻ, ആധാറിന്റെ കോപ്പി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, ജാതി സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) ഇവ സഹിതം അപേക്ഷ വാങ്ങുന്നു. 3) സാധ്യതാ പഠനം നടത്തി ജില്ലാതല സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുന്നു. കമ്മിറ്റിയിലെ അംഗങ്ങൾ 1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ 2) ഖാദി ബോർഡ് മെമ്പർ - അംഗം 3 ജില്ലാ പ്ലാനിംഗ് ഓഫീസർ - അംഗം 4) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - അംഗം 5)ലീഡ് ബാങ്ക് മാനേജർ - അംഗം 6) പ്രോജക്ട് ഓഫീസർ - കൺവീനർ 4) സെലക്ഷൻ കമ്മിറ്റി അപേക്ഷകനുമായി അഭിമുഖം നടത്തി അംഗീകരിക്കുന്ന അപേക്ഷകൾ സർവ്വീസ് ഏരിയ ബാങ്ക്/അപേക്ഷകൻ ആവശ്യപ്പെടുന്ന

ബാങ്കിലേക്ക് അയയ്ക്കുന്നു. 5)ബാങ്ക് ലോൺ പാസാക്കി ഒന്നാമത്തെ ഗഡു നൽകി ജില്ലാ ഓഫീസറെ അറിയിക്കുന്നു. 6)ജില്ലാ ഓഫീസിൽനിന്നും വിനിയോഗം പരിശോധിച്ച് അർഹമായ സബ്സിഡി അനുവദിച്ച് രണ്ട് വർഷത്തേക്ക് ലോൺ നൽകിയ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നു. 7) യൂണിറ്റ് ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞ് ജില്ലാ ഓഫീസർ യൂണിറ്റ് ഇൻസ്പെക്ഷൻ നടത്തി മാർജിൻ മണി (സബ്സിഡി) ബാങ്ക് വായ്പയിലേക്ക് വകയിരുത്തുന്നതിനുള്ള അനുമതി ബാങ്കിന് നൽകുന്നു. 8) കോവിഡ് വ്യാപന പശ്ചാത്തലത്തിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതല സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി അപേക്ഷകരെ തെരഞ്ഞെടുക്കുന്ന രീതി തൽക്കാലത്തേക്ക് മരവിപ്പിക്കുന്നു. പകരം ബോർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മെറിറ്റ് പരിശോധിച്ച് അപേക്ഷ ബാങ്കിന് നൽകേണ്ടതാണ്. മെറിറ്റ് കണക്കാക്കുമ്പോൾ റൂറൽ ഏരിയയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്.

## വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം

8(*38) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൈവരിക്കുന്നതിനായി വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇനി നടപ്പിലാക്കുവാനുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ഡി.പി.ഐ.ഐ.ടി., 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ട വ്യവസായ സൗഹൃദ നടപടികളെ ജില്ലാതലത്തിൽ നടപ്പാക്കേണ്ടവ, സംസ്ഥാന തലത്തിൽ നടപ്പാക്കേണ്ടവ എന്ന് തരം തിരിച്ചിട്ടുണ്ട്. ആയതിൽ ജില്ലാതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന് 0.25% അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതും, സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ സൂചികയുമായി ബന്ധപ്പെട്ടുള്ളതുമാണ്. അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട

ജില്ലാതല നടപടികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച് കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയപരിധിയായ 31-12-2020-ന് മുൻപുതന്നെ, അതായത് 16-12-2020 -ന് സമർപ്പിച്ചിട്ടുള്ളതാണ്. 18 പരിഷ്കരണ മേഖലകൾ ഉൾക്കൊള്ളുന്ന 18 വകുപ്പുകൾ/ ഏജൻസികൾ എന്നിവിടങ്ങളിലായി 301 ആക്ഷൻ പോയിന്റുകൾ ഉൾക്കൊള്ളുന്നതാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ജനുവരി 31 ആണ്. നമ്മുടെ സംസ്ഥാനത്തിന്റെ റാങ്കിംഗ്, നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെയും ഉപയോക്താക്കളിൽ നിന്ന് ലഭിക്കുന്ന ഫീഡ്ബാക്കിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. SBRAP 2020-ൽ 18 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 301 ആക്ഷൻ പോയിന്റുകൾ അടങ്ങിയിരിക്കുന്നു, കൂടാതെ മേഖലാ പരിരക്ഷ ഉറപ്പാക്കുന്നതിന് നിരവധി മേഖല നിർദ്ദിഷ്ട പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്നു. 301 പരിഷ്കാരങ്ങളിൽ 195 പരിഷ്കാരങ്ങൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്, 60 പരിഷ്കാരങ്ങൾ നടപ്പാക്കപ്പെടുന്നു. 46 പരിഷ്കാരങ്ങൾ സംസ്ഥാനത്തിന് " ബാധകമല്ല" . നിലവിലെ കണക്കനുസരിച്ച് സംസ്ഥാനം 76% നടപ്പാക്കി. പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ വകുപ്പ്/ ഏജൻസികൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, എന്നിരുന്നാലും താഴെ പറയുന്ന ഏജൻസികളിൽ ചില പരിഷ്കരണ പ്രവർത്തന പോയിന്റുകൾ നടപ്പിലാകേണ്ടതായിട്ടുണ്ട്. Home Department, Department of Fire and Rescue, Department of Factories and Boilers, Labour Department, Kerala Water Authority, Registration Department, Archaeology Department, Revenue Department/DA, Excise Department, Kerala State Pollution Control Board, Drugs Control Department, Local Self Government Department. BRAP 2020 ൽ 100% നടപ്പാക്കാനും ഉയർന്ന റാങ്ക് നേടുന്നതിന് ഉപഭോക്താക്കളിൽ നിന്ന് പോസിറ്റീവ് ഫീഡ്ബാക്ക് നേടാനും, ബന്ധപ്പെട്ട വകുപ്പ്/ ഏജൻസികളുമായി ചേർന്ന് പരിഷ്കാരങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതാണ്.

(സി) കേന്ദ്ര വ്യവസായ പ്രോത്സാഹന മന്ത്രാലയം പ്രസിദ്ധീകരിച്ച വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിലവിൽ സംസ്ഥാനത്തിന്റെ റാങ്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) റാങ്ക് പട്ടിക തുടങ്ങിയ കാലത്ത് സംസ്ഥാനം പതിനെട്ടാം സ്ഥാനത്തായിരുന്നത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കിയ ശേഷം വളരെ പിന്നോട്ടുപോയത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ ) സംസ്ഥാനത്ത് ഇക്കാര്യത്തിലുണ്ടായിട്ടുള്ള കുറവുകൾ പരിഹരിച്ച് റാങ്ക് പട്ടികയിൽ മുൻനിരയിലെത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി-ഇ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന സൂചിക. ലോക ബാങ്കിന്റെ ഈസ് ഓഫ് ഡൂയിംഗ് സംരംഭത്തോട് ചുവടു പിടിച്ചാണ് Business Reform Action Plan (BRAP) സംവിധാനം വഴി കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ (ഡി.ഐ.പി.പി) നമ്മുടെ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം ഡി.ഐ.പി.പി നിർണ്ണയിക്കുന്നത്. 2019- ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്, ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ കേരളത്തിന്റെ റെക്കോർഡ് 2015-16-ൽ ക്രമാനുഗതമായി 22.8 ശതമാനമായി ഉയർന്നു; 2016-17 ൽ 26.9 ശതമാനം; 2017-18-ൽ 52.56 ശതമാനം; ഒപ്പം 2018-19-ൽ 85 ശതമാനവും കൂടാതെ സംസ്ഥാനത്തെ വ്യവസായ സൗഹൃദപരമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ കാലയളവിൽ നൂതനമായ നിരവധി നടപടികൾ ആവിഷ്കരിക്കുകയും ഫാസ്റ്റ് ആൻഡ് സുതാര്യ ക്ലിയറൻസിനായി (കെ-സ്വിഫ്റ്റ്) ഇൻവെസ്റ്റ് കേരള പോർട്ടലും തുടങ്ങിയ പരിഷ്കാരങ്ങൾ നടത്തുകയും ഉണ്ടായി. ഇത്തരത്തിലുള്ള പരിഷ്കരണ പ്രവർത്തന പോയിന്റുകളും ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽനിന്നും ലഭിച്ച ഫീഡ്ബാക്ക് സ്കോറുകളെ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തീരുമാനിക്കുകയെന്ന് DPIIT നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ സ്കോറിംഗും റാങ്കിംഗും മുകളിൽ പറഞ്ഞ മാനദണ്ഡങ്ങളൊന്നും പരിഗണിക്കാതെയാണ് കേരളത്തിന് വ്യവസായ സൗഹൃദ പട്ടികയിൽ 28-ാം സ്ഥാനത്ത് ആക്കിയത്. എന്നാൽ സ്കോറിംഗിനും റാങ്കിംഗിനുമായി സ്വീകരിച്ച മാനദണ്ഡങ്ങളെക്കുറിച്ച് സർക്കാർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നെങ്കിലും നാളിതുവരെ DPIIT വിശദാംശങ്ങൾ പങ്കിട്ടിട്ടില്ല. എന്നാൽ ഈ വർഷം കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ

ഡി.പി.ഐ.ഐ.ടി., 2020-'21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ട വ്യവസായ സൗഹൃദ നടപടികളെ ജില്ലാതലത്തിൽ നടപ്പാക്കേണ്ടവ, സംസ്ഥാനതലത്തിൽ നടപ്പാക്കേണ്ടവ എന്ന് തരം തിരിച്ചിട്ടുണ്ട്. ആയതിൽ ജില്ലാതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന് 0.25% അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതും, സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ടവ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ സൂചികയുമായി ബന്ധപ്പെട്ടുള്ളതുമാണ്. അധിക വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ജില്ലാതല നടപടികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച് കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയപരിധിയായ 31-12-2020-ന് മുൻപുതന്നെ, 16-12-2020-ന് സമർപ്പിച്ചിട്ടുള്ളതാണ് 18 പരിഷ്കരണ മേഖലകൾ ഉൾക്കൊള്ളുന്ന 18 വകുപ്പുകൾ/ ഏജൻസികൾ എന്നിവിടങ്ങളിലായി 301 ആക്ഷൻ പോയിന്റുകൾ ഉൾക്കൊള്ളുന്നതാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ജനുവരി 31 ആണ്. നമ്മുടെ സംസ്ഥാനത്തിന്റെ റാങ്കിംഗ്, നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെയും ഉപഭോക്താക്കളിൽ നിന്ന് ലഭിക്കുന്ന ഫീഡ്ബാക്കിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. SBRAP 2020-ൽ 18 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 301 ആക്ഷൻ പോയിൻറുകൾ അടങ്ങിയിരിക്കുന്നു, കൂടാതെ മേഖലാ പരിരക്ഷ ഉറപ്പാക്കുന്നതിന് നിരവധി മേഖല നിർദ്ദിഷ്ട പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്നു. 301 പരിഷ്കാരങ്ങളിൽ 195 പരിഷ്കാരങ്ങൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്, 60 പരിഷ്കാരങ്ങൾ നടപ്പാക്കപ്പെടുന്നു. 46 പരിഷ്കാരങ്ങൾ സംസ്ഥാനത്തിന് " ബാധകമല്ല" . നിലവിലെ കണക്കനുസരിച്ച് സംസ്ഥാനം 76% നടപ്പാക്കി. പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ വകുപ്പ്/ ഏജൻസികൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, എന്നിരുന്നാലും താഴെ പറയുന്ന ഏജൻസികളിൽ ചില പരിഷ്കരണ പ്രവർത്തന പോയിന്റുകൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. Home Department Department of Fire and Rescue Department of Factories and Boilers Labour Department Kerala Water Authority Registration Department Archaeology Department Revenue Department/DA Excise Department Kerala State Pollution Control Board Drugs Control Department Local Self Government Department BRAP 2020 ൽ 100% നടപ്പാക്കാനും ഉയർന്ന റാങ്ക് നേടുന്നതിന് ഉപയോക്താക്കളിൽ നിന്ന് പോസിറ്റീവ് ഫീഡ്ബാക്ക് നേടാനും, ബന്ധപ്പെട്ട വകുപ്പ്/ഏജൻസികളുമായി ചേർന്ന് പരിഷ്കാരങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതാണ്.

## വൈദ്യുതി വിതരണ രംഗത്തെ സ്വകാര്യവൽക്കരണം

9(*39) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) സദയം മറുപടി നൽകുമോ;

(എ) കോവിഡ് കാലത്ത് ജനങ്ങളുടെ ദുരിതം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രസർക്കാർ നടപടികളുടെ തുടർച്ചയായി വൈദ്യുതി വിതരണരംഗം പൂർണ്ണമായും സ്വകാര്യവത്കരിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ;

(ബി) പൊതുമേഖലയിലുള്ള ഊർജ്ജ വിതരണ കമ്പനികളുടെ ആസ്തിയും ജീവനക്കാരെയും സ്വകാര്യമേഖലയ്ക്ക് കൈമാറണമെന്ന് നിർദ്ദേശത്തിലുണ്ടോ; സംസ്ഥാനത്ത് വൈദ്യുതി വിതരണരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ എത്രയാണ് എന്നറിയിക്കുമോ?

(എ&ബി) 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees പ്രകാരം പൊതുമേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടു നൽകണമെന്നും വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേ സമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾതന്നെ വഹിക്കണമെന്നും കരടുരേഖയിൽ വിഭാവനം ചെയ്യുന്നു. ഇതിനു പുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭമുള്ളതുമായ വൈദ്യുതി വാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസികൾക്ക് കൈമാറാനുള്ള വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുത്തുന്നു. സംസ്ഥാന വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കില്ല എന്നതാണ് ഇക്കാര്യത്തിൽ സർക്കാരിനുള്ള നിലപാട്. പ്രസ്തുത കരട് രേഖയ്ക്കുള്ള മറുപടിയിൽ കെ.എസ്.ഇ.ബി.എൽ അസന്നിദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. വൈദ്യുതി വിതരണ രംഗത്ത് നിലവിൽ 27073 തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു.

(സി) പ്രസരണ ലൈനുകൾക്കുള്ള നിരക്ക് സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് അറിയിക്കാമോ?

സംസ്ഥാനേതര പ്രസരണ ലൈനുകളുടെ താരിഫ് നിശ്ചയിക്കുന്നത് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. ഇങ്ങനെ നിശ്ചയിക്കുന്ന താരിഫ് രാജ്യമുൾപ്പെടെയുള്ള പ്രസരണ ലൈനുകളുടെ ഉപഭോക്താക്കൾക്ക് വീതംവച്ച് നൽകുന്നതിന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലം മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഇത് NEP-യും Tariff Policy-യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചാണ്. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 4-5-2020-ൽ പുറപ്പെടുവിച്ച CERC (Sharing of Inter State Transmission Charge & Losses) Regulation, 2020 പ്രകാരം ടി മാനദണ്ഡങ്ങളിൽ വ്യതിയാനം വന്നിട്ടുണ്ട്. ഇതുമൂലം കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളുടെ പ്രസരണ ചാർജ്ജ് ഗണ്യമായി കൂടുന്നതാണ്. ടി റഗുലേഷന്റെ കരട് പ്രഖ്യാപിച്ച നാൾ മുതൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇതിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടി കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷനെ അറിയിച്ചിരുന്നു. കൂടാതെ പ്രസ്തുത റെഗുലേഷനെതിരെ സംസ്ഥാന വൈദ്യുതി ബോർഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ Single bench- ന് മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹു. ഹൈക്കോടതി വൈദ്യുതി ബോർഡിന്റെ അപേക്ഷ അംഗീകരിച്ചില്ല. ഇതിനെതിരെ അപ്പീൽ പോകാനാണ് സംസ്ഥാന വൈദ്യുതി ബോർഡ് തീരുമാനിച്ചിരിക്കുന്നത്.

## സഹകരണ ബാങ്കുകളും ബാങ്കിംഗ് റെഗുലേഷൻ നിയമവും

10(*40) <u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. സജി ചെറിയാൻ:</u> താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരുടെ, വിശേഷിച്ച് ഗ്രാമപ്രദേശത്തുള്ളവരുടെ, സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന സഹകരണ ബാങ്കുകളെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നത് ഈ മേഖലയെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ സഹകരണ ബാങ്കുകൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ

എന്നിവ അവയുടെ പേരിൽ ബാങ്ക് എന്ന പദം ഉപയോഗിച്ചുവരുന്നതിനാൽ ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പടെ, ടി നിയമത്തിലെ വകുപ്പ് 3-ന് വിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

(ബി) സർവീസ് സഹകരണ ബാങ്കുകളും കാർഷിക ഗ്രാമവികസന ബാങ്കുകളും നിക്ഷേപം സ്വീകരിക്കുന്നതിനും സേവിംഗ്സ് ബാങ്ക് ഇടപാട് നടത്തുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

RBI ലൈസൻസ് ഇല്ലാത്ത സഹകരണ ബാങ്കുകൾക്ക് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 അനുസരിച്ച് 'ബാങ്ക്, ബാങ്കിംഗ്, ബാങ്കർ' എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഏർപ്പെടുത്തേണ്ടുന്ന നിയന്ത്രണങ്ങളെ സംബന്ധിച്ച് കൂടുതൽ വ്യക്തത വരേണ്ടതുണ്ട്.

(സി) സ്വകാര്യവൽക്കരണത്തിന് വിധേയമാക്കുന്ന വൻകിട ബാങ്കുകളിലൂടെ നിക്ഷേപം മറ്റു സംസ്ഥാനങ്ങളിലുള്ള കുത്തക മുതലാളിമാരുടെ താല്പര്യ സംരക്ഷണത്തിന് വിനിയോഗിക്കാൻ വഴിയൊരുക്കുന്നതിനായി സഹകരണ സംഘങ്ങളെ ദുർബലപ്പെടുത്തുന്ന കേന്ദ്രസർക്കാർ നടപടികളിൽനിന്ന് പിന്മാറാൻ സംസ്ഥാനം ആവശ്യപ്പെടുമോ?

സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഇതരസംസ്ഥാന ലോട്ടറി വില്പന**

11(*41) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. കെ. ജെ. മാക്സി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങളെ കൊള്ളയടിക്കാനുള്ള ഇതര സംസ്ഥാന ലോട്ടറി ഗൂഢസംഘത്തിന്റെ ശ്രമങ്ങളെ തടയാൻ സംസ്ഥാനം നടത്തിയ ലോട്ടറി റെഗുലേഷൻ ഭേദഗതിക്കെതിരെ ഹൈക്കോടതിയിൽനിന്ന് വിധി വന്നതിനെത്തുടർന്ന് സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറി വില്പന ആരംഭിക്കാനുള്ള ശ്രമം നടത്തുന്നത് വിഫലമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇതര സംസ്ഥാന ലോട്ടറി ആരംഭിക്കുവാനുള്ള ശ്രമം നടത്തുന്നത് വിഫലമാക്കാൻ വേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 1) കേരളത്തിനുള്ളിൽ നാഗാലാന്റ് പേപ്പർ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫ്യൂച്ചർ ഗെയിമിംഗ് ആന്റ്

ഹോട്ടൽ സർവ്വീസസ്, ബഹു.കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്ന WP(C) 35024/2019 എന്ന റിട്ട് പെറ്റീഷനിൽ കേരള സംസ്ഥാന ലോട്ടറി റൂൾസ് 2018-നെതിരെ പുറപ്പെടുവിച്ചിരിക്കുന്ന വിധിക്കെതിരെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. 2) ബഹു. ഹൈക്കോടതി 2018 - ലെ കേരള ഭാഗ്യക്കുറി ഭേദഗതി റൂൾസ് ultra vires ആണെന്ന് വിധി പറഞ്ഞിട്ടുണ്ടെങ്കിലും 27/07/2017 തിയതിയിലെ SRO No. 470/2017-ൽ Goods & Service Rules 20 A I, II, III a, b, c പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിശദാംശങ്ങൾ പരിശോധിച്ച് ജി.എസ്.ടി ഡിപ്പാർട്ട്മെന്റിന് ബോധ്യപ്പെട്ടതിന് ശേഷം മാത്രമെ നിലവിൽ കേരളത്തിനുള്ളിൽ ടിക്കറ്റ് വില്പന സാധിക്കുകയുള്ളൂ. 3) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ Registered ഏജന്റുമാരും ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, വില്പനക്കാർ, റീട്ടെയിലർമാർ എന്നിവരും അന്യസംസ്ഥാന ഭാഗ്യക്കുറി വില്പന നടത്താൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ലംഘിക്കുന്ന പക്ഷം ടിയാളുടെ ഏജൻസികൾ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 4) ലോട്ടറി നിയന്ത്രണ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. ടി വിഷയത്തിന്മേൽ വിശദാംശങ്ങൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഏജന്റുമാർ എന്നിവർ ഉൾപ്പെട്ട യോഗം 1-1-2021-ന് വിളിച്ചുചേർത്ത് സർക്കാർ നിലപാടുകൾ ബോധ്യപ്പെടുത്തുകയും ഇതര സംസ്ഥാന നിയമവിരുദ്ധ ലോട്ടറികൾക്കെതിരെ സ്വീകരിക്കുന്ന നിലപാടുകൾക്ക് സഹകരണം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ജി. എസ്. ടി. കൗൺസിൽ സംസ്ഥാനം നേരിട്ട് നടത്തുന്ന ലോട്ടറികൾക്ക് നികുതി വർദ്ധിപ്പിച്ചത് സംസ്ഥാന ലോട്ടറിക്ക് സാമ്പത്തികാഘാതം സൃഷ്ടിക്കാനിടയുണ്ടോ?

കേന്ദ്രസർക്കാർ 18-12-2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 1-3-2020 മുതൽ 12% ത്തിൽ നിന്നും 28% മായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിച്ചുകൊണ്ട് സമ്മാനഘടന പരിഷ്ക്കരിക്കുകയും ചെയ്തു. ഇത്തരത്തിൽ GST നിരക്കിലുണ്ടായ വർദ്ധനവിനനുസൃതമായി സമ്മാന ഘടന പരിഷ്ക്കരിച്ചതു വഴി ഭാഗ്യക്കുറി വകുപ്പിലൂടെ സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുകയും ചെയ്തിട്ടുണ്ട്. GST നിരക്ക് 28%മായി പ്രാബല്യത്തിൽ വന്ന മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19 ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മേയ്, ജൂൺ

മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാര ഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160 ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ആയതിനാൽ തന്നെ വകുപ്പിന് ഏറെ സാമ്പത്തിക പ്രത്യാഘാതം നേരിടേണ്ടി വന്നു. ഇത് ഭാഗ്യക്കുറി വകുപ്പിന്റെ വരുമാനത്തിൽ ഭീമമായ കുറവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. GST നിരക്കിലുണ്ടായ വർദ്ധനവ് മാത്രമായി വകുപ്പിന്റെ വരുമാനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നതിനു കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(സി) സൗജന്യ ചികിത്സയ്ക്കും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്ന സംസ്ഥാന ലോട്ടറിയും അതിനെ ആശ്രയിച്ച് ജീവിക്കുന്ന നിരാശ്രയരായ വില്പനക്കാരെയും സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമ നിധിയിൽ അംഗമായ ഭാഗ്യക്കുറി ഏജന്റുമാർക്കും വില്പനക്കാർക്കുമാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വർഷത്തിൽ പരമാവധി 5,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സതേടുന്ന അംഗങ്ങൾക്ക് 50,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും 25,000 രൂപ വിവാഹധന സഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 10,000 രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി, ഹയർസെക്കന്ററി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000 രൂപയും അപകടമരണത്തിന് 1,00,000 രൂപയും ധനസഹായം നൽകുന്ന മരണാനന്തര ധനസഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും ക്ഷേമനിധി പദ്ധതി വിജ്ഞാപനപ്രകാരം അനുവദിച്ചു വരുന്നു. ഇവ കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വർഷവും ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും പെൻഷൻകാർക്കും സർക്കാർ പ്രഖ്യാപിക്കുന്ന തുക അനുവദിച്ചുവരുന്നു. ക്ഷേമനിധി അംഗങ്ങളായ വില്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി

അംഗങ്ങൾക്ക് മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ നൽകുന്ന പദ്ധതി, വഴിയോര ഭാഗ്യക്കുറി വില്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി, പത്താംതരം തുല്യതാപഠനം സൗജന്യമായി പൂർത്തിയാക്കു ന്നതിനുള്ള അവസരം നൽകുന്ന പദ്ധതി എന്നിവയും സർക്കാർ അനുമതിയോടെ നടപ്പിലാക്കിവരുന്നു. ഭാഗികമായിട്ടാണെങ്കിലും ലോക്ക്ഡൗൺ പിൻവലിച്ച സാഹചര്യത്തിൽ പടിപടിയായി ഭാഗ്യക്കുറി വില്പന പുനരാരംഭിക്കുവാനും സാധാരണക്കാരായ ലോട്ടറി തൊഴിലാളികൾക്ക് വില്പന പുനരാരംഭിക്കുന്നതിന് ടിക്കറ്റുകൾ വാങ്ങാൻ കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു.

## കെ.എസ്.എഫ്.ഇ.യിലെ ക്രമക്കേട്

12(*42) ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി .എ. അഹമ്മദ് കബീർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ;

(എ) കെ.എസ്.എഫ്.ഇ.-യുടെ ആസ്ഥാന മന്ദിരനിർമ്മാണത്തിലും കമ്പ്യൂട്ട റൈസേഷനിലും ക്രമക്കേടുകൾ നടന്നതായ ആരോപണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

കെ.എസ്.എഫ്.ഇ.യുടെ ആസ്ഥാനമന്ദിര നിർമ്മാണത്തിലും കമ്പ്യൂട്ടറൈസേഷനിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആസ്ഥാന മന്ദിര നിർമ്മാണത്തിന് ഈ രംഗത്ത് പ്രഗത്ഭരും സർക്കാർ അംഗീകരിച്ച ടോട്ടൽ സർവ്വീസ് പ്രൊവൈഡറുമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് തെരഞ്ഞെടുത്തത്.

(ബി) നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം നടത്തുന്ന ചിട്ടികളിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നതായ കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

ഗുരുതരമായ ക്രമക്കേടുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഈ സ്ഥാപനത്തെ കള്ളപ്പണം വെളുപ്പിക്കാനായി ഉപയോഗിക്കുന്ന കേന്ദ്രമാക്കി മാറ്റി എന്ന ആക്ഷേപം പരിശോധിക്കുമോ?

നിലവിൽ അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ബാധകമല്ല.

## കൈത്തറി മേഖലയിലെ നവീകരണം

13(*43) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ;

(എ) കൈത്തറി മേഖലയിലെ ഉല്പാദനരീതികളുടെ നവീകരണവും ഉല്പാദന വൈവിധ്യവും ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ?

2017-18 സാമ്പത്തിക വർഷം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രചോദനവും എന്ന പദ്ധതി പ്രകാരം ഹാൻവീവിന് തിരുവനന്തപുരം മേഖലയിൽ സിൽക്ക് സാരികൾ ഉല്പാദിപ്പിക്കുന്നതിന് 5 ലക്ഷം രൂപയും കളർ സാരികൾ ഉൽപ്പാദിപ്പിക്കുന്നതിന് 60 ലക്ഷം രൂപയും അനുവദിച്ച് നൽകിയിരുന്നു. ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക കൈത്തറി നെയ്ത്തു സംഘങ്ങൾ എന്നിവയിൽ നെയ്ത്തുകാരുടെ കഠിനാദ്ധ്വാനം കുറയ്ക്കുവാനും കൂടുതൽ ഉല്പന്നങ്ങൾ വളരെ വേഗത്തിൽ നെയ്യുവാനും നല്ല ഡിസൈനോടു കൂടിയ ഉല്പന്നങ്ങൾ മാർക്കറ്റിൽ വിറ്റഴിക്കുവാനുമായി വിവിധ നെയ്ത്തുപകരണങ്ങൾ നൽകിവരുന്ന പദ്ധതിയാണ് ടെക്നോളജി അപ്ഗ്രഡേഷൻ. ലഭ്യമാകുന്ന അപേക്ഷകൾ ടെക്നിക്കൽ കമ്മിറ്റിയുടെ അനുവാദത്തിന് വയ്ക്കുകയും കമ്മിറ്റി അനുവദിക്കുന്ന അപേക്ഷകളിൽ മൊത്തം തുകയുടെ 75% സർക്കാരും 25% സംഘവും വഹിക്കുകയും ചെയ്യുന്നു. ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കുന്നത് കൈത്തറി ഡയറക്ടറും ആയതിന്റെ മോണിറ്ററിംഗ് അതോറിറ്റി ജില്ലാ വ്യവസായ കേന്ദ്രവും ആണ്.

(ബി) കേരള ഹാന്റ്ലൂമിനെ പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുവാനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്?

കൈത്തറി ഉത്പന്നങ്ങളുടെ ബ്രാൻഡിംഗുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉത്പന്നങ്ങൾക്ക് ലോഗോ തയ്യാറാക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി)-യെ ചുമതലപ്പെടുത്തുകയും ലോഗോ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ കൈത്തറി ഉത്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള ആദ്യ ഇൻസ്റ്റാൾമെന്റായി 10 ലക്ഷം രൂപ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രാഥമികമായി നൂറോളം കൈത്തറി ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി സംബന്ധിച്ച തുടർനടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഹാൻടെക്സ് 'കൈത്തറി സുരക്ഷ'യിലൂടെ എന്ന പദ്ധതി പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇതിലൂടെ നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

ഹാൻടെക്സ് കൈത്തറി സുരക്ഷ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. അംഗ സംഘങ്ങളിലെ നെയ്ത്തുകാർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ മുൻകൂറായി നൽകി ക്കൊണ്ടും തുണി സംഭരണം നടത്തിയാലുടൻ കൂലി ഉറപ്പാക്കി കൊണ്ടുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നെയ്ത്തുകാർക്ക് ഉയർന്ന വേതനം ഉറപ്പാക്കുന്ന തോടൊപ്പം ഉപഭോക്താക്കൾക്ക് ഏറ്റവും ഗുണമേന്മയുള്ള കൈത്തറി ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉപഭോക്താക്കൾ ഏറെ ഇഷ്ടപ്പെടുന്ന പരമ്പരാഗത കൈത്തറി വസ്ത്രങ്ങളെ ബ്രാൻഡ് ചെയ്ത് ഉയർന്ന വിലയ്ക്ക് വിറ്റഴിക്കുകവഴി നെയ്ത്തുകാർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുക എന്നതാണ് ഉദ്ദേശ്യം. ഇതിലൂടെ സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായ തുണി ഉല്പാദനത്തോടൊപ്പം പരമ്പരാഗത കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദനവും ഉറപ്പാക്കുവാൻ സാധിക്കും. ഈ മാതൃകയിൽ ഗുണമേന്മ ഉറപ്പാക്കി ഹാൻടെക്സ് പുറത്തിറക്കിയ പ്രീമിയം ഉല്പന്നങ്ങൾക്ക് ഉപഭോക്താക്കൾക്കിടയിൽ വൻ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്.

(ഡി) കൈത്തറി മേഖലയ്ക്ക് ആവശ്യമായ കഴിനൂൽ ഉല്പാദനം സംസ്ഥാനത്ത് ഏതൊക്കെ മില്ലുകളിലാണ് നടത്തുന്നത്?

ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകളിൽ കഴി നൂൽ ഉല്പാദിപ്പിക്കുന്നുണ്ട്

(ഇ) സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിന് ആവശ്യമായ നൂൽ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നുണ്ടോ?

സ്കൂൾ യൂണിഫോം പദ്ധതിക്കായുള്ള നൂൽ മുഖ്യമായും സംസ്ഥാനത്തെ മില്ലുകളിൽ നിന്നുമാണ് ഉത്പാദിപ്പിക്കുന്നത്. കേരളത്തിലെ മില്ലുകളിൽനിന്നും കേന്ദ്ര സർക്കാർ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷൻ (NHDC) മുഖേന വിവിധ യാൺ ബാങ്കുകൾ വഴിയാണ് സംഘങ്ങൾക്ക് നൂൽ ലഭ്യമാകുന്നത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കോമളപുരം സ്പിന്നിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ നിന്നും കൂടാതെ കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് തുടങ്ങിയ കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽനിന്നുമാണ് സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായിട്ടുള്ള നൂൽ വാങ്ങുന്നത്.

## കെ.എസ്.എഫ്.ഇ.യിലെ വിജിലൻസ് പരിശോധന

14(*44) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ ) കെ.എസ്.എഫ്.ഇ.-യിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) കള്ളപ്പേരിലും ബിനാമിപ്പേരിലും ചിട്ടികളിൽ ആളുകളെ ചേർക്കുന്നതായ പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

(എ&ബി) വിജിലൻസ് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) വൻതുക പ്രതിമാസം അടയ്ക്കേണ്ട ചിട്ടികൾ കള്ളപ്പണം വെളുപ്പിക്കാൻ ഉപയോഗിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കള്ളപ്പണം വെളുപ്പിക്കലുമായി ബന്ധപ്പെട്ട ആക്ഷേപമോ മറ്റ് റിപ്പോർട്ടുകളോ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

## വിനോദസഞ്ചാരമേഖല പുനരുജ്ജീവിപ്പിക്കാൻ നടപടി

15(*45) ശ്രീ. കെ. ആൻസലൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ പങ്കുള്ള വിനോദ സഞ്ചാര മേഖല കോവിഡ് മഹാമാരിയെത്തുടർന്ന് സമ്പൂർണ്ണമായി സ്തംഭിച്ചത് പുനരാരംഭിക്കാൻ വേണ്ട നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ?

കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല പൂർണ്ണമായി അടച്ചിടേണ്ടുന്ന അവസ്ഥ വരികയും ഇതുമൂലം സംസ്ഥാനത്തിന് ടൂറിസം മേഖലയിൽനിന്നും ലഭിക്കേണ്ടുന്ന വരുമാനം തീരെ ഇല്ലാതാവുകയും ഉണ്ടായി. ഘട്ടം ഘട്ടമായി ലോക്ക് ഡൗൺ പിൻവലിച്ച സാഹചര്യത്തിൽ ടൂറിസം

മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ജീവിത സാഹചര്യം കണക്കിലെടുത്ത് കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നു കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. 10-10-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 319/2020/ടൂറിസം പ്രകാരം ആഭ്യന്തര ടൂറിസത്തെ കോവിഡ് സാഹചര്യത്തിൽനിന്നും കരകയറ്റുന്ന തിനായി കോവിഡ് പ്രോട്ടോകോൾ പാലിച്ച് ആഭ്യന്തര ടൂറിസ്റ്റുകൾക്ക് സംസ്ഥാനം സന്ദർശിക്കുന്നതിന് അനുമതി നൽകി. ഏഴ് ദിവസം വരെ സന്ദർശനം നടത്തുന്ന ആളുകൾക്ക് ക്വാറന്റീനിൽ പ്രവേശിക്കുന്നതിൽനിന്നും ഇളവ് അനുവദിക്കുക യുണ്ടായി. ഇതുപ്രകാരം സംസ്ഥാനത്തേക്ക് ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. 10-10-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 320/2020/ടൂറിസം പ്രകാരം കോവിഡ് പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നു കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുകയും ആദ്യ ഘട്ടത്തിൽ സഞ്ചാരികളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ (ഹൗസ് ബോട്ട്, അഡ്വഞ്ചർ ടൂറിസം മേഖലകൾ, ഹിൽ സ്റ്റേഷനുകൾ എന്നിവ) 10-10-2020 മുതൽ തുറന്നു കൊടുക്കു ന്നതിനും തുടർന്ന് സഞ്ചാരികൾ അധികമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങൾ (ബീച്ചുകൾ, വാക് വേ എന്നിവ) 1-11-2020 മുതൽ തുറന്ന് കൊടുക്കുന്നതിനും ഉത്തരവായിരുന്നു. കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കുന്നതിനും ആളുകളെ കർശനമായി നിയന്ത്രിച്ചും വേണം ഇപ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കേണ്ടതെന്ന് സർക്കാർ ഉത്തരവിൽ കർശനമായി നിർദ്ദേശിച്ചിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 11/2021/ടൂറിസം തീയതി 8-1-2021 പ്രകാരം കോവിഡ് പ്രോട്ടോക്കോൾ നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സ്തംഭനാവസ്ഥയിൽനിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ റേഡിയോ, പ്രിന്റ്, ടിവി, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉൾപ്പെടുന്നു. "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയാണ് ക്യാമ്പയിനുകൾ തയ്യാറാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരിക്ക് ശേഷമുള്ള ടൂറിസം മേഖലയുടെ ഉണർവിന് ഈ ക്യാമ്പയിനുകൾ സഹായകരമായി മാറും.

(ബി) രോഗവ്യാപന സാധ്യത തടയാനുള്ള മുൻകരുതൽ സ്വീകരിച്ചു കൊണ്ടാണോ വിനോദസഞ്ചാരകേന്ദ്രങ്ങൾ തുറന്നിട്ടുള്ളത്?

സർക്കാർ ഉത്തരവ് (സാധാ) നമ്പർ നമ്പർ320/2020 /ടൂറിസം തീയതി: 10-10-2020 പ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടുന്ന കർശന നിർദ്ദേശങ്ങൾ വ്യക്തമാക്കിയിരുന്നു. ആയത് പ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളെ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

(സി) വിനോദസഞ്ചാരമേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും എന്തെല്ലാം സാമ്പത്തിക പിന്തുണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ലൈസൻസികൾക്ക് സ്ഥാപനങ്ങൾ അടഞ്ഞ് കിടന്നകാലത്തെ വാടക ഇളവ് അനുവദിക്കുകയും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ടകാലം കണക്കാക്കി കരാർ കാലാവധി നീട്ടി നൽകുന്നതിനും 7-1-2021- ലെ സ.ഉ(കൈ) നമ്പർ 1/2021/ടൂറിസം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയിൽ എത്ര വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ?

2019 വർഷത്തെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 2020 കലണ്ടർ വർഷം ഉള്ള വരുമാന നഷ്ടം ആണ് വകുപ്പ് താൽക്കാലികമായി എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവിലെ നഷ്ടം ഏകദേശം 30,000 കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത്. 2020 വർഷത്തെ മുഴുവൻ കണക്കുകളും ലഭ്യമായാൽ മാത്രമേ 2019 വർഷവുമായി താരതമ്യപ്പെടുത്തി യഥാർത്ഥ നഷ്ട കണക്കുകൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(ഇ ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനത്തിന് കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും വിനോദസഞ്ചാര വകുപ്പിന് നേരിട്ട് ധനസഹായം ലഭിച്ചിട്ടില്ല.

## വ്യവസായ മേഖലയിൽ വൺ ടച്ച് പരിഷ്കാരം

16(*46) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എം.നൗഷാദ്:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജന കാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ;

(എ) നിക്ഷേപ പ്രോത്സാഹനത്തിനും വ്യവസായ റാങ്കിംഗിൽ നില മെച്ചപ്പെടുത്തുന്നതിനും വൺ ടച്ച് പരിഷ്കാരം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനെക്കുറിച്ച് വിശദമാക്കാമോ ;

(ബി) വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(എ-സി) കെ-സ്വിഫ്റ്റിലൂടെ എത്ര വ്യവസായങ്ങൾ അംഗീകാരം നേടി; ഇവയിലൂടെ എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

(എ-സി) സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക, തുടങ്ങിയ ലക്ഷ്യങ്ങളോട് കൂടിയും, ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായും, വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, നിയമങ്ങളും ലഘൂകരിക്കാനും, അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുമായിട്ടാണ് ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് " എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ നിയമം മൂലം വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല

ഘടകങ്ങൾ. കൂടാതെ, വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം '(കെ-സ്വിഫ്റ്റ്)' 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ / ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020 യിൽ ആരംഭിച്ച KSWIFT-Phase II ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റി വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപന പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് " 2019 ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് " ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ "ഇൻവെസ്റ്റ് കേരള പോർട്ടൽ" നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ഈ ഇൻവെസ്റ്റ് കേരള പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്. " 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്" "2019 കേരള സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്"

എന്നിവ നടപ്പിലാക്കിയതുമൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺ ലൈൻ സംവിധാനമായ KSWIFT നിലവിൽ വന്നതുമൂലവും കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചു എന്നതിന്റെ ഫലമാണ് KSWIFT പോർട്ടൽ വഴി നാളിതുവരെ (7-1-2021 വരെ) സംരംഭകർ 1415 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പെടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ KSWIFT വഴി 6-1-2021 വരെ 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏഴ് ദിവസത്തിനകം അനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) മുൻകൂർ ലൈസൻസില്ലാതെ സംരംഭങ്ങൾ ആരംഭിക്കാൻ അനുമതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സംരംഭങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ സൂചിക എന്ന് തിരിച്ചറിഞ്ഞു കൊണ്ടും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടും കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ച് കൊണ്ടാണ് സംസ്ഥാനത്ത് പത്ത് കോടി രൂപ വരെ മുതൽ മുടക്കുള്ള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലയെന്ന് സർക്കാർ തീരുമാനിക്കുകയും അതിനായി ' 2019-ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് ' നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത്. ടി നിയമപ്രകാരം വ്യവസായ സംരംഭകർക്ക് ചുവപ്പ് വിഭാഗത്തിൽപ്പെടാതെയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ രസീത് ലഭ്യമാക്കാവുന്നതാണ്. അപ്രകാരമുള്ള സാക്ഷ്യപത്രത്തിന് 3 വർഷ കാലത്തേക്ക് പ്രാബല്യം ഉണ്ടാകുന്നതാണെന്നും, പ്രസ്തുത കാലാവധി അവസാനിച്ച ശേഷം 6 മാസ കാലയളവിനുള്ളിൽ വ്യവസായ സ്ഥാപനം, ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ലഭ്യമാക്കേണ്ടതാണ്. 6-1-2021 വരെ 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സംരംഭകർക്ക്, ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ,

7 ദിവസത്തിനുള്ളിൽ വ്യവസായിക ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ആക്ടിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് (Ordinance no. 73 of 2020)പുറപ്പെടുവിച്ചിട്ടുണ്ട്.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ**

17(*47) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെകാണുന്ന വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ;

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം (എം.എസ്.എം.ഇ.) വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ മേഖലയിലെ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2018-ലെ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്" പുറപ്പെടുവിച്ച് നിയമമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തുടർന്ന് 2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നടപ്പിൽ വരികയും ചെയ്തു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ "റെഡ് കാറ്റഗറി" യിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-

സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുകയും ചെയ്യുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെൻറ് ഡെവലപ്പ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ, സംരംഭക സഹായ പദ്ധതി വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC / ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5 % എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി 2017 -18 മുതൽ വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. 5 ലക്ഷം രൂപ വരെ സ്ഥിരമൂലധനം നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്

ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. 2020 -21 വർഷംമുതൽ വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പുതിയതായി രജിസ്റ്റർ ചെയ്ത (സേവന മേഖല ഒഴികെ) ചെറു സംരംഭങ്ങൾക്ക് സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30% ഗുണ ഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പരമാവധി 4 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. 1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ - ആകെ പ്രോജക്ട് ചെലവിന്റെ 40% 2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ 3. വ്യവസായ വകുപ്പിന്റെ മാർജിൻമണി ഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സു വരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ മൂല്യ ശൃംഖലയിലെ യഥാർത്ഥ പ്രശ്നങ്ങൾ കാരണം പ്രവർത്തനരഹിതമായി തീർന്ന എം.എസ്.എം.ഇ. യൂണിറ്റുകൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഈ യൂണിറ്റുകൾ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്ക്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. വ്യവസായ ഭദ്രത കോവിഡ് -19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന

Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും ( Term Loan/Working capital ) 30000 രൂപ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്.

(ബി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം നിലവിൽ വന്നശേഷമുള്ള എം.എസ്.എം.ഇ വ്യവസായമേഖലയിലെ പുരോഗതി വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവിധ വകുപ്പുകളിൽനിന്ന് ലഭിക്കുന്ന ലൈസൻസുകൾ കാലതാമസം ഇല്ലാതെ സംരംഭകർക്ക് നൽകുന്നതിലേക്കായി ഓൺ ലൈൻ ഏകജാലക സംവിധാനമായ K-Swift ഏർപ്പെടുത്തിയതും പ്രസ്തുത ഓൺ ലൈൻ സംവിധാനത്തിലൂടെ സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 10 കോടിയ്ക്ക് താഴെ മുതൽ മുടക്കുള്ള "റെഡ് കാറ്റഗറി" യിൽ ഉൾപ്പെടാത്ത വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകി വരുന്നതും നിരവധി സംരംഭകർക്ക് പ്രയോജനകരമായിട്ടുണ്ട്. ഈ നടപടികൾ MSME മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായിട്ടുണ്ട്. K-Swift-ലൂടെ 577 സംരംഭകർക്ക് ലൈസൻസ് നാളിതുവരെ നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിന് ശേഷം ലൈസൻസ് എടുക്കുന്ന സംവിധാനം ഉപയോഗിച്ച് 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കായി K.Swift ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

(സി) മുൻകൂർ അനുമതിയില്ലാതെ പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് സാധിക്കുമോ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമ സഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ ( കെ-സ്വിഫ്റ്റ് ) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന്

വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സംവിധാനം ഉപയോഗിച്ച് 7645 പേർക്ക് ഓൺ ലൈൻ മുഖാന്തിരം കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ട്.

(ഡി) കെ-സ്വിഫ്റ്റ് ഓൺലൈൻ ക്ലിയറൻസ് സംവിധാനം എം.എസ്.എം.ഇ. മേഖലയിൽ കാര്യക്ഷമമായ പുരോഗതിക്ക് നിദാനമായിട്ടുണ്ടോ; വിശദമാക്കുമോ?

ഏകജാലക സംവിധാനമായിട്ടുള്ള K-swift-നും, ആയതിലൂടെ നൽകുന്ന മൂന്ന് വർഷത്തേയ്ക്ക് ലൈസൻസ് ആവശ്യമല്ലായെന്നതും ആയതിനു പകരമായി സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കൈപ്പറ്റ് രസീത് നൽകുന്നതുവഴി സംരംഭങ്ങൾ അനായാസം ആരംഭിക്കുവാൻ വഴിയൊരുക്കുന്നു.

## കിഫ്ബിയുടെ പ്രവർത്തനങ്ങൾ

18(*48) ശ്രീ. കെ. ദാസൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 60,096.35 കോടി രൂപയുടെ 821 പദ്ധതികൾക്കാണ് കിഫ്ബി മുഖേന നാളിതുവരെ ധനാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 20000 കോടി രൂപയുടെ സമഗ്ര ലാൻഡ്അക്വിസിഷൻ പദ്ധതിയും ഉൾപ്പടുന്നു. വകുപ്പ് തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബി മുഖേനയുള്ള നിർമ്മാണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിയ്ക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ്) ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഷീറ്റുകളും, ഒബ്സർവേഷൻ മെമ്മോകളും SPV-യ്ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പു വരുത്തിയ ശേഷമേ ഒബ്സർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിന് മുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സർവേഷൻ മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പ്രവൃത്തി തടഞ്ഞുവയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. i. ഓട്ടോ ലാബ്: പദ്ധതികളുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ളസംവിധാനം ആണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു. ii. ഡ്രോൺ ബേസ്ഡ് ക്വാളിറ്റി / പ്രോഗ്രസ്സ് മോണിറ്ററിംഗ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമാണ ത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെ പുരോഗതി മനസിലാക്കുകയും ചെയ്യുന്നു. iii. സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്തു പ്രവൃത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നു. iv. നോൺ-ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എക്വിപ്മെൻറ്: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തനങ്ങളെ തടസപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു. v. ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റുഡിയോ: നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കിഫ്ബി ഓഫീസിൽ ഇരുന്നു തന്നെ വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു vi. നെറ്റ്‌വർക്ക് ലാബ് സിസ്റ്റം : നൂതന സാങ്കേതികോ പകരണങ്ങൾ ഉപയോഗിച്ച് മെറ്റീരിയലുകളുടെ അത്യാധുനിക ടെസ്റ്റിംഗ് ലാബ്. vii. ടെക്നിക്കൽ റിസോഴ്സ് സെന്റർ: സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ്.പി.വി.-കൾക്ക് ആവശ്യമുള്ള സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നു.

(സി) കിഫ്ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി C & A G ഓഡിറ്റിന് വിധേയമാണ്. 2020 ജൂലൈ മാസം വരെയുള്ള കാലയളവിലെ സി&എജി ഓഡിറ്റ് കിഫ്ബിയിൽ പൂർത്തിയായിട്ടുണ്ട്. കിഫ്ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിംഗ് സമ്പ്രദായങ്ങളും അനുബന്ധ

നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ട്. കിഫ് ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതു കൂടാതെ ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം, ടാക്സ് ഓഡിറ്റിംഗ് സംവിധാനം അന്താരാഷ്ട്ര നിക്ഷേപകരുടെ താല്പര്യ പ്രകാരമുള്ള പിയർ റിവ്യൂ ഓഡിറ്റിംഗ് എന്നിവയും കിഫ്ബിയിൽ നടന്നുവരുന്നു. ഇത്തരത്തിൽ കിഫ്ബിയുടെ വരവ് ചെലവ് കണക്കുകൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ട്. കിഫ് ആക്ട് പ്രകാരം കിഫ്ബിയുടെ ഓഡിറ്റ് ചെയ്ത കണക്കുകളും ഫിഡലിറ്റി സർട്ടിഫിക്കറ്റ് അടങ്ങുന്ന റിപ്പോർട്ടും ബജറ്റ് രേഖകൾക്കൊപ്പം നിയമസഭയിൽ സമർപ്പിക്കേണ്ടതുമുണ്ട്. അതോടൊപ്പം പദ്ധതി നിർവഹണം സംബന്ധിച്ച് ഓഡിറ്റുകളും കിഫ്ബിയിൽ നിലവിലുണ്ട്. ഇന്റേണൽ ക്വാളിറ്റി ഓഡിറ്റ് സെൽ, സ്വതന്ത്ര ക്വാളിറ്റി ഓഡിറ്റ് എന്നിവയാണവ. കിഫ്ബി പദ്ധതികൾ മികച്ച നിലവാരത്തിലാണ് നിർമിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ ഇവ സഹായിക്കും. പദ്ധതി നിർവഹണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും സത്വരവുമായ നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനും അവരുടെ സംശയനിവാരണത്തിനുമായി പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുജനങ്ങൾക്കും നിക്ഷേപകർക്കും ഉൾപ്പടെ ആർക്കും കിഫ്ബിയുടെ പ്രവർത്തനങ്ങളിലോ പദ്ധതികളിലോ ഉള്ള പരാതികളും അഭിപ്രായങ്ങളും അറിയിക്കുന്നതിനും അവയിൽ നടപടികൾ സ്വീകരിക്കുന്നതിനും ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനം (Grievance Redressal Portal) നിലവിലുണ്ട്. കിഫ്ബിയുടെ വെബ് സൈറ്റിലാണ് ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട സെക്ഷന് കൈമാറുന്നു. പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നതിൽ കിഫ്ബി ശ്രദ്ധ പുലർത്താറുണ്ട്. ഈ സംവിധാനം മുഖേന സമർപ്പിക്കുന്ന തന്റെ പരാതികളുടെ സ്ഥിതി കൃത്യമായി അറിയുവാനും പരാതിക്കാരന് സാധിക്കും. അതോടൊപ്പം എല്ലാ സർക്കാർ സംവിധാനങ്ങൾക്കും ബാധകമായിട്ടുള്ള വിവരാവകാശ നിയമവും ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ എന്നിവയിലൂടെ ലഭിക്കുന്ന പരാതികളും പരിശോധിച്ച് വരുന്നു.

## വ്യവസായസൗഹൃദ സംസ്ഥാനമാക്കാനുള്ള നടപടി

19(*49) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം (ശ്രീ. ഇ. പി. ജയരാജൻ) മറുപടി നൽകുമോ;

(എ) വ്യവസായസൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം 28-ാം സ്ഥാനത്താണെന്ന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) വ്യവസായസൗഹൃദമാക്കാനുള്ള നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങളാണ് EoDB. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രമോഷൻ (ഡി.ഐ.പി.പി) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള റാങ്ക് നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെ സ്ഥാനം നിർണ്ണയിക്കുന്നത്. 2017- ലെ DPIIT നടപ്പിലാക്കിയ EoDB റാങ്കിംഗിൽ 372 ആക്ഷൻ പോയിന്റുകളാണ് ഉണ്ടായിരുന്നത്. പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 21 ആയിരുന്നു. ഇത് മുൻ വർഷത്തേക്കാൾ 17.8 % വർദ്ധനയാണ്. 2019 -ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്, ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. Business Reform Action Plan (BRAP) സംബന്ധിച്ച പ്രാരംഭഘട്ടത്തിൽ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾ പിന്തുടരുന്നതിനായി DPIIT ഒരു നടപ്പാക്കൽ ഗൈഡും ഫീഡ് ബാക്ക് രീതിയും ഇറക്കിയിരുന്നു. DPIIT പുറപ്പെടുവിച്ച നടപ്പാക്കൽ മാർഗ്ഗനിർദ്ദേശങ്ങളും, ഫീഡ്ബാക്ക് രീതിയിൽ Document Section I ൽ ഇപ്രകാരം പറയുന്നു. " DPIIT സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും റാങ്ക് നിർണ്ണയിക്കുന്ന നടപടി

ഉണ്ടാവില്ല. പകരം അവയെ താഴെ പറയും പ്രകാരമുള്ള തരംതിരിക്കൽ സമ്പ്രദായം നിലവിൽ വരുത്തിയിട്ടുണ്ട്". i. 95% ഉം അതിൽ കൂടുതലും സ്കോറിംഗ് നേടുന്നവരെ Top Achievers ii. 90% ഉം അതിൽ കൂടുതലും സ്കോറിംഗ് എന്നാൽ 95% ൽ താഴെ നേടുന്നവരെ Achievers iii. 80% ഉം അതിൽ കൂടുതലും സ്കോറിംഗ് എന്നാൽ 90% ൽ താഴെ നേടുന്നവരെ Fast Movers എന്നും iv. 80% ൽ താഴെ സ്കോർ നേടുന്നവരെ Aspiers എന്നും വേർതിരിക്കുന്നു. എന്നിരുന്നാലും, ഓരോ സംസ്ഥാനവും / കേന്ദ്ര ഭരണ പ്രദേശവും നേടിയ സ്കോർ DPIIT വെളിപ്പെടുത്തുകയും പരിഷ്കരണമനുസരിച്ച് ഓരോ വിഭാഗത്തിലുമുള്ള (സംസ്ഥാനങ്ങൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ) സ്കോർ പട്ടിക വെളിപ്പെടുത്തുകയും ചെയ്യും. Guidelines ലെ സെക്ഷൻ M ൽ പറയും പ്രകാരം " “ 8 നോർത്ത് ഈസ്റ്റ് സ്റ്റേറ്റുകളുടെയും / legislature ഇല്ലാത്ത 5 കേന്ദ്ര ഭരണ പ്രദേശങ്ങളെയും DPIIT യ്ക്ക് പ്രത്യേകമായി അന്തിമ വർഗ്ഗീകരണം നടത്താം” കേന്ദ്രസർക്കാരിന്റെ DPIIT പ്രസിദ്ധീകരിച്ച ഫീഡ്ബാക്ക് രീതി പ്രകാരം - “ കഴിഞ്ഞ വർഷം (BRAP 2017-18) അല്ലെങ്കിൽ നടപ്പുവർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തന പരിഷ്കരണ പോയിൻറ് അറിഞ്ഞതിനുശേഷമേ (ഫീഡ്ബാക്ക് സ്കോറിന്റെ അടിസ്ഥാനത്തിൽ മാത്രം തിരിച്ചറിഞ്ഞാൽ മാത്രമേ ) സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും തരംതിരിക്കുകയുള്ളൂ". ഇത് എത്രമാത്രം ശരിയായി നടപ്പിലാക്കാൻ കഴിയും എന്ന സംശയം ഉളവാക്കുന്നതാണ്. ഉദാഹരണത്തിന് റാങ്കിംഗിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന ഒരു കേന്ദ്രഭരണ പ്രദേശം, EoDB വെബ്സൈറ്റ് അനുസരിച്ച് അവരുടെ നടപ്പാക്കൽ നിലയിൽ പൂജ്യം പരിഷ്കാരങ്ങൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് കാണുന്നു. BRAP റാങ്കിംഗ് 2018-19 ൽ “ നടപ്പാക്കൽ മാർഗ്ഗനിർദ്ദേശവും ഫീഡ്ബാക്ക് രീതിയും” നൽകിയിരിക്കുന്ന മുഴുവൻ രീതിയും പാലിക്കപ്പെട്ടിട്ടില്ല എന്നുമാത്രമല്ല, ഫീഡ് ബാക്ക് ശേഖരണം നടപ്പിലാക്കിയത് വേണ്ടത്ര സുതാര്യതയോടെയല്ലയെന്നും തെളിയുന്നു. മൊത്തത്തിൽ, സംസ്ഥാനങ്ങളുടെ / കേന്ദ്രഭരണ പ്രദേശങ്ങളുടെ നിക്ഷേപ കാലാവസ്ഥ വിശകലനം ചെയ്യുമ്പോൾ പല അടിസ്ഥാന യാഥാർത്ഥ്യങ്ങൾ കൂടി BRAP പ്രക്രിയയിൽ പരിഗണിക്കേണ്ടതുണ്ട്. ഇന്ത്യ ഒരു ഫെഡറൽ സജ്ജീകരണ മാണെന്നും ഓരോ സംസ്ഥാനത്തിനും / കേന്ദ്ര ഭരണ പ്രദേശത്തിനും അതിന്റേതായ ശക്തിയുണ്ടെന്നും എന്നാൽ ഭൂമിശാസ്ത്രപരവും ജനസംഖ്യാശാസ്ത്രപരവും പാരിസ്ഥി തികവുമായ ആവാസവ്യവസ്ഥയിൽ നിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ / കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവ് കോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലയെന്ന് കാട്ടി സംസ്ഥാനം പല തവണ DPIIT ക്ക് കത്തയച്ചിട്ടുണ്ട്, താഴെ പറയുന്ന യാഥാർത്ഥ്യങ്ങൾ കൂടി ഈ റാങ്ക് നിർണ്ണയത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. (a) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യാവസായികവൽക്കരണത്തിന്റെ വിവിധ തലങ്ങളിലാണ്. അതിനാൽ വ്യവസായവൽക്കരണത്തിൽ ശക്തമായ തുടക്കം കുറിച്ച

സംസ്ഥാനങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതിൽ യുക്തിയില്ല. (b) കേരളം ഒരു ചെറിയ സംസ്ഥാനമായതിനാലും, ജനസംഖ്യയുടെ സാന്ദ്രത കൂടിയതിനാലും വ്യാവസായിക /ബിസിനസ് ആവശ്യങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യത പരിമിതമാണ് (c) കേരളം, ഒരു വശത്ത് വനമേഖല (പരിസ്ഥിതി ദുർബലവും ലോലവുമായ പ്രദേശങ്ങൾ), മറുവശത്ത് തീരദേശ മേഖലയുമാണ്. ഉയർന്ന റാങ്കിലുള്ള വലിയ സംസ്ഥാനങ്ങളുടെ നിലവാരം പരിഗണിക്കുന്ന അതേ മാനദണ്ഡം ഉപയോഗിച്ച് സംസ്ഥാനത്തെ വ്യവസായ പുരോഗതി അളക്കാൻ കഴിയില്ല. വ്യാവസായിക ആവശ്യങ്ങൾക്കായി തരം തിരിക്കാൻ കഴിയാത്ത, വിപുലമായ തണ്ണീർ തടങ്ങളും (wet land) നെൽകൃഷി സ്ഥലങ്ങളുടെയും ( paddy land ) അളവുകൾ റാങ്കിംഗിൽ കണക്കാക്കപ്പെട്ടിട്ടില്ല (d) 30% ന് മുകളിൽ വലിയ വനമേഖലയുള്ള കേരളത്തിൽ വിപുലമായ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, സങ്കേതങ്ങൾ തുടങ്ങിയവയുണ്ട്. വലിയ ഭൂപ്രദേശങ്ങളുടെ ലഭ്യതയെ ഇത് പരിമിതപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ റാങ്കിംഗ് നിർണ്ണയ വേളയിൽ പരിഗണിക്കപ്പെടേണ്ടതായിരുന്നു. (e) കേരളത്തിലെ ജനങ്ങൾ വളരെ സാക്ഷരരും പാരിസ്ഥിതിക പ്രശ്നങ്ങളോട് വളരെ വികാരപരമായി പ്രതികരിക്കുന്നവരുമാണ്. ഹരിത സംരക്ഷണം, മലിനീകരണ നിർമ്മാർജ്ജനം, നെൽ കൃഷിക്കുള്ള ഭൂമി പരിവർത്തനം ചെയ്യാൻ കഴിയാത്ത അവസ്ഥ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ പൊതുജന പ്രക്ഷോഭത്തിലേക്ക് നയിക്കപ്പെടും. (f) റാങ്കിംഗ് പാരാമീറ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള - നിരവധി പരിഷ്കരണ മേഖലകൾ- ഭൂവിനിയോഗ മാറ്റം, boiler manufacturer/ erector etc. കേരളത്തിന്റെ ബിസിനസ് സാഹചര്യങ്ങളിൽ സാധ്യമല്ല. (g) സംസ്ഥാനം വളരെ നേട്ടങ്ങൾ കൈവരിച്ച പ്രധാന മേഖലകളായ ടൂറിസം, ഐ.ടി, പ്ലാന്റേഷനുകൾ, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയുടെ പുരോഗതികൾ പരാമീറ്ററുകളിൽ പരിഗണിച്ചിട്ടില്ല. സംസ്ഥാനത്തെ വളരെ അനുപമമായതും, ഉയർന്നതുമായ സാഹചര്യങ്ങൾ യാഥാർത്ഥ്യ ബോധത്തോടെ, റാങ്കിംഗ് നിർണ്ണയത്തിൽ കണക്കാക്കേണ്ടിയിരുന്നു.

## സാമ്പത്തികപ്രതിസന്ധി

20(*50) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. പി. ടി. തോമസ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള നിലവിലെ കാരണങ്ങൾ എന്തൊക്കെയാണ്?

കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻ കാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ച വ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനു ശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം ഉൽപാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനവും സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി. 3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. 4. ഭൂമി രജിസ്ട്രേഷനുമായി

ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. 6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും. ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു. vi. ജി.എസ്.ടി രജിസ്ട്രേഷൻ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ നികുതികളും ഫീസുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായില്ല എന്ന് വിലയിരുത്തുന്നുണ്ടോ?

സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായതിനാലാണ് മഹാമാരിയായ കോവിഡിന്റെ പശ്ചാത്തലത്തിലും സാമൂഹ്യ സുരക്ഷാ വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചത്.

(ഡി) കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രം വായ്പാപരിധി അഞ്ച് ശതമാനം ആയി ഉയർത്തി നൽകിയത് നിലവിലെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കുന്നതിന് എത്രമാത്രം സഹായകമായി; ഇതിലൂടെ അധികമായി കടമെടുക്കുവാൻ കഴിയുന്ന തുക എത്രയാണ്; വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദ്ദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 1% ഉപാധികളില്ലാതെയും, 1% (0.25% വീതം) താഴെ പറയുന്ന 1. ' ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ ഒഴികെയുള്ള 3 പരിഷ്കാരങ്ങൾ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 0.75% (ഏകദേശം 6782.63 കോടി രൂപ) അധിക വായ്പയ്ക്കുള്ള അർഹത സംസ്ഥാനം നേടിയിട്ടുണ്ട്. ഇതിൽ 0.25% (ഏകദേശം 2261 കോടി രൂപ) അധികവായ്പയ്ക്കുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ഇത് നടപ്പിലാക്കുന്ന മുറയ്ക്ക് 0.25% (ഏകദേശം 2261 കോടി രൂപ) അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും

സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും കോവിഡ് മഹമാരി സൃഷ്ടിച്ച ആഘാതം ഒരു പരിധി വരെ മറികടക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അധിക വായ്പ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

(ഇ) അൻപത്തിയൊൻപത് വർഷം കൊണ്ട് വിവിധ സർക്കാരുകൾ ഉണ്ടാക്കിയ പൊതുകടം കഴിഞ്ഞ നാലരവർഷം കൊണ്ട് ഇരട്ടിയായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമ പ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം (30-11-2020 വരെയുള്ള താല്ക്കാലിക കണക്കുകൾ ഉൾപ്പടെ) 2012-13 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു*.

**വ്യവസായരംഗത്ത് കുതിപ്പുണ്ടാക്കുന്ന പദ്ധതികൾ**

21(*51) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ്:
ശ്രീ കെ. വി. വിജയദാസ്:
ശ്രീ. മുരളി പെരുനെല്ലി: താഴെകാണുന്ന വ്യവസായവും സ്പോർട്സും യുവജന കാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ;

(എ) വ്യവസായരംഗത്ത് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശാല ലക്ഷ്യം വിശദമാക്കാമോ?

വ്യവസായ രംഗത്ത് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രാരംഭ പ്രോജക്ടായി തിരഞ്ഞെടുത്തിട്ടുള്ള ആലുവ ഗിഫ്റ്റ് സിറ്റിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; പദ്ധതിയിലെ പ്രതീക്ഷിതനിക്ഷേപവും തൊഴിലവസരങ്ങളും എത്രയെന്ന് അറിയിക്കാമോ?

ആലുവ ഗിഫ്റ്റ് സിറ്റിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. വ്യവസായ ഇടനാഴിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി (Global Industrial Finance and Trade City (GIFT CITY). അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, ഐ.ടി കോംപ്ലക്സുകൾ. പാർപ്പിട സമുച്ചയങ്ങൾ, കൺവെൻഷൻ സെന്ററുകൾ വ്യവസായ ടൗൺഷിപ്പ് എന്നിവ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. വികസിപ്പിച്ച റോഡുകൾ, ടൗൺഷിപ്പ്, മാലിന്യ സംസ്കരണം, സീവേജ് ട്രീറ്റ്മെന്റ് സംവിധാനം, വൈദ്യുതി വിതരണം, ജലവിതരണം ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മെഗാ ടൗൺഷിപ്പ് എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000 ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തോളം പേർക്ക് തൊഴിലവസരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന പതിനായിരം കോടി നിക്ഷേപത്തോടെ ആയിരത്തി എണ്ണൂറ് ഏക്കറിൽ പാലക്കാട് സജ്ജമാക്കുന്ന വ്യവസായമേഖലയുടെ പ്രാരംഭ പ്രവർത്തനം കുറിക്കാനായിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും, ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

## വ്യവസായരംഗത്ത് പുതിയ തൊഴിലവസരങ്ങൾ

22(*52): ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി വ്യവസായരംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; എത്ര തൊഴിൽ സൃഷ്ടിക്കാനാണ് പരിപാടിയിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി വ്യവസായ സംരംഭകത്വ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് വ്യവസായ വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തത്. ആദ്യഘട്ടത്തിൽ, 1-9-2020 മുതൽ 9-12-2020 വരെ 20585 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു വ്യവസായ വാണിജ്യവകുപ്പിന്റെ ലക്ഷ്യം. ഇതിൻപ്രകാരം 24550 തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കൈത്തറി, കയർ മേഖലയിലും പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ എന്നിവ മുഖേന സൃഷ്ടിച്ച 4396 തൊഴിലവസരങ്ങളും ടി വകുപ്പിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി സൃഷ്ടിച്ച 841 തൊഴിലവസരങ്ങളും ചേർത്ത് ആകെ 29787 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ, 17-12-2020 മുതൽ 27-3-2021 വരെ 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 7-1-2021 വരെ 3792 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, വ്യവസായ സഹകരണ സംഘങ്ങൾ എന്നീ മേഖലകളിലാണ് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം പതിനയ്യായിരം സംരംഭങ്ങൾ തുടങ്ങുകയെന്ന ലക്ഷ്യം നേടുന്നതിന് വ്യവസായ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ വർഷംതോറും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും, സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. ഈ ധനകാര്യ വർഷം 2020 ഡിസംബർ വരെ സംസ്ഥാനത്ത് 6826 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ആയതിലൂടെ 776.54 കോടി രൂപയുടെ നിക്ഷേപവും 26449 തൊഴിലവസരങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൈത്തറി വ്യവസായ രംഗത്ത് ആധുനികവത്കരണത്തിന്റെ ഭാഗമായി ആലപ്പുഴ, തൃശ്ശൂർ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ പുതുതായി യന്ത്രങ്ങൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. കേരള ഖാദി ഗ്രാമീണ വ്യവസായ മേഖലയിൽ എന്റെ ഗ്രാമം പദ്ധതിയിലൂടെ ഒരു ഗ്രാമത്തിൽ കുറഞ്ഞത് ഒരു യൂണിറ്റ് സ്ഥാപിച്ച് ഏറ്റവും കുറഞ്ഞത് 3 പേർക്ക് തൊഴിൽ നൽകുവാനും അങ്ങനെയുള്ള 1500 പുതിയ വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി നൽകുവാനും ലക്ഷ്യമിടുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനമായ സിഡ്കോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 500-ഓളം യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ (ഫർണിഷിംഗ് വർക്കുകൾ ഉൾപ്പെടെ) ആവശ്യാനുസരണം സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിൽ നൽകുന്നതിലേക്കായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു. സിഡ്കോയുടെ അധീനതയിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകൾ/മിനി വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ കൈമാറ്റം ചെയ്ത് നൽകിയതിലൂടെ 2020 ഏപ്രിൽ മുതൽ 2020 ഡിസംബർ വരെ 186 തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയെക്കുറിച്ചും ആയതിന്റെ പുരോഗതിയെക്കുറിച്ചും അറിയിക്കാമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കും ഇതിൽ അപേക്ഷിക്കാം. സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ രജിസ്ട്രേഷനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ഉദ്യം(UDYAM) രജിസ്ട്രേഷനും നിർബന്ധമാണ്. നോർക്ക റൂട്ട്സിന്റെ ശിപാർശയുള്ള പ്രവാസികളെയും ഇതിൽ

പരിഗണിക്കുന്നുണ്ട്. പദ്ധതി ചെലവിന്റെ പരമാവധി 90% വരെ നൽകുന്ന വായ്പയ്ക്ക് സർക്കാർ സബ്സിഡിയായ 3% കുറച്ച് 7% പലിശ മാത്രമാണ് ഈടാക്കുന്നത്. ഓരോ സംരംഭത്തിനും പരമാവധി 50 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ഈ പദ്ധതിയിൽ പരമാവധി തിരിച്ചടവ് കാലാവധി 5 വർഷമാണ്. 18-നും 50-നും ഇടയിൽ പ്രായമുള്ള സ്ഥിരജോലിയില്ലാത്തവർക്കാണ് വായ്പയോഗ്യത. സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 5 വർഷം പ്രായപരിധിയിൽ ഇളവുണ്ട്. പ്രവാസികൾക്ക് പ്രായപരിധിയിൽ 10 വർഷത്തെ ഇളവുണ്ട്. ഇതിൽ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ ക്രെഡിറ്റ് ഗ്യാരന്റി കവറേജിന്റെ പിന്തുണയോടെ ഈടുരഹിത വായ്പകളായാണ് നൽകുന്നത്. 1381 പദ്ധതികൾ തിരഞ്ഞെടുത്തതിൽ നിന്നും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 592 സംരംഭങ്ങൾക്കായി ഇതുവരെ 2594 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

**സാമ്പത്തികരംഗത്തെ കേന്ദ്ര അവഗണന**

23(*53) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) രണ്ട് പ്രളയങ്ങൾ, ഓഖി ദുരന്തം, നിപ, കൊറോണ ബാധ എന്നിവമൂലം പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസം ലഘൂകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള യഥോചിതമായ ഇടപെടലുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിവിധ ദുരന്തങ്ങൾ നേരിട്ട സംസ്ഥാനത്തിന് കൈത്താങ്ങ് നൽകേണ്ട കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വിഹിതം പോലും യഥാസമയം നൽകാതെ സംസ്ഥാന സർക്കാരിനെ വരിഞ്ഞുമുറുക്കുന്ന സമീപനമാണോ കഴിഞ്ഞ നാല് വർഷങ്ങളിലധികമായി സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

(എ&ബി) മഹാപ്രളയം, കൊറോണ മഹാമാരി തുടങ്ങിയ ദുരന്തങ്ങൾ കാരണം പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ കൈക്കൊണ്ടുവരുന്നത്. കഴിഞ്ഞ വർഷങ്ങളിലായി കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റുകൾ വെട്ടിക്കുറയ്ക്കുകയും GST നഷ്ടപരിഹാരം യഥാസമയം നൽകാതെ സംസ്ഥാനത്തെ ബുദ്ധിമുട്ടിലാക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തു വന്നിട്ടുള്ളത്. പ്രളയ പുന:നിർമ്മാണത്തിനുള്ള വിദേശസഹായ വായ്പകൾ സാധാരണ ഗതിയിലുള്ള വായ്പാ പരിധിക്ക് പുറത്തായി പരിഗണിക്കാമെന്ന് GST Council നൽകിയ വാഗ്ദാനത്തിൽനിന്നും കേന്ദ്രസർക്കാർ പിൻമാറുകയുണ്ടായി. 2016-17 മുതൽ വിവിധ വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ പണം ട്രഷറി ഡിപ്പോസിറ്റായി

കിടന്നത് സംസ്ഥാന സർക്കാരിന്റെ വായ്പയായി കണക്കാക്കുകയും അടുത്ത വർഷത്തെ വായ്പയിൽ നിന്ന് വെട്ടികുറയ്ക്കുന്ന ഒരു നയം കേന്ദ്രസർക്കാർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ ധനമാനേജ്മെ ന്റിനെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം compensation cess-ൽ വരുമാന നഷ്ടം ഉണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ഇത് 27-8-2020-ൽ കൂടിയ 41-ാമത് ജി. എസ്. ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ GST നഷ്ട പരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ GST Compensation പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ആകെ നഷ്ടപരിഹാര തുകയായ 2.35 ലക്ഷം കോടിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് കാരണ ഉണ്ടായിട്ടുള്ള നഷ്ടം 1.10 ലക്ഷം കോടിയായി തിട്ടപ്പെടുത്തുകയും ഇത് സംസ്ഥാനങ്ങൾക്ക് Special Window Facility യിലൂടെ വായ്പയായി നൽകി വരുകയും ചെയ്യുന്നുണ്ട്. കൂടാതെ കോവിഡ് മഹാമാരി സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതവും വരുമാന നഷ്ടവും നേരിടുന്നതിനായി കേന്ദ്രസർക്കാർ 2% അധിക വായ്പ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 1% നിബന്ധനകൾ ഇല്ലാതെയും 1% നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

(സി) ജി.എസ്.ടി. നടപ്പാക്കിയപ്പോൾ വാഗ്ദാനം ചെയ്തതുപോലെ സംസ്ഥാനത്തിന് വരുമാനനഷ്ടമുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുമെന്ന കേന്ദ്രസർക്കാർ വാഗ്ദാനം യഥാസമയങ്ങളിൽ നിറവേറ്റിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലു ണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി. എസ്. ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാ ക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16- ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്. ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ. എൻ. ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 & 2019-20 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക ചുവടെ ചേർക്കുന്നു year Protected Revenue (Cr.) Total collection (Cr.) Ad-hoc settlement (Cr.) Compensation Received (Cr.) 2017-18 16398 13502.68 736 2102 2018-19 24924 18631.85 2734.36 3532 2019-20 28416 19622.88 693.52 8111 ദ്വൈമാസക്കണക്കിൽ

ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തികവർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുകയാണ് നഷ്ടപരിഹാരം cess വഴി ലഭിച്ചത്, ഇതിനാൽ സംസ്ഥാന ങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക 4-6-2020-നും മാർച്ച് 2020-ലെ നഷ്ടപരിഹാര തുക 23-7-2020-നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. സാമ്പത്തിക വർഷം 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപ ആണ്. ഇതിൽ ഡിസംബർ 31, 2020 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിനു നല്കിയിട്ടുണ്ട്. കൂടാതെ, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST compensation പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 1897.80 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ GST നഷ്ടപരിഹാരമായി 3727.10 കോടി രൂപ (1829.3 cess + 1897.80 Spl Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ഡി) കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരുകൾക്ക് അധിക ഗ്രാന്റുകൾ നൽകുന്നകാര്യം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനയിൽ ഉൾപ്പെട്ടിട്ടുണ്ടോ; അങ്ങനെ ഒരാവശ്യം സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പുതുക്കിയ മെമ്മോറാണ്ടം 2020 മാർച്ച് മാസത്തിൽ തന്നെ സമർപ്പിച്ചിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിലെ ശിപാർശകൾ വ്യക്തമാകുകയുള്ളൂ. കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യം, സാമൂഹ്യ ക്ഷേമം, പുനരധിവാസം എന്നീ മേഖലകളിലുണ്ടായേക്കാവുന്ന കുത്തനെയുള്ള അധിക ചിലവുകൾ നേരിടുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 50% ആയി ഉയർത്തണമെന്നും, നിപ്പ, കോവിഡ്-19 തുടങ്ങിയ പൊതു ആരോഗ്യ ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും, കോവിഡ് മൂലം സംസ്ഥാന ധനസ്ഥിതിയ്ക്ക് ഉണ്ടായ കനത്ത ആഘാതം നേരിടുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ/ ധനകമ്മിയിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്നും മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു ശേഷം

ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ച 26-4-2020-ലെ കത്ത് പ്രകാരം കോവിഡ് 19-ഉം തുടർന്നുള്ള ലോക്ക് ഡൗണും കാരണം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടായ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിനും ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അഡീഷണൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ശക്തീകരണം

24(*54) ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സദയം മറുപടി നൽകുമോ ;

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പോലും സ്വകാര്യ മേഖലയ്ക്ക് വിറ്റഴിക്കുന്ന കേന്ദ്രസർക്കാരിന്റെ സമീപനത്തിന് ബദലായി മുൻ സർക്കാരിന്റെ കാലയളവിൽ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈത്താങ്ങ് നല്കി ലാഭത്തിലാക്കി സമൂഹത്തിന്റെ പൊതു ആസ്തികൾ സംരക്ഷിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന സർക്കാർ നിലപാട് വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്തുവരുന്നുണ്ട്. ഓരോരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം

കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഈ സർക്കാർ മെച്ചപ്പെടുത്തി ലാഭത്തിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരളാ സിറാമിക്സ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് 2019-20-ലെ ആഡിറ്റിനു മുൻപുള്ള വാർഷിക കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാർ കാലയളവിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായി നടപ്പിലാക്കിയ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നീ നടപടികളാണ് കേരളം നേരിട്ട വിവിധ പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സ്ഥാപനങ്ങൾക്ക് സാധ്യമായത്. വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽ നിന്ന് കൂടുതൽ ധനസഹായവും സർക്കാർ നൽകി വരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും കോവിഡിനെ തുടർന്നുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും പ്രവർത്തന മൂലധനത്തിന്

പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തിനൽകുകയും ചെയ്തുവരുന്നുണ്ട്. കെ.എം.എം.എൽ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു. പരിസ്ഥിതിക്കനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളുടെയും അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുവാൻ സാധിച്ചു. കേരളാ ആട്ടോമൊബൈൽസിൽ ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണ ത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചു. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും പുരോഗമിച്ചു വരുന്നു. ആട്ടോകാസ്റ്റിൽ ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ കാസിനബ് ബോഗി നിർമ്മിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് WHO അംഗീകാരവും, GMP സർട്ടിഫിക്കേഷനും NABL അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പി യിൽ നടപ്പിലാക്കിവരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഹാൻഡ് സാനിറ്റൈസർ, അണുനശീകരണ/ ശുചീകരണ വസ്തുക്കൾ തുടങ്ങിയവയുടെ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പദ്ധതികളുടെ ഭാഗമായി ജനത എന്ന ബ്രാൻഡിൽ ഫേസ് മാസ്കുകൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. ഏകദേശം ലക്ഷം മാസ്കുകൾ വിറ്റുകഴിഞ്ഞു. Anti Microbial Finished മാസ്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. വി.എസ്.എസ്.സി/ ഐ.എസ്.ആർ.ഒ എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും പ്രതിരോധ മേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കു ന്നതിനുമുള്ള നടപടികൾ നടപ്പിലാക്കി. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.

(ഡി) അടച്ചുപൂട്ടലിന്റെ വക്കത്തായിരുന്ന ചേർത്തല ഓട്ടോകാസ്റ്റിനെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളും ആയതിന്റെ അനന്തര ഫലങ്ങളും വ്യക്തമാക്കുമോ?

ആട്ടോകാസ്റ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ 16 കോടി രൂപയുടെ പ്രോജക്ട് ഫണ്ടും 27 കോടി രൂപയുടെ പ്രവർത്തന മൂലധന സഹായവും നൽകുകയുണ്ടായി. ഇതുപയോഗിച്ച് സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ റെയിൽവേ ബോഗി നിർമ്മാണത്തിനായുള്ള മെഷീനുകളുടെയും പണികൾ പൂർത്തീകരിച്ചു. ഈ കാലയളവിൽ കമ്പനിക്ക് RDSO യുടെ "A class foundry" അംഗീകാരം ലഭിച്ചിട്ടുണ്ട്. കാസിനബ് ബോഗിയുടെ പ്രൊട്ടോടൈപ്പ് വികസിപ്പിച്ചെടുത്തതിന്റെ ഫലമായി ഇന്ത്യൻ റെയിൽവേയുടെ ഡെവലപ്മെന്റ് ഓർഡറിൽ L 1 സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് ആവശ്യമായ കൺട്രോൾ വാൽവ് കാസ്റ്റിംഗുകൾ വിവിധ ഗ്രേഡുകളിൽ നിർമ്മിച്ചു നൽകുന്നതിനുള്ള ധാരണയിലേക്ക് എത്തിയിട്ടുണ്ട്. ഇതിനായി ഐ.ബി.ആർ (Indian Boiler Regulation) അംഗീകാരം നേടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കമ്പനിയുടെ കാസ്റ്റിംഗുകൾക്ക് കൂടുതൽ ആഭ്യന്തര വിപണിയും വിദേശ വിപണിയും കണ്ടെത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

25(*55) ശ്രീ. ബി. സത്യൻ:
ശ്രീ. പി. ടി. എ. റഹിം:
ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രേഖകൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 4,98,08,27,723 രൂപയും കേന്ദ്ര വിഹിതമായി 1,22,56,16,694 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 2,23,07, 27,236 രൂപയും കേന്ദ്ര വിഹിതമായി 1,38,10,61,182 രൂപയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി നടപ്പിലാക്കുന്ന കാരുണ്യ ബെനവലെന്റ് പദ്ധതിക്കായി 2020-21-ൽ സംസ്ഥാന സർക്കാർ 29,60,75,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കാരുണ്യ പദ്ധതിക്കായി മുൻ സർക്കാരിനെക്കാൾ എത്ര തുക ഈ സർക്കാർ അധികം ചെലവഴിച്ചിട്ടുണ്ട്?

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി മുൻ സർക്കാരിനേക്കാൾ 6,32,40,27,581 രൂപ ഈ സർക്കാർ അധികമായി ചികിത്സാ സഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) കാരുണ്യ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി വിപുലീകരിച്ചപ്പോൾ നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നഷ്ടമാകാതിരിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും കെ.എം.എസ്.സി.എൽ മുഖാന്തരം സി.എ.പി.ഡി (Continuous ambulatory peritoneal dialysis) രോഗികൾക്ക് ലഭ്യമായിരുന്ന മരുന്നുകൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ എംപാനൽഡ് ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടു. ഇതിനായി എസ്.എച്ച്.എ (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി)-യുടെ 24X7 കോൾസെന്ററിൽനിന്നും രോഗികളെ നേരിട്ട് വിളിക്കുകയും വിവരങ്ങൾ കൈമാറുകയും ചെയ്തു. കൂടാതെ കെ.ബി.എഫ് പദ്ധതിയിലെ പുതിയ ചികിത്സാ നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു. 1. ചികിത്സക്ക് യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് കാസ്പ് എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ആപ്ലിക്കേഷൻ നേരിട്ട് സമർപ്പിക്കാൻ കഴിയും. അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ് എന്നീ പ്രോസസ്സിംഗ് രേഖകളും ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ കിയോസ്കിലെ PMAM/MEDCO ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്ക് (DPC) കൈമാറുകയും DPC-മാർ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2. കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, ത്രിതീയ പരിചരണം, 25 സ്പെഷ്യാലിറ്റികളിൽ 1634 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജ്ജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജ്ജുകൾ, 15 ദിവസത്തെ പോസ്റ്റ് ഡിസ്ചാർജ്ജിനുള്ള മരുന്നുകൾ, ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സ എന്നിവ ഉൾപ്പെടുന്നു. 3. KASP ൽ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള 271 സ്വകാര്യ ആശുപത്രികളിൽനിന്നും ദ്വിതീയ, ത്രിതീയ ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികളിൽനിന്നും ചികിത്സ ലഭിക്കുന്നു. 4. കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ഹീമോഡയാലിസിസിന് Rs.900/സെഷൻ നിരക്കിൽ ലഭിക്കുന്നു. 5. 2020 സെപ്റ്റംബറോടെ നാഷണൽ ഹെൽത്ത് അതോറിറ്റി പോർട്ടലുമായി പുതിയ ഐ.ടി സംയോജനം നടപ്പാക്കിയതോടെ മുഴുവൻ പ്രക്രിയയും ഡിജിറ്റലൈസ് ചെയ്യപ്പെടുകയും രോഗികൾക്ക് കടലാസില്ലാതെ പണ രഹിത

ചികിത്സ ആനുകൂല്യങ്ങൾ അതിവേഗത്തിൽ ലഭ്യമാകുകയും ആശുപത്രികൾക്ക് ഓൺലൈനിൽ ക്ലെയിമുകൾ ഉയർത്താനും രജിസ്റ്റർ ചെയ്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ഒരു നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നേടാനും കഴിയും.

(ഡി) പ്രസ്തുത ചികിത്സ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചികിത്സ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദമായ ഉത്തരവ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

## ദേവസ്വം നിയമനം

26(*56) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സദയം മറുപടി നൽകുമോ :

(എ) ദേവസ്വം നിയമനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ദേവസ്വം നിയമനങ്ങൾക്കായി രൂപീകരിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ചെയർമാനും അംഗങ്ങൾക്കും പ്രത്യേക യോഗ്യതകൾ നിശ്ചയിക്കുകയും ബോർഡ് പുന:സംഘടിപ്പിച്ച് അംഗബലം ആറിൽനിന്നും മൂന്നായി കുറയ്ക്കുകയും ചെയ്തു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി "ദേവജാലിക" എന്ന റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നിയമന നടപടികൾ ഓൺലൈനാക്കിമാറ്റി. ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് രാജ്യത്ത് ആദ്യമായി 10% സംവരണം ഏർപ്പെടുത്തി. ഇതോടൊപ്പം ഈഴവ/ബില്ലവ/തിയ്യ സമുദായത്തിന് 3%-വും, മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് 3%-വും, പട്ടികജാതി സമുദായത്തിന് 2%-വും വീതം സംവരണം വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചിൻ, മലബാർ, കൂടൽമാണിക്യം, ഗുരുവായൂർ എന്നീ ദേവസ്വങ്ങളിലെയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെയും 64 തസ്തികകളിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി അപേക്ഷ ക്ഷണിക്കുകയും സെലക്ഷൻ നടപടികൾ പൂർത്തിയാക്കി 33 തസ്തികകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമന ശിപാർശ

നൽകുകയും ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റു പിന്നോക്ക സമുദായക്കാർ എന്നിവരിൽനിന്നും മതിയായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്ന തസ്തികകളിലേയ്ക്ക് പ്രത്യേക നിയമനം നടത്തുകയുണ്ടായി. കൂടാതെ 25-10-2019-ലെ സ.ഉ(കയ്യെഴുത്ത്) നമ്പർ 322/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആദ്യമായി മലബാർ ദേവസ്വം ബോർഡിന് 21 തസ്തികകൾ അനുവദിക്കുകയും 20-4-2020-ലെ സ.ഉ(അച്ചടി).നമ്പർ 4/2020/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമന ചട്ടങ്ങൾ (Malabar Devaswom Board Servants (Recruitment, Service and Conduct) Rules - 2020) രൂപീകരിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) 1995 മുതൽ സ്ഥിരനിയമനം നടത്തിയിട്ടില്ലാത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സ്ഥിര നിയമനം നടത്തിയിരുന്നോ; വ്യക്തമാക്കുമോ?

നടത്തിയിരുന്നു, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേയ്ക്ക് 310 പേരെയും രണ്ടാം ആനശേവുകം തസ്തികയിലേയ്ക്ക് 14 പേരെയും അസിസ്റ്റന്റ് എഞ്ചിനിയർ(സിവിൽ) തസ്തികയിലേയ്ക്ക് 13 പേരെയും ഓവർസിയർ ഗ്രേഡ്-3 (സിവിൽ) തസ്തികയിലേയ്ക്ക് 40 പേരെയും എൽ.ഡി ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് 94 പേരെയും സ്മിത്ത് തസ്തികയിലേയ്ക്ക് 2 പേരെയും അസിസ്റ്റന്റ് ലാ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് 2 പേരെയും സ്ഥിരം നിയമനം നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) കൊച്ചിൻ ദേവസ്വം ബോർഡിലും സമാനമായ രീതിയിൽ സംവരണതത്വം പാലിച്ച് നിയമനം നടത്തിയിട്ടുണ്ടോ?

ഉണ്ട്, കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് 150 പേരെയും കഴകം തസ്തികയിലേയ്ക്ക് 146 പേരെയും വാദ്യവിഭാഗത്തിൽപ്പെട്ട കുഴൽ തസ്തികയിലേയ്ക്ക് 10 പേരെയും നാദസ്വരം തസ്തികയിലേയ്ക്ക് 5 പേരെയും തകിൽ തസ്തികയിലേയ്ക്ക് 5 പേരെയും ഇലത്താളം തസ്തികയിലേയ്ക്ക് 5 പേരെയും സോപാനപ്പാട്ട് തസ്തികയിലേയ്ക്ക് 4 പേരെയും സംബന്ധി തസ്തികയിലേയ്ക്ക് 37 പേരെയും കിടുപിടി തസ്തികയിലേയ്ക്ക് 1 ഉദ്യോഗാർത്ഥിയെയും നിയമിക്കുന്നതിന് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി) ദേവസ്വം നിയമനങ്ങളിൽ ഈഴവസമുദായം ഉൾപ്പെടെയുള്ള പിന്നോക്കവിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മുന്നോക്കത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സംവരണാനുകൂല്യം വർദ്ധിപ്പി ച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്, 18-11-2019-ലെ സ.ഉ(അച്ചടി).നമ്പർ 79/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തുകയും ഈഴവ/ബില്ലവ/തിയ്യ സമുദായത്തിന് 3%-വും, മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് 3%-വും, പട്ടികജാതി സമുദായത്തിന് 2% -വും വീതം സംവരണം വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**ശബരിമല വികസനം**

27(*57) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി.ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സദയം മറുപടി നൽകുമോ :

(എ) ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി ഉയർത്തുന്നതിന് കേന്ദ്രസർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് 14-52015-ൽ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. ഇത് കൂടാതെ 2017-18 ലെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോട നുബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-11-2017-ൽ ചേർന്ന തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ മന്ത്രിമാരുടെ യോഗത്തിലും ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ ഐകകണ്ഠ്യേന തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് 22-1-2018-നു ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനം അറിയിച്ചിട്ടില്ല.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളുടെയും നിത്യനിദാന ചെലവ്, ജീവനക്കാരുടെ ശമ്പളം എന്നിവ ശബരിമല വരുമാനത്തെ അശ്രുയിച്ചാണ് നിലകൊള്ളുന്നത് എന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളും നിത്യനിദാന ചെലവ്, ജീവനക്കാരുടെ ശമ്പള ചെലവ് എന്നിവ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവയാണ്. ശബരിമലയിൽനിന്നുള്ള വരുമാനത്തെ ആശ്രുയിച്ചാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഈ ക്ഷേത്രങ്ങളിലെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നത്.

(സി) ശബരിമലയിൽ ഈ സീസണിലെ വരവ് എത്രയാണ്; കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര കുറവാണ് വരുമാനത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുൻ വർഷം സീസണിലെ വരവ് 163,68,33,692 രൂപയായിരുന്നു . എന്നാൽ, ഈ വർഷം 15-11-2020 മുതൽ 26-12-2020 വരെയുള്ള കണക്ക് പ്രകാരം ആകെ 9,96,72,736 രൂപയാണ് വരവ്. മുൻ വർഷത്തെ വരുമാനത്തേക്കാൾ 153,71,60,956 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(ഡി) കോവിഡ് പ്രതിസന്ധിമൂലം ശബരിമലയിലെ വരുമാനം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2018-ലെ പ്രളയം, ഇപ്പോഴത്തെ കോവിഡ് പ്രതിസന്ധി എന്നിവ മൂലമുണ്ടായ വരുമാനക്കുറവ് പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇതുവരെ 80 കോടി രൂപ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ഇ) ശബരിമലയുടെ ഇടത്താവളങ്ങളുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ടോ; ഇതിൽ ഏതൊക്കെ ഇടത്താവളങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ശബരിമലയിലേയ്ക്ക് പോകുന്ന തീർത്ഥാടകർക്ക് ഇടയ്ക്ക് വിശ്രമിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനും മറ്റും ഉതകത്തക്കരീതിയിൽ നിലയ്ക്കൽ, എരുമേലി, കഴക്കൂട്ടം, ചെങ്ങന്നൂർ, ശുകപുരം, മണിയൻകോട്, ചിറങ്ങര എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് 145 കോടി രൂപ ചെലവിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം കിഫ്ബി മുഖാന്തരം നിർവ്വഹിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിച്ചതിന് ശേഷം വർക്ക് ടെണ്ടർ ചെയ്ത് ഒരുമാസത്തിനകം പണികൾ ആരംഭിക്കുന്നതാണ്.

## ഭാഗ്യക്കുറി മേഖലയുടെ നവീകരണ പ്രവർത്തനങ്ങൾ

28(*58) <u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. എം. സ്വരാജ് :</u>
<u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഭാഗ്യക്കുറി മേഖലയുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഉണ്ടായിട്ടുള്ള വർദ്ധനവ് കൈകാര്യം ചെയ്യാൻ പ്രാപ്തമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കാലാനുസൃതമായി വകുപ്പിനെ നവീകരിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1) ടിക്കറ്റ് വില്പന വർദ്ധനവിനനുസൃതമായി വകുപ്പിനുവേണ്ടി 2 High End Server കൾ KSITM (kerala State IT Mission) മുഖേന വാങ്ങി Data Centre 2-ൽ സ്ഥാപിക്കുകയുണ്ടായി. 2) ഭാഗ്യക്കുറി മേഖലയിൽ ഉണ്ടായ അഭൂതപൂർവ്വമായ വളർച്ചയും, ഈ മേഖലയിലേയ്ക്ക് കൂടുതൽ ആൾക്കാരെ ആകർഷിക്കുന്നതിനും, ഏജന്റുമാർക്ക് സൗകര്യപ്രദമായ രീതിയിൽ സർവ്വീസുകൾ നൽകുന്നതിനും എല്ലാ പശ്ചാത്തല സൗകര്യങ്ങളോടും കൂടി 18 സബ് ലോട്ടറി ഓഫീസുകൾ ആരംഭിച്ചു. 3) വകുപ്പിൽ ഉണ്ടായിരിക്കുന്ന വില്പനവർദ്ധനവിനനുസരിച്ച് 'Audit' സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി കോഴിക്കോട് ആസ്ഥാനമാക്കി ഒരു Internal Audit Office ആരംഭിച്ചു. 4) ടിക്കറ്റ് വില്പനയും അനുബന്ധ പ്രവർത്തനങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി പുതിയ കമ്പ്യൂട്ടർ ഹാർഡ് വെയറുകൾ E-Tender മുഖേന വാങ്ങി ഓഫീസുകൾക്ക് വിതരണം നടത്തി. (PC-250, Printer-80, UPS-16 തുടങ്ങിയവ) 5) ധന വിനിമയം നടത്തുന്ന ഭാഗ്യക്കുറി വകുപ്പിന് കീഴിലുള്ള 19 ഓഫീസുകളിൽ സെക്യൂരിറ്റി വർദ്ധിപ്പിക്കുന്നതിനായി CCTV System കെൽട്രോൺ മുഖാന്തരം സ്ഥാപിച്ചു. 6) വകുപ്പിന് കീഴിൽ ജോലി നോക്കുന്ന ജീവനക്കാരുടെ Attendance രേഖപ്പെടുത്തുന്നതിനായി AEBAS (Adhaar Enabled Bio-Metric Attendace Management System) കെൽട്രോൺ മുഖാന്തരം നടപ്പിലാക്കി. 7) ലോട്ടറി ടിക്കറ്റ് വില്പനയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഉണ്ടായ വർദ്ധനവ് കൈകാര്യം ചെയ്യാൻ പ്രാപ്തമായ പുതിയൊരു Software NIC മുഖാന്തിരം രൂപകൽപ്പന നിർവ്വഹിച്ച് മാർച്ച് 2020-ഓടെ വകുപ്പിൽ നടപ്പിലാക്കി. 8) ഭാഗ്യക്കുറി ടിക്കറ്റുകളിലെ സെക്യൂരിറ്റി സംവിധാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ടിക്കറ്റുകളിൽ നൂതന സെക്യൂരിറ്റി ഫീച്ചറുകളായ QR Code, Microtext, Gulloche Pattern, Opaque Text, Relief Pattern, Void Pantograph എന്നിവ കൊണ്ടുവന്നു. 9) കേരള ഭാഗ്യക്കുറി ടിക്കറ്റുകളിലെ സെക്യൂരിറ്റി ഫീച്ചറുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും സംശയാസ്പദമായ ടിക്കറ്റുകളുടെ genuineness പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി C-dit-ന്റെ സാങ്കേതിക സഹായത്തോടെ ഒരു സെക്യൂരിറ്റി ലാബ് ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സ്ഥാപിച്ചു. 10) ഭാഗ്യക്കുറി ടിക്കറ്റുകളുടെ genuineness പരിശോധിക്കുന്നതിന് ഏജന്റുമാർക്കും പൊതുജനങ്ങൾക്കുമായി 'ഭാഗ്യകേരളം' എന്ന Mobile Application NIC -യുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി. 11) സംസ്ഥാന ഭാഗ്യക്കുറി വകുപ്പുമായി ബന്ധപ്പെട്ട വാർത്തകൾ, നോട്ടിഫിക്കേഷൻ, റിസൾട്ടുകൾ എന്നിവ പൊതുജനങ്ങളെ അറിയിക്കാൻ statelotteries@kerala.gov.in എന്ന ഒരു Website കെൽട്രോൺ മുഖാന്തരം രൂപ കൽപ്പന ചെയ്ത് പുറത്തിറക്കി. 12) വകുപ്പിൽ ഉപയോ

ഗത്തിലിരുന്ന പഴയ കമ്പ്യൂട്ടറുകൾ replace ചെയ്ത് 220 കമ്പ്യൂട്ടറുകൾ CPRCS വഴി മാറി 2021 ജനുവരി മാസം വിതരണം നടത്തി. 13) തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, താമരശ്ശേരി, ആലപ്പുഴ എന്നീ ഓഫീസുകൾ ഫർണിഷിംഗ് നടത്തി. കൂടാതെ 14 ജില്ലാ ഓഫീസുകൾ Networking & Power Wiring revamp നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കോവിഡ് കാലത്തെ പ്രതിസന്ധികൾക്കിടയിലും ലോട്ടറി മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19 ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാര ഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160 ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ആയതിനാൽത്തന്നെ വകുപ്പിന് ഏറെ സാമ്പത്തിക പ്രത്യാഘാതം നേരിടേണ്ടിവന്നു. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡാനന്തര ധനസഹായമെന്ന നിലയിൽ ഭാഗ്യക്കുറി തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 1000 രൂപ വീതം രണ്ട് മാസമായി 2000 രൂപയുടെ ധനസഹായം വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് വ്യാപനത്തെത്തുടർന്ന് ഒരു വില്പനയുമില്ലാത്ത അവസ്ഥയിൽനിന്നും ഭാഗ്യക്കുറി മേഖലയെ പുനർജീവിപ്പിക്കുന്നതിനും ലോട്ടറി തൊഴിലാളികൾക്ക് ഉപജീവന മാർഗ്ഗത്തിന് വഴിയൊരുക്കുന്നതിനുമായി ഭാഗ്യക്കുറികളുടെ എണ്ണം പരിമിതപ്പെടുത്തികൊണ്ട് വില്പന ആരംഭിച്ചു. തൊഴിലാളികൾക്ക് ടിക്കറ്റെടുത്ത് വില്പന നടത്തുന്നതിന് മുൻകൂറായി 3,500 രൂപയുടെ ക്രഡിറ്റ് കൂപ്പൺ ക്ഷേമനിധി ബോർഡ് മുഖേന നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിലും സർക്കാർ നൽകിയ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ടിക്കറ്റുകൾ വിൽപ്പന നടത്തുന്ന തിലേക്കായി ഭാഗ്യക്കുറി ഓഫീസുകൾ പ്രവർത്തിപ്പിക്കുകയും അതുവഴി അവരുടെ ജീവിതോപാധിയായ ഭാഗ്യക്കുറി വിൽപ്പന തിരിച്ചുപിടിക്കുന്നതിന് വകുപ്പ് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു പുതിയ പ്രതിമാസ ഭാഗ്യക്കുറി കേരളപ്പിറവി ദിനമായ 1-11-2020-ന് വിൽപ്പന ആരംഭിക്കുകയും ആയതിന്റെ ആദ്യ നറുക്കെടുപ്പ് 6-12-2020 ഞായറാഴ്ച നടത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ലോട്ടറി മേഖല പൂർണ്ണമായും നിശ്ചലമായ അവസ്ഥയിൽ നിന്നും കരകയറി നിലവിൽ ഓരോ ലോട്ടറിയ്ക്കും ഏകദേശം 90 ലക്ഷം ടിക്കറ്റുകൾ വില്പന നടത്തുന്നുണ്ട്. ആഴ്ചയിൽ അഞ്ച് ലോട്ടറികളും ഒരു പ്രതിമാസ ലോട്ടറിയും ബമ്പർ ലോട്ടറികളും നടത്തി വരുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ നികുതി ഏകീകരണം സംസ്ഥാന ലോട്ടറിയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നികുതി ഏകീകരണം ഇതരസംസ്ഥാന നിയമവിരുദ്ധ ലോട്ടറികൾ കേരളത്തിൽ കടന്നുവരാനുള്ള ശ്രമങ്ങൾക്ക് ഉത്തേജനം നൽകുന്നതാണ്. സംസ്ഥാന സർക്കാരിന്റെ എതിർപ്പ് വോട്ടിനിട്ടാണ് GST കൗൺസിലിൽ മറികടന്ന് നികുതി ഏകീകരണം നടപ്പിലാക്കിയത്. വ്യത്യസ്ത നിരക്കുകൾ കോടതിപോലും അംഗീകരിച്ച സാഹചര്യത്തിൽ നികുതി ഏകീകരണം കൊണ്ടുവരാൻ ശ്രമിച്ചത് ദുരൂഹമാണ്. നികുതി നിരക്ക് 28 -ൽ നിന്ന് താഴ്ത്തിമേടിക്കാൻ ഇടനിലക്കാരായ ലോട്ടറി കച്ചവടക്കാർ നടത്തിയ ശ്രമത്തെ പരാജയപ്പെടുത്താനും കഴിഞ്ഞു. നികുതി ഏകീകരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ലോട്ടറി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാതെ ഇതര സംസ്ഥാന ലോട്ടറികളുടെ കടന്നു കയറ്റത്തെ ചെറുക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1) മുഖവില ഉയർത്തി. നികുതി വർദ്ധനയ്ക്കാനുപാതികമായി ഭാഗ്യക്കുറി ടിക്കറ്റുകളുടെ ഘടനയും സ്കീമും പരിഷ്കരിച്ചു. 2) നികുതി എകീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികൾ കേരളത്തിൽ വില്പന നടത്തുന്നത് സ്റ്റേറ്റ് ജി.എസ്.ടി ഡിപ്പാർട്ട്മെന്റ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമുള്ള 'ഇൻഫർമേഷൻ" നൽകിക്കൊണ്ടുമാത്രമെ കഴിയുകയുള്ളൂ. 3) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാർ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറികൾ വില്പന നടത്താൻ പാടുള്ളതല്ല എന്ന ഉത്തരവ് നിലവിലുണ്ട്.

(ഡി) ഇതര സംസ്ഥാന ലോട്ടറികൾക്ക് സഹായകരമാകുന്ന കേന്ദ്രസർക്കാർ തീരുമാനം മറികടന്ന് അനേകായിരങ്ങളുടെ ഉപജീവനമാർഗ്ഗമായ സംസ്ഥാന ലോട്ടറിയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇന്ത്യയിലാകമാനം ചരക്ക് സേവന നികുതി നടപ്പിലാക്കിയ സാഹചര്യത്തിൽ കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന നടത്തുന്ന രജിസ്റ്റേഡ് ഏജന്റുമാർ കർശനമായും പാലിക്കേണ്ട വ്യവസ്ഥകൾ 28-7-2017 തീയതിയിലെ G.O.(MS) No. 61/2017/Taxes പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു. 1) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാർ അന്യസംസ്ഥാന ഭാഗ്യക്കുറി വില്പന നടത്താൻ പാടുള്ളതല്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. 2) ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, വില്പനക്കാർ, റീട്ടെയിലർമാർ എന്നിവരും ഈ നിബന്ധന പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് രജിസ്റ്റേഡ് ഏജന്റിന്റെ ഉത്തരവാദിത്തമാണ്. അല്ലാത്തപക്ഷം

ഏജന്റിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. Kerala Good & Service Tax Amendment Rule 2017-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രമെ കേരളത്തിനുള്ളിൽ ലോട്ടറി ടിക്കറ്റുകൾ വിൽപ്പന നടത്താൻ പാടുള്ളൂ. കേരള സംസ്ഥാനത്തിനുള്ളിലുള്ള ലോട്ടറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിനായി കൊണ്ടുവന്നിട്ടുള്ള കേരള സംസ്ഥാന ഭേദഗതി റൂൾ ഭേദഗതി 2018 ബഹു.ഹൈക്കോടതി ultra vires ആണെന്ന വിധി പറഞ്ഞ സാഹചര്യത്തിൽ ടി വിധിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധ ലോട്ടറികൾക്കെതിരെ സ്വീകരിക്കേണ്ട നിലപാടുകൾ സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഏജന്റുമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### സി. ആൻഡ് എ.ജി. റിപ്പോർട്ട് കിഫ്ബിക്ക് നൽകിയ നടപടി

29(*59 ) <u>ശ്രീ. എ. പി. അനിൽ കുമാർ :</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>
<u>ശ്രീ. കെ. സി. ജോസഫ് :</u>
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സദയം മറുപടി നൽകുമോ :

(എ) സി. ആൻഡ് എ.ജി.യുടെ 2018-19- ലെ സംസ്ഥാന സർക്കാരിനെ സംബന്ധിക്കുന്ന ഫൈനാൻസ് അക്കൗണ്ട്സ് റിപ്പോർട്ടിലെ കിഫ്ബിയെ സംബന്ധിക്കുന്ന ഭാഗത്തിന്റെ കോപ്പിയെടുത്ത് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കിഫ്ബി സി.ഇ.ഒ.-ക്ക് നൽകിയിട്ടുണ്ടോ ;

(ബി) നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് രഹസ്യമായി സൂക്ഷിക്കേണ്ട റിപ്പോർട്ട് ഇത്തരത്തിൽ പകർപ്പെടുത്ത് മറ്റൊരു ഏജൻസിക്ക് നൽകിയ നടപടി നിലവിലുള്ള ചട്ടങ്ങൾക്കും ഒഫിഷ്യൽ സീക്രട്ട് ആക്ടിന്റെയും ലംഘനമല്ലേ എന്ന് വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അഡീഷണൽ ചീഫ് സെക്രട്ടറിയിൽനിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അദ്ദേഹം നൽകിയ വിശദീകരണം വ്യക്തമാക്കുമോ ?

(എ-സി) സി. ആൻഡ് എ.ജി.-യുടെ 2018-19 ലെ സംസ്ഥാന സർക്കാരിനെ സംബന്ധിക്കുന്ന ഫൈനാൻസ് അക്കൗണ്ട്സ് റിപ്പോർട്ടിലെ കിഫ്ബിയെ സംബന്ധിക്കുന്ന ഭാഗത്തിന്റെ കോപ്പി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കിഫ്ബി സി.ഇ.ഒ.ക്ക് നൽകിയിട്ടില്ല.

## വൈദ്യുതോല്പാദന-വിതരണരംഗത്തുണ്ടായ നേട്ടങ്ങൾ

30(*60) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണ വിഭാഗത്തിന് കീഴിൽ വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ 'ദ്യുതി 2021' പദ്ധതിയും, എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുന്നതിനായി സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. ദ്യുതി 2021 :- വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിനും വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തി നിർമാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും ആവിഷ്കരിച്ച 'ദ്യുതി 2021' പദ്ധതിയിൽ; പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലക ശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്നു. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 1107 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. സമ്പൂർണ്ണ

വൈദ്യുതീകരണ പദ്ധതി :- കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധന സ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്തി വയറിംഗ് നടത്തുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബൃഹത്പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ നടപ്പിലാക്കിയത്. ഇതിനായി, പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായും രജിസ്ട്രേഷൻ നടത്തുന്നതിനുമായി ഒരു ഓൺലൈൻ പോർട്ടൽ തുറന്നിരുന്നു. കൂടാതെ വൈദ്യുതി കണക്ഷൻ ആവശ്യമുള്ളവർ ഒരു മൊബൈൽ നമ്പറിൽ മിസ്ഡ്കാൾ നൽകിയാൽ അവരെ തിരിച്ചു ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ക്രമീകരണവും ചെയ്തിരുന്നു. അപേക്ഷ സമർപ്പിക്കാൻ പോലും കഴിയാതിരുന്ന ഗുണഭോക്താക്കളുൾപ്പെടെയുള്ളവരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ജനപ്രതിനിധികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി വനത്തിനുള്ളിൽകൂടി വൈദ്യുതി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിരുന്നു. ലൈൻ വലിക്കുന്നത് സംബന്ധിച്ച് തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിലനിൽക്കുന്ന സാഹചര്യങ്ങളിൽ റവന്യൂ വകുപ്പിൽ നിന്നും കോടതിയിൽ നിന്നും ഉത്തരവുകൾ ആവശ്യമായിരുന്നു. അനുമതികൾ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.ഉം മറ്റു ബന്ധപ്പെട്ട വകുപ്പുകളും ചേർന്നു നടത്തിയ ചർച്ചകളുടെ ഫലമായി തടസ്സങ്ങൾ നീക്കുകയും വൈദ്യുതി ലഭ്യമാക്കുകയും ചെയ്തു. ഇതിൽ ഇടമലക്കുടി, പോങ്ങിൻ ചുവട്, ആര്യനാട്, റോസ്മല, കുറത്തിക്കുടി, കാട്ടുകുടി, മേമാരി, ലക്കംകുടി, കമ്മാലംകുടി, പെരിയകുടി, കുത്തുകാൽകുടി, പറശ്ശിക്കടവ്, ചുള്ളിക്കാട്, അരേക്കാപ്പ് തുടങ്ങിയ പ്രദേശങ്ങൾ വ്യക്തമായ പാത പോലുമില്ലാത്ത വനപ്രദേശങ്ങളായിരുന്നു. എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി ഉപയോഗിക്കാമെന്നുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുകയും, ആ ഫണ്ട് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ വൈദ്യുത വിതരണ ശൃംഖല വിപുലീകരിക്കുന്നതിനായി വിനിയോഗപ്പെടുത്തുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് വേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കുന്ന തുക കൂടാതെയുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക, എന്നിവയിൽ നിന്നാണ് കണ്ടെത്തിയത്.

പദ്ധതിയുടെ ഭാഗമായി 1,50,219 ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിച്ചു നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കുന്നതിനായി പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ വൈദ്യുതി എത്താത്ത കോളനികളിൽ അനെർട്ടിന്റെ നേതൃത്വത്തിൽ സോളാറിൽ പ്രവർത്തിക്കുന്ന വൈദ്യുത സംവിധാനം ഒരുക്കി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഊർജ്ജ മേഖലയിൽ വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടു വന്ന PAT Cycle 2 ഈ കാലയളവിൽ KSEB വിജയകരമായി പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2020 നവംബർ വരെ 1714280 എണ്ണം സർവീസ് കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനത്തിൽ ഉണ്ടായ വർദ്ധന എത്രയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആഭ്യന്തര ജലവൈദ്യുതോൽപാദനത്തിൽ 25.15 മെഗാവാട്ട് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 259.2785 മെഗാവാട്ട് സൗരോർജ്ജ പദ്ധതികൾ ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും 27 മെഗാവാട്ട് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആഭ്യന്തര ഉല്പാദനത്തിൽ ആകെ 311.42 മെഗാവാട്ടിന്റെ വർദ്ധനവ് ആണ് ഇക്കാലയളവിൽ ഉണ്ടായിരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോല്പാദനം എത്ര മെഗാവാട്ട് ആയിരുന്നുവെന്നും ഇപ്പോൾ അത് എത്ര മെഗാവാട്ട് ആണെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2.1594 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 259.2785 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിൽ 8.5 മെഗാവാട്ട് അനെർട്ട് മുഖാന്തരം സ്ഥാപിച്ച സൗരോർജ്ജ നിലയങ്ങളിൽ നിന്നാണ്.

(ഡി) പവർ കട്ടില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പവർ കട്ട് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285 MW-ന്റെ പദ്ധതികളാണ് പൂർത്തിയാ

ക്കിയിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു. കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലുള്ളത് ഈ സർക്കാർ അധികാരത്തി ലേറിയശേഷം ആകെ 65 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ ആറ് 220 കെ.വി സബ്സ്റ്റേഷനുകളും, ഇരുപത്തിയഞ്ച് 110 കെ.വി സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. 2021 -ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2020 നവംബർ വരെ, ഏകദേശം 17 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 8406 കി മീ എച്ച് റ്റി ലൈൻ, 17369 കി മീ എൽ റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി മീ എൽ റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിച്ചു. അനർട്ട് മുഖേന താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. (1) കൺസൽട്ടൻസി-ഡെപ്പോസിറ്റ് പ്രവൃത്തികൾ (2) ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി (3) ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി (4) കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള റോഡ് ഫണ്ട് അതോറിറ്റിക്ക് നൽകിയ തുക

1 (388) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് റോഡ് സുരക്ഷയ്ക്കായി കേരള റോഡ് ഫണ്ട് അതോറിറ്റിക്ക് നല്കാൻ ഇതിനോടകം എത്ര രൂപ സമാഹരിച്ചുവെന്നും ഇതിൽ എത്ര തുക അതോറിറ്റിക്ക് കൈമാറിയെന്നും വെളിപ്പെടുത്തുമോ?

(കണക്ക് കോടിയിൽ)

| വർഷം | കെ.ആർ.എസ്.എ ആക്ട് 2007 പ്രകാരം ശേഖരിച്ച തുക | നൽകിയ തുക |
|---|---|---|
| 2016-17 | 85.34 | 0 |
| 2017-18 | 98.24 | 0 |
| 2018-19 | 99.31 | 0 |
| 2019-20 | 113.1 | 20 |
| ആകെ | 395.99 | 20 |

2020-21-ലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റഡ് അക്കൗണ്ട്സ് ലഭ്യമായിട്ടില്ല.

**പെട്രോൾ, ഡീസൽ വിലകൾ**

2 (389) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിലയുടെ അടുത്തെത്തിനില്ക്കുന്ന പെട്രോൾ, ഡീസൽ വിലകൾ സംസ്ഥാനത്തെ സമ്പദ്ഘടനയെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പെട്രോൾ, ഡീസൽ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളം ഭക്ഷ്യ വസ്തുക്കളുൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയ്ക്കായി മറ്റു സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പെട്രോൾ, ഡീസൽ വിലയിലെ വർദ്ധനവ് ചരക്ക് ഗതാഗത ചെലവിൽ വർദ്ധനയുണ്ടാക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്യുന്നു. കൂടാതെ, പെട്രോൾ, ഡീസൽ വില വർദ്ധനവ് നിർമ്മാണ മേഖലയിലേയും മറ്റ് അനുബന്ധ മേഖലയിലേയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതുവഴി അസംഘടിത മേഖലയിലെ തൊഴിൽ നഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. പെട്രോൾ, ഡീസൽ വില വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പൊതുവിൽ പ്രതികൂലമായാണ് ബാധിച്ചിട്ടുള്ളത്.

## നികുതി സേവനങ്ങൾ സമ്പൂർണ്ണമായി ഓൺലൈൻ ആക്കി മാറ്റുന്ന നടപടികൾ

3 (390) പ്രൊഫ. കെ. യു അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി സേവനങ്ങൾ സമ്പൂർണ്ണമായി ഓൺലൈനാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി പീരിഡിൽ ഇന്ത്യ മുഴുവനായും കച്ചവടക്കാരുടെ നികുതി സംബന്ധമായ രജിസ്ട്രേഷൻ, റിട്ടേൺ ഫയൽ ചെയ്യൽ, നികുതി അടയ്ക്കൽ, റീഫണ്ട് വാങ്ങൽ, അപ്പീൽ ഫയൽ ചെയ്യൽ, ചരക്ക് കൈമാറ്റത്തിനാവശ്യമായ ഇ-വേ ബിൽ തയ്യാറാക്കൽ എല്ലാംതന്നെ ജി.എസ്.ടി.എൻ എന്ന നെറ്റ് വർക്ക് മുഖേന ഓൺ ലൈനായാണ് നടക്കുന്നത്. കച്ചവടക്കാരുടെ അസസ്സ്മെന്റ് തീർപ്പാക്കുന്നതിനും നോട്ടീസ് അയയ്ക്കുന്നതിനും കുടിശ്ശിക തുക അടയ്ക്കുന്നതിനുമെല്ലാമുള്ള സംവിധാനം ജി.എസ്.ടി.എൻ എന്ന നെറ്റ് വർക്ക് മുഖേന ഓൺലൈനായി ഉണ്ട്. കച്ചവടക്കാരെയും ജി.എസ്.ടി.എൻ നെറ്റ് വർക്കിനേയും സംസ്ഥാന ജി.എസ്.ടി ഓഫീസർമാരെയും ഓൺലൈനായി ബന്ധിപ്പിക്കുന്നതിന് സുശക്തമായ ഒരു ബാക്ക്എൻഡ് സംവിധാനവും കേരള ജി.എസ്.ടി ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ജി.എസ്.ടി പീരീഡിനു മുമ്പുള്ള കുടിശ്ശിക ആംനസ്റ്റി വഴി തീർപ്പാക്കുന്നതിനുള്ള ഓൺലൈൻ പേമെന്റ് സംവിധാനവും കേരള ഫ്ലഡ് സെസ്സ് ഒടുക്കുന്നതിനുള്ള ഓൺലൈൻ പേമെന്റ് സംവിധാനവും കേരള ജി.എസ്.ടി ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനും അംഗീകരിക്കുന്നതിനുമായി ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഓൺലൈൻ സംവിധാനമായ സങ്കേതം, സുവേഗ എന്നീ സോഫ്റ്റ്വെയറുകളെ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് റവന്യൂ വകുപ്പ് നിലവിൽ ഈടാക്കിവരുന്ന ഒറ്റത്തവണ/ ആഡംബര നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നിലവിൽ ഓൺലൈനായി സ്വീകരിച്ചുവരുന്ന ഭൂനികുതി, പോക്കുവരവ് ഫീസ് എന്നീ നികുതികൾക്കൊപ്പം കെട്ടിട ഉടമകളിൽനിന്നും ഒറ്റത്തവണ/ആഡംബര നികുതികൾ ഓൺലൈനായി സ്വീകരിക്കുന്നതിനുമുള്ള 'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം' എന്ന സോഫ്റ്റ്വെയർ വ്യാപകമായി നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ 3-11-2020-ലെ സ.ഉ.(കൈ) നമ്പർ 264/2020/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട നികുതി സമ്പൂർണ്ണമായി ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി ഐ.കെ.എം സഞ്ചയ എന്നൊരു

ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നിലവിൽ ഈ സോഫ്റ്റ്‌വെയർ നടപ്പാക്കൽ ഗ്രാമപഞ്ചായത്തിൽ 100 ശതമാനവും മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ 70 ശതമാനവുമാണ്. മോട്ടോർ വാഹന വകുപ്പിൽ നികുതി സംബന്ധമായ ഭൂരിഭാഗം സേവനങ്ങളും ഓൺലൈൻ ആയിട്ടാണ് സ്വീകരിച്ചു വരുന്നത്. ഇതിനായി കേന്ദ്ര സർക്കാരിന്റെ ' പരിവാഹൻ' എന്ന സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. പരിവാഹൻ സോഫ്റ്റ്‌വെയർ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ പൂർണ്ണതോതിൽ സജ്ജീകരിക്കുന്ന മുറയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വാഹനങ്ങളുടെ നികുതിയും ഓൺലൈൻ ആയി സ്വീകരിക്കുന്നതാണ്. എക്സൈസ് വകുപ്പിൽനിന്നും നൽകുന്ന സേവനങ്ങളിൽ ഓൺലൈൻ സർവ്വീസ് പോർട്ടൽ മുഖാന്തരം നിലവിൽ 21 ഇനം സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നു. ഈ സേവനങ്ങളുടെ ഫീസുകൾ, ഡ്യൂട്ടികൾ, നികുതികൾ എന്നിവ ഓൺലൈനായിത്തന്നെ ഒടുക്കുവരുത്തുന്നതിനുള്ള സൗകര്യവും ഇ-സർവ്വീസ് പോർട്ടലിൽ ലഭ്യമാണ്. എക്സൈസ് വകുപ്പിൽനിന്നും നൽകിവരുന്ന നികുതി സേവനങ്ങളായ ലൈസൻസ് ഫീസുകൾ, എക്സൈസ് ഡ്യൂട്ടികൾ, വൃക്ഷ കരം എന്നിവ ഉൾപ്പെടെ നിലവിൽ ഭാഗികമായി ഓൺലൈൻ സംവിധാനത്തിലൂടെ നൽകിവരുന്ന സേവനങ്ങളും പുതുതായി ഉൾപ്പെടുത്തിയ സേവനങ്ങളും ഉൾപ്പെടെ 21 ഇനം സേവനങ്ങൾകൂടി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) നികുതി സേവനങ്ങൾ ഓൺലൈനായി മാറ്റിയതിനെ തുടർന്ന് നികുതി വർദ്ധനവിൽ വന്ന മാറ്റങ്ങളെക്കുറിച്ച് വിശദമാക്കാമോ?

നികുതി സേവനങ്ങൾ ഓൺലൈനായി മാറ്റിയതിനെ തുടർന്ന് വിവിധ വകുപ്പുകളിൽ നികുതി വർദ്ധനവിൽ വന്ന മാറ്റങ്ങൾ താഴെപ്പറയും പ്രകാരമാണ്. 2018-19 ലെ ജി.എസ്.ടി വരുമാനം 18,384.85 കോടി ആണ്. 2019-20 ആയപ്പോഴേക്കും 19,379.40 കോടി ആയി വർദ്ധിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ജി.എസ്.ടി നികുതിവരുമാനത്തെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ ഓൺലൈൻ സംവിധാനത്തിന്റെ കാര്യക്ഷമതയെ വിലയിരുത്താനുള്ള സാഹചര്യമില്ല. നികുതി വരുമാനം കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി ഇ-ഇൻവോയിസിംഗ്, QRMP (Quarterly Return Monthly Payment) തുടങ്ങിയ സംവിധാനങ്ങൾ ഈ വർഷം മുതൽ പ്രാവർത്തികമാക്കുവാൻ ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 2020-21 സാമ്പത്തിക വർഷത്തിൽ നികുതി സ്വീകരിക്കൽ പൂർണ്ണമായി ഓൺലൈൻ ആക്കിയെങ്കിലും കോവിഡ്-19 പ്രതിബന്ധങ്ങൾ സൃഷ്ടിച്ച ആഘാതത്തിൽപ്പെട്ട് വാഹനങ്ങൾ പൂർണ്ണമായും സർവ്വീസ് നടത്താത്തതിനാലും നിരവധി വാഹനങ്ങൾക്ക് സർക്കാർ ഭൂരിഭാഗം നികുതി ഇളവ് നൽകിയതിനാലും വാഹന ഉടമകൾ നികുതിയിളവിനായി വാഹനങ്ങൾ ഉപയോഗിക്കാതിരുന്നതിനാലും സർക്കാരിന്റെ

വരുമാനത്തിൽ വലിയ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ആയതിനാൽ നികുതി സേവനങ്ങൾ ഓൺലൈൻ ആക്കിയതിന്റെ പ്രയോജനം മോട്ടോർ വാഹന വകുപ്പിന് പൂർണ്ണമായും പ്രയോജനപ്പെട്ടിട്ടില്ല. എക്സൈസ് വകുപ്പിൽ മറ്റുപല കാരണങ്ങളാലും നികുതി നികുതിയേതര വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ടെങ്കിലും സേവനങ്ങൾ ഓൺലൈനാക്കുന്നതുമൂലം വരുമാനത്തിൽ യാതൊരുവിധ മാറ്റവും ഉണ്ടായിട്ടില്ല.

## ഡി.എ. കുടിശ്ശിക

4 (391) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നിലവിൽ ഇതുവരെ എത്ര ശതമാനം ഡി.എ. കുടിശ്ശിക നൽകുവാനുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3% ക്ഷാമബത്തയും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5% ക്ഷാമബത്തയും ആനുപാതികമായ ക്ഷാമബത്ത കുടിശ്ശികയായി നൽകാനുണ്ട്.

(ബി) ജീവനക്കാർക്കും അദ്ധ്യാപകർക്കും സർവീസ് ചരിത്രത്തിലില്ലാത്ത വിധം ഡി.എ. കുടിശ്ശിക വരുത്തിയതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുമോ ;

(സി) ജീവനക്കാർക്ക് ലഭ്യമാക്കാനുള്ള മുഴുവൻ ഡി.എ. കുടിശ്ശികയും അടിയന്തരമായി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) തുടർച്ചയായി ഉണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവ സംസ്ഥാനത്തിന്റെ വരുമാനത്തെ ഗണ്യമായി ബാധിച്ച പശ്ചാത്തലത്തിലാണ് ഇത് സംഭവിച്ചത്. അതിനാലാണ് കേന്ദ്ര സർക്കാർ, ഡി.എ. അനുവദിക്കുന്ന കാലഘട്ടത്തിൽ തന്നെ അതേ ഡി.എ. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത്. പ്രസ്തുത ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചു നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## മസാല ബോണ്ട്

5 (392) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയുടെ ധനസമാഹരണത്തിന് മസാല ബോണ്ടിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു?

കിഫ്ബി മസാല ബോണ്ടിലൂടെ 2150 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക കിഫ്ബിയുടെ ഏതൊക്കെ പ്രവൃത്തികളിലാണ് ഇതിനകം വിനിയോഗിച്ചത്?

മസാല ബോണ്ടിലൂടെ സമാഹരിച്ച തുക വിനിയോഗിച്ച പ്രവൃത്തികളുടെ പാക്കേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) മസാല ബോണ്ടിന്റെ പലിശ നിരക്ക് എത്ര ശതമാനമാണെന്നും പലിശ ഇനത്തിൽ ഇതിനകം എത്ര കോടി രൂപ നൽകേണ്ടി വന്നുവെന്നും വ്യക്തമാക്കുമോ?

മസാല ബോണ്ടിന്റെ പലിശ നിരക്ക് 9.723% ആണ്. പലിശ ഇനത്തിൽ ഇതിനകം 313,77,32,582 രൂപ നൽകിയിട്ടുണ്ട്.

## സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ നിയന്ത്രണം

6 (393) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികത്തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സർക്കാർ ഏതെങ്കിലും സംവിധാനം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

(എ&ബി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി നിലവിൽ സംസ്ഥാനത്ത് കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2013 (KPID Act, 2013) നിലവിലുണ്ട്. എന്നാൽ 2019-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ബഡ്സ് ആക്ട് (ബാനിംഗ് ഓഫ് അൺ റെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീംസ് ആക്ട്) നിലവിൽ വന്നതോടെ, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത ആക്ടിന്റെ ചുവട് പിടിച്ച് സംസ്ഥാനം ബഡ്സ് റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്റ്റേറ്റ് ബഡ്സ് റൂൾസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ആഭ്യന്തര വകുപ്പ് സെക്രട്ടറി ശ്രീ. സഞ്ജയ് എം. കൗളിനെ കോംപീറ്റന്റ് അതോറിറ്റിയായും എല്ലാ ജില്ലാ കളക്ടർമാരേയും കോംപീറ്റന്റ് അതോറിറ്റിയെ സഹായിക്കുന്ന ഉദ്യോഗസ്ഥരായും നിയമിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 കോടതികളെ നിയമ നടപടികൾക്കായി ഡെസിഗ്നേറ്റഡ് കോർട്ടായി തിരുമാനിച്ചിട്ടുണ്ട്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണങ്ങൾക്കായി നിലവിൽ ചരക്ക് സേവന നികുതി വകുപ്പ്, കേരള മണി ലെൻഡിംഗ് ആക്ട് 1958 പ്രകാരമാണ് നടപടികൾ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വീകരിച്ചു വരുന്നത്. പ്രസ്തുത ആക്ട് 1958 പ്രകാരം ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും ഉത്തരവാദപ്പെട്ട അധികാരിയിൽനിന്നും ലൈസൻസ് എടുക്കേണ്ടതാണ്. നിയമത്തിലെ സെക്ഷൻ 4 (2A) പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ബാധ്യതകൾ ആസ്തിയെക്കാൾ കൂടുന്ന പക്ഷം ആനുപാതികമായ സെക്യൂരിറ്റി സർക്കാരിലേക്ക് വയ്ക്കേണ്ടതാണ്. സെക്ഷൻ 9 പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ അവരുടെ എല്ലാ ഇടപാടുകളേയും സംബന്ധിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതും ആയവ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴും പരിശോധന നടത്തുന്ന സമയത്തും കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്. സെക്ഷൻ 14 പ്രകാരം ലൈസൻസ് റദ്ദാക്കാനും സെക്ഷൻ 18 പ്രകാരം വിവിധ ഇനങ്ങളിൽ പിഴ ഈടാക്കാനും അധികാരമുണ്ട്.

(സി) സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികത്തട്ടിപ്പുകൾ ഒഴിവാക്കുന്നതിനായി എല്ലാ ധനകാര്യസ്ഥാപനങ്ങളെയും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി സർക്കാർതലത്തിൽ ഒരു ഏകീകൃത ധനകാര്യ ബോർഡ് രൂപീകരിക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതാണ്.

## ജീവനക്കാരുടെ ശമ്പള പരിഷ്കരണം

7(394) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

6-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന. പ്രകാരം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ശമ്പള പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിന് വരുന്ന കാലതാമസം പരിഗണിച്ച് ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണിക്കുമോ?

(ബി&സി) ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ആരംഭിച്ച പദ്ധതികൾ

8 (395 ) ശ്രീ. അബ്ദുൾ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ നിർമ്മാണം ആരംഭിച്ചവ ഏതൊക്കെ യാണെന്നും അറിയിക്കുമോ ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ തോട്ടശ്ശേരിയറ-ഇല്ലത്തുമാട് റോഡ് നവീകരണം എന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ?

തോട്ടശ്ശേരിയറ- ഇല്ലത്തുമാട് റോഡ് പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനവും സൈറ്റ് ഇൻസ്പെക്ഷനും നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് 1-12-2018-ൽ പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ടിനുള്ള മറുപടി ലഭിച്ചിട്ടില്ല.

## ജലസമൃദ്ധി പദ്ധതി

9 (396) ശ്രീ ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായി 20 ശതമാനം തുക വകയിരുത്തിയ ജലസമൃദ്ധി പദ്ധതി ശാക്തീകരണത്തിന് 2 കോടിയുടെ പ്രോജക്ട് സമർപ്പിച്ചിട്ടും അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ ജലസമൃദ്ധി പദ്ധതിക്കായി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം II-ൽ 1801 നമ്പരായി 200 ലക്ഷം രൂപയുടെ പ്രവൃത്തി ഉൾപ്പെടുത്തുകയും 2019-20 വർഷത്തേയ്ക്ക് 40 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഇതിൻ പ്രകാരം ചീഫ് എഞ്ചിനീയർ,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജലസേചനവും ഭരണവും 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 4-10-2019-ൽ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുകയും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഉചിതമായ നടപടി സ്വീകരിക്കുവാൻ ഭരണവകുപ്പ് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ അപ്പോഴേക്കും ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽനിന്നും ഭരണാനുമതി നല്കാമായിരുന്ന പ്ലാൻ/നോൺ പ്ലാൻ ശീർഷകങ്ങളിലെ മുഴുവൻ തുകയും വിനിയോഗിച്ചു കഴിഞ്ഞിരുന്നു. ഇതേത്തുടർന്ന് പ്രവൃത്തിയുടെ പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് പ്രസ്തുത പദ്ധതിയിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഒഴിവാക്കി, ചെക്ക് ഡാമും മറ്റ് അനുബന്ധ നിർമ്മിതികളും ഒരുക്കുന്നതിനായി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2020-2021 സാമ്പത്തിക വർഷത്തെ എം.ഐ ക്ലാസ്സ്-1 എന്ന ശീർഷകത്തിനു കീഴിൽ ഉൾപ്പെടുത്തി 27.05.2020-ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) 20 ശതമാനം തുക വകയിരുത്തുന്ന പദ്ധതികൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് അതാത് ഭരണവകുപ്പുകൾ വ്യക്തമായ നിർദ്ദേശങ്ങൾ നൽകാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും അതാത് വർഷങ്ങളിൽ 20 ശതമാനം തുക മാത്രം വകയിരുത്തുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ഗവൺമെന്റിൽനിന്നും മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി ഉത്തരവ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് പ്രവൃത്തി നിർവ്വഹണം നടത്തുകയുമാണ് ചെയ്തുവരുന്നത്. 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതാരികയിൽ ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട് (അനുബന്ധം കണ്ടാലും)*.

### വിദ്യാഭ്യാസവായ്പ തിരിച്ചടവിനുള്ള ധനസഹായ പദ്ധതി

10 (397) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം ബാങ്കുകൾക്കാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) ഓരോ ബാങ്കിനും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ബാങ്കുകൾ തിരിച്ച് അപേക്ഷകരുടെ എണ്ണം, അംഗീകരിക്കപ്പെട്ട അപേക്ഷകരുടെ എണ്ണം എന്നിവ അറിയിക്കാമോ?

(ബി&സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 21206 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 205.31 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

**ഓട്ടിസം പാർക്ക് പദ്ധതി**

11 (398) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓട്ടിസം ബാധിച്ച വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്തുണ നൽകുന്നതിനായി ജില്ലയിൽ ഒന്നു വീതമുള്ള 7 കോടി രൂപയുടെ 'ഓട്ടിസം പാർക്ക് പദ്ധതി' പ്രാവർത്തികമായിട്ടുണ്ടോ?

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിരുന്ന 280 ലക്ഷം രൂപയും 4202-01-201-92 (പി) എന്ന ശീർഷകത്തിൽ (ക്യാപ്പിറ്റൽ സെക്ഷൻ) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിരുന്ന 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ വിനിയോഗിച്ച് 14 സർക്കാർ സ്കൂളുകളിൽ (14 x 50 ലക്ഷം രൂപ) പദ്ധതി രേഖയിൽ അനുശാസിക്കും വിധം ഓട്ടിസം പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 14 നിയോജകമണ്ഡലങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തുണ്ടായ മഹാ പ്രളയത്തിന്റെ ഭാഗമായി ചില പ്ലാൻ ശീർഷകത്തിൽനിന്നുള്ള തുക കുറവു ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകകളും കുറവു ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടത്തിൽ 8 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത 8 സ്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഭേദഗതി വരുത്തിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓട്ടിസം പാർക്ക് പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച (റവന്യൂ സെക്ഷൻ) 200 ലക്ഷം രൂപയും 4202-01-201-92 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച (ക്യാപ്പിറ്റൽ സെക്ഷൻ) 100 ലക്ഷം രൂപയും ചേർത്ത് ആകെ 300 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക തെരഞ്ഞെടുത്ത 8 സ്കൂളുകളിൽ ഒരു സ്കൂളിന് 37.50 ലക്ഷം രൂപ കണക്കിൽ പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ധനവകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഓട്ടിസം പാർക്ക് പദ്ധതിക്ക് 2019-2020 സാമ്പത്തിക വർഷം 3 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) 200 തദ്ദേശസ്ഥാപനങ്ങളിൽ 'ബഡ്സ് സ്കൂൾ പദ്ധതി' തുടങ്ങുന്നതിന് ധനകാര്യവകുപ്പ് ബജറ്റിൽ പ്രഖ്യാപിച്ചതും ഇതുവരെ ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ നൽകാമോ?

200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 'ബഡ്സ് സ്കൂൾ പദ്ധതി' തുടങ്ങുന്നതിന് ഒരു സ്ഥാപനത്തിന് 25 ലക്ഷം രൂപ വീതമാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിന്റെ ഒന്നാം ഗഡുവായി ഒരു സ്ഥാപനത്തിന് 12.5 ലക്ഷം രൂപ വീതവും ചെലവഴിച്ച് തീരുന്നതനുസരിച്ച് രണ്ടാം ഗഡുവായി അടുത്ത 12.5 ലക്ഷം രൂപയും ആണ് പ്രഖ്യാപിച്ചിരുന്നത്. കുടുംബശ്രീ മുഖേന 200 തദ്ദേശ ഭരണ സ്ഥാപനങ്ങളെ കണ്ടെത്തുകയും അവയ്ക്ക് ഒന്നാം ഗഡു ആയി 12.5 ലക്ഷം രൂപ വീതം ആകെ 25 കോടി രൂപ നൽകിയിട്ടുമുള്ളതാണ്. ഇതിൽ 145 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്സ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് നൽകിയ തുകയിൽനിന്നും 6,38,90,001 (ആറ് കോടി മുപ്പത്തിയെട്ടു ലക്ഷത്തി തൊണ്ണൂറായിരത്തി ഒന്ന് രൂപ മാത്രം) രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

## ആംനസ്റ്റി പദ്ധതി

12 (400) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച ആംനസ്റ്റി പദ്ധതി എന്നുമുതലാണ് നടപ്പിൽ വരുത്തിയതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച ആംനസ്റ്റി പദ്ധതി 1-4-2020 മുതലാണ് നടപ്പിൽ വരുത്തിയത്.

(ബി) പദ്ധതിയുടെ കാലാവധി എന്ന് അവസാനിക്കുമെന്നും പദ്ധതി നിലവിൽ വന്നതുമുതൽ നാളിതുവരെ പിരിച്ചെടുത്ത തുക എത്ര എന്നും വ്യക്ത മാക്കുമോ?

പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 30-11-2020-ന് അവസാനിച്ചു. തുക അടച്ച് തീർക്കുന്നതിനുള്ള കാലാവധി 31-3-2021-ന് അവസാനിക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം 7-1-2021 വരെ 161.99 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

## 2021- 22 വാർഷിക പദ്ധതി

13 (401) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതൊക്കെ മേഖലകൾക്കാണെന്ന് അറിയിക്കാമോ?

2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതു മേഖലകൾക്കാണെന്ന് 2021-22 വർഷത്തെ ബജറ്റ് അവതരണത്തിനു ശേഷം മാത്രമേ വ്യക്തമാകുകയുള്ളൂ.

(ബി) തദ്ദേശസ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക നിർദ്ദിഷ്ട പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതി ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറി എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും കൂടാറുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേയ്സ് സാങ്കേതിക വിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ, ജില്ലാ തലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി മാർ, എം.എൽ.എ മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട് .

(സി) പദ്ധതി പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കാൻ ഗ്രീൻബുക്ക് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സാമ്പത്തിക വർഷത്തിന്റെ ആദ്യം മുതൽ തന്നെ Working/Special Working ഗ്രൂപ്പുകൾ കൂടി പദ്ധതികൾക്ക് അംഗീകാരം നൽകി വരികയാണ്.

**ധനവിനിയോഗം**

14(402) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ) വർഷം ചെലവഴിച്ച തുക പ്ലാൻ നോൺ പ്ലാൻ

| വർഷം | ചെലവഴിച്ച തുക (കോടിയിൽ) | |
|---|---|---|
| | പ്ലാൻ | നോൺ പ്ലാൻ |
| 2016-17 | 22813.25 | 79569.30 |
| 2017-18 | 25556.23 | 84681.58 |
| 2018-19 | 21997.95 | 98071.87 |
| 2019-20 | 21182.72 | 93202.22 |
| *2020-21 | 18696.37 | 65453.94 |

*2020-21 നവംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം

(ബി) ഇതിൽ പ്ലാൻ ഇനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ള ഇനങ്ങൾ ഏതെല്ലാമാണ്?

പൊതുമരാമത്ത്, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും ഗതാഗതം, പട്ടികജാതി പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും തുടങ്ങിയ ധനാഭ്യർത്ഥന കൾക്ക് കീഴിലാണ് പ്ലാൻ ഇനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്.

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

15(403) ശ്രീ. അനിൽ അക്കര:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ . എം . വിൻസെന്റ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളും വേണ്ടത്ര അവധാനത ഇല്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെ പരിണിതഫലവും സംസ്ഥാനത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാക്കിയെന്ന് വിലയിരുത്തുന്നുണ്ടോ?

ജി.എസ്.ടി റിട്ടേൺ സോഫ്റ്റ്‌വെയർ പൂർണ്ണമായും സജ്ജമാകാതെ ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ വെരിഫിക്കേഷൻ, ഐ.ജി.എസ്.ടി സെറ്റിൽമെന്റ് എന്നിവ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ജി.എസ്.ടിക്ക് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കുകളേക്കാൾ കുറവായിട്ടാണ് ജി.എസ്.ടിയിൽ നിരക്കുകൾ നിശ്ചയിച്ചത്. കൂടാതെ 28-ാം ജി.എസ്.ടി കൗൺസിലിൽ 28 ശതമാനം നിരക്കുണ്ടായിരുന്ന പ്രധാന ഉപഭോക്തൃ സാധനങ്ങളുടെ നികുതി നിരക്ക് 18 ശതമാനമായി കുറച്ചു. ഈ കാരണങ്ങളാൽ ജി.എസ്.ടി നികുതിയിൽനിന്ന് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരിക്കുവാൻ കാരണമായി.

(ബി) സർക്കാരിന്റെ ധൂർത്തും നികുതി പിരിവിലെ പിടിപ്പുകേടും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുവാൻ കാരണമായിട്ടില്ലേയെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നറിയിക്കുമോ?

(ബി&സി) നികുതി പിരിവിൽ പിടിപ്പുകേട് ഉണ്ടായിട്ടില്ല. നികുതി പിരിവിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് 2021 ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിച്ച Medium Term Fiscal Policy Statement ന്റെ 1 മുതൽ 29 വരെയുള്ള പേജുകളിൽ വ്യക്തമാക്കിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*

(ഡി) റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി 2020-21-ൽ അധിക തുക പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; കോവിഡുമൂലമുള്ള പ്രതിസന്ധി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കോവിഡുമൂലമുള്ള പ്രതിസന്ധി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായിട്ടുള്ളതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കി അധിക തുക പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ കൊണ്ടുവന്ന ആംനസ്റ്റി പദ്ധതി പ്രകാരം 32237 വ്യാപാരികളിൽ നിന്നായി 170.98 കോടി കുടിശ്ശിക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിന് നടപടികൾ

16(404) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് വ്യാപനവും ലോക്ഡൗണും സംസ്ഥാന സമ്പദ്ഘടനയെ തകിടം മറിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപ്പാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനുശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം ഉൽപ്പാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവിൽ 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്.

(ബി) ഏതൊക്കെ മേഖലകളെയാണ് ഇത് ബാധിച്ചതെന്നും അതുമൂലമുള്ള വരുമാന നഷ്ടം എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ?

സർക്കാർ, ബാങ്കിംഗ്, വിവരവിനിമയം മുതലായവ തിരഞ്ഞെടുത്ത ഏതാനും മേഖലകളൊഴികെ ചരക്കുകളുടെയും സേവനങ്ങളുടെയും കുറഞ്ഞ ഉൽപ്പാദനമുള്ള ലോക്ക്ഡൗണിന്റെ ഒരു മാസത്തിൽ, പ്രതിമാസ മൂല്യ വർദ്ധനവിന്റെ 80% വരെ നഷ്ടപ്പെട്ടേക്കാമെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. 2020 മാർച്ച് മാസത്തിൽ, 10 ദിവസത്തെ ഉൽപ്പാദന നഷ്ടവും മാർച്ച് പകുതി മുതൽ സാമ്പത്തിക പ്രവർത്തനം കുറയുന്നുവെന്ന് കരുതിയാൽ, സംസ്ഥാനത്ത് മൂല്യ വർദ്ധനവിന്റെ കുറവ് ഏകദേശം 29,000 കോടി രൂപയാണെന്ന് കണക്കാക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് 2020-21-ന്റെ ആദ്യ പാദത്തിൽ, ഏപ്രിൽ മാസത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ആകെ തടസ്സം നേരിടുന്നു. ഇവയിൽ പലതും മെയ് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും

തുടരുമെന്ന് പ്രതീക്ഷിക്കുന്നു. 2020-21 -ലെ സാധാരണ ഉൽപ്പാദന നില 2019-20-നെ അപേക്ഷിച്ച് 5% കുട്ടതലാണെന്ന് കരുതിയാൽ ആദ്യ പാദത്തിൽ ഏകദേശം 80,000 കോടി രൂപയുടെ വരെ നഷ്ടമുണ്ടാകുമെന്നാണ് ഇത് അർത്ഥമാക്കുന്നത്. കേരള സമ്പദ്‌വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധനവിൽ ഒന്നാം പാദത്തിലെ നഷ്ടം ഏകദേശം 80,000 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു.

(സി) തകിടം മറിഞ്ഞ സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കുമോ ;

(ഡി) കോവിഡ് മൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിച്ചത്; അതിനായി എത്ര കോടി രൂപ അനുവദിച്ചു; കേന്ദ്രത്തിൽനിന്നും ഇതിനകം ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണ്?

(ബി-ഡി) കോവിഡ് മഹാമാരി മുമ്പെങ്ങും കണ്ടിട്ടില്ലാത്തവിധമുള്ള സാമ്പത്തിക നിശ്ചലാവസ്ഥയ്ക്കാണ് ഹേതുവായിട്ടുള്ളത്. സമ്പദ്‌വ്യവസ്ഥയുടെ സമസ്ത മേഖലകളെയും ഗ്രസിച്ച മേൽ മഹാമാരിയുടെ കെടുതികൾ ലഘൂകരിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് പ്രധാനമായും സർക്കാർ കൈക്കൊണ്ടത്. ഇതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ സർക്കാർ സ്വീകരിച്ച നടപടികളിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു :

1. കോവിഡിന്റെ സമയത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി ഏഴ് മാസ കാലയളവിൽ 4405.38 കോടി രൂപ ചെലവഴിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസംതോറും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു.

2. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് 1000 രൂപ വീതം 147.82 കോടി രൂപ വിതരണം ചെയ്തു.

3. കുടുംബശ്രീയിലെ അംഗങ്ങൾക്ക് 20,000 രൂപ വരെ വായ്പ അനുവദിക്കുന്നതിന് CM's Helping Hand Loan Scheme എന്ന പദ്ധതി ആവിഷ്കരിച്ചു. ഈ ഇനത്തിലെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതാണ്.

4. ലോക്ക്ഡൗൺ കാലയളവിൽ ക്വാറന്റീനിലുള്ളവർക്കും മറ്റ് ആവശ്യക്കാർക്കും ഭക്ഷണം എത്തിക്കുന്നതിനായി കുടുംബശ്രീ 1000 കമ്മ്യൂണിറ്റി കിച്ചണുകൾ സജ്ജമാക്കി.

5. ആരോഗ്യ മേഖലയിൽ 500 കോടിയുടെ പാക്കേജ് വിഭാവനം ചെയ്തതിൽ അടിയന്തരമായി മരുന്നുകൾ, മെഡിക്കൽ/സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് -ന് 200 കോടി രൂപ അനുവദിച്ചു.

6. ലോക്ക്ഡൗൺ കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് 87 ലക്ഷം കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങളുടെ വിതരണത്തിന് 850 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു. ഇതു കൂടാതെ സൗജന്യ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 300 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ട്.

7. ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 1000 രൂപ വീതം ആകെ 355.39 കോടി രൂപയും ലോട്ടറി, കയർ, എൻഡോസൾഫാൻ ദുരിതബാധിതർ, കലാകാരന്മാർ, ഖാദി തൊഴിലാളികൾ മുതലായവർക്ക് 57.67 കോടി രൂപയും വിതരണം ചെയ്തു. കോവിഡ് കാലയളവിൽ (നടപ്പ് സാമ്പത്തിക വർഷത്തിൽ) സാധാരണഗതിയിലുള്ള മറ്റ് കേന്ദ്ര ധന സഹായങ്ങൾക്ക് പുറമേ കോവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം എന്ന പേരിൽ 53.01 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 157 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമായ വരുമാനം

17(406) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് വഴി വിവിധ സ്രോതസ്സുകളിൽനിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് വഴി വിവിധ സ്രോതസ്സ കളിൽനിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| | |
|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 67420.01 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14587.00 |
| കേന്ദ്ര നികുതി വിഹിതം | 20934.80 |
| കേന്ദ്ര ധന സഹായം | 11694.09 |

(ബി) 2020 ഡിസംബർ 31 വരെ കേന്ദ്ര നികുതി വിഹിതമായും കേന്ദ്ര സഹായമായും ലഭ്യമായ വരുമാനം എത്രയാണ് ;

(സി) കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഡിസംബർ 31 വരെ കേന്ദ്രം പ്രത്യേകമായി അനുവദിച്ച ധനസഹായം എത്ര കോടി രൂപയാണ്?

(ബി&സി) അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 6497.54 കോടി രൂപയും കേന്ദ്ര ധനസഹായമായി 17844.23 കോടി രൂപയും ലഭ്യമായിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി കേന്ദ്രം പ്രത്യേകമായി അനുവദിച്ച ധനസഹായം കേന്ദ്ര സഹായത്തിൽ ഉൾപ്പെടുന്നു.

(ഡി) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം എന്നീ ഇനങ്ങളിൽ 31-12-2020 വരെ ലഭിച്ച വരുമാനം എത്രയാണ്?

അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 25107.55 കോടി രൂപയും തനത് നികുതിയേതര വരുമാനം 2607.77 കോടി രൂപയുമാണ്.

**ലോട്ടറിയിൽ നിന്നും മദ്യവില്പനയിൽ നിന്നും ലഭിച്ച വരുമാനം**

18 (407) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2020 വരെ സംസ്ഥാന ലോട്ടറിയിൽനിന്നും ലഭിച്ച ആകെ വരുമാനം എത്രയായിരുന്നു?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-12-2020 വരെ സംസ്ഥാന ലോട്ടറിയിൽ നിന്നും ലഭിച്ച ആകെ വരുമാനം 38406.23 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | വിറ്റുവരവ് (കോടിയിൽ) |
|---|---|
| 2016-17 | 7394.90 |
| 2017-18 | 9034.25 |
| 2018-19 | 9262.7 |
| 2019-20 | 9972.09 |
| 2020-21 (Upto December 31) | 2742.29 |
| ആകെ | 38406.23 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷത്തെയും ലാഭവിഹിതം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ സാമ്പത്തിക വർഷത്തെയും ലാഭവിഹിതം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ലാഭം (കോടിയിൽ) |
|---|---|
| 2016-17 | 1691.05 |
| 2017-18 | 1695.05 |
| 2018-19 | 1673.11 |
| 2019-20 | 1763.69 |
| 2020-21 | 323.09 (Approximate) |

(സി) ടി കാലയളവിൽ ഓരോ സാമ്പത്തിക വർഷവും മദ്യവില്പനയിൽ നിന്നും ലഭിച്ച വരുമാനം വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 (ഡിസംബർ) സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷന്റെ മൊത്ത വിറ്റുവരവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ആകെ വിറ്റുവരവ് (തുക കോടിയിൽ) |
|---|---|
| 2016-17 | 12,134 |
| 2017-18 | 12,937 |
| 2018-19 | 14,508 |
| 2019-20 | 14,707 |
| 2020-21 (2020 ഡിസംബർ വരെ) | 8,861 |

**സംസ്ഥാനത്തിന്റെ ആകെ പൊതുകടവും മൊത്തം കടവും**

19 (408) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 മാർച്ച് 31-ാം തീയതിയിലെ കണക്ക് അനുസരിച്ച് സംസ്ഥാനത്തിന്റെ ആകെ പൊതുകടവും മൊത്തം കടവും എത്രയായിരുന്നു?

അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമാണ്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 54887.18 കോടി രൂപയും 78673.24 കോടി രൂപയുമായിരുന്നു.

(ബി) 2020 ഡിസംബർ 31- ന്റെ കണക്ക് അനുസരിച്ച് സംസ്ഥാനത്തിന്റെ ആകെ പൊതുകടവും മൊത്തം കടബാധ്യതയും എത്രയാണ്?

അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്ക് പ്രകാരം 30-11-2020 വരെ (1-4-2020 മുതൽ 30-11-2020 വരെയുള്ള താത്കാലിക കണക്ക് ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,90,982.53 കോടി രൂപയും കടബാധ്യത 2,91,200.41 കോടി രൂപയുമാണ്.

(സി) പൊതുകടത്തിലും കടബാധ്യതയിലും ഈ സർക്കാർ നിലവിൽ വന്ന ശേഷം അഭൂതപൂർവ്വമായ വർദ്ധനവ് വന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ്പരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. 2016-17-ൽ GSDP-യുടെ 29.37 ശതമാനം ആയിരുന്ന കടബാധ്യത 2019-20- ൽ 30.46 ശതമാനമായി നിർത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) 2021-26 കാലയളവിൽ കടം വാങ്ങിയ ഇനത്തിലും അതിന്റെ പലിശ ഇനത്തിലും എത്ര തുകയാണ് സംസ്ഥാനം തിരിച്ചടയ്ക്കുവാനുള്ളത് എന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ആഭ്യന്തര വായ്പയിനത്തിൽ 2021-26 കാലയളവിൽ 64499.94 കോടി രൂപയും വിദേശ സഹായ വായ്പയിനത്തിൽ 2862.06 കോടി രൂപയും തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള വായ്പയുടെയും പുതിയതായി ഓരോ വർഷവും എടുക്കുന്ന വായ്പയുടെയും അടിസ്ഥാനത്തിലാണ് പലിശ അടവ് തിട്ടപ്പെടുത്തുന്നത്.

## പാർട്ട്ടൈം ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

20 (409) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഓഫീസുകളിലെ പാർട്ട്ടൈം ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിഭാഗം ജീവനക്കാർക്ക് കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുമോയെന്ന് വിശദമാക്കുമോ?

ഇല്ല; 18-1-2019-ലെ 06/2019/ധന. നമ്പർ സർക്കുലർ പ്രകാരം(അനുബന്ധം 1(2))*, പാർട്ട് ടൈം സർവീസ് ജീവനക്കാർ സർക്കാരിന്റെ ഭവനനിർമ്മാണ വായ്പാ പദ്ധതിയിൽ വരുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി വിഭാഗം ജീവനക്കാരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ലാത്തതാണ്.

## കരാറുകാർക്കുള്ള കുടിശ്ശിക

21 (410) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലെ കരാറുകാർക്ക് 2020 ഡിസംബർ 31-ലെ കണക്കനുസരിച്ച് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2020 ജനുവരി 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകംതന്നെ നൽകിയിട്ടുണ്ട്. വിവിധ മരാമത്ത് വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് 1-2-2020 മുതൽ 31-12-2020 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്തു പാലം) | 1283.48 cr |
| പൊതുമരാമത്ത് (കെട്ടിടം) | 333.38 cr |
| ജലവിഭവം | 179.69 cr |

(ബി) പ്രസ്തുത കുടിശ്ശിക ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാ ക്രമം പാലിച്ചുകൊണ്ടാണ് പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളിലെ പെൻഡിംഗ് ബില്ലുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നത്. കൂടാതെ പെൻഡിംഗ് ബില്ലുകൾ മാറുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാണ്. 2020 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ഫെബ്രുവരി 2020 | 25-1-2021 |
| മാർച്ച് 2020 ഏപ്രിൽ | 23-2-2021 |
| മേയ് 2020 | 25-3-2021 |
| ജൂൺ 2020 | 23-4-2021 |
| ജൂലൈ 2020 PWD (Roads and Buildings) | 19-5-2021 |
| ജൂലൈ, ആഗസ്റ്റ് 2020 (Irrigation) | 19-5-2021 |

## സർക്കാരിന്റെ സാമ്പത്തികസ്ഥിതി

22 (411) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമാണെന്നും കടം വാങ്ങിയാണ് നിത്യനിദാന ചെലവുകളും ശമ്പളവും നൽകുന്നതെന്നതും വസ്തുതയാണോ?

കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ, വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്. ഓരോ വർഷവും വായ്പയെടുത്ത തുകയിൽ റവന്യൂ അക്കൗണ്ടിലെ കമ്മി നികത്തിയതിന് ശേഷമുള്ള മുഴുവൻ തുകയും പദ്ധതികൾക്കായിട്ടാണ് ചെലവഴിക്കുന്നത്. റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സ്ഥിതിയിലേ ഈ പ്രവണത അവസാനിക്കൂ.

(ബി) 2020 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് കടബാധ്യത?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2020 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ കടബാധ്യത 2,60,311.36 കോടി രൂപയും റവന്യൂ വരുമാനം 90224.67 കോടി രൂപയുമാണ്. ഇതുപ്രകാരം സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 288.51 % മാണ് കടബാധ്യത.

| വർഷം | കടം – റവന്യൂ വരുമാന തോത് | കടം- GSDP തോത് |
|---|---|---|
| 2015-16 | 227.96 % | 28% |
| 2019-20 | 288.51 % | 30.46% |

(സി) കൊവിഡ് പശ്ചാത്തലത്തിൽ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 5 ശതമാനം വരെ കടമെടുക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) അധികമായി രണ്ട് ശതമാനം കടം എടുക്കുന്നതിന് സംസ്ഥാന സർക്കാർ ഏതൊക്കെ പദ്ധതികളാണ് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടിയിരുന്നത്; അതിൽ ഇതിനകം എത്ര പദ്ധതികൾ പൂർത്തീകരിച്ചു ;

(ഇ) അധിക പദ്ധതികൾ നിശ്ചിതസമയത്ത് പൂർത്തിയാക്കി സംസ്ഥാന സർക്കാരിന് ഈ സാമ്പത്തികവർഷം അധികമായി എത്ര തുക കൂടി കടം എടുക്കാം; വ്യക്തമാക്കുമോ?

(സി-ഇ) ഉണ്ട്. 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി-യുടെ 3%) കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാ പരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദ്ദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെ പറയുന്ന

1. ' ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ
2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ
4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ ഒഴികെയുള്ളവ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 0.75% അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതാണ് (എകദേശം 6782.63 കോടി രൂപ).മേൽ പറഞ്ഞ സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ഈ പരിഷ്കാരങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് 0.25% (2260.88 കോടി) അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതായിരിക്കും.

## ഇന്ധനനികുതിയും എക്സൈസ് നികുതിയും കുറയ്ക്കാൻ നടപടി

23 (412) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധനവില ദിനംപ്രതി നിശ്ചയിക്കാനുള്ള അധികാരം എണ്ണ കമ്പനികൾക്ക് നൽകിയ 2017 ജൂൺ മുതൽ സംസ്ഥാനത്ത് പൊതുവെ ഇന്ധനവില വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളുടെ ഈ ദുരിതത്തിൽനിന്നും കേന്ദ്രസംസ്ഥാന സർക്കാരുകൾ വരുമാന നേട്ടത്തിന് വഴി കണ്ടെത്തുകയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ?

(സി) എങ്കിൽ ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വിൽപന നികുതി, അതിന്റെ ഒരു ശതമാനം പ്രളയ സെസ്സ്, ഒരു രൂപ റോഡ് വികസന സെസ്സ് എന്നിവ ഒഴിവാക്കുന്നതിനോ അല്ലെങ്കിൽ കുറവു വരുത്തുന്നതിനോ സംസ്ഥാന സർക്കാർ തയ്യാറാകുമോ ;

(ഡി) അതോടൊപ്പം എക്സൈസ് നികുതി കുറയ്ക്കാൻ സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ഇ) ഇല്ലെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(എ-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാന ങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് price കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് transfer ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകുകയാണ് വേണ്ടത്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതിയും താനേ താഴുന്നതാണ്.

## 2019-20 സാമ്പത്തിക വർഷത്തെ നികുതി വരുമാനം

24 (413) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-20 സാമ്പത്തിക വർഷം നികുതി ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്?

2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 65,784.60 കോടി രൂപ പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) പ്രസ്തുത സാമ്പത്തിക വർഷം നികുതി ഇനത്തിൽ ലഭ്യമായ വരുമാനം ഇനം തിരിച്ച് അറിയിക്കാമോ?

(Rs.in Crore) State Goods and Service Tax 20,446.95 Land Revenue 332.42 Stamps and Registration Fees 3,615.01 State Excise 2,255.28 Taxes on Sales, Trade etc. 19,649.64 Taxes on Vehicles 3,721.14 Taxes on Goods and Passengers, Other Taxes and Duties on Commodities and Services 39.31 Others 263.39

(സി) ലക്ഷ്യമിട്ടിരുന്ന നികുതി വരുമാനം ലഭിക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 മൂലം മാർച്ച് 24 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ ലൈസൻസ് പുതുക്കൽ നടപടികൾ ഭൂരിഭാഗവും 2020-21 വർഷത്തിലാണ് നടന്നത്. കൂടാതെ മദ്യശാലകൾ അടഞ്ഞുകിടന്നതുമൂലം മദ്യവില്പന കുറഞ്ഞതും എക്സൈസ് ഡ്യൂട്ടി അടവ് കുറഞ്ഞതും നികുതി വരുമാനം കുറയാൻ ഇടയാക്കി. 2019-ലെ ലോക്സഭ ഇലക്ഷൻ പ്രവർത്തനങ്ങളിൽ റവന്യൂ ജീവനക്കാർ ഏർപ്പെട്ടിരുന്നതും തുടർന്നുണ്ടായ മഹാ പ്രളയംമൂലം റവന്യൂ ജീവനക്കാർ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ധനസഹായ വിതരണമുൾപ്പെടെയുള്ള അനുബന്ധ പ്രവർത്തികളിൽ ഏർപ്പെട്ടിരുന്നതിനാലും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ലാൻഡ് റവന്യൂ പിരിവിനെ കാര്യമായി ബാധിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ നടന്ന ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിലും കുറവുണ്ടായത് നികുതി വരുമാനത്തെ ബാധിച്ചു.

## സംസ്ഥാനത്തിന്റെ പൊതുകടം

25 (414) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2020 മാർച്ച് 31-ലെ കണക്ക് പ്രകാരം, സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയായിരുന്നു; വിശദാംശം നൽകുമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽകാലിക കണക്ക് പ്രകാരം 2020 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 174640.21 കോടി രൂപയും ആളോഹരി പൊതുകടം 50452.18 കോടി രൂപയുമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 2020 ഡിസംബർ 31-നുള്ള സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയായി?

അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽകാലിക കണക്ക് പ്രകാരം 2020 നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 190982.53 കോടി രൂപയും ആളോഹരി പൊതുകടം 55173.34 കോടി രൂപയുമാണ്.

(സി) 2016 ജൂൺ മാസത്തിന് ശേഷം ഇതുവരെ എത്ര കോടി രൂപ കടപ്പത്രങ്ങളിലൂടെ സർക്കാർ സമാഹരിച്ചു എന്ന് അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ കടപ്പത്രങ്ങളിലൂടെ സർക്കാർ സമാഹരിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| വർഷം | സമാഹരിച്ച തുക ( തുക കോടിയിൽ) |
|---|---|
| 2016-17 | 17300 |
| 2017-18 | 20500 |
| 2018-19 | 19500 |
| 2019-20 | 18073 |
| 2020-21 (31.12.2020 വരെ) | 19566 |

(ഡി) ടി കാലയളവിൽ കിഫ്ബി മുഖാന്തരം എടുത്ത കടം എത്ര കോടി രൂപയാണ്; വിശദമാക്കുമോ?

2016 ജൂൺ മാസത്തിനു ശേഷം നാളിതു വരെ കിഫ്ബി 5630 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സ്രോതസ്സ് | സമാഹരിച്ച തുക ( തുക കോടിയിൽ) |
|---|---|
| (1) | (2) |
| നബാർഡ് ലോൺ | 565 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലോൺ | 1000 |
| ഇന്ത്യൻ ബാങ്ക് ലോൺ | 500 |

| (1) | (2) |
|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ലോൺ | 500 |
| സിൻഡിക്കേറ്റ് ബാങ്ക് ലോൺ | 200 |
| കോർപ്പറേഷൻ ബാങ്ക് ലോൺ | 250 |
| മസാലബോണ്ട് | 2150 |
| കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ബോണ്ട് | 300 |
| നോർക്ക വെൽഫെയർ ബോർഡ് – ലോൺ | 165 |
| ആകെ | 5630 |

**സംസ്ഥാനത്തിന്റെ പൊതുകടം**

26(415) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2020 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണ് ;

(ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാന സർക്കാരിന്റെ പൊതു കടം എത്ര കോടി രൂപയായിരുന്നു എന്നതിന്റെ വിവരം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു :

| വർഷം | പൊതുകടം (തുക കോടിയിൽ) |
|---|---|
| 2010-11 | 54887.18 |
| 2015-16 | 109730.97 |
| 2019-20 | 174640.21 |

## കേരളീയന്റെ ആളോഹരി കടം

27(416) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടം എത്ര കോടി രൂപയായിരുന്നു എന്ന് വിശദമാക്കാമോ?

2011 മാർച്ച് 31-ലെ ആകെ കടബാധ്യത 78,673 കോടി രൂപയായിരുന്നത് 2016 മാർച്ച് 31 -ന് 1,57,370 കോടി രൂപയായി.

(ബി) 2011-16 കാലഘട്ടത്തിലെ മുൻ സർക്കാർ ആരിൽനിന്നെല്ലാമാണ് കടം വാങ്ങിയിരുന്നതെന്ന് വിശദമാക്കാമോ; ആ കടത്തിൻമേൽ ഏറ്റവും കൂടുതൽ പലിശ നൽകിയത് ആരിൽ നിന്നെടുത്ത കടത്തിനായിരുന്നു; പ്രസ്തുത തുകയുടെ പലിശ നിരക്ക് എത്രയായിരുന്നു?

2011-16 കാലഘട്ടത്തിൽ പൊതു വിപണി, നബാർഡ്, National Small Savings Fund, കേന്ദ്ര സർക്കാർ വായ്പ എന്നീയിനങ്ങളിലാണ് പ്രധാനമായും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുള്ളത്. ഇതിൽ National Small Savings Fund ൽ നിന്നുള്ള വായ്പയ്ക്കാണ് കൂടുതൽ പലിശ നൽകേണ്ടി വന്നിട്ടുള്ളത്. ഈ വായ്പയുടെ പലിശ നിരക്ക് 9.5% ആയിരുന്നു.

(സി) 2011-16 കാലയളവിൽ മുൻസർക്കാർ പലിശയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വിശദമാക്കാമോ?

2011-16 കാലയളവിൽ മുൻ സർക്കാർ പലിശയിനത്തിൽ (മറ്റ് ബാധ്യതയിന്മേലുള്ള പലിശ ഉൾപ്പെടെ) ആകെ 42,644 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 6243.60 |
| 2012-13 | 7204.81 |
| 2013-14 | 8265.38 |
| 2014-15 | 9769.59 |
| 2015-16 | 11110.62 |

(ഡി) 2020 ഡിസംബർ 31 ന് സംസ്ഥാന സർക്കാരിന്റെ കടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; കേരളത്തിന്റെ ദീർഘകാല, ഹ്രസ്വകാല വായ്പകൾക്ക് പലിശയിനത്തിൽ പ്രതിമാസം എത്ര കോടി രൂപയുടെ ബാദ്ധ്യത നിലവിൽ വരുന്നുണ്ടെന്ന് വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2020 നവംബർ 30 വരെയുള്ള സംസ്ഥാന സർക്കാരിന്റെ കടം 2,91,200.41 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം പലിശയിനത്തിൽ 19214.70 കോടി രൂപയാണ് ചെലവായിട്ടുള്ളത്. അതനുസരിച്ച് പ്രതിമാസം ശരാശരി 1601.22 കോടി രൂപയുടെ ബാധ്യത പലിശയിനത്തിൽ വരുന്നുവെന്ന് കണക്കാക്കാവുന്നതാണ്.

(ഇ) ഒരു കേരളീയന്റെ പേരിൽ സംസ്ഥാനം ഇപ്പോൾ എത്ര രൂപ കടത്തിലാണെന്നാണ് കണക്കാക്കുന്നത് എന്ന് വിശദമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2020 നവംബർ 30 ന് സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,91,200.41 കോടി രൂപയാണ്. അതനുസരിച്ച് ആളോഹരി കടബാധ്യത 84,125.50 രൂപയാണ്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശത്ത് നിന്നും സർക്കാർ കടം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതം ആരിൽ നിന്നെല്ലാമെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും ഇതുവരെ ഈ പലിശയിനത്തിൽ ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ ഏജൻസികളിൽ നിന്നും വാങ്ങിയ വായ്പകൾ സംബന്ധിച്ച വിവരങ്ങളും വിദേശസഹായ വായ്പകളുടെ പലിശയിനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബിയിലെ കരാർ ജീവനക്കാർ**

28 (418) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി ഓഫീസുകളിൽ സർക്കാർ സർവീസിൽനിന്ന് വിരമിച്ചവരും കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്നവരുമായി എത്ര പേരുണ്ട്; ഇവരുടെ തസ്തികകളും ശമ്പളഘടനയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ സേവനം ചെയ്യുവരുന്ന ജീവനക്കാർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലപരിധി എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) കിഫ്ബിയിൽ കേരള സർക്കാരിൽനിന്നും വിരമിച്ച മൂന്നു പേർ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്. ഇവർ ഉൾപ്പെടെ കരാറടിസ്ഥാനത്തിൽ ആകെ 14 പേർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ തസ്തികയും ശമ്പളഘടനയും കാല പരിധിയും അനുബന്ധ പട്ടികയിൽ നൽകിയിരിക്കുന്നു.*

**ഗ്രീൻ ബോണ്ട്**

29(420) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. സി . ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പശ്ചാത്തലസൗകര്യ വികസനത്തിനായി ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനുമായി കിഫ്ബി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ?

പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പശ്ചാത്തല സൗകര്യ വികസന ത്തിനായി ഇനിഷ്യൽ സ്ക്രീനിംഗ്, ട്രാൻസാക്ഷൻ അഡ്വൈസ്, ഗ്ലോബൽ അഡ്വൈസ്, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കുള്ള ടെക്നിക്കൽ അസിസ്റ്റൻസ് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രത്തിൽ കിഫ്ബി ഒപ്പു വച്ചിട്ടുണ്ട്.

(ബി) ഐ.എഫ്.സി.യിൽനിന്ന് ഗ്രീൻ ബോണ്ടുകളിലൂടെ ഫണ്ട് സമാഹരി ക്കുവാൻ കിഫ്ബി ഉദ്ദേശിക്കുന്നുണ്ടോ; എത്ര കോടി രൂപയുടെ ഗ്രീൻബോണ്ടു കളാണ് ഇറക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ആർ.ബി.ഐ.യുടെ അംഗീകാരം തേടിയിട്ടുണ്ടോ?

ഐ.എഫ്.സിയിൽ നിന്നും 1100 കോടിരൂപയുടെ ഗ്രീൻ ലോൺ/ ബോണ്ട് സമാഹരിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത ധനസമാഹ രണത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ആർ.ബി.ഐ.-യുടെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഗ്രീൻബോണ്ടുകളിലൂടെ സമാഹരിക്കുന്ന തുക എന്തൊക്കെ കാര്യങ്ങൾക്ക് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

കുട്ടനാട്, തീരപ്രദേശങ്ങൾ, മറ്റു Eco fragile ആയ പ്രദേശങ്ങൾ എന്നിവയുടെ പരിസ്ഥിതി പുന:സ്ഥാപനത്തിൽ ഊന്നുന്ന വികസന പരിപാടികൾക്കായിരിക്കും ഈ ഫണ്ട് വിനിയോഗിക്കുക എന്നാണ് പ്രാഥമിക ധാരണ.

**കിഫ്ബി മുഖേനയുള്ള ശ്മശാന നിർമ്മാണം**

30(421) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ശ്മശാനങ്ങൾ നിർമ്മിക്കുവാനുള്ള ധനാനുമതി നൽകിയിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ശ്മശാനങ്ങൾ നിർമ്മിക്കുന്നത്; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം, പനങ്ങാട്, പേരാമ്പ്ര എന്നി സ്ഥലങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു എന്ന വിവരം പദ്ധതി നിർവ്വഹണ ഏജൻസിയായ 'ഇംപാക്റ്റ് കേരള' അറിയിച്ചിട്ടുണ്ട് .

(സി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ശ്മശാനം നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കുവാനുള്ള പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു എന്ന വിവരം പദ്ധതി നിർവ്വഹണ ഏജൻസിയായ 'ഇംപാക്റ്റ് കേരള' അറിയിച്ചിട്ടുണ്ട് .

**കിഫ്ബി**

31 (425) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും പങ്കെടുത്ത കിഫ്ബിയുടെ അവലോകനയോഗം എല്ലാ ജില്ലകളിലും നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള അവലോകനം എപ്പോഴാണ് നടന്നതെന്നും മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പ് മന്ത്രിക്കും പുറമെ ഏതെല്ലാം ഉദ്യോഗസ്ഥരാണ് യോഗത്തിൽ പങ്കെടുത്തതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പങ്കെടുത്ത കിഫ്ബി പദ്ധതികളുടെ ജില്ലാതല അവലോകനായോഗം തിരുവനന്തപുരത്തുവച്ച് 2019 ഡിസംബർ 22-നും, കാസർഗോഡ് 2020 ജനുവരി 29-നും ആലപ്പുഴ ജില്ലയിൽ 2020 മാർച്ച് 8-നും നടത്തിയിട്ടുണ്ട്. ധനമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ പ്രസ്തുത യോഗത്തിൽ അതതു ജില്ലയിലെ എം.എൽ.എ. മാരും കിഫ്ബി പദ്ധതികളുടെ നിർവഹണ ഏജൻസികളുടെ പ്രതിനിധികളും വകുപ്പ് ഉദ്യോഗസ്ഥരും ജില്ലാ ഭരണകൂടത്തെ പ്രതിനിധീകരിച്ചെത്തിയ ഉദ്യോഗസ്ഥരും കിഫ്ബി ഉദ്യോസ്ഥരും പങ്കെടുത്തിട്ടുണ്ട്.

(സി) കാസർഗോഡ് നടന്ന അവലോകന യോഗത്തിൽ പുതിയ പ്രഖ്യാപന ങ്ങളുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുമെന്ന് അവലോകന യോഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കാസർഗോഡ് നടന്ന അവലോകനയോഗത്തിൽ കാസർഗോഡ് എം.എൽ.എ. ആവശ്യപ്പെട്ടതിൻപ്രകാരം "കാസർഗോഡ് മെഡിക്കൽ കോളേജ്" പദ്ധതി കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണെന്ന് ബഹു: ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിനെത്തുടർന്ന് കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിലേയ്ക്കായി 17-12-2020-ലെ തീയതിയായി സ.ഉ.(സാധാ)നമ്പർ 2323/2020/ആ.കു.വ. പ്രകാരം ബന്ധപ്പെട്ട ഭരണവകുപ്പ് കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിർദ്ദേശിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ തുടർ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പി ച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് സമർപ്പിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടില്ല.

(എഫ്) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകൾക്കും ആശുപത്രികൾക്കും കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വീതം എപ്പോഴാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കും ആശുപത്രികൾക്കും കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബി ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾ**

32(426) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ കിഫ്ബിയുടെ ഏതെല്ലാം പ്രോജക്ടുകളിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അസംബ്ലി മണ്ഡലം തിരിച്ച് വിശദമാക്കുമോ?

കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തുകയും SPV-യും കരാറുകാരനും ചെയ്യേണ്ട പ്രവൃത്തികളിൽ വീഴ്ച വരുത്തുമ്പോൾ പരിഹരിക്കുന്നതിനായി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ എന്നിവയും SPV-യ്ക്ക് നൽകാറുണ്ട്. സാധാരണയായി ഗുണനിലവാരമില്ലായ്മ, സമയക്രമമില്ലായ്മ എന്നിവയാണ് സ്ഥിരമായി കണ്ടുവരുന്ന ക്രമക്കേടുകൾ. SPV ക്രമക്കേടുകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഒബ്സർവേഷൻ മെമ്മോ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സർവേഷൻ മെമ്മോ കൊടുത്തിട്ടും ഉചിതമായ നടപടി സ്വീകരിച്ചിട്ടില്ലാത്ത പദ്ധതികൾ താൽക്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചു എന്ന് ഉറപ്പു വരുത്തിയശേഷം നിർത്തി വെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തി താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടായിരുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ക്രമക്കേട് മൂലം എത്ര തുകയുടെ നഷ്ടമാണ് ഓരോ പ്രോജക്ടിലും ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിഫ്ബി ഒരു പ്രോജക്ടിലും നഷ്ടം ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾക്ക് ഒന്നുംതന്നെ കിഫ്ബിയിൽനിന്ന് കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടില്ല. കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള വീഴ്ചകൾക്ക് കരാറുകാരന്റെ പക്കൽനിന്നും, എസ്.പി.വി.-യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക് എസ്.പി.വി-യിൽനിന്നും കിഫ്ബി പിഴ ഈടാക്കുന്നതാണ്.

(സി) ക്രമക്കേടുണ്ടായ പ്രോജക്ടുകളിലെ എസ്.പി.വി.കൾ ഏതെല്ലാം; പ്രസ്തുത എസ്.പി.വി.-കൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ക്രമക്കേട്മൂലം താത്കാലികമായി നിർത്തിവെക്കപ്പെട്ട പദ്ധതികളിലെ എസ്.പി.വി.-കൾ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നിവയാണ്. എസ്.പി.വി.- യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക് എസ്.പി.വി.-യിൽനിന്നും കിഫ്ബി പിഴ ഈടാക്കുന്നതാണ്.

**കിഫ്ബിയുടെ 'വികസന വഴികൾ' എന്ന ദൃശ്യമാധ്യമ പരിപാടി**

33(427) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി-യുടെ ആഭിമുഖ്യത്തിൽ വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് 'വികസന വഴികൾ' എന്ന പേരിൽ വിവിധ ദൃശ്യമാധ്യമങ്ങളിൽ പരിപാടികൾ സംപ്രേഷണം ചെയ്യുന്നുണ്ടോ?

ഉണ്ട്.

(ബി) ഏതൊക്കെ ചാനലുകളിലാണ് പ്രസ്തുത പരിപാടി സംപ്രേഷണം ചെയ്യുന്നത്?

24 News, Asianet News, Mathrubhumi, Amrita TV, Media One, Jaihind TV, Kaumudi TV, Reporter Chanel, Kairali TV, NEWS 18 Kerala, Janam TV, Jeevan TV, ACV, Mangalam എന്നീ ചാനലുകളിലാണ് പ്രസ്തുത പരിപാടി സംപ്രേഷണം ചെയ്യുന്നത്.

(സി) പ്രസ്തുത എപ്പിസോഡുകൾ നിർമ്മിക്കുന്നതിന് കിഫ്ബിക്ക് ഇതിനകം എത്ര തുക ചെലവായി ;

(ഡി) പരിപാടി സംപ്രേക്ഷണം ചെയ്ത വകയിൽ വിവിധ ചാനലുകൾക്ക് നൽകുവാനുള്ള തുകയുടെ എസ്റ്റിമേറ്റ് വെളിപ്പെടുത്തുമോ?

(സി&ഡി) കിഫ്ബിക്ക് ഇതിനകം 6,31,11,537.70 രൂപ ചെലവായി. സംപ്രേക്ഷണം ചെയ്ത വകയിൽ ചാനലുകൾക്ക് ഇനിയും 2,50,38,978 രൂപ നൽകുവാനുണ്ട്.

## കിഫ്ബി പദ്ധതികൾ

34(428) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്; എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു; എത്ര കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി; വിശദമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 60,096.35 കോടി രൂപയുടെ 821 പദ്ധതികൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്; 17,012.71 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി

35(429) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പദ്ധതികൾക്കാണ് കിഫ്ബി ഇതുവരെ അനുമതി നൽകിയിട്ടുള്ളത്;

(ബി) കോഴിക്കോട് ജില്ലയിലെ എത്ര പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റുള്ളവയുടെ പ്രവൃത്തിപുരോഗതിയും അറിയിക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബി ഇതുവരെ ധനാനുമതി നൽകിയ പദ്ധതികളും ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരവും മറ്റുള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥയും ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി നൽകുന്നു.*

## പ്രവാസി ചിട്ടി

36 (430) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തു; പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കിഫ്ബി ഇതിനകം വിവിധ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവാസി ചിട്ടിയിൽ 7-1-2021 വരെ 82358 പേർ രജിസ്റ്റർ ചെയ്യുകയും 29796 പേർ ചിറ്റാളന്മാരാകുകയും ചെയ്തു. പ്രവാസി ചിട്ടിയുടെ പ്രചരണത്തിനു കെ.എസ്.എഫ്.ഇ-യെ സഹായിക്കുന്നതിനായി കിഫ്ബി ഇതിനകം വിവിധ ഇനങ്ങളിൽ 13.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ 307 കോടി രൂപ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ഇനത്തിൽ കിഫ്ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) മീഡിയ ആന്റ് മാർക്കറ്റിംഗ് പ്ലാൻ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ഏതൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഓരോ ഘട്ടത്തിലും കിഫ്ബി എത്ര തുകയാണ് ചെലവഴിച്ചത്?

പ്രവാസി ചിട്ടിയുടെ ഒന്നാം ഘട്ട പ്രചാരണങ്ങൾ യു.എ.ഇ കേന്ദ്രീകരിച്ചാണ് നടന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവാസി ചിട്ടി മറ്റ് ജി.സി.സി രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചിട്ടി ഈ രാജ്യങ്ങളിലെ മലയാളികൾക്കായി കെ.എസ്.എഫ്.ഇ തുറന്നു കൊടുക്കുകയും ചെയ്തു. റേഡിയോ, ടിവി, പത്രം വഴിയുള്ള പരസ്യങ്ങൾ, ഇലക്ട്രോണിക്ക്/ഇന്റർനെറ്റ്/ മറ്റ് സമൂഹമാധ്യമങ്ങൾ വഴിയുള്ള വീഡിയോ പരസ്യ പ്രചരണങ്ങൾ, പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം വിവിധ സ്ഥലങ്ങളിൽ മലയാളി സംഘടനകളുടെ പരിപാടികൾ സംഘടിപ്പിക്കുക, അവ സംഘടിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, വിവിധ സ്ഥലങ്ങളിൽ പത്രസമ്മേളനങ്ങൾ നടത്തുക എന്നിവയാണ് ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നടത്തിയ പ്രചരണ പ്രവർത്തനങ്ങൾ. ഒന്നാം ഘട്ട പ്രചാരണങ്ങൾക്ക് 5.23 കോടി രൂപയും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2.46 കോടി രൂപയും ചെലവ് വന്നിട്ടുണ്ട്.

(സി) പ്രവാസി ചിട്ടിക്കുവേണ്ടി സോഫ്റ്റ്‌വെയർ തയ്യാറാക്കിയത് ഏത് കമ്പനിയാണ്; ഇവരെ എപ്രകാരമാണ് തെരഞ്ഞെടുത്തത്; സോഫ്റ്റ്‌വെയറിനായി ഇതിനകം എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

പ്രവാസി ചിട്ടിയുടെ സുഗമമായ തുടക്കത്തിനുള്ള സാങ്കേതിക സഹായം എന്ന നിലയ്ക്കാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള സങ്കേതിക സഹായം കിഫ്ബി നൽകിയത്. ഈ സോഫ്റ്റ്‌വെയർ ഒന്നിലധികം മോഡ്യൂളുകളുള്ള വളരെ സങ്കീർണ്ണമായ ഒരു ഓൺലൈൻ സംവിധാനമാണ്. ഇതിന്റെ പ്രധാന ഭാഗം ഡെവലപ്പ് ചെയ്തിരിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) ആണ്. കൂടാതെ ഫയൽ മാനേജ്മെന്റ്, കസ്റ്റമർ റിലേഷൻ മാനേജ്മെന്റ്, റ്റാലി ഇന്റഗ്രേഷൻ എന്നീ മോഡ്യൂളുകൾ വികസിപ്പിക്കുന്നതിനായി കേരള സർക്കാരിനുകീഴിൽ വരുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (C-Dit)-നെ ചുമതലപ്പെടുത്തിയിരുന്നു. അതാത് മേഖലയിൽ പ്രാവീണ്യമുള്ള ഡെവലപ്പ്മെന്റ് കമ്പനികളെ തെരഞ്ഞെടുത്ത് അവർ തയ്യാറാക്കിയ വിവിധ മോഡ്യൂളുകൾ സംയോ

ജിപ്പിച്ചത് സി-ഡിറ്റാണ്. പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റിനു മാത്രമായി നാളിതുവരെ 5.32 കോടി രൂപ ചെലവായിട്ടുണ്ട്. സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റിനായി കെ.എസ്.എഫ്.ഇ. ക്കു മാത്രം 7-1-2021 വരെ ഒരു കോടി പതിനാറു ലക്ഷത്തി നാല്പത്തിയേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറു രൂപ (1,16,47,290 രൂപ) ചെലവുകൾ വന്നിട്ടുണ്ട്.

## കിഫ്ബി ഫണ്ട്

37(434) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം നാലുവരിയാക്കി വികസിപ്പിക്കുന്നതിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 'Improvements and Four lane works of Thrissur Kuttipuram road at Km 15/000 to 19/650 in Thrissur District' എന്ന പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭിക്കുകയും അത് അവലോകനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് (TAR-Technical Appraisal Report) എസ്.പി.വി ആയ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബി മാസ്റ്റർ പ്ലാൻ

38(436) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബി വഴി നടപ്പാക്കുന്ന മാസ്റ്റർപ്ലാനിലൂടെ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ആശുപത്രിയിൽ ലഭ്യമാകുകയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

(എ-സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള SPV ആയ WAPCOS സമർപ്പിച്ചിട്ടുള്ള 143 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന്മേലുള്ള സാങ്കേതിക അവലോകന റിപ്പോർട്ട് വാപ്കോസിന് നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള മറുപടി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ആയതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം അധിക സൗകര്യങ്ങളാണ് ആശുപത്രിയിൽ ലഭ്യമാകുകയെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

## പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

39(437) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ നിലവിലെ അവസ്ഥ സഹിതം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*

(ബി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണത്തിനായി ആകെ വകയിരുത്തിയ തുക എത്രയാണെന്നും അതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ?

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ആകെ 3500 കോടി രൂപയാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിലേയ്ക്കായി നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ളത്. പാറശ്ശാല മണ്ഡലത്തിലെ മലയോര ഹൈവേ പദ്ധതികളുടെ നിലവിലെ അവസ്ഥ ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.*

## വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

40(438) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായി എത്ര കിലോമീറ്റർ റോഡിന്റെ വീതിയാണ് വർദ്ധിപ്പിക്കുന്നതെന്നും എത്ര വീതിയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നീളം 10.95 കിലോമീറ്റർ വീതി വിവിധയിടങ്ങളിലായി 13.6 മീറ്റർ RoW മുതൽ 18.5 മീറ്റർ RoW വരെ.

(ബി) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായുള്ള റോഡ് വികസനവും വ്യാപാരസ്ഥാപനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും ഏത് ഏജൻസികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നറിയിക്കുമോ?

റോഡ് വികസനം KRFB-യും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം TRIDA-യും ആണ് ഏറ്റെടുത്തിട്ടുള്ളത്.

(സി) റോഡ് വികസനം, ഭൂമി ഏറ്റെടുക്കൽ എന്നിവയടക്കം വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതിക്ക് കിഫ്ബി വഴി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 95 കോടി രൂപയും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 27.0445 കോടി രൂപയും ആണ് KIIFB അനുവദിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള റോഡ് വികസനം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നിവയുടെ പുരോഗതി വിശദമാക്കുമോ?

റോഡ് വികസനത്തിനും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുമുള്ള ഭൂമി ഏറ്റെടുക്കൽ നടന്നുവരുകയാണ്. റോഡ് നിർമ്മാണ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) മറുപടി റിപ്പോർട്ടിനായി SPV-യ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൽപ്പറ്റ മണ്ഡലത്തിൽ കയർ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ**

41(439) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ കയർ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ വിനിയോഗിച്ചു; വ്യക്തമാക്കുമോ?

കൽപ്പറ്റ മണ്ഡലത്തിൽ 2019-ൽ കയർ ഭൂവസ്ത്ര ജില്ലാതല സെമിനാർ നടത്തിയിട്ടുണ്ട്. പ്രസ്തുത സെമിനാറിൽ 152 പേർ പങ്കെടുക്കുകയും ചെയ്തു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം വിതാനിച്ച് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ശ്രമിക്കുന്നത്.

(ബി) കിഫ്ബി മുഖേന ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്ന് അനുവദിച്ച തുക സഹിതം വിശദമാക്കാമോ; ഇതിൽ ആരംഭിച്ച പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ, ഇനി ആരംഭിക്കാനുള്ള പദ്ധതികൾ എന്നിവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കിഫ്ബി മുഖേന ഈ സർക്കാരിന്റെ കാലത്ത് കല്പറ്റ മണ്ഡലത്തിൽ കയർ വകുപ്പിന് കീഴിൽ പദ്ധതികളൊന്നും പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളും ഇവയിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ തുകയും നിലവിലുള്ള അവസ്ഥയും ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി നൽകുന്നു.*

(സി) കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റു വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. കിഫ്ബി-യുടെ ധനാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ (എസ്.പി.വി) ചുമതലയാണ്.

**കിഫ്ബി പദ്ധതിയിൽ പൂർത്തീകരിച്ച പദ്ധതിക്ക് പകരം പദ്ധതി**

42 (441) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡിന്റെ മിക്ക ഭാഗങ്ങളും മറ്റ് പ്രവൃത്തികളുടെ ഭാഗമായി പൂർത്തീകരിച്ചതിനാൽ ആയതിന് പകരം മറ്റൊരു പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡിന്പകരം മറ്റൊരു പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കണമെന്ന ശിപാർശ കിഫ്ബിയുടെ പരിഗണനയിൽ ഇല്ല. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ ആകെ തുക 60,000 കോടി രൂപ കഴിഞ്ഞതിനാൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കുപകരം മറ്റ് പദ്ധതികൾ പരിഗണിക്കേണ്ടതില്ല എന്ന് ധനവകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മാന്ത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡിന്പകരം മറ്റൊരു പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കണമെന്ന ശിപാർശ കിഫ്ബിയുടെ പരിഗണനയിൽ ഇല്ല. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ ആകെ തുക 60,000 കോടി രൂപ കഴിഞ്ഞ തിനാൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് പകരം മറ്റ് പദ്ധതികൾ പരിഗണിക്കേണ്ടതില്ല എന്ന് ധനവകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

**മാവേലിക്കര റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം**

43(442) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച മാവേലിക്കര റെയിൽ ഓവർബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച കല്ലുമല റെയിൽവേ മേൽപ്പാലത്തിന് 9-8-2020-ലെ ഓർഡർ നമ്പർ.PWD011-15/APR-5/2020/KIIFB പ്രകാരം 38.22 കോടി രൂപ അനുവദിക്കുകയും മേൽപ്പാലത്തിന്റെ ജനറൽ അറൈജ്മെന്റ് ഡ്രോയിംഗ് (GAD) അംഗീകാരത്തിനായി റെയിൽവെയ്ക്ക് 18-11-2020-ൽ സമർ പ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പേരൂർക്കട ഫ്ലൈ ഓവർ നിർമ്മാണം**

44(443) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് കിഫ്ബി വഴി എത്ര രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

106.76 കോടി രൂപ

(ബി) എത്ര നീളവും വീതിയുമുള്ള ഫ്ലൈ ഓവറാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ?

നീളം 874.70 മീറ്ററും വീതി 9.90 മീറ്റർ

(സി) ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതെന്ന് അറിയിക്കാമോ?

RBDCK

(ഡി) ഈ പദ്ധതിയുടെ നിർവ്വഹണ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ?

പദ്ധതിക്കായി 6-11-2020-ലെ GO(Rt)No.919/2020/PWD പ്രകാരം 106.76 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 21-12-2020-ലെ ഓർഡർ നമ്പർ PWD002-10/APR-2/2020/KIIFB പ്രകാരം കിഫ്ബി സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി 43.29 കോടി രൂപ അനുവദിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കൽ നടന്നുവരുകയാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**താമരക്കുളം - വെറ്റമുക്ക് റോഡ് നിർമ്മാണം**

45(444) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച താമരക്കുളം-വെറ്റമുക്ക് റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് കിഫ്ബി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കിഫ്ബി മുഖേന അനുവദിച്ച താമരക്കുളം-വെറ്റമുക്ക് റോഡ് നിർമ്മാണ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 74,67,980 രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി നിർവ്വഹിക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട എസ്. പി. വി. ക്കാണ്.

(ബി) ടി റോഡിന്റെ മാവേലിക്കര മണ്ഡലത്തിന്റെ ഭാഗമായ താമരക്കുളം, വള്ളികുന്നം പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന 3 പാലങ്ങൾ റോഡിന് അനുസൃതമായി വീതി കൂട്ടി നിർമ്മിക്കുന്നതിന് കിഫ്ബി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

താമരക്കുളം-വെറ്റമുക്ക് റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിന്റെ ഭാഗമായ താമരക്കുളം, വള്ളികുന്നം പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന 3 പാലങ്ങൾ റോഡിന് അനുസൃതമായി വീതി കൂട്ടി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

**കിഫ്ബി മുഖേന നടപ്പാക്കുന്ന പട്ടം ഫ്ലൈ ഓവർ പദ്ധതി**

46 (445) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പട്ടം ഫ്ലൈ ഓവർ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലെ പട്ടം ഫ്ലൈ ഓവർ പദ്ധതിക്ക് കിഫ്ബി 84.61 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) പുതിയതായി നിർമ്മിക്കുന്ന പട്ടം ഫ്ലൈ ഓവറിന്റെ ആകെ നീളം എത്രയാണെന്ന് വ്യക്തമാക്കാമോ?

പട്ടം ഫ്ലൈ ഓവറിന്റെ ആകെ നീളം 1008 മീറ്റർ ആണ്.

(സി) പട്ടം ഫ്ലൈ ഓവർ പദ്ധതിയുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ?

സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായുള്ള സാമൂഹിക ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച പ്രാഥമിക വിജ്ഞാപനം (സെക്ഷൻ 11(1) താമസിയാതെ പ്രസിദ്ധീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്.

(ഡി) പട്ടം ഫ്ലൈ ഓവർ പദ്ധതിക്ക് എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരിക എന്ന് വ്യക്തമാക്കാമോ?

0.3214 ഹെക്ടർ (സർക്കാർ ഭൂമി -0.0964 ഹെക്ടർ, സ്വകാര്യ ഭൂമി -0.2250 ഹെക്ടർ)

## കൂടൽ മത്സ്യമാർക്കറ്റ്

47(446) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടൽ മത്സ്യ മാർക്കറ്റ് കിഫ്ബി വഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് അനുമതി ലഭിക്കും; എത്ര രൂപയാണ് മാറ്റി വയ്ക്കുന്നത്; വിശദമാക്കാമോ?

(എ&ബി) 18-6-2020-ലെ സ.ഉ.(സാധാ) നമ്പർ 333/2020/മ.തു.വ. പ്രകാരം " പത്തനംതിട്ട ജില്ലയിലെ കൂടൽ മത്സ്യ മാർക്കറ്റ് നവീകരണം" കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1.57 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ KSCADC കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് സാങ്കേതിക അവലോകന റിപ്പോർട്ട് SPV-യ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള മറുപടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്.

(സി) ചിറ്റാറിൽ അനുവദിച്ച സബ്ട്രഷറി പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും?

30-10-2012- ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 9159/ധന പ്രകാരം ചിറ്റാർ കേന്ദ്രമാക്കി പുതിയ സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുവാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ വീണ്ടും ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കുവാൻ സാധ്യമല്ലെന്ന് സർക്കാർ മറുപടി നൽകിയിരുന്നു. പിന്നീട് ഈ വിഷയത്തിന്മേൽ ഡയറക്ടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

## സ്റ്റേഡിയം നിർമ്മാണം

48(447) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴി സ്പോർട്സ് മേഖലയിൽ എത്ര കോടി രൂപയുടെ പദ്ധതി കളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കിഫ്ബിവഴി സ്പോർട്സ് മേഖലയിൽ 775 കോടി രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. 397.63 കോടി രൂപയുടെ പ്രവൃത്തികൾ നിർമ്മാണത്തിലാണ്. ടെണ്ടർ നടപടികൾ പൂർത്തിയായതടക്കം നിർമ്മാണ ഘട്ടത്തിലേയ്ക്ക് നീങ്ങിയ പദ്ധതികളുടെ അടങ്കൽ 657.01 കോടി രൂപയാണ്. ഇതിൽ 2 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സ്പോർട്സ് മേഖലയിൽ ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

49 (448) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലുള്ള അവസ്ഥയും തുകയടക്കം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളും അവയുടെ നിലവിലുള്ള അവസ്ഥയും തുകയും ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു .*

**കുന്ദമംഗലം ബൈപ്പാസ് നിർമ്മാണം**

50(449) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുന്ദമംഗലം ബൈപ്പാസ് (പണ്ടാരക്കടവ്- ഉണ്ടോടിക്കടവ്) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

27-9-2016-ലെ G.O. (Rt) No. 1324 / 2016 / PWD പ്രകാരം പണ്ടാരപ്പറമ്പ്--ഉണ്ടോടിക്കടവ് ബൈപ്പാസ് നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയും ടി പദ്ധതി പ്രധാന റോഡുകളുമായി ബന്ധിക്കപ്പെടുന്നില്ലാത്തതിനാൽ, പ്രസ്തുത പദ്ധതി എൻ.എച്ച്.-ന്റെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണെന്ന് ഗവൺമെന്റിനെ അറിയിക്കുകയും ഗവൺമെന്റ് ആവശ്യപ്പെട്ടത് പ്രകാരം ഓരോ ഘട്ടങ്ങളിലും പ്രതീക്ഷിക്കുന്ന ഏകദേശ ചെലവ് ഉൾപ്പെടുത്തി കൺസപ്റ്റ് റിപ്പോർട്ട് 30-9-2019-ൽ സമർപ്പിച്ചിട്ടുമുണ്ട്. എന്നാൽ കിഫ്ബിയുടെ ധനാനുമതിക്കായി പുതുക്കിയ ഭരണാനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) കുന്ദമംഗലം ടൗണിൽ നിലവിലുള്ള ഗതാഗതക്കുരുക്ക് നീക്കുന്നതിന് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

പുതുക്കിയ ഭരണാനുമതിയും അതനുസരിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ**

51(450) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബിവഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിൽ കിഫ്ബി വഴി സാമ്പത്തികാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വർക്കല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

52(451) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും അനുവദിച്ചിട്ടുള്ള തുകയെത്രയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾ കിഫ്ബിയുടെ അനുമതിക്കായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ-സി) വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ അനുമതിക്കായി ലഭിച്ചിട്ടുള്ള പദ്ധതികളും അതിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും അവയ്ക്കനുവദിച്ച തുകയും മറ്റ് വിവരങ്ങളും അനുബന്ധം ആയി ചേർക്കുന്നു.*

**സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട്**

53(452) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് മുഖാന്തരം അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനാനുമതി നല്കിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി പ്രവൃത്തികൾ

54(453) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര തുകയുടെ കിഫ്ബി പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകയും വേർതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ ആരംഭിക്കുവാനുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ചതുകയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇനിയും ആരംഭിക്കാനുള്ള പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഇ) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി-ഇ) കിഫ്ബി സാമ്പത്തികാനുമതി നൽകുന്ന പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വൃത്തി അവാർഡ് ചെയ്യുന്നതിന്റെയും സമയക്രമത്തിൽ തീർക്കുന്ന തിന്റെയുമുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസിക ളുടേതാണ്. പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി പദ്ധതി നിർവഹണ ഏജൻസികളുടെ അവലോകനയോഗങ്ങൾ കിഫ്ബി നടത്തി വരുന്നുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതികൾ

55(454) ശ്രീ. മുഹമ്മദ് മുഹസിൻ പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; അവ എന്താണ്; വിശദമാക്കാമോ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ നടത്തിപ്പിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വള്ളിക്കുന്ന് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

56(455) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ച പദ്ധതികൾ ഏതെല്ലാം; ഇതിൽ നിർമ്മാണം ആരംഭിച്ചവ, ആരംഭിക്കാത്തവ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ തോട്ടശ്ശേരിയറ - ഇല്ലത്തുമാട് റോഡ് നവീകരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിവരിക്കാമോ?

തോട്ടശ്ശേരിയറ - ഇല്ലത്തുമാട് റോഡ് പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനവും സൈറ്റ് ഇൻസ്പെക്ഷനും നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് 1-12-2018-ൽ പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ടിനുള്ള മറുപടി ലഭിച്ചിട്ടില്ല.

**മലപ്പുറം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

57(456) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതികൾ വിശദീകരിക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച് സാങ്കേതിക നടപടികൾ പൂർത്തീകരിച്ചിട്ടും പല പ്രവൃത്തികളും ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കാലതാമസം നേരിടുന്ന പ്രവൃത്തികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസം, നിയമാനുസൃതം നടത്തേണ്ടിയിരുന്ന ക്ലിയറൻസുകൾ നേടുന്നതിലുള്ള കാലതാമസം എന്നിവകൊണ്ടാണ്.

(സി) മലപ്പുറം ഗവ.വനിതാ കോളേജിന് കിഫ്ബിയിൽ അനുവദിച്ച ഫണ്ടിന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ?

മലപ്പുറം ഗവ. വനിതാ കോളേജിന് കിഫ്ബിയിൽനിന്നും ധനാനുമതി നൽകിയിരുന്നു. എന്നാൽ GRIHA റേറ്റിംഗ് നേടുന്നതിലേയ്ക്കായി പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ പരിഷ്കരിച്ച് പുതുക്കിയ ധനാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കേണ്ടതായുണ്ട്.

(ഡി) പദ്ധതികളെല്ലാം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പദ്ധതികളെല്ലാം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികൾ**

58(457) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും ഇവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എത്ര രൂപയാണ് പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നല്കിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, ധനാനുമതി നല്കിയ തുക ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതി

59(458) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൻ കീഴിൽ നാളിതുവരെയായി എത്ര പദ്ധതികൾക്കും എത്ര തുകയ്ക്കും ഭരണാനുമതി നൽകിയെന്ന് വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിൻകീഴിൽ നാളിതുവരെയായി 60,096.35 കോടി രൂപയുടെ 821 പദ്ധതികൾക്കാണ് സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -1 ആയി *ചേർക്കുന്നു

(സി) ഏറനാട് മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകി വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഏറനാട് മണ്ഡലത്തിൽ കിഫ്ബി മുഖേന സാമ്പത്തികാനുമതി നൽകി വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധം -2 ആയി ചേർക്കുന്നു.*

(ഡി) കിഫ്ബി പദ്ധതികൾക്ക് ഫണ്ട് ലഭ്യമാകുന്ന മാർഗ്ഗം, നാളിതു വരെയായി വിവിധ മാർഗ്ഗങ്ങളിലൂടെ ലഭ്യമായ ഫണ്ട്, പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ബില്ലിൻ പ്രകാരം നൽകിയ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മോട്ടോർ വാഹന നികുതി, സെസ്സ് എന്നീയിനത്തിൽ സർക്കാരിൽനിന്നും ലഭിച്ചുവരുന്ന തുകയ്ക്ക് പുറമെ റിസർവ് ബാങ്ക്, സെബി പോലെയുള്ള നിയന്ത്രണ ഏജൻസികൾ അംഗീകരിച്ചിട്ടുള്ള വിവിധ ധനകാര്യ മാർഗ്ഗങ്ങളിലൂടെ കിഫ് ആക്ട് വിവക്ഷിക്കുംപ്രകാരമാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. നിലവിൽ ലോണുകൾ, കടപ്പത്രങ്ങൾ തുടങ്ങിയ ധനകാര്യ ഉപാധികളിലൂടെ കിഫ്ബി ധന സമാഹരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ 2016-നു ശേഷം കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ 13,417.205 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. സമാഹരിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു.* പൂർത്തീകരിച്ച പദ്ധതികൾക്കായി നാളിതു വരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളിന്മേൽ നൽകിയിട്ടുള്ള തുക അടങ്ങിയ വിശദാംശം അനുബന്ധം - 4 ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഴപ്പിലങ്ങാട്- ധർമ്മടം ബീച്ചിന്റെ വികസനം

60(459) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനത്തിന് കിഫ്ബി എന്ത് തുകയാണ് അനുവദിച്ചതെന്നും ഏത് ഏജൻസിയെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇപ്പോൾ നിയോഗിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം (Character Area 01) എന്ന പദ്ധതിക്ക് ആകെ 52.541 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെയാണ് പ്രസ്തുത പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി ഭരണവകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്.

(ബി) 13-11-2019-ലെ ജി.ഒ.(എംഎസ്)നമ്പർ395/2019/റ്റി.എസ്.എം. പ്രകാരം എം/എസ് ഇൻകെൽ-നെ പ്രസ്തുത പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

നിയോഗിച്ചിരുന്നു.

(സി) ഇൻകെലിനെ പിന്നീട് ഈ പ്രവൃത്തിയിൽനിന്നും നീക്കം ചെയ്തിരുന്നോ; എങ്കിൽ അതിന്റെ കാരണമെന്താണെന്നും കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ് എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോയെന്നും വിശദമാക്കുമോ?

ടൂറിസം ഡയറക്ടർ ബന്ധപ്പെട്ട ഭരണവകുപ്പിനു നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ, 20-1-2020-ലെ സ.ഉ.(സാധാ) നമ്പർ 23/2020/ടൂറിസം പ്രകാരം INKEL-നു പകരം M/s KIIDC-നെ പ്രസ്തുത പദ്ധതിയുടെ SPV-ആയി ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ കിഫ്ബിയുടെ സാങ്കേതികപരിശോധന വിഭാഗം പ്രോജക്ട് പരിശോധന നടത്തിയിട്ടില്ല.

## ആസ്തി വികസന ഫണ്ട്

61(460) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളിലായി ഏതെല്ലാം പ്രവൃത്തികൾക്കാണ് (ആസ്തി വികസന ഫണ്ട് ഒഴിവാക്കി) ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ -ലെഡ്ജർ/ഇ-ലാംസിലേക്ക് മാറ്റിയ ഫണ്ടുകൾ

62(461) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സാമ്പത്തിക വർഷത്തേക്ക് വകുപ്പുകൾക്ക് അനുവദിക്കുന്ന തുകകൾ ഇ-ലെഡ്ജർ/ഇ-ലാംസിലേക്ക് മാറ്റുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ?

23-1-2015 ലെ സ.ഉ (പി) നമ്പർ 48/2015/ധന ഉത്തരവിലെ ഖണ്ഡിക 3-ലെ കാറ്റഗറി B പ്രകാരം നടപടിക്രമങ്ങളിലെ കാലതാമസംമൂലം ഒരു സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടുത്ത വർഷം സെപ്റ്റംബർ 30- നകം വിജയകരമായി വിനിയോഗിക്കുമെന്ന് ഉറപ്പുള്ള തുകയാണ് ഇ-ലാംസ്/ഇ-ലെഡ്ജറിലേയ്ക്ക് മാറ്റുന്നത്.

(ബി) 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇ-ലാംസിലേക്ക് മാറ്റിയ ഫണ്ടുകളുടെ വിശദാംശം നൽകാമോ?

ഇ-ലാംസിലേക്ക് മാറ്റിയ തുക (ലക്ഷത്തിൽ) 2017-18 74946.78, 2018-19 99460.15, 2019-20 43826.13

(സി) ടി വർഷങ്ങളിൽ ഇ-ലാംസ്/ഇ-ലെഡ്ജറിലേക്ക് മാറ്റിയ ഫണ്ടിൽ നിന്നും 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ തുകയുടെ വിശദാംശം നൽകാമോ?

ഇ-ലാംസ്/ഇ-ലെഡ്ജറിലേക്ക് മാറ്റിയ ഫണ്ടിൽനിന്നും 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷം റിലീസ് ചെയ്യുവാൻ അനുമതി നൽകിയ തുക (ലക്ഷത്തിൽ) 2018-19 24479.36 2019-20 39394.15 2020-21 11386.13

(ഡി) ശേഷിക്കുന്ന തുക റിലീസ് ചെയ്ത് നൽകാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ?

ഭരണ വകുപ്പിൽനിന്നും ഫണ്ട് റിലീസ് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്കാണ് തുക റിലീസ് ചെയ്ത് നൽകിവരുന്നത്.

## ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ

63(462) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകൾക്ക് കുടിവെള്ള വിതരണം, സ്റ്റേഡിയം, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണങ്ങൾക്ക് എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽനിന്നും ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ ലക്ഷ്യം. നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് 4-8-2018-ലെ സ.ഉ(അ) നമ്പർ 119/2018/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 18-8-2017-ലെ സ.ഉ.(അ) നമ്പർ 109/2017/ധന., 15-11-2019-ലെ സ.ഉ.(അ) നമ്പർ 156/2019/ധന. എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ കെട്ടിട നിർമ്മാണം, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/കളിസ്ഥല നിർമ്മാണം, സ്കൂൾ ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്/ സർക്കാർ ധനസഹായമായി നല്കുന്ന തുക വിനിയോഗിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ആയതിനാൽ, എയ്ഡഡ് സ്കൂളുകൾക്ക് കുടിവെള്ള വിതരണം, സ്റ്റേഡിയം, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണങ്ങൾക്ക് എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽനിന്നും ഫണ്ട് അനുവദിക്കുന്നത് പരിഗണിക്കാനാവില്ല.

## തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

64(463) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള മുഴുവൻ പ്രവൃത്തികളും ഏതാണെന്ന് ആയതിന്റെ തുകയടക്കം വ്യക്തമാക്കാമോ?

2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ തലശ്ശേരി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള മുഴുവൻ പ്രവൃത്തികളും അവയുടെ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വണ്ടൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

65(464) ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ എം.എൽ.എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ എം.എൽ.എ.-യുടെ മണ്ഡല ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശവും 2017-18 സാമ്പത്തിക വർഷം മുതൽ 31-12-2020 വരെയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധം I, II- ൽ കാണാവുന്നതാണ്.* 1-6-2016 മുതൽ 31-12-2020 വരെ എം.എൽ.എ.-യുടെ മണ്ഡല പ്രാദേശിക വികസന ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും 2016-17 സാമ്പത്തികവർഷത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ശേഖരിച്ചു വരുന്നു.

## കെൽട്രോണിന്റെ ബിൽ കുടിശ്ശിക

66(465) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 5462) പ്രവൃത്തി പൂർത്തീകരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെയായി ഇതിന്റെ ബിൽ തുക കെൽട്രോണിന് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ ബിൽ തുക ലഭിക്കാൻ കെൽട്രോൺ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ&ബി) 2017-18 വർഷത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 5462) പ്രവൃത്തി നടപ്പിലാക്കുന്നതിന് മലപ്പുറം ഉപവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി മലപ്പുറം ജില്ലാ കലക്ടറുടെ 8-5-2018 -ലെ ആർ.ഡി5-237/2018 പ്രകാരം 40.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ചെലവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശീർഷകമായ 4202-01-800-88 എന്ന ശീർഷകത്തിൽനിന്നും വഹിക്കുവാനും ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം കെൽട്രോൺ സമർപ്പിച്ച ബില്ലും അനുബന്ധ രേഖകളും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 13-12-2018, 16-12-2019 തീയതികളിലായി സമർപ്പിച്ചിട്ടുണ്ട്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സഹിതം ധനകാര്യ വകുപ്പിലേക്ക് ലഭ്യമാക്കുന്നതിനനുസരിച്ച് രേഖകൾ പരിശോധിച്ച് അപാകതകൾ ഒന്നുംതന്നെയില്ല എന്ന് ബോധ്യപ്പെടുന്നപക്ഷം ഫണ്ട് അലോട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബില്ലുകൾ മാറിക്കിട്ടാൻ വർഷങ്ങൾ കാത്തിരിക്കേണ്ടി വരുന്നത് പ്രവൃത്തികളുടെ ഗുണമേൻമയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

എം.എൽ.എ ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം ഭരണവകുപ്പ് മുഖാന്തരം സമർപ്പിക്കപ്പെടുന്ന ബില്ലുകൾ പരിശോധിച്ചതിനുശേഷം ബിൽ തുക 5475-00-800-91 പ്രോജെക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ് NP എന്ന ശീർഷകത്തിൽനിന്നും കാലതാമസം കൂടാതെ അലോട്ട് ചെയ്ത് നൽകുന്നുണ്ട്. വിവിധ ഗുണഭോക്തൃ വകുപ്പുകൾക്കുവേണ്ടി നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചീഫ് കൺട്രോളിംഗ് ഓഫീസറോട് ബിൽ തുക അനുവദിച്ചു നല്കാൻ അനുമതി നൽകുകയും പ്രസ്തുത ശീർഷകങ്ങളിൽ തുക ഇല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പുകൾ ടി ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെടുന്ന പക്ഷം യഥാസമയം തുക അനുവദിക്കുകയും ചെയ്യുന്നുണ്ട്.

**മണലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

67(466) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 വരെ മണലൂർ എം.എൽ.എ ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്നും സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ?

2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ മണലൂർ എം.എൽ.എ ശിപാർശ ചെയ്ത പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആലത്തൂർ നിയോജകമണ്ഡലത്തിൽ എ.ഡി.എസ്. പ്രവൃത്തി**

68(467) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എസ്-ൽ നിന്നും തുക വിനിയോഗിച്ച് പ്രവൃത്തി നടത്തുന്നതിനായി ശിപാർശ ചെയ്യപ്പെട്ടവയിൽ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിക്കാത്തവ ഉണ്ടെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് അറിയിക്കുമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എസ്.-ൽ നിന്നും തുക വിനിയോഗിച്ച് പ്രവൃത്തി നടത്തുന്നതിനായി ശിപാർശ ചെയ്യപ്പെട്ടവയിൽ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളും ആയതിന് കാലതാമസം ഉണ്ടായതിനുള്ള കാരണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

69(468) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംഎൽഎ-എൽഎസി.-എ.ഡി.എസിൽ 2016-2017, 2017-2018, 2018-2019, 2019-2020, 2020-2021 വർഷങ്ങളിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ വർഷവും ഒരോ പ്രവൃത്തിക്കുമായി ചെലവഴിച്ച തുക എത്ര വീതമെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ടിൽ നാളിതുവരെയുള്ള ബാക്കിനിൽപ്പുതുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഭരണാനുമതി നൽകിയതും എന്നാൽ നാളിതുവരെ റദ്ദുചെയ്യാത്തതുമായ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാത്തവയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഭരണാനുമതി നൽകിയതും എന്നാൽ നാളിതുവരെയായിട്ടും നടപ്പാക്കാനാകാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## ആംബുലൻസ് ലഭ്യമാക്കുന്നതിനുള്ള അനുമതി

70(469) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർദ്ധിച്ച വാഹനാപകടങ്ങളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ കൊടകര, മലക്കപ്പാറ എന്നീ പോലീസ് സ്റ്റേഷനുകൾക്ക് എം.എൽ.എ.യുടെ പ്രത്യേക വികസനഫണ്ടിൽനിന്നും ആംബുലൻസ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ, സർക്കാർ പ്രത്യേക അനുമതി ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊടകര, മലക്കപ്പാറ എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതുതായി ആംബുലൻസുകൾ വാങ്ങുന്നതിന് ചാലക്കുടി നിയോജകമണ്ഡലത്തിലെ എം.എൽ.എ ശ്രീ.ബി.ഡി.ദേവസ്സി അവർകളുടെ 2020-21 വർഷത്തെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിക്കുന്നതിന് 5-1-2021-ലെ സ.ഉ(സാധാ)നമ്പർ 97/2021/ധന പ്രകാരം പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

### വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

71(470) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എസ്.ഡി.എഫ്. വിനിയോഗിച്ച് 2016-2017, 2017-2018, 2018-2019, 2019-2020, 2020-2021 വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമെന്നും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഫണ്ടിൽ നാളിതുവരെയുള്ള ബാക്കി നിൽപ്പുതുക എത്രയെന്ന് വ്യക്തമാക്കാമോ?

എം.എൽ.എ പ്രത്യേക വികസന നിധിയിൽ നാളിതുവരെയുള്ള ബാക്കി നിൽപ്പുതുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. വർഷം ബാക്കി നിൽപ്പുതുക 2016-17 (38,91,473) 2017-18 (34,30,767) 2018-19 (32,13,256) 2019-20 (9,96,699) 2020-21 (57,57,249)

(സി) ഭരണാനുമതി നൽകിയതും എന്നാൽ നാളിതുവരെ റദ്ദുചെയ്യാത്തതുമായ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാത്തവയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഭരണാനുമതി നൽകിയതും എന്നാൽ നാളിതുവരെ റദ്ദു ചെയ്യാത്തതുമായ പ്രവൃത്തികൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം പ്രവൃത്തി 2017-18 (Toilet Block to Chennur AMM LP School) 2018-19 (Construction of Smart Class room at Edavanakkad LP School) 2019-20 (Gruel Shed St.Joseph LPS) 2020-21 (ഒരു പദ്ധതിയും തീർപ്പാക്കിയിട്ടില്ല)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ ആസ്തിവികസനഫണ്ട്, പ്രത്യേക വികസനഫണ്ട് എന്നിവ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ

72(471) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഘട്ടത്തിന്റെ ആവശ്യകത കണക്കിലെടുത്ത് എം.എൽ.എ. മാരുടെ ആസ്തിവികസനഫണ്ട്/പ്രത്യേക വികസനഫണ്ട് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിച്ച് വിപുലീകരിക്കുന്നത് ഗൗരവമായി പരിഗണിക്കുമോ?

4-8-2018 -ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന, 29-12-2017-ലെ സ.ഉ. (അച്ചടി) നമ്പർ 161/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട്/ പ്രത്യേകവികസന നിധി എന്നിവ വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ആസ്തിവികസന ഫണ്ടിൽനിന്നുള്ള പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് മൂലധന ശീർഷകങ്ങൾക്ക് കീഴിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ബില്ലുകൾ പാസ്സായി വരുന്ന മുറയ്ക്ക് ബജറ്റ് വിഹിതത്തിൽനിന്നും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമമാണ് അനുവർത്തിച്ച് വരുന്നത്. പ്രത്യേകവികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകളുടെ തുക ജില്ലാകളക്ടർമാർക്ക് നല്കുന്ന അലോട്ട്മെന്റുകളിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ തുക അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചെങ്ങന്നൂർ മണ്ഡലത്തിലെ എത്ര ബില്ലുകൾ തീർപ്പാക്കുവാനുണ്ടെന്ന് അറിയിക്കുമോ?

ചെങ്ങന്നൂർ മണ്ഡലത്തിലെ ഒരു ബിൽ തീർപ്പാക്കുവാനുണ്ട്.

## സി.ആന്റ് എ.ജി റിപ്പോർട്ട് പരസ്യപ്പെടുത്തിയ നടപടി

73(472) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആന്റ് എ.ജി.-യുടെ 2018-19-ലെ ഫൈനാൻസ് അക്കൗണ്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സി.ആന്റ് എ.ജി. ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ?

നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ധനകാര്യ (പി.എ.സി-ബി) വകുപ്പിൽ ലഭ്യമായത് 19-11-2020-ലാണ്.

(ബി) പ്രസ്തുത റിപ്പോർട്ട് ഭരണഘടന അനുശാസിക്കുന്ന പ്രകാരം ഗവർണർക്ക് അയച്ചുകൊടുത്ത് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുപകരം ധനകാര്യമന്ത്രി പത്രസമ്മേളനം വിളിച്ച് അതിലെ ഉള്ളടക്കം പരസ്യപ്പെടുത്തിയിട്ടുണ്ടോ ;

(സി) ധനകാര്യമന്ത്രിയുടെ ഈ അസാധാരണമായ നടപടി ഏത് സാഹചര്യത്തിലാണ് ഉണ്ടായത്; വിശദമാക്കുമോ;

(ഡി) സി.ആന്റ് എ.ജി. റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിന് മുമ്പ് മന്ത്രി തന്നെ പരസ്യപ്പെടുത്തിയ നടപടിയിലൂടെ ഏതൊക്കെ നടപടിക്രമങ്ങളാണ് ലംഘിക്കപ്പെട്ടത്; വിശദാംശം നൽകുമോ?

(ബി-ഡി) രാജ്യത്ത് നിലവിലുള്ള Audit Regulations-ന് തീർത്തും വിരുദ്ധമായി സർക്കാരിനെ കേൾക്കാതെയും കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്താതെയും നടത്തിയ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പരാമർശങ്ങൾ ഉത്തമബോധ്യത്തോടെയും സംസ്ഥാന താൽപര്യം പരിഗണിച്ചുമാണ് പറഞ്ഞിട്ടുള്ളത്. ആയത് സംബന്ധിച്ച് വന്നിട്ടുള്ള അവകാശ ലംഘന പ്രശ്നത്തിൽ വിശദമായ മറുപടി പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റിക്ക് നൽകിയിട്ടുള്ളതാണ്.

## ശമ്പളപരിഷ്കരണ കമ്മീഷൻ

74(473) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് നിയമിച്ച കമ്മീഷന് ശിപാർശകൾ നൽകുന്നതിന് നിശ്ചയിച്ചു കൊടുത്ത കാലാവധി എന്നാണ്?

6-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന. പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചുകൊണ്ട് ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കമ്മീഷന്റെ പ്രവർത്തന കാലയളവ് 7-5-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 54/2020/ധന. പ്രകാരം 31-2-2020 വരെയും കമ്മീഷന്റെ അപേക്ഷ പ്രകാരം 8-1-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ധന. 30-6-2021 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ശിപാർശകൾ എന്നത്തേയ്ക്ക് നൽകുന്നതിനാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കമ്മീഷന്റെ ഒന്നാം ഭാഗ റിപ്പോർട്ട് 2021 ജനുവരി 31-ന് മുൻപ് ലഭ്യമാക്കാനാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്.

## ഡി.എ കുടിശിക

75(474) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ഗഡു ഡി.എ കുടിശികയായി നൽകാനുണ്ട്?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും രണ്ട് ഗഡു ക്ഷാമബത്ത കുടിശ്ശികയായി നൽകാനുണ്ട്.

(ബി) എന്നു മുതലുള്ള ഡി.എ ആണ് കുടിശികയായി നല്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3% ക്ഷാമബത്തക്കും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5% ക്ഷാമബത്തക്കും ആനുപാതികമായ ക്ഷാമബത്ത കുടിശ്ശികയായി നൽകാനുണ്ട്.

(സി) പ്രസ്തുത ഡി.എ കുടിശിക എന്നു മുതൽ നല്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## കൊറോണ പ്രതിരോധ പ്രവർത്തന ഫണ്ടിലേക്ക് സർക്കാർ ഉദ്യോഗസ്ഥരിൽനിന്നുള്ള ശമ്പളവിഹിതം

76(475) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ പ്രതിരോധ പ്രവർത്തന ഫണ്ടിലേക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ ഒരു ഭാഗം പിടിക്കുവാൻ നിശ്ചയിച്ചപ്പോൾ, സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന വേളയിൽ ആ തുക തിരികെ നൽകുമെന്ന് വ്യക്തമാക്കിയിരുന്നോ?

കൊറോണ പ്രതിരോധ പ്രവർത്തന ഫണ്ടിലേയ്ക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്നും തുകയൊന്നും പിടിച്ചിട്ടില്ല. അതേസമയം കോവിഡ്-19 വ്യാപനംമൂലം സംജാതമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി 30-4-2020-ലെ സ.ഉ.(അ)നമ്പർ 53/2020/ധന. പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 6 ദിവസത്തെ ശമ്പളം (20%) 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവച്ചിട്ടുണ്ടായിരുന്നു. ശമ്പളം മാറ്റിവച്ചുകൊണ്ട് പുറപ്പെടുവിച്ച കേരള ഡിസാസ്റ്റർ ആന്റ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2020 വകുപ്പ് 7 പ്രകാരം മാറ്റി വച്ച തുക തിരികെ നൽകുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ടി വകുപ്പിന്റെ അടിസ്ഥാനത്തിൽ 25-10-2020-ലെ സ.ഉ.(അ)നമ്പർ 140/2020/ധന പ്രകാരം മാറ്റി വച്ച തുക തിരികെ നൽകുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പിടിച്ച വകയിൽ എത്ര കോടി രൂപയാണ് ലഭിച്ചത്?

30-4-2020-ലെ സ.ഉ.(അ)നമ്പർ 53/2020/ധന. പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 6 ദിവസത്തെ ശമ്പളം (20%) 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം 12-1-2021-ലെ കണക്കനുസരിച്ച് ശമ്പളയിനത്തിൽ 2270 കോടി രൂപയും ശമ്പള കുടിശ്ശിക ഇനത്തിൽ 7 കോടി രൂപയും സ്പാർക്ക് വഴി ശമ്പളം മാറുന്ന ജീവനക്കാരിൽനിന്നും അദ്ധ്യാപകരിൽനിന്നും മാറ്റി വച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ വിവിധ സ്ഥാപനങ്ങളും ഏജൻസികളും 569.23 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്.

(സി) ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ മരവിപ്പിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപയാണ് ലഭിച്ചത്?

16-4-2020-ലെ സ.ഉ.(അ)നമ്പർ 42/2020/ധന., 17-4-2020-ലെ സ.ഉ.(അ) നമ്പർ 43/2020/ധന., 17-7-2020-ലെ സ.ഉ.(അ) നമ്പർ 94/2020/ധന., എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം താൽക്കാലികമായി മാറ്റിവച്ചിരുന്നു. അപ്രകാരം മാറ്റിവച്ചിരുന്ന ലീവ് സറണ്ടർ ആനുകൂല്യം 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി 2020 നവംബർ മാസം മുതൽ അനുവദിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ജീവനക്കാരുടെ 2021 ഏപ്രിൽ മാസം നടത്താവുന്ന ലീവ് സറണ്ടർ ആനുകൂല്യം നീട്ടിയിട്ടുണ്ടോ; ഇത് എന്നത്തേക്കാണ് നീട്ടിയത് ?

5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. പ്രകാരം അടുത്ത സാമ്പത്തിക വർഷത്തെ (2021-2022) എല്ലാവിഭാഗം ജീവനക്കാരുടെയും ലീവ് സറണ്ടർ ആനുകൂല്യം 2021 ജൂൺ 1 മുതലാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) അടുത്ത വർഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ എന്ത് തരം സാമ്പത്തിക പരിഷ്കരണ നടപടികളാണ് ഉദ്ദേശിക്കുന്നത്?

നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തി ധന ദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ടി നയത്തിന് അനുസൃതമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കോവിഡിന്റെ പ്രതികൂല സാഹചര്യം നിലനിൽക്കുമ്പോഴും സർക്കാർ കൈക്കൊണ്ടു വരുന്ന മേൽനടപടികളുടെ ഗുണഫലങ്ങൾ അടുത്ത സാമ്പത്തിക വർഷം ദൃശ്യമാകു മെന്നാണ് പ്രതീക്ഷിക്കുന്നത്.

## പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ്

77(476) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ മേഖലയിൽ ഉൾപ്പെടെ ജീവനക്കാർക്കും അധ്യാപകർക്കും ശമ്പളപരിഷ്കരണ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്ന നിലവിലെ സർക്കാർ, സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും അഞ്ചു വർഷ ശമ്പള പരിഷ്കരണം ഉറപ്പുവരുത്തിയിട്ടുള്ളതുപ്രകാരം 11-ാം ശമ്പളപരിഷ്കരണ ഉത്തരവ് എന്ന് പ്രഖ്യാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനായിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

(എ&ബി) 6-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന. പ്രകാരം രൂപീകരിച്ച പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം 30-6-2021 വരെ ദീർഘിപ്പിച്ചുകൊണ്ട് 8-1-2021 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി കമ്മീഷന്റെ ഒന്നാം ഭാഗ റിപ്പോർട്ട് 2021 ജനുവരി 31-ന് മുൻപ് സമർപ്പിക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

78(477) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ എന്നാണ് പ്രസ്തുത സമിതിയെ നിയോഗിച്ചത്?

സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി 7-11-2018-ലെ സ.ഉ(അ) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതിയുടെ പ്രവർത്തനങ്ങൾക്കായി ഇതിനകം എത്ര രൂപ ചെലവഴിച്ചു?

സർക്കാരിന്റെ 21-10-2020-ലെ സ.ഉ (സാധാ) നമ്പർ 6065/2020/ധന ഉത്തരവുപ്രകാരം സമിതിയുടെ പ്രവർത്തന കാലാവധി 1-11-2020 മുതൽ 30-4-2021 വരെ പരമാവധി ആറുമാസത്തേയ്ക്ക് കൂടിയോ, അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നൽകിയിരിക്കുന്നതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതിയുടെ പ്രവർത്തനങ്ങൾക്കായി 2019-2020 സാമ്പത്തിക വർഷത്തിൽ 21,61,808 (ഇരുപത്തൊന്ന് ലക്ഷത്തി അറുപത്തോരായിരത്തി എണ്ണൂറ്റി എട്ട്) രൂപയും 2020-2021 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 34,27,921 (മുപ്പത്തി നാല് ലക്ഷത്തി ഇരുപത്തേഴായിരത്തി തൊള്ളായിരത്തി

ഇരുപ്പത്തി ഒന്ന്) രൂപയും ചേർത്ത് ആകെ 55,89,729 (അൻപത്തി അഞ്ച് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തൊൻപത്) രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും മേഖലയിൽ പുതുതായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ചുവടെ ചേർക്കുന്ന അഞ്ച് സ്ഥാപനങ്ങളിൽക്കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ
3. കണ്ണൂർ യൂണിവേഴ്സിറ്റി
4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി
5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

(ഡി) സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽനിന്നും പിന്നോട്ട് പോകുന്നത് സർക്കാരിനെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ?

പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച സാമ്പത്തിക, നിയമ വശങ്ങൾ ഉൾപ്പെടെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സർക്കാർ പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുള്ളത്.

**ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ പുനഃക്രമീകരണം**

79(478) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിയമത്തിന്റെ അടിസ്ഥാനത്തിൽ ചരക്ക് സേവന നികുതി വകുപ്പിൽ നടപ്പാക്കേണ്ട ജീവനക്കാരുടെ പുന:ക്രമീകരണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ജി.എസ്.ടി. നിയമത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നടപ്പാക്കേണ്ട ജീവനക്കാരുടെ പുനഃക്രമീകരണം സംബന്ധിച്ച് സർവീസ് സംഘടനകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 31-12-2020-ൽ സർവീസ് സംഘടനകളുടെ യോഗം വകുപ്പു മേധാവി വിളിച്ചു ചേർത്തിട്ടുണ്ട്. റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ഇതിനായി ജീവനക്കാരുടെ ജോലിഭാരം കണക്കാക്കാനുള്ള വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പുനഃസംഘടനയുമായി ബന്ധപ്പെട്ട് വകുപ്പിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് സമർപ്പിച്ച റിപ്പോർട്ട് പരിശോധനയിലാണ്.

(സി) ജീവനക്കാരുടെ പുന:ക്രമീകരണത്തിന് ആധാരമാക്കിയത് ഏത് സംസ്ഥാനത്തെ ഏത് വകുപ്പിലെ മാതൃകയാണെന്ന് വ്യക്തമാക്കാമോ?

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ സ്റ്റാഫ് പാറ്റേണും തസ്തികകളും ആയിരുന്നു വാണിജ്യ നികുതി വകുപ്പിൽ ഉണ്ടായിരുന്നത്. അതിനാൽ ജി.എസ്.ടി നടപ്പാക്കുമ്പോൾ വകുപ്പിലെ വിവിധ തസ്തികകളും അവയുടെ കർത്തവ്യങ്ങളും ചുമതലകളും മറ്റു സംസ്ഥാനങ്ങളും കേന്ദ്രവുമായും ഏകീകരിക്കേണ്ടതുണ്ടായിരുന്നു. ഏതെങ്കിലും ഒരു സംസ്ഥാനം സ്വീകരിച്ച മാതൃക പിൻതുടരുന്നത് കേരളത്തിൽ അപ്രായോഗികമാണ്.

## കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച പദ്ധതികളും പ്രോജക്ടുകളും

80(480) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളും പ്രോജക്ടുകളുമാണ് അംഗീകാരത്തിനും സാമ്പത്തിക സഹായത്തിനുമായി സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം അനുവദിക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ കാലഘട്ടത്തിൽ ഓരോ തവണയും ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുൻപായി ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിക്കുന്നതിനായി എത്ര പദ്ധതികളും പ്രോജക്ടുകളും കേന്ദ്രത്തിന് നൽകിയിട്ടുണ്ട്; ഇവയിൽ അലോട്ട്മെന്റ് ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്?

(എ-സി) കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനം സമർപ്പിച്ചിട്ടുള്ള (അനുബന്ധമായി ചേർത്തിട്ടുള്ള) പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ (GST) ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനകീയ ഹോട്ടൽ**

81(482) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചെലവു കുറഞ്ഞ ജനകീയ ഹോട്ടൽ എത്രയെണ്ണം കേരളത്തിൽ പ്രവർത്തന സജ്ജമായി എന്ന വിവരം ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് കണക്കുകൾ നൽകാമോ?

സംസ്ഥാന സർക്കാരിന്റെ 12 ഇന കർമ്മപരിപാടികളിൽ സുപ്രധാനമായ ഒന്നാണ് ജനകീയ ഹോട്ടലുകൾ. കേരളത്തിലുടനീളം മിതമായ നിരക്കിൽ ഉച്ച ഭക്ഷണം നൽകുന്ന 853 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു കഴിഞ്ഞു. വിശദാംശങ്ങൾ അറ്റാച്ച് ഡോക്യുമെന്റിൽ കാണാവുന്നതാണ്.*

**ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി**

82(486) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020, 2020-2021 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ* ഉൾപ്പെടുത്തി 20% തുക അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു

**സാമൂഹിക പെൻഷൻ തുക**

83(487) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രപേർക്കാണ് സാമൂഹിക പെൻഷൻ നൽകുന്നത്?

സംസ്ഥാനത്ത് 4620983 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത് (2020 ഡിസംബറിലെ കണക്ക് പ്രകാരം).

(ബി) ഇതിനായി ഒരു വർഷം ചെലവാകുന്ന തുക എത്രയാണ്?

ഇതിനായി കഴിഞ്ഞ വർഷം (2020 ജനുവരി മുതൽ ഡിസംബർ വരെ) 8656.64 കോടി രൂപ ചെലവഴിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 1400 രൂപയിൽനിന്നും 1500 രൂപയായി സാമൂഹിക പെൻഷൻ തുക ഉയർത്തിയതിലൂടെ എത്ര അധിക തുകയാണ് സംസ്ഥാനത്തിന് ചെലവാകുന്നതെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 1400-ൽ നിന്ന് 1500 രൂപയായി ഉയർത്തിയതിലൂടെ ഏകദേശം 41.64 കോടി രൂപയുടെ അധിക ചെലവുണ്ടാകും.

**സാമൂഹ്യ ക്ഷേമ പെൻഷൻ**

84(488) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പന്ന വിഭാഗങ്ങളിൽപ്പെട്ടവർ ഒഴികെയുള്ള സംസ്ഥാനത്തെ അറുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും ക്ഷേമ പെൻഷൻ ലഭ്യമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

നിലവിലെ മാനദണ്ഡങ്ങൾപ്രകാരം അർഹതയുള്ള അപേക്ഷകർക്കെല്ലാം സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയത്ത് ക്ഷേമ പെൻഷൻ തുക എത്രയായിരുന്നെന്നും എത്ര പേർക്ക് ലഭിച്ചിരുന്നു എന്നതിന്റെയും കണക്ക് ലഭ്യമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷക്കാലത്ത് ആകെ എത്ര തുക ക്ഷേമപെൻഷനായി ചെലവഴിച്ചിരുന്നുവെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആകെ 4132826 പേർക്കാണ് സാമൂഹ്യ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | തുക (രൂപ) |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ<br>പ്രായം 75 വയസ്സ് വരെ | 1500<br>600 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ<br>80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ | 1100<br>800 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |
| 4 | കർഷക തൊഴിലാളി പെൻഷൻ | | 600 |
| 5 | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |

ക്ഷേമനിധി ബോർഡ് പെൻഷനുകൾ വ്യത്യസ്ത നിരക്കിലായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലത്ത് ആകെ 9311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്. ക്ഷേമനിധി ബോർഡുകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ക്ഷേമ പെൻഷൻ കുടിശ്ശികയായിരുന്നോ; എങ്കിൽ എത്ര കോടി കുടിശ്ശികയുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സാമൂഹ്യ സുരക്ഷാ/ക്ഷേമ നിധി ബോർഡ് പെൻഷനുകൾ കുടിശ്ശികയുണ്ടായിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് 260.35 കോടി രൂപയും ഉൾപ്പെടെ ആകെ 1734.02 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര പേർക്ക് പുതുതായി ക്ഷേമ പെൻഷൻ അനുവദിച്ചെന്നും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി ആകെ എത്ര കോടി രൂപ ക്ഷേമ പെൻഷനായി നൽകിയെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 4132826 ആയിരുന്നു. സേവനയിലെ കണക്കുകൾ പ്രകാരം നിലവിൽ 5562802 സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഈ സർക്കാർ ഇതുവരെ 1429976 പേർക്കുകൂടി പുതുതായി പെൻഷൻ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 27317.08 കോടി രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനായി 4067.15 കോടി രൂപയും ചേർത്ത് ആകെ 31384.23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് ക്ഷേമ പെൻഷൻ നൽകുന്നതെന്ന പ്രചരണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

ബി.പി.എൽ. വിഭാഗത്തിലുള്ള 688329 ഗുണഭോക്താക്കൾക്ക് മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നീ ഇനങ്ങൾക്ക് മാത്രമേ കേന്ദ്ര സഹായം കിട്ടുന്നുള്ളൂ. കിട്ടുന്ന തുക തുലോം ചെറുതാണ്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. 5-1-2021-ലെ സ.ഉ.(എംഎസ്.) നമ്പർ 3/2021/ധന പ്രകാരം 2021 ജനുവരി മുതൽ ക്ഷേമ പെൻഷൻ തുക 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) ഇത്തരത്തിലുള്ള ക്ഷേമ ചെലവുകളോടൊപ്പംതന്നെ വികസന ചെലവ് കൂടി വർദ്ധിപ്പിക്കാനായിട്ടുണ്ടോ എന്നറിയിക്കാമോ?

ക്ഷേമചെലവുകളോടൊപ്പംതന്നെ വികസന ചെലവുകളിലും വർദ്ധനവ് എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബജറ്റിൽ നിന്ന് മൊത്തം മൂലധനചെലവ് 29689 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ നാല് വർഷക്കാലയളവിൽ ബജറ്റിൽ നിന്ന് മൊത്തം മൂലധനചെലവ് 40497 കോടി രൂപയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പെൻഷൻ ഇനം | പെൻഷൻ ഉപവിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം | പ്രതിമാസ കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സു വരെ | 1300 | 200 | 1500 |
| | പ്രായം 75 വയസ്സിന് മുകളിൽ 80 വയസ്സിന് താഴെ | 1300 | 200 | 1500 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1000 | 500 | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1500 | ഇല്ല | 1500 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ) | 1200 | 300 | 1500 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1000 | 500 | 1500 |
| | അംഗ പരിമിതി 80% ഉം അതിനു അതിനു മുകളിലും (18 വയസ്സിനു താഴെ) | 1500 | ഇല്ല | 1500 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയവിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1500 | ഇല്ല | 1500 |
| | 40 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ | 1200 | 300 | 1500 |
| | 80 വയസ്സും അതിനു മുകളിലും | 1000 | 500 | 1500 |
| കർഷക തൊഴിലാളി പെൻഷൻ | | 1500 | ഇല്ല | 1500 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1500 | ഇല്ല | 1500 |

**ക്ഷേമ പെൻഷൻ**

85(489) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്നവരിൽ മസ്റ്ററിംഗിനുശേഷം എത്ര പേരെയാണ് അനധികൃത പെൻഷൻ വാങ്ങുന്നവരായി കണ്ടെത്തി ഒഴിവാക്കാനായത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ക്ഷേമ പെൻഷൻ ലഭിച്ചുവന്നിരുന്നവരിൽ അനധികൃതമായി പെൻഷൻ കൈപ്പറ്റിയിരുന്ന 4,95,609 പേരെ മസ്റ്ററിംഗിന് ശേഷം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത ക്ഷേമ പെൻഷൻ 2021 ജനുവരി മുതൽ പ്രതിമാസം എത്ര രൂപ വീതമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ഈയിനത്തിൽ പ്രതിമാസം എത്ര കോടി രൂപ മാറ്റി വയ്ക്കണം; ഇതിന്റെ പ്രയോജനം എത്ര ലക്ഷം പേർക്ക് ലഭിക്കും; വിശദാംശം വ്യക്തമാക്കുമോ?

2021 ജനുവരി മാസം മുതൽ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പ്രതിമാസം 787.94 കോടി രൂപ മാറ്റിവയ്ക്കേണ്ടതുണ്ട്. ഇതിന്റെ പ്രയോജനം സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളായ 52,52,843 പേർക്ക് ലഭിക്കും (2020 ഡിസംബറിൽ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

## ഉപഭോക്താക്കൾക്ക് ജി.എസ്.ടി.-യുടെ ഗുണഫലം

86(491) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യുടെ ഗുണഫലം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ദേശീയ അമിതവില വിരുദ്ധ അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്ത് ഏതെങ്കിലും അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാന ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 176 പ്രകാരം ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി. ചട്ടം 126 അനുസരിച്ച് സംസ്ഥാന തലത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി 25-9-2017-ലെ S.R.O. No. 581/2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര ജി.എസ്.ടി. വകുപ്പിലെ ജോയിന്റ് കമ്മീഷണറും സ്റ്റേറ്റ് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിലെ അഡീഷണൽ കമ്മീഷണറും അടങ്ങുന്നതാണ് സംസ്ഥാന തലത്തിലുള്ള ആന്റി പ്രോഫിറ്റീയറിംഗ് സ്ക്രീനിംഗ് കമ്മിറ്റി. ജി.എസ്.ടി. ആക്ട് അനുസരിച്ച് മുകളിൽ പറഞ്ഞിട്ടുള്ളതല്ലാതെ ഇത്തരത്തിലുള്ള മറ്റൊരു കമ്മിറ്റികളും രൂപീകരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഇല്ലെങ്കിൽ ഉപഭോക്താക്കളിൽനിന്നും അമിതമായി കൈപ്പറ്റുന്ന പണം തിരികെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉപഭോക്താക്കളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി പരിശോധന നടത്തുകയും പരാതിയിൽ കഴമ്പുണ്ടെന്ന് തെളിഞ്ഞാൽ തുടർ നടപടികൾക്കായി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. ജി.എസ്.ടി. നിയമം അനുസരിച്ച് ഇത്തരം പരാതികളിന്മേൽ അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി ആണ്.

## ജി.എസ്.ടി. വകുപ്പിൽ ഒരു കേഡറിൽ രണ്ടു പദവി

87(492) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാന ജി.എസ്.ടി. വകുപ്പുകളിൽ ഒരു പദവിയെ ഒന്നാകെ പുനർനാമകരണം ചെയ്തപ്പോൾ കേരളത്തിൽ മാത്രം എന്തിനാണ് ഒരു കേഡറിൽ രണ്ട് പദവി കൊണ്ടുവന്നത് എന്നറിയിക്കാമോ; ഇതിന് ആധാരമായ റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ?

ജി.എസ്.ടി. നടപ്പാക്കുമ്പോൾ വകുപ്പിലെ വിവിധ തസ്തികകളും അവയുടെ കർത്തവ്യങ്ങളും ചുമതലകളും മറ്റ് സംസ്ഥാനങ്ങളും കേന്ദ്രവുമായും ജി.എസ്.ടി. നിയമമനുസരിച്ച് ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിലുള്ള തസ്തികകളുടെ ശമ്പളത്തിലോ അലവൻസുകളിലോ വ്യത്യാസം വരുത്താതെ തന്നെ തസ്തിക പുനർ നാമകരണം നടത്തിയത്.

(ബി) കേഡർ വിഭജിച്ചതിലൂടെ എന്ത് ഗുണമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പുനർനാമകരണത്തിന് ശേഷം വിഭജിക്കപ്പെട്ട കേഡറിലെ രണ്ട് പദവികൾ തമ്മിൽ നിയമപരമായോ ജോലിയുടെ അടിസ്ഥാനത്തിലോ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ?

(ബി&സി) മറ്റു സംസ്ഥാനങ്ങളും കേന്ദ്രവുമായും ജി.എസ്.ടി. നിയമത്തിനനുസരിച്ച് തസ്തികകളുടെ ഏകീകരണവും നിയമപരമായ ഉത്തരവാദിത്തവും ലക്ഷ്യമാക്കിയാണ് തസ്തിക പുനർനാമകരണം നടപ്പിലാക്കിയത്.

(ഡി) സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ പദവികൾ വഹിക്കുന്നവരെ പരസ്പരം സ്ഥലം മാറ്റുന്നതിന് പുനർനാമകരണം തടസ്സമാകുമോ എന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ 25% ഹയർ ഗ്രേഡ് പോസ്റ്റുകൾ ഉണ്ട്. എസ്.ടി.ഒ. പോസ്റ്റിനേക്കാൾ ഉയർന്ന ശമ്പള സ്കെയിൽ ഉള്ള സ്റ്റേറ്റ് ടാക്സ് ഓഫീസർ ഹയർ ഗ്രേഡ് പോസ്റ്റിനെ ശമ്പളത്തിലോ അലവൻസുകളിലോ വ്യത്യാസം

വരുത്താതെയാണ് അസിസ്റ്റന്റ് കമ്മീഷണർ എന്ന് പുനർനാമകരണം നടത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽത്തന്നെ തസ്തികകളുടെ കടമകൾക്കും ഉത്തരവാദിത്തങ്ങൾക്കും പുനർനാമകരണം കൊണ്ടും വ്യത്യാസം ഉണ്ടാകുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പ്രസ്തുത പദവികൾ വഹിക്കുന്നവരെ പരസ്പരം സ്ഥലം മാറ്റുന്നതിന് പുനർനാമകരണം തടസ്സമാകുന്നില്ല.

## വായ്പയുള്ള കേന്ദ്ര നിബന്ധന

88(493) ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിലുണ്ടായ പ്രതിസന്ധിമൂലം 2020-21-ലെ ജി.എസ്.ടി. നഷ്ടപരിഹാരത്തിൽനിന്നും കോവിഡ് കാരണമുള്ള നഷ്ടം നികത്തുന്നതിന് സംസ്ഥാനങ്ങൾക്ക് നേരിട്ട് വായ്പ എടുക്കാമെന്നും കോവിഡ് കാരണമല്ലാതുള്ള നഷ്ടം 2022 മുതലേ നൽകുകയുള്ളൂവെന്നും കേന്ദ്രം വ്യക്തമാക്കിയിരുന്നോ ;

(ബി) സംസ്ഥാനം ഈ നിർദ്ദേശത്തെ എതിർത്തിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര തീരുമാനത്തിൽ മാറ്റം വരുത്തിയോ; എങ്കിൽ എന്ത് മാറ്റമാണ് വരുത്തിയത് ;

(എ&ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST Compensation പാക്കേജിന്റെ Option 1 പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ആകെ നഷ്ടപരിഹാര തുകയായ 2.35 ലക്ഷം കോടിയിൽ ജി.എസ്.ടി. നടപ്പിലാക്കിയത് കാരണം ഉണ്ടായിട്ടുള്ള നഷ്ടം 1.10 ലക്ഷം കോടിയായി തിട്ടപ്പെടുത്തുകയും ഇത് സംസ്ഥാനങ്ങൾക്ക് Special Window Facility-യിലൂടെ വായ്പയായി എടുക്കാവുന്നതാണെന്നും ജി.എസ്.ടി. നടപ്പിലാക്കുന്ന കാലയളവിൽ അവശേഷിക്കുന്ന കുടിശ്ശികയായിട്ടുള്ള നഷ്ടം ജി.എസ്.ടി. നടപ്പിലാക്കുന്ന കാലയളവ് പൂർത്തിയായതിന് ശേഷം മാത്രമേ, അതായത് ജൂലായ് 2022 ന് ശേഷം മാത്രമേ നൽകുകയുള്ളൂവെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിരുന്നു. അവശേഷിക്കുന്ന നഷ്ടപരിഹാരത്തുകയായ 73,000 കോടി അനുവദിക്കുന്നത് പരിഗണിക്കുന്നതിന് സംസ്ഥാനം 2 വർഷത്തോളം കാത്തിരിക്കേണ്ടിവരുമെന്നതിനാൽ Special Window Facility-യിലൂടെ സംസ്ഥാനങ്ങൾക്ക് എടുക്കാവുന്ന വായ്പ 1.10 ലക്ഷം കോടിയിൽ നിന്ന് 1.83 ലക്ഷം കോടിയായി ഉയർത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ ഈ ആവശ്യം പരിഗണിക്കുകയുണ്ടായില്ല. എന്നാൽ, നടപ്പ് സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിച്ച 2% അധിക വായ്പയിൽ ഉപാധികളില്ലാതെ വായ്പയെടുക്കുന്നതിനുള്ള പരിധി 0.5%-ൽ നിന്ന് 1% ആയി ഉയർത്തി നൽകിയിട്ടുണ്ട്.

(സി) കേന്ദ്രത്തിന്റെ പുതിയ നിബന്ധന പ്രകാരം നഷ്ടപരിഹാര വായ്പയായി സംസ്ഥാനത്തിന് എന്ത് തുക ലഭിക്കും; ഇതിനകം എന്ത് തുകയാണ് അനുവദിച്ചത്?

Special Window Facility-യിലൂടെ 5766 കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടപരിഹാര വായ്പയായി ലഭിക്കുന്നത്. ആയതിൽ നിന്നും ഇതിനോടകം 1897.80 കോടി രൂപ കേരളത്തിന് അനുവദിച്ചിട്ടുണ്ട്.

(ഡി) ഉപാധികളില്ലാതെ വിപണിയിൽനിന്നും വായ്പ എടുക്കുന്നതിന് കേന്ദ്രം പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST Compensation പാക്കേജിന്റെ Option 1 പ്രകാരം 2% അധിക വായ്പയിൽ ഉപാധികളില്ലാതെ വായ്പയെടുക്കുന്നതിനുള്ള പരിധി 0.5%-ൽ നിന്ന് 1% ആയി ഉയർത്തി നൽകിയിട്ടുണ്ട്.

## മൂല്യവർധിത നികുതി

89(494) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി നടപ്പിലാക്കപ്പെട്ടശേഷം ഈ ഇനത്തിൽ സംസ്ഥാനത്തിന് എത്ര തുക വിഹിതം ലഭിച്ചിട്ടുണ്ട്?

ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാന ചരക്ക് സേവന നികുതി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് (തുക കോടിയിൽ) |
|---|---|
| 2017-2018 | 12007.69 |
| 2018-2019 | 21014.71 |
| 2019-2020 | 20446.95 |

(ബി) 2020 സാമ്പത്തികവർഷം ഡിസംബർ വരെ എത്ര തുക ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ 2020 വരെ സംസ്ഥാനത്തിന് ജി.എസ്.ടി. ഇനത്തിൽ 12,015.64 കോടി രൂപ ലഭിച്ചു. ഇതിൽ എസ്.ജി.എസ്.ടി. ഇനത്തിൽ 5,660.19 കോടി രൂപയും ഐ.ജി.എസ്.ടി. സെറ്റിൽമെന്റായി 6,355.45 കോടി രൂപയുമാണ് ലഭിച്ചത്.

(സി) ജി.എസ്.ടി. വിഹിതമായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ള തുകയിൽ ഇനി എത്ര കൂടി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ 2020 വരെ സംസ്ഥാനത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,100 കോടി രൂപയാണ്. ഇതിൽ ഡിസംബർ 2020 വരെ 3,413.18 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 1,829.30 കോടി രൂപ ജി.എസ്.ടി. സെസ്സ് കളക്ഷൻ ഇനത്തിലും 1,583.88 കോടി രൂപ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നൽകുന്ന ലോൺ ഇനത്തിൽനിന്നുമാണ് ലഭിച്ചത്.

## ട്രഷറി പേ ആപ്പ്

90(495) ശ്രീ. പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ഗൂഗിൾ പേ, ഫോൺ പേ തുടങ്ങിയ മാതൃകയിൽ ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടു വരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുനടപ്പിലാക്കുന്നതിലൂടെ സർക്കാർ ട്രഷറികളിലെ ധനം അവിടെത്തന്നെ നിലനിർത്തപ്പെടുകയും ഇടപാടുകൾ നടത്തപ്പെടുകയും ചെയ്യുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടുവരുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിക്കുന്നതാണ്.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ സബ് ട്രഷറി

91(496) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിൽ നായനാർ സർക്കാർ അനുവദിച്ച വൺമാൻ ട്രഷറി, സബ്ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായി നിർത്തലാക്കുകയും എന്നാൽ നാളിതുവരെ സബ് ട്രഷറി അനുവദിക്കാൻ കഴിയാതെവന്നതും ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ട്രഷറി നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള 10 വൺമാൻ ട്രഷറികൾ നിർത്തലാക്കിയത് പ്രസ്തുത വൺമാൻ ട്രഷറികളെ സബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നില്ല.

(ബി) ഇവിടെ സബ്ട്രഷറി എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## ഇരിട്ടി സബ് ട്രഷറിയിൽ നിലവിലുള്ള തസ്തികകൾ

92(497) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനത്തുള്ള ഇരിട്ടി സബ് ട്രഷറിയിൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം, പ്രസ്തുത സ്റ്റാഫ് പാറ്റേൺ നിലവിൽവന്ന തീയതി, നിലവിലുള്ള തസ്തികകൾ എന്നിവ അറിയിക്കാമോ?

ഇരിട്ടി സബ് ട്രഷറിയിൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം-11, 22-11-2013 മുതലാണ് ഈ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത്. നിലവിലുള്ള തസ്തികകളുടെ വിശദാംശം, തസ്തികയുടെ പേര്, ജീവനക്കാരുടെ എണ്ണം സബ്‌ട്രഷറി ഓഫീസർ 1, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് 1, അക്കൗണ്ടന്റ് 4+1(സൂപ്പർ ന്യൂമററി), ട്രഷറർ 1, ഓഫീസ് അറ്റൻഡന്റ് 2, പാർട്ട് ടൈം സ്വീപ്പർ 1, ആകെ -11

(ബി) ഇരിട്ടി താലൂക്ക് രൂപീകരിച്ചതിനുശേഷം ട്രഷറി ഇടപാടുകളിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; പുതുതായി അഞ്ചിലധികം താലൂക്ക്തല ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചപ്പോൾ ട്രഷറിയിലും ആവശ്യമായ സ്റ്റാഫ് ക്രമീകരണം നടത്തിയിട്ടുണ്ടോ?

ഉണ്ടായിട്ടുണ്ട്. ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ മാസാദ്യ ദിവസങ്ങളിലെ ശമ്പള / പെൻഷൻ വിതരണം സുഗമമാക്കുന്നതിന്, മട്ടന്നൂർ ജില്ലാ ട്രഷറിയിൽനിന്നും ഒരു ജൂനിയർ സൂപ്രണ്ടിനെ ആദ്യ 10 പ്രവൃത്തി ദിവസങ്ങളിൽ എല്ലാ മാസവും ഇരിട്ടി സബ് ട്രഷറിയിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച് ട്രഷറി പ്രവർത്തനം ക്രമീകരിക്കാറുണ്ട്.

(സി) താലൂക്ക് ആസ്ഥാനത്തുള്ള ഇരിട്ടി സബ് ട്രഷറിയിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) താലൂക്ക് ആസ്ഥാനത്തുള്ള സബ് ട്രഷറികളിൽ ജൂനിയർ സൂപ്രണ്ട് തസ്തികയില്ലാത്ത എത്ര ട്രഷറികളുണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ?

സംസ്ഥാനത്തെ താലൂക്ക് ആസ്ഥാനത്തുള്ള സബ്‌ട്രഷറികളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലാത്ത ചുവടെ ചേർക്കുന്ന 4 ട്രഷറികൾ ഉണ്ട്.

1. പെൻഷൻ പേമെന്റ് സബ്‌ട്രഷറി, കൊല്ലം

2. സബ്‌ട്രഷറി, അയർക്കുന്നം

3. സ്റ്റാമ്പ് ഡിപ്പോ, എറണാകുളം

4. സബ്‌ട്രഷറി, ഇരിട്ടി

(ഇ) ഒന്നിലധികം ജൂനിയർ സൂപ്രണ്ട് തസ്തികകളുള്ള എത്ര ട്രഷറികളുണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ?

ചുവടെ ചേർക്കുന്ന 51 ട്രഷറികളിൽ ഒന്നിലധികം ജൂനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട്.

1. പ്രിൻസിപ്പൽ സബ്ട്രഷറി, തിരുവനന്തപുരം
2. സബ്ട്രഷറി, ആറ്റിങ്ങൽ
3. ജില്ലാ ട്രഷറി, തിരുവനന്തപുരം
4. സബ് ട്രഷറി, വെള്ളയമ്പലം
5. പെൻഷൻ പേമെന്റ് സബ് ട്രഷറി
6. സബ് ട്രഷറി, കുടപ്പനക്കുന്ന്
7. ജില്ലാ ട്രഷറി, കാട്ടാക്കട
8. സബ്ട്രഷറി, കരുനാഗപ്പള്ളി
9. ജില്ലാ ട്രഷറി, കൊല്ലം
10. സബ്ട്രഷറി, കൊട്ടാരക്കര
11. ജില്ലാ ട്രഷറി, കൊട്ടാരക്കര
12. സബ്ട്രഷറി, ചേർത്തല
13. ജില്ലാ ട്രഷറി, ആലപ്പുഴ
14. സബ്ട്രഷറി, ചെങ്ങന്നൂർ
15. ജില്ലാ ട്രഷറി, ചെങ്ങന്നൂർ
16. സബ്ട്രഷറി, തിരുവല്ല
17. സബ്ട്രഷറി, പത്തനംതിട്ട
18. ജില്ലാ ട്രഷറി, പത്തനംതിട്ട
19. സബ്ട്രഷറി, കോട്ടയം
20. ജില്ലാ ട്രഷറി, കോട്ടയം
21. സബ്ട്രഷറി, മീനച്ചൽ

22. ജില്ലാ ട്രഷറി, പാലാ
23. സബ്ട്രഷറി, എറണാകുളം
24. അഡീഷണൽ സബ്ട്രഷറി, എറണാകുളം
25. സബ്ട്രഷറി, ആലുവ
26. ജില്ലാ ട്രഷറി, എറണാകുളം
27. സബ്ട്രഷറി, മൂവാറ്റുപുഴ
28. ജില്ലാ ട്രഷറി, മൂവാറ്റുപുഴ
29. ജില്ലാ ട്രഷറി, ഇടുക്കി
30. സബ്ട്രഷറി, തൃശ്ശൂർ
31. സബ്ട്രഷറി, ചാവക്കാട്
32. ജില്ലാ ട്രഷറി, തൃശ്ശൂർ
33. സബ്ട്രഷറി, കൊടുങ്ങല്ലൂർ
34. ജില്ലാ ട്രഷറി, ഇരിങ്ങാലക്കുട
35. സബ്ട്രഷറി, പാലക്കാട്
36. ജില്ലാ ട്രഷറി, പാലക്കാട്
37. ജില്ലാ ട്രഷറി, ചെർപ്പുളശ്ശേരി
38. സബ്ട്രഷറി, മഞ്ചേരി
39. സബ്ട്രഷറി, പെരിന്തൽമണ്ണ
40. സബ്ട്രഷറി, തിരൂർ
41. സബ്ട്രഷറി, പൊന്നാനി
42. ജില്ലാ ട്രഷറി, മലപ്പുറം
43. ജില്ലാ ട്രഷറി, കോഴിക്കോട്
44. സബ്ട്രഷറി, വടകര
45. ജില്ലാ ട്രഷറി, താമരശ്ശേരി

46. ജില്ലാ ട്രഷറി, വയനാട്

47. ജില്ലാ ട്രഷറി, കണ്ണൂർ

48. സബ്ട്രഷറി, തലശ്ശേരി

49. ജില്ലാ ട്രഷറി, മട്ടന്നൂർ

50. സബ്ട്രഷറി, കാസർഗോഡ്

51. ജില്ലാ ട്രഷറി, കാസർഗോഡ്

**ട്രഷറികളിലെ സാമ്പത്തിക ക്രമക്കേടുകൾ**

93(498) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് ധനകാര്യ വകുപ്പിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ട്രഷറികളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് മാത്രമായി ധനകാര്യ വകുപ്പിൽ പ്രത്യേക സംവിധാനം നിലവിലില്ല. എന്നാൽ ധനകാര്യ പരിശോധനാ വിഭാഗം ജില്ലകളിലെ തങ്ങളുടെ ജോലിയുടെ ഭാഗമായി ട്രഷറികളിലും പരിശോധന നടത്താറുണ്ട്.

(ബി) 2016 ജനുവരി മുതൽ ട്രഷറികളിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേട് കേസുകൾ എത്ര; ഇതിൽ എത്ര കേസുകളിൽ ട്രഷറി വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; എത്ര കേസുകൾ ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; ഏതെല്ലാം; സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

5 കേസുകൾ. എല്ലാ കേസുകളിലും ട്രഷറി ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. നിരോധിത 500 ന്റെയും 1000 ന്റെയും നോട്ടുകൾ കൊടുവള്ളി സബ് ട്രഷറിയുടെ പേരിൽ ബാങ്കിലൊടുക്കി പകരം 44,02,000 രൂപയുടെ പുതുതായി പ്രാബല്യത്തിൽ വന്ന നോട്ടുകൾ കൈക്കലാക്കുകയുണ്ടായി.

2. പൊന്നാനി സബ് ട്രഷറിയിൽനിന്ന് സ്ഥിരനിക്ഷേപങ്ങൾ മോഷ്ടിച്ച് ചങ്ങരംകുളം സബ് ട്രഷറിയുടെ പേരിൽ വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയതുവഴി 12,41,600 രൂപയുടെയും ചങ്ങരംകുളം സബ് ട്രഷറിയിൽ ഇടപാടുകാർ സമർപ്പിച്ച ചെക്കുകളിൽ തിരിമറി നടത്തി 51,65 രൂപയും അപഹരിക്കുകയുണ്ടായി.

3 4-11-2017 വയനാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ വയനാട് ജില്ലാ ട്രഷറിയിൽ പേമെന്റിനായി വന്ന 7500 രൂപയുടെ ചെക്ക്, 75,000 രൂപ പേമെന്റ് നടത്തിയതായി കാണിച്ച് ട്രഷറർ 67,500 രൂപ കൈക്കലാക്കിയതുമായി ബന്ധപ്പെട്ട കേസ്.

4. ചേലക്കര സബ് ട്രഷറിയിലെ പെൻഷണറായ ശ്രീ. വി. ഐ. ഇബ്രാഹിമിന്റെ പേരിൽ ട്രഷറിയിൽനിന്ന് അനധികൃതമായി ചെക്കുകൾ കൈക്കലാക്കി ടിയാന്റെ പി.റ്റി.എസ്.ബി. അക്കൗണ്ടിൽനിന്നും 1,40,000 രൂപ പലതവണകളായി പിൻവലിച്ചതുമായി ബന്ധപ്പെട്ട കേസ്.

5. തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ രണ്ട് കോടി രൂപയുടെ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട കേസ്. കൊടുവള്ളി സബ് ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടുകൾ ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുന്നതിനും സർക്കാരിന് നഷ്ടമായ തുകകൾ തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ ചട്ടപ്രകാരം സ്വീകരിച്ചു വരുന്നു.

(സി) ക്രമക്കേടിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ സർക്കാരോ ട്രഷറി വകുപ്പോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടി ക്രമക്കേടുകൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുന്നതിനുള്ള നടപടികൾ ചട്ടപ്രകാരം ട്രഷറി വകുപ്പ് സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) 2016 ജനുവരി മുതലുള്ള സാമ്പത്തിക ക്രമക്കേടുകളിൽ എത്ര രൂപ വകുപ്പിന് നഷ്ടം സംഭവിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; പ്രസ്തുത തുക തിരികെ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

5 കേസുകൾ. എല്ലാ കേസുകളിലും ട്രഷറി ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. നിരോധിത 500 ന്റെയും 1000 ന്റെയും നോട്ടുകൾ കൊടുവള്ളി സബ് ട്രഷറിയുടെ പേരിൽ ബാങ്കിലൊടുക്കി പകരം 44,02,000 രൂപയുടെ പുതുതായി പ്രാബല്യത്തിൽ വന്ന നോട്ടുകൾ കൈക്കലാക്കുകയുണ്ടായി.

2. പൊന്നാനി സബ് ട്രഷറിയിൽനിന്ന് സ്ഥിരനിക്ഷേപങ്ങൾ മോഷ്ടിച്ച് ചങ്ങരംകുളം സബ് ട്രഷറിയുടെ പേരിൽ വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയതുവഴി 12,41,600 രൂപയും ചങ്ങരംകുളം സബ് ട്രഷറിയിൽ ഇടപാടുകാർ സമർപ്പിച്ച ചെക്കുകളിൽ തിരിമറി നടത്തി 51,656 രൂപയും അപഹരിക്കുകയുണ്ടായി.

3. 4-11-2017 വയനാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ വയനാട് ജില്ലാ ട്രഷറിയിൽ പേയ്മെന്റിനായി വന്ന 7500 രൂപയുടെ ചെക്ക്, 75,000 രൂപ പെയ്മെന്റ് നടത്തിയതായി കാണിച്ച് ട്രഷറർ 67,500 രൂപ കൈക്കലാക്കിയതുമായി ബന്ധപ്പെട്ട കേസ്.

4. ചേലക്കര സബ് ട്രഷറിയിലെ പെൻഷണറായ ശ്രീ. വി. ഐ. ഇബ്രാഹിമിന്റെ പേരിൽ ട്രഷറിയിൽനിന്ന് അനധികൃതമായി ചെക്കുകൾ കൈക്കലാക്കി ടിയാന്റെ പി.റ്റി.എസ്.ബി. അക്കൗണ്ടിൽനിന്നും 1,40,000 രൂപ പലതവണകളായി പിൻവലിച്ചതുമായി ബന്ധപ്പെട്ട കേസ്.

5. തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ രണ്ട് കോടി രൂപയുടെ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട കേസ്. കൊടുവള്ളി സബ് ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടുകൾ ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുന്നതിനും സർക്കാരിന് നഷ്ടമായ തുകകൾ തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ ചട്ടപ്രകാരം സ്വീകരിച്ചു വരുന്നു.

**വഞ്ചിയൂർ ട്രഷറി തട്ടിപ്പുകേസ്**

94(499) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഞ്ചിയൂർ ട്രഷറിയിൽനിന്നും 2.73 കോടി രൂപ തട്ടിയെടുത്ത കേസിൽ തൊണ്ണൂറ് ദിവസം കഴിഞ്ഞിട്ടും പോലീസ് കുറ്റപത്രം നൽകാത്തതിനാൽ പ്രതിക്ക് സ്വാഭാവിക ജാമ്യം ലഭിക്കാനിടയായ സാഹചര്യമുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉണ്ടായിട്ടുണ്ട്. വഞ്ചിയൂർ ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടിലൂടെ സർക്കാരിന് നഷ്ടമായ തുക എത്രയെന്ന് കൃത്യമായി മനസ്സിലാക്കുവാൻ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടി വന്നതിനാലും പ്രതിയുടെ ബാങ്ക്, ട്രഷറി ഇടപാടുകൾ

എന്നിവ സംബന്ധിച്ച് നിരവധി സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തേണ്ടിവന്നതിനാലും ടിയാൻ സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച കമ്പ്യൂട്ടർ ഹാർഡ് സിസ്റ്റം, മൊബൈൽ ഫോണുകൾ, ട്രഷറി ഡയറക്ടറേറ്റിലെ ഡാറ്റാ ബേസിൽനിന്നും പെൻഡ്രൈവിൽ പകർത്തിയ ഡേറ്റാ, പ്രതിയുടെ ഹാൻഡ് റൈറ്റിംഗ്, സ്പെസിമെൻ സിഗ്നേച്ചർ, സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച ചെക്കുകൾ എന്നിവ എഫ്.എസ്.എൽ. പരിശോധനയ്ക്ക് അയച്ചിട്ടുള്ളതിന്റെ പരിശോധനാഫലം ലഭിക്കാൻ കാലതാമസം ഉണ്ടായതിനാലും തൊണ്ണൂറ് ദിവസ ത്തിനകം പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാൻ പോലീസിന് സാധിച്ചില്ല. തുടർന്ന് പ്രതിക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി.

(ബി) സർവ്വീസിൽനിന്നും പിരിച്ചുവിട്ടതല്ലാതെ മറ്റ് നടപടികളെന്തെങ്കിലും പ്രതി ബിജുലാലിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ക്രമക്കേടിൽ സർക്കാരിന് നഷ്ടമായ തുക പ്രതിയായ ശ്രീ. എം. ആർ. ബിജു ലാലിൽനിന്നും തിരിച്ചുപിടിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സോഫ്റ്റ് വെയറിലെ പിഴവുകൾ ഉൾപ്പെട്ട അന്വേഷണം മുന്നോട്ട് കൊണ്ടുപോകുന്നത് ധനകാര്യ വകുപ്പിലെ ഉന്നതരിലേക്ക് നീങ്ങുമെന്നായപ്പോഴാണ് അന്വേഷണം വഴിമുട്ടിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ ഇക്കാര്യത്തിൽ സമയബന്ധിതമായി എന്തന്വേഷണം നടത്തുമെന്നും കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ടി വിഷയത്തിൽ ക്രൈം നമ്പർ 1197/2020 പ്രകാരം വഞ്ചിയൂർ പൊലീസ് അന്വേഷണത്തോടൊപ്പം വകുപ്പുതല അന്വേഷണവും നടന്നുവരുന്നു.

## സർക്കാർ അഭിമുഖീകരിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധി

95 (500) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അഭിമുഖീകരിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽനിന്നും തുക ട്രഷറിയിലേക്ക് നിക്ഷേപമായി നൽകുവാൻ ആവശ്യപ്പെട്ടിരുന്നോ;

(ബി) ഇതുപ്രകാരം എത്ര കോടി രൂപ ട്രഷറിയിൽ സ്ഥിര നിക്ഷേപമായി ലഭിച്ചു; ഏറ്റവും കൂടുതൽ തുക എവിടുന്നാണ് ലഭിച്ചത്; എത്ര കോടി ;

(സി) ഇപ്രകാരം ലഭിച്ച തുകയിൽ 31-12-2020 വരെ എത്ര തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകി?

(എ-സി) 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽനിന്നും ട്രഷറിയിലേക്ക് നിക്ഷേപങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടിരുന്നില്ല.

**യുവസംരംഭകർക്ക് കെ.എഫ്.സി. നൽകുന്ന സഹായങ്ങൾ**

96(502) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭക വ്യവസായികൾക്ക് സംരംഭം തുടങ്ങുവാൻ കെ.എഫ്.സി. നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്?

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി യുവ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനായി പരമാവധി 50 ലക്ഷം രൂപവരെയാണ് വായ്പ നൽകുന്നത്. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭകർക്കും ഇതിന് അപേക്ഷിക്കാം. പദ്ധതി ചെലവിന്റെ പരമാവധി 90% വരെയാണ് വായ്പ നൽകുന്നത്. ഇതിന് സർക്കാർ സബ്സിഡിയായ 3% കുറച്ച് 7% പലിശ മാത്രമാണ് ഈടാക്കുന്നത്. നോർക്ക ശിപാർശയുമായി വരുന്ന പ്രവാസികൾക്ക് 22.50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 3% റിബേറ്റിന് ശേഷം 4% പലിശ മാത്രമേ ഈടാക്കുന്നുള്ളൂ. ഇതിനു പുറമേ കേരളാ സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ ജാമ്യത്തിന്റെ പിന്തുണയോടെ ഈടില്ലാത്ത വായ്പ നൽകാനായി താഴെപ്പറയുന്ന 3 പദ്ധതികൾ നിലവിലുണ്ട്. 9% പലിശയിൽ 2% സബ്സിഡി കേരളാ സ്റ്റാർട്ടപ്പ് മിഷൻ നൽകും. ഫലത്തിൽ പലിശ 7%.

1. സർക്കാർ, പൊതുമേഖല അല്ലെങ്കിൽ പ്രസിദ്ധ പ്രൈവറ്റ് സ്ഥാപന ങ്ങളിൽനിന്നുള്ളപർച്ചേസ് ഓർഡറിന്റെ അടിസ്ഥാനത്തിൽ അവരുടെ സമ്മതത്തോടുകൂടി പ്രവർത്തന മൂലധനത്തിനുള്ള വായ്പ. പരമാവധി വായ്പതുക 10 കോടി രൂപ.

2. യു.എൻ.ഒ. നിർദ്ദേശിച്ചിട്ടുള്ള സാമൂഹ്യ പ്രസക്തിയുള്ളതും സർക്കാർ വകുപ്പുകൾക്ക് ആവശ്യമുള്ളതുമായ ഉൽപ്പന്ന നിർമ്മാണ സംരംഭങ്ങൾക്കുള്ള വായ്പ. പരമാവധി വായ്പാത്തുക ഒരു കോടി രൂപ.

3. Sebi Accreditation Venture Capital Fund-ന്റെ കൃത്യ പരിശോധന കഴിഞ്ഞതും മൂലധന നിക്ഷേപം ഉറപ്പായതുമായ ഐ.റ്റി. കമ്പനികൾക്കുള്ള വായ്പ. പരമാവധി വായ്പത്തുക 10 കോടി രൂപ.

(ബി) സ്വന്തമായി ഓഫീസില്ലാതെ വീട്ടിലിരുന്ന് കമ്പ്യൂട്ടർവഴി സംരംഭം നടത്തുന്നതിന് ഈടില്ലാതെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി 1 ലക്ഷം രൂപവരെ ഈട് രഹിത വായ്പ പദ്ധതി കെ.എഫ്.സി. നൽകുന്നുണ്ട്. ക്രെഡിറ്റ് ഗ്യാരന്റി കവറേജിന്റെ പിന്തുണയോടെയാണ് ഇത് നൽകുന്നത്. 18-നും 50-നും ഇടയിൽ പ്രായമുള്ള സ്ഥിരജോലിയില്ലാത്തവർക്കാണ് വായ്പയുടെ പ്രയോജനം ലഭ്യമാകുക. തിരിച്ചടവ് കാലാവധി പരമാവധി 3 വർഷമാണ്. ആഴ്ചതോറുമാണ് അടവ്. സ്വന്തമായി ഓഫീസില്ലാതെ വീട്ടിലിരുന്ന് കമ്പ്യൂട്ടർവഴി സംരംഭം നടത്തുന്നവർക്കും ഇത് പ്രയോജനപ്പെടുത്താം. രജിസ്ട്രേഷൻ നിർബന്ധമാണ്.

(സി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്നവർക്ക്, കെ.എഫ്. സി.-യിൽനിന്നും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദാരമായ സഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 22.50 ലക്ഷം രൂപവരെ കെ.എഫ്.സി. വായ്പ നൽകുന്നുണ്ട്. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നൽകുന്നത്. 10% പലിശയുള്ള വായ്പകൾക്ക് 3% സർക്കാർ സബ്സിഡിയും 3% നോർക്ക റിബേറ്റും കഴിച്ച് 4% പലിശ മാത്രമേ സംരംഭകനിൽനിന്ന് ഈടാക്കുന്നുള്ളൂ. നോർക്കയിൽനിന്നുള്ള ശിപാർശയുമായി വരുന്ന 60 വയസ്സിന് താഴെയുള്ള പ്രവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുക.

## കെ.എഫ്.സി.യുടെ കിട്ടാക്കടം

97(503) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ എടുത്തവർ തിരിച്ചടയ്ക്കാത്തതിനാൽ കെ.എഫ്.സി.യുടെ കിട്ടാക്കടം അയ്യായിരത്തി എഴുനൂറ് കോടി രൂപയായി ഉയർന്ന സാഹചര്യമുണ്ടോ?

വായ്പ എടുത്തവർ തിരിച്ചടക്കാത്തത് മാത്രമല്ല പ്രകൃതി ദുരന്തവും കോവിഡ് മഹാമാരിമൂലമുണ്ടായ ബിസിനസ് മാന്ദ്യവുംമൂലം വായ്പ എടുത്തവർക്ക് തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യവും വായ്പാ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ക്രമരഹിതമായ വായ്പാവിതരണം, വായ്പ നൽകിയശേഷം ബന്ധപ്പെട്ടവർ കൃത്യമായി കാര്യങ്ങൾ നിരീക്ഷിക്കാത്തത്, കുടിശ്ശിക വരുത്തിയവരെ റിസർവ് ബാങ്കിന്റെ വിൽഫുൾ ഡിഫോൾട്ടർ (മന:പ്പൂർവ്വം തിരിച്ചടക്കാത്തവർ) പട്ടികയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാത്തത് എന്നിവ കിട്ടാക്കടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ ശ്രദ്ധയിൽപ്പെട്ട ചുരുക്കം ചില കേസുകളിൽ കാരണക്കാരായ ആളുകൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) എങ്കിൽ കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനും ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനും എന്തൊക്കെ സമയബന്ധിതമായ നടപടികൾ സർക്കാരും കെ.എഫ്.സി.യും ചേർന്ന് സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

കോവിഡ് ദുരന്തംമൂലം വായ്പക്കാർക്കുണ്ടായ കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകം പാക്കേജും കൂടാതെ ലോൺ പുന:ക്രമീകരണം ചെയ്യുകയും പലിശ കുറച്ചു കൊണ്ട് ഉദാരമായ രീതിയിൽ വായ്പ നൽകുകയും ചെയ്യുകവഴി കിട്ടാക്കടത്തിന്റെ തോത് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മേൽ സാഹചര്യത്തിലും പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എസ്.എഫ്.സി. ആക്ട് പ്രകാരവും/റവന്യൂ റിക്കവറി ആക്ട്/ കൂടാതെ മറ്റ് നിയമപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എഫ്.സി.-യുടെ കിട്ടാക്കടം**

98(504) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.-യിൽനിന്ന് വായ്പ എടുത്തവർ വായ്പ കൃത്യമായി തിരിച്ചടയ്ക്കാത്തതിനാൽ കിട്ടാക്കടം വളരെയധികം ഉയർന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രകൃതി ദുരന്തവും കോവിഡ് മഹാമാരിമൂലമുണ്ടായ ബിസിനസ് മാന്ദ്യവുംമൂലം വായ്പ എടുത്തവർക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യവും വായ്പ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഈ കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത്; ഇതിനായി പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; കിട്ടാക്കടം തിരിച്ചുപിടിക്കുന്ന ഏജൻസിക്ക് കമ്മീഷൻ നൽകുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം; വ്യക്തമാക്കുമോ?

കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി എസ്.എഫ്.സി. ആക്ട്/റവന്യൂ റിക്കവറി ആക്ട്/ മറ്റ് നിയമപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടില്ലാത്തതാകുന്നു.

(സി) ഏജൻസിയെ നിയോഗിച്ചതിലൂടെ ഇതിനകം എത്ര കോടി രൂപയുടെ കിട്ടാക്കടം തിരിച്ചുപിടിക്കാനായി എന്നറിയിക്കാമോ?

ഏജൻസിയെ നിയോഗിച്ചിട്ടില്ലാത്തതാകുന്നു.

(ഡി) വ്യക്തികൾ കെ.എഫ്.സി.-യിൽനിന്ന് എടുക്കുന്ന കടബാധ്യത സിബിൽ സ്കോറിൽ പ്രത്യക്ഷമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. സിബിൽ സ്കോറിൽ പ്രത്യക്ഷമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് രജിസ്ട്രേഷൻ ആക്ട് 2005 പ്രകാരം ബാങ്കുകളും ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളും സിബിൽ വിവരങ്ങൾ നൽകുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

(ഇ) ഒരു വിഭാഗം ജീവനക്കാരുടെ സൂക്ഷ്മത ഇല്ലായ്മയാണ് കിട്ടാക്കടം പെരുകുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല. എന്നാൽ ചുരുക്കം ചില കേസുകളിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അത്തരം കേസുകളിൽ കാരണക്കാരായ ആളുകൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കെ.എസ്.എഫ്.ഇ.യിൽ വിവിധ സർക്കാർ ഏജൻസികളുടെ അന്വേഷണം

99(505) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ കെ.എസ്.എഫ്.ഇ.-യിൽ വിജിലൻസ് ഉൾപ്പെടെ വിവിധ സർക്കാർ ഏജൻസികളുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; അന്വേഷണ ഏജൻസികൾ കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാം ;

(ബി) അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടികാണിച്ച ന്യൂനതകൾ പരിഹരിക്കുവാൻ അധികൃതർ തയ്യാറായിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ?

(എ&ബി) 2020 നവംബർ 27-ന് വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പരസ്യത്തിനായി കെ.എസ്.എഫ്.ഇ. 2016 ജനുവരി മുതൽ നൽകിയ തുക എത്ര; വ്യക്തമാക്കുമോ; ഏതെല്ലാം ഏജൻസികൾക്കാണ് പരസ്യം നൽകിയത്; വ്യക്തമാക്കുമോ?

പരസ്യത്തിനായി കെ.എസ്.എഫ്.ഇ. 2016 ജനുവരി മുതൽ 2020 ഡിസംബർ വരെ അഞ്ചുവർഷക്കാലത്തിൽ 47,33,30,142 രൂപ നേരിട്ടും ഏജൻസികൾ മുഖേനയും നൽകിയിട്ടുണ്ട്. അച്ചടി, ഇലക്ട്രോണിക്സ്, മറ്റ് മാധ്യമങ്ങൾ എന്നിവയിലെ പരസ്യങ്ങളിൽ ഉൾപ്പെട്ട വിവിധ ഏജൻസികളുടെ പേരുകൾ അനുബന്ധമായി* ചേർക്കുന്നു :

(ഡി) കെ.എസ്.എഫ്.ഇ.യുടെ ലോഗോയും ബോർഡിന്റെ നിറവും മാറ്റിയ ഇനത്തിൽ എത്ര തുക ചെലവായി; ബ്രാഞ്ച് തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.എഫ്.ഇ.-യുടെ ലോഗോയും ബോർഡിന്റെ നിറവും മാറ്റിയ ഇനത്തിൽ 1,29,23,313 രൂപ ചെലവായിട്ടുണ്ട്. ഇത് സംബന്ധിച്ച ബ്രാഞ്ച് തിരിച്ചുള്ള ചെലവ് വിവരങ്ങൾ അനുബന്ധംരണ്ടായി ചേർക്കുന്നു.*

## കെ.എസ്.എഫ്.ഇ. യിലെ വിജിലൻസ് റെയിഡ്

100(506) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ വിജിലൻസ് റെയ്ഡ് നടത്തിയിരുന്നോ; എത്ര സ്ഥാപനങ്ങളിലാണ് റെയ്ഡ് നടത്തിയതെന്ന് അറിയിക്കാമോ?

കെ.എസ്.എഫ്.ഇ.-യുടെ 40 ശാഖകളിൽ 27-11-2020-ന് സംസ്ഥാന വിജിലൻസ് സംഘം മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) റെയ്ഡിൽ കണ്ടെത്തിയ പ്രധാന വീഴ്ചകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) വിജിലൻസ് റെയ്ഡിന് മുമ്പ് വകുപ്പുമന്ത്രിയെ അറിയിക്കാത്തത് നിലവിലുള്ള കീഴ്വഴക്കങ്ങളുടെ ലംഘനമാണോ; ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ ;

(ഡി) ഇപ്രകാരമുള്ള വിജിലൻസ് റെയ്ഡ് കെ.എസ്.എഫ്.ഇ.-യുടെ വിശ്വാസ്യതയെ ബാധിക്കുമെന്നതിനാൽ മുൻകൂർ അറിയിപ്പില്ലാതെയുള്ള റെയ്ഡിന് അനുവാദം നൽകണ്ട എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) റെയ്ഡിന് പിന്നിൽ ഗൂഢാലോചന സംശയിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

(ബി-ഇ) വിജിലൻസ് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ച്

101(507) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പ്രധാന വ്യാപാര വാണിജ്യ കേന്ദ്രങ്ങളായ ചെമ്പൂര്, കളിയിക്കാവിള, പി.പി.എം. ജംഗ്ഷൻ എന്നിവിടങ്ങളിൽ കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കളിയിക്കാവിള അല്ലെങ്കിൽ പാറശ്ശാല ഈവനിംഗ് ശാഖ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. അതുപ്രകാരം കളിയിക്കാവിളയ്ക്ക് 2 കിലോമീറ്റർ മാത്രം അകലെ പാറശ്ശാല ഈവനിംഗ് ശാഖ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചെമ്പൂര്, പി.പി.എം. ജംഗ്ഷൻ എന്നിവിടങ്ങളിൽ പുതിയ ശാഖ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചതിനെത്തുടർന്ന് ബിസിനസ്സ് പ്രായോഗികത വിലയിരുത്തുന്നതിനായി തിരുവനന്തപുരം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ പാറശ്ശാല മണ്ഡലത്തിൽ കെ.എസ്.എ.ഫ്.ഇ.-യുടെ എത്ര ബ്രാഞ്ചുകൾ പ്രവർത്തിച്ചുവരുന്നു എന്നുള്ള വിശദാംശം അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ പാറശ്ശാല മെയിൻ, പാറശ്ശാല ഈവനിംഗ്, പെരുങ്കടവിള, കുന്നത്തുകാൽ, വെള്ളറട, കള്ളിക്കാട്, അമ്പൂരി, മണ്ഡപത്തിൻകടവ് എന്നീ 8 ശാഖകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

## സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

102(508) ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ

ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകളുടെ (technical bids) പരിശോധന പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതിനായി വീണ്ടും ഐ.ആർ.ഡി.എ.ഐ. അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് അപേക്ഷ സമർപ്പിച്ചത്?

മെഡിസെപ് പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ഐ.ആർ.ഡി.എ.ഐ. അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നു. ഇപ്പോൾ പുതുക്കിയ Request For Proposal (RFP) പ്രകാരമുള്ള റീ-ടെൻഡർ നടപടികൾ മാത്രം ആയതിനാൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നില്ല.

(സി) താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നോ; അതിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്?

പുതുക്കിയ Request For Proposal (RFP)-ന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നത്. ഇതിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
2. ദ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
3. ദ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
4. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്.
5. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്.

(ഡി) ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുക ഏത് കമ്പനിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്?

സാങ്കേതിക ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് പരിശോധനയ്ക്ക് ശേഷമേ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുക രേഖപ്പെടുത്തിയിട്ടുള്ള കമ്പനിയെ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

(ഇ) കഴിഞ്ഞ വർഷം 27-4-2019-ലെ 49/2019 ധന ഉത്തരവ് പ്രകാരം സർക്കാരുമായി കരാറിൽ ഏർപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി വീണ്ടും ടെണ്ടറിൽ പങ്കെടുത്തിരുന്നോ; അവർ എന്ത് തുകയാണ് ക്വാട്ട് ചെയ്തത്?

27-4-2019-ലെ 49/2019 ധന ഉത്തരവ് പ്രകാരം ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടത്തുവാനുള്ള അനുമതിയാണ് സർക്കാർ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിരുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ അവർക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് (AOC) സർക്കാർ റദ്ദ് ചെയ്തിരുന്നു. പുതുക്കിയ Request For Proposal (RFP) പ്രകാരമുള്ള റീ-ടെൻഡർ നടപടികളിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പങ്കെടുത്തിരുന്നു. ഫിനാൻഷ്യൽ ബിഡിന്റെ പരിശോധനയ്ക്ക് ശേഷമേ അവർ ക്വാട്ട് ചെയ്ത തുക അറിയുവാൻ സാധിക്കുകയുള്ളൂ.

(എഫ്) ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ പുരോഗമിച്ചുവരുന്നു.

## മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

103(509) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പെൻഷൻകാർ എന്നിവർക്കായുള്ള മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2021 ജനുവരി ഒന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2021 ജനുവരി 1 മുതൽ നടപ്പിലാക്കുന്നത് നിശ്ചയിച്ച് Request for Proposal (RFP) പ്രസിദ്ധീകരിച്ചുവെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനത്തോടൊപ്പമുള്ള മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനനുസരിച്ച് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിൽ തടസ്സം നേരിട്ടതിനാൽ ജനുവരി ഒന്ന് മുതൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ടെങ്കിൽ എത്ര പേർ പദ്ധതിയുടെ ഗുണഭോക്താക്കളാകും; പ്രീമിയം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ യഥാക്രമം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ?

പതിനൊന്ന് ലക്ഷത്തിലധികം സർക്കാർ ജീവനക്കാരും പെൻഷൻകാരും ജീവനക്കാരുടെയും പെൻഷൻകാരുടെയും പതിനേഴ് ലക്ഷത്തിലധികം വരുന്ന ആശ്രിതരും പദ്ധതിയുടെ ഗുണഭോക്താക്കളാകും. റീ-ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന പക്ഷം മാത്രമേ പ്രീമിയം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ സംബന്ധിച്ച കൃത്യമായ വിവരം നൽകുവാൻ സാധ്യമാകുകയുള്ളൂ.

(സി) കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി, വിമുക്ത ഭടൻമാർക്കായുള്ള ഇ.സി.എച്ച്.എസ്. ചികിത്സാ പദ്ധതി, കേന്ദ്ര പൊതുമേഖലാ ജീവനക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയെല്ലാം തന്നെ പല കാരണങ്ങളാൽ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം പ്രതിസന്ധികളിൽനിന്ന് മെഡിസെപ്പിനെ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ആരോഗ്യ ഇൻഷ്വറൻസ് മേഖലകളിലെ വിദഗ്ധരുമായി ആലോചിച്ച് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്.

**മെഡിസെപ് പദ്ധതി**

104(510) ശ്രീമതി പി. അയിഷാ പോറ്റി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും തുടർന്നുള്ള റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത 5 ഇൻഷ്വറൻസ് കമ്പനികളുടെ technical bid-കളുടെ പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമാകാനുള്ള ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിംഗിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടെയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകളുടെ (technical bids) പരിശോധന Technical Evaluation Committee പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് എന്നു മുതൽ ലഭ്യമാക്കാൻ സാധിക്കും എന്നാണ് നിലവിൽ പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ ബിഡിലൂടെ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കൽ, ഹോസ്പിറ്റൽ എംപാനൽമെന്റ്, തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ ഉടമ്പടി ഒപ്പ് വയ്ക്കൽ തുടങ്ങിയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമായി തുടങ്ങുകയുള്ളൂ.

## കയർ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

105(511) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കയർ വ്യവസായത്തിന്റെ പുന:സംഘടന രണ്ടാം ഘട്ടം (പുതിയ പദ്ധതി): കയർ വ്യവസായത്തിന്റെ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ആധുനികവൽക്കരണം നടപ്പാക്കുന്നതിൽ സർക്കാരിന് വ്യക്തമായ നയമുണ്ട്. ഈ ആധുനികവൽക്കരണ നയത്തിന്റെ സവിശേഷമായ പ്രത്യേകത പരമ്പരാഗത കയർ വ്യവസായ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വത്തിനുള്ള ഉറപ്പാണ്. യന്ത്രവൽക്കരണം, പ്രവർത്തന മൂലധന സഹായം, സാങ്കേതികവിദ്യാപ്രാപ്തി, വിപണി വികസനം, പ്രൊഫഷണൽ വികസനം, കാര്യശേഷി വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബജറ്റ് സഹായത്തിനുപുറമേ എൻ.സി.ഡി.സി സഹായമായ 200 കോടിയിൽ 110 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 198 കോടിയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

2. കയർ ഭൂവസ്ത്ര വികസന പരിപാടി (പ്ലാൻ):

   മാതൃക പദ്ധതി നടപ്പിലാക്കുക, സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി കയർ ഭൂവസ്ത്രം ഉൾപ്പെടുത്തുക, ഭൂവസ്ത്രത്തെക്കുറിച്ച് ബോധവത്കരണം നടത്തുക, ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഓറിയന്റേഷൻ പ്രവർത്തനങ്ങൾ എന്നിവ കയർ ഭൂവസ്ത്ര വികസന പരിപാടിയിൽ ഉൾപ്പെടുന്നു. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ആലപ്പുഴ കയർ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് സൊസൈറ്റി, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് കയർ ഭൂവസ്ത്ര പ്രോജക്ടുകളുടെ നിർദ്ദിഷ്ട നേട്ടങ്ങൾക്ക് വിധേയമായി വിഹിതം നൽകുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 4,07,77,000 |
| 2017-2018 | 21,10,000 |
| 2018-2019 | 50,000 |
| 2019-2020 | 49,20,343 |
| 2020-2021 (2021 ജനുവരി 4 വരെ) | 1,76,314 |

ഈ പദ്ധതികൾക്ക് പുറമെ കയർ വികസന വകുപ്പ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ കൂടി ചുവടെ ചേർക്കുന്നു :

1. വിപണനം, പരസ്യപ്രചരണ വ്യാപാര പ്രവർത്തനങ്ങൾ മുതലാവയും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം:

    കയർമേഖലയുടെ സമഗ്ര വികസനത്തിനായി കയർ മേഖലയിലെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും വിപണനം ശക്തിപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിർദ്ദിഷ്ട വിഹിതം സംസ്ഥാന ദേശീയ അന്താരാഷ്ട്രതലത്തിൽ 'കയർ കേരള' ഉൾപ്പെടെ വ്യാപാരമേളകൾ സംഘടിപ്പിക്കുന്നതിനും അവയിൽ പങ്കെടുക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. കയർ സഹകരണ സംഘങ്ങൾക്കും, കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കയർ ഗവേഷണ സ്ഥാപനങ്ങൾക്കും, ഡിപ്പാർട്ട്മെൻറിനും, മേളകൾ, പ്രദർശനങ്ങൾ, ക്രയവിക്രയ സംഗമം എന്നിവ സംഘടിപ്പിക്കുന്നതിനും, പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും, പദ്ധതി പ്രവർത്തനങ്ങളുടെ രേഖ/പ്രമാണം തയ്യാറാക്കൽ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, സെമിനാർ/ബോധവൽക്കരണ ക്യാമ്പ്, വർക്ക് ഷോപ്പ് തുടങ്ങിയവ നടത്തുന്നതിനും അവാർഡ്/സ്കോളർഷിപ്പ് വിതരണം, കയർ ദിനാചരണം മുതലായവയും വിനിയോഗിക്കുന്നതിനാണ് തുക വകയിരുത്തിയത്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 7,50,55,054 |
| 2017-2018 | 2,75,42,861 |
| 2018-2019 | 7,16,47,126 |
| 2019-2020 | 6,25,35,528 |
| 2020-2021 (2021 ജനുവരി 4 വരെ) | 1,97,96,479 |

2. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം ( 50% കേന്ദ്ര വിഹിതം):

ഇതൊരു സെൻട്രൽ സെക്ടർ സ്കീമാണ്. ഭാരത സർക്കാർ നൽകുന്ന ധനസഹായത്തിന്റെ സമാന ധനസഹായമായി മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസിന്റെ (എം.ഡി.എ) 50% സംസ്ഥാന സർക്കാർ വഹിക്കുന്നു. പ്രചാരണം, പുതിയ പ്രദർശന/വിൽപ്പന ശാലകൾ, നിലവിലുള്ള വിൽപ്പന ശാലകളുടെ നവീകരണം, ഗോഡൗണുകൾ, വിപണിയെക്കുറിച്ചുള്ള പഠനം, ഡിസ്കൗണ്ട് കൊടുക്കൽ ഉൾപ്പെടെ നൂതന വിപണന തന്ത്രങ്ങൾ ഇ-കോമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്ക് ഭാരത സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്താണ് പദ്ധതി വിഹിതം ഉപയോഗിക്കുന്നത്. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ വിറ്റുവരവ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ്, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ ഘടകങ്ങളെ ആധാരമാക്കി വിപണി വികസന സഹായം കണക്കാക്കി വരുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 8,00,00,000 |
| 2017-2018 | 8,79,99,995 |
| 2018-2019 | 8,00,00,000 |
| 2019-2020 | 7,49,82,385 |
| 2020-2021 (2021 ജനുവരി 4 വരെ) | 6,71,41,044 |

3. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം: ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കയർ മേഖലയുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കുള്ള ഗവേഷണ വികസന പരിപാടികൾ ഏറ്റെടുക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. നവീന യന്ത്രവൽക്കരണം/സാങ്കേതികവിദ്യ, മൂല്യവർദ്ധിത കയറുൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്റ്റുകളെ ആധാരമാക്കിയുള്ള ഇതര സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 3,50,00,000 |
| 2017-2018 | 4,39,22,477 |
| 2018-2019 | 5,00,38,748 |
| 2019-2020 | 4,98,02,374 |
| 2020-2021 (2021 ജനുവരി 4 വരെ) | 5,66,04,387 |

4. <u>കയർ വ്യവസായത്തിൽ യന്ത്രവല്ക്കരണവും പശ്ചാത്തല വികസനവും</u>:

ആഗോള വിപണിക്കനുസരിച്ച് ഉന്നത നിലവാരമുള്ള കയറുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും മറ്റ് നാരുകളുമായുള്ള വില മത്സരത്തിൽ പിടിച്ച് നിൽക്കുന്നതിനും കയർ വ്യവസായം ആധുനികവൽക്കരിച്ചുകൊണ്ട് ഈ മേഖലയിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ മേഖലയിലെ മറ്റ് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് യൂണിറ്റുകൾ/ ഫാക്ടറികളുടെ ആധുനികവൽക്കരണം, വികസനം, വൈവിധ്യവൽക്കരണം, പുന:സംഘടന, പുനരുജ്ജീവനം എന്നിവയ്ക്ക് സമഗ്ര പുനരുദ്ധാരണ പ്രോജക്റ്റുകളുടെ അടി സ്ഥാനത്തിൽ സഹായം നൽകുന്നു. ഡീഫൈബറിംഗ് യൂണിറ്റുകളിൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ/ ആധുനികവത്ക്കരണം, മലിനീകരണ നിയന്ത്രണം, കയർ ഗ്രാമം, ആധുനിക റാട്ട് സ്പിന്നിംഗ്/ വില്ലോയിംഗ് മെഷീൻ മുതലായ അടിസ്ഥാന സൗകര്യങ്ങൾ നൽകൽ, കയർ സഹകരണ സംഘങ്ങൾക്ക് വർക്ക്ഷെഡ്, ക്വാളിറ്റി കൺട്രോൾ മെക്കാനിസം, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ഡീഫൈബറിഗ് മില്ലുകളുടെ പുനരുജ്ജീവനം/വിപുലപ്പെടുത്തൽ/ആധുനികവൽക്കരണം/ വൈവിവിധ്യ വൽക്കരണം, സഹകരണ സംഘങ്ങളുടെ സ്പിന്നിംഗ്, ഉൽപ്പാദനം ഡീഫൈബറിംഗ് മേഖലകളിലുള്ള മൂലധന സാമഗ്രികളുടെ അറ്റകുറ്റപ്പണികൾ മുതലായവയ്ക്ക് സഹായം നൽകുന്നതാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 24,41,10,782 |
| 2017-2018 | 16,50,66,949 |
| 2018-2019 | 32,18,63,052 |
| 2019-2020 | 14,56,08,122 |
| 2020-2021 (2021 ജനുവരി 4 വരെ) | 15,81,87,142 |

5. <u>പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും</u>: കയർ വികസന വകുപ്പ്, കയർഫെഡ്, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും മറ്റ് തൊഴിലാളി കൾക്കും പരിശീലനം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. കയർ മേഖലയിലെ നൂതന ഗവേഷണ വികസന പ്രവർത്തനങ്ങൾ, പരിശീലനവും നൈപുണ്യ വികസനവും കംപ്യൂട്ടർ സഹായത്തോടെ ഡിസൈൻ നിർമ്മാണം, ഐ. ടി. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർവൽക്കരണം, വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി), ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ/വെബ്സൈറ്റ് മുതലായവയുടെ മെയിന്റനൻസ്, ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും ലഭ്യമാക്കൽ, മറ്റ് ഇ-ഗവേണൻസ് പ്രവർത്തികൾ എന്നിവയ്ക്കും പദ്ധതി വിഹിതം ഉപയോഗിക്കാം. കൂടാതെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധനയ്ക്കുതകുന്ന കഴിവ് പരിപോഷിപ്പിക്കൽ പരിശീലന പദ്ധതികൾക്കും സംരംഭകത്വ വികസന പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. കയർ മേഖലയുടെ വികസനത്തിനുതകുന്ന സാദ്ധ്യമായ പരിശോധനയും പഠനവും ഉൽപ്പന്നങ്ങളുടെ മൂല്യം ഉറപ്പാക്കുന്നതിനുള്ള പരിശീലനം, സംരംഭകത്വ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കും ഈ പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 77,68,106 |
| 2017-2018 | 83,88,490 |
| 2018-2019 | 1,73,44,440 |
| 2019-2020 | 83,45,474 |
| 2020-2021 (2021 ജനുവരി 4 വരെ) | 10,56,026 |

6. <u>ഉല്പാദനവും വിപണന പ്രചോദനവും</u>:

കയർ മേഖലയിൽ കയറുല്പന്നങ്ങളുടെ ഉല്പാദനം സ്ഥായിയായി നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ, അപ്പെക്സ്

സൊസൈറ്റി, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവവഴി കയറിന്റെയും പി.വി.സി. റബ്ബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതി ഉൾപ്പെടെയുള്ള വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവ്, ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽദിനങ്ങൾ സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയുടെ അടിസ്ഥാനത്തിൽ ധനസഹായം നിശ്ചയിക്കുന്നതാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 8,00,00,000 |
| 2017-2018 | 5,50,00,000 |
| 2018-2019 | 9,00,00,000 |
| 2019-2020 | 9,49,02,395 |
| 2020-2021 (2021 ജനവരി 4 വരെ) | 9,53,74,370 |

7. <u>വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്</u>:

കയർ ഉല്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വിലസ്ഥിരതയ്ക്കുവേണ്ടി വിലവ്യതിയാനം പരിഹരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഉല്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽനിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും കയർഫെഡ്, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും, കമ്പോളവിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ഉദ്ദേശിക്കുന്നു. സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപ്പെക്സ് സംഘടനകൾ എന്നിവയ്ക്ക് പ്രത്യക്ഷമായും എല്ലാ കയർ തൊഴിലാളികൾക്കും നിയമാനുസൃത കൂലി ഉറപ്പാക്കിക്കൊണ്ട് പരോക്ഷമായും ഗുണം ലഭിക്കുന്നു. ക്രയവിലസ്ഥിരതാപദ്ധതി നടപ്പിലാക്കുന്നതും ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ് എന്നിവ മുഖാന്തരം വാങ്ങുന്ന സാമഗ്രികൾക്ക് ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ്, വാർഷിക വിറ്റുവരവ്, തൊഴിൽ ദിനം സൃഷ്ടിക്കൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ കണക്കാക്കി ധനസഹായം നിശ്ചയിക്കാവുന്നതാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 77,00,00,000/- |
| 2017-2018 | 48,70,00,000/- |
| 2018-2019 | 59,41,85,685/- |
| 2019-2020 | 35,45,56,750/- |
| 2020-2021 (2021 ജനുവരി 4 വരെ) | 45,64,32,238/- |

8. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം:

കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധനം ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. അർഹമായ തുക മുഴുവനും ലഭിക്കാത്ത നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് പൂർണ്ണമായും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം 50 സംഘങ്ങൾക്ക് ആധുനികവൽക്കരണത്തിന്/ വൈവിധ്യവൽക്കരണത്തിന് അംഗീകൃത പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതിന് ഉദ്ദേശിച്ചുള്ളതാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | --- |
| 2017-2018 | 6,00,000 |
| 2018-2019 | 7,52,800 |
| 2019-2020 | --- |
| 2020-2021 (2021 ജനുവരി 4 വരെ) | 2,00,000 |

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി:

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനപദ്ധതി (എസ്.എഫ്.യു. ആർ.റ്റി.ഐ) പ്രകാരം കയർ ബോർഡ് കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു. വ്യവസ്ഥകൾ പ്രകാരം ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതും പ്രോജക്ട് അധിഷ്ഠിത കേന്ദ്ര സഹായം നേടാവുന്നതുമാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-2017 | 44,35,000 |
| 2017-2018 | --- |
| 2018-2019 | --- |
| 2019-2020 | 8,00,000 |
| 2020-2021 (2021 ജനുവരി 4 വരെ) | --- |

10. കയർ സഹകരണ സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ തുക അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി:

2019-20 സാമ്പത്തിക വർഷത്തിൽ കയർ സഹകരണ സംഘങ്ങളിൽ നിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 3000 രൂപ പെൻഷൻ അനുവദിക്കുന്നതിനായി അപ്രോപ്രിയേഷൻ മുഖേന 519 ലക്ഷം രൂപ അനുവദിച്ചു.

**കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ**

106(512) ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്തെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ ഒരു രണ്ടാം പുന:സംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതുവഴി കൈവരിക്കാനാകും എന്ന് കരുതുന്നു. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുന:സംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽനിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്നാക്കിയെടുക്കുകയും 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതുമാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ വർദ്ധിപ്പിക്കാൻ കഴിയും. ഡി.എഫ്. മില്ലുകൾ കയർ

സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 35 ലക്ഷം രൂപ എന്നതരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കി മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴിയും വായ്പ ലഭ്യമാണ് മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ച് എടുക്കുന്ന കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് സംഭരിച്ചതാണ്. കേരളത്തിന് വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 14083 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം.-കൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 എ.എസ്.എം.- കൾ സ്ഥാപിച്ചുകഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടൺ ആയി ഉയർത്താൻ കഴിഞ്ഞു. 2020-21 ഡിസംബർ 31 വരെ 13673 ടൺ ആണ്. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള 6

മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.സി.എം.എം.സി ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം & എം.സി.എസ്. ലി.നം 989-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം.&എം.സി.എസ്.-കളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കയർ പിരി, ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ സമ്പൂർണ നവീകരണം രണ്ടാം പുന:സംഘടന വഴി സാധ്യമാവുകയാണ്. 2020-21-ൽ 40000 ടൺ കയർ ഉൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പിലാക്കും. 2019 കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരികയാണ്. കയർ കേരള 2021 വെർച്വൽ ആയി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി എൻ.ആർ.ഇ.ജി.എസ്. മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് വീണ്ടും 100 കോടിയിൽ കുറയാത്ത കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതാണ്.

(ബി) പൊതുസ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും വീടുകളിലും കയർ ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പൊതുസ്ഥാപനങ്ങളിലും വീടുകളിലും വിദ്യാലയങ്ങളിലും കയർ ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പൊതുസ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ നടപടികൾ കൂടാതെ തന്നെ കയർ ഉൽപ്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വാങ്ങിക്കാം എന്ന സർക്കാർ ഉത്തരവ് മുഖേന പൊതു മേഖലാ സ്ഥാപനങ്ങൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് പോരുന്നു. കയർ കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത 'സാനിമാറ്റ്' പൊതുസ്ഥാപനങ്ങളിലും വീടുകളിലും വിദ്യാലയങ്ങളിലും വിതരണം ചെയ്തുവരുന്നു. സർക്കാർ ഹോസ്പിറ്റലുകൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, കൊറോണ കെയർ സെന്ററുകൾ എന്നിവയിലേക്ക് കയർഫെഡ് മുഖേന കുറഞ്ഞ നിരക്കിൽ മാട്രസ്സുകൾ നൽകി വരുന്നുണ്ട്. ഗാർഹിക ഉപഭോ ക്താക്കളെ ലക്ഷ്യം വച്ചുകൊണ്ട് തയ്യാർ ചെയ്ത കയറുൽപ്പന്നങ്ങളും റബറൈസ്ഡ് കയറുൽപ്പന്നങ്ങളും കയർഫെഡ് വിതരണം ചെയ്തുവരുന്നുണ്ട്. പ്രളയ ബാധിത മേഖലയിൽ സൗജന്യമായി കയറുൽപ്പന്നങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചകിരിച്ചോറിൽനിന്നും നിർമ്മിക്കുന്ന കോക്കോഫെർട്ട് കൃഷിഭവനുകളും മറ്റ് സർക്കാർ ഏജൻസികളും മുഖേനയും വിതരണം ചെയ്തുവരുന്നുണ്ട്. ചകിരിച്ചോറിനെ അടിസ്ഥാന വസ്തുവായി ഉപയോഗിച്ചുകൊണ്ട് ഇനോക്കുലേറ്റഡ് പിത്ത് ജൈവ മാലിന്യ സംസ്കരണത്തിനായി ഉപയോഗിച്ച് വരുന്നു.

(സി) ഭാവിയിൽ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നൂതന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

കയർ അക്വസ്റ്റിക് പാനൽ -

ശബ്ദം നിയന്ത്രിക്കാനായി ജൈവ നാരായ കയർ ഉപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. ശബ്ദം ആഗിരണം ചെയ്യുന്നതിനു പുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് ഫലപ്രദമാണ്. ഇതിന് ഗുണഭോക്താക്കളിൽ സ്വീകാര്യത ലഭിക്കുകയും പി.പി.പി. മോഡലിൽ ഇതിന്റെ വ്യാവസായിക ഉല്പാദനത്തിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

കയർ കോമ്പോസിറ്റ്സ് -

ചകിരിനാരും പോളിമറും സംയോജിപ്പിച്ച് നിർമ്മിക്കുന്ന പാർട്ടിക്കിൾ ബോർഡുകളാണ് കയർ കോമ്പോസിറ്റ്സ്. ഇവ എം.ഡി.എഫ്, എച്ച്.ഡി.എഫ്, പ്ലൈവുഡ് മുതലായ ബോർഡുകൾക്ക് ബദലായ ഒരു ഉല്പന്നമാണ്. ഇതിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ഫോമില്ലിന്റെ കണിച്ചുകുളങ്ങര കോമ്പോസിറ്റ് ഫാക്ടറിയിൽ ഇതിനോടകംതന്നെ ആരംഭിച്ചു കഴിഞ്ഞു. കയർ മ്യൂസിയത്തിന്റെ നിർമ്മാണത്തിൽ ഫോമിൽ നിർമ്മിച്ച കയർ കോമ്പോസിറ്റ് ബോർഡുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. ദേശീയതലത്തിൽ ഈ ഉല്പന്നത്തിന് വിപണിയിൽ നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്.

ബൈൻഡർലെസ് ബോർഡ് -

അനുയോജ്യമായ ഊഷ്മാവിലും മർദ്ദത്തിലും കയർ പിത്തും കുട്ടിക്കയർ നാരുകളും സംയോജിപ്പിച്ച് ഉല്പാദിപ്പിക്കുന്ന രാസവസ്തുരഹിതമായ ഉല്പന്നമാണ് ബൈൻഡർലെസ് ബോർഡുകൾ. വിപണിയിൽ ലഭ്യമായ മറ്റ് പാർട്ടിക്കിൾ ബോർഡുകളെ അപേക്ഷിച്ച് തികച്ചും പരിസ്ഥിതി സൗഹാർദ്ദവും കോസ്റ്റ് എഫക്ടീവുമായ ഉല്പന്നമാണ് ഇത്. ഇതോടൊപ്പംതന്നെ ബൈൻഡർലെസ് ബോർഡുകൾക്ക് വിപണിയിൽ ലഭ്യമായ മറ്റ് പാർട്ടിക്കിൾ ബോർഡുകളുടെ അതേ നിലവാരത്തിലുള്ള ബലവും സാങ്കേതിക മികവും ഉണ്ട്. അഗ്നി ബാധയെ ചെറുക്കാനും ശേഷിയുള്ളതാണിവ.

കയർജിയോസെൽ -

ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചെരിവ്പ്രദേശത്ത് കൃഷിചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കയർ മൾച്ചിംഗ് മാറ്റ് -

വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്ത വിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ പഠനങ്ങൾ വഴി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

**കയർ വ്യവസായത്തിന്റെ പുനരുദ്ധാരണം**

107(513) ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായ കയർ വ്യവസായം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

തകർച്ചയിലായ കയർ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുന:സംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതുവഴി കൈവരിക്കാനാകും. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുന:സംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി

പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽനിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 'കയർ കേരള 2019' അന്താരാഷ്ട്ര മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന കണക്കിൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയും എന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ വർദ്ധിപ്പിക്കാൻ കഴിയും. ഡീ-ഫൈബറിംഗ് മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവർക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% എന്ന നിരക്കിൽ പരമാവധി 35 ലക്ഷം രൂപ, പ്രവർത്തനമൂലധനം ഒഴികെയുള്ള മൊത്തം പദ്ധതി ചെലവ് അടിസ്ഥാനമാക്കി നൽകിവരുന്നു. മേൽ നടപടികളുടെ ഭാഗമായി മുൻ കാല ഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡീ-ഫൈബറിംഗ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡീ-ഫൈബറിംഗ് മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ച് എടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡീ-ഫൈബറിംഗ്

മില്ലുകളിൽനിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധിക്കുന്നു. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 14083 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടൺ ആയി ഉയർത്താൻ കഴിഞ്ഞു. 2020-21 ഡിസംബർ 31 വരെ 13673 ടൺ ആണ് കയറുൽപ്പാദനം. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം.& എം.സി.എസ്.-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം.& എം.സി.എസ്.-കളിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. കയർപിരി, ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ സമ്പൂർണ നവീകരണം രണ്ടാം പുന:സംഘടന വഴി സാധ്യമാവുകയാണ്. 2020-21-ൽ 40000 ടൺ കയർ ഉൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പിലാക്കും. 'കയർ കേരള-2019' മേളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരികയാണ്. കയർ കേരള 2021 വെർച്വൽ ആയി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് വീണ്ടും 100 കോടിയിൽ കുറയാത്ത കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് മില്ലുകൾക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിന് കഴിയുന്നുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ചകിരിക്കായി ഏതാണ്ട് പൂർണ്ണമായി ഇതര സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്ന സ്ഥിതിക്ക് മാറ്റം വരുത്താനായിട്ടുണ്ട്. കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുന:സംഘടന സ്കീം ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിന് കീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിന് കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽനിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന കണക്കിൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയും എന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ വർദ്ധിപ്പിക്കാൻ കഴിയും. ഡീ-ഫൈബറിംഗ് മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 35 ലക്ഷം രൂപ എന്നതരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ

നൽകിവരുന്നു. കേരളത്തിൽ തൊണ്ടിന്റെ ലഭ്യത തെക്കൻ കേരളത്തെ അപേക്ഷിച്ച് വടക്കൻ കേരളത്തിലാണ് കൂടുതലായുള്ളത്. അതുകൊണ്ടുതന്നെ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള 7 ജില്ലകളിൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നു. കൂടുതൽ മില്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സംരംഭകർ കൂടുതലായി മുന്നോട്ട് വരുന്നതും വടക്കൻ കേരളത്തിലാണ്. ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കപ്പെടുന്നതോടുകൂടി കേരളത്തിൽ ലഭിക്കുന്ന തൊണ്ടിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡീ-ഫൈബറിംഗ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡീ-ഫൈബറിംഗ് മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ച് എടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരിയുടെ 44% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്.

(സി) വാളയാറിൽ ഡച്ച് പ്ലാന്റിൻ എന്ന ബഹുരാഷ്ട്ര കമ്പനി ചകിരിച്ചോറ് പ്രോസസ്സിംഗ് കമ്പനി ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

രണ്ടാം പുന:സംഘടനയുടെ ഭാഗമായി തദ്ദേശീയമായി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന കോക്കോ പിത്തിന്റെ മാർക്കറ്റിംഗിനായി കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ പൊള്ളാച്ചി, കോയമ്പത്തൂർ, മധുരൈ, തെങ്കാശി എന്നിവിടങ്ങൾ സന്ദർശിക്കുകയും നെതർലാൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ കൊക്കോ പിത്ത് ഇറക്കുമതി

ചെയ്യുന്ന മെ. ഡച്ച് പ്ലാന്റിൻ കയർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ചർച്ചകൾ നടത്തുകയും കേരളത്തിൽ പ്രതിദിനം 22 ടൺ ചകിരിച്ചോറ് സംസ്കരിക്കുന്നതിന് ശേഷിയുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഡീ- ഫൈബറിംഗ് കം പിത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിന് ധാരണയാവുകയും ചെയ്തിരുന്നു. പാലക്കാട് ജില്ലയിലെ വാളയാറിൽ പിത്ത് ബ്രിക്കറ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 5 ഏക്കർ സ്ഥലം മെ. ഡച്ച് പ്ലാന്റിൻ കയർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് കയർ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കൊക്കോ പിത്തിന്റെ അന്താരാഷ്ട്ര വിപണിയിലുണ്ടായ മാന്ദ്യവും ക്രമാതീതമായ വിലക്കുറവും കാരണം കമ്പനി പ്രസ്തുത സംരംഭത്തിൽനിന്നും താല്ക്കാലികമായി പിൻവാങ്ങുകയാണുണ്ടായത്. കൂടാതെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്നും കയർ പിത്ത് സംഭരിക്കുന്നതിന് വില സംബന്ധിച്ച് അന്തിമ തീരുമാനവും ഉണ്ടായിട്ടില്ല.

### കയർ മേഖലയിലെ ആധുനികവൽക്കരണം

108(514) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ വ്യവസായ മേഖലയിൽ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ വ്യവസായ മേഖലയിൽ ആധുനികവത്ക്കരണവും യന്ത്രവത്ക്കരണവും നടപ്പാക്കുന്നതിനായി കയർ മേഖലയിൽ ഒരു രണ്ടാം പുന:സംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതുവഴി കൈവരിക്കാനാകും എന്നു കരുതുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം "കയർ കേരള-2019" അന്താരാഷ്ട്ര മേളയിൽ ഒപ്പുവയ്ക്കുകയും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന കണക്കിൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്ന തരത്തിലാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ വർദ്ധിപ്പിക്കാൻ കഴിയും. ഡീ-ഫൈബറിംഗ് മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവർക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% എന്ന നിരക്കിൽ പരമാവധി 35 ലക്ഷം രൂപ നിജപ്പെടുത്തി, പ്രവർത്തനമൂലധനം ഒഴികെയുള്ള ആകെ പദ്ധതി ചെലവ് അടിസ്ഥാനമാക്കി നൽകിവരുന്നു. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 14083 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ, കണ്ണൂർ പ്രോജക്ടുകൾക്ക്

കീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ടെണ്ടർ ക്ഷണിക്കുകയും 'ചെറുവാരണം സി.എം. & എം.സി.എസ്. ലി.നം.989' എന്ന സംഘത്തിൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 കയർ സഹകരണ സംഘങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കയർ പിരി, ഉൽപ്പന്ന നിർമ്മാണ മേഖലകളുടെ സമ്പൂർണ നവീകരണം രണ്ടാം പുനഃസംഘടന വഴി സാധ്യമാവുകയാണ്. കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പിലാക്കും. 'കയർ കേരള-2019' അന്താരാഷ്ട്ര മേളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരികയാണ്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളുടെയും മറ്റ് വ്യവസായ യൂണിറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മെച്ചപ്പെട്ടിട്ടുണ്ട്. കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമായിരുന്നു. എന്നാൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപി ക്കപ്പെട്ടതോടെ ചകിരി ഉൽപ്പാദനത്തിൻ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കയർഫെഡ് വഴി സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരിയുടെ 44% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് സംഭരിച്ചതാണ്. തൻമൂലം കയർവ്യവസായ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 12493 രൂപയായിരുന്ന ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനമെങ്കിൽ 2016-17-ൽ അത് 29088 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2018-19-ൽ കയർപിരി തൊഴിലാളികളുടെ കൂലി 300-ൽ നിന്നും 350 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് മുമ്പുതന്നെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ടും ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കൊണ്ടും കയർ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുൽപ്പാദനം 2019-20-ൽ 20500 ടൺ ആയി ഉയർത്താൻ കഴിഞ്ഞു. 2020-21 സാമ്പത്തിക വർഷം ഡിസംബർ 31 വരെ കയറുൽപ്പാദനം 13673 ടൺ ആണ്. മാർച്ച് 31 കഴിയുമ്പോൾ ഉൽപ്പാദനം 30000 ടൺ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## നിർമ്മാണമേഖലയിലെ പ്രതിസന്ധി

109(515) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എം. ഷാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ്, കമ്പി, അലുമിനിയം, പി.വി.സി. ഉൽപ്പന്നങ്ങൾ തുടങ്ങിയവയ്ക്കുണ്ടാകുന്ന വിലക്കയറ്റം നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ വിലവർദ്ധനവുമൂലം ഭവനനിർമ്മാണം ഉൾപ്പെടെയുള്ളവയ്ക്ക് ചതുരശ്ര അടിക്ക് എന്ത് തുക വർദ്ധനവ് ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ?

കണക്കാക്കിയിട്ടില്ല.

(സി) നിർമ്മാണമേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നിർമ്മാണ മേഖല നിരവധി പ്രതിസന്ധികൾ നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയത് തരണം ചെയ്യുന്നതിനായി ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്തുനിന്നും ക്വാറി ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്ത്/വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഡാമുകൾ, റിസർവോയറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിൽ 12-6-20-ലെ ജി.ഒ.(പി) നമ്പർ 16/2020/വ്യവ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷന് അനുസൃതമായി 2015-ലെ കേരള മൈനർ മിനറൽ കൺസ്സക്ഷൻ ചട്ടങ്ങളിലെ ചട്ടം 14(2)-ൽ 12-6-20-ലെ 16/2020/വ്യവ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ സിമന്റ് നൽകി വരുന്നു. കൂടാതെ വാളയാർ, ചേർത്തല യൂണിറ്റുകളിൽ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിച്ച് കേരളത്തിലുടനീളം സിമന്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

## നിർമ്മാണമേഖല നേരിടുന്ന പ്രശ്നങ്ങൾ

110(516) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റുന്നത് സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനായി ഡാമുകൾ, റിസർവോയറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്ത്/ വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് നിലവിൽ നിയമം തടസ്സമില്ല.

(ബി) മണൽ, കല്ല് തുടങ്ങിയവ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സിമന്റ്, കമ്പി, പെയിന്റുകൾ എന്നിവയുടെ വിലക്കയറ്റം നേരിടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) നടപടി സ്വീകരിച്ചിട്ടുണ്ട്. മണൽ, കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വില ഏകീകരിക്കുന്നതിന് അതാത് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെയും ജിയോളജിസ്റ്റുമാരുടെയും യോഗം വീഡിയോ കോൺഫറൻസിലൂടെ ചേരുകയും ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന സിമന്റിന്റെ ചെറുകിട വിൽപ്പനവില മറ്റ് കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ് നിലനിൽക്കുന്നത്.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമായി മാറ്റുവാൻ നടപടി

111(517) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മന്ത്രാലയം 2019-ലെ നിക്ഷേപ സൗഹൃദ സംസ്ഥാന പട്ടിക പുറത്ത് വിട്ടപ്പോൾ, 2018-ൽ 21-ാം സ്ഥാനത്ത് ആയിരുന്ന സംസ്ഥാനം 28-ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന സൂചിക. Business Reform Action Plan (BRAP) സംവിധാനം വഴി കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് Promotion of Industrial and Internal Trade (DPIIT) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള സ്ഥാനം നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം DPIIT നിർണ്ണയിക്കുന്നത്. 2019-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്, ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ കേരളത്തിന്റെ റെക്കോർഡ് 2015-16-ൽ ക്രമാനുഗതമായി 22.8 ശതമാനമായി ഉയർന്നു; 2016-17-ൽ 26.9 ശതമാനം; 2017-18 -ൽ 52.56 ശതമാനം; ഒപ്പം 2018-19- ൽ 85 ശതമാനവും. കൂടാതെ സംസ്ഥാനത്തെ വ്യവസായ സൗഹൃദപരമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ കാലയളവിൽ നൂതനമായ നിരവധി നടപടികൾ ആവിഷ്കരിക്കുകയും സുതാര്യമായും വേഗത്തിലും അനുമതികൾ ലഭിക്കുന്നതിനായി KSWIFT-ഉം, ഇൻവെസ്റ്റ് കേരള പോർട്ടൽ തുടങ്ങിയ പരിഷ്കാരങ്ങൾ നടത്തുകയുമുണ്ടായി. ഇത്തരത്തിലുള്ള പരിഷ്കരണ പ്രവർത്തന പോയിന്റുകളേയും ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽനിന്നും ലഭിച്ച ഫീഡ്ബാക്ക് സ്കോറുകളെയും അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തീരുമാനിക്കുകയെന്ന് DPIIT നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ സ്കോറിംഗിനും റാങ്കിംഗിനുമായി സ്വീകരിച്ച മാനദണ്ഡങ്ങളെക്കുറിച്ച് സർക്കാർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നെങ്കിലും നാളിതുവരെ DPIIT വിശദാംശങ്ങൾ പങ്കിട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമായി മാറ്റുന്നതിന് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി വഴി ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി വഴി ആനുകൂല്യം നല്കി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി യുവ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനായി പരമാവധി 50 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. സ്റ്റാർട്ടപ്പുകൾക്കും

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കും ഇതിന് അപേക്ഷിക്കാം. സ്റ്റാർട്ടപ്പുകൾക്ക് കേരളാ സ്റ്റാർട്ടപ്പ്, മിഷൻ രജിസ്ട്രേഷനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് രജിസ്ട്രേഷനും നിർബന്ധമാണ്. പദ്ധതി ചെലവിന്റെ പരമാവധി 90% വരെയാണ് വായ്പ നൽകുന്നത്. ഇതിന് സർക്കാർ സബ്സിഡിയായ 3% കുറച്ച് 7% പലിശ മാത്രമാണ് ഈടാക്കുന്നത്. നോർക്ക ശിപാർശയുമായി വരുന്ന പ്രവാസികൾക്ക് 22.50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 3% റിബേറ്റിന് ശേഷം 4% പലിശ മാത്രമേ ഈടാക്കുന്നുള്ളൂ. ഈ പദ്ധതിയിൽ പരമാവധി തിരിച്ചടവ് കാലാവധി 5 വർഷമാണ്. 18-നും 50-നും ഇടയിൽ പ്രായമുള്ള സ്ഥിരജോലിയില്ലാത്തവർക്കാണ് വായ്പാ യോഗ്യത. സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 5 വർഷം പ്രായപരിധിയിൽ ഇളവുണ്ട്. പ്രവാസികൾക്ക് പ്രായപരിധിയിൽ 10 വർഷത്തെ ഇളവുണ്ട്. ഇതിൽ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ ക്രെഡിറ്റ് ഗ്യാരന്റി കവറേജിന്റെ പിന്തുണയോടെ ഈടുരഹിത വായ്പകളായാണ് നൽകുന്നത്.

(സി) വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി വേഗത്തിലാക്കുന്നതിനായി കെ-സ്വിഫ്റ്റ് 2.0-ന് തുടക്കം കുറിച്ചിട്ടുണ്ടോ; നേരത്തേ നടപ്പിലാക്കിയ സോഫ്റ്റ് വെയറിനെക്കാൾ ഇതിനുള്ള മേന്മ എന്താണെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യങ്ങളോടുകൂടി പുതിയ സംരംഭകർക്കായിട്ടാണ് വ്യവസായം ആരംഭിക്കുന്നതിന് ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വരുത്തിയത്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ / ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase-II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക്

ഒഴിവാക്കിക്കൊണ്ട് " 2019-ലെ ദി കേരള മൈക്രോ, സ്മോൾ മീഡിയം എന്റർ പ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്" -ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT-ലൂടെ ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്.

(ഡി) നിക്ഷേപ സംരംഭങ്ങൾക്ക് ഏഴ് ദിവസത്തിനകം അംഗീകാരം നൽകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

വ്യവസായ സംരംഭങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ സൂചിക എന്ന് തിരിച്ചറിഞ്ഞുകൊണ്ടും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടും കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ച കൊണ്ടാണ് സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ 7 ദിവസത്തിനുള്ളിൽ വ്യവസായിക ലൈസൻസ് ലഭ്യമാക്കുവാനുമുള്ള നടപടികൾ ആരംഭിച്ചത്. ഇതിനായി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കൽ ആക്റ്റിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കെ.എസ്.ഡി.പി. തയ്യാറാക്കിയ മരുന്നിന്റെ ഗുണനിലവാരം

112(518) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി. വിതരണത്തിനായി തയ്യാറാക്കിയ ഏതെങ്കിലും മരുന്നുകൾ ഗുണനിലവാരമില്ലെന്ന കാരണത്താൽ 2019 ജനുവരി 1-നുശേഷം തിരിച്ചെടുക്കേണ്ടി വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഡ്രഗ്സ് കൺട്രോളർ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ മരുന്ന് ബാച്ചുകളുടെ വിതരണം നിർത്തുന്നതിനുള്ള നിർദ്ദേശം കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. പരിശോധനയിൽ ചില മരുന്നുകൾക്ക് അസ്ഥിരത രേഖപ്പെടുത്തിയതായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് അറിയിച്ചതിനെ തുടർന്ന് കമ്പനി ക്വാളിറ്റി അഷ്വറൻസ്, ആർ ആൻഡ് ഡി പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും, ടി മരുന്നുകളുടെ കൺസിസ്റ്റൻഡ് ഷെൽഫ് ലൈഫ് സ്റ്റെബിലിറ്റി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

113(519) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഈ സർക്കാർ വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വ്യവസായസൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുന്ന പദ്ധതികൾ

114(520) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കാനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2018-ലെ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്"പുറപ്പെടുവിച്ച് നിയമമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്‌വെയർ K-SWIFT പ്രവർത്തന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാരംഭിച്ചിട്ടുണ്ട്. തുടർന്ന് 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നടപ്പിൽ വരികയും ചെയ്തു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് 10 കോടി രൂപവരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ "റെഡ് കാറ്റഗറി"-യിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുകയും ചെയ്യുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പുതിയ സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ വ്യവസായ വകുപ്പിന്റെ സേവനങ്ങൾ ഏകജാലകമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഏകജാലക സംവിധാനമായിട്ടുള്ള K-swift-ലൂടെ രജിസ്റ്റർ ചെയ്യുന്ന സംരംഭകർക്ക് വിവരങ്ങൾ അടിയന്തരമായി ലഭിക്കും. Portal-ൽ online സംവിധാനവുമുണ്ട്. 2019-ൽ നിലവിൽ വന്ന കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ട് അനുസരിച്ച് MSME വിഭാഗത്തിൽപ്പെടുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 'ചുവപ്പ്' വിഭാഗത്തിൽപ്പെടാത്തതുമായ സംരംഭങ്ങൾക്ക് ഒരു സത്യവാങ്മൂലം സമർപ്പിച്ചാൽ ഉടൻതന്നെ കൈപ്പറ്റ് രസീത് ലഭ്യമാക്കുന്ന ഒരു സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വ്യവസായ സംരംഭകരുടെ സാമ്പത്തിക ബാധ്യതകൾക്ക് പരിഹാരമായി ഈ സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മാർജിൻമണി വായ്പ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാൻ കഴിയാതിരുന്ന സംരംഭകർക്കായി 3 തവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ഡി) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

## കെ.എസ്.ഡി.പി.യിൽ ഉല്പാദിപ്പിക്കുന്ന മരുന്നുകൾ

115(521) ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം രോഗികൾ ഉപയോഗിക്കുന്ന അനിവാര്യ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.ക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മരുന്നുകളാണ് ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ടാക്രോലിമസ് ടാബ്‌ലെറ്റ്സ് 0.75 മി.ഗ്രാം
2. ടാക്രോലിമസ് ടാബ്‌ലെറ്റ്സ് 1.00 മി.ഗ്രാം
3. ടാക്രോലിമസ് ടാബ്‌ലെറ്റ്സ് 4 മി.ഗ്രാം
4. ടാക്രോലിമസ് ക്യാപ്സ്യൂൾ 0.5 മി.ഗ്രാം
5. ടാക്രോലിമസ് ക്യാപ്സ്യൂൾ 1 മി.ഗ്രാം
6. ടാക്രോലിമസ് ക്യാപ്സ്യൂൾ 5 മി.ഗ്രാം
7. മൈക്കോഫിനോലേറ്റ്സ് ക്യാപ്സ്യൂൾ 200 മി.ഗ്രാം
8. മൈക്കോഫിനോലേറ്റ്സ് ടാബ്‌ലെറ്റ്സ് 500 മി.ഗ്രാം
9. അസാതയോപ്രിൻ ടാബ്‌ലെറ്റ്സ് 50 മി.ഗ്രാം

(ബി) പ്രസ്തുത മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ എത്ര ശതമാനം വിലക്കുറവിലാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 30 മുതൽ 70% വരെ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്.

(സി) കെ.എസ്.ഡി.പി.യുടെ കീഴിലുള്ള ഓങ്കോളജി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി കിഫ്ബിയിൽനിന്നും എന്ത് ധനസഹായമാണ് ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പാർക്കിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

(സി&ഡി) കെ.എസ്.ഡി.പി.-യുടെ കീഴിലുള്ള ഓങ്കോളജി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതിനായി പൈലറ്റ് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കായി ഫണ്ട് ഒന്നുംതന്നെ കിഫ്ബിയിൽനിന്നും ലഭിച്ചിട്ടില്ല. ഫണ്ടും സ്ഥലവും ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള സോപ്പ്സിന്റെ ഉടമസ്ഥതയിലുള്ള ഭൂമി

116(522) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്പ്സിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി റോഡിലെ 3.5 ഏക്കർ ഭൂമി കിൻഫ്രക്ക് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഗാന്ധി റോഡിലുള്ള 337.58 സെന്റ് സ്ഥലം കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഭൂമിയുടെ തുക കേരളാ സോപ്പ്സിന് ലഭ്യമാക്കിയിട്ടുണ്ടോ?

ഇല്ല.

(സി) ഈ ഭൂമിക്ക് എത്ര തുകയാണ് വില നിർണ്ണയിച്ചതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമിക്ക് സെന്റൊന്നിന് 2,50,000 രൂപ വില നിർണ്ണയിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഗാന്ധി റോഡിലുള്ള കിൻഫ്രയ്ക്ക് കൈമാറിയ ഭൂമിയുടെ വില സെന്റൊന്നിന് 2.5 ലക്ഷം രൂപ നിരക്കിൽ KSIE-യ്ക്ക് കൈമാറുന്നതിനും ഭൂമിയുടെ കൈവശാവകാശം, അളവ്, ഭൂമി സംബന്ധമായ മറ്റ് രേഖകൾ എല്ലാം റവന്യൂ വകുപ്പുമായി ആലോചിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിനും കൂടാതെ കയ്യേറിയ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് അടിയന്തര നടപടി കിൻഫ്ര സ്വീകരിക്കാൻ ഇത് സംബന്ധിച്ച് കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.

## വെള്ളൂർ എച്ച്.എൻ.എൽ. ഏറ്റെടുക്കൽ

117(523) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളൂർ എച്ച്.എൻ.എൽ. കേരള സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ വിവരിക്കാമോ ;

(ബി) എച്ച്.എൻ.എൽ. സർക്കാർ ഏറ്റെടുക്കുന്ന അവസരത്തിൽ നിലവിലുള്ള തൊഴിലാളികളുടെ ജോലി സംരക്ഷണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) കൊച്ചി ബഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ. ബാങ്ക് 28-11-2019-ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ NCLT ഉത്തരവുപ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവെൻസി റെസൊല്യൂഷൻ പ്രോസെസ്സിന് വിധേയമാക്കി. റെസൊല്യൂഷൻ പ്രൊഫഷണൽ മുമ്പാകെ റെസൊല്യൂഷൻ പ്ലാൻ സമർപ്പിക്കാൻ സർക്കാർ കിൻഫ്രയെ ചുമതലപ്പെടുത്തിയതനുസരിച്ച് സമർപ്പിക്കപ്പെട്ട റെസൊല്യൂഷൻ പ്ലാൻ, കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ് (CoC) അംഗീകരിച്ചിട്ടുണ്ട്. കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ്-ന്റെ ശിപാർശയോടുകൂടി NCLT അംഗീകരിക്കുന്ന തോടുകൂടി എച്ച്.എൻ.എൽ.-ന്റെ ഏറ്റെടുക്കൽ നടപടി സാധ്യമാകും.

## പൊതുമേഖലാസ്ഥാപനങ്ങൾ

118(524) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

2019-20-ലെ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് 2019-20-ലെ ആഡിറ്റിന് മുൻപുള്ള വാർഷിക കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്.
2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.
3. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്.
4. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്.

5. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.

6. കേരളാ സിറാമിക്സ് ലിമിറ്റഡ്

7. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.

8. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

9. കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ?

മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്.

1. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്.

2. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്.

3. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്.

5. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്.

6. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

7. മലബാർ സിമന്റ്സ് ലിമിറ്റഡ്.

8. കെ.എസ്.ഐ.ഡി.സി.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്കായി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും

സാധിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നുണ്ട്. റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപന ങ്ങളിലേയ്ക്കും നൽകുന്നതിന് സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സുതാര്യമായ നിയമന നടപടികളനുസരിച്ച് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി സമയബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(ഡി) പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഇല്ല.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

119(525) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിലായത് എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് 2015-16 വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തന അവലോകനത്തിന് വിധേയ മാക്കിയ 40 സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങൾ ലാഭത്തിലും 32 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. 2019-20-ൽ 42 സ്ഥാപനങ്ങളെ ആഡിറ്റിനുള്ള വാർഷിക കണക്കുകൾ പ്രകാരം അവലോകനത്തിന് വിധേയമാക്കിയതിൽ 15 സ്ഥാപനങ്ങൾ പ്രവർത്തന ലാഭത്തിലും 27 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. 2019-20-ലെ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് 2019-20-ലെ ആഡിറ്റിന് മുൻപുള്ള വാർഷിക കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്.

2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.

3. ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്.

4. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്.

5. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.

6. കേരളാ സിറാമിക്സ് ലിമിറ്റഡ്

7. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.

8. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

9. കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.

(ബി) പൊതുമേഖലാ വ്യവസായങ്ങളുടെ വളർച്ച സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലവുമായി ബന്ധപ്പെട്ട് താരതമ്യ കണക്കുകൾ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എട്ട് സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. നിലവിൽ 2019-20-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 15 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. 2015-16-ൽ സ്ഥാപനങ്ങളുടെ മൊത്തം ഉൽപ്പാദനം 2444 കോടി രൂപയായിരുന്നത് 2019-20-ലെ കണക്കുകൾ പ്രകാരം 3307 കോടി രൂപയായി ഉയർന്നിട്ടുണ്ട്. കൂടാതെ 2015-16-ൽ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2800 കോടി രൂപയായിരുന്നത് 2019-20-ലെ കണക്കുകൾ പ്രകാരം 3148.41 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

## നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

120(526) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് നഷ്ടത്തിലായിട്ടുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

2019-20-ലെ കണക്കുകൾ പ്രകാരം 2015-16-ൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന മലബാർ സിമന്റ്സ് ലിമിറ്റഡ് മാത്രമാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്.

(ബി) ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ പൂട്ടിപ്പോകുകയോ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; പൂട്ടിക്കിടന്ന ഏതെങ്കിലും സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും പൂട്ടുകയോ പ്രവർത്തനം നിർത്തുകയോ ചെയ്തിട്ടില്ല.

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച ആകെ ലാഭം എത്രയാണ്; മുൻസർക്കാരിന്റെ കാലയളവിൽ ലഭിച്ച ആകെ ലാഭം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഉണ്ടാക്കിയ ആകെ ലാഭത്തിന്റെയും ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടാക്കിയ മൊത്തം ലാഭത്തിന്റെയും കണക്കുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | ആകെ അറ്റലാഭം/നഷ്ടം തുക കോടിയിൽ |
|---|---|---|
| 1 | 2011-12 | 216.71 |
| 2 | 2012-13 | 110.41 |
| 3 | 2013-14 | 63.36 |
| 4 | 2014-15 | 236.13 |
| 5 | 2015-16 | 121.18 |

| ക്രമ നമ്പർ | വർഷം | ആകെ അറ്റലാഭം/നഷ്ടം തുക കോടിയിൽ | ആകെ പ്രവർത്തന ലാഭം/നഷ്ടം തുക കോടിയിൽ |
|---|---|---|---|
| 6 | 2016-17 | 133.44 | 32.53 |
| 7 | 2017-18 | 4.98 | 129.92 |
| 8 | 2018-19 | 8.26 | 155.78 |
| 9 | 2019-20 | 165.66 | 57.87 |

## പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയ സാമ്പത്തിക പുനരുദ്ധാരണ പാക്കേജുകൾ

121(527) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ടതും വ്യവസായ വകുപ്പിന് കീഴിലുള്ളതുമായ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനസഹായം ലഭ്യമാക്കിയതെന്ന് വിശദീകരിക്കാമോ?

ഒറ്റപ്പാലം നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ ഒരു ഫൗണ്ടറി യൂണിറ്റ് മാത്രമാണ് പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത യൂണിറ്റിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 90,41,489 രൂപ (തൊണ്ണൂറ് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത് രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും നൽകിയ സാമ്പത്തിക പുനരുദ്ധാരണ പാക്കേജുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് 1067.85 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. ഇതിൽ 300 ലക്ഷം രൂപ പ്രവർത്തന മൂലധനമായും ബാക്കി വിവിധ യൂണിറ്റുകളിലെ ആധുനികവത്കരണ പദ്ധതികൾക്കുമായിട്ടാണ് നൽകിയത്.

## കെൽട്രോണിന്റെ സമഗ്ര വികസനം

122(528) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എം. ഡി. ചാർജ്ജ് എടുത്തതിനുശേഷം കെൽട്രോണിന്റെ സമഗ്ര വികസനത്തിനായി കൊണ്ടുവന്ന പദ്ധതികൾ എന്തെല്ലാമാണ്; ഓരോന്നിന്റെയും വിശദാംശം വെളിപ്പെടുത്തുമോ?

നിലവിലുള്ള എം. ഡി. അധികാരമേറ്റശേഷമുള്ള കെൽട്രോണിന്റെ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇലക്ട്രോണിക്സ് മേഖലയിൽ ഗവേഷണത്തിനും ഉൽപ്പന്ന വികസനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് കരകുളം യൂണിറ്റിൽ ആർ & ഡി പ്രവർത്തനങ്ങൾ നടപ്പിലാക്കി. സ്മാർട്ട് മീറ്റർ, സെൻസർ ബേസ്ഡ് സാനിറ്റൈസർ ഡിസ്പെൻസർ ഇ. എം. ലോഗ്, ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, ഡി. സി. യു.പി.എസ്., സോളാർ പമ്പ് കൺട്രോളർ എന്നിങ്ങനെ ധാരാളം

ഉത്പന്നങ്ങൾ ഇവിടെ വികസിപ്പിച്ചുവരുന്നു. ദൃശ്യ-ശ്രവ്യ മേഖലയിലെ നൂതന ആശയമായ ഓഗ്മെന്റഡ് റിയാലിറ്റി, വെർച്ചൽ റിയാലിറ്റി എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിനും പഠനം നടത്തുന്നതിനുമായി AR-VR ലാബ് തിരുവനന്തപുരത്ത് ആരംഭിച്ചു. സർക്കാർ ഫണ്ട് ഉപയോഗിച്ച് കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ ശ്രവണ സഹായികളുടെ നിർമ്മാണത്തിന് വേണ്ടിയുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയും യൂണിറ്റിന്റെ മൊത്തമായുള്ള നവീകരണം നടത്തുകയും ചെയ്തു. എയ്റോസ്പേസ് ഇലക്ട്രോണിക്സ് മേഖലയിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി കരകുളം യൂണിറ്റിലെ സ്പേസ് ഇലക്ട്രോണിക്സ് ഗ്രൂപ്പിന്റെ നവീകരണം നടപ്പിലാക്കി. കരകുളം യൂണിറ്റിൽ സർഫേസ് മൗണ്ടഡ് ടെക്നോളജി ഉപയോഗിച്ച് PCB തയ്യാറാക്കുവാൻ ആധുനിക SMT റീഫ്ലോ യന്ത്രങ്ങൾ സ്ഥാപിച്ചു. ഇതിന് ISRO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ ഗ്രൂപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 3250 sq.ft.-ന്റെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് സജ്ജമാക്കി. കേരളത്തിന്റെ സ്വന്തം ലാപ്ടോപ്പ് - കൊക്കോണിക്സ്, നിർമ്മാണത്തിനുവേണ്ടി മൺവിള യൂണിറ്റിലെ നിലവിലുള്ള കെട്ടിടം നവീകരിച്ച് 2019-ൽ പ്രവർത്തനമാരംഭിച്ചു. പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ ഇതിനായുള്ള കരാറുണ്ടാക്കി. ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതികൾക്കുവേണ്ടിയുള്ള A1 ക്യാമറ അസ്സംബ്ലിംഗ് സംവിധാനം മൺവിള യൂണിറ്റിൽ സജ്ജീകരിച്ചു. ഐ.എസ്. ആർ.ഒ.-യുടെ എയ്റോസ്പേസ് പദ്ധതികൾക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഫാബ്രിക്കേഷനും ഗുണപരിശോധനയ്ക്കുമായി മൺവിള യൂണിറ്റിൽ ക്ലീൻ റൂം ഫെസിലിറ്റി സജ്ജീകരിച്ചു. ഇതിലൂടെ സാറ്റലൈറ്റിനുള്ള ഇലക്ട്രോണിക് പാക്കേജ് കെൽട്രോണിൽ നിർമ്മിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന ഫിഷറീസ് വകുപ്പിനുവേണ്ടി 'നാവിക്' വികസിപ്പിച്ച് നിർമ്മാണം നടത്തി വരുന്നു. ഡിജിറ്റൽ ശ്രവണ സഹായിയുടെ (ശ്രവൺ) നിർമ്മാണം, വിതരണം എന്നിവ പൊതു വിപണിയിൽ നടത്തി വരുന്നു. ഗുജറാത്തിലെയും രാജസ്ഥാനിലെയും ആണവോർജ്ജ പദ്ധതികൾക്കുവേണ്ടി ഊർജ്ജശക്തി കൂടുതലുള്ള 16 KVA, 500 KVA യു. പി. എസ്. സിസ്റ്റം നിർമ്മിച്ചുനൽകി. കോവിഡ്-19-മായി ബന്ധപ്പെട്ട പ്രതിരോധ/ സുരക്ഷാ ഉപകരണങ്ങൾ (Handheld Non Contact Thermal Probe, Multi Probe Thermal Scanner, Paper Disinfector and UV Disinfection) കെൽട്രോൺ അരൂർ യൂണിറ്റിൽ NPOL-യുമായി സഹകരിച്ച് വികസിപ്പിച്ചു. പ്രതിരോധ മേഖലയ്ക്ക് വേണ്ടി Complain vibration isolation module, Own noise analyser, Advanced indigenous distress sonar system എന്നിവ നിർമ്മിച്ചു. നാവിക സേനയ്ക്കുവേണ്ടി മുങ്ങിക്കപ്പലിൽ ഉപയോഗിക്കുന്ന Advanced Distress Sonar System (ADSS) വികസിപ്പിച്ചു. കെൽട്രോൺ കോൺട്രോൾസ് - അരൂർ-ന് 56.29 കോടി രൂപയുടെ ഓർഡർ ഇതിനായി ലഭിച്ചു. Regenerative Battery Discharge

System (RBDS) രൂപകൽപ്പന ചെയ്ത് ഉൽപ്പന്നമായി വികസിപ്പിച്ച് ഗുണപരിശോധനകൾ പൂർത്തിയാക്കി. 10 KW, 500 KW ഗ്രിഡ് ടൈഡ് സോളാർ പി.സി.യു. വിജയകരമായി വികസിപ്പിച്ച് ഗുണപരിശോധനകൾ പൂർത്തിയാക്കി. 2.35 കോടി രൂപയ്ക്ക് എക്സ്. ബി. ടി. (XBT) പ്രോബ് പ്രതിരോധ സേനയ്ക്ക് നിർമ്മിച്ചുനൽകി. DRDO-യ്ക്ക് കീഴിലുള്ള DEBEL-ലുമായി സഹകരിച്ച് ICU നിലവാരത്തിലുള്ള വെന്റിലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു, പ്രവർത്തനമാരംഭിച്ചു. കൊച്ചി സ്മാർട്ട് സിറ്റികളുടെ ഭാഗമായി Integrated Traffic Management System പദ്ധതി പൂർത്തീകരിച്ചു. കേരളത്തിലെ കോടതികളും ജയിലുകളും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം വളരെ ഫലപ്രദമായി നിർവ്വഹിച്ചു. ആരോഗ്യ മേഖലയിലെ ഏകോപനത്തിനുള്ള E-Health പദ്ധതി നടപ്പിലാക്കി വരുന്നു. മൺവിള യൂണിറ്റിന് സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ സുരക്ഷാ പദ്ധതിയായ SAFE KERALA-യുടെ ഏകോപനത്തിനും നിർവ്വഹണത്തിനുമായി ഓർഡർ ലഭിച്ചു, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. KITE- സ്മാർട്ട് ക്ളാസ്സ് റൂം പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഏഴിമല നാവിക അക്കാഡമിയിൽ 3 മെഗാവാട്ട് (ഗ്രിഡ് കണക്റ്റഡ്) സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. ചെന്നൈ സ്മാർട്ട് സിറ്റിക്കുവേണ്ടി കമാൻഡ്& കൺട്രോൾ സെന്റർ സ്ഥാപിക്കുന്നതിനായി 148 കോടി രൂപയുടെ ഓർഡർ പൂർത്തീകരിച്ചു. പദ്ധതിയുടെ രൂപകൽപ്പന മുതൽ നടത്തിപ്പുവരെ ഉൾപ്പെടുന്നതാണിത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വെബ്കാസ്റ്റിംഗ്, നെറ്റ് വർക്കിംഗ് സേവനം തുടങ്ങിയവ കെൽട്രോണിന്റെ IT ബിസിനസ്സ് വിഭാഗമാണ് നിർവ്വഹിച്ചത്. 1.42 കോടി രൂപയുടെ പദ്ധതിയാണിത്. Echo sounder, EM Log and under water Telephone എന്നീ ഡിഫൻസ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിച്ചുനൽകുന്നതിന് കെൽട്രോൺ എക്വിപ്മെന്റ് കോംപ്ലക്സ് - കരകുളത്തിന് 20 കോടി രൂപയുടെ ഓർഡർ ഇന്ത്യൻ നാവിക സേനയിൽനിന്നും ലഭിച്ചു. അഹമ്മദാബാദ് മുൻസിപ്പൽ കോർപ്പറേഷനിൽ വിപുലമായ ട്രാഫിക് പദ്ധതി പൂർത്തിയാക്കി. പ്രതിരോധ മേഖലയിൽ കെൽട്രോണിന് ആദ്യമായി കരസേനയ്ക്കു വേണ്ടി GPS അധിഷ്ഠിത Mine Field Marking System വികസിപ്പിക്കുവാനുള്ള ഓർഡർ ലഭിച്ചു. ഭാരത് ഡയനാമിക്സ് ലിമിറ്റഡുമായി വിവിധ മേഖലകളിൽ ഒരുമിച്ച് സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ കൂടുതൽ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി DEBEL, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുമായി കെൽട്രോൺ പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ കമ്പനിക്ക് 965 കോടി രൂപയുടെ ഓർഡർ ബുക്കിംഗ് ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികളിലൂടെ നേടിയ ലാഭം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ?

ഈ കാലയളവിൽ കമ്പനിയുടെ മൊത്തമായിട്ടുള്ള വിറ്റുവരവ് സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) നഷ്ടം സംഭവിച്ചെങ്കിൽ അവ ഏതെല്ലാം പ്രോജക്ടുകളിലാണെന്നും എത്ര തുകയാണെന്നും വ്യക്തമാക്കുമോ?

പദ്ധതികളിൽ ഒന്നും നഷ്ടമുണ്ടായതായി റിപ്പോർട്ടില്ല.

(ഡി) എന്തെല്ലാം ഉൽപ്പന്നങ്ങളാണ് കെൽട്രോൺ സ്വന്തമായി നിർമ്മിച്ച് വിതരണം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കെൽട്രോൺ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ/ ഉപകരണങ്ങൾ ചുവടെ ചേർക്കുന്നു. KVA-500 KVA വരെയുള്ള കൊമേർഷ്യൽ -ഇൻഡസ്ട്രിയൽ & ക്രിട്ടിക്കൽ ആപ്ലിക്കേഷൻ UPS, ബാറ്ററി ചാർജ്ജർ തുടങ്ങിയ പവർ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, ട്രാഫിക് കൺട്രോളർ ഉപകരണങ്ങൾ, നാവിക് പ്രതിരോധ മേഖലയ്ക്ക് വേണ്ടി Complain vibration isolation module, Own noise analyser, Advanced indigenous distress sonar system നിർമ്മിച്ച് നൽകി. മുങ്ങിക്കപ്പലുകളിൽ ഉപയോഗിക്കുന്ന Advanced Distress Sonar System (ADSS) ഇലക്ട്രോണിക് ഘടകങ്ങൾ' നിർമ്മിച്ച് ഗുണപരിശോധനകൾ നടത്തി നൽകുന്നു. Regenerative Battery Discharge System (RBDS) രൂപകൽപ്പന ചെയ്ത് ഉൽപ്പന്നമായി വികസിപ്പിച്ച് ശ്രുവൺ-ഡിജിറ്റൽ ശ്രവണ സഹായി, 10KW, 500KW ഗ്രിഡ് ടൈഡ് സോളാർ പി.സി.യു. വിജയകരമായി വികസിപ്പിച്ച് ഗുണ പരിശോധനകൾ പൂർത്തിയാക്കി എക്സ്. ബി. ടി. (XBT) പ്രോബ് Handheld Non Contact Thermal Probe Multi Probe Thermal Scanner, Paper Disinfector UV Disinfection Box AI Camera DRDO-യ്ക്ക് കീഴിലുള്ള DEBEL-ലുമായി സഹകരിച്ച് ICU നിലവാരത്തിലുള്ള വെന്റിലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ഒപ്പു വച്ചു.

## വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

123(529) <u>ശ്രീ. കെ. ബാബു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങളാണ് തുറന്ന് പ്രവർത്തിച്ചതെന്ന് വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന 82 യൂണിറ്റുകൾ ഈ സർക്കാരിന്റെ കാലയളവിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങളാണ് തുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 63542 സൂക്ഷ്മ- ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. (1-6-2016 മുതൽ 31-12-2020 വരെ) KSIDC-യിൽനിന്നും വായ്പ ലഭ്യമാക്കി 30 സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## പൊതുമേഖലാസ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം

124(530) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ആകെ ബജറ്റ് വിഹിതം എത്രയായിരുന്നു?

2015-16 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിന്റെ വിവരം അനുബന്ധം 1 *ആയി ചേർക്കുന്നു.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആകെ എത്ര രൂപ വീതമാണ് നീക്കിവച്ചത്?

ഓരോ വർഷങ്ങളിലും ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഓരോ പൊതുമേഖലാ സ്ഥാപനത്തിനും നീക്കിവച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.* 2015-16-ൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നിനുമായി പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നില്ല. ലംപ്സം തുകയായി ഒരു ഹെഡിൽ മൊത്തം തുകയും വകയിരുത്തുകയായിരുന്നു.

(സി) ആയതിൽ ആകെ അനുവദിച്ച തുക എത്രയാണ്?

ഓരോ വർഷങ്ങളിലും ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഓരോ പൊതുമേഖലാ സ്ഥാപനത്തിനും അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും (കിൻഫ്ര, കെ.എസ്.ഐ.ഡി.സി. ഒഴികെ) എത്ര രൂപ വീതം നൽകി?

ഓരോ പൊതുമേഖലാ സ്ഥാപനത്തിനും 2015-16, 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ നൽകിയ തുകയുടെ വിവരം അനുബന്ധം 2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സാധ്യമാക്കുന്ന ബിൽ

125(531) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുംവേണ്ടി ഈ സർക്കാർ കൊണ്ടുവന്ന 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' സാധ്യമാക്കുന്ന ബിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടിയും ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായും വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, നിയമങ്ങളും ലഘൂക രിക്കാനും അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായിട്ടാണ് ഏഴുനിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് " 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് " എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ നിയമംമൂലം വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധ നാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യ പ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ്

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ / ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റി വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് 'അസെൻഡ് 2020' ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് " ദി കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്, 2019-ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ 'ഇൻവെസ്റ്റ് കേരള പോർട്ടൽ' നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ഈ ഇൻവെസ്റ്റ് കേരള പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്. കേരള

ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018, കേരള സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് എന്നിവ നടപ്പിലാക്കിയതുമൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ സംവിധാനമായ KSWIFT നിലവിൽ വന്നതുമൂലവും കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചു എന്നതിന്റെ ഫലമാണ് KSWIFT പോർട്ടൽ വഴി നാളിതുവരെ (7-1-2021 വരെ) സംരംഭകർ 1415 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. കൂടാതെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിലൂടെ KSWIFT വഴി നാളിതുവരെ (6-1-2021 വരെ)7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 498 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം 2018-19 സാമ്പത്തിക വർഷം മുതൽ 2020 ഡിസംബർ വരെ 34347 സൂക്ഷ്മ- ചെറുകിട- ഇടത്തരം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഫലമായി ചെറുകിട വ്യവസായ സംരംഭങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോട് കൂടിയും, ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായും, വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, നിയമങ്ങളും ലഘൂകരിക്കാനും, അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായിട്ടാണ് ഏഴു നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് " 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് " എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ നിയമംമൂലം വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ

നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ/ ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase-II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റ് വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് 'അസെൻഡ് 2020' ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപ മുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനപ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളെയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് " ദി കേരള മൈക്രോ സ്മോൾ മീഡിയം എൻറർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്, 2019" -ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ 'ഇൻവെസ്റ്റ് കേരള പോർട്ടൽ' നടപ്പിലാക്കി യിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ഈ ഇൻവെസ്റ്റ് കേരള പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018, കേരള സൂക്ഷ്മ ചെറുകിട-ഇടത്തരം

വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് എന്നിവ നടപ്പിലാക്കിയത് മൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ സംവിധാനമായ KSWIFT നിലവിൽ വന്നതുമൂലവും കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചു എന്നതിന്റെ ഫലമാണ് KSWIFT പോർട്ടൽ വഴി നാളിതുവരെ (7-1-2021 വരെ) സംരംഭകർ 1415 കോമൺ ആപ്ളിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. കൂടാതെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിലൂടെ KSWIFT വഴി നാളിതുവരെ (6-1-2021 വരെ) 7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 498 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം 2018-19 സാമ്പത്തിക വർഷം മുതൽ 2020 ഡിസംബർ വരെ 34347 സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിന്റെ പ്രവർത്തനം

126(532) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിൽ നിലവിൽ എത്ര പേർ തൊഴിലെടുക്കുന്നു; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിൽ ഇപ്പോൾ 120 ജീവനക്കാരാണുള്ളത്. വർക്കർ കാറ്റഗറി വിഭാഗത്തിൽ 111 തൊഴിലാളികളും സ്റ്റാഫ് കാറ്റഗറി വിഭാഗത്തിൽ 3 പേരും സൂപ്പർവൈസറി മാനേജീരിയൽ വിഭാഗങ്ങളിലായി 6 ജീവനക്കാരുമാണുള്ളത്.

(ബി) ഈ സ്ഥാപനം നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ ലാഭകരമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ സ്പിന്നിംഗ് മിൽസ് നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) സ്ഥാപനത്തിന്റെ കൈവശം ആവശ്യത്തിന് ഭൂമി ഉണ്ടെന്നിരിക്കെ ഈ സ്ഥാപനം വികസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതിയുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ പ്രായോഗികത പരിശോധിക്കുന്നതാണ്.

## കേരള സോപ്പ് ഉൽപ്പന്നങ്ങളുടെ കയറ്റുമതി

127(533) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്പ് ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും ഇതര സംസ്ഥാനങ്ങളിലെ വിപണനവും വർദ്ധിച്ചതുപോലെ ആഭ്യന്തര മാർക്കറ്റിലെ വിപണനം വർദ്ധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ആഭ്യന്തര മാർക്കറ്റിലെ വിപണനം വർദ്ധിപ്പിക്കുന്നതിനായി സെയിൽസ് പ്രൊമോഷൻ പദ്ധതികളായ പോസ്റ്ററുകൾ, Danglers, പ്രമുഖ സ്ഥാപനങ്ങൾക്ക് മുൻപിൽ ഉൽപ്പന്നം പ്രദർശിപ്പിക്കുവാനുള്ള സംവിധാനം, തുടങ്ങിയവ നടപ്പിലാക്കിയതിനൊപ്പം ദൃശ്യമാധ്യമങ്ങൾ വഴി ആകർഷകമായ പരസ്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ടെങ്കിൽ ആഭ്യന്തര മാർക്കറ്റിലെ വിപണനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. ആഭ്യന്തര മാർക്കറ്റിലെ വിപണനം വർദ്ധിപ്പിക്കുന്നതിനായി സെയിൽസ് പ്രൊമോഷൻ പദ്ധതികളായ പോസ്റ്ററുകൾ, Danglers, പ്രമുഖ സ്ഥാപനങ്ങൾക്ക് മുൻപിൽ ഉൽപ്പന്നം പ്രദർശിപ്പിക്കുവാനുള്ള സംവിധാനം, തുടങ്ങിയവ നടപ്പിലാക്കിയതിനൊപ്പം ദൃശ്യമാധ്യമങ്ങൾവഴി ആകർഷകമായ പരസ്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## എം.എസ്.ഐ.ഇ. സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധി

128(534) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം സംസ്ഥാനത്തെ എം.എസ്.ഐ.ഇ. സംരംഭങ്ങൾ ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രതിസന്ധിയെ നേരിടുവാൻ സംസ്ഥാനസർക്കാർ വ്യവസായ ഭദ്രത സഹായ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ?

നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിലൂടെ ഇതിനകം നൽകിയ സാമ്പത്തികസഹായം സംബന്ധിച്ച വിശദാംശം നൽകുമോ?

വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെട്ട പലിശ ഇളവ് പദ്ധതി, സംരംഭക സഹായ പദ്ധതിയിൽ നിലവിലുള്ള ആനുകൂല്യങ്ങൾക്ക് പുറമെ അധിക സഹായം നൽകുന്ന ഭേദഗതി എന്നീ പദ്ധതികളാണ് വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നത്. പലിശ ഇളവ് പദ്ധതിയിൽ നിലവിലെ കണക്ക് പ്രകാരം ഇതുവരെ ആകെ 1,72,36,942 രൂപയുടെ പലിശ ഇളവിനായുള്ള 454 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 37.65 കോടി രൂപ സർക്കാർ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതിയിൽ പുതിയ ഉത്തരവ് പ്രകാരം നിലവിലുള്ള പ്രത്യേക കാറ്റഗറിയിൽ NRK കൂടി ഉൾപ്പെടുത്തുകയും സബ്സിഡി 20% എന്നതിൽനിന്നും 25% എന്ന് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം Pharmaceutical industries and health care products manufacturing industries എന്ന മേഖലയെ priority sector-ൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ വ്യവസായ ഭദ്രതാ സഹായ പാക്കേജ് വഴി കെ.എസ്.ഐ.ഡി.സി-യിൽനിന്നും കൊടുത്തിട്ടുള്ള ലോണുകളുടെ പിഴപ്പലിശ 2020 മാർച്ച് 1 മുതൽ 2021 മാർച്ച് 31 വരെ പൂർണ്ണമായും ഒഴിവാക്കുകയും മുതലിന്റെയും പലിശയുടെയും തിരിച്ചടവിന് ആറുമാസം സാവകാശം നൽകുകയും ചെയ്തു. കെ.എസ്.ഐ.ഡി.സി-യുടെ നിലവിലുള്ള സ്റ്റാന്റേർഡ് ആയ 18 സ്ഥാപനങ്ങൾക്ക് 2424.50 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ചെയ്തു.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഇതിനകം എന്തൊക്കെ സാമ്പത്തികസഹായമാണ് ലഭിച്ചതെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

## വ്യാവസായിക പരിഷ്കാരങ്ങൾ

129(535) ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലോ സർക്കാർ മുൻഗണന നൽകുന്നുണ്ടോ?

ഉണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോട് കൂടിയും ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായും, വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, നിയമങ്ങളും ലഘൂകരിക്കാനും, അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പും ലക്ഷ്യമിട്ട് ഏഴുനിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് " പുതിയ നിയമം സർക്കാർ പുറപ്പെടു വിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ നിയമംമൂലം വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ, വിവിധ വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ/ ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനു സൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം

തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റി വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് 'അസെൻഡ്- 2020' ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനപ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് " 2019-ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്" -ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ "ഇൻവെസ്റ്റ് കേരള പോർട്ടൽ" നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ഈ ഇൻവെസ്റ്റ് കേരള പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്. 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്, 2019-ലെ കേരള സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് എന്നിവ നടപ്പിലാക്കിയതുമൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ സംവിധാനമായ KSWIFT നിലവിൽ വന്നതുമൂലവും കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചു എന്നതിന്റെ ഫലമാണ് KSWIFT പോർട്ടൽ വഴി നാളിതുവരെ (7-1-2021 വരെ) സംരംഭകർ 1415 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. കൂടാതെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ KSWIFT വഴി നാളിതുവരെ (6-1-2021 വരെ)7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനായി നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക, തുടങ്ങിയ ലക്ഷ്യങ്ങളോട് കൂടിയും, ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായും, വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, നിയമങ്ങളും ലഘൂകരിക്കാനും,അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പും ലക്ഷ്യമിട്ട് ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ്" പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ നിയമംമൂലം വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിൽ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ, വിവിധ വകുപ്പുകളുടെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ/ ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase-II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച്

ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റി, വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് 'അസെൻഡ്-2020' ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനപ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് " 2019-ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം എൻറർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്" -ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ "ഇൻവെസ്റ്റ് കേരള പോർട്ടൽ" നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ഈ ഇൻവെസ്റ്റ് കേരള പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്. 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്, 2019-ലെ കേരള സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് എന്നിവ നടപ്പിലാക്കിയതുമൂലവും വ്യവസായം ആരംഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ സംവിധാനമായ KSWIFT നിലവിൽ വന്നതുമൂലവും കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറുവാൻ സാധിച്ചു എന്നതിന്റെ ഫലമാണ് KSWIFT പോർട്ടൽ വഴി നാളിതുവരെ (7-1-2021 വരെ) സംരംഭകർ 1415 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പടെ, 578 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയത്. കൂടാതെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ KSWIFT വഴി നാളിതുവരെ (6-1-2021 വരെ)7645 അപേക്ഷകർ 1525.53 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

(സി) വ്യവസായ സംബന്ധമായ പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി.-യിൽ എം.ഡി.-മാരെ ഈ സർക്കാർ നിലവിൽവന്നശേഷം നിരന്തരം മാറ്റിയിട്ടുണ്ടോ?

ഭരണപരമായ സൗകര്യത്തിന്റെ ഭാഗമായിട്ടാണ് എം.ഡി.-മാരുടെ സ്ഥാന ചലനം സംഭവിക്കുന്നത്.

(ഡി) എങ്കിൽ ഇത് പരിഷ്കാരങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രതിബന്ധമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വ്യവസായസൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഏറ്റവും അവസാനത്തെ സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ലോക ബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന സൂചിക. ലോക ബാങ്കിന്റെ ഈസ് ഓഫ് ഡൂയിംഗ് സംരംഭത്തോട് ചുവടുപിടിച്ചാണ് Business Reform Action Plan (BRAP) സംവിധാനം വഴി കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രമോഷൻ (ഡി.ഐ.പി.പി.) സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം ഡി.ഐ.പി.പി. നിർണ്ണയിക്കുന്നത്. 2019-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്, ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ കേരളത്തിന്റെ റെക്കോർഡ് 2015-16-ൽ ക്രമാനുഗതമായി 22.8 ശതമാനമായി ഉയർന്നു; 2016-17-ൽ 26.9 ശതമാനം; 2017-18-ൽ 52.56 ശതമാനം; ഒപ്പം 2018-19-ൽ 85 ശതമാനവും. കൂടാതെ സംസ്ഥാനത്തെ വ്യവസായ സൗഹൃദപരമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ കാലയളവിൽ നൂതനമായ

നിരവധി നടപടികൾ ആവിഷ്കരിക്കുകയും ഫാസ്റ്റ് ആൻഡ് സുതാര്യ ക്ലിയറൻസിനായി (കെ-സ്വിഫ്റ്റ്) ഇൻവെസ്റ്റ് കേരള പോർട്ടലും തുടങ്ങിയ പരിഷ്കാരങ്ങൾ നടത്തുകയും ഉണ്ടായി. ഇത്തരത്തിലുള്ള പരിഷ്കരണ പ്രവർത്തന പോയിന്റുകളും ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽനിന്നും ലഭിച്ച ഫീഡ്ബാക്ക് സ്കോറുകൾ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തീരുമാനിക്കുകയെന്ന് DPIIT നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ സ്കോറിംഗിനും റാങ്കിംഗിനുമായി സ്വീകരിച്ച മാനദണ്ഡങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നെങ്കിലും നാളിതുവരെ DPIIT വിശദാംശങ്ങൾ പങ്കിട്ടിട്ടില്ല.

## ആഗോള നിക്ഷേപക സംഗമം (അസ്സെൻഡ്-2020)

130(536) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ കൊച്ചിയിൽ നടത്തിയ ആഗോള നിക്ഷേപകസംഗമത്തിൽ (അസ്സെൻഡ്-2020) സർക്കാർ മെഗാപദ്ധതികളായി പ്രത്യേകം അവതരിപ്പിച്ച പതിനെട്ട് പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

2020-ൽ കൊച്ചിയിൽ നടത്തിയ ആഗോള നിക്ഷേപ സംഗമത്തിൽ അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, എം.എസ്.എം.ഇ. വ്യവസായ പാർക്കുകൾ, ജീവശാസ്ത്രം, ആയുർവേദം, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന നൂറിൽപ്പരം പദ്ധതി രൂപരേഖകളാണ് അവതരിപ്പിച്ചത്. പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതികളിൽ നിക്ഷേപിക്കാൻ താല്പര്യമുള്ള നിക്ഷേപകർക്ക് കേരളത്തിൽ എവിടേയും നിക്ഷേപിക്കാനുള്ള അവസരം ഒരുക്കുന്നതാണ്. നിലവിൽ ഈ പദ്ധതികളെ സംബന്ധിച്ചുള്ള പ്രാരംഭഘട്ട നടപടികൾ പുരോഗമിക്കുന്നതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ തൽക്കാലം ലഭ്യമല്ല.

(ബി) ഇവയിൽ എറണാകുളം ജില്ലയിൽ ഏതൊക്കെ പദ്ധതികൾ ഉണ്ടെന്നും അവയിൽ നിർമ്മാണഘട്ടത്തിലേയ്ക്ക് കടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

2020-ൽ കൊച്ചിയിൽ നടത്തിയ ആഗോള നിക്ഷേപസംഗമത്തിൽ അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, എം.എസ്.എം.ഇ. വ്യവസായ പാർക്കുകൾ, ജീവശാസ്ത്രം,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയുർവേദം, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന നൂറിൽപ്പരം പദ്ധതി രൂപരേഖകളാണ് അവതരിപ്പിച്ചത്. പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതികളിൽ നിക്ഷേപിക്കാൻ താല്പര്യമുള്ള നിക്ഷേപകർക്ക് കേരളത്തിൽ എവിടേയും നിക്ഷേപിക്കാനുള്ള അവസരം ഒരുക്കുന്നതാണ്. നിലവിൽ ഈ പദ്ധതികളെ സംബന്ധിച്ചുള്ള പ്രാരംഭഘട്ട നടപടികൾ പുരോഗമിക്കുന്നതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ തൽക്കാലം ലഭ്യമല്ല.

(സി) പ്രസ്തുത നിക്ഷേപകസംഗമം വഴി എത്ര കോടി രൂപയുടെ മുതൽ മുടക്കുള്ള വ്യവസായങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിയുമെന്നും അതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

പ്രസ്തുത സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ 149 പദ്ധതികൾക്കാണ് ധാരണാപത്രം/- താൽപര്യപത്രം ഒപ്പ് വച്ചിട്ടുള്ളത്. ഇത് കൂടാതെ കേരള ഇൻഫ്രാ സ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപതാൽപര്യം പ്രകടിപ്പിച്ചിട്ടുള്ള 2 മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികളെല്ലാം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ/ പ്രവർത്തനക്ഷമമാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലായതിനാൽ സൃഷ്ടിച്ച തൊഴിലവസരങ്ങളുടെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും, ചുരുങ്ങിയത് 20,0000-ൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗ്ലോബൽ ആയുർവേദ വില്ലേജ്

131(537) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല 'ഗ്ലോബൽ ആയുർവേദ വില്ലേജ്' പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്ലോബൽ ആയുർവേദ വില്ലേജ് പദ്ധതിക്കായി വർക്കലയിൽ 30.92 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) 'ഗ്ലോബൽ ആയുർവേദ വില്ലേജ്' പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഈ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്വകാര്യ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ആലപ്പുഴ റൈസ് പാർക്കിന്റെ വിശദമായ പദ്ധതിരേഖ

132(538) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് - അപ്പർ കുട്ടനാട് മേഖലകൾക്കുവേണ്ടി ചെങ്ങന്നൂർ, കോട്ട പ്രഭുറാം മില്ലിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ആലപ്പുഴ റൈസ് പാർക്കിന്റെ പദ്ധതി രൂപരേഖയിൽ സ്വീകരിച്ചിട്ടുള്ള നടപടി പുരോഗതി വിശദമാക്കാമോ?

പ്രഭുറാം മില്ലിന്റെ അധിക സ്ഥലത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റൈസ് ടെക്നോളജി പാർക്കിനായി 66.05 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കിയിട്ടുണ്ട്. ആയത് വിദഗ്ധരുടെ പാനൽ പരിശോധിക്കുകയും പുനഃപരി ശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രാബല്യത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ വേഗത്തിലാക്കുമോ; വിശദവിവരങ്ങൾ അറിയിക്കുമോ?

പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

133(539) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിന്റെ ചുമതലയുള്ള എൻ.ഐ.സി.ഡി.ഐ.റ്റി, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial

Corridor Development & Implementation Trust (NICDIT)-ഉം ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT-യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT-യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020 -ന് ഒപ്പുവച്ചു.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം NICDIT-യുടെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും പുരോഗമിച്ചു വരുന്നു.

### ചീമേനി വ്യവസായ പാർക്ക്

134(540) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പ്രഖ്യാപിച്ച ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

ഐ.റ്റി. വകുപ്പിന്റെ കൈവശമുള്ള സ്ഥലം വ്യവസായ പാർക്കിനായി വില ഈടാക്കാതെ വിട്ടുതരുന്ന അറിയിപ്പുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) ഇതിന് നൂറ് ഏക്കർ ചുറ്റമതിൽ ഉൾപ്പെടെയുള്ള ഭൂമിയും അയ്യായിരം ചതുരശ്ര അടിയുള്ള കെട്ടിടത്തിന്റെ അസ്ഥിവാരവും ഉള്ളതിനാൽ ഈ പാർക്ക് യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഐ.റ്റി. വകുപ്പിന്റെ കൈവശമുള്ള സ്ഥലം വ്യവസായ പാർക്കിനായി വില ഈടാക്കാതെ വിട്ടുതരുന്ന അറിയിപ്പുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

### 'ഇൻവെസ്റ്റ് കേരള' പദ്ധതി

135(541) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും സമയബന്ധിതമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനും 'ഇൻവെസ്റ്റ് കേരള' എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നോ?

സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൂറു ദിന കർമ്മ പദ്ധതിയിൽ ' ഇൻവെസ്റ്റ് കേരള' എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു.

(ബി) ഈ പദ്ധതിയിലൂടെ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്)- വൈസ് ചെയർമാനായും രൂപീകരിച്ച പ്രത്യേക നിക്ഷേപ പ്രോത്സാഹന ടാസ്ക് ഫോഴ്സിന്റെ ആദ്യ മീറ്റിംഗിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചതാണ് "ഇൻവെസ്റ്റ് കേരള സ്കീം 2020" . സംസ്ഥാനത്ത് വ്യവസായം സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട നയപരവും സാമ്പത്തികവുമായ നടപടികളുടെ ഒരു സംക്ഷിപ്ത പദ്ധതിയാണ് ഇൻവെസ്റ്റ് കേരള സ്കീം. സംസ്ഥാനത്തിന്റെ കൺസ്യൂമർ ഇക്കോണമിയിൽനിന്നും മാനുഫാക്ചറിംഗ് ഇക്കോണമിയിലേയ്ക്കുള്ള ചുവട് മാറ്റമാണ് പ്രധാനം. ഇതിന്റെ ഭാഗമായി Invest Kerala Call Centre, Investor Facilitation Cell, " Investor Konnect" എന്ന e-NewsLetter തുടങ്ങിയവ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2020 September 29-ന് ഉദ്ഘാടനം നിർവഹിച്ചിരുന്നു. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുക വഴി സംസ്ഥാനത്തിന് വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായിട്ടാണ് സർക്കാർ ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെ ക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാകുന്നതാണ്.

(സി) പ്രസ്തുത കർമ്മ പദ്ധതി നടപ്പിലാക്കിയതിലൂടെ 2020 സെപ്റ്റംബർ 29-ന് ശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകിയെന്ന് വെളിപ്പെടുത്തുമോ?

2020 september 29-നു ശേഷം പ്രസ്തുത കർമ്മ പദ്ധതിയായ ഇൻവെസ്റ്റ് കേരള എന്ന സംരംഭത്തിന്റെ സഹായത്തോടെയും അല്ലാതെയും KSWIFT പോർട്ടൽ വഴി നാളിതുവരെ (10-1-2021 വരെ) സംരംഭകർ 478 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ, ഡീംഡ് ലൈസൻസ് ലഭ്യമാക്കിയത് ഉൾപ്പടെ, 130 അനുമതികൾ/ലൈസൻസുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ KSWIFT വഴി, 29-9-2020 മുതൽ നാളിതുവരെ (10-1-2021 വരെ) 3429 അപേക്ഷകർ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കിയിട്ടുണ്ട്.

## പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം

136(542) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി റിഫൈനറിയോട് അനുബന്ധിച്ച് സംസ്ഥാന സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തി കളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഫാക്ടിൽനിന്നും കിൻഫ്രയ്ക്ക് കൈമാറിയ 481 ഏക്കർ ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഭൂമി കിൻഫ്രയ്ക്ക് കൈമാറിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ രൂപരേഖ വോയന്റ്സ് കൺസൾട്ടന്റ്സ് പ്രൈവറ്റ് തയ്യാറാക്കിക്കഴിഞ്ഞു. 170 ഏക്കർ ഭൂമി ബി.പി.സി.എൽ.-ന് അലോട്ട് ചെയ്തുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഈ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പദ്ധതി കിഫ്ബി വഴിയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ ഇതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി കൊച്ചിയിലെ ഫാക്ടിൽനിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനായി കിഫ്ബി മുഖാന്തരം 977 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭ്യമായിട്ടുണ്ടോ?

പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ടെണ്ടർ ചെയ്യുന്ന നടപടിയാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്.

## എമർജിംഗ് കേരള നിക്ഷേപക സംഗമം

137(543) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 സെപ്റ്റംബറിൽ വ്യവസായ വാണിജ്യവകുപ്പ് സംഘടിപ്പിച്ച എമർജിംഗ് കേരള നിക്ഷേപക സംഗമത്തിന്റെ നോഡൽ ഏജൻസി ഏത് പൊതുമേഖലാ സ്ഥാപനമായിരുന്നുവെന്ന് അറിയിക്കാമോ?

കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുംവേണ്ടി സർക്കാർ എമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു.

(ബി) പ്രസ്തുത സംഗമത്തിൽ ലഭ്യമായ പ്രോജക്ട് പ്രൊപ്പോസലുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. പ്രസ്തുത പദ്ധതികൾ സംഗമത്തിനുശേഷം തുടർനടപടികൾക്കായി അതാത് വകുപ്പുകളിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടായിരുന്നു. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അതാത് വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. പ്രസ്തുത പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) പ്രസ്തുത പദ്ധതിയുടെ തുടർനടപടി സ്വീകരിക്കാൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കാമോ?

എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. പ്രസ്തുത പദ്ധതികൾ സംഗമത്തിനുശേഷം തുടർനടപടികൾക്കായി അതാത് വകുപ്പുകളിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടായിരുന്നു. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അതാത് വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. പ്രസ്തുത പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) എമർജിംഗ് കേരളയുടെ തുടർച്ചയായി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും യോഗങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. പ്രസ്തുത പദ്ധതികൾ സംഗമത്തിനുശേഷം തുടർനടപടികൾക്കായി അതാത് വകുപ്പുകളിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടായിരുന്നു. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അതാത് വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. പ്രസ്തുത പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേരള സോപ്സിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന നടപടി

138(544) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് കീഴിലെ കേരള സോപ്സിൽ താൽക്കാലികാടിസ്ഥാനത്തിൽ കഴിഞ്ഞ പത്തുവർഷത്തിലധികമായി ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. കോഴിക്കോട് കേരള സോപ്സിലെ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ബോർഡിന്റെ അംഗീകാരത്തോടെ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനി ഡയറക്ടർ ബോർഡിന്റെ ഉപസമിതി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉണ്ട്. കോഴിക്കോട് കേരള സോപ്സിലെ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ബോർഡിന്റെ അംഗീകാരത്തോടെ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനി ഡയറക്ടർ ബോർഡിന്റെ ഉപസമിതി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുജ്ജീവനം**

139 (545) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കരകൗശല വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സെന്റിനറി ബിൽഡിംഗ് പൂർത്തീകരിച്ചു. സെന്റിനറി ബിൽഡിംഗിൽ 4000 ചതു. അടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പ്രമേയാധിഷ്ഠിത ഷോറും ആരംഭിച്ചു. ഇത് ഈ മേഖലയിലെ ഒരു നൂതന കാൽവയ്പാണ്. വൈവിധ്യമാർന്ന പ്രദർശനങ്ങളും മേളകളും നടത്തുന്നതിനായി 400 ചതു. അടി വിസ്തീർണ്ണമുള്ള ഒരു സ്ഥിരം എക്സിബിഷൻ വേദിയും തയ്യാറാക്കി. ഇവിടെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സ്പൈസസ് ഇൻ ക്രാഫ്റ്റ്സ് എന്ന ആശയത്തിൽ സുഗന്ധവ്യഞ്ജനവും കരകൗശലവും ചേർന്നുള്ള ഒരു ഷോറൂം ആരംഭിച്ചു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 (ഒൻപത്) ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. ഈ പരിപാടിയിലൂടെ 270 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 110 പുതിയ പ്രോട്ടോറ്റൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിൽ 46 എക്സിബിഷനുകൾ 14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 3700-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്. പൊതു ജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവബോധം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഹ്രസ്വചിത്രത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഓൺലൈൻ വിപണനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെട്ടു

ത്തുന്നതിന്റെ ഭാഗമായി കൈരളി ഹാന്റിക്രാഫ്റ്റ്സ് എന്ന പേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ഓൺലൈൻ സെയിൽസ് ആരംഭിച്ചു. കരകൗശല വികസന കോർപ്പറേഷൻ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം, തൃശ്ശൂർ ജില്ലയിലെ ചേർപ്പ്, കൊല്ലം ജില്ലയിലെ കടവൂർ എന്നീ സ്ഥലങ്ങളിൽ മൂന്ന് പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവ ബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദിഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി മുഖേന സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കേർപ്പറേഷൻ മുഖേന കൈത്തൊഴിൽ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കാലതാമസം കൂടാതെ വിറ്റഴിക്കുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും പരമ്പരാഗത ആർട്ടിസാൻമാർക്ക് ജോലി നൽകുന്നതിനും തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവ കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ISO നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് ഫർണിഷിംഗ്, ആധുനികവത്കരണം എന്നിവ ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിനുള്ള ഏജൻസിയായി കാഡ്കോയെ നിയോഗിച്ചിട്ടുണ്ട്. പരമ്പരാഗതവും പരിശീലനവും സിദ്ധിച്ച കൈത്തൊഴിലാളികളുടെ വൈദഗ്ധ്യം പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനും കേരളത്തിലുടനീളമുള്ള തനത്

ആർട്ടിസാൻമാരെ ഒരു കുടക്കീഴിലെത്തിച്ച് അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിച്ച് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുംവേണ്ടി കാഡ്കോ ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽദിനങ്ങൾ എന്നിവ ലഭിക്കുന്നതിനായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ ദിനംപ്രതി 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. 4 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടെയും തൊഴിൽസ്ഥിരത ഉറപ്പാക്കുവാനും കഴിഞ്ഞു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടികിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി. കൂടാതെ യുവാവീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പുതിയ ഡിസൈനുകളും ബ്രാന്റും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്) കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവയും വിജയകരമായി നടപ്പിലാക്കിയതുവഴി കൈത്തറി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചു. കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന് പ്രവർത്തന ഗ്രാന്റായി 12 കോടി രൂപയും ബീഡി തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ നൽകുന്നതിനായി 1.5 കോടി രൂപയും അനുവദിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പക്സ് ഫാക്ടറികൾ പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം അടഞ്ഞുകിടക്കുകയായിരുന്നു. 2016 ഓണത്തിന് മുൻപ് കാപ്പക്സ് ഫാക്ടറികൾ എല്ലാം പ്രവർത്തനം ആരംഭിച്ചു. തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും നൽകുകയെന്ന ലക്ഷ്യത്തോടെ കാപ്പക്സ് പ്രവർത്തിച്ചു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 കലണ്ടർ വർഷം 70 തൊഴിൽ ദിനങ്ങളും 2017 കലണ്ടർ വർഷം 153 തൊഴിൽ ദിനങ്ങളും 2018 കലണ്ടർ വർഷം 181 തൊഴിൽ ദിനങ്ങളും 2019 കലണ്ടർ വർഷം 214 തൊഴിൽ ദിനങ്ങളും 2020 കലണ്ടർ വർഷം കോവിഡ് 19 എന്ന മഹാവ്യാധി മൂലമുണ്ടായ പ്രതിസന്ധി കാപ്പക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 160 തൊഴിൽ ദിനങ്ങളും (1-1-2020 മുതൽ 31-12-2020) കാപ്പക്സ് തൊഴിലാളികൾക്ക് നൽകി കഴിഞ്ഞു. കാപ്പക്സ് ഫാക്ടറികൾ എല്ലാംതന്നെ കോവിഡ് 19 പ്രോട്ടോകോൾ

പ്രകാരം പ്രവർത്തിച്ചുവരികയാണ്. കശുവണ്ടിയുടെ സീസൺ സമയത്ത് തന്നെ നാടൻ തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്നിവയിൽനിന്നും സംഭരിച്ചുവരികയാണ്. 2020 സീസണിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കശുമാവ് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം കാപ്പക്സ് 780.507 മെട്രിക് ടൺ തോട്ടണ്ടി കിലോഗ്രാമിന് 101 രൂപ നിരക്കിൽ നൽകി ടി ജില്ലകളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന സംഭരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി വിദേശ രാജ്യങ്ങളിൽനിന്നും നേരിട്ട് സംഭരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കാപ്പക്സിന് ഇറക്കുമതി ചെയ്ത തോട്ടണ്ടി കേരളാ കാഷ്യൂ ബോർഡ് ആണ് നൽകിവരുന്നത്. ആധുനികവത്കരണവും ഭാഗികമായ യന്ത്രവത്കരണവും കാപ്പക്സ് ഫാക്ടറികളിലും പാക്കിംഗ് സെന്ററിലും നടന്നുവരികയാണ്. ചെറുകിട വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി കാപ്പക്സിന്റെ 10 ഫാക്ടറികളിലും പ്രത്യേക സെയിൽസ് ഔട്ട് ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. കാപ്പക്സ് തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ESI, EPF, RWF മുതലായവയും ശമ്പളം, ബോണസ് മുതലായവയും കാപ്പക്സ് മുടക്കം കൂടാതെ വിതരണം ചെയ്തുവരുന്നു. 2012 മുതൽ 2014 വരെയുള്ള കാലയളവിൽ റിട്ടയർ ചെയ്ത തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തുകഴിഞ്ഞു. അടഞ്ഞു കിടക്കുന്ന പ്രൈവറ്റ് ഫാക്ടറികളിൽ നിന്നും 1500- ഓളം തൊഴിലാളികളെ ഇതുവരെയായി കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലായി പുതിയതായി നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം 4000-ത്തോളം തൊഴിലാളികളും ഫാക്ടറി ജീവനക്കാരും കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലായി ജോലി നോക്കിവരുന്നു. സർക്കാരിന്റെ 100 ദിന കർമ്മപദ്ധതികളുടെ ഭാഗമായി കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ വിവിധ സെക്ഷനുകളിലായി 1000 തൊഴിലാളികളെക്കൂടി പുതുതായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി പരിപ്പിന്റെ ഹോൾസെയിൽ വിപണനരംഗത്ത് ഇ-ടെണ്ടർ നടപടി സ്വീകരിച്ച ആദ്യത്തെ പൊതു മേഖലാ സ്ഥാപനമാണ് കാപ്പക്സ്. കാപ്പക്സിന്റെ പരിപ്പ് വിൽപ്പന 2019-20 വർഷം മുതൽ ഇ-ടെണ്ടർ മുഖേന നടത്തി വരുന്നു. ആയതുമൂലം പരിപ്പിന്റെ വിപണനം കൂടുതൽ സുതാര്യവും മത്സരാധിഷ്ഠിതവുമാവുകയും കശുവണ്ടി പരിപ്പിന് മെച്ചപ്പെട്ട വില ഉറപ്പാക്കാനും കഴിയുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ/ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ട് വഴിയാക്കുകവഴി സുതാര്യത ഉറപ്പുവരുത്തുവാനും കൂടാതെ സമയബന്ധിതമായി വേതനം തൊഴിലാളികളുടെ അക്കൗണ്ടിൽ എത്തുവാനും

സഹായകരമായിട്ടുണ്ട്. ബാംബൂ കോർപ്പറേഷൻ മുഖേന ഈറ്റയിൽനിന്നും അളി കീറി പനമ്പു നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽ നിന്നും മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ച് കൊണ്ടുവരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പു നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അങ്കമാലിയിലും പെരുമ്പാവൂർ വല്ലത്തും അളിവിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പുതിയ അളി എടുക്കുന്ന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പുതിയ ഉല്പന്നമെന്ന നിലയ്ക്ക് ബാംബൂ ലോഗ്സ്, ബാംബൂ കൊറുഗേറ്റഡ് ഷീറ്റ്, ചന്ദനത്തിരി സ്റ്റിക്ക് എന്നിവ ഉണ്ടാക്കുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വില കുറഞ്ഞ എന്നാൽ ഗുണമേന്മ കൂടിയ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ് വിപണിയിലെത്തിക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ബാംബൂ കോർപ്പറേഷൻ പരമ്പരാഗത ഈറ്റ, പനമ്പ് തൊഴിലാളി മേഖലയിലുള്ള പ്രവർത്തനത്തിനൊപ്പം മുളയെ ഒരു വ്യാവസായിക നിർമ്മാണ വസ്തുവായി ഉയർത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കയർ വ്യവസായ മേഖലയിൽ ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവവഴി ഒരു രണ്ടാംഘട്ട പുനഃസംഘടന നടപ്പാക്കുകയാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുനഃസംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ചകിരി

ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20-ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 14083 എണ്ണം ഇലക്ട്രിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം. സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 എ.എസ്.എം. സ്ഥാപിച്ചുകഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുൽപ്പാദനം 2019-20 ൽ 20500 ടൺ ആയി ഉയർത്താൻ കഴിഞ്ഞു. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനുകീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.സി.എം.എം.സി. ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം. & എം.സി.എസ്. ലി.നം. 989 ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. & എം.സി.എസ്. നിർമ്മാണ

പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2020-21-ൽ 40000 ടൺ കയർ ഉൽപ്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനായി കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പിലാക്കും. 2019 കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരികയാണ്. പരമ്പരാഗത കരകൗശല മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഇൻകം ജനറേഷൻ ഇൻ ട്രെഡീഷണൽ സെക്ടർ എന്ന പദ്ധതി പ്രകാരം കരകൗശല ശിൽപ്പികൾക്കുള്ള പരിശീലന പദ്ധതി സുരഭി മുഖാന്തരം പൂർത്തീകരിച്ചു. അതുപ്രകാരം 700 ആർട്ടിസാൻസിന് പരിശീലനം ലഭിക്കുകയും 3500-ൽ അധികം പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ അനായാസം വിറ്റഴിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സുരഭിയുടെ ക്രാഫ്റ്റ് ഡെവലപ്പ്മെന്റ് സെന്ററിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഡിസൈൻ ഡെവലപ്പ്മെന്റ് വർക്ക് ഷോപ്പും ട്രെയിനിംഗും നടപ്പിലാക്കിയിട്ടുണ്ട്. കെൽപാം മുഖേന പുതിയതായി ഫുള്ളി ആട്ടോമാറ്റിക് പെറ്റ് ബോട്ടിൽ പ്ലാന്റ് സ്ഥാപിച്ച് 6 ഫ്ളേവറുകളിലായി കോളകൾ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സീസണലായി മാത്രം ലഭിക്കുന്ന നൊങ്ക്, അക്കാനി (നീര) മുതലായവ ലഭ്യമാകുന്ന മുറയ്ക്ക് ശേഖരിച്ച് സൂക്ഷിക്കുന്നതിനായി ചില്ലർ റൂമും മറ്റ് അസംസ്കൃത വസ്തുക്കൾക്കായി സ്റ്റോർ റൂമും സ്ഥാപിച്ചു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 'ലാബും' സ്ഥാപിക്കുകയുണ്ടായി. പാലക്കാട് കല്ലേപ്പുള്ളിയിൽ 48 TPD ടൺ ഉൽപ്പാദന ശേഷിയുള്ള മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ആരോഗ്യദായകമായ ന്യൂട്രിഫുഡ്-പനംകിഴങ്ങിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കാസർഗോഡ് ഭെൽ-ഇ.എം.എൽ. തൊഴിലാളികൾ

140(546) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭെൽ-ഇ.എം.എൽ. തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ സർക്കാർ പൂർണ്ണമായും മനസ്സിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ഭെൽ ഇ.എം.എൽ.-ലെ തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ വിവിധ ആൾട്ടർനേറ്ററുകളും മറ്റ് ജനറൽ ആവശ്യങ്ങൾക്കുള്ള ആൾട്ടർനേറ്ററുമാണ് ഈ കമ്പനിയുടെ ഉൽപ്പന്നങ്ങൾ. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണംമൂലം ഉൽപ്പാദന വിതരണ

പ്രക്രിയയിലുണ്ടായിരിക്കുന്ന തടസ്സങ്ങളാണ് നിലവിലെ പ്രതിസന്ധിക്ക് കാരണം. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതമൂലം ലഭ്യമായ ഓർഡറുകൾ പോലും ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്.

(ബി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് എത്ര മാസമായി ശമ്പളം കിട്ടിയിട്ടില്ലെന്ന് വ്യക്തമാക്കാമോ?

എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളം ഡിസംബർ 2018 മുതലും തൊഴിലാളികളുടെ ശമ്പളം ജനുവരി 2018 മുതലും നൽകിയിട്ടില്ല.

(സി) ശമ്പളം കിട്ടാതെ ദുരിതമനുഭവിക്കുന്ന ജീവനക്കാർക്കും കുടുംബങ്ങൾക്കുംവേണ്ടി സർക്കാർ എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ജീവനക്കാരുടേയും കുടുംബാംഗങ്ങളുടേയും ദയനീയ അവസ്ഥ പരിഗണിച്ച് കമ്പനിയുടെ അപേക്ഷ പ്രകാരം 5 കോടി രൂപയുടെ പ്രവർത്തനമൂലധന സഹായം കെ.എം.എം.എൽ.-ൽനിന്നും ഫെബ്രുവരി 2018-ൽ കേരള സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ മാർച്ച് 2019-ൽ 1.50 കോടി രൂപയുടെ സഹായവും സർക്കാർ നൽകിയിരുന്നു. കൂടാതെ സെപ്റ്റംബർ മാസം 2020-ൽ 15 ലക്ഷം രൂപയുടെ സഹായവും കേരള സർക്കാർ നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി ഇടക്കാലാശ്വാസമായി പലതവണകളായി ചെറിയ തുകകൾ ജീവനക്കാർക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ജീവനക്കാരുടെ ഭാവി സുരക്ഷിതമാക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കമ്പനിയിൽ നിലവിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ നടക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നയത്തിന്റെ ഭാഗമായി ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ച ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ഇടപെടലുകളാണ് പ്രാരംഭമായി കേരള സർക്കാർ നടത്തിയത്. പ്രസ്തുത നടപടികൾ ഫലം കാണാത്തതിനാലാണ് ഏറ്റെടുക്കൽ നടപടികളുമായി സർക്കാർ മുന്നോട്ടു പോയത്. ഈ കമ്പനിയിലെ ഭെലിന്റെ 51% ഓഹരികൾ ഒരു രൂപ വിലയ്ക്ക് (consideration price) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ തലത്തിൽ പൂർത്തിയാക്കി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനത്തിനായി കാത്തിരിക്കുകയാണ്.

## കൊരട്ടി വൈഗ ത്രഡ്സ് കമ്പനി

141(547) ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗ ത്രഡ്സ് കമ്പനി പൂർണ്ണമായും പ്രവർത്തന രഹിതമായി അടച്ചുപൂട്ടിപ്പോയി വർഷങ്ങൾ പിന്നിട്ടിട്ടും സർക്കാർ കമ്പനിക്ക് പാട്ടത്തിനു നൽകിയ സ്ഥലം തിരിച്ചു പിടിക്കുന്നതിനും പ്രസ്തുത സ്ഥലം മറ്റ് വികസന ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. കൊരട്ടി വൈഗ ത്രഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്ക് സർക്കാർ പാട്ടവ്യവസ്ഥയിൽ നൽകിയിരുന്ന 84.85½ ഏക്കർ ഭൂമിയിൽ 7.85½ ഏക്കർ ഭൂമി എൻ.എച്ച്. വിപുലീകരണത്തിനും 1 ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിനുശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് തിരികെയെടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി.-വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെയെടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു.കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്ത് ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു. ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. വൈഗ ത്രഡ്സുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-6-2019-ൽ ചേർന്ന യോഗ തീരുമാന പ്രകാരം കമ്പനിയുടെ സമാപ്തീകരണത്തിന്റെ ഭാഗമായി ബഹു. കർണ്ണാടക ഹൈക്കോടതി നിയമിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുമായി നേരിൽ ബന്ധപ്പെട്ട് ലിക്വിഡേഷൻ നടപടികളുടെ പുരോഗതി വിലയിരുത്തി ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർ/ജില്ലാ കളക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻപ്രകാരം വൈഗ ത്രഡ്സ് കമ്പനിയിൽനിന്നും ഭൂമി തിരിച്ചെടുക്കുന്നതിനും കമ്പനിയുടെ പേരിൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി കർണ്ണാടക ഹൈക്കോടതിയിൽ ക്ലെയിം പെറ്റീഷൻ തയ്യാറാക്കി ഫയൽ ചെയ്യുന്നതിന് ബഹു. അഡ്വക്കേറ്റ് ജനറൽ, കേരള സ്പെഷ്യൽ പ്ലീഡറെ ചുമതലപ്പെടുത്തിയിട്ടുള്ളതായി തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) റിസീവറുടെ ഭരണത്തിലിരിക്കുന്ന പ്രസ്തുത കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അർഹമായ നഷ്ടപരിഹാരമുൾപ്പടെയുള്ള സഹായങ്ങൾ അനുവദിക്കുന്നതിനും നിയമ നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു. കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതും അർഹമായ നഷ്ടപരിഹാരമുൾപ്പടെയുള്ള സഹായങ്ങൾ അനുവദിക്കുന്നതും സംബന്ധിച്ച വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി**

142(548) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT-യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT-യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020-ന് ഒപ്പുവച്ചു. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം NICDIT-യുടെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ

തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ചെറുതും വലുതുമായ വ്യവസായ പാർക്കുകളും വ്യവസായശാലകളും ഈ ഇടനാഴിയിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ആദ്യഘട്ടം ഭൂമി ഏറ്റെടുക്കലാണ്. ഇതുപ്രകാരം പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ ഒരു ഗിഫ്റ്റ് സിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. പാലക്കാടും കൊച്ചിയിലും ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വളരെ വേഗത്തിൽ പുരോഗമിച്ചുവരുന്നു. കാലതാമസം ഉണ്ടായിട്ടില്ല.

(സി) ഇതിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തുവെന്നും വെളിപ്പെടുത്താമോ?

വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാംതന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നു. 'GIFT CITY' പ്രോജക്ടിനുവേണ്ടി ആലുവ വില്ലേജിലെ അയ്യമ്പുഴയിൽ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വേഗതയിൽ നടന്നുവരുന്നു.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

143(549) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുതൽ ബംഗളൂരു വരെ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഹൈടെക്ക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ ;

(ബി) എന്തെല്ലാം നടപടികളാണ് ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കേണ്ടതായിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) കൊച്ചി-ബംഗളൂരു ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT-യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT-യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020 ന് ഒപ്പുവച്ചു. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം NICDIT-യുടെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസെസ്സ്മെന്റ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും, ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായ 'ഗിഫ്റ്റ് സിറ്റി'-ക്കായി ആലുവ വില്ലേജിലെ അയ്യമ്പുഴയിൽ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട് നോഡിൽ ഉൾപ്പെട്ട ഭൂമിയും കൊച്ചി ഗിഫ്റ്റ് സിറ്റിയുടെ ഭാഗമായി കണ്ടെത്തിയ ഭൂമിയും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭൂമി കൈമാറി 24 മാസത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പദ്ധതി പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(ഡി) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗിഫ്റ്റ് സിറ്റി ഈ പദ്ധതിയുടെ ഭാഗമാണോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 'ഗിഫ്റ്റ് സിറ്റി' ഈ പദ്ധതിയുടെ Early Bird Project ആണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'ഗിഫ്റ്റ് സിറ്റി' (Global Industrial Finance and Trade City (GIFT CITY). അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, ഐ.ടി. കോംപ്ലക്സുകൾ, പാർപ്പിട സമുച്ചയങ്ങൾ, കൺവെൻഷൻ സെന്ററുകൾ, വ്യവസായ ടൗൺഷിപ്പ് എന്നിവ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. വികസിപ്പിച്ച റോഡുകൾ, ടൗൺഷിപ്പ്, മാലിന്യ സംസ്കരണം, സീവേജ് ട്രീറ്റ്മെന്റ് സംവിധാനം, വൈദ്യുതി വിതരണം, ജലവിതരണം ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മെഗാ ടൗൺഷിപ്പ് എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000 ഓളം പരോക്ഷമായ തൊഴില വസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗിഫ്റ്റ് സിറ്റിക്കായി ആലുവ വില്ലേജിലെ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

## കണ്ണൂർ സൈബർ പാർക്കിന്റെ സ്ഥലം ഏറ്റെടുക്കൽ

144(550) ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം ഗ്രാമപഞ്ചായത്തിൽ വരുന്ന കണ്ണൂർ സൈബർ പാർക്കിന്റെ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ എരമത്തെ സ്ഥലത്തിന്റെ വില ഐ.ടി. പാർക്കുകളിൽ സർക്കാർ ഓഹരിയായി കണക്കാക്കുവാനാണ് റവന്യൂ വകുപ്പ് ഉത്തരവായിട്ടുള്ള തിനാൽ പ്രസ്തുത സ്ഥലം കിൻഫ്ര വിലയ്ക്ക് വാങ്ങാൻ ഉദ്ദേശിക്കുന്നില്ല.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

145(551) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് പദ്ധതിക്ക് 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പാർക്കിനായി നിലവിൽ 11.87 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

(ബി-ഡി) പ്രസ്തുത സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച് ഒരു എക്സ്പെർട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി മാത്രമേ സ്ഥലം ഏറ്റെടുപ്പ് നടപടിയുമായി മുന്നോട്ട് പോകാൻ സാധിക്കൂ.

## കൽപ്പറ്റ മണ്ഡലത്തിലെ കാർബൺ ന്യൂട്രൽ കോഫി പാർക്ക്

146(552) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; ഇതിനായി വകയിരുത്തിയ തുക എത്രയെന്ന് വിവരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ-കരകൗശല വകുപ്പ് മുഖേന ടി മണ്ഡലത്തിൽ വിതരണം ചെയ്ത വിവിധ ധനസഹായ പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര രൂപ വിനിയോഗിച്ചുവെന്നും വിശദമാക്കാമോ ;

(സി) ഈ മണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട കാർബൺ ന്യൂട്രൽ കോഫി പാർക്കിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ കോഫീ പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-ഡി) വയനാട് ജില്ലയിൽ ഒരു കാർബൺ ന്യൂട്രൽ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശ്യം വേണ്ടിവരുന്ന പദ്ധതി തുക 113 കോടി രൂപയാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു. കൽപ്പറ്റ മണ്ഡലത്തിൽ ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കാൻ 'എന്റെ ഗ്രാമം' പദ്ധതിയിൽ കൽപ്പറ്റ ബ്ലോക്കിൽ 4 വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ഇതിൽ മാർജിൻ മണി ഇനത്തിൽ 4.35 ലക്ഷം രൂപ നൽകുകയും ഇതിലൂടെ 15 പേർക്ക് തൊഴിൽ നൽകാനും സാധിച്ചിട്ടുണ്ട്. കൂടാതെ പി.എം.ഇ.ജി.പി. പദ്ധതിയിലൂടെ 15.93 ലക്ഷം രൂപ മാർജിൻ മണിയായി നൽകുകയും 20 പേർക്ക് തൊഴിൽ നൽകാനും സാധിച്ചിട്ടുണ്ട്. ആശ പദ്ധതി പ്രകാരം 50217 രൂപ ചെലവഴിച്ചിട്ടുണ്ട്.

## പുതുപ്പാടിയിൽ വ്യവസായ പാർക്ക്

147(553) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ പുതുപ്പാടിയിൽ വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂ.

(ബി) പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തിയശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## റാന്നിയിൽ കിൻഫ്ര പാർക്ക്

148(554) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഉതിമൂട്ടിൽ കിൻഫ്രയ്ക്ക് അനുവദിച്ചുനൽകിയ ഭൂമിയിൽ കിൻഫ്ര ഇതേവരെയും വ്യവസായ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഭൂമി കിൻഫ്രയ്ക്ക് എന്നാണ് ലഭിച്ചതെന്നും ഒരു വർഷം എത്ര രൂപയാണ് പാട്ടം ഇനത്തിൽ അടയ്ക്കുന്നതെന്നും ഇതുവരെ പാട്ടത്തുകയിനത്തിൽ എത്ര രൂപയാണ് അടച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഭൂമിയിൽ എന്ന് വ്യവസായം ആരംഭിക്കുന്നതിനാണ് ഉദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(എ-ഡി) 1-3-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 135/2011/റവന്യൂ പ്രകാരം റാന്നിയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് പ്രതിവർഷ പാട്ടത്തുകയായി നിശ്ചയിച്ചിട്ടുള്ളത്. തുടക്കം മുതൽ 2018-19 വരെയുള്ള പാട്ടത്തുക അടച്ചിട്ടുണ്ട്. വ്യവസായങ്ങൾക്കുള്ള ഫാക്ടറി കെട്ടിടം നിർമ്മിക്കാനാണ്

നിലവിൽ പദ്ധതിയുള്ളത്. പുതുക്കിയ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 311/2019/റവ. 14-10-2019 പ്രകാരം 3 വർഷം കൂടുമ്പോൾ പാട്ടക്കരാർ വ്യവസ്ഥ പുതുക്കണമെന്നാണ്. എന്നാൽ 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ ഭൂമി ലഭിച്ചാൽ മാത്രമേ കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ ഭൂമി ലഭിക്കുന്ന മുറക്ക് മാത്രമേ വ്യവസായ പാർക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

**കെൽട്രോണിലെ സ്ഥിരനിയമനം**

149(555) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള കെൽട്രോണിൽ പത്ത് വർഷത്തില ധികമായി സേവനത്തിലുള്ള ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 31-12-2020-ലെ ക്യാബിനറ്റ് യോഗത്തിൽ തീരുമാനം എടുത്തിരുന്നോ; വിശദ വിവരം ലഭ്യമാക്കാമോ?

കെൽട്രോണിൽ പത്ത് വർഷത്തിലധികമായി സേവനത്തിലുള്ള ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തിക്കൊണ്ട് 03.01.2021-ലെ GO(Ms)No.4/2021/ID നമ്പർ ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). *

(ബി) പ്രസ്തുത തീരുമാനപ്രകാരം സ്ഥിരനിയമനം ലഭിക്കുന്നവർ എത്രയാണെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

മേൽ പറഞ്ഞ ഉത്തരവ് പ്രകാരം 296 പേർക്കാണ് വിവിധ തസ്തികകളിൽ നിയമനം നൽകുവാൻ തീരുമാനമായിട്ടുള്ളത്. എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഡെപ്യൂട്ടി ഫിനാൻസ് ഓഫീസർ, ഓഫീസർ, ഓപ്പറേറ്റർ (എസ്.എസ്.എൽ.സി.), ഓപ്പറേറ്റർ (ഐ.റ്റി.ഐ), സർവ്വീസ് ടെക്നീഷ്യൻ IV, ഹെൽപ്പർ എന്നീ തസ്തികകളിലാണ് ഇവരെ സ്ഥിരപ്പെടുത്തിയത്.

(സി) ഇപ്രകാരമുള്ള സ്ഥിരപ്പെടുത്തലിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ (ഏത് തീയതി മുതൽ സേവനത്തിലുള്ളവർ തുടങ്ങി) എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

31-8-2019 തീയതി പ്രകാരം 10 വർഷം പൂർത്തിയാക്കിയ കരാർ/ കാഷ്വൽ ജീവനക്കാരെയാണ് കെൽട്രോണിൽ സ്ഥിരപ്പെടുത്തലിനായി പരിഗണിച്ചത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്ക്

150(556) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനത്തിനായി അനുവദിച്ച തുക എത്രയെന്ന് വിശദീകരിക്കാമോ?

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation (MIIUS) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ 50 കോടി രൂപ ധനസഹായത്തോടുകൂടി ഒരു ഡിഫൻസ് പാർക്കും 22 ഏക്കർ സ്ഥലത്ത് ഒരു പൊതുവ്യവസായ പാർക്കും കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഡിഫൻസ് പാർക്ക് പദ്ധതിയുടെ ആകെ ചെലവ് 130.94 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായവും 80.94 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്.

(ബി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ?

ഒറ്റപ്പാലം വ്യവസായ പാർക്കിന്റെയും ഡിഫൻസ് പാർക്കിന്റെയും അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, 73270 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, 328630 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 19000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വെയർഹൗസുകൾ, വൈദ്യുതി, ജലം, ചുറ്റുമതിൽ, സെക്യൂരിറ്റി കാബിൻ, ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, ഗേറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ച് കഴിഞ്ഞു.

## അസന്റ് കേരള 2020

151(557) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചതെന്ന് അറിയിക്കുമോ?

കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്. അടിസ്ഥാന സൗകര്യം, ഭക്ഷ്യ സംസ്കരണം, വ്യവസായ പാർക്കുകൾ, കാർഷികം, MSME, Logistics തുടങ്ങിയ മേഖലകളിലായിട്ടാണ് ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുള്ളത്. പ്രസ്തുത ധാരണാപത്ര

ങ്ങളിലുള്ള പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല.

(ബി) പ്രസ്തുത സംഗമത്തിൽ ഏതൊക്കെ മേഖലയിലാണ് ധാരണാപത്രങ്ങൾ ഒപ്പുവച്ചത്; പ്രസ്തുത ധാരണാ പത്രങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ?

കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്. അടിസ്ഥാന സൗകര്യം, ഭക്ഷ്യ സംസ്കരണം, വ്യവസായ പാർക്കുകൾ, കാർഷികം, MSME, Logistics തുടങ്ങിയ മേഖലകളിലായിട്ടാണ് ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുള്ളത്. പ്രസ്തുത ധാരണാപത്രങ്ങളിലുള്ള പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല.

(സി) നിക്ഷേപകരെ സഹായിക്കുന്നതിനായി നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ?

കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്. അടിസ്ഥാന സൗകര്യം, ഭക്ഷ്യ സംസ്കരണം, വ്യവസായ പാർക്കുകൾ, കാർഷികം, MSME, Logistics തുടങ്ങിയ മേഖലകളിലായിട്ടാണ് ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുള്ളത്. പ്രസ്തുത ധാരണാ പത്രങ്ങളിലുള്ള പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല.

(ഡി) വ്യവസായങ്ങൾക്ക് പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി വാങ്ങുന്നതിന് 1963-ലെ കേരള ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽനിന്നും ഉയർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വ്യവസായികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റംകൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വ്യവസായ നിർമ്മാണങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉണ്ട്.

## നെടുമങ്ങാട് മണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിന് നടപടികൾ

152(558) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനുള്ള പഠനം നടത്താനായി ചുമതലപ്പെടുത്തിയിരുന്ന കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീസ് പ്രൊമോഷൻ (കെ-ബിപ്പ്) സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

(എ-സി) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കേന്ദ്രമാക്കി ഒരു റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കണമെന്ന നിർദ്ദേശത്തിന്മേൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് പുറമേ നിന്നും ഒരു വിദഗ്ദ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് അവർ മുഖേനയാണ് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷം കെ-ബിപ്പിന് അനുവദിച്ച തുകയിൽ നിന്നും കണ്ടെത്തിയിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയെ തുടർന്നുണ്ടായ പ്രതിസന്ധി കാരണം വിദഗ്ദ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് സാധ്യതാ പഠനം നടത്തുവാൻ കഴിഞ്ഞിട്ടില്ല.

## മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്

153(559) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ഇൻകെൽ എജ്യൂസിറ്റിയിൽ ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും 5 ഏക്കർ ഭൂമി കോളേജിന് വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ-സി) ഉണ്ട്. മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ഇൻകെൽ എജ്യൂസിറ്റിയിൽ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി, സംസ്ഥാനത്തെ വ്യാവസായിക ആവശ്യത്തിനായി മാറ്റി വച്ചിട്ടുള്ള ഭൂമിയായ തിനാൽ പ്രസ്തുത നിർദ്ദേശം പരിഗണനാർഹമല്ല.

**മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാൻ നടപടികൾ**

154(560) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ ഗ്വാളിയർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുത്ത് പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

10-10-2017-ലെ സ.ഉ.(എംഎസ്) 97/2017/ഐ.ഡി. പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും സ.ഉ.(എം.എസ്) 97/2017/ഐ.ഡി. സർക്കാർ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കുന്നതിന് റയോൺസ് അധികൃതരുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കുന്നതിന് റയോൺസ് അധികൃതരുമായി ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല.

## ചെങ്കല്ല് മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

155(561) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കല്ല് മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ചെങ്കല്ല് ക്വാറി ഉടമകളും തൊഴിലാളികളും നേരിടുന്ന പ്രയാസങ്ങൾ എന്തെല്ലാം; ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കരിങ്കൽ-ചെങ്കൽ ക്വാറികളുടെ പ്രശ്നവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് വഴി 2-12-2020-ന് ബഹു. വ്യവസായ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, വ്യവസായ വകുപ്പ് സെക്രട്ടറി, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. ആയതിൽ ചെങ്കൽ ഖനന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പല നിർദ്ദേശങ്ങളും ഉയർന്നു വന്നിരുന്നു. ആയതിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) അയൽ സംസ്ഥാനങ്ങളിൽ ചെങ്കല്ല് മേഖലയിൽ പ്രശ്നം ഉണ്ടായപ്പോൾ പ്രത്യേക ഓർഡിനൻസിലൂടെ പ്രശ്നം പരിഹരിച്ചു എന്നത് ശരിയാണോ; എങ്കിൽ കേരളത്തിലും അത്തരം നടപടികൾ സ്വീകരിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

156(562) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരംഭ സഹായ പദ്ധതി പ്രകാരം 21 യൂണിറ്റുകൾക്കും നാനോ (NANO) പദ്ധതി പ്രകാരം 1 യൂണിറ്റിനും സഹായം നൽകി. കൂടാതെ 12 സംരംഭകത്വ വികസന സെമിനാറുകൾ ഇക്കാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരംഭ സഹായ പദ്ധതി പ്രകാരം 21 യൂണിറ്റുകൾക്ക് 82,88,475 രൂപയും നാനോ പദ്ധതി പ്രകാരം 1 യൂണിറ്റിന് 7266 രൂപയും 12 സംരംഭകത്വ വികസന സെമിനാറുകൾക്ക് 90291 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സംരംഭ സഹായ പദ്ധതി നൽകിയ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഷൊർണ്ണൂർ വ്യവസായ പ്ലോട്ടിൽ 18-ഓളം സംരംഭകർക്ക് സ്ഥലം അനുവദിച്ച് ഉത്തരവായി. അതിൽ 1 യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 4 യൂണിറ്റുകൾ പ്രവർത്തന സജ്ജമാവാൻ ഒരുക്കങ്ങൾ പൂർത്തിയാകുന്നു. ഷൊർണ്ണൂർ വ്യവസായ പ്ലോട്ടിൽ ഗാലക്സ് വേണ്ടി സ്ഥലം ഒരുക്കി നൽകി. 5 ഇ.ഡി ക്ലബ്ബുകൾ പ്രവർത്തനം തുടരുന്നു.

## പാറമടകളും ജനവാസ കേന്ദ്രങ്ങളും

157(563) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള അകലം എത്ര മീറ്ററായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ O.A 304/2019 നമ്പർ കേസിൽ 21-7-2020 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 200 മീറ്റർ ചുറ്റളവിൽ ആൾ താമസമുള്ള വീടുകൾ, മറ്റു നിർമ്മിതികൾ (Residential/ Public buildings, inhabited sites, locations to be considered by States) പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. ആയതിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 15962/2020 & connected cases-മേലുള്ള 21-12-2020-ലെ ഉത്തരവ് പ്രകാരം പുതുതായി അനുവദിക്കുന്ന ഖനനാനുമതികൾക്ക് 200 മീറ്റർ ദൂരപരിധി പാലിക്കേണ്ടതുണ്ട്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്വാറികൾക്ക് 50 മീറ്ററുമാണ് ദൂരപരിധി.

(ബി) പാറമടകളും ജനവാസ കേന്ദങ്ങളും തമ്മിലുള്ള ദൂരം 200 മീറ്ററായി കൂട്ടണമെന്ന് നിയമസഭാ പരിസ്ഥിതി സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ക്വാറികൾ പൊതുഉടമസ്ഥതയിലോ നിയന്ത്രണത്തിലോ കൊണ്ടുവരണമെന്ന നിയമസഭാ സമിതിയുടെ ശിപാർശകളിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

(ബി&സി) പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം 200 മീറ്ററായി കൂട്ടണമെന്ന് നിയമസഭാ പരിസ്ഥിതി സമിതി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

**കൈത്തറി മേഖലയിലെ പദ്ധതികൾ**

158 (564) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ മൂലം പ്രതിസന്ധിയിലായ കൈത്തറി മേഖലയെ ഉയർത്തിക്കൊണ്ടുവരുവാൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരിമൂലം ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ നെയ്ത്ത് ജോലികൾ പൂർണ്ണമായും നിലയ്ക്കുന്ന അവസ്ഥ ഉണ്ടാകുകയും മെയ് മാസം മുതൽ നെയ്ത്ത് ജോലികൾ വീണ്ടും പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി യൂണിഫോം നെയ്ത്ത് കൂലിയിനത്തിൽ ഏകദേശം 25.97 കോടി രൂപ നെയ്ത്തുകാർക്ക് കോവിഡ് കാലഘട്ടത്തിൽ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. അതുപോലെ സ്കൂൾ യൂണിഫോം പദ്ധതിക്ക് ആവശ്യമായ നൂലിന്റെ വില 3.51 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ പൊതു/സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകളിൽനിന്നുമാണ് പദ്ധതിക്ക് ആവശ്യമായ നൂൽ ലഭ്യമാക്കുന്നത്. ആയത് സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾക്ക് വലിയൊരു ആശ്വാസമാകുകയും ചെയ്തിട്ടുണ്ട്. അസംസ്കൃത വസ്തുവായ പഞ്ഞി വാങ്ങുന്നതിനായി ഈ കോവിഡ് കാലത്ത് സ്പിന്നിംഗ് മില്ലുകൾക്ക് 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൈത്തറി മിത്ര പദ്ധതി കോവിഡിന്റെ പശ്ചാത്തലത്തിൽ സമഗ്ര കൈത്തറി പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 200 നെയ്ത്തുകാർ വീതമുള്ള 50 ക്ലസ്റ്റർ/ഗ്രൂപ്പുകളിലായി ആകെ 10000 നെയ്ത്തുകാരെ ഉൾപ്പെടുത്തിക്കൊണ്ട് സാങ്കേതിക/വിപണന/മൂല്യവർദ്ധിത സാദ്ധ്യതകൾ കൂടി പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്നു. ഉത്പാദന പ്രചോദന പദ്ധതി, ഉത്പാദന പ്രചോദന പദ്ധതിയിലൂടെ സംസ്ഥാനത്തെ അർഹരായ 13,937 നെയ്ത്തുകാർക്ക് ഈ വർഷം ആകെ 420 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുവാനായി നടപ്പിലാക്കിയ 'യുവ ഡീലർ പദ്ധതി' പരാജയപ്പെടുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

'യുവ ഡീലർ' എന്ന പദ്ധതി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിട്ടില്ല. യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുവാനായി 'യുവവീവ്' പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) 2018-വരെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന ഇൻകം സപ്പോർട്ടും പ്രൊഡക്ഷൻ ഇൻസെന്റീവും നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; ഇത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന 'ഇൻകം സപ്പോർട്ട്', 'പ്രൊഡക്ഷൻ ഇൻസെന്റീവ്' എന്നീ പദ്ധതികൾ നിർത്തലാക്കിയിട്ടില്ല. പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 4.20 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്.

(ഡി) സ്കൂൾ യൂണിഫോം നെയ്തുനൽകിയതിന് നിലവിൽ എത്ര കോടി രൂപ കുടിശ്ശികയുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്തുകാർക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള കൂലി വിതരണം ചെയ്തിട്ടുണ്ട്. കൂലിയിനത്തിൽ ഒക്ടോബർ മാസം മുതലുള്ള കുടിശ്ശിക നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

159(565) ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി മേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ :

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ ചലിച്ചിരുന്നുള്ളൂ. മാത്രമല്ല, നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറുദിവസത്തിൽ താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി ഈ സർക്കാർ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ പ്രതിദിനം 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടെയും തൊഴിൽസ്ഥിരത ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടം മുതൽ ഇതുവരെയായി ഏകദേശം 160 കോടി രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്ക് എപ്രകാരം സഹായകമായി; ഇതിലൂടെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചുവെന്ന് വിശദമാക്കുമോ?

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. മാത്രമല്ല, നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറ് ദിവസത്തിൽ താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപോയിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി ഈ സർക്കാർ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ പ്രതിദിനം 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടേയും തൊഴിൽ സ്ഥിരത ഉറപ്പാക്കിയിട്ടുണ്ട്. ആയതിൽ നെയ്ത്ത് ജോലി പഠിച്ച് പുതിയതായി 1026 പേർ യൂണിഫോം പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തന രഹിതമായി പൂട്ടിക്കിടന്നിരുന്ന പല

കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. വർഷങ്ങളായി നെയ്ത്ത് ജോലിയിൽനിന്ന് മാറി നിന്ന ഏകദേശം 1300 പേർ യൂണിഫോം പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്നു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 160 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ യൂണിഫോം നെയ്ത്ത് നൽകിയ വകയിൽ എത്ര കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്. പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്തുകാർക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള കൂലി വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ മാസം മുതലുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണ പ്രവർത്തനങ്ങൾ**

160(566) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിന്റെ സമഗ്ര വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ മിൽ ലേ ഓഫിലാണ്. മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ ഷിഫ്റ്റ് സമ്പ്രദായത്തിൽ ഉണ്ടായിരിക്കുന്ന അവ്യക്തത നീക്കുന്നതിന് സർക്കാർ നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നുണ്ടോ?

രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്റ്റ്, 1948 സെക്ഷൻ 66-ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള കരട് ഓർഡിനൻസ് അംഗീകരിക്കുന്ന വിഷയവും ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു. ഗവർണ്ണറോട് ശിപാർശ ചെയ്യുന്ന വിഷയവും മന്ത്രിസഭാ യോഗം അംഗീകരിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട ഭേദഗതി സംബന്ധിച്ച വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയും

സമവർത്തി ലിസ്റ്റിലെ വിഷയത്തെ സംബന്ധിച്ച് പാർലമെന്റ് മുമ്പ് ഉണ്ടാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല എന്നതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹു. രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടുന്നതിനായി കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) കോട്ടയം ടെക്സ്റ്റൈൽസിനെ ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിന്റെ സമഗ്ര വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേക്ക് നൽകുമെന്നറിയിക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്ത് തീർത്തിട്ടില്ല. 30-9-2016 മുതൽ 19-2-2017 വരെ ലേ ഓഫിൽ ആയിരുന്ന മിൽ സർക്കാർ ധനസഹായത്തോടുകൂടി 2017-ൽ തുറന്നു പ്രവർത്തിച്ച് നൂൽ ഉൽപ്പാദനം നടത്തിയെങ്കിലും 2009-10 വർഷത്തിനുശേഷം തുടർച്ചയായ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. യൂട്ടിലൈസേഷൻ കുറവും ടെക്സ്റ്റൈൽ മേഖലയിലെ വിപണിമാന്ദ്യവും അസംസ്കൃത വസ്തുവായ പഞ്ഞിയുടെ അഭാവവും മില്ലിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം ഉൽപ്പാദന നഷ്ടവും സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ തടസ്സവും വന്നിട്ടുണ്ട്. മില്ലിന്റെ പ്രവർത്തനം പൂർണ്ണതോതിലാകുകയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് ലാഭത്തിലാകുകയും ചെയ്യുന്നമുറയ്ക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ മിൽ ലേ ഓഫിലാണ്. തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

## കുന്നത്തറ ടെക്സ്റ്റൈയിൽസ്

161(567) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയും കെട്ടിടങ്ങളും തുച്ഛമായ പൈസക്ക് ലേലം ചെയ്യാൻ കോടതിയിൽ നടപടി സ്വീകരിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്തു വിൽക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിലവിലെ ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്തു വിൽക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെയാണ് ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഒഫീഷ്യൽ ലിക്വിഡേറ്റർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂല പത്രികപ്രകാരം സ്ഥാപനത്തിന്റെ ബാധ്യത താഴെപ്പറയും പ്രകാരമാണ്. Workment Creditors - 7,10,81,891.502 രൂപ Workment(Badalies)- 96,381 രൂപ Preferential creditors -17,23,324 രൂപ Unsecured creditors -3,77,02,715 രൂപ ആകെ- 11,06,04,311.502 രൂപ

## വിദേശ നിർമ്മിത ഓട്ടോ കോണർ മെഷീനുകൾ വാങ്ങിയതിലെ ക്രമക്കേട്

162(568) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ കുറ്റിപ്പുറം മാൽകോ ടെക്സ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്ക് നാല് വിദേശ നിർമ്മിത ഓട്ടോ കോണർ മെഷീനുകൾ അടുത്തിടെ വാങ്ങിയിരുന്നോവെന്ന് അറിയിക്കാമോ?

ഈ സാമ്പത്തിക വർഷം സഹകരണ സ്ഥാപനങ്ങളായ കുറ്റിപ്പുറം മാൽകോ ടെക്സ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്ക് വിദേശ നിർമ്മിത ഓട്ടോ കോണർ മെഷീനുകൾ വാങ്ങിയിട്ടില്ല.

(ബി) പ്രസ്തുത മെഷീൻ വാങ്ങിയതിൽ ക്രമക്കേടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ?

ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(സി) കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിലുള്ള വേറെ മൂന്ന് മില്ലുകൾ ഇതേ കാലയളവിൽ വാങ്ങിയ മെഷീനേക്കാൾ 15 മുതൽ 21 ലക്ഷം വരെ ഉയർന്ന വിലയ്ക്കാണ് നാല് മെഷീനുകൾ വാങ്ങിയതെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തിയോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഈ സാമ്പത്തികവർഷം സഹകരണ സ്ഥാപനങ്ങളായ കുറ്റിപ്പുറം മാൽകോ ടെക്സ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്ക് വിദേശ നിർമ്മിത ഓട്ടോ കോണർ മെഷീനുകൾ വാങ്ങിയിട്ടില്ല.

**കരകൗശല തൊഴിലാളികൾക്ക് സഹായം**

163(569) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനനിരക്ക് വർദ്ധിച്ചതുമൂലം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കരകൗശല തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കഴിഞ്ഞ വർഷം 10000 തൊഴിലാളികൾക്ക് 10000 രൂപയുടെ ടൂൾ കിറ്റ് വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിനകം എത്ര തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം കിറ്റ് വിതരണം നടത്തിയെന്നറിയിക്കാമോ?

ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് പ്രോഗ്രാമുമായി ബന്ധപ്പെട്ട ഡെവലപ്മെന്റ് കമ്മീഷണർ (ഹാന്റി ക്രാഫ്റ്റ്സ്) ന്യൂഡൽഹി, പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ആർട്ടിസാൻമാർക്ക് വിവിധ ക്രാഫ്റ്റുകളായ തടി, പ്രകൃതിദത്ത നാരുകൾ, കച്ചിപ്പടം, വെങ്കലം, മൺപാത്രം തുടങ്ങിയവയിൽ ആദ്യഘട്ടമായി കരകൗശല വികസന കോർപ്പറേഷൻവഴി 1350 ടൂൾകിറ്റുകൾ വിതരണം ചെയ്തു.

(സി) തൊഴിലാളികൾക്ക് ടൂൾ കിറ്റ് നൽകുന്നതിനായി കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ എന്ത് തുക 2017-18-നുശേഷം ലഭിച്ചുവെന്ന് വിശദമാക്കുമോ?

2017-18-നുശേഷം കേന്ദ്ര ധനസഹായം ടൂൾകിറ്റിനായി ലഭിച്ചിട്ടില്ല. 2019-20 കാലഘട്ടത്തിൽ ഡെവലപ്മെന്റ് കമ്മീഷണർ (ഹാന്റിക്രാഫ്റ്റ്സ്)-ന്റെ ഹ്യൂമൻ റിസോഴ്സ് ആന്റ് ഡവലപ്മെന്റ് സ്കീം, ഡിസൈൻ ആന്റ് ടെക്നിക്കൽ അപ്ഡേഷൻ സ്കീം എന്നീ സ്കീമുകളിൽ 69,42,230 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) കരകൗശല കോർപ്പറേഷനിൽ ഉൽപ്പന്നങ്ങൾ നൽകുന്ന തൊഴിലാളികൾക്ക് നിലവിൽ കുടിശ്ശിക നൽകുവാനുണ്ടോ; അത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കരകൗശല വികസന കോർപ്പറേഷൻ കുടിശ്ശിക നൽകാനുണ്ട്. ഇതിൽ 2014-16 കാലഘട്ടത്തിലെയാണ് ഏറ്റവും കൂടുതൽ കുടിശ്ശിക തുക നൽകുവാനുള്ളത്. ഇപ്പോൾ കോവിഡ് 19-മൂലം ഒരുവർഷത്തോളമായി കുടിശ്ശിക നൽകാൻ കഴിയാത്തവിധം കരകൗശല വിപണനം പ്രതിസന്ധിയിലാണ്. കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തു തീർക്കുവാൻ ശ്രമിച്ചുവരികയാണ്.

## കേരള വോളന്റിയറി യൂത്ത് ആക്ഷൻ ഫോഴ്സ്

164(570) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിൽ നിലവിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിൽ നിലവിൽ 1,15,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഏതൊക്കെ മേഖലകളിലാണ് അവരുടെ സേവനം വിനിയോഗിക്കുന്നതെന്നും കോവിഡ് കാലത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ അവരുടെ സേവനം ലഭ്യമാക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ?

പ്രകൃതിദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, സർവ്വേ തുടങ്ങിയ മേഖലകളിൽ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. കൂടാതെ കോവിഡ് കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ഇവരുടെ സേവനം ലഭ്യമാക്കിയിരുന്നു.

(സി) ഇവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോയെന്നും ഇതിനായി എത്തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 20 വീതം കേരള വോളന്റിയറി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്കായി ഇടുക്കി ജില്ലയിലെ ദേശീയ സാഹസിക അക്കാഡമിയിൽ വച്ച് ദുരന്തനിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു വരികയാണ്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 20,56,950 (ഇരുപത് ലക്ഷത്തി അൻപത്തിയാറായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ദുരന്തനിവാരണ പരിശീലനത്തിൽ ജീവൻരക്ഷാ പരിശീലനം, സി.പി.ആർ പരിശീലനം, നീന്തൽ പരിശീലനം, സ്കൂബാ ഡൈവിംഗ്, പരിസ്ഥിതി പഠനം തുടങ്ങിയവ ഉൾപ്പെടുന്നു.

(ഡി) പ്രസ്തുത ഫോഴ്സിലെ അംഗങ്ങൾക്ക് എയർഫോഴ്സിന്റെ വിഭാഗത്തിൽ പരിശീലനം നൽകുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള വോളന്റിയറി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്ക് എയർഫോഴ്സിന്റെ വിഭാഗത്തിൽ പരിശീലനം നൽകുന്നതിന് സാധിച്ചിട്ടില്ല.

## കായികതാരങ്ങൾക്കുള്ള സർക്കാർ ജോലി

165(571) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയിൽ കഴിവ് തെളിയിച്ച എത്രപേർക്ക് ഇതുവരെ സർക്കാർ ജോലി ലഭിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക്

സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ. ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.- ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള ഡി. വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്.

### പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

166(572) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ വ്യവസായം, സ്പോർട്സ്, യുവജനകാര്യ വകുപ്പുകളിൽനിന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യവസായ വകുപ്പിൽനിന്നും അംഗപരിമിതർക്ക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 2017-18 വർഷം 3,00,000 രൂപ സബ്സിഡിയും ഹരിതശ്രീ പേപ്പർ ക്യാരിബാഗ് യൂണിറ്റിന് 2018-2019 വർഷം 13,84,721 രൂപയും അനുവദിച്ചിട്ടുണ്ട്. കായിക യുവജനകാര്യ വകുപ്പിൽനിന്നും പാറശ്ശാല നിയോജകമണ്ഡലത്തിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

### വികസനരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം

167(573) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികസനരംഗത്ത് യുവജനങ്ങളെ പങ്കാളികളാക്കാനും അവരുടെ കൂട്ടായ്മ ഉറപ്പുവരുത്തുവാനും ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വികസന രംഗത്ത് യുവജനങ്ങളെ പങ്കാളികളാക്കാനും അവരുടെ കൂട്ടായ്മ ഉറപ്പുവരുത്താനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്.
2. ദുരന്തനിവാരണ പ്രവർത്തനങ്ങൾ.
3. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ
4. പ്ലാസ്മ ഡൊണേഷൻ ക്യാമ്പയിൻ
5. കായിക വികസനപദ്ധതി - കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം
6. എൽ.ഇ.ഡി. ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം - രണ്ടാംഘട്ടം
7. സൈക്കിൾ ബ്രിഗേഡ് (സൈക്കിൾ ക്ലബ്ബ് രൂപീകരണം)
8. സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്റൂമും
9. ദിനാചരണ പ്രവർത്തനങ്ങൾ
10. പരീക്ഷാ പരിശീലന പരിപാടികൾ
11. അമച്വർ നാടകോത്സവം

12. ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം (മാരിവില്ല് 2019)

13. ഷോർട്ട്ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ (വിഷൻ 2019)

14. പെൺകരുത്ത് - കളരിപ്പയറ്റ് പരിശീലനം

15. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ)

16. മണിനാദം - കലാഭവൻമണി മെമ്മോറിയൽ നാടൻപാട്ട് മത്സരം

17. ഫിഫ വേൾഡ് കപ്പ് 2018-ബിഗ്സ്ക്രീൻ പ്രദർശനം

18. യൂത്ത് കേരള എക്സ്പ്രസ്സ് (യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണ പദ്ധതി)

19. യുവാ ക്ലബ്ബുകൾ.

20. സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം.

21. നാഷണൽ ഫോക്ഫെസ്റ്റ് ഓഫ് കേരള.

22. കേരളോത്സവം.

കേരള സംസ്ഥാന യുവജന കമ്മീഷൻ വികസന രംഗത്ത് യുവജനങ്ങളെ പങ്കാളികളാക്കി അവരുടെ കൂട്ടായ്മ ഉറപ്പുവരുത്തുവാനായുള്ള പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അദാലത്തുകളും വിവിധങ്ങളായ വിഷയങ്ങളിൽ ബോധവത്ക്കരണവും ഗ്രീൻയൂത്ത് പദ്ധതികളും സൗജന്യ നിയമ സഹായവും നൽകി വരുന്നുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികളും യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് മാസംതോറും ഹിയറിംഗുകളും ജില്ലകൾതോറും അദാലത്തുകളും സിറ്റിംഗുകളും നടത്തുന്നുണ്ട്.

2. ദേശീയ സെമിനാർ, ജില്ലാതല സെമിനാർ, സിമ്പോസിയം, ശില്പശാല

3. യൂത്ത് ഐക്കൺ അവാർഡ്.

4. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം, ആരോഗ്യ പരിപാലനം.

5. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ

6. സാംസ്കാരിക വിനിമയ പദ്ധതി.

7. യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം.

8. ദേശീയ യുവജന ദിനാഘോഷം.

**കായികരംഗത്തെ പുഷ്ടിപ്പെടുത്താൻ പദ്ധതികൾ**

168(574) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായികരംഗത്തെ പുഷ്ടിപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ?

കായികതാരങ്ങൾക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 14 ജില്ലാ സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ കിഫ്ബി അംഗീകാരം ലഭിച്ചവയുടെ വിവിധ പദ്ധതികളുടെ നിർമ്മാണവും ടെണ്ടർ തുടങ്ങിയ മറ്റ് നടപടിക്രമങ്ങളും വിവിധ ഘട്ടത്തിലാണ്. ഇതിന് പുറമെ കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നിലവിലുള്ള സ്റ്റേഡിയങ്ങളുടെയും കളിസ്ഥലങ്ങളുടെയും നവീകരണം, ആധുനീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കായിക ക്ഷമതയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് കായിക യുവജനകാര്യാലയം മുഖേന കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ്, സ്പ്രിന്റ്, പ്ലേ ഫോർ ഹെൽത്ത്, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടി, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് ഇൻഷ്വറൻസ് എന്നിവയും നടപ്പിലാക്കി വരുന്നു. ഷൂട്ടിംഗ് തൽപ്പരരായ കുട്ടികൾക്കുവേണ്ടി കേരള ഷൂട്ടിംഗ് അക്കാഡമി, ടെന്നീസിനു വേണ്ടി ടെന്നീസ് അക്കാഡമി എന്നിവയും നടത്തി വരുന്നു. കായികതാരങ്ങൾക്ക് കൂടുതൽ മികച്ച പരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ കായികയിനങ്ങളിൽ അക്കാദമികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു. കായിക യുവജനകാര്യാലയത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന നീന്തൽക്കുളം, ബാഡ്മിന്റൺ കോർട്ട്, സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്റർ എന്നിവയിൽ ദേശീയ/ അന്തർദേശീയ കായികതാരങ്ങൾക്ക് സൗജന്യമായി പരിശീലനം നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. നിലവിലുള്ള സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും കായിക താരങ്ങൾക്ക് നൽകിവരുന്ന സൗകര്യം വർദ്ധിപ്പിക്കു

ന്നതിനുമായി സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.* കൂടാതെ പരിക്കേറ്റ കായിക താരങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും വീട് നിർമ്മിച്ചു നൽകുന്നതിനും മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഗ്രൗണ്ട് നിർമ്മാണത്തിനുമായി കായിക വികസനനിധി രൂപീകരിച്ച് ധനസഹായം നൽകി വരുന്നുണ്ട്. ഈ സർക്കാർ കായികരംഗത്തെ പുഷ്ടിപ്പെടുത്താൻ 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ഈ സർക്കാർ ഒഴിവാക്കിയതുമായ എന്തെല്ലാം പദ്ധതികളാണ് മലപ്പുറം ജില്ലയിൽ ഉണ്ടായിരുന്നതെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ഈ സർക്കാർ ഒഴിവാക്കിയതുമായ യാതൊരു പദ്ധതികളും നിലവിൽ മലപ്പുറം ജില്ലയിലില്ല.

(സി) മഞ്ചേരി സ്പോർട്സ് കോംപ്ലക്സിന്റെ വികസനത്തിനായി ഇനിയും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ 14 ജില്ലകളിലും നിർമ്മിക്കാനുദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളിലൊന്നായ മലപ്പുറം ജില്ലാ സ്റ്റേഡിയം (മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം) മഞ്ചേരി സ്പോർട്സ് കോംപ്ലക്സിലാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിക്ക് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, നീന്തൽക്കുളങ്ങൾ എന്നീ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഷൊർണൂർ മണ്ഡലത്തിലെ കായികവകുപ്പിന്റെ പ്രവർത്തനങ്ങൾ

169(575) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായികവകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ജി.എച്ച്.എസ്.എസ്.-ൽ അത്‌ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2019-20 ബഡ്ജറ്റിൽ അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ അടങ്കലായും 60 ലക്ഷം രൂപ 2019-20 വർഷത്തെ കായിക വകുപ്പിന്റെ ബഡ്ജറ്റ് ഹെഡ്ഡിലും വകയിരുത്തിയിട്ടുണ്ട്. കായികവകുപ്പിന്റെ കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ജി.എച്ച്.എസ്.എസ്.-ൽ അത്‌ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2019-20 ബഡ്ജറ്റിൽ അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ അടങ്കലായും 60 ലക്ഷം രൂപ 2019-20 വർഷത്തെ കായിക വകുപ്പിന്റെ ബഡ്ജറ്റ് ഹെഡ്ഡിലും വകയിരുത്തിയിട്ടുണ്ട്. കായികവകുപ്പിന്റെ കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

## കായികക്ഷമത മിഷൻ

170(576) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച കായികക്ഷമത മിഷന്റെ പ്രവർത്തനം വ്യക്തമാക്കുമോ?

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനു വേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ.” ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്. നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ, പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയം സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വിവിധ തലത്തിൽ ഉൾപ്പെടുന്ന ജനവിഭാഗങ്ങൾക്ക് വിവിധതരം പരിശീലന പരിപാടികൾ വിഭാവനം ചെയ്തിരുന്നോ?

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനു വേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ.”

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്. നഴ്സറിതലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ; പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകളും കോളേജുകളും പൂട്ടി ജനങ്ങൾ വീട്ടിലിരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ കായികക്ഷമതയെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്റ്റേഡിയങ്ങളും സ്വിമ്മിംഗ് പൂളുകളും ഉൾപ്പെടെയുള്ള കായികരംഗവുമായി ബന്ധപ്പെട്ട എല്ലാമേഖലകളും അടഞ്ഞുകിടന്ന സാഹചര്യത്തിൽ കായികതാരങ്ങൾ ഉൾപ്പെടെയുള്ള എല്ലാവിഭാഗം ജനങ്ങളുടെയും കായികക്ഷമതയെ ബാധിച്ചിട്ടുണ്ട്.

(ഡി) കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്?

കിഫ്ബിയുടെ ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 14 വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളാണ് ഉൾപ്പെടുത്തി യിട്ടുള്ളത്. മേൽപ്പറഞ്ഞ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ഇ) 2016-2017-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി എന്താണ്?

കിഫ്ബിയുടെ ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 14 വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## എറണാകുളം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

171(577) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എറണാകുളം ജില്ലയിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ കായിക വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മൂവാറ്റുപുഴ നിയോജകമണ്ഡലം:

   കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും ഒരു ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി മൂവാറ്റുപുഴയിലാണ് എറണാകുളം ജില്ലാ സ്റ്റേഡിയം (ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം) നിർമ്മിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

32.55 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 32.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിയുടെ 23.25 കോടി രൂപ അടങ്കൽ തുക വരുന്ന സിവിൽ/ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെണ്ടർ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

2. കോതമംഗലം നിയോജകമണ്ഡലം:-

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഭാഗമായി കോതമംഗലം നിയോജകമണ്ഡലത്തിലെ ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 35.48 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതി സാങ്കേതിക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3. തൃപ്പൂണിത്തുറ നിയോജകമണ്ഡലം-

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ വി.ജെ.ബി. സ്കൂളിൽ നടപ്പിലാക്കി വരുന്നു.

4. വൈപ്പിൻ, കൊച്ചി നിയോജകമണ്ഡലങ്ങൾ-

ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര-ഗ്രാമ പ്രദേശങ്ങളിലെയും/ഗിരിവർഗ്ഗ, കടൽത്തീര മേഖലകളിലെയും കുട്ടികളിൽനിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 33 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴയിലും കൊച്ചി നിയോജക മണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്. ഫോർട്ട് കൊച്ചിയിലും നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വെളിപ്പെടുത്താമോ?

എറണാകുളം ജില്ലയിൽ കായിക വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മൂവാറ്റുപുഴ നിയോജകമണ്ഡലം-

 കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും ഒരു ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി മൂവാറ്റുപുഴയിലാണ് എറണാകുളം ജില്ലാ സ്റ്റേഡിയം (ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം) നിർമ്മിക്കുന്നത്. 32.55 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 32.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിയുടെ 23.25 കോടി രൂപ അടങ്കൽ തുക വരുന്ന സിവിൽ/ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെണ്ടർ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

2. കോതമംഗലം നിയോജകമണ്ഡലം:

 കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഭാഗമായി കോതമംഗലം നിയോജകമണ്ഡലത്തിലെ ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 35.48 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതി സാങ്കേതിക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3. തൃപ്പൂണിത്തുറ നിയോജകമണ്ഡലം:

 കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ വി.ജെ.ബി. സ്കൂളിൽ നടപ്പിലാക്കി വരുന്നു.

4. വൈപ്പിൻ, കൊച്ചി നിയോജകമണ്ഡലങ്ങൾ:

 ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര-ഗ്രാമ പ്രദേശങ്ങളിലെയും/ ഗിരിവർഗ്ഗ, കടൽത്തീര മേഖലകളിലെയും കുട്ടികളിൽനിന്നും ഫുട്ബോൾ പ്രതിഭകളെ

കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 33 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴയിലും കൊച്ചി നിയോജകമണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്. ഫോർട്ട് കൊച്ചിയിലും നടപ്പിലാക്കി വരുന്നു.

**കായിക വികസനം**

172(578) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, അയ്യൻകാളി സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി.

പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പു സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സുമുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പുസാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോകനിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും

വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

കേരള ഷൂട്ടിംഗ് അക്കാഡമികൾ

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3-ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തി വരുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയവും വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കായിക പരിശീലകർക്ക് മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 20 പരിശീലകർക്ക് വിക്ടോറിയ യൂണിവേഴ്സിറ്റിയിൽനിന്നും ഓൺലൈൻ പ്ലാറ്റ്ഫോം വഴി ട്രെയിനിംഗ് നൽകി വരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറി. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും

സൗകര്യങ്ങളും നടന്നുവരുന്നു. ദേശീയ, അന്തർദേശീയ കായിക മത്സരങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് അർഹമായ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകി യിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും 54 പേരുടെ പട്ടിക തയ്യാറാക്കി ശേഷിക്കുന്ന ഒഴിവുകളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ. ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകി യിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക-യുവജന കാര്യാല യത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള ഡി. വി.-യ്ക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ

തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.

(ബി) ഈ സർക്കാർ വന്നതിനുശേഷം നവീകരിക്കുകയോ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയോ ചെയ്ത സ്റ്റേഡിയങ്ങളുടെയും സ്പോർട്സ് കോംപ്ലക്സുകളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരിക്കുകയോ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയോ ചെയ്ത സ്റ്റേഡിയങ്ങളുടെയും സ്പോർട്സ് കോംപ്ലക്സുകളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## കായിക സർവ്വകലാശാല രൂപീകരണം

173(579) <u>ശ്രീ. പി. സി. ജോർജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായിക പ്രതിഭകൾ അന്താരാഷ്ട്ര രംഗങ്ങളിൽ പോലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നുണ്ടെങ്കിലും നമുക്ക് കായിക പരിശീലന കേന്ദ്രങ്ങൾ വളരെ കുറവാണെന്നതിനാൽ കായികതാരങ്ങളുടെ സമഗ്ര പരിശീലനത്തിനും വികസനത്തിനുംവേണ്ടി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

പരിഗണനയിലുണ്ട്. 2021-22-ലെ പ്ലാൻ പ്രൊപ്പോസലിൽ കായിക സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ കായിക പരിശീലന കേന്ദ്രങ്ങളെയും ഒരു കായിക സർവകലാശാലയുടെ കീഴിൽ കൊണ്ടുവന്ന് ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ?

പഠനം നടത്തിയിട്ടില്ല.

(സി) ഇല്ലെങ്കിൽ അത്തരത്തിൽ ഒരു പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കായിക വകുപ്പിന്റെ കൽപ്പറ്റ മണ്ഡലത്തിലെ പദ്ധതികൾ

174(580) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളും പ്രവൃത്തികളും വിശദമാക്കാമോ; ആയതിനായി അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഓംകാര നാഥൻ ഇൻഡോർ സ്റ്റേഡിയം (വയനാട് ജില്ലാ സ്റ്റേഡിയം), ജിനചന്ദ്ര സ്റ്റേഡിയം എന്നീ രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ വിശദവിവരം (ഭരണാനുമതി തുക, കിഫ്ബി അനുവദിച്ച തുക ഉൾപ്പെടെ) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

(ബി) യുവജനകാര്യ വകുപ്പിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം (വയനാട് ജില്ലാ സ്റ്റേഡിയം), ജിനചന്ദ്ര സ്റ്റേഡിയം എന്നീ രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ വിശദവിവരം (ഭരണാനുമതി തുക, കിഫ്ബി അനുവദിച്ച തുക ഉൾപ്പെടെ) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## യുവജനകാര്യ വകുപ്പിനുകീഴിലുള്ള പരിശീലന പരിപാടികൾ

175(581) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനകാര്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന നേതൃത്വ പരിശീലന ക്യാമ്പുകൾ, വ്യക്തിത്വ വികാസ പരിശീലന പരിപാടികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള സംസ്ഥാന യുവജനകമ്മീഷൻ യുവജനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ.
2. ദേശീയ സെമിനാർ, ജില്ലാതല സെമിനാർ/സിമ്പോസിയം/ശില്പശാല.
3. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം.
4. യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം.
5. ദേശീയ യുവജന ദിനാഘോഷം.

(ബി) ഇത്തരം പരിശീലന പരിപാടികളിലേയ്ക്ക് യുവജനങ്ങളെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് പ്രകാരം 18-നും 40-നും ഇടയിലുള്ള സന്നദ്ധരായ യുവജനങ്ങളെയാണ് പരിശീലന പരിപാടികൾക്കായി തെരഞ്ഞെടുക്കാറുള്ളത്.

(സി) ഇത്തരം പരിശീലന പരിപാടികൾക്ക് വർഷംതോറും സർക്കാർ ചെലവഴിക്കുന്ന തുക എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ?

അതാത് സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന് അനുസൃതമായാണ് തുക ചെലവഴിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയിൽ നിന്നും ക്യൂ ബിൽ ഉൾപ്പെടെ അനുവദിച്ച മുഴുവൻ തുകയും ചേർത്ത് 72,95,000(എഴുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) രൂപ ചെലവാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായ എൺപത്തിനാല് ലക്ഷം രൂപയിൽനിന്നും 42,00,000 (നാൽപ്പത്തിരണ്ട് ലക്ഷം രൂപ) രൂപ രണ്ട് ഗഡുക്കളായി നൽകുകയും ടി തുകയിൽ നിന്നും ഇതുവരെ 21,45,000 (ഇരുപത്തി ഒന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ) രൂപ ചെലവാക്കിയിട്ടുള്ളതുമാണ്.

(ഡി) പരിശീലന പരിപാടികളിൽ നേതൃത്വം നൽകുന്നത് ആരെല്ലാം; അവരെ പരിഗണിക്കുന്നതിനുള്ള മാനദണ്ഡം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ പരിശീലന പരിപാടികൾ സർക്കാർ ഉത്തരവിലൂടെ നിയമാനുസൃതമായി നിയമിതരായ കമ്മീഷൻ ചെയർപേഴ്സന്റെയും 13 അംഗങ്ങളുടേയും നേതൃത്വത്തിലാണ് സംഘടിപ്പിക്കാറുള്ളത്.

## തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സെന്റർ

176(582) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കായിക യുവജനകാര്യ വകുപ്പ് ഫിറ്റ്നസ് സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി എല്ലാ ജില്ലകളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 5 ജില്ലകളിലായി 8 സ്റ്റേഡിയങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 9 ജില്ലകളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്തിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഫിറ്റ്നസ് സെന്റർ സ്ഥാപിക്കു ന്നതുമായി ബന്ധപ്പെട്ട് തെക്കേക്കര ഗ്രാമപഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഈ സാമ്പത്തിക വർഷം ഫിറ്റ്നസ് സെന്റർ പ്രവർത്തനം ആരംഭിക്കുമോ; വ്യക്തമാക്കാമോ?

ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം

177(583) ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിൽ നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിൽ ശോചനീയാവസ്ഥയിലായിരുന്ന സ്പോർട്സ് ഹോസ്റ്റൽ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 1,07,10,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവൃത്തി തുടങ്ങി. പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

<u>ഗ്രൗണ്ട് ഫ്ലോർ നവീകരണം</u>:

കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഒരു ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികളും മറ്റ് അനുബന്ധ നവീകരണ പ്രവൃത്തികളും.

<u>ഫസ്റ്റ് ഫ്ലോർ നവീകരണം</u>:

ഹോസ്റ്റലിലെ ശോചനീയാവസ്ഥയിലുള്ള ടോയ്‌ലറ്റുകളുടെയും ഹോസ്റ്റൽ മുറികളുടേയും നവീകരണവും അനുബന്ധ പ്രവൃത്തികളും.

<u>സെക്കന്റ് ഫ്ലോർ നവീകരണം</u>:

തകരാറിലായ റൂഫിംഗ് ഷീറ്റുകൾ നീക്കം ചെയ്ത് ട്രസ് ബലപ്പെടുത്തി പുതിയ റൂഫിംഗ് ഷീറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി.

പ്രസ്തുത പ്രവൃത്തികൾ 2021- ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിൽ ശോചനീയാവസ്ഥയിലായിരുന്ന സ്പോർട്സ് ഹോസ്റ്റൽ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 1,07,10,000 രൂപയുടെ ഭരണാ നുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവൃത്തി തുടങ്ങി. പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

<u>ഗ്രൗണ്ട് ഫ്ലോർ നവീകരണം</u>:

കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഒരു ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികളും മറ്റ് അനുബന്ധ നവീകരണ പ്രവൃത്തികളും.

<u>ഫസ്റ്റ് ഫ്ലോർ നവീകരണം</u>:

ഹോസ്റ്റലിലെ ശോചനീയാവസ്ഥയിലുള്ള ടോയ്‌ലറ്റുകളുടെയും ഹോസ്റ്റൽ മുറികളുടേയും നവീകരണവും അനുബന്ധ പ്രവൃത്തികളും.

<u>സെക്കന്റ് ഫ്ലോർ നവീകരണം</u>:

തകരാറിലായ റൂഫിംഗ് ഷീറ്റുകൾ നീക്കം ചെയ്ത് ട്രസ് ബലപ്പെടുത്തി പുതിയ റൂഫിംഗ് ഷീറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി.

പ്രസ്തുത പ്രവൃത്തികൾ 2021- ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## മുക്കം മാമ്പറ്റ സ്റ്റേഡിയം നിർമ്മാണം

178(584) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരിയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ മുക്കം മുൻസിപ്പാലിറ്റിയിലെ മാമ്പറ്റ സ്റ്റേഡിയം നിർമ്മാണ കരാർ ഇനിയും ഉറപ്പിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

മുക്കം മുനിസിപ്പാലിറ്റി ധാരണാപത്രത്തിൽ ഏർപ്പെടാൻ വൈകിയതിനാലും കോവിഡ്-19-ന്റെ വ്യാപനത്തിനെത്തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണവുമാണ് കിഫ്ബി പദ്ധതിയിലുൾപ്പെട്ട മുക്കം മാമ്പറ്റ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടത്.

(ബി) കരാർ ഉറപ്പിച്ച് അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിക്കായി ലഭിച്ച ടെണ്ടറുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച് നിലവിലെ നിയമങ്ങളിന്മേൽ സ്പഷ്ടീകരണം കിഫ്ബിയിൽ നിന്നും നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റേഡിയങ്ങളുടെ നിർമ്മാണം

179(585) ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചതെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക യുവജന കാര്യാലയം മുഖേന കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -I* ആയും കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ അനുബന്ധം-II* ആയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഫണ്ട് വിനി യോഗിച്ച് നിർമ്മിച്ച, നവീകരിച്ച സ്റ്റേഡിയങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധം - III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്ത് ദേശീയ നിലവാരത്തിലോ അന്തർദേശീയ നിലവാരത്തിലോ ഈ സർക്കാരിന്റെ കാലത്ത് സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ദേശീയ, അന്തർദേശീയ നിലവാരത്തിലുള്ള കായിക സമുച്ച യങ്ങൾ/സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധന സഹായ ത്തോടെയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം-IV *ചേർക്കുന്നു.

(സി) സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും കൂടുതൽ കായിക സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം**

180(586) <u>ശ്രീ. ആർ. രാജേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 3.00 കോടി രൂപ അടങ്കലായും 60 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിലും അനുവദി ച്ചിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്കായി സ്പോർട്സ് എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, കായിക യുവജനകാര്യാലയം എന്നീ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടത്തിൽ എല്ലാ വകുപ്പുകളുടെയും സ്പോർട്സ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി തയ്യാറാക്കുകയും ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്തുവരുന്നു. താമരക്കുളം സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, കായിക യുവജനകാര്യാലയം എന്നീ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആദ്യ ഘട്ടത്തിൽ എല്ലാ വകുപ്പുകളുടെയും സ്പോർട്സ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി തയ്യാറാക്കുകയും ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്തുവരുന്നു. താമരക്കുളം സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, കായിക യുവജനകാര്യാലയം എന്നീ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആദ്യ ഘട്ടത്തിൽ എല്ലാ വകുപ്പുകളുടെയും സ്പോർട്സ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി തയ്യാറാക്കുകയും ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്തുവരുന്നു. താമരക്കുളം സ്റ്റേഡിയത്തിന്റെ ഡി.പി.ആർ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## നടക്കാവ് സ്റ്റേഡിയം

181(587) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നടക്കാവിലെ നിലവിലെ സ്റ്റേഡിയത്തിന് സമീപം നിർമ്മിക്കാൻ പ്രഖ്യാപിച്ച എം.ആർ. സി. കൃഷ്ണൻ സ്മാരക ജില്ലാ സ്റ്റേഡിയം പണിക്ക് കിഫ്ബിയിൽനിന്നും തുക അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച 14 അന്താരാഷ്ട്ര നിലവാരത്തിലുള്ള ജില്ലാ സ്റ്റേഡിയങ്ങളിൽ ഒന്നായ കാസർഗോഡ് ജില്ലയിലെ എം.ആർ.സി.കൃഷ്ണൻ സ്മാരക ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ

പ്രവൃത്തികൾക്കായുള്ള ടെണ്ടറുകൾ ക്ഷണിച്ചിരുന്നുവെങ്കിലും കോവിഡ്-19-ന്റെ വ്യാപനത്തിനെത്തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടറിന് ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സ്റ്റേഡിയം പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച 14 അന്താരാഷ്ട്ര നിലവാരത്തിലുള്ള ജില്ലാ സ്റ്റേഡിയങ്ങളിൽ ഒന്നായ കാസർഗോഡ് ജില്ലയിലെ എം.ആർ.സി.കൃഷ്ണൻ സ്മാരക ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടറുകൾ ക്ഷണിച്ചിരുന്നുവെങ്കിലും കോവിഡ്-19-ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടറിന് ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ

182(588) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ കായികവകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) തേഞ്ഞിപ്പാലം സ്റ്റേഡിയം നവീകരണത്തിന് ഫണ്ട് അനുവദിക്കണ മെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിവേദനം സർക്കാരിൽ ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചേലാട് സ്റ്റേഡിയനിർമ്മാണം

183(589) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള ചേലാട് സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെട്ട കോതമംഗലം ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. കോവിഡ്-19-ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം സാങ്കേതികാനുമതി നേടുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്. ഈ മാസം ചേരുന്ന കിഫ്ബി പദ്ധതികളുടെ സാങ്കേതിക സമിതിയിൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത സ്റ്റേഡിയ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡ് വിശദമായ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെട്ട കോതമംഗലം ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. കോവിഡ്-19 ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം സാങ്കേതികാനുമതി നേടുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്. ഈ മാസം ചേരുന്ന കിഫ്ബി പദ്ധതികളുടെ സാങ്കേതിക സമിതിയിൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെട്ട കോതമംഗലം ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത

പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. കോവിഡ്-19 ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം സാങ്കേതികാനുമതി നേടുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്. ഈ മാസം ചേരുന്ന കിഫ്ബി പദ്ധതികളുടെ സാങ്കേതിക സമിതിയിൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സാങ്കേതിക അനുമതി ലഭ്യമാക്കി സ്റ്റേഡിയ നിർമ്മാണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെട്ട കോതമംഗലം ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. കോവിഡ്-19 ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം സാങ്കേതികാനുമതി നേടുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്. ഈ മാസം ചേരുന്ന കിഫ്ബി പദ്ധതികളുടെ സാങ്കേതിക സമിതിയിൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കക്കാടംപൊയിലിൽ ഹൈ ആൾറ്റിറ്റ്യൂഡ് സ്പോർട്സ് സെന്റർ

184(590) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കാടംപൊയിലിൽ ഹൈ ആൾറ്റിറ്റ്യൂഡ് സ്പോർട്സ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്പോർട്സ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## കായികതാരങ്ങൾക്ക് സർക്കാർ തലത്തിൽ ജോലി

185(591) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്കാണ് സർക്കാർ തലത്തിൽ ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമ പട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.-ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ. ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.-ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള ഡി. വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പേർക്കാണ് ജോലി നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ?

കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2006-08, 2009 എന്നീ വർഷങ്ങളിലെ ഒഴിവുകളിലേക്ക് 108 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.

## സ്റ്റാർട്ട് അപ്പ് പദ്ധതികൾ

186(592) <u>ശ്രീ. പി. സി. ജോർജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ എത്ര സ്റ്റാർട്ട് അപ്പ് പദ്ധതികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 2600 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) അതിൽ ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നവ എത്രയാണ്; വിശദമാക്കാമോ?

മേൽ സൂചിപ്പിച്ചവയിൽ 95% സ്റ്റാർട്ടപ്പുകളും ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

187(593) <u>ശ്രീ. റ്റി. വി. രാജേഷ്</u>:
<u>ശ്രീ. കെ. ബാബു</u>:
<u>ശ്രീ. ആർ. രാജേഷ്</u>:
<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. -

1. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്
2. ദുരന്തനിവാരണ പ്രവർത്തനങ്ങൾ
3. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ
4. പ്ലാസ്മ ഡൊണേഷൻ ക്യാമ്പയിൻ.
5. കായിക വികസന പദ്ധതി - കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം.
6. എൽ.ഇ.ഡി ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം - രണ്ടാംഘട്ടം.
7. സൈക്കിൾ ബ്രിഗേഡ് (സൈക്കിൾ ക്ലബ്ബ് രൂപീകരണം)
8. സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്റൂമും.
9. യൂത്ത് കേരള എക്സ്പ്രസ്സ്.

(ബി) ഈ രംഗത്ത് കേരള യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, ഗ്രാമപ്രദേശങ്ങൾ തുടങ്ങിയവയ്ക്ക് മുൻതൂക്കം നൽകി യുവജനക്ഷേമ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. വിശദാംശങ്ങൾ അനുബന്ധം 1-ൽ* കാണാവുന്നതാണ്.

1. യുവാക്ലബ്ബ്.
2. മണിനാദം.
3. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ)
4. ഫിഫ വേൾഡ് കപ്പ് 2018 - ബിഗ്സ്ക്രീൻ പ്രദർശനം.
5. കേരളോത്സവം - യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം.
6. ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം (മാരിവില്ല് - 2019)
7. പെൺകരുത്ത് - കളരിപ്പയറ്റ് പരിശീലനം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനായി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന മത്സര പരീക്ഷാ പരിശീലനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എ.എസ്. പ്രിലിമിനറി പരീക്ഷാ സൗജന്യ പരിശീലനം.
2. കെ.എ.എസ്. മെയിൻ പരീക്ഷാ സൗജന്യ പരിശീലനം.
3. പി.എസ്.സി. മത്സര പരീക്ഷാ പരിശീലനം.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

188(594) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജിലുണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ?

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, നാളിതുവരെ രണ്ടു തവണ (18-4-2017-ലും 8-7-2019-ലും) വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 18-4-2017-ലെ നിരക്ക് വർദ്ധനവ് 4.77 ശതമാനവും, 8-7-2019-ലെ നിരക്ക് വർദ്ധനവ് 6.81 ശതമാനവും ആയിരുന്നു.

(ബി) വൻകിട കുടിശ്ശികക്കാരിൽനിന്നും കോടികൾ പിരിച്ചെടുക്കാനുണ്ടായിട്ടും അതുചെയ്യാതെ സാധാരണ ഉപഭോക്താക്കളിൽ അധികഭാരം അടിച്ചേൽപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 62,86 വകുപ്പുകൾ പ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുകൂടാതെ കേന്ദ്ര താരിഫ് നയം- 2016, കെ.എസ്.ഇ.ആർ.സി. 2018-ൽ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ സംഗതമായ ചട്ടങ്ങൾപ്രകാരം നിജപ്പെടുത്തിയ വരുംവർഷത്തെ പ്രതീക്ഷിത വരവുചെലവു കണക്കുകളുടെ അന്തരം, വൈദ്യുതി വിൽപ്പനയിലൂടെ ലഭ്യമാകുന്ന വരുമാനം, മുൻകാലങ്ങളിൽ താരിഫ് നിർണ്ണയ പ്രക്രിയയിലൂടെ അനുവദിച്ചു തന്നിട്ടുള്ളതും എന്നാൽ നികത്തപ്പെടാത്തതുമായ കമ്മി, പൊതു വിലവർദ്ധനവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ വിഭാഗം ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നത്. ചിലയിനങ്ങളിൽ

പ്രധാനപ്പെട്ടവ, വൈദ്യുതി വാങ്ങൽ ചെലവും (Power Purchase Cost) പ്രവർത്തന പരിപാലന ചെലവും (Operation and Maintenance Cost)-ഉം ആകുന്നു. കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Based Accounting) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ അനുവർത്തിച്ച് വരുന്നത്. ആയതിനാൽ, പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഒന്നുംതന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുകയില്ല. തന്മൂലം, കുടിശ്ശികകൾ ഒന്നുംതന്നെ വൈദ്യുതി നിരക്കിൽ പ്രതിഫലിക്കുകയില്ല. എന്നാൽ വൻകിടക്കാരോ ചെറുകിടക്കാരോ വ്യത്യാസമില്ലാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി വരുന്നുണ്ട്.

(സി) ഈ സർക്കാർ ചുമതലയേൽക്കുന്ന സമയത്ത് വൻകിടക്കാരിൽ (എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ) നിന്നുള്ള കുടിശ്ശിക എത്രയായിരുന്നു, ഇപ്പോൾ കുടിശ്ശിക എത്രയാണ് എന്നീ കാര്യങ്ങൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ഇ.എച്ച്.റ്റി. ഉപഭോക്താക്കളിൽനിന്നും 470.49 കോടി രൂപ കുടിശ്ശികയാണ് കിട്ടാനുണ്ടായിരുന്നത്. ഇപ്പോൾ ഇത് 370.44 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്

## വൈദ്യുതി വിതരണ രംഗത്തെ സ്വകാര്യവൽക്കരണം

189(595) ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇതുകൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് കാണാം.

(ബി) ഇക്കാര്യത്തിൽ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് കെ.എസ്.ഇ.ബി.-യും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

## വൈദ്യുതി വിതരണരംഗത്തെ സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര നീക്കം

190(596) ശ്രീ. കെ. സുരേഷ് കുറുപ്പ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ എന്തെല്ലാം ശക്തമായ നിലപാടുകളാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിയമങ്ങൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും പൊതുസമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് കെ.എസ്.ഇ.ബി.-യും സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന വൈദ്യുതി വിതരണ ലൈസൻസികളുടെ സ്വകാര്യവ ത്കരണം സുഗമമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് കാണാം. കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല

എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയതോടൊപ്പം പ്രസ്തുത കരടുരേഖയിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും വൈദ്യുതി മേഖലയുടെ പ്രതിസന്ധിയുടെ കാരണം, വൈദ്യുതി വിതരണം പൊതുമേഖലയിൽ തുടരുന്നതാണ് എന്ന തെറ്റായ മുൻധാരണയിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും പൊതുമേഖലയിൽ തുടരുന്ന കെ.എസ്.ഇ.ബി. ഇന്ന് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വൈദ്യുതി കമ്പനിയാണെന്നും കാര്യകാരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന പ്രസരണ ലൈനുകൾക്കുള്ള ചാർജ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്ന് ഈടാക്കി സ്വകാര്യ കമ്പനികളെ സഹായിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അന്തർ സംസ്ഥാന പ്രസരണ ലൈനുകൾക്കുള്ള ചാർജ്ജ് നിശ്ചയിക്കുന്നത് കേന്ദ്രവൈദ്യുത റെഗുലേറ്ററി കമ്മീഷനാണ്. കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നാഷണൽ ഇലക്ട്രിസിറ്റി പോളിസിയും (NEP) Tariff Policy-യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചായിരിക്കണം പ്രസരണ ചാർജ്ജ് നിഷ്കർഷിക്കേണ്ടത്. ടി മാനദണ്ഡങ്ങളനുസരിച്ച് പ്രസരണ ലൈനുകളുടെ ഉപയോഗത്തിനനുസരിച്ചായിരിക്കണം പ്രസരണ ലൈനുകളുടെ ചാർജ്ജ് നൽകേണ്ടത്. 2010-ൽ ഇറക്കിയ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ റെഗുലേഷൻ ഇതനുസരിച്ചായിരുന്നു. ഈ റെഗുലേഷനായിരുന്നു നാളിതുവരെ തുടർന്നുപോയത്. എന്നാൽ 4-5-2020-ൽ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുതിയ റെഗുലേഷൻ പുറപ്പെടുവിക്കുകയുണ്ടായി. NEP-യിലും Tariff Policy-യിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചല്ല പുതിയ റെഗുലേഷൻ. പ്രസരണ ലൈനുകളുടെ ചാർജ്ജിന്റെ ഏകദേശം 80 ശതമാനം ലൈനുകളുടെ ഉപയോഗത്തിനുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഉപയോഗം നോക്കാതെ രാജ്യത്തെ എല്ലാ യൂട്ടിലിറ്റികളിൽനിന്നും ഈടാക്കുന്ന തരത്തിലാണ് പുതിയ റെഗുലേഷൻ. നമ്മുടെ രാജ്യത്തിലെ കപ്പാസിറ്റിയുടെ ഹൈകപ്പാസിറ്റി പ്രസരണലൈനുകളുടെ 56.8 ശതമാനം ഉപയോഗിക്കാതെ കിടക്കുകയാണ്. ഇങ്ങനെ പൂർണ്ണ ഉപയോഗമില്ലാത്തതായിട്ടുള്ള പ്രസരണ ലൈനുകളുടെയും ചാർജ്ജ് പുതിയ റെഗുലേഷനനുസരിച്ച് എല്ലാ യൂട്ടിലിറ്റികളും വഹിക്കേണ്ടതായിട്ടുണ്ട്. ഇത് കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് വലിയ പ്രസരണ ചാർജ്ജ് വർദ്ധനയ്ക്കിടയാക്കും. ടി റെഗുലേഷനെതിരെ സംസ്ഥാന വൈദ്യുതി ബോർഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് തള്ളുകയുണ്ടായി. ഇതിനെതിരെ അപ്പീൽ നൽകാൻ സംസ്ഥാന വൈദ്യുതി ബോർഡ് തീരുമാനിച്ചിരിക്കുകയാണ്.

(സി) കേന്ദ്രസർക്കാരിന്റെ ഈ നടപടി വൈദ്യുതി ഉപഭോക്താക്കളെ എപ്രകാരമാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാരിന്റെ ഈ നടപടി വൈദ്യുതി ഉപഭോക്താക്കളുടെ ചാർജ്ജ് വർദ്ധനയ്ക്ക് ഇടയാക്കും. ഇപ്പോൾ പ്രസരണ ലൈനുകൾക്ക് നൽകുന്ന ചാർജ്ജിന്റെ ഏകദേശം 50% മുതൽ 80% വർദ്ധനയാണ് പുതിയ റെഗുലേഷൻ മൂലമുണ്ടാകുന്നത്. ഈ വർദ്ധനവ് സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിക്കുമെന്നതിനാൽ സംസ്ഥാനത്തെ വൈദ്യുതി നിരക്കിലും വർദ്ധവുണ്ടാകും.

## ലോക്ഡൗൺ കാലത്തെ വൈദ്യുതി ബില്ലിലെ ഇളവുകൾ

191(597) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് ബില്ലിൽ ഇളവുകൾ നൽകിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഇളവുകൾ നൽകിയിരുന്നു. ലോക്ഡൗൺ കാലത്ത് ഗാർഹികം, വ്യവസായം, വാണിജ്യം എന്നീ താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും അവരുടെ വൈദ്യുതി ചാർജ്ജിൽ ഇളവുകൾ നൽകിയിരുന്നു.

(a) <u>ഗാർഹികം</u>

കോവിഡ് കാലത്ത്, മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ, വർദ്ധനവുമൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ് സബ്സിഡി അനുവദിച്ചിരുന്നു. താഴെപ്പറയുന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചത്. 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്.

(i) ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപയോഗ പരിധിയില്ലാതെ സൗജന്യമായി (20-4-2020 മുതൽ 19-6-2020 വരെ ലഭിക്കുന്ന ബില്ലിൽ) തന്നെ നൽകിയിട്ടുണ്ട്.

(ii) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതും ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിയിരുന്ന വൈദ്യുതി, അവരുടെ ഉപഭോഗം എത്രയായിരുന്നാലും മുകളിൽ സൂചിപ്പിച്ച കാലയളവിൽ യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.

(iii) ലോക്ഡൗൺ കാലയളവിന് മുൻപ് പ്രതിമാസ ശരാശരി ഉപഭോഗം 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്ക് ലോക്ഡൗൺ കാലയളവിലെ അധിക ഉപഭോഗം മൂലമുണ്ടായിട്ടുള്ള വൈദ്യുതി ബിൽ തുകയുടെ (20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകൾ) വർദ്ധനവിന്റെ 50 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്.

(iv) പ്രതിമാസ ശരാശരി ഉപഭോഗം, 100 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 30 ശതമാനം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(v) പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 25 ശതമാനം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

(vi) പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റിൽ കൂടുതലായാൽ വർദ്ധനവിന്റെ 20 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്.

(vii) 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകൾ 31-12-2020 വരെ പലിശരഹിതമായി ഒരുമിച്ചോ തവണ വ്യവസ്ഥയിലോ അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു.

(b) <u>വാണിജ്യ, വ്യവസായ ഉപഭോക്താക്കളും സ്വകാര്യ ആശുപത്രികളും</u>

(i) സ്വകാര്യ ആശുപത്രികൾക്കും വ്യവസായ/വാണിജ്യ ഉപഭോക്താക്കൾക്കും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവ് നൽകിയിട്ടുണ്ട്.

(ii) ബാക്കിയുള്ള (75 ശതമാനം) ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്, 15-12-2020 വരെ പലിശരഹിതമായി അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു.

(ബി) ലോക്ഡൗൺമൂലം വരുമാനമാർഗ്ഗം ഇല്ലാതായതിനാൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ല് അടയ്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ?

രാജ്യത്തെ സമസ്ത മേഖലകളുടെയും പ്രവർത്തനം ലോക്ഡൗൺ കാലയളവിൽ തടസ്സപ്പെട്ടതുമൂലവും മിക്കവാറും എല്ലാ ജനവിഭാഗങ്ങളുടെയും വരുമാനമാർഗ്ഗം ഗണ്യമായി കുറഞ്ഞതുമൂലവും കൃത്യമായ മാസവരുമാനമില്ലാത്ത ഉപഭോക്താക്കൾക്ക്, വൈദ്യുതി ബില്ലുകൾ അടയ്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരത്തിൽ എത്ര ഉപഭോക്താക്കളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ലോക്ക്ഡൗൺമൂലം വരുമാന മാർഗ്ഗം ഇല്ലാതായത് മൂലം വൈദ്യുതി ബിൽ അടയ്ക്കാത്ത ഉപഭോക്താക്കളുടെ എണ്ണം ലഭ്യമല്ല. എന്നാൽ വൈദ്യുതി ബില്ലിൽ കുടിശ്ശിക വരുത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | കുടിശ്ശിക വരുത്തിയ ഉണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 256123 |
| കൊല്ലം | 206986 |
| പത്തനംതിട്ട | 83152 |
| കോട്ടയം | 174483 |
| ആലപ്പുഴ | 192137 |
| എറണാകുളം | 314522 |
| ഇടുക്കി | 93160 |
| തൃശ്ശൂർ | 349194 |
| പാലക്കാട് | 254619 |
| മലപ്പുറം | 331365 |
| കോഴിക്കോട് | 299042 |

| | |
|---|---|
| കണ്ണൂർ | 190619 |
| വയനാട് | 68434 |
| കാസർഗോഡ് | 122845 |
| ആകെ | 2936681 |

(ഡി) ലോക്ഡൗൺ കാലത്തെ ബില്ലടയ്ക്കാൻ സമയം നീട്ടിക്കൊടുത്തിരുന്നോ; എങ്കിൽ നീട്ടിക്കൊടുത്ത സമയം കഴിഞ്ഞിട്ടും ബില്ലടയ്ക്കാത്ത എത്ര പേരുടെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ലോക്ക്ഡൗൺ കാലത്തെ വൈദ്യുതിബിൽ തുക അടയ്ക്കുന്നതിന് ഗാർഹിക ഉപഭോക്താക്കൾക്ക് 31-12-2020 വരെ സമയം നീട്ടി നൽകിയിരുന്നു. നീട്ടി ക്കൊടുത്ത സമയ പരിധി അവസാനിച്ചതിനാൽ ഉപഭോക്താക്കൾക്ക് വീണ്ടും നോട്ടീസ് കൊടുത്ത് കുടിശിക ഈടാക്കാനുള്ള നടപടികൾ KSEBL ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള സമയ പരിധി ആയിട്ടില്ല. എന്നാൽ ലോക്ക്ഡൗൺ കാലയളവിലല്ലാതെയുള്ള ബില്ലുകളിൽ കുടിശിക നിലവിലുണ്ടെങ്കിൽ ആ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ KSEBL വിച്ഛേദിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഇൻഡസ്ട്രിയൽ കൊമേഴ്സ്യൽ ഉപഭോക്താക്കൾക്കും പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജിന്റെ 25 ശതമാനം റിബേറ്റ് നൽകുകയും ബാക്കി 75 ശതമാനം പിഴ കൂടാതെ ഒടുക്കുന്നതിന് 15-12-2020 വരെ സമയം അനുവദിച്ചിരുന്നു. സമയം നീട്ടി കൊടുത്തിട്ടും ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുന്ന തിനുള്ള നടപടികളുടെ ഭാഗമായി അരിയർ നോട്ടീസ് നൽകി വരുന്നു.

**വൈദ്യുത വാഹനങ്ങൾക്ക് ചാർജിംഗ് സൗകര്യം**

192(598)ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എം. ഷാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതവാഹനങ്ങൾക്ക് ചാർജിംഗ് സൗകര്യം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തുടനീളം മതിയായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചു വരുന്നു. ആദ്യപടിയായി 6 കോർപ്പറേഷനുകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

കൂടാതെ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ/പൊതുമേഖലയുടെ ഉടമസ്ഥതയിലുള്ള 12 സ്ഥലങ്ങൾകൂടി ഉൾപ്പെടുന്നു.

അനെർട്ടിന്റെ കാർബൺ ന്യൂട്രൽ ഗവേർണൻസ് പ്രോജക്ടിന്റെ ഭാഗമായി അനെർട്ടും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL-മായി ചേർന്ന് സംസ്ഥാനത്തിന്റെ എല്ലാതാലൂക്ക് കേന്ദ്രങ്ങളിലും പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ, അനെർട്ടും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ EESL-ഉം സംയുക്തമായി, KTDC, DTPC, സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള 4 സ്ഥലങ്ങളിൽ പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. അഞ്ചു സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ, 12 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആയി വരുന്നു. കേരളത്തിലെ പ്രധാന റോഡുകളായ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മറ്റു പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ 25 kM ഇടവിട്ട് സോളാറിൽ പ്രവർത്തിക്കുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മുതൽ മുടക്കാൻ സന്നദ്ധരായവരിൽനിന്നും കുറഞ്ഞത് 500 Sqm വസ്തു ഉള്ളവരിൽനിന്നും അനെർട്ട് അപേക്ഷ ക്ഷണിച്ചു വരുന്നു. കേന്ദ്ര/ സംസ്ഥാന ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സ്വകാര്യ മേഖലയിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിതമാകുന്നുണ്ട്. ഇത്തരം സ്റ്റേഷനുകൾക്ക് ഗ്രിഡ് കണക്ടിവിറ്റി കെ.എസ്.ഇ.ബി.എൽ. നൽകിവരുന്നു.

(ബി) ഈ സൗകര്യം സ്വകാര്യമേഖലയെ ഏൽപ്പിക്കാനാണോ ഉദ്ദേശിക്കുന്നത്?

സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തുടനീളം മതിയായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചു വരുന്നു. ആദ്യപടിയായി 6 കോർപ്പറേഷനുകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

കൂടാതെ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ/പൊതുമേഖലയുടെ ഉടമസ്ഥതയിലുള്ള 12 സ്ഥലങ്ങൾകൂടി ഉൾപ്പെടുന്നു. അനെർട്ടിന്റെ കാർബൺ ന്യൂട്രൽ ഗവേർണൻസ് പ്രോജക്ടിന്റെ ഭാഗമായി അനെർട്ടും കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL -മായി ചേർന്ന് സംസ്ഥാനത്തിന്റെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ, അനെർട്ടും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ EESL-ഉം സംയുക്തമായി, KTDC, DTPC, സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള 4 സ്ഥലങ്ങളിൽ പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. അഞ്ചു സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നു. കൂടാതെ, 12 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആയി വരുന്നു. കേരളത്തിലെ പ്രധാന റോഡുകളായ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മറ്റു പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ 25 kM ഇടവിട്ട് സോളാറിൽ പ്രവർത്തിക്കുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മുതൽ മുടക്കാൻ സന്നദ്ധരായവരിൽനിന്നും കുറഞ്ഞത് 500 Sqm വസ്തു ഉള്ളവരിൽ നിന്നും അനെർട്ട് അപേക്ഷ ക്ഷണിച്ചുവരുന്നു. കേന്ദ്ര/സംസ്ഥാന ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സ്വകാര്യ മേഖലയിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിതമാകുന്നുണ്ട്. ഇത്തരം സ്റ്റേഷനുകൾക്ക് ഗ്രിഡ് കണക്ടിവിറ്റി കെ.എസ്.ഇ.ബി.എൽ. നൽകിവരുന്നു.

(സി) ചാർജിംഗ് സ്റ്റേഷനുകൾ വൈദ്യുത ബോർഡിന്റെ നിയന്ത്രണത്തിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തുടനീളം മതിയായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ നടപടി സ്വീകരിച്ചു വരുന്നു. ആദ്യപടിയായി 6 കോർപ്പറേഷനുകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

കൂടാതെ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ/പൊതുമേഖലയുടെ ഉടമസ്ഥതയിലുള്ള 12 സ്ഥലങ്ങൾകൂടി ഉൾപ്പെടുന്നു. അനെർട്ടിന്റെ കാർബൺ ന്യൂട്രൽ ഗവേർണൻസ് പ്രോജക്ടിന്റെ ഭാഗമായി അനെർട്ടും കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL മായി ചേർന്ന് സംസ്ഥാനത്തിന്റെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ, അനെർട്ടും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ EESL-ഉം സംയുക്തമായി, KTDC, DTPC, സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള 4 സ്ഥലങ്ങളിൽ പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. അഞ്ചു സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നു. കൂടാതെ, 12 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആയി വരുന്നു. കേരളത്തിലെ പ്രധാന റോഡുകളായ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മറ്റു പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ 25 kM ഇടവിട്ട് സോളാറിൽ പ്രവർത്തിക്കുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മുതൽ മുടക്കാൻ സന്നദ്ധരായവരിൽനിന്നും കുറഞ്ഞത് 500 Sqm വസ്തു ഉള്ളവരിൽനിന്നും അനെർട്ട് അപേക്ഷ ക്ഷണിച്ചുവരുന്നു. കേന്ദ്ര/സംസ്ഥാന ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സ്വകാര്യ മേഖലയിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിതമാകുന്നുണ്ട്. ഇത്തരം സ്റ്റേഷനുകൾക്ക് ഗ്രിഡ് കണക്ടിവിറ്റി കെ.എസ്.ഇ.ബി.എൽ. നൽകിവരുന്നു.

## കെ.എസ്.ഇ.ബി.-യുടെ ബിൽ കുടിശ്ശിക

193(599) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ കെ.എസ്.ഇ.ബി. ബിൽ അടക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഇളവ് നൽകിയിരുന്നോ; വിശദമാക്കുമോ?

ഇളവുകൾ നൽകിയിരുന്നു. ലോക്ഡൗൺ കാലത്ത് ഗാർഹികം, വ്യവസായം, വാണിജ്യം എന്നീ താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും അവരുടെ വൈദ്യുതി ചാർജ്ജിൽ ഇളവുകൾ നൽകിയിരുന്നു.

(a) ഗാർഹികം

കോവിഡ് കാലത്ത്, മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ, വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ് സബ്സിഡി അനുവദിച്ചിരുന്നു. താഴെപ്പറയുന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചത്. 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്.

(i) ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20-4-2020 മുതൽ 19-6-2020 വരെ ലഭിക്കുന്ന ബില്ലിൽ) തന്നെ നൽകിയിട്ടുണ്ട്.

(ii) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിയിരുന്ന വൈദ്യുതി, അവരുടെ ഉപഭോഗം എത്രയായിരുന്നാലും മുകളിൽ സൂചിപ്പിച്ച കാലയളവിൽ യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.

(iii) ലോക്ഡൗൺ കാലയളവിന് മുൻപ് പ്രതിമാസ ശരാശരി ഉപഭോഗം 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്ക് ലോക്ഡൗൺ കാലയളവിലെ അധിക ഉപഭോഗംമൂലമുണ്ടായിട്ടുള്ള വൈദ്യുതി ബിൽ തുകയുടെ (20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകൾ) വർദ്ധനവിന്റെ 50 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്.

( iv) പ്രതിമാസ ശരാശരി ഉപഭോഗം, 100 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 30 ശതമാനം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(v) പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 25 ശതമാനം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

(vi) പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റിൽ കൂടുതലായാൽ വർദ്ധനവിന്റെ 20 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്.

(vii) 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകൾ 31-12-2020 വരെ പലിശരഹിതമായി ഒരുമിച്ചോ തവണ വ്യവസ്ഥയിലോ അടക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു.

(b) <u>വാണിജ്യ, വ്യവസായ ഉപഭോക്താക്കളും സ്വകാര്യ ആശുപത്രികളും</u>

(i) സ്വകാര്യ ആശുപത്രികൾക്കും വ്യവസായ/വാണിജ്യ ഉപഭോക്താക്കൾക്കും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവ് നൽകിയിട്ടുണ്ട്.

(ii) ബാക്കിയുള്ള (75 ശതമാനം) ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്, 15-12-2020 വരെ പലിശരഹിതമായി അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു.

(ബി) ഇതുമൂലം കെ.എസ്.ഇ.ബി.-യുടെ ബിൽ കുടിശ്ശികയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നറിയിക്കാമോ?

ഇളവുകൾ അനുവദിച്ചതിലൂടെ കുടിശ്ശിക ഉണ്ടായിട്ടില്ല. എന്നാൽ കോവിഡ് മഹാമാരിയുടെ സാഹചര്യം ഉപഭോക്താക്കൾക്ക് ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധിയുടെ സാഹചര്യം വൈദ്യുതിബിൽ കുടിശ്ശികയും വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. 31-3-2020 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1886.47 കോടി രൂപയും 31-12-2020 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 2703.44 കോടി രൂപയുമാണ്. വർദ്ധനവ് 816.97 കോടി രൂപ.

(സി) സർക്കാർ/ഗാർഹിക/സ്വകാര്യ വ്യക്തികൾ വരുത്തിയ കുടിശ്ശിക നിലവിൽ എത്രയാണെന്നറിയിക്കാമോ?

31-12-2020 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സർക്കാർ സ്ഥാപനങ്ങൾ | |
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 104.66 കോടി രൂപ |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 651.24 കോടി രൂപ |
| കേന്ദ്ര സർക്കാർ വകുപ്പുകൾ | 4.14 കോടി രൂപ |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 69.88 കോടി രൂപ |
| ആകെ | 829.92 കോടി രൂപ |
| ഗാർഹിക ഉപഭോക്താക്കൾ | 715.45 കോടി രൂപ |
| സ്വകാര്യ സ്ഥാപനങ്ങൾ | 1029.86 കോടി രൂപ |

(ഡി) ലോക്ഡൗൺ കാലത്തിനുശേഷം കുടിശ്ശിക വരുത്തിയവരിൽനിന്നും കെ.എസ്.ഇ.ബി. പിഴ പലിശ ഈടാക്കുന്നുണ്ടോ എങ്കിൽ എത്ര ശതമാനം; വിശദവിവരങ്ങൾ നൽകുമോ?

സമയം നീട്ടികൊടുത്തിട്ടും തുക ഒടുക്കാത്തവരിൽനിന്നും കെ.എസ്.ഇ.ബി. പലിശ ഈടാക്കുന്നുണ്ട്. 30 ദിവസം വരെയുള്ള കുടിശ്ശികയ്ക്ക് 12 ശതമാനവും 30 ദിവസത്തിൽ കൂടുതലായ കുടിശ്ശികയ്ക്ക് 18 ശതമാനവുമാണ് പലിശ ഈടാക്കി വരുന്നത്.

**സമ്പൂർണ്ണ വൈദ്യുതീകരണ നേട്ടം**

194(600) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണ നേട്ടം കൈവരിച്ചശേഷം ഉപഭോക്തൃ താത്പര്യങ്ങൾക്ക് അനുസൃതമായി ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ദ്യുതി 2021 എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കുന്നതിനും വൈദ്യുതി വിതരണത്തിലെ കൃത്യതയും വിശ്വാസ്യതയും ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനും പ്രധാനമായും ഗ്രാമ-നഗര വ്യത്യാസമില്ലാതെ എല്ലായിടത്തും തടസ്സരഹിതമായ വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതി 2021 പദ്ധതിയുടെ മറ്റു ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- സമ്പൂർണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുക.
- വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക.
- ഏറ്റവും മെച്ചപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.

ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവൃത്തികൾ ഇനിപ്പറയുന്നു. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി. അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, HT-LT ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്.

ഇതിൽ എച്ച്.റ്റി. ശൃംഖലയുടെ എല്ലാഭാഗത്തും കുറഞ്ഞത് രണ്ടുസ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും കോവിഡ് - 19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല, എന്നിരുന്നാലും ഇതുവരെ 1107 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിമൂലം വൈദ്യുതി മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പാക്കേജുകൾ പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ പ്രധാനപ്പെട്ട സബ് സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തപ്പെടുകയും ടി സബ് സ്റ്റേഷനുകൾ 220 കെ.വി. ട്രാൻസ്മിഷൻ ലൈൻ വഴി ബന്ധിപ്പിക്കുന്ന തോടുകൂടി കേരളത്തിലെ വൈദ്യുതി പ്രസരണം ശക്തിപ്പെടുകയും പ്രസരണ നഷ്ടത്തിൽ ഗണ്യമായ കുറവ് സംഭവിക്കുകയും ചെയ്യും. കൂടാതെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ദ്രുതഗതിയിൽ നിർമ്മാണം പുരോഗമിക്കുന്ന 440 കെ.വി. സബ് സ്റ്റേഷനുകൾ യാഥാർത്ഥ്യമാകുന്നതോടെ അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുകയും ഇതുവഴി മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൂടുതൽ വൈദ്യുതി നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് സാധ്യമാകുന്നതുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടർ വൈദ്യുതീകരണ ത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി 174 കോടിയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. 2017 മേയ് മാസത്തിൽ പൂർത്തിയായ ടി പദ്ധതി പ്രകാരം 1.51 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കാനായി. കൂടാതെ "ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)" പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ഉപപ്രസരണ വിതരണ ശൃംഖലകളുടെ ശാക്തീകരണവും വിപുലീകരണവും ഉൾപ്പടെ BPL സർവ്വീസ് കണക്ഷനുകൾ നൽകിയ പ്രവൃത്തിക ൾക്കായി 5-1-2016 മുതൽ 504.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ നേട്ടം കൈവരിച്ചശേഷം സമ്പൂർണ്ണ വൈദ്യു തീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തിനായി 2018 മുതൽ 2022 വരെയുള്ള കാലയളവിലെ തുടർ വൈദ്യുതീകരണത്തിനായി

1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി നൽകുന്നതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു.

(ഡി) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ പരമാവധി വിനിയോഗത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ വിശദമാക്കാമോ?

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ വിനിയോഗത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളിൽ കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ (റിന്യൂവബ്ൾ എനർജി & എനർജി സേവിംഗ്സ്)-ന്റെ കാര്യാലയം മുഖേന പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ റൂഫ് ടോപ്പ് സോളാർ, ഫ്ലോട്ടിംഗ് സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതികളുടേയും കാറ്റിൽ നിന്നുള്ള വൈദ്യുതോത്പാദന പദ്ധതികളുടേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* എനർജി മാനേജ്മെന്റ് സെന്റർ മുഖേന പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ പരമാവധി വിനിയോഗത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം നഗരത്തിലെ കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമ ചുഴി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടർബൈൻ ഉപയോഗിച്ച് 20kW (2x10KW) മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി, കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് കണക്റ്റ് ചെയ്തുകഴിഞ്ഞു. പദ്ധതിയുടെ യന്ത്രസംവിധാനങ്ങളുടെ ഊർജ്ജക്ഷമത കൂട്ടുന്നതിന് വേണ്ടിയുള്ള, ഗവേഷണ നിരീക്ഷണ പരിപാടികൾ നടന്നു കൊണ്ടിരിക്കുന്നു.

അനെർട്ട് മുഖേനയുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സൗര-ഊർജ്ജ കേരള മിഷൻ: 'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി. എൽ. -ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. "ബൈ മൈ സൺ" വെബ് പോർട്ടൽ: ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്ന കൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

3. കൺസൽട്ടൻസി-ഡെപ്പോസിറ്റ് വർക്കുകൾ: കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്ക് പ്രകാരം സൗരനിലയം സ്ഥാപിക്കുന്നതിന് നിരവധി സ്ഥാപനങ്ങളിൽനിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിക്കുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിനായി അനെർട്ട് കൺസൾട്ടൻസി വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഏകദേശം 2.5 മെഗാവാട്ടിന്റെ സൗരനിലയം ഇതിനോടകം ഈ പദ്ധതിപ്രകാരം അനെർട്ട് പൂർത്തീകരിച്ചിട്ടുണ്ട്.

4. പൊതുസ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു: പൊതു സ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി സൗരപദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽനിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യതാപഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ടുരീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ചു നൽകുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽ മുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപങ്ങളിൽനിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ചു വരികയാണ്. ഇവിടെയെല്ലാം സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

5. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(6) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

7. Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി: പ്രസ്തുത പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണുള്ളത്.

ഘടകം (എ): ഈ പദ്ധതിയുടെ നോഡൽ ഏജൻസി കെ.എസ്.ഇ.ബി.എൽ. ആണ്.

ഘടകം (ബി): ഇത് നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃവിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

ഘടകം (സി): ഇതുപ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ്സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനതലത്തിൽ കർഷകരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

8. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ 0.5 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായുള്ള ടെസ്റ്റിംഗ് നടന്നു വരുന്നു.

9. പ്രളയബാധിത പ്രദേശങ്ങളിലെ സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ: നവകേരള സൃഷ്ടിയുടെ ഭാഗമായി സംസ്ഥാനത്തെ എട്ട് ജില്ലകളിലായി പ്രളയബാധിത പ്രദേശങ്ങളിലെ 19 സ്ഥാപനങ്ങളിൽ അനെർട്ട് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുകയാണ്. ആലപ്പുഴ, കോട്ടയം, ഇടുക്കി, കണ്ണൂർ, വയനാട്, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം ജില്ലകളിലായാണ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചി രിക്കുന്നത്. അപേക്ഷകളുടെ അടിസ്ഥാനത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ സാധ്യതാ പഠനം നടത്തിയതിനുശേഷമാണ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു നൽകിയിരിക്കുന്നത്. വൈദ്യുതി ആവശ്യം പൂർണ്ണമായും നിർവഹിക്കാൻ കഴിയുന്ന രീതിയിൽ ബാറ്ററി സ്റ്റോറേജ് സംവിധാനവും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുകയും ചെയ്യുന്ന സംവിധാനവും ഉൾപ്പെടുത്തിയ മാതൃകയാണ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ. കേരളത്തിൽതന്നെ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ആദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പദ്ധതി ചെലവ് 1,22,41,906 രൂപയാണ്. ഇത് പൂർണമായും അനെർട്ടിന്റെ പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയാണ് സ്ഥാപിച്ചിരിക്കുന്നത്. ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയ

ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലാണ് രണ്ടുമുതൽ പത്ത് കിലോവാട്ട് വരെ ശേഷിയുള്ള സൗരവൈദ്യുത നിലയം അനെർട്ട് സ്ഥാപിച്ചിരിക്കുന്നത്.

10. സോളാർ വാട്ടർ ATM: ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളി ജനകീയ ഭക്ഷണശാലയിലും കണ്ണൂർ ജില്ലയിൽ ചക്കരക്കൽ പ്രൈമറി ഹെൽത്ത് സെന്ററിലും സോളാർ വാട്ടർ എ.ടി.എം. അനെർട്ട് സജ്ജീകരിച്ചു കഴിഞ്ഞു. പൂർണമായും സൗരോർജ്ജത്തിന്റെ സഹായത്താൽ വെള്ളം ശുദ്ധീകരിച്ച് ലഭ്യമാക്കുന്ന സംവിധാനമാണ് സോളാർ വാട്ടർ എ.ടി.എം. സോളാർ വാട്ടർ എ.ടി.എം.-ന്റെ പദ്ധതിചെലവ് ഏകദേശം 22 ലക്ഷം രൂപയാണ്. 3 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ സഹായത്തോടെ പ്രതിദിനം 2000 ലിറ്റർ ശുദ്ധജലം വിതരണം ചെയ്യാൻ ഇതിലൂടെ കഴിയും.

11. സൗരോർജ്ജ ശീതസംഭരണി: പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സുഭിക്ഷ നാളികേര ഉൽപ്പാദക കേന്ദ്രത്തിലാണ് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതസംഭരണി അനെർട്ട് സജ്ജീകരിച്ചിരിക്കുന്നത്. 5 മെട്രിക് ടൺ ശേഷിയുള്ള സംഭരണിയുടെ പ്രവർത്തനത്തിന് ആവശ്യമായ 5 HP കംപ്രസ്സർ മോട്ടോർ, 6 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലുകളിൽനിന്നുള്ള വൈദ്യുതിയിലാണ് പ്രവർത്തിക്കുന്നത്.

വൈദ്യുതിയുടെ അഭാവത്തിലും 30 മണിക്കൂർവരെ നിശ്ചിത താഴ്ന്ന ഊഷ്മാവ് നിലനിർത്താൻ സംഭരണിക്ക് സാധിക്കും. കർഷകർക്ക് താങ്ങാകുന്ന സൗരോർജ്ജ ശീതസംഭരണിയെ അനെർട്ട് 2019-20 സാമ്പത്തിക വർഷത്തിൽ മാതൃക പദ്ധതിയായി നടപ്പിലാക്കിയ ഒന്നാണ്. പഴങ്ങൾ, പച്ചക്കറി വർഗ്ഗങ്ങൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന സൗരോർജ്ജ ശീതസംഭരണി കാർഷിക വ്യാവസായിക മേഖലകൾക്ക് ലാഭകരമായ ഒന്നാണ്.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടത്തിയ പ്രവൃത്തികൾ

196(601) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടത്തിയ പ്രവൃത്തികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 35.443 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 7 കി.മീ. ഹൈ ടെൻഷൻ ലൈൻ റീ-കണ്ടക്റ്ററിംഗ് ചെയ്യുകയും 4.185 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 8.08 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും 163.64 കി.മീ ലോ ടെൻഷൻ (LT) ലൈൻ റീകണ്ടക്റ്ററിംഗ് ചെയ്യുകയും 19.17 കി.മീ. ലൈൻ കൺവെർഷൻ ചെയുകയും 34 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക/ശേഷി വർദ്ധിപ്പിക്കുകയും 2 കി.മീ 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എത്ര ട്രാൻസ്ഫോർമറുകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് ലിസ്റ്റ് നൽകാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ, എറണാകുളം, പെരുമ്പാവൂർ എന്നീ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ വരുന്ന സെക്ഷനോഫീസുകളുടെ പരിധിയിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്ഥാപിച്ച/ശേഷി വർദ്ധിപ്പിച്ച 34 ട്രാൻസ്ഫോർമറുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| ഇലക്ട്രിക്കൽ സർക്കിൾ | ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലം | ട്രാൻസ്ഫോർമറുകളുടെ ശേഷി |
|---|---|---|
| എറണാകുളം | പരവൻകടവ് | 100 കെ.വി.എ. |
| | മുല്ലശ്ശേരി കുരിശ് | 100 കെ.വി.എ. |
| | വെള്ളൂർ കനാൽ | 100 കെ.വി.എ. |
| | പുളിയാമ്പിള്ളിമോൾ | 100 കെ.വി.എ. |
| | പാലച്ചുവട് | 100 കെ.വി.എ. |
| | പിണർമുണ്ട | 100 കെ.വി.എ. |
| | ഒളിമ്പച്ചിറ | 160 കെ.വി.എ. |
| | കടമറ്റം | 160 കെ.വി.എ. |
| | പുതുപനം | 160 കെ.വി.എ. |

| | | |
|---|---|---|
| | കരിമുകൾ | 160 കെ.വി.എ. |
| | റെയിൻബോ | 160 കെ.വി.എ. |
| | സന്ധ്യകട | 100 കെ.വി.എ. |
| | നീർമൾ | 100 കെ.വി.എ. |
| | മീൻപ്പാറപ്പാടം | 100 കെ.വി.എ. |
| | മീൻപാറപ്പാടം ഈസ്റ്റ് | 100 കെ.വി.എ. |
| | കപ്പത്താഴം | 100 കെ.വി.എ. |
| | കെമിസ്റ്റ് കോളേജ് | 100 കെ.വി.എ. |
| പെരുമ്പാവൂർ | കിഴക്കമ്പലം | 100 കെ.വി.എ. |
| | പറക്കോട് | 100 കെ.വി.എ. |
| | മക്കിണിക്കര | 100 കെ.വി.എ. |
| | വിലങ്ങ് | 100 കെ.വി.എ. |
| | എടത്തല | 100 കെ.വി.എ. |
| | പൂക്കാട്ടുപടി | 100 കെ.വി.എ. |
| | കീൻപുരം | 100 കെ.വി.എ. |
| | മണക്കാമൂല | 100 കെ.വി.എ. |
| | എം.ഇ.എസ്. സ്കൂൾ | 100 കെ.വി.എ. |
| | നെട്ടമത്തോട് | 100 കെ.വി.എ. |
| | എസ്.എൻ.ഡി.പി. കീൻ | 100 കെ.വി.എ. |

| | | |
|---|---|---|
| | ചെറിവേളിക്കുന്ന് | 100 കെ.വി.എ. |
| | നീലിമല | 100 കെ.വി.എ. |
| | വ്യാപാര ഭവൻ | 100 കെ.വി.എ. |
| | പെരിയാർ | 100 കെ.വി.എ. |
| | പടപറമ്പ് | 100 കെ.വി.എ. |
| | കാരുണ്യവില്ല | 100 കെ.വി.എ. |

(സി) ഈ സർക്കാർ പ്രസ്തുത നിയോജകമണ്ഡലത്തിൽ വൈദ്യുത വകുപ്പിൽ നിന്നും എത്ര ഫണ്ട് വിനിയോഗിച്ചിട്ടുണ്ടെന്ന് പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 36.9 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങ ൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 302.24 ലക്ഷം രൂപയുടെ പ്രവൃത്തികളും KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്കായി 278.89 ലക്ഷം രൂപയും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ 2022 വരെ KSEBL-ന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021' ൽ ഉൾപ്പെടുത്തി 947.20 ലക്ഷം രൂപയുടെ പ്രവൃത്തികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതിയിൽ ഉൾപ്പെടുത്തി 179.01 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ഇതുവരെ ആകെ 1744.24 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷന്റെശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുത്തൻകുരിശ് 66 കെ.വി. സബ്സ്റ്റേഷനിൽ ഒരു 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപനവും അതിനോടനുബന്ധിച്ച പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ഇതിനായി വിനിയോഗിച്ച തുക: 49,88,509 രൂപ (നാല്പത്തി ഒൻപതു ലക്ഷം എൺപത്തിയെട്ടായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ).

## വൈദ്യുത ചാർജ് വർദ്ധനവ്

197(602) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എത്ര തവണ വൈദ്യുത ചാർജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോതവണയുമുള്ള വർദ്ധനയുടെ നിരക്ക് എത്രയാണെന്നും അറിയിക്കുമോ?

നിലവിലുള്ള സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ രണ്ടു തവണ (18-4-2017-ലും 8-7-2019-ലും) വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 18-4-2017-ൽ നിരക്ക് വർദ്ധനവ് 4.77%-ഉം, 8-7-2019-ൽ വർദ്ധനവ് 6.81% -ഉം ആയിരുന്നു.

(ബി) പ്രസ്തുത വർദ്ധനകൾ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരമാണോ അതോ കെ.എസ്.ഇ.ബി.-യുടെ ആവശ്യപ്രകാരമാണോ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം- 2003-ലെ വിവിധ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിൻ പ്രകാരം 17-4-2017-ൽ, കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം 18-4-2017 മുതലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 31-10-2018-ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ബഹു. വർഷ താരിഫ് പെറ്റീഷൻ (Multi year tariff petition) പ്രകാരം, 8-7-2019-ൽ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം പ്രസ്തുത തീയതി മുതലും പ്രാബല്യത്തിൽ വരത്തക്കവിധമാണ് പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്.

## എൻ.ടി.പി.സി.-യുമായുള്ള കരാർ

198(603) <u>ശ്രീ. എം. ഉമ്മർ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. കെ. എൻ. എ. ഖാദർ</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി.-യുമായുള്ള കരാർ പ്രകാരം ഇലക്ട്രിസിറ്റി ബോർഡ് 2025-വരെ എന്ത് തുക ഫിക്സഡ് ചാർജായി നൽകേണ്ടതുണ്ടെന്ന് അറിയിക്കാമോ?

കായംകുളം എൻ.ടി.പി.സി.-യുമായുള്ള വൈദ്യുതി വാങ്ങൽ കരാർ പ്രകാരം CERC നിശ്ചയിക്കുന്ന തോതിലാണ് ഫിക്സഡ് ചാർജ് നൽകുന്നത്. ഏറ്റവും ഒടുവിലായുള്ള CERC താരിഫ് ഓർഡർ പ്രകാരം എൻ.ടി.പി.സി. ഫിക്സഡ് ചാർജ് ഇനത്തിൽ പ്രതിവർഷം 297.65 കോടി രൂപ എന്ന നിരക്കിലാണ് ബിൽ ചെയ്തു കൊണ്ടിരുന്നത്. നിലയത്തിൽനിന്നുള്ള വൈദ്യുതി കേരളം വാങ്ങാത്തതിനാൽ ഇതിന് ഇളവ് വേണമെന്ന് കെ.എസ്.ഇ.ബി. -ആവശ്യപ്പെട്ടു വന്നിരുന്നു.

(ബി) എന്തു തുക നൽകണമെന്നാണ് എൻ.ടി.പി.സി. ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കായംകുളം എൻ.ടി.പി.സി.യുമായുള്ള വൈദ്യുതി വാങ്ങൽ കരാർ പ്രകാരം CERC നിശ്ചയിക്കുന്ന തോതിലാണ് ഫിക്സഡ് ചാർജ് നൽകുന്നത്. ഏറ്റവും ഒടുവിലായുള്ള CERC താരിഫ് ഓർഡർ പ്രകാരം എൻ.ടി.പി.സി. ഫിക്സഡ് ചാർജ് ഇനത്തിൽ പ്രതിവർഷം 297.65 കോടി രൂപ എന്ന നിരക്കിലാണ് ബിൽ ചെയ്തു കൊണ്ടിരുന്നത്. നിലയത്തിൽനിന്നുള്ള വൈദ്യുതി കേരളം വാങ്ങാത്തതിനാൽ ഇതിന് ഇളവ് വേണമെന്ന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടു വന്നിരുന്നു.

(സി) ഇക്കാര്യത്തിലുണ്ടായിരിക്കുന്ന തർക്കം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

എൻ.ടി.പി.സി.യും കെ.എസ്.ഇ.ബി.യും തമ്മിൽ നിലനിന്നിരുന്ന പ്രസ്തുത തർക്കം പരിഹരിക്കുന്നതിന് കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ ഇടപെട്ടതിനെ തുടർന്ന് ഇരുകക്ഷികളും 12-11-2020-ൽ എത്തിച്ചേർന്ന ധാരണ പ്രകാരം കായംകുളം നിലയത്തിന്റെ വാർഷിക ഫിക്സഡ് ചാർജ് ആയി പ്രതിവർഷം 100 കോടി രൂപ നിരക്കിൽ 01.04.2019 മുതൽ കരാർ കാലാവധി തീരുന്ന 2025 ഫെബ്രുവരി മാസം (28.02.2025) വരെ എൻ.ടി.പി.സി.-ക്ക് കെ.എസ്.ഇ.ബി.എൽ. നൽകുവാനുള്ള ധാരണയായി. ഇത് അംഗീകരിച്ചുകൊണ്ട് 1-1-2021-ലെ സ.ഉ.(കൈ)നമ്പർ 1/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

199(604) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്ന പെരിങ്ങമല ഗ്രാമ പഞ്ചായത്തിലെ രണ്ട് വീടുകൾക്കും നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ആറ് വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്ന നന്ദിയോട് പഞ്ചായത്തിലെ ആറു വീടുകളിൽ നാലു വീടുകൾക്ക് വനം വകുപ്പിന്റെ നിയമാനുസൃതമായ അനുമതി യോടുകൂടി വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്. എന്നാൽ നന്ദിയോട് പഞ്ചായത്തിലെ ബാക്കി രണ്ട് വീടുകൾക്കും പെരിങ്ങമല പഞ്ചായത്തിലെ രണ്ട് വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുവാനായി വനത്തിൽകൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഈ നാല് അപേക്ഷകരും ജനറൽ വിഭാഗത്തിൽപ്പെടുന്നവരാണ്.

(ബി) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത വീടുകളിൽ സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത വീടുകളിൽ സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളുടെ നിയമനം

200(605) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം; ഇവർ കമ്മീഷൻ അംഗങ്ങളാകുന്നതിന് മുൻപ് സർക്കാർ തലത്തിൽ വഹിച്ചിരുന്ന ഉദ്യോഗപദവി എന്താണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

നിലവിലെ അംഗങ്ങളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

1. ശ്രീ പ്രേമൻ ദിനരാജ്, ഐ.എ.&എ.എസ് (Rtd.) - ചെയർമാൻ കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ കീഴിൽ ഇൻഡ്യൻ ആഡിറ്റ് & അക്കൗണ്ട്സ് വകുപ്പിൽ കേരളത്തിന്റെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ആയിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക്ക് എനർജിയിൽ 10 വർഷവും ഫോറിൻ ഗവൺമെന്റിന്റെ കീഴിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2. അഡ്വക്കേറ്റ് എ. ജെ. വിൽസൺ - മെമ്പർ, നിയമം അഭിഭാഷകനായും പബ്ളിക്ക് പ്രോസിക്യൂട്ടറായും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ സ്റ്റാൻഡിംഗ് കൗൺസിലായും കേരള സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. നിലവിലുള്ള ഒരു അംഗത്തിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

(ബി) വൈദ്യുത ഉപഭോക്താക്കൾക്ക് നീതി ലഭിക്കാൻ രൂപീകൃതമായ വൈദ്യുത റെഗുലേറ്ററി കമ്മീഷനിൽ ഉപഭോക്താക്കളെ പ്രതിനിധീകരിക്കുന്ന ആരും തന്നെയില്ല എന്നത് കമ്മീഷന്റെ നിഷ്പക്ഷതയെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിക്കുന്നതിനുള്ള യോഗ്യതകളെ സംബന്ധിച്ച് വൈദ്യുതി നിയമം 2003-ലെ എൺപത്തിനാലാം വകുപ്പിൽ സുവ്യക്തമായി പരാമർശിക്കുന്നുണ്ട്. അതിൽ ഉപഭോക്താക്കളുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ, നയങ്ങൾ എന്നിവ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി നിലവിലുണ്ട്.

(സി) പ്രസ്തുത കമ്മീഷന്റെ നിഷ്പക്ഷത ചോദ്യം ചെയ്യാതിരിക്കാൻ കമ്മീഷനിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് നിയമനം നടത്തുമ്പോൾ വൈദ്യുത ബോർഡുമായി ബന്ധപ്പെട്ടവരെ നിയമിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കാമോ?

വൈദ്യുതി നിയമം 2003-ലെ 82, 84, 85 എന്നീ വകുപ്പുകളിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ രൂപീകരണം, ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിക്കുന്നതിനുള്ള യോഗ്യതകൾ, അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയുടെ രൂപീകരണം എന്നിവയെ സംബന്ധിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിയമത്തിലെ എൺപത്തിനാലാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൽ സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും നൈപുണ്യവും, ആർജ്ജവവും, നിലപാടുകളിൽ സ്ഥിരതയുള്ളവരും എഞ്ചിനീയറിംഗ്, ധനകാര്യം, വാണിജ്യം, സാമ്പത്തികം, നിയമം, വ്യവസ്ഥാപനം, (Management) എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ അറിവും, പ്രാപ്തി തെളിയിച്ചവരുമായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതായത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉപവകുപ്പ് പ്രകാരമുള്ള മതിയായ യോഗ്യതയുള്ള ഏതൊരു വ്യക്തിക്കും, അവർ മുൻപു വഹിച്ചിരുന്ന പദവികളോ ചുമതലയുള്ള സ്ഥാപനമോ ബാധകമാകാതെ തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ചെയർമാനായോ അംഗങ്ങളായോ തെരഞ്ഞെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ അത്തരം തെരഞ്ഞെടുപ്പുകൾ/ നിയമനങ്ങൾ, വൈദ്യുതി നിയമം, 2003-ലെ 85 വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതിയുടെ (ഹൈക്കോടതിയുടെ ന്യായാധിപനായിരുന്ന ഒരു വ്യക്തി ചെയർ പേഴ്സണായ മൂന്നംഗ സമിതി) ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും.

(ഡി) ഉത്തർപ്രദേശ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ ആ സംസ്ഥാനത്തെ വൈദ്യുത വിതരണ കമ്പനിയുമായി പൂർവ്വകാല ബന്ധമുണ്ടായിരുന്നുവെന്ന കണ്ടെത്തലിനെത്തുടർന്ന് ഉത്തർപ്രദേശ് ഹൈക്കോടതി അദ്ദേഹത്തെ കമ്മീഷൻ ചെയർമാൻ സ്ഥാനത്തുനിന്നും നീക്കംചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈദ്യുതി നിയമം, 2003-ലെ വകുപ്പ് 85-ലെ അഞ്ചാം ഉപവകുപ്പ് പ്രകാരം സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണായോ, അംഗമായോ ഏതെങ്കിലും വ്യക്തിയെ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് മുമ്പായി അംഗങ്ങളുടെയോ ചെയർമാന്റെയോ പ്രവർത്തനങ്ങളെയോ പ്രതികൂലമായി ബാധിക്കാനിടയുള്ള സാമ്പത്തികമോ അല്ലാത്തതുമായ താൽപ്പര്യങ്ങൾ ഒന്നും തന്നെയില്ലെന്ന് തെരഞ്ഞെടുപ്പ് സമിതി സ്വയം ഉറപ്പു വരുത്തേണ്ടതാണ്. ഉത്തർപ്രദേശ് റെഗുലേറ്ററി കമ്മീഷൻ ചെയർമാനെ തെരഞ്ഞെടുക്കാനുള്ള ശിപാർശ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചപ്പോൾ മുകളിൽ സൂചിപ്പിച്ച ഉപവകുപ്പിന് വിരുദ്ധമായി തങ്ങളിലർപ്പിച്ച ചുമതല നിറവേറ്റുന്നതിനുപകരം സർക്കാരിലേയ്ക്ക് കൈമാറുകയാണുണ്ടായത്. വൈദ്യുതി നിയമം 2003-ൽ നിഷ്കർഷിച്ചതിനു വിരുദ്ധമായി തെരഞ്ഞെടുപ്പ് സമിതി സ്വീകരിച്ച നടപടിയുടെ അടിസ്ഥാനത്തിലാണ് ചെയർമാൻ സ്ഥാനത്തേയ്ക്കുള്ള നിയമനം ഉത്തർപ്രദേശ് ഹൈക്കോടതി റദ്ദാക്കിയത്.

(ഇ) ഉണ്ടെങ്കിൽ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, 23-7-2012-ലെ അതിന്റെ വിധി ന്യായത്തിലൂടെ (WP(C) No.19551 of 2012), കെ.എസ്.ഇ.ബി.-യിൽ വഹിച്ചിരുന്ന പദവികൾ, റെഗുലേറ്ററി കമ്മീഷന്റെ ചെയർമാനോ അംഗമാകുന്നതിനോ തടസ്സമാകില്ലെന്ന് (വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 85(5) പ്രകാരം) പ്രസ്താവിക്കുകയുണ്ടായി. ഉത്തർപ്രദേശ് ഹൈക്കോടതി വിധി ശരിവച്ച സുപ്രീം കോടതി വിധി കേരളാ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ നിയമനത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസിൽ ബാധകമാകില്ലെന്നും പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. (വിധിന്യായത്തിലെ ഖണ്ഡിക 37).

## പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

201(606) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിന്റെ അടങ്കൽ തുകയും ഇനം തിരിച്ച് അറിയിക്കാമോ?

എല്ലാ വീടുകളും വൈദ്യുതീകരിക്കുകയെന്ന ലക്ഷ്യവുമായി ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ ഡി.ഡി.യു.ജി.ജെ.വൈ (DDUGJY), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021, എന്നിവയാണ് പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ. മേൽ പദ്ധതികളുടെ ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (അനുബന്ധം)* നെയ്യാറ്റിൻകര 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി ആയി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാറശ്ശാല സബ്സ്റ്റേഷനിൽ രണ്ട് 110 കെ.വി ഫീഡർ ബേ-യും സബ്സ്റ്റേഷനിൽനിന്നും ഒരു 11 കെ.വി ഫീഡർ നിർമ്മിക്കുകയും ചെയ്തു. അടങ്കൽ തുക ചുവടെപറയുന്ന പ്രകാരമാണ്.

1. 110 കെ.വി ഫീഡറിന് 9.76 കോടി രൂപയാണ് അടങ്കൽ തുക
2. ഉദിയൻകുളങ്ങര സെക്ഷനുവേണ്ടി 11 കെ.വി അമരവിള dedicated ഫീഡർ സ്ഥാപിച്ച വകയിൽ 32 ലക്ഷം രൂപ ചെലവായി.

(ബി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ പാറശ്ശാല മുതൽ പരുത്തിപ്പള്ളി വരെയുള്ള ഭാഗത്തെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവർത്തനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

നിർദ്ദിഷ്ട മലയോര ഹൈവേയുടെ പാറശ്ശാല മുതൽ പരുത്തിപ്പള്ളി വരെയുള്ള ഭാഗത്തെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു. (അനുബന്ധം )*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അങ്കമാലി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

202(607) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശ ങ്ങളിലായി വിതരണ വിഭാഗത്തിന് കീഴിൽ 93.233 കി.മി 11 കെ.വി ലൈൻ വലിക്കുകയും 79 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 1297.28 കി.മി എൽ.ടി ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുകയും 56.09 കി.മി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രളയാനന്തരം പുനരുദ്ധാരണത്തിനും വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ അടങ്കൽ തുക ഇനം തിരിച്ച് ലഭ്യമാക്കാമോ?

2018-ലെ പ്രളായാനന്തര പുനരുദ്ധാരണത്തിന്റെ ഭാഗമായി വീടുകളുടെ കണക്ഷൻ പുന:സ്ഥാപിക്കുന്നതിനുവേണ്ടി 3.51 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2019-ലെ പ്രളയാനന്തര പുനരുദ്ധാരണത്തിനും വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനുംവേണ്ടി 68.32 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനും ആഗോള നിലവാ രത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായി വിതരണ മേഖലയിൽ ബോർഡിന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021'ൽ ഉൾപ്പെടുത്തി, അങ്കമാലി മണ്ഡലത്തിൽ 3652 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഇതിൽ 833 ലക്ഷം രൂപ എച്ച്.ടി ലൈൻ നിർമ്മിക്കുന്നതിനും 229 ലക്ഷം രൂപ എൽ.ടി ലൈൻ നിർമ്മിക്കുന്നതിനും 72 ലക്ഷം രൂപ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനോ അവയുടെ ശേഷി കൂട്ടുന്നതിനോ ആയും 502 ലക്ഷം രൂപ ലൈൻ കൺവെർഷൻ നടത്തുന്നതിനും 855 ലക്ഷം രൂപ ലൈൻ റീ കണ്ടക്ടറിംഗ് നടത്തുന്നതിനും 262 ലക്ഷം രൂപ ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും പോസ്റ്റുകളുടെയും standardization പ്രവൃത്തികൾക്കായും 899 ലക്ഷം രൂപ മറ്റുഅനുബന്ധ പ്രവൃത്തികൾക്കായുമാണ് വകയിരുത്തിയിട്ടുള്ളത്.

പെരിങ്ങൽകുത്തിൽനിന്നും കളമശ്ശേരിയിലേയ്ക്കുള്ള പുതിയ 110 കെ.വി ഇരട്ട സർക്യൂട്ട് ലൈനിന്റെ ഭാഗമായി 16 കി.മീ പുതിയ 110 കെ.വി ലൈൻ അങ്കമാലി മണ്ഡലത്തിൽ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഏകദേശം 10.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മലയാറ്റൂർ സബ്സ്റ്റേഷനിൽ 1.49 കോടി രൂപയുടെ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അങ്കമാലി സബ്സ്റ്റേഷനിൽനിന്നും ഒരു പുതിയ 11 കെ.വി ഫീഡർ അങ്കമാലി മണ്ഡലത്തിലേയ്ക്ക് കൊടുക്കുന്നതിനായി ഏകദേശം 7.5 ലക്ഷം രൂപ ചെലവിൽ ഒരു 11 കെ.വി ഫീഡർ പാനൽ സ്ഥാപിച്ചിട്ടുണ്ട്.

**വൈദ്യുതി വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

203(608) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കഴിഞ്ഞ നാലര വർഷത്തിൽ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ചെറുതും വലുതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

കൊപ്പം 110 കെ.വി സബ്സ്റ്റേഷനിൽ 110/11 കെ.വി 10 എം.വി.എ ട്രാൻസ്ഫോർമർ മാറ്റി 110/11 കെ.വി 12.5 എം.വി.എ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചു. 10 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചത്.

(ബി) മേൽ സൂചിപ്പിച്ച കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും അവയുടെ നിലവിലെ അവസ്ഥ അടക്കമുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ?

പട്ടാമ്പി കീഴായൂരിൽ ഒരു 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു. 2021 മാർച്ച് മാസത്തിനുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ അടങ്കൽ തുക 17.60 കോടി രൂപയാണ്.

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ?

പട്ടാമ്പി തിരുമിറ്റക്കോട് 110 കെ.വി ഡി.സി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. റെയിൽവേയുടേയും ബി.എസ്.എൻ.എൽ.-ന്റെയും അനുമതി ലഭിക്കുന്നതിനനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകും. അടങ്കൽ തുക 3 കോടി രൂപയാണ്.

## മിഷൻ ഇ സേഫ് ഹോം പദ്ധതി

204(609) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക വൈദ്യുത അപകട നിരക്ക് ഭയാനകമാം വിധത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

ഉണ്ട്. ഗാർഹിക മേഖലയിൽ ഉണ്ടാകുന്ന അപകടങ്ങളുടെ മുഖ്യകാരണം പൊതു ജനങ്ങളുടെ അറിവില്ലായ്മയും അശ്രദ്ധയുമാണ്. കൂടാതെ നിലവിലുള്ള വീടുകളിൽ ഇ.എൽ.സി.ബി ഘടിപ്പിക്കാതിരിക്കുന്നതും അപകടങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. ആയത് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ വഴി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. കുടുംബശ്രീ, റെസിഡൻസ് അസോസിയേഷൻ മുഖേനയും ബോധവൽക്കരണ പരിപാടികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ NPG (Non Payment Group) ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്ക് ELCB സ്ഥാപിച്ച് നിലവിലെ വയറിംഗ് നവീകരിക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗാർഹിക അപകടങ്ങൾ കുറയ്ക്കുന്നതിന് മിഷൻ ഇ സേഫ് ഹോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഗാർഹിക മേഖലയിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നത് ലക്ഷ്യമിട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പ് മുമ്പോട്ടുവച്ച പദ്ധതിയാണ് ഇ സേഫ് ഹോം. ഇതിന്റെ ഭാഗമായി വകുപ്പിന്റെ ശ്രമഫലമായി SC, ST, BPL വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന് ശരിയായ രീതിയിൽ റീവയറിംഗ് നടത്തി കുറഞ്ഞത് നാലു പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ അടക്കമുള്ള സുരക്ഷാ ഉപകരണങ്ങളോടുകൂടി ഒരു കുടുംബത്തിന് 12,287 രൂപ ചെലവ് വരുന്ന പദ്ധതി പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി സർക്കാർ (നമ്പർ 192/2020/ ത.സ്വ.ഭ.വ തീയതി 24-1-2020) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ ഭവനങ്ങൾ സൗജന്യമായി റീവയറിംഗ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ആരുടെയൊക്കെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; ഇതിനകം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

SC,ST,BPL വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുമുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് മിനിമം നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ അടക്കം സുരക്ഷാ ഉപകരണങ്ങളോടുകൂടി നവീകരിച്ച് നൽകുന്ന പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 24-1-2020-ലെ GO(Rt)No. 192/2020/ ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതി പഞ്ചായത്താണ് നടപ്പിലാക്കുന്നത്. ആയതിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളി, പുത്തൂർ, ഷോളയൂർ എന്നീ പഞ്ചായത്തിലെ 600 പേരുടെ വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിച്ച് വയറിംഗ് നവീകരിച്ച് നൽകുന്ന പദ്ധതിയും ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്.

**സോളാർ പാനൽ**

205(610) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന വൈദ്യുതി വകുപ്പിന്റെ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കേരള ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷനിൽപ്പെട്ട 'സൗര' പ്രോജക്ടിൽ ഒന്നാംഘട്ടമായി വീടുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കേന്ദ്ര നവ നവീന പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡി നൽകുന്ന പുരപ്പുറ നിലയങ്ങളുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും പദ്ധതിയുടെ പ്രവർത്തനം ജനുവരി 2021 മുതൽ നടപ്പിലാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) വയനാട് ജില്ലയിൽ നിന്നും ഈ പദ്ധതിക്കായി ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

6-1-2021 വരെ 277 പേർ വയനാട് ജില്ലയിൽ നിന്നും ഈ പ്രോജക്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സോളാർ പാനൽ സർക്കാർ ഓഫീസുകളിൽ വ്യാപകമാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

6-8-2020- ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 87/2020/ഊ.വ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡും അനെർട്ടും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

206(611) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരുംവർഷങ്ങളിൽ കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി നൽകാൻ ആലോചനയുള്ള സാഹചര്യത്തിൽ വാഹനങ്ങൾക്ക് ആനുപാതികമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം കെ.എസ്.ഇ.ബി.എൽ-നെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തുടനീളം മതിയായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചുവരുന്നു. ആദ്യ പടിയായി 6 കോർപ്പറേഷനുകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ്സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ്സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ്സ്റ്റേഷൻ, കണ്ണൂർ

കൂടാതെ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ/പൊതുമേഖലയുടെ ഉടമസ്ഥതയിലുള്ള 12 സ്ഥലങ്ങൾകൂടി ഉൾപ്പെടുന്നു. അനെർട്ടിന്റെ കാർബൺ ന്യൂട്രൽ ഗവേർണൻസ് പ്രോജക്ടിന്റെ ഭാഗമായി അനെർട്ടും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL -മായി ചേർന്ന് സംസ്ഥാനത്തിന്റെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ, അനെർട്ടും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ EESL -ഉം സംയുക്തമായി, KTDC, DTPC, സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള 4 സ്ഥലങ്ങളിൽ പബ്ലിക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് കഴിഞ്ഞു. അഞ്ച് സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ, 12 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള

നടപടിയായിവരുന്നു. കേരളത്തിലെ പ്രധാന റോഡുകളായ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മറ്റു പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ 25 kM ഇടവിട്ട് സോളാറിൽ പ്രവർത്തിക്കുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മുതൽമുടക്കാൻ സന്നദ്ധരായവരിൽ നിന്നും കുറഞ്ഞത് 500 Sqm വസ്തു ഉള്ളവരിൽനിന്നും അനെർട്ട് അപേക്ഷ ക്ഷണിച്ചുവരുന്നു.

(ബി) കെ.എസ്.ഇ.ബി.-യുമായി സഹകരിച്ചുകൊണ്ട് ഇതിനായുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന് 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം സ്ഥാപിച്ച 6 സ്റ്റേഷനുകൾ ഇപ്പോൾ ഉപയോഗത്തിലുണ്ട്. ബാക്കിയുള്ള 26 സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. ഈ പദ്ധതി അടുത്ത നാലുമാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് ഇതിനോടകം എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

6 കോർപ്പറേഷനുകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ്സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ്സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ്സ്റ്റേഷൻ, കണ്ണൂർ

ഇതിനോടകം നാല് പബ്ലിക് ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ വിവിധ സ്ഥലങ്ങളിലായി അനെർട്ട് സ്ഥാപിച്ചിട്ടുണ്ട്.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി, ലോ കോളജ് റോഡ്, തിരുവനന്തപുരം
2. കാർ പാർക്ക് ഏരിയ, ശംഖുംമുഖം, തിരുവനന്തപുരം
3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
4. KTDC ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം.

## ഭൂഗർഭ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

207 (612) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു. ചെറായി സബ്സ്റ്റേഷനിൽ നിന്നും 16.61 കി.മീ. കേബിൾ (2.565 കി.മീ. IPDS സ്കീമിലും 14.045 കി.മീ. ദ്യുതി സ്കീമിലും) ചെറായി ഭാഗത്തേക്കും, 8.25 കി.മീ കേബിൾ ഞാറക്കൽ, നെടുങ്ങാട് കോസ്റ്റൽ ഭാഗത്തേക്കും ഭൂഗർഭ വൈദ്യുതി കേബിളുകൾ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഞാറക്കൽ സബ്സ്റ്റേഷനും മുളവ്കാട് സബ്സ്റ്റേഷനും തമ്മിൽ ഇന്റർലിങ്ക് ചെയ്യുവാൻവേണ്ടി 6.33 കി.മീ ഭൂഗർഭ കേബിളുകൾ വലിക്കുന്ന പ്രവൃത്തി ദ്യുതി സ്കീമിൽ പൂർത്തീകരിച്ചു.

(ബി) പദ്ധതി തുക എത്രയെന്നും ഇതിന്റെ പ്രയോജനം എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

31.19 കി.മീ. ഭൂഗർഭ കേബിളുകൾ വലിക്കുന്നതിനായി 9.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (IPDS സ്കീമിൽ 53.14 ലക്ഷം രൂപയും ദ്യുതി സ്കീമിൽ 9.33 കോടി രൂപയും). ടി പദ്ധതി മൂലം ചെറായി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കുവാനും സാധിച്ചു. ഇതുകൂടാതെ 110 കെ.വി നോർത്ത് പറവൂർ, 66 കെ.വി. ഞാറക്കൽ, 33 കെ.വി വടക്കേക്കര സബ്സ്റ്റേഷനുകളിലെ ഓവർലോഡ് ഒഴിവാക്കുവാനും ബാക് ഫീഡിംഗ് സംവിധാനം സ്ഥാപിക്കുക വഴി 52000-ത്തോളം ഉപഭോക്താക്കൾക്ക് നേരിട്ട് പ്രയോജനം കൊടുക്കുവാനും സാധിച്ചു.

(സി) ഏതെല്ലാം പ്രദേശങ്ങളിലേയ്ക്ക് ഇനിയും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാനുണ്ടെന്ന് വിശദമാക്കാമോ; ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

2020-21, 2021-22 എന്നീ വർഷങ്ങളിലെ ദ്യുതി പദ്ധതികളിലായി ചെറായി ഭാഗത്തേക്ക് 2.575 കി.മീ ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തിയും പള്ളത്താംകുളങ്ങരയിൽനിന്ന് അമൃത കോളനി ട്രാൻസ്ഫോർമർ വരെ 1 കി.മീ ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തിയും പുതിയ പിഴല പാലം വഴി പിഴല, മൂലമ്പിള്ളി ദ്വീപുകൾ ഇന്റർലിങ്ക് ചെയ്യുന്നതിനായി 1.25 കി.മീ ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതോല്പാദനത്തിൽ ഉണ്ടായ വർദ്ധനവ്

208(613) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ സംരംഭകർ വഴി 20.5 MW സ്ഥാപിതശേഷി വരുന്ന 3 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW, ആനക്കാംപൊയിൽ 8MW), കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോ വാട്ടിന്റെ മൈക്രോ ജലവൈദ്യുത പദ്ധതി വഴി വൈദ്യുതി ഉത്പാദിപ്പിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു. MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി. പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജലവൈദ്യുതി, സൗരോർജ്ജം, കാറ്റ് തുടങ്ങിയവയിൽ നിന്നുമുള്ള വൈദ്യുതിയുടെ കണക്ക് പ്രത്യേകം വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാൻ നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു. 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള അനുമതി നൽകി. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികളെ വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ ഊർജ്ജ ലഭ്യത ഒരു പരിധിവരെ വർദ്ധിക്കും. വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാൻ അനെർട്ട് മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

1. <u>കൺസൽട്ടൻസി-ഡെപ്പോസിറ്റ് പ്രവർത്തികൾ:</u>

കൺസൾട്ടൻസി ഡെപ്പോസിറ്റ് പ്രകാരം സൗരനിലയം സ്ഥാപിക്കുന്നതിന് നിരവധി സ്ഥാപനങ്ങളിൽനിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിക്കുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിനായി അനെർട്ട് കൺസൾട്ടൻസി വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഏകദേശം 2.5 മെഗാവാട്ടിന്റെ പദ്ധതി ഇതിനോടകം അനെർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. പൊതുസ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി സൗര പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽനിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യതാ പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ട് രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സ്ഥാപനത്തിന്റെ മുതൽമുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് നൽകുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്ക് ഇല്ലാതെ സൗരോർജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇതുവഴി സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപനങ്ങളിൽനിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ചുവരികയാണ്. ഇവിടെയെല്ലാം സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

2. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

3. ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

4. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 0.5 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായുള്ള ടെസ്റ്റിംഗുകൾ നടന്നുവരുന്നു.

## ചെമ്പുകടവ് II വൈദ്യുതപദ്ധതി കനാലിനായി ഏറ്റെടുത്ത ഭൂമി

209(614) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പുകടവ് II വൈദ്യുത പദ്ധതിയുടെ കനാലിനായി ഭൂമിയേറ്റെടുത്തപ്പോൾ കർഷകരുടെ അവശേഷിക്കുന്ന ഭൂമി ഉപയോഗ യോഗ്യമല്ലാതായതും മണ്ണിടിച്ചിൽ നേരിടുന്ന വിഷയവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഈ ഭൂമികൂടി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

പ്രസ്തുത കർഷകരുടെ അത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 15-2-2020 -ലെ ബോർഡ് ഉത്തരവുപ്രകാരം തീരുമാനം എടുത്തിട്ടുള്ളതാണ്.

## ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി

210(615) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ 92.90% ജോലികൾ പൂർത്തിയായി. ബാക്കി ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സിവിൽ ജോലി -98% പൂർത്തിയായി. ഇലക്ട്രോമെക്കാനിക്കൽ ജോലി – 86.17% പൂർത്തിയായി.

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഇവിടെ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

231.21 കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 24 മെഗാവാട്ടിന്റെ ഈ പദ്ധതിയുടെ ഉത്പാദനശേഷി 83.5 മില്ല്യൺ യൂണിറ്റാണ്.

(സി) ഇവിടെ എന്തെല്ലാം സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളാണ് നടക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പവർ ഹൗസ് ഒഴികെയുള്ള എല്ലാ സിവിൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. പവർ ഹൗസിന്റെ അവസാനഘട്ട സിവിൽ വർക്കുകൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ജനറേറ്റർ അസംബ്ലിംഗ് പണികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതി മെയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഊർജ്ജ കേരള മിഷൻ പദ്ധതി

211(616) ശ്രീ. സി. ദിവാകരൻ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 'ഊർജ്ജ കേരള മിഷൻ' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉപപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

അടിസ്ഥാന സൗകര്യവികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. 2021-ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുകയെന്ന ലക്ഷ്യവുമായി ദ്യുതി 2021, കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, 2021 ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളിലടങ്ങുന്നതാണ് ഊർജ്ജ കേരള മിഷൻ.

(സി) സംസ്ഥാനത്തെ വൈദ്യുതി വിതരണശൃംഖല നവീകരിക്കുന്നതിനും വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി മുഖേന സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യ മാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച പ്രവർത്തനം നടന്നുവരുന്നു. നാല് വർഷങ്ങൾ കൊണ്ട് 4036.3 കോടി രൂപ മുതൽമുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021. ഇതിൽ 9936 km ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, HT/LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക ആവശ്യമായ ലൈനുകളിൽ ABC അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവത്കരണങ്ങൾ ഉൾപ്പെടുന്നു. വിതരണ മേഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുകയെന്ന ദൗത്യമാണ് ദ്യുതി-2021-ൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം 2020 നവംബർ വരെ, ഏകദേശം 17 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 8406 കി.മീ എച്ച് റ്റി ലൈൻ, 17369 കി മീ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി.മീ എൽ.റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി 24x7 എന്ന തോതിൽ നിയന്ത്രണമില്ലാതെ വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കാനും വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചതും ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ KSEB വിജയകരമായി പൂർത്തീകരിച്ചു. KSEB യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് – AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാൻ ആയി.

(ഡി) പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണ മേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കു ന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. നാല് വർഷങ്ങൾകൊണ്ട് 4036.3 കോടി രൂപ മുതൽ മുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021. ഇതിൽ 9936 km ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക HT/LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക ആവശ്യമായ ലൈനുകളിൽ ABC അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവത്കരണങ്ങൾ ഉൾപ്പെടുന്നു. വിതരണ മേഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുകയെന്ന ദൗത്യമാണ് ദ്യുതി-2021-ൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം 2020 നവംബർ വരെ, ഏകദേശം 17 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 8406 കി.മീ എച്ച് റ്റി ലൈൻ, 17369 കി.മീ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി മീ എൽ.റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി 24x7 എന്ന തോതിൽ നിയന്ത്രണമില്ലാതെ വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കാനും വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചതും ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ KSEB വിജയകരമായി പൂർത്തീകരിച്ചു. KSEB യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാൻ ആയി.

## അധിക വൈദ്യുതി ഉല്പാദന പദ്ധതി

212(617) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ൽ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചതെന്ന് അറിയിക്കാമോ ?

2020-21-ൽ കെ.എസ്.ഇ.ബി.എൽ. മുഖേന 156 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. 2020-21 കാലയളവിൽ സ്വകാര്യ സംരംഭകർ വഴി 12.5 സ്ഥാപിതശേഷിവരുന്ന 2 ചെറുകിട ജലവൈദ്യുത പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ 2020 ഡിസംബർ 31 വരെ എത്ര മെഗാവാട്ട് സ്ഥാപിതശേഷി അധികമായി സൃഷ്ടിച്ചുവെന്നും ഏതൊക്കെ പദ്ധതികളിലൂടെയെന്നുമുള്ള വിശദാംശം നൽകുമോ?

2020 ഡിസംബർ 31 വരെ കെ.എസ്.ഇ.ബി.എൽ. മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ച 12.5 സ്ഥാപിതശേഷി വരുന്ന 2 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ആനക്കാംപൊയിൽ പദ്ധതി (8MW കോഴിക്കോട് ജില്ല) 2020 ഡിസംബറിൽ പൂർത്തീകരിക്കുകയുണ്ടായി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിയുടെ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

വൈദ്യുത പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസരണ ശൃംഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടേജിലേക്ക് ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപം നൽകി പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെയും അനുബന്ധ പദ്ധതികളുടേയും പൂർത്തീകരണത്തോടെ പ്രസരണ നഷ്ടത്തിൽ 107 മെഗാവാട്ട് കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. ഇതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് ലാഭിക്കാൻ കഴിയും. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇതുമൂലം പ്രസരണ-വിതരണ നഷ്ടം എത്ര ശതമാനം കുറയ്ക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഫലമായി ഏപ്രിൽ 2016-ലെ 4.56% പ്രസരണ നഷ്ടം ആയിരുന്നത് ഏപ്രിൽ 2020 ആയപ്പോഴേക്കും 4.07% ആയി കുറയ്ക്കാൻ കഴിഞ്ഞു. വാർഷിക പ്രസരണ നഷ്ടം 892 ദശലക്ഷം യൂണിറ്റിൽ നിന്നും 797 ദശലക്ഷം യൂണിറ്റായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2020 ഡിസംബറിലെ കണക്കുപ്രകാരം പ്രസരണ നഷ്ടം 3.36% ആണ്.

## വൈദ്യുതി ഉത്പാദനം

213(618) <u>ശ്രീ. എൻ. ഷംസുദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അധികമായി എത്ര യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ പേരും ഉത്പാദനശേഷിയും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 311.4285 മെഗാവാട്ടിന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്.

1. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ജലവൈദ്യുത പദ്ധതികൾ - 12.6 മെഗാവാട്ട് (വെള്ളത്തൂവൽ - 3.6 മെഗാവാട്ട്, പെരുംതേനരുവി – 6 മെഗാവാട്ട്, കക്കയം – 3 മെഗാവാട്ട്)

2. സ്വകാര്യ സംരംഭകരുടെ ജലവൈദ്യുത പദ്ധതികൾ - 12.55 മെഗാവാട്ട് (പതങ്കയം - 8 മെഗാവാട്ട്, കാരിക്കയം – 4.5 മെഗാവാട്ട്, ദേവിയാർ - 0.05 മെഗാവാട്ട്)

3. സൗരോർജ്ജ പദ്ധതികളിൽ നിന്നും 259.2785 മെഗാവാട്ട് പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 16 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ഉത്പാദനം ആരംഭിക്കുവാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; അവ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഈ കാലയളവിൽ വൈദ്യുതോൽപ്പാദനം ആരംഭിക്കാൻ കെ.എസ്.ഇ.ബി.എൽ മുഖേന ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു. പദ്ധതിയുടെ പേര്, സ്ഥാപിതശേഷി (MW) പള്ളിവാസൽ എക്സ്റ്റൻഷൻ-60 പൊരിങ്ങൽകുത്ത് SHEP-24 ഭൂതത്താൻകെട്ട് SHEP- 24 അപ്പർ കല്ലാർ SHEP -2 ചാത്തൻകോട്ടുനട Stage-II SHEP -6 പെരുവണ്ണാമൂഴി SHEP - 6 പഴശ്ശിസാഗർ SHEP - 7.5 തോട്ടിയാർ SHEP -40 ചിന്നാർ SHEP -24 ആനക്കയം SHEP -7.5 വെള്ളത്തൂവൽ SHEP -3.6 പെരുംതേനരുവി SHEP -6 കക്കയം SHEP -3 ഇതിൽ വെള്ളത്തൂവൽ, പെരുംതേനരുവി, കക്കയം എന്നീ പദ്ധതികൾ ഉത്പാദനം ആരംഭിച്ചിട്ടുണ്ട്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സ്വകാര്യ സംരംഭകർക്ക് അനുമതി നൽകിയിട്ടുണ്ട്. പൊതുസ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിനായുള്ള സൗരപദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ട് രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സ്ഥാപനത്തിന്റെ മുതൽമുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് നൽകുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇതുവഴി സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപനങ്ങളിൽനിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ചുവരികയാണ്. ഇവിടെയെല്ലാം സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

## വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് നടപടി

214(619) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുത പ്രസരണ ശേഷിയിലുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന ത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുകയെന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലുള്ളത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം ആകെ 62 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ ആറ് 220 കെ.വി സബ്സ്റ്റേഷനുകളും ഇരുപത്തിയഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. ഇതിനുപുറമെ 1130 CKM പ്രസരണ ലൈൻ നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കാൻ സാധിച്ചു. സംസ്ഥാന സർക്കാർ 256 കോടി രൂപയുടെ അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് മുടങ്ങിക്കിടന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി- മാടക്കത്തറ 400 കെ.വി ലൈനിന്റെ നിർമ്മാണം സെപ്റ്റംബർ 2019-ൽ പൂർത്തീകരിക്കാനായി. പദ്ധതിച്ചെലവ് 1200 കോടി രൂപ. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ 500 MW വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ, വോൾട്ടേജ് നിലവാരത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുഗലൂർ-മാടക്കത്തറ HVDC ഇടനാഴിയുടെ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടു പോകുന്നതിനായി സർക്കാർ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടുകൂടി കേരളത്തിൽ 2000 മെഗാവാട്ട് ശേഷിയുള്ള ഒരു വൈദ്യുതിനിലയം സ്ഥാപിക്കുന്നതിന് തുല്യമായ പ്രയോജനം ലഭിക്കും. 3769 കോടി രൂപ മുതൽ മുടക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. കൂടാതെ ഉഡുപ്പി-കാസർഗോഡ് 400 കെ.വി ലിങ്ക് പദ്ധതി കരാർ ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശ്യംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുകയെന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലുള്ളത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം ആകെ 62 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ ആറ് 220 കെ.വി സബ്സ്റ്റേഷനുകളും ഇരുപത്തിയഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. ഇതിനുപുറമെ 1130 CKM പ്രസരണ ലൈൻ നിർമ്മിച്ച് പ്രവർത്തനം സജ്ജമാക്കാൻ സാധിച്ചു. സംസ്ഥാന സർക്കാർ 256 കോടി രൂപയുടെ അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് മുടങ്ങിക്കിടന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി- മാടക്കത്തറ 400 കെ.വി ലൈനിന്റെ നിർമ്മാണം സെപ്റ്റംബർ 2019-ൽ പൂർത്തീകരിക്കാനായി. പദ്ധതിച്ചെലവ് 1200 കോടി രൂപ. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ 500 MW വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ, വോൾട്ടേജ് നിലവാരത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുഗലൂർ-മാടക്കത്തറ HVDC ഇടനാഴിയുടെ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടുപോകുന്നതിനായി സർക്കാർ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടുകൂടി കേരളത്തിൽ 2000 മെഗാവാട്ട് ശേഷിയുള്ള ഒരു വൈദ്യുതിനിലയം സ്ഥാപിക്കുന്നതിന് തുല്യമായ പ്രയോജനം ലഭിക്കും. 3769 കോടി രൂപ മുതൽമുടക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. കൂടാതെ ഉഡുപ്പി-കാസർഗോഡ് 400 കെ.വി ലിങ്ക് പദ്ധതി കരാർ ചെയ്തിട്ടുണ്ട്.

(സി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

ട്രാൻസ്ഗ്രിഡ് 2.0 (പദ്ധതിച്ചെലവ് 10,000 കോടി രൂപ) മൂന്ന് 400 കെ.വി സബ്സ്റ്റേഷൻ, ഇരുപത്തിരണ്ട് 220 കെ.വി സബ്സ്റ്റേഷൻ, 4390 കി.മി. പ്രസരണ ലൈൻ എന്നിവ ഉൾപ്പെടുന്ന പദ്ധതി രണ്ട് ഘട്ടങ്ങളിലായി 2024 -ൽ പൂർത്തീകരിക്കും. പദ്ധതിയിൽ ഉൾപ്പെട്ട മഞ്ചേരി 220 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും 147 കിലോമീറ്റർ ലൈനിന്റെ നിർമ്മാണവും ഇതിനോടകം പൂർത്തിയാക്കി. 10 സബ്സ്റ്റേഷനുകളും 1,450 കിലോമീറ്റർ ലൈനിന്റെ നിർമ്മാണവും ഈ വർഷം പൂർത്തിയാകും.

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തിയാകുന്നതോടുകൂടി കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുകയും ചെയ്യും

### വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

215 (620) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വിവിധ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ പുരോഗതികൾ വിശദീകരിക്കാമോ?

2021 മാർച്ച് മാസം വരെ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന 101 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളിൽ 62 എണ്ണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 39 പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. 2021 ജനുവരിയിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ:

1. മുണ്ടുപറമ്പ് സർപ്പക്കാവ് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്നതും പുതിയ 3 ഫേസ് ലൈൻ വലിക്കുന്നതുമായ പ്രവൃത്തി.
2. മങ്ങാട്ടുപുലം, ഡോ. സാജു റോഡ് പ്രദേശങ്ങളിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്നതും പുതിയ 3 ഫേസ് ലൈൻ വലിക്കുന്നതുമായ പ്രവൃത്തി.
3. ചെമ്മാൻകടവ് ഒറ്റത്തറ റോഡ് പ്രദേശത്ത് റീ-കണ്ടക്റ്ററിംഗ് പ്രവൃത്തികളും എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തിയും.
4. മണ്ണാമ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.
5. കവലപ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.
6. കുണ്ടിൽപ്പടി പ്രദേശത്ത് പോസ്റ്റ് സ്ഥാപിക്കുന്നതുൾപ്പടെ 390 മീറ്റർ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

7. വലപ്പറമ്പ് പ്രദേശത്ത് എൽ.റ്റി. 3 ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.

8. കുഴിലംകുന്ന് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി

9. പൂക്കോട്ടൂർ പള്ളിമുക്ക് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

10. സലഫി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

11. വളാഞ്ചേരി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

12. ടിപ്പുസുൽത്താൻ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

13. കളത്തിപ്പറമ്പ് കുന്നക്കാട് റോഡ് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്നതും പുതിയ 3 ഫേസ് ലൈൻ വലിക്കുന്നതുമായ പ്രവൃത്തി.

14. 100 kVA മുതിരിപ്പറമ്പ് കളത്തിങ്കൽ മുക്ക് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. ലൈൻ നിർമ്മാണം.

2021 ഫെബ്രുവരിയിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ:

1. 100 kVA പടിഞ്ഞാറേമുക്ക് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

2. 100 kVA ചെറുപറമ്പ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

3. 100 kVA നൂറേങ്ങൽ മുക്ക് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

4. വള്ളുവമ്പ്രം ഇല. സെക്ഷന് കീഴിൽ ചുള്ളേരി പ്രദേശത്ത് വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തി.

5. മലപ്പുറം ഇല. സെക്ഷന് കീഴിൽ കളംതട്ട മുതൽ കോലാർ വരെ HT ABC വലിക്കുന്ന പ്രവൃത്തി.

6. ആനക്കയം ടൗൺ പ്രദേശത്ത് വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തി.

7. ആനക്കയം ഇല. സെക്ഷന് കീഴിൽ വെങ്ങാലൂർ പനായി പ്രദേശത്ത് 11 കെ.വി. ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

8. കണ്ണംകുളം മുതൽ കരുവാൻചേരി പറമ്പ് വരെ വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തി.

9. മലപ്പുറം വെസ്റ്റ് ഇല. സെക്ഷന് കീഴിൽ ആലത്തൂർപ്പടി പ്രദേശത്ത് 11 കെ.വി. ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

10. 300 മീറ്റർ 3 ഫേസ് ലൈൻ വലിച്ച 100 kVA അത്താണിക്കൽ PHC യും കണ്ടിക്കുന്നും തമ്മിൽ LT ലൈൻ ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തി.

11. മൊറയൂർ PHED പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

12. മൊറയൂർ പഞ്ചായത്ത് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

13. പോണ്ടട്ടുമുക്ക് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി

14. അരിമ്പ്ര HS ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

15. തൊട്ടരിപ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

16. മനങ്ങാടപ്പള്ളി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

17. മൊറയൂർ HS ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

18. മൊറയൂർപള്ളി ട്രാൻസ്ഫോർമർ പറക്കാട് ട്രാൻസ്ഫോർമർ എന്നിവയുടെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

19. എടപ്പറമ്പ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

20. സൗത്ത് തൃപാഞ്ചി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

21. 100 kVA പോക്കോട്ടൂർ പള്ളിപ്പടി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് 21 ആയി മാറ്റുന്ന പ്രവൃത്തി.

22. കുട്ടമ്പിക്കൽ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തിയും പുതിയ ലൈൻ നിർമ്മാണവും.

23. 100 kVA കുമ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തിയും ലൈൻ സ്റ്റാൻഡേർഡൈസേഷനും.

24. ചെംബ്രമ്മൽ മുതൽ മുടിത്തൊടിക വരെ 11 കെ.വി. ലൈൻ വലിച്ച് ഇന്റർലിങ്ക് ചെയ്യുന്നതും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതുമായ പ്രവൃത്തി. 2021 മാർച്ചിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തി: തൃപ്പനച്ചി കച്ചേരിക്കുന്ന് പ്രദേശത്ത് വോൾട്ടേജ് മെച്ചപ്പെടുത്തുന്ന പ്രവൃത്തി.

(ബി) ഓരോ പദ്ധതികളും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

2021 മാർച്ച് മാസംവരെ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന 101 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളിൽ 62 എണ്ണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 39 പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

2021 ജനുവരിയിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ:

1. മുണ്ടുപറമ്പ് സർപ്പക്കാവ് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്നതും പുതിയ 3 ഫേസ് ലൈൻ വലിക്കുന്നതുമായ പ്രവൃത്തി.

2. മങ്ങാട്ടുപുലം, ഡോ. സാജു റോഡ് പ്രദേശങ്ങളിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്നതും പുതിയ 3 ഫേസ് ലൈൻ വലിക്കുന്നതുമായ പ്രവൃത്തി.

3. ചെമ്മാൻകടവ് ഒറ്റത്തറ റോഡ് പ്രദേശത്ത് റീ-കണ്ടക്റ്ററിംഗ് പ്രവൃത്തികളും എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തിയും.

4. മണ്ണാമ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

5. കവലപ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

6. കുണ്ടിൽപ്പടി പ്രദേശത്ത് പോസ്റ്റ് സ്ഥാപിക്കുന്നതുൾപ്പെടെ 390 മീറ്റർ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

7. വലപ്പറമ്പ് പ്രദേശത്ത് എൽ.റ്റി. 3 ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.

8. കുഴിലംകുന്ന് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി

9. പൂക്കോട്ടൂർ പള്ളിമുക്ക് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

10. സലഫി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

11. വളാഞ്ചേരി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

12. ടിപ്പുസുൽത്താൻ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

13. കളത്തിപ്പറമ്പ് കുന്നക്കാട് റോഡ് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്നതും പുതിയ 3 ഫേസ് ലൈൻ വലിക്കുന്നതുമായ പ്രവൃത്തി.

14. 100 kVA മുതിരിപ്പറമ്പ് കളത്തിങ്കൽ മുക്ക് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. ലൈൻ നിർമ്മാണം.

2021 ഫെബ്രുവരിയിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ:

1. 100 kVA പടിഞ്ഞാറേമുക്ക് ട്രാൻസ്ഫോർമറിന്റെകീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

2. 100 kVA ചെറുപറമ്പ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

3. 100 kVA നൂറേങ്ങൽ മുക്ക് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

4. വള്ളുവമ്പ്രം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ചുള്ളേരി പ്രദേശത്ത് വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തി.

5. മലപ്പുറം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കളംതട്ട മുതൽ കോലാർ വരെ HT ABC വലിക്കുന്ന പ്രവൃത്തി.

6. ആനക്കയം ടൗൺ പ്രദേശത്ത് വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തി.

7. ആനക്കയം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ വെങ്ങാലൂർ പനായി പ്രദേശത്ത് 11 കെ.വി. ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

8. കണ്ണംകുളം മുതൽ കരുവാൻചേരി പറമ്പ് വരെ വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തി.

9. മലപ്പുറം വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ആലത്തൂർപ്പടി പ്രദേശത്ത് 11 കെ.വി. ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

10. 300 മീറ്റർ 3 ഫേസ് ലൈൻ വലിച്ച് 100 kVA അത്താണിക്കൽ PHC യും കണ്ടിക്കുന്നും തമ്മിൽ LT ലൈൻ ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തി.

11. മൊറയൂർ PHED പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

12. മൊറയൂർ പഞ്ചായത്ത് ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

13. പോണ്ടട്ടുമുക്ക് പ്രദേശത്ത് എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി

14. അരിമ്പ്ര HS ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

15. തൊട്ടരിപ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

16. മനങ്ങാടപ്പള്ളി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

17. മൊറയൂർ HS ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

18. മൊറയൂർപള്ളി ട്രാൻസ്ഫോർമർ പറക്കാട് ട്രാൻസ്ഫോർമർ എന്നിവയുടെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

19. എടപ്പറമ്പ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

20. സൗത്ത് തൃപാഞ്ചി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തി.

21. 100 kVA പോക്കോട്ടൂർ പള്ളിപ്പടി ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് 21 ആയി മാറ്റുന്ന പ്രവൃത്തി.

22. കുടുമ്പിക്കൽ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തിയും പുതിയ ലൈൻ നിർമ്മാണവും.

23. 100 kVA ക്കുമ്പാറ ട്രാൻസ്ഫോർമറിന്റെ കീഴിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആയി മാറ്റുന്ന പ്രവൃത്തിയും ലൈൻ സ്റ്റാൻഡേർഡൈസേഷനും.

24. ചെംബ്രമ്മൽ മുതൽ മുടിത്തൊടികവരെ 11 കെ.വി. ലൈൻ വലിച്ച് ഇന്റർലിങ്ക് ചെയ്യുന്നതും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതുമായ പ്രവൃത്തി.

2021 മാർച്ചിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തി:

തൃപ്പനച്ചി കച്ചേരിക്കുന്ന് പ്രദേശത്ത് വോൾട്ടേജ് മെച്ചപ്പെടുത്തുന്ന പ്രവൃത്തി.

## കൊച്ചി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

216(621) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കൊച്ചി നിയോജക മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകി; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കൊച്ചി നിയോജകമണ്ഡലത്തിൽ 328 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനായി 20,02,713 രൂപ ചെലവഴിച്ചിട്ടുണ്ട്

(ബി) ആയതിന് എത്ര തുക ചെലവായി; ഇതുമൂലം എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കൊച്ചി നിയോജകമണ്ഡലത്തിൽ 328 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനായി 20,02,713 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി കണക്ഷൻ നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കൊച്ചി നിയോജക മണ്ഡലത്തിൽ ഒരു അപേക്ഷകർക്കും കണക്ഷൻ നൽകാൻ ബാക്കിയില്ല.

## സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് നൽകിയ വൈദ്യുതികണക്ഷനുകൾ

217(622) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്ത് എത്ര പേർക്ക് പുതിയതായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതിയിലുൾപ്പെടുത്തി നവംബർ 2020 വരെ ആകെ 17,14,280 എണ്ണം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പ്രതിമാസം ശരാശരി എത്ര പേർക്ക് കണക്ഷൻ നൽകാൻ കഴിയുന്നുണ്ട്?

പ്രതിമാസം ശരാശരി 31,000 കണക്ഷനുകൾ നൽകാൻ കഴിയുന്നുണ്ട്.

(സി) അപേക്ഷ ലഭിച്ച് എത്ര ദിവസത്തിനുള്ളിൽ സാധാരണഗതിയിൽ കണക്ഷൻ നൽകാൻ കഴിയുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസ്-

2015 ലെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് പരാതികൾ പരിഹരിക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും കെ.എസ്.ഇ.ബി.ലിമിറ്റഡ് ബാദ്ധ്യസ്ഥമാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം (85) പ്രകാരം ലൈൻ വലിക്കുന്ന പ്രവൃത്തി ആവശ്യമല്ലാത്ത പക്ഷം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ 19-9-2016 -ലെ ബോർഡ് ഉത്തരവ് പ്രകാരം പുതിയ സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള സമയ പരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം, പുതിയ ലോ ടെൻഷൻ സർവ്വീസ് കണക്ഷനുവേണ്ടി പുതിയ പോസ്റ്റോ, ലൈൻ വലിക്കലോ ആവശ്യമില്ലാത്ത പക്ഷം അപേക്ഷ നൽകി രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ കണക്ഷൻ നൽകുന്നതാണ്. പുതിയ പോസ്റ്റ് സ്ഥാപിക്കണമെങ്കിൽ അപേക്ഷ നൽകി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും ലൈൻ വലിക്കേണ്ടി വരുന്ന പക്ഷം അപേക്ഷ നൽകി 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും കണക്ഷൻ നൽകുന്നതാണ്. പുതിയ ഹൈ ടെൻഷൻ കണക്ഷൻ ലഭിക്കുവാൻ ലൈൻ വലിക്കുന്ന പ്രവൃത്തി ആവശ്യമില്ലാത്ത പക്ഷം അപേക്ഷ നൽകി 30 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ കണക്ഷൻ നൽകുന്നതാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞം

218(623) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി (കാട്ടാക്കട, മാറനല്ലൂർ, പള്ളിച്ചൽ, മലയിൻകീഴ്, വിളവൂർക്കൽ, വിളപ്പിൽ) എത്ര വീടുകൾക്കാണ് സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ, വിളപ്പിൽ, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ, കാട്ടാക്കട എന്നീ ആറ് പഞ്ചായത്തുകളിലായി സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിന്റെ ഭാഗമായി 1456 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. (അനുബന്ധം) * മേൽപ്പറഞ്ഞ ആറ് പഞ്ചായത്തുകളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തിനായി ആകെ ചെലവഴിച്ച തുക 46,30,000 രൂപയാണ്. കാട്ടാക്കട നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയാണ് ലഭ്യമായത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി ആകെ ചെലവായ തുക എത്രയാണെന്നും എം.എൽ.എ. ഫണ്ടിൽ നിന്നും ലഭ്യമായ തുക എത്രയാണെന്നും വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ, വിളപ്പിൽ, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ, കാട്ടാക്കട എന്നീ ആറ് പഞ്ചായത്തുകളി ലായി സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിന്റെ ഭാഗമായി 1456 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. (അനുബന്ധം)* മേൽപ്പറഞ്ഞ ആറു പഞ്ചായത്തുകളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തിനായി ആകെ ചെലവഴിച്ച തുക 46,30,000 രൂപയാണ്. കാട്ടാക്കട നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിനു എം.എൽ.എ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയാണ് ലഭ്യമായത്.

**പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

219(624) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ലക്ഷ്യം നടപ്പിലാക്കാനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ ഉപപ്രസരണ വിതരണ ശൃംഖലകളുടെ ശാക്തീകരണവും, വിപുലീകരണവും ഉൾപ്പടെ BPL സർവ്വീസ് കണക്ഷനുകൾ നൽകിയ പ്രവൃത്തികൾക്കായി "ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)", നഗരങ്ങളിൽ വൈദ്യുതി വിതരണ ശൃംഖലയുടെ നഷ്ടം കുറയ്ക്കുന്നതിനും വിശ്വാസ്യതയും വൈദ്യുതി ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ IPDS, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും, നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കുന്നതിനും, വൈദ്യുതി വിതരണത്തിലെ കൃത്യതയും വിശ്വാസ്യതയും ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനും, പ്രധാനമായും ഗ്രാമ നഗര വ്യത്യാസമില്ലാതെ എല്ലായിടത്തും തടസ്സരഹിതമായ വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതി 2021 എന്നീ പദ്ധതികൾ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ എം.എൽ.എ. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ തുടങ്ങിയവ ഉൾപ്പെടെ ഉപയോഗിച്ച് വികസന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സെക്ഷൻ ചെറുപുഴയുടെ പ്രവർത്തനം ആരംഭിച്ചു. ഇലക്ട്രിക്കൽ ഡിവിഷൻ, പയ്യന്നൂർ ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയായിവരുന്നു. സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിനും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയെന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രധാന ചുമതല. ഇതിനാവശ്യമായ സാങ്കേതിക പരിശീലനം അനെർട്ട് നൽകി വരുന്നു. സംരംഭകരുടെ മുതൽമുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി അനെർട്ട് തുക ചെലവഴിച്ചിട്ടില്ല.

### ആലത്തൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

220(625) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 1,23,77,646 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എം.എൽ.എ ഫണ്ടിൽ നിന്നും 25,01,184 രൂപയും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനതുഫണ്ടിൽ നിന്നും 4,11,837 രൂപയും ഡി. ഡി.യു.ജി.ജെ.വൈ പദ്ധതിയിൽ നിന്നും 68,36,774 രൂപയും എസ്.സി/എസ്.ടി ഡിപ്പാർട്ടുമെന്റിൽ നിന്നും 5,75,318 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും 18,65,563 രൂപയും ഉപഭോക്താക്കളുടെ പക്കൽനിന്നും 1,86,970 രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ?

മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ വനം വകുപ്പിന്റെ സാങ്കേതിക അനുമതി ആവശ്യമുള്ള 96 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

## വൈദ്യുതി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

221(626) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വൈദ്യുതി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര രൂപ വിനിയോഗിച്ചു; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിൽ ബോർഡിന്റെ തനതുഫണ്ട്, സമ്പൂർണവൈദ്യുതീകരണ പദ്ധതി, MLA SDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, എന്നിവയിലുൾപ്പെടുത്തി 78.81 കി. മീ 11 കെ.വി ലൈനും 15.21 കി.മീ. UG cable ഉം നിർമ്മിക്കുകയും, 197.6 കി.മീ. എൽ.റ്റി. ലൈൻ വലിക്കുകയും 62 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 18615 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുത കണക്ഷൻ നൽകി?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ആകെ 19951 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് കൽപ്പറ്റ മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകി?

ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ഇതുവരെ ആകെ 18615 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ വന്നതിനുശേഷം വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന ഗവൺമെന്റ് 2003 ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 108 പ്രകാരം സംസ്ഥാനത്തെ കൺസ്യൂമേഴ്സിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 2014 ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ഭേദഗതി ചെയ്യണമെന്ന് 2016 സെപ്റ്റംബർ 20 -ന് ഗവൺമെന്റ് കമ്മീഷന് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് 2014-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് ഭേദഗതി ചെയ്തുകൊണ്ട് കമ്മീഷൻ 2016 ഒക്ടോബർ 26-ന് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ടി ഭേദഗതി പ്രകാരം

വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അപേക്ഷാഫോറവും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനും ഉപഭോക്താവിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എടുക്കുന്ന നടപടികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിനും വിതരണ ലൈസൻസി നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 2-11-2018-ലെ ബോർഡ് ഉത്തരവുപ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാസാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും തറവാട് വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ 13-3-2020, 5-11-2020-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവുപ്രകാരം കാർഷിക കണക്ഷനുകൾ നൽകുന്നതിനുള്ള കൃഷി ആവശ്യത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധി ഒഴിവാക്കുകയും കൃഷി ഓഫീസറുടെ/മൃഗ സംരക്ഷണ വകുപ്പിലെ ബന്ധപ്പെട്ട അധികാരിയുടെ സക്ഷ്യപത്രം എന്നിവ ഒഴിവാക്കുകയും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ഇ) കൽപ്പറ്റ മണ്ഡലത്തിൽ വിവിധ റോഡ് പ്രവൃത്തികളുടെ ഭാഗമായുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തീകരിച്ചുവോ; ഇല്ലെങ്കിൽ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കൽപ്പറ്റ മണ്ഡലത്തിൽ വിവിധ റോഡ് പ്രവൃത്തികളുടെ ഭാഗമായുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികളുടെ തൽസ്ഥിതി ചുവടെ ചേർത്തിരിക്കുന്നു. മേപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പള്ളികവല മുതൽ ഇയ്യമ്പാറ വരെയും മേപ്പാടി മുതൽ

ചൂരൽമല വരെയും വൈത്തിരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പൊഴുതന മുതൽ അത്തിമൂല വരെയും കമ്പലക്കാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പച്ചിലക്കാട് മുതൽ വരധൂർ റോഡ് വരെയുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കഷ്മീർ മുതൽ ഗവ. പോളി വരെയും കുപ്പടച്ചി മുതൽ കെ ബി റോഡ് വരെയും ചൂരൽമല മുതൽ നീലികാപ്പ് വരെയും കൽപ്പറ്റ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കൽപ്പറ്റവരമ്പെറ്റ റോഡിലെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## പ്രതിവർഷ വൈദ്യുതി ഉപഭോഗം

222(627) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ആവശ്യമായി വേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഈ വർഷം പരമാവധി 4400 മെഗാവാട്ട് വൈദ്യുതിയുടെ ആവശ്യകത കണക്കാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്? സംസ്ഥാനത്ത് പരമാവധി 1650 മുതൽ 1750 മെഗാവാട്ട് വരെ വൈദ്യുതി ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ട് ;

(സി) വൈദ്യുതി സ്വയംപര്യാപ്തത നേടാൻ എത്ര മെഗാവാട്ട് വൈദ്യുതികൂടി ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി സ്വയംപര്യാപ്തത നേടുന്നതിനായി 2750 മുതൽ 2850 മെഗാവാട്ടുവരെ വൈദ്യുതി ആവശ്യമായി വരും.

## സൗരോർജ്ജ വൈദ്യുതി ഉല്പാദനം

223(628) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗര പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ സൗരോർജ്ജ വൈദ്യുതി ഉല്പാദനം 2021 ഓടുകൂടി ആയിരം മെഗാവാട്ട് കൂട്ടിച്ചേർക്കുവാൻ പദ്ധതി ആവിഷ്കരിച്ചിരുന്നോ; അതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

അതെ. 'സൗര' പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ സൗരോർജ്ജ വൈദ്യുതോല്പാദനം 1000 മെഗാവാട്ട് കൂട്ടി ചേർക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ മുഖേനയും ബാക്കി 500 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ, നിലത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾ മുഖേനയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പുരപ്പുറ സോളാർ നിലയങ്ങൾ വഴി 300 മെഗാവാട്ട് 2021-ൽ കൂട്ടി ചേർക്കാനുള്ള ജോലികൾ കെ.എസ്.ഇ.ബി.എൽ മുഖാന്തരം നടന്നുവരുന്നു. 'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് മുഖാന്തരം സാധ്യതാപഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ട് രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സഥാപനത്തിന്റെ മുതൽമുടക്കിൽ സൗരോർജ്ജ നിലയം സഥാപിച്ച് നൽകുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്.

(ബി) പുരപ്പുറ സോളാർ പദ്ധതിക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വീടുകൾക്കുള്ള പുരപ്പുറ സോളാർ പദ്ധതിക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നുണ്ട്. 3 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള പ്ലാന്റുകൾക്ക് പദ്ധതി ചെലവിന്റെ 40% സബ്സിഡി ലഭിക്കും. മൂന്ന് കിലോവാട്ടിന് മുകളിൽ ശേഷിയുള്ള പ്ലാന്റുകൾക്ക് ആദ്യത്തെ മൂന്ന് കിലോവാട്ടിന് 40%-വും നാല് കിലോവാട്ട് മുതൽ പത്ത് കിലോവാട്ട് വരെയുള്ള പ്ലാന്റ് കപ്പാസിറ്റിക്ക് 20%-വുമാണ് സബ്സിഡി.

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉപഭോക്താക്കൾക്ക് ഈ പദ്ധതി ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

സർക്കാരിന്റെ അനുവാദത്തോടുകൂടി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉപഭോക്താക്കൾക്ക് ഈ പദ്ധതിയിൽ പങ്കുചേരാൻ പദ്ധതി ചെലവിന്റെ 12%, 20%, 25% മുതൽ മുടക്കി സബ്സിഡി പ്രോജക്റ്റിൽ പങ്ക് ചേരാം. ഉപഭോക്താവിന്റെ മുതൽമുടക്കും കേന്ദ്ര സബ്സിഡിയും ഒഴികെയുള്ള തുക കേരള ഇലക്ട്രിസിറ്റി ബോർഡ് മുതൽ മുടക്കിയുള്ള കേരള മോഡലുകളും ഈ സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്രപേരെ തെരഞ്ഞെടുത്തുവെന്നും അറിയിക്കാമോ?

6-1-2021-വരെ 14456 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാവരേയും ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനായുള്ള സർവ്വേ നടപടികൾ ജനുവരി 18 മുതൽ ആരംഭിക്കുന്നതാണ്.

(ഇ) ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേരിലെത്തിക്കുന്നതിന് കേന്ദ്രം പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2020-22 വർഷത്തേക്ക് 200 മെഗാവാട്ട് കൂടി സബ്സിഡി സ്കീമിൽ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇതിലൂടെ എത്രപേർക്കുകൂടി പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ കഴിയുമെന്ന് അറിയിക്കാമോ?

2019-20 -ൽ അനുവദിച്ച 50 മെഗാവാട്ട്, 2020-21-ൽ അനുവദിച്ച 200 മെഗാവാട്ടിലുമായി 75000-ലധികം ഉപഭോക്താക്കൾക്ക് ഈ പദ്ധതി മുഖേന പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

## ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികൾ

224(629) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളുടെ സംസ്ഥാനതല പുരോഗതി വ്യക്തമാക്കാമോ?

കേരള ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷനിൽപ്പെട്ട സൗര പ്രോജക്റ്റിൽ ഒന്നാംഘട്ടമായി വീടുകൾ, സ്വകാര്യസ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കേന്ദ്ര നവ നവീന പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡി നൽകുന്ന പുരപ്പുറ നിലയങ്ങളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു. ഒന്നാംഘട്ടത്തിൽപ്പെട്ട 46.5 MW സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. 2019-20-ൽ കേന്ദ്ര സബ്സിഡി അനുവദിച്ച 50 MW ന്റെയും 2020-21 -ൽ അനുവദിച്ച 200 MW ന്റെയും രജിസ്ട്രേഷൻ 2020 മാർച്ചിൽ ആരംഭിക്കുകയും 50 MW ന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഫെബ്രുവരി 2021-ഓടെ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

(ബി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം യൂണിറ്റുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

107 പേർക്കായി 379kW സൗരോർജ്ജം ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായിട്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉടമ്പടി വെച്ച് ആരംഭിച്ചിട്ടുള്ള ഗാർഹിക സൗരോർജ്ജ പദ്ധതികൾ എത്രയാണെന്ന് മുനിസിപ്പാലിറ്റി/പഞ്ചായത്ത് തലത്തിൽ അറിയിക്കാമോ?

ഒന്നാംഘട്ടത്തിൽ 139 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ സൈറ്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. വെൺമണി പഞ്ചായത്തിൽ 3kW ന്റെ ഒരു പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ടാം ഘട്ടത്തിൽ 120 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാവരേയും ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനായുള്ള സർവ്വേ നടപടികൾ ജനുവരി 18 മുതൽ ആരംഭിക്കുന്നതാണ്.

### പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ

225(630) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ, അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 22 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ -ൽ പൂർത്തീകരിച്ചു (16.3175 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 106.14 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL, HINDALCO, പൈവേളികെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി 136.821 മെഗാവാട്ടും കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 259.2875 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02

മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി -യുടെ അധീനതയിലുള്ള സ്ഥലത്ത് ആകെ 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ NHPC മുഖേന 50 മെഗാവാട്ട് ഫ്ലോട്ടിഗ് സോളാർ നടപ്പിലാക്കുന്നതിന് UMREPP സോളാർ പാർക്ക് പദ്ധതി കേന്ദ്ര സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി രൂപവൽക്കരിച്ച് പദ്ധതിക്കാവശ്യമായ ഭൂമിയുടെ രേഖകൾ കെ.എസ്.ഇ.ബി.-യുടെ പരിശോധനയ്ക്കായി NHPC ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ NTPC ഇടുക്കി റിസർവോയറിൽ 125 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിനുവേണ്ടി വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുള്ള നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് -2 മെഗാവാട്ട് പദ്ധതിയും ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് 250 kW പദ്ധതിയും നടപ്പിലാക്കിവരുന്നു അനെർട്ട്

1. സൗര-ഊർജ്ജ കേരള മിഷൻ: 'ഊർജ്ജ കേരള മിഷൻ' 'സൗര' പദ്ധതി പ്രകാരം 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

2. പൊതുസ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു: പൊതു സ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ

ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യതാ പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ട് രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് നൽകുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ചുവരികയാണ്. ഇവിടെയെല്ലാം സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

3. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ. -ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

4. ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

5. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട്

സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 0.5 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായുള്ള ടെസ്റ്റിംഗ് നടന്നുവരുന്നു. പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും ഈ കാലയളവിൽ അധികമായി എത്രശേഷി വൈദ്യുതിയാണ് ഉൽപാദിപ്പിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽനിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 22 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ൽ പൂർത്തീകരിച്ചു (16.3175 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 106.14 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL, HINDALCO, പൈവേളികെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി 136.821 മെഗാവാട്ടും കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 259.2875 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽനിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് ആകെ 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ NHPC മുഖേന 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന് UMREPP സോളാർ പാർക്ക് പദ്ധതി കേന്ദ്ര സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി രൂപവൽക്കരിച്ച് പദ്ധതിക്കാവശ്യമായ ഭൂമിയുടെ രേഖകൾ കെ.എസ്.ഇ.ബി.-യുടെ പരിശോധനയ്ക്കായി NHPC ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ NTPC ഇടുക്കി

റിസർവോയറിൽ 125 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിനുവേണ്ടി വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുള്ള നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് - 2 മെഗാവാട്ട് പദ്ധതിയും ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് 250 kW പദ്ധതിയും നടപ്പിലാക്കി വരുന്നു.

അനെർട്ട്

1. സൗര-ഊർജ്ജ കേരള മിഷൻ: 'ഊർജ്ജ കേരള മിഷൻ' 'സൗര' പദ്ധതി പ്രകാരം 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

2. പൊതു സ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു: പൊതു സ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ട് രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശി ക്കുന്നത്. ഒന്നാമത്തേത് സ്ഥാപനത്തിന്റെ മുതൽമുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് നൽകുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ച് വരികയാണ്. ഇവിടെയെല്ലാം സാധ്യത പഠനം നടന്നുകൊണ്ടിരിക്കുന്നു.

3. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

4. ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

5. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 0.5 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായുള്ള ടെസ്റ്റിംഗ് നടന്നുവരുന്നു. പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

226(631) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പരിധിയിൽ എത്ര ഉപഭോക്താക്കളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീകൃഷ്ണപുരം സെക്ഷൻ ഓഫീസിന്റെ കീഴിൽ നിലവിൽ 25384 ഉപഭോക്താക്കൾ ഉണ്ട്.

(ബി) ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീകൃഷ്ണപുരം സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ശ്രീകൃഷ്ണപുരം, കരിമ്പുഴ, വെള്ളിനേഴി, തച്ചമ്പാറ, കുമരംപുത്തൂർ, പൂക്കോട്ടുകാവ്, കോട്ടോപ്പാടം എന്നീ ഏഴ ഗ്രാമ പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് കരിമ്പുഴ കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതികവിദ്യകൾക്കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നു.

**കോന്നി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

227(632) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ തണ്ണിത്തോടിൽ കെ.എസ്.ഇ.ബി. സബ് എൻജിനീയർ ഓഫീസ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

കോന്നി ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ തണ്ണിത്തോട് കേന്ദ്രീകരിച്ച് ഒരു സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

(ബി) കലഞ്ഞൂർ പഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

കലഞ്ഞൂരിൽ സൗകര്യപ്രദമായ സ്ഥലം സൗജന്യമായി അനുവദിച്ചുകൊണ്ടുള്ള നടപടിക്രമം പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കലഞ്ഞൂർ ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## എടവനക്കാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച്

228 (633) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ജനസാന്ദ്രതയും ഭൂപ്രകൃതിയും കണക്കിലെടുത്ത് എടവനക്കാട് കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) പൊതുജനത്തിന് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് പ്രാമുഖ്യം നൽകുന്ന ടി പ്രൊപ്പോസൽ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

## കുറ്റിക്കോൽ സബ്സ്റ്റേഷൻ

229(634) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 കെ.വി സബ്സ്റ്റേഷന്റെ ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം 27-1-2020 -ന് നിർവ്വഹിച്ചു.

(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ? പ്രാരംഭ സർവ്വേ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് ;

(സി) വകുപ്പ് പറഞ്ഞ പ്രകാരം റവന്യൂ ഭൂമി കൈമാറി തന്നിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

റവന്യൂ ഭൂമി കൈമാറ്റം പൂർത്തിയായിട്ടില്ല.

(ഡി) നടപടികൾ പൂർത്തിയാക്കി എന്ന് നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാവുമെന്ന് അറിയിക്കാമോ?

നടപടികൾ പൂർത്തിയാക്കി 2 മാസങ്ങൾക്കകം നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഞാറക്കൽ 110 കെ. വി. സബ്സ്റ്റേഷന്റെ പുരോഗതി

230(635) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

110 കെ.വി ചെറായി ഞാറക്കൽ ലൈനിന്റെ ദർഘാസ് നടപടികൾ പുരോഗതിയിലാണ്. സ്വിച്ച് യാർഡ് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികളായ സ്ഥലം ഒരുക്കൽ പൂർത്തിയായിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ലൈനിന്റെ നിർമ്മാണം ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങുന്നതായിരിക്കും. ലൈനിന്റെ നിർമ്മാണ പുരോഗതിയനുസരിച്ച് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതായിരിക്കും.

(സി) പ്രവൃത്തി തുടങ്ങുന്നതിലുള്ള കാലതാമസ്സം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ?

2022 ഡിസംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മുടപ്പല്ലൂർ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് മാറ്റം

231 (636) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ മുടപ്പല്ലൂരിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അവിടെ നിന്ന് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

മുടപ്പല്ലൂർ സെക്ഷൻ ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽനിന്ന് മാറുന്നത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) മുടപ്പല്ലൂരിൽനിന്നും പ്രസ്തുത ഓഫീസ് മാറ്റുകയാണെങ്കിൽ മേലാർകോട് പഞ്ചായത്തിലെ ഉപഭോക്താക്കൾ നേരിടാൻ സാധ്യതയുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസ് ഇപ്പോൾ നിലനിൽക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ എല്ലാവർക്കും എത്തിച്ചേരാൻ സൗകര്യമുള്ള മേലാർകോട്ടിലോ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ?

മുടപ്പല്ലൂർ സെക്ഷൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആലത്തൂർ അസംബ്ലി നിയോജകമണ്ഡലം എം.എൽ.എ-യുടെയും മേലാർകോട് ഗ്രാമപഞ്ചായത്തിന്റെയും പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. സെക്ഷൻ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. കെട്ടിടം മാറേണ്ട സാഹചര്യമുണ്ടായാൽ എം.എൽ.എ അടക്കമുള്ള ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കുന്നതാണ്.

## കുന്ദമംഗലം ജി.ഐ.എസ്. സബ്സ്റ്റേഷൻ

232(637) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പുതുതായി ആരംഭിക്കുന്ന 220 കെ.വി ജി.ഐ.എസ്. സബ്സ്റ്റേഷന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാവുമെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം ജി.ഐ.എസ് സബ്സ്റ്റേഷന് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ജി.ഐ.എസ് ഉപകരണങ്ങളുടെ സ്ഥാപനവും ടെസ്റ്റിംഗും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പദ്ധതി ജനുവരി 2021-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സാധാരണ സബ്സ്റ്റേഷനും ജി.ഐ.എസ് സബ്സ്റ്റേഷനും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്നും ജി.ഐ.എസ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമൂലം പ്രസരണ രംഗത്ത് ലഭ്യമാവുന്ന ഗുണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

നിലവിൽ കെ.എസ്.ഇ.ബി.-യിൽ എ.ഐ.എസ് സബ്സ്റ്റേഷനുകളാണ് വ്യാപകമായി ഉപയോഗിക്കുന്നത്. എ.ഐ.എസ് സബ്സ്റ്റേഷനുകളിൽ ആവശ്യമായ എല്ലാ ഉപകരണങ്ങളും തുറസ്സായ സ്ഥലത്ത് വെവ്വേറെ ഘടിപ്പിച്ച് ഉപയോഗിച്ചു വരുന്നു. എന്നാൽ ജി.ഐ.എസ് സബ്സ്റ്റേഷനുകളിൽ ഉപകരണങ്ങൾ എല്ലാം SF6 വാതകം നിറച്ച ലോഹ നിർമ്മിതമായ ചേംബറിൽ ഘടിപ്പിച്ച് ഉപയോഗിക്കുന്നു. ജി.ഐ.എസ് സ്റ്റേഷനുകൾക്ക് അറ്റകുറ്റ പണികൾ എ.ഐ.എസ് സബ്സ്റ്റേഷനുകളെ അപേക്ഷിച്ച് വളരെ കുറവാണ്. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനാൽ ജി.ഐ..എസ് സ്റ്റേഷനുകളുടെ പ്രവർത്തനവും പരിപാലനവും സുഗമവും സുരക്ഷിതവുമാണ്. കുറച്ച് സ്ഥലം മതിയെന്നുള്ളതാണ് ജി.ഐ.എസ് സ്റ്റേഷനുകളുടെ ആകർഷണം. പുതിയ പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസവും നിയമ തടസ്സവും ഒഴിവാക്കാം. വളരെ കുറച്ച് സ്ഥലം മാത്രം ആവശ്യമുള്ളതുകൊണ്ട് കൂടുതൽ മരങ്ങൾ മുറിക്കാതെ നിർമ്മിക്കാനാവും. അതിനാൽ ജി.ഐ.എസ് സ്റ്റേഷനുകൾ കൂടുതൽ പ്രകൃതി സൗഹാർദ്ദമായിരിക്കും.

(സി) കുന്ദമംഗലം ജി.ഐ.എസ് സബ് സ്റ്റേഷൻ പ്രവൃത്തി പൂർത്തിയാവുന്നതോടെ ഏതെല്ലാം പ്രദേശങ്ങൾക്കാണ് ഇതിന്റെ ഗുണം ലഭ്യമാവുകയെന്നത് വിശദീകരിക്കാമോ?

കൊടുവള്ളി, തിരുവമ്പാടി, ബാലുശ്ശേരി നിയോജകമണ്ഡലങ്ങളിൽ വരുന്ന മുഴുവൻ ഉപഭോക്താക്കൾക്കും തടസ്സരഹിത വൈദ്യുതി നൽകാൻ ഈ സബ്സ്റ്റേഷന് സാധിക്കും. മാത്രമല്ല, കക്കയം ജലവൈദ്യുത പദ്ധതിയുടെ ഏറ്റവും അടുത്തുള്ള 220 കെ.വി ഗ്രിഡ് സ്റ്റേഷനായ കുന്ദമംഗലം സബ്സ്റ്റേഷൻ വരുന്നതോടുകൂടി കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ പ്രസരണ ശൃംഖല ശക്തിപ്പെടുകയും അത് വഴി ഈ ജില്ലകളിലെ ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യും.

## കോട്ടക്കൽ മണ്ഡലത്തിലെ സബ് സ്റ്റേഷൻ നിർമ്മാണം

233(638) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ മരവട്ടം 110 KV സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുള്ള വ്യക്തമായ വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ മരവട്ടം 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ മേൽമുറി വില്ലേജിലെ 116.19 സെന്റ് സ്ഥലം (Re-Survey No.300/1) കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരികയാണ്.

(ബി) ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡ് സ്വീകരിച്ച മുഴുവൻ നടപടികളും അറിയിക്കുമോ; വ്യക്തമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ മരവട്ടം 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ മേൽമുറി വില്ലേജിലെ 116.19 സെന്റ് സ്ഥലം (Re-Survey No.300/1) കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈകൊണ്ടുവരികയാണ്.

## വട്ടിയൂർക്കാവ് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

234(639) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു: പട്ടം വൈദ്യുതി ഭവനം കോമ്പൗണ്ടിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു 33 കെ.വി കണ്ടെയ്നർ സബ്സ്റ്റേഷൻ നിർമ്മിക്കുകയും മെഡിക്കൽ കോളേജ് സബ്സ്റ്റേഷനിൽ നിന്നും പ്രസ്തുത കണ്ടെയ്നർ സബ്സ്റ്റേഷനിലേയ്ക്ക് 33 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുകയും അതിനോടനുബന്ധിച്ച് മെഡിക്കൽ കോളേജ് സബ്സ്റ്റേഷനിൽ ഒരു 16MVA

110/33 കെ.വി ട്രാൻസ്ഫോർമർ കമ്മീഷൻ ചെയ്യുകയും ചെയ്തു. കൂടാതെ വിതരണ വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി തിരുമല, പേരൂർക്കട, കന്റോൺമെന്റ്, വെള്ളയമ്പലം, കാച്ചാണി, കുടപ്പനക്കുന്ന്, നാലാഞ്ചിറ, കേശവദാസപുരം എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന വിവിധ പ്രദേശങ്ങളിലായി 90 മീ 11 കെ.വി എബിസി ലൈൻ വലിക്കുകയും, 3.353 കി.മി ഭൂഗർഭ കേബിളുകൾ നിർമ്മിക്കുകയും 4.624 കി.മി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും, 122.31 കി.മി എൽ.ടി ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുകയും 5 Ring Main Unit -കൾ സ്ഥാപിക്കുകയും 2 ഫീഡർ ഇന്റർ ലിങ്കിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ പുതുതായി എത്ര സബ്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്; അവയുടെ ശേഷിയും ഇതിനായി ചെലവഴിക്കപ്പെട്ട തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ പുതുതായി 10 MVA Capacity ഉള്ള സബ്സ്റ്റേഷനുകൾ സ്ഥാപിച്ചു. 5 MVA, 33/11 കെ.വി ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു. വൈദ്യുതി ഭവനം സബ്സ്റ്റേഷനും അനുബന്ധ ജോലികൾക്കുമായി 7.93 കോടി രൂപ ചെലവായി.

(സി) ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസരണ വിഭാഗത്തിന്റെ കീഴിൽ 16 MVA ശേഷിയുള്ള ഒരു ട്രാൻസ്ഫോർമറും 5 MVA ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറും സ്ഥാപിച്ചു. ഇതിലേക്കായി 2.02 കോടി രൂപ ചെലവഴിച്ചു. കൂടാതെ വിതരണ വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലായി 160 kVA-യുടെ 6 ട്രാൻ സ്ഫോർമറുകളും 315 kVA യുടെ 1 ട്രാൻസ്ഫോർമറും 100 kVA-യുടെ 1 ട്രാൻസ്ഫോർമറും 250 kVA യുടെ 1 ട്രാൻസ്ഫോർമറും ഉൾപ്പെടെ ആകെ 9 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒരു 160 kVA ട്രാൻസ്ഫോർമറിന്റെ ശേഷി 315 kVA ആയും മറ്റൊരു 100 kVA ട്രാൻസ്ഫോർമറിന്റെ ശേഷി 250 kVA ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി 79.65 ലക്ഷം രൂപയും ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്നതിനായി 6.7 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ നടപടികളുടെ ഭാഗമായി പ്രസരണ നഷ്ടം എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസരണ മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഫലമായി സംസ്ഥാനത്തെ പ്രസരണ നഷ്ടം ഈ സർക്കാരിന്റെ കാലത്ത് 4.56 ശതമാനത്തിൽ നിന്നും, 4.07 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

## സബ് എഞ്ചിനീയർമാർക്ക് വകുപ്പുതല ഉദ്യോഗക്കയറ്റം

235(640) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ജോലി ചെയ്തുവരുന്ന സബ് എഞ്ചിനീയർമാർക്ക് വകുപ്പുതല ഉദ്യോഗക്കയറ്റം നൽകി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 20% ഒഴിവുകൾ നികത്തപ്പെടേണ്ടത് 31-12-2019-ന് കാലാവധി അവസാനിച്ച അസിസ്റ്റന്റ് എഞ്ചിനീയർ ലിസ്റ്റിൽ നിന്നും നിയമനം നൽകി നികത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20 ശതമാനം ITI ക്വാട്ടയിൽ നിലവിലുണ്ടായിരുന്ന ചില കോടതി വ്യവഹാരങ്ങൾ കാരണം സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്തതുമൂലം ഉണ്ടായ 162 ഒഴിവുകൾ താൽക്കാലികമായി വകമാറ്റി 40 ശതമാനം ക്വാട്ടയിൽ നിയമനം നടത്തുന്നതിനായി KPSC-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് 26.12.2019 -ലെ ബോർഡ് ഉത്തരവ് നമ്പർ B.O (FM) No.959/2019 (EB.1(a)/AE (Ele) 40%/2019 പ്രകാരം തീരുമാനിക്കുകയുണ്ടായി. എന്നാൽ 20 ശതമാനം ITI ക്വാട്ടയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സി.ഇ.എ റെഗുലേഷൻസുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കോടതി വ്യവഹാരങ്ങൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി തലത്തിൽ തീർപ്പായതിനാൽ 21-8-2020-ൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ലെ 20 ശതമാനം ITI ക്വാട്ടയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും സബ്-എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകി നികത്തുകയുണ്ടായി. ആയതിനാൽ നിലവിലെ 20 ശതമാനം ITI ക്വാട്ടയിൽ നിന്നും വകമാറ്റി ഇതര ക്വാട്ടയിൽ ഒരു നിയമനവും നടത്തിയിട്ടില്ല.

(ബി) മീറ്റർ റീഡർ തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് സബ് എഞ്ചിനീയറായി ഉദ്യോഗക്കയറ്റം അനുവദിച്ചപ്പോൾ വന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുപകരം കരാർ നിയമനം നൽകി നികത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ 365 മീറ്റർ റീഡർമാർക്കാണ് സമീപ കാലത്ത് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത്. ഈ പ്രമോഷൻ ഉത്തരവ് ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ വ്യവഹാരത്തിൽപ്പെട്ടിരിക്കുന്നതിനാൽ ഇത് സ്ഥിരം ഒഴിവുകളായി പരിഗണിക്കാൻ ഇപ്പോൾ സാധിക്കുകയില്ല. മീറ്റർ റീഡിംഗിലും മറ്റും നൂതന സാങ്കേതിക വിദ്യ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി, മീറ്റർ റീഡർമാരുടെ എണ്ണത്തിലും സാരമായ മാറ്റം ഉണ്ടാകുവാൻ സാധ്യതയുണ്ട്. എന്നിരുന്നാലും മീറ്റർ റീഡർ തസ്തികയിലെ 218 ഒഴിവുകൾ 20-10-2020 -ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) തമിഴ്നാട്ടിൽ നിന്നും വാങ്ങുന്ന കോൺക്രീറ്റ് ഇലക്ട്രിക്ക് പോസ്റ്റുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ 8 മീറ്റർ, 9 മീറ്റർ എന്നീ തരത്തിലുള്ള പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് പോസ്റ്റുകളാണ് കേരളത്തിനകത്തുനിന്നും പുറത്തു നിന്നുമുള്ള 12 നിർമ്മാതാക്കളിൽനിന്നും വാങ്ങുന്നത്. പോസ്റ്റുകൾ നിർമ്മിക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ അംഗീകരിച്ച ഡിസൈനും ഗുണനിലവാരം ഉറപ്പാക്കുന്നതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ടെസ്റ്റുകൾ നടത്തി സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ കേരളത്തിലെ നിർമ്മാതാക്കൾ ഉണ്ടാക്കുന്ന പോസ്റ്റുകളും ഇതരസംസ്ഥാനങ്ങളിൽ ഉണ്ടാക്കുന്ന പോസ്റ്റുകളും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ സിവിൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരും സേഫ്റ്റി വിഭാഗത്തിലെ ഇലക്ട്രിക്കൽ എഞ്ചിനീയറും കർശന പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ പോസ്റ്റുകളാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ സ്വീകരിക്കുന്നത്. കൂടാതെ പോസ്റ്റുകളുടെ നിർമ്മാണവേളയിൽ മിന്നൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡിസ്ട്രിബ്യൂഷൻ മേഖലാ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പോസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എല്ലാ പോൾകാസ്റ്റിംഗ് യാർഡുകളിലും ഡിപ്പാർട്ട്മെന്റൽ സൂപ്പർവിഷൻ നടത്തുന്നതിനുള്ള നടപടികളും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ സ്വീകരിച്ചിട്ടുണ്ട്.

## പ്രീപെയ്ഡ് മീറ്റർ സംവിധാനം

236(641) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി പ്രീപെയ്ഡ് മീറ്റർ സംവിധാനം കേരളത്തിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഇലക്ട്രിസിറ്റി പ്രീപെയ്ഡ് മീറ്റർ സംവിധാനം നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ബി) ഈ സംവിധാനം വരുന്നതോടെ കുടിശ്ശിക രഹിത വരുമാനത്തിലൂടെ വിദ്യുച്ഛക്തി വകുപ്പിന് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ കഴിയുമെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കിയാൽ വൈദ്യുതി താരിഫിൽ ഉണ്ടാകാവുന്ന കുറവ് പരിശോധിക്കുവാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടുവാനും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ഭേദഗതികൾ റെഗുലേഷനിലും മറ്റു സംവിധാനങ്ങളിലും നടപ്പിലാക്കുവാനും കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിനോട് 19-2-2020-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുകയും മീറ്ററുകളുടെ ഇപ്പോഴത്തെ വിലനിലവാരമടക്കമുള്ള കാര്യങ്ങൾ പരിഗണിക്കുമ്പോൾ പ്രസ്തുത നിർദ്ദേശം കെ.എസ്.ഇ.ബി.-ക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

## അടഞ്ഞുകിടന്ന കെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സുകൾക്കും അധിക വൈദ്യുതി ബിൽ

237(642) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ കാലത്ത് അടഞ്ഞുകിടന്ന കെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സുകൾക്കും അധിക ബിൽ വന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19-നെ തുടർന്ന് നിലവിൽ വന്ന ലോക്ക്ഡൗൺ മൂലം പതിവ് മീറ്റർ റീഡിംഗ് നടപടിക്രമം 23-3-2020 മുതൽ 15-4-2020 വരെ നിർത്തിവച്ചിരുന്നു. അതിനാൽ സപ്ലൈകോഡ് അനുശാസിക്കുന്നവിധം മുമ്പത്തെ ശരാശരി ഉപഭോഗമാണ് വൈദ്യുതി ബില്ലിംഗിനായി ഉപയോഗിച്ചത്.

ഈ ബില്ലുകൾ എസ്.എം.എസ്/ഇ-മെയിൽ വഴിയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയത്. ഇതുമൂലം അടഞ്ഞുകിടന്ന കെട്ടിടങ്ങളിലെ ചില ഉപഭോക്താക്കൾക്ക് കൂടിയ തുകയുടെ ബിൽ കിട്ടിയിരുന്നു. പിന്നീട് മീറ്റർ റീഡിംഗ് പുനഃരാരംഭിച്ചപ്പോൾ യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി ഈ ബില്ലുകൾ റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച പരാതികൾ ഉണ്ടാകാനുള്ള യഥാർത്ഥ വസ്തുതകൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19-നെ തുടർന്ന് നിലവിൽവന്ന ലോക്ക്ഡൗൺമൂലം പതിവ് മീറ്റർ റീഡിംഗ് നടപടിക്രമം 23-3-2020 മുതൽ 15-4-2020 വരെ നിർത്തിവച്ചിരുന്നു. അതിനാൽ സപ്ലൈകോഡ് അനുശാസിക്കുന്നവിധം മുമ്പത്തെ ശരാശരി ഉപഭോഗമാണ് വൈദ്യുതി ബില്ലിംഗിനായി ഉപയോഗിച്ചത്. ഈ ബില്ലുകൾ എസ്.എം.എസ്/ഇ-മെയിൽ വഴിയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയത്. ഇതുമൂലം അടഞ്ഞുകിടന്ന കെട്ടിടങ്ങളിലെ ചില ഉപഭോക്താക്കൾക്ക് കൂടിയ തുകയുടെ ബിൽ കിട്ടിയിരുന്നു. പിന്നീട് മീറ്റർ റീഡിംഗ് പുനഃരാരംഭിച്ചപ്പോൾ യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി ഈ ബില്ലുകൾ റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട് .

(സി) മീറ്റർ തകരാറും മറ്റും കൊണ്ട് വൻതുക ബില്ലായി ലഭിച്ചിട്ടുള്ള വളരെ നിർദ്ധനരായവർ ഉൾപ്പെടെയുള്ളവരുടെ പരാതികൾ യഥാസമയം പരിശോധിച്ച് പരിഹാരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലോക്ക്ഡൗൺ കാലയളവിൽ വൻതുക ബില്ലായി ലഭിച്ച പരാതികൾ പരിശോധിച്ച്, പ്രസ്തുത പരാതി റീഡിംഗ് ലഭ്യമല്ലാത്തത് കാരണം ആണെങ്കിൽ മീറ്റർ റീഡിംഗ് എടുത്ത് ബില്ലുകൾ revise ചെയ്യുവാനും, earth leakage മൂലമുണ്ടായ വൻതുകയുള്ള ബില്ലുകൾ തവണകളായി അടയ്ക്കുവാനുള്ള സൗകര്യം നൽകുവാനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. മീറ്റർ തകരാറുകൾ സംഭവിച്ചതിനാൽ ബില്ലുകൾ വർദ്ധിച്ചതായി പരാതി ഉള്ളവയിൽ മീറ്ററുകൾ പരിശോധിക്കുകയും നിയമാനുസൃതം ബില്ലുകൾ റിവൈസ് ചെയ്ത് കൊടുക്കുകയും ചെയ്യുന്നുണ്ട്.

## പെരുന്തേനരുവി ജലവൈദ്യുത പദ്ധതി

238(643) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ റിസർവോയറിൽ പ്രളയ കാലത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കൽമൂലം സംഭരണ ശേഷിയിൽവന്ന കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പെരുന്തേനരുവി ഒരു റൺ-ഓഫ്-ദി റിവർ സ്കീമാണ്. ആയതിനാൽ ഇതിന് പ്രത്യേക ജലസംഭരണി ഇല്ല. ഈ പദ്ധതി പ്രദേശത്ത് 2018 പ്രളയകാലത്തും തുടർന്ന് 2019, 2020 കാലങ്ങളിലും ഉണ്ടായ ശക്തമായ മഴയും നീരൊഴുക്കും കാരണം അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്ത് വൈദ്യുതി ഉത്പാദനം സുഗമമാക്കുന്നതിനായി ഇൻടേക്ക് ഭാഗത്ത് അടിഞ്ഞുകൂടിയ എക്കൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് നീക്കിയിട്ടുണ്ട്. നദിയിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിനായി പത്തനംതിട്ട ഡിസ്ട്രിക്ട് കളക്ടറോട് അപേക്ഷിച്ചതിൻപ്രകാരം തുടർനടപടികൾക്കായി പത്തനംതിട്ട മേജർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം പരിശോധന നടത്തി കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുവാൻ കഴിഞ്ഞു.

(ബി) വേനൽക്കാലങ്ങളിൽ കടുത്ത ജലക്ഷാമം നേരിടുന്ന വെച്ചൂചിറ, ചിത്തൻതറ തുടങ്ങിയ മേഖലകളിൽ വെള്ളമെത്തിക്കുന്ന പെരുന്തേനരുവി ശുദ്ധജല പദ്ധതിയിലേയ്ക്ക് ഈ റിസർവോയറിൽനിന്നും വൈദ്യുതി ഉത്പാദിപ്പിച്ച ശേഷം പുറന്തള്ളുന്ന വെള്ളം എത്തിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വേനൽക്കാലത്ത് സ്ഥിരമായി പെരുന്തേനരുവി വിയറിന്റെ സ്ലൂയിസ് ഗേറ്റ് ഉയർത്തി ജലക്ഷാമം പരിഹരിക്കുന്നതിനായി റിസർവോയറിലെ വെള്ളം പുറത്തേയ്ക്ക് ഒഴുക്കി വിടുന്നുണ്ട്.

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

239(644) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണൂർ മണ്ഡലത്തിൽ, വൈദ്യുതി വകുപ്പ് ബോർഡിന്റെ തനതു ഫണ്ട്, സമ്പൂർണ വൈദ്യുതീകരണ പദ്ധതി, MLA SDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവയിലുൾപ്പെടുത്തി 70 കി.മീ 11 കെ.വി ലൈനും, 119 കി. മീ എൽ.ടി ലൈനും നിർമ്മിക്കുകയും 94 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 17411 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ മാത്രം

1396 കണക്ഷനുകൾ നൽകിയിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 73.9 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 18 ലക്ഷം രൂപ MLA യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചെർപ്പുളശ്ശേരി ടൗണിലെ ലൈനുകളുടെ പുനഃക്രമീകരണ പ്രവൃത്തിക്ക് ചെലവായ 40 ലക്ഷം രൂപയിൽ 20 ലക്ഷം രൂപയും ളുത അമ്പലത്തിന് സമീപമുള്ള ലൈനുകൾ ഉയർത്തി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ചെലവായ 10 ലക്ഷം രൂപയിൽ 5 ലക്ഷം രൂപയും ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ സബ് റീജിയണൽ സ്റ്റോർ ഓഫീസിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും കെട്ടിടനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 183.6 ലക്ഷം രൂപയുടെ പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 568.78 ലക്ഷം രൂപയുടെ പ്രവൃത്തികളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതിയിൽ ഉൾപ്പെടുത്തി 6 ലക്ഷം രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021'ൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ 2535 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിനും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയെന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രധാന ചുമതല. ഇതിനാവശ്യമായ സാങ്കേതിക പരിശീലനം അനെർട്ട് നൽകിവരുന്നു. സംരംഭകരുടെ മുതൽ മുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്.

**അദാലത്തുകൾ**

240(645) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വൈദ്യുതി വകുപ്പ് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയിൽ നടത്തിയ അദാലത്തുകൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വൈദ്യുതി വകുപ്പ് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 19-2-2020-ൽ ഒരു ജനകീയ വൈദ്യുതി അദാലത്ത് വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നടത്തുകയുണ്ടായി. പ്രസ്തുത അദാലത്തിൽ 877 പരാതികൾ ലഭിക്കുകയും അതിൽ 792 പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ അദാലത്തിലും എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്ര പരാതികൾ പരിഹരിച്ചുവെന്നും അറിയിക്കാമോ?

ഓരോ അദാലത്തിലും ലഭിച്ച പരാതികളുടെയും പരിഹരിച്ച പരാതികളുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

241(646) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതികൾക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 52.8 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 145.47 ലക്ഷം രൂപയുടെ പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 461.92 ലക്ഷം രൂപയുടെ പ്രവൃത്തികളും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021' -ൽ ഉൾപ്പെടുത്തി 1115.56 ലക്ഷം രൂപയുടെ പ്രവൃത്തികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതിയിൽ ഉൾപ്പെടുത്തി 154.56 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 1930.31 ലക്ഷം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിനും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജ മിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയെന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രധാന ചുമതല. ഇതിനാവശ്യമായ സാങ്കേതിക പരിശീലനം അനെർട്ട് നൽകിവരുന്നു. സംരംഭകരുടെ മുതൽമുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി അനെർട്ട് തുക ചെലവഴിച്ചിട്ടില്ല.

## മറിപ്പുഴ, പൂവാറൻതോട് ജല വൈദ്യുത പദ്ധതികൾ

242(647)ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറിപ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതിക്കായി ഭൂമിയേറ്റെടുത്തതിന് കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

മറിപ്പുഴ ജലവൈദ്യുത പദ്ധതിക്കായി ഇതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ല.

(ബി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) മറിപ്പുഴ, പൂവാറൻതോട് പദ്ധതികളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ടെണ്ടർ നടപടിക്രമങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തീകരിച്ച് ഉദ്ദേശം 2021 മെയ് മാസത്തോടെ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## അനർട്ട് നൽകിയ പരസ്യങ്ങൾ

243(648) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദൃശ്യമാധ്യമങ്ങൾ വഴി പരസ്യം നൽകിയ വകയിൽ അനർട്ട് എന്ത് തുക ചെലവഴിച്ചു; ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദൃശ്യമാധ്യമങ്ങൾ വഴി പരസ്യം നൽകിയ വകയിൽ അനർട്ട് 26,45,438 രൂപ ചെലവഴിച്ചു. ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.* 2019-20 വർഷത്തെ ഭരണാനുമതി ഉത്തരവുപ്രകാരമുള്ള തുക 2019-20-ലെ eLAMS ൽ നിന്നും 2020-21 ൽ ആണ് ചെലവാക്കിയത്.

(ബി) ഏതെല്ലാം പദ്ധതികളുടെ പരസ്യമാണ് ദൃശ്യമാധ്യമങ്ങൾ വഴി നൽകിയതെന്ന് അറിയിക്കാമോ?

Renewable Energy Campaign, Renewable Energy Award എന്നീ പദ്ധതികളുടെ പരസ്യമാണ് ദൃശ്യമാധ്യമങ്ങൾ വഴി നൽകിയത്.

(സി) ദൃശ്യമാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുന്നതിന് അനർട്ടിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനർട്ട് ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ അതിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നത് ഗവേണിംഗ് ബോഡിയുടെ തീരുമാനം അനുസരിച്ചാണ്. ദൃശ്യ മാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുന്നതിനായി സ.ഉ. (ആർ.റ്റി) നമ്പർ 116/2019/ ഊ.വ) പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവിൽ (Item No.17 & 18) തുക വകയിരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

**കെ.എസ്.ഇ.ബി. ജീവനക്കാരുടെ ഇൻഷ്വറൻസ് പരിരക്ഷ**

244(649) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വൈദ്യുതി ലൈനിലെ ജോലിക്കിടെ പരിക്കേറ്റ കെ.എസ്.ഇ.ബി. ജീവനക്കാർ എത്ര; മരണപ്പെട്ടവർ എത്ര ; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെയുള്ള കാലയളവിൽ വൈദ്യുതി ലൈനിലെ ജോലിക്കിടയിൽ ഉണ്ടായ അപകടങ്ങളിൽ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്ത സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരം ജീവനക്കാർ അപകടത്തിൽപ്പെട്ട് മരണം സംഭവിച്ചവർ - 29 പേർ അപകടത്തിൽ പരിക്കേറ്റവർ - 378 പേർ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കരാർ തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരണം സംഭവിച്ചവർ -37 പേർ അപകടത്തിൽ പരിക്കേറ്റവർ -107 പേർ അപകടത്തിൽ പരിക്കേറ്റതായി മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ എണ്ണത്തിൽ കൂടുതൽ പേരുടെയും പരിക്കുകൾ ഗുരുതരമല്ല.

(ബി) ഇത്തരത്തിൽ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്തവർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് സഹായം നൽകാൻ ബാക്കിയുണ്ട്?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ചുമതലപ്പെടുത്തിയ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകടമരണം സംഭവിക്കുകയോ ചെയ്യുന്ന സ്ഥിരം ജീവനക്കാർ/കരാർ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ സ്ഥിരം ജീവനക്കാർക്ക് ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(1) സ്ഥിരം ജീവനക്കാർ (എ) മരണാനന്തര നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം.
2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്.
3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.
4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനും മറ്റെല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.
5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്. (LTS 2016 പ്രകാരം).

(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം.

(1) സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

(2) അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരമോ അല്ലെങ്കിൽ പ്രത്യേക അവശതാ അവധിക്കോ അർഹതയുണ്ട്.

(3) കെ.എസ്.ഇ.ബി ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിന് ഇരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

II. കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം 5 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(എ) മരണാനന്തര നഷ്ടപരിഹാരം

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം

2. ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്. (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം)

(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ മാസികാ നഷ്ടപരിഹാരം. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ട പരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തര വാദിത്തം കരാറുകാരനായിരിക്കും. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ്

ക്ലെയിം/കരാറുകാരന് കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടി ക്രമങ്ങൾ പാലിച്ചുവരുന്നു. നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തത്, കരാറുകാരന് നഷ്ടപരിഹാര ബാധ്യത, അനധികൃത പ്രവർത്തിക്കിടയിലുണ്ടായ അപകടം എന്നീ കാരണങ്ങളാൽ മരണപ്പെട്ട 6 സ്ഥിരം ജീവനക്കാരുടെയും 13 കരാർ തൊഴിലാളികളുടെയും ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(സി) വൈദ്യുതി ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഏതെങ്കിലും ഇൻഷ്വറൻസ് പരിരക്ഷ കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ?

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ മുഴുവൻ ജീവനക്കാർക്കും 10 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടറേറ്റിനു കീഴിലുള്ള GPAIS പദ്ധതിയിൽ അംഗത്വം നേടിയിരുന്നു. 2021 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ അംഗത്വം എടുക്കുന്നതിനായുള്ള നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. കരാർ തൊഴിലാളികൾക്കായി ബോർഡ് തലത്തിൽ യാതൊരുവിധ ഇൻഷ്വറൻസ് പദ്ധതികളും ഇപ്പോൾ നിലവിലില്ല.

**ശ്രീ. രജനീഷ് ആർ.വി. -യുടെ പേ റിവിഷൻ അരിയർ**

245(650) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് സെക്ഷനിൽ കാഷ്യർ ആയി ജോലി നോക്കി വരുന്ന ശ്രീ. രജനീഷ് രാജ് ആർ.വി.-ക്ക് പേ റിവിഷൻ അരിയർ ആയി 8/2013 മുതൽ 6/2015 വരെ എത്ര രൂപ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട മുൻനിയമസഭാ സ്പീക്കറുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായി 17-7-2011 മുതൽ 5-4-2015 വരെ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കി വന്ന ആര്യനാട് ഇലക്ട്രിക്കൽ സെക്ഷനിലെ ക്യാഷ്യർ ശ്രീ. ആർ. വി. രജനീഷ് രാജിന്റെ 8/2013 മുതൽ 4/2015 വരെയുള്ള ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക കണക്കാക്കി നിയമസഭാ സെക്രട്ടേറിയറ്റ് കാര്യാലയത്തിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടിയാൻ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായിരുന്ന അന്യത്ര സേവനം പൂർത്തിയാക്കി 6-4-2015 മുതൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ജോലിയിൽ പുനപ്രവേശിച്ചിട്ടുണ്ട്.

(ബി) അദ്ദേഹം നിയമസഭാ സ്പീക്കറുടെ അസിസ്റ്റന്റ് പി.എ. ആയിരുന്ന കാലയളവിലുള്ള (8/2013 മുതൽ 6/2015 വരെ) പേ റിവിഷൻ അരിയർ നാളിതുവരെ നൽകാത്തതിനുള്ള കാരണം വിശദമാക്കാമോ?

ബഹുമാനപ്പെട്ട മുൻനിയമസഭാ സ്പീക്കറുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായി 17-7-2011 മുതൽ 5-4-2015 വരെ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കി വന്ന ആര്യനാട് ഇലക്ട്രിക്കൽ സെക്ഷനിലെ ക്യാഷ്യർ ശ്രീ. ആർ. വി. രജനീഷ് രാജിന്റെ 8/2013 മുതൽ 4/2015 വരെയുള്ള ശമ്പള പരിഷ്കര ണത്തിന്റെ കുടിശ്ശിക കണക്കാക്കി നിയമസഭാ സെക്രട്ടേറിയറ്റ് കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടിയാൻ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായിരുന്ന അന്യത്ര സേവനം പൂർത്തിയാക്കി 6-4-2015 മുതൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ജോലിയിൽ പുനപ്രവേശിച്ചിട്ടുണ്ട്.

(സി) ആയതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നുള്ളത് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട മുൻനിയമസഭാ സ്പീക്കറുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായി 17-7-2011 മുതൽ 5-4-2015 വരെ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കി വന്ന ആര്യനാട് ഇലക്ട്രിക്കൽ സെക്ഷനിലെ ക്യാഷ്യർ ശ്രീ. ആർ. വി. രജനീഷ് രാജിന്റെ 8/2013 മുതൽ 4/2015 വരെയുള്ള ശമ്പള പരിഷ്കര ണത്തിന്റെ കുടിശ്ശിക കണക്കാക്കി നിയമസഭാ സെക്രട്ടേറിയറ്റ് കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടിയാൻ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായിരുന്ന അന്യത്ര സേവനം പൂർത്തിയാക്കി 6-4-2015 മുതൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലിയിൽ പുനപ്രവേശിച്ചിട്ടുണ്ട്.

## സഹകരണമേഖലയുടെ പുനരുജ്ജീവന പദ്ധതികൾ

246(651) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണമേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയുടെ പുനരുജ്ജീവനത്തിനായി ചുവടെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കേരള സംസ്ഥാന സഹകരണ ബാങ്ക് സംസ്ഥാന സഹകരണ ബാങ്കും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിച്ചു.

2. കെയർ കേരള കേരളത്തിന്റെ പുനർനിർമ്മാണത്തിന് കേരളത്തിലാകെയുള്ള സഹകരണ സ്ഥാപനങ്ങളെ പങ്കാളികളാക്കികൊണ്ട് കെയർ കേരള എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രളയ ദുരന്തത്തെ അതിജീവിക്കുവാനുള്ള കേരളത്തിന്റെ പോരാട്ടത്തിന് കരുത്ത് പകരുന്ന സഹകരണ വകുപ്പിന്റെ കെയർ കേരള പദ്ധതിയിൽ കെയർ ഹോം, കെയർ വായ്പ, കെയർ ഗ്രേസ് എന്നീ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

3. അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി. എസ്.റ്റി.ഐ) സഹകരണ ഗവേഷണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയംഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)- ന്റെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള നടപടി സ്വീകരിക്കുകയും ഇതിനായി പ്രത്യേക ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി' സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കുടിശ്ശിക വായ്പകൾ വിവിധ ഇളവുകളോടെ തീർപ്പാക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു.

5. 'മുറ്റത്തെമുല്ല' സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് " മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘുവായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു.

6. റീസർജന്റ് കേരള ലോൺ സ്കീം (RKLS) കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കിയത്.

7. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/-കോടി രൂപയുടെ വായ്പാപദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)" കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള ബാങ്കിന്റെ ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്നു.

8. Special Liquidity Facility (SLF) വിനിയോഗം കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും സജീവമായി നില നിർത്തുന്നതിനായും ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതി കൾക്കുള്ള വായ്പയായും കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന - " സുഭിക്ഷ കേരളം" പദ്ധതിക്കുവേണ്ടിയും Special Liquidity Facility (SLF) എന്ന പേരിൽ നബാർഡ് അനുവദിച്ച ധനസഹായം വിനിയോഗിച്ചിട്ടുണ്ട്. KSCB ശാഖകൾ വഴിയും മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

9. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യ കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക, ആംബുലൻസ് സർവ്വീസ് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പോഷകാഹാരങ്ങൾ നൽകുക എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

10. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) സഹകരണ മേഖലയിൽ, നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുന്നതിനായി പാലക്കാട് ജില്ലയിലെ 30 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനായി സർക്കാരിന്റെ പദ്ധതി ധനസഹായമായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

11. കൃതി അന്താരാഷ്ട്ര പുസ്തകമേള സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ' കൃതി അന്താരാഷ്ട്ര പുസ്തകമേള' 2018 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. 12. അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘം ക്ലിപ്തം നം. 2458-ന് അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ 2020 മുതൽ ഊർജ്ജിതമായി നടന്നുവരുന്നു. 13 സഹകരണ ബ്രാന്റിംഗ് കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിന് കീഴിൽകൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്"

എന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ മാർക്കായ "കോ-ഓപ്പ്" മാർക്കിന്റെ പ്രകാശനവും തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നാല് ജില്ലകളിൽ coopmart -കൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ അടുത്തഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ഡൽഹിയിലും ബാക്കിയുള്ള 10 ജില്ലകളിലും കൂടി coopmart -കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

14. ഉത്സവചന്തകൾ - ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് സർക്കാർ സബ്സിഡിയോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവചന്തകൾ നടത്തിവരുന്നു. ഇതുവഴി പ്രതിവർഷം 25 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

15. ഹരിതം സഹകരണം പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ " ഹരിതം സഹകരണം" പദ്ധതിയിലൂടെ 1 വർഷം 1 ലക്ഷം ഫലവൃക്ഷതൈകൾ എന്ന കണക്കിന് 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷതൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഈ പദ്ധതിയിലൂടെ 1-ാം വർഷം 120273 പ്ലാവിൻ തൈകളും 2-ാം വർഷം 102909 കശുമാവിൻ തൈകളും 3-ാം വർഷം 113070 തെങ്ങിൻ തൈകളും 14 ജില്ലകളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. വരുന്ന 2 വർഷങ്ങളിലായി പുളി, മാവ് എന്നീ ഫലവൃക്ഷങ്ങളാണ് നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

16. സുഭിക്ഷ കേരളം ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതിയിലൂടെ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ ധനസഹായം ലഭ്യമാക്കുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പ ലഭ്യത ഉറപ്പുവരുത്തുക, കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പുവരുത്തുക, കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും ആവശ്യമായ വായ്പകളും, വിത്ത്, വളം, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായവും സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കുന്നു.

17. coopmart Veg Fresh സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന coopmart Veg Fresh എന്ന പേരിൽ പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള കേരള ഫാം ഫ്രെഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് എന്ന പദ്ധതി പ്രകാരം പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങളും മത്സ്യഫെഡുമായി ചേർന്ന് പ്രാഥമിക സംഘങ്ങൾ മുഖേന മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിക്കുകയും ആയതിൻ പ്രകാരം മത്സ്യ ഫെഡിന്റെ ഔട്ട് ലറ്റുകൾ ഫിഷ് മാർട്ട് എന്ന പേരിൽ മത്സ്യവിപണന കേന്ദ്രങ്ങളും സഹകരണ സംഘങ്ങൾ മുഖേന ആരംഭിച്ചിട്ടുണ്ട്.

18. ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി യിട്ടില്ലാത്ത എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം കൊണ്ടു വരുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

19. സഹകരണ നയം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കി.

20. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാർ/ വായ്പക്കാരുടെ അവകാശികൾ എന്നിവർക്ക് ആശ്വാസസഹായം അനുവദിക്കുകയുണ്ടായി.

21. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/കെ.എസ്.ആർ.ടി.സി പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

22. കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ Ltd No. 4469 (ടൂർഫെഡ്) പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനം ആയ ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച നീലക്കുറിഞ്ഞി പാക്കേജിലൂടെ ഏറ്റവുമധികം യാത്രാസ്നേഹികൾക്ക് കുറിഞ്ഞി വസന്തത്തിന്റെ മനോഹാരിത ആസ്വദിക്കാൻ സാധിച്ചു. കൂടാതെ വേളി ടൂറിസ്റ്റ് വില്ലേജിൽ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ട്രെയിൻയാത്ര ആസ്വദിക്കാവുന്ന തരത്തിൽ മിനിയേച്ചർ റെയിൽവേ പ്രോജക്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബഹു. ഉപരാഷ്ട്രപതി പങ്കെടുത്ത "നാഷണൽ ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് 2019" ന്റെ ഇവന്റ്മാനേജ്മെന്റ് ടൂർഫെഡ് ഏറ്റെടുത്ത് നടത്തുകയും ഹോസ്പിറ്റാലിറ്റി അക്കാദമി എന്ന പേരിൽ കേന്ദ്ര മാനവ

വിഭവശേഷി വകുപ്പിന്റെ കീഴിലുള്ള സ്കിൽ ഇന്ത്യ മിഷൻ നടത്തുന്ന രണ്ട് സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ നടത്തുകയും ചെയ്യുന്നുണ്ട്. സാനിറ്റൈസർ സ്റ്റാൻഡും സാനിറ്റൈസറും വിവിധ സഹകരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും വീടുകളിലും വിതരണം ചെയ്യുന്ന പദ്ധതിയായ "USE ME BEFORE BELL" ആരംഭിച്ചിട്ടുണ്ട്.

23. ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ 4498 ട്രാൻസ്ജെൻഡേഴ്സിന്റെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധി നിശ്ചയിച്ചുകൊണ്ട് തിരുവനന്തപുരം താലൂക്ക് ആസ്ഥാനമായി ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ സഹകരണ നിയമപ്രകാരം പലവക വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

24. കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്.

25. സഹകരണ വകുപ്പിനായി നിലവിലുള്ള തുടർപദ്ധതികൾക്ക് ഉപരിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്ക്കരണ ധനസഹായ പദ്ധതിയും വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള പ്രത്യേക ധനസഹായ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി.

26. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘങ്ങളുടെ/സ്ഥാപനങ്ങളുടെ വികസനത്തിനായി 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലായി (08.01.2021 വരെ) ആകെ 71528.82 ലക്ഷം രൂപ സംസ്ഥാന പദ്ധതി വഴിയും 33574.71 ലക്ഷം രൂപ എൻ.സി.ഡി.സി. പദ്ധതി വഴിയും ആകെ 105103.52 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

27. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് നിലവിലില്ലാത്ത എല്ലാ താലൂക്കുകളിലും പുതിയ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകൾ അനുവദിച്ചു.

(ബി) സംസ്ഥാനത്തെ യുവജന ങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ സഹകരണമേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

സഹകരണ സംഘങ്ങൾക്ക് നൂതന പദ്ധതി പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകുന്നതുവഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളേയും ഏകീകൃത ബ്രാന്റിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച coopmart ഔട്ട് ലെറ്റുകൾ എല്ലാ ജില്ലകളിലും തുടങ്ങു ന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കൂടാതെ സഹകരണ സംരഭകത്വം എന്ന പദ്ധതിയിലൂടെ ആരംഭിക്കുന്ന പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ റൈസ് മിൽ പ്രവർത്തനം ആരംഭിക്കുന്നതിലൂടെയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് വായ്പ നൽകുന്നത് വഴിയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 100 ദിവസത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി യുവജനങ്ങൾക്ക് സഹകരണ സംഘങ്ങൾ മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പാ ധനസഹായം നൽകിവരുന്നു.

(സി) സഹകരണവകുപ്പ് നടപ്പിലാക്കിയ 'മുറ്റത്തെ മുല്ല' പദ്ധതി ഗ്രാമീണ ജനതയെ കൊള്ളപ്പലിശക്കാരുടെയും സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെയും ചൂഷണത്തിൽ നിന്ന് രക്ഷിക്കുവാൻ എപ്രകാരമെല്ലാം സഹായകരമായി എന്ന് വ്യക്തമാക്കാമോ?

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും, സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്ക ലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് മുറ്റത്തെ മുല്ല. പദ്ധതി പ്രകാരം 1000 രൂപ മുതൽ 50000 രൂപവരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളാണ് (1 വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120 രൂപ

തിരിച്ചടയ്ക്കണം. വായ്പാ ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലെയും 1 മുതൽ 3 വരെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പാ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പാ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ ജില്ലാ/സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിക്കാണ്. ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയും തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലയിലും ടി പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപ വായ്പ നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ?

മുറ്റത്തെ മുല്ല പദ്ധതി പ്രകാരം അംഗങ്ങൾക്ക് 8,623,256,915 രൂപ വായ്പ നൽകാൻ സാധിച്ചു.

## മുറ്റത്തെ മുല്ല പദ്ധതി

247(652) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത പലിശക്കാരെ ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സഹകരണമേഖലയിൽ നടപ്പിലാക്കിയ മുറ്റത്തെ മുല്ല എന്ന പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്?

സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നാളിതുവരെ എത്ര കോടി രൂപയാണ് ഈ പദ്ധതി മുഖേന വായ്പയായി നൽകിയത്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടാകും?

നാളിതുവരെ 8,623,256,915 രൂപയാണ് വായ്പയായി നൽകിയിട്ടുള്ളത്. 2,67,824 അംഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) മുറ്റത്തെ മുല്ല എന്ന പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന വിലയിരുത്തൽ വകുപ്പിനുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് " മുറ്റത്തെമുല്ല" ഗ്രാമീണ ലഘുവായ്പാ പദ്ധതി. പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപവരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. സാധാരണക്കാരന് ബ്ലേഡ് പലിശക്കാരെ സമീപിക്കാതെ സ്വന്തം വീട്ടുപടിക്കൽ വായ്പ ധനസഹായം ബുദ്ധിമുട്ടില്ലാതെ ലഭിക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം. പദ്ധതി പൈലറ്റ് പ്രോജക്ടായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുകയും ആയത് വൻവിജയമായതിനെ തുടർന്ന് 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും നിലവിൽ എല്ലാ ജില്ലകളിലും നല്ല രീതിയിൽ പദ്ധതി നടപ്പിലാക്കി വരികയുമാണ്.

## റിസ്ക് ഫണ്ട് പദ്ധതി

248 (653) ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തതിനുശേഷം മരണപ്പെട്ടുന്നവർ, മാരകരോഗം ബാധിക്കുന്നവർ എന്നിവർക്ക് സഹായം നൽകുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ (സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയിസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര വായ്പ സഹകരണ സംഘങ്ങൾ) നിന്നും നൽകി വരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്. വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100 രൂപയും പരമാവധി 1000 രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 200,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകുന്നതാണ്. ഒന്നിൽക്കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകുന്നതാണ്. വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹായധനം നൽകുന്ന നിധി സഹകരണ റിസ്ക് ഫണ്ട് ആണോ എന്നറിയിക്കുമോ?

സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒരു മാസം ശരാശരി 8 കോടി രൂപ റിസ്ക് ഫണ്ട് ധനസഹായമായി ബോർഡിൽ നിന്നും നൽകി വരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റത് മുതൽ 2020 അവസാനം വരെ നൽകിയിട്ടുള്ള റിസ്ക് ഫണ്ട് ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ?

ഈ സർക്കാർ അധികാരമേറ്റതുമുതൽ 2020 നവംബർ വരെ 37,859 അപേക്ഷകൾക്ക് 291.68 കോടി രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ജീവിതം തന്നെ പ്രതിസന്ധിയിലാകുമ്പോൾ ജനങ്ങൾക്ക് ആശ്വാസമാകുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖാന്തരം നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രവർത്തനങ്ങൾ ബോർഡ് യോഗം ചേരുന്ന എല്ലാ മാസങ്ങളിലും വിലയിരുത്താറുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിലവിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

**കെയർ ഹോം പദ്ധതി**

249(654) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ സഹകരണവകുപ്പ് കെയർ ഹോം പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവന രഹിതരുമായ ആളുകൾക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം ജില്ലയിൽ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1 എ/8/28 സർവ്വേ നമ്പരിൽപ്പെട്ട ഒരു ഏക്കർ സ്ഥലമാണ് ലൈഫ് മിഷൻ നിർദ്ദേശിച്ചിരുന്നത്. ടി സ്ഥലം കെയർഹോം പദ്ധതിക്കായി അനുവദിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയം റവന്യൂ വകുപ്പിന്റെ എ 3/144/2020/റവ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതിയും സെക്രട്ടേറിയറ്റിലെ ഫയൽ നമ്പറും വ്യക്തമാക്കാമോ?

ഉണ്ട്. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം ജില്ലയിൽ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1 എ/8/28 സർവ്വേ നമ്പരിൽപ്പെട്ട ഒരു ഏക്കർ സ്ഥലമാണ് ലൈഫ് മിഷൻ നിർദ്ദേശിച്ചിരുന്നത്. ടി സ്ഥലം കെയർഹോം പദ്ധതിക്കായി അനുവദിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയം റവന്യൂ വകുപ്പിന്റെ എ 3/144/2020/റവ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

(സി) കെയർ ഹോം പദ്ധതിക്കായി ത്വരിതഗതിയിൽ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉണ്ട്. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം ജില്ലയിൽ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1 എ/8/28 സർവ്വേ നമ്പരിൽപ്പെട്ട ഒരു ഏക്കർ സ്ഥലമാണ് ലൈഫ് മിഷൻ നിർദ്ദേശിച്ചിരുന്നത്. ടി സ്ഥലം കെയർഹോം പദ്ധതിക്കായി അനുവദിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയം റവന്യൂ വകുപ്പിന്റെ എ 3/144/2020/റവ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

## കേരള ബാങ്കിന്റെ പ്രവർത്തനം

250(655) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര അവഗണനയുടെയും സാമ്പത്തിക പ്രതിസന്ധിയുടെയും സാഹചര്യത്തിൽ സംസ്ഥാന വികസനത്തിൽ നിർണായക പ്രാധാന്യമുള്ള കേരള ബാങ്കിന്റെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

സഹകരണ മേഖലയിലെ ആദ്യത്തെ ഷെഡ്യൂൾഡ് ബാങ്കാണ് കേരള സംസ്ഥാന സഹകരണ ബാങ്ക്. 13 ജില്ലാ സഹകരണ ബാങ്കുകൾ 29-11-2019 -ൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ചതോടുകൂടി ഷെഡ്യൂൾഡ് സ്റ്റാറ്റസുള്ള 769 ശാഖകളോടെ കേരളത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും കേരള ബാങ്കിന്റെ പ്രവർത്തനം എത്തിക്കുവാൻ സാധിച്ചു. 3 tier structure-ൽ നിന്നും 2 tier structure-ലേക്ക് മാറിയപ്പോൾ വിവിധ വായ്പാ പദ്ധതികളിൽ ultimate borrower ക്ക് 1% വരെ പലിശയിൽ കുറവ് നൽകാൻ സാധിച്ചിട്ടുണ്ട്. 1600 -ഓളം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും അവയുടെ ശാഖകളുംകൂടി ചേർന്ന് സഹകരണ മേഖലയിൽ ഏകദേശം 5300 touch points ലഭ്യമാകുന്നതാണ്. കേരള ബാങ്കിൽ ആധുനിക ബാങ്കിംഗ് സാങ്കേതികവിദ്യകൾ നടപ്പിൽ വരുത്തുന്നതോടുകൂടി സർക്കാരിന്റെ എല്ലാവിധ വികസന പ്രവർത്തനങ്ങളിലും നിർണ്ണായക പങ്ക് വഹിക്കുവാൻ സാധിക്കും.

(ബി) കേരള ബാങ്കിൽ പങ്കാളിയാകാതെ മാറിനിൽക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ നിലപാട് ആ ജില്ലയ്ക്കുണ്ടാക്കാനിടയുള്ള നഷ്ടം കണക്കിലെടുത്ത് എന്തുനടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലും കേരള ബാങ്കിന്റെ സേവനങ്ങൾ ലഭ്യമാക്കുകയെന്ന സർക്കാർ ലക്ഷ്യം മുൻ നിർത്തി മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനായി കേരള സഹകരണ (ഭേദഗതി) ഓർഡിനൻസ് 16/2020-ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഈ വിഷയത്തിലുണ്ടായ കോടതി കേസ്സുമൂലം നടപടി പൂർത്തീകരിക്കാനായിട്ടില്ല. മലപ്പുറം ജില്ലയിലുള്ള പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (PACS) കേരള ബാങ്കിൽ അംഗത്വമെടുക്കുന്ന മുറയ്ക്ക് സംഘങ്ങൾക്ക് ധനസഹായം നൽകാൻ കഴിയും.

(സി) കേന്ദ്ര സർക്കാർ എസ്.ബി.റ്റി. ഇല്ലാതാക്കിയതുകൂടി കണക്കിലെടുത്ത് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റാൻ പരിപാടിയുണ്ടോ?

13 ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ രണ്ടാമത്തെ ഏറ്റവും വലിയ ബാങ്കായി കേരള ബാങ്ക് മാറിയിട്ടുണ്ട്. ഏകീകൃത സോഫ്റ്റ്‌വെയർ സമ്പ്രദായം നടപ്പിലാക്കൽ സമൂഹത്തിലെ എല്ലാ ജനവിഭാഗത്തെയും ഉൾക്കൊള്ളുന്ന പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ ശൃംഖലയിലൂടെ അത്യാധുനിക ഡിജിറ്റൽ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കൽ എന്നിവ പ്രായോഗികമാക്കുന്നതോടൊപ്പം എല്ലാ വിഭാഗം ജനതയെയും കേരള ബാങ്കിന്റെ ഭാഗഭാക്കാക്കുക വഴി കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റാനുള്ള പദ്ധതികളാണ് കേരള ബാങ്കും സംസ്ഥാന ഗവൺമെന്റും വിഭാവനം ചെയ്യുന്നത്.

(ഡി) സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ നവീകരണത്തിന് കേരള ബാങ്കിന്റെ രൂപീകരണം സഹായകരമാകുമോ എന്നറിയിക്കാമോ?

1. ത്രിതല സംവിധാനം ദ്വിതല സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ ഇടത്തട്ട് മാർജിൻ ഒഴിവായതിനാൽ കാർഷിക വായ്പയ്ക്ക് 1% പലിശ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.
2. കേരള ബാങ്കിൽ PACS-ന്റെ വികസനത്തിന് മാത്രമായി ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് (PACS Development Cell) പ്രവർത്തിച്ചുവരുന്നുണ്ട്.

3. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അടുത്ത 3 വർഷം കൊണ്ട് കേരളത്തിലെ 600 ഓളം PACS-നെ ബഹുമുഖ സേവന കേന്ദ്രങ്ങൾ (Multi Service Center) ആക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

4. കേരളത്തിലെ PACS-കളിൽ കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും കേരള ബാങ്ക് നൽകുന്ന എല്ലാവിധ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും PACS- ന്റെ ഇടപാടുകാർക്കും ലഭ്യമാക്കുകയെന്നതാണ് കേരള ബാങ്ക് ലക്ഷ്യമാക്കുന്നത്.

5. PACS-ന്റെ അടിസ്ഥാന വികസനത്തിനാവശ്യമായ കുറഞ്ഞ നിരക്കിലുള്ള വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

6. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ബാങ്കിന്റെ ഹെഡാഫീസിൽ കേരള ബാങ്കിന്റെയും PACS-ന്റെയും ബിസിനസ് വളർച്ചയ്ക്കും പുതിയ പ്രോജക്ടുകൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള (Business Development & Product Innovation Cell (BDPI) നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

7. കേരളത്തിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ PACS കളെയും കണ്ടെത്തി അവയുടെ ശക്തിയും, ദൗർബല്യവും, സാദ്ധ്യതയും, വെല്ലുവിളികളും (SWOT Analaysis) കണക്കിലെടുത്ത് വികസന കർമ്മപരിപാടികൾ തയ്യാറാക്കി ഘട്ടംഘട്ടമായി ലാഭത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

**കേരള ബാങ്ക് വായ്പാ പദ്ധതികൾ**

251 (656) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് നിലവിൽ വന്നശേഷം ഏതെല്ലാം വായ്പാ പദ്ധതികളാണ് പ്രസ്തുത ബാങ്ക് മുഖേന നടപ്പിലാക്കിയിട്ടുള്ളത്?

| | | |
|---|---|---|
| 1 | 1. KB MSME | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി |
| | 2. KB Suvidha | |
| | 3. KB Yuvamithra | |

| | | |
|---|---|---|
| 2 | KB LT Agricultural | കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ദീർഘകാല വായ്പ |
| 3 | 1. KB Home Loan | ഭവന നിർമ്മാണത്തിനും അറ്റകുറ്റപണിക്കും ഉള്ള വായ്പ |
| | 2. KB Housing Loan (PMAY) | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സബ്സിഡിയോടുകൂടിയുള്ള ഭവന വായ്പ |
| | 3. KB Suvidha Home | കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന വായ്പ പദ്ധതി |
| 4 | KB Pravasi Kiran | പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള വായ്പാ പദ്ധതി |
| 5 | KB Kissan Mithra | ഹ്രസ്വകാല ആവശ്യങ്ങൾക്കുള്ള കാർഷിക വായ്പ |
| 6 | KB Suvega | കൃഷിക്കാർക്കും സർക്കാർ ജീവനക്കാർക്കും വേണ്ടിയുള്ള വാഹന വായ്പ |
| 7 | KB Sahaja | സ്ത്രീകൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ പദ്ധതി |
| 8 | KB Pension | പെൻഷൻകാർക്ക് വേണ്ടിയുള്ള വായ്പ |
| 9 | KB Tourism | ടൂറിസം മേഖലയിലെ സംരംഭങ്ങൾക്കുള്ള വായ്പ പദ്ധതി |
| 10 | SAF | മത്സ്യ മേഖലയിലുള്ള വ്യക്തികൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ |
| 11 | AF | കാർഷിക മേഖലയിലെ വിളവെടുപ്പിന് ശേഷമുള്ള ആവശ്യങ്ങൾക്കായി നൽകുന്ന വായ്പ |

(ബി) നിലവിൽ കാർഷിക സ്വയം തൊഴിൽ സംരംഭക വായ്പകൾ ലഭ്യമാണോ; വിശദീകരിക്കാമോ?

ലഭ്യമാണ്. നിലവിൽ വ്യക്തികൾക്ക് പരമാവധി 60 ലക്ഷം രൂപവരെ ദീർഘകാല കാർഷിക വായ്പകളായും സ്വയം സഹായ സംഘങ്ങൾക്കും കൂട്ടുത്തരവാദിത്ത സംഘങ്ങൾക്കും പരമാവധി 10 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ KB Micro Finance പദ്ധതി പ്രകാരം വായ്പകൾ ലഭ്യമാക്കുന്നു. കാർഷിക വിളവെടുപ്പിന് ശേഷമുള്ള ആവശ്യങ്ങളായ പാക്കിംഗ് യൂണിറ്റുകൾ, സംഭരണശാല, ഉത്പന്നങ്ങൾ തരംതിരിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി കാർഷിക അനുബന്ധ മൂലധന വായ്പകളും സബ്സിഡിയോടുകൂടി അനുവദിച്ചു നൽകുന്നു.

### കേരള ബാങ്കിന്റെ രൂപീകരണം കൊണ്ടുള്ള നേട്ടങ്ങൾ

252(657) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക-വ്യാവസായിക രംഗത്ത് കേരള ബാങ്കിന്റെ രൂപീകരണം എത്രമാത്രം സഹായകമാണെന്ന് വ്യക്തമാക്കുമോ?

1. 29-11-2019-ൽ കേരള ബാങ്ക് രൂപീകൃതമായശേഷം കോവിഡ്-19 പശ്ചാത്തലത്തിൽ കാർഷിക ചെറുകിട സംരംഭകർക്കായി 2000 കോടി രൂപയുടെ സ്പെഷ്യൽ ലിക്വിഡിറ്റി പദ്ധതി പ്രകാരം 6.40% പലിശ നിരക്കിൽ വായ്പ അനുവദിച്ച് നൽകി. ഇത് കാർഷിക ചെറുകിട സംരംഭങ്ങൾക്കുണ്ടായ വളർച്ചാ മാന്ദ്യം പരിഹരിക്കുന്നതിന് സഹായകരമായി.

2. കാർഷിക മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പായിനത്തിലും കാർഷിക അനുബന്ധ മേഖലകളിലുമായി 4181.25 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

3. കാർഷിക മേഖലയിൽ ചെറുകിട വ്യവസായ സംരംഭ മേഖലകളിലുമായി മദ്ധ്യകാല, ദീർഘകാല വായ്പായിനത്തിൽ 134.25 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

4. കാർഷിക മേഖലയിൽ ഡയറി, പൗൾട്രി, ഫിഷറീസ് വിഭാഗങ്ങൾക്കായി 2 ലക്ഷം രൂപവരെയുള്ള പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

5. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന SRF (PACS as MSC) കേരളാ ബാങ്ക് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. പ്രസ്തുത വായ്പയുടെ പലിശ നിരക്ക്

4% വും 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും 3% പലിശ സബ്‌വെൻഷനും ലഭിക്കുന്ന പദ്ധതിയാണിത്.

6. കാർഷിക ഗ്രാമീണ മേഖലയിൽ മുതൽമുടക്കുന്ന സഹകരണ സംഘങ്ങൾക്ക് നബാർഡ് റീഫൈനാൻസ് ആയി ദീർഘകാല കാർഷിക വായ്പകളും, SHG, JLG കാർഷിക ഉല്പാദക സംഘങ്ങൾ തുടങ്ങിയവയ്ക്ക് ദീർഘകാല വായ്പകൾ അനുവദിച്ചുവരുന്നു. KB മൈക്രോ ഫുഡ് പ്രോസസിംഗ്, KB മിത്ര MSME, LT സുവിധ, KB മൈക്രോ ഫൈനാൻസ് എന്നീ പദ്ധതികൾ പ്രകാരം ചെറുകിട കച്ചവട സംരംഭകർക്കായി വായ്പകൾ അനുവദിച്ചുവരുന്നു.

7. നിലവിൽ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കേരള ബാങ്ക് അനുവദിച്ചുവരുന്ന ഹ്രസ്വകാല കാർഷിക വായ്പകളുടെ പലിശ നിരക്ക് 7% ൽ നിന്ന് 6% ആയി കുറയ്ക്കുകയും പ്രസ്തുത 6% -ൽ 3% നബാർഡ് സബ്‌വെൻഷൻ ആയി ലഭിക്കുകയും ചെയ്യുക വഴി കർഷകന് ഫലത്തിൽ 3% നിരക്കിൽ വായ്പ ലഭ്യമാകുന്നു.

8. 1.60 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾക്ക് ഈട് ഒഴിവാക്കി നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചെറുകിട വ്യവസായ വാണിജ്യ മേഖലകൾക്ക് ചുരുങ്ങിയ പലിശയ്ക്ക് ലോൺ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. KB Mithra (MSME), KB Vuvamithra, KB Suvidha എന്നീ വായ്പാ പദ്ധതികൾ മുഖാന്തരം കുറഞ്ഞ പലിശ നിരക്കിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ മേഖലയിൽ കേരള ബാങ്ക് വായ്പകൾ നൽകി വരുന്നു.

(സി) അടുത്ത മൂന്ന് വർഷം കൊണ്ട് ബാങ്ക് ലക്ഷ്യം വയ്ക്കുന്നത് എത്ര കോടി രൂപയുടെ ബിസ്സിനസ്സാണ്; അത് എപ്രകാരം നേടിയെടുക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

അടുത്ത മൂന്ന് വർഷം കൊണ്ട് ബാങ്ക് ലക്ഷ്യം വയ്ക്കുന്നത് 3 ലക്ഷം കോടി രൂപയുടെ ബിസിനസ്സാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി നൂതന സംവിധാനങ്ങളോടുകൂടിയ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും, ഡിജിറ്റൽ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി യുവജനങ്ങൾക്കും സാധാരണ ജനങ്ങൾക്കും ആധുനിക ബാങ്കിംഗ് സേവനങ്ങൾ മിതമായ നിരക്കിൽ നൽകി കൂടുതൽ

ബിസിനസ്സ് വർദ്ധിപ്പിക്കുവാൻ സാധിക്കും. കൂടാതെ 3 tier സംവിധാനത്തിൽ നിന്നും 2 tier സംവിധാനത്തിൽ ആയതിനാൽ ഏകദേശം 1% വായ്പാ പലിശയുടെ ഇളവ് സാധാരണ കർഷകരിലേയ്ക്ക് എത്തിക്കാൻ സാധിക്കും. ആധുനിക സംവിധാനങ്ങളുടെ വരവോടുകൂടി ബാങ്കിന്റെ CASA നിക്ഷേപം വർദ്ധിക്കുകയും അതിനോടനുബന്ധിച്ച് വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുവാനും സാധിക്കും.

(ഡി) കേരള ബാങ്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വന്നതോടുകൂടി സഹകരണ ബാങ്കിന് ലഭ്യമായിരുന്ന ഇളവുകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുകയുണ്ടായില്ലേയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്ക് നിലവിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തോടുകൂടി പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്കാണ്. അതനുസരിച്ച് കേരള ബാങ്കും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി ആയിരിക്കും പ്രവർത്തിക്കുക. സംസ്ഥാന സഹകരണ ബാങ്കിന് നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും കേരള ബാങ്കിനും ലഭ്യമാണ്.

(ഇ) സാധാരണക്കാരായ ഗ്രാമീണർക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കേരള ബാങ്കിന്റെ രൂപീകരണം എത്രമാത്രം സഹായകമാകുമെന്ന് അറിയിക്കാമോ?

കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ വ്യത്യസ്ത തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുമായി അഭേദ്യമായ ബന്ധം പുലർത്തുന്നവരാണ്. പ്രാഥമിക സഹകരണ ബാങ്കുകൾ വഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഏർപ്പെടുത്തി സാധാരണക്കാരായ ഗ്രാമീണരെ ഭാഗമാക്കി മാറ്റുന്നതിന് കേരള ബാങ്കിന് കഴിയുന്നതാണ്. കുടുംബശ്രീ, ക്ഷീര സംഘങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിലേയ്ക്കും ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനുള്ള ലക്ഷ്യത്തോടെ ഏകീകൃത കോർ ബാങ്കിംഗ് സിസ്റ്റത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള ബാങ്ക് പൂർത്തിയാക്കി വരികയാണ്. PACS Interface, BC Module, ATM, Mobile Banking, BBPS, IMPS, UPI തുടങ്ങിയ സൗകര്യങ്ങൾ കേരളത്തിലെ ഗ്രാമീണ മേഖലയിലെ എല്ലാ സാധാരണക്കാർക്കും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ബാങ്കിലെ സേവന - വേതന വ്യവസ്ഥകൾ

253(658) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് ആകെ എത്ര ശാഖകൾ ഉണ്ട്; എല്ലാ ശാഖകളിലും കൂടി എത്ര ജീവനക്കാർ ഉണ്ട്; വ്യക്തമാക്കുമോ?

ശാഖകൾ - 769 സ്ഥിരം ജീവനക്കാർ - 5640

(ബി) കേരള ബാങ്ക് ജീവനക്കാർക്കായി സേവന - വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; ഏങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സഹകരണ ബാങ്കിലേയും മുൻജില്ലാ സഹകരണ ബാങ്കുകളിലേയും കേഡർ ഏകീകരണ നടപടികൾ നടന്നുവരുന്നു. അതിനുശേഷം കേരള ബാങ്ക് ജീവനക്കാർക്കായി സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നതായിരിക്കും.

## സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ

254(659) ശ്രീ. പി. കെ . ബഷീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിലെ സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വായ്പകളെടുക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സഹകരണ ബാങ്കുകളിൽ അംഗീകരിച്ച് കിട്ടിയ ബൈലായുടെയും ഉപനിബന്ധനകളുടെയും അടിസ്ഥാനത്തിൽ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിന്റെ ഈടിൻമേൽ വായ്പ അനുവദിക്കുന്നതാണ്.

(ബി) തിരിമറികൾ യഥാസമയം കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിലാണ് പ്രസ്തുത തിരിമറികൾ കണ്ടുപിടിച്ചിട്ടുള്ളത്.

(സി) ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാരും സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് താലൂക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടർഅന്വേഷണങ്ങൾ/ പരിശോധനകൾ നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## കൊട്ടാരക്കര മണ്ഡലത്തിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

255(660) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരികെ ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 2815 പുനരുദ്ധരിക്കുന്നതിനായി 8-11-2019-ലെ സ.ഉ.(സാധാ) നമ്പർ 661/2019/സഹ നമ്പർ ഉത്തരവു പ്രകാരം പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനായി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അദ്ധ്യക്ഷതയിൽ 28-2-2020-ലും ബഹു. കൊട്ടാരക്കര നിയോജക മണ്ഡലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 18-9-2020-ലും കൊട്ടാരക്കര താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ 22-12-2020-ലും കൊട്ടാരക്കര താലൂക്കിലെ പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരുടെ യോഗം കൂടുകയുണ്ടായി. ഈ യോഗങ്ങളിലെല്ലാം തന്നെ സർക്കാർ ഗ്യാരന്റി നൽകാമെങ്കിൽ പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ പണം നൽകാൻ തയ്യാറാണെന്ന് സംഘം പ്രസിഡന്റുമാർ അറിയിച്ചിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് സമീപത്തുള്ള മറ്റേതെങ്കിലും സർവ്വീസ് സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് ആവശ്യമായ ആലോചനകളും സ്വീകരിക്കണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകളും ഇതോടൊപ്പം നടന്നുവരികയാണ്.

(ബി) ബാങ്കിന്റെ പുനരുദ്ധാരണത്തിനായി പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 2815 പുനരുദ്ധരിക്കുന്നതിനായി 8-11-2019-ലെ സ.ഉ.(സാധാ) നമ്പർ 661/2019/സഹ നമ്പർ ഉത്തരവു പ്രകാരം പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനായി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അദ്ധ്യക്ഷതയിൽ 28-2-2020-ലും ബഹു. കൊട്ടാരക്കര നിയോജക മണ്ഡലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 18-9-2020-ലും കൊട്ടാരക്കര താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ 22-12-2020-ലും കൊട്ടാരക്കര താലൂക്കിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരുടെ യോഗം കൂടുകയുണ്ടായി. ഈ യോഗങ്ങളിലെല്ലാം തന്നെ സർക്കാർ ഗ്യാരന്റി നൽകാമെങ്കിൽ പാക്കേജ് നടപ്പിലാക്കുന്നതിനാവശ്യമായ പണം നൽകാൻ തയ്യാറാണെന്ന് സംഘം പ്രസിഡന്റുമാർ അറിയിച്ചിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് സമീപത്തുള്ള മറ്റേതെങ്കിലും സർവ്വീസ് സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് ആവശ്യമായ ആലോചനകളും സ്വീകരിക്കണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകളും ഇതോടൊപ്പം നടന്നുവരികയാണ്.

(സി) പ്രസ്തുത കർമ്മപദ്ധതി നടപ്പിലാക്കാൻ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽനിന്നും ആവശ്യമായപക്ഷം ഫണ്ട് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നത് സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുന്നില്ല.

## സഹകരണ സംഘാംഗങ്ങൾക്കുള്ള ധനസഹായം

256(661) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണസംഘങ്ങളിൽ അംഗങ്ങളായ മാരകരോഗം ബാധിച്ചവർക്കുള്ള ധനസഹായ വിതരണത്തിന്റെ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്ത് എല്ലാ ജില്ലകളിൽനിന്നും അപേക്ഷകൾ ലഭ്യമാക്കി ഇവ പരിശോധിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രത്യേക സെൽ രൂപീകരിച്ച് അർഹതപ്പെട്ട അപേക്ഷകർക്ക് അടിയന്തരമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(ബി) ഏതൊക്കെ രോഗങ്ങൾ ബാധിച്ചവർക്കാണ് സഹകരണ സ്ഥാപനങ്ങളിൽനിന്നുള്ള ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് അംഗസമാശ്വാസനിധി പ്രകാരം ധനസഹായം അനുവദിക്കുന്നത്.

(സി) സഹകരണ സംഘാംഗങ്ങൾക്ക് മേൽസൂചിപ്പിച്ച ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ) ഫണ്ടിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം.

1. മെമ്പർ റിലീഫ് ഫണ്ടിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള (ഫോറം നമ്പർ (1)) അപേക്ഷകൻ താഴെ (ii)-ൽ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ii. അപേക്ഷയോടൊപ്പം അപേക്ഷകൻ താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സാ രേഖകൾ (ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ച്ചാർജ് സമ്മറിയും അനുബന്ധ ചികിത്സാ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പു വരുത്തിയതിനുശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

(ബി) ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷകൻ സമർപ്പിക്കേണ്ട (എ) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രേഖകൾ സംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് (ഫോറം നമ്പർ 2) ചീഫ് എക്സിക്യൂട്ടീവ് നൽകേണ്ടതും, ഇപ്രകാരമുള്ള അപേക്ഷകൾ ഇതിനായുള്ള പ്രത്യേക രജിസ്റ്ററുകളിൽ സംഘം രേഖപ്പെടുത്തേണ്ടതുമാണ്.

(സി) സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ സംഘം ഭരണസമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണസമിതി തീരുമാനവും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

(ഡി) സംഘത്തിൽനിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.

(ഇ) അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ഉന്നതതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്.

(എഫ്) മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷ ഉന്നതതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അനുവദിച്ച ധനസഹായ തുകയുടെ ചെക്കും ഉത്തരവും ബന്ധപ്പെട്ട സംഘങ്ങൾക്ക് അയച്ചുകൊടുക്കുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരവും നൽകുന്നതാണ്.

(ജി) ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000 (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

(എച്ച്) ചെക്ക് ലഭിക്കുന്ന മുറയ്ക്ക് സംഘം അപേക്ഷകന് ധനസഹായത്തുക നൽകേണ്ടതും ധനസഹായം അനുവദിച്ച തുകയുടെ വിശദാംശം അടുത്തതായി കൂടുന്ന പൊതുയോഗത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

(ഐ) മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

(ജെ) ഈ സ്കീമിൽനിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായിട്ടായിരിക്കും. സ്കീമിൽ നിന്നും ധനസഹായം ലഭിക്കുന്നത് ഒരു അംഗത്തിന്റെ അവകാശമല്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ച കുടുംബത്തിൽ പ്പെട്ടവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) സംസ്ഥാനത്ത് ഇതുവരെ ആകെ എത്ര തുകയാണ് മേൽസൂചിപ്പിച്ച പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

2018 സാമ്പത്തിക വർഷം പ്രളയ ദുരന്തത്തിൽപ്പെട്ട് വീടും സ്വത്തുക്കളും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിലേയ്ക്കായുള്ള CARE home പദ്ധതിയിലേയ്ക്ക് 35 കോടി രൂപ അംഗസമാശ്വാസ നിധിയിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഡെയ്‌ലി കളക്ഷൻ ഏജന്റുമാരുടെ സേവന-വേതന വ്യവസ്ഥകൾ

257(662) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ സേവനം ചെയ്തുവരുന്ന ഡെയ്‌ലി കളക്ഷൻ ഏജന്റുമാരെ സ്ഥിരം ജീവനക്കാരായി കണക്കാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

25-9-2020- ലെ സ.ഉ(പി) നമ്പർ 99/2020/സഹ ഉത്തരവുപ്രകാരം കേരള സഹകരണ നിയമം 1969-ൽ ചട്ടം ഭേദഗതി വരുത്തി പ്രാഥമിക സഹകരണ സംഘങ്ങളിലെ ഡെയ്‌ലി കളക്ഷൻ ഏജന്റുമാരെ അപ്പന്റിക്സ് III-ൽ ഉൾപ്പെടുത്തി. കൂടാതെ 15-7-2015 ലെ സ.ഉ.(കൈ) നമ്പർ 87/ 2015/ സഹ. ഉത്തരവുപ്രകാരം സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്.

(ബി) ഡെയ്‌ലി കളക്ഷൻ ഏജന്റുമാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വിവരിക്കാമോ;?

25-9-2020-ലെ സ.ഉ(പി) നമ്പർ 99/2020/സഹ ഉത്തരവുപ്രകാരം കേരള സഹകരണ നിയമം 1969-ൽ ചട്ടം ഭേദഗതി വരുത്തി പ്രാഥമിക സഹകരണ സംഘങ്ങളിലെ ഡെയ്‌ലി കളക്ഷൻ ഏജന്റുമാരെ അപ്പന്റിക്സ് III-ൽ ഉൾപ്പെടുത്തി. കൂടാതെ 15-7-2015 ലെ സ.ഉ.(കൈ) നമ്പർ 87/ 2015/ സഹ. ഉത്തരവുപ്രകാരം സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്.

(സി) ഡെയ്‌ലി കളക്ഷൻ ഏജന്റുമാരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനെയും വിപുലപ്പെടുത്തുന്നതിനെയുംകുറിച്ച് പഠിക്കാൻ ഏതെങ്കിലും കമ്മിറ്റിയെയോ കമ്മീഷനെയോ ചുമതലപ്പെടുത്തിയിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഈ ആവശ്യത്തിലേക്കായി പ്രത്യേക കമ്മീഷനെ നിയമിച്ചിട്ടില്ല.

**സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

258(663) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാഥമിക സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിനായുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഉടൻ നടപ്പിലാക്കുമോ; വിശദവിവരങ്ങൾ നൽകുമോ?

ഇല്ല. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളവും, അലവൻസുകളും പരിഷ്കരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി ഒരു കമ്മിറ്റി സ.ഉ.(കൈ) നമ്പർ 25/2019 സഹ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ ശിപാർശകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇക്കാര്യത്തിൽ സർക്കാർതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഇല്ല. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളവും, അലവൻസുകളും പരിഷ്കരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി ഒരു കമ്മിറ്റി സ.ഉ.(കൈ) നമ്പർ 25/2019 സഹ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ ശിപാർശകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ശമ്പളപരിഷ്കരണ ഉത്തരവ് എന്ന് പുറപ്പെടുവിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ എന്തെങ്കിലും നയപരമായ സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഇല്ല. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളവും, അലവൻസുകളും പരിഷ്കരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി ഒരു കമ്മിറ്റി സ.ഉ.(കൈ) നമ്പർ 25/2019 സഹ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ ശിപാർശകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### റബ്കോയ്ക്ക് നൽകിയ തുക

259 (664) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോയ്ക്കുവേണ്ടി കേരള സർക്കാർ നാളിതുവരെ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

ഓഹരിയിനത്തിൽ 59.70 കോടി രൂപയും ഗ്രാന്റിനത്തിൽ 2.23 കോടി രൂപയും വായ്പായിനത്തിൽ 238.35 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി വായ്പായിനത്തിൽ 47.13 കോടി രൂപയും നൽകിയിട്ടുണ്ട്.

(ബി) ഇങ്ങനെ നൽകിയ തുകയിൽ ഇതുവരെ എത്ര കോടിരൂപ തിരിച്ചടച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഓഹരിയിനത്തിൽ 27.48 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ട്.

(സി) മുതലും പലിശയുമടക്കം ഇനി എത്ര കോടി രൂപ കിട്ടാനുണ്ടെന്ന് വിശദമാക്കാമോ?

മുതലും പലിശയുമടക്കം 322.89 കോടി രൂപ കാലാവധിയാകുന്നതനുസരിച്ച് കിട്ടേണ്ടതായിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി വായ്പയുടെ മുതലും പലിശയുമടക്കം 107.13 കോടി രൂപയും അടയ്ക്കാനുണ്ട്.

(ഡി) ഇങ്ങനെ ലഭിക്കാനുള്ള തുകയിൽ സർക്കാർ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ ഇളവുകൾ ഒന്നും തന്നെ നൽകിയിട്ടില്ല.

## ജില്ലാ സഹകരണ ബാങ്കുകളിലെ താൽക്കാലിക ജീവനക്കാരുടെ ശമ്പളപരിഷ്കരണം.

260(665) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബാങ്ക് വന്നപ്പോൾ ജില്ലാസഹകരണ ബാങ്കുകളിലെ ദിവസവേതനക്കാരായ ജീവനക്കാർക്കും കളക്ഷൻ ഏജന്റുമാർക്കും എപ്രകാരമാണ് സംരക്ഷണമൊരുക്കിയത്; വിശദാംശം അറിയിക്കുമോ?

ജില്ലാ സഹകരണ ബാങ്കുകളിലെ ദിവസവേതനക്കാരായ ജീവനക്കാരും കളക്ഷൻ ഏജന്റുമാരും കേരള ബാങ്ക് നിലവിൽ വന്നപ്പോൾ അവർ എപ്രകാരമാണോ മുൻജില്ലാ സഹകരണ ബാങ്കുകളിൽ നിലനിന്നിരുന്നത് അപ്രകാരം തന്നെ കേരളാ ബാങ്കിലും തുടർന്നുവരുന്നുണ്ട്.

(ബി) കളക്ഷൻ ഏജന്റുമാരുടെയും താൽക്കാലിക ജീവനക്കാരുടെയും അടിസ്ഥാന ശമ്പളം കാലോചിതമായി പരിഷ്കരിച്ച് അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജില്ലാ സഹകരണ ബാങ്കുകളിലെ ദിവസവേതനക്കാരായ ജീവനക്കാരും കളക്ഷൻ ഏജന്റുമാരും കേരള ബാങ്ക് നിലവിൽ വന്നപ്പോൾ അവർ എപ്രകാരമാണോ മുൻജില്ലാ സഹകരണ ബാങ്കുകളിൽ നിലനിന്നിരുന്നത് അപ്രകാരം തന്നെ കേരളാ ബാങ്കിലും തുടർന്നുവരുന്നുണ്ട്.

## സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ

261 (666) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായുണ്ടായ പ്രളയദുരന്തങ്ങളും കോവിഡ്-19 ഉം കാരണമുണ്ടായ പ്രതിസന്ധികൾ മറികടക്കാൻ കഴിയാതെ പോയതുകാരണം സാമ്പത്തികമായി വലിയ നഷ്ടത്തിലേയ്ക്ക് പോയ ഇടത്തരം സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ അസൂത്രണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സഹകരണ സംഘങ്ങൾക്ക് നഷ്ടത്തിൽ നിന്നും കരകയറാൻ കഴിയുന്ന വിധത്തിൽ പ്രളയ നഷ്ട തുകയോ നഷ്ടം പുനഃസ്ഥാപിക്കുവാൻ ആവശ്യമായ തുകയോ ഇതിൽ ഏതാണോ കുറവ് അതിന്റെ

75 ശതമാനത്തിൽ അധികരിക്കാത്ത വിധം നൽകാവുന്ന തുകയുടെ 60 ശതമാനം ഓഹരി മൂലധനമായും 40 ശതമാനം സബ്സിഡിയായും പ്രത്യേകമായി പരിഗണിച്ച് 76 സംഘങ്ങൾക്ക് സബ്സിഡിയിനത്തിൽ 249.272 ലക്ഷം രൂപയും ഓഹരിയിനത്തിൽ 243.865 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 493.137 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2 സംഘങ്ങൾക്കായി സബ്സിഡിയിനത്തിൽ 45.49 ലക്ഷം രൂപയും ഓഹരിയിനത്തിൽ 31.49 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 76.98 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ കാലയളവിൽ എത്ര സംഘങ്ങളാണ് പ്രവർത്തനം നിലച്ചു പോയതെന്ന് അറിയിക്കുമോ?

പ്രവർത്തനം പൂർണ്ണമായും നിലച്ചുപോയ സംഘങ്ങൾ ഒന്നുംതന്നെയില്ല.

(സി) ഇത്തരം സംഘങ്ങളെ നിലനിർത്തുന്നതിനും പ്രവർത്തനം ലാഭത്തിലാക്കുന്നതിനായി സംഘങ്ങളെ സജ്ജമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണസംഘം ജീവനക്കാർ മുൻകയ്യെടുക്കുന്നതിന് നിർദ്ദേശം നൽകുമോ?

പ്രവർത്തനം പൂർണ്ണമായി നിലച്ചുപോയ സംഘങ്ങളൊന്നും നിലവിലില്ല. ആയതിനാൽ ഇത്തരം സംഘങ്ങളെ നിലനിർത്തുന്നതിനും പ്രവർത്തനം ലാഭത്തിലാക്കുന്നതിനായി സംഘങ്ങളെ സജ്ജമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സംഘം ജീവനക്കാർ മുൻകയ്യെടുക്കുന്നതിന് പ്രത്യേക നിർദ്ദേശം നിലവിൽ നൽകിയിട്ടില്ലാത്തതാണ്.

## കൺസ്യൂമർ ഫെഡ് മുഖേനയുള്ള പദ്ധതികൾ

262(667) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൺസ്യൂമർഫെഡ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് സർക്കാർ സബ്സിഡിയോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവകാല ചന്തങ്ങൾ നടത്തിവരുന്നു. കഴിഞ്ഞ നാലര വർഷങ്ങളിൽ നടത്തിയ ഉത്സവകാല സബ്സിഡി വിപണനം വഴി പ്രതിവർഷം ശരാശരി 25 ലക്ഷം കുടുംബങ്ങളിൽ ആനുകൂല്യം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന

കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് ഗ്രാമപ്രദേശങ്ങളിൽ ക്വറിയർ ഏജൻസി മാതൃകയിൽ പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത് വഴി 44 തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർ ഫെഡിന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

വിദേശമദ്യ വിഭാഗം, നീതി മെഡിക്കൽ വിഭാഗം, ത്രിവേണി നോട്ട് ബുക്ക് യൂണിറ്റ്, നീതി ഗ്യാസ് വിഭാഗം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ് എന്നീ സ്ഥാപനങ്ങളാണ് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഏതാനും വിൽപ്പന യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ഡി) ഇക്കാലയളവിൽ സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡിന് സർക്കാർ എത്ര തുക അനുവദിച്ചു; വെളിപ്പെടുത്തുമോ?

ഉത്സവകാലച്ചന്ത നടത്തിയതിനുള്ള സബ്സിഡി ഇനത്തിൽ ആകെ 251.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (2016-17 ൽ 53 കോടി രൂപ, 2017-18 ൽ 52 കോടി രൂപ, 2018-19 ൽ 67.66 കോടി രൂപ, 2019-20 ൽ 20.15 കോടി രൂപ, 2020-21 ൽ 58.89 കോടി രൂപ)

## ജെ.ഡി.സി. പഠനം

263 (668) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജെ.ഡി.സി പഠിക്കുന്നതിന് എത്ര സർക്കാർ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

16 സഹകരണ പരിശീലന കേന്ദ്രങ്ങൾ സംസ്ഥാന സഹകരണ യൂണിയന് കീഴിലുണ്ട്.

(ബി) സർക്കാർ, സ്വകാര്യ ജീവനക്കാർക്ക് ജെ.ഡി.സി പഠിക്കുന്നതിന് ഈവനിംഗ് ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കമ്പ്യൂട്ടർ പ്രാക്ടിക്കൽ, ഫീൽഡ് പ്ലേസ്മെന്റ് എന്നിവ ജെ.ഡി.സി കോഴ്സ് സിലബസ്സിന്റെ ഭാഗമായതിനാൽ ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടില്ല.

## റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

264(669) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്ന് വായ്പ എടുത്ത സഹകാരികളിൽ മരണപ്പെട്ടവരും നിത്യരോഗികളായവരും റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകിയിട്ട് ആശ്വാസം ലഭിക്കാത്തതിന്റെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ സംഘങ്ങളിൽനിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ചില ജില്ലകളിന്മേലുള്ളത് തീരുമാനമെടുക്കുന്ന തിനായി കുടിശ്ശികയുണ്ട്. വർദ്ധിച്ചു വരുന്ന അപേക്ഷകളുടെ ബാഹുല്യം കാരണവും, അതാത് സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാലും അപേക്ഷകളിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്നതിന് താമസം വരികയും ചെയ്യുന്നതു മൂലവും, 7 ജില്ലകൾ കൈകാര്യം ചെയ്തുവരുന്ന തൃശ്ശൂർ റീജിയണൽ ആഫീസിന്റെ കീഴിൽ വരുന്ന ചില ജില്ലകളിൽനിന്നും ലഭ്യമായ ഫയലുകളിൽ ആറുമാസം വരെയുള്ള ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കി നിൽപ്പുള്ളത് മൂലവും കാലതാമസം വരുന്നുണ്ട്. ബോർഡിന്റെ മൂന്ന് ആഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ആയതിന് ഒരു പ്രധാന ഘടകമാണ്. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ വായ്പക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി എല്ലാ മാസവും ബോർഡ് പദ്ധതി നടത്തിപ്പ് വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച്

സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് സർക്കാർ സ്ഥാപനമായ സി.ഡിറ്റുമായി പ്രാരംഭ കത്തിടപാടുകൾ നടത്തിവരുന്നുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്കും ബോർഡിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്ന മുറയ്ക്കും അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണ്. അതാത് സംഘം ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാലുണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. അപേക്ഷകൾ കൃത്യതയോടെ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംഘങ്ങൾക്ക് ഇപ്പോൾ നൽകിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽനിന്നുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത്; വ്യക്തമാക്കാമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും റിസ്ക്ഫണ്ട് ധനസഹായത്തിനായി ബോർഡിലേക്ക് ആകെ ലഭ്യമായിട്ടുള്ള 51 അപേക്ഷകളിൽ 33 അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്. 18 അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് അതത് ബാങ്ക്/സംഘങ്ങളിൽനിന്നും ബോർഡിലേക്ക് തിരികെ ലഭിക്കാനും ഉണ്ട്.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് ധനസഹായം**

265(670) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് 449 അപേക്ഷകൾ ബോർഡിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിന് സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 263 അപേക്ഷകളിലായി 2.76 കോടി രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിച്ചുനൽകിയിട്ടുണ്ട്. 11 അപേക്ഷകളിൽ സംഘങ്ങളിൽനിന്നും ന്യൂനത പരിഹരിച്ച് തിരികെ ലഭിക്കാനുണ്ട്. ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ 99 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 76 അപേക്ഷകളിൽ നടപടി സ്വീകരിക്കുവാനായി ഇനി ബാക്കി നിൽപ്പുണ്ട്.

## സഹകരണ വകുപ്പിലെ നിയമനങ്ങൾ

266(671) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേനയും കരാർ അടിസ്ഥാനത്തിലും താൽക്കാലികമായും എത്രപേർക്ക് സഹകരണവകുപ്പിൽ നിയമനം നൽകി; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി മുഖേന സഹകരണവകുപ്പിൽ നിയമനം നൽകിയതിന്റെ തസ്തിക തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. ജൂനിയർ ഇൻസ്പെക്ടർ-669, ക്ലാർക്ക്-163, ടൈപ്പിസ്റ്റ്-74, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-3, ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ-134, ഡ്രൈവർ-5, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിലും താൽക്കാലികമായും ആർക്കുംതന്നെ നിയമനം നൽകിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണവകുപ്പിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണവകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) സഹകരണവകുപ്പിൽ റിക്രൂട്ട്മെന്റ് റൂൾസ്/സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; എത്ര സ്ഥാപനങ്ങളിൽ ഇനി നടപ്പിലാക്കുവാനുണ്ട്; വ്യക്തമാക്കുമോ?

സഹകരണവകുപ്പിലെ നിയമനങ്ങൾ അംഗീകൃത സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്.

(ഡി) റിക്രൂട്ട്മെന്റ് റൂൾസ്/സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച സഹകരണ വകുപ്പിലെ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ?

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച് നൽകിയിട്ടുണ്ട്:

1. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
2. സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ

3. സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ
4. സംസ്ഥാന സഹകരണ എസ്.സി./എസ്.റ്റി ഫെഡറേഷൻ
5. സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ
6. സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംങ്ങ് ഫെഡറേഷൻ

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പുതിയ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്.

(ഇ) സഹകരണ വകുപ്പിലെ റിക്രൂട്ട്മെന്റ് റൂൾസ്/സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച് നൽകിയിട്ടുണ്ട്:

1. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
2. സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ
3. സംസ്ഥാന സഹകരണ മാർക്കറ്റിംങ്ങ് ഫെഡറേഷൻ
4. സംസ്ഥാന സഹകരണ എസ്.സി./എസ്.റ്റി ഫെഡറേഷൻ
5. സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ
6. സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംങ്ങ് ഫെഡറേഷൻ

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പുതിയ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്.

**അന്തർദേശീയ വിനോദസഞ്ചാരമേള**

267(672) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് അന്തർദേശീയ വിനോദസഞ്ചാരമേള സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് അന്തർ ദേശീയ വിനോദ സഞ്ചാരമേള സംഘടിപ്പിച്ചിട്ടില്ല. എന്നാൽ കെ.ടി.എം. സൊസൈറ്റി 2018-ൽ സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ടെന്ന വിനോദസഞ്ചാര മേളയ്ക്ക് ടൂറിസം വകുപ്പ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ?

(ബി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി മുൻസർക്കാർ കൊണ്ടുവന്ന ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ വിപുലപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

മുൻസർക്കാർ കൊണ്ടുവന്നതും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച തുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(സി) ഈ മേഖലയിൽ മുൻസർക്കാർ കൊണ്ടുവന്ന ഏതെങ്കിലും പദ്ധതികൾ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതികളിൽ ഈ സർക്കാർ ഒഴിവാക്കിയവയുടെ വിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർക്കുന്നു.*

(ഡി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ഈ സർക്കാർ ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആരംഭിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം 'സി' ആയി ചേർക്കുന്നു.* കൂടാതെ, 1. ചാമ്പ്യൻസ് ബോട്ട് ലീഗ് 2. ICPB കേരള ചാപ്റ്റർ രൂപീകരണം 3. ക്ലാസിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം 4. സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം 5. ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം 6. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും 7. ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകൽ തുടങ്ങിയ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

**ടൂറിസം വികസനം**

268(673) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വരുന്ന വിദേശസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

കേരളത്തിലേക്കുള്ള വിദേശസഞ്ചാരികളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. ചാമ്പ്യൻസ് ബോട്ട് ലീഗ് - രണ്ടാം ഘട്ടം ദേശീയ അന്തർദേശീയ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ അച്ചടിമാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യ ക്യാമ്പയിനുകൾ ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ് സോഷ്യൽമീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും ബ്ലോഗ് എക്സ്പ്രസ്സിന്റെ തുടർച്ച MICE, വെഡിംഗ് ടൂറിസം. മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരണം.

(ബി) എങ്കിൽ ഇതിന്റെ ഫലമായി ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം കലണ്ടർ വർഷാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. 2020 വർഷത്തിൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം അന്തിമമാക്കിയിട്ടില്ല. നിപയും പ്രളയവും സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിലൂടെ ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2016 മുതൽ 2019 വരെ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം | വർദ്ധനവ് % | വിദേശ വിനോദസഞ്ചാരികളുടെ എണ്ണം | വർദ്ധനവ് % |
|---|---|---|---|---|
| 2016 | 1,31,72,535 | 5.67 | 10,38,419 | 6.23 |
| 2017 | 1,46,73,520, | 11.39 | 10,91,870 | 5.15 |
| 2018 | 1,56,04,661 | 6.35 | 10,96,407 | 0.42 |
| 2019 | 1,83,84,233 | 17.81 | 11,89,771 | 8.52 |

(സി) ടൂറിസം മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്തിട്ടുള്ള ടൂറിസം കേന്ദ്രങ്ങളിൽ കുടുംബശ്രീ മുഖേന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഡി.ടി.പി.സി.-കൾക്ക് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കാറുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി പ്രാദേശിക ജനസമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വരുമാന ലഭ്യത ഉറപ്പ് വരുത്തിയിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിന് ശേഷം 2017 ആഗസ്റ്റ് മാസം മുതൽ 2020 ഡിസംബർ വരെ പ്രത്യക്ഷമായും പരോക്ഷമായും ആകെ 100730 ഗുണഭോക്താക്കൾ ഇതിന്റെ ഭാഗമായിട്ടുണ്ട്.

(ഡി) ടൂറിസം വികസനത്തിന് ടൂറിസം ഡെസ്റ്റിനേഷനുകളിൽ സ്വകാര്യ നിക്ഷേപവും അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസംവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനുമായി ഗ്രീൻ കാർപെറ്റ് പദ്ധതി, വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ബാരിയർ ഫ്രീ ടൂറിസം പദ്ധതി, ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, പ്രോജക്ട് ഗ്രീൻ ഗ്രാസ് എന്നീ പദ്ധതികൾ, ദിവസേന ടൂറിസ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റുകൾ നിർമ്മിക്കുന്നതിനായിട്ടുള്ള പദ്ധതികൾ മുതലായവ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന വികസനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

269(674) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പുതിയ എം.ഡി. ചുമതല ഏറ്റെടുത്തതിനുശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുതിയ മാനേജിംഗ് ഡയറക്ടർ ചുമതല ഏറ്റെടുത്തതിന് ശേഷം ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബി.ആർ.ഡി.സി.-യുടെ വികസനത്തിനായി പുതിയ പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബി.ആർ.ഡി.സി.-യുടെ വികസനത്തിനായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ബേക്കൽ ഫോർട്ടിന് സമീപം കഫേ ഡി ബേക്കൽ പദ്ധതി
2. പാർക്കിംഗ് ബേ നവീകരണം
3. ബേക്കൽ ബീച്ച് പാർക്കിലെ പുതിയതായി നിർമ്മിച്ച ആർട്ട് വാളിന്മേൽ മ്യൂറൽ & ഗ്രാഫിറ്റി പെയിന്റിംഗ്
4. പൊസഡിഗുംപെ ഹിൽ ടൂറിസം പ്രോജക്ട്
5. ബേക്കൽ ബീച്ച് പാർക്ക് നവീകരണം പദ്ധതി
6. പള്ളിക്കരയിൽ ഒരു വേൾഡ് ക്ലാസ് മാൾ
7. ബേക്കൽ റിട്രീറ്റ് സെന്റർ
8. ഫോർട്ട് സർക്യൂട്ട്
9. കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ
10. അണങ്കൂരിൽ നൈറ്റ് ഫുഡ് സ്ട്രീറ്റ് പ്രോജക്ട്
11. ടൗൺഷിപ്പ് ഡവലപ്മെന്റ് പ്രോജക്ട്
12. ചന്ദ്രഗിരി റിവർ ടൂറിസം പ്രോജക്ട്
13. ബേക്കൽ റിവറിൽ റബർ ചെക്ക് ഡാം നിർമ്മിക്കുവാനുള്ള പദ്ധതി
14. തലപ്പാടിയിൽ ക്രൂ ഫെസിലിറ്റേഷൻ സെന്ററിനുള്ള പദ്ധതി.
15. റാണിപുരത്ത് കേബിൾ കാർ പ്രോജക്ട്
16. ബേക്കൽ ബീച്ച് പാർക്കിൽ മിയാവാകി ഫോറസ്റ്റ് പദ്ധതിക്കുള്ള നടപടികൾ
17. സൗത്ത് ബേക്കൽ ബീച്ച് പാർക്കിൽ മരം വച്ചുപിടിപ്പിക്കൽ

## തീർത്ഥാടന ടൂറിസം

270(675) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി പിൽഗ്രിം സർക്യൂട്ട് രൂപീകരിച്ച് അടിസ്ഥാന വികസന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിക്കുന്നുണ്ട്. വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ തീർത്ഥാടന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ സ്വദേശ് ദർശൻ, പ്രസാദ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

<u>സ്വദേശ് ദർശൻ സ്കീം</u>

1. ശബരിമല വികസനം (എരുമേലി-പമ്പ സന്നിധാനം)

2. ശ്രീ പത്മനാഭ- ആറന്മുള-ശബരിമല വികസനം.

<u>പ്രസാദ് സ്കീം</u>

ഗുരുവായൂർ ക്ഷേത്ര വികസനം (കേന്ദ്ര ടൂറിസം)

(ബി) കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ചിട്ടുള്ള തീർത്ഥാടന ടൂറിസം കേന്ദ്രങ്ങൾ ഏതൊക്കെയാണ്; അവയ്ക്കായി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

(എ) പിരിവിന്റെ അതേ ഉത്തരം

## ശംഖുംമുഖത്ത് സാഗര കന്യക ശില്പത്തോട് ചേർന്ന് ഹെലികോപ്ടർ സ്ഥാപിച്ച നടപടി

271(676) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശംഖുംമുഖത്തെ വിഖ്യാതമായ കാനായി ശില്പം സാഗരകന്യകയോട് ചേർന്ന് ടൂറിസം വകുപ്പ് ഹെലികോപ്ടർ സ്ഥാപിച്ചിട്ടുണ്ടോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശംഖുംമുഖത്ത് എയർഫോഴ്സ് സ്റ്റേഷന് സമീപമുള്ള റോഡിന് മുൻവശത്തായി സാഗര കന്യകയിൽനിന്ന് ഏകദേശം 50 മീറ്ററോളം അകലത്തിൽ ഹെലികോപ്റ്റർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇത് സ്ഥാപിക്കുന്നതിനുമുമ്പ് സാഗരകന്യകയുടെ ശില്പിയായ കാനായി കുഞ്ഞിരാമന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഇല്ല. ശംഖുംമുഖത്ത് എത്തിച്ചേരുന്ന സഞ്ചാരികൾക്കും കുട്ടികൾക്കും വ്യോമ സേനയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് വിനോദസഞ്ചാര വകുപ്പ് ഹെലികോപ്റ്റർ സ്ഥാപിച്ചിട്ടുള്ളത്.

(സി) സാഗരകന്യകയുടെ സൗന്ദര്യം ഇല്ലാതാക്കുന്ന രീതിയിൽ ശില്പത്തോട് ചേർന്ന് ഹെലികോപ്റ്റർ സ്ഥാപിച്ച നടപടിയെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ശംഖുംമുഖത്ത് ഹെലികോപ്റ്റർ സ്ഥാപിച്ചത് സംബന്ധിച്ച് പരാതികളൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല.

**വിനോദസഞ്ചാരം പുനരാരംഭിക്കുന്നതിന് നടപടി**

272(677 ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം സംസ്ഥാനത്തെ ടൂറിസം മേഖലയിലും അനുബന്ധ മേഖലയിലും ഉണ്ടായ തളർച്ച ഈ മേഖലയുമായി ബന്ധപ്പെട്ട പതിനായിരങ്ങളുടെ ജീവിതം വഴിമുട്ടിച്ചുവെന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കാമോ?

കോവിഡ് മൂലം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പൂർണമായി നിശ്ചലമായിരുന്നു. ടൂറിസം മേഖലയിൽ നേരിട്ടും അനുബന്ധ മേഖലയിലുണ്ടായ പ്രതിസന്ധി നിരവധിയാളുകളുടെ ജീവിതം വഴിമുട്ടിച്ചുവെന്നത് യാഥാർഥ്യമാണ്. കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധി മറികടക്കുന്നതിനായി വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി സർക്കാർ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയത്

പ്രകാരം കോവിഡ് വ്യാപനം കാരണം ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വരുമാന പ്രതിസന്ധി നേരിട്ട ഡി.ടി.പി.സി-കളിലെ ജീവനക്കാർക്കും ടൂറിസം ഡെസ്റ്റിനേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും വേതനം അനുവദി ക്കുന്നതിനായി സർക്കാർ ധനസഹായമായി 5,19,00,000 രൂപ അനുവദിച്ചിരുന്നു. ഡി.ടി.പി.സി-കളുടെ ലൈസൻസികൾക്ക് കോവിഡ് കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന കാലത്തെ വാടകയിൽ ഇളവ് നൽകുകയും സ്ഥാപനങ്ങളുടെ ലീസ് കാലാവധി (അടഞ്ഞുകിടന്നത്രയും കാലം) ദീർഘിപ്പിച്ച് നൽകുന്നതിനും ഉത്തര വായിട്ടുണ്ട്. 8-1-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 11/2021/ടൂറിസം. പ്രകാരം കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു.

(ബി) പ്രസ്തുത മേഖലയിലെ ജീവനക്കാർക്കായി എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നോ?

(എ) പിരിവിന്റെ അതേ ഉത്തരം

(സി) സംസ്ഥാനത്തെ ടൂറിസം മേഖല ഭാഗികമായി തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ട് ഘട്ടങ്ങളായി തുറന്നു കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുകയും, ആദ്യ ഘട്ടത്തിൽ സഞ്ചാരികളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ (ഹൗസ് ബോട്ട്, അഡ്വഞ്ചർ ടൂറിസം മേഖലകൾ, ഹിൽ സ്റ്റേഷനുകൾ) 10-10-2020 മുതൽ തുറന്നു കൊടുത്തു. തുടർന്ന് സഞ്ചാരികൾ അധികമായിയെത്തുന്ന ടൂറിസം കേന്ദ്രങ്ങൾ (ബീച്ചുകൾ, വാക്‌വേ) 1-11-2020 മുതൽ തുറന്ന് കൊടുക്കുന്നതിനും ഉത്തരവായിരുന്നു. കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കുന്നതിനും, ആളുകളെ കർശനമായി നിയന്ത്രിച്ചും വേണം ഇപ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കേണ്ടതെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കേരളത്തിലെ എല്ലാ വിനോദ സഞ്ചാര മേഖലകളും തുറന്ന് നൽകണമെന്ന് കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്

(ഇ) ഗോവ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ വിനോദസഞ്ചാരം പുനരാരംഭിക്കുകയും അവിടെ വൻതോതിൽ സഞ്ചാരികൾ കോവിഡ് മാനദണ്ഡം പാലിച്ച് എത്തുന്നതും കണക്കിലെടുത്ത് കോൺഫെഡറേഷന്റെ ആവശ്യം പരിഗണിക്കുമോ?

കോവിഡ് പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിച്ച് 10-10-2020, 1-11-2020 എന്നീ തീയതികളിലായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളായി തുറന്നിട്ടുണ്ട്

## ടൂറിസം പദ്ധതികൾ ജനസൗഹൃദമാക്കുവാൻ നടപടി

273(678) ശ്രീ. സജി ചെറിയാൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീമതി. വീണാ ജോർജ്ജ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ ജനസൗഹൃദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രാദേശിക ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധിപ്പിച്ച് അധിക വരുമാനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2008-ൽ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം ആരംഭിക്കുകയും ഘട്ടം ഘട്ടമായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്തടൂറിസം മിഷൻ രൂപീകരിക്കുകയും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും ചെയ്തു.

(ബി) വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ പ്രാദേശിക സമൂഹത്തിലെ സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നവയാണ്. സ്ത്രീകൾ പ്രധാനമായും വീട്ടമ്മമാർ ഉൾപ്പെടുന്ന പ്രാദേശിക ജനസമൂഹത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കാവുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും

നൽകുന്നതിന് പരിശീലനങ്ങൾ നൽകുകയും പരിശീലനം ലഭിച്ചവരെയും ടൂറിസം വ്യവസായവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കാവുന്ന ചെറുകിട സംരഭകർ, പാരമ്പര്യ തൊഴിലാളികൾ, സേവനദാതാക്കൾ എന്നിവരെയെല്ലാം കണ്ടെത്തി യൂണിറ്റായി രൂപീകരിച്ച് യൂണിറ്റുകളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ രജിസ്റ്റർ ചെയ്യുകയും ഓൺലൈനായും, ഓഫ്ലൈനായും യൂണിറ്റുകളെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കുകയും വരുമാനം ലഭ്യമാക്കുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ എക്സ്പിരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ എന്ന പദ്ധതി സാധാരണക്കാരായ വീട്ടമ്മമാർക്ക് വരുമാനം ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്.

(സി) വിനോദസഞ്ചാര മേഖലയിൽ സംരംഭകരായും സേവനദാതാക്കളായും സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം നൽകാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

(ബി) പിരിവിന്റെ അതേ ഉത്തരം

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

274(679)ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക ജനകീയപങ്കാളിത്തം ഉറപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംസ്ഥാനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ മാതൃകയിൽ മധ്യപ്രദേശിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ മധ്യപ്രദേശ് ടൂറിസം ബോർഡുമായി കേരള ടൂറിസം കരാർ ഒപ്പിട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഈ കരാറിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കുന്നു എന്നുള്ളത് കേരള സംസ്ഥാനത്തിനും, ടൂറിസം വകുപ്പിനും, ഉത്തരവാദിത്ത ടൂറിസം മിഷനും അഭിമാനകരമായ നേട്ടമാണ്. മറ്റൊരു

സംസ്ഥാനം അവരുടെ നാട്ടിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കേരളത്തിന്റെ സഹായം സ്വീകരിക്കുക വഴി, കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് രാജ്യവ്യാപകമായി കൂടുതൽ ശ്രദ്ധ കൈവരികയും, നമ്മുടെ സംസ്ഥാനത്തിന് ടൂറിസം രംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുകയും ചെയ്യും. ഇത് രാജ്യത്തുടനീളമുള്ള വിനോദ സഞ്ചാരികളെ, പ്രത്യേകിച്ച് മധ്യപ്രദേശിൽ നിന്നുള്ളവരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും സഹായകരമായിരിക്കും. മധ്യപ്രദേശ് മാതൃക പിന്തുടർന്ന് കൂടുതൽ സംസ്ഥാനങ്ങൾ ഈ രംഗത്ത് കേരളവുമായി സഹകരണത്തിനായി മുന്നോട്ട് വരുമെന്നും പ്രതീക്ഷിക്കുന്നു.

## കൊല്ലം ടൂറിസം സർക്യൂട്ട്

275(680) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ടൂറിസം സർക്യൂട്ട് രൂപീകരിച്ചിട്ടുണ്ടോ?

ഇല്ല. എന്നാൽ ട്രാവൻകൂർ ടൂറിസം സർക്യൂട്ടിൽ കൊല്ലം ജില്ലയും ഭാഗമായിട്ടുണ്ട്. കൊല്ലം ജില്ലയിലെ തങ്കശ്ശേരിയെ മേൽ സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കിയാണ് സർക്യൂട്ട് രൂപീകരിച്ചിട്ടുള്ളത്?

ഇല്ല. എന്നാൽ ട്രാവൻകൂർ ടൂറിസം സർക്യൂട്ടിൽ കൊല്ലം ജില്ലയും ഭാഗമായിട്ടുണ്ട്. കൊല്ലം ജില്ലയിലെ തങ്കശ്ശേരിയെ മേൽ സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സർക്യൂട്ടിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ മീൻപിടിപ്പാറ, പൊങ്ങൻപാറ എന്നീ ടൂറിസം കേന്ദ്രങ്ങളും മുട്ടറ മരുതിമല ഇക്കോടൂറിസം കേന്ദ്രവും ഉൾപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ?

ഇല്ല. എന്നാൽ ട്രാവൻകൂർ ടൂറിസം സർക്യൂട്ടിൽ കൊല്ലം ജില്ലയും ഭാഗമായിട്ടുണ്ട്. കൊല്ലം ജില്ലയിലെ തങ്കശ്ശേരിയെ മേൽ സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ടൂറിസം വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

276 (681) ശ്രീ. മുഹമ്മദ് മുഹസിൻ പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പട്ടാമ്പി മണ്ഡലത്തിൽ ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ വന്നശേഷം പട്ടാമ്പി മണ്ഡലത്തിൽ ടൂറിസം വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

## മലനാട് മലബാർ റിവർക്രൂയിസ് പദ്ധതി

277(682) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ മലനാട് മലബാർ റിവർക്രൂയിസ് പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ മലനാട് മലബാർ റിവർക്രൂയിസ് പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതിയെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

278(683) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ശാസ്താംപാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ ഡെസ്റ്റിനേഷൻ ഡെവലപ്മെൻറ് ഓഫ് ശാസ്താംപാറ ഫേസ്-1 എന്ന പദ്ധതിക്ക് 98,36,097 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയായി വരികയാണ്. ശാസ്താംപാറ കേന്ദ്രീകരിച്ച് അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ളുങ്ങാംപാറ എക്കോടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട മാറനല്ലൂർ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ളുങ്ങാംപാറയേയും പെരുകുളത്തേയും ബന്ധിപ്പിക്കുന്ന ഇക്കോ ടൂറിസം പദ്ധതിക്ക് 2019-20 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും നടപ്പ് സാമ്പത്തിക വർഷം 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ടൂറിസം സാധ്യതകൾ പരിശോധനാവിധേയമാക്കി ഒരു സമഗ്ര ഇക്കോടൂറിസം പദ്ധതി റിപ്പോർട്ട് വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

**പിൽഗ്രിം ടൂറിസം പദ്ധതികൾ**

279(684) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിൽഗ്രിം ടൂറിസം പദ്ധതികൾക്ക് സർക്കാർ നൽകുന്ന പ്രാധാന്യം വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി പിൽഗ്രിം സർക്യൂട്ട് രൂപീകരിച്ച് അടിസ്ഥാന വികസന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിക്കുന്നുണ്ട്. വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ തീർത്ഥാടന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ സ്വദേശ് ദർശൻ, പ്രസാദ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

സ്വദേശ് ദർശൻ സ്കീം

1. ശബരിമല വികസനം (എരുമേലി - പമ്പ സന്നിധാനം)

2. ശ്രീ പത്മനാഭ- ആറന്മുള -ശബരിമല വികസനം.

പ്രസാദ് സ്കീം

ഗുരുവായൂർ ക്ഷേത്ര വികസനം (കേന്ദ്ര ടൂറിസം)

(ബി) ഈ മേഖലയിൽ ടൂറിസം വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

(എ) പിരിവിന്റെ അതേ ഉത്തരം

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബേക്കൽ എയർ സ്ട്രിപ്പ്

280(685) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ?

പരിഗണനയിലുണ്ട്.

(ബി) എങ്കിൽ ഈ പ്രോജക്ട് എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ?

ബേക്കൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിലേയ്ക്കായി മെമ്മോറാണ്ടം ഓഫ് സിറ്റീയറിംഗ് കമ്മിറ്റി ഫോർ ലാന്റ് സൈറ്റ് ക്ലിയറൻസ്, ടോപ്പോഗ്രാഫിക്കൽ മാപ്പ് എന്നിവ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തത്ത്വത്തിലുള്ള പുതുക്കിയ അനുമതിയും, ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം സ്വീകരിച്ചുവരുന്നു. കൂടാതെ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്റ്റിവിറ്റി സ്കീം (UDAN)-ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പദ്ധതി എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച തീരുമാനം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഉദിക്കുന്നുള്ളൂ. ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കേണ്ടതാണ്.

## വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ച വരുമാനം

281(686) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിൽ വിനോദസഞ്ചാര മേഖലയിൽനിന്ന് ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ?

ടൂറിസം മേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന മൊത്തവരുമാനം കലണ്ടർ വർഷാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. 2020 കലണ്ടർ വർഷത്തെ സ്ഥിതി വിവര കണക്ക് പൂർത്തീകരിച്ചിട്ടില്ല. 2018, 2019 വർഷങ്ങളിലെ പ്രസ്തുത കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ആകെ വരുമാനം (കോടിയിൽ) |
| --- | --- |
| 2018 | 36258.01 |
| 2019 | 45010.69 |

(ബി) വിനോദസഞ്ചാര മേഖലയിൽനിന്ന് കൂടുതൽ വരുമാനം ലക്ഷ്യമാക്കി കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വിനോദ സഞ്ചാര മേഖലയിൽനിന്ന് കൂടുതൽ വരുമാനം ലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗ് ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി ഫമിലിയറൈസേഷൻ (FAM) ടൂറുകൾ സംഘടിപ്പിക്കൽ അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യ ക്യാമ്പയിനുകൾ ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ് സോഷ്യൽമീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും ബ്ലോഗ് എക്സ്പ്രസ്സിന്റെ തുടർച്ച മൈസ് (MICE), വെഡിംഗ് ടൂറിസം. മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരണം.

## കെ.ടി.ഡി.സി.യുടെ ശാക്തീകരണം

282(687) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം മേഖലക്ക് ഉത്തേജനം നൽകുന്നതിൽ കെ.ടി.ഡി.സി. വഹിക്കുന്ന പങ്ക് വിശദമാക്കുമോ?

1. കേരളത്തിലെ പല ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും വികസിക്കാൻ കാരണമായത് കെ.ടി.ഡി.സി.-യുടെ ആദ്യ സാന്നിധ്യം കൊണ്ടാണ്. ഉദാ: തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയവ
2. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും തുടങ്ങിവച്ചത് കെ.ടി.ഡി.സിയാണ്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർലൈൻ ടൂർ പാക്കേജ് (2000-മുതൽ), പ്രൈവറ്റ് ട്രാവൽ ഏജൻസികളുമായി ചേർന്ന് ട്രയിൻ ചാർട്ടർ പാക്കേജ് എന്നിവയും മൺസൂൺ സമയത്ത് താരീഫ് കുറച്ച് മൺസൂൺ ടൂറിസം ആദ്യമായി നടപ്പിലാക്കിയതും കെ.ടി.ഡി.സി. -യാണ്.

3. കെ.ടി.ഡി.സി.യുടെ പ്രീമിയവും ബഡ്ജറ്റ് ഹോട്ടലുകളും കേരളത്തിലെ വികസിതവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ ഡെസ്റ്റിനേഷനുകളുടേയും സാന്നിധ്യം ഇവിടെയുള്ള ടൂറിസം മാർക്കറ്റിംഗിന് ഉത്തേജനം നൽകുന്നുണ്ട്. ഉദാ: നിലമ്പൂർ, തിരുനെല്ലി, പീരുമേട്, സുൽത്താൻബത്തേരി

4. കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളും റെസ്റ്റോറന്റുകളും സഞ്ചാരികൾക്ക് രുചിയോടെ ഭക്ഷണവും വൃത്തിയുള്ള ടോയിലറ്റും നൽകുന്നതിനാൽ വിനോദ സഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്നു.

5. കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ കേരളത്തിൽ 11 മോട്ടൽ ആരാമുകളാണുള്ളത്. രുചികരമായ ഭക്ഷണവും, ശുചിത്വമുള്ള ശുചിമുറികളും, പരിസരവും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഒരുക്കി മികച്ച രീതിയിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ദേശീയ പാതയിലെ ഇടത്താവളമായി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും പുതു ഉന്മേഷത്തോടെ യാത്ര പുനരാരംഭിക്കുന്നതിനും, കെ.ടി.ഡി.സി.-യുടെ മോട്ടലുകൾ വലിയ തോതിൽ സഹായകരമായി തീർന്നിട്ടുണ്ട്. നിലവിൽ പുനലൂർ, പാലരുവി, പാറശ്ശാല, കൊട്ടാരക്കര, കായംകുളം, ആലപ്പുഴ, വൈക്കം, വടകര, എരുമയൂർ, കുറ്റിപ്പുറം, മങ്ങാട്ടുപറമ്പ് എന്നിവിടങ്ങളിൽ കെ.ടി.ഡി. സി-യുടെ മോട്ടൽ ആരാമുകൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിൽ കെ.ടി.ഡി.സി. ഹോട്ടലുകളുണ്ട്. പ്രീമിയം, ബഡ്ജറ്റ്, ഇക്കോണമി വിഭാഗത്തിലായി 29 ഹോട്ടലുകളും 11 മോട്ടലുകളുമാണ് നിലവിലുള്ളത്.

(ബി) കോവിഡും ലോക്ഡൗണും ടൂറിസം മേഖലയിൽ സൃഷ്ടിച്ച മാന്ദ്യം കെ.ടി.ഡി.സി.-യെ എപ്രകാരമാണ് ബാധിച്ചതെന്ന് അറിയിക്കാമോ?

കോവിഡ് ലോക്ഡൗൺ കാരണം കെ.ടി.ഡി.സി-യുടെ ആഡിറ്റ് ചെയ്യാത്ത കണക്ക് പ്രകാരം നവംബർ മാസം വരെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വ്യാപാര വളർച്ചയിൽ 58 കോടി രൂപയുടെ കുറവും 40 കോടി രൂപയുടെ പ്രവർത്തന നഷ്ടവും സംഭവിച്ചിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയോട് മത്സരിക്കുന്നതിന് കെ.ടി.ഡി.സി-യെ പ്രാപ്തമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് കെ.ടി.ഡി.സി.-യെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.

1. കെ.ടി.ഡി.സി-യുടെ എല്ലാ പ്രീമിയവും, ബഡ്ജറ്റുമായ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.

2. മസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു.

3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു.

4. വാട്ടർസ്കേപ്സ്, കുമരകത്തിന്റെ 12.65 കോടി രൂപയുടെ നവീകരണം നടന്നുവരികയാണ്.

5. തേക്കടിയിൽ 120 പേർക്ക് സഞ്ചരിക്കാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.

6. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മിഷൻ ചെയ്തു.

7. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിച്ചു.

8. മസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടി ആരംഭിക്കുകയും ചെയ്തു.

9. ആലപ്പുഴയിൽ 2 കോടി രൂപ മുതൽ മുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു.

10. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുകയും കമ്മിഷൻ ചെയ്യുകയും ചെയ്തു.

11. വേളിയിൽ ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് 70 ലക്ഷം മുടക്കി നവീകരിച്ചു.

12. സുപ്രീംകോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.

13. കണ്ണൂരിലെ മുഴപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്വിസിഷൻ നടപടികൾ അവസാനിച്ചു. ഉടനെതന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

14. കെ.ടി.ഡി.സി.-യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു.

15. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റിൽ കെ.ടി.ഡി.സി-യെ ക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

16. കെ.ടി.ഡി.സി.യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചു. 17.792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നുവരികയാണ്.

18. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുമായി ചാനൽ മാനേജർ സോഫ്റ്റ്‌വെയർ ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതുമൂലം നിരവധി അന്താരാഷ്ട്ര ഓൺലൈൻ ട്രാവൽ ഏജൻസികളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

19. സാങ്കേതിക വിദ്യയുടെ വളർച്ചയെത്തുടർന്ന് ഹോട്ടൽ ബിസിനസ്സിൽ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ പങ്ക് വളരെ വലുതാണ്. ഇത്തരം മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താനായി പുതിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

20. ആധുനിക കാലത്ത് സോഷ്യൽ മീഡിയകളുടെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. കെ.ടി.ഡി.സി. ഹോട്ടലുകളുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പ്രചരണത്തിനുമായി സോഷ്യൽ മീഡിയയെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ടൂറിസം മേഖല ഘട്ടം ഘട്ടമായി തുറന്നുകൊടുക്കുന്ന സാഹചര്യത്തിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ കെ.ടി.ഡി.സി.യിൽ കൊണ്ടുവരുന്നതിനും അതിന്റെ പ്രവർത്തനം സാധാരണക്കാരായ ജനങ്ങൾക്കുകൂടി പ്രാപ്തമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സ്വീകരിക്കും. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ 'ആഹാർ' എന്ന ബ്രാൻഡിൽ ഒരു റെസ്റ്റോറന്റ് ചെയിൻ തുടങ്ങിയിട്ടുണ്ട്.

## കോന്നി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

283(688) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോന്നി നിയോജകമണ്ഡലത്തിൽ കോന്നി ഗ്രാമപഞ്ചായത്തിൽ കോന്നി ടൗണിന് സമീപത്തായി വാർഡ് 11-ൽ പുറമ്പോക്ക് ഭൂമിയും വനംവകുപ്പ് വക ഭൂമിയും ഉൾപ്പെടുത്തി പഞ്ചായത്ത് കടവ് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) മണ്ഡലത്തിലെ പ്രമാടം പഞ്ചായത്തിൽ നെടുമ്പാറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## ഉത്തരവാദിത്ത ടൂറിസത്തിലൂടെ ഗ്രാമീണവികസനം

284(689) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിന് ലഭ്യമാക്കുന്നതിനും ഉത്തരവാദിത്ത ടൂറിസത്തിലൂടെ ഗ്രാമീണവികസനം സാധ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ജനസമൂഹത്തെ ടൂറിസം രംഗവുമായി ബന്ധിപ്പിച്ച് അധിക വരുമാനം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും മിഷന്റെ വിവിധ പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും ചെയ്തു. പ്രാദേശിക ജനസമൂഹത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കാവുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിന് പരിശീലനങ്ങൾ നൽകുകയും പരിശീലനം ലഭിച്ചവരെ ടൂറിസം വ്യവസായവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കാവുന്ന ചെറുകിട സംരംഭകർ, പാരമ്പര്യ തൊഴിലാളികൾ സേവനദാതാക്കൾ എന്നിവരെയെല്ലാം കണ്ടെത്തി യൂണിറ്റായി രൂപീകരിച്ച്, യൂണിറ്റുകളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ രജിസ്റ്റർ ചെയ്യുകയും, ഓൺലൈനായും ഓഫ്‌ലൈനായും യൂണിറ്റുകളെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കുകയും വരുമാനം ലഭ്യമാകുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികളിലൂടെ പ്രാദേശിക ജനസമൂഹത്തിന്റെ സഹകരണത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരികയും ചെയ്യുന്നു.

(ബി) നാടിന്റെ പരിസ്ഥിതിയെയും സംസ്കാരത്തെയും പൈതൃകത്തെയും സംരക്ഷിച്ചുകൊണ്ട് ടൂറിസം വഴി തദ്ദേശീയർക്ക് തൊഴിലും വരുമാനവും ഉറപ്പു വരുത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മൂന്ന് ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. നിലവിലെ സാമൂഹിക സാംസ്കാരിക മൂല്യങ്ങളെയും പൈതൃകത്തെയും സംരക്ഷിച്ചുകൊണ്ടും ടൂറിസം വഴി നമ്മുടെ കല, സംസ്കാരം എന്നിവയെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവ വേദ്യമാക്കുകയും ചെയ്യുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, ഉത്സവകാല ടൂറിസം പാക്കേജുകൾ എന്നിങ്ങനെ വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ നടത്തുന്നു. പ്രാദേശിക കലാകാരൻമാരെയും കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരെയും കണ്ടെത്തി യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഓൺലൈനായും ഓഫ്‌ലൈനായും ടൂറിസം രംഗവുമായി ബന്ധിപ്പിക്കുന്നു. അതിനായി ഓൺലൈൻ പ്ലാറ്റ്ഫോം ഉത്തരവാദിത്ത ടൂറിസം മിഷൻ വികസിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായി കാർബൺ ബഹിർഗമന വിമുക്തമായ ടൂർ പാക്കേജുകൾ നടത്തിവരുന്നു. അതോടൊപ്പംതന്നെ അക്കോമഡേഷൻ യൂണിറ്റുകളിൽ മരങ്ങൾവച്ച് പിടിപ്പിക്കുക വഴി കാർബൺ ബഹിർഗമനത്തെ സന്തുലിതമാക്കുന്നതിന് പ്രചോദനം നൽകി വരുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വഴി മാലിന്യ സംസ്കരണ യൂണിറ്റുകൾ രൂപീകരിക്കുകയും ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

(സി) തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തുപറയത്തക്ക ഒരു പങ്കുമില്ലാതിരുന്ന ടൂറിസം വികസനപ്രക്രിയയിൽ പ്രദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ച 'പെപ്പർ' (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) പദ്ധതിയുടെ വിശദാംശം നൽകുമോ?

പ്രാദേശിക ജനസമൂഹത്തിന്റെ സഹകരണത്തോടെ ഘട്ടം ഘട്ടമായി ഒരു പ്രദേശത്തെ ടൂറിസം കേന്ദ്രമാക്കി ഉയർത്തിക്കൊണ്ട് വരുന്ന പദ്ധതിയാണ് 'പെപ്പർ'. 'പെപ്പർ' പദ്ധതി പ്രാഥമികമായി നടപ്പിലാക്കിയ വൈക്കം, തുടർന്നുവന്ന പൊന്നാനി എന്നീ പ്രദേശങ്ങൾ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'പെപ്പർ' പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പെരുന്തേനരുവി ടൂറിസം പദ്ധതി

285(690) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ടൂറിസം പദ്ധതി എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യാനാകുമെന്ന് പറയാമോ; എന്തൊക്കെ പദ്ധതികളാണിവിടെ നടപ്പാക്കിയിരിക്കുന്നത്?

1. പെരുന്തേനരുവിയിൽ നടപ്പാക്കുന്ന ഡോർമിറ്ററി കം അമിനിറ്റി സെന്റർ അറ്റ് പെരുന്തേനരുവി എന്ന പദ്ധതി 2021 ഫെബ്രുവരി അവസാനവാരം ഉദ്ഘാടനം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഡോർമിറ്ററി കം അമിനിറ്റി സെന്റർ, പാത്ത് വേ, സോളാർ ലൈറ്റ്, റാമ്പ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിക്ക് ഇതുവരെ 2,00,07,029 (രണ്ട് കോടി ഏഴായിരത്തി ഇരുപത്തിഒൻപത് രൂപ മാത്രം) രൂപ വിവിധ ഘട്ടങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

2. ഇംപ്രൂവ്മെന്റ് ഓഫ് ഫെസിലിറ്റീസ് ഓഫ് പെരുന്തേനരുവി വാട്ടർഫാൾസ് എന്ന പദ്ധതി പുരോഗമിക്കുകയാണ്. കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ, പാർക്കിംഗ് ഏരിയ, ഇന്റർ ലോക്കിംഗ് എന്നിവയാണ് പ്രധാന പദ്ധതിഘടകങ്ങൾ. പദ്ധതി വേഗത്തിൽ പൂർത്തിയാക്കുവാൻ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിക്ക് ഇതുവരെ 21,57,500 (ഇരുപത്തി ഒന്ന് ലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

(ബി) എത്ര രൂപയാണ് ഇതിനായി വിവിധഘട്ടങ്ങളിലായി ഇതേവരെ ചെലവഴിച്ചതെന്ന് അറിയിക്കാമോ ?

1. പെരുന്തേനരുവിയിൽ നടപ്പാക്കുന്ന ഡോർമിറ്ററി കം അമിനിറ്റി സെന്റർ അറ്റ് പെരുന്തേനരുവിയെന്ന പദ്ധതി 2021 ഫെബ്രുവരി അവസാനവാരം ഉദ്ഘാടനം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഡോർമിറ്ററി കം അമിനിറ്റി സെന്റർ, പാത്ത് വേ, സോളാർ ലൈറ്റ്, റാമ്പ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിക്ക് ഇതുവരെ 2,00,07,029 (രണ്ട് കോടി ഏഴായിരത്തി ഇരുപത്തിഒൻപത് രൂപ മാത്രം) രൂപ വിവിധ ഘട്ടങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

2. ഇംപ്രൂവ്മെൻറ് ഓഫ് ഫെസിലിറ്റീസ് ഓഫ് പെരുന്തേനരുവി വാട്ടർഫാൾസ് എന്ന പദ്ധതി പുരോഗമിക്കുകയാണ്. കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ, പാർക്കിംഗ് ഏരിയ, ഇന്റെർ ലോക്കിംഗ് എന്നിവയാണ് പ്രധാന പദ്ധതി ഘടകങ്ങൾ. പദ്ധതി വേഗത്തിൽ പൂർത്തിയാക്കുവാൻ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് ഇതുവരെ 21,57,500 (ഇരുപത്തി ഒന്ന് ലക്ഷത്തി അൻപ ത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിന്റെ ടൂറിസം മേഖലയുടെ വികസനം

286(691) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിന്റെ ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി ടൂറിസം വകുപ്പ് ഇതുവരെ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും തുകയടക്കം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി മണ്ഡലത്തിൽ ടൂറിസം വികസനത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ബണ്ട് റോഡ് ബ്യൂട്ടിഫിക്കേഷൻ അറ്റ് ചൊക്ലി എന്ന പ്രവൃത്തി പൂർത്തീകരിച്ച് ഒക്ടോബർ 22-ന് ഉദ്ഘാടനം ചെയ്തു. പദ്ധതി തുക 99,90,000 രൂപ റിവർ സൈഡ് ബ്യൂട്ടിഫിക്കേഷൻ അറ്റ് എരഞ്ഞോളി എന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. പദ്ധതി തുക-99,90,000 രൂപ തലശ്ശേരിയുടെയും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്തി തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ താഴെ പറയുന്ന 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്

1. പിയർ റോഡ് നവീകരണം പദ്ധതി തുക- 2,12,54,000 രൂപ

2. പഴയ ഫയർ ടാങ്ക് സംരക്ഷണം പദ്ധതി തുക 60,76,500 രൂപ

3. ഗുണ്ടർട്ട് ബംഗ്ളാവ് സംരക്ഷണം പദ്ധതി തുക – 2,10,00,000 രൂപ

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്

1. താഴെ അങ്ങാടി സ്ട്രീറ്റ് 1. ഡവലപ്മെന്റ് (പ്രവൃത്തി പുരോഗമിച്ചുവരുന്നു) പദ്ധതി തുക - 4,84,02,866 രൂപ

2. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് സ്ട്രീറ്റ് ഡവലപ്മെന്റ് (പ്രവൃത്തി പുരോഗമിച്ചുവരുന്നു) പദ്ധതി തുക- 1,84,73,,019 രൂപ

3. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് (പ്രവൃത്തി ആരംഭിച്ചിട്ടില്ല, ടെകനിക്കൽ സാങ്ഷൻ ലഭ്യമാകേണ്ടതുണ്ട്) പദ്ധതി തുക - 4,98,45,267 രൂപ

4. ഗുണ്ടർട്ട് ബംഗ്ലാവ് - മ്യൂസിയം കമ്പോണന്റ്സ് (പ്രവൃത്തി ആരംഭിച്ചിട്ടില്ല, ടെകനിക്കൽ സാങ്ഷൻ ലഭ്യമാകേണ്ടതുണ്ട്) പദ്ധതി തുക - 1,87,03,020 രൂപ

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി തലശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന താഴെ പറയുന്ന 3 ബോട്ട് ടെർമിനൽ/ജെട്ടിയുടെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

1. ന്യൂ മാഹി ബോട്ട് ടെർമിനൽ - 88% പ്രവൃത്തി പൂർത്തീകരിച്ച പദ്ധതി തുക - 5,02,00,000 രൂപ

2. പാത്തിക്കൽ ബോട്ട് ജെട്ടി - 58% പ്രവൃത്തി പൂർത്തീകരിച്ച പദ്ധതി തുക - 1,75,00,000 രൂപ

3. കക്കടവ് ബോട്ട് ജെട്ടി കം വാക്ക്‌വേ - 68% പ്രവൃത്തി പൂർത്തീകരിച്ച. പദ്ധതി തുക - 3,03,00,000 രൂപ

**കോവിഡ് വ്യാപനവും വിനോദ സഞ്ചാരമേഖലയും**

287(692) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2018-ലും 2019 -ലും ഉണ്ടായ പ്രകൃതിദുരന്തങ്ങളും, 2020-ലെ കോവിഡ് വ്യാപനവും വിനോദ സഞ്ചാരമേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി ആ മേഖലയെ എപ്രകാരമാണ് ബാധിച്ചത്?

2018 ആഗസ്റ്റ് മാസം ഉണ്ടായ മഹാപ്രളയം 2018 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിനെ ബാധിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെയും വകുപ്പിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതലും വിദേശ

വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2019 ഏപ്രിൽ മുതലും തുടർച്ചയായുള്ള വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2019-ലെ പ്രളയം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ബാധിച്ചിട്ടില്ല. എന്നാൽ 2020-ലെ കോവിഡ് മഹാമാരി മാർച്ച് മാസം മുതലുള്ള വിനോദ സഞ്ചാരികളുടെ വരവിനെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. 2019 വർഷത്തെ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 2020 കലണ്ടർ വർഷമുള്ള വരുമാന നഷ്ടം ഏകദേശം 30,000 കോടി രൂപയായാണ് വകുപ്പ് താൽകാലികമായി എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. 2020 വർഷത്തെ മുഴുവൻ കണക്കുകളും ലഭ്യമായാൽ മാത്രമേ 2019 വർഷവുമായി താരതമ്യപ്പെടുത്തി കൃത്യമായ നഷ്ടകണക്കുകൾ ലഭ്യമാക്കാൻ കഴിയൂ.

(ബി) ഇത് മറികടക്കുന്നതിന് ആവിഷ്ക്കരിച്ച നടപടികൾ എന്തൊക്കെയാണ്?

പ്രളയംമൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നു. പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയകെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമാണത്തിന് 2,09,20,000 രൂപ.
2. പുനലൂർ ബാത്തിംഗ്ഗാട്ട് - 77,00,000 രൂപ
3. മൺട്രോ തുരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റിബോട്ട്ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030 രൂപ
5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപുഴ - 74,00,000 രൂപ
6. ആലുവ ഗസ്റ്റ്ഹൗസ് അറ്റകുറ്റ പണികൾ ചെയ്യുന്നതിന് - 46,00,000 രൂപ
7. പത്തനംതിട്ട ഗസ്റ്റ്ഹൗസിൽ അടിയന്തര വൃത്തിയാക്കലും, അറ്റകുറ്റ പണികൾ ചെയ്യുന്നതിനും - 4,00,000 രൂപ
8. പത്തനംതിട്ട ഗസ്റ്റ്ഹൗസിൽ ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിക്കുന്നതിന്-1,02,188 രൂപ

9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് 92,50,000 രൂപ കോവിഡ് വ്യാപനം കാരണം ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വരുമാന പ്രതിസന്ധി നേരിട്ട ഡി.ടി.പി.സി-കളിലെ ജീവനക്കാർക്കും ടൂറിസം ഡെസ്റ്റിനേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും വേതനം അനുവദിക്കുന്നതിനായി സർക്കാർ ധനസഹായമായി 5,19,00,000 രൂപ അനുവദിച്ചിരുന്നു. ഡി.ടി.പി.സി-കളുടെ ലൈസൻസികൾക്ക് കോവിഡ് കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന കാലത്തെ വാടകയിൽ ഇളവ് നൽകുകയും സ്ഥാപനങ്ങളുടെ ലീസ് കാലാവധി (അടഞ്ഞുകിടന്നത്രയും കാലം) ദീർഘിപ്പിച്ച് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. 8-1-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 11/2021/ടൂറിസം. പ്രകാരം കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10 ശതമാനമായി നിൽക്കേ വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറന്ന് കൊടുക്കുന്നത് കോവിഡ് വ്യാപനത്തെ ത്വരിതപ്പെടുത്തില്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണ്?

10-10-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 320/2020/ടൂറിസം പ്രകാരം ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടുന്ന കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതുപ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളെ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ഡി) കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്ന എത്തിനിക് ക്വസീൻ പദ്ധതി വീട്ടമ്മമാരായ ചെറുകിട സംരംഭകർക്ക് എത്രമാത്രം സഹായകമായി വിശദമാക്കുമോ?

സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് എക്സ്പീരിയൻസ് എതിക്/ലോക്കൽ ക്യുസീൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി അപേക്ഷ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്ത് ഓൺലൈൻ പ്ലാറ്റ്ഫോമിൽ എൻട്രി ചെയ്തു. പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ സാധാരണക്കാരായ സ്ത്രീകൾ ചെറുകിട സംരംഭകരായി മാറുകയുണ്ടായി. പദ്ധതി വഴി വിവിധ ജില്ലകളിൽ യൂണിറ്റുകൾക്ക് വരുമാനം ലഭിച്ചുതുടങ്ങിയ സമയത്ത് കോവിഡ്-19 നിയന്ത്രണങ്ങൾ നിലവിൽവന്നതിനാൽ പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ, യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു വരുന്നു. ഈ യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടന്നുവരുന്നു. കോവിഡ്- 19 മഹാമാരിയുടെ സാഹചര്യത്തിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. അതിനായുള്ള പ്രവർത്തങ്ങൾ നടന്നുവരുന്നു.

(ഇ) കോവിഡിന്റെ വ്യാപനം ഈ മേഖലയിലും ബുദ്ധിമുട്ടുണ്ടാക്കിയ സാഹചര്യത്തിൽ ഇത്തരം ചെറുകിട സംരംഭകർക്ക് ടൂറിസം വകുപ്പ് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ?

കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയിൽ ഉണ്ടായിരിക്കുന്ന വരുമാന നഷ്ടത്തിന് ആശ്വാസമേകുന്നതിന് ടൂറിസം ലോൺ അസ്സിസ്റ്റൻസ്/സപ്പോർട്ട് സ്കീമുകൾ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്നു. കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചു കൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള ടൂറിസം ക്ലാസ്സിഫിക്കേഷൻ/അപ്രൂവൽ നൽകിയിട്ടുള്ളതും 2020-ൽ സർട്ടിഫിക്കറ്റ് കാലാവധി തീരുന്നതുമായ യൂണിറ്റുകളുടെ സർട്ടിഫിക്കറ്റ് കാലാവധി 2020 ഡിസംബർ 31 വരെ നീട്ടി നൽകിയിരുന്നു. കോവിഡ് -19 മഹാമാരി നിമിത്തം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് പരസ്യ ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്.

## ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണം

288(693) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിലെ നവീകരണ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണ്?

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിലെ നവീകരണ പ്രവൃത്തിയുടെ അടങ്കൽ തുക 98 ലക്ഷം രൂപയാണ്.

(ബി) നവീകരണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയുമായി ഡി.റ്റി.പി.സി എന്നാണ് കരാറിൽ ഏർപ്പെട്ടത്; കരാർ പ്രകാരമെന്നാണ് പ്രവൃത്തികൾ പൂർത്തീ കരിക്കേണ്ടത്?

നവീകരണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രയുമായി ഡി.റ്റി.പിസി 24-1-2020-ലാണ് കരാറിൽ ഒപ്പുവെച്ചത്. കരാർ ഒപ്പുവെച്ച് 10 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് നിർവ്വഹണ ഏജൻസിയുമായുണ്ടാക്കിയ കരാർ.

(സി) നെഹ്റു പാർക്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

താഴെ പറയുന്ന നവീകരണ പ്രവൃത്തികളാണ് നടപ്പിലാക്കിയത്.

1. ബാലൻസ് വർക്ക്സ് ഓഫ് ഫെയ്സ് 1,
2. കംപ്ലീഷൻ വർക്സ്
3. സെറ്റിംഗ് അപ് ഓഫ് ചിൽഡ്രൻസ് പാർക്ക്
4. കൺസ്ട്രക്ഷൻ ഓഫ് ടോയ്‌ലറ്റ് ബ്ലോക്ക്
5. പ്രൊവിഷൻ ഫോർ സ്റ്റെയിൻലസ് സ്റ്റീൽ ലെറ്ററിംഗ് ഫോർ നെയിം ബോർഡ് & സൈനേജസ്

(ഡി) നിലവിൽ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 2021 ഫെബ്രുവരി മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തിയാകുമെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിരിക്കുന്നത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ടൂറിസം വികസനം**

289(694) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി യതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ വെള്ളിനേഴി കലാഗ്രാമ സമുച്ചയ നിർമ്മാണത്തിനായി രണ്ട് കോടി രൂപ അനുവദിക്കുകയും സാംസ്കാരിക സമുച്ചയം നിർമ്മിക്കുകയും ചെയ്തു.

## കായംകുളം മണ്ഡലത്തിൽ ഗ്രീൻ കാർപ്പറ്റ് പദ്ധതി

290(695) <u>ശ്രീമതി. യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-2020 കാലയളവിൽ കായംകുളം മണ്ഡലത്തിലെ കായലോര പദ്ധതി പ്രദേശത്ത് ശുചീകരണ പ്രവർത്തനം നടത്തിയിട്ടുണ്ട്.

## നെയ്യാർഡാമിലെ അടിസ്ഥാനസൗകര്യവികസനം

291(696) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ടൂറിസം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നെയ്യാർഡാമിലെ ടൂറിസം വികസനത്തിനായി 4,65,10,000 (നാലുകോടി അറുപത്തിയഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ട വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികളെല്ലാം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ?

നെയ്യാർഡാമിലെ ടൂറിസം വികസനത്തിനായി 4,65,10,000 (നാലുകോടി അറുപത്തിയഞ്ചു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ

ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ട വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികളെല്ലാം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു.

(സി) പദ്ധതി കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

നെയ്യാർഡാമിലെ ടൂറിസം വികസനത്തിനായി 4,65,10,000 (നാലുകോടി അറുപത്തിയഞ്ചു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ട വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികളെല്ലാം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു.

## വർക്കല മണ്ഡലത്തിലെ ടൂറിസം വികസനം

292(697) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കായി ടൂറിസം വകുപ്പ് എത്ര രൂപയുടെ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വകുപ്പ് 25.59 കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പിൽഗ്രിം ടൂറിസം പദ്ധതി

293(698) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പുരാതനവും പ്രശസ്തവുമായ ആരാധനാലയങ്ങളെ ഉൾപ്പെടുത്തി ഒരു പിൽഗ്രിം ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിരുന്നോ; ഉണ്ടെങ്കിൽ ആരിൽനിന്ന് എന്നറിയിക്കുമോ?

തൃപ്പൂണിത്തുറ മണ്ഡലത്തിലെ പുരാതനവും പ്രശസ്തവുമായ ആരാധനാലയങ്ങളെ ഉൾപ്പെടുത്തി ഒരു പിൽഗ്രിം ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിവേദനം വിനോദസഞ്ചാര വകുപ്പ് മന്ത്രിക്ക് തൃപ്പൂണിത്തുറ എം.എൽഎ. അഡ്വ. എം സ്വരാജ് നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

വിനോദസഞ്ചാര വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റായ സി- എർത്ത് & സങ്കൽപ്പ് ആർക്കിടെക്ട് മുഖേന വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ബന്ധപ്പെട്ട ആരാധനാലയങ്ങളിൽ നിന്ന് ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തി വിനിയോഗാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ എറണാകുളം ഡി.റ്റി.പി.സി സ്വീകരിച്ചു വരുന്നുണ്ട്.

## സിറ്റി ടൂർ ബസ്

294 (699) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ കോർത്തിണക്കി ടൂറിസം വകുപ്പിന് കീഴിൽ സിറ്റി ടൂർ ബസ് പുറത്തിറക്കുന്നുണ്ടോ?

ഉണ്ട്. ജില്ലയിലെ പ്രധാന ടൂറിസം ആകർഷണങ്ങളായ പത്മനാഭസ്വാമി ക്ഷേത്ര ദർശനം, മ്യൂസിയം, കാഴ്ചബംഗ്ലാവ്, പ്ലാനിറ്റോറിയം, വേളി, ആക്കുളം ടൂറിസ്റ്റ് വില്ലേജുകൾ, കോവളം എന്നിവ കോർത്തിണക്കി അനന്തപുരി ദർശൻ എന്ന പേരിലും ഒപ്പം പൊൻമുടി, മീന്മുട്ടി ഫോറസ്റ്റ് ട്രയൽ, മങ്കയം ബ്രൈമൂർ ട്രക്കിംഗ്, നെയ്യാർഡാം എലിഫന്റ് സഫാരി, തെന്മല പാലരുവി (ഒരു പ്രകൃതി യാത്ര) എന്നിവിടങ്ങളിലേയ്ക്ക് ബസ് ടൂറുകളും തിരുവനന്തപുരം ഡി.റ്റി.പി.സി സംഘടിപ്പിക്കുന്നുണ്ട്. കോവിഡ് 19 മഹാമാരിമൂലം ഈ ബസ് സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) സമാന മാതൃകയിൽ എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള ട്രിപ്പുകൾ അതത് ഡി.റ്റി.പി.സി-കളുടെ കീഴിൽ ആരംഭിക്കുന്നത് ഗുണകരമാവില്ലേ; മറ്റ് ജില്ലകളിൽ കൂടി ഇത്തരം പദ്ധതി ആവിഷ്കരിക്കാൻ ടൂറിസം വകുപ്പ് മുൻകൈയെടുക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കൊച്ചിയിലെ വിനോദസഞ്ചാര പദ്ധതികൾ**

295(700) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

1. ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണവും സംരക്ഷണവും :

ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണ പദ്ധതിക്കായി 3-6-2014-ലെ സർക്കാർ ഉത്തരവ് (Rt) നമ്പർ 4345/2014/ TSM പ്രകാരം 1.5 കോടി രൂപയുടെ ഭരണാനുമതിയും പിന്നീട് 12-6-2019-ലെ സർക്കാർ ഉത്തരവ് നമ്പർ (Rt) 198/2019/TSM പ്രകാരം 2.45 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്. ഇതിൽ 1.2 കോടി രൂപ നിർവഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് അനുവദിച്ചിട്ടുള്ളതുമാണ്. 26-7-2018-ൽ ഈ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തടി വനം വകുപ്പിൽനിന്ന് അനുവദിച്ച് 9-8-2017-ൽ സർക്കാർ ഉത്തരവ് നൽകുകയും തടികളുടെ വിലയായി ഒരു കോടിയോളം രൂപ വനം വകുപ്പിൽ KITCO അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണം ആരംഭിച്ച വേളയിൽ കോടതി നിർദ്ദേശത്തെ തുടർന്ന് ചീനവല ഉടമസ്ഥരുടെ അസോസിയേഷന്റെ കൂടി പങ്കാളിത്തത്തോടെ മാത്രമേ പദ്ധതി നിർവ്വഹിക്കുവാൻ കഴിയുമായിരുന്നുള്ളു ആയതുമൂലമാണ് നിർവ്വഹണത്തിൽ കാലതാമസം നേരിട്ടത്. തുടർന്ന് പദ്ധതി നിർവ്വഹണത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി

ബഹു. കൊച്ചി MLA ചെയർമാനായി ഒരു മേൽനോട്ടസമിതി സർക്കാർ രൂപീകരിക്കുകയും ടി സമിതി 22-12-2020-ൽ യോഗം ചേർന്ന് അടിയന്തരമായി വനം വകുപ്പിൽ നിന്ന് തടി ഫിഷ് നെറ്റ് അസോസിയേഷന്റെ കൂടി സഹകരണത്തോടെ മുറിച്ചുകൊണ്ടുവന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് KITCO-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഉടൻ നിർമ്മാണം ആരംഭിക്കുവാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

2. <u>മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക് അറ്റ് മട്ടാഞ്ചേരി</u> : 5-8-2013 -ലെ സർക്കാർ ഉത്തരവ് നമ്പർ GO (Rt.) No.6556/ 2013/TSM പ്രകാരം 4.92 കോടി രൂപയുടെ ഭരണാനുമതി നൽകി മട്ടാഞ്ചേരിയിലെ Museum of Cultural Mosaic എന്ന പദ്ധതിയിലെ രണ്ട് ഘടകങ്ങളിൽ ഒന്നായ ഹരി ഷേണായ് ബംഗ്ലാവിന്റെ നവീകരണവുമായി ബന്ധപ്പെട്ട പണികൾ കോവിഡ് 19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ കരാറുകാരൻ നിർത്തിവച്ചിരുന്നു. ബാക്കി പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി കരാറുകാരനെ ഒഴിവാക്കി മറ്റൊരു കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നതായി നിർവ്വഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുണ്ട് രണ്ടാമത്തെ ഘടകമായ ചെമ്പിട്ടപള്ളിയുടെ നവീകരണത്തിൽ അവശേഷിക്കുന്ന ablution ഏരിയയുടെ അറ്റകുറ്റപണികൾകൂടി പൂർത്തീകരിക്കേണ്ടതുണ്ട് ആയതുകൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

3. ഫോർട്ട് കൊച്ചിയിലെ ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് കോംപ്ലക്സ്:-

21-8-2019-ലെ സർക്കാർ ഉത്തരവ് നമ്പർ GO (Rt.) No.263/ 2019/TSM പ്രകാരം 1.51 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതിക്കുള്ള സ്ഥലവിനിയോഗാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കൊച്ചി കോർപറേഷനിൽനിന്നുള്ള നിർമ്മാണ അനുമതികൂടി ലഭിച്ചാലുടനെതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവും.

4. ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആൻഡ് പെർഫോമിംഗ് ആർട്സ് തിയേറ്റർ, കൊച്ചി :-

   16-9-2019-ലെ സർക്കാർ ഉത്തരവ് നമ്പർ GO (Rt.) No.315/2019/TSM പ്രകാരം 4.84 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതി എറണാകുളം ഡി.ടി.പി.സി. KSCADC മുഖേനയാണ് നടപ്പാക്കുന്നത്. ഇത് ഫ്ളോട്ടിങ് രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത് ആയതിന്റെ ഡിസൈൻ KSCADC തയ്യാറാക്കി ചെന്നൈ IIT സാങ്കേതിക പരിശോധനക്കായി അയച്ചിരിക്കുകയാണ്.

5. Proposal for the Technical study on GRW system of protection of walkway and flexi geotextile tubes as submerged groins for Beach Reclamation 27,14,000/- രൂപ ചെലവിൽ ഈ പഠനം ചെന്നൈ IIT മുഖേനയാണ് നടത്തുന്നത്. ലോക്ക്ഡൗൺ കാരണം ആവശ്യമായ സർവ്വേ നടത്തുന്നതിൽ കാലതാമസം ഉണ്ടായെങ്കിലും ലോക്ക്ഡൗണിനുശേഷം കരയിലും കടലിലും ഉള്ള സർവ്വേ IIT TEAM പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഹെറിറ്റേജ് ടൂറിസവും ബിനാലെയും ഉൾപ്പെടെ പ്രധാനപ്പെട്ട സംരംഭങ്ങൾ നടക്കുന്ന കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കൊച്ചിൻ ബിനാലെയുടെ സ്ഥിരം വേദിയാക്കുന്നതിനായി ആസ്പിൻ വാളും കബ്രാൾ യാർഡും ഉൾപ്പെട്ട ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. ഫോർട്ട് കൊച്ചി സന്ദർശിക്കുന്ന സഞ്ചാരികൾക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഫോർട്ട് കൊച്ചിയിൽ വിനോദസഞ്ചാര വകുപ്പ് ഒരു ഇൻഫർമേഷൻ സെന്റർ പ്രവർത്തിപ്പിച്ചുവരുന്നു. സഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചിൽ വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ഡി.ടി.പി.സി, കൊച്ചി ഹെറിറ്റേജ് സോൺ കൺസേർവഷൻ സൊസൈറ്റി എന്നിവയുമായി ചേർന്നു ക്ളീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) മെഡിക്കൽ ടൂറിസത്തിന് പ്രാധാന്യമുള്ള കൊച്ചിയിൽ മെഡിക്കൽ ടൂറിസം വികസനത്തിനായി നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ രംഗത്ത് സ്വകാര്യ മേഖലയിലുൾപ്പെടെ ധാരാളം അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങൾക്കുള്ള കൊച്ചിയിൽ മെഡിക്കൽ ടൂറിസത്തിന് സാധ്യത ഏറെയാണ്. നിലവിൽ മെഡിക്കൽ ടൂറിസം വികസനം മാത്രമായി ലക്ഷ്യമിട്ട് ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നില്ല. അന്താരാഷ്ട്ര തലത്തിൽ വിനോദ സഞ്ചാര വകുപ്പ് നടത്തി വരുന്ന എല്ലാ വിപണന പ്രവർത്തനങ്ങളും മെഡിക്കൽ ടൂറിസം വികസനം കൂടി ലക്ഷ്യമിട്ടുള്ളവയാണ്.

(ഡി) കൊച്ചിയിലും പരിസരമേഖലയിലുമുൾപ്പെടെ മുടങ്ങികിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

താത്കാലികമായി മുടങ്ങി കിടക്കുന്ന പദ്ധതികൾ ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണവും സംരക്ഷണവും, മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക് അറ്റ് മട്ടാഞ്ചേരി എന്നിവയാണ്. അവയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ ചോദ്യം എ (1), (2) എന്നിവയിൽ ചേർത്തിട്ടുണ്ട്.

## വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

296(701) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ടൂറിസം ഡെവലപ്മെന്റ് അറ്റ് വള്ളിക്കുന്ന്, മലപ്പുറം പദ്ധതിക്കായി 39,21,693 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വിജിലൻസ് കേസ് വന്നതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി നിർത്തിവച്ചിരുന്നു. വിജിലൻസിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ പദ്ധതി പുനരാരംഭിച്ചിട്ടില്ല. ഈ മണ്ഡലത്തിൽ മറ്റ് ടൂറിസം പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം നവീകരണ-വികസന പ്രവൃത്തികൾ നടത്തിയെന്നും വിശദമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ടൂറിസം ഡെവലപ്മെന്റ് അറ്റ് വള്ളിക്കുന്ന്, മലപ്പുറം പദ്ധതിയ്ക്കായി 39,21,693 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വിജിലൻസ് കേസ് വന്നതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി നിർത്തിവച്ചിരുന്നു. വിജിലൻസിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ പദ്ധതി പുനരാരംഭിച്ചിട്ടില്ല. ഈ മണ്ഡലത്തിൽ മറ്റ് ടൂറിസം പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(സി) മലപ്പുറം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ വഴി എന്തെല്ലാം പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

ഡി.റ്റി.പി.സി മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഡി) ഡി.റ്റി.പി.സി. മുഖാന്തരം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തി; വിശദാംശം നൽകാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ടൂറിസം ഡെവലപ്മെന്റ് അറ്റ് വള്ളിക്കുന്ന്, മലപ്പുറം പ്രോജക്ടിന് 39,21,693 രൂപയുടെ ഭരണാനുമതി നൽകി. മലപ്പുറം ഡി.റ്റി.പി.സി മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും എന്നാൽ പിന്നീട് വിജിലൻസ് കേസ് വന്നതിനാൽ പദ്ധതിയുടെ പ്രവൃത്തി നിർത്തിവച്ചിരുന്നു. വിജിലൻസിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ പദ്ധതി പുനരാരംഭിച്ചിട്ടില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ

297(702) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഭരണാനുമതി ലഭിച്ചതും ലഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും തുകയടക്കം വ്യക്തമാക്കാമോ?

സർക്കാർ ഉത്തരവ് നമ്പർ 353/2019/TSM dated 24-10-2019 പ്രകാരം തലശ്ശേരി പൈതൃക പദ്ധതിക്കായി സർക്കാർ തത്വത്തിൽ അനുമതി നൽകി പ്രോജക്ടിനായി 145.541 കോടി രൂപയുടെ പദ്ധതി കിഫ്ബി ഫണ്ടിംഗ് വഴി നടത്താനാണ് അംഗീകാരം നൽകിയിരുന്നത്. പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KIIDC ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി രണ്ട് ഘട്ടങ്ങളിലായി പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തു. ഇതിൽ ഒന്നാം ഘട്ടത്തിൽ 40.95 കോടി രൂപയുടെ 14 പ്രോജക്ടുകൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 37.212 കോടി രൂപയുടെ 14 പ്രോജക്ടുകൾ ഉൾപ്പെടുന്നു. ഒന്നാം ഘട്ട പദ്ധതിയിലെ പ്രോജക്ട് സൈറ്റുകൾ ഓടത്തിൽ മോസ്ക്-പാരീസ് ഹോട്ടൽ സ്ട്രീറ്റ്, തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, കൊട്ടിയൂർ ക്ഷേത്രം, തൃശ്ശിലേരി മഹാദേവ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്ഷേത്രം, തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം, ലോകനാർകാവ്, തലശ്ശേരി ഇല്ലിക്കുന്ന് ചർച്ച്, അണ്ടല്ലൂർ കാവ്, മക്രേരി സുബ്രഹ്മണ്യസ്വാമി ടെംപിൾ, തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം (തലശ്ശേരി പ്രൈവറ്റ് ടൂറിസം ഓഫീസ്), കോട്ടയം മലബാർ പഴശ്ശി കോവിലകം നവീകരണം, കക്കുളങ്ങര മോസ്ക്, പിണ്ഡാലി കളരി ഹൗസ് ഒന്നാം ഘട്ടത്തിലെ 14 പദ്ധതികൾക്കും സാങ്കേതിക അനുമതി ടി.എസ്. കമ്മിറ്റി അംഗീകാരം നൽകി. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ട പദ്ധതിയിലെ പ്രോജക്ക് സൈറ്റുകൾ: കതിരൂർ സൂര്യനാരായണ ക്ഷേത്രം, മട്ടന്നൂർ പഴശ്ശി കോവിലകം നവീകരണം, പുരലിമല മുത്തപ്പ ക്ഷേത്രം- മാലൂർ, ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം, തൊടീക്കളം ശിവക്ഷേത്രം, പനമരം കോട്ട, വള്ളിയൂർകാവ്, പഴശ്ശിരാജ സ്മൃതി മണ്ഡപം, മാണിക്കോത്ത് തറവാട് കളരി തറ, വടകര താഴെ അങ്ങാടി മാർക്കറ്റ്, ചിറക്കക്കാവ് ടെംപിൾ, ഊർപഴശ്ശികവ് ടെംപിൾ, പെരളശ്ശേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, അറക്കൽ കെട്ട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ സാങ്കേതികാനുമതി ടി.എസ്. കമ്മിറ്റിയുടെ സൈറ്റ് സന്ദർശനം പൂർത്തിയായി വരുന്നു, സാങ്കേതിക അനുമതിക്കായി സമിതി നിർദ്ദേശപ്രകാരമുള്ള എസ്റ്റിമേറ്റ് തിരുത്തൽ പുരോഗമിക്കുന്നു. DPR പ്രകാരം KIIFB ഫണ്ടിംഗ് വഴി പൂർത്തീക രിക്കാൻ ഉദ്ദേശിച്ച പ്രോജക്ടുകളിൽ പ്രൊപ്പോസ്ഡ് വള്ളിയൂർകാവ് കൾച്ചറൽ സെന്റർ (പഴശ്ശി സർക്യൂട്ട്), തിരുനെല്ലി താമസസൗകര്യവും വിനോദ സ്ഥലവും- തിരുനെല്ലി (പഴശ്ശി സർക്യൂട്ട്), ജഗന്നാഥ ക്ഷേത്ര ഗേറ്റിലെ ടൂറിസ്റ്റ് സൗകര്യങ്ങൾ (ഹാർബർ ടൗൺ സർക്യൂട്ട്), ത്രിശ്ശിലേരി മഹാദേവ ക്ഷേത്രത്തിലെ ഇൻഫ ർമേഷൻ സെന്റർ (പഴശ്ശി സർക്യൂട്ട്), വൈരിഘടത്തക ക്ഷേത്രം (പഴശ്ശി സർക്യൂട്ട്) എന്നിവ ഇപ്പോഴും അംഗീകാരത്തിനായി KIIFB-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഘട്ടം-2 ഡിപിആറിനൊപ്പം എസ്റ്റിമേറ്റുകൾ, ഡ്രോയിംഗുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശങ്ങളും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വളന്തകാട് ദ്വീപ് കേന്ദ്രമാക്കി ഒരു വിനോദസഞ്ചാര പദ്ധതി**

298(703) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ വളന്തകാട് ദ്വീപ് കേന്ദ്രമാക്കി ഒരു വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

തൃപ്പൂണിത്തുറ മണ്ഡലത്തിലെ വളന്തകാട് കേന്ദ്രമാക്കി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ വികസനമെന്ന പദ്ധതി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തീയതി, നിലവിലെ പുരോഗതി എന്നിവയുൾപ്പടെയുള്ള വിവരങ്ങൾ വിശദമായി അറിയിക്കുമോ?

ടി പദ്ധതിക്ക് 13-8-2019-ൽ 99,90,682 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതിയിൽ ഫ്ലോട്ടിംഗ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ബോട്ട് ജെട്ടി, നടപ്പാത എന്നീ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്. ഫ്ലോട്ടിംഗ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പുരോഗതിയിലാണ്. ബോട്ട്ജെട്ടി, നടപ്പാത എന്നിവയുടെ നിർമ്മാണം നഗരസഭയുടെ കൂടി അനുമതിക്ക് വിധേയമായി ആരംഭിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ എറണാകുളം ഡി.റ്റി.പി.സി അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ തുടർനടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അടിസ്ഥാന സൗകര്യ വികസനം സാധ്യമാകുന്നതോടൊപ്പം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു.

## തൃപ്പൂണിത്തുറയിലെ അത്തച്ചമയ ഘോഷയാത്രാവീഥികളുടെ സൗന്ദര്യവത്കരണം

299(704) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിലെ അത്തച്ചമയഘോഷയാത്ര കടന്നുപോകുന്ന വീഥികളുടെ സൗന്ദര്യവത്കരണത്തിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

തൃപ്പൂണിത്തുറ അത്തച്ചമയ പൈതൃക വീഥിയുടെ സൗന്ദര്യവത്കരണത്തിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ടായ സി എർത്ത് & സങ്കൽപ് ആർക്കിടെക്ട് 3,87,66,313/- രൂപയുടെ പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് ഭരണാനുമതി നൽകണമെങ്കിൽ പൊതുമരാമത്ത് (നിരത്ത് വിഭാഗം) വകുപ്പിന്റെ എൻ. ഒ. സി. ആവശ്യമുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടി എറണാകുളം ഡി.റ്റി.പി.സി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കുമോ ?

തൃപ്പൂണിത്തുറ അത്തച്ചമയ പൈതൃക വീഥിയുടെ സൗന്ദര്യവത്കരണത്തിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ടായ സി എർത്ത് & സങ്കൽപ് ആർക്കിടെക്ട് 3,87,66,313 രൂപയുടെ പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് ഭരണാനുമതി നൽകണമെങ്കിൽ പൊതുമരാമത്ത് (നിരത്ത് വിഭാഗം) വകുപ്പിന്റെ എൻ. ഒ. സി. ആവശ്യമുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടി എറണാകുളം ഡി.ടി.പി.സി സ്വീകരിച്ചുവരുന്നുണ്ട്.

## ടൂറിസം പദ്ധതികൾ

300(705) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖേന ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖേന ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അനുവദിക്കപ്പെട്ട ഭരണാനുമതി തുകയും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും എത്ര തുക വീതം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും അവയുടെ വിനിയോഗ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖേന ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അനുവദിക്കപ്പെട്ട ഭരണാനുമതി തുകയും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

301(706) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

1. ഗ്രീൻ കാർപ്പറ്റ് വാട്ടർ കിയോസ്ക് - സരോവരം- 14,94,483 രൂപ
2. ഗ്രീൻ കാർപ്പറ്റ് - സരോവരം- 99,95,817 രൂപ
3. കോഴിക്കോട് കൾച്ചറൽ സോൺ ബീച്ച് വികസനം 4,00,00,000 രൂപ
4. റെനവേഷൻ ഓഫ് ഗവ. ഗസ്റ്റ് ഹൗസ് ഇന്റീരിയർ & ഫർണിഷിംഗ്- 11,00,00,000 രൂപ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ പേരും തുകയും പ്രത്യേകം വിശദമാക്കുമോ?

1. ഗ്രീൻ കാർപ്പറ്റ് വാട്ടർ കിയോസ്ക് - സരോവരം- 14,94,483 രൂപ
2. ഗ്രീൻ കാർപ്പറ്റ് - സരോവരം- 99,95,817 രൂപ
3. കോഴിക്കോട് കൾച്ചറൽ സോൺ ബീച്ച് വികസനം 4,00,00,000 രൂപ
4. റെനവേഷൻ ഓഫ് ഗവ. ഗസ്റ്റ് ഹൗസ് ഇന്റീരിയർ & ഫർണിഷിംഗ്- 11,00,00,000 രൂപ

(സി) ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെങ്കിൽ ആയതിന്റെ പേരും തുകയും വ്യക്തമാക്കുമോ?

1. ബോയ്സ് ഹോസ്റ്റൽ ഫോർ SIHM - 4,35,00,000
2. അഡീഷണൽ ബ്ലോക്ക് ഫോർ ഗവ. ഗസ്റ്റ് ഹൗസ് - രണ്ടാം ഘട്ടം - 9,50,00,000 രൂപ
3. TIC & റീജിയണൽ ഓഫീസ്, കോഴിക്കോട് - 1,94,50000
4. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ബിൽഡിംഗ് അറ്റ് കോഴിക്കോട് - 9,75,00,000
5. കോഴിക്കോട് ബീച്ച് സ്പോട്സ് സോൺ - 4,99,85,278
6. ബ്ലിസ് പാർക്ക് കോഴിക്കോട് - 1,00,00,000
7. അഡീഷണൽ ബ്ലോക്ക് ഫോർ ഗവ. ഗസ്റ്റ് ഹൗസ്- മൂന്നാം ഘട്ടം - 7,50,00,000
8. വേൾഡ് ക്ലാസ്സ് ടോയിലറ്റ് ബ്ലോക്ക് അറ്റ് കോഴിക്കോട് -1,36,20,396 9. SIHM ബോയ്സ് ഹോസ്റ്റൽ രണ്ടാം ഘട്ടം - 3,30,00,000

**അരുവിപ്പുറം ടൂറിസം പദ്ധതി**

302(707) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച അരുവിപ്പുറം ടൂറിസം പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ അരുവിപ്പുറം ടൂറിസം വികസന പദ്ധതിക്കായി 1,44,00,000 (ഒരു കോടി നാൽപ്പത്തിനാല് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. പാത്ത് വേ (ഗ്രാനൈറ്റ് ക്രേസി പാറ്റേൺ),
2. ചുറ്റുമതിൽ,
3. പടിത്തുറ,
4. വ്യൂ പോയിന്റ് (2 എണ്ണം),
5. റെയിൻ ഷെൽട്ടർ,
6. പവലിയൻ,
7. റെയ്സ്ഡ്പ്ലാസ,
8. ഇരിപ്പിട സംവിധാനം,
9. ട്രീ പിറ്റ്,
10. പ്ലാന്റർ ബോക്സ്,
11. ബോട്ട് ജെട്ടി,
12. ടോയിലറ്റ് ബ്ലോക്ക്,
13. സ്റ്റോൺ ബോള്ളാർഡ്,
14. ലാൻഡ്സ്കേപ്പിംഗ്,
15. വൈദ്യുതീകരണം,
16. ജല വിധാനം

(ബി) പ്രസ്തുത പദ്ധതിക്കായി നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിനായി വിനോദസഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി 2020 ജൂണിൽ കരാർ ഒപ്പിട്ടിട്ടുള്ളതാണ്. പദ്ധതിയുടെ പ്രവൃത്തി നിർവ്വഹണച്ചുമതല സർക്കാർ ഏജൻസിയായ കെ.ഇ.എൽ-ന് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ട്.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ

303(708) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

'ഡെവലപ്മെന്റ് ഓഫ് പീകോക്ക് വാലി പൂപ്പാലം', പെരിന്തൽമണ്ണ എന്ന ടൂറിസം പദ്ധതിക്ക് 3-11-2009-ലെ സർക്കാർ ഉത്തരവ് നമ്പർ 7756/09/ടൂറിസം പ്രകാരം 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതിക്കായി ഭൂമി ലഭ്യമാകാത്തതിനാൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് പ്രവൃത്തികൾ

304(709 ) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ

1. വേറ്റിനാട് ഗാന്ധിസ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് വേറ്റിനാട്, ഊരൂട്ട് മണ്ഡപം ടെമ്പിൾ (4,20,00, 000 രൂപ),

2. കൺസ്ട്രക്ഷൻ ഓഫ് അമിനിറ്റി സെന്റർ അറ്റ് സെന്റ് ജൂഡ് പിൽഗ്രിം സെന്റർ, വേറ്റിനാട്, തിരുവനന്തപുരം (2,00,02,665 രൂപ),

3. കൺസ്ട്രക്ഷൻ ഓഫ് മോട്ടൽ ആരാം അറ്റ് നെടുമങ്ങാട്, തിരുവനന്തപുരം (9,61,00,406 രൂപ) എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## ഇന്ദ്രാൻചിറ കടമ്പ്രയാർ പദ്ധതികൾ

305(710) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഇന്ദ്രാൻചിറ കടമ്പ്രയാർ പദ്ധതികൾ പൊതുജനങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുന്ന വിധം നടത്തുന്നതിന് എന്തെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; ആയതിന്റെ പുരോഗതി വിശദമാക്കാമോ?

ഇന്ദ്രൻചിറയിൽ ലേക്ക് & ലെഷർ പാർക്ക് എന്ന പദ്ധതി 98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി വിനോദസഞ്ചാര വകുപ്പ് പൂർത്തിയാക്കി. എറണാകുളം ഡി.റ്റി.പി.സി-ക്ക് നടത്തിപ്പിനായി കൈമാറിയിട്ടുള്ളതാണ്. ആയത് ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഡി.റ്റി.പി.സി നടപടി സ്വീകരിച്ചിട്ടുണ്ട്. ലോക്ഡൗൺ കാരണം അടച്ചിട്ടതിന് ശേഷം കരാറുകാരൻ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുന്നതാണെന്ന് എറണാകുളം ഡി.ടി.പി.സി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കടമ്പ്രയാർ ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായ നടപ്പാതകളെ ബന്ധിപ്പിക്കുന്നതിനായുള്ള തൂക്കുപാലം 90 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പദ്ധതി ഡി.എം.സി-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രോജക്ടുകളുടെ സംരക്ഷണത്തിനും അറ്റകുറ്റ പണികൾ നടത്തുന്നതിന് അനുവദിച്ച തുക എത്ര; ഇല്ലെങ്കിൽ ആവശ്യമായ തുക അനുവദിക്കുമോ?

ടി പദ്ധതികളുടെ അറ്റകുറ്റപണികൾക്കായി തുക അനുവദിച്ചിട്ടില്ല. തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാടാനപ്പള്ളി ബീച്ച് ടൂറിസം

306(711) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്കായി 2,50,00,000 (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ ടോയിലറ്റ് ബ്ലോക്ക്, നടപ്പാത, ലാൻഡ്സ്കേപ്പിംഗ്, ഇലക്ട്രിഫിക്കേഷൻ, കഫറ്റീരിയ, പാർക്കിംഗ് ഏര്യ, കുട്ടികളുടെ പാർക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള അനുമതി കൂടി ലഭിച്ചാൽ മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ

(ബി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക അടക്കം പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്കായി 2,50,00,000 (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ ടോയിലറ്റ് ബ്ലോക്ക്, നടപ്പാത, ലാൻഡ്സ്കേപ്പിംഗ്, ഇലക്ട്രിഫിക്കേഷൻ, കഫറ്റീരിയ, പാർക്കിംഗ് ഏര്യ, കുട്ടികളുടെ പാർക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള അനുമതി കൂടി ലഭിച്ചാൽ മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കുമ്പളം പഞ്ചായത്തിൽ നടപ്പിലാക്കിയ വിനോദസഞ്ചാര വികസന പദ്ധതികൾ

307(712) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുമ്പളം പഞ്ചായത്തിലെ ചേപ്പനത്ത് വിനോദസഞ്ചാര വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ?

തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുമ്പളം പഞ്ചായത്തിലെ ചേപ്പനത്ത് ഡെവലപ്മെന്റ് ഓഫ് കുമ്പളം വാക്‌വേ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 29-7-2013-ലെ സ.ഉ (സാധാ) നമ്പർ 6290/2013/TSM, നമ്പർ ഉത്തരവ് പ്രകാരം 1,49,00,000

രൂപയുടെ ഭരണാനുമതിയാണ് ഈ പദ്ധതിക്കായി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കിറ്റ്കോയാണ്. ഈ പദ്ധതിയിൽ ലാൻഡ്സ്കേപ്ഡ് വാക്‌വേ, ബോട്ട്ജെട്ടി, ഫുഡ് കോർട്ട്, ചിൽഡ്രൻ പ്ലേ എരിയ, ടിക്കറ്റ് കൗണ്ടർ, ടോയിലറ്റ്, ഇലക്ട്രിഫിക്കേഷൻ & ലൈറ്റിംഗ്, പ്ലംബിംഗും മറ്റ് അനുബന്ധ പ്രവൃത്തികളും എന്നീ ഘടകങ്ങൾക്കാണ് അനുമതി നൽകിയിരുന്നത്. ആയതിൽ ബോട്ട്ജെട്ടി ഒഴികെ മറ്റ് ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം (ഭരണാനുമതി ലഭിച്ച തീയതി ഉൾപ്പെടെ) അറിയിക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുമ്പളം പഞ്ചായത്തിലെ ചേപ്പനത്ത് ഡെവലപ്മെന്റ് ഓഫ് കുമ്പളം വാക്‌വേ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 29-7-2013-ലെ സ.ഉ(സാധാ) നമ്പർ 6290/2013/TSM, നമ്പർ ഉത്തരവ് പ്രകാരം 1,49,00,000 രൂപയുടെ ഭരണാനുമതിയാണ് ഈ പദ്ധതിക്കായി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കിറ്റ്കോയാണ്. ഈ പദ്ധതിയിൽ ലാൻഡ്സ്കേപ്ഡ് വാക്‌വേ, ബോട്ട്ജെട്ടി, ഫുഡ് കോർട്ട്, ചിൽഡ്രൻ പ്ലേ ഏരിയ, ടിക്കറ്റ് കൗണ്ടർ, ടോയിലറ്റ്, ഇലക്ട്രിഫിക്കേഷൻ & ലൈറ്റിംഗ്, പ്ലംബിംഗും മറ്റ് അനുബന്ധ പ്രവൃത്തികളും എന്നീ ഘടകങ്ങൾക്കാണ് അനുമതി നൽകിയിരുന്നത്. ആയതിൽ ബോട്ട്ജെട്ടി ഒഴികെ മറ്റ് ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളകുടിശ്ശിക

308(713) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ ക്ഷേത്ര ജീവനക്കാർക്ക് വർഷങ്ങളായി ശമ്പളകുടിശ്ശിക നല്കാനുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഭൂരിഭാഗം ക്ഷേത്രങ്ങളിലെയും ജീവനക്കാർക്ക്, ക്ഷേത്രത്തിന്റെ ഗ്രേഡ് അനുസരിച്ച് അർഹതപ്പെട്ട ശമ്പളം ലഭിച്ചുവരുന്നുണ്ട്. ചെറിയ ശതമാനം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാത്രമാണ് 2019, 2020, വർഷങ്ങളിലെ ശമ്പളത്തിൽ കുടിശ്ശിക അവശേഷിക്കുന്നത്. ചില പ്രത്യേക കാരണങ്ങളാൽ വിരലിലെണ്ണാവുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നാലോ അഞ്ചോ വർഷങ്ങളിലെ ശമ്പള കുടിശ്ശിക അവശേഷിക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ മുഴുവൻ ക്ഷേത്രങ്ങളിലേയും ജീവനക്കാർക്ക് വർഷങ്ങളായി ശമ്പള കുടിശ്ശിക നൽകാനുണ്ടെന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി) ഇവരുടെ ശമ്പളവും ആനുകൂല്യങ്ങളും 1-3-2014 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള സർക്കാർ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെ സേവന വേതന വ്യവസ്ഥകൾ മലബാർ ദേവസ്വം ബോർഡിൽ കൂടി നടപ്പിലാക്കി ഇവ ഏകീകരിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

ഹിന്ദുമത ധർമ്മസ്ഥാപന നിയമം 1951-ലെ ചട്ടങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണം നടത്തപ്പെടുന്നത്. ഓരോ ക്ഷേത്രങ്ങളും ഓരോ സ്വതന്ത്ര യൂണിറ്റുകളായി നിലനിൽക്കുകയും ഓരോ ക്ഷേത്രത്തിന്റെയും ഭരണം അതാത് ക്ഷേത്രത്തിന്റെ ട്രസ്റ്റിമാരാൽ നടത്തപ്പെടുകയും വരുമാനം അതാത് ക്ഷേത്രത്തിന്റെ പേരിൽ അക്കൗണ്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. മിക്ക ക്ഷേത്രങ്ങൾക്കും ക്ഷേത്രഭരണത്തിനായി പ്രത്യേക സ്കീം നിലവിലുണ്ട്. ആയതിനാൽ, ഓരോ ക്ഷേത്രത്തിലേയും ജീവനക്കാർക്ക് അതാത് ക്ഷേത്രത്തിന്റെ വരുമാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ, ശമ്പള നിർണ്ണയം മാത്രമാണ് നിലവിലെ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ സാധ്യമായിട്ടുള്ളത്. അക്കാരണത്താൽ തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സമാനമായ ഏകീകൃത ശമ്പള നിർണ്ണയം, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, നടത്താൻ വ്യവസ്ഥയില്ല.

## കൊറോണ പശ്ചാത്തലത്തിൽ ദേവസ്വം ബോർഡുകൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി

309(714) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊറോണ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംസ്ഥാനത്തെ ദേവസ്വം ബോർഡുകളെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ശബരിമല ഉൾപ്പെടെയുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഭക്തരെ നിയന്ത്രിച്ചത് വരുമാനം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ടോ?

ഉണ്ട്.

(സി) ശബരിമല മണ്ഡലകാലത്ത് ലഭിച്ച വരുമാനം എത്രയാണ്; കഴിഞ്ഞ വർഷത്തെ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ എന്ത് കുറവാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

ഈ വർഷം 9,90,08,065 രൂപയാണ് ശബരിമല മണ്ഡലകാലത്ത് ലഭിച്ച വരുമാനം. മുൻ വർഷത്തെ അപേക്ഷിച്ച് 153,78,25,627 രൂപയുടെ വരുമാനക്കുറവുണ്ട്.

(ഡി) ദേവസ്വം ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് തടസ്സമുണ്ടായ സാഹചര്യത്തിൽ ദേവസ്വം ബോർഡുകൾക്ക് പ്രത്യേക ധനസഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സാമ്പത്തിക പ്രതിസന്ധിമൂലം വരുമാനക്കുറവുണ്ടായ ദേവസ്വം ബോർഡുകൾക്ക് ചുവടെ പറയും പ്രകാരം പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് -80 കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡ് - 15 കോടി രൂപ, മലബാർ ദേവസ്വം ബോർഡ് - 10 കോടി രൂപ, കൂടൽമാണിക്യം ദേവസ്വം - 10 ലക്ഷം രൂപ .

## ദേവസ്വം ബോർഡ്

310(715) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഇതുവരെ വിവിധ ദേവസ്വം ബോർഡുകൾക്കായി എത്ര തുകയാണ് അനുവദിച്ചത്; ഓരോന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ശബരിമല ക്ഷേത്ര വികസനം

311(716) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശബരിമല ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നിർവ്വഹിക്കുന്നതിന് 59.62 കോടി രൂപയും 2018-ലെ പ്രളയത്തിന്റെയും കോവിഡ് മാഹാമാരിയുടെയും പശ്ചാത്തലത്തിൽ ശബരിമല ക്ഷേത്രത്തിലുണ്ടായ വരുമാനക്കുറവ് പരിഹരിക്കുന്നതിന് 80 കോടി രൂപയും ഈ സർക്കാർ നാളിതു വരെയായി അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. *

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശബരിമല ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നിർവ്വഹിക്കുന്നതിന് 77.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല വികസനം

312(717) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് എത്രകോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഓരോ പദ്ധതിയും അനുവദിച്ച തുകയും വിശദാംശങ്ങളും ലഭ്യമാക്കാമോ; പദ്ധതിയുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് 145 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. ശബരിമലയിലേക്ക് പോകുന്ന തീർത്ഥാടകർക്ക് ഇടയ്ക്ക് വിശ്രമിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനും മറ്റും ഉതകത്തക്കരീതിയിൽ ചുവടെ പറയുന്ന സ്ഥലങ്ങളിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് 145 കോടി രൂപ ചെലവിൽ കിഫ്ബി മുഖാന്തരം ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം നിർവ്വഹിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുന്നതാണ്. ഓരോ പദ്ധതിയും അനുവദിച്ച തുകയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

1. നിലയ്ക്കൽ - 53.60 കോടി രൂപ,
2. എരുമേലി - 14.15 കോടി രൂപ,
3. കഴക്കൂട്ടം - 10.05 കോടി രൂപ,
4. ചെങ്ങന്നൂർ - 9.55 കോടി രൂപ,
5. ശുകപുരം - 7.75 കോടി രൂപ,
6. മണിയൻകോട്- 8.95 കോടി രൂപ,
7. ചിറങ്ങര - 11.10 കോടി രൂപ,
8. നിലയ്ക്കൽ 5 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - 29.85 കോടി രൂപ,

ആകെ - 145 കോടി രൂപ

പരാമർശ വിധേയമായ പ്രവൃത്തികൾ നടത്തുന്നതിന് ട്രാവൻകൂർ ദേവസ്വം ബോർഡിനെ SPV(Special purpose vehicle) ആയും കേന്ദ്ര സർക്കാർ ഏജൻസിയായ NBCC-യെ (National Building Construction Corporation) PMC (Project Management Consultancy) ആയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) റാന്നിയിൽ അനുവദിച്ചിട്ടുള്ള ശബരിമല പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റാന്നിയിൽ 5 കോടി രൂപയുടെ വാഹന പാർക്കിംഗ് ഗ്രൗണ്ടിനുള്ള പദ്ധതി വിഭാവനം ചെയ്തിരുന്നു. എന്നാൽ, അവിടെ വാഹന പാർക്കിംഗിന് ഉദ്ദേശിക്കുന്ന സ്ഥലം വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്നതാണെന്നും റാന്നിയിൽ വാഹന പാർക്കിംഗിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്നും പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## ചിറങ്ങരയിൽ ശബരിമല ഇടത്താവളം

313(718) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മാണം ഇനിയും ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ 11.10 കോടി രൂപ ചെലവിൽ കിഫ്ബി മുഖാന്തരം ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുന്നതാണ്.

(ബി) ചിറങ്ങരയിൽ അനുവദിച്ച ശബരിമല ഇടത്താവളം ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ 11.10 കോടി രൂപ ചെലവിൽ കിഫ്ബി മുഖാന്തരം ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുന്നതാണ്.

## ശബരിമല മണ്ഡലമകരവിളക്ക് സീസൺ

314(719) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചിരുന്നുവോ; അത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ?

പ്രവേശിപ്പിച്ചിരുന്നു. ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചത് കാരണം കോവിഡ് വ്യാപനം ഒരു പരിധി വരെ തടയാൻ സാധിച്ചിട്ടുണ്ട്.

(ബി) കോവിഡ് വ്യാപനം തുടരുന്ന പശ്ചാത്തലത്തിൽ നടന്ന മണ്ഡല-മകര വിളക്ക് മഹോത്സവമെന്ന നിലയിൽ കോവിഡ് നിയന്ത്രണത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ?

ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രതിദിനം 1000 പേർക്കും ശനി, ഞായർ ദിവസങ്ങളിൽ 2000 പേർക്കുമാണ് ആദ്യഘട്ടത്തിൽ ദർശനത്തിന് അനുമതിയുണ്ടായിരുന്നത്. തുടർന്ന് അത് 2000 പ്രതിദിനം ശനി, ഞായർ ദിവസങ്ങളിൽ 3000 പേർക്കുമായി ഉയർത്തുകയുണ്ടായി. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 5000 പേരെ എല്ലാ ദിവസവും പ്രവേശിപ്പിച്ചു വരികയാണ്. ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്കും ഡ്യൂട്ടിയിലുള്ള ജീവനക്കാർക്കും കോവിഡ്-19 നെഗറ്റീവ് സർട്ടിഫിക്കറ്റ് ബാധകമാക്കി, ജീവനക്കാർക്ക് മാസ്ക്, ഷീൽഡ്, ഗ്ലൗസ്, സാനിറ്റൈസർ എന്നിവ നിർബന്ധമാണ്. അന്നദാനം, കുടിവെള്ളം എന്നിവ ഡിസ്പോസിബിൾ പാത്രങ്ങളിലാക്കി. പമ്പാസ്നാനം ഒഴിവാക്കി ഷവർബാത്ത് സംവിധാനമൊരുക്കി. കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഭക്തജനങ്ങൾ ക്ഷേത്രപുരോഹിതരെയും തന്ത്രിയേയും സന്ദർശിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ക്ഷേത്രവും പരിസരവും ഇടവിട്ട സമയങ്ങളിൽ അണുവിമുക്തമാക്കുന്നുണ്ട്. ഇപ്പോൾ ആന്റിജൻ ടെസ്റ്റിന് പകരം ആർ.ടി.പി.സി.ആർ ടെസ്റ്റാണ് ബാധകമാക്കിയിട്ടുള്ളത്.

(സി) ശബരിമലയിൽ പ്രതിദിന തീർത്ഥാടകരുടെ എണ്ണം അയ്യായിരമായി വർദ്ധിപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് ശബരിമലയിലെ നിയന്ത്രണങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ ഉത്തരവിനെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 5000 പേരെ എല്ലാദിവസവും പ്രവേശിപ്പിച്ച് വരികയാണ്. ഇത് ശബരിമലയിലെ കോവിഡ് നിയന്ത്രണങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കണ്ട് ബഹു. സുപ്രീംകോടതിയിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഈ സീസണിൽ സന്നിധാനത്ത് പോലീസുകാർ ഉൾപ്പെടെ എത്ര പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചതെന്ന് അറിയിക്കുമോ?

ഈ സീസണിൽ സന്നിധാനത്ത് 36,683 പേരെ പരിശോധിച്ചപ്പോൾ ആകെ 488 പേർ പോസിറ്റീവായിട്ടുണ്ട്. പരിശോധന നടത്തിയവരിൽ 30981 പേർ തീർത്ഥാടകരാണ്. ഇവരിൽ 102 പേർ പോസിറ്റീവായിട്ടുണ്ട്. മറ്റ് 5702 പേരെ ടെസ്റ്റ് ചെയ്തപ്പോൾ 386 പേർ പോസിറ്റീവായിട്ടുണ്ട്. ഇതിൽ 380 പേർ ഉദ്യോഗസ്ഥരും 6 തദ്ദേശീയരായിട്ടുള്ള ആളുകളും ഉൾപ്പെടുന്നു.

(ഇ) ജനിതക മാറ്റം സംഭവിച്ച വൈറസിന്റെ വകഭേദം ഇന്ത്യയിലും എത്തിയെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശബരിമല തീർത്ഥാടനം രോഗവ്യാപനത്തിന് ഇടയാക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ കൂടുതൽ മുൻകരുതലുകൾ സർക്കാർ/ദേവസ്വം ബോർഡ് കൈക്കൊള്ളുമോ?

2020 ഡിസംബർ 30-ാം തീയതി മുതൽ ആന്റിജൻ ടെസ്റ്റിന് പകരം ആർ.ടി.പി.സി.ആർ ടെസ്റ്റ് ബാധകമാക്കിയിട്ടുണ്ട്. കോവിഡ് പ്രതിരോധം സംബന്ധിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചു വരുന്നുണ്ട്.

## ശബരിമലയിൽ നടപ്പാക്കിയ വികസന പദ്ധതികൾ

315(720) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിൽ നടപ്പാക്കിയ വികസനപദ്ധതികൾ ഏതൊക്കെയെന്ന് ആയതിന്റെ തുക സഹിതം ഇനംതിരിച്ച് വിശദമാക്കാമോ; ഇതുകൂടാതെ സർക്കാർ ഗ്രാന്റായി ഈ കാലയളവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിൽ നടപ്പാക്കിയ വികസനപദ്ധതികൾ അനുബന്ധം -I ആയി ചേർത്തിട്ടുണ്ട്.* സർക്കാർ ഗ്രാന്റായി ഈ കാലയളവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുള്ള തുക അനുബന്ധം- II ആയി ചേർത്തിട്ടുണ്ട്. *

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

316(721) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2020-12-18-ലെ ROC.NO. 20/3701 Est-1 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളിൽ ഇളവുവരുത്തി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചെറിയ രീതിയിലുള്ള പരിപാടികൾ നടത്താനുള്ള അനുവാദം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

18-1-/2020-ലെ ROC.No.3701/20/Est-1 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളിൽ ഇളവുവരുത്തി 29-12-2020-ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ**

317(722) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങൾ അവയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി സർക്കാരിന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം സർക്കാർ ഗ്രാന്റുകൾ നൽകുന്നതിന് കാലതാമസം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളകുടിശ്ശിക മലബാർ ദേവസ്വം മാനേജ്മെന്റിൽനിന്നും ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം, തൊട്ട് മുൻ കലണ്ടർ വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് അധികൃതർ നൽകുന്ന സാക്ഷ്യപത്രംകൂടി സമർപ്പിക്കേണ്ടതാണെന്ന നിബന്ധന 2015 മുതൽ നിലവിലുണ്ടായിരുന്നു. എന്നാൽ അപ്രകാരമുള്ള നിബന്ധന, തൊട്ട് മുൻ കലണ്ടർ വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് വകുപ്പിലേയ്ക്ക് അയച്ച് കൊടുത്തിട്ടുണ്ടെന്ന് ക്ഷേത്രഭരണാധികാരി സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്ന് ഭേദഗതി ചെയ്ത് 27/05/2020 -ന് ഉത്തരവായിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വിവിധ ഗ്രേഡുകളിൽ (സ്പെഷ്യൽ, എ, ബി, സി, ഡി) വ്യത്യസ്ത ശമ്പള നിരക്കിലാണ് ശമ്പളം നൽകിവരുന്നത്. ഓരോ ക്ഷേത്രത്തിന്റെയും വരുമാനത്തിന്റെ 50%-ന് തുല്യമായ തുക ശമ്പള ആവശ്യത്തിനായി നീക്കിവയ്ക്കണമെന്നും, അപ്രകാരം ശമ്പളയിനത്തിൽ ബാക്കി വരുന്ന തുകയാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകേണ്ടതെന്നുമാണ് നിലവിലുള്ള വ്യവസ്ഥ. ആയതിനാൽ സർക്കാർ ഗ്രാന്റിൽനിന്നും മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് മുഖാന്തരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കുമ്പോൾ ക്ഷേത്രവരുമാനം അടിസ്ഥാനപ്പെടുത്തേണ്ടതെന്നുള്ളതിനാൽ, ക്ഷേത്രഭരണാധികാരികൾ സമർപ്പിക്കുന്ന ക്ഷേത്രത്തിന്റെ വാർഷിക വരവ് ചെലവ് കണക്കുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിന് ക്ഷേത്രത്തിന്റെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി യഥാസമയം അയച്ചുകൊടുത്താൽ മാത്രമേ ക്ഷേത്രകണക്കുകളുടെ കൃത്യത ഉറപ്പു വരുത്താനാവൂ. യഥാർത്ഥ വരവ് ചെലവ് കണക്കുകൾ യഥാസമയം ഹാജരാക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, യഥാസമയം തന്നെ സർക്കാർ ഗ്രാന്റ് മുഖേന ലഭിക്കുന്ന ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(ബി) ഇപ്രകാരം ഗ്രാന്റുകൾ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നത് കാരണം വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഘൂകരിക്കാൻ എന്ത് നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. മലബാർദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളകുടിശ്ശിക മലബാർദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം, തൊട്ട് മുൻ കലണ്ടർ വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് അധികൃതർ നൽകുന്ന സാക്ഷ്യപത്രംകൂടി സമർപ്പിക്കേണ്ടതാണെന്ന നിബന്ധന 2015 മുതൽ നിലവിലുണ്ടായിരുന്നു. എന്നാൽ അപ്രകാരമുള്ള നിബന്ധന, തൊട്ട് മുൻ കലണ്ടർ വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് വകുപ്പിലേയ്ക്ക് അയച്ച് കൊടുത്തിട്ടുണ്ടെന്ന് ക്ഷേത്ര ഭരണാധികാരി സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്ന് ഭേദഗതി ചെയ്ത് 27-5-2020 -ന് ഉത്തരവായിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വിവിധ ഗ്രേഡുകളിൽ (സ്പെഷ്യൽ, എ, ബി, സി, ഡി) വ്യത്യസ്ത ശമ്പള നിരക്കിലാണ് ശമ്പളം നൽകിവരുന്നത്. ഓരോ ക്ഷേത്രത്തിന്റെയും വരുമാനത്തിന്റെ 50%-ന് തുല്യമായ തുക ശമ്പള ആവശ്യത്തിനായി നീക്കിവയ്ക്കണമെന്നും, അപ്രകാരം ശമ്പളയിനത്തിൽ ബാക്കി വരുന്ന തുകയാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകേണ്ടതെന്നുമാണ് നിലവിലുള്ള വ്യവസ്ഥ. ആയതിനാൽ സർക്കാർ ഗ്രാന്റിൽനിന്നും മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് മുഖാന്തരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കുമ്പോൾ ക്ഷേത്രവരുമാനം അടിസ്ഥാനപ്പെടുത്തേണ്ടതെന്നുള്ളതിനാൽ, ക്ഷേത്രഭരണാധികാരികൾ സമർപ്പിക്കുന്ന ക്ഷേത്രത്തിന്റെ വാർഷിക വരവ് ചെലവ് കണക്കുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിന് ക്ഷേത്രത്തിന്റെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി യഥാസമയം അയച്ചുകൊടുത്താൽ മാത്രമേ ക്ഷേത്ര കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താനാവൂ. യഥാർത്ഥ വരവ് ചെലവ് കണക്കുകൾ യഥാസമയം ഹാജരാക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, യഥാസമയം തന്നെ സർക്കാർ ഗ്രാന്റ് മുഖേന ലഭിക്കുന്ന ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

## ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കുമായി അനുവദിച്ച തുക

318(723) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കുമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## ദുരിതാശ്വാസ നിധിയിലേക്കുള്ള ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സംഭാവന

319(724) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ബോർഡ് അതിന്റെ ഫണ്ടിൽനിന്നും പത്ത് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തിട്ടുണ്ടോ?

ഉണ്ട്

(ബി) ഇപ്രകാരം സംഭാവന നൽകുന്നതിന് ഗുരുവായൂർ ദേവസ്വം നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സംഭാവന ചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് ഗുരുവായൂർ ദേവസ്വം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്.

(സി) ദേവസ്വം ബോർഡിന്റെ തീരുമാനം ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്ത്; ഈ വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നതിന് ഗുരുവായൂർ ദേവസ്വംബോർഡ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ധനസഹായം നൽകാൻ 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് ബഹു. കോടതി നിരീക്ഷിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് നിയമവശങ്ങൾ സുപ്രീംകോടതി സീനിയർ അഭിഭാഷകൻ ആര്യാമ സുന്ദരത്തിൽനിന്നും തേടിയിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തിന് നൽകിയ ഫീസ് എത്രയാണ്; വെളിപ്പെടുത്താമോ?

ഉണ്ട്, ഫീസ് നൽകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**മലബാർ ദേവസ്വം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട ക്ഷേത്രങ്ങൾ**

320(725) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡ് ഏതെങ്കിലും ക്ഷേത്രങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉണ്ട്.

1. ശ്രീപാർത്ഥ സാരഥി ക്ഷേത്രം, ഗുരുവായൂർ.
2. ശ്രീചാത്തൻ കണ്ടാർ കാവ്, ഒറ്റപ്പാലം, പാലക്കാട്.
3. കൊണ്ടംവള്ളി ശ്രീ. അയ്യപ്പക്ഷേത്രം, കൊയിലാണ്ടി, കോഴിക്കോട്.
4. ശ്രീചന്ദ്രനല്ലൂർ ഭഗവതി ക്ഷേത്രം, തളിപ്പറമ്പ്, കണ്ണൂർ.
5. ശ്രീപൊയിലൂർ മുത്തപ്പൻ മടപ്പുര, കണ്ണൂർ (ജില്ലാ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്)
6. തുക്കൈകുന്ന് മഹാദേവ ക്ഷേത്രം, തലശ്ശേരി, കണ്ണൂർ. (ജില്ലാ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്)

(ബി) സർക്കാർ ഏറ്റെടുക്കുന്നതിന് തൊട്ടുമുമ്പുണ്ടായിരുന്ന പ്രസ്തുത ക്ഷേത്രങ്ങളുടെ വാർഷികവരുമാനവും ഏറ്റെടുത്തതിന് ശേഷമുണ്ടായ വാർഷിക വരുമാനവും പട്ടികയാക്കി നൽകാമോ?

മലബാർദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്ന സമയത്ത് അതാത് ക്ഷേത്രഭരണം കയ്യാളിവരുന്ന കമ്മിറ്റികൾ ക്ഷേത്രക്കണക്കുകളോ മറ്റ് രേഖകളോ ബോർഡിന് കൈമാറിയിട്ടില്ല. ആയതിനാൽ ഇത്തരം ക്ഷേത്രങ്ങളുടെ, ബോർഡ് ഏറ്റെടുക്കുന്നതിന് മുമ്പുള്ള കണക്കുകൾ ലഭ്യമായിട്ടില്ല. മേൽപ്പറഞ്ഞ ക്ഷേത്രങ്ങളിൽ

ശ്രീ. പാർത്ഥസാരഥി ക്ഷേത്രം മാത്രമാണ് പൂർണ്ണമായും ബോർഡിന്റെ നിയന്ത്ര ണത്തിൽ വന്നിട്ടുള്ളത്. ടി ക്ഷേത്രം ബോർഡ് ഏറ്റെടുത്തതിനുശേഷം 2018 വർഷത്തെ ആകെ വരുമാനം 1,04,60,989 രൂപയാണ്. മറ്റ് ക്ഷേത്രങ്ങൾ പൂർണ്ണമായും ബോർഡിന്റെ നിയന്ത്രണത്തിൽ വന്ന് ചേർന്നിട്ടില്ലാത്തതിനാൽ ക്ഷേത്ര കണക്കുകൾ സമാഹരിക്കാനാകാത്ത സാഹചര്യമാണുള്ളത്.

(സി) ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര ക്ഷേത്രങ്ങൾ ദേവസ്വത്തെ സമീപിച്ചിട്ടുണ്ട്; എണ്ണം വ്യക്തമാക്കാമോ?

18 ക്ഷേത്രങ്ങൾ.

1. ശ്രീധർമ്മൻ കോവിൽ, പാലക്കാട്.
2. ശ്രീകവൂർ വിഷ്ണുക്ഷേത്രം, കോഴിക്കോട്.
3. കാവിലുംപാറ ഭഗവതി ക്ഷേത്രം, വടകര.
4. ശ്രീകുറത്തിയമ്മ ദേവീക്ഷേത്രം, നിലമ്പൂർ, മലപ്പുറം.
5. ശ്രീപേടിയാട്ട് ഭഗവതി ക്ഷേത്രം, കോഴിക്കോട്.
6. രാമപുരം ശ്രീരാമസ്വാമി ക്ഷേത്രം, കടലുണ്ടി, കോഴിക്കോട്.
7. ശ്രീതിരുമംഗലത്ത് നരസിംഹമൂർത്തി ക്ഷേത്രം, മലപ്പുറം.
8. ശ്രീമുണ്ടൂർകണ്ടം പിഷാരം അമ്പലക്കുളം ശിവക്ഷേത്രം, പാലക്കാട്.
9. ആലക്കാട് എളമ്പിലാത്തട്ട മഹാവിഷ്ണു ക്ഷേത്രം, കണ്ണൂർ.
10. ശ്രീപരശുരാമ ക്ഷേത്രം, ചിറ്റാരിപ്പറമ്പ്, കണ്ണൂർ.
11. ശ്രീതിരുവാഞ്ചേരി മഹാദേവി ക്ഷേത്രം, കോട്ടയം, മലബാർ.
12. തിരുവങ്ങൂർ ശ്രീനരസിംഹ പാർത്ഥസാരഥി ക്ഷേത്രം, കൊയിലാണ്ടി.
13. പഴങ്കാവ് പല്ലശ്ശന ഭഗവതി ക്ഷേത്രം, പാലക്കാട്.

14. ഈശ്വരമംഗലം ഭഗവതി ക്ഷേത്രം, ഒറ്റപ്പാലം.

15. ഊരകം അമ്മാഞ്ചേരി ഭഗവതി ക്ഷേത്രം, മലപ്പുറം.

16. എങ്ങണ്ടിയൂർ തിരുമംഗലം ശിവക്ഷേത്രം, ചാവക്കാട്.

17. കുണ്ടൂർ ഭഗവതി ക്ഷേത്രം, മലപ്പുറം.

18. മണമൽകാവ്, കൊയിലാണ്ടി.

(ഡി) പുതിയ ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഏറ്റെടുക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ക്ഷേത്രതാൽപര്യം മുൻനിർത്തി ക്ഷേത്രഭരണ സമിതിയോ ഭക്തജനങ്ങളോ ട്രസ്റ്റിമാരോ ദേവസ്വം ബോർഡിനെ സമീപിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രം ഏറ്റെടുക്കുന്നത്. ഓരോ ക്ഷേത്രങ്ങളിലും നിലനിൽക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 57 (എ) വകുപ്പ് പ്രകാരം നടപടികൾ പൂർത്തിയാക്കി ക്ഷേത്രം ഏറ്റെടുത്ത് ഉത്തരവാകുന്നത്. ബോർഡിന്റെ മുമ്പാകെ വരുന്ന ഹർജികളിന്മേൽ പൊതുജനങ്ങളിൽനിന്നും ആക്ഷേപാഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം ആവശ്യമെങ്കിൽ ഹർജിക്കാരെയും മറ്റ് ബന്ധപ്പെട്ടവരെയും നേരിൽ വിചാരണ നടത്തിയതിന് ശേഷമാണ് മേൽ നിയമപ്രകാരം ക്ഷേത്രം ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത്. ഇപ്രകാരം ക്ഷേത്രം ഏറ്റെടുക്കുമ്പോൾ ക്ഷേത്രത്തിന്റെ പൈതൃകവും പൊതുവായിട്ടുള്ളതുമായ സവിശേഷതകൾ, സാമ്പത്തിക സ്ഥിതി, ക്ഷേത്രം മതപരമായ സ്ഥാപനമാക്കി ദേവസ്വം ബോർഡ് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത, ദേവസ്വംബോർഡ് ഏറ്റെടുക്കുക മുഖേന കൂടുതൽ ഭക്തജനങ്ങൾക്ക് ആരാധനാസ്വാതന്ത്ര്യം ലഭിക്കുവാനും അതുവഴി ക്ഷേത്രത്തിന്റെയും നാടിന്റെയും ഉന്നമനത്തിനും ഐശ്വര്യത്തിനും ക്ഷേമത്തിനും വഴിതെളിയുവാനുള്ള സാധ്യത മുതലായ കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന് ശേഷമാണ് തീരുമാനം കൈക്കൊള്ളുന്നത്.

## കണ്ണൂർ ജില്ലയിലെ ക്ഷേത്രകലാ അക്കാദമി

321(726) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനും അക്കാദമിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും, ബൈലോ അംഗീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിൽ സ്ഥാപിതമായിട്ടുള്ള ക്ഷേത്രകലാ അക്കാദമിക്ക് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും, അക്കാദമി ഇപ്പോൾ സ്ഥിതി ചെയ്യുന്ന മാടായി ശ്രീതിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പാട്ടത്തിന് എടുക്കുന്ന വിഷയത്തിൽ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടി ക്രമങ്ങൾ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സ്വീകരിച്ചുവരുന്നു. ക്ഷേത്രകലാ അക്കാദമിക്ക് സർക്കാർ ഗ്രാന്റായി 2020-21 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ക്ഷേത്രകലാ അക്കാദമിയുടെ കരട് ബൈലോ, സർക്കാർ പരിശോധിച്ചുവരികയാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൈതൃക മന്ദിരത്തിന്റെ സംരക്ഷണം

322(727) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ പൈതൃക മന്ദിരങ്ങൾ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉണ്ട്. ശ്രീവലിയമ്മ തമ്പുരാൻ കോവിലകം ട്രസ്റ്റ് സെക്രട്ടറി, കനകദാസർ മെമ്മോറിയൽ ശ്രീകൃഷ്ണസ്തുതി എന്ന സംഘടനയുടെ സെക്രട്ടറി എന്നിവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ ?

പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറ ക്ഷേത്രത്തിലെ വടക്കെ തട്ടുമാളിക മേൽക്കൂര നവീകരിച്ച് ചോർച്ച മാറ്റുന്നതിനുള്ള പ്രവർത്തികളും കൂടാതെ മറ്റ് അറ്റകുറ്റപണികളും കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്.

**സമഗ്ര മലബാർ ദേവസ്വം ബിൽ**

323(728) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര മലബാർ ദേവസ്വം ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ബഹു. ജസ്റ്റിസ് കെ. റ്റി. തോമസ് ചെയർമാനായ കേരളാ ലോ റിഫോംസ് കമ്മീഷൻ വിശദമായി പരിശോധന നടത്തി സമർപ്പിച്ച "ദ മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എൻഡോവ്മെന്റ്സ് ബിൽ 2020" സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേതിന് സമാനമായ സേവന വേതന വ്യവസ്ഥകൾ മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

"ദ മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എൻഡോവ്മെന്റ്സ് ബിൽ 2020" പ്രാബല്യത്തിൽ വരുമ്പോൾ ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ നേരിട്ടുള്ള ഭരണം, ക്ഷേത്ര ജീവനക്കാരുടെ നിയന്ത്രണം, ഫണ്ട് കൈകാര്യം ചെയ്യൽ തുടങ്ങിയവ ബോർഡിന്റെ അധികാരങ്ങളായി മാറുകയും ഏകീകൃതമായ സേവന വേതന വ്യവസ്ഥകൾ ക്ഷേത്ര ജീവനക്കാർക്ക് ബാധകമാക്കാൻ സാധിക്കുന്നതുമാണ്.

(ചോദ്യം നമ്പർ 399, 405, 417, 419, 422, 423, 424, 431, 432, 433, 435, 440, 481, 483, 484, 485, 490, 501 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II അടിയന്തരപ്രമേയം

## ലൈഫ് മിഷനുമായി ബന്ധപ്പെട്ട അഴിമതി

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പണിയുന്ന ഫ്ലാറ്റിന്റെയും ആശുപത്രിയുടെയും മറവിൽ നടത്തിയതായി പറയപ്പെടുന്ന അഴിമതി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷന്റെ ഭാഗമായി വടക്കാഞ്ചേരിയിൽ പണിയുന്ന ഫ്ലാറ്റിന്റെയും ആശുപത്രിയുടെയും മറവിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെയും ലൈഫ് മിഷനിലെയും ഉദ്യോഗസ്ഥർ അഴിമതി നടത്തിയെന്നാണ് പ്രമേയാവതാരകൻ ആക്ഷേപമായി കുറിപ്പിൽ എഴുതി തന്നിട്ടുള്ളത്. കേരളത്തിലെ ഭവനരഹിതരായ ആളുകൾ ആശയോടുകൂടി നോക്കിക്കണ്ടൊരു പദ്ധതിയാണ് ലൈഫ് മിഷൻ പദ്ധതി. കേരളത്തിലെ ഭവനരഹിതരും ഭൂരഹിത/ഭവനരഹിതരുമായ മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടുത്തുകയെന്ന രീതിയിലാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. ഇതിനകം 250547 വീടുകൾ ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമായിരുന്നു. അത് 97% പൂർത്തീകരിക്കുകയും ഭൂമിയുള്ള ഭവനരഹിതരുടെ പദ്ധതിയുടെ ഭാഗമായ ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹുഭൂരിപക്ഷവും പൂർത്തിയാക്കുകയും ചിലത് നടന്നുവരികയുമാണ്. ഭൂരഹിതരും/ഭവനരഹിതരുമായ ആളുകൾക്കുള്ള ആറ് ഫ്ലാറ്റുകൾ ഇപ്പോൾ പൂർത്തീകരിച്ചു. വിവിധ ഘട്ടങ്ങളിലായി 57 പദ്ധതികൾ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 250547 വീടുകൾക്ക് പുറമെ 15000 കുടുംബങ്ങൾക്കുകൂടി 2021 മാർച്ച് 21-നകം ഭവനം നൽകാൻ കഴിയും. അതിനാവശ്യമായ അതിവേഗത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. രാജ്യത്തിനാകെ മാതൃകയായൊരു പദ്ധതിയാണ് ലൈഫ് മിഷൻ. ഗുണഭോക്തൃവിഹിതം കൂടാതെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനിടെയാണ് ഈ പദ്ധതിയാകെ താറടിച്ചുകാട്ടാനുള്ള പരിശ്രമങ്ങളുമായി ചിലയാളുകൾ മുന്നോട്ടുവന്നിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതി പ്രധാനമന്ത്രി ആവാസ് യോജനയുടെ വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും കൂടിച്ചേർന്നതാണ്. ഒരു ഭവനത്തിന് നാല് ലക്ഷം രൂപയാണ് ചെലവ്. ഈ രീതിയിലാണ് ലൈഫ് പദ്ധതിയുടെ നിർവ്വഹണം പൊതുവിൽ നടക്കുന്നത്.

എന്നാൽ ലൈഫ് പദ്ധതിയുടെ ഭാഗമായ വടക്കാഞ്ചേരിയിലെ 140 ഗുണഭോക്താക്കൾക്കുള്ള ഭവന സമുച്ചയവും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ളൊരു ആശുപത്രിയും സൗജന്യമായി നിർമ്മിച്ചുനൽകാൻ UAE Red Crescent മുന്നോട്ടുവന്നു. ഇതിന്റെയടിസ്ഥാനത്തിൽ UAE Red Crescent എന്ന ചാരിറ്റബിൾ സംഘടന കേരള സർക്കാരുമായി 2019 ജൂലൈ 11-ന് പൊതുധാരണാ പത്രത്തിൽ ഒപ്പുവച്ചിരുന്നു. സർക്കാർ നിയമ വകുപ്പുകൂടി കണ്ടശേഷമാണ് ഈ ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുള്ളത്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ലൈഫ് പദ്ധതി പൂർത്തീകരിക്കുന്നത് സംബന്ധിച്ച കാഴ്ചപ്പാട് വ്യക്തമാക്കിയിരുന്നു. ബഡ്ജറ്റ് പ്രസംഗത്തിന്റെ 50-ാം ഖണ്ഡികയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റ് സ്കീമുകളെ തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിൽ സംയോജിപ്പിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം, ഭവന നിർമ്മാണത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കുറഞ്ഞ പലിശയുള്ള വായ്പ, സംഭാവന, സി.എസ്.ആർ. ഫണ്ട്, വാണിജ്യ വായ്പ തുടങ്ങിയതെല്ലാം സംയോജിപ്പിച്ചുകൊണ്ടായിരിക്കും ആവശ്യമായ പണം സമാഹരിക്കുകയെന്നും വ്യക്തമാക്കിയിരുന്നു. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടുള്ള നടപടിക്രമമാണ് സർക്കാർ നടപ്പിലാക്കിയത്. ഇവിടെ വടക്കാഞ്ചേരി പദ്ധതിയുടെ കാര്യത്തിൽ മിഷൻ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് കെട്ടിട നിർമ്മാണത്തിന്റെ പ്ലാനെന്ന് അറിയിക്കുക മാത്രമാണ് മിഷൻ ചെയ്തത്. അതുകൊണ്ടുതന്നെ സാമ്പത്തികമായി ലൈഫ് മിഷന് ഇതിൽ യാതൊരു ഉത്തരവാദിത്തവുമില്ല. സർക്കാരിന്റെ ഭൂമിയിൽ സ്വന്തം ഫണ്ട് വിനിയോഗിച്ച് ഒരു ചാരിറ്റബിൾ സംഘടന ഈ നാട്ടിൽ അർഹരായ ഭവനരഹിതർക്ക് അടച്ചുറപ്പുള്ള ഭവനവും ആശുപത്രിയും നിർമ്മിച്ചുനൽകാൻ മുന്നോട്ടുവരുമ്പോൾ സ്വാഭാവികമായും ചെയ്യേണ്ട സഹകരണം മാത്രമേ ഇക്കാര്യത്തിൽ ലൈഫ് മിഷൻ ചെയ്തിട്ടുള്ളൂ. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ സുനാമിയെത്തുടർന്നും പ്രളയത്തെത്തുടർന്നും സംസ്ഥാനത്തിന്റെ പല ഭാഗത്തും നടന്നിട്ടുണ്ട്. സഭയിൽത്തന്നെ ഇന്നലെ അതിന്റെ ഉദാഹരണം വന്നല്ലോ? ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. വിദേശ മലയാളികളും വിദേശ സംഘടനകളുമുൾപ്പെടെ നിർമ്മിച്ചുകൊടുക്കുന്ന ഭവനങ്ങൾ സംബന്ധിച്ച അഭിപ്രായ പ്രകടനം സഭ ഇന്നലെ കണ്ടതാണ്. വടക്കാഞ്ചേരിയിലെ ഈ ഭവന സമുച്ചയത്തിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തിയായ ഘട്ടത്തിലാണ് യു.എ.ഇ. കോൺസുലേറ്റുമായി ബന്ധപ്പെട്ട ചിലർ കസ്റ്റംസ് പ്രിവെന്റീവെടുത്ത കള്ളക്കടത്ത് കേസിൽ പ്രതികളാകുന്നത്. തുടർന്നാണ് അവർ തെരഞ്ഞെടുത്ത കരാറുകാരൻ ഇവർക്ക് കമ്മീഷൻ നൽകിയതായ വാർത്തകളും പുറത്തുവരുന്നത്. പുറത്തുവന്ന വാർത്തകളിലൊന്നും ഒരു പബ്ലിക് സർവന്റ് ഉൾപ്പെടുന്നതായി ഉണ്ടായിരുന്നില്ല. എന്നിരിക്കിലും ഏതെങ്കിലും പബ്ലിക്

സർവന്റിന് ഇതിൽ പങ്കുണ്ടോയെന്ന് അന്വേഷിക്കാൻ സംസ്ഥാന സർക്കാർ വിജിലൻസ് ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണം മുന്നോട്ടുപോകുകയാണ്. ഇതിനകം കരാറുകാരായ യൂണിടാക്ക്, Sane Ventures LLP, പേരെടുത്ത് പറയാത്ത പബ്ലിക് സർവന്റ്സ്, പേരെടുത്ത് പറയാത്ത സ്വകാര്യ വ്യക്തികൾ, ശ്രീ. എം. ശിവശങ്കർ, ശ്രീമതി സ്വപ്ന സുരേഷ്, ശ്രീ. സരിത്, ശ്രീ. സന്ദീപ് നായർ എന്നീ വ്യക്തികളെ പ്രതിചേർത്ത് വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്. ഏതെങ്കിലുമൊരു പബ്ലിക് സർവന്റോ മറ്റ് വ്യക്തികളോ ഇക്കാര്യത്തിൽ അഴിമതി നടത്തിയതായി കണ്ടെത്തിയാൽ അവരെ ഒരു രീതിയിലും സംരക്ഷിക്കില്ലെന്ന് ആവർത്തിച്ച് സഭയിലും പുറത്തും ഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളതാണ്. വിജിലൻസ് അന്വേഷണം കാര്യക്ഷമമായിത്തന്നെ മുന്നോട്ടുപോകുകയാണ്. മാധ്യമങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി വാർത്തകൾ ചോർത്തി നൽകുന്ന അന്വേഷണമല്ല സംസ്ഥാന വിജിലൻസ് നടത്തുന്നത്. ഒരു കാര്യംകൂടി ഞാൻ വ്യക്തമാക്കുകയാണ്. ഇക്കാര്യത്തിൽ ലൈഫ് മിഷനോ സംസ്ഥാന സർക്കാരോ യാതൊരു വിദേശ സംഭാവനയും സ്വീകരിച്ചിട്ടില്ല. ആരെങ്കിലും അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ സർക്കാർ നടത്തുന്ന അന്വേഷണത്തിൽ അത് തെളിയിക്കപ്പെടുമെന്നുറപ്പാണ്. ഇന്നലെ പുറപ്പെടുവിച്ച ഹൈക്കോടതി വിധിയുടെ ചില ഭാഗങ്ങൾ പ്രമേയാവതാരകൻ പരാമർശിച്ചു. എന്നാൽ അദ്ദേഹം പറയാതെപോയ വിധിന്യായത്തിന്റെ ഏറ്റവും പ്രസക്തമായ ഭാഗം താഴെപ്പറയുന്നതാണ്.

വിധിന്യായത്തിന്റെ ഖണ്ഡിക -27 പേജ് 50-ൽ "തികച്ചും നയപരമായ തീരുമാനമെടുത്തതുകൊണ്ടുമാത്രം മുഖ്യമന്ത്രിക്കോ മന്ത്രിമാർക്കോ നിയമസഭയ്ക്കോ ഉദ്യോഗസ്ഥർ നടത്തിയ തെറ്റുകൾക്ക് ക്രിമിനൽ ഉത്തരവാദിത്തമുണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ നയപരമായ തീരുമാനവും കാര്യക്ഷമമായ നടപടികളും സ്വീകരിച്ച രാഷ്ട്രീയ നേതൃത്വത്തിന്മേൽ ക്രിമിനൽ ഉത്തരവാദിത്തം വലിച്ചുനീട്ടുന്നത് അനുവദനീയമല്ല". ഇതാണ് ഹൈക്കോടതി വിധിയുടെ കാതലായ ഭാഗം.

നാളിതുവരെ പ്രമേയാവതാരകനുൾപ്പെടെയുള്ളവർ കേരളത്തിലെ ഭരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിനെതിരെ ഉയർത്തിയ ആരോപണങ്ങളുടെ മാറാലകൾ കീറിയെറിയപ്പെടുകയാണ്. ഒരു കാര്യംകൂടി പറയട്ടെ, സർക്കാർ നയം അർപ്പണബോധത്തോടെയും കാര്യക്ഷമതയോടെയും നടപ്പിലാക്കിയ ഉദ്യോഗസ്ഥൻമാരെയെല്ലാം അഴിമതിക്കാരായി ചിത്രീകരിക്കുന്നത്, അത്തരം കാര്യത്തോട് സർക്കാരിന് അതിശക്തമായ വിയോജിപ്പുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ ഒരു പബ്ലിക് സർവ്വന്റോ അഴിമതി കാട്ടിയെങ്കിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കും. പക്ഷെ ഉദ്യോഗസ്ഥരെ മുഴുവൻ സംശയത്തിന്റെ സൂചിമുനയിൽ നിർത്തി ഇത്തരം പരാമർശങ്ങൾ ഉണ്ടാകുന്നത് അഭികാമ്യമല്ല.

ഇപ്പോൾ കോടതിയുടെ പരാമർശത്തിൽ ചില കാര്യങ്ങൾ വന്നുപോയിട്ടുണ്ട്. അത്തരം കാര്യങ്ങളിലും നിയമോപദേശം തേടി തുടർനടപടി സർക്കാർ സ്വീകരിക്കും. കേരളത്തിന്റെ ഒരഭിമാന പദ്ധതിയെ കരിനിഴലിൽ നിർത്തി, നമ്മുടെ പാവപ്പെട്ട ആളുകൾക്ക് വീടുവച്ചുകൊടുക്കാനുള്ള ഈ പദ്ധതിയെ അപകീർത്തിപ്പെടുത്താനും അതുപോലെ ഇതിന്റെ പ്രവർത്തനം നിശ്ചലമാക്കാനുമുള്ള പരിശ്രമം നമ്മുടെ നാടിന് ഗുണം ചെയ്യുന്നതല്ല. ഇത്തരമൊരു പശ്ചാത്തലത്തിൽ, ഇവിടെ നേരത്തെ സൂചിപ്പിച്ച വിജിലൻസ് അന്വേഷണവും മറ്റ് കേസുകളും നടക്കുന്ന സാഹചര്യത്തിൽ, സഭ നിർത്തിവച്ച് ഈ പ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് പറയാനുള്ളത്.

ശ്രീ. അനിൽ അക്കര: സർ, ഇവിടെ ഇതുമായി ബന്ധപ്പെട്ടുള്ള മറുപടിയിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സൂചിപ്പിച്ച കാര്യങ്ങൾ തികച്ചും വസ്തുതാ വിരുദ്ധമാണ്. കാരണം ഞങ്ങളാരും കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരായ വീടില്ലാത്ത ആളുകൾക്ക് വീടുവച്ച് നൽകുന്ന ലൈഫ് പാർപ്പിട പദ്ധതിയെ ഒരു ഘട്ടത്തിലും എതിർത്തിട്ടില്ല. ഭൂമിയില്ലാത്ത/വീടില്ലാത്ത ആളുകൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുകൊടുക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതിയേയും ഞങ്ങൾ എതിർത്തിട്ടില്ല. ഈ സഭയെ ഒരു കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. 2006-07-ൽ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദന്റെയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടിയുടേയും കയ്യിൽനിന്നും കേരളത്തിലെ ഏറ്റവും മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ഞങ്ങളുടെ പഞ്ചായത്തിനാണ് ലഭിച്ചത്. കേരളത്തിലെ ആദ്യത്തെ പഞ്ചായത്ത് നിർമ്മിച്ച ഫ്ലാറ്റ് പദ്ധതിയായിരുന്നു അത്. അടാട്ട് പഞ്ചായത്തിലെ ഭൂരഹിതരും/ഭവന രഹിതരുമായ പത്ത് പാവപ്പെട്ട കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകിയ പദ്ധതിക്കായിരുന്നു അന്നെനിക്ക് സംസ്ഥാന മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും അവാർഡ് നൽകി ഞങ്ങളുടെ പഞ്ചായത്തിനെ ആദരിച്ചത്. അങ്ങനെയൊരു പദ്ധതിയെ ഞാൻ എതിർക്കുമെന്നാണോ ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ ഗവൺമെന്റും കരുതുന്നത്? ഈ പദ്ധതിയെ പൂർണ്ണമായി അനുകൂലിച്ച ഒരു നിയമസഭാംഗമാണ് ഞാൻ. മന്ത്രി പറയാതെപോയ ഒരുപാട് കാര്യങ്ങളുണ്ട്. ഇതിന്റെ യാഥാർത്ഥ്യമെന്താണ്? വടക്കാഞ്ചേരിയിൽ ചരൽപ്പറമ്പിൽ ഇങ്ങനെയൊരു ഭൂമി വാങ്ങാൻ തീരുമാനിച്ചത് എന്തിനുവേണ്ടിയായിരുന്നു? ഫ്ലാറ്റ് നിർമ്മിക്കാൻ വേണ്ടിയായിരുന്നോ? അതിന്റെ ഫയലൊന്ന് പരിശോധിച്ചുനോക്കണം. ബഹുമാനപ്പെട്ട സി. എൻ. ബാലകൃഷ്ണൻ എം.എൽ.എ. ആയിരുന്ന സമയത്ത് 'ഭൂമി ഗീതം' പദ്ധതിയുമായി ബന്ധപ്പെട്ട് തൃശ്ശൂരിൽ വലിയ രീതിയിലുള്ള ഫണ്ട് കളക്ഷൻ നടത്തി. മൂന്ന് സെന്റ് വീതം ഭൂമി

പതിച്ചുകൊടുക്കാൻവേണ്ടിയാണ് ആ പദ്ധതി തൃശ്ശൂരിൽ നടപ്പിലാക്കിയത്. ടെണ്ടർ നടപടികളിലേയ്ക്ക് പോയി. ഗവൺമെന്റ് മാറി. ആ സന്ദർഭത്തിൽ ഭൂമി വാങ്ങാൻ കഴിഞ്ഞില്ല. പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാരാണ് ചരൽപ്പറമ്പിൽ ഭൂമി വാങ്ങിയത്. ആ ഭൂമി വാങ്ങിയ സമയത്തുതന്നെ ആക്ഷേപമുണ്ടായിരുന്നു. ഞാൻ അതിലൊരു ആരോപണവും ഉന്നയിച്ചില്ല. കാരണം അവിടേയ്ക്ക് കടന്നുചെല്ലാനുള്ള വഴിയുടെ പ്രശ്നമുണ്ടായിരുന്നു. ആ സാഹചര്യത്തിലാണ് ശ്രീമതി ടി. വി. അനുപമ ജില്ലാ കളക്ടറായിരുന്ന സമയത്ത് വടക്കാഞ്ചേരി നിയമസഭാമണ്ഡലത്തിന് അനുവദിച്ച ആസ്തി വികസന ഫണ്ടിൽനിന്നും 12 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ചരൽപ്പറമ്പിലെ ഫോറസ്റ്റ് റോഡ് കോൺക്രീറ്റ് ചെയ്തുകൊടുത്തത്. പിന്നീടാണ് ഈ പദ്ധതി രൂപം മാറി വരുന്നത്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, 2019 ജൂലൈ മാസം 11-ാം തീയതി എന്റെ നിയോജകമണ്ഡലമായ വടക്കാഞ്ചേരിയിൽ ഇതേ സ്ഥലത്ത് സംസ്ഥാന സർക്കാർ ഫ്ലാറ്റ് പണിയുന്നതിനുവേണ്ടി 15 കോടി രൂപ അനുവദിച്ചല്ലോ, 2019 ജൂലൈ മാസം 11-ാം തീയതിയാണ് ഈ സർക്കാർ എന്റെ മണ്ഡലത്തിൽ ഫ്ലാറ്റ് പണിയുന്നതിനുവേണ്ടി 15 കോടി രൂപ അനുവദിക്കുന്നത്. 2019 ജൂലൈ മാസം 11-ാം തീയതി വൈകുന്നേരമാണ് റെഡ് ക്രെസന്റും ലൈഫ് മിഷനും സർക്കാരും തമ്മിൽ ഇങ്ങനെയൊരു എം.ഒ.യു.വിൽ ഒപ്പിടുന്നത്. ഒരേ വകുപ്പും ഒരേ മന്ത്രിയുമല്ലേ, ലൈഫ് മിഷന്റെ വൈസ് ചെയർമാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ചെയർമാൻ മുഖ്യമന്ത്രിയുമാണ്. ഒരേ ദിവസം ഒരേ സ്ഥലത്ത് കെട്ടിടം പണിയാൻ രണ്ട് ഭരണാനുമതികൾ, ഒന്ന് എഗ്രിമെന്റായും ഒന്ന് ഭരണാനുമതിയായും കൊടുക്കുന്നത് ഏത് കാലത്ത്, ഏത് നാട്ടിലാണ്, ആരെയാണ് ഇവർ പറ്റിക്കാൻ ശ്രമിക്കുന്നത്? മന്ത്രിക്ക് അറിവില്ലാത്തതു കൊണ്ടാണോ? അന്ന് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത് വടക്കാഞ്ചേരിയിൽ അല്ല, അങ്ങനെയെങ്കിൽ എം.ഒ.യു.വിൽ അത് രേഖപ്പെടുത്തണമായിരുന്നു. സർ, രേഖകൾ പരിശോധിക്കണം, ഞാൻ വെറുതെ പറഞ്ഞുപോകുന്നതല്ല. 2019 ജൂലൈ മാസം 11-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് ചാലക്കുടിയുൾപ്പെടെ നിരവധി പട്ടണപ്രദേശങ്ങളിൽ ഫ്ലാറ്റ് പണിയാൻവേണ്ടി തുക അനുവദിച്ചിരുന്നു. ആ തുകയിൽ 15 കോടി രൂപ വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് നിർമ്മാണത്തിനുണ്ടായിരുന്നു. ഇതേ ചരൽപ്പറമ്പിൽ ഫ്ലാറ്റ് നിർമ്മിക്കാൻവേണ്ടിയാണ് അനുവദിച്ചത്. അന്ന് വൈകുന്നേരം യു.എ.ഇ. റെഡ് ക്രെസന്റ് 20 കോടി രൂപയ്ക്ക് അതേ എഗ്രിമെന്റ് വയ്ക്കുമ്പോൾ ഒരു ഭരണനേതൃത്വം ഈ സംസ്ഥാനത്തുണ്ടായിരുന്നുവെങ്കിൽ അന്ന് പുറപ്പെടുവിച്ച ഉത്തരവ് എന്തുകൊണ്ട് നിങ്ങൾ ഭേദഗതി ചെയ്തില്ല? ഇപ്പോഴും ആ ഉത്തരവ് നിലനിൽക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. 2019 ജൂലൈ മാസം 11-ാം തീയതി എൽ.എസ്.ജി.ഡി. വകുപ്പ് 15 കോടി രൂപ അനുവദിച്ച ഭരണാനുമതി നിലനിൽക്കുന്നുണ്ടോ? മന്ത്രി മറുപടി പറയണം. റെഡ്

ക്രെസന്റ് അവിടെ ഫ്ലാറ്റ് പണിയുകയാണ്, എങ്ങനെയാണ് ഫ്ലാറ്റ് പണിയുന്നത്? ശ്രീ. എം. ശിവശങ്കർ ആവശ്യപ്പെട്ടതിനുശേഷമാണ്, എന്റെ കയ്യിൽ അതുമായി ബന്ധപ്പെട്ട രേഖകളുണ്ട്. ശ്രീ. യു. വി. ജോസ് തയ്യാറാക്കിയ മറുപടിയിൽ വ്യക്തമായി പറയുന്നുണ്ട്, ശ്രീ. എം. ശിവശങ്കർ ആവശ്യപ്പെട്ടതിനുശേഷമാണ് ഇങ്ങനെയൊരു സ്ഥലം അവിടെ അനുവദിക്കുന്നതെന്ന്. ഇവിടെ നിങ്ങൾ പറഞ്ഞു ഭൂരഹിതരായ ആളുകൾക്കുവേണ്ടി നിർമ്മിക്കുന്ന ഫ്ലാറ്റുകളാണെന്ന്. അതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കണം. ഹൈക്കോടതിയുടെ ഉത്തരവ് വായിച്ച് മനസ്സിലാക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ 28-ാമത്തെ ഖണ്ഡികയിൽ കൃത്യമായി പറയുന്നത്, അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ ഭൂമി നഷ്ടപ്പെട്ട, വീട് നഷ്ടപ്പെട്ട ആളുകൾക്ക് നിർമ്മിച്ചുകൊടുക്കാൻവേണ്ടിയാണ് ഈ ഫ്ലാറ്റ് പണിയുന്നത്, അല്ലാതെ ഭൂരഹിതരായ/ഭവനരഹിതരായ ആളുകൾക്കു വേണ്ടിയല്ലായെന്നാണ്. ഇവിടെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ഞാൻ ഒരു കാര്യം സംസ്ഥാനത്തെ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, 2018-ലും 2019-ലും പ്രളയമുണ്ടായി, ഇനിയും ഈ സംസ്ഥാനത്ത് പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആർക്കെങ്കിലും വീട് നിർമ്മിച്ചുകൊടുക്കാനുണ്ടോ? ഇനിയുമുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ കഴിവുകേടാണ്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുഴുവൻ ആളുകൾക്കും സംസ്ഥാന സർക്കാരിന്റെകൂടി സഹായത്തോടെ, ഞാൻ അഭിമാന ത്തോടുകൂടിതന്നെയാണ് പറയുന്നത്, കുരഞ്ചേരിയിൽ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട തങ്കയുടെ വീട് ഈ മാസം 31-ാം തീയതി ഞങ്ങൾ കൈമാറാൻ പോകുകയാണ്. ഇനി വടക്കാഞ്ചേരിയിൽ വീട് നഷ്ടപ്പെട്ട ആളുകളാരും തന്നെ ഇല്ല. ഇത് കൃത്യമായും വീട് നഷ്ടപ്പെട്ട ആളുകൾക്ക്, ഭൂമി നഷ്ടപ്പെട്ട ആളുകൾക്ക് കൊടുക്കാൻവേണ്ടിയുള്ള വീടുകളാണ്. ഇനിയും സംസ്ഥാനത്ത് പ്രളയത്തിൽ വീട് നഷ്ടപ്പെട്ട എത്ര ആളുകളുണ്ടെന്ന് ഗവൺമെന്റ് പറയണം. കോടതി പറഞ്ഞതുപോലെ ബുദ്ധിപരമായ ആസൂത്രണമാണ് ആദ്യഘട്ടത്തിൽ നടന്നത്. മന്ത്രി പറഞ്ഞതിനോട് ഞാൻ അനുകൂലിക്കുന്നു. സർക്കാരിന്റെ നയപരമായ തീരുമാനങ്ങളെ ഞങ്ങളാരും എതിർത്തിട്ടില്ല. ഞങ്ങൾ ആ കോടതി വിധിയെ സ്വാഗതം ചെയ്യുന്നു. നിങ്ങൾക്ക് അനുകൂലമായ കോടതി വിധിയാണെങ്കിൽ നിങ്ങൾ എന്തുകൊണ്ട് സ്വാഗതം ചെയ്യുന്നില്ല? സംസ്ഥാന മുഖ്യമന്ത്രിയേയും ഭരണകൂടത്തേയും മന്ത്രിസഭയേയും കുറ്റവിമുക്തമാക്കിയ വിധിയാ ണെങ്കിൽ നിങ്ങൾ സ്വാഗതം ചെയ്യൂ. എന്തിനാണ് നിങ്ങൾ നിയമപരമായ മറ്റ് കാര്യങ്ങൾ ചോദിക്കാൻ പോകുന്നത്? നിങ്ങളുടെ ഗവൺമെന്റിൽ വിശ്വാസമർപ്പിച്ചൊരു വിധിയാണെങ്കിൽ നിങ്ങൾ എന്തുകൊണ്ട് സ്വാഗതം ചെയ്യുന്നില്ല? മുഖ്യമന്ത്രിയേയും മന്ത്രിസഭയേയും അനുകൂലിച്ച വിധിയാണെങ്കിൽ, ക്രിമിനൽ സ്വഭാവത്തിലേയ്ക്ക് പോകുന്നില്ലെങ്കിൽ സ്വാഗതം ചെയ്തുകൂടെ? ഞാൻ ആ വിധിയെ സ്വാഗതം ചെയ്യുന്ന

ആളാണ്. Foreign Contribution (Regulation) Act ഇതിൽ നിലനിൽക്കുമോ എന്നുള്ളതാണ് ആദ്യത്തെ ചോദ്യം. അതല്ലേ ചലഞ്ച് ചെയ്തത്. അതിന്റെ വാദം മാത്രമാണ് നടന്നത്. കൃത്യമായും എഗ്രിമെന്റിനകത്ത് നിന്നുകൊണ്ടുള്ള വാദമാണ് നടന്നത്. ഞങ്ങൾ അതിന്റെ മറ്റുനടപടികളിലേയ്ക്ക്, കോടതിയിലേയ്ക്ക് പോയിട്ടില്ല. മറ്റ് നടപടികൾ ഞങ്ങൾ ഉന്നയിച്ചിട്ടില്ല. Foreign Contribution (Regulation) Act നിലനിൽക്കുമോ എന്നതുസംബന്ധിച്ച് അന്വേഷിക്കണം. അന്വേഷണ വിധേയമാകുമ്പോൾ ഈ പണം സർക്കാർ ഉദ്യോഗസ്ഥൻമാരുടെ കയ്യിലേയ്ക്കോ രാഷ്ട്രീയ പാർട്ടികളുടെ കയ്യിലേയ്ക്കോ public servant-ന്റെ കയ്യിലേയ്ക്കോ പോയിട്ടുണ്ടെങ്കിൽ FCRA നിലനിൽക്കുമെന്ന് ആദ്യത്തെ വിധിയിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ അന്വേഷണ വിധേയമാക്കുമ്പോഴാണ് ആരാണ് ഇതിനകത്ത് പങ്കാളിയെന്ന് തെളിയാൻ പോകുന്നത്. ഇന്ന് FCRA നിലനിൽക്കുമോയെന്ന ചോദ്യത്തിനുള്ള മറുപടിയാണ് പറഞ്ഞത്. നയപരമായ തീരുമാനത്തെ ഞങ്ങൾ എതിർത്തിട്ടില്ല.

ഇവിടെ രണ്ട് തരത്തിലുള്ള അഴിമതിയാണ് നടന്നത്. ഒന്ന് നാലരക്കോടി രൂപയുടെ കമ്മീഷനുമായി ബന്ധപ്പെട്ടുള്ളതാണ്. അനിൽ അക്കരയാണോ നാലരക്കോടി രൂപ കമ്മീഷൻ കൊടുത്തു എന്നുപറഞ്ഞത്; ശ്രീ. രമേശ് ചെന്നിത്തലയാണോ പറഞ്ഞത്; കേരളത്തിലെ പ്രതിപക്ഷമാണോ പറഞ്ഞത്; മാധ്യമങ്ങളാണോ പറഞ്ഞത് എന്നാണ് ചോദിക്കുന്നത്. സംസ്ഥാനത്ത് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഒരു മന്ത്രി പാർട്ടി ചാനലിൽ ഞെളിഞ്ഞിരുന്ന് 'നാലരക്കോടി രൂപ കമ്മീഷൻ പോയി' എന്നുപറയുമ്പോൾ ആ മന്ത്രിക്ക് മറുപടി പറയുവാനുള്ള ഉത്തരവാദിത്തമില്ലേ; ഈ ഫ്ലോറിൽ മറുപടി പറയുവാനുള്ള ഉത്തരവാദിത്തമില്ലേ? അതിന്റെ ഉത്തരവാദിത്തം ഞാൻ ഏൽക്കേണ്ട കാര്യമില്ല. നാലരക്കോടി രൂപയുടെ കമ്മീഷൻ ഇതിൽനിന്നും തട്ടിച്ചെടുത്തു എന്നുപറഞ്ഞ മന്ത്രി ഇന്ന് ഈ സഭയിലുണ്ടെങ്കിൽ അദ്ദേഹമാണ് മറുപടി പറയേണ്ടത്. അതാണ് ആദ്യത്തെ ഘട്ടത്തിൽ അഴിമതി എന്നുപറയുന്നത്.

ഡോളർ കടത്തിലേയ്ക്ക് ഞാൻ കടന്നുപോകുന്നില്ല. അത് ഞാനിവിടെ പറയാനും ഉദ്ദേശിക്കുന്നില്ല. എല്ലാവർക്കും അറിയാം. എനിക്കുമാത്രം അറിയാത്ത കാര്യമാണത്. അതുകൊണ്ട് ഞാനത് പറയുന്നില്ല. ഖാലിദ് എന്നൊരു അദൃശ്യനെ കാട്ടിയാണ് ഈ അഴിമതികൾക്ക് മറപിടിക്കാൻ ശ്രമിക്കുന്നത്. ഖാലിദിനെ ഇവിടെ കൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അന്വേഷണ ഏജൻസികൾക്ക് കൊണ്ടുവരാൻ കഴിയും. അപ്പോൾ പറയും എവിടെയാണ് ഡോളർ; ആരാണ് കൊണ്ടുപോയത്; ഏത് ഫ്ലാറ്റിൽനിന്നാണ് കൊണ്ടുപോയത്; ഏത് വണ്ടിയിലാണ് കൊണ്ടുപോയതെന്നൊക്കെ അപ്പോൾ പറയും. അത് നീല ബോർഡുവച്ച കാറാണോ ചുവപ്പ് ബോർഡുവച്ച കാറാണോ എന്ന് അപ്പോഴാണ് മനസ്സിലാകുക. ഖാലിദ് ഇങ്ങോട്ട് വന്നോട്ടെ. ഞാൻ അതിലേയ്ക്കല്ല കടന്നത്.

രണ്ടാമത്തെ അഴിമതിയാണ് എനിക്കിവിടെ ഉന്നയിക്കാനുള്ളത്. ആദ്യത്തെ അഴിമതി കമ്മീഷനുമായി ബന്ധപ്പെട്ടുള്ളതാണ്. രണ്ടാമത്തേത് അവിടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതിയാണ്. ഓരോ രേഖകളെടുത്ത് ഞാൻ പറയാം. ഇവിടെ ബുദ്ധിപരമായ അഴിമതിയാണ് എഗ്രിമെന്റിന്റെ കാര്യത്തിൽ ഉണ്ടായതെങ്കിൽ ആർത്തിമൂത്ത അഴിമതിയാണ് രണ്ടാമത്തെ ഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. ആർത്തിമൂത്ത അഴിമതി എന്നുവച്ചാൽ എന്താണ്? നമ്മളൊക്കെ കേട്ടിട്ടുണ്ട്, ഉത്തരേന്ത്യയിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ സർക്കാർ റോഡ് പണിയുന്നു. അവിടെയൊക്കെ എം.എൽ.എ. ഫണ്ടോ എം.പി. ഫണ്ടോ ഉപയോഗിച്ചുകൊണ്ട് രണ്ടാമതും അവിടെ ഭരണാനുമതി നൽകുന്നു. ഒരു റോഡുവച്ച് രണ്ട് ബില്ലുകൾ എഴുതി രണ്ട് ഡിപ്പാർട്ടുമെന്റുകൾ പണം തട്ടുന്നു. അതാണ് ഇവിടെ നടത്താൻ ശ്രമിച്ചത്. അതാണ് ഞങ്ങൾ പൊളിച്ചത്. ലൈഫ് മിഷന്റെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്? ആദ്യം പി.എം.സി.-യെ തെരഞ്ഞെടുക്കുന്നു. ടെണ്ടർ നടപടികളിലേയ്ക്ക് പോയി, പി.എം.സി.-യെ സംസ്ഥാനം തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. ഹാബിറ്റാറ്റ്, നിർമ്മിതി കേന്ദ്രം ഉൾപ്പെടെ നിരവധി പി.എം.സി.കൾ സംസ്ഥാനത്തുണ്ടായി. ഇവിടെ സർക്കാർ എഗ്രിമെന്റ് വച്ച സർക്കാർ ഭൂമിയിൽ ഒരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുമ്പോൾ കരാറിൽ ഉള്ളതുപോലെ joint venture ആണെങ്കിൽ മൂന്നാമത്തെ കക്ഷിയും ചേർന്ന് ഒപ്പിടണ്ടേ? ഇത് joint venture അല്ലേ; സംസ്ഥാന സർക്കാരിന്റെ ഭൂമിയിൽ ഒരു വിദേശ ഏജൻസിയുടെ ഫണ്ടുകൊണ്ട് ഒരു കരാറുകാരൻ കെട്ടിടം പണിയുമ്പോൾ മൂന്നാമത്തെ ഏജൻസിയായ, അല്ലെങ്കിൽ സ്ഥലത്തിന്റെ ഉടമസ്ഥനായ ആളും ത്രികക്ഷി കരാറിൽ ഒപ്പിടേണ്ടതല്ലേ? അതല്ലേ joint venture എന്നുപറയുന്നത്? എന്തുകൊണ്ടാണ് ഇവിടെ joint venture-ൽ ഒപ്പിടാതിരുന്നത്?

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.. സമയമായി.

<u>ശ്രീ. അനിൽ അക്കര</u>: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. പെട്ടെന്ന് അവസാനിപ്പിക്കാം. Joint venture-ഉമായി ബന്ധപ്പെട്ട വിഷയമാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. അങ്ങനെയാണെങ്കിൽ പി.എം.സി.യെ തെരഞ്ഞെടുക്കണം. ഈ സർക്കാർ പറയണം. ഇത് ലൈഫ് മിഷന്റെ കയ്യിലുള്ള ഏറ്റവും പ്രധാനപ്പെട്ട രേഖയാണ്. (പ്രസ്തുത രേഖ ഉയർത്തിക്കാണിച്ചു.) ലൈഫ് മിഷന്റെ പ്രോജക്ടിലുള്ള രേഖയാണ്. ഇതിൽ പി.എം.സി. Unitac ആണ്. ഇത് രേഖയാണ്. എങ്ങനെയാണ് പി.എം.സി. Unitac ബിൽഡേഴ്സ് വന്നത്; എങ്ങനെയാണ് Unitac Energy Solutions അവിടെ കെട്ടിടം പണിയുന്നത്? അവിടെ ആശുപത്രി പണിയേണ്ടത് സംസ്ഥാന സർക്കാരാണ് എന്നതിന്റെ രേഖയാണിത്. (പ്രസ്തുത രേഖ ഉയർത്തിക്കാണിച്ചു.) അവിടെ ആശുപത്രി പണിയുന്നത് ആരാണ്?

ഒന്നരക്കോടി രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കിയിട്ടുള്ളത്. അവിടെ പണിയുന്നത് 25 ലക്ഷം രൂപയുടെ ആശുപത്രിയാണ്. ഇതിന് ആര് മറുപടി പറയും? ഒരുകാര്യം മനസ്സിലാക്കണം. ഇവർക്ക് ജി.എസ്.ടി. ഒഴിവാക്കി ക്കൊടുക്കാൻ തീരുമാനിച്ചു. ആധികാരികമായ രേഖ എന്റെ കയ്യിലുണ്ട്. 20 കോടി രൂപയ്ക്ക് 18 ശതമാനം വച്ച് മൂന്നര കോടി രൂപ ഇവർക്ക് ജി.എസ്.ടി. ഒഴിവാക്കി ക്കൊടുക്കാൻ തീരുമാനിച്ചു. സംസ്ഥാന മന്ത്രി മറുപടി പറയണം. ഇത് സംസ്ഥാനം കണ്ട ഏറ്റവും വലിയ കൊള്ളയാണ്. സാധാരണക്കാരന്റെ പേര് പറഞ്ഞുകൊണ്ട്, ലൈഫ് മിഷനെ മറയാക്കിക്കൊണ്ട് ആർത്തി മൂത്ത് അഴിമതി നടത്താൻ ചിലർ ഇറങ്ങിത്തിരിച്ചപ്പോൾ അതിനെ ശക്തമായി നേരിടാൻ തീരുമാനിച്ചു എന്നത് മാത്രമാണ് ഞങ്ങൾ ചെയ്ത അപരാധം. ഞങ്ങൾ ലൈഫ് മിഷന്റെ പദ്ധതികളെയൊന്നും എതിർക്കുന്നില്ല. ഫ്ലാറ്റുകളെയൊന്നും എതിർക്കുന്നില്ല. ഇവിടെ യൂണിടാക്കിനേയും Sane Ventures-നേയും Unitac Energy Solutions-നേയും വച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ട് ശ്രീ. എം. ശിവശങ്കറും കൂട്ടാളികളും സ്വർണ്ണക്ക ള്ളക്കടത്ത് കേസിലെ പ്രതികളും നടത്തിയ ഒന്നാംതരം അഴിമതി. ആ അഴിമതി ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. അല്ലാതെ വേറെ എന്താണ് മാർഗ്ഗം? ഇവിടെയല്ലാതെ ഞാൻ വേറെ എവിടെപ്പോയി പറയും? എനിക്കെതിരായുള്ള ആരോപണങ്ങളൊക്കെ നേരിടാൻ ഞാൻ തയ്യാറാണ്. എന്ത് പരാതിയുണ്ടായാലും നേരിടും. ഈ വിഷയം ഇവിടെ ചർച്ച ചെയ്യാനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനും നിയമസഭയ്ക്കും ഉണ്ടെന്നുള്ളതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വടക്കാഞ്ചേരി ലൈഫ് മിഷൻ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ കാര്യങ്ങളൊന്നും അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടില്ല. ഭൂമിയുടെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഭൂമി എടുത്തതെന്ന് പറഞ്ഞല്ലോ. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതും ജില്ലാ ലെവൽ കമ്മിറ്റിയും സംസ്ഥാന ലെവൽ കമ്മിറ്റിയും ആ ഭൂമി എടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. അതിലുള്ളൊരു തർക്കം പ്രമേയാവതാരകൻ ഉന്നയിച്ചത്, ആ ഭൂമി മൂന്ന് സെന്റ് വീതം കൊടുക്കാനാണ് എന്നാണ്. ഈ സർക്കാർ ഭവന നിർമ്മാണ രംഗത്ത് പുതിയ പദ്ധതി ഉണ്ടാക്കിയത് എല്ലാത്തിനേയും ഏകോപിപ്പിച്ച് ഒരു മിഷൻ മോഡലിലാണ്. ഭൂമിയുടെ ലഭ്യത, മറ്റ് കാര്യങ്ങൾ, സർക്കാർ ഭൂമി കൊടുത്താൽ മറ്റെല്ലാ ഫണ്ടുകളെയും ഒരുമിച്ച് പൂൾ ചെയ്ത് ഭവനരഹിതരായ ആളുകൾക്ക് വീട് നിർമ്മിച്ചുകൊടുക്കുകയെന്ന പദ്ധതിയാണ്. ആ പദ്ധതിയുടെ ഭാഗമായിട്ടാണ് റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഈ ആവശ്യത്തിനുവേണ്ടി, ഉടമസ്ഥാവകാശം

ആ വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് ഭവനം നിർമ്മിക്കുന്നതിനുവേണ്ടി ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. അദ്ദേഹം തന്നെ സൂചിപ്പിച്ചുവല്ലോ, പ്രസ്തുത ഭവന പദ്ധതിയിലേയ്ക്ക് ആവശ്യത്തിന് റോഡ് ഉണ്ടാക്കിക്കൊടുത്തത് അദ്ദേഹ മാണെന്ന്. ഒരു ആക്ഷേപവും ഉണ്ടായില്ലല്ലോ. അത്തരമൊരു പദ്ധതി വരുന്നതിനെ ക്കുറിച്ച് ഒരു ആക്ഷേപവും പദ്ധതിയുടെ അവസാന ഘട്ടംവരെയും ഉണ്ടായിട്ടില്ല. അതിന്റെ പൂർത്തീകരണം കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ തീരേണ്ടതായിരുന്നു. കോവിഡുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ ഭാഗമായിട്ടാണ് അതിന്റെ പൂർത്തീകര ണത്തിലേയ്ക്ക് പോകാൻ അവർക്ക് കഴിയാതിരുന്നത്.

നേരത്തെ പ്രമേയാവതരണത്തിനുമുമ്പ് ഇതൊരു സന്നദ്ധസംഘടന നിർമ്മിച്ചു നൽകുന്ന പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് ഞാൻ പറഞ്ഞു. ഇതൊരു joint venture ആണെന്ന് ഇതിന്റെ MoU-വിൽ ഒരിടത്തും പറഞ്ഞിട്ടില്ല. അവർ നിർമ്മിച്ചുനൽകുകയാണ്. കേരളത്തിൽ നിരവധി സ്ഥലങ്ങളിൽ പ്രളയത്തിന്റെ ഭാഗമായിട്ട് അങ്ങനെയുള്ള വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇന്നലെ ഈ സഭയിൽ വന്നൊരു വിഷയത്തിൽ ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ മറുപടി സഭാ രേഖകളിലുണ്ടല്ലോ. അത്തരം വീട് നിർമ്മിച്ചുനൽകാൻ ഒരു സന്നദ്ധസംഘടന തയ്യാറായി വന്നപ്പോൾ അതിനാവശ്യമായ സൗകര്യം ഒരുക്കിക്കൊടുക്കുകയെന്നതാണ് സർക്കാർ ചെയ്തിട്ടുള്ളത്. ഭൂമി സർക്കാർ കൊടുക്കണം. അതിന്റെ ഭാഗമായിട്ടുള്ളൊരു പദ്ധതിയാണ് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരിയിൽ വന്നത്. അവസാന നിമിഷംവരെ ബഹുമാനപ്പെട്ട എം.എൽ.എ. അതിനൊപ്പം ഉണ്ടായിരുന്ന ആളാണ്. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് ഈ പ്രശ്നം ഉണ്ടായതിനു ശേഷമാണ് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഇവിടെ ഉണ്ടായതെന്ന് നേരത്തെ ഞാൻ സൂചിപ്പിച്ച കാര്യമാണ്. അതിനെത്തുടർന്നാണ് കഴിഞ്ഞ നിയമസഭയിൽ അവിശ്വാസപ്രമേയത്തിന്റെ ഭാഗമായി അഴിമതിയാക്ഷേപം പറഞ്ഞുപറഞ്ഞ്, ഒരു കോടി രൂപയിൽ തുടങ്ങി നാലരക്കോടിയിലെത്തി, ഒൻപത് കോടി രൂപയാണ് അഴിമതി നടത്തിയത് എന്നതുൾപ്പെടെ, ഏകദേശം 18 കോടി രൂപയുടെ ഒരു പദ്ധതിയിൽ അഴിമതി നടന്നുവെന്നുള്ള ആക്ഷേപംവരെ ഇവിടെയുണ്ടായി. ഇതിന്റെ ഭാഗമായി നേരത്തെ ഈ പദ്ധതി തയ്യാറാക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു നിർദ്ദേശമുണ്ടായിരുന്നില്ല. വടക്കാഞ്ചേരി ഭവന സമുച്ചയം മാത്രമല്ല, കേരളത്തിലെ 14 ജില്ലകളിലുള്ള ഭവന സമുച്ചയങ്ങളുടെയും പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കാൻ രണ്ട് കൺസൾട്ടന്റുമാരെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണ് തെരഞ്ഞെടുത്തത്. ഹാബിറ്റാറ്റാണ് വടക്കാഞ്ചേരി പദ്ധതിയുടെ കൺസൾട്ടന്റായി ഉണ്ടായിരുന്നത്. 234 വീടുകളുടെ ഒരു പ്ലാൻ അവർ തയ്യാറാക്കി. വലിയ സംഖ്യ വരുന്നതാണ്. ഏകദേശം 26.50 കോടി രൂപയാണ് അവർ

പറഞ്ഞത്. പിന്നീട് അത്ര പണം ചെലവഴിക്കാനാവില്ല, സർക്കാരിന്റെ കയ്യിൽ ലഭ്യമായ വിഭവമുപയോഗിച്ച് അത് ചെയ്യാനാകില്ലെന്ന് വന്നപ്പോഴാണ് 13.9 കോടി രൂപ ചെലവ് വരുന്ന 86 യൂണിറ്റുകൾക്കുള്ള ഒരു പദ്ധതി കൊണ്ടുവന്നത്. അതിനോടൊപ്പംതന്നെ 203 യൂണിറ്റുകൾക്ക് 27.98 കോടി രൂപ ചെലവുവരുന്ന ഭവന സമുച്ചയത്തിനുള്ള എസ്റ്റിമേറ്റ് അനുബന്ധ പ്രവൃത്തികൾക്കടക്കം കണക്കാക്കി ഒരു ഡി.പി.ആർ. അവർ തയ്യാറാക്കിയിരുന്നു. അതിൽ 86 യൂണിറ്റുകൾക്കുള്ള ഭവന നിർമ്മാണത്തിനുള്ള അനുമതി കൊടുത്തിരുന്നത് ശരിയാണ്. ആ ഘട്ടത്തിലാണ് ഈ സന്നദ്ധ സംഘടന ഭവനരഹിതരായ ആളുകൾക്ക് വീട് വച്ചുകൊടുക്കാനുള്ള പദ്ധതിയുമായി വരുന്നത്. അപ്പോൾ സ്വാഭാവികമായും സർക്കാരിന് മുതൽ മുടക്കില്ലാതെ, ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ, അവർ വീട് നിർമ്മിച്ച് തരുമെന്നുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്. അസ്വാഭാവികമായ മറ്റ് നടപടികൾ ഇതിന്റെ ഭാഗമായി ഉണ്ടായിട്ടില്ല. ഫ്ലാറ്റ് പണിയാൻ 15 കോടി രൂപ അനുവദിച്ചു എന്നുപറയുന്നത് ഈ പശ്ചാത്തലത്തിൽ കാണണം. ഈ പദ്ധതി വടക്കാഞ്ചേരിയിലാണ് നടക്കുന്നത്. 140 ആളുകൾക്ക് വീട് കൊടുക്കുന്നതിനെ ആദ്യഘട്ടത്തിൽ സ്വാഗതം ചെയ്ത എം.എൽ.എ. പിന്നെ എന്തുകാര്യത്തിനാണ് ആ നാട്ടുകാരുടെ ഭവന പദ്ധതിയെ മുടക്കാൻവേണ്ടി ആദ്യാവസാനംവരെ നിന്നതെന്ന് അദ്ദേഹം തന്നെയാണ് പറയേണ്ടത്. സർക്കാരിന്റെ പദ്ധതികളെക്കുറിച്ചൊക്കെ കഴിഞ്ഞ സമ്മേളനം ചേർന്നപ്പോൾ ഒരുപാട് ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. കേന്ദ്ര ഏജൻസികളെയാകെ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ നടത്തുന്ന എല്ലാ പദ്ധതികളിലേയ്ക്കും അന്വേഷണം കൊണ്ടുപോകാൻവേണ്ടിയുള്ള പരിശ്രമമാണ് നടന്നത്. ഇവിടെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചപ്പോൾ ആ അന്വേഷണത്തെ സ്വാഗതം ചെയ്ത ആളാണ് വടക്കാഞ്ചേരി എം.എൽ.എ. അതുകഴിഞ്ഞ് രണ്ടു ദിവസത്തിനുള്ളിൽ അദ്ദേഹം ഒരു പരാതി തയ്യാറാക്കുന്നു. ആ പരാതിയിൽ സംസ്ഥാന ഗവൺമെന്റോ കോടതിയോ ആവശ്യപ്പെടാതെ സി.ബി.ഐ. അതിവേഗത്തിൽ കേസ്സെടുത്തത് ഏത് ബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അദ്ദേഹം വിശദീകരിക്കേണ്ടതാണ്. സി.ബി.ഐ. കേസ്സെടുക്കുന്നതിന് സ്വാഭാവികമായും കോടതിയുടേയോ സംസ്ഥാന ഗവൺമെന്റിന്റേയോ അനുമതി വേണം. അതൊന്നുമില്ലാതെ അതിവേഗത്തിൽ, സർക്കാർ ആവശ്യപ്പെട്ടിട്ടുപോലും ടൈറ്റാനിയം കേസ് ഇതുവരെ ഏറ്റെടുക്കാത്ത സി.ബി.ഐ. രണ്ടുദിവസംകൊണ്ട് ഈ കേസ് ഏറ്റെടുക്കാൻ താൽപ്പര്യം കാണിച്ചു. അഴിമതി ആരെങ്കിലും നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണം വേണ്ട എന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. കുറ്റവാളികളായി ആരെങ്കിലുമുണ്ടെങ്കിൽ അവർ ശിക്ഷിക്കപ്പെടണം. പക്ഷെ ഇവിടെ അതിവേഗത്തിൽ കാണിച്ച ഈ താൽപ്പര്യം കേരളത്തിലെ മറ്റ് പദ്ധതികളുടെ കാര്യത്തിലും വേണം. ഈ കാര്യത്തിൽ ഇപ്പോൾ ഇ.ഡി.യുടെ

അന്വേഷണം നടക്കുകയാണ്. അവർ 254000 കുടുംബങ്ങളുടേയും എല്ലാ രേഖകളുമായി ഇ.ഡി. ഓഫീസിൽ എത്താൻ പറയുകയാണ്. അതിന്റെയൊക്കെ പേരിൽ അഴിമതിയാക്ഷേപം പ്രതിപക്ഷത്തിനുണ്ടോ? ഇത്തരം അന്വേഷണ ഏജൻസികൾ അതാണ് ചെയ്യുന്നത്. ഈ നിയമസഭയ്ക്ക് ഉറപ്പുകൊടുത്തതാണ്, ഇത് സഭയിൽ പ്രഖ്യാപിച്ച പദ്ധതിയാണ്, നിയമസഭയിൽ പ്രഖ്യാപിച്ച ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ, സർക്കാരിന്റെ പദ്ധതിയെപ്പറ്റിയുള്ള നിരന്തരമായ കേന്ദ്ര ഏജൻസികളുടെ അന്വേഷണം ആ പദ്ധതിയെ തകർക്കാൻ വേണ്ടിയുള്ളതാണെന്ന് മനസ്സിലാക്കാൻ അധികം അകലേയ്ക്ക് പോകേണ്ട. പ്രതിപക്ഷം അതിന്റെ കൂടെനിന്ന്, കേന്ദ്ര ഏജൻസികളെ പ്രയോജനപ്പെടുത്തി ഈ പാവപ്പെട്ടവരുടെ ഭവന പദ്ധതി തകർക്കാനാണോ ശ്രമിക്കുന്നതെന്ന് അവർ പറയണം. ഇത്തരമൊരു ഘട്ടത്തിൽ നിയമസഭാ പ്രിവിലേജ് കമ്മിറ്റി, ഇതിനെക്കുറിച്ചുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിയമസഭാ കമ്മിറ്റിയും ഈ കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ട്. ഏതെങ്കിലുമൊരു ഘട്ടത്തിൽ സർക്കാർ മാറിനിന്ന് ഈ അന്വേഷണം വേണ്ട എന്നൊരു സമീപനം സ്വീകരിച്ചിട്ടുണ്ടോ? ആക്ഷേപം വന്നപ്പോൾ സർക്കാർതന്നെ ഈ കാര്യത്തിൽ മുൻകയ്യെടുത്ത് വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഇപ്പോൾ കേന്ദ്ര ഏജൻസികളെക്കുറിച്ചൊക്കെ വളരെ വലിയ ബഹുമാനമാണ്, കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തെക്കുറിച്ച് എത്ര ആവേശപൂർവ്വമാണ് അവർ പറയുന്നത്. സ്വർണ്ണക്കടത്ത് കേസ്സിലെ കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിലെ പ്രതികളൊക്കെ ആരാണ്? അപ്പുറത്തിരിക്കുന്നവരുടെ ആളുകളല്ലേ മിക്കവാറും എല്ലാ പ്രതികളും; ഏതെങ്കിലും ഒരു ഇടതുപക്ഷക്കാരൻ അതിന്റെ ഭാഗമായിട്ടുണ്ടോ? അപ്പുറത്തുള്ള എത്രയാളുകളുടെ ബന്ധുക്കളെക്കുറിച്ചുള്ള ആക്ഷേപം വന്നു. സ്വർണ്ണക്കടത്ത് കേസ്സിലെ ആക്ഷേപങ്ങളിൽ പേരുവന്ന കാര്യങ്ങളൊക്കെ ഇവിടെ ചർച്ച ചെയ്തതാണല്ലോ; ഒരു കേന്ദ്രമന്ത്രി കേരളത്തിൽ നിരന്തരമായി വന്നു, അദ്ദേഹത്തിന്റെകൂടി ബന്ധം മറച്ചുവയ്ക്കാവുന്ന രീതിയിലുള്ള ഇടപെടലുകളെക്കുറിച്ച് കോൺഗ്രസ്സിന് ആക്ഷേപമില്ലല്ലോ; അവരുമായി കൂടിച്ചേർന്നുകൊണ്ട് ആക്ഷേപം ഉന്നയിക്കുകയാണ്. ഇത് ആരുടെ താൽപ്പര്യം സംരക്ഷിക്കാനാണ്? ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷി ക്കാനാണോ; പാവപ്പെട്ട ഭവനരഹിതരായ ആളുകളുടെ താൽപ്പര്യം സംരക്ഷി ക്കാനാണോ? കേരളത്തിൽ നവകേരള സൃഷ്ടിയുടെ ഭാഗമായി വന്നിട്ടുള്ള എല്ലാ പദ്ധതികളിലേയ്ക്കും അന്വേഷണം എത്തിക്കാൻവേണ്ടിയുള്ള പരിശ്രമമാണ് ഇത്തരം പ്രവർത്തനങ്ങൾവഴി നടക്കുന്നത്. ആ അന്വേഷണത്തിനൊപ്പമല്ല കേരളത്തിലെ ജനങ്ങളെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് തെളിയിച്ചല്ലോ. നിങ്ങൾ ഉണ്ടാക്കിയ എല്ലാ പുകമറകൾക്കിടയിലും ശ്രീ. പിണറായി വിജയൻ

സർക്കാർ കേരളത്തെ മുന്നോട്ട് നയിക്കുകയാണെന്നുള്ളതിന്റെ വിധിയെഴുത്തായിരുന്നല്ലോ കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുപ്പ് വിധി എന്താണ്? നിങ്ങൾ ഈ ആക്ഷേപമൊക്കെ ഉന്നയിച്ചല്ലോ; എം.എൽ.എ., പ്രധാന നേതാക്കൾ, എല്ലാ നേതാക്കളും അവിടെ വന്നിരുന്നു. അവരുടെ വരവിനെ ഞാൻ തെറ്റായി കാണുന്നില്ല. അവരെല്ലാം അതിന്റെ ഉറപ്പ് പരിശോധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റും ലൈഫ് മിഷനും അതിന്റെ ഉറപ്പ്/ബലപരിശോധന നടത്താൻ തീരുമാനമെടുത്തു. അത് പ്രത്യേക വിഭാഗത്തെ പ്രയോജനപ്പെടുത്തി ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ജനവിധി എം.എൽ.എ. കാണണം. മാതൃകാപരമായി അദ്ദേഹം അവാർഡ് വാങ്ങിച്ചുവെന്ന് പറഞ്ഞല്ലോ. ആ ഭവന പദ്ധതി നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ്, അല്ലാതെ യു.ഡി.എഫ്.ന്റെ കാലത്തല്ല, യു.ഡി.എഫ്.ന്റെ കാലത്ത് ഒരു ഭവന പദ്ധതിയും ഉണ്ടായിട്ടില്ല. അടാട്ട് പഞ്ചായത്ത് ഇപ്പോൾ ശ്രീ. അനിൽ അക്കരയുടെ കൂടെയില്ല, എൽ.ഡി.എഫ്. ആണ് അത് ഭരിക്കുന്നതെന്ന കാര്യംകൂടി ഇതോടൊപ്പം ചേർത്ത് വായിക്കണം. ഇതാണ് ജനവിധി. നിരവധി തവണ ആക്ഷേപങ്ങൾ ഉന്നയിക്കുക, വ്യക്തിപരമായി അധിക്ഷേപങ്ങൾ ഉന്നയിക്കുക, ഇതൊക്കെ കേരളം കണ്ടതാണ്. ഞാൻ വ്യക്തിപരമായ ഒരു അധിക്ഷേപത്തിനും മറുപടി പറയാൻ പോയിട്ടില്ല. അദ്ദേഹം നിരവധി പ്രാവശ്യം ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അധിക്ഷേപം ഉന്നയിക്കാൻ ശ്രമിച്ചു. ആ വ്യക്തിപരമായ അധിക്ഷേപങ്ങളെയൊക്കെ വടക്കാഞ്ചേരിയിലെ ജനങ്ങൾ വിധിയെഴുതിയിട്ടുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കണക്ക് ഞാൻ പറയാം. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ കണക്കെടുത്ത് നോക്കിയാലും ജില്ലാ പഞ്ചായത്തിന്റെ കണക്കെടുത്താലും ആറായിരത്തിലധികം വോട്ടിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായ വിധിയെഴുത്താണ് അവിടെ ഉണ്ടായിട്ടുള്ളത്.....(ബഹളം).... അത്തരം കാര്യങ്ങളൊക്കെ ജനങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നതെന്ന് നമുക്കറിയാം. ബഹളമുണ്ടാക്കിയതുകൊണ്ട് കാര്യമുണ്ടോ; നിങ്ങളുടെ കാലത്ത് ഇങ്ങനെയൊരു ഭവനപദ്ധതി ഉണ്ടായിരുന്നില്ലല്ലോ; ഇപ്പോൾ ഇത്രയും വീടുകൾ പൂർത്തീകരിച്ചു. നാലു ലക്ഷം രൂപ വീതം കൊടുത്ത് 8838 കോടി രൂപ ഭവന നിർമ്മാണ പദ്ധതിക്ക് ചെലവഴിച്ച ഇന്ത്യയിലെ ഒരേയൊരു ഗവൺമെന്റാണിത്. നിങ്ങൾ ഈ പാവപ്പെട്ടവരോട് വീട് വേണ്ടാ എന്നുപറയൂ. വടക്കാഞ്ചേരിയിലെ ഒരു പദ്ധതിക്കുപകരം ലൈഫ് ഭവന പദ്ധതിയെ ആകെത്തന്നെ തകർക്കാനുള്ള നീക്കത്തിന്റെ ഒപ്പമാണ് യു.ഡി.എഫ്. എന്നുപറയണം. ഈ പദ്ധതിയിൽ ഞങ്ങൾ പറഞ്ഞു, ഇതിൽ കോടതി പറഞ്ഞ ഗവൺമെന്റിനെക്കുറിച്ചുള്ള വാദം, അതിനോട് എന്താണ് അംഗങ്ങൾക്ക് വിയോജിപ്പ്. കോടതി രാഷ്ട്രീയ നേതൃത്വത്തെക്കുറിച്ച്

പറഞ്ഞല്ലോ; നിങ്ങൾ ഈ പദ്ധതിയിൽ ആരെയാണ് ലക്ഷ്യം വച്ചിരുന്നത്? നിങ്ങൾ ലക്ഷ്യം വച്ചത് ഞങ്ങൾക്ക് അറിയാത്തതല്ലല്ലോ; കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി, അഞ്ചുവർഷക്കാലം പ്രകടനപത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം നടപ്പാക്കാൻവേണ്ടി നേതൃത്വം കൊടുത്ത കേരളത്തിന്റെ മുഖ്യമന്ത്രിയെ നിങ്ങൾ ഭയപ്പെടുന്നതുകൊണ്ടാണ് കരിനിഴൽ പരത്തി ആക്ഷേപം ഉന്നയിച്ച് അദ്ദേഹത്തെ വേട്ടയാടാൻവേണ്ടി ശ്രമിച്ചത്. അതിന് കോടതി കൃത്യമായ മറുപടി പറഞ്ഞല്ലോ; എഫ്.സി.ആർ.എ.യുടെ ലംഘനം അന്വേഷിച്ചാൽ വേറെയും ഉദാഹരണങ്ങളുണ്ടല്ലോ; ഞങ്ങൾ അന്വേഷിക്കുകയില്ലെന്നല്ല പറയുന്നത്, അത്തരം കാര്യങ്ങളും ഉണ്ടായിട്ടുണ്ട്. നേരിട്ട് ഒരു പൈസ സംസ്ഥാന സർക്കാർ വാങ്ങിയിട്ടില്ല. ലൈഫ് മിഷന് അതിൽ ഒരു പങ്കും ഇല്ലെന്നുള്ള കാര്യം വ്യക്തമാക്കിയതല്ലേ. അത് കോടതി പരിശോധിക്കുന്നുണ്ട്. പരിശോധിക്കട്ടെ, ഞങ്ങൾക്ക് അതിലുള്ള നിയമോപദേശമനുസരിച്ച് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുമെന്നാണ് ഞങ്ങൾ പറഞ്ഞത്. അതിനപ്പുറത്തേയ്ക്കുള്ള കാര്യങ്ങളല്ല ഇവിടെ സൂചിപ്പിച്ചത്. വടക്കാഞ്ചേരി ലൈഫ് മിഷനുമായി ബന്ധപ്പെട്ടുള്ളത് അടിസ്ഥാനരഹിതമായ കാര്യങ്ങളാണ്. വടക്കാഞ്ചേരി ലൈഫ് മിഷനുമായി ബന്ധപ്പെട്ടുള്ള ഈ പ്രശ്നം ലൈഫ് പദ്ധതിയാകെ തകർക്കാവുന്ന രീതിയിലേയ്ക്ക് കൊണ്ടുപോകാനാണ് വീണ്ടും പ്രതിപക്ഷം ശ്രമിക്കുന്നത്. ആ പരിശ്രമത്തിന് കേരളത്തിലെ ജനങ്ങൾ കൂട്ടുനിൽക്കുകയില്ല. ലൈഫ് പദ്ധതിയുമായി, ഇനിയുള്ള ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി, ഭവനരഹിതരായ മുഴുവൻ ആളുകൾക്കും ഭവനം നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതിയുമായി ഇച്ഛാ ശക്തിയോടുകൂടിതന്നെ സർക്കാർ മുന്നോട്ടുപോകും. പുതിയ അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സമയത്തെ ഗുണഭോക്താക്കളുടെ ലിസ്റ്റ് എടുത്തപ്പോൾ പലരും അതിൽ ഉൾപ്പെടാൻ കഴിയാതെപോയ ആളുകളാണ്. അവരെയൊക്കെ ഉൾപ്പെടുത്തുന്നതിനുള്ള ആവശ്യം നിരവധി പ്രദേശത്തുനിന്നും വന്നു. പ്രതിപക്ഷത്തുനിന്നും വന്നു. അവരെ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ആ അപേക്ഷകളിൽ പരിശോധന നടത്തി അവശേഷിക്കുന്ന ആളുകൾക്കുകൂടി ഭവനം നൽകുന്ന, ഭവനരഹിതരില്ലാത്തൊരു കേരളം എന്നതിലേയ്ക്ക് നമ്മൾ നടന്നടുക്കുകയാണ്. അതിനുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ ഈ ഗവൺമെന്റിനെങ്ങാനും ജനങ്ങളുടെ അനുകൂലമായ തീരുമാനമുണ്ടാകുമോയെന്ന് തോന്നുമ്പോൾ ഇല്ലാത്ത കഥകളുടെ പേരിൽ, ഊതിപ്പെരുപ്പിച്ച കഥകളുടെ പേരിലൊക്കെ പരസ്പരം ബന്ധിപ്പിച്ച് ബി.ജെ.പി.-യുടേയും കേന്ദ്ര ഗവൺമെന്റിന്റേയും ചട്ടുകങ്ങളായി, കേരളത്തിലെ പ്രതിപക്ഷം മാറരുത്. നിങ്ങളുടെ നേതാക്കൾക്കും നിങ്ങളുടെ ഗവൺമെന്റുകൾക്കും പലയിടത്തും ഗവൺമെന്റിനെത്തന്നെ അട്ടിമറിക്കാൻ ഈ അന്വേഷണ ഏജൻസികളെയാണല്ലോ പ്രയോജനപ്പെടുത്തിയത്. അതൊക്കെ ഓർമ്മയിലുണ്ടാകണം. ഈ വേട്ടയാടലിന്റെ

കൂടെയാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ താൽപ്പര്യംകൊണ്ട് നിങ്ങൾ ചേരുന്നതെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അത് എതിരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ അവസാനിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു അടിയന്തര സാഹ ചര്യവുമില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാ നത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇവിടെ ശ്രീ. അനിൽ അക്കര എം.എൽ.എ. ഉന്നയിച്ച ഒരു ആരോപണത്തിനും ബഹുമാന്യനായ മന്ത്രി എ. സി. മൊയ്തീൻ മറുപടി പറഞ്ഞിട്ടില്ല. അദ്ദേഹം ഒരു മൈതാന പ്രസംഗമാണ് നടത്തിയത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 126 നിയോജക മണ്ഡലങ്ങളിൽ യു.ഡി.എഫ്. ജയിച്ച കാര്യം എന്തുകൊണ്ടാണ് ശ്രീ. എ. സി. മൊയ്തീൻ ഓർക്കാതെപോയത്? ഓരോ തെരഞ്ഞെടുപ്പിനും ഓരോ പ്രത്യേകതകളുണ്ടാകും. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നേരിയ വിജയമുണ്ടായതുകൊണ്ട് പിണറായി വിജയൻ സർക്കാരിന്റെ കൊള്ളയും അഴിമതിയും ഇല്ലാതായി എന്നുള്ള തെറ്റിദ്ധാരണ നിങ്ങൾക്ക് വേണ്ട. സംസ്ഥാനത്ത് നടന്ന അഴിമതികളെല്ലാം ഇതോടുകൂടി ഒഴുകിപ്പോയി എന്നുള്ള തെറ്റിദ്ധാരണ മിസ്റ്റർ എ. സി. മൊയ്തീന് വേണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതെല്ലാം ജനങ്ങളുടെ മുമ്പിലുള്ള കാര്യമാണ്. ഈ സംസ്ഥാനത്ത് പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വമ്പിച്ച വിജയം നേടിയപ്പോൾ ഞങ്ങളാരും അഹങ്കരിച്ചിട്ടില്ല. നിങ്ങൾ ഇന്ന് അഹങ്കരിക്കുകയാണ്. ഈ അഹങ്കാരത്തിന് കേരളത്തിലെ ജനങ്ങൾ മറുപടി നൽകും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാചകമുൾപ്പെടെ എടുത്തുപരിശോധിച്ചാൽ നിങ്ങൾ അഹങ്കാരംകൊണ്ട് ആഹ്ലാദിക്കുകയാണ്, ഈ അഹങ്കാരം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും.

ഇവിടെ ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞത് എന്താണ്? സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെല്ലാം യു.ഡി.എഫ്.കാരാണെന്ന് പറഞ്ഞു. ശ്രീ. എം. ശിവശങ്കർ ജോലി ചെയ്തത് പ്രതിപക്ഷനേതാവിന്റെ ഓഫീസിലാണോ; അദ്ദേഹം ജോലി ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി, നാവായി, അദ്ദേഹത്തിന്റെ വലതുകയ്യായല്ലേ പ്രവർത്തിച്ചത്? സ്വപ്ന സുരേഷ് ജോലി ചെയ്തത് എവിടെയായിരുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ഭരിക്കുന്ന വകുപ്പിന്റെ കീഴിലായിരുന്നു. മയക്കുമരുന്ന് കേസിൽപ്പെട്ട് ഇപ്പോഴും ജയിലിൽ കിടക്കുന്ന ആളുകൾ ആരോടൊപ്പമായിരുന്നു? ഞങ്ങളെക്കൊണ്ട് അതൊന്നും പറയിക്കരുത്. ഒരു യു.ഡി.എഫ്.കാരന്റെ പേരിലും സ്വർണ്ണക്കള്ളക്കടത്ത് കേസുമായി ബന്ധപ്പെട്ട് ഒരു ആരോപണവുമുണ്ടായിട്ടില്ല, അങ്ങനെയുണ്ടെന്ന് തെളിയിക്കാമോയെന്ന് ഞാൻ വെല്ലുവിളിക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ വളരെയധികം സൂക്ഷ്മതയോടെ മറുപടി പറയേണ്ടതായിരുന്നു. ഒരു യു.ഡി.എഫ്.-കാരന്റെ പേരിലും ഒരു ആരോപണവുമുണ്ടായിട്ടില്ല. നിങ്ങളുടെ പറച്ചിൽ കേട്ടാൽ കേരളത്തിൽ ആദ്യമായിട്ടാണ് ഒരു ഗവൺമെന്റ് പാവങ്ങൾക്ക് വീട് വച്ചുകൊടുക്കുന്നതെന്ന് തോന്നും എം. എൻ. ഗോവിന്ദൻ നായർ കൊണ്ടുവന്ന 'ലക്ഷം വീട് ' പദ്ധതിയെ എതിർത്തവരാണ് നിങ്ങൾ. എം.എൻ.ഗോവിന്ദൻ നായരെ പുലഭ്യം പറഞ്ഞവരാണ് നിങ്ങൾ. കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 443449 വീടുകൾ വച്ചുകൊടുത്തു. എന്നിട്ടാണ് ഒരു ലക്ഷം വീടുകൾ വച്ചുകൊടുത്തതിനെ പുകഴ്ത്തി ഇവിടെ ഇത്ര വലിയ മേളം നടത്തുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് ലക്ഷത്തിലധികം വീടുകൾ വച്ചുകൊടുത്ത കാര്യം വിസ്മരിക്കാൻ കഴിയുമോ? ഞങ്ങൾ ആനയും അമ്പാരിയുമായി ഇതൊക്കെ വലിയ ആഘോഷപൂർവ്വം രാജ്യത്തൊട്ടാകെ പറഞ്ഞു നടന്നില്ലെന്നത് ശരിയാണ്. ഇവിടെ പാവങ്ങളെ മുൻ നിർത്തി ഓരോ പദ്ധതികളുടെ പേരിൽ നടക്കുന്ന കൊള്ളകൾ പുറത്തുവരികയാണ്. ഞങ്ങളാരും ലൈഫ് പദ്ധതിക്ക് എതിരല്ല, ഞങ്ങൾ എതിർക്കേണ്ട കാര്യമെന്താണ്; ഇതിലുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ മാത്രം പണമാണോ? കേന്ദ്ര ഗവൺമെന്റിന്റെ പണം, പഞ്ചായത്തുകളുടെ പണം, സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന പണം തുടങ്ങിയവയെല്ലാം ചേർത്തുള്ള പദ്ധതിയെ ഞങ്ങൾ എതിർക്കേണ്ട കാര്യമെന്താണ്? പക്ഷേ ഇതിന്റെ മറവിൽ അഴിമതിയുണ്ടായാൽ അത് ചൂണ്ടിക്കാണിക്കണ്ടേ? 20 കോടി രൂപയുടെ പദ്ധതിക്ക് 9.5 കോടി രൂപ കമ്മീഷൻ കൈപ്പറ്റുന്നു. സ്വപ്ന സുരേഷ് ഉൾപ്പെടെയുള്ള ആളുകൾ എം. ശിവശങ്കറിന്റെ നിർദ്ദേശപ്രകാരം 9.5 കോടി രൂപയുടെ കമ്മീഷൻ പറ്റിയാൽ ശ്രീ. എ. സി. മൊയ്തീൻ, അതിനെപ്പറ്റി അന്വേഷിക്കണ്ടേ; ചോദിക്കണ്ടേ? ആ കാര്യം ചോദിക്കുമ്പോൾ നിങ്ങൾ പറയുന്നത് ലൈഫ് പദ്ധതിയെ അട്ടിമറിക്കുകയാണെന്നാണ്. ഇതെന്തൊരു നടപടിയാണ്? ഈ കൊള്ള ശരിയായി അന്വേഷിച്ചാൽ സർക്കാരിന്റെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്ന പലരുടെയും കൈകളിൽ വിലങ്ങ് വീഴുമെന്ന ഭയമാണ് നിങ്ങൾക്കുള്ളത്. നിങ്ങൾ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചത് സി.ബി.ഐ. അന്വേഷണത്തെ തടയാനല്ലേ? ശ്രീ. അനിൽ അക്കര, എം.എൽ.എ. വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുവെന്നത് ശരിയാണ്. അന്ന് നിങ്ങൾ അന്വേഷണം പ്രഖ്യാപിച്ചില്ലല്ലോ? സി.ബി.ഐ അന്വേഷണം വരുമെന്ന് കേട്ടപ്പോൾ രായ്ക്കുരാമാനം വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചു. സി.ബി.ഐ അന്വേഷണം വരുമെന്ന്

പറഞ്ഞപ്പോഴാണ് മനംമാറ്റമുണ്ടായത്. പിന്നെ വാലിൽ തീ പിടിച്ചതുപോലെ ഓട്ടമായിരുന്നില്ലേ? രാത്രിയിലാണ് സെക്രട്ടേറിയറ്റിൽ കയറി വിജിലൻസ് ഫയൽ മുഴുവൻ കൊണ്ടുപോയത്, കാരണം സി.ബി.ഐ കൊണ്ടുപോകുന്നതിനുമുമ്പ് ഫയൽ മുഴുവൻ കൊണ്ടുപോകണമായിരുന്നു. ഫയലുകൾ സി.ബി.ഐ.യുടെ കൈകളിൽ എത്തിയാൽ തങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെപ്പറ്റി മറ്റാരേക്കാളും കൂടുതൽ മുഖ്യമന്ത്രിക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് സി.ബി.ഐ. അന്വേഷണം വരുന്നുവെന്ന് കേട്ടപ്പോൾത്തന്നെ മുഖ്യമന്ത്രി വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചത്. രാത്രിയിൽത്തന്നെ ഈ ഫയലുകൾ സെക്രട്ടേറിയറ്റിൽനിന്നും വിജിലൻസ് കടത്തി. എന്നിട്ടും സി.ബി.ഐ. വന്നു. അപ്പോഴെന്താണ് ചെയ്തത്? സി.ബി.ഐ.യെ ഓടിക്കാനുള്ള നീക്കമായി. ഇവിടെ ശ്രീ. എ.സി. മൊയ്തീൻ പറഞ്ഞല്ലോ, ഇന്നലെയും ഒരു കേസ് സി.ബി.ഐ.ക്ക് വിട്ടില്ലേ; പല കേസുകളും ഗവൺമെന്റിന് സി.ബി.ഐ.ക്ക് വിടേണ്ടിവരും. ഈ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന അന്തിമവിധി ബഹുമാനപ്പെട്ട കോടതി ഇപ്പോൾ നൽകിയിരിക്കുന്നു. ഈ കേസ് സി.ബി.ഐ. അന്വേഷിക്കണം, ഈ വിഷയത്തിൽ എഫ്.സി.ആർ.എ. ലംഘനമുണ്ട്, ഉന്നതതലത്തിൽ ഗൂഢാലോചന നടത്തിയിട്ടുണ്ട്, കമ്മീഷൻ തട്ടുന്നവർ വളരെ ബുദ്ധിപൂർവ്വമായാണ് പദ്ധതി തയ്യാറാക്കിയത്. ഇതുസംബന്ധിച്ച ഇന്നത്തെ വാർത്ത എന്താണ്, (പത്ര കട്ടിംഗ് വായിച്ചു) 'ഉന്നത കേന്ദ്രങ്ങൾ നടത്തിയ ബുദ്ധിപരമായ തട്ടിപ്പ്'. മിസ്റ്റർ എ.സി. മൊയ്തീൻ, ഈ തട്ടിപ്പ് അന്വേഷിക്കണ്ടേ; കേരളത്തിന് ഇത് അറിയേണ്ട ആവശ്യമില്ലേ? കമ്മീഷൻ തട്ടുന്നതിനായി വളരെ ബുദ്ധിപൂർവ്വമായ പദ്ധതിയാണ് തയ്യാറാക്കിയത്. വിദേശ ഫണ്ട് ഉൾപ്പെട്ടതിനാൽ ഇതിന് അന്താരാഷ്ട്ര മാനങ്ങളുണ്ട്. അതിനാൽ കോടതി പറഞ്ഞത് ഇത് സി.ബി.ഐ. അന്വേഷിക്കണമെന്നാണ്. ഈ നിലപാട് കോടതിയെടുത്തതിന് നിങ്ങളെ പുകഴ്ത്തുകയാണെന്നാണോ പറയുന്നത്? സംസ്ഥാന ഗവൺമെന്റിനേറ്റ കനത്ത പ്രഹരമാണ് ഹൈക്കോടതിയുടെ ഇന്നലത്തെ വിധി. ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞത് വിധി സർക്കാരിന് എതിരല്ലായെന്ന് ചിലർ വ്യാഖ്യാനിക്കുന്ന കാര്യമാണ്, ഉദ്യോഗസ്ഥർ നടത്തിയ അഴിമതിക്ക് മുഖ്യമന്ത്രിയോ മന്ത്രിമാരോ ഉത്തരവാദികളാകില്ലെന്ന നിരീക്ഷണം വായിച്ചാണ് സന്തോഷിക്കുന്നത്. ഒരു അന്വേഷണം നടക്കുമ്പോൾ അത് കഴിയാതെ പ്രതി ആരാണെന്ന് കണ്ടെത്താൻ കഴിയുമോ? അന്വേഷണം നടക്കുമ്പോഴല്ലേ ആരാണ് ഉത്തരവാദിയെന്ന് അറിയാൻ കഴിയുന്നത്. അതിനുമുമ്പ് നിരീക്ഷണം നടത്താൻ കഴിയുമോ? ഇവിടെ ഈ കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം നടത്തിയാൽ മാത്രമേ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിയുകയുള്ളൂ. അന്വേഷണം തുടങ്ങുന്നതിന് മുമ്പുതന്നെ ഞങ്ങൾ രക്ഷപ്പെട്ടു എന്നുകരുതി ആ വാചകം അടർത്തിയെടുത്താണ് ശ്രീ. എ. സി. മൊയ്തീൻ ആശ്വാസം കൊള്ളുന്നത്.

ബഹുമാനപ്പെട്ട ഹൈക്കോടതി ഇന്നലത്തെ വിധിയുടെ 14-ാം പാരഗ്രാഫിൽ എന്താണ് പറയുന്നത്? '....This would show it is a foreign contribution given to the State Government for the purpose of dwelling units and the health centre to the victims of recent Kerala flood.' പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കൊടുക്കാനുള്ളതാണ്. അതിനുവേണ്ടിയാണ് വിദേശ സംഭാവന സംസ്ഥാന ഗവൺമെന്റിന് നൽകിയത്. സംസ്ഥാന ഗവൺമെന്റിന് ഒരു വിദേശ ഏജൻസി നൽകിയ ഈ പണത്തിൽ നടന്ന വമ്പിച്ച കൊള്ള സി.ബി.ഐ. അന്വേഷിക്കണമെന്നാണ് ഇന്നലെ കോടതി പറഞ്ഞത്. സംസ്ഥാന സർക്കാരിന് നൽകിയ സംഭാവനയെപ്പറ്റി ഇങ്ങനെയൊരു ആക്ഷേപമുണ്ടായാൽ അന്വേഷിക്കേണ്ട എന്നുപറയുന്നതിൽ എന്ത് ന്യായമാണ്. മുഖ്യമന്ത്രി നേരത്തേ പറഞ്ഞ എല്ലാ ന്യായീകരണങ്ങളെയും ഇന്നലത്തെ കോടതി വിധി തള്ളിക്കളഞ്ഞിരിക്കുകയാണ്. വടക്കാഞ്ചേരി പദ്ധതിയുമായി സർക്കാരിന് ബന്ധമില്ലെന്ന് മുഖ്യമന്ത്രി നേരത്തെ പറഞ്ഞു. റെഡ് ക്രെസന്റാണ് പണം മുടക്കിയത്; അവരാണ് ഫ്ലാറ്റ് പണിതത്; സർക്കാരിന് ഉത്തരവാദിത്തമില്ല, ഭൂമി നൽകുക മാത്രമേ ചെയ്തുള്ളു. സർക്കാരിന്റെ ഉത്തരവാദിത്തം അതോടുകൂടി കഴിഞ്ഞുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കോടതി വ്യക്തമായി പറഞ്ഞിരിക്കുന്നത് സംസ്ഥാന സർക്കാരിന് നൽകിയ വിദേശ സഹായം, തുടർന്ന് വിധിയുടെ ഓരോ വാചകത്തിലും തട്ടിപ്പ് തടയാൻ സർക്കാരിന് കഴിഞ്ഞില്ല എന്ന് കോടതി വിവരിക്കുന്നു. ആ കാര്യത്തിൽ സംസ്ഥാന സർക്കാരിനെ കോടതി പ്രതിക്കൂട്ടിൽ നിർത്തുന്നു. മുഖ്യമന്ത്രി നേരത്തെ പറഞ്ഞിരുന്നത് ഇതിൽ എഫ്.സി.ആർ.എ. ലംഘനമുണ്ടായിട്ടില്ല, അതുകൊണ്ട് കേന്ദ്രത്തിന്റെ മുൻകൂർ അനുമതി വേണ്ടെന്നാണ്. അതിനെയും കോടതി തള്ളിക്കളഞ്ഞിരിക്കുന്നു. എഫ്.സി.ആർ.എ.യുടെ സെക്ഷൻ 2(1)(J)-യുടെ പരിധിയിൽവരുമെന്ന് കോടതി കണ്ടെത്തിയിരിക്കുന്നു. കോടതി വിധിയിൽ വളരെ വ്യക്തമായിത്തന്നെ പറഞ്ഞിരിക്കുകയാണ്. ഞാൻ മുഴുവൻ വായിക്കുന്നില്ല. എഫ്.സി.ആർ.എ. പരിധിയിൽ ഇത് വരുമെന്നുള്ള കോടതി വിധിന്യായം വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. Donation, delivery or transfer made by any such foreign source either by way of any currency whether Indian or foreign or article or any security, donation would come under purview of expression 'foreign contribution' എന്നാണ്. മുഖ്യമന്ത്രി പറഞ്ഞ വാദങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടാണ് കോടതി ഇന്നലെ സൂചിപ്പിച്ചിരിക്കുന്നത്. വടക്കാഞ്ചേരി ലൈഫ് പദ്ധതിയിൽ അഴിമതി നടത്താനായി സി.&എ.ജി.യുടെ ആഡിറ്റ് ഒഴിവാക്കിയതെങ്ങനെയെന്ന് വിധിന്യായത്തിൽ ചോദിക്കുന്നുണ്ട്. അത് പ്രസക്തമായ ചോദ്യമല്ലേ? സി.&എ.ജി.-യുടെ ഓഡിറ്റ് എങ്ങനെ ഒഴിവാക്കി. സംസ്ഥാന

സർക്കാർ സി.&എ.ജി.യെ എതിർക്കുന്നതും പുലഭ്യം പറയുന്നതും എന്തിനാണെന്ന് ഇതിൽനിന്നും വ്യക്തമല്ലേ. വിദേശ ഫണ്ടിൽ തിരിമറി നടത്തുന്നതിന് സി.&എ.ജി.-യുടെ ഓഡിറ്റ് ഒഴിവാക്കുന്നതിനുള്ള സമൃദ്ധമായ ഗൂഢാലോചനയും ആസൂത്രണവും നടന്നുവെന്ന് കോടതിയുടെ ഉത്തരവിൽ പറയുന്നു. എം.ഒ.യു. ഒപ്പിടുന്ന സമയത്തു തന്നെ കള്ളത്തരം നടന്നിരുന്നു. വിധിന്യായം പാര 16; എം.ഒ.യു. ഒപ്പിട്ടത് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ്. പാവങ്ങളുടെ പേരുപറഞ്ഞ് കൊടിയ അഴിമതിയാണ് ലൈഫ് പദ്ധതിയുടെ മറവിൽ നടന്നതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയിൽ വ്യക്തമായി പറയുന്നു. ഇതിന്റെ മുഖ്യസൂത്രധാരൻ ആരായിരുന്നു? കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കറായിരുന്നു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കാർമ്മികത്വത്തിൽ നടന്ന ഈ നടപടി മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറഞ്ഞാൽ ആർക്ക് വിശ്വസിക്കാൻ കഴിയും? സി.ബി.ഐ. അന്വേഷണത്തെ തടയാൻ കോടതിയിൽ പോകുകയും വിജിലൻസിനെ ഉപയോഗിച്ചുകൊണ്ട് കേസ് അന്വേഷണത്തെ തടയാൻ ശ്രമിക്കുകയും ചെയ്തുവെന്ന് മാത്രമല്ല, പരിപാവനമായ നിയമസഭാ വേദിയെപ്പോലും ഈ അന്വേഷണത്തെ അട്ടിമറിക്കാൻവേണ്ടി ദുരുപയോഗം ചെയ്തു കാഴ്ചയും നമ്മൾ കണ്ടതല്ലേ; ലൈഫ് പദ്ധതിയെ സംബന്ധിച്ച ഫയലുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദിച്ചത് നിയമസഭയോടുള്ള അവഹേളനമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടന്നില്ലേ; ഇത് അഴിമതി അന്വേഷിക്കരുതെന്ന് പറയുന്നതിന് തുല്യമല്ലേ; അതെങ്ങനെ നിയമസഭയോടുള്ള അവഹേളനമാകും; ഞങ്ങൾ എന്ത് അഴിമതിയും കാണിക്കും, ആരും അത് അന്വേഷിക്കരുതെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വിദേശ സഹായം സ്വീകരിക്കുന്നതിന് ഞങ്ങൾക്ക് കേന്ദ്രത്തിന്റെ അല്ല ആരുടെയും അനുമതി ആവശ്യമില്ല, ഭരണഘടന ബാധകമല്ല, എഫ്.സി.ആർ.എ. ബാധകമല്ല എന്ന നിലപാടാണ് ഇന്നലെ ഹൈക്കോടതി പൊളിച്ചിരിക്കുന്നത്. ലൈഫ് മിഷനിലെ അഴിമതിയെക്കുറിച്ച് പ്രതിപക്ഷം ഉന്നയിച്ച സന്ദർഭത്തിലെല്ലാം രൂക്ഷമായ അക്രമങ്ങളാണ് ഞങ്ങൾക്ക് നേരെയുണ്ടായത്. ഏതായാലും ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. പ്രതിപക്ഷം പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണെന്ന് സമർത്ഥിക്കാൻ ഇന്നലത്തെ ഹൈക്കോടതി വിധിന്യായം വായിച്ചാൽ മാത്രം മതി. വടക്കാഞ്ചേരി പദ്ധതിയിൽ അഴിമതിയില്ലെന്ന് പറഞ്ഞിട്ട് സംസ്ഥാന സർക്കാരിന്റെ വിജിലൻസ് അന്വേഷിച്ചപ്പോൾ എന്താണ് കണ്ടെത്തിയത്? അഴിമതിയുണ്ടെന്നല്ലേ; ശ്രീ. എം. ശിവശങ്കറെ വിജിലൻസ് അഞ്ചാം പ്രതിയാക്കിയില്ലേ; അപ്പോൾ ഞങ്ങൾ ഉന്നയിച്ച കാര്യം വിജിലൻസും ബഹുമാനപ്പെട്ട ഹൈക്കോടതിയും ശരിവച്ചു. എന്നിട്ടും ബഹുമാന്യനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഒരു അഴിമതിയും നടന്നിട്ടില്ലെന്ന് പറയുന്നു. ഈ

പദ്ധതിയുടെ എം.ഒ.യു. ഒപ്പിട്ടപ്പോൾ മുഖ്യമന്ത്രിയുണ്ടായിരുന്നു. യു.എ.ഇ.യിലെ ചർച്ചയിൽ മുഖ്യമന്ത്രിയുണ്ടായിരുന്നു. അപ്പോൾ പണം വീതം വച്ചതുമാത്രം ആർക്കും അറിയില്ല എന്നുപറയുന്നതിൽ എന്ത് യുക്തിയാണുള്ളത്; നാലരക്കോടി രൂപ കമ്മീഷൻ തട്ടിയിട്ടുണ്ടെന്ന് ഒരു ചാനൽ ചർച്ചയിൽ ധനകാര്യ വകുപ്പുമന്ത്രിയാണ് പറഞ്ഞത്. അദ്ദേഹത്തിന് നേരിട്ടറിയാമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ അപ്പോൾ കേസെടുത്ത് അന്വേഷിക്കേണ്ടതല്ലേ? പാവങ്ങൾക്ക് വീടുവച്ച് കൊടുക്കാനുള്ള ലൈഫ് പദ്ധതിയുടെ മറവിൽ ഇത്രയും ഗുരുതരമായ തട്ടിപ്പ് നടക്കുമ്പോൾ, ഞങ്ങൾ അത് പറയുമ്പോൾ ലൈഫിന് എതിരാണെന്നുള്ള തെറ്റിദ്ധാരണ പരത്താനുള്ള ശ്രമമാണ് നിങ്ങൾ നടത്തിയത്. ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വസ്തുതകൾ തിരിച്ചറിയാൻ കഴിയും. ഇവിടെ ഒരു അഴിമതിയും അന്വേഷിക്കാൻ പാടില്ലെന്നാണ് ഗവൺമെന്റിന്റെ നയം. പമ്പാ മണൽക്കടത്തുമായി ബന്ധപ്പെട്ട് ഞാനൊരു ആരോപണം ഉന്നയിച്ചു. അത് തിരുവനന്തപുരം വിജിലൻസ് കോടതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങി. അപ്പോൾ ഇവിടെ ഒരു അഴിമതിയും അന്വേഷിക്കാൻ പാടില്ല; ഞങ്ങൾ സൗകര്യംപോലെ ചെയ്യും, ചോദിക്കാനാര് എന്ന ധിക്കാരപരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റിന്റെ അഴിമതികൾക്കെതിരായുള്ള പോരാട്ടം ഞങ്ങൾ തുടരുകതന്നെ ചെയ്യും. ആ കാര്യത്തിൽ തർക്കമൊന്നും വേണ്ട. ഈ സർക്കാരിന്റെ അഴിമതിയും കൊള്ളയും പുറത്തുകൊണ്ടുവരാൻ വേണ്ടിയുള്ള പോരാട്ടങ്ങളുമായിത്തന്നെ ഞങ്ങൾ മുന്നോട്ടുപോകും. ശ്രീ. അനിൽ അക്കരയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ജനങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പൊതു പ്രവർത്തകനാണ് ശ്രീ. അനിൽ അക്കര. അദ്ദേഹം പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ നടപ്പാക്കിയ പദ്ധതികൾ കേരളത്തിന് മാതൃകയായിട്ടുള്ളവയാണെന്നതിൽ ഒരു സംശയവും വേണ്ട. അതുകൊണ്ടുതന്നെ ഈ ആരോപണങ്ങൾ, അത് വസ്തുതാപരമാണെന്ന് ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതി തെളിയിച്ചിരിക്കുന്നു. സ്വർണ്ണക്കള്ളക്കടത്തിലൂടെ, ഡോളർ കടത്തിലൂടെ ഈ സംസ്ഥാനത്തെ മുഴുവൻ പറ്റിച്ച അധോലോക സംഘങ്ങളെ നേരിടാൻ അതിശക്തമായി പ്രതിപക്ഷം മുന്നോട്ടുപോകും. അതിന് മറപിടിക്കുന്ന ഗവൺമെന്റ് നടപടികൾക്കെതിരെ ജനങ്ങൾ അണിനിരക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ലൈഫ് പദ്ധതി തകർക്കുന്നതിനുവേണ്ടി പ്രതിപക്ഷം നടത്തുന്ന പ്രചരണമാണെന്നാണ് ഇവിടെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പറയുന്നത്. ഭവനനിർമ്മാണ പദ്ധതിയിൽ വീടില്ലാത്തവർക്ക് വീട് കിട്ടുന്നതിനും ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും കിട്ടുന്നതിനൊന്നും ഒരിക്കലും എതിരുനിന്നവരല്ല ഞങ്ങൾ. അത്തരത്തിൽ കഴിഞ്ഞ കാലങ്ങളിൽ ഭവനങ്ങൾ വച്ചുകൊടുത്തവരാണ്. അങ്ങ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയാണല്ലോ; ആ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിവന്നിട്ടുള്ളതാണ് ഭവനനിർമ്മാണ പദ്ധതികൾ. അധികാര വികേന്ദ്രീകരണത്തെപ്പറ്റി പറയുന്ന അങ്ങ് എന്തിനാണ് അവരുടെ കയ്യിലുള്ള ഭവന പദ്ധതികളെല്ലാംകൂടി എടുത്ത് ലൈഫ് പദ്ധതിയായി വീണ്ടും കേന്ദ്രീകരിച്ച് പലർക്കും കമ്മീഷൻ പറ്റുന്നതിനുള്ള അവസരമുണ്ടാക്കിക്കൊടുത്തത് എന്ന ചോദ്യമാണ് ഇവിടെയുള്ളത്. ഇവിടെ കമ്മീഷനെക്കുറിച്ച് ആദ്യം സംസാരിച്ചത് ശ്രീ. അനിൽ അക്കര അല്ലല്ലോ; ഒരു ദിവസം പാർട്ടി ചാനൽ തുറന്നപ്പോൾ അതിലെ അവതാരകൻ പറയുന്നത് നിങ്ങൾ ഞെട്ടിക്കുന്ന വാർത്ത കേൾക്കാൻ പോകുകയാണെന്നാണ്. ഞങ്ങളെല്ലാം കാതുകൂർപ്പിച്ചിരുന്നപ്പോൾ കേട്ട ഞെട്ടിക്കുന്ന വാർത്തയെന്തെന്നാൽ, ലൈഫ് പദ്ധതിയിൽ കഫേ കോഫി ഡേയുടെ മുന്നിൽ വച്ച് ഈ കമ്മീഷൻ കൈമാറിയെന്നുള്ളതാണ് അദ്ദേഹം പറഞ്ഞത്. കമ്മീഷൻ കൈമാറിയെന്ന് നിങ്ങളുടെ പാർട്ടി ചാനലാണ് പറയുന്നത്. ആ അവതാരകൻ പറയുന്നത് നൂറ് ശതമാനം ശരിയാണ്, എനിക്കും അത് ബോദ്ധ്യമുണ്ടെന്ന് അതിൽ പങ്കെടുത്തുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

11-00 A.M.]

ആ വിഷയം ചർച്ചയ്ക്ക് വിധേയമാകുമ്പോൾ ഞങ്ങളുടെമേൽ കുതിര കയറുന്നത് എന്തിനാണ്; നിങ്ങൾതന്നെ ലോകത്തോട് വിളിച്ചുപറഞ്ഞിട്ടുള്ള ഒരു കാര്യം ചർച്ചാ വിഷയമാകുമ്പോൾ ഞങ്ങൾ എങ്ങനെയാണ് പ്രതികളാകുന്നത്? ഇതുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം തുടരാമെന്നുള്ളത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. FCRA (Foreign Contribution (Regulation) Act)-മായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. FCRA-യിൽ പറയുന്നത് എന്താണ്? സർക്കാർ ജീവനക്കാർ, സർക്കാരിന്റെ കീഴിൽ വരുന്ന കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട ജീവനക്കാർ, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലോ അല്ലാതെയോ നിൽക്കുന്ന, സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളടക്കം ആർക്കും ഇതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ സമ്മതമില്ലാതെ പണം സ്വീകരിക്കാൻ പാടില്ല എന്നുള്ളത് FCRA-യിൽ ചാപ്റ്റർ II-ലെ 3-ാം വകുപ്പിൽ പറയുന്ന കാര്യമാണ്.

ആ സംഭവം നിങ്ങൾ ഇതുവരെ നിഷേധിച്ചു. കോടതിവിധി വന്നപ്പോൾ അവിടെയും കോടതി കൃത്യമായി FCRA-യെക്കുറിച്ചുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഇതൊക്കെ നടത്തിക്കൊണ്ടിരിക്കുന്നത് ഐക്യ ജനാധിപത്യ മുന്നണിയാണെന്നാണ് പറയുന്നത്. നിങ്ങൾ മനസ്സിലാക്കേണ്ടത്, ഇതുമായി ബന്ധപ്പെട്ടയാൾ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മുനിസിപ്പാലിറ്റിയിലേയ്ക്ക് മത്സരിച്ചു. അവിടെ ഇടതുപക്ഷത്തിന് പൂജ്യം വോട്ട് കിട്ടി. ബാക്കിയുള്ള വോട്ട് മുഴുവൻ ശ്രീ. കാരാട്ട് ഫൈസൽ കൊണ്ടുപോയത് നമുക്കറിയാം. പൂജ്യം വോട്ട് എങ്ങനെയാണ് ഒരു പാർട്ടിക്ക് കിട്ടുകയെന്നുള്ളതിനെക്കുറിച്ച് മൂക്ക് താഴേയ്ക്കായിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണ്. എന്നിട്ടിപ്പോൾ പറയുന്നത് എന്താണ്? അദ്ദേഹം കഴിഞ്ഞ പ്രാവശ്യവും ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥിയായിത്തന്നെയാണ് മത്സരിച്ചത്. സ്വതന്ത്രനായി അങ്ങനെയുള്ള ആളുകളെയൊക്കെ ഈ ചിറകിനടിയിൽ ഒളിപ്പിച്ചു വച്ചിട്ട് ഉണ്ണിലുപോലുമില്ലാത്ത ഞങ്ങളുടെ കാൽ നോക്കി 'മന്തുകാലാ' എന്ന് പറയുമ്പോൾ നിങ്ങളുടെ രണ്ട് കാലുകളിലും മന്താണെന്നുള്ളത് നിങ്ങൾക്ക് ഓർമ്മ വേണം. അതുകൊണ്ട് ഈ പ്രതിപ്പട്ടികയിൽ ഐക്യജനാധിപത്യ മുന്നണിയിൽ ഉൾപ്പെടുന്ന ആളുകളൊന്നുമില്ല, അത്തരത്തിലുള്ള കാര്യങ്ങളിലൊക്കെ വളരെ സൂക്ഷ്മത പാലിക്കുന്നവർതന്നെയാണ് ഞങ്ങൾ. എവിടെ ഇരിക്കുന്നവരെയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നത്; ഇതുവരെ എവിടെ സംരക്ഷണം കിട്ടിയവർക്കാണ് ഇ.ഡി.യുടെ ഓഫീസിൽ നിരന്തരം പോകേണ്ടിവന്നിട്ടുള്ളത്? എം. ശിവശങ്കറുമായി ബന്ധപ്പെട്ട വിഷയത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഏതായാലും അതിനുശേഷം സ്വപ്ന സുരേഷിനെ ചോദ്യം ചെയ്തു. അപ്പോൾ സ്വപ്ന സുരേഷിന്റെ ലോക്കറിൽ കണ്ടെത്തിയിട്ടുള്ള പണം ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് കിട്ടിയ കമ്മീഷന്റെ പൈസയാണെന്ന് അവർ തന്നെ കുറ്റസമ്മതം നടത്തിയിരിക്കുകയാണ്. ഇതുതന്നെയാണ് ഒരു ചാനലിലെ അവതാരകൻ പറഞ്ഞത്, അതുതന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞിട്ടുള്ളത്. ഒരു സംഖ്യയുടെ നേർപകുതി കമ്മീഷൻ. ഇരുപത് കോടി രൂപയാണ് സംഖ്യയെങ്കിൽ ഒൻപത് കോടി രൂപ കമ്മീഷൻ. ഇതിന് വ്യക്തമായ മറുപടി വേണ്ടേ? ഇപ്പോഴും സി.ബി.ഐ. എൻക്വയറി വേണം, തുടരണം എന്നുപറയുന്ന കോടതിവിധിയെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അംഗീകരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിക്കുമ്പോൾ പറഞ്ഞത് എന്താണെന്നറിയാമോ? 'വിജിലൻസ് അന്വേഷണം തുടരുന്ന സാഹചര്യത്തിൽ' എന്നാണ്. അപ്പോഴും കോടതി പറഞ്ഞിട്ടുള്ള സി.ബി.ഐ. എന്ന് പറയുന്നതിൽ ഇപ്പോഴും ഒരു അമാന്തമുണ്ട്. അതായത്, അതിന്റെ അർത്ഥം ഇതിന്റെ കടലാസൊന്നും ഇനി സി.ബി.ഐ.-യ്ക്ക് പോകാനുള്ള സാധ്യതയില്ല എന്നാണ്. വിജിലൻസ് അന്വേഷണം തുടരുന്നതുകൊണ്ട്

ഇതിനെക്കുറിച്ച് കൂടുതൽ ചർച്ച ആവശ്യമില്ലെന്ന് പറയുന്ന ഒരു സാഹചര്യം നിലനിൽക്കുമ്പോൾ ഞങ്ങൾ എങ്ങനെയാണ് ഇതിൽ നീതി കിട്ടുമെന്ന് വിശ്വസിക്കേണ്ടത്? അതുകൊണ്ടാണ് ഞങ്ങൾ ഇത് ചർച്ച ചെയ്യണമെന്ന് പറഞ്ഞത്. ചർച്ച ചെയ്താൽ കുറച്ച് കാര്യം കൂടിയെങ്കിലും പുറത്തുകൊണ്ടുവരാനുള്ള സാഹചര്യമുണ്ടാകുകയും നിങ്ങൾക്ക് മനംമാറ്റമുണ്ടാകുകയും അതിലൂടെ ഈ കാര്യത്തിൽ ഗൗരവമായ ഒരു സമീപനം ഉണ്ടാകുകയും ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിച്ചു. പക്ഷേ ഇപ്പോൾ മനസ്സിലാകുന്നത്, അല്ല, ഇത് ഇങ്ങനെ തന്നെയാണ് പോകേണ്ടത് എന്നുള്ള ഒരു തീരുമാനത്തിലാണ് എന്നാണ്. നിങ്ങൾ ശ്രീ. അനിൽ അക്കരയെ 'സാത്താന്റെ മകൻ' എന്നൊക്കെ വിളിക്കുകയുണ്ടായി. കോടതി വിധി വന്നപ്പോൾ ആരാണ് സാത്താന്റെ മക്കൾ എന്നുള്ളത് ഈ രാജ്യം തിരിച്ചറിഞ്ഞി രിക്കുന്നു എന്നുള്ള ഒരു സമാശ്വാസം ഞങ്ങൾക്കുണ്ട്. ഞങ്ങൾ ഉയർത്തിയിട്ടുള്ള എല്ലാ വിഷയങ്ങളും സത്യസന്ധമായിരുന്നുവെന്നുള്ളത് വരും നാളുകളിൽ തെളിയിക്കപ്പെടും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ചർച്ചയ്ക്ക് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ലൈഫ് പദ്ധതിയിൽ സർക്കാരിന് ഒന്നും മറച്ചുവയ്ക്കാനില്ലായിരുന്നെങ്കിൽ സഭ നിർത്തിവച്ച് ഒരു തുറന്ന ചർച്ചയ്ക്ക് മുന്നോട്ട് വരുന്നതായിരുന്നു എന്തുകൊണ്ടും അഭികാമ്യമായിട്ടുള്ളത്. ഇന്നലെ വന്ന ഹൈക്കോടതി വിധി വളരെ ഗൗരവത്തോടുകൂടി കേരളം കാണുകയാണ്. ലൈഫ് പദ്ധതിയുടെ അന്വേഷണം ഒഴിവാക്കുന്നതിന് സർക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നടത്തിയ നീക്കം തള്ളിക്കളഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സ്വീകരിച്ച നിലപാടിലൂടെ യഥാർത്ഥത്തിൽ സർക്കാർ പ്രതിക്കൂട്ടിലായിരിക്കുകയാണ്. കേസ് റദ്ദാക്കണമെന്നുള്ള ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിക്കളഞ്ഞതിലൂടെ അഴിമതി നടന്നതിന്റെ ഗൗരവമേറിയ സാഹചര്യമാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. എന്നിട്ടും സർക്കാർ ലൈഫ് മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ മൂടിവച്ചുകൊണ്ട് ഈ അഴിമതിയെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാടെടുക്കുന്നത് പ്രതിഷേധാർഹമാണ്. സി.&എ.ജി. ഓഡിറ്റിംഗ് ഒഴിവാക്കി കോഴ വാങ്ങുന്നതിന് ഉദ്യോഗസ്ഥർ നടത്തിയ കള്ളക്കളി പ്രഥമദൃഷ്ട്യാ വ്യക്തമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയിരിക്കുകയാണ്. ഈ തട്ടിപ്പെല്ലാം നടത്തിയ ഉദ്യോഗസ്ഥർക്കോ ബന്ധപ്പെട്ട മറ്റാളുകൾക്കോ ക്രിമിനൽ ബാദ്ധ്യതയിൽനിന്ന് രക്ഷപ്പെടാനാകില്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണം തുടരാമെന്നും ബഹുമാനപ്പെട്ട

ഹൈക്കോടതി പറയുകയാണ്. ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടത്തിയ നീക്കങ്ങളെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് ഇതിൽ അഴിമതി നടന്നിരിക്കുന്നുവെന്ന് വ്യക്തമാക്കുന്ന വിധത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് പരാമർശമുണ്ടാകുകയും കേസ് തുടരാമെന്ന് പറയുകയും ചെയ്തിട്ടും ഈ വിഷയം ചർച്ച ചെയ്യില്ല എന്നുപറയുന്നത് മർക്കട മുഷ്ടിയാണ്. അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഗവൺമെന്റിന്റെ ഈ നിലപാടിൽ മുഴുവൻ ആളുകളുടെയും പ്രതിഷേധമാണുയരുന്നത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഈ വാക്കൗട്ടിൽ ഞങ്ങൾ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ലൈഫ് പദ്ധതിക്ക് ഞങ്ങളാരും എതിരല്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയപ്പോൾ ലൈഫ് പദ്ധതിയെ അട്ടിമറിക്കാൻ യു.ഡി.എഫ്. ശ്രമിക്കുന്നു എന്ന ധ്വനിയാണ് അദ്ദേഹത്തിന്റെ വാക്കുകളിലുണ്ടായിരുന്നത്. ഞങ്ങൾ ഒരിക്കലും ലൈഫ് പദ്ധതിക്ക് എതിരല്ല. പാവപ്പെട്ടവന് വീട് കൊടുക്കുന്ന ഒരു പദ്ധതിക്കും ഞങ്ങൾ എതിരല്ല. പക്ഷേ അതിന്റെ പിന്നിലുള്ള അഴിമതിയാണ് ഞങ്ങൾ ചൂണ്ടിക്കാട്ടുന്നത്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി കഴിഞ്ഞ ദിവസം പുറപ്പെടുവിച്ച വിധിയിൽ പറഞ്ഞിരിക്കുന്നതും അതുതന്നെയാണ്. ഇതിന്റെ പിന്നിലുള്ള അഴിമതി പുറത്തുവരണം; അതുകൊണ്ടുതന്നെ സി.ബി.ഐ. എൻക്വയറി ഇതിന് അനിവാര്യമാണെന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാട്ടിയതും അവിടെത്തന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ കൂടുതലും രാഷ്ട്രീയ പ്രസംഗമാണ് നടത്തിയത്. ആരോപണങ്ങൾക്കുള്ള മറുപടിയിലേയ്ക്കല്ല അദ്ദേഹം കടന്നുവന്നത്. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലുണ്ടായ വിജയവും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള വാക്കുകളുമായിരുന്നു നിർഭാഗ്യവശാൽ അദ്ദേഹം അസംബ്ലിയിൽ ഉയർത്തിയത്. ഇവിടെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലുണ്ടായ നേരിയ വിജയം ഈ സർക്കാരിന്റെ അഴിമതികളെ ശരിവയ്ക്കുന്ന നിലയിൽ നിങ്ങൾ വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല, അങ്ങനെയൊരു വ്യാഖ്യാനവും വേണ്ട. അത് തെറ്റാണെന്ന് മൂന്ന് മാസം കഴിയുമ്പോൾ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ തിരിച്ചറിയാൻ പോകുകയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഞാനടക്കമുള്ള യു.ഡി.എഫ്.ന്റെ സംഘം അവിടെ പോയതാണ്. ആ സ്ഥലത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ, അവിടത്തെ നിർമ്മിതിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ തുടങ്ങിയവ കഴിഞ്ഞ

സഭാ സമ്മേളനത്തിൽ ചർച്ച ചെയ്തതാണ്. അതിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിന്റെ നിർമ്മിതി, നിർമ്മാണ പ്രവർത്തനങ്ങൾ, ഘടന, പി.ഡബ്ല്യൂ.ഡി. നോംസ് വച്ചുതന്നെയാണോ അതിന്റെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷിക്കണമെന്നുള്ളത് ഞാൻ തന്നെ കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഇവിടെ സൂചിപ്പിച്ചതാണ്. അതൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഇതിനെക്കുറിച്ചുള്ള സമഗ്രമായ അന്വേഷണം അനിവാര്യം തന്നെയാണ്. ഇതിന്റെ പിന്നിൽ വലിയ രീതിയിലുള്ള ഓർഗനൈസ്ഡ് ക്രൈമാണ് നടന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം ഇവിടെ പറയണം. വളരെ ബുദ്ധിപൂർവം തീരുമാനമെടുത്ത ഒരു കരാറാണെന്ന് കോടതിതന്നെ നിരീക്ഷിച്ചിരിക്കുകയാണ്. ആരാണ് കുറ്റക്കാർ, ആരാണ് കുറ്റക്കാരല്ലാത്തത് എന്നുള്ളത് വിശദമായി അന്വേഷിച്ചതിനുശേഷം പറയാം. അതുകൊണ്ട് കോടതി വിധി ഗവൺമെന്റിന് ക്ലീൻ ചിറ്റ് നൽകി എന്ന വ്യാഖ്യാനം ഇതിനകത്ത് ആവശ്യമില്ല. ഇതിൽ വളരെ വ്യക്തമാണ്. ഇതൊരു ഓർഗനൈസ്ഡ് ക്രൈമാണെന്നത് തന്നെയാണ് കോടതി ഇന്നലെ നിരീക്ഷിച്ചിരിക്കുന്നത്. വരികളുടെ ഇടയിലും വ്യക്തമായ നിലയിലും അത് പ്രതിപാദിച്ചിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യേണ്ടത് തന്നെയായിരുന്നു. വീട് എന്ന മനുഷ്യന്റെ അവകാശത്തെ ചൂഷണം ചെയ്യുന്ന (അഴിമതി കാണിക്കുമ്പോൾ അത് ചൂഷണം തന്നെയാണ്) സർക്കാർ നടപടി സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, പാവങ്ങൾക്ക് വീട് വച്ചുകൊടുക്കാൻ വേണ്ടിയുള്ള പദ്ധതി നല്ല ഉദ്ദേശ്യത്തോടുകൂടി തുടങ്ങിയിട്ടുള്ളതാണ്. പക്ഷേ ആ പദ്ധതി ഇത്തരത്തിൽ പാവങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കാതെ തട്ടിയെടുത്ത് അധികാരത്തിന്റെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വഞ്ചന നടത്തിയിരിക്കുകയാണ്. ജനങ്ങളോട് കാണിച്ചിട്ടുള്ള വലിയ അനീതിയാണിത്. ബഹുമാനപ്പെട്ട ഹൈക്കോടതിപോലും ഇത് വിമർശിക്കാൻ നിർബന്ധിതമായിത്തീർന്നിരിക്കുന്നു. ഈ കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ ചർച്ച ചെയ്യേണ്ടത് വളരെ ആവശ്യമാണ്. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) കഞ്ചിക്കോട് ബി.ഇ.എം.എൽ. സ്വകാര്യവത്കരണം

ശ്രീ. പി. കെ. ശശി: സർ, പ്രതിരോധ മേഖലയിൽ തന്ത്രപരമായി വളരെ പ്രാധാന്യമുള്ള ഒരു സ്ഥാപനമാണ് ബി.ഇ.എം.എൽ. പൊതുമേഖലാ സ്ഥാപനമായ ബി.ഇ.എം.എൽ.-നെ സ്വകാര്യവത്കരിക്കാൻവേണ്ടിയുള്ള തീരുമാനത്തിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് കടന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള താൽപ്പര്യപത്രം ക്ഷണിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് നാല് യൂണിറ്റുകളിലായി 4160 ഏക്കർ സ്ഥലമാണ് ബി.ഇ.എം.എൽ.ന്റെ കൈവശമുള്ളത്. ഏതാണ്ട് 56,000 കോടി രൂപയുടെ ആസ്തിയുള്ള ഈ മിനി നവരത്ന കമ്പനിയെ 720 കോടി രൂപയ്ക്ക് വിൽക്കാൻവേണ്ടിയുള്ള തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചി രിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ പ്രതിരോധ മേഖലയുമായി ഏറ്റവും അടുത്ത് നിൽക്കുന്ന സുപ്രധാനമായ ഈ സ്ഥാപനത്തെ കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള നീക്കത്തെ തടയേണ്ടതുണ്ട്. 2010-ലാണ് പാലക്കാട് കഞ്ചിക്കോട് ബി.ഇ.എം.എൽ-ന്റെ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നത്. അന്ന് കേരളം ഭരിച്ചിരുന്നത് എൽ.ഡി.എഫ്. ഗവൺമെന്റും കേന്ദ്രത്തിൽ പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയും കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീമുമായിരുന്നു. ആ കാല ഘട്ടത്തിലാണ് പ്രസ്തുത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുവേണ്ടി 375 ഏക്കർ സ്ഥലം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സൗജന്യമായി കൊടുത്തത്. ഈ ഭൂമിയുൾപ്പെടെ കോർപ്പറേറ്റുകൾക്ക് ചുരുങ്ങിയ വിലയ്ക്ക് കൈമാറാൻ വേണ്ടിയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നാം മോദി സർക്കാരിന്റെ കാലത്തുതന്നെ 518 കോടി രൂപ വിലയിട്ട് ഈ സ്ഥാപനം വിൽക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരുന്നു. എന്നാൽ അതിശക്തമായ തൊഴിലാളി സമരങ്ങളും ബഹുജന പ്രക്ഷോഭങ്ങളും ഉയർന്നുവന്ന ആ കാലത്ത് അതിന്റെ തുടർച്ചയായി പാർലമെന്റിലെ ഇടതുപക്ഷ എം.പി.മാരും ഇക്കാര്യത്തിൽ സജീവമായി ഇടപെട്ടു. അതുമാത്രമല്ല, ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ നിലനിർത്തണമെന്ന് ശക്തമായി ആവശ്യം ഉന്നയിക്കുകയുണ്ടായി. അതിന്റെ ഭാഗമായി അന്ന് കേന്ദ്ര ഗവൺമെന്റ് ഈ തീരുമാ നത്തിൽനിന്നും പിന്മാറിയെങ്കിലും ഇപ്പോൾ വീണ്ടും ഇത് സ്വകാര്യവത്ക രിക്കാനായി ഉത്തരവിറക്കിയിരിക്കുകയാണ്. ഇന്ത്യൻ സൈന്യത്തിന്റെ നട്ടെല്ലാണ് ഈ സ്ഥാപനം. നമ്മുടെ സൈനികർക്കാവശ്യമായ കവചിത വാഹനങ്ങൾ, ഡ്രൈവർ ഇല്ലാതെ ഓടിക്കാൻ സാധിക്കുന്ന വാഹനങ്ങൾ, അതുപോലെ ചുരുങ്ങിയ സമയംകൊണ്ട് ഒന്നര കിലോമീറ്റർ ദൈർഘ്യത്തിൽ ഉണ്ടാക്കാൻ സാധിക്കുന്ന

പാലങ്ങൾ, മെട്രോ കോച്ചുകൾ ഇതെല്ലാം നിർമ്മിക്കുന്ന ഇന്ത്യയിലെ ഏക പൊതു മേഖലാ സ്ഥാപനമാണ് ബി.ഇ.എം.എൽ. മെട്രോ കോച്ചുകൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി ആഗോള കുത്തക സ്ഥാപനങ്ങളോട് മത്സരിച്ചുകൊണ്ടാണ് ബി.ഇ.എം.എൽ ഏതാണ്ട് 16,000 കോടി രൂപയുടെ ഓർഡർ പിടിച്ചെടുത്തത്. ഒരു മെട്രോ കോച്ചിന് 10 മുതൽ 15 കോടി രൂപ വരെ ബഹുരാഷ്ട്ര കുത്തക കമ്പനികൾ വില ഈടാക്കുമ്പോൾ കേവലം 8 കോടി രൂപയ്ക്ക് ഒരു മെട്രോ കോച്ച് ഉണ്ടാക്കി ത്തരാമെന്ന് തീരുമാനമെടുത്ത് അത് പ്രാവർത്തികമാക്കുന്ന കമ്പനിയാണ് ബി.ഇ. എം.എൽ. ഈ സ്ഥാപനത്തെ സ്വകാര്യവത്കരിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ബി.ഇ.എം.എൽ-ന്റെ സ്വകാര്യവത്കരണം കേരളത്തിന്റെ താൽപ്പര്യങ്ങളെയാകെ ബാധിക്കുന്നതാണ്. കേരളത്തിന്റെ സ്വപ്ന പദ്ധതികളെയാകെ ഗുരുതരമായി ബാധിക്കുന്ന നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടി രിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് അഭിമാനപൂർവ്വം നടപ്പിലാക്കാനുദ്ദേശിക്കുന്ന കെ-റെയിൽ പദ്ധതിക്ക് ഏതാണ്ട് 64,000-ത്തോളം കോടി രൂപയാണ് പ്രതീക്ഷി ക്കുന്നത്. ഇതിൽ കോച്ച് വാങ്ങാൻ 12,500 കോടി രൂപ വേണം. മെട്രോ കോച്ച് നിർമ്മിക്കുന്ന ബി.ഇ.എം.എൽ കേരളത്തിന്റെ കെ-റെയിൽ പദ്ധതിക്കാവശ്യമായ കോച്ചുകൾ നിർമ്മിക്കുന്നതിന് കിൻഫ്രയുമായി ചർച്ച നടത്തി ധാരണയിലെത്തി യിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സ്വകാര്യ കോർപ്പറേറ്റ് കമ്പനികൾ 10 മുതൽ 15 കോടി രൂപ വരെയാണ് മെട്രോ കോച്ച് നിർമ്മിക്കാൻ വില ഈടാക്കുന്നതെങ്കിൽ ഏതാണ്ട് 8 കോടി രൂപയ്ക്ക് താഴെയാണ് ബി.ഇ.എം.എൽ ഈ കരാർ ഏറ്റെടുക്കുന്നത്. സ്വാഭാവികമായും ഇത് സ്വകാര്യവത്കരിക്കുമ്പോൾ കേരളത്തിന്റെ വളർച്ചയിൽ വലിയ തടസ്സങ്ങളുണ്ടാകും. കേരളത്തിന്റെ എല്ലാ സ്വപ്ന പദ്ധതികളെയും തകർക്കുന്ന ഒന്നാണിത്. ഇതേ സ്ഥിതിതന്നെയാണ് കഞ്ചിക്കോടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനിയുമായി ബന്ധപ്പെട്ടും സൂചിപ്പിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് അടച്ചുപൂട്ടാനും സ്വകാര്യവത്കരിക്കാനും തീരുമാനിച്ചപ്പോൾ ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ടുകൊണ്ട് പ്രസ്തുത സ്ഥാപനം കേരള ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറാണെന്ന് പറഞ്ഞു. നാടിന്റെ അഭിമാനമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഇങ്ങനെ അടച്ചുപൂട്ടാനും സ്വകാര്യവത്കരിക്കാനുമുള്ളതല്ല. അങ്ങനെ വില നിശ്ചയിച്ച്, 65 കോടി രൂപയ്ക്ക് ഇത് ഏറ്റെടുക്കാമെന്ന് പറഞ്ഞ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റുമായി ധാരണാപത്രവും ഒപ്പുവച്ചു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനിക്ക് 115 ഏക്കർ ഭൂമി സൗജന്യമായി കൊടുത്തത് ഇടതുപക്ഷ ഗവൺമെന്റാണ്. കേരള ഗവൺമെന്റ് സൗജന്യമായി കൊടുത്ത ഈ ഭൂമിക്ക് ഏക്കറിന് ഒരു കോടി രൂപ വിലയിട്ട് ഏതാണ്ട് 120 കോടിയോളം രൂപ

അധികമായി വേണമെന്നാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. നമ്മുടെ നാടിന്റെ നിലനിൽപ്പിനും അതിന്റെ ഭാവി താൽപ്പര്യങ്ങൾക്കും പ്രത്യേകിച്ച് നമ്മുടെ രാജ്യത്തിന്റെ ദേശരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളെ നിലനിർത്താൻ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായിട്ടുള്ള ഇടപെടൽ ഉണ്ടാകേണ്ടതുണ്ടെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. ഈ തീരുമാനത്തിന്റെ ഭാഗമായി അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളെ പിരിച്ചുവിടാനുള്ള നീക്കം മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പാലക്കാട് കഞ്ചിക്കോട് ഉൾപ്പെടെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന നാല് യൂണിറ്റുകളിലും തൊഴിലാളികൾ അനിശ്ചിത കാലത്തേയ്ക്ക് ശക്തമായ സമരത്തിലാണ്. ഏതെങ്കിലും ഒരു യൂണിയനല്ല മുഴുവൻ തൊഴിലാളികളും അണിനിരന്നുകൊണ്ടുള്ള പ്രക്ഷോഭമാണ് നടക്കുന്നത്. ഈ പ്രക്ഷോഭം ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻതന്നെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളാകെ തീരുമാനിച്ചിട്ടുള്ളത്. തീർച്ചയായും നമ്മുടെ നാടിന്റെ അഭിമാനമായ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ കോർപ്പറേറ്റുകൾക്ക് വിറ്റ് തുലയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നിലപാടിനെതിരായി ശക്തമായി ഈ ഗവൺമെന്റ് ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളെല്ലാം വളരെ ശരിയാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വകാര്യവത്കരണത്തിന്റെ ഭാഗമായി നമ്മുടെ ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം അദാനിക്കുതന്നെ കൊടുത്തുകഴിഞ്ഞു. അതുപോലെതന്നെ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്വകാര്യവത്കരണത്തിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്ന അവസ്ഥയിലേയ്ക്കെത്തിയെങ്കിലും ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച വിലയ്ക്ക് ആ സ്ഥാപനം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവത്കരണത്തിന്റെ വഴിയിൽ തന്നെയാണുള്ളത്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കാസർഗോഡ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബി.എച്ച്.ഇ.എൽ. എന്ന സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൊണ്ട് അത് പൂട്ടിക്കിടക്കുകയാണ്. ഒരാനുകൂല്യങ്ങളും അവിടത്തെ തൊഴിലാളികൾക്ക് കൊടുക്കുന്നില്ല. സംസ്ഥാന ഗവൺമെന്റാണ് അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ സ്ഥാപനവും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൊണ്ട് കടുത്ത പ്രതിസന്ധിയിലാണ്.

വ്യവസായ രംഗത്ത് മാത്രമല്ല കാർഷിക രംഗത്തും കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കർഷക വിരുദ്ധ നയങ്ങൾ ഇന്ത്യയിൽ ഏറ്റവും വലിയ പ്രശ്നമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഒന്നര മാസത്തിലേറെയായി ഡൽഹിയിലും പ്രാന്ത പ്രദേശങ്ങളിലുമൊക്കെയായി കർഷക ജനത ഉപരോധ സമരത്തിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ കർഷക വിരുദ്ധ നയത്തിന്റെ ഫലമായി ആബാലവൃദ്ധം ജനങ്ങളും സമരമുഖത്താണ്, നിരവധിപേർ മരിച്ചുവീഴുകയാണ്. പ്രമുഖരായിട്ടുള്ള വ്യക്തികളെല്ലാം അവർക്ക് ലഭിച്ച ഉപഹാരങ്ങൾ കേന്ദ്ര ഗവൺമെന്റിന് തിരിച്ചു കൊടുക്കുകയാണ്. കഴിഞ്ഞ ഒന്നരമാസക്കാലമായി നടന്നുകൊണ്ടിരിക്കുന്ന സമരത്തിനുനേരെ മുഖം തിരിച്ചുനിൽക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ലക്ഷക്കണക്കിന് സ്ത്രീകളും കൃഷിക്കാരും കുടുംബസമേതം വന്ന് സമരമുഖത്ത് അണിനിരന്നിട്ടുപോലും ജനാധിപത്യ സംവിധാനത്തിലുണ്ടാകേണ്ട നീതിയും ജനാധിപത്യപരമായ സമീപനങ്ങളും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഇത്തരത്തിലുള്ള സാഹചര്യമാണ് വ്യവസായ മേഖലയിലും സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിൽ കൃഷിക്കാർ ഭൂമിയിൽനിന്നും അന്യവൽക്കരിക്കപ്പെടുകയാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം കോർപ്പറേറ്റുകൾ കയ്യടക്കുകയാണ്. അതുപോലെ കാർഷികോൽപ്പന്നങ്ങളുടെയും ധാന്യങ്ങളുടെയും മറ്റ് വിഭവങ്ങളുടെയുമൊക്കെ വില നിശ്ചയിക്കാനുള്ള അവകാശം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുകയാണ്. ഇങ്ങനെ തികച്ചും ജനദ്രോഹപരമായിട്ടുള്ള, കാർഷിക-വ്യാവസായിക രംഗത്തെ തകർക്കുന്ന നിലപാടുതന്നെയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരായുള്ള പ്രതിഷേധങ്ങളും ശക്തിപ്പെടുന്നുണ്ട്. ഇന്ത്യൻ പാർലമെന്റിൽ തങ്ങൾക്ക് മൃഗീയ ഭൂരിപക്ഷമുണ്ട് എന്ന അഹന്തയാണ് കേന്ദ്ര ഗവൺമെന്റിനെ നയിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ഡൊണാൾഡ് ട്രംപ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന, ഒരിക്കലും ഒരു ഗവൺമെന്റും സ്വീകരിക്കാൻ പാടില്ലാത്ത അവസ്ഥയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് പറയേണ്ടി വരുന്നത് ദു:ഖകരമാണ്. അതിന്റെ ഒരു ഭാഗം തന്നെയാണ് ബഹുമാനപ്പെട്ട ഷൊർണ്ണൂർ അംഗം ശ്രീ. പി. കെ. ശശി ഇവിടെ ഉന്നയിച്ചിട്ടുള്ള ഉദാരവൽക്കരണനയത്തിന്റെ ഭാഗമായിട്ടുള്ള BEML സ്വകാര്യവൽക്കരണം സംബന്ധിച്ചിട്ടുള്ള വിഷയവും. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി നീതി ആയോഗിന്റെ ശിപാർശ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളെല്ലാം വിറ്റഴിക്കുന്ന നയത്തിന്റെ ഭാഗമായി ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ BEML-ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെയും അതുപോലെ ജീവനക്കാരുടെ തൊഴിലിനെയും ബാധിക്കുന്ന വിഷയമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തിക്കൊണ്ട്

മുന്നോട്ടുപോകുകയും അതുവഴി മത്സരക്ഷമതയുണ്ടാക്കിയെടുത്തുകൊണ്ട് വ്യാവസായിക-ഉത്പാദന മേഖലയിൽ ഒരു ചലനം സൃഷ്ടിക്കാൻ സാധിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള നയം ആരംഭിച്ചപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ കേരള നിയമസഭ തന്നെ പല സന്ദർഭങ്ങളിലും ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം പൊതു മേഖലയിൽ നിലനിർത്തുന്നതിനുള്ള നല്ല ഇടപെടലാണ് സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നിരവധി തവണ ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രധാനമന്ത്രിക്ക് കത്തുകൾ അയയ്ക്കുന്ന അവസ്ഥയും ഉണ്ടായിട്ടുണ്ട്. Bharat Earth Movers Limited അതാണ് BEML എന്നുപറയുന്നത്. അത് പാലക്കാട് ഷൊർണ്ണൂറിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്. ഇവിടെ ബഹുമാനപ്പെട്ട പി. കെ. ശശി എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ 2010 മേയ് മാസത്തിലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിച്ചത്. റോളിംഗ് സ്റ്റോക്ക് മാനുഫാക്ചറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ആയിരം ഏക്കർ ഭൂമി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് 374.59 ഏക്കർ ഭൂമി ഏറ്റവും കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ കിൻഫ്ര മുഖാന്തിരമാണ് നൽകിയത്. ഇതിൽ 170 ഏക്കർ ഭൂമിയിലാണ് ഇപ്പോൾ വികസന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നത്. നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്ന സ്ഥാപനമാണിത്. ഇന്ത്യൻ റെയിൽവേയ്ക്കും പ്രതിരോധ സേനകൾക്കും ആവശ്യമായ യന്ത്രസാമഗ്രി കളാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി ഇതിന്റെ പ്രവർത്തനം നിർത്തിവയ്ക്കത്തക്ക നിലയിലുള്ള നടപടിയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. BEML നല്ല ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ്. പതിനായിരം കോടി രൂപയുടെ ഓർഡറുകൾ നേരത്തെതന്നെ നേടിയിട്ടുണ്ട്. ഇവിടെ സൈനിക വാഹനങ്ങൾ, മെട്രോ കോച്ചുകൾ തുടങ്ങിയവയാണ് പ്രധാനമായും ഉത്പാദിപ്പിക്കുന്നത്. പാലക്കാട്ടെ യൂണിറ്റ് 1500 കോടി രൂപയുടെ ഓർഡറുകൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുതന്നെ കമ്പനിയുടെ മൊത്തം സാധ്യതകളുടെ 15 ശതമാനമാണ്. നല്ല സാധ്യതയുള്ള സ്ഥാപനമാണിത്; ഇതിപ്പോൾ പൂർണ്ണമായും പ്രവർത്തിച്ചു വരുന്നുണ്ട്. ഇനിയും കൂടുതൽ പ്രവർത്തനത്തിനുള്ള സാധ്യതകളുണ്ട്. അതിനുള്ള സജ്ജീക രണങ്ങളും ഒരുക്കിയിട്ടുണ്ട്. ഇപ്പോൾ അവിടെ ഹെലിപ്പാഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് ജനറൽ

മാനേജർ ഉൾപ്പെടെ മൂന്നൂറോളം ജീവനക്കാർ ജോലി നോക്കുന്നുണ്ട്. BEML ഒരു മിനി നവരത്ന വിഭാഗത്തിൽപ്പെടുന്ന, ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനവും കൂടിയാണ്. പാലക്കാട് യൂണിറ്റ് മെച്ചപ്പെട്ട ലാഭത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുള്ളതുകൊണ്ട് കമ്പനിയുടെ ഓഹരികൾ വിറ്റഴിക്കരുത്. പല എം.പി.മാരും ട്രേഡ് യൂണിയനുകളുമെല്ലാം പൊതുവെ ഇക്കാര്യത്തിൽ യോജിച്ച നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അവരെല്ലാം നിവേദനങ്ങൾ സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ഈ കാര്യത്തിൽ ഉത്കണ്ഠയുള്ള വരുമാണ്. ഇപ്പോഴത്തെ നീക്കം സ്വകാര്യവൽക്കരണത്തിലേയ്ക്ക് തന്നെയാണ്, അതിന്റെ പ്രാഥമികമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. അതുകൊണ്ട് മുകളിൽ പറഞ്ഞിരിക്കുന്ന അല്ലെങ്കിൽ ഇവിടെ വിശദീകരിച്ചിരിക്കുന്ന വസ്തുതകളെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ സ്ഥാപനം പൊതുമേഖലയിൽ നിലനിർത്താനും സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. നവരത്ന കമ്പനികൾ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേറ്റുകൾക്ക് നൽകരുത് തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 5-1-2021-ൽ വീണ്ടും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. നിരന്തരമായി ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയും ആലോചിച്ചുകൊണ്ട് എന്തൊക്കെ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ടോ അതൊക്കെ നിർവ്വഹിക്കാമെന്നും നിർവ്വഹിക്കുന്നതാണെന്നുംകൂടി അറിയിക്കുകയാണ്.

ശ്രീ. പി. കെ. ശശി: സർ, അധികാരം കയ്യിലുണ്ടെന്ന് വച്ച് വലിയ ധിക്കാരമല്ലേ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്നത്? സംസ്ഥാന ഗവൺമെന്റ് കൊടുത്ത ഭൂമി വിൽക്കാൻ കേന്ദ്ര ഗവൺമെന്റിന് എന്ത് അധികാരമാണുള്ളത്? എനിക്ക് ചോദിക്കാനുള്ള ചോദ്യം, നമ്മുടെ സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് എത്ര ഭൂമി കേന്ദ്ര ഗവൺമെന്റിന് കൈമാറിയിട്ടുണ്ട്; അത് നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നമുക്ക് ചെയ്യാൻ സാധിക്കുക?

ശ്രീ. ഇ. പി. ജയരാജൻ: സർ, കേന്ദ്ര ഗവൺമെന്റ് ആദ്യം ആയിരം ഏക്കറാണ് ആവശ്യപ്പെട്ടത്. ഇപ്പോൾ ഏതാണ്ട് 374.59 ഏക്കർ ഭൂമി കുറഞ്ഞ പാട്ടക്കരാർ വ്യവസ്ഥയിൽ അവർക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം വിമാന ത്താവളത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കൊടുത്ത ഭൂമിയാണ് ഇപ്പോൾ അദാനിക്ക് കൊടുത്തിട്ടുള്ളത്. അതാണ് കേന്ദ്ര ഗവൺമെന്റിന്റെ മനോഭാവം. ഈ വ്യവസായം ഇവിടെ നിലനിർത്തണമെന്നും ലാഭകരമായ ഈ നവരത്ന കമ്പനിയെ സംരക്ഷിക്കണമെന്നുമുള്ള ധാരണയിലല്ല കേന്ദ്ര ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

അവർ കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കുകയാണ്. കോർപ്പറേറ്റുകൾക്കു വേണ്ടിയാണ് ഇപ്പോൾ കൃഷിക്കാരെ ബലിയാടുകളാക്കിയിരിക്കുന്നത്. അവരുടെ ഭൂമി ഈ കോർപ്പറേറ്റുകൾക്ക് കീഴ്പ്പെടുത്തിക്കൊടുക്കുകയാണ്. കാർഷിക രാജ്യമായ ഇന്ത്യയിൽ കർഷക ജനവിഭാഗത്തെ ദുരിതത്തിലാഴ്ത്തുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. തീർച്ചയായും ഈ നിലപാടിനെതിരായുള്ള പൊതുവികാരം ഇന്ത്യയിൽ വളർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട ഒ. രാജഗോപാൽ ഉൾപ്പെടെ ഈ കാര്യങ്ങളോടൊപ്പംനിന്ന് തിരുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നത് നല്ലതായിരിക്കും എന്നൊരു അഭിപ്രായംകൂടി എനിക്കുണ്ട്. അദ്ദേഹം സംസാരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെകൂടി ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, വ്യവസായ വകുപ്പുമന്ത്രി വളരെ ഗൗരവമായ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അതിൽ മിക്ക കാര്യങ്ങളോടും എനിക്ക് യോജിപ്പാണുള്ളത്. പക്ഷെ അതിൽ വസ്തുതാപരമായ ഒരു തെറ്റുണ്ട്; അത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, പൊതുമേഖലാ സ്ഥാപനം ഷൊർണ്ണൂരാണുള്ളതെന്ന് പറഞ്ഞു. അത് ഷൊർണ്ണൂരല്ല കഞ്ചിക്കോടാണുള്ളത്. രണ്ട്, തിരുവനന്തപുരം എയർപോർട്ടിന്റെ സ്ഥലം അദാനിക്ക് വിറ്റുകഴിഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു, അത് വസ്തുതയല്ല. അതിനുവേണ്ടി ഒരു നീക്കമുണ്ടായ അവസരത്തിൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും എതിർപ്പുണ്ടായി. എല്ലാ അഭിപ്രായങ്ങളെയും മാനിച്ചുകൊണ്ട് അത് വിറ്റിട്ടില്ല. വിറ്റുവെന്ന് പറയുന്നത് വസ്തുതാപരമായി തെറ്റാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

### (2) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇന്ന് ഒട്ടനവധി വിഷയങ്ങൾ നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സജീവമായ ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാലിത്തീറ്റയുടെ വിലവർദ്ധനവ്. ഏതാനും മാസങ്ങൾക്കുമുമ്പ് കാലിത്തീറ്റയുടെ വില കുറച്ചിരുന്നു. എന്നാലത് വീണ്ടും കൂട്ടാൻ പോകുകയാണ്. വേനൽക്കാലമാകുമ്പോൾ ഇതിന്റെ വില വർദ്ധിപ്പിക്കുന്നത് ഒരു സ്ഥിരം പരിപാടിയായി മാറിക്കൊണ്ടിരിക്കുകയാണ്. കേരള ഫീഡ്സ് വില വർദ്ധിപ്പിക്കുന്നതിനനുസരിച്ച് മറ്റ് കമ്പനികളും വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത് സാധാരണ കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. അതോടൊപ്പം കേരള

ഫീഡ്സിന്റെ ഉൽപ്പന്നത്തെക്കുറിച്ചും ഗുണനിലവാരത്തെക്കുറിച്ചും വ്യാപകമായ പരാതി ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര ശ്രദ്ധയുണ്ടാകണം. കൂടാതെ, വില വർദ്ധിപ്പിക്കുമ്പോൾ കർഷകർക്കുണ്ടാകുന്ന പ്രയാസം മനസ്സിലാക്കി കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്താനുള്ള നടപടി ഗവൺമെന്റിന്റെ പരിഗണനയിൽ വരണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കർഷകർക്കായി സമഗ്ര ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വർഷത്തിൽ എല്ലാ മാസവും ഇതിൽ ചേരാൻ കഴിയില്ല, അതിന് നിശ്ചിതമായൊരു ടൈം പിരീഡാണ് പറഞ്ഞിരിക്കുന്നത്. ഇക്കാരണത്താൽ കർഷകർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. അതോടൊപ്പംതന്നെ ഇൻഷ്വറൻസ് പ്രീമിയം നിരക്കും വളരെ ഉയർന്നതാണ്. അതിലൊരു വിഹിതം ഗവൺമെന്റ് വഹിക്കുന്നുണ്ടെങ്കിലും ഉയർന്ന പ്രീമിയം നിരക്ക് പലരെയും ഇൻഷ്വറൻസ് എടുക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇതിന്റെ പ്രധാന ലക്ഷ്യം കർഷകരെ സഹായിക്കുകയാണെന്നുള്ളതുകൊണ്ട് പ്രീമിയം കുറയ്ക്കുവാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കൂടാതെ പാലിന്റെ ഇൻസെന്റീവ് വർദ്ധിപ്പിക്കാനുള്ള നടപടി യുണ്ടാകണം. ഇതിനായി ഗവൺമെന്റ് ഒരു രൂപയാണ് ക്ഷീര വികസന വകുപ്പിന് നൽകുന്നത്. അതും ഏതാനും മാസങ്ങൾ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ യഥാർത്ഥ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. പന്ത്രണ്ട് മാസവും ഇൻസെന്റീവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പലപ്പോഴും ഇൻസെന്റീവ് നൽകുന്നത്. ക്ഷീര വികസന വകുപ്പിൽനിന്ന് ഇൻസെന്റീവ് ലഭിക്കണമെന്നാണ് ഞാൻ ഇവിടെ ആവശ്യപ്പെടുന്നത്. അതുപോലെ മറ്റ് പെൻഷനുകൾ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് ക്ഷീര കർഷക പെൻഷൻ ലഭിക്കാത്ത സാഹചര്യം ചിലയിടങ്ങളിലുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ നിർബന്ധമായും ഉണ്ടാകേണ്ടതായിട്ടുണ്ട്. മറ്റൊരു കാര്യം, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഗുണമേന്മയില്ലാത്ത പാൽ വരുന്നത് വലിയൊരു പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ വലുതാണ്. സഭയിൽ അതുസംബന്ധിച്ച് ചർച്ച നടന്നതാണ്. അതിനാൽ അക്കാര്യം സഭയുടെ അടിയന്തര ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫുഡ് സേഫ്റ്റി അതോറിറ്റിയും ക്ഷീര വികസന വകുപ്പും പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആയിരക്കണക്കിന് കുടുംബങ്ങളാണ് ക്ഷീരമേഖലയെ ആശ്രയിച്ച് ജീവിക്കുന്നത്. ചെറുതും വലുതുമായ അവരുടെ പ്രശ്നങ്ങളിൽ ആധികാരികമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, സംസ്ഥാനത്തെ ക്ഷീര/മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടുള്ള ഒരു പ്രധാനപ്പെട്ട വിഷയം തന്നെയാണ് ബഹുമാനപ്പെട്ട അംഗം അനൂപ് ജേക്കബ് സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നത്. സർക്കാർ ഇതിനോടകംതന്നെ ഇക്കാര്യത്തിൽ നിരവധി നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണം നടത്തുന്നത് സംസ്ഥാനത്തെ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മിൽമയുമാണ്. കോവിഡ് മഹാമാരിയുടെ ആഘാതംമൂലം സംജാതമായ നിലവിലെ സാഹചര്യത്തിൽ കൂടുതൽ മുതൽമുടക്ക്/ നൈപുണ്യം/സ്ഥലസൗകര്യം ആവശ്യമില്ലാത്ത ക്ഷീരമേഖലയിലേയ്ക്ക് കർഷകർ, പ്രത്യേകിച്ച് പ്രവാസികൾ ഇപ്പോൾ ധാരാളമായി ആകൃഷ്ടരായി കടന്നുവരുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കർഷകർക്ക് ഉരുക്കളിൽ നിന്നും കൂടുതൽ ലാഭം ലഭിക്കുന്നതിനും ഉരുക്കളുടെ ആരോഗ്യം നിലനിർത്തുന്നതിനുംവേണ്ടി ഗുണനിലവാരമുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് നൽകാൻ പ്രതികൂല സാഹചര്യത്തിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മിൽമയും കേരള ഫീഡ്സും തികച്ചും ഗുണനിലവാരമുള്ള കാലിത്തീറ്റയാണ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കേരളത്തിൽനിന്നും വളരെ കുറച്ചുമാത്രമേ ലഭിക്കുന്നുള്ളൂ. ആയതിനാൽ അസംസ്കൃത വസ്തുക്കൾ ഇ-ടെണ്ടർ മുഖേന വടക്കൻ സംസ്ഥാനങ്ങളിൽ നിന്നും അവർ നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ചാണ് വാങ്ങിവരുന്നത്. ഇങ്ങനെ ലഭിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തിയതിനു ശേഷം മാത്രമാണ് ഉല്പാദനത്തിന് ഉപയോഗിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് കാലിത്തീറ്റയുടെ വിലവർദ്ധിപ്പിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ആ രീതിയിലുള്ള വിലവർദ്ധനവ് നമ്മൾ ഇതുവരെയും നടപ്പിലാക്കി യിട്ടില്ല. കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില 50% മുതൽ 75% വരെ വർദ്ധിച്ചിട്ടുണ്ട്. എന്നാലും അതിനനുസൃതമായി കാലിത്തീറ്റയുടെ വില മിൽമയോ കേരള ഫീഡ്സോ വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന മറ്റ് സ്വകാര്യ സ്ഥാപനങ്ങളുടെ കാലിത്തീറ്റകളേക്കാൾ വില കുറച്ചാണ് മിൽമയും കേരള ഫീഡ്സും വിൽപ്പന നടത്തുന്നത്. പുറത്തുനിന്ന് കൊണ്ടുവരുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സർക്കാർ തലത്തിൽ ടെസ്റ്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നത് ഉചിതമാണ്. മിൽമ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ചതിനുശേഷം കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ്/ ഗവൺമെന്റ് അംഗീകൃത ലാബുകളിലും മിൽമയുടെ ലാബുകളിലും കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. മിൽമയ്ക്കും മേഖലാ യൂണിയനുകൾ ക്കുമുണ്ടാകുന്ന പ്രവർത്തനലാഭം പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും അതാതുസമയങ്ങളിൽ ക്ഷീര സംഘങ്ങൾവഴി കർഷകർക്ക് കൈമാറി വരികയാണ്. ഫെഡറേഷൻ നിലവിൽ കാലിത്തീറ്റ ചാക്ക് ഒന്നിന് 70 രൂപ

ഡിസ്കൗണ്ട് നൽകിവരുന്നു. മിൽമയുടെ മലബാർ മേഖലാ യൂണിയൻ 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി 2.37 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി നൽകിയിട്ടുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കാലിത്തീറ്റ ചാക്ക് ഒന്നിന് 400 രൂപ സബ്സിഡി ഇനത്തിൽ മിൽമയും കേരള ഫീഡ്സുംകൂടി ചേർന്ന് 2.95 ലക്ഷം ചാക്കുകൾ 1.95 ലക്ഷം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സമഗ്രമായ ഒരു നിയമം പാസ്സാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ പ്രാരംഭ നടപടികളെല്ലാം പൂർത്തിയായിരിക്കുകയാണ്. ഇന്ത്യയിൽത്തന്നെ ആദ്യമായിട്ടായിരിക്കും കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഒരു നിയമം കൊണ്ടുവരുന്നത്.

കറവക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി മിൽമ, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു. മൃഗചികിത്സാ ചെലവ് ലഘൂകരിക്കുന്നതിനായി മേഖലാ യൂണിയനുകൾ വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റുകൾ നടപ്പിലാക്കിവരുന്നുണ്ട്. ക്ഷീരസംഘങ്ങൾവഴി 2019-20 വർഷം 4018 മെട്രിക് ടൺ പച്ചപ്പുല്ല് സബ്സിഡിയോടുകൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അഞ്ച് ഏക്കർ സ്ഥലത്ത് വ്യാവസായിക പുൽക്കൃഷി നടത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകിവരുന്നു. കാലിത്തീറ്റയുടെ വില വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാൽ കർഷകർ കന്നുകുട്ടികളെ വിൽക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ കന്നുകുട്ടികൾക്ക് കാലിത്തീറ്റ സബ്സിഡിയായി നൽകുന്നതിനും അങ്ങനെ കാലികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതിനുമുള്ള പരിശ്രമം ഗവൺമെന്റിപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കണമെന്ന് ശ്രീ. അനൂപ് ജേക്കബ് നിർദ്ദേശം വയ്ക്കുകയുണ്ടായി. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഡയറി ലാബുകൾ സ്ഥാപിക്കുന്നുണ്ട്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഗുണനിലവാര പരിശോധനയ്ക്കായി സുസജ്ജമായ ലബോറട്ടറികളുണ്ട്. മിക്ക പ്ലാന്റുകളിലും കേന്ദ്ര-സംസ്ഥാന ഫണ്ടുകളുപയോഗിച്ചും സ്വന്തം ഫണ്ടുപയോഗിച്ചും വാങ്ങിയ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നതിലൂടെ പാലിന്റെ വിശദമായ പരിശോധനകൾ കൃത്യമായി ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ ഈ ലാബുകളിലെല്ലാംതന്നെ പരിശോധനയ്ക്ക് ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും കൃത്യമായി കാലിബറേറ്റ് ചെയ്യപ്പെട്ടവയും നിർദ്ദിഷ്ട ഗവൺമെന്റ് വകുപ്പുകൾ അനുശാസിക്കുന്ന പരിശോധനാ രീതികൾ അവലംബിക്കുകയും ചെയ്യുന്നവയാണ്. ഗുണനിലവാര പരിശോധന നടത്തുന്നതിന് യോഗ്യരായ ആളുകളും നൂതന പരിശോധനാ സംവിധാനങ്ങളുമുള്ളതിനാൽ ലഭിക്കുന്ന പാലിന്റെ ഗുണനിലവാരം

ഉറപ്പുവരുത്തുന്നതിന് മിൽമയ്ക്ക് സാധിക്കുന്നുണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽറ്ററേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് അല്ലെങ്കിൽ ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെ പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്. ക്ഷീര കർഷകർ ഗുണനിലവാരമുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നുവെന്നും ഉപഭോക്താക്കൾക്ക് ശുദ്ധവും ഗുണനിലവാരവുമുള്ള പാൽ മാർക്കറ്റിൽ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം, ആര്യങ്കാവ് എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥിരം പാൽ പരിശോധനാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മീനാക്ഷിപുരത്ത് ഈ ഗവൺമെന്റ് വന്നതിനു ശേഷം സ്ഥാപിച്ച പരിശോധനാ സംവിധാനം ഇപ്പോൾ കൂടുതൽ മെച്ചപ്പെടുത്തി, പുതിയ കെട്ടിടം പണിത് എല്ലാ സൗകര്യങ്ങളോടുംകൂടി ലാബിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി അവിടെ പങ്കെടുത്തതാണ്. മീനാക്ഷിപുരത്തും ആര്യങ്കാവിലും 24 മണിക്കൂർ പരിശോധനാ സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. പാറശ്ശാലയിൽക്കൂടി ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാൽ സാമ്പിൾ പരിശോധിച്ച് adulterate ആണെന്ന് കണ്ടാൽ ഫുഡ് സേഫ്റ്റി വിഭാഗത്തിനെയാണ് ഏൽപ്പിക്കുന്നത്. അവർക്ക് മാത്രമേ കേസെടുക്കാനുള്ള അധികാരമുള്ളൂവെന്ന കാര്യം നിങ്ങൾക്ക് അറിയാവുന്നതാണ്. ആ പോരായ്മ നിലനിൽക്കുന്നുണ്ട്. ക്ഷീരവികസന വകുപ്പിൽ പ്രത്യേകമായി പാൽ ഗുണനിലവാര നിർണ്ണയ പരിപാടികൾ സംഘടിപ്പിച്ചും ജില്ലാടിസ്ഥാനത്തിലുള്ള ഗുണനിയന്ത്രണ ലാബുകളുടെയും മൊബൈൽ ലാബുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് മായം കലരാത്തതും ഗുണനിലവാരമുള്ളതുമായ പാൽ ലഭിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ലിറ്ററിന് ഒരു രൂപ എന്ന നിലയിൽ ഡിപ്പാർട്ടുമെന്റ് പാലിന് സബ്സിഡി കൊടുക്കുമ്പോൾത്തന്നെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപ വരെ സബ്സിഡി കൊടുക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് കൊടുക്കുന്ന ഒരു രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ കൊടുക്കുന്നതും അധികവിലയായി കർഷകർക്ക് ലഭിക്കുന്നുണ്ടെന്നുള്ളത് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും

മെച്ചപ്പെട്ട പാലും പാലുൽപ്പന്നങ്ങളും ലഭ്യമാക്കുന്നത് മിൽമയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പലപ്പോഴും മിൽമയുടെ ഉത്പന്നങ്ങൾക്കെതിരായി വ്യാപകമായ പ്രചരണങ്ങളും മറ്റും നടക്കുന്നുണ്ട്. അത് യാഥാർത്ഥ്യമല്ല. കാലിത്തീറ്റയുടെ കാര്യത്തിൽ കേരള ഫീഡ്സിന്റെ ഉൽപ്പന്നങ്ങൾ ഗുണനിലവാരമുള്ളവയാണ്. കേരള ഫീഡ്സിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിച്ച് 1500 ടണ്ണിലധികം കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നുണ്ട്. തൊടുപുഴ, കോഴിക്കോട് പ്ലാന്റുകൾ പ്രവർത്തനം ആരംഭിച്ചു. ആവശ്യമുള്ള ഇൻഗ്രീഡിയന്റ്സ് എല്ലാം ഉറപ്പുവരുത്തിക്കൊണ്ടാണ് കേരളാ ഫീഡ്സും മിൽമയും കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നത്. ഇതിനെക്കാളെല്ലാം പ്രധാനം, ക്ഷീര മേഖലയിൽ വലിയതോതിൽ ഉൽപ്പാദന വർദ്ധനവ് വരുത്തി നാം സ്വയം പര്യാപ്തതയിൽ എത്തിക്കഴിഞ്ഞുവെന്നതാണ്. ഇത് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുമെന്നാണ് ഞാൻ കരുതുന്നത്. മലബാർ മേഖലയിൽ പാൽ അധികമാണ്. എറണാകുളം മേഖലയിലും പാൽ വിപണനം കഴിഞ്ഞ് അധികമാണെന്ന് ഇന്നലെ മേഖലാ ചെയർമാൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെയൊരു സാഹചര്യമാണ് ഇപ്പോഴുള്ളത്. എങ്കിലും പാലുൽപ്പന്നങ്ങൾ അധികമായി ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ട പരിശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാർ, വിദേശ രാജ്യങ്ങളുമായുണ്ടാക്കുന്ന കരാറുകളിലെല്ലാം പാലിനും പാലുൽപ്പന്നങ്ങൾക്കും ആ മേഖലയിലെ കർഷകർക്കും വലിയ തിരിച്ചടിയുണ്ടാകുന്ന സമീപനമാണ് സ്വീകരിക്കുന്നത്. പാലുൽപ്പന്നങ്ങളും പാലും ഇറക്കുമതി ചെയ്യാനുള്ള കരാറുകളിൽ ഏർപ്പെടുന്നു, വിദേശരാജ്യങ്ങളുമായി അതിനുള്ള ധാരണകളിലെത്തുന്നു എന്നിങ്ങനെ വളരെ ഭീതിജനകമായ ഒരന്തരീക്ഷം ഈ മേഖലയെ സംബന്ധിച്ച് നിലവിലുണ്ട്. യഥാർത്ഥത്തിൽ പ്രമേയാവതാരകൻ അതുകൂടി സൂചിപ്പിക്കേണ്ടതായിരുന്നു എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇത്തരത്തിലുള്ള കേന്ദ്ര സമീപനം എതിർക്കപ്പെടേണ്ടത് തന്നെയാണ്. എനിക്ക് ഒരു ചോദ്യം ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് വെറ്ററിനറി ഹോസ്പിറ്റലുകളുടെ പ്രവർത്തനങ്ങൾ 24 മണിക്കൂറാക്കിയിട്ടുണ്ട്. എന്നാൽ അത് എല്ലായിടത്തുമില്ല, കേന്ദ്രീകൃതമായ സ്ഥലങ്ങളിൽ മാത്രമാണ്. ഓരോ സ്ഥലത്തും ഈ മേഖലയിലെ പ്രാധാന്യം കണക്കാക്കി അത്തരത്തിലുള്ള സ്ഥലങ്ങളിലെ മൃഗാശുപത്രികളുടെ പ്രവർത്തനം 24 മണിക്കൂറാക്കി ഉയർത്തേണ്ടത് അനിവാര്യമാണ്. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ആ ഉദ്ദേശ്യംതന്നെയാണ് ഡിപ്പാർട്ടുമെന്റിനുമുള്ളത്. ചില പഞ്ചായത്തുകളിൽ രണ്ടായിരത്തിലധികം കന്നുകാലികളുണ്ടാകും, 500-ൽ താഴെ മാത്രം കന്നുകാലികളുള്ള ചില മേഖലകളുമുണ്ട്. അത്തരം സ്ഥലങ്ങളിലെ

ആശുപത്രികളുടെ പ്രവർത്തനങ്ങൾ ഒന്നുകൂടി ക്രമീകരിക്കേണ്ടതുണ്ട്. അതിനുവേണ്ട പുന:സംഘടനയെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ ക്രമീകരണങ്ങളെല്ലാം ഈ സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. 24 മണിക്കൂർ സേവനം എന്നത് ഇപ്പോൾ തുടങ്ങിയതാണ്. സംസ്ഥാനത്ത് ഇപ്പോൾ 29 ആശുപത്രികളിൽ 24 മണിക്കൂറും വിളക്കണയാത്ത സേവനം ലഭ്യമാകുന്നുണ്ട്. മറ്റ് സ്ഥലങ്ങളിൽ രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കുന്ന, താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ഒരു ആശുപത്രിയെ തെരഞ്ഞെടുത്ത് അവിടെ കൂടുതൽ ഡോക്ടർമാരെ ലഭ്യമാക്കുന്ന തരത്തിലുള്ള സംവിധാനം ആലോചിച്ച് നടപ്പിലാക്കിവരികയാണ്. അതുപോലെതന്നെ വിവിധ ജില്ലകളിൽ മൊബൈൽ ആശുപത്രി യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും ആലോചിച്ചിട്ടുണ്ട്. ഇപ്പോൾ കൊല്ലത്തും കോഴിക്കോട്ടും മാത്രമാണ് മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്, മറ്റ് ജില്ലകളിൽക്കൂടി ആരംഭിക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

## IV സബ്മിഷൻ

### (1) റിമാൻഡ് പ്രതിയുടെ തൂങ്ങി മരണം

ഡോ. എം. കെ. മുനീർ: സർ, പന്തീരാങ്കാവ് പോലീസ് സ്റ്റേഷന്റെ പരിധിയിൽ മാങ്കാവ് കുറ്റിയിൽത്താഴം, കരിമ്പെയിൽ, എ. കെ. ബീരാൻകോയയെ 6-1-2021-ന് രാവിലെ ജില്ലാ ജയിലിൽ തൂങ്ങിമരിച്ച നിലയിൽ കാണുകയുണ്ടായി. പന്തീരാങ്കാവ് പോലീസ് സ്റ്റേഷന്റെ പരിധിയിൽ പാനായി പ്രദേശത്ത് ബീരാൻകോയയുടെ വീടിനടുത്ത് മദ്യപിക്കുകയും മയക്കുമരുന്ന് ഉപയോഗിക്കുകയും ചെയ്യുന്ന കുറെ ആളുകൾ സ്ഥിരമായി കൂടാറുണ്ട്. അവിടെച്ചെന്ന് ബീരാൻകോയ അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അദ്ദേഹത്തെ അവർ മാരകമായി മർദ്ദിച്ച് പരിക്കേൽപ്പിച്ച് തിരിച്ചുവിടുകയുണ്ടായി. ഈ ആളുകൾക്കെതിരെ ബീരാൻകോയ കേസ് കൊടുക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി അവർ മുൻകൂട്ടി അദ്ദേഹത്തിന്റെ പേരിൽ പന്തീരാങ്കാവ് സ്റ്റേഷനിൽ വ്യാജ പരാതി കൊടുക്കുകയുണ്ടായി. കുറച്ച് കഴിഞ്ഞ് രണ്ട് പോലീസുകാർ മഫ്തിയിൽ വന്ന് ബീരാൻകോയയെ ഓട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടുപോയി. അന്ന് ഞായറാഴ്ച ദിവസമായിട്ടുപോലും മജിസ്ട്രേട്ടിന്റെയടുത്ത് ഹാജരാക്കി റിമാൻഡ് ചെയ്ത് ജില്ലാ ജയിലിലെത്തിച്ചു. അദ്ദേഹത്തിനുണ്ടായ മാനഹാനികൊണ്ടായിരിക്കണം ജയിലിൽവച്ച് ബീരാൻകോയ ആത്മഹത്യ ചെയ്തു. അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് അവിടെ അന്വേഷിച്ചാൽ എല്ലാവർക്കും അറിയാൻ കഴിയും. എല്ലാവരെയും സ്നേഹിക്കുന്ന, രാഷ്ട്രീയം നോക്കാതെ എല്ലാവരെയും സഹായിക്കുന്ന

ഒരാളായിരുന്നു. ഈ സംഭവം ആ പ്രദേശത്തുള്ളവർക്ക് വളരെയധികം മനോവിഷമമുണ്ടാക്കിയിരിക്കുകയാണ്. അവിടെയൊരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ തലപ്പത്തിരിക്കുന്നത് ശ്രീ. കുഞ്ഞുമോൻ എന്ന മുസ്ലീം ലീഗുകാരനാണെങ്കിൽ അതിന്റെ കൺവീനർ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. അജയൻ എന്നയാളാണ്. കോൺഗ്രസ്സുകാരനായ ശ്രീ. ഗോപിനാഥ്, എൽ.ഡി.എഫ് കൗൺസിലർമാരായ ശ്രീ. ഈസ അഹമ്മദ്, ശ്രീ. സുരേഷ്, യു.ഡി.എഫ്. കൗൺസിലറായ ശ്രീമതി കവിത അരുൺ എന്നിവർ ആക്ഷൻ കമ്മിറ്റി അംഗങ്ങളാണ്. രാഷ്ട്രീയ ഭേദമില്ലാതെയാണ് അവിടത്തെ ആളുകളെല്ലാം ചേർന്ന് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഇപ്പോൾ സിറ്റി പോലീസ് മേധാവി ഒരു സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറെവച്ച് കേസ് അന്വേഷിക്കുന്നുണ്ട്. പക്ഷേ അന്വേഷണം എവിടെയുമെത്തിയിട്ടില്ല. എനിക്ക് പറയാനുള്ളത് രാഷ്ട്രീയഭേദമെന്യേ എല്ലാ കക്ഷികളും ഒരുമിച്ചുനിന്നുകൊണ്ട് ഇക്കാര്യത്തിൽ നീതി കിട്ടണമെന്ന് ആഗ്രഹിക്കുന്ന സാഹചര്യത്തിൽ, ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് പന്തീരാങ്കാവ് പോലീസ് സ്റ്റേഷന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ള കുറ്റകരമായ അനാസ്ഥയെക്കുറിച്ച് അന്വേഷിക്കുകയും അതുമായി ബന്ധപ്പെട്ടവരുടെ പേരിൽ നടപടിയെടുക്കുകയും ചെയ്യണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് അനുകൂലമായ മറുപടി പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കോഴിക്കോട് പന്തീരാങ്കാവ് പാലാഴി സ്വദേശിനിയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും സംസാര വൈകല്യമുള്ളതുമായ യുവതിയെ അവരുടെ വീട്ടിലെ സന്ദർശകനായ പന്തീരാങ്കാവ് സ്വദേശി ബീരാൻ കോയ എന്നയാൾ 1-1-2021-ന് മാനഹാനി വരുത്തിയെന്ന പരാതിയിന്മേൽ 2-1-2021-ന് പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 5/2021 ആയി ഐ.പി.സി. 354 വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. മാനഹാനിക്കിരയായ യുവതിയുടെയും ഭർത്താവിന്റെയും വീടിന്റെ ഉടമസ്ഥയായ സ്ത്രീയുടെയും അയൽവാസിയുടെയും മൊഴിയുടെ അടിസ്ഥാനത്തിലാണ് 3-1-2021-ന് ബീരാൻ കോയയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു. ബീരാൻ കോയ കോഴിക്കോട് സബ്ജയിലിൽ റിമാൻഡിൽ കഴിഞ്ഞുവരവെ 6-1-2021-ന് രാത്രി പാർപ്പിച്ചിരുന്ന സെല്ലിലെ ജനൽക്കമ്പിയിൽ തോർത്തുപയോഗിച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോകവെ മരണപ്പെടുകയുമുണ്ടായി. ഇതുസംബന്ധിച്ച് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 20/2021, ഐ.പി.സി. 174 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്നേദിവസം സബ് ജയിലിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. മനോജ് ടി.-യെ

7-1-2021-ന് സസ്പെന്റ് ചെയ്തു. ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. കലേഷ് കെ.-യെ ചീമേനി തുറന്ന ജയിലിലേയ്ക്കും ജയിൽ സൂപ്രണ്ട് ശ്രീ. കെ. കെ. റിനിലിനെ വൈത്തിരി സ്പെഷ്യൽ സബ്ജയിലിലേയ്ക്കും സ്ഥലംമാറ്റി. ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിന് ഉത്തര മേഖലാ ജയിൽ ഡി.ഐ.ജി. ശ്രീ. എം. കെ. വിനോദ് കുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുമുമ്പുണ്ടായ ഒരു സംഭവത്തെപ്പറ്റിയാണ് ഇവിടെ ബഹുമാന്യനായ അംഗം ഡോ. എം. കെ. മുനീർ ചൂണ്ടിക്കാണിച്ചത്. പ്രസ്തുത സംഭവമാണ് ഇത്തരമൊരു കേസ് ഉത്ഭവിക്കാനിട യായതെന്നാണ് അദ്ദേഹം പരാതിപ്പെട്ടിട്ടുള്ളത്. ആ റിപ്പോർട്ട് ഇപ്പോൾ എന്റെ കയ്യിലില്ല. അതുമായി ബന്ധപ്പെട്ട് അന്വേഷണം വേണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇത് കോഴിക്കോട് സിറ്റി അതിർത്തിയിലായതുകൊണ്ട് സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ടീം ഇക്കാര്യം അന്വേഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാം. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വച്ചുകൊണ്ട് അത്തരമൊരു അന്വേഷണ സംവിധാനം അവിടെ ഉണ്ടാക്കാവുന്നതാണ്.

## (2) വിവരാവകാശ നിയമം ദുരുപയോഗം ചെയ്യൽ

ശ്രീ. എ. എൻ. ഷംസീർ: സർ, 2004-ൽ ഇടതുപക്ഷം പിന്തുണച്ച ഒന്നാമത്തെ യു.പി.എ. സർക്കാരിന്റെ ഭരണകാലത്താണ് ജനാധിപത്യത്തെ ശക്തി പ്പെടുത്താനായി Right to Information Act പാസ്സാക്കിയത്. 2005-ൽ അത് രൂപീകരിച്ച ശേഷം ജനാധിപത്യത്തിന് വലിയ ഗുണം ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ പിന്നീട് വിസിൽ ബ്ലോവേഴ്സ് എന്ന പേരിൽ വിളിക്കാൻ തുടങ്ങി. അത് ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്താൻ വലിയ പങ്കുവഹിച്ചു വെന്ന അഭിപ്രായക്കാരനാണ് ഞാൻ. Right to Information Act വന്നതിന്റെ ഭാഗമായി ജനാധിപത്യത്തെ മലീമസപ്പെടുത്തുന്ന പല തെറ്റായ പ്രവണതകളും അവസാനിപ്പിക്കാൻ നമുക്ക് സാധിച്ചു. എന്നാൽ ഇപ്പോൾ Right to Information Activists എന്ന ഗ്രൂപ്പിലെ ഒരു മൈക്രോസ്കോപിക് മൈനോറിറ്റി ഒരു മാഫിയ സംഘമായി മാറിക്കൊണ്ടിരിക്കുകയാണ്. വിസിൽ ബ്ലോവേഴ്സെന്ന പേരിൽ അറിയ പ്പെട്ടുകൊണ്ട് Right to Information Act പ്രകാരം പരാതികൾ നൽകി പല പദ്ധതികളും അവർ മുടക്കുകയാണ്. വലിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിനെതിരെ പരാതി കൊടുത്ത് മുടക്കുന്നുവെന്ന് മാത്രമല്ല, വിവരാവകാശ പ്രവർത്തകരെന്ന് നടിക്കുന്ന ഒരു ചെറിയ വിഭാഗം ജനാധിപത്യ പ്രക്രിയയെ ദുർബലപ്പെടുത്തുന്ന പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുകയുമാണ്. ഒരു കേസിനെ സംബന്ധിച്ച് ഇവർ ആദ്യം വിവരാവകാശ നിയമ പ്രകാരം പരാതി നൽകുകയും പിന്നീട് ആ കേസ് സെറ്റിൽ ചെയ്യുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഒരു ചെറിയ ഗ്രൂപ്പ് മാഫിയ സംഘമായി മാറുന്നു.

ഇങ്ങനെ പ്രവർത്തിക്കുന്ന സംഘത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പട്ടണങ്ങൾ കേന്ദ്രീകരിച്ച് വെൽ ഫർണിഷ്ഡ് ഓഫീസും മറ്റ് സംവിധാനങ്ങളുമടക്കമാണ് ഇവരിപ്പോൾ പ്രവർത്തിക്കുന്നത്. പട്ടണങ്ങളിൽ വലിയ മാളുകൾ നിർമ്മിക്കപ്പെടുമ്പോൾ ഇവർ ആവശ്യപ്പടുന്നത് മൂന്നുനാല് ഷട്ടർ റൂം അവർക്ക് നൽകണമെന്നോ അതല്ലെങ്കിൽ നിശ്ചിത തുക കൊടുക്കണമെന്നോ ആണ്. ഈ രീതിയിൽ മാഫിയ സംഘമായി Right to Information Activists-ലെ ഒരു ചെറിയ ഗ്രൂപ്പ് മാറുകയാണ്. ഇത്തരത്തിൽ Right to Information Act ദുരുപയോഗം ചെയ്യപ്പെടുന്ന പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഇതിനെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇവരുടെ സാമ്പത്തിക ആസ്തിയുൾപ്പെടെ അന്വേഷണത്തിന് വിധേയമാക്കുമോ; ഒരു വിവരാവകാശ പ്രവർത്തകന് എങ്ങനെയാണ് ഓഫീസ് തുറന്ന് പ്രവർത്തിക്കാൻ സാധിക്കുന്നത്; എങ്ങനെയാണ് ഓഫീസ് മെയിന്റയിൻ ചെയ്യാൻ സാധിക്കുന്നത്; അതിന്റെ സാമ്പത്തിക സ്രോതസ്സ് എങ്ങനെയാണ്; ഇവർ വിവരാവകാശ നിയമ പ്രകാരം നൽകുന്ന കേസുകൾ പിന്നീടെങ്ങനെയാണ് സെറ്റിൽ ചെയ്യപ്പെടുന്നത്; അതിന്റെ തുടരന്വേഷണം നടക്കുന്നുണ്ടോ എന്നീ കാര്യങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തുന്നതോടൊപ്പം ഇത്തരം വിവരാവകാശ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകണം എന്നീ കാര്യങ്ങളാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഭരണ രംഗം കൂടുതൽ സുതാര്യമാക്കുന്നതുവഴി ജനാധിപത്യ സംവിധാനത്തിന് കൂടുതൽ കരുത്ത് പകരാൻ വിവരാവകാശ നിയമം നിലവിൽ വന്നതോടെ സാധിച്ചിട്ടുണ്ട്. ഭരണനിർവ്വഹണ രംഗത്ത് കൈക്കൊള്ളുന്ന തീരുമാനങ്ങളും നടപടികളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇതിലൂടെ കഴിഞ്ഞു. ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കാനും സേവനങ്ങൾ കാലതാമസം കൂടാതെ പൊതുജനങ്ങൾക്ക് ലഭ്യമാകുമെന്ന് ഉറപ്പാക്കാനും നിയമം സഹായകമായിട്ടുണ്ട്. ഭരണതലത്തിലെ ജനകീയവത്കരണത്തിന് അത്തരത്തിൽ ഇത് പുതിയ അദ്ധ്യായം തുറന്നിട്ടുണ്ട്. അതേസമയം വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തെയും കാണാതിരിക്കരുത്. ആ വശമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ഒരേ അപേക്ഷകർ പലതവണ അപേക്ഷകൾ സമർപ്പിക്കുന്നതും കൃത്യമായ മറുപടി നൽകാൻ കഴിയാത്ത സങ്കീർണ്ണമായ വിഷയങ്ങൾ ഉന്നയിക്കുന്നതും മറുപടിയിൽ വ്യക്തതയില്ലെന്ന് ആരോപിച്ച് അപ്പീൽ നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്കുള്ള സൗജന്യങ്ങൾ ദുരുപയോഗം ചെയ്യുന്ന സ്ഥിതിയുമുണ്ട്. നിയമം കൂടുതൽ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി

സെക്രട്ടേറിയറ്റിലും തുടർന്ന് മറ്റ് വകുപ്പുകളിലും വിവരാവകാശ അപേക്ഷകൾ ഓൺലൈൻവഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നതായി ബോദ്ധ്യപ്പെടുന്ന സാഹചര്യങ്ങളിൽ അത്തരം വ്യക്തികൾക്ക് താക്കീത് നൽകുകയും പൊതുശല്യക്കാരനായി പരാമർശിച്ചും സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. ഇത്തരം അപേക്ഷകർക്കെതിരെ നടപടികൾ സ്വീകരിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ലെങ്കിലും ദുരുപയോഗം ചെയ്യുന്നതായി ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ നിരാകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതുസംബന്ധിച്ച് വ്യക്തമായ മാനദണ്ഡം രൂപപ്പെടുത്തുക സർക്കാരിന് എളുപ്പമല്ലെന്ന വസ്തുതയും നിലനിൽക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ ബഹുമാന്യനായ അംഗം ഉന്നയിച്ച പ്രശ്നത്തിൽ എന്താണ് തുടർന്ന് ചെയ്യാൻ കഴിയുകയെന്നുള്ളത് പരിശോധിക്കാം.

12.00 Noon]

## (3) കായൽജലം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കൊച്ചി നഗരത്തിന്റെ ചുറ്റുപാടുമുള്ള പള്ളുരുത്തി, ഇടക്കൊച്ചി, വടുതല, പച്ചാളം, താന്തോന്നിത്തുരുത്ത് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഓരുവെള്ളം (ഉപ്പുവെള്ളം) കയറി വീടുകൾക്ക് നാശ നഷ്ടമുണ്ടാകുകയും നടീൽ വസ്തുക്കൾ നശിക്കുകയും സെപ്റ്റിക് ടാങ്കിനകത്തും മറ്റും വെള്ളം കയറുന്നതിന്റെ ഫലമായി പ്രാഥമിക കർത്തവ്യങ്ങൾപോലും നിർവ്വഹിക്കാൻ കഴിയാതെ കഴിഞ്ഞ കുറേ നാളുകളായി പ്രദേശവാസികൾ വല്ലാതെ ബുദ്ധിമുട്ടുകയാണ്. ഈ സബ്മിഷന് അനുമതി ചോദിക്കുമ്പോൾ ഇത് കൊച്ചിയിലെ മാത്രം പ്രശ്നമെന്ന നിലയ്ക്കാണ് കണ്ടതെങ്കിൽ ഇന്ന് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഈ പ്രശ്നമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. വൃശ്ചിക മാസത്തിൽ സാധാരണഗതിയിൽ വേലിയേറ്റ സമയത്ത് ഓരുവെള്ളം കയറാറുണ്ട്. എന്നാൽ ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ ആ പ്രവണത അവസാനിക്കും. പക്ഷേ ഇപ്പോൾ വൃശ്ചിക മാസത്തിൽ മാത്രമല്ല ഈ മാസവും ഇത്തരത്തിൽ വലിയ തോതിൽ വേലിയേറ്റത്തിൽ വെള്ളം കയറുകയും വലിയ നാശനഷ്ടമുണ്ടാകുകയും ചെയ്യുതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഈ പ്രശ്നത്തിൽ 2019-ൽ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ കായലുകളിൽ എക്കൽ അടിഞ്ഞുകൂടുകയും അടിത്തട്ടിൽ പായലുകളും മറ്റും വളർന്ന് ജലം ആഗിരണം ചെയ്യാനുള്ള ശേഷി നഷ്ടപ്പെട്ടുവെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയത്. അത് പരിഹരിക്കാനുള്ള ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. മാത്രമല്ല, സംസ്ഥാനത്തെ കായലുകളിലെ എക്കലും മറ്റും നീക്കുന്നതിനായി

പ്രത്യേകിച്ച് കൊച്ചി വേമ്പനാട്ടുകായലിലെ എക്കൽ നീക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ നീക്കംചെയ്യുന്ന എക്കലുകൾ എവിടെ നിക്ഷേപിക്കു മെന്നതടക്കമുള്ള പ്രശ്നങ്ങളിൽ തീർപ്പുകൽപ്പിക്കാത്തതിന്റെ ഫലമായി ചെറിയൊരു മഴ പെയ്താൽപ്പോലും വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥിതിയുമുണ്ട്. ഇത് വലിയ തോതിൽ ജനജീവിതം ദുസ്സഹമാക്കുകയാണ്. ഈ സാഹചര്യത്തിൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഈ മാറ്റം പഠിക്കുന്നതോടൊപ്പം ഇതിലകപ്പെട്ട ജനങ്ങളെ സഹായിക്കാനായി എക്കൽ നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടികളുണ്ടാകണമെന്നും അതുവഴി ഈ പ്രശ്നത്തിന് പരിഹാരം കാണാനാവശ്യമായ തീരുമാനമുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പശ്ചിമ കൊച്ചിയിലെ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കായൽജലം കയറുന്നത് ജനജീവിതത്തെ ദുസ്സഹമാക്കുന്നുണ്ട്. നഗരാതിർത്തിയിലുള്ള ഏകദേശം 240 ഓടകൾ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി എല്ലാ വർഷവും എക്കൽ നീക്കം ചെയ്ത് വൃത്തിയാക്കാറുണ്ട്. പ്രതിവർഷം 6 കോടിയോളം രൂപ ഇതിനായി ചെലവഴിക്കുന്നു. ബ്രഹ്മപുരത്ത് കോർപ്പറേഷന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മിച്ചമുള്ള 10 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തി കൗൺസിൽ/സർക്കാർ അനുമതിയോടെ എക്കൽ, ചെളി തുടങ്ങിയവ ശാസ്ത്രീയമായി നിക്ഷേപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. മൂവാറ്റുപുഴ, പെരിയാർ എന്നിവയുടെ ഡീസിൽറ്റിംഗ് നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കണ്ണങ്കാട്ട് വെല്ലിംഗ്ടൺ ഐലൻഡ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിലെ എക്കൽ നീക്കം ചെയ്യുന്നതിന് 13.79 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾനാടൻ ജലഗതാഗത വകുപ്പിൽ പരിശോധനയിലാണ്. ഈ പ്രവൃത്തി നടപ്പിലാക്കുമ്പോൾ എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി പള്ളുരുത്തി മേഖലയിലെ മൂന്നേക്കർ ഭൂമി ലീസിന് നൽകണമെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 11/66-ൽ ഉൾപ്പെടുന്ന പ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾക്ക് അനുമതി നൽകുന്നതാണ്. ഫോർട്ട് കൊച്ചി മുതൽ ബോട്ട് റൂട്ടുകളുടെ ആഴം കൂട്ടൽ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എക്കലും മാലിന്യങ്ങളും നിക്ഷേപിക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (4) ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ: സർ, എന്റെ സബ്മിഷനുമായി ബന്ധപ്പെട്ട് ചില പ്രധാനപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കഴിഞ്ഞ സബ്മിഷൻ അവതാരകനും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ എന്റെ മണ്ഡലത്തിൽ നീലേശ്വരം മുനിസിപ്പാലിറ്റി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, തൊട്ടടുത്ത പഞ്ചായത്തുകളുൾപ്പെടെ വിവിധ പ്രദേശങ്ങളിലും ഈ വിഷയമുണ്ട്. കൃഷിയിടങ്ങളിലും ശുദ്ധജലമുള്ള കിണറുകളിലുമാണ് ഉപ്പുവെള്ളം കയറിക്കൊണ്ടിരിക്കുന്നത്. ഏക്കർ കണക്കിന് കൃഷിയിടങ്ങൾ ഇതിനോടകം നശിച്ചിരിക്കുകയാണ്. കൂടാതെ ഗുരുതരമായ കുടിവെള്ള പ്രശ്നവും നേരിടുന്നുണ്ട്. അതോടൊപ്പംതന്നെ തൊട്ടടുത്തുള്ള കണ്ണൂർ ജില്ലയിലും ചെറുകുന്ന്, മാട്ടൂർ, കല്ല്യാശേരി പഞ്ചായത്തുകളിലും ഈ വിഷയമുണ്ടെന്ന് പത്ര മാധ്യമങ്ങളിലൂടെ അറിയുകയുണ്ടായി. മറ്റ് ജില്ലകളിലെ പ്രശ്നങ്ങളും ഇവിടെ പരാമർശിക്കുകയുണ്ടായി. ഇതിന്റെ ശാസ്ത്രീയമായ കാരണങ്ങൾ കണ്ടെത്തണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. പ്രായോഗികമായി പരിശോധിച്ചാൽ പലയിടങ്ങളിലും പുഴയോരത്ത് ഭിത്തിയില്ലാത്തതും അതുപോലെ ഉപ്പുവെള്ള പ്രതിരോധത്തിനുകൂടി സഹായകമാകുന്ന തടയണകളുടെ അഭാവവും ഈ പ്രതിസന്ധി രൂക്ഷമാകുന്നതിനിടയാക്കുന്നു. ആയതിനാൽ കൃഷിഭൂമിയിലും ശുദ്ധജലമുള്ള കിണറുകളിലും ഉപ്പുവെള്ളം കയറുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അകറ്റാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം ചർച്ചചെയ്ത് പരിഹാര നിർദ്ദേശങ്ങൾ ആരായണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കാര്യങ്കോട് പുഴയുടെ സമീപ പ്രദേശങ്ങളായ നീലേശ്വരം മുനിസിപ്പാലിറ്റിയിൽപ്പെട്ട മുണ്ടേമ്മാട്, പുറത്തെക്കൈ, കടിഞ്ഞിമൂല, പൊടോതുരുത്തി, ചെറുവത്തൂർ പഞ്ചായത്തിലെ കാവുംചിറ, കാട്ടുതല, അച്ചാംതുരുത്തി, മയ്യിച്ച എന്നീ പ്രദേശങ്ങളിൽ സാധാരണ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറാറില്ല. എന്നാൽ അടുത്തകാലത്തായി ശക്തമായ വേലിയേറ്റ സമയത്ത് മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നാശവും കിണറുകളിലെ വെള്ളം ഉപ്പുകലർന്ന് ഉപയോഗശൂന്യമാകുകയും ചെയ്തിട്ടുണ്ട്. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് നിലവിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. ആവശ്യമായ സ്ഥലങ്ങളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ നിർമ്മിക്കുക, കര സംരക്ഷണ പ്രവൃത്തികൾ നടത്തുക, നിലവിലുള്ള ബണ്ടുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക എന്നിവയിലൂടെ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയും. വിവിധ പ്രവൃത്തികൾക്കായി ഏകദേശം 20.24 കോടി രൂപയുടെ ചെലവ് വരുന്നതാണ്.

അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികൾ കണ്ടെത്തി ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഉപ്പുവെള്ളം കയറുന്നതും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതും സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 18-1-2021-ന് വിളിച്ചുചേർക്കുന്നുണ്ട്. യോഗത്തിൽ ഉരുത്തിരിയുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

## (5) കുട്ടികൾക്ക് സൗജന്യ ചികിത്സ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇതൊരു ശ്രദ്ധക്ഷണിക്കലോ അടിയന്തര പ്രമേയമോ ആയി അവതരിപ്പിക്കാൻ എനിക്ക് അവസരം ലഭിക്കാത്തതുകൊണ്ടാണ് സബ്മിഷനായി അവതരിപ്പിക്കുന്നത്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭിച്ചിരുന്ന കേരളത്തിലെ ഏറ്റവും വലിയ ചികിത്സാ കേന്ദ്രമായിരുന്ന തിരുവനന്തപുരത്തെ ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി. എന്നാൽ ഈ സൗജന്യ ചികിത്സ ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. രോഗികളായ കുട്ടികളുടെ നിലവിളി സർക്കാർ കേൾക്കാതെ പോകരുത്. 'ശ്രീചിത്ര സൗജന്യ ചികിത്സ നിർത്തലാക്കുന്നത് പ്രഖ്യാപിത ലക്ഷ്യങ്ങൾ കാറ്റിൽപ്പറത്തി, ക്രൂരത കുട്ടികളോട്, ശ്രീചിത്രയിൽ ഇനി പാവപ്പെട്ടവർക്ക് ചികിത്സയില്ല' എന്നിങ്ങനെയാണ് കേരളത്തിലെ മുഖ്യധാരാ പത്രങ്ങളിൽ ഈയിടെ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന വാർത്തകളുടെ തലക്കെട്ടുകൾ. എന്നാൽ ഒരു തവണപോലും സർക്കാർ ഇതിനോട് പ്രതികരി ച്ചിട്ടില്ലെന്നത് ക്രൂരവും ഖേദകരവുമാണെന്ന് ഞാൻ ഇവിടെ സവിനയം ചൂണ്ടി ക്കാണിക്കുകയാണ്. എന്നുമാത്രമല്ല നവജാത ശിശുക്കൾ, ഓട്ടിസം ബാധിച്ച കുട്ടികൾ, അസ്ഥി സംബന്ധമായ രോഗം ബാധിച്ച കുട്ടികൾ, തലയിൽ രക്തസ്രാവം ബാധിച്ച കുട്ടികൾ, ഹീമോഗ്ലോബിൻ സംബന്ധമായ രോഗം ബാധിച്ച കുട്ടികൾ എന്നിവരോടൊക്കെയുള്ള കടുത്ത അവഗണനയും അവരുടെ രക്ഷിതാക്കളോടുള്ള കടുത്ത വെല്ലുവിളിയും കൂടിയാണിത്. ഈ സ്ഥാപനം കേന്ദ്രസർക്കാരിന് കീഴിലാ ണെന്നതിനാൽ സംസ്ഥാന സർക്കാർ 'താലോലം' എന്ന പേരിൽ തയ്യാറാക്കിയ പദ്ധതിയനുസരിച്ചാണ് ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സ നൽകിയിരുന്നത്. സംസ്ഥാന സർക്കാർ നൽകേണ്ടിയിരുന്ന വൻതുക കുടിശ്ശിക യായതോടെയാണ് ആശുപത്രി അധികൃതർ സൗജന്യ ചികിത്സ നിർത്തിവച്ചത്. ഇതിനെതിരെ ബാലാവകാശ കമ്മീഷൻ കേസ്സെടുത്തിരിക്കുകയാണ്. നവംബർ 18-ന് സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം സൗജന്യ ചികിത്സ സംസ്ഥാനത്തെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. ഇത് കേരളത്തിൽ താമസിക്കുന്ന പാവപ്പെട്ട ഇതര സംസ്ഥാന കുടുംബങ്ങളിലെ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന

സൗജന്യ ചികിത്സ ഇല്ലാതാക്കി. എന്നാൽ ഇപ്പോൾ സംസ്ഥാനത്തെ കുട്ടികൾക്കും ചികിത്സ നിഷേധിച്ചിരിക്കുകയാണ്. കോടികൾ കുടിശ്ശിക വരുത്തുന്നതിന് മുമ്പ് ദരിദ്രരായ കുട്ടികൾക്കെങ്കിലും ചികിത്സ തുടരാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. അതുണ്ടായില്ലെന്നത് നിർഭാഗ്യകരമാണ്. കുട്ടികൾക്ക് മാത്രമല്ല, മുതിർന്നവർക്കും നൽകിവന്നിരുന്ന ചികിത്സാ ആനുകൂല്യങ്ങളും കർശന നിബന്ധനകളേർപ്പെടുത്തി തടഞ്ഞിരിക്കുകയാണ്. രോഗി ദാരിദ്ര്യരേഖയ്ക്ക് താഴെയാണെങ്കിലും ഗവേണിംഗ് ബോഡി നിശ്ചയിച്ച മാനദണ്ഡങ്ങളുള്ളവർക്ക് മാത്രമേ ഇനി സൗജന്യ ചികിത്സ ലഭ്യമാകൂ. ഈ നിബന്ധനകളാകട്ടെ ഒരാളും ഈ സൗജന്യം പറ്റരുതെന്ന നിർബന്ധ ബുദ്ധിയോടെ ഉണ്ടാക്കിയതാണെന്ന് പറയാതെ വയ്യ. ഉദാഹരണത്തിന്, രോഗിയുടെ കുടുംബത്തിൽ ഒരു വിധവയുണ്ടാകണം, ഒരു മാറാരോഗിയെങ്കിലും ഉണ്ടാകണം, രോഗികൾക്ക് സ്വന്തമായി വീടുണ്ടാകരുത് എന്നിവയൊക്കെ നിബന്ധനകളിൽ ചിലത് മാത്രമാണ്. ഈ നിബന്ധനകൾ കാരണം ഒട്ടേറെ അർഹർ പുറത്തായിട്ടും സർക്കാരിനോ ശ്രീചിത്രാ അധികൃതർക്കോ ഒരു കുലുക്കവുമില്ല. ശ്രീചിത്രയുടെ ആരംഭകാലത്ത് 20 ശതമാനം പേരാണ് പണം നൽകി ചികിത്സ നേടിയിരുന്നത്. ഇന്നത് മാറി സൗജന്യ ചികിത്സ ലഭിക്കുന്നവർ 20 ശതമാനം പോലുമില്ലെന്നതാണ് യാഥാർത്ഥ്യം. സ്ഥാപക ലക്ഷ്യങ്ങളെല്ലാം മാറിയതോടെ സൗജന്യ ചികിത്സ ലഭിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമായി മാറുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് വന്നുചേർന്നിരിക്കുന്നത്. സർക്കാർ അനാവശ്യ ചെലവുകൾക്കായി ചെലവഴിക്കുന്ന പണത്തിന്റെ ഒരു ശതമാനമുണ്ടായിരുന്നെങ്കിൽ ശ്രീചിത്രയിലെ കുടിശ്ശിക തീർക്കാമായിരുന്നില്ലേ? ഈ കുഞ്ഞുങ്ങളുടെ ദയനീയാവസ്ഥ സർക്കാർ മനസ്സിലാക്കണം. രക്ഷിതാക്കളുടെ ചുടുനിശ്വാസങ്ങൾ അറിയാതെയും കാണാതെയും പോകരുത്. എത്രയും വേഗം ശ്രീചിത്രയിലെ കുടിശ്ശികയടച്ച് പാവപ്പെട്ട കുട്ടികൾക്കുള്ള ചികിത്സാ പദ്ധതി ഒട്ടും അമാന്തിക്കാതെ പുനരാരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തിരുവനന്തപുരത്തുള്ള ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ്. രാജ്യത്തെ പ്രധാനപ്പെട്ട റിസർച്ച് സ്ഥാപനവും ചികിത്സാ കേന്ദ്രവുമാണിത്. പ്രധാനമായും ഹൃദയസംബന്ധവും ന്യൂറോളജി സംബന്ധവുമായ അസുഖങ്ങൾക്കുള്ള ചികിത്സയാണ് ഇവിടെ നൽകിവരുന്നത്. കുട്ടികൾക്കുള്ള വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന രാജ്യത്തെ പ്രധാന ചികിത്സാകേന്ദ്രം കൂടിയാണിത്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചികിത്സയ്ക്കെത്തുന്ന കേരളത്തിലെ

സാധാരണക്കാരായ രോഗികൾക്ക്, പ്രത്യേകിച്ചും കുട്ടികൾക്ക് മുൻകാലങ്ങളിൽ സർക്കാർ പദ്ധതികളായ താലോലം, ആർ.ബി.എസ്.കെ.(രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം), വിവിധങ്ങളായ സർക്കാർ ഇൻഷ്വറൻസ് പദ്ധതികൾ തുടങ്ങിയവ വഴി സംസ്ഥാന സർക്കാർ പണം അനുവദിച്ച് നൽകി വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കിയിരുന്നു. 2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ഏർപ്പെട്ടിരുന്ന കരാറിൻ പ്രകാരം കുട്ടികൾക്ക് ആർ.ബി.എസ്.കെ. പദ്ധതിയനുസരിച്ച് സൗജന്യമായി ചികിത്സ ലഭ്യമാക്കിവരികയായിരുന്നു. ഇതിനായി ചെലവാകുന്ന തുക സർക്കാർ നൽകിവന്നിരുന്നതിനാലാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിലെ നിബന്ധനകൾ പുതുക്കി നിശ്ചയിച്ചതിന്റെ ഭാഗമായി 2020 ഡിസംബർ 1-ന് ഒപ്പിട്ട പുതുക്കിയ കരാർ പ്രകാരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ 187 കുട്ടികൾക്കുള്ള ഹൃദയ ശസ്ത്രക്രിയകൾ മാത്രമേ കരാറിൽ ഉൾപ്പെടുത്താൻ തയ്യാറായുള്ളൂ. ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം രാജ്യത്താകമാനം നടപ്പാക്കാനായി തയ്യാറാക്കിയിരിക്കുന്ന ചികിത്സാ നിരക്കുകളാണെങ്കിലും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന് ഈ നിരക്കുകൾ കുറവാണെന്നുള്ള കാര്യം അംഗീകരിക്കാൻ സാധിക്കില്ലെന്നും ആയതിനാലാണ് കരാറിൽ ഇപ്രകാരത്തിലുള്ള വെട്ടിച്ചുരുക്കൽ നടത്തേണ്ടിവരുന്നതുമെന്നാണ് ആശുപത്രി അധികൃതർ അറിയിച്ചത്. എന്നാൽ, കേരളത്തിലെ അഞ്ച് സ്വകാര്യ ആശുപത്രികളും ഇതേ നിരക്കുകളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ ചികിത്സാ പദ്ധതി പ്രകാരമുള്ള ചികിത്സാ സൗജന്യം ഈ ആശുപത്രി അനുവദിക്കുന്നില്ലെന്നത് സംബന്ധിച്ച നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളുമായും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുമായും ചർച്ച നടത്തുകയും പരിഹാര നിർദ്ദേശമായി നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പിലാക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളെയും മിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരമുള്ള നടപടികൾ ഇപ്പോൾ നടന്നുവരികയാണ്. എന്നാൽ, രോഗികൾക്കുള്ള ചികിത്സാലഭ്യതയും ചികിത്സാസൗജന്യവും മുടങ്ങാതെ ഉറപ്പാക്കുന്നതിനുള്ള നടപടി എംപാനൽ ചെയ്തിട്ടുള്ള മറ്റ് ആശുപത്രികൾ മുഖാന്തരം സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്. ജനിക്കുമ്പോൾ തന്നെ ഹൃദയസംബന്ധമായ അസുഖങ്ങളുള്ള (Congenital heart disease) കുട്ടികൾക്കുവേണ്ടി ഈ ഗവൺമെന്റ് കൊണ്ടു വന്നിട്ടുള്ള പ്രത്യേക പരിപാടിയാണ് 'ഹൃദ്യം'. ഹൃദ്യവുമായി ബന്ധപ്പെട്ട ഓപ്പറേഷൻ ചെയ്യാൻവേണ്ടി എംപാനൽ ചെയ്ത സ്ഥാപനമായിരുന്നു ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്. കേരളത്തിലെ മറ്റുചില സ്വകാര്യ ആശുപത്രികളെയും എംപാനൽ ചെയ്തിട്ടുണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തീരുമാനപ്രകാരം കുട്ടികളുടെ

ഓപ്പറേഷൻ നടക്കില്ലെന്ന് പറഞ്ഞെങ്കിലും ഒരു ഓപ്പറേഷൻപോലും മുടങ്ങാൻ സർക്കാർ ഇടയാക്കിയിട്ടില്ല. അവരെ എംപാനൽ ചെയ്ത് മറ്റ് ആശുപത്രികളിലേയ്ക്ക് വിട്ടുകൊണ്ട് ആ ഓപ്പറേഷനുകളെല്ലാം കൃത്യമായി നടപ്പിലാക്കി എല്ലാ ചികിത്സയും ഉറപ്പുവരുത്തിയിട്ടുണ്ട്. 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' വിപുലമാക്കി അഷ്വറൻസ് മോഡലിലേയ്ക്ക് മാറ്റിയതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിനെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ച സന്ദർഭത്തിലും സമാനമായ സമീപനമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. അത് 41 ലക്ഷത്തിലേറെ കുടുംബങ്ങൾക്കാണ് സഹായകരമാകുന്നത്. അതിനെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റിയാണ് കാരുണ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ നേരത്തെ കാരുണ്യ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ചതുപോലെ ഏറ്റവും നല്ല രീതിയിൽ ആരോഗ്യ വകുപ്പിന് എല്ലാക്കാലത്തും ഗുണം ചെയ്യുന്ന കാര്യമാണ് സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റി രൂപീകരിച്ചുവെന്നുള്ളത്. വളരെ നല്ല രീതിയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റി നേരിട്ട് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിച്ചു. ഇൻഷ്വറൻസ് നടപ്പിലാക്കുന്ന കാര്യത്തിലും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് അനുകൂലമായ സമീപനമല്ല സ്വീകരിച്ചത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകരിക്കാൻ സാധിക്കില്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്ര സർക്കാരിന്റെ സയൻസ് & ടെക്നോളജി മന്ത്രാലയത്തെ സമീപിച്ചിരിക്കുന്നുവെന്നാണ് മറുപടി നൽകിയത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചർച്ച ചെയ്തുവരികയാണിപ്പോൾ. സംസ്ഥാനത്ത് 1-4-2019 മുതൽ ഏറ്റവും വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. ചികിത്സിക്കാൻ പണമില്ലാതെ വിഷമിക്കുന്ന പതിനായിരക്കണക്കിന് പേർക്കാണ് ഇത് തുണയായിട്ടുള്ളത്. കൃത്യമായി പറഞ്ഞാൽ 41,48,000 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഇ-കാർഡ് നൽകി സൗജന്യ ചികിത്സ ഉറപ്പാക്കിവരികയാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ 186 സർക്കാർ ആശുപത്രികളും 369 സ്വകാര്യ ആശുപത്രികളും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 5 ആശുപത്രികളുമുൾപ്പെടെ 560 ആശുപത്രികൾ ഈ പദ്ധതിയിൻകീഴിൽ എംപാനൽ ചെയ്തിട്ടുണ്ട്. കുറഞ്ഞ കാലംകൊണ്ട് സാധാരണക്കാരായ 16,24,000 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ ചികിത്സ നൽകാൻ സാധിച്ചു. KASP (Karunya Arogya Suraksha Padhathi)

വന്നതിനുശേഷം 41,48,000 കുടുംബങ്ങൾ എംപാനൽ ചെയ്ത ഈ കാലയളവിൽ തന്നെ 16,24,000 കുടുംബങ്ങൾ ചികിത്സ തേടിവരികയും അവർക്ക് സൗജന്യ ചികിത്സ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആളുകൾ വരുന്നതിനനുസരിച്ച് കൃത്യമായി ചികിത്സ കൊടുത്തുകൊണ്ടിരിക്കുകയാണ്. ചികിത്സാ ഇനത്തിലായി 941 കോടി രൂപ ഈ പദ്ധതിവഴി സൗജന്യ ചികിത്സയുടെ ഭാഗമായി സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ പദ്ധതിയും കൂടി ചേർന്നുകൊണ്ടാണ് ഇത് നടപ്പാക്കുന്നത്. ഒരു രോഗിക്കായി 100 രൂപ ചെലവഴിക്കുന്നുണ്ടെങ്കിൽ 89 രൂപയും സംസ്ഥാന സർക്കാരാണ് ചെലവിടുന്നത്. 11 രൂപയാണ് കേന്ദ്ര സർക്കാരിന്റെ വിഹിതമായി വരുന്നത്. ചെറിയ കാലയളവിനുള്ളിൽ ഇത്രയും തുക പദ്ധതിയിലൂടെ സർക്കാർ ചെലവഴിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്. കൂടാതെ, കാരുണ്യ ബെനവലന്റ് ഫണ്ട് ലോട്ടറി വകുപ്പാണ് നേരത്തെ നടപ്പിലാക്കി വന്നിരുന്നത്. ചില അംഗങ്ങൾ തെറ്റിദ്ധാരണയുടെ ഭാഗമായി കാരുണ്യ പദ്ധതി നിർത്തലാക്കിയെന്നൊക്കെ പറയുന്നത് കേട്ടിരുന്നു. അത് നിർത്തലാക്കിയിട്ടില്ലെന്ന് മാത്രമല്ല, നേരത്തെ ലോട്ടറി വകുപ്പുവഴിയാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റിവഴി ഈ പദ്ധതി കൃത്യമായി നടപ്പിലാക്കുകയും അർഹതയുള്ള എല്ലാ ആളുകൾക്കും പണം അനുവദിച്ചുകൊണ്ട് സൗജന്യ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ഡയറക്ടർ ചാർജ്ജെടുത്തപ്പോൾ, ഞാൻ നേരിട്ട് സംസാരിച്ചിട്ടുണ്ട്, കുടിശ്ശികയുടെ ഭാഗമായൊന്നുമല്ല, നമ്മുടെ നിരക്ക് അംഗീകരിക്കാൻ കഴിയില്ലെന്ന് പറഞ്ഞാണ് അവർ ഈ പദ്ധതിയൊക്കെ നിർത്തലാക്കിയത്. എന്നിരുന്നാലും ആർക്കും ചികിത്സ നിഷേധിക്കാൻ ഇടയാക്കാതെ മറ്റ് ആശുപത്രികളിലേയ്ക്ക് വഴിതിരിച്ചുകൊണ്ട് ചികിത്സ കൊടുത്തിട്ടുണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഈ പദ്ധതിയുമായി സഹകരിക്കണമെന്നുള്ള കാര്യം ഡയറക്ടറോട് നേരിട്ട് സംസാരിച്ചിട്ടുണ്ട്. നേരത്തെ സെക്രട്ടറി തലത്തിൽ ധാരാളം ചർച്ചകൾ നടന്നിട്ടുള്ളതാണ്. അതിനാൽ സർക്കാർ ഒന്നും മിണ്ടിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല; അത് ശ്രീ. പാറക്കൽ അബ്ദുല്ല അറിയാത്തതുകൊണ്ടാണ്; ഇപ്പോഴും ചർച്ച നടന്നുവരികയാണ്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് വീണ്ടും പഴയതുപോലെ ചികിത്സാ പദ്ധതികളുമായി സഹകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാഷണൽ ഹെൽത്ത് മിഷനെയും സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തേയും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## (6) മിമിക്രിയെ കേരള സംഗീത നാടക അക്കാദമിയുടെ ഭാഗമാക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, 1973 മുതൽ കേരള യൂണിവേഴ്സിറ്റി യുവജനോത്സവങ്ങളിൽ മിമിക്രി എന്ന കലാരൂപത്തെ ഉൾപ്പെടുത്തുകയുണ്ടായി. ആലപ്പി അഷ്റഫ്, കൊച്ചിൻ ഹനീഫ, നെടുമുടി വേണു, ഫാസിൽ, കൊതുക്

നാണപ്പൻ തുടങ്ങിയ കലാകാരൻമാർ ഈ കലയിലൂടെ പിന്നീട് മലയാള സിനിമയിൽ അരങ്ങേറ്റം കുറിക്കുകയും ചെയ്തു. 1977 മുതൽ കൊച്ചിൻ കലാഭവനിൽ ഗാനമേളയോടൊപ്പം മിമിക്രി എന്ന കലാരൂപം അവതരിപ്പിക്കുകയും 1981 സെപ്റ്റംബർ 21-ന് ശ്രീ. സിദ്ദിഖ്, ലാൽ, കെ.എസ്. പ്രസാദ്, റഹ്മാൻ അൻസാർ, വർക്കിച്ചൻ പേട്ട എന്നീ കലാകാരൻമാർ ചേർന്ന് ആബേലച്ചന്റെ നേതൃത്വത്തിൽ മിമിക്സ് പരേഡ് എന്ന കലാരൂപം രംഗത്ത് അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് എൻ. എഫ്. വർഗ്ഗീസ്, ജയറാം, സൈനുദ്ദീൻ, സലിംകുമാർ, കലാഭവൻ മണി, റാഫി മെക്കാർട്ടിൻ, അബി, ഹരിശ്രീ അശോകൻ, നാദിർഷാ, കലാഭവൻ ഷാജോൺ, ദിലീപ്, കലാഭവൻ സന്തോഷ്, സാഗർ, ഷിയാസ്, സലിം, അഹമ്മദ്, ഗിന്നസ് പക്രു, രമേശ് പിഷാരടി, ധർമ്മജൻ ബോൾഗാട്ടി, സുരാജ് വെഞ്ഞാറമൂട്, ഹരീഷ് കണാരൻ, വിനോദ് കോവൂർ, കലാഭവൻ നവാസ്, ഹരിശ്രീ മാർട്ടിൻ, സാജുകൊടിയൻ, കോട്ടയം നസീർ, നോബി, ജഗദീഷ്, ജയരാജ് വാര്യർ തുടങ്ങി നൂറുകണക്കിന് പ്രഗത്ഭരായ കലാകാരൻമാർ മലയാള സിനിമയിൽ മിമിക്രി രംഗത്തുനിന്ന് കടന്നുവരികയും അവരുടെ പ്രാഗത്ഭ്യം തെളിയിക്കുകയും ചെയ്തു. പത്മശ്രീ, ഗിന്നസ് അവാർഡ്, ഭരത് അവാർഡ്, മികച്ച സംവിധായകനുള്ള ദേശീയ പുരസ്കാരം തുടങ്ങിയ പുരസ്കാരങ്ങൾ ഇവരിൽ പലരും നേടിയിട്ടും ഇതുവരെയും കേരള സംഗീത നാടക അക്കാദമി അനുകരണകലയെ അംഗീകരിച്ചിട്ടില്ല. പത്തുവർഷം മുമ്പ് ശ്രീ. എം. എ. ബേബി സാംസ്കാരിക വകുപ്പുമന്ത്രിയും ശ്രീ. എം. മുകേഷ് അക്കാദമി ചെയർമാനുമായിരുന്നപ്പോൾ ശ്രീ. കെ. എസ്. പ്രസാദിനെ മിമിക്രി കലയെ പ്രതിനിധീകരിച്ച് കൗൺസിൽ മെമ്പറായി നോമിനേറ്റ് ചെയ്തിരുന്നതാണ്. എന്നാൽ പിൽക്കാലത്ത് അനുകരണകലയെ ഒഴിവാക്കുകയാണുണ്ടായത്. സ്കൂൾ-കോളേജ് യുവജനോത്സവങ്ങളിൽ ഈ കലയെ ഉൾപ്പെടുത്തുകയും വിജയികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഒട്ടുമിക്ക ചാനലുകളിലെയും പ്രധാന പ്രോഗ്രാമുകളിലൊന്ന് കോമഡി പരിപാടികളാണ്. മലയാളത്തിന്റെ മെഗാസ്റ്റാർ ശ്രീ. മമ്മൂട്ടി വരെ മിമിക്രി കലയിൽനിന്നും മലയാള സിനിമയിൽ എത്തിയതാണ്. ഏകദേശം നൂറോളം മിമിക്രി ട്രൂപ്പുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. തികച്ചും ജനകീയമായ മിമിക്രി എന്ന കലാരൂപത്തെ അംഗീകരിക്കുന്നതിനും കേരള സംഗീത നാടക അക്കാദമിയുടെ ഭാഗമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സംഗീത നാടക അക്കാദമിയുടെ ഭരണഘടനയും നിയമാവലിയും അംഗീകരിച്ചിട്ടുള്ളത് 24-12-1985-ലെ ജി.ഒ. നമ്പർ 27/85/സിഡി അനുസരിച്ചാണ്. ആയതുപ്രകാരം അക്കാദമിയുടെ

ഉദ്ദേശ്യ ലക്ഷ്യങ്ങളിലുൾപ്പെടുത്തിയിട്ടുള്ളത് നൃത്തം, നാടകം, സംഗീതം, മാജിക്, നാടൻ കലകൾ, അതുപോലെ കേരളത്തിൽ നിലവിലുള്ള മറ്റ് ആവിഷ്കാരകലകളുടെ പ്രോത്സാഹനം അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയവയാണ്. ഇതുപ്രകാരം മിമിക്രി എന്ന കലാരൂപത്തെ കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തന മണ്ഡലത്തിൽ ഔദ്യോഗികമായി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. എന്നാൽ 2010-11 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ മിമിക്രിക്ക് കേരള സംഗീത നാടക അക്കാദമി പുരസ്കാരം കൊടുത്തു. ആ നടപടി തെറ്റാണെന്ന് ഓഡിറ്റ് ചൂണ്ടിക്കാണിക്കുകയുണ്ടായി. മിമിക്രി എന്ന ജനകീയ കലാരൂപത്തിന് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനും അതിനെ ഔപചാരികമായി അംഗീകരിക്കുന്നതിനും സർക്കാരിന് അനുകൂല നിലപാടാണുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ട പ്രകാരം മിമിക്രി എന്ന കലാരൂപത്തെ കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തന പട്ടികയിലുൾപ്പെടുത്തുന്നതിനായി അക്കാദമിയുടെ നിയമാവലിയിൽ ഭേദഗതി വരുത്തി അവ സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. അങ്ങനെ സർക്കാരിന് സമർപ്പിക്കുന്നപക്ഷം നിയമാവലി ഭേദഗതിക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ നിശ്ചയമായും പരിശോധിക്കും.

## (7) പൈതൃക ഗ്രാമപദ്ധതി

ശ്രീ. സജി ചെറിയാൻ: സർ, ചെങ്ങന്നൂർ, ആറന്മുള മണ്ഡലങ്ങളുടെ പരമ്പരാഗത വ്യവസായങ്ങളും കരകൗശല നിർമ്മാണ മേഖലയും തകർന്നുപോയ സാഹചര്യത്തിൽ ഈ മേഖലകളേയും പഴയകാല പ്രതാപങ്ങളായ ആരാധനാലയങ്ങളേയും സാംസ്കാരിക സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന മാന്നാർ-ചെങ്ങന്നൂർ-ആറന്മുള വിനോദസഞ്ചാര പൈതൃക സർക്യൂട്ട് പദ്ധതി ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ പൈതൃക പദ്ധതിയുടെ തുടർച്ചയായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബഹുമാന്യരായ മുഖ്യമന്ത്രി, ടൂറിസം വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി തുടങ്ങിയവരുടെ നിർദ്ദേശപ്രകാരം ഡ്രാഫ്റ്റ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ മാന്നാറിലെ പരമ്പരാഗത വ്യവസായമായ ഓട്, വെള്ളി നിർമ്മാണ മേഖല, ചെങ്ങന്നൂരിലെ ശില്പ നിർമ്മാണ മേഖല - ശില്പ നിർമ്മാണ മേഖലയെപ്പറ്റി പറയുമ്പോൾ ശബരിമല ശാസ്താവിന്റെ വിഗ്രഹംപോലും നിർമ്മിച്ച മേഖലയാണ് ചെങ്ങന്നൂരിലെ ശില്പ നിർമ്മാണ മേഖല: പരമ്പരാഗത കളിമൺപാത്ര വ്യവസായ മേഖല, ആറന്മുള കണ്ണാടി ഉല്പാദന മേഖല, പള്ളിയോടങ്ങൾ, എണ്ണയ്ക്കാട് കൊട്ടാരം - ആദ്യത്തെ സ്പീക്കറുമായി ബന്ധപ്പെട്ട ചരിത്രത്തിന്റെ ഭാഗമാണ് എണ്ണയ്ക്കാട് കൊട്ടാരം. മൺമറഞ്ഞുപോയതും ഈ ഗവൺമെന്റ് നവീകരിച്ചതുമായ കുട്ടൻപേരൂർ-വരട്ടാർ നദികൾ, അതിപ്രസിദ്ധമായ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രം, നിരണംപള്ളി,

പരുമലപ്പള്ളി, ആറന്മുള ക്ഷേത്രം, വലിയ സുറിയാനിപ്പള്ളി, മാന്നാർ ജമാ-അത്ത് പള്ളി, പഞ്ചപാണ്ഡവ ക്ഷേത്രങ്ങൾ, ബ്രാഹ്മണ മഠം, കാട്ടുവെട്ടൂർ പള്ളി, അപ്പർ കുട്ടനാടൻ കാർഷിക മേഖല, ആയുർവേദ മേഖല എന്നിവയുൾപ്പെടെ സാംസ്കാരിക ആദ്ധ്യാത്മിക പൈതൃകങ്ങളായ ഒട്ടേറേ പദ്ധതികളെ കൂട്ടിയോജിപ്പിക്കുന്ന ഒരു പദ്ധതിയാണ് ചെങ്ങന്നൂർ-ആറന്മുള പൈതൃക പദ്ധതി. പമ്പയാറിനെ ഉപയോഗിച്ചുകൊണ്ടാണ് ഈ ടൂറിസം പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയും. മധ്യതിരുവിതാംകൂറിന്റെ വികസന മുന്നേറ്റത്തിന് വലിയ സാധ്യതയുണ്ടാക്കുന്ന ഈ പദ്ധതി നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റും ടൂറിസം വകുപ്പുമന്ത്രിയും നന്നായി സഹായിക്കുന്നുണ്ടെങ്കിലും ഈ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ അത് ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ സാമ്പത്തിക സംവിധാനം ഏർപ്പെടുത്താൻ കഴിയണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഓരോ നാടിന്റെയും തനത് സാംസ്കാരിക പൈതൃക സ്മാരകങ്ങൾ സംരക്ഷിച്ചും തനിമ നിലനിർത്തിയും അത്തരം പൈതൃക കേന്ദ്രങ്ങളെ ടൂറിസം വികസനത്തിനുപോലും ഉപയോഗിക്കുകയും ചെയ്യുന്ന പൈതൃക ടൂറിസം പദ്ധതിക്ക് ഇന്ന് ലോകമെമ്പാടും വലിയ പ്രാധാന്യമാണുള്ളത്. കേരളത്തിലെ ടൂറിസം വികസനത്തിന്റെ കാര്യത്തിലും ഇത്തരം പൈതൃക സംരക്ഷണ പദ്ധതികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. നമ്മുടെ നാട്ടിൽത്തന്നെ മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിയാണ് ഈ രീതിയിൽ ആദ്യമായി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. തുടർന്ന് തലശ്ശേരി, ആലപ്പുഴ എന്നീ രണ്ട് പൈതൃക സംരക്ഷണ പദ്ധതികൾകൂടി നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ തെക്കൻ കേരളത്തിലെ പൈതൃക സ്മാരകങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി എന്ന പേരിൽ ഒരു പൈതൃക സംരക്ഷണ പദ്ധതി നടപ്പാക്കാനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ മണ്ഡലമായ ചെങ്ങന്നൂരിലും സമീപ മണ്ഡലമായ ആറന്മുളയിലുമുൾപ്പെടുന്ന പ്രദേശങ്ങളിലെ ആരാധനാലയങ്ങളും കൊട്ടാരവും അവിടത്തെ പള്ളിയോടങ്ങളും പരമ്പരാഗത വ്യവസായങ്ങളും ആഭരണ ശാലകളുമെല്ലാം സംരക്ഷിച്ച് പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു പൈതൃക ടൂറിസം പദ്ധതി നടപ്പാക്കാനുള്ള സാധ്യത വളരെയേറെയാണ്. ഇതുസംബന്ധിച്ച് പ്രശസ്ത കൺസർവേഷൻ ആർക്കിടെക്ട് ശ്രീ. ബെന്നി കുര്യാക്കോസ് പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി ക്കഴിഞ്ഞിട്ടുണ്ട്. ഈ

രൂപരേഖ ടൂറിസം വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതി അടിയന്തരമായി ഈ സർക്കാരിന്റെ കാലത്തുതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (8) ഡിജിറ്റലൈസേഷൻ

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ അഭിമാനമായ സ്ഥാപനമാണ് പാലക്കാട് മോയൻ മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ. 4500-ലധികം പെൺകുട്ടികൾ പഠിക്കുന്ന, രണ്ട് ഷിഫ്റ്റായി ആ പ്രദേശത്തെ 90 ശതമാനം സാധാരണക്കാർക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയുന്ന ആ സ്ഥാപനത്തെ ഇന്ത്യയിലെ ആദ്യത്തെ fully digitalize സ്കൂളാക്കാനുള്ള ഒരു പ്രോജക്ട് സംബന്ധിച്ച് 2015-ൽ ഗവൺമെന്റിന്റെ ഉത്തരവ് ഇറങ്ങിയതാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും രണ്ടരക്കോടി രൂപ, നഗരസഭയുടെ പ്ലാൻ ഫണ്ടിൽനിന്നും ഒന്നേകാൽ കോടി രൂപ, ഐ.ടി@സ്കൂളിന്റെ Interest Accrued Fund-ൽനിന്നും രണ്ട് കോടി രൂപ, എച്ച്.എസ്.എസ്.ന്റെ രണ്ട് കോടി രൂപയും ഉൾപ്പെടെ ഏകദേശം എട്ട് കോടി രൂപയും ബഹുമാന്യരായ എ. കെ. ആന്റണി, വയലാർ രവി, ഈ നാടിന്റെ, ഇന്ത്യയുടെ അഭിമാനതാരം ശ്രീ. സച്ചിൻ ടെണ്ടുൽക്കർ എന്നിവരുടെ രാജ്യസഭാ ഫണ്ടിൽനിന്ന് 25 ലക്ഷം രൂപയും വരെ പൂൾ ചെയ്ത് ആ പ്രോജക്ട് ആരംഭിച്ചതാണ്. ഹാബിറ്റാറ്റ് സിവിൽ വർക്ക്സും കെൽട്രോൺ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളുടെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറുമായി ആരംഭിച്ച ആ പ്രോജക്ട് ഇന്ന് പൂർത്തീകരണത്തിന് വെറും നൂറ് ദിവസം മാത്രം അകലെയാണ്. പക്ഷേ ആ നൂറ് ദിവസത്തെ വർക്ക് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിട്ട് വർഷങ്ങളായി. ഒന്നാമത്തെ കാര്യം, ഈ പ്രോജക്ട് ഒരു യൂണീക് പ്രോജക്ടായതുകൊണ്ട് അന്നത് രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഈ ഫണ്ടുകൾ മുഴുവൻ പൂൾ ചെയ്ത് നടത്തുന്നതായതുകൊണ്ടും അന്നത്തെ വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി- അദ്ദേഹം പിന്നീട് ചീഫ് സെക്രട്ടറിയും ഇപ്പോൾ കിഫ്ബിയുടെ തലപ്പത്തിരിക്കുന്നയാളുമാണ്- അതുപോലെ ഡി.പി.ഐ. - ഹയർ സെക്കണ്ടറി ഡയറക്ടറായി അന്ന് പ്രവർത്തിച്ചത് ഐ.എ.എസ്.കാരനാണ്, പാലക്കാട് ജില്ലാ കളക്ടർ തുടങ്ങി ഒരു ഉന്നതാധികാര സമിതി പരിശോധിച്ച് തീരുമാനമെടുത്ത ഒരു പ്രോജക്ട് നടപ്പിലാക്കാൻ അനുവദിക്കരുതെന്ന ചിലരുടെ പിടിവാശിമൂലം ഇത്രയും കുട്ടികൾ ഇത്രയും വർഷങ്ങളായി പ്രയാസപ്പെടുന്ന ഒരു സാഹചര്യം പാലക്കാട് മോയൻ സ്കൂളിൽ ഉണ്ടാകുന്നത് അതീവ ദുഃഖകരമായ

സാഹചര്യമാണ്. എനിക്ക് അങ്ങയോട് ആദരവും ബഹുമാനവുമുണ്ട്. ഓരോ തവണ ഈ വിഷയത്തെ സംബന്ധിച്ച് ബന്ധപ്പെട്ടപ്പോഴും വളരെ പോസിറ്റീവായ സ്റ്റാൻഡെടുത്ത് ആ പ്രോജക്ട് നടപ്പിലാക്കാനുള്ള എല്ലാ പ്രയത്നവും ചെയ്തിട്ടുള്ള ഒരാളാണ് അങ്ങ്. എന്നിട്ടുപോലും അത് സമയബന്ധിതമായി നടപ്പിലാകരുതെന്ന ചിലരുടെ പിടിവാശി വിജയിക്കുന്നിടത്ത് തീർച്ചയായും വളരെ അടിയന്തരമായ ഇടപെടൽ നടത്തി മോയൻ സ്കൂളിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള ശക്തമായ ഉത്തരവ് ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. എനിക്ക് രണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. 4500 പെൺകുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപനത്തിന്റെ കാര്യമാണ്. എല്ലാ എം.എൽ.എ.മാർക്കും ഗവൺമെന്റ് ഫണ്ടുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രയാസത്തെക്കുറിച്ച് ഞാൻ പെട്ടെന്ന് പറയാം. ഇ-ഡിജിറ്റലൈസേഷൻ പ്രവൃത്തികൾക്കുവേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റി ഇന്റേണലായും എക്സ്റ്റേണലായും കെൽട്രോൺ രൂപീകരിച്ചു. അവർ അത് മുഴുവൻ ഓഡിറ്റ് ചെയ്ത് ആ പ്രോജക്ടുമായി മുന്നോട്ടുപോകാനുള്ള അനുമതി തന്നു. എന്നാൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കണമെന്ന് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം വന്നു. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പാളും കുസാറ്റിന്റെ ഡയറക്ടറും കേപ്പിന്റെ ഡയറക്ടറുമൊക്കെയായിരുന്ന ഡോ. കെ. ജി. ബാലകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ജില്ലാ കളക്ടർ നിയോഗിച്ചു. ആ കമ്മിറ്റിയും കെൽട്രോണിന്റെ ഇന്റേണൽ, എക്സ്റ്റേണൽ കമ്മിറ്റികളും ഇത് പരിശോധിച്ച് മുന്നോട്ടുപോകാൻ തീരുമാനിച്ചപ്പോൾ, സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച ഹൈടെക് സ്കൂളിന്റെ മാനദണ്ഡ പ്രകാരമല്ല നടക്കുന്നതെന്നും ഇത് നിർത്തിവയ്ക്കണമെന്നും പറഞ്ഞ് ഐ.ടി.@സ്കൂളിൽ നിന്ന് കത്ത് വന്നിരിക്കുകയാണ്. ഇത് നേരത്തെ തുടങ്ങിവച്ച ഒരു പ്രോജക്ടാണ്. അതുകൊണ്ട് ആ നിലയ്ക്ക് മുന്നോട്ടുപോകാൻ അനുമതി വേണമെന്ന് ആവശ്യപ്പെട്ടു. അവസാനം മന്ത്രിയുൾപ്പെടെ ഇടപെട്ട് ആ പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകാനുള്ള തീരുമാനമുണ്ടാക്കി. ആ തീരുമാനമെടുക്കാൻ ഒന്നര വർഷമെടുത്തു. അതിനുശേഷവും പ്രോജക്ട് മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ ഒന്നരവർഷമായിട്ടും ഫണ്ട് ചെലവഴിച്ചില്ല എന്നുപറഞ്ഞ് ജില്ലാ കളക്ടറുടെ ടി.എസ്.പി.യിലുണ്ടായിരുന്ന ഫണ്ട് മുഴുവൻ ധനകാര്യ വകുപ്പ് തിരിച്ചെടുത്തു. അവസാനം മന്ത്രിയുൾപ്പെടെ ഇടപെട്ട് ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ച്, കാര്യം ബോദ്ധ്യപ്പെടുത്തി കെൽട്രോണിന് കൊടുക്കാനുള്ള അഡ്വാൻസ് ഉൾപ്പെടെ 92 ലക്ഷം രൂപ വീണ്ടും അനുവദിച്ചുതന്നു. ആ ഫണ്ട് കെൽട്രോണിന് കൈമാറുകയും ചെയ്തു. ഒരു പ്രോജക്ട് അഞ്ച് തവണ ടെണ്ടർ ചെയ്തു. അഞ്ച് തവണ ടെണ്ടർ ചെയ്തിട്ടും വർക്ക് ഓർഡർ കൊടുക്കാത്തതിന്റെ പേരിൽ പിന്നീട് പരാതി വന്ന സമയത്ത് ആ പ്രശ്നവും മന്ത്രി ഇടപെട്ട് മീറ്റിംഗ് വിളിച്ച് പരിഹരിച്ച് മുന്നോട്ടുപോയി. ഫണ്ട്

കൊടുത്ത് വർക്ക് ഓർഡർ തുടങ്ങാമെന്ന് പറഞ്ഞ സമയത്ത് പിന്നെയും കൈറ്റ്-ൽനിന്നും കത്ത് വരികയാണ്. ഹൈടെക് സ്കൂളിന്റെ മാനദണ്ഡങ്ങൾ മാറിയിട്ടാണ് വരുന്നതെന്ന ഒന്നര വർഷം മുമ്പ് എഴുതിയ അതേ കത്ത്. ഒരു കാര്യം മാത്രം സൂചിപ്പിക്കാം, ഹൈടെക് സ്കൂളിന്റെ മാനദണ്ഡങ്ങളിൽ പറയുന്നതിനേക്കാൾ വില കൂടിയ പ്രൊജക്ടറാണ് ഇതിനകത്ത് ഉപയോഗിക്കുന്നത്. ഒരു ഷോർട്ട് ത്രോ പ്രൊജക്ടറും ലോംഗ് ത്രോ പ്രൊജക്ടറും തമ്മിലുള്ള വ്യത്യാസം, ഒരു പ്രൊജക്ടർ ക്ലാസ് റൂമിന്റെ സെന്ററിൽ തൂക്കി ബോർഡിലേയ്ക്ക് അടിച്ചാൽ അതിന്റെ മുമ്പിൽ നിൽക്കുന്ന അദ്ധ്യാപകൻ/അദ്ധ്യാപികയുടെ ശരീരത്തിൽ ആ ലൈറ്റ് അടിക്കുന്നത് കാരണം ബോർഡ് മറയും. ഷോർട്ട് ത്രോ പ്രൊജക്ടർ ബോർഡിന്റെ നേരെ മുകളിൽ വച്ചുകഴിഞ്ഞാൽ അതിലെ ഹൈലൈറ്റുകൾ മാർക്ക് ചെയ്യാൻവരെ കഴിയും. കോവിഡും മറ്റ് പ്രയാസങ്ങളുമില്ലാത്ത കാലത്തും കുട്ടികൾക്ക് വീട്ടിലിരുന്ന് ക്ലാസുകൾ അറ്റൻഡ് ചെയ്യാനും അവ റെക്കോർഡ് ചെയ്യാനും സാധിക്കുന്ന ത്രീഡി സ്റ്റുഡിയോ ക്ലാസ് റൂമുകളും പാഠഭാഗങ്ങൾ വീട്ടിൽ പോയി റിവൈസ് ചെയ്യാൻ കഴിയുന്ന സംവിധാനവും ഡിജിറ്റൽ അസംബ്ലിയും ഓട്ടോമേറ്റഡ് അറ്റന്റൻസ് സംവിധാനവുമെല്ലാം സജ്ജീകരിച്ചിട്ടുള്ള ഈ പ്രോജക്ടിന് വിദ്യാഭ്യാസ-ധനകാര്യ വകുപ്പുകളുടെ അനുമതിയും ഫണ്ടും ലഭ്യമാണെങ്കിലും അത് നടപ്പിലാക്കരുതെന്ന ചിലരുടെ പിടിവാശി അനുവദിച്ചുകൊടുക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. 100 ദിവസത്തെ പ്രവൃത്തിയാണ് ബാക്കിയുള്ളത്. ഒരുപാട് ആക്ഷേപങ്ങൾ നേരിടേണ്ടി വരികയാണ്. 8 കോടി രൂപ ഇതിന് അനുവദിച്ചത് എവിടെയാണെന്ന് ചോദിക്കുകയാണ്. 2.21 കോടി രൂപയാണ് ഇതുവരെ ആകെ ചെലവായത്. ബാക്കി ജില്ലാ കളക്ടറുടെ ടി.എസ്.പി.യിൽ കിടക്കുകയാണ്. ഒരുപാട് കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് അടിയന്തരമായി ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യത്തിൽ എന്റെ ഭാഗത്തുനിന്ന് എം.എൽ.എ. എന്നുള്ള നിലയ്ക്ക് എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ മന്ത്രി അത് പറയണമെന്നും അഭ്യർത്ഥിക്കുന്നു. മോയൻ സ്കൂളിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് ഈ സഭയിൽ സബ്മിഷനായി ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ പാലക്കാട് മോയൻ മോഡൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലേയ്ക്കായി 50 ലാപ്ടോപ്പുകൾ, 15 മൾട്ടിമീഡിയ പ്രൊജക്ടറുകൾ, 26 യു.എസ്.ബി. സ്പീക്കറുകൾ, 2 ഡി.എസ്.എൽ.ആർ. ക്യാമറകൾ, 2 ടെലിവിഷനുകൾ,

2 പ്രിന്ററുകൾ, 2 വെബ്ക്യാമറകൾ എന്നിവ നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും എം.പി.മാരുടെ ഫണ്ടുകളുമുൾപ്പെടെ ഉപയോഗിച്ച് പാലക്കാട് മോയൻ മോഡൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിനായി 8 കോടി രൂപയുടെ പദ്ധതിക്ക് 19-9-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്നു. സ്കൂളിലെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഈ പദ്ധതിക്കുവേണ്ടി കണ്ടെത്തിയിട്ടുള്ള ഹയർ സെക്കണ്ടറി പ്ലാൻ ഫണ്ട് 1.5 കോടി രൂപ, ഐ.ടി.@സ്കൂൾ 2 കോടി രൂപ എന്നിവയുൾപ്പെടെ ലഭിച്ച 3.5 കോടി രൂപയിൽ 2.5 കോടി രൂപ സിവിൽ വർക്കിന് നൽകിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. മോയൻ സ്കൂളിലെ ഡിജിറ്റലൈസേഷൻ പദ്ധതി പൂർത്തീകരിക്കുവാൻ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. എടുക്കുന്ന പ്രത്യേക താല്പര്യംകൂടി കണക്കിലെടുത്ത് വിവിധ നിലകളിലുള്ള സാങ്കേതിക സമിതികളുടെ ഉപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ ഉടനടി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) മരമടി മത്സരം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, തെക്കൻ കേരളത്തിലെ ശ്രദ്ധേയമായ പരമ്പരാഗത കാർഷിക-കായിക മത്സരമായിരുന്ന എന്റെ മണ്ഡലത്തിലെ അടൂർ ആനന്ദപ്പള്ളി മരമടി മഹോത്സവം നിലച്ചിട്ട് 7 വർഷമാവുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഈ സഭയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഒരു സ്വകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വളരെ വേഗംതന്നെ ഇതിന് ആശ്വാസകരമായിട്ടുള്ള സമീപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, അന്ന് ചർച്ചയിൽ പങ്കെടുത്ത നിയമ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഇതുമായി ബന്ധപ്പെട്ട ഒരു നിയമം ഈ സഭയിൽ പാസ്സാക്കാമെന്ന് ഉറപ്പുനൽകിയിരുന്നു. എന്നാൽ ഇതേവരെ അതുമായി ബന്ധപ്പെട്ട നടപടിയുണ്ടായതായി അറിയാൻ കഴിയുന്നില്ല. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട നിയമപരമായ അവ്യക്തതയെ സ്വാധീനിച്ച് ചില ഉദ്യോഗസ്ഥവൃന്ദം ഈ മഹോത്സവത്തെ ബോധപൂർവ്വമായി ഒഴിവാക്കുന്നതിനുള്ള അവസരം മുതലാക്കുകയാണ്. തമിഴ്നാട് ജല്ലിക്കെട്ടുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിയമനിർമ്മാണം തെറ്റായി വ്യാഖ്യാനിച്ച് ഈ കായിക മഹോത്സവത്തെ അടൂരിൽ അന്യം നിർത്താൻവേണ്ടിയിട്ടുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ജല്ലിക്കെട്ട്പോലെ മനുഷ്യനും ഉരുക്കളും തമ്മിലുള്ള അപകടകരമായ മത്സരമല്ല മരമടി. മറിച്ച് മനുഷ്യനും ഉരുക്കളും, അതായത് മനുഷ്യാധ്വാനത്തിന്റെയും ഉരുക്കളുടെ കായികക്ഷമതയുടെയും സമന്വയത്തിന്റെയും ആഘോഷവേദിയാണ് ഈ മരമടി മഹോത്സവം. ചരിത്രപരമായി രണ്ട് നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ടായിരുന്ന ആനന്ദപ്പള്ളി

മരമടി മഹോത്സവം, കേവലം കൊയ്ത്തൊഴിഞ്ഞ് ഉഴുത് പതം വരുത്തിയ, പാടം നിരപ്പാക്കുന്ന മനുഷ്യനും ഉരുക്കളും സമ്മേളിക്കുന്ന കാർഷികോത്സവമാണ്. സമാനമായ മരമടി മത്സരങ്ങൾ കേരളത്തിലെ മിക്ക ജില്ലകളിലും നടന്നുവരുമ്പോഴും നിലവിൽ അടൂർ ആനന്ദപ്പള്ളി മരമടി മാത്രം പുനരാരംഭിക്കാൻ കഴിയാതെ കാർഷിക-കായിക സ്നേഹികളെ നിരാശരാക്കിയിരിക്കുകയാണ്. ആയതിനാൽ മനുഷ്യനും ഉരുക്കളും തമ്മിലുള്ള അപകടകരമായ മത്സരമല്ല, മറിച്ച് അവർ ഹൃദയപൂർവ്വം ആവേശത്തോടെ സമന്വയിക്കുന്ന നമ്മുടെ പാരമ്പര്യത്തിന്റെ കാർഷിക കായികോത്സവമാണെന്ന് മനസ്സിലാക്കി ഉദ്യോഗസ്ഥവൃന്ദങ്ങളുടെ അജ്ഞതയും അവ്യക്തതയും ഒഴിവാക്കി ഈ മഹോത്സവം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം നടക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. അതിനെ സംബന്ധിച്ചുകൂടി വ്യക്തതയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, പത്തനംതിട്ട അടൂർ ആനന്ദപ്പള്ളി മരമടി മത്സരം വർഷങ്ങളായി നടന്നു വന്നിരുന്നതാണ്. എന്നാൽ കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവ് മത്സരങ്ങൾ നടത്തുന്നത് മൃഗങ്ങളെ അനാവശ്യമായി വേദനിപ്പിക്കുന്നതിനും ദുരിതത്തിലാക്കുന്നതിനും ഇടയാക്കുമെന്നതിനാലും 1960-ലെ മൃഗപീഡ തടയൽ നിയമത്തിന്റെയും കേന്ദ്ര പരിസ്ഥിതി-വനം വകുപ്പിന്റെ 11-7-2011-ലെ G.S.R. 528(E) നമ്പർ വിജ്ഞാപനത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഭാരതീയ മൃഗക്ഷേമ ബോർഡ് Vs നാഗരാജ എന്ന 5387/17 നമ്പർ സിവിൽ അപ്പീലിന്മേൽ 7-5-2011-ൽ പുറപ്പെടുവിച്ച വിധിയുടെയും ലംഘനമാകുമെന്നതിനാലും ഇത്തരം മത്സരങ്ങൾ നടത്തുന്നതിനെതിരെ ഭരണ വകുപ്പ് 17-1-2015-ന് 5460/എ.എച്ച്.എഫ്.2/15/എ.ഡി. എന്ന സർക്കുലർ പുറപ്പെടുവിക്കുകയും മൃഗങ്ങളെ ഉപദ്രവിക്കാത്ത വിധത്തിൽ കാളപൂട്ട്, കന്നുപൂട്ട് അനുവദിച്ചുകൊണ്ട് ടി സർക്കുലർ ഭേദഗതി ചെയ്യുകയുമുണ്ടായിട്ടുണ്ട്. ഈ വിധി വന്നതിനുശേഷം മത്സരം നിരോധിച്ചിരുന്നുവെങ്കിലും ഇത്തരമൊരു ഭേദഗതി വരുത്തിയിട്ടുണ്ട്. അതുകൊണ്ട് കാളപൂട്ട്, കന്നുപൂട്ട് ഇവ നടത്താം. നിരോധനത്തിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിച്ച അപേക്ഷയിന്മേൽ ടി വിഷയം വിശദമായി പരിശോധിച്ച് ആവശ്യമെങ്കിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് റിപ്പോർട്ട് തേടാവുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായതിനെത്തുടർന്ന് ഈ വിഷയം വകുപ്പ് മേധാവികൾ, മൃഗസ്നേഹികൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുമായി വിശദമായി ചർച്ച നടത്തുകയുണ്ടായി. ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുവാൻ യോഗം തീരുമാനിക്കുകയും നിയമ വകുപ്പുമായി കൂടിയാലോചന നടത്തി കരട് ബിൽ തയ്യാറാക്കുകയും ചെയ്തു. കരട് ബില്ലിലെ ചില വ്യവസ്ഥകൾ

1960-ലെ മൃഗപീഡ തടവ് നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുമെന്നതിനാൽ സംസ്ഥാന നിയമസഭ അത്തരമൊരു ബിൽ പാസ്സാക്കിയാൽത്തന്നെ ഭാരത ഭരണ ഘടനയുടെ 254-ാം അനുച്ഛേദ പ്രകാരം ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി അയയ്ക്കേണ്ടിവരും. രാഷ്ട്രപതിയുടെ അനുമതി ലഭിച്ചാൽ മാത്രമേ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുമുള്ളൂ. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ട ആനന്ദപ്പള്ളി മരമടി മത്സരം പുനരാരംഭിക്കുന്നത്, നിലവിലെ സാഹചര്യത്തിൽ മരമടി മത്സരമായി നടത്തുന്നത് അഭികാമ്യമായിരിക്കില്ല. ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇനി ബിൽ പാസ്സാക്കാൻ കഴിയുമോയെന്ന് അറിയില്ല. അങ്ങനെയാണെങ്കിൽ ഓർഡിനൻസാക്കാൻ കഴിയുമോയെന്നുള്ളതും ആലോചിക്കുന്നതാണ്. പക്ഷേ ഗവർണ്ണർ പരിശോധിക്കുമ്പോൾ കേന്ദ്ര നിയമത്തിന് വിരുദ്ധമായ വകുപ്പുകളുംകൂടി ഉൾപ്പെട്ടതാണ് ഇപ്പോൾ നിയമ വകുപ്പ് തയ്യാറാക്കിയി രിക്കുന്ന കരട് നിയമം. അത്തരമൊരു സാഹചര്യത്തിൽ ഗവർണ്ണർ അനുമതി നൽകുമോ എന്നറിയില്ല. ഇത് എം.എൽ.എ.യുടെ മാത്രം ആവശ്യമല്ല. മരമടി എന്നുള്ളത് കാർഷിക സംസ്കാരത്തിന്റെ ഭാഗമാണ്. നിലമെല്ലാം പൂട്ടിക്കഴിഞ്ഞതിനുശേഷം നിലമൊരുക്കുന്നതിന്റെ ഭാഗമായി പൂട്ടിയ നിലം കൃഷി ചെയ്യുന്നതിനുവേണ്ടി മരമടിക്കുന്നതാണ്. അത് കാർഷിക സംസ്കാരത്തിന്റെ ഭാഗമാണ്. കന്നുകാലികളെ ഉപദ്രവിക്കാതെ, മരമടിയുടെ ഭാഗമായി കന്നുകാലികളുടെ വാൽ പിടിച്ച് ഒടിക്കുകയും അതിനെ കുത്തുകയും അടിച്ചോടിക്കുകയുമൊക്കെ ചെയ്യാതിരുന്നാൽ മതി. വേറെ കുഴപ്പമൊന്നുമില്ല. കന്നുപൂട്ടിന്റെ ഭാഗമായി തന്നെ മരമടിയും നടത്താം. മരമടി മത്സരം ടിക്കറ്റ് വച്ച് നടത്തരുത്.

## (10) കുറുക്കൻകുണ്ട് പ്രദേശത്തിന്റെ വികസനം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ മണ്ഡലത്തിലെ അട്ടപ്പാടി ബ്ലോക്കിലെ കുറുക്കൻകുണ്ട് പ്രദേശത്തുള്ള ആളുകളുടെ വളരെ ദൈന്യതയാർന്ന ചിത്രമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കാനുള്ളത്. വനം വകുപ്പിന്റെ ദുശ്ശാഠ്യംമൂലം ഈ മേഖലയിൽ ഇതുവരെ വൈദ്യുതി എത്തിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ അങ്ങോട്ടുള്ള റോഡ് നന്നാക്കാൻ വനം വകുപ്പ് സമ്മതിക്കുന്നില്ല. സ്കൂളുകൾ കഴിഞ്ഞ പത്ത് മാസക്കാലത്തിലധികമായി അടഞ്ഞുകിടക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസം ഓൺലൈനിലൂടെയാണ് നടക്കുന്നത്. വൈദ്യുതി ഇല്ലാത്തതുകൊണ്ട് ഓൺലൈൻ, ഇന്റർനെറ്റ് സംവിധാനങ്ങൾ അവർക്ക് ലഭ്യമല്ല. പുതുവർഷത്തിൽ ചൂട്ട് കത്തിച്ച് അവർ നടത്തിയ പ്രതിഷേധം കേരളമാകെ ശ്രദ്ധിക്കുകയുണ്ടായി. ഈ സബ്മിഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് എഴുതിയതെങ്കിലും വനം വകുപ്പുമന്ത്രി മറുപടി

പറഞ്ഞാൽ മതിയെന്നാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിൽനിന്നും ലഭിച്ച നിർദ്ദേശം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കേരള പര്യടനത്തിന്റെ ഭാഗമായി പാലക്കാട് എത്തിയപ്പോൾ ഒരു വൈദികൻ, അദ്ദേഹത്തിന്റെ സമ്മേളനത്തിലും ആ യോഗത്തിലും പ്രസ്തുത വിഷയം അവതരിപ്പിക്കുകയുണ്ടായി. ഇക്കാര്യം മുഖ്യമന്ത്രിക്ക് ഓർമ്മയുണ്ടാകുമെന്ന് കരുതുകയാണ്. കള്ളമല വില്ലേജിൽപ്പെട്ട കുറുക്കൻകുണ്ട് പ്രദേശത്ത് ആദിവാസികളുൾപ്പെടെയുള്ള ആളുകൾ താമസിക്കുന്നുണ്ട്. അവരിൽ പലരും 1977-ലെ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് പട്ടയം കൊടുക്കാൻ തീരുമാനിച്ച പട്ടികയിലുള്ളവരാണ്. ചിലർക്ക് പട്ടയം ലഭിച്ചിട്ടുണ്ട്. ഈ ഭൂമി ഫോറസ്റ്റിന്റെ ഭൂമിയാണെന്ന് പറഞ്ഞാണ് അങ്ങോട്ട് വൈദ്യുതി ലൈൻ വലിക്കാൻ അനുവദിക്കാത്തത്. അതുപോലെ അതുവഴിയുള്ള റോഡ് പഞ്ചായത്തിന്റേതാണ്. ഈ റോഡിലും വനം വകുപ്പിന്റെ ദുശ്ശാഠ്യംമൂലം ജോലി ചെയ്യാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുകയാണ്. ഇതിൽ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായതു കൊണ്ടാണ് സബ്മിഷൻ മുഖ്യമന്ത്രിക്ക് നൽകിയത്. റവന്യൂ, വനം, വൈദ്യുതി, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഏകോപനം ഉണ്ടായാൽ മാത്രമേ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഈ വിഷയം അവതരിപ്പിക്കുമ്പോൾ വനം വകുപ്പ് പറയുന്നത് ഇത് വനമാണ്, റിസർവ് ഫോറസ്റ്റാണെന്നാണ്. പക്ഷെ ഇത് റിസർവ് ഫോറസ്റ്റല്ല. ഇത് പരിശോധിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥനെ നിയമിച്ച് ഇങ്ങോട്ട് റോഡും വൈദ്യുതിയും ലഭ്യമാക്കണം. ഈ നൂറ്റാണ്ടിലും കാലഘട്ടത്തിലും അമ്പതോളം കുടുംബങ്ങൾ തലമുറകളായി വൈദ്യുതിയില്ലാതെ, ഇന്നത്തെ ലോക്ക്ഡൗൺ കാലത്ത് വിദ്യാഭ്യാസംപോലും അന്യമാക്കിക്കൊണ്ടുള്ള സമീപനത്തിൽ കഴിയുകയാണ്. എന്റെ അഭ്യർത്ഥന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ്. ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് വനം, റവന്യൂ, വൈദ്യുതി വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ട് ഈ പ്രശ്നങ്ങളുടെ പരിഹാരത്തിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിയമാനുസൃത പരിഹാരം ഉണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഈ പ്രദേശത്തുള്ളവർ 50 വർഷത്തിലധികമായി ഇവിടെ താമസിക്കുന്നവരാണെന്നും ഭൂമിക്ക് പട്ടയമുൾപ്പെടെയുള്ള രേഖകളുണ്ടെന്നും അവകാശപ്പെടുന്നുണ്ടെങ്കിലും അത് ശരിയല്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പ്രദേശവാസികൾ സമർപ്പിച്ച റിട്ട് പെറ്റീഷൻ നമ്പർ 37102/2018 കേസ്സിൽ 41 പേരിൽ 11 പേർ മാത്രമാണ് അവിടെ താമസിക്കുന്നത്. യാതൊരു രേഖകളുമില്ലാതെ, ഭൂമിയില്ലാതെ വനഭൂമി കയ്യേറി മറ്റ് ചിലരും ഇവിടെ താമസിക്കുന്നുണ്ട്. ഈ വനപ്രദേശത്ത് ലാൻഡ് ട്രൈബ്യൂണൽ 1974-ലും അതിനുശേഷവും ധാരാളം പട്ടയങ്ങൾ വിവിധ വ്യക്തികൾക്ക് നൽകിയതായി വനം വകുപ്പിന്റെ അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇത് വനം വകുപ്പിനെ കക്ഷി ചേർക്കാതെയും നിയമവിരുദ്ധമായും

നൽകിയ പട്ടയങ്ങളാണ്. മേൽ വനഭൂമിയിൽ ലാൻഡ് ട്രൈബ്യൂണൽ അനുവദിച്ചതായി കണ്ടെത്തിയ 22 പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിന് തൃശ്ശൂർ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പ്രദേശവാസികൾ സമർപ്പിച്ച റിട്ട് അപ്പീൽ നമ്പർ 202/2020 കേസ്സിൽ മേൽ പട്ടയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വിശദമായി പരിശോധിക്കുകയും വനഭൂമിയിൽ ഇത്തരം പട്ടയങ്ങൾ അനുവദിക്കുന്നതിന് ലാൻഡ് ട്രൈബ്യൂണലിന് അധികാരമില്ലെന്നും ആയതിനാൽ അവ നിലനിൽക്കുന്നതല്ലെന്നും നിരീക്ഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ വനപ്രദേശം കയ്യേറി കൈവശം വയ്ക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മേൽസാഹചര്യത്തിൽ നിയമവിരുദ്ധമായി നൽകിയ പട്ടയമാണെന്നതിനാൽ, ഈ വന പ്രദേശത്ത് ഭൂമിയുടെ സ്വതന്ത്ര വിനിയോഗമോ, വൈദ്യുതി, റോഡ് തുടങ്ങിയ സൗകര്യങ്ങളോ ഒരുക്കാൻ കഴിയില്ല. എന്നാൽ ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഒരു കിലോമീറ്റർ അകലെയുള്ള ഒമ്മല ഫോറസ്റ്റ് സ്റ്റേഷനിൽ ഓൺലൈൻ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് വനം വകുപ്പ് തയ്യാറാണെന്നുള്ള വിവരം പ്രദേശവാസികളെ അറിയിച്ചിട്ടുണ്ട്. ആ വിവരം ബഹുമാനപ്പെട്ട എം.എൽ.എ.യെയും അറിയിക്കുകയാണ്. ലാൻഡ് ട്രൈബ്യൂണൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ നിയമസാധുത റവന്യൂ, ഫോറസ്റ്റ് അധികാരികൾ ഒന്നുകൂടി സംയുക്ത പരിശോധന നടത്താം, നേരത്തെ പരിശോധന നടത്തിയതാണ്. വനം വകുപ്പിന് ഉറപ്പുണ്ട്. എന്നാലും ഒരു പരിശോധനകൂടി നടത്തിയതിനുശേഷം മാത്രമേ ഒഴിപ്പിക്കൽ നടപടിയിലേയ്ക്ക് പോകാവൂ എന്ന നിർദ്ദേശം കൊടുക്കാമെന്നാണ് എനിക്ക് വനം വകുപ്പുമന്ത്രി എന്ന നിലയിൽ പറയാനുള്ളത്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് 1 ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1 | 73/2020 | ജി.ഒ.(എം.എസ്.) നമ്പർ 17/2019/പി.&എ.ആർ.ഡി. | 30-12-2019 | അതെ |
| 2 | 424/2020 | ആഭ്യന്തരം-എസ്എസ്എ.2/172/2019-ആഭ്യന്തരം | 25-6-2020 | അല്ല |
| 3 | 429/2020 | ഹോം-എസ്എസ്എ.1/250/2020-ഹോം | 26-6-2020 | അല്ല |
| 4 | 430/2020 | ഹോം-എസ്എസ്എ 4/90/2020-ഹോം | 26-6-2020 | അല്ല |
| 5 | 445/2020 | സ.ഉ.(കൈ) നമ്പർ 7/2020/നോർക്ക | 12-5-2020 | അതെ |
| 6 | 457/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1550/2020/ഹോം | 5-7-2020 | അല്ല |
| 7 | 464/2020 | വിജ്-സി13/128/2020-I/വിജ് | 24-6-2020 | അല്ല |
| 8 | 465/2020 | വിജ്-സി13/128/2020-II/വിജ് | 24-6-2020 | അല്ല |
| 9 | 466/2020 | വിജ്-സി13/128/2020-III/വിജ് | 24-6-2020 | അല്ല |
| 10 | 467/2020 | വിജ്-സി13/128/2020-IV/വിജ് | 24-6-2020 | അല്ല |
| 11 | 474/2020 | ജി.ഒ.(പി) നമ്പർ 38/2020/ഹോം | 22-7-2020 | അല്ല |
| 12 | 484/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1728/2020/ഹോം | 5-8-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | 485/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1726/2020/ഹോം | 5-8-2020 | അല്ല |
| 14 | 507/2020 | ജി.ഒ.(പി) നമ്പർ 41/2020/ആഭ്യന്തരം | 17-8-2020 | അല്ല |
| 15 | 515/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1799/2020/ഹോം | 17-8-2020 | അല്ല |
| 16 | 516/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1800/2020/ഹോം | 17-8-2020 | അല്ല |
| 17 | 523/2020 | ജി.ഒ.(ആർ.റ്റി.)നമ്പർ 1827/2020/ഹോം | 20-8-2020 | അല്ല |
| 18 | 524/2020 | ജി.ഒ.(ആർ.റ്റി.)നമ്പർ 1826/2020/ഹോം | 20-8-2020 | അല്ല |
| 19 | 530/2020 | ജി.ഒ.(എം.എസ്.) നമ്പർ 148/2020/ഹോം | 18-8-2020 | അല്ല |
| 20 | 543/2020 | ജി.ഒ.(എം.എസ്.) നമ്പർ 149/2020/ഹോം | 24-8-2020 | അല്ല |
| 21 | 545/2020 | ജി.ഒ.(പി) നമ്പർ 42/2020/ ആഭ്യന്തരം | 28-8-2020 | അല്ല |
| 22 | 559/2020 | ജി.ഒ.(പി) നമ്പർ 43/2020/ഹോം | 3-9-2020 | അല്ല |
| 23 | 565/2020 | ജി.ഒ.(പി)നമ്പർ 45/2020/ഹോം | 5-9-2020 | അല്ല |
| 24 | 566/2020 | ജി.ഒ.(പി) നമ്പർ 44/2020/ഹോം | 4-9-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 25 | 578/2020 | ഹോം-എസ്എസ്എ 1/325/2020-ഹോം | 11-9-2020 | അല്ല |
| 26 | 580/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1960/2020/ഹോം | 11-9-2020 | അല്ല |
| 27 | 585/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1949/2020/ഹോം | 9-9-2020 | അല്ല |
| 28 | 589/2020 | ജി.ഒ.(പി)നമ്പർ 8/2020/പി&എ ആർഡി | 16-9-2020 | അല്ല |
| 29 | 596/2020 | ജി.ഒ.(പി) നമ്പർ 46/2020/ഹോം | 16-9-2020 | അല്ല |
| 30 | 601/2020 | ഹോം-എസ്എസ്എ 2/66/2020-ഹോം | 18-9-2020 | അല്ല |
| 31 | 605/2020 | ജി.ഒ.(എം.എസ്.) നമ്പർ 177/2020/ഹോം | 22-9-2020 | അല്ല |
| 32 | 607/2020 | ജി.ഒ.(എം.എസ്.) നമ്പർ 14/2020/നോർക്ക | 12-9-2020 | അല്ല |
| 33 | 619/2020 | ജി.ഒ.(പി) നമ്പർ 48/2020/ഹോം | 25-9-2020 | അല്ല |
| 34 | 621/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2055/2020/ഹോം | 18-9-2020 | അല്ല |
| 35 | 625/2020 | ജി.ഒ.(ആർ.റ്റി.)നമ്പർ 2137/2020/ഹോം | 29-9-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 36 | 645/2020 | ജി.ഒ.(എം.എസ്.) നമ്പർ 159/2020/ഹോം | 14-9-2020 | അല്ല |
| 37 | 676/2020 | ജി.ഒ.(എം.എസ്.)നമ്പർ 186/2020/ഹോം | 6-10-2020 | അല്ല |
| 38 | 677/2020 | ജി.ഒ.(എം.എസ്.) നമ്പർ 187/2020/ഹോം | 6-10-2020 | അല്ല |
| 39 | 681/2020 | ജി.ഒ.(പി) നമ്പർ 9/2020/പി&എആർഡി | 9-10-2020 | അല്ല |
| 40 | 687/2020 | ജി.ഒ.(പി) നമ്പർ 10/2020/പി&എആർഡി | 12-10-2020 | അല്ല |
| 41 | 688/2020 | ജി.ഒ.(പി) നമ്പർ 11/2020/പി&എആർഡി | 12-10-2020 | അല്ല |
| 42 | 689/2020 | ജി.ഒ.(പി) നമ്പർ 12/2020/പി&എആർഡി | 12-10-2020 | അല്ല |
| 43 | 693/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2317/2020/ഹോം | 13-10-2020 | അല്ല |
| 44 | 694/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2339/2020/ഹോം | 13-10-2020 | അല്ല |
| 45 | 695/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2338/2020/ഹോം | 13-10-2020 | അല്ല |
| 46 | 696/2020 | ജി.ഒ.(ആർ.റ്റി.)നമ്പർ 2341/2020/ഹോം | 13-10-2020 | അല്ല |
| 47 | 697/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2335/2020/ഹോം | 13-10-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 48 | 698/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2337/2020/ഹോം | 13-10-2020 | അല്ല |
| 49 | 701/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2336/2020/ഹോം | 13-10-2020 | അല്ല |
| 50 | 702/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2288/2020/ഹോം | 12-10-2020 | അല്ല |
| 51 | 703/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2340/2020/ഹോം | 13-10-2020 | അല്ല |
| 52 | 704/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2326/2020/ഹോം | 13-10-2020 | അല്ല |
| 53 | 705/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2325/2020/ഹോം | 13-10-2020 | അല്ല |
| 54 | 706/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2342/2020/ഹോം | 13-10-2020 | അല്ല |
| 55 | 707/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2333/2020/ഹോം | 13-10-2020 | അല്ല |
| 56 | 710/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2318/2020/ഹോം | 13-10-2020 | അല്ല |
| 57 | 739/2020 | ജി.ഒ.(പി) നമ്പർ 51/2020/ഹോം | 28-10-2020 | അല്ല |
| 58 | 742/2020 | ജി.ഒ.(എം.എസ്.) നമ്പർ 203/2020/ഹോം | 29-10-2020 | അല്ല |
| 59 | 743/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2538/2020/ഹോം | 30-10-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 60 | 744/2020 | ജി.ഒ.(പി) നമ്പർ 53/2020/ഹോം | 28-10-2020 | അല്ല |
| 61 | 746/2020 | ജി.ഒ.(ആർ.റ്റി.)നമ്പർ 2498/2020/ഹോം | 22-10-2020 | അല്ല |
| 62 | 754/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 2545/2020/ഹോം | 30-10-2020 | അല്ല |
| 63 | 772/2020 | ജി.ഒ.(പി) നമ്പർ 54/2020/ഹോം | 30-10-2020 | അല്ല |
| 64 | 777/2020 | ജി.ഒ.(എം.എസ്.) നമ്പർ 209/2020/ഹോം | 4-11-2020 | അല്ല |
| 65 | 813/2020 | ജി.ഒ.(എം.എസ്.) നമ്പർ 215/2020/ഹോം | 10-11-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് | 2019-20 | വാർഷിക കണക്കുകൾ | അല്ല |
| 4 | ജഡ്ജ്(റിട്ട) പി.കെ.ഹനീഫ കമ്മീഷൻ റിപ്പോർട്ട് (വാളയാറിലെ 13-ഉം 9-ഉം വയസ്സുള്ള രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച്) | - | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും സർക്കാർ അതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 991/2019 | സ.ഉ.(കൈ) നമ്പർ 23/2019/നോർക്ക | 17-12-2019 |
| 2 | 995/2019 | സ.ഉ.(കൈ) നമ്പർ 19/2019/നോർക്ക | 1-11-2019 |
| 3 | 3/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ3738/2019/ഹോം | 24-12-2019 |
| 4 | 18/2020 | ജി.ഒ.(പി) നമ്പർ 1/2020/ഹോം | 4-1-2020 |
| 5 | 37/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 108/2020/ഹോം | 16-1-2020 |
| 6 | 42/2020 | ഹോം-എസ്എസ്എ 2/172/2019-ഹോം | 17-1-2020 |

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 997/2019 | ജി.ഒ(ആർ.റ്റി.) നമ്പർ 3526/2019/ഹോം | 4-12-2019 |
| 2 | 35/2020 | ജി.ഒ(ആർ.റ്റി.) നമ്പർ 15/2020/ഹോം | 3-1-2020 |
| 3 | 76/2020 | ജി.ഒ(പി) നമ്പർ 4/2020/ഹോം | 28-1-2020 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 74/2020 | ജി.ഒ.(എം.എസ്.)നമ്പർ 33/2020/ഹോം | 28-1-2020 |
| 2 | 88/2020 | ജി.ഒ.(എം.എസ്.) നമ്പർ 34/2020/ഹോം | 28-1-2020 |
| 3 | 90/2020 | ജി.ഒ.(പി) നമ്പർ 5/2020/ഹോം | 29-1-2020 |
| 4 | 124/2020 | ഹോം- എസ്.എസ്.എ. 2/278/2019-ഹോം | 15-2-2020 |
| 5 | 153/2020 | ജി.ഒ(എം.എസ്.) നമ്പർ 53/2020/ഹോം | 25-2-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 399/2019 | ജി.ഒ.(പി) നമ്പർ 1/2019/ഇ.എൻ.വി.റ്റി. | 3-6-2019 |
| 2 | 565/2019 | ജി.ഒ.(പി) നമ്പർ 25/2019/ഹോം | 19-8-2019 |

| | | | |
|---|---|---|---|
| 3 | 843/2019 | എസ്.സി3/102/2019/ഹോം | 26-10-2019 |
| 4 | 877/2019 | ജി.ഒ.(പി) നമ്പർ 9/2019/പി. ആന്റ് എ.ആർ.ഡി. | 13-11-2019 |
| 5 | 127/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 487/2020/ഹോം | 7-2-2020 |
| 6 | 156/2020 | ജി.ഒ.(പി) നമ്പർ 9/2020/ഹോം | 24-2-2020 |
| 7 | 171/2020 | ജി.ഒ.(പി) നമ്പർ 12/2020/ഹോം | 29-2-2020 |
| 8 | 175/2020 | ജി.ഒ.(എം.എസ്.) നമ്പർ 51/2020/ഹോം | 24-2-2020 |
| 9 | 176/2020 | ജി.ഒ.(എം.എസ്.)നമ്പർ 51/2020/ഹോം | 24-2-2020 |
| 10 | 177/2020 | ജി.ഒ.(എം..എസ്.)നമ്പർ 51/2020/ഹോം | 24-2-2020 |
| 11 | 178/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 333/2020/ഹോം | 30-1-2020 |
| 12 | 179/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 376/2020/ഹോം | 3-2-2020 |
| 13 | 180/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 373/2020/ഹോം | 3-2-2020 |
| 14 | 191/2020 | ഹോം-എസ്എസ്എ.2/66/2020-ഹോം | 7-3-2020 |
| 15 | 192/2020 | 60903/എസ്എസ്എ.2/2016/ ഹോം | 7-3-2020 |
| 16 | 200/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 811/2020/ഹോം | 11-3-2020 |
| 17 | 247/2020 | ജി.ഒ.(പി) നമ്പർ 16/2020/ഹോം | 25-3-2020 |
| 18 | 279/2020 | ഹോം-എസ്എസ്എ.5/33/2020-ഹോം | 21-4-2020 |
| 19 | 300/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1048/2020/ഹോം | 24-4-2020 |
| 20 | 301/2020 | ജി.ഒ.(എം.എസ്.) നമ്പർ 90/2020/ജിഎഡി | 6-5-2020 |

| | | | |
|---|---|---|---|
| 21 | 305/2020 | ജി.ഒ.(പി)നമ്പർ 28/2020/ഹോം | 9-5-2020 |
| 22 | 306/2020 | ജി.ഒ.(എം.എസ്.) നമ്പർ 103/2020/ഹോം | 7-5-2020 |
| 23 | 307/2020 | ജി.ഒ.(എം..എസ്.) നമ്പർ104/2020/ഹോം | 7-5-2020 |
| 24 | 308/2020 | ജി.ഒ.(എം..എസ്.) നമ്പർ105/2020/ഹോം | 7-5-2020 |
| 25 | 309/2020 | ജി.ഒ.(എം..എസ്.) നമ്പർ106/2020/ഹോം | 7-5-2020 |
| 26 | 310/2020 | ജി.ഒ.(എം.എസ്.) നമ്പർ 107/2020/ഹോം | 7-5-2020 |
| 27 | 311/2020 | ജി.ഒ.(പി) നമ്പർ 27/2020/ഹോം | 7-5-2020 |
| 28 | 313/2020 | ജി.ഒ.(ആർ.റ്റി.)നമ്പർ 1133/2020/ഹോം | 12-5-2020 |
| 29 | 340/2020 | ജി.ഒ.(എം..എസ്.) നമ്പർ 112/2020/ഹോം | 22-5-2020 |
| 30 | 341/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1142/2020/ഹോം | 13-5-2020 |
| 31 | 342/2020 | 60903/എസ്എസ്എ 2/2016/ഹോം | 22-5-2020 |
| 32 | 351/2020 | ജി.ഒ.(എം.എസ്) നമ്പർ 117/2020/ഹോം | 27-5-2020 |
| 33 | 367/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 1254/2020/ഹോം | 29-5-2020 |
| 34 | 386/2020 | ജി.ഒ.(പി) നമ്പർ 35/2020/ഹോം | 9-6-2020 |
| 35 | 416/2020 | ജി.ഒ.(എം.എസ്.) നമ്പർ 121/2020/ജി.എ.ഡി. | 22-6-2020 |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 397/2020 | സ.ഉ.(അച്ചടി) നമ്പർ 3/2020/കാ.യു.വ. | 12-6-2020 | അതെ |
| 2 | 116/2020 | സ.ഉ.(അച്ചടി) നമ്പർ 2/2020/കാ.യു.വ. | 7-2-2020 | അതെ |
| 3 | 462/2020 | ജി.ഒ.(പി) നമ്പർ 18/2020/ഇൻഡ് | 22-6-2020 | അല്ല |
| 4 | 767/2020 | സ.ഉ.(അച്ചടി) നമ്പർ 6/2020/കായുവ | 29-10-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 4 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2018-19 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 5/2020 | സ.ഉ.(അച്ചടി) നമ്പർ 1/2020/കാ.യു.വ. | 1-1-2020 |

24-8-2020-ന് മേശപ്പുറത്ത് വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 56/2020 | ജി.ഒ.(പി) നമ്പർ 32/2019/ഐഡി | 8-12-2019 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 567/2019 | ജി.ഒ.(പി) നമ്പർ 34/2019/ആർ.ഡി. | 25-6-2019 | അതെ |
| 2 | 667/2019 | ജി.ഒ.(പി) നമ്പർ 56/2019/ആർ.ഡി. | 4-9-2019 | അതെ |
| 3 | 716/2019 | ജി.ഒ.(പി) നമ്പർ 54/2019/ആർ.ഡി. | 30-8-2019 | അതെ |
| 4 | 852/2019 | ജി.ഒ.(പി) നമ്പർ 71/2019/ആർ.ഡി. | 26-10-2019 | അതെ |
| 5 | 20/2020 | ജി.ഒ.(പി) നമ്പർ 77/2019/ആർ.ഡി. | 6-11-2019 | അതെ |
| 6 | 66/2020 | ജി.ഒ.(പി) നമ്പർ 81/2019/ആർ.ഡി. | 19-11-2019 | അതെ |
| 7 | 412/2020 | ജി.ഒ.(പി) നമ്പർ 43/2020/ആർ.ഡി. | 18-6-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | 428/2020 | ജി.ഒ.(പി) നമ്പർ 44/2020/ആർ.ഡി. | 23-6-2020 | അല്ല |
| 9 | 498/2020 | ജി.ഒ.(പി) നമ്പർ 52/2020/ആർ.ഡി. | 7-8-2020 | അല്ല |
| 10 | 502/2020 | ജി.ഒ.(പി) നമ്പർ 53/2020/ആർ.ഡി. | 14-8-2020 | അല്ല |
| 11 | 509/2020 | ജി.ഒ.(പി) നമ്പർ 57/2020/ആർ.ഡി. | 14-8-2020 | അല്ല |
| 12 | 573/2020 | ജി.ഒ.(പി) നമ്പർ 61/2020/ആർ.ഡി. | 7-9-2020 | അല്ല |
| 13 | 594/2020 | ജി.ഒ.(പി) നമ്പർ 67/2020/ആർ.ഡി. | 17-9-2020 | അല്ല |
| 14 | 656/2020 | ജി.ഒ.(പി) നമ്പർ 75/2020/ആർ.ഡി. | 7-10-2020 | അല്ല |
| 15 | 690/2020 | ജി.ഒ.(പി) നമ്പർ 76/2020/ആർ.ഡി. | 8-10-2020 | അല്ല |
| 16 | 731/2020 | ജി.ഒ.(പി) നമ്പർ 79/2020/ആർ.ഡി. | 23-10-2020 | അല്ല |
| 17 | 755/2020 | ജി.ഒ.(പി) നമ്പർ 82/2020/ആർ.ഡി. | 30-10-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് | 2017-18 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 996/2019 | ജി.ഒ.(പി) നമ്പർ 92/2019/ആർ.ഡി. | 19-12-2019 |
| 2 | 100/2020 | ജി.ഒ.(എം.എസ്.) നമ്പർ 2/2020/എച്ച്എസ്ജി. | 2-2-2020 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 97/2020 | ജി.ഒ.(പി) നമ്പർ 8/2020/ആർ.ഡി. | 4-2-2020 |
| 2 | 105/2020 | ജി.ഒ.(പി) നമ്പർ 11/2020/ആർ.ഡി. | 10-2-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 23/2020 | ജി.ഒ(പി) നമ്പർ 14/2020/ആർ.ഡി. | 14-2-2020 |
| 2 | 147/2020 | ജി.ഒ(പി) നമ്പർ 19/2020/ആർ.ഡി. | 24-2-2020 |
| 3 | 166/2020 | സ.ഉ(അച്ചടി)നമ്പർ 20/2020/റവ | 2-3-2020 |
| 4 | 231/2020 | ജി.ഒ.(പി) നമ്പർ 26/2020/ആർ.ഡി. | 20-3-2020 |
| 5 | 232/2020 | ജി.ഒ.(പി) നമ്പർ 28/2020/ആർ.ഡി. | 20-3-2020 |
| 6 | 248/2020 | ജി.ഒ.(പി) നമ്പർ 31/2020/ആർ.ഡി. | 23-3-2020 |
| 7 | 272/2020 | ജി.ഒ.(പി) നമ്പർ 32/2020/ആർ.ഡി. | 24-3-2020 |
| 8 | 273/2020 | ജി.ഒ.(പി) നമ്പർ 30/2020/ആർ.ഡി. | 20-3-2020 |
| 9 | 278/2020 | ജി.ഒ.(പി) നമ്പർ 27/2020/ആർ.ഡി. | 20-3-2020 |
| 10 | 297/2020 | ജി.ഒ.(പി) നമ്പർ 35/2020/ആർ.ഡി. | 3-5-2020 |
| 11 | 375/2020 | ജി.ഒ.(എം.എസ്) നമ്പർ 4/2020/എച്ച്എസ്ജി. | 8-6-2020 |

IV. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.കെ.കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 819/2020 | ജി.ഒ.(പി) നമ്പർ 19/2020/ഡബ്ല്യു .ആർ.ഡി. | 12-11-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഡാം സുരക്ഷാ അതോറിറ്റി | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2019-20 | വാർഷിക റിപ്പോർട്ട് | അല്ല |

V. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 440/2019 | ജി.ഒ.(പി) നമ്പർ 20/2019/ട്രാൻ. | 7-6-2019 | അതെ |
| 2 | 584/2019 | ജി.ഒ.(പി) നമ്പർ 28/2019/ട്രാൻ. | 29-8-2019 | അതെ |
| 3 | 10/2020 | ജി.ഒ.(പി) നമ്പർ 43/2019/ട്രാൻ. | 4-12-2019 | അതെ |
| 4 | 121/2020 | ജി.ഒ.(പി) നമ്പർ 5/2020/ട്രാൻ. | 14-2-2020 | അതെ |
| 5 | 128/2020 | ജി.ഒ.(പി) നമ്പർ 6/2020/ട്രാൻ. | 17-2-2020 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 251/2020 | ജി.ഒ.(പി) നമ്പർ 13/2020/ട്രാൻ. | 23-3-2020 | അതെ |
| 7 | 256/2020 | ജി.ഒ.(പി) നമ്പർ 17/2020/ട്രാൻസ് | 31-3-2020 | അതെ |
| 8 | 339/2020 | ജി.ഒ.(പി) നമ്പർ 27/2020/ട്രാൻ. | 21-5-2020 | അതെ |
| 9 | 393/2020 | ജി.ഒ.(പി) നമ്പർ 33/2020/ട്രാൻസ് | 12-6-2020 | അതെ |
| 10 | 435/2020 | ജി.ഒ.(പി) നമ്പർ 35/2020/ട്രാൻ. | 23-6-2020 | അതെ |
| 11 | 455/2020 | ജി.ഒ.(പി) നമ്പർ 11/2020/ട്രാൻ. | 24-3-2020 | അതെ |
| 12 | 458/2020 | ജി.ഒ.(പി) നമ്പർ 38/2020/ട്രാൻ. | 14-7-2020 | അതെ |
| 13 | 477/2020 | ജി.ഒ.(പി) നമ്പർ 42/2020/ട്രാൻ. | 23-7-2020 | അല്ല |
| 14 | 499/2020 | ജി.ഒ.(പി) നമ്പർ 44/2020/ട്രാൻ. | 4-8-2020 | അല്ല |
| 15 | 544/2020 | ജി.ഒ.(പി) നമ്പർ 45/2020/ട്രാൻ. | 27-8-2020 | അല്ല |
| 16 | 608/2020 | ജി.ഒ.(പി) നമ്പർ 12/2020/ട്രാൻ. | 24-3-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 17 | 612/2020 | ജി.ഒ.(പി) നമ്പർ 48/2020/ട്രാൻ. | 24-9-2020 | അല്ല |
| 18 | 616/2020 | ജി.ഒ.(പി) നമ്പർ 49/2020/ട്രാൻ. | 25-9-2020 | അല്ല |
| 19 | 618/2020 | ജി.ഒ.(പി) നമ്പർ 50/2020/ട്രാൻ. | 26-9-2020 | അല്ല |
| 20 | 632/2020 | ജി.ഒ.(പി) നമ്പർ 51/2020/ട്രാൻ. | 30-9-2020 | അല്ല |
| 21 | 700/2020 | ജി.ഒ.(പി) നമ്പർ 52/2020/ട്രാൻ. | 13-10-2020 | അല്ല |
| 22 | 727/2020 | ജി.ഒ.(പി) നമ്പർ 53/2020/ട്രാൻ. | 21-10-2020 | അല്ല |
| 23 | 729/2020 | ജി.ഒ.(പി) നമ്പർ 54/2020/ട്രാൻ. | 22-10-2020 | അല്ല |
| 24 | 741/2020 | ജി.ഒ.(പി) നമ്പർ 56/2020/ട്രാൻസ് | 27-10-2020 | അല്ല |
| 25 | 773/2020 | ജി.ഒ.(പി) നമ്പർ 58/2020/ട്രാൻ. | 3-11-2020 | അല്ല |
| 26 | 779/2020 | ജി.ഒ.(പി) നമ്പർ 59/2020/ട്രാൻ. | 5-11-2020 | അല്ല |
| 27 | 807/2020 | ജി.ഒ.(പി) നമ്പർ 55/2020/ട്രാൻ. | 27-10-2020 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 994/2019 | ജി.ഒ.(പി) നമ്പർ 42/2019/ട്രാൻസ്. | 6-12-2019 |

3-3-2020-ന് 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 14/2020 | ജി.ഒ(പി) നമ്പർ 44/2019/ട്രാൻ | 7-12-2019 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമനമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 208/2020 | ജി.ഒ.(പി) നമ്പർ 10/2020/ട്രാൻ. | 16-3-2020 |
| 2 | 244/2020 | ജി.ഒ.(പി) നമ്പർ 8/2020/ട്രാൻസ്. | 5-3-2020 |
| 3 | 253/2020 | ജി.ഒ.(പി) നമ്പർ 15/2020/ട്രാൻ. | 25-3-2020 |
| 4 | 258/2020 | ജി.ഒ.(പി) നമ്പർ 18/2020/ട്രാൻസ്. | 31-3-2020 |
| 5 | 259/2020 | ജി.ഒ.(പി) നമ്പർ 19/2020/ട്രാൻസ്. | 31-3-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 274/2020 | ജി.ഒ.(പി) നമ്പർ 20/2020/ട്രാൻസ്. | 15-4-2020 |
| 7 | 284/2020 | ജി.ഒ.(പി) നമ്പർ 21/2020/ട്രാൻ. | 22-4-2020 |
| 8 | 289/2020 | ജി.ഒ.(പി) നമ്പർ 22/2020/ട്രാൻസ്. | 23-4-2020 |
| 9 | 294/2020 | ജി.ഒ.(പി) നമ്പർ 23/2020/ട്രാൻസ്. | 30-4-2020 |
| 10 | 302/2020 | ജി.ഒ.(പി) നമ്പർ 24/2020/ട്രാൻ. | 6-5-2020 |
| 11 | 303/2020 | ജി.ഒ.(പി) നമ്പർ 25/2020/ട്രാൻ. | 6-5-2020 |

VI. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 212/2020 | ജി.ഒ.(പി) നമ്പർ 5/2020/സി. എൽ.എ.ഡി. | 29-2-2020 | അതെ |
| 2 | 443/2020 | ജി.ഒ.(പി) നമ്പർ 15/2020/മ.തു.വ. | 19-6-2020 | അല്ല |
| 3 | 579/2020 | ജി.ഒ.(പി) നമ്പർ 21/2020/മ.തു.വ. | 24-8-2020 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 527/2019 | സ.ഉ.(പി) നമ്പർ 31/2019/മ.തു.വ. | 2-8-2019 |
| 2 | 13/2020 | ജി.ഒ.(പി) നമ്പർ 44/2019/എഫ്.&പി.ഡി. | 6-12-2019 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 72/2020 | ജി.ഒ.(പി) നമ്പർ 1/2020/എഫ്.&പി.ഡി. | 4-1-2020 |

VII. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 1033/2005 | 17950/എഫ്.ആർ.സി.-2/2004/ഫിൻ | 25-11-2005 | അതെ |
| 2 | 932/2018 | ജി.ഒ(പി) നമ്പർ 192/2018/ഫിൻ. | 11-12-2018 | അതെ |
| 3 | 511/2019 | ജി.ഒ(പി) നമ്പർ 82/2019/ഫിൻ | 9-7-2019 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 113/2020 | ജി.ഒ.(പി) നമ്പർ 23/2020/ടാക്സസ് | 10-2-2020 | അതെ |
| 5 | 296/2020 | ജി.ഒ(പി) നമ്പർ 53/2020/ഫിൻ. | 30-4-2020 | അതെ |
| 6 | 327/2020 | ജി.ഒ.(പി) നമ്പർ 39/2020/നി.വ. | 17-3-2020 | അതെ |
| 7 | 361/2020 | ജി.ഒ.(പി) നമ്പർ 85/2020/ടാക്സസ് | 30-5-2020 | അതെ |
| 8 | 362/2020 | ജി.ഒ.(പി) നമ്പർ 86/2020/ടാക്സസ് | 1-6-2020 | അതെ |
| 9 | 368/2020 | ജി.ഒ(പി) നമ്പർ 58/2020/ഫിൻ. | 13-5-2020 | അതെ |
| 10 | 387/2020 | ജി.ഒ.(പി) നമ്പർ 88/2020/ടാക്സസ് | 8-6-2020 | അതെ |
| 11 | 388/2020 | ജി.ഒ.(പി) നമ്പർ 87/2020/ടി.ഡി. | 05-6.2020 | അതെ |
| 12 | 392/2020 | ജി.ഒ.(പി) നമ്പർ 90/2020/ടാക്സസ് | 13-6-2020 | അതെ |
| 13 | 402/2020 | ജി.ഒ.(പി) നമ്പർ 91/2020/ടാക്സസ് | 13-6-2020 | അതെ |
| 14 | 434/2020 | ജി.ഒ.(പി) നമ്പർ 92/2020/ടാക്സസ് | 24-6-2020 | അതെ |
| 15 | 470/2020 | ജി.ഒ.(പി) നമ്പർ 93/2020/ടാക്സസ് | 22-7-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 16 | 471/2020 | ജി.ഒ.(പി) നമ്പർ 94/2020/ടാക്സസ് | 22-7-2020 | അല്ല |
| 17 | 472/2020 | ജി.ഒ.(പി) നമ്പർ 95/2020/ടാക്സസ് | 22-7-2020 | അല്ല |
| 18 | 473/2020 | ജി.ഒ.(പി) നമ്പർ 96/2020/ടാക്സസ് | 22-7-2020 | അല്ല |
| 19 | 475/2020 | ജി.ഒ.(പി) നമ്പർ 97/2020/ടാക്സസ് | 22-7-2020 | അല്ല |
| 20 | 476/2020 | ജി.ഒ.(പി) നമ്പർ 98/2020/ടാക്സസ് | 22-7-2020 | അല്ല |
| 21 | 501/2020 | ജി.ഒ.(പി) നമ്പർ 102/2020/ടാക്സസ് | 14-8-2020 | അല്ല |
| 22 | 538/2020 | ജി.ഒ.(പി) നമ്പർ 110/2020/ടാക്സസ് | 25-8-2020 | അല്ല |
| 23 | 539/2020 | ജി.ഒ.(പി) നമ്പർ 111/2020/ടാക്സസ് | 25-8-2020 | അല്ല |
| 24 | 595/2020 | ജി.ഒ.(പി) നമ്പർ 109/2020/ടാക്സസ് | 25-8-2020 | അല്ല |
| 25 | 610/2020 | ജി.ഒ.(പി) നമ്പർ 120/2020/ഫിൻ. | 15-9-2020 | അല്ല |
| 26 | 613/2020 | ജി.ഒ.(പി) നമ്പർ 121/2020/ഫിൻ. | 15-9-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 27 | 631/2020 | ജി.ഒ.(പി) നമ്പർ 117/2020/ടാക്സസ് | 30-9-2020 | അല്ല |
| 28 | 634/2020 | ജി.ഒ.(പി) നമ്പർ 118/2020/ടാക്സസ് | 1-10-2020 | അല്ല |
| 29 | 635/2020 | ജി.ഒ.(പി) നമ്പർ 119/2020/ടാക്സസ് | 1-10-2020 | അല്ല |
| 30 | 636/2020 | ജി.ഒ.(പി) നമ്പർ 129/2020/ഫിൻ | 30-9-2020 | അല്ല |
| 31 | 637/2020 | ജി.ഒ.(പി) നമ്പർ 130/2020/ഫിൻ | 1-10-2020 | അല്ല |
| 32 | 643/2020 | ജി.ഒ.(പി) നമ്പർ 123/2020/ടാക്സസ് | 6-10-2020 | അല്ല |
| 33 | 646/2020 | ജി.ഒ.(പി) നമ്പർ 124/2020/ടാക്സസ് | 7-10-2020 | അല്ല |
| 34 | 648/2020 | ജി.ഒ.(പി) നമ്പർ 125/2020/ടാക്സസ് | 7-10-2020 | അല്ല |
| 35 | 649/2020 | ജി.ഒ.(പി) നമ്പർ 126/2020/ടാക്സസ് | 7-10-2020 | അല്ല |
| 36 | 650/2020 | ജി.ഒ.(പി) നമ്പർ 127/2020/ടാക്സസ് | 7-10-2020 | അല്ല |
| 37 | 651/2020 | ജി.ഒ.(പി) നമ്പർ 128/2020/ടാക്സസ് | 07.10.2020 | അല്ല |
| 38 | 652/2020 | ജി.ഒ.(പി) നമ്പർ 129/2020/ടാക്സസ് | 7-10-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 39 | 653/2020 | ജി.ഒ.(പി) നമ്പർ 130/2020/ടാക്സസ് | 7-10-2020 | അല്ല |
| 40 | 654/2020 | ജി.ഒ.(പി) നമ്പർ 131/2020/ടാക്സസ് | 7-10-2020 | അല്ല |
| 41 | 655/2020 | ജി.ഒ.(പി) നമ്പർ 132/2020/ടാക്സസ് | 7-10-2020 | അല്ല |
| 42 | 672/2020 | ജി.ഒ.(പി) നമ്പർ 134/2020/ടാക്സസ് | 8-10-2020 | അല്ല |
| 43 | 673/2020 | ജി.ഒ.(പി) നമ്പർ 135/2020/ടാക്സസ് | 8-10-2020 | അല്ല |
| 44 | 674/2020 | ജി.ഒ.(പി) നമ്പർ 136/2020/ടാക്സസ് | 8-10-2020 | അല്ല |
| 45 | 685/2020 | ജി.ഒ.(പി) നമ്പർ 138/2020/ടാക്സസ് | 9-10-2020 | അല്ല |
| 46 | 686/2020 | ജി.ഒ.(പി) നമ്പർ 139/2020/ടാക്സസ് | 9-10-2020 | അല്ല |
| 47 | 709/2020 | ജി.ഒ.(പി) നമ്പർ 134/2020/ഫിൻ. | 12-10-2020 | അല്ല |
| 48 | 738/2020 | ജി.ഒ.(പി) നമ്പർ 140/2020/ഫിൻ. | 25-10-2020 | അല്ല |
| 49 | 749/2020 | ജി.ഒ.(പി) നമ്പർ 147/2020/ടാക്സസ് | 30-10-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 50 | 750/2020 | ജി.ഒ.(പി) നമ്പർ 148/2020/ടാക്സസ് | 30-10-2020 | അല്ല |
| 51 | 752/2020 | ജി.ഒ.(പി) നമ്പർ 149/2020/ടാക്സസ് | 30-10-2020 | അല്ല |
| 52 | 753/2020 | ജി.ഒ.(പി) നമ്പർ 150/2020/ടാക്സസ് | 30-10-2020 | അല്ല |
| 53 | 756/2020 | ജി.ഒ.(പി) നമ്പർ 145/2020/ഫിൻ. | 30-10-2020 | അല്ല |
| 54 | 758/2020 | ജി.ഒ.(പി) നമ്പർ 151/2020/ടാക്സസ് | 31-10-2020 | അല്ല |
| 55 | 759/2020 | ജി.ഒ.(പി) നമ്പർ 152/2020/ടാക്സസ് | 31-10-2020 | അല്ല |
| 56 | 760/2020 | ജി.ഒ.(പി) നമ്പർ 153/2020/ടാക്സസ് | 31-10-2020 | അല്ല |
| 57 | 817/2020 | ജി.ഒ.(പി) നമ്പർ 157/2020/ടാക്സസ് | 12-11-2020 | അല്ല |
| 58 | 818/2020 | ജി.ഒ.(പി) നമ്പർ 158/2020/ടാക്സസ് | 12-11-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2009-10 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 3 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2011-12 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 4 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക കണക്കുകൾ | അതെ |
| 5 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 51/2020 | ജി.ഒ.(പി) നമ്പർ 3/2020/ടാക്സസ് | 21-1-2020 |

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 52/2020 | ജി.ഒ.(പി) നമ്പർ 4/2020/ടാക്സസ് | 22-1-2020 |
| 2 | 53/2020 | ജി.ഒ.(പി) നമ്പർ 5/2020/ടാക്സസ് | 22-1-2020 |
| 3 | 63/2020 | ജി.ഒ.(പി) നമ്പർ 7/2020/ടാക്സസ് | 28-1-2020 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 89/2020 | ജി.ഒ.(പി) നമ്പർ 12/2020/ടാക്സസ് | 1-2-2020 |
| 2 | 91/2020 | ജി.ഒ.(പി) നമ്പർ 14/2020/ടാക്സസ് | 1-2-2020 |
| 3 | 92/2020 | ജി.ഒ.(പി) നമ്പർ 16/2020/ടാക്സസ് | 1-2-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 93/2020 | ജി.ഒ.(പി) നമ്പർ 18/2020/ടാക്സസ് | 1-2-2020 |
| 5 | 94/2020 | ജി.ഒ.(പി) നമ്പർ 15/2020/ടാക്സസ് | 1-2-2020 |
| 6 | 95/2020 | ജി.ഒ.(പി) നമ്പർ 17/2020/ടാക്സസ് | 1-2-2020 |
| 7 | 96/2020 | ജി.ഒ.(പി) നമ്പർ 13/2020/ടാക്സസ് | 1-2-2020 |
| 8 | 106/2020 | സ.ഉ.(പി) നമ്പർ 22/2020/നി.വ. | 6-2-2020 |
| 9 | 108/2020 | ജി.ഒ.(പി) നമ്പർ 20/2020/ടാക്സസ് | 6-2-2020 |
| 10 | 109/2020 | ജി.ഒ.(പി) നമ്പർ 21/2020/ടാക്സസ് | 6-2-2020 |

24-8-2020-ന് <u>മേശപ്പുറത്തു</u> വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 60/2005 | ജി.ഒ.(പി) നമ്പർ 34/2005/ഫിൻ. | 18-1-2005 |
| 2 | 753/2005 | ജി.ഒ.(പി) നമ്പർ 344/2005/ഫിൻ. | 25-7-2005 |
| 3 | 754/2005 | ജി.ഒ.(പി) നമ്പർ 346/2005/ഫിൻ. | 26-7-2005 |
| 4 | 755/2005 | ജി.ഒ.(പി)നമ്പർ 350/2005/ഫിൻ. | 27-7-2005 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 93/2006 | ജി.ഒ.(പി) നമ്പർ 29/06/ഫിൻ. | 19-1-2006 |
| 6 | 94/2006 | ജി.ഒ.(പി) നമ്പർ 34/06/ഫിൻ. | 20-1-2006 |
| 7 | 95/2006 | ജി.ഒ.(പി) നമ്പർ 38/2006/ഫിൻ. | 21-1-2006 |
| 8 | 96/2006 | ജി.ഒ.(പി) നമ്പർ 39/2006/ഫിൻ. | 23-1-2006 |
| 9 | 445/2006 | ജി.ഒ.(പി) നമ്പർ 244/2006/ഫിൻ. | 5-6-2006 |
| 10 | 158/2020 | ജി.ഒ.(പി) നമ്പർ 27/2020/ടാക്സസ് | 27-2-2020 |
| 11 | 159/2020 | ജി.ഒ.(പി) നമ്പർ 26/2020/ടാക്സസ് | 26-2-2020 |
| 12 | 160/2020 | ജി.ഒ.(പി) നമ്പർ 29/2020/ടാക്സസ് | 28-2-2020 |
| 13 | 165/2020 | ജി.ഒ.(പി) നമ്പർ 30/2020/ടി.ഡി. | 29-2-2020 |
| 14 | 222/2020 | ജി.ഒ.(പി) നമ്പർ 40/2020/ടാക്സസ് | 17-3-2020 |
| 15 | 223/2020 | ജി.ഒ.(പി) നമ്പർ 41/2020/ടാക്സസ് | 17-3-2020 |
| 16 | 265/2020 | ജി.ഒ.(പി) നമ്പർ 51/2020/ടാക്സസ് | 1-4-2020 |
| 17 | 267/2020 | ജി.ഒ.(പി) നമ്പർ 52/2020/ടാക്സസ് | 3-4-2020 |
| 18 | 285/2020 | ജി.ഒ.(പി) നമ്പർ 58/2020/ടാക്സസ് | 24-4-2020 |
| 19 | 286/2020 | ജി.ഒ.(പി) നമ്പർ 59/2020/ടാക്സസ് | 24-4-2020 |
| 20 | 287/2020 | ജി.ഒ.(പി) നമ്പർ 60/2020/ടാക്സസ് | 24-4-2020 |
| 21 | 288/2020 | ജി.ഒ.(പി) നമ്പർ 61/2020/ടാക്സസ് | 24-4-2020 |
| 22 | 314/2020 | ജി.ഒ.(പി)നമ്പർ 64/2020/ടാക്സസ് | 14-5-2020 |
| 23 | 315/2020 | ജി.ഒ.(പി) നമ്പർ 65/2020/ടാക്സസ് | 14-5-2020 |

| | | | |
|---|---|---|---|
| 24 | 316/2020 | ജി.ഒ.(പി) നമ്പർ 66/2020/ടാക്സസ് | 14-5-2020 |
| 25 | 317/2020 | ജി.ഒ.(പി) നമ്പർ 67/2020/ടാക്സസ് | 14-5-2020 |
| 26 | 318/2020 | ജി.ഒ.(പി)നമ്പർ 68/2020/ടാക്സസ് | 14-5.2020 |
| 27 | 319/2020 | ജി.ഒ.(പി) നമ്പർ 69/2020/ടാക്സസ് | 14-5-2020 |
| 28 | 320/2020 | ജി.ഒ.(പി) നമ്പർ 70/2020/ടാക്സസ് | 14-5-2020 |
| 29 | 321/2020 | ജി.ഒ.(പി) നമ്പർ 71/2020/ടാക്സസ് | 14-5-2020 |
| 30 | 322/2020 | ജി.ഒ.(പി) നമ്പർ 72/2020/ടാക്സസ് | 14-5-2020 |
| 31 | 329/2020 | ജി.ഒ.(പി) നമ്പർ 74/2020/ടാക്സസ് | 19-5-2020 |
| 32 | 349/2020 | ജി.ഒ.(പി) നമ്പർ 78/2020/ടാക്സസ് | 28-5-2020 |
| 33 | 353/2020 | ജി.ഒ.(പി) നമ്പർ 79/2020/ടാക്സസ് | 29-5-2020 |
| 34 | 354/2020 | ജി.ഒ.(പി) നമ്പർ 80/2020/ടാക്സസ് | 29-5-2020 |
| 35 | 355/2020 | ജി.ഒ.(പി) നമ്പർ 81/2020/ടാക്സസ് | 29-5-2020 |
| 36 | 356/2020 | ജി.ഒ.(പി) നമ്പർ 82/2020/ടാക്സസ് | 29-5-2020 |
| 37 | 357/2020 | ജി.ഒ.(പി) നമ്പർ 83/2020/ടാക്സസ് | 29-5-2020 |
| 38 | - | കെ.എഫ്. സി./എച്ച്ആർ/ 1519/2019-20 | 23-1-2020 |
| 39 | - | കെ.എഫ്. സി./എച്ച്ആർ./ 1520/2019-20 | 5-2-2020 |

VIII. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കാർഷിക സർവ്വകലാശാല | 2018-19 | വാർഷിക കണക്കുകൾ | അതെ |
| | | 2019-20 | വാർഷിക കണക്കുകൾ | അല്ല |
| 2 | കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 2018-19 | വാർഷിക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2018-19 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അതെ |
| 5 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2018-19 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2019-20 | ഓഡിറ്റ് റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 304/2020 | ജി.ഒ.(പി) നമ്പർ 6/2020/അഗ്രി. | 5-5-2020 |

IX.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 359/2020 | ജി.ഒ.(പി) നമ്പർ 3/2020/ലോ | 29-5-2020 | അതെ |
| 2 | 389/2020 | ജി.ഒ. (ആർ.റ്റി.)നമ്പർ 423/2020/ലോ | 26-5-2020 | അതെ |
| 3 | 390/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 424/2020/ലോ | 26-5-2020 | അതെ |
| 4 | 597/2020 | ജി.ഒ.(പി) നമ്പർ 6/2020/ലോ | 17-9-2020 | അല്ല |
| 5 | 720/2020 | ജി.ഒ.(എം.എസ്.) നമ്പർ72/2020/ ലോ | 16-10-2020 | അല്ല |
| 6 | 774/2020 | ജി.ഒ.(എം.എസ്.) നമ്പർ 75/2020/ലോ | 23-10-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ കാലതാമസ പത്രിക സഹിതമാണോയെന്ന് | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 2012-13 മുതൽ 2015-16 വരെ | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി | 2007-08 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | എറണാകുളം പെർമനന്റ് ലോക് അദാലത്ത് | 2014-15 മുതൽ 2017-18 വരെ | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | ഇടുക്കി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2017-18 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള സംസ്ഥാന പിന്നാക്ക വിഭാഗവികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST) | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി | 2019-20 | ഓഡിറ്റ് റിപ്പോർട്ട് | അല്ല |
| 8 | കേരള സംസ്ഥാന സർവ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2019-20 | വാർഷിക റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 410/2019 | ജി.ഒ.(പി) നമ്പർ 18/2019/ലോ | 24-6-2019 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്::

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 85/2020 | ജി.ഒ.(ആർ.റ്റി) നമ്പർ 26/2020/ലോ | 6-1-2020 |
| 2 | 110/2020 | ജി.ഒ.(ആർ.റ്റി) നമ്പർ 25/2020/ലോ | 6-1-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 263/2020 | ജി.ഒ.(എം.എസ്.) നമ്പർ 34/2020/നിയമം | 1-4-2020 |
| 2 | 338/2020 | ജി.ഒ.(പി) നമ്പർ 3/2020/ എസ് .സി.എസ് .റ്റി.ഡി.ഡി. | 14-5-2020 |

X .ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 417/2020 | ജി.ഒ.(പി) നമ്പർ 5/2020/എസ്ജെ.ഡി. | 11-6-2020 | അല്ല |
| 2 | 491/2020 | ജി.ഒ.(പി) നമ്പർ 14/2020/എസ്ജെ.ഡി. | 10-8-2020 | അല്ല |
| 3 | 540/2020 | ജി.ഒ.(പി) നമ്പർ. 34/2020/എച്ച്&എഫ് ഡബ്ല്യുഡി | 27-6-2020 | അല്ല |
| 4 | 587/2020 | ജി.ഒ.(പി)നമ്പർ. 9/2020/എസ്ജെ.ഡി. | 16-7-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 588/2020 | ജി.ഒ.(പി) നമ്പർ 10/2020/എസ്ജെ.ഡി. | 16-7-2020 | അല്ല |
| 6 | 590/2020 | ജി.ഒ.(പി)നമ്പർ 11/2020/എസ്ജെ.ഡി. | 16-7-2020 | അല്ല |
| 7 | 591/2020 | ജി.ഒ.(പി) നമ്പർ12/2020/എസ്. ജെ.ഡി. | 16-7-2020 | അല്ല |
| 8 | 592/2020 | ജി.ഒ.(പി) നമ്പർ 13/2020/എസ്ജെ.ഡി. | 16-7-2020 | അല്ല |
| 9 | 609/2020 | ജി.ഒ.(പി) നമ്പർ 20/2020/എസ്ജെ.ഡി. | 23-9-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ഔഷധി | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 1012/2019 | ജി.ഒ.(പി)നമ്പർ 13/2019/എസ്ജെഡി | 2-11-2019 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 33/2020 | സ.ഉ.(അച്ചടി)) നമ്പർ 1/2020/സാ.നീ.വ | 6-1-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 261/2020 | ജി.ഒ.(പി)നമ്പർ 2/2020/എസ്ജെ.ഡി. | 22-3-2020 |
| 2 | 262/2020 | ജി.ഒ.(പി) നമ്പർ 3/2020/എസ്ജെ.ഡി. | 28-3-2020 |

XI. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 149/2020 | ജി.ഒ.(പി) നമ്പർ 25/2020/നിവ. | 21-2-2020 | അതെ |
| 2 | 266/2020 | ജി.ഒ.(പി) നമ്പർ 47/2020/ടാക്സസ് | 31-3-2020 | അതെ |
| 3 | 394/2020 | ജി.ഒ.(പി) നമ്പർ 89/2020/ടി.ഡി. | 11-6-2020 | അതെ |
| 4 | 489/2020 | ജി.ഒ.(പി) നമ്പർ 100/2020/ടാക്സസ് | 5-8-2020 | അല്ല |
| 5 | 490/2020 | ജി.ഒ.(പി) നമ്പർ101/2020/ടാക്സസ് | 5-8-2020 | അല്ല |
| 6 | 518/2020 | ജി.ഒ.(പി) നമ്പർ 103/2020/ടാക്സസ് | 17-8-2020 | അല്ല |
| 7 | 519/2020 | ജി.ഒ.(പി) നമ്പർ 104/2020/ടാക്സസ് | 17-8-2020 | അല്ല |
| 8 | 531/2020 | ജി.ഒ.(പി) നമ്പർ 108/2020/നി.വ. | 25-8-2020 | അല്ല |
| 9 | 568/2020 | ജി.ഒ.(പി) നമ്പർ 113/2020/ടാക്സസ് | 8-9-2020 | അല്ല |
| 10 | 569/2020 | ജി.ഒ.(പി) നമ്പർ 114/2020/ടാക്സസ് | 8-9-2020 | അല്ല |

| ((1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | 642/2020 | ജി.ഒ.(പി) നമ്പർ 122/2020/ടാക്സസ് | 5-10-2020 | അല്ല |
| 12 | 671/2020 | ജി.ഒ.(പി) നമ്പർ 116/2020/ടാക്സസ് | 28-9-2020 | അല്ല |
| 13 | 679/2020 | ജി.ഒ.(പി) നമ്പർ 133/2020/ടാക്സസ് | 8-10-2020 | അല്ല |
| 14 | 682/2020 | ജി.ഒ.(പി) നമ്പർ 141/2020/ടാക്സസ് | 10-10-2020 | അല്ല |
| 15 | 683/2020 | ജി.ഒ.(പി) നമ്പർ 140/2020/ടാക്സസ് | 10-10-2020 | അല്ല |
| 16 | 745/2020 | ജി.ഒ.(പി) നമ്പർ 146/2020/ടാക്സസ് | 30-10-2020 | അല്ല |
| 17 | 810/2020 | ജി.ഒ.(പി) നമ്പർ 156/2020/ടാക്സസ് | 7-11-2020 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 968/2019 | ജി.ഒ.(പി) നമ്പർ 199/2019/ടാക്സസ് | 10-12-2019 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 67/2020 | ജി.ഒ.(പി) നമ്പർ 06/2020/റ്റി.ഡി | 23-1-2020 |

24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 84/2020 | ജി. ഒ.(പി) നമ്പർ 09/2020/ടി.ഡി. | 30-1-2020 |
| 2 | 86/2020 | ജി. ഒ(പി)നമ്പർ 10/2020/ടി.ഡി. | 30-1-2020 |
| 3 | 120/2020 | ജി. ഒ(പി) നമ്പർ 19/2020/ടാക്സസ് | 3.-2-2020 |
| 4 | 198/2020 | ജി.ഒ(പി) നമ്പർ 33/2020/ടി.ഡി. | 11-3-2020 |
| 5 | 199/2020 | ജി.ഒ(പി) നമ്പർ 34/2020/ടി.ഡി. | 11-3-2020 |
| 6 | 260/2020 | ജി.ഒ(പി) നമ്പർ 48/2020/നി.വ. | 31-3-2020 |
| 7 | 312/2020 | ജി.ഒ(പി) നമ്പർ 62/2020/ടി.ഡി. | 30-4-2020 |

XII.തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 514/2019 | സ.ഉ.(അച്ചടി) നമ്പർ 67/2019/തൊഴിൽ | 20-7-2019 | അതെ |
| 2 | 102/2020 | ജി.ഒ.(പി) നമ്പർ 18/2020/എൽ.ബി.ആർ. | 3-2-2020 | അതെ |
| 3 | 119/2020 | ജി.ഒ.(പി)നമ്പർ 133/2019/എൽ.ബി.ആർ. | 12-12-2019 | അതെ |
| 4 | 161/2020 | ജി.ഒ.(പി) നമ്പർ 26/2020/എൽ.ബി.ആർ. | 23-2-2020 | അതെ |
| 5 | 211/2020 | ജി.ഒ.(പി) നമ്പർ 39/2020/എൽബിആർ | 16-3-2020 | അതെ |
| 6 | 225/2020 | ജി.ഒ.(പി) നമ്പർ 31/2020/എൽ.ബി.ആർ. | 28-2-2020 | അതെ |
| 7 | 226/2020 | ജി.ഒ.(പി) നമ്പർ 19/2020/എൽ.ബി.ആർ. | 3-2-2020 | അതെ |
| 8 | 325/2020 | ജി.ഒ.(പി) നമ്പർ 73/2020/ടി.ഡി. | 14-5-2020 | അല്ല |
| 9 | 384/2020 | ജി.ഒ.(പി) നമ്പർ 50/2020/എൽ.ബി.ആർ. | 3-6-2020 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 385/2020 | ജി.ഒ.(പി) നമ്പർ 48/2020/എൽ.ബി.ആർ. | 29-5-2020 | അതെ |
| 11 | 410/2020 | സ.ഉ.(അച്ചടി) നമ്പർ 51/2020/തൊഴിൽ | 8-6-2020 | അതെ |
| 12 | 426/2020 | സ.ഉ.(അച്ചടി) നമ്പർ 57/2020/തൊഴിൽ | 19-6-2020 | അല്ല |
| 13 | 427/2020 | സ.ഉ.(അച്ചടി) നമ്പർ 59/2020/തൊഴിൽ | 25-6-2020 | അല്ല |
| 14 | 492/2020 | ജി.ഒ.(പി) നമ്പർ 61/2020/എൽ.ബി.ആർ. | 3-8-2020 | അല്ല |
| 15 | 497/2020 | സ.ഉ.(അച്ചടി) നമ്പർ 60/2020/തൊഴിൽ | 2-7-2020 | അല്ല |
| 16 | 508/2020 | സ.ഉ.(അച്ചടി) നമ്പർ 68/2020/തൊഴിൽ | 14-8-2020 | അല്ല |
| 17 | 511/2020 | ജി.ഒ.(പി) നമ്പർ 70/2020/എൽബിആർ | 17-8-2020 | അല്ല |
| 18 | 527/2020 | ജി.ഒ.(പി) നമ്പർ 63/2020/എൽ.ബി.ആർ. | 3-8-2020 | അല്ല |
| 19 | 529/2020 | ജി.ഒ.(പി) നമ്പർ 71/2020/എൽ.ബി.ആർ. | 19-8-2020 | അല്ല |
| 20 | 583/2020 | ജി.ഒ.(പി) നമ്പർ 77/2020/എൽബിആർ | 8-9-2020 | അല്ല |
| 21 | 712/2020 | ജി.ഒ.(പി) നമ്പർ 81/2020/എൽ.ബി.ആർ. | 15-10-2020 | അല്ല |
| 22 | 748/2020 | ജി.ഒ.(എംഎസ്) നമ്പർ 89/2020/ടി.ഡി. | 30-10-2020 | അല്ല |
| 23 | 751/2020 | ജി.ഒ.(പി) നമ്പർ83/ 2020/എൽ.ബി.ആർ. | 22-10-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2010-11 | വാർഷിക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | ഭരണ റിപ്പോർട്ട് | അതെ |
| 4 | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |
| 6 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | വാർഷിക ഓഡിറ്റ് റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 963/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 2 | 964/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 3 | 965/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 4 | 966/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 5 | 1021/2019 | ജി.ഒ.(പി) നമ്പർ 139/2019/എൽ.ബി.ആർ. | 24-12-2019 |
| 6 | 34/2020 | ജി.ഒ.(പി) നമ്പർ 143/2019/എൽ.ബിആർ | 30-12-2019 |
| 7 | 75/2020 | ജി.ഒ.(പി) നമ്പർ 9/2020/എൽബി.ആർ. | 23-1-2020 |
| 8 | 82/2020 | ജി.ഒ.(പി) നമ്പർ 137/2019/എൽ.ബി.ആർ. | 23-12-2019 |

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 426/2019 | ജി.ഒ(പി) നമ്പർ 94/2019/ടി.ഡി. | 29-6-2019 |
| 2 | 1/2020 | ജി.ഒ(പി) നമ്പർ 1/2020/ടി.ഡി. | 1-1-2020 |
| 3 | 44/2020 | ജി.ഒ(പി) നമ്പർ 8/2020/എൽ.ബി.ആർ. | 16-1-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 60/2020 | ജി.ഒ.(പി) നമ്പർ 12/2020/എൽ..ബി.ആർ. | 24-1-2020 |
| 5 | 61/2020 | ജി.ഒ(പി) നമ്പർ 13/2020/എൽ.ബി.ആർ. | 24-1-2020 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 471/2019 | ജി.ഒ(പി) നമ്പർ 63/2019/എൽ.ബി.ആർ. | 22-6-2019 |
| 2 | 130/2020 | ജി.ഒ(പി) നമ്പർ 22/2020/എൽ.ബി.ആർ. | 7-2-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 547/2019 | ജി.ഒ.(പി) നമ്പർ 129/2019/ടിഡി | 17-8-2019 |
| 2 | 812/2019 | ജി.ഒ.(പി) നമ്പർ 167/2019/ടിഡി | 6-11-2019 |
| 3 | 114/2020 | ജി.ഒ.(പി) നമ്പർ 20/2020/എൽ.ബി.ആർ. | 3-2-2020 |
| 4 | 132/2020 | ജി.ഒ.(പി) നമ്പർ 23/2020/എൽ.ബി.ആർ. | 12-2-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 133/2020 | ജി.ഒ.(പി) നമ്പർ 23/2020/എൽ.ബി.ആർ. | 12-2-2020 |
| 6 | 134/2020 | ജി.ഒ.(പി) നമ്പർ 23/2020/എൽ.ബി.ആർ. | 12-2-2020 |
| 7 | 135/2020 | ജി.ഒ.(പി) നമ്പർ 23/2020/എൽ.ബി.ആർ. | 12-2-2020 |
| 8 | 136/2020 | ജി.ഒ.(പി) നമ്പർ 23/2020/എൽ.ബി.ആർ. | 12-2-2020 |
| 9 | 157/2020 | ജി.ഒ.(പി) നമ്പർ 27/2020/എൽ.ബി.ആർ. | 24-2-2020 |
| 10 | 163/2020 | ജി.ഒ.(പി) നമ്പർ 30/2020/എൽ.ബി.ആർ. | 27-2-2020 |
| 11 | 164/2020 | ജി.ഒ.(പി) നമ്പർ 29/2020/എൽ.ബി.ആർ. | 27-2-2020 |
| 12 | 184/2020 | ജി.ഒ.(പി) നമ്പർ 35/2020/എൽ.ബി.ആർ. | 6-3-2020 |
| 13 | 203/2020 | ജി.ഒ.(പി)നമ്പർ 38/2020/ടി.ഡി. | 12-3-2020 |
| 14 | 216/2020 | ജി.ഒ.(പി) നമ്പർ 34/2020/എൽ.ബി.ആർ. | 6-3-2020 |
| 15 | 217/2020 | ജി.ഒ.(പി) നമ്പർ 36/2020/എൽ.ബി.ആർ. | 7-3-2020 |
| 16 | 218/2020 | ജി.ഒ.(പി) നമ്പർ 37/2020/എൽ.ബി.ആർ. | 10-3-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | 358/2020 | സ.ഉ.(അച്ചടി) നമ്പർ 44/2020/തൊഴിൽ | 26-5-2020 |
| 18 | 371/2020 | ജി.ഒ.(പി) നമ്പർ 45/2020/എൽ.ബി.ആർ. | 26-5-2020 |
| 19 | 383/2020 | ജി.ഒ.(പി) നമ്പർ 49/2020/എൽ.ബി.ആർ. | 3-6-2020 |
| 20 | 409/2020 | ജി.ഒ.(പി) നമ്പർ 54/2020/എൽ.ബി.ആർ. | 17-6-2020 |
| 21 | 411/2020 | ജി.ഒ.(പി) നമ്പർ 52/2020/എൽ.ബി.ആർ. | 9-6-2020 |
| 22 | 422/2020 | ജി.ഒ.(പി) നമ്പർ 58/2020/എൽ.ബി.ആർ. | 24-6-2020 |

XIII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 414/2020 | ജി.ഒ.(പി) നമ്പർ 8/2020/എഫ്&സി.എസ്ഡി. | 4-6-2020 | അതെ |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 168/2020 | ജി.ഒ.(പി) നമ്പർ 3/2020/സിഎഡി | 29-2-2020 |
| 2 | 237/2020 | സ.ഉ.(അച്ചടി) നമ്പർ 5/2020/ഭ.പൊ.വി.വ | 17-3-2020 |
| 3 | 271/2020 | സ.ഉ.(പി) നമ്പർ 6/2020/ഭ.പൊ.വി.വ | 4-3-2020 |

XIV. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 438/2019 | ജി.ഒ.(പി) നമ്പർ 66/2019/കോ-ഓപ്പ് | 6-6-2019 | അതെ |
| 2 | 482/2019 | ജി.ഒ.(പി) നമ്പർ 67/2019/കോ-ഓപ്പ് | 6-6-2019 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 530/2019 | ജി.ഒ.(പി) നമ്പർ 76/2019/കോ-ഓപ്പ്. | 1-7-2019 | അതെ |
| 4 | 630/2019 | ജി.ഒ.(പി) നമ്പർ 78/2019/കോ-ഓപ്പ്. | 10-7-2019 | അതെ |
| 5 | 758/2019 | ജി.ഒ.(പി) നമ്പർ 110/2019/കോ-ഓപ്പ്. | 9-10-2019 | അതെ |
| 6 | 784/2019 | ജി.ഒ.(പി) നമ്പർ 113/2019/കോ-ഓപ്പ്. | 10-10-2019 | അതെ |
| 7 | 853/2019 | ജി.ഒ.(പി) നമ്പർ 93/2019/കോ-ഓപ്പ്. | 2-9-2019 | അതെ |
| 8 | 977/2019 | ജി.ഒ.(പി) നമ്പർ 88/2019/കോ-ഓപ്പ്. | 9-8-2019 | അതെ |
| 9 | 981/2019 | ജി.ഒ.(പി) നമ്പർ 68/2019/ആർ.ഡി. | 25-10-2019 | അതെ |
| 10 | 1023/2019 | ജി.ഒ.(പി) നമ്പർ 130/2019/കോ-ഓപ്പ്.. | 17-12-2019 | അതെ |
| 11 | 71/2020 | ജി.ഒ.(പി) നമ്പർ 83/2019/കോ-ഓപ്പ് | 26-7-2019 | അതെ |
| 12 | 99/2020 | ജി.ഒ.(പി) നമ്പർ 9/2020/കോ-ഓപ്പ്. | 31-1-2020 | അതെ |
| 13 | 143/2020 | ജി.ഒ.(പി) നമ്പർ 12/2020/കോ-ഓപ്പ് | 15-2-2020 | അതെ |
| 14 | 365/2020 | ജി.ഒ.(പി) നമ്പർ 43/2020/കോ-ഓപ്പ്. | 21-5-2020 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | 376/2020 | ജി.ഒ.(പി) നമ്പർ 45/2020/കോ-ഓപ്പ്. | 25-5-2020 | അതെ |
| 16 | 377/2020 | ജി.ഒ.(പി) നമ്പർ 49/2020/കോ-ഓപ്പ്. | 29-5-2020 | അതെ |
| 17 | 378/2020 | ജി.ഒ.(പി) നമ്പർ 46/2020/കോ-ഓപ്പ്. | 25-5-2020 | അതെ |
| 18 | 400/2020 | ജി.ഒ.(പി) നമ്പർ 22/2020/കോ-ഓപ്പ്. | 4-3-2020 | അതെ |
| 19 | 418/2020 | ജി.ഒ.(പി) നമ്പർ 50/2020/കോ-ഓപ്പ്. | 13-6-2020 | അതെ |
| 20 | 423/2020 | ജി.ഒ.(പി) നമ്പർ 53/2020/കോ-ഓപ്പ്. | 17-6-2020 | അതെ |
| 21 | 449/2020 | ജി.ഒ.(പി) നമ്പർ 60/2020/കോ-ഓപ്പ്. | 29-6-2020 | അതെ |
| 22 | 494/2020 | ജി.ഒ.(പി) നമ്പർ 67/2020/കോ-ഓപ്പ്. | 10-8-2020 | അല്ല |
| 23 | 495/2020 | ജി.ഒ.(പി) നമ്പർ 68/2020/കോ-ഓപ്പ്. | 10-8-2020 | അല്ല |
| 24 | 496/2020 | ജി.ഒ.(പി) നമ്പർ 58/2020/കോ-ഓപ്പ്. | 25-6-2020 | അല്ല |
| 25 | 512/2020 | ജി.ഒ.(പി) നമ്പർ 31/2020/കോ-ഓപ്പ്. | 25-3-2020 | അല്ല |
| 26 | 525/2020 | ജി.ഒ.(പി) നമ്പർ 69/2020/കോ-ഓപ്പ്. | 18-8-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 27 | 532/2020 | ജി.ഒ.(പി) നമ്പർ 80/2020/കോ-ഓപ്പ്. | 25-8-2020 | അല്ല |
| 28 | 533/2020 | ജി.ഒ.(പി) നമ്പർ 57/2020/കോ-ഓപ്പ്. | 24-6-2020 | അല്ല |
| 29 | 535/2020 | ജി.ഒ.(പി) നമ്പർ 54/2020/കോ-ഓപ്പ്. | 18-6-2020 | അല്ല |
| 30 | 536/2020 | ജി.ഒ.(പി) നമ്പർ 61/2020/കോ-ഓപ്പ്. | 30-6-2020 | അല്ല |
| 31 | 537/2020 | ജി.ഒ.(പി) നമ്പർ 62/2020/കോ-ഓപ്പ്. | 4-7-2020 | അല്ല |
| 32 | 550/2020 | ജി.ഒ.(പി) നമ്പർ 63/2020/കോ-ഓപ്പ്. | 9-7-2020 | അല്ല |
| 33 | 551/2020 | ജി.ഒ.(പി) നമ്പർ 64/2020/കോ-ഓപ്പ്. | 9-7-2020 | അല്ല |
| 34 | 552/2020 | ജി.ഒ.(പി) നമ്പർ 75/2020/കോ-ഓപ്പ്. | 19-8-2020 | അല്ല |
| 35 | 553/2020 | ജി.ഒ.(പി) നമ്പർ 74/2020/കോ-ഓപ്പ് | 19-8-2020 | അല്ല |
| 36 | 554/2020 | ജി.ഒ.(പി) നമ്പർ 76/2020/കോ-ഓപ്പ്. | 20-8-2020 | അല്ല |
| 37 | 555/2020 | ജി.ഒ.(പി) നമ്പർ 77/2020/കോ-ഓപ്പ്. | 24-8-2020 | അല്ല |
| 38 | 556/2020 | ജി.ഒ.(പി) നമ്പർ 81/2020/കോ-ഓപ്പ്. | 26-8-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 39 | 558/2020 | ജി.ഒ.(പി) നമ്പർ 72/2020/കോ-ഓപ്പ്. | 19-8-2020 | അല്ല |
| 40 | 560/2020 | ജി.ഒ.(പി) നമ്പർ 73/2020/കോ-ഓപ്പ്. | 19-8-2020 | അല്ല |
| 41 | 561/2020 | ജി.ഒ.(പി) നമ്പർ 71/2020/കോ-ഓപ്പ്. | 19-8-2020 | അല്ല |
| 42 | 562/2020 | ജി.ഒ.(പി) നമ്പർ 79/2020/കോ-ഓപ്പ്. | 24-8-2020 | അല്ല |
| 43 | 563/2020 | ജി.ഒ.(പി) നമ്പർ 82/2020/കോ-ഓപ്പ്. | 4-9-2020 | അല്ല |
| 44 | 564/2020 | ജി.ഒ.(പി) നമ്പർ 78/2020/കോ-ഓപ്പ്. | 24-8-2020 | അല്ല |
| 45 | 576/2020 | ജി.ഒ.(പി) നമ്പർ 70/2020/കോ-ഓപ്പ്. | 18-8-2020 | അല്ല |
| 46 | 602/2020 | ജി.ഒ.(പി) നമ്പർ 95/2020/കോ-ഓപ്പ് | 18-9-2020 | അല്ല |
| 47 | 614/2020 | ജി.ഒ.(പി) നമ്പർ 89/2020/കോ-ഓപ്പ്. | 14-9-2020 | അല്ല |
| 48 | 615/2020 | ജി.ഒ.(പി) നമ്പർ 85/2020/കോ-ഓപ്പ്. | 8-9-2020 | അല്ല |
| 49 | 620/2020 | ജി.ഒ.(പി) നമ്പർ 101/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |
| 50 | 626/2020 | ജി.ഒ.(പി) നമ്പർ 84/2020/കോ-ഓപ്പ്. | 7-9-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 51 | 627/2020 | ജി.ഒ.(പി) നമ്പർ 86/2020/കോ-ഓപ്പ്. | 8-9-2020 | അല്ല |
| 52 | 628/2020 | ജി.ഒ.(പി) നമ്പർ 87/2020/കോ-ഓപ്പ്. | 8-9-2020 | അല്ല |
| 53 | 629/2020 | ജി.ഒ.(പി) നമ്പർ 88/2020/കോ-ഓപ്പ്. | 14-9-2020 | അല്ല |
| 54 | 630/2020 | ജി.ഒ.(പി) നമ്പർ 99/2020/കോ-ഓപ്പ്. | 25-9-2020 | അല്ല |
| 55 | 633/2020 | ജി.ഒ.(പി) നമ്പർ 94/2020/കോ-ഓപ്പ്. | 18-9-2020 | അല്ല |
| 56 | 657/2020 | ജി.ഒ.(പി) നമ്പർ 108/2020/കോ-ഓപ്പ്. | 30-9-2020 | അല്ല |
| 57 | 658/2020 | ജി.ഒ.(പി) നമ്പർ 93/2020/കോ-ഓപ്പ്. | 18-9-2020 | അല്ല |
| 58 | 660/2020 | ജി.ഒ.(പി) നമ്പർ 102/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |
| 59 | 661/2020 | ജി.ഒ.(പി) നമ്പർ 91/2020/കോ-ഓപ്പ്. | 18-9-2020 | അല്ല |
| 60 | 662/2020 | ജി.ഒ.(പി) നമ്പർ 92/2020/കോ-ഓപ്പ്. | 18-9-2020 | അല്ല |
| 61 | 663/2020 | ജി.ഒ.(പി) നമ്പർ 104/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |
| 62 | 664/2020 | ജി.ഒ.(പി) നമ്പർ 105/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 63 | 665/2020 | ജി.ഒ.(പി) നമ്പർ 106/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |
| 64 | 666/2020 | ജി.ഒ.(പി) നമ്പർ 96/2020/കോ-ഓപ്പ്. | 21-9-2020 | അല്ല |
| 65 | 667/2020 | ജി.ഒ.(പി) നമ്പർ 97/2020/കോ-ഓപ്പ്. | 21-9-2020 | അല്ല |
| 66 | 668/2020 | ജി.ഒ.(പി) നമ്പർ 110/2020/കോ-ഓപ്പ്. | 30-9-2020 | അല്ല |
| 67 | 669/2020 | ജി.ഒ.(പി) നമ്പർ 107/2020/കോ-ഓപ്പ്. | 30-9-2020 | അല്ല |
| 68 | 670/2020 | ജി.ഒ.(പി) നമ്പർ 109/2020/കോ-ഓപ്പ്. | 30-9-2020 | അല്ല |
| 69 | 713/2020 | ജി.ഒ.(പി) നമ്പർ 111/2020/കോ-ഓപ്പ്. | 5-10-2020 | അല്ല |
| 70 | 714/2020 | ജി.ഒ.(പി) നമ്പർ 83/2020/കോ-ഓപ്പ്.. | 5-9-2020 | അല്ല |
| 71 | 721/2020 | ജി.ഒ.(പി) നമ്പർ 116/2020/കോ-ഓപ്പ് | 9-10-2020 | അല്ല |
| 72 | 722/2020 | ജി.ഒ.(പി) നമ്പർ 115/2020/കോ-ഓപ്പ്. | 9-10-2020 | അല്ല |
| 73 | 723/2020 | ജി.ഒ.(പി) നമ്പർ 129/2020/കോ-ഓപ്പ് | 19-10-2020 | അല്ല |
| 74 | 724/2020 | ജി.ഒ.(പി) നമ്പർ 117/2020/കോ-ഓപ്പ്. | 9-10-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 75 | 728/2020 | ജി.ഒ.(പി) നമ്പർ 131/2020/കോ-ഓപ്പ്. | 21-10-2020 | അല്ല |
| 76 | 730/2020 | ജി.ഒ.(പി) നമ്പർ 132/2020/കോ-ഓപ്പ്. | 21-10-2020 | അല്ല |
| 77 | 761/2020 | ജി.ഒ.(പി) നമ്പർ 90/2020/കോ-ഓപ്പ്. | 16-9-2020 | അല്ല |
| 78 | 762/2020 | ജി.ഒ.(പി) നമ്പർ 55/2020/കോ-ഓപ്പ്. | 21-6-2020 | അല്ല |
| 79 | 763/2020 | ജി.ഒ.(പി) നമ്പർ 103/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |
| 80 | 764/2020 | ജി.ഒ.(പി) നമ്പർ 100/2020/കോ-ഓപ്പ്. | 28-9-2020 | അല്ല |
| 81 | 765/2020 | ജി.ഒ.(പി) നമ്പർ 113/2020/കോ-ഓപ്പ്. | 8-10-2020 | അല്ല |
| 82 | 766/2020 | ജി.ഒ.(പി) നമ്പർ 119/2020/കോ-ഓപ്പ് | 11-10-2020 | അല്ല |
| 83 | 775/2020 | ജി.ഒ.(പി) നമ്പർ 143/2020/കോ-ഓപ്പ് | 30-10-2020 | അല്ല |
| 84 | 778/2020 | ജി.ഒ.(പി) നമ്പർ 136/2020/കോ-ഓപ്പ്. | 24-10-2020 | അല്ല |
| 85 | 781/2020 | ജി.ഒ.(പി) നമ്പർ 127/2020/കോ-ഓപ്പ്. | 16-10-2020 | അല്ല |
| 86 | 782/2020 | ജി.ഒ.(പി) നമ്പർ 150/2020/കോ-ഓപ്പ്. | 6-11-2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 87 | 783/2020 | ജി.ഒ.(പി) നമ്പർ 122/2020/കോ-ഓപ്പ്. | 13-10-2020 | അല്ല |
| 88 | 785/2020 | ജി.ഒ.(പി) നമ്പർ 121/2020/കോ-ഓപ്പ്. | 13-10-2020 | അല്ല |
| 89 | 786/2020 | ജി.ഒ.(പി) നമ്പർ 125/2020/കോ-ഓപ്പ്. | 14-10-2020 | അല്ല |
| 90 | 789/2020 | ജി.ഒ.(പി) നമ്പർ 134/2020/കോ-ഓപ്പ്. | 24-10-2020 | അല്ല |
| 91 | 798/2020 | ജി.ഒ.(പി) നമ്പർ 142/2020/കോ-ഓപ്പ്. | 28-10-2020 | അല്ല |
| 92 | 799/2020 | ജി.ഒ.(പി) നമ്പർ 147/2020/കോ-ഓപ്പ്. | 2-11-2020 | അല്ല |
| 93 | 800/2020 | ജി.ഒ.(പി) നമ്പർ 148/2020/കോ-ഓപ്പ്. | 2-11-2020 | അല്ല |
| 94 | 802/2020 | ജി.ഒ.(പി) നമ്പർ 123/2020/കോ-ഓപ്പ്. | 13-10-2020 | അല്ല |
| 95 | 804/2020 | ജി.ഒ.(പി) നമ്പർ 114/2020/കോ-ഓപ്പ്. | 8-10-2020 | അല്ല |
| 96 | 805/2020 | ജി.ഒ.(പി) നമ്പർ 118/2020/കോ-ഓപ്പ്. | 10-10-2020 | അല്ല |
| 97 | 806/2020 | ജി.ഒ.(പി) നമ്പർ 120/2020/കോ-ഓപ്പ്. | 11-10-2020 | അല്ല |
| 98 | 843/2020 | ജി.ഒ.(പി) നമ്പർ 155/2020/കോ-ഓപ്പ്. | 20-11-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | മലബാർ ദേവസ്വം ബോർഡ് | 2019-20 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2.2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 402/2019 | ജി.ഒ.(പി) നമ്പർ 61/2019/കോ-ഓപ്പ്. | 30-5-2019 |
| 2 | 579/2019 | ജി.ഒ.(പി) നമ്പർ 86/2019/കോ-ഓപ്പ്. | 30-7-2019 |
| 3 | 17/2020 | ജി.ഒ.(പി) നമ്പർ 134/2019/കോ-ഓപ്പ്. | 19-12-2019 |

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 526/2019 | ജി.ഒ.(പി) നമ്പർ 71/2019/കോ-ഓപ്പ് | 22-6-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 577/2019 | ജി.ഒ.(പി) നമ്പർ 82/2019/കോ-ഓപ്പ് | 25-7-2019 |
| 3 | 638/2019 | ജി.ഒ.(പി) നമ്പർ 87/2019/കോ-ഓപ്പ്. | 6-8-2019 |
| 4 | 11/2020 | ജി.ഒ.(പി) നമ്പർ 1/2020/കോ-ഓപ്പ്. | 4-1-2020 |
| 5 | 46/2020 | ജി.ഒ.(പി) നമ്പർ 117/2019/കോ-ഓപ്പ്. | 26-10-2019 |
| 6 | 47/2020 | ജി.ഒ.(പി) നമ്പർ 125/2019/കോ-ഓപ്പ്. | 4-12-2019 |
| 7 | 48/2020 | ജി.ഒ.(പി) നമ്പർ 126/2019/കോ-ഓപ്പ്. | 7-12-2019 |
| 8 | 49/2020 | ജി.ഒ.(പി) നമ്പർ 128/2019/കോ-ഓപ്പ്. | 10-12-2019 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 400/2019 | ജി.ഒ.(പി) നമ്പർ 56/2019/കോ-ഓപ്പ്. | 24-5-2019 |
| 2 | 38/2020 | ജി.ഒ.(പി) നമ്പർ 105/2019/കോ-ഓപ്പ്. | 1-10-2019 |
| 3 | 55/2020 | ജി.ഒ.(പി) നമ്പർ 02/2020/കോ-ഓപ്പ്. | 13-1-2020 |
| 4 | 79/2020 | ജി.ഒ.(പി) നമ്പർ 3/2020/കോ-ഓപ്പ്. | 14-1-2020 |
| 5 | 81/2020 | ജി.ഒ.(പി) നമ്പർ 6/2020/കോ-ഓപ്പ്. | 21-1-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 405/2019 | ജി.ഒ.(പി) നമ്പർ 62/2019/കോ-ഓപ്പ്. | 30-5-2019 |
| 2 | 419/2019 | ജി.ഒ.(പി) നമ്പർ 59/2019/കോ-ഓപ്പ്. | 27-5-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 422/2019 | ജി.ഒ.(പി) നമ്പർ 65/2019/കോ-ഓപ്പ് | 6-6-2019 |
| 4 | 446/2019 | ജി.ഒ.(പി) നമ്പർ 53/2019/കോ-ഓപ്പ്. | 21-5-2019 |
| 5 | 854/2019 | ജി.ഒ.(പി) നമ്പർ 114/2019/കോ-ഓപ്പ്. | 10-10-2019 |
| 6 | 150/2020 | ജി.ഒ.(പി) നമ്പർ 11/2020/കോ-ഓപ്പ്. | 14-2-2020 |
| 7 | 172/2020 | ജി.ഒ.(പി) നമ്പർ 14/2020/കോ-ഓപ്പ്. | 24-2-2020 |
| 8 | 173/2020 | ജി.ഒ.(പി) നമ്പർ 15/2020/കോ-ഓപ്പ്. | 26-2-2020 |
| 9 | 174/2020 | ജി.ഒ.(പി) നമ്പർ 20/2020/കോ-ഓപ്പ്. | 3-3-2020 |
| 10 | 183/2020 | ജി.ഒ.(പി) നമ്പർ 19/2020/കോ-ഓപ്പ്. | 3-3-2020 |
| 11 | 187/2020 | ജി.ഒ.(പി) നമ്പർ 81/2019/കോ-ഓപ്പ്. | 22-7-2019 |
| 12 | 188/2020 | ജി.ഒ.(പി) നമ്പർ 23/2020/കോ-ഓപ്പ്. | 4-3-2020 |
| 13 | 189/2020 | ജി.ഒ.(പി) നമ്പർ 26/2020/കോ-ഓപ്പ്. | 7-3-2020 |
| 14 | 194/2020 | ജി.ഒ.(പി) നമ്പർ 21/2020/കോ-ഓപ്പ്. | 4-3-2020 |
| 15 | 195/2020 | ജി.ഒ.(പി) നമ്പർ 115/2019/കോ-ഓപ്പ്. | 10-10-2019 |
| 16 | 206/2020 | ജി.ഒ.(പി) നമ്പർ 16/2020/കോ-ഓപ്പ് | 2-3-2020 |
| 17 | 207/2020 | ജി.ഒ.(പി) നമ്പർ 17/2020/കോ-ഓപ്പ്. | 2-3-2020 |
| 18 | 214/2020 | ജി.ഒ.(പി) നമ്പർ 27/2020/കോ-ഓപ്പ് | 10-3-2020 |
| 19 | 219/2020 | ജി.ഒ.(പി) നമ്പർ 24/2020/കോ-ഓപ്പ്. | 6-3-2020 |
| 20 | 227/2020 | ജി.ഒ.(പി) നമ്പർ 18/2020/കോ-ഓപ്പ്. | 2-3-2020 |
| 21 | 228/2020 | ജി.ഒ.(പി) നമ്പർ 29/2020/കോ-ഓപ്പ്. | 16-3-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | 229/2020 | ജി.ഒ.(പി) നമ്പർ 7/2020/കോ-ഓപ്പ്. | 23-1-2020 |
| 23 | 246/2020 | ജി.ഒ.(പി) നമ്പർ 32/2020/കോ-ഓപ്പ്. | 25-3-2020 |
| 24 | 290/2020 | ജി.ഒ.(പി) നമ്പർ 36/2020/കോ-ഓപ്പ്. | 23-4-2020 |
| 25 | 291/2020 | ജി.ഒ.(പി) നമ്പർ 35/2020/കോ-ഓപ്പ്. | 23-4-2020 |
| 26 | 323/2020 | ജി.ഒ.(പി) നമ്പർ 40/2020/കോ-ഓപ്പ്. | 14-5-2020 |
| 27 | 332/2020 | ജി.ഒ.(പി) നമ്പർ 41/2020/കോ-ഓപ്പ്. | 14-5-2020 |
| 28 | 334/2020 | ജി.ഒ.(പി) നമ്പർ 10/2020/കോ-ഓപ്പ്. | 13-2-2020 |
| 29 | 336/2020 | ജി.ഒ.(പി) നമ്പർ 42/2020/കോ-ഓപ്പ്. | 14-5-2020 |
| 30 | 347/2020 | ജി.ഒ.(പി) നമ്പർ 44/2020/കോ-ഓപ്പ്. | 25-5-2020 |

XV. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 506/2019 | ജി.ഒ.(പി) നമ്പർ 38/2019/എൽ.എസ്ജി.ഡി. | 15-6-2019 | അതെ |
| 2 | 663/2019 | ജി.ഒ.(പി) നമ്പർ 53/2019/എൽ.എസ്ജി.ഡി. | 14-8-2019 | അതെ |
| 3 | 680/2020 | ജി.ഒ.(പി) നമ്പർ 60/2020/എൽ.എസ്ജി.ഡി. | 9-10-2020 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 951/2019 | ജി.ഒ.(പി) നമ്പർ 86/2019/എൽ.എസ്ജി.ഡി. | 2-12-2019 |
| 2 | 1011/2019 | ജി.ഒ.(പി) നമ്പർ 87/2019/എൽ.എസ്ജി.ഡി. | 6-12-2019 |
| 3 | 32/2020 | സ.ഉ.(അ) നമ്പർ 5/2020/ത.സ്വ.ഭ.വ. | 10-1-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 666/2019 | ജി.ഒ.(പി) നമ്പർ 56/2019/എൽ.എസ്ജി.ഡി. | 5-9-2019 |
| 2 | 139/2020 | ജി.ഒ.(പി) നമ്പർ 11/2020/എൽ.എസ്ജി.ഡി. | 30-1-2020 |
| 3 | 276/2020 | ജി.ഒ.(പി) നമ്പർ 35/2020/എൽ.എസ്ജി.ഡി. | 17-4-2020 |
| 4 | 277/2020 | ജി.ഒ.(പി) നമ്പർ 36/2020/എൽ.എസ്ജി.ഡി. | 17-4-2020 |

XVI. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 975/2019 | ജി.ഒ.(പി) നമ്പർ 43/2019/എഫ്.&പി.ഡി. | 4-12-2019 | അതെ |
| 2 | 25/2020 | ജി.ഒ.(പി) നമ്പർ 46/2019/എഫ്.&പി.ഡി. | 15-12-2019 | അതെ |
| 3 | 374/2020 | സ.ഉ.(അച്ചടി) നമ്പർ 7/2020/മ.തു.വ. | 6-6-2020 | അതെ |
| 4 | 407/2020 | ജി.ഒ.(പി) നമ്പർ 8/2020/എഫ്.&പി.ഡി. | 15-6-2020 | അതെ |
| 5 | 827/2020 | ജി.ഒ.(പി) നമ്പർ 23/2020/എഫ്.&പി.ഡി. | 12-11-2020 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 197/2020 | ജി.ഒ.(പി) നമ്പർ 3/2020/എഫ്.&പി.ഡി. | 10-3-2020 |
| 2 | 233/2020 | ജി.ഒ.(പി) നമ്പർ 5/2020/എഫ്.&പി.ഡി. | 20-3-2020 |
| 3 | 407/2020 | ജി.ഒ.(പി) നമ്പർ 8/2020/എഫ്.&പി.ഡി. | 15-6-2020 |

XVII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫീഡ്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 973/2019 | ജി.ഒ.(പി) നമ്പർ 9/2019/എഫ്.&ഡബ്ല്യൂ.എൽ.ഡി. | 17-8-2019 |

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 585/2019 | ജി.ഒ.(പി) നമ്പർ10/2019/ എഫ്. &ഡബ്ല്യൂ.എൽ.ഡി. | 27-8-2019 |

24-8.2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമനമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 328/2020 | ജി.ഒ.(എം.എസ്.) നമ്പർ 10/2020/എഫ്.&ഡബ്ല്യൂ.എൽ.ഡി. | 14-5-2020 |

XVIII. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 769/2020 | സ.ഉ.(അച്ചടി) നമ്പർ 13/2020/പൊ.ഭ.വ. | 5-10-2020 | അല്ല |
| 2 | 770/2020 | ജി.ഒ.(എം.എസ്.) നമ്പർ 200/2020/ജി.എ.ഡി. | 13-10-2020 | അല്ല |
| 3 | 771/2020 | സ.ഉ.(അച്ചടി) നമ്പർ 14/2020/പൊ.ഭ.വ. | 21-10-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (4) |
| 1 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) | 2017-18 | സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2019-20 | വാർഷിക റിപ്പോർട്ട് | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2017-18 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് | അല്ല |
| 4 | കണ്ണൂർ സർവ്വകലാശാല | 2019-20 | വാർഷിക കണക്കുകൾ | അല്ല |
| 5 | കാലിക്കറ്റ് സർവ്വകലാശാല | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2018-19 | വാർഷിക കണക്കുകൾ | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

3-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 18/2019 | ജി.ഒ.(എം.എസ്.) നമ്പർ 8/2019/ആർ.ഡി. | 7-1-2019 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 985/2019 | ജി.ഒ.(എം.എസ്.) നമ്പർ 379/2019/ആർ.ഡി. | 18-12-2019 |
| 2 | 107/2020 | ജി.ഒ.(പി) നമ്പർ 10/2020/ആർ.ഡി. | 6-2.2020 |
| 3 | 152/2020 | ജി.ഒ.(പി) നമ്പർ 9/2020/എച്ച്ഇ.ഡി.എൻ. | 10-2.2020 |
| 4 | - | ജി.ഒ.(എം.എസ്). നമ്പർ 112/2020/ആർ.ഡി. | 20-3.2020 |

XIX. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 534/2020 | ജി.ഒ.(പി) നമ്പർ 5/2020/പവർ | 24-8-2020 | അല്ല |
| 2 | - | 659/ഡി(റ്റി)/2019/ കെ.എസ്ഇ.ആർ.സി. | 13-5-2020 | അതെ |
| 3 | - | 955/എഡിഎംഎൻ./2 013/കെ. എസ്ഇ.ആർ.സി. | 24-7-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | അനർട്ട് | 2014-15 മുതൽ 2017-18 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | എനർജി മാനേജ്മെന്റ് സെന്റർ - കേരള | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

13-3-2020-നും 24-8-2020-നും മേശപ്പുറത്തു വച്ചത്::

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 112/2020 | ജി.ഒ.(പി) നമ്പർ3/2020/പവർ | 5-2-2020 |

24-8-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | - | 560/ഡി.ഡി. (ടി)/2018/കെ.എസ്ഇ.ആർ.സി. | 8-7-2019 |

XX. നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2020 | 6 | ദി കേരള അപ്രോപ്രിയേഷൻ (നമ്പർ 3) ആക്റ്റ്, 2020 |
| 2 | 2020 | 7 | ദി കേരള ഫിനാൻസ് ആക്റ്റ്, 2020 |
| 3 | 2020 | 8 | ദി കേരള ഫിനാൻസ്(നമ്പർ 2) ആക്റ്റ്, 2020 |

2. ചട്ടം 47 (2) (ലിസ്റ്റ് II) പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1272, പത്താം സമ്മേളനത്തിലെ 5667, പതിനൊന്നാം സമ്മേളനത്തിലെ 3466, പതിമൂന്നാം സമ്മേളനത്തിലെ 3893,

പതിനഞ്ചാം സമ്മേളനത്തിലെ 3583, പതിനാറാം സമ്മേളനത്തിലെ 35, 1903, 1938, 2023, 2051, 2052, 3614, 3619, 3620, 3672, 3751, 3765, 3766, 5400, 5431, 5437 5470, 5505, 5517, 5557, പതിനെട്ടാം സമ്മേളനത്തിലെ 137, 1309, 1899, 1953, 1964, 1966, 1984, 1988, 2038, പത്തൊൻപതാം സമ്മേളനത്തിലെ 3, 8, 28, 99, 118, 119, 134, 153, 161, 1635, 1641, 1683, 1714, 1726, 1737, 1752, 1768, 1770 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 575, ഒൻപതാം സമ്മേളനത്തിലെ 2229, 5315, പതിനാലാം സമ്മേളനത്തിലെ 2375, പതിനഞ്ചാം സമ്മേളനത്തിലെ 644, പതിനെട്ടാം സമ്മേളനത്തിലെ 2388 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിലെ 1318, 1329, പത്തൊൻപതാം സമ്മേളനത്തിലെ 1196, 1209, 2878 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

4. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2308, 3814, പതിനാറാം സമ്മേളനത്തിലെ 5773, 5774, 5817, പതിനെട്ടാം സമ്മേളനത്തിലെ 406, 450, 2269, 2324, പത്തൊൻപതാം സമ്മേളനത്തിലെ 385, 422, 1975, 1982, 1995, 1999, 2060, 2082, 2085 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4802 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 197, പത്തൊൻപതാം സമ്മേളനത്തിലെ 716 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

7. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിലെ 230, 2110, 2117 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

8. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3334, 4504, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2252 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

9. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ പത്തൊൻപതാം സമ്മേളനത്തിലെ 615 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

10. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):സർ, പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2893, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 6518 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

11. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1723, പതിനെട്ടാം സമ്മേളനത്തിലെ 1756, 1763 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

3. ചട്ടം 236 (5)(ലിസ്റ്റ് -III) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V – മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2019-20 | 4 | 117-121, 125 |
| VIII – സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 44, 50 |
| IX- തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2014-15 | 4 | 19, 21 |
| XIV- ആഭ്യന്തര കാര്യങ്ങൾ | 2018-19 | 3 | 107 - 112 |
| | 2019-20 | 4 | 3,6,10,28, 37-70,122-125 |

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2018-19 | 3 | 42, 43, 47, 48, 51, 59 |
| | 2019-20 | 4 | 30-34, 36-44, 53 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II – ഭൂനികുതിയും ദേവസ്വവും | 2015-16 | 5 | 3-5, 9-11 |
| | 2016-17 | 1 | 22, 24 |
| | 2018-19 | 3 | 6, 7, 20, 21 |
| | 2019-20 | 4 | 1-3, 20 |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2014-15 | 4 | 49 |

4. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV – വ്യവസായവും ധാതുക്കളും | 2019-20 | 4 | 19-22 |
| VIII – സാമ്പത്തിക കാര്യങ്ങൾ | 2017-18 | 2 | 5, 6 |
| | 2018-19 | 3 | 1-8 |
| | 2019-20 | 4 | 36-41 |

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I – കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2018-19 | 3 | 24 |
| | 2019-20 | 4 | 1, 5, 6, 8-11, 14, 17, 18, 23-25, 29 |

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2019-20 | 4 | 78, 80-117 |
| XIII - സാമൂഹ്യസേവനം | 2016-17 | 1 | 2 |
| XIV- ആഭ്യന്തരകാര്യങ്ങൾ | 2019-20 | 4 | 4, 5, 21-23, 26-28, 102 |

7. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII - സാമൂഹ്യസേവനം | 2017-18 | 2 | 31 |

8. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI - വിദ്യാഭ്യാസം | 2019-20 | 4 | 74 |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2016-17 | 1 | 15, 16 |

9. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII - വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019-20 | 4 | 10, 15, 24-36, 46-49, 55 |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2015-16 | 5 | 16, 20 |
| | 2019-20 | 4 | 61 |

10. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX - തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 20 |

11. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX - തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 28-44, 50-59 |

12. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI - വിദ്യാഭ്യാസം | 2015-16 | 5 | 37, 39 |
| | 2017-18 | 2 | 41, 56, 57, 73, 81 |

| | | | |
|---|---|---|---|
| | 2019-20 | 4 | 33, 37, 39, 64-67, 76 |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 48 |

4. ചട്ടം 236 (6) (ലിസ്റ്റ്-IV) അനുസരിച്ചുള്ള കടലാസുകൾ.

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II - സംസ്ഥാന ഭരണ തലവൻമാർ,മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്. |
| XII - പോലീസ് | ,, | ആഭ്യന്തര (ഇ) വകുപ്പ്. (പോലീസ്) |
| XII - പോലീസ് | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 12) വകുപ്പ്. (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) |
| XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും. | ,, | ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ്. (സ്റ്റേഷനറി) |
| XVIII - വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും. | ,, | ആഭ്യന്തര (ഇ) വകുപ്പ്. (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) |

| | | |
|---|---|---|
| XXI-ഭവനനിർമ്മാണം | ,, | സൈനികക്ഷേമ വകുപ്പ് |
| XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | ,, | സൈനികക്ഷേമ വകുപ്പ് |
| II – സംസ്ഥാന ഭരണ തലവൻമാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പ്. |
| II – സംസ്ഥാന ഭരണ തലവൻമാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | ,, | പൊതുഭരണ സ്പെഷ്യൽ (ഇ) വകുപ്പ്. (പി.എസ്.സി.) |
| II – സംസ്ഥാന ഭരണ തലവൻമാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്. (സംസ്ഥാന ആസൂത്രണ ബോർഡ്) |
| IV – തെരഞ്ഞെടുപ്പുകൾ. | ,, | ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്. |
| XII- പോലീസ്. | ,, | വിജിലൻസ് (സി) വകുപ്പ്. |
| XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും. | 2019-20 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 13) വകുപ്പ്. (ഐ.എം.ജി.) |
| XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും. | ,, | പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പ്. (ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ) |

| | | |
|---|---|---|
| XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും. | 2019-20 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (എ.ഐ.എസ്-എ) വകുപ്പ്. |
| XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും. | ,, | ആഭ്യന്തര (എഫ്) വകുപ്പ്. (ഫയർ ആന്റ് റെസ്ക്യൂ) |
| XVI- പെൻഷനും പലവകയും | ,, | സൈനികക്ഷേമ വകുപ്പ് |
| XVII– വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വിനോദം. | 2019-20 | പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്. |
| XVII– വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വിനോദം. | 2019-20 (കാലതാമസ പത്രിക സഹിതം) | സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്. |
| XXIII – വാർത്താവിതരണവും പ്രചരണവും. | ,, | ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്. |
| XXIX – കൃഷി | ,, | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്. (കാസർഗോഡ് വികസന പാക്കേജ്) |
| XXXVII – വ്യവസായങ്ങൾ | ,, | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്. |
| XLV-പലവക വായ്പകളും മുൻകൂറുകളും. | ,, | പൊതുഭരണ (എ.ഐ.എസ്.സി). വകുപ്പ്. |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും. | 2019-20 | പൊതുഭരണ (എഫ്.എഫ്. പി.ബി) വകുപ്പ്. [ട്രഷറി, ലാന്റ് റവന്യൂ കമമീഷണർ എന്നീ വകുപ്പുകളുടെ നിയന്ത്രണ ത്തിലുള്ളത് ] |

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ആട്ടോ കാസ്റ്റ് ലിമിറ്റഡ്. |
| ,, | ,, | സെയിൽ - എസ്.സി.എൽ. കേരള ലിമിറ്റഡ്. |

3. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLI - ഗതാഗതം | 2018-19 (കാലതാമസ പത്രിക സഹിതം) | സംസ്ഥാന ജലഗതാഗത വകുപ്പ്. |

4. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ധനകാര്യ (അക്കൗണ്ട്സ് എ) വകുപ്പ്. |
| XVI- പെൻഷനും പലവകയും | ,, | നികുതി വകുപ്പ് (ഭാഗ്യക്കുറി) |

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2015-16 | സാംസ്കാരികകാര്യവകുപ്പ് |
| XXV- പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2018-19 (കാലതാമസ പത്രികസഹിതം ) | പട്ടികജാതി വികസന വകുപ്പ്. |
| XXV- പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2019-20 (കാലതാമസ പത്രികസഹിതം ) | പിന്നാക്ക വിഭാഗ വികസന വകുപ്പ്. |

7. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2018-19 (കാലതാമസ പത്രിക സഹിതം) | ആയുഷ് വകുപ്പ്. |

8. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV -തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്. (കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| XXIV -തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസപത്രിക സഹിതം) | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്. |
| XXIV -തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസപത്രിക സഹിതം) | തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്. (കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്) |

9. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVII - സഹകരണം | 2019-20 | സഹകരണ വകുപ്പ് |

| | | |
|---|---|---|
| | (കാലതാമസപ ത്രിക സഹിതം) | |
| XLII - വിനോദ സഞ്ചാരം | 2019-20 | വിനോദ സഞ്ചാര വകുപ്പ്. |

10. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| IV - തെരഞ്ഞെടുപ്പുകൾ | 2017-18 | തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് |
| XXXVI- ഗ്രാമവികസനം | ,, | തദ്ദേശസ്വയംഭരണ വകുപ്പ് |

11. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2018-19 (കാലതാമസപ ത്രിക സഹിതം). | പൊതുവിദ്യാഭ്യാസ വകുപ്പ് |

12. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIV - വനം | 2019-20 (കാലതാമസ പത്രിക സഹിതം) | വനം, വന്യജീവി വകുപ്പ്. |

13. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2018-19 (കാലതാമസ പത്രിക സഹിതം) | ഉന്നതവിദ്യാഭ്യാസ വകുപ്പ് |

14. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |

| | | |
|---|---|---|
| XXXIX - വൈദ്യുത പദ്ധതികൾ | 2013-14 | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ. |
| XXXIX - വൈദ്യുത പദ്ധതികൾ | 2014-15 | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ. |

## VI റിപ്പോർട്ട് സമർപ്പണം

### (1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ

ശ്രീ. മോൻസ് ജോസഫ്: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (3) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ പതിനൊന്നാമതും പന്ത്രണ്ടാമതും റിപ്പോർട്ടുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദറിനുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയിലെ അംഗമായ ഞാൻ സമിതിയുടെ പതിനൊന്നാമതും പന്ത്രണ്ടാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, 2018-19-ലെ സി. &എ.ജി. റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതായി ഇന്നത്തെ കാര്യവിവരപ്പട്ടികയിലില്ല. സാധാരണ ഈ റിപ്പോർട്ട് സഭയിൽ വയ്ക്കാറുള്ളതാണ്. എന്നാണിത് വയ്ക്കുന്നതെന്ന് വ്യക്തമല്ല. ഈ റിപ്പോർട്ട് നിയമസഭയിൽ എത്തിക്കഴിഞ്ഞാൽ അടുത്ത ദിവസംതന്നെ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്. എന്നാൽ ആ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതായി യാതൊരു വിവരവുമില്ല. എന്നാണത് വയ്ക്കുന്നതെന്നറിഞ്ഞാൽ നന്നായിരുന്നു.

മി. സ്പീക്കർ: അടുത്ത ദിവസം അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുണ്ട്.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. റ്റി. വി. രാജേഷ്: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിൽ പിണറായി സർക്കാർ നടത്തിയിട്ടുള്ള നാലേ മുക്കാൽ വർഷത്തെ ഭരണത്തിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നുണ്ടായിട്ടുള്ള ചരിത്ര വിജയം. ഇവിടെ യു.ഡി.എഫ്. എന്തെല്ലാം കള്ളപ്രചരണമാണ് അഴിച്ചുവിട്ടത്? കോവിഡ് പ്രതിരോധത്തെപ്പോലും തകർക്കാൻ അവർ തെരുവിൽ നടത്തിയ പേക്കൂത്തുകൾ നമ്മൾ കണ്ടതാണ്. കേരളത്തിലെ ജനങ്ങൾ അതെല്ലാം തിരിച്ചറിഞ്ഞ് യു.ഡി.എഫ്.-ന് നൽകിയ മറുപടിയാണ് ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം. ഒരിക്കലും നടക്കുകയില്ലെന്ന് കരുതിയ, അസാദ്ധ്യമാണെന്നുകണ്ട് കഴിഞ്ഞ സർക്കാർ ഉപേക്ഷിച്ച പദ്ധതികൾ ഈ സർക്കാർ സമയബന്ധിതമായി നടപ്പിലാക്കിയിരിക്കുകയാണ്. ഗ്രീക്ക് പുരാണത്തിൽ ഹെർക്കുലീസിനെക്കുറിച്ച് പറയുന്നുണ്ട്. അസാദ്ധ്യവും അതികഠിനവുമായ 12 ദൗത്യങ്ങളാണ് അദ്ദേഹത്തിന് നിർവ്വഹിക്കാനുണ്ടായിരുന്നത്. ആ ദൗത്യങ്ങളാണ് ഹെർക്കുലീസ് അനായാസേന നിർവ്വഹിച്ചതെങ്കിൽ ഇവിടെ സഖാവ് പിണറായി വിജയൻ നൂറ് കണക്കിന് ദൗത്യങ്ങളാണ് പൂർത്തീകരിച്ച് വിജയശ്രീലാളിതനായി നിൽക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയിലൂടെ മാജിക് കാണിക്കുകയാണ്. കിഫ്ബിയെ എതിർക്കുന്നവർ ഓരോ മണ്ഡലത്തിലും പത്രങ്ങളിൽ പരസ്യം കൊടുക്കുകയാണ്. കിഫ്ബിയാണ് അവരുടെ ഏറ്റവും വലിയ തുറുപ്പുചീട്ട്. വ്യവസായ വകുപ്പുമന്ത്രി കേരളത്തിലെ വ്യവസായ മേഖലയ്ക്ക് വസന്തകാലം സമ്മാനിച്ചു. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി. പൊതു മേഖലയ്ക്ക് ഉയർത്തെഴുന്നേൽപ്പ് നൽകി. പൊതുമരാമത്ത് വകുപ്പ് നമുക്ക് ഡിസൈൻ റോഡുകൾ തന്നു. പൊളിയാത്ത നിർമ്മാണമെന്താണെന്ന് ഈ സർക്കാർ കേരളത്തിന് കാണിച്ചുതന്നു. തീരദേശത്തും മലയോരത്തും ഹൈവേ പദ്ധതി. തരിശുരഹിത കേരളത്തിലൂടെ, പച്ചക്കറിക്ക് തറവില നിശ്ചയിച്ചതിലൂടെ, നെല്ലിന് റോയൽറ്റി നൽകിയതിലൂടെ, കൃഷി വകുപ്പ് എങ്ങനെ ഭരിക്കണമെന്ന് കൃഷി വകുപ്പുമന്ത്രി കേരളത്തിന് കാണിച്ചുകൊടുത്തു. ജലാശയങ്ങളുടെ വീണ്ടെടുപ്പിലൂടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിലൂടെ ജലവിഭവ വകുപ്പ് എങ്ങനെ പ്രവർത്തിക്കണമെന്ന് കേരളത്തിലെ ജലവിഭവ വകുപ്പ് മാതൃക തീർത്തു. കേരളത്തിലെ ആരോഗ്യ മേഖല ഇന്ന് ലോകത്തിന്റെ നെറുകയിലെത്തിയിരിക്കുകയാണ്. ഇവിടെ ശ്രീ. വി. എം. സുധീരൻ മുതൽ ശ്രീ. രാഹുൽ ഗാന്ധി വരെ കേരളത്തിന്റെ ആരോഗ്യ മേഖലയെ പ്രകീർത്തിക്കുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയം മുതൽ ഐക്യരാഷ്ട്രസഭ വരെ

കേരളത്തിലെ ആരോഗ്യ മേഖലയെ പ്രശംസിച്ചുകൊണ്ട് സംസാരിക്കുന്നു. വിദ്യാഭ്യാസം സ്മാർട്ടായിരിക്കുന്നു. തീർത്താൽ തീരാത്ത കുരുക്കഴിച്ച് ലക്ഷക്കണക്കിനാളുകൾക്ക് പട്ടയം കൊടുത്ത് കേരളത്തിലെ റവന്യൂ വകുപ്പ് തിളങ്ങി നിൽക്കുകയാണ്. രണ്ടര ലക്ഷം വീടുകൾ നിർമ്മിച്ചുനൽകി. അന്തിയുറങ്ങാൻ വീടില്ലാത്തവർക്ക് വീടെന്ന സ്വപ്നം സാക്ഷാത്കരിച്ച് പഞ്ചായത്ത് വകുപ്പുമന്ത്രി രാജ്യത്തിന് മാതൃകയായി. നമ്മുടെ രാജ്യത്ത് ആദ്യമായി സഹകരണ മേഖലയിൽ ഒരു കേരള ബാങ്കുണ്ടാക്കി. ഈ കാലഘട്ടത്തിൽ സഹകരണ മേഖലയെ എങ്ങനെ ഉപയോഗപ്പെടുത്തണ മെന്നതിന് കേരളത്തിലെ സഹകരണ വകുപ്പ് മാതൃകയായിരിക്കുന്നു.

തുറമുഖ വകുപ്പ്-വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തീക രിക്കാൻ പോകുന്നു. വൈദ്യുതി മേഖല - വൈദ്യുതി വകുപ്പുമന്ത്രിയെ സംബന്ധിച്ചി ടത്തോളം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് വലിയ നന്ദിയുണ്ട്, കാരണം ശ്രീ. എം. എം. മണി എന്ന രാഷ്ട്രീയനേതാവിന്റെ കഴിവെന്താണെന്ന് കേരളത്തിന് കാണിച്ചുകൊടുക്കാൻ അവസരം നൽകിയത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തോട് പ്രത്യേക നന്ദിയുണ്ട്. കള്ളക്കേസിൽ കുടുക്കി അദ്ദേഹത്തെ രണ്ട് മാസക്കാലം കുമളിയിലെ ജയിലിൽ അടച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും യു.ഡി.എഫ്. ഭരണവും എന്തൊക്കെ പറഞ്ഞ് അദ്ദേഹത്തെ ആക്ഷേപിച്ചു. നാലേമുക്കാൽ വർഷം തുടർച്ചയായി കേന്ദ്രത്തിന്റെ അവാർഡ്, പവർ കട്ടില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റി. ഇവിടെ സോളാർ ബോട്ടും ഇലക്ട്രിക് വാഹനങ്ങളും വരുന്നു. ട്രാൻസ്പോർട്ട് വകുപ്പിനെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കുയർത്തി. അതിഥിത്തൊഴിലാളികൾക്കുപോലും മികച്ച താമസ സൗകര്യമൊരുക്കി. "അപ്നാ ഘർ, അതിഥി ദേവോ ഭവഃ" എന്ന് നടപ്പിലാക്കി കാണിച്ചുകൊടുത്തു. സംതൃപ്തമായ തീരദേശ മേഖല സൃഷ്ടിച്ച് കേരളത്തിലെ മത്സ്യ വകുപ്പും തീരദേശ വകുപ്പും മാതൃകയായി. ക്ഷീരരംഗത്ത് സ്വയംപര്യാപ്തത തീർത്ത് ക്ഷീര വകുപ്പ് നമ്മുടെ രാജ്യത്തിന് മാതൃക തീർത്തു. ദുരിതകാലത്ത് തുടർച്ചയായി ഭക്ഷ്യകിറ്റ് നൽകി സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചു.

ഇന്നലെ ഇവിടെ പലരും അഴിമതിയെക്കുറിച്ച് സംസാരിച്ചു. ആരാണ് അഴിമതിയെക്കുറിച്ച് പറയുന്നത്? യു.ഡി.എഫ്. അംഗങ്ങൾ. കേരളത്തിൽ 140 എം.എൽ.എ.-മാരും ഒരു നോമിനേറ്റഡ് എം.എൽ.എ.യുമുണ്ട്. അപ്പുറത്തുള്ള രണ്ട് എം.എൽ.എ.-മാർ ജയിലിലാണ്. അതിലൊരാൾ ഉപാധികളോടെ കഴിഞ്ഞ ദിവസം പുറത്തിറങ്ങി. അഴിമതിയെക്കുറിച്ച് പറയാൻ പ്രതിപക്ഷത്തിന് എന്തവകാ ശമാണുള്ളത്? ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ജയിലിൽ പോയതെന്തിനാണ്? കമ്പിയും സിമന്റുമില്ലാതെ പാലം പണിതതിന്റെ പേരിലാണ് അദ്ദേഹം ജയിലിൽ പോയത്. അദ്ദേഹത്തെ അറസ്റ്റ് ചെയ്തപ്പോൾ അത് രാഷ്ട്രീയ പകപോക്കലാണെന്ന്

പറയുകയാണ്. അത് രാഷ്ട്രീയ പകപോക്കലാണോ? നിങ്ങൾ വിശദീകരിക്കണം. ഇപ്പോൾ എത്ര പേർക്കെതിരായിട്ടാണ് കേസ്സുള്ളത്? കഴിഞ്ഞ നിയമസഭയിൽ ഗർജ്ജിക്കുന്ന ഒരു സിംഹമുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹത്തെക്കുറിച്ച് പറയുന്നത് ശരിയല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തെ കണ്ടിട്ടേയില്ല. പോസ്റ്റുമാനെ കാണ്മാനില്ല എന്നൊരു സിനിമയുണ്ട്, അതുപോലെയായിരുന്നു. വയനാട് നിന്നും വന്ന് കണ്ണൂരിൽ മത്സരിച്ച് ജയിച്ച എം.എൽ.എ.-യെ എങ്ങും കണ്ടില്ലല്ലോ; അദ്ദേഹം എന്തൊക്കെയായിരുന്നു? അഴിമതിക്കെതിരെ എന്തൊരു ഗീർവാണമടി യായിരുന്നു. ഇപ്പോൾ എന്താണ് അവസ്ഥയെന്നറിയാമോ? അദ്ദേഹം പത്ത് ലക്ഷം രൂപ ലോണെടുത്ത് 6000 സ്ക്വയർഫീറ്റിന്റെ വീട് വച്ചിരിക്കുകയാണ്. വരുമാനം ചോദിക്കുമ്പോൾ അന്വേഷണ ഏജൻസിയുടെ മുന്നിൽ അദ്ദേഹം കിതയ്ക്കുകയാണ്; വിയർക്കുകയാണ്. അദ്ദേഹം മറുപടി പറയണ്ടേ? എനിക്ക് ഇഞ്ചികൃഷിയുണ്ടെന്ന് അദ്ദേഹം പറയുകയാണ്. ഇഞ്ചികൃഷിയിലൂടെയാണ് ഈ പണമുണ്ടാക്കിയതെന്നാണ് പറയുന്നത്. ഏതായാലും എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് വിനീതമായ ഒരഭ്യർത്ഥനയുണ്ട്. നമ്മുടെ രാജ്യത്തെ കർഷകർ മുഴുവൻ പ്രതിസന്ധിയിലാണ്. അവർ ആത്മഹത്യയിലേയ്ക്ക് നീങ്ങുകയാണ്. അതുകൊണ്ട് ഇഞ്ചികൃഷി നടത്തി വിജയിപ്പിച്ച് കോടിപതിയായി മാറിയ ശ്രീ. കെ. എം. ഷാജിയെ തകരുന്ന കാർഷിക മേഖലയുടെ വിജയിക്കുന്ന പ്രതീകമായി, ബ്രാൻഡ് അംബാസിഡറാക്കി മാറ്റാൻ കേന്ദ്ര കൃഷി വകുപ്പിന് ബഹുമാനപ്പെട്ട അങ്ങ് നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ പറയുകയാണ്. ഇവിടെ പ്രതിപക്ഷത്ത് പുറകിലിരിക്കുന്ന 149 കേസ്സുള്ള ഒരു എം.എൽ.എ. ഇല്ലേ? സെഞ്ച്വറിയല്ല; സെഞ്ച്വറി കഴിഞ്ഞ കേസ്സുകൾ. എന്നിട്ടും ഉളുപ്പില്ലാതെ, ലജ്ജയില്ലാതെ, നാണമില്ലാതെ അഴിമതിയെക്കുറിച്ച് പറയുകയാണ്.

1.00 P.M.]

മഞ്ചേശ്വരം എം.എൽ.എ.യുടെ പേരിലുള്ള കേസ് എന്താണ്? മണലാരണ്യത്തിൽ പോയി വിയർപ്പൊഴുക്കി സമ്പാദിച്ച പണം ജീവിതത്തിന്റെ സായന്തനത്തിൽ തങ്ങൾക്ക് ഒരു മുതൽക്കൂട്ടാകുമെന്ന് കരുതി എം.എൽ.എ.യുടെ വാക്ക് വിശ്വസിച്ച്, എം.എൽ.എ.യുടെ പ്രലോഭനത്തിൽ വീണ് അദ്ദേഹത്തിന്റെ ജ്വല്ലറി സ്കീമിൽ 150 കോടി രൂപ നിക്ഷേപിച്ചു. പരാതി കൊടുത്തവർ മുസ്ലീംലീഗുകാരാണ്. ലീഗ് നേതൃത്വം ഇടപെട്ടു; കമ്മീഷനെ വച്ചു; മധ്യസ്ഥനെ വച്ചു; ഇപ്പോൾ മധ്യസ്ഥനെ കാണാനില്ല. ലീഗ് നേതൃത്വം ഇത് പൊളിഞ്ഞുപോയ ബിസിനസ്സാണെന്ന് പറയുകയാണ്. എനിക്ക് പറയാനുള്ള കാര്യം, അത് പൊളിഞ്ഞുപോയ ബിസിനസ്സല്ല, യഥാർത്ഥത്തിൽ പൊളിക്കാൻവേണ്ടി തുടങ്ങിയ ബിസിനസ്സാണെന്നാണ്. അന്യന്റെ പണമെടുത്ത് കൊള്ളയടിക്കാൻ ലീഗിന്റെ എം.എൽ.എ.-യ്ക്ക് പ്രത്യേകമായ അവകാശമുണ്ടോ? അങ്ങനെയുണ്ടെങ്കിൽ നിങ്ങൾ മറുപടി പറയണം. ഇവിടെ ഈ അഴിമതിക്കെതിരെ

ഉറഞ്ഞുതുള്ളുന്ന തൃക്കാക്കര എം.എൽ.എ. ശ്രീ. എം. സി. കമറുദ്ദീന്റെ കാര്യം അറിഞ്ഞിട്ടേയില്ല. എന്നാൽ തൃത്താല എം.എൽ.എ.യ്ക്ക് അദ്ദേഹം 916 ആണെന്ന ഒരു തെറ്റിദ്ധാരണയുണ്ട്. അദ്ദേഹം ഇതിനെക്കുറിച്ച് ഒരക്ഷരം പ്രതികരിച്ചിട്ടില്ല. ഞാൻ ചോദിക്കട്ടെ, ഈ ബിസിനസ്സ് പൊളിഞ്ഞത് എന്തുകൊണ്ടാണ്; ഇത് പൊളിയാൻ വേണ്ടി തുടങ്ങിയൊരു ബിസിനസ്സാണ്. ലീഗിന്റെ പ്രമാണിമാർ അവിടെ ഇരിക്കുന്നുണ്ടല്ലോ; ഞാൻ ചോദിക്കട്ടെ, ശ്രീ. എം. സി. കമറുദ്ദീന്റെ ജ്വല്ലറിയല്ലാതെ ഈ കാലഘട്ടത്തിൽ പൂട്ടിയ ഒരു ജ്വല്ലറിയുടെ പേര് പറയാമോ? സ്വർണ്ണത്തിന്റെ വില വാണംപോലെ ഉയരുകയാണ്. പൂട്ടിയ ഒരു ജ്വല്ലറിയുടെ പേരുപറയാൻ ഞാൻ ലീഗ് എം.എൽ.എ.മാരെ വെല്ലുവിളിക്കുകയാണ്. ജ്വല്ലറി പൊളിഞ്ഞതിനെപ്പറ്റി ഇപ്പോൾ ന്യായീകരിക്കുകയാണ്. മുസ്ലീംലീഗിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയുടെ മകന്റെ പേരിൽ 200 കോടി രൂപയുടെ തട്ടിപ്പ്; മാറാട് കേസിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന മറ്റൊരു ജനറൽ സെക്രട്ടറിയുടെ പേരിൽ അടുത്ത കേസും വന്നിരിക്കുന്നു. എവിടെ തട്ടിപ്പുണ്ടോ അവിടെ ലീഗുണ്ടെന്ന സ്ഥിതി നിങ്ങൾക്ക് ഭൂഷണമല്ലെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇത് തട്ടിപ്പിന്റെ പരമ്പരയാണ്. ലീഗിന്റെ ആളുകളോട് എനിക്ക് പറയാനുള്ളത്, ബാലഗംഗാധര തിലകൻ പറഞ്ഞതുപോലെ 'തട്ടിപ്പ് ജന്മാവകാശമാണ്' എന്ന് കരുതിപ്പോയാൽ അപകടത്തിൽപ്പെടും എന്നുമാത്രമാണ്. ഇന്നലെ അടിയന്തരപ്രമേയത്തിനിടയിൽ ചില വിശദീകരണങ്ങൾ കേട്ടു. ബഹുമാനപ്പെട്ട ജെയിംസ് മാത്യു, ഇവിടെ ബെർമിംങ്ഹാമിൽ പോയി പണം പിരിച്ചതിനെക്കുറിച്ച് വിശദീകരിച്ചു. പറവൂർ എം.എൽ.എ ഒരു കോട്ടൊക്കെ ധരിച്ച് ബെർമിംങ്ഹാമിൽ പോയി അവിടെയുള്ള പ്രവാസികളോട് എനിക്ക് 500 പൗണ്ട് തരൂ എന്ന് അദ്ദേഹം പറയുകയാണ്. നിരാലംബരായ മനുഷ്യർക്ക് ജീവനോപാധി ഉണ്ടാക്കിക്കൊടുക്കാനാണ് അദ്ദേഹം പണം ആവശ്യപ്പെട്ടത്. അതിന്റെ വീഡിയോ പുറത്തുവന്നുകഴിഞ്ഞിട്ടുണ്ട്. അതിവിടെ വച്ചിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, അദ്ദേഹത്തിന് എഫ്.സി.ആർ. (Foreign Contribution (Regulation) Act) ആക്ട് എന്താണെന്ന് അറിയില്ലേ? ഞാൻ വഴങ്ങാം, പക്ഷെ എനിക്ക് സമയം തരണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസംഗിച്ചപ്പോൾ അടിസ്ഥാനരഹിതമായ ഒരു ആക്ഷേപം സഭയിൽ ഉന്നയിച്ചിരിക്കുകയാണ്. ഇവിടെ ഏതോ ഒരു സി.ഡി. വച്ചു. അതിൽ ഞാൻ ബെർമിംങ്ഹാമിൽ പോയി 500 പൗണ്ട് ചോദിച്ചെന്നാണ് പറയുന്നത്. തീർത്തും അടിസ്ഥാനരഹിതമായ ഒരു കാര്യമാണ്. ഇവർ വച്ചിരിക്കുന്ന സി.ഡി.-യിൽ ഞാൻ കോട്ടിട്ടാണ് നിൽക്കുന്നത്. അതിൽ അസൂയപ്പെടേണ്ട കാര്യമില്ല രാജേഷ്, അതിലെ സത്യം കോട്ടിട്ട് നിൽക്കുകയാണെന്നുള്ളത് മാത്രമാണ്. ഞാൻ ഒരാളോടും

500 പൗണ്ട് ചോദിച്ചിട്ടില്ല. നമ്മുടെ റസീലിയൻസ് മോഡൽ എന്താണെന്ന് ചോദ്യം വന്നപ്പോൾ ഞാൻ പറഞ്ഞു, ഒരു കുടുംബം മറ്റൊരു കുടുംബത്തെ സഹായിക്കുന്നു. സഹായിക്കാൻ ആളുകൾ വരുമ്പോൾ, പല രീതിയിലുള്ള ആ മോഡലിനെ വിശദീകരിച്ചതല്ലാതെ, ഞാൻ അവിടെപ്പോയി 500 പൗണ്ട് ചോദിച്ചാൽ ആര് തരാനാണ്? 500 പൗണ്ട് ചോദിച്ചുവെന്നുള്ളത് തെറ്റായ ആരോപണമാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല. അങ്ങയുടെ കയ്യിലുള്ള സി.ഡി. പരിശോധിച്ചാൽ ഞാൻ ചോദിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് അറിയാം. എല്ലാ ദിവസവും വന്ന് ആരോപണം നടത്തുകയാണ്. ഞങ്ങളാരും മാരുതി കാറിൽ കുതിരയെ കൊണ്ടുവന്നിട്ട് അതിന്റെ കണക്കെഴുതി വാങ്ങിയിട്ടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം. പരിശോധിച്ച് നടപടി സ്വീകരിക്കാം

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ... കഴിഞ്ഞ ദിവസങ്ങളിൽ ഈ വിഷയം സഭയുടെ മുമ്പാകെ വന്നപ്പോഴും ബഹുമാന്യനായ പറവൂർ അംഗം വീട് നിർമ്മിച്ചുനൽകിയ സഹൃദയരെക്കുറിച്ചുള്ള ആ പദ്ധതിയാണ് പറഞ്ഞത്. എന്നാൽ ഇവിടെ കല്ല്യാശ്ശേരി അംഗം പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ അന്ന് നിയമസഭയുടെ മേശപ്പുറത്തുവച്ച ആ സി.ഡി.-യുടെ ദൃശ്യത്തിൽ ഒരാൾ 500 പൗണ്ട് വീതം നൽകിയാൽ തയ്യൽ മെഷീൻ വാങ്ങി ജീവനോപാധിയായി കൊടുക്കാമെന്ന് അദ്ദേഹം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ചെയർ ഇത് പരിശോധിക്കണം. സഭയെ ആകമാനം വീണ്ടും വീണ്ടും തെറ്റിദ്ധരിപ്പിക്കുന്ന ഈ പ്രവണത ഉചിതമല്ല. ചെയർ ഇത് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇത് ആവർത്തി ച്ചാവർത്തിച്ച് പറഞ്ഞാൽ അത് സത്യമാകില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ മുന്നിലുള്ള സി.ഡി.-യിൽ 500 പൗണ്ട് തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലോ ആരുടെയെങ്കിലും കയ്യിൽനിന്ന് പണം വാങ്ങിയിട്ടുണ്ടെങ്കിലോ ഞാൻ സഭയിൽ വന്ന് പരസ്യമായി മാപ്പ് പറയാൻ തയ്യാറാണ്. ഇവിടെ അനാവശ്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷ് അറിയാവുന്ന ആരോടെങ്കിലും അതിന്റെ അർത്ഥമെന്താണെന്ന് ചോദിക്കണം.

മി. സ്പീക്കർ: അത് പരിശോധിക്കാമെന്ന് പറഞ്ഞു. ഇനി ഇരിക്കൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ 7 മിനിട്ടാണ് നഷ്ടമായത്. എന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അദ്ദേഹത്തിന് കഴിവുണ്ടെങ്കിൽ അദ്ദേഹത്തിന് നിയമസഭയുടെ പുറത്തുപറയാം, പത്രക്കാർ ഇവിടെയുണ്ട്, വേണമെങ്കിൽ

പത്രസമ്മേളനം വിളിച്ച് പറയാം. ഏതായാലും ശ്രീ. സ്വരാജ് വെല്ലുവിളി നടത്തിയിട്ടുണ്ട്. അദ്ദേഹം ***** ആ വെല്ലുവിളി തന്റേടത്തോടെ ഏറ്റെടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

<u>മി. സ്പീക്കർ</u>: xxxxxxxxx ഏറ്റെടുക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, എന്റെ കയ്യിലുള്ളത് എഫ്.സി.ആർ. ആക്ടാണ്. xxxxxxxx ഞാൻ ശ്രീ. കെ. എം. ഷാജി പറയുന്നതുപോലെ സ്ത്രീവിരുദ്ധ പരാമർശം നടത്തിയിട്ടില്ല. എനിക്ക് സമയം തരണം. എനിക്ക് പ്രൊട്ടക്ഷൻ വേണം. എന്റെ 7 മിനിട്ട് തരണം. .......(ബഹളം)....

<u>മി. സ്പീക്കർ</u>: ചെയർ പറഞ്ഞല്ലോ. അവിടെയിരിക്കു.......

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ഇത് പ്രമാദമായ കാര്യമാണ്. എന്റെ കയ്യിൽ എഫ്.സി.ആർ. ആക്കുണ്ട്. ഞാൻ അത് വായിക്കാം. .......(ബഹളം).... എഫ്.സി. ആർ. ആക്ട്

CHAPTER II

REGULATION OF FOREIGN CONTRIBUTION AND FOREIGN HOSPITALITY

3(1) No foreign contribution shall be accepted by any- അതിൽ പറയുന്നുണ്ട്,

(d) member of any Legislature;

അതായത് സ്വീകരിക്കാൻ പാടില്ലെന്നാണ്. ഇദ്ദേഹം എന്താണ് ചെയ്തത്? ഇദ്ദേഹം ബെർമിംങ്ഹാമിൽ പോയി 500 പൗണ്ട് ചോദിച്ചതിന്റെ ഡിജിറ്റൽ തെളിവുണ്ട്. എന്റെ അക്കൗണ്ടിലേയ്ക്ക് പണം വന്നിട്ടില്ലായെന്ന് അദ്ദേഹം പറഞ്ഞു. എല്ലാവരും അങ്ങനെയേ പറയൂ. അത്യാവശ്യ ഘട്ടത്തിൽ എല്ലാവരും അങ്ങനെയേ പറയൂ; അത് സെൽഫ് ഡിഫൻസാണ്. എന്റെ ചോദ്യത്തിന് അദ്ദേഹം മറുപടി പറയണം; 200 വീടുകൾ വച്ചുകൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞു, എവിടെ നിന്നാണ്? പുറത്തുനിന്ന് പണം വന്നിട്ട്. ഞങ്ങൾ 140 എം.എൽ.എ.മാരുണ്ട്. കൂടാതെ ഒരു നോമിനേറ്റഡ് എം.എൽ.എ.യുമുണ്ട്. അങ്ങനെയാണെങ്കിൽ എല്ലാവർക്കും കിട്ടണ്ടേ? അങ്ങ് അവിടെപ്പോയി ജീവനോപാധിയെക്കുറിച്ചുപറഞ്ഞ് പണം ചോദിച്ചു. ജീവനോപാധിയുടെ പേരിൽ പറവൂരിൽ ആർക്കെങ്കിലും തയ്യൽ മെഷീൻ

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ1091/ഇ.ബി./നി.സെ. തീയതി 13-1-2021) രേഖയിൽനിന്നും നീക്കം ചെയ്തു.

വാങ്ങിക്കൊടുത്തോയെന്ന് എനിക്കറിയില്ല. അത് അദ്ദേഹം വിശദീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. എന്റെ ചോദ്യം, ഒരു വീടിന് 5 ലക്ഷം രൂപ വച്ച് കണക്കാക്കിയാൽ, 200 വീടുകൾ വച്ചുകൊടുത്തുവെന്ന് അദ്ദേഹം ഇവിടെ വീമ്പുപറഞ്ഞു; നല്ല കാര്യമാണ്. ഈ പറയുന്ന എഫ്.സി.ആർ. ആക്റ്റിന്റെ വയലേഷനാണിത്. വയലേഷൻ ഒരു എം.എൽ.എ.യെ മാത്രം ഒഴിവാക്കിക്കൊടുക്കില്ല. ആരുടെ അക്കൗണ്ടിലാണ് പണം വന്നത്; ഈ പണം എങ്ങനെയാണ് ചെലവഴിച്ചത്; ആരാണ് ഈ പദ്ധതി കോ-ഓർഡിനേറ്റ് ചെയ്തത്; ആരാണ് ഈ വീടുകളുടെ കരാർ ഏറ്റെടുത്തത്; ഒരു കരാറുകാരനാണോ പല കരാറുകാരാണോ; ആരാണ് ഈ പദ്ധതിക്ക് മേൽനോട്ടം വഹിച്ചത്; ആരാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്; ലൈഫ് പദ്ധതി പ്രകാരമാണോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്; എന്താണ് ഇതിന്റെ മെക്കാനിസം? ഇതെല്ലാം ഉയരുന്ന സ്വാഭാവികമായ സംശയങ്ങളാണ്. ഈ സംശയത്തിന് ന്യായമായും മറുപടി പറയാനുള്ള ചുമതല നിങ്ങൾക്കുണ്ട്. നിങ്ങൾ പറഞ്ഞതുകൊണ്ട് സംശയം മാറില്ല. നിങ്ങൾ പറയുന്നത് എല്ലാവരും വിശ്വസിക്കണമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? അതുസംബന്ധിച്ച് നിങ്ങൾ മറുപടി പറയണം. സി.ബി.ഐ. കേസ്സിന്റെ കാര്യമൊക്കെ നിങ്ങൾ ഇന്നലെ സഭയിൽ പറഞ്ഞു. യഥാർത്ഥത്തിൽ നിങ്ങൾ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ഒരു ആക്ഷൻ കമ്മിറ്റി ആദ്യം സി.ബി.ഐ. കോടതിയിൽ പരാതി കൊടുത്തു. സി.ബി.ഐ. അത് പരിശോധിക്കാൻ സംസ്ഥാന ഇന്റലിജൻസിന് കൈമാറി. ആരോപണ വിധേയൻ ഒരു സിറ്റിംഗ് എം.എൽ.എ. ആയതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറോട് അനുമതി ആവശ്യപ്പെട്ടു. അതിൽ കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കർ വിജിലൻസിന് കത്ത് നൽകിയിരിക്കുകയാണ്. ഈ ഘട്ടത്തിലാണ് വീണ്ടും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കൗൺസിലുകാർ ഹൈക്കോടതിയിൽ പോകുന്നത്. ഈ വിഷയം കോടതി പരിഗണിച്ചപ്പോൾ ഇത് വിജിലൻസിന്റെ പരിഗണനയിലുള്ള ഒരു കേസ്സാണെന്ന് വിജിലൻസിന്റെ അഭിഭാഷകൻ കോടതിയിൽ പറഞ്ഞപ്പോഴാണ് ഈയൊരു ഘട്ടത്തിൽ സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നത്; immature ആണെന്നാണ് കോടതി പറഞ്ഞത്. അതിന്റെ അടിസ്ഥാനം കേസ് തള്ളിയെന്നല്ല, കേസ്സില്ല എന്നല്ല; നിങ്ങൾ തെറ്റിദ്ധരിക്കരുത്. എഫ്.സി.ആർ. ആക്റ്റിലെ 3(1)(d) പ്രകാരം നിങ്ങൾ ഗുരുതരമായ നിയമലംഘനം നടത്തിയിട്ടുണ്ട്. രണ്ടാമത്തെ കാര്യം, ഒരു കോടി രൂപയിൽ കൂടുതൽ പുറത്തുനിന്നും ഒരു നിയമസഭാംഗം സ്വീകരിച്ചാൽ, അത് നിയമസഭാംഗമോ തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥിയോ കറസ്പോണ്ടന്റോ കോളമിസ്റ്റോ കാർട്ടൂണിസ്റ്റോ ജഡ്ജിയോ ഗവൺമെന്റ് ഉദ്യോഗസ്ഥനോ employee of any corporation or any other body controlled or owned by the Government,

member of any Legislature, Political party or office-bearer thereof, ഇവരിൽ ആരെങ്കിലുമോ ആകാം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ വിശദാംശം ചോദിച്ചിരിക്കുകയാണ്. കേസ് പോയിട്ടില്ല. ഇക്കാര്യത്തിൽ ഗുരുതരമായ Foreign Contribution (Regulation) Act-ന്റെ വയലേഷൻ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിൽ പോയി. മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രസർക്കാരിന്റെ അനുവാദം ചോദിച്ചു, മന്ത്രിമാർക്ക് അനുമതി കൊടുത്തില്ല. കാരണം പ്രളയക്കെടുതിയുണ്ടായി. ഐക്യരാഷ്ട്രസഭ 32,000 കോടി രൂപയുടെ നഷ്ടം കണക്കാക്കിയ സാഹചര്യത്തിൽ തകർന്നുകിടക്കുന്ന കേരളത്തെ എങ്ങനെയെങ്കിലും നേരെയാക്കിയെടുക്കാൻ ലോകത്തിന്റെ സഹായം ആവശ്യപ്പെടാൻ മന്ത്രിസഭ തീരുമാനിച്ചു. പക്ഷേ കേന്ദ്രം മറ്റുകാര്യങ്ങളിലേതുപോലെ പകപോക്കൽ നിലപാട് സ്വീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മാത്രമാണ് അനുവാദം കിട്ടിയത്. മുഖ്യമന്ത്രി യു.എ.ഇ.-ൽ പോയി. അത് മുൻകൂർ അനുമതി വാങ്ങിയിട്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഇവിടെ വിശദീകരിക്കേണ്ടത്, ബെർമിംങ്ഹാമിൽ പോയി പണം ചോദിച്ചത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെയാണോ എന്നാണ്. അത് വിശദീകരിക്കാനുള്ള തന്റേടം കാണിക്കാതെ, ആർജ്ജവം കാണിക്കാതെ, നട്ടെല്ല് കാണിക്കാതെ വായ്ക്കുതോന്നുന്നത് കോതയ്ക്കുപാട്ട് എന്നുപറയുന്നതുപോലെ പറയുന്നതിനെ അംഗീകരിച്ചുനൽകാൻ കഴിയില്ല. ഞങ്ങൾ വന്നത് ജനങ്ങൾ തെരഞ്ഞെടുത്തിട്ടാണെന്നത് നിങ്ങൾ മനസ്സിലാക്കണം. ഇതിന് നിങ്ങൾ കൃത്യമായ വിശദീകരണം നൽകണം. അതുകൊണ്ടുതന്നെ വലിയ മേനിയൊന്നും നടിക്കേണ്ട. വിദേശയാത്ര, പണപ്പിരിവ്, ബിനാമി ഇടപാട് തുടങ്ങിയവയെല്ലാം വൈകാതെ തെളിയും. രാഷ്ട്രീയത്തിലെ വിശുദ്ധനാണെന്ന് കരുതുന്ന പലരും വെറും കള്ളനാണ യങ്ങളാണെന്ന് തിരിച്ചറിയാൻ പോകുകയാണ്. അതുകൊണ്ട് അന്വേഷണമൊന്നും ഒഴിവായിട്ടില്ല. അന്വേഷണം കൃത്യമായി നടക്കുമെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ബി.ജെ.പി.-കോൺഗ്രസ് അപ്രഖ്യാപിത ധാരണയെക്കുറിച്ച് ഇവിടെ ചിലർ പറഞ്ഞു, അപ്രഖ്യാപിത ധാരണയല്ലേ ഇവിടെയുള്ളത്? കോൺഗ്രസ് ജയിച്ചിട്ടെന്താണ് കാര്യം? ശ്രീ. കെ. എൻ. എ. ഖാദർ പ്രസംഗിച്ചപ്പോൾ കോൺഗ്രസ് വിമുക്ത ഭാരതത്തെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ് ഇല്ലാതാകണമെന്നും കോൺഗ്രസ് നശിക്കണമെന്നും ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. പക്ഷേ കോൺഗ്രസിന് സ്വയം തോന്നാതെ ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും?

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ............

Shri T. V. Rajesh: Sir, let me complete. എന്നെ ബ്രേക്ക് ചെയ്യിക്കു കയെന്നതാണ് ആവശ്യം. ഞാൻ പ്രധാന പോയിന്റിലേയ്ക്ക് കടക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷിന്റെ പ്രസംഗം കഴിഞ്ഞിട്ട് സമയം അനുവദിച്ചാൽ പോരേ?

ശ്രീ. റ്റി. വി. രാജേഷ്: സമയം അനുവദിക്കുമ്പോൾ ഇക്കാര്യം അദ്ദേഹം വിശദീകരിക്കട്ടെ. ഒരു എം.എൽ.എ.യുടെ സ്ഥാനം മാനിച്ച് അദ്ദേഹം മണി മണിപോലെ ഉത്തരം പറയട്ടെ. ****** അതിന്റെ ആവശ്യമൊന്നുമില്ല. അദ്ദേഹത്തിന് കാര്യങ്ങൾ പറയാൻ കഴിയുമെങ്കിൽ, അദ്ദേഹത്തിന് മുന്നിൽ കൃത്യമായ തെളിവുകളുണ്ടെങ്കിൽ മണി മണിപോലെ പറയണം. ഞാൻ അദ്ദേഹത്തെ വെല്ലു വിളിക്കുകയാണ്. ഇവിടെ കോൺഗ്രസിനെ എന്തിനാണ് ജയിപ്പിക്കുന്നത്? 2019-ലെ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയുടെ 17-ാമത്തെ പേജിലെ 11-ാമത്തെ ഐറ്റം പ്രതിപക്ഷത്തെ ചില ആളുകൾ വായിക്കണം. ഇവിടെ പ്രമേയം അവതരിപ്പി ക്കുമ്പോൾ ശ്രീ. കെ. സി. ജോസഫ് എഴുന്നേറ്റുനിന്ന് ബഹുമാനപ്പെട്ട അംഗം എന്തേ അങ്ങനെ പറഞ്ഞില്ല, ഇങ്ങനെ പറഞ്ഞില്ല എന്ന് ചോദിച്ചില്ലേ? 2019-ലെ നിങ്ങളുടെ മാനിഫെസ്റ്റോയിൽ എന്താ പറഞ്ഞത്? 17-ാമത്തെ പേജിലെ 11-ാമത്തെ ഐറ്റം, Agricultural produce free from all restriction. ഈ നയം ആരുടേതാണ്? ബി.ജെ.പി. കൊണ്ടുവന്ന മൂന്ന് നിയമങ്ങൾ ആരുടെ നിയമമാണ്? നിങ്ങളുടെ നിയമമാണ്, നിങ്ങൾ കൊണ്ടുവന്ന നിയമമാണ്. ഇതൊക്കെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഇവിടെ എന്തൊക്കെയാണ് നടന്നത്; സമാനതകളില്ലാത്ത സംഘടിതമായ, അങ്ങേയറ്റം മ്ലേച്ഛമായ നിങ്ങളുടെ നെറികേടുകളെ ജനം തള്ളിക്കളഞ്ഞ്, ഇടതുപക്ഷം തെളിഞ്ഞുനിൽക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്........കൺക്ലൂഡ് ചെയ്യൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞങ്ങൾ വിജയത്തിൽ അഹങ്കരിക്കില്ല. വിനയാന്വിതരായി ഞങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കും. 2016-നേക്കാൾ കൂടുതൽ സീറ്റും വോട്ടും നേടിയെടുത്ത് ഞങ്ങൾ 2021-ൽ തിരിച്ചുവരും. നിങ്ങൾക്ക് നിരാശരാകേണ്ടിവരുമെന്നുമാത്രം പറഞ്ഞുകൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു അഴിമതി ആരോപണം നിയമസഭയുടെ ഫ്ലോറിൽ ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറെ മുൻകൂട്ടി എഴുതി അറിയിക്കണം. അതിന്റെ കോപ്പി നാച്വറൽ ജസ്റ്റിസ് എന്ന രീതിയിൽ ആരോപണവിധേയനായ എം.എൽ.എ.യ്ക്ക് കൊടുക്കണം. ഈ നടപടിക്രമം പാലിച്ചാണോ ബഹുമാനപ്പെട്ട എം.എൽ.എ. അഴിമതി ആരോപണം ഉന്നയിക്കുന്നത്?

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 1091/നി.സെ. തീയതി 13-1-2021) രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: അദ്ദേഹം എഴുതി നൽകിയിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറെ മുൻകൂട്ടി അറിയിക്കാതെ നിയമസഭയിൽ ഒരംഗത്തിനെതിരെ അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ അത് രേഖയിലുണ്ടാകാമോ? അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, വായിൽത്തോന്നുന്നത് കോതയ്ക്കുപാട്ട് എന്നൊക്കെ പറഞ്ഞു. ഇങ്ങനെയാണോ പറയേണ്ടത്; നിയമസഭയിൽ ഒരു നടപടി ക്രമമില്ലേ; ഇവിടെ ചന്തയിൽ സംസാരിക്കുന്നതുപോലെ, നടപടിക്രമങ്ങൾ പാലിക്കാതെ സംസാരിക്കാമോ? അങ്ങ് ഇത് പരിശോധിക്കണം. അങ്ങേയ്ക്ക് മുൻകൂട്ടി എഴുതിത്തരാതെ ഉന്നയിച്ച ഈ ആരോപണം സഭയുടെ രേഖയിലുണ്ടാകാൻ പാടില്ലെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതേയവസരത്തിൽ എനിക്ക് വ്യക്തിപരമായ വിശദീകരണം നൽകുന്നതിനുള്ള സമയം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സമയം അനുവദിക്കാം.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. അവിശ്വാസ പ്രമേയ ചർച്ചയിൽ തളിപ്പറമ്പ് അംഗം പറഞ്ഞ കാര്യത്തെ സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചതാണ്. അതെങ്ങനെ പുതിയ അഴിമതിയാരോപണമാകും? ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. അങ്ങ് പരിശോധിച്ച് തീരുമാനമെടുക്കണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പോയിന്റ് ഓഫ് ഓർഡർ. കേരളത്തിലെ പൊതുസമൂഹത്തിൽ പത്തരമാറ്റ് തങ്കത്തിന്റെ തിളക്കമുള്ള ശ്രീ. വി. ഡി. സതീശനെതിരെ അഭിപ്രായം പറയുമ്പോൾ സി.പി.ഐ.(എം)-ന്റെ സാധാരണനിലയിൽ ഉന്നയിക്കുന്ന ഒരു മുദ്രാവാക്യമുണ്ട്. സ്ത്രീ പുരുഷ തുല്യത എന്നത്. അതൊക്കെ മാറ്റിവച്ചുകൊണ്ട് ***** പറഞ്ഞത് പിൻവലിച്ച് മാപ്പുപറയണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് സഭ്യമല്ലാത്ത വർത്തമാനമാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. എം. സ്വരാജ്: സർ, ഇക്കാര്യത്തിൽ ആണാണെങ്കിലും പെണ്ണാണെങ്കിലും എന്താണ് വ്യത്യാസം?

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ1091/ഇ.ബി./നി.സെ. തീയതി 13-1-2021) രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ഒരംഗം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ യാതൊരു ചട്ടവും പാലിക്കാതെ ശ്രീ. വി. ഡി. സതീശനെതിരെ ആരോപണം ഉന്നയിച്ചു. ഇത് എഴുതിത്തന്നിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. ശ്രീ. വി. ഡി. സതീശനെ വളഞ്ഞിട്ട് ആക്രമിക്കാമെന്ന് നിങ്ങൾ ധരിക്കണ്ട.

മി. സ്പീക്കർ: ഇതാണോ ക്രമപ്രശ്നം അത് സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ തന്നെ പറഞ്ഞല്ലോ?

ശ്രീ. പി. ടി. തോമസ്: സർ, ചെയർമാൻ നീതിമാനാണെങ്കിൽ അത് രേഖയിൽനിന്നും പിൻവലിക്കണം.

മി. സ്പീക്കർ: അത് പരിശോധിക്കാം. അതുമായി ബന്ധപ്പെട്ട് ഇനി തർക്കം വേണ്ട........(ബഹളം)..........

ശ്രീ. എം. ഉമ്മർ: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. റ്റി. വി. രാജേഷ് സംസാരിച്ചപ്പോൾ ***** അതൊന്നും രേഖയിലുണ്ടാകാൻ പാടില്ല. അങ്ങനെ രേഖയിലുണ്ടാകുന്നത് രാജേഷിനുതന്നെ മോശമാണ്. കാരണം **** അൺപാർലമെന്ററിയാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അൺപാർലമെന്ററിയായ ഒന്നുംതന്നെ രേഖയിലുണ്ടാകില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ബഹുമാനപ്പെട്ട സ്പീക്കർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ പ്രമേയത്തിനോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇന്നുരാവിലെ ഇവിടെയെത്തിയപ്പോൾ മുഖ്യമന്ത്രി എന്തെങ്കിലുമൊരു മധുരം നൽകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. കാരണം സുന്ദരിയും സുമുഖിയുമായ ഒരു വയസ് പൂർത്തിയാകുന്ന നമ്മുടെ ഹെലിക്കോപ്റ്ററിന്റെ ഒന്നാമത്തെ ജന്മദിനമാണ് ഇന്ന്. അതുകൊണ്ട് Happy Birthday to CM's Copter, May God Bless You എന്നുമാത്രമാണ് ഈ അവസരത്തിൽ പറയാനുള്ളത്. ഒരു പണിയുമില്ലാത്ത ഈ ഹെലികോപ്റ്ററിന് ഒരു മാസം ഒരു കോടി എഴുപത് ലക്ഷം രൂപ വാടക കൊടുത്തുകൊണ്ടിരിക്കുകയാണ്. ഒരു വർഷം ഇരുപത് കോടി നാൽപ്പത്തിയേഴ് ലക്ഷം രൂപ വാടക കൊടുത്തുകഴിഞ്ഞു. ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ഒരു സംസ്കാരവുമില്ലാതെ നിയമസഭയിൽ പാവപ്പെട്ടവന് 200-ഓളം വീട് കൊടുത്ത, ഒരു മികച്ച ജനപ്രതിനിധിയായ ഒരാൾക്കെതിരെ വളരെ മോശമായ രീതിയിൽ ഗവൺമെന്റിന്റെ നേട്ടങ്ങൾ എടുത്തുകാണിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ ഞാൻ ഒന്ന് ചോദിക്കട്ടെ, എങ്ങനെ ഇദ്ദേഹത്തിന് ഒരു ഉളുപ്പുമില്ലാതെ

*സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

സംസാരിക്കാൻ കഴിഞ്ഞു? ഇത്രയേറെ അഴിമതിയിൽ കുളിച്ചുനിൽക്കുന്ന, സ്വജന പക്ഷപാതത്തിൽ മുങ്ങിനിൽക്കുന്ന, പിൻവാതിൽ നിയമനങ്ങൾ മാത്രം നടത്തുന്ന, നാലേമുക്കാൽ വർഷംകൊണ്ട് ജനങ്ങളിൽനിന്നും അകന്നുപോയ, പിടിപ്പുകേടിന്റെ പര്യായമായി മാറിയ ഈ ഗവൺമെന്റിനെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം പറയുന്നതുകേട്ടാൽ ഈ ഗവൺമെന്റ് 916 സ്വർണ്ണത്തിളക്കത്തിലാണെന്ന് തോന്നിപ്പോകും. സ്വർണ്ണത്തിളക്കമുണ്ടെന്ന് ഞങ്ങൾക്കറിയാം. കാരണം, മുഖ്യമന്ത്രിയുടെ ഓഫീസുവരെ സ്വർണ്ണക്കള്ളക്കടത്തുകാരുടെ താവളമായി മാറിയെന്നുള്ളതാണ് സത്യം. ഇവിടെ 20.47 കോടി രൂപയാണ് ഹെലിക്കോപ്റ്ററിന് വാടകയായി നൽകിയത്. വേണമെങ്കിൽ ലൈഫ് മിഷനിൽ 510 വീട് നിർമ്മിച്ച് കൊടുക്കാമായിരുന്നു. ഒരുപക്ഷെ, ഇത്രയേറെ അഴിമതിയിൽ കുളിച്ചുനിൽക്കുന്ന മറ്റൊരു ഗവൺമെന്റിനെ കേരളം കണ്ടിട്ടില്ല. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞു, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ജയിലിൽ ആയിരുന്നു, പുറത്തുവന്നു എന്നൊക്കെ. പാലാരിവട്ടം പാലം അഴിമതിയുമായി ബന്ധപ്പെട്ട് നിങ്ങൾ കേസെടുത്തു. ഇപ്പോഴത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഒരിക്കൽ ചോദിച്ചത് നിങ്ങൾ കേട്ടുകാണും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 245 പാലങ്ങൾ പണിതു. ഒരു പാലത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേടുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ഇവിടെയില്ല, അദ്ദേഹം പാലം നിർമ്മിക്കാൻ ഇൻസ്പെക്ഷന് പോയിരിക്കുകയാണോ? അങ്ങനെ നിങ്ങൾ കരുതുന്നുണ്ടോ? ബഹുമാനപ്പെട്ട മന്ത്രിമാരാണോ ഓരോ സ്ഥലങ്ങളിലും നിർമ്മാണ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്? അതിനാണ് ചീഫ് എഞ്ചിനീയർമാർ മുതൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരും കരാറുകാരും അതിന് നേതൃത്വം കൊടുക്കുന്ന ആളുകളും ഇവിടെ രാഷ്ട്രീയ പ്രേരിതമായി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ മോശമായി ചിത്രീകരിക്കാൻ വേണ്ടി നിങ്ങൾ കേസ്സെടുത്ത് അകത്താക്കി എന്നതുകൊണ്ടൊന്നും കേരളത്തിലെ ജനങ്ങൾ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ മോശമായി കാണുകയോ തെറ്റായി കാണുകയോ ചെയ്യുന്നില്ല എന്ന കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്.

ജനിക്കാൻ പോകുന്ന ഒരു കുഞ്ഞിന് പോലും 90,000 രൂപയുടെ കടബാദ്ധ്യത സമ്മാനിക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തുന്നത്. നമുക്കറിയാം ഈ ഗവൺമെന്റിന്റെ ആറാമത്തെ നയപ്രഖ്യാപന പ്രസംഗമാണ് നടന്നത്. ഈ നയപ്രഖ്യാപന പ്രസംഗങ്ങളെല്ലാം പരിശോധിച്ചാൽ ജനങ്ങൾക്ക് സ്വപ്നങ്ങൾ മാത്രമല്ലാതെ മറ്റൊന്നും നിങ്ങൾ സമ്മാനിച്ചിട്ടില്ലെന്നുള്ളത് അറിയാൻ കഴിയും. എന്താണ് സ്വപ്നം? ഉറക്കത്തിൽ വരുന്ന അനുഭൂതികളും ചിന്തകളുമാണ് സ്വപ്നങ്ങൾ എന്നറിയപ്പെടുന്നത്. ആഴമുള്ള നല്ല ഉറക്കത്തിൽ തലച്ചോർ പൂർണ്ണമായും പ്രവർത്തനരഹിതമാകുന്നു. അതുകൊണ്ട് മാനസിക പ്രവർത്തനങ്ങൾ അല്ലെങ്കിൽ

മനസ്സിന്റെ പിരിമുറുക്കം സ്വപ്നം കാണുന്നതിലൂടെ അപ്രത്യക്ഷമാകുന്നു. ഇവിടെ ഈ ഗവൺമെന്റിന്റെ ഒരു സ്വപ്നവും യാഥാർത്ഥ്യമാക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. ഇവിടെ 'സ്വപ്ന' മാത്രമാണുള്ളത്, ഒരു സ്വപ്നവുമില്ല. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ ഈ ഗവൺമെന്റിന് മുന്നിൽ, അകാലത്തിൽ പൊലിഞ്ഞുപോയ പ്രശസ്തനായ കവി അനിൽ പനച്ചൂരാന്റെ 'ചോര വീണ മണ്ണിൽ നിന്നും'.. എന്ന് തുടങ്ങുന്ന കവിതയുടെ നാല് വരികൾ ഞാൻ നിങ്ങൾക്കുവേണ്ടി സമർപ്പിക്കുമ്പോൾ അനിൽ പനച്ചൂരാനോടുള്ള ആദരവും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാകണമേയെന്ന പ്രാർത്ഥനയും ഞാൻ നിങ്ങളുടെ മുമ്പിൽവയ്ക്കുകയാണ്. അനിൽ പനച്ചൂരാൻ പാടി:-

'സ്മാരകം തുറന്നുവരും വീറുകൊണ്ട വാക്കുകൾ

ചോദ്യമായി വന്നലച്ചു നിങ്ങൾ കാലിടറിയോ'

നിങ്ങൾ കാലിടറിയോ? ഇവിടെ ലാൽസലാം ലാൽസലാമെന്ന് ഞാൻ പറയുന്നില്ല, പക്ഷെ നിങ്ങളുടെ പ്രവർത്തനങ്ങളിൽ വലിയ കാലിടറലുകളുണ്ടായി. മുഖ്യമന്ത്രിയുടെ 'നാം മുന്നോട്ട്' എന്ന പരിപാടിയെക്കുറിച്ച് പിന്നാമ്പുറത്ത് പറയുന്നതെന്താണെന്ന് അറിയാമോ? നാം കടം കയറി പിന്നോട്ട് എന്നാണ്. നാം മുന്നോട്ടെന്ന പരിപാടികൊണ്ട് ആർക്കാണ് ഗുണമുണ്ടായത്? പാർട്ടി ചാനലായ കൈരളിക്ക് 37 ലക്ഷം രൂപ കിട്ടി. ഇതുവരെ ചെലവായത് 12.5 കോടി രൂപയാണ്. എന്ത് പ്രയോജനമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായത്? ഇപ്പോൾ മുഖ്യമന്ത്രിയെ കണ്ടാൽ മ്ലാനവദനനായി കാണുന്നു; ഇപ്പോൾ അദ്ദേഹം ചിരിക്കാറില്ല, മുഖമൊക്കെ ക്ഷീണിച്ച് അവശനായ രീതിയിൽ അദ്ദേഹത്തിന്റെ മുഖത്തുനിന്നും ആ പ്രസരിപ്പ് നഷ്ടപ്പെട്ടുപോയിരിക്കുന്നു. കാരണമെന്തെന്നാൽ 2016-ലെ ഇലക്ഷനിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെ മുമ്പിൽനിർത്തിക്കൊണ്ട് നിങ്ങൾ ഇലക്ഷനെ നേരിട്ടു. ഒടുവിൽ അദ്ദേഹത്തെ മാറ്റിക്കൊണ്ട് പിൻവാതിലിലൂടെ കയറിവന്ന ആളാണ് ഇന്നത്തെ മുഖ്യമന്ത്രിയെന്നുള്ളതുകൊണ്ടുതന്നെ ലക്ഷക്കണക്കിന് വരുന്ന യുവാക്കൾക്ക് പി.എസ്.സി.യിലൂടെ നിയമനം നൽകാതെ, പിൻവാതിൽ നിയമനം നടത്തിക്കൊണ്ട് നിങ്ങൾ മുന്നോട്ടുപോകുന്നുവെന്നുള്ളത് മുഖ്യമന്ത്രി തന്നെ പിൻവാതിലിലൂടെ വന്ന ആളാണ് എന്നുള്ളതുകൊണ്ടാണ്. എന്തുകൊണ്ട് അദ്ദേഹത്തിന്റെ മുഖത്തെ പ്രസരിപ്പ് നഷ്ടപ്പെട്ടുപോയി? അദ്ദേഹത്തിന്റെ ഏറ്റവുമടുത്ത ആളായിരുന്ന പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.എം.ശിവശങ്കരൻ അദ്ദേഹമിന്ന് ജയിലിൽ ഉണ്ടതിന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പത്താം ക്ലാസ് യോഗ്യതപോലുമില്ലാത്ത സ്വപ്നാ സുരേഷ് എന്നൊരാൾക്ക് 3.18 ലക്ഷം രൂപ മാസം നിങ്ങൾ കൊടുത്തില്ലേ? യുവാക്കൾക്കുവേണ്ടി ശ്രീ. റ്റി. വി. രാജേഷ് അതിനെ ചോദ്യം ചെയ്യണമായിരുന്നു. സ്വർണ്ണക്കള്ളക്കടത്തിൽ പിടിച്ചില്ലായിരുന്നുവെങ്കിൽ പ്രിയപ്പെട്ട രാജേഷേ, ഇന്നവർ സ്പേസ് പാർക്കിന്റെ എം.ഡി.യായി നമ്മളെ

മുന്നോട്ടുനയിച്ചേനെ എന്ന കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടോ? പ്രിയപ്പെട്ട ശ്രീ. റ്റി. വി. രാജേഷ്, 37 വർഷം സി.പി.ഐ.(എം)-ന്റെ നിഴലായുണ്ടായിരുന്ന അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. രവീന്ദ്രൻ ഇപ്പോൾ ജയിലിൽ പോകാൻ പോകുകയാണ്. ഇന്ന് പത്രം വായിച്ചപ്പോൾ എനിക്ക് വളരെ ഇഷ്ടപ്പെട്ട ഒരു സംഭവമുണ്ടായി. ജയിലിൽ ലുങ്കി മാറ്റാൻ പോകുന്നു. ബെർമുഡയും ബനിയനും കൊടുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരെ, നിങ്ങളുടെ ആശയം നല്ലതാണ്. നിങ്ങൾക്ക് ലുങ്കിയോട് എന്തോ എതിർപ്പ് തോന്നിത്തുടങ്ങിയിട്ടുണ്ട്. നല്ലതാണ്, ബെർമുഡയുടെയും ബനിയന്റേയും ഒരു സെറ്റ് ഇപ്പോഴേ വാങ്ങിവയ്ക്കുന്നത് വളരെ നന്നായിരിക്കും. ഇവിടെ നിങ്ങളുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. രവീന്ദ്രൻ ജയിലിൽ പോകാൻവേണ്ടി കുപ്പായം തുന്നിക്കൊണ്ടിരിക്കുന്നുവെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. മറ്റ് ചില സംഭവങ്ങളൊക്കെയുണ്ടെങ്കിലും ചെയറിനോടുള്ള ആദരവുകൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടന്നുപോകുന്നില്ല.

നിങ്ങൾ മുന്നോട്ടുവച്ച ഒരു മുദ്രാവാക്യമുണ്ട്, എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകുമെന്ന്. പ്രിയപ്പെട്ട സ്പീക്കർ, എൽ.ഡി.എഫ്. വന്നു, എല്ലാം ശരിയായി. ആർക്കാണ് ശരിയായത്? ഈ മുദ്രാവാക്യം തയ്യാറാക്കിയ കമ്പനിയായ മൈത്രി ഏജൻസീസ്, അവർക്ക് എല്ലാം ശരിയായി കോടികളുടെ പരസ്യം നിങ്ങൾ അവർക്ക് കൊടുത്തു. ***** പ്രിയപ്പെട്ട തോറ്റ എം.പി. സമ്പത്ത്, നിങ്ങൾക്കെന്താണ് ജോലി? 25 ലക്ഷം രൂപ നിങ്ങൾ പുട്ടടിച്ചില്ലേ? ഇവിടെ നിങ്ങളുടെ ജോലിയെന്താണ്? ഡൽഹിയിൽ ഒരു പണിയുമില്ല. ആറ് മണിമുതൽ ആറ് മണിവരെ വഴുതക്കാടുള്ള അദ്ദേഹത്തിന്റെ വീട്ടിൽ കിടന്നുറങ്ങുകയാണ്. പിന്നീട് ചാടി എണീറ്റ് ചാനലിലേയ്ക്ക് ഒറ്റ പോക്കാണ്. അതിന് ടി.എ.യും വാങ്ങും. 25 ലക്ഷം രൂപയാണ് നിങ്ങൾ പുട്ടടിച്ചത്. മുഖ്യമന്ത്രിയുടെ ലെയ്സൻ ഓഫീസറായ പ്രിയപ്പെട്ട വേലപ്പൻ നായർ, 75 വയസ്സുള്ള വന്ദ്യ വയോധികനാണ്. അദ്ദേഹത്തിന്റെ ശമ്പളം ഒരു ലക്ഷത്തി പതിനായിരം രൂപ. അദ്ദേഹമാണ് ഏറ്റവും ജീനിയസ്. ഒരു മാസം പതിനാലായിരം രൂപയുടെ പുസ്തകമാണ് വായിക്കുന്നത്. കഴിഞ്ഞ വർഷം 1,68,000 രൂപയുടെ പുസ്തകം വാങ്ങി. ലോകത്ത് ഏറ്റവും കൂടുതൽ പുസ്തകം വാങ്ങിയ റെക്കോർഡ് ഗിന്നസ് ബുക്കിൽ വേണമെങ്കിൽ വേലപ്പൻ നായരെ ചേർക്കാം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പക്ഷെ വേലപ്പൻ നായർ എന്ന പേര് മാത്രമേയുള്ളൂ, ഒരു വേലയും അദ്ദേഹത്തിന്റെ കൈവശമില്ല. ഈ ലോകത്ത് ഏറ്റവും നല്ല പി.ആർ. വർക്കുള്ള ടീമുണ്ട്. അത് ശ്രീമതി കെ. കെ. ശൈലജ

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ1092/ഇ.ബി./നി.സെ. തീയതി 13-1-2021) രേഖയിൽനിന്നും നീക്കം ചെയ്തു.

ടീച്ചറുടെ പി.ആർ. വർക്കാണ്. ഒരുപക്ഷെ, ശൈലജ ടീച്ചറുടെ പി. ആർ. വർക്ക് ഇവരെയൊന്ന് സഹായിച്ചാൽ ഒരു സംശയവും വേണ്ട, വേലപ്പൻ നായർക്ക് ഗിന്നസ് ബുക്കിൽ കയറാൻ കഴിയുമെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ വളരെ ശാന്തനായും പ്രകോപനമുണ്ടാക്കാതെയുമാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒന്നോ രണ്ടോ മിനിട്ട് എനിക്ക് നൽകുന്നത് അങ്ങേയ്ക്കുകൂടി നന്നായിരിക്കുമെന്ന കാര്യം കൂടി ഇവിടെ സൂചിപ്പിക്കുകയാണ്. കിൻഫ്രയിൽ എത്രമാത്രം അഴിമതിയുണ്ടായി? കിൻഫ്ര ജൂനിയർ മാനേജർ (കോ-ഓർഡിനേറ്റർ) ആയി ശ്രീ. പി. കെ. ശശിയുടെ മകൻ രാഗിലിനെയല്ലേ നിയമിച്ചത്? ആവശ്യമായ പ്രവൃത്തി പരിചയമുണ്ടോ? അസിസ്റ്റന്റ് മാനേജർ (കോ-ഓർഡിനേറ്റർ) ആയി ശ്രീ. ഇ. പി. ജയരാജന്റെ അടുപ്പക്കാരന്റെ മകൻ നിഖിലല്ലേ യോഗ്യതയില്ലാതെ ജോലിയിൽ പ്രവേശിച്ചത്. ഡെപ്യൂട്ടി മാനേജർ തസ്തികയിൽ റിയാബിന്റെ ചെയർമാനും സി.പി.ഐ.(എം)കാരൻ പ്രത്യേകിച്ച് ശ്രീ. പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശശിധരൻ നായരുടെ മകളുടെ ഭർത്താവ് രാഹുലനെയല്ലേ നിയമിച്ചത്? അങ്ങനെ എത്രയെത്ര കാര്യങ്ങളിലേയ്ക്ക് ഒരു ഉത്തരവാദിത്വവുമില്ലാതെ കഴിവുകളില്ലാത്ത, പ്രവൃത്തി പരിചയമില്ലാത്ത നിരവധി സി.പി.ഐ.(എം) കാരെയാണ് നിയമിച്ചതെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ. അങ്ങയുടെ സമയം അവസാനിച്ചു, അങ്ങ് ഇരിക്കൂ..

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുവാനുള്ളത്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, സർ, ***** ഈ സഭയിൽ ഇല്ലാത്ത ആളുകളുടെ പേര് പറയുകയാണ്. യാതൊരു വസ്തുതയും അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ ആരാണ് എഴുതിക്കൊടുത്തത്? ഒരു ഉത്തരവാദിത്വവുമില്ലാതെ വായിക്കുകയാണ്. അതൊന്നും സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. അങ്ങ് അദ്ദേഹത്തെ ശാസിക്കണം.

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.*

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സഭയിൽ ഇല്ലാത്ത സ്വപ്ന സുരേഷിനെക്കുറിച്ച് പറഞ്ഞതിൽ നിങ്ങളുടെ ആക്ഷേപം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എൽ.ഡി.എഫ്. കൺവീനർ ശ്രീ. എ. വിജയരാഘവന്റെ ഭാര്യയെ തൃശ്ശൂർ കേരളവർമ്മ കോളേജിൽ നിങ്ങൾ നിയമിച്ചില്ലേ?

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 1092/ഇ.ബി/2021/നി.സെ. തീയതി 14-1-2021) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: എന്തെങ്കിലും ആരോപണങ്ങൾ ഉന്നയിക്കാനുണ്ടെങ്കിൽ അങ്ങേയ്ക്കത് എഴുതി നൽകാവുന്നതാണ്. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒരു ആരോപണത്തിനും ഞാൻ മുതിരുന്നില്ല. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും സഭയിൽ വന്നിരിക്കാൻ സാധിക്കുമോ; ഈ നിയമസഭയ്ക്കുള്ളിൽ കേരളത്തിലെ മുഴുവൻ ജനങ്ങളും വന്നിരിക്കുമോ; ആരോപണങ്ങൾ ശരിയല്ലെങ്കിൽ നിങ്ങൾ തെളിയിക്കൂ എന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു. (..മൈക്ക് ഓഫ്..)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുവാനുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിയമസഭയിൽ പ്രസംഗിക്കാനുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും ബഹുമാനപ്പെട്ട അംഗത്തിനുണ്ട്. പക്ഷേ, ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അക്കാര്യം മുൻകൂട്ടി എഴുതി നൽകിയിട്ടാവണം ഉന്നയിക്കേണ്ടത്.

മി. സ്പീക്കർ: അദ്ദേഹം അത്തരത്തിൽ എഴുതി നൽകിയിട്ടില്ല. എഴുതിത്തരാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ മറുപടി പറയാനില്ലാത്ത ആളുകളെക്കുറിച്ച് സഭയ്ക്കകത്ത് ആരോപണം ഉന്നയിക്കാൻ പാടില്ല. അത് ശരിയായ നടപടിയല്ല. അതുസംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണം.

മി. സ്പീക്കർ: വീട്ടിലിരിക്കുന്നവരെക്കുറിച്ചും ഭാര്യമാരെക്കുറിച്ചുമൊക്കെയുള്ള കമന്റുകൾ ഒഴിവാക്കുന്നതാണ് ഉചിതം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ന്യായമായ തരത്തിൽ ജനങ്ങളോട് ഒരു ഭരണകൂടം എങ്ങനെ പെരുമാറുന്നു എന്നതിന്റെ നിദർശനമാണ് ഒരു നയം. അങ്ങനെയാണെങ്കിൽ എൽ.ഡി.എഫ്.-ന്റെ നയം, വേദനിക്കുന്ന മനുഷ്യരോട് ഏറ്റവും അടുത്തുനിൽക്കുന്ന, കാവലാകുന്ന ഗവൺമെന്റുള്ള നാലേമുക്കാൽ വർഷങ്ങളാണ് കേരളത്തിൽ കഴിഞ്ഞുപോയത്. അതുകൊണ്ടുതന്നെ ആ നയം ന്യായമാണ്. പ്രത്യേകിച്ച്, ന്യായമല്ലാത്ത കാര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ ചെയ്തുകൊണ്ടിരിക്കുന്ന

ഒരു കേന്ദ്ര സർക്കാരുള്ളപ്പോൾ, ന്യായമായ കാര്യങ്ങൾ ജനങ്ങൾക്കുവേണ്ടി ചെയ്യുന്നൊരു സംസ്ഥാന ഗവൺമെന്റ്, ജനങ്ങളുടെ ഗവൺമെന്റ് എന്നുപറയാവുന്ന ഇന്ത്യയിലെ ഏക ഗവൺമെന്റ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ആ ഗവൺമെന്റിന്റെ നയത്തെയാണ് ഈ കേരള നിയമസഭയും കേരളത്തിലെ ജനങ്ങളും ഇന്ത്യയിലെ ജനങ്ങളും, ഇന്ത്യയിലെ ജനങ്ങൾക്ക് ഇവിടെവന്ന് പിന്തുണയ്ക്കാൻ സാധിക്കില്ല, ഒരു പ്രതീക്ഷയോടെ പിന്തുണയ്ക്കുന്നത്. ഏത് ഗവൺമെന്റിനേയും പ്രതിപക്ഷത്തിനോ ജനങ്ങൾക്കോ വിമർശിക്കാനോ നിരൂപണബുദ്ധ്യാ കാണാനോ ഒക്കെയുള്ള അവകാശം ജനാധിപത്യത്തിലുണ്ട്. അംഗീകരിക്കാനും എതിർക്കാനുമൊക്കെ സ്വാതന്ത്ര്യം തരുന്ന സൗന്ദര്യമുള്ള മഹത്തായ സംവിധാനമാണ് ജനാധിപത്യം. അതുകൊണ്ട് വിമർശനങ്ങളെ വിമർശനബുദ്ധ്യാതന്നെ ഉൾക്കൊണ്ടുപോകുന്ന ഒരു സർക്കാരാണ് കഴിഞ്ഞ നാലേമുക്കാൽ വർഷമായി കേരളത്തിലുള്ളത്. ഭരണകൂടം പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ, ഞാൻ അതിനെക്കുറിച്ചെല്ലാം പറഞ്ഞുപോകുകയല്ല; അതിന് സമയവുമില്ല, പക്ഷേ ഒരു കാര്യം ഞാൻ എല്ലാവരോടും പറയുന്നത്, നമ്മുടെ മുന്നിൽ ഇന്ത്യയിലെ ജനങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളും ലോകത്തിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ധാരാളം അഭിപ്രായങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അതിൽ ഒരു അഭിപ്രായം, കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ലോകത്തിലെതന്നെ ആരോഗ്യമേഖലയിലെ പ്രമുഖനായൊരു ഗവേഷകൻ പറഞ്ഞത്, 'ലോകത്തിലെ മനുഷ്യന്റെ ആരോഗ്യപരമായ കാലം കഴിഞ്ഞു' എന്നാണ്. 'കൊവിഡ് വൈറസ് പോയാലും നമ്മെ ഏതെങ്കിലും രോഗം പിന്തുടർന്നുകൊണ്ടേയിരിക്കും' എന്നാണ്. 'ഒരു രോഗകാലത്തിലേയ്ക്ക് ലോകം മാറുന്നു' എന്നാണ്. അങ്ങനെയാണെങ്കിൽ നമുക്ക് ലോകത്ത് നമ്മുടെ ജീവിതം പലതരത്തിൽ ക്രമീകരിക്കപ്പെടേണ്ടിവരും. പ്രകൃതിയുമായും കാലവർഷവുമായും ബന്ധപ്പെട്ട്, കാലാവസ്ഥയും കാലവർഷവുമായും ബന്ധപ്പെട്ട്; കഴിഞ്ഞ 21 വർഷത്തിനിടയ്ക്ക് ആദ്യമായിട്ടാണ് ജനുവരി മാസത്തിൽ ഇതുപോലെ മഴ പെയ്യുന്നത്, കാലം മാറുകയാണ്. നമ്മുടെ സ്കൂളുകൾ തുറന്നില്ല. തിയേറ്ററുകൾ ഇന്നോ നാളെയോ തുറക്കുമെന്ന് പറയുന്നു. അതായത് ലോകത്ത് മുഴുവൻ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യത്തിൽ ലോകത്തിലെ ഗവേഷകരെല്ലാം ഇതിനെ നേരിടാൻതക്ക തരത്തിൽ നമ്മൾ നമ്മുടെ ജീവിതത്തെ, നമ്മുടെ കൂട്ടായ്മയെ, നമ്മുടെ ബന്ധങ്ങളെ, നമ്മുടെ സ്വഭാവത്തെ, നമ്മളും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെയെല്ലാം പുതിയ തരത്തിൽ നിർവ്വചിക്കണമെന്ന് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അത് ചർച്ച ചെയ്യാൻകൂടി നമുക്ക് ബാദ്ധ്യതയുണ്ട്. നമ്മുടെ വീടുകൾ, ബന്ധങ്ങൾ, കൂട്ടായ്മകൾ, നമ്മുടെ നിയമസഭയുടെ പ്രവർത്തനംതന്നെ ഭാവിയിൽ ഇങ്ങനെ ആയിരിക്കണം. ഈ കാലത്തിനും കാലാവസ്ഥയ്ക്കും രോഗാവസ്ഥയ്ക്കും,

അല്ലെങ്കിൽ അതിനെ സമീപിക്കാൻ തക്കതരത്തിൽ കുറച്ചുകൂടി നമ്മൾ മാറേണ്ട തുണ്ടോ; അത്തരം ഗൗരവതരമായ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ തീർച്ചയായും ആരോപണ പ്രത്യാരോപണങ്ങളുടെ അന്തരീക്ഷത്തിൽനിന്നും മറികടക്കാൻ നമുക്ക് കഴിയണം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ലോകം പിന്തുണയ്ക്കുന്നതും ഇന്ത്യ പിന്തുണയ്ക്കുന്നതും ഒരു കാര്യത്തിലാണ്. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും കോവിഡ് കാലത്തെ നേരിടാൻ ശ്രമിച്ചു. അദ്ദേഹം ജനങ്ങളോട് ആദ്യം പറഞ്ഞത്, ഒരു അന്ധവിശ്വാസംപോലെ വൈകിട്ട് 9 മണി നേരത്ത് നിങ്ങളൊന്ന് പാട്ട കൊട്ടാനാണ്. പ്രധാനമന്ത്രി പറഞ്ഞതുകൊണ്ട് കൊട്ടുന്നതിന് കുഴപ്പമില്ല. ഇന്ത്യൻ പ്രധാനമന്ത്രി നമ്മുടെയും പ്രധാനമന്ത്രിയാണ്. തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. അതുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രിയും ഒരു പത്രസമ്മേളനത്തിൽ ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞത്, 'അദ്ദേഹം പ്രധാനമന്ത്രിയായതുകൊണ്ട് പറഞ്ഞത് അനുസരിക്കുന്നതുകൊണ്ട് കുഴപ്പമില്ല' എന്നാണ്. പക്ഷേ പ്രശ്നം, കേരളത്തിലെ മുഖ്യമന്ത്രി ജനങ്ങളോട് വീട്ടിലിരിക്കാൻ പറഞ്ഞു. നിങ്ങൾ റോഡിൽ ഇറങ്ങേണ്ട, കൂട്ടം കൂടേണ്ട എന്നുംപറഞ്ഞു. ആർഭാടങ്ങൾ കുറയ്ക്കാൻ പറഞ്ഞു. ഇന്ത്യൻ പ്രധാനമന്ത്രി പാട്ട കൊട്ടാൻ പറഞ്ഞപ്പോൾ കേരളത്തിലെ മുഖ്യമന്ത്രി വീട്ടിൽ ഇരിക്കുന്നവർക്ക് അത്താഴത്തിന് അരികൂടി കൊടുത്തു. ഇവിടെ ഇത് കൊടുത്തതിനുശേഷമാണ് കോൺഗ്രസിലെ സ്നേഹിതന്മാർക്ക് അറിയാം, ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുമുണ്ട്, അവിടെയും പിന്നെ കൊടുത്തു. പക്ഷേ ആദ്യം കൊടുത്തത് കേരളത്തിലാണ്. കേരളത്തിലെ ഗവൺമെന്റ് വീട്ടിൽ ഇരിക്കാൻ പറയുക മാത്രമല്ല, വീട്ടിൽ ഇരിക്കുന്നവർ പട്ടിണി കിടക്കരുതെന്ന്, അവരുടെ ആഹാരം മുടങ്ങരുതെന്ന്, അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന വിഷമങ്ങളിൽ സർക്കാർ പങ്കുചേരണമെന്നു കരുതി അവർക്കാവശ്യമായ ഭക്ഷ്യധാന്യക്കിറ്റ് ഇന്ത്യയിൽ ആദ്യം പ്രഖ്യാപിച്ച ഗവൺമെന്റ് കേരള ഗവൺമെന്റാണ്. കേരള ഗവൺമെന്റ് അത് പ്രഖ്യാപിക്കുക മാത്രമല്ല പ്രാവർത്തികമാക്കുകയും ചെയ്തു. ഇന്ത്യയിൽ ഓൺലൈൻ വിദ്യാഭ്യാസം ഇതുപോലെ മറ്റ് ഗവൺമെന്റുകൾക്കൊന്നും നടത്താൻ സാധിക്കില്ല. കാരണം, സാങ്കേതികവിദ്യയുടെ മികവ് മിക്കവാറും വീടുകളിൽ, കുട്ടികളിലുള്ളത് ഇവിടെയാണ്. കൊവിഡ് കാലത്ത് എല്ലായിടത്തും ഒരു മാതൃകയായി മാറാൻ കഴിഞ്ഞു. അമേരിക്കയിലെ ഗവേഷകർ, യു.എൻ.-ലെ ഗവേഷകർപോലും കേരളം ഒരു മാതൃകയാണെന്ന് പറഞ്ഞു. കേരളം സമ്പൂർണ്ണമായ തരത്തിൽ മാനവികതയുള്ള സംസ്ഥാനമാണെന്ന് പറഞ്ഞു. അത് ഗവൺമെന്റ് മാത്രം ചെയ്തതല്ല. ഇവിടെ ബിരിയാണി വിറ്റ്, - അതിൽ മുഖ്യമായി പങ്കെടുത്തത് AIYF, DYFI ഒക്കെയാണ് - 17 കോടി രൂപയിലധികമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കൊടുത്തത്. അതായത്, കേരളത്തിലെ ജനം മുഴുവൻ പലതരത്തിൽ സഹകരിക്കു

കയായിരുന്നു. പങ്കാളിത്തം വഹിക്കുകയായിരുന്നു, പങ്കുചേരുകയായിരുന്നു, ഇല്ലാത്തവന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുകയായിരുന്നു. അതായത്, കേരളത്തിൽ ഞാൻ മനസ്സിലാക്കുന്നത്, കമ്മ്യൂണിസ്റ്റും കോൺഗ്രസും എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഹിന്ദുവും മുസൽമാനും എല്ലാവരുമൊന്നിച്ച് ഓരോരുത്തരും ഭരണകൂടത്തിന്റെ ഭാഗമായി. ഓരോരുത്തരും ഈ സമൂഹത്തിൽ നിന്റെ വേദന എന്റെകൂടി വേദനയാണെന്ന് തിരിച്ചറിയുകയായിരുന്നു. ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുന്നതാണ് ഒരു നയമെന്ന് പറയുന്നത്. നയം ന്യായമാകണം. ന്യായമായ തരത്തിൽ വേണ്ടത് ആർക്കെന്ന് കരുതാൻ കഴിയണം. അപ്പോൾ അവിടെ സംഭവിച്ചതെന്താണ്? കോവിഡ് കാലത്ത് പാർലമെന്റിനെപ്പോലും നോക്കുകുത്തിയാക്കിക്കൊണ്ട് മൂന്ന് ബില്ലുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൊണ്ടുവന്നു. ഡൽഹിയിലെ മഞ്ഞിന് ഒരു കൂട്ടർക്കുമാത്രം ഇപ്പോൾ തണുപ്പില്ല. അത് ഇന്ത്യയിലെ കർഷകരാണ്. അവരുടെ മനസ്സിന്റെ ചൂടിൽ ഒരു ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിനെതിരെ അവർ റോഡിൽ കിടക്കുകയാണ്. അവർ ഗാന്ധിയൻ സമരമാണ് നടത്തുന്നത്. അവർ ട്രാക്ടറിൽ കൊണ്ടുവരുന്നത് ഗോതമ്പുപൊടിയും എണ്ണയുമാണ്. അത് വഴിയിൽ ചുട്ടുനിൽക്കുമ്പോൾ, ഇവർ വന്നുനിന്ന് ബഹളം ഉണ്ടാക്കിയാൽ തല്ലാൻ നിൽക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ പോലീസുകാർക്ക് ആഹാരം കൊടുക്കുന്നത് ഈ കർഷകരാണ്. അവർ ചുട്ടെടുക്കുന്ന ചപ്പാത്തി ഇവർക്കുകൂടി കൊടുക്കുകയാണ്. അവരുടെ ഉള്ളിലാണ് ഗാന്ധി ജീവിക്കുന്നത്. അവരുടെ പ്രവൃത്തിയിലാണ് ഗാന്ധി ജീവിക്കുന്നത്. അപ്പോഴാണ് ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് ഗ്വാളിയറിൽ ഗോഡ്സേയ്ക്കുവേണ്ടി ഒരു ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നത്. ഇതിന്റെ വൈരുദ്ധ്യം ഇന്ത്യ മനസ്സിലാക്കണം. കേരളത്തിലെ കോൺഗ്രസും യു.ഡി.എഫ്.-ഉം എല്ലാം മനസ്സിലാക്കണം. എൽ.ഡി.എഫ്.-ഉം മനസ്സിലാക്കണം. പതുക്കെപ്പതുക്കെ പെട്രോളിന്റെ വില കൂട്ടിയാൽ വില കൂട്ടുന്നതിനെതിരെ സമരം ചെയ്യാൻ പറ്റില്ല. പതുക്കെപ്പതുക്കെ വേദനിച്ചാൽ വേദന എന്താണെന്ന് നമുക്ക് തിരിച്ചറിയാൻ പറ്റാതെ വരും. അങ്ങനെയൊരു അവസ്ഥയിൽ രാജ്യത്തെ എത്തിച്ച് പ്രതികരണമില്ലാത്ത ഒരു മാനസികാവസ്ഥ രാജ്യത്ത് സൃഷ്ടിക്കുകയാണ്. ഗോഡ്സെയുടെ പേരിൽ ഒരു ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നതിലെ തെറ്റ് എന്താണെന്നുവച്ചാൽ, ഗ്വാളിയറിൽ നിർമ്മിക്കുന്നതിന്റെ കാര്യമാണ് പറയുന്നത്, അവിടെനിന്നാണ് മഹാത്മാഗാന്ധിയെ വെടിവച്ച് കൊല്ലാനുള്ള ബെരേറ്റ തോക്ക് ഗോഡ്സെ വാങ്ങുന്നത്. മഹാത്മാഗാന്ധിയെ വധിക്കാൻ ഉപയോഗിച്ച തോക്ക് കൊടുത്ത ഇടം മഹത്തായ ഇടമാണ്. അപ്പോൾ ആ തോക്ക് മഹത്തായ ഒന്നാകും. അപ്പോൾ മഹാത്മാ ഗാന്ധി ഏറ്റവും വെറുക്കപ്പെട്ട ഒരാളാകണം. ഗോഡ്സെ ഏറ്റവും ആരാധിക്കുന്ന ഒരാളാകണം. ആ തോക്ക് ആരാധിക്കുന്ന ഒന്നാകണം. പതുക്കെപ്പതുക്കെ

മഹാത്മാഗാന്ധി ഒരു തെറ്റാകണം. ഗോഡ്സെ ഒരു ശരിയാകണം. അങ്ങനെയൊരു മാനസികാവസ്ഥയിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകുമ്പോഴാണ് അതിന്റെ പ്രതികരണം കേരളത്തിലും അവർ കൊണ്ടുവരുന്നത്. ഇവിടെയും വേവുമോ എന്ന് നോക്കുകയാണ്. അതിന്റെ ഭാഗമായാണ് തിരുവനന്തപുരത്തുള്ള രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിക്ക് ഗോൾവാൾക്കറുടെ പേരിടുന്നത്. സ്വാതന്ത്ര്യത്തിന് മുമ്പുള്ളതെല്ലാം മഹത്വം, സ്വാതന്ത്ര്യത്തിനുശേഷമുള്ള ജനാധിപത്യവും മതേതരത്വവും എല്ലാം മോശം എന്നുപറയുന്ന ഒന്ന് ഇവിടെ വരുമ്പോഴാണ് സത്യത്തിൽ ഈ ഗവൺമെന്റിനോട്, മുഖ്യമന്ത്രിയോടായാലും എല്ലാവരോടും ഞാൻ പറയുന്നത്, നമ്മളിൽനിന്ന് ഒരു സമ്മർദ്ദമുണ്ടാകണം; അങ്ങനെ ഒന്നിന്, അതിന്റെ സെക്കന്റ് ക്യാമ്പസ്സിന് ഗോൾവാൾക്കറുടെ പേര് ഇടാൻ പാടില്ല. ഈ കേരളത്തിന്റെ അഭിമാനമായ, കേരളത്തിന്റെ നവോത്ഥാന നായകനായ, ശാസ്ത്രജ്ഞനായ, ഡോക്ടറായ, ഡോക്ടർ പൽപ്പുവിന്റെ പേര് ആ സെക്കന്റ് ക്യാമ്പസ്സിന് ഇടണം. അത് കേരളത്തിന്റെ അഭിപ്രായമാകണം, കേരളത്തിന്റെ സന്ദേശമാകണം. നമുക്ക് പേര് ഇല്ലാത്തതു കൊണ്ട് മഹാരാഷ്ട്രയിൽനിന്നും ജനിച്ച വളർന്നവന്ന്, രാജ്യത്തെ ഭിന്നിപ്പിക്കാൻ ശ്രമിച്ച, ഒരാളുടെ പേര് ഇവിടെ വേണ്ട. ഗ്വാളിയറിൽ പ്രതിഷേധിക്കാനുള്ള കരുത്ത് കോൺഗ്രസിനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ പ്രതിഷേധം ഉണ്ടാകുന്നില്ല. ഗ്വാളിയർ കുടുംബത്തിലെ രാജകുമാരൻ ബി.ജെ.പി.-യിലേയ്ക്ക് പോയെങ്കിലും കോൺഗ്രസിന് അവിടെ അത്യാവശ്യം കുറച്ച് ആളുകളുണ്ട്. ഞാൻ പറയുന്നത് എവിടെയും അത്തരം പ്രതിഷേധങ്ങൾ വരണം. ഒരു രാജ്യത്തിന്റെ ശരികൾ തെറ്റാകാൻ പാടില്ല. ചരിത്രത്തിനാണ് ഏറ്റവും വലിയ ചാരിത്ര്യമുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്]

ചരിത്രത്തിന്റെ ചാരിത്ര്യം നഷ്ടപ്പെട്ടാൽ, ചരിത്രം അപമാനിക്കപ്പെട്ടാൽ, ചരിത്രം ക്രൂരമായ ബലാത്സംഗത്തിനിരയായാൽ, ആ ബലാത്സംഗത്തിനിരയാക്കുന്ന ഒന്നാമത്തെ മനുഷ്യൻ ചരിത്രത്തിൽ മഹാത്മാ ഗാന്ധിയായാൽ പിന്നെ നമുക്ക് ജീവിതമില്ല. പിന്നെ ഇന്ത്യക്ക് അഭിമാനിക്കാൻ ഒന്നുമില്ല. പിതാവിനെ തൊട്ടുകളി ക്കുമ്പോഴെങ്കിലും ഒരു രാജ്യത്തെ ജനത ഒന്നായി എതിർക്കാൻ പഠിക്കണം. ചരിത്രത്തിന്റെ ചാരിത്ര്യം സംരക്ഷിക്കണം, ചരിത്രം അപമാനിക്കപ്പെടാൻ പാടില്ല, പ്രത്യേകിച്ച് ഗാന്ധിജിയുടെ പേരിൽ. അങ്ങനെ അപമാനിക്കപ്പെടാൻ ശ്രമിക്കുമ്പോൾ, വധിച്ചവൻ ശരിയാണെന്ന് പറയുമ്പോൾ, അവന്റെ മഹത്വം ഘോഷിക്കാൻ ശ്രമിക്കുമ്പോൾ, അതിനുവേണ്ടി പഠനം നടത്താൻ ഒരു ഗവേഷണ സ്ഥാപനം രാജ്യത്ത് ഉണ്ടാകുമ്പോൾ, രാജ്യം എതിർക്കണം. രാജ്യത്തെ യുവത്വം എതിർക്കണം, ഈ രാജ്യം നാളെ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർ എതിർക്കണം. ഇത് രണ്ടും രണ്ടായിട്ട് നോക്കുമ്പോഴാണ്, ഒന്ന് വലതുഭാഗത്തേക്ക് ചരിത്രത്തെ കൊണ്ടു

പോകാൻ നോക്കുന്നു, മറ്റൊന്ന് ഇന്ത്യയിലെ ഏറ്റവും ദരിദ്രനായ അത്യാവശ്യം ആശങ്കയുള്ള, രാജ്യത്തെ തീറ്റിപ്പോറ്റുന്ന കർഷകൻ ഡൽഹിക്ക് ചുറ്റിലും മഞ്ഞുകൊണ്ട് ദിവസങ്ങളായി കിടക്കുന്നു. അവൻ മരിച്ചു വീഴുന്നു, അവർ ഏറ്റുവാങ്ങുന്ന ഒരു മുദ്രാവാക്യം മഹാത്മാ ഗാന്ധിയുടെ മുദ്രാവാക്യമാണ്. മഹാത്മാ ഗാന്ധി പറഞ്ഞത് 'Do or Die' എന്നാണ്. ഈ കർഷകരും പറയുന്നത് ഒന്നുകിൽ ഞങ്ങൾ ജയിച്ച് തിരിച്ചുപോകും, ഇല്ലെങ്കിൽ ഞങ്ങൾ മരിച്ചുവീഴും. അങ്ങനെ ജയിച്ച് തിരിച്ചുപോകാൻ, അല്ലെങ്കിൽ മരിച്ചുവീഴാൻ നിൽക്കുന്ന ആ കർഷകരോടൊപ്പം ഇന്ത്യ നിൽക്കണം. അവർക്ക് ജയിക്കാൻ പറ്റും. കാരണം അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. അവർക്ക് ആത്മാഭിമാനമുണ്ട്, അവർക്ക് അന്തസ്സുണ്ട്, അതവർ ഒരു കോർപ്പറേറ്റുകൾക്ക് മുമ്പിലും അടിയറ വയ്ക്കാൻ തയ്യാറല്ല. അവർ ഗോതമ്പും അല്ലെങ്കിൽ പാടങ്ങളുമല്ല, അവരുടെ അന്തസ്സാണ്. അത് ഇന്ത്യൻ കർഷകന്റെ അന്തസ്സ് മാത്രമല്ല, ഇന്ത്യയുടെ അന്തസ്സാണ്, മഹാത്മാ ഗാന്ധിയുടെ അന്തസ്സാണ്, രാഷ്ട്രപിതാവിന്റെ അന്തസ്സാണ്, അതിന് ഈ സഭ ഒരുമിച്ച് ഒരു പ്രമേയം പാസ്സാക്കി. ആ പ്രമേയം പാസ്സാക്കിയ സഭ തീർച്ചയായിട്ടും അവർക്ക് കൂടുതൽ കൂടുതൽ പിന്തുണ കൊടുക്കണം. ഇടതുപക്ഷ മതേതരത്വ ജനാധിപത്യ പ്രസ്ഥാനങ്ങളെല്ലാം അവർക്ക് പിന്തുണ കൊടുക്കണം.

മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യമില്ലെങ്കിലും അദ്ദേഹത്തിന്റെ സഭ ആയതുകൊണ്ട് സഭാനാഥന്റെ സാന്നിദ്ധ്യത്തിൽ ഒരു കാര്യം കൂടി പറയാനുണ്ട്. അത് ശ്രീ. കാനായി കുഞ്ഞിരാമന്റെ ശംഖുംമുഖത്തെ സാഗര കന്യകയെന്ന പ്രതിമയുമായി ബന്ധപ്പെട്ടാണ്. ഞാൻ അദ്ദേഹത്തോട് സംസാരിച്ചു. ശ്രീ. കാനായി കുഞ്ഞിരാമനും കുറച്ച് ശില്പികളും എന്നെ വന്നുകണ്ടിരുന്നു. ശംഖുംമുഖത്ത് വേണ്ടത് ആ കടലിന്റെ ഭംഗിയും കടൽ തരുന്ന സന്ദേശവും അത് ഉൾക്കൊള്ളുന്ന ദർശനവും കാത്തുസൂക്ഷിക്കുന്നൊരു പ്രതിമയാണ് ശ്രീ. കാനായി നിർമ്മിച്ച സാഗര കന്യകയെന്ന പ്രതിമ. അതിന്റെയടുത്ത് ഒരു ഹെലികോപ്ടർ വച്ചിട്ടുണ്ട്. അത് മാറ്റണമെന്നാണ് ആവശ്യം. ഒരു സർഗ്ഗപ്രതിഭയുടെ നിദർശനമായ ദർശനം നമുക്ക് കണ്ടെടുക്കാൻ കഴിയുന്ന സാഗര കന്യകയെന്ന ശില്പത്തിന് മുന്നിലുള്ള ആ ഹെലികോപ്ടർ എടുത്തുമാറ്റി, ഹെലികോപ്ടർ വേറെ എവിടെയെങ്കിലും വയ്ക്കണം. അതിന്റെ ഭംഗികൂടി സംരക്ഷിക്കപ്പെടണമെന്ന കേരളത്തിന്റെ, കലാ ലോകത്തിന്റെ പ്രത്യേകിച്ച് ശില്പകലാ ലോകത്തിന്റെ ആവശ്യംകൂടി ഈ സഭയ്ക്ക് മുമ്പിൽ അവതരിപ്പിച്ചുകൊണ്ട്, ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രഖ്യാപനം ഒന്ന്, പ്രവർത്തനം മറ്റൊന്ന്. കഴിഞ്ഞ പ്രാവശ്യം ഇതേരീതിയിൽ മോഹന വാഗ്ദാനങ്ങൾ ധാരാളം ഉണ്ടായിരുന്നുവെങ്കിലും സംഭവിച്ചത് എന്താണ്; സ്വർണ്ണക്കള്ളക്കടത്ത്, ഡോളർ കടത്ത്, ലൈഫ് തട്ടിപ്പ്, പിൻവാതിൽ നിയമനം,

സ്പ്രിംഗ്ലർ, ബ്രൂവറി, മാർക്ക് ദാനം ഇതൊക്കെയല്ലേ? എങ്ങനെയാണ് ഇതിനെ പിന്താങ്ങുക? കേരള മോഡൽ എന്നത് ലോക പ്രശസ്തമായ ഒരു പദമാണ്. അതിന്റെ അടിത്തറ മതസൗഹാർദ്ദമാണ്, കുറച്ച് വോട്ടിനുവേണ്ടി അതിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഓരോരോ പ്രവർത്തനങ്ങളാണ് ഇപ്പോൾ സി.പി.ഐ. (എം) കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. മുസ്ലീം മതസംഘടനകൾക്കെതിരെയും അതുപോലെ മുസ്ലീംലീഗിനെതിരെയുമുള്ള സി.പി.ഐ.(എം) നേതാക്കളുടെ പ്രസ്താവനകൾ മറ്റ് മതവിഭാഗങ്ങൾക്കിടയിൽ ഇവരെപ്പറ്റി എന്തെങ്കിലും ആശങ്ക സൃഷ്ടിക്കാൻ കഴിയുമോയെന്ന് നോക്കാൻവേണ്ടി മാത്രമാണ്. ഈ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന് നേരിയ നേട്ടമുണ്ടായെന്നത് ഞങ്ങൾ സമ്മതിക്കുന്നു. വോട്ടിന്റെ കണക്ക് ഞാൻ ഇപ്പോൾ പറയുന്നില്ല, കൃത്യമായ വർഗ്ഗീയ ധ്രുവീകരണംകൊണ്ടുമാത്രമാണ് അവർക്കിത് നേടാൻ കഴിഞ്ഞത്. അതല്ലാതെ അവരുടെ ഭരണനേട്ടമോ, എൽ.ഡി.എഫ്.-ന്റെ രാഷ്ട്രീയ നിലപാടുകളുടെ വ്യക്തതയോ, കൃത്യതയോ, സ്വീകാര്യതയോ ഒന്നുമല്ല ഈ സാങ്കേതിക നേട്ടം ഉണ്ടാക്കിക്കൊടുത്തത്. ഇത് വർത്തമാനകാല രാഷ്ട്രീയ-സാമൂഹിക സമവാക്യങ്ങളെ ചേരുംപടി ചേർക്കാനുള്ള രസതന്ത്രം അല്ലെങ്കിൽ സോഷ്യൽ എഞ്ചിനീയറിംഗ് സ്കിൽ ആണ്. ഇത് എൽ.ഡി.എഫ്. നേതാക്കന്മാരുടെ കഴിവ് അല്ല. ആണെങ്കിൽ ഭരണരംഗത്തും കഴിഞ്ഞ പാർലമെന്റ് ഇലക്ഷൻ കാലഘട്ടത്തിലുമൊക്കെ ഇത് കാണേണ്ടതായിരുന്നു, ഉറപ്പായിട്ടും പർച്ചേസ്ഡ് സ്കിൽ ആണ്. സി.പി.ഐ.(എം) നേതാക്കന്മാരുടെ ബോധപൂർവ്വമായ പ്രസ്താവനകളൊക്കെ ജനങ്ങളെ വേർതിരിച്ച്, അവരുടെ ജാതിയും മതവും ചർച്ച ചെയ്യുകയെന്നുള്ള ഫാസിസ്റ്റ് തന്ത്രത്തിന്റെ വേറൊരു രൂപമാണ്. ബി.ജെ.പി.-യെക്കാളും നല്ല രീതിയിൽ അത് നടപ്പിലാക്കാൻ കഴിയുമോയെന്നാണ് സി.പി.ഐ.(എം) ഇപ്പോൾ നോക്കുന്നത്. ഇത് തികച്ചും വർഗ്ഗീയത തന്നെയാണ്. സി.പി.ഐ.(എം) പുതിയൊരു അടവുനയത്തിന്റെ പണിപ്പുരയിലാണ്, കോൺഗ്രസ്സിനെ ഇല്ലായ്മചെയ്ത് പകരം ആ സ്ഥാനത്ത് ബി.ജെ.പി.-യെ കൊണ്ടെത്തിക്കുക, എന്നിട്ട് കുറച്ചുകാലം തുടർച്ചയായി ഭരിക്കുക. പ്രതിപക്ഷത്ത് കോൺഗ്രസിനേക്കാൾ ലീഗാണ് വലിയ പാർട്ടിയെന്നൊക്കെ പറയുന്നത് ഈ അടവുനയത്തിന്റെ ഭാഗംതന്നെയാണ്. ഈ വാദം ബി.ജെ.പി.ക്ക് ഗുണകരമാകുമെന്നും അതുവഴി കേരളത്തിൽനിന്ന് കോൺഗ്രസ്സിനെ ഇല്ലായ്മ ചെയ്യാമെന്നുമുള്ള കണക്കുകൂട്ടലിലാണ് സി.പി.ഐ.(എം). ഇത് കേരളത്തിനോട് ചെയ്യുന്ന ഏറ്റവും വലിയ പാതകമാണ്. ഒരിക്കലും ചരിത്രം നിങ്ങൾക്ക് മാപ്പ് നൽകില്ല, എന്ത് അടവുനയത്തിനും തയ്യാറുള്ള പാർട്ടിയാണ് ബി.ജെ.പി. അവർ ആരുമായും നീക്കുപോക്കുണ്ടാക്കും. കേരളത്തിലും അതുപോലെ ഇന്ത്യയിലും കോൺഗ്രസ്സാണ് ഏറ്റവും വലിയ ശത്രു. എല്ലാ ജാതിമത വിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന കോൺഗ്രസിനെ ദുർബലമാക്കിയാൽ

ഇവിടെ വർഗ്ഗീയ ധ്രുവീകരണം സംഭവിക്കുമെന്ന് ബി.ജെ.പി. കണക്കുകൂട്ടുന്നു. തുടർഭരണത്തിനുവേണ്ടി അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ അധാർമികമായ ഈ അടവുനയത്തിന് സി.പി.ഐ.(എം) രഹസ്യമായി പ്ലാൻ ചെയ്യുമോ എന്ന് നമ്മൾ ഭയക്കണം. സി.പി.ഐ. (എം) തുടർഭരണത്തിനുവേണ്ടി മാത്രമാണ് നില നിൽക്കുന്നത്. കാരണം അവർക്കെതിരെ ധാരാളം കേസുകൾ ഉയർന്നുവന്നിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ സി.ഐ.എ. ഒഴികെയുള്ള എല്ലാ അന്വേഷണ ഉദ്യോഗസ്ഥരും കയറിയിറങ്ങുകയാണ്. പ്രിൻസിപ്പൽ സെക്രട്ടറി ജയിലിൽ, മന്ത്രിമാരെ ചോദ്യം ചെയ്യുന്നു, അവരുടെ സ്റ്റാഫിനെ ചോദ്യം ചെയ്യുന്നു, ഇത് നല്ല രീതിയിൽ പരിഹരി ക്കണമെങ്കിൽ ഭരണത്തുടർച്ച അനിവാര്യമാണ്. അതല്ലെങ്കിൽ സംഗതികൾ ആകെ കുഴപ്പത്തിലാകും, അത് ഉറപ്പാണ്. അതുകൊണ്ട് ഒരു കാലത്ത് ഭരണത്തേക്കാൾ വലുത് പ്രത്യയശാസ്ത്രവും മൂല്യങ്ങളുമാണെന്ന് കരുതിയിരുന്ന സി.പി.ഐ.(എം) അധികാരത്തിന്റെ ശീതളഛായയിൽനിന്നും പുറത്ത് വരാൻ തയ്യാറല്ല. എന്ത് വിട്ടുവീഴ്ചയ്ക്കും - അഭിമന്യുവിനെ കൊന്ന എസ്.ഡി.പി.ഐ.-യുമായും അതുപോലെ ബദ്ധശത്രുവായ ആർ.എസ്.എസ്.-മായും പലസ്ഥലങ്ങളിലും പരസ്യമായ കൂട്ടുകെട്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നമ്മൾ കണ്ടതാണ്. എന്റെ മണ്ഡലത്തിൽവരെ എസ്.ഡി.പി.ഐ.യുമായി കൂട്ടുകെട്ടുണ്ടായി. 40 വർഷത്തിനുശേഷം ഏലംകുളം പഞ്ചായത്തിൽ ചരിത്രത്തിലാദ്യമായി ഞങ്ങളാണ് ഇപ്പോൾ ഭരിക്കുന്നത്. ഏലംകുളം പഞ്ചായത്ത് പ്രിയങ്കരനായ ഇ.എം.എസ്.ന്റേതാണ്. ഞങ്ങളൊക്കെ ബഹുമാനിക്കുന്ന നേതാവാണ്. അദ്ദേഹത്തിന്റെ ആ പഞ്ചായത്ത് ഞങ്ങളാണ് ഇപ്പോൾ ഭരിക്കുന്നത്. അവിടെ നിങ്ങൾക്ക് എസ്.ഡി.പി.ഐ.യുമായി കൂട്ടുകെട്ടുണ്ടായിരുന്നു എന്നിട്ടും ഞങ്ങളാണ് ഭരിക്കുന്നത്. നോട്ടെണ്ണുന്ന മെഷീൻ ഉണ്ടായിരുന്നെന്ന് പറഞ്ഞിരുന്ന കേരള കോൺഗ്രസിനെ ഒരു മടിയും കൂടാതെ മുന്നണിയിലെടുത്തത് ഭരണത്തുടർച്ച ആഗ്രഹിച്ചുമാത്രമാണ്. മൂല്യങ്ങളല്ല, ഭരണത്തുടർച്ചയാണ് വലുതെന്ന നിലയിലേയ്ക്ക് സി.പി.ഐ.(എം) എത്തിയിരിക്കുന്നുവെന്നത് വളരെ സങ്കടകരമായ സ്ഥിതിയാണ്. പ്രത്യയശാസ്ത്രങ്ങൾക്കുവേണ്ടിയും മൂല്യങ്ങൾക്കുവേണ്ടിയും ഭരണംപോലും ഉപേക്ഷിക്കാൻ തയ്യാറായ പഴയ സി.പി.ഐ.(എം.)-ഉം അതിന്റെ നേതാക്കളും ഇന്നില്ല. കേസുകളിൽനിന്നും രക്ഷപ്പെടുന്നതിനായി കേന്ദ്രസർക്കാരിന് അടിയറവ് പറയുന്ന നയമാണ് ഈ അടുത്തകാലത്ത് സി.പി.ഐ.(എം) നടത്തുന്നത്. ബി.ജെ.പി സർക്കാരിന്റെ ധാരാളം ജനദ്രോഹ നടപടികളുണ്ട്. ഇപ്പോൾ അവസാനമായി സ്റ്റേ ചെയ്യപ്പെട്ട കാർഷിക കരിനിയമങ്ങൾക്കെതിരെപോലും അതിശക്തമായ പ്രതിഷേ ധങ്ങളാണ് പ്രതിപക്ഷം സംഘടിപ്പിച്ചതെങ്കിൽ ഭരണപക്ഷത്തുനിന്നും വഴിപാടു പോലുള്ള പ്രതിഷേധങ്ങൾ മാത്രമാണുണ്ടായത്. കേന്ദ്ര നിയമത്തെ മറികടക്കാനുള്ള ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഈ നിയമസഭയിൽ ഇതുസംബന്ധിച്ച് ഒരു

നിയമം എന്തുകൊണ്ട് പാസാക്കിയില്ല? അത്തരത്തിൽ കേന്ദ്ര വിരോധമുണ്ടാക്കേണ്ട എന്നതാണ് അവരുടെ നിലപാട്. കേന്ദ്രം പിണങ്ങിയാൽ ആവശ്യംപോലെ പണം കടംവാങ്ങാൻ കഴിയില്ല, നേതാക്കന്മാരുടെ പേരിലുള്ള കേസ്സുകൾ പെട്ടെന്നുതന്നെ തീർപ്പാക്കും, പിന്നെ നമ്മൾ വല്ലാത്ത ബുദ്ധിമുട്ടിലേയ്ക്ക് പോകും. അതുകൊണ്ടൊക്കെയാണ് അവർ മെല്ലെപ്പൊയ്ക്കൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ ബി.ജെ.പി. സർക്കാരിനെ എതിർക്കുമ്പോൾ സി.പി.ഐ.(എം)-ന് ഉണ്ടായിരുന്ന വീറുംവാശിയും എവിടെപ്പോയി? അന്നത് വലിയതോതിൽ ഉണ്ടായിരുന്നു. അടുത്തുവരുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ് നമ്മൾ ഇത്തരം കാര്യങ്ങളെ നോക്കിക്കാണേണ്ടത്. സി.പി.ഐ.(എം)-ന് പത്ത് വർഷം കഴിഞ്ഞേ ബുദ്ധി ഉദിക്കൂയെന്ന് ബഹുമാനപ്പെട്ട എം.വി. രാഘവൻ പണ്ട് പറയാറുണ്ടായിരുന്നു. അത് ശരിയല്ലേ? ബംഗാളിൽ ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയുടെ കൈകൾ കോർത്തു പിടിച്ചുകൊണ്ട് നടക്കുന്നത് ശ്രീ. സീതാറാം യെച്ചൂരിയാണ്. പത്ത് വർഷംമുമ്പ് കോൺഗ്രസുമായി കൂട്ടുകൂടാനുള്ള ഈ ബുദ്ധി നിങ്ങൾക്ക് തോന്നിയിരുന്നെങ്കിൽ 35 വർഷം ഭരിച്ച ബംഗാളിൽ നിങ്ങളുടെ അവസ്ഥ ഇങ്ങനെയാകുമായിരുന്നോ; 35 വർഷം ഭരിച്ച ബംഗാളിൽ ഇന്ന് സി.പി.ഐ.(എം.) എവിടെയാണുള്ളത്? അതുപോലെ ബി.ജെ.പി.യുടെ സഹായത്തോടെ കോൺഗ്രസിനെയും ലീഗിനെയും അസ്ഥിരപ്പെടുത്താൻ നിങ്ങൾ ശ്രമിച്ചാൽ, ബംഗാളിലെ അവസ്ഥ ഭാവിയിൽ കേരളത്തിലും നിങ്ങൾക്കുണ്ടാകുമെന്ന് ഞങ്ങൾ സംശയിക്കുന്നു. ഈ അടുത്ത കാലത്തായി ലീഗിനെപ്പറ്റി ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ സി.പി.ഐ.(എം) നേതാക്കൾ മത്സരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് മുസ്ലീം ലീഗാണ് യു.ഡി.എഫ്.-നെ നിയന്ത്രിക്കുന്നതെന്നാണ്. മനസ്സിൽ വർഗ്ഗീയതയുള്ളതുകൊണ്ടാണ് 'സമസ്ത' മുഖ്യമന്ത്രിക്കെതിരെ പ്രതികരിച്ചതെന്ന് മറ്റൊരാൾ പറയുന്നു. ഇതെല്ലാം വിശദീകരിക്കാനായി മലപ്പുറത്ത് പത്രസമ്മേളനം വിളിച്ച പാർട്ടി സെക്രട്ടറി മുസ്ലീം ലീഗിനെതിരെ വളരെ വൃത്തികെട്ട രൂപത്തിലുള്ള വർഗ്ഗീയ ആരോപണമാണ് ഉന്നയിച്ചത്. മുസ്ലീം ലീഗ് എന്ന പാർട്ടി വലുപ്പത്തിൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളിൽ മൂന്നാമതാണെങ്കിലും വർഷങ്ങളായി കേരളത്തിലെ ഡ്രൈവിംഗ് ഫോഴ്സാണ്. 1957-ലെ വിമോചന സമരം, 1960-കളുടെ അവസാനത്തിൽ കേരളം രാഷ്ട്രീയ അസ്ഥിരതയിൽ ആടിയുലഞ്ഞപ്പോൾ അച്യുതമേനോനെ മുഖ്യമന്ത്രിയാക്കി മുന്നണി രാഷ്ട്രീയത്തിന് പുതിയ മുഖം കൊടുത്തത്, തുടങ്ങിയ കാര്യങ്ങളിലൊക്കെ വളരെ വലിയ പങ്കാണ് മുസ്ലീം ലീഗ് വഹിച്ചത്. ബാബറി മസ്ജിദ് തകർന്നപ്പോൾ കേരളത്തിന്റെ മതസൗഹാർദ്ദ പാരമ്പര്യം അരക്കിട്ടുറപ്പിക്കാൻ ലീഗ് ആത്മാർത്ഥമായി പ്രവർത്തിച്ചു. ശ്രീ. എ. കെ. ആന്റണിക്ക് മുഖ്യമന്ത്രിയാകാൻവേണ്ടി തിരൂരങ്ങാടിയെന്ന മുസ്ലീംലീഗിന്റെ കോട്ട വിട്ടുകൊടുത്തു. ഒരു ഘട്ടത്തിലും മുസ്ലീം ലീഗ് അനർഹമായത്

ഒന്നുംതന്നെ നേടിയിട്ടില്ല. വിട്ടുവീഴ്ചയോടെയും സൗഹാർദ്ദപരമായും മതനിരപേക്ഷത നിലനിർത്താനാണ് ലീഗ് എന്നും ശ്രമിച്ചത്. അതറിയാൻ ഈ കോവിഡ് കാലത്തെ കാര്യം മാത്രമെടുത്താൽ മതിയാകും. ധാരാളം ആളുകൾ കോവിഡ് മഹാമാരിമൂലം മരണമടഞ്ഞു. നാനാജാതിമതസ്ഥരായ അവരുടെ മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിനായി മുമ്പിലുണ്ടായിരുന്നത് യൂത്ത് ലീഗിന്റെ 'വൈറ്റ് ഗാർഡ്സ്' മാത്രമായിരുന്നു. ഈ കാര്യം നമ്മൾ എല്ലാ സ്ഥലങ്ങളിലും കണ്ടതാണ്. പ്രവാസികൾ വിഷമം അനുഭവിച്ചപ്പോഴെല്ലാം അവരുടെ ജാതിയും മതവും വേർതിരിച്ചല്ല കെ.എം.സി.സി. സഹായമെത്തിച്ചത്. വിദേശ രാജ്യങ്ങളിലെയും ഇന്ത്യയിലെതന്നെയും ഭരണാധികാരികൾ പലകാര്യങ്ങൾക്കായും ആശ്രയിച്ചത് കെ.എം.സി.സി.-യെയായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ കോടിക്കണക്കിന് രൂപയാണ് അവർ പിരിവെടുത്ത് ചെലവഴിച്ചത്. ഇപ്പോഴും അവർ അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ലീഗിന്റെ 'ബൈത്തു റഹ്മ (Baithu Rahma)' എന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം മൂവായിരത്തിലധികം ഭവനങ്ങളാണ് നിർദ്ധനരായ നാനാജാതിമതസ്ഥർക്ക് നിർമ്മിച്ചുനൽകിയത്. അത് നൽകാനുള്ള മാനദണ്ഡം ജാതിയോ, മതമോ, രാഷ്ട്രീയമോ ആയിരുന്നില്ല. ഇങ്ങനെയെല്ലാം ചെയ്യുന്ന മുസ്ലീം ലീഗിന്റെ പേരിലാണ് നിങ്ങൾ വർഗ്ഗീയത ആരോപിക്കുന്നത്. മുസ്ലീം നാമധാരികളായ നേതാക്കൾ അധികാരത്തിന്റെ ഉന്നതപദവികളിൽ എത്തുന്നതിന് മതേതര ഇന്ത്യതന്നെ വലിയ മാതൃക സൃഷ്ടിച്ചതാണ്. ഡോ. എ. പി. ജെ. അബ്ദുൾ കലാം, സക്കീർ ഹുസൈൻ, ഫക്രുദ്ദീൻ അലി അഹമ്മദ് എന്നിവരൊക്കെ അധികാരത്തിന്റെ ഉന്നതപദവികളിലേയ്ക്ക് എത്തിയവരും മതേതരത്വത്തിന്റെ കാവലാളുകളായി പ്രവർത്തിച്ചവരുമാണ്. മുസ്ലീം ലീഗ് യു.ഡി.എഫ്.-ലെ രണ്ടാം കക്ഷിയായതിനാൽ അതിന്റേതായ ഒരു അധികാര പങ്കാളിത്തം ഉണ്ടായിരിക്കുകയും ചെയ്യും. അതിൽ ആരും വേവലാതികൊള്ളേണ്ട കാര്യമില്ല. ഇപ്പോൾ ഈ പുകമറ സൃഷ്ടിക്കുന്നത് ഞങ്ങളുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് കേരളത്തിലേയ്ക്ക് വരുന്നതുമായി ബന്ധപ്പെട്ടാണ്. അദ്ദേഹത്തിന്റെ സേവനം കേരളത്തിൽ ആവശ്യമാണെന്ന് ആദരണീയനായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾക്ക് തോന്നിയതുകൊണ്ടാണ് കേരളത്തിലേയ്ക്ക് മടങ്ങിവരാൻ പറഞ്ഞത്. അതിനെപ്പറ്റി എന്തെല്ലാമാണ് നിങ്ങൾ പറഞ്ഞുണ്ടാക്കിയത്? മുഖ്യമന്ത്രിയാവാനാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ വരുന്നതെന്ന് പറഞ്ഞു. മുസ്ലീം ലീഗ് മത്സരിക്കുന്ന എല്ലാ മണ്ഡലങ്ങളിലും വിജയിച്ചാൽപ്പോലും അതിന് കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. ഇനി അഥവാ യു.ഡി.എഫ്. അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കിയാൽ എന്താണ് കുഴപ്പം? മുമ്പ് മഹാനായ സി. എച്ച്. മുഹമ്മദ് കോയ ഇവിടെ മുഖ്യമന്ത്രിയായിട്ടില്ലേ; കെ. അവുക്കാദർക്കുട്ടി നഹ ഇവിടെ ഉപമുഖ്യമന്ത്രിയായിട്ടില്ലേ; ആ അവസരങ്ങളിൽ എന്തെങ്കിലും വർഗ്ഗീയത

ഇവിടെയുണ്ടായോ; അവർക്കെതിരെ എന്തെങ്കിലും തരത്തിലുള്ള വർഗ്ഗീയത ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ... (ബഹളം).... മുഖ്യമന്ത്രി കസേരയിൽ ആർക്കും ഇരിക്കാനുള്ള അവകാശമുണ്ട്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായാലും ശ്രീ. എ. കെ. ആന്റണി, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരിലാരായാലും ആ കസേരയിൽ ഞങ്ങൾ തന്നെയായിരിക്കും ഇരിക്കുക എന്നുകൂടി ഞാനിവിടെ പറയുകയാണ്. അന്നൊന്നുമില്ലാതിരുന്ന വാദം ഇപ്പോഴെങ്ങനെയുണ്ടായി? ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടി മാത്രമാണിത്. ലീഗിന്റെ രാഷ്ട്രീയം 'നേരെ വാ നേരെ പോ' എന്നുള്ളതാണ്, അതല്ലാതെ മറ്റൊന്നുമില്ല, കേരളത്തിലെ ജനങ്ങൾക്ക് മുഴുവനും ഇതറിയാം. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പാകുമ്പോഴേയ്ക്കും നമ്മുടെ നാട്ടുകാരെ പല തട്ടുകളിലാക്കി എങ്ങനെ കുറച്ച് വോട്ടുണ്ടാക്കാമെന്നാണ് സി.പി.ഐ. (എം) നോക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട അംഗം മുസ്ലീംലീഗിന്റെ മതേതര നിലപാടുകളെ ഉയർത്തിക്കാണിക്കുകയാണല്ലോ. കേരളത്തിൽ കുപ്രസിദ്ധമായ തലശ്ശേരി കലാപം ഉണ്ടാകാനുള്ള കാരണങ്ങളുടെ അടിസ്ഥാന കാരണം അന്ന് സി. എച്ച്. മുഹമ്മദ്കോയ ആഭ്യന്തര വകുപ്പുമന്ത്രിയായപ്പോൾ സി.പി.ഐ.യുടക്കം എതിരായി സി.പി.ഐ.(എം) അഴിച്ചുവിട്ട വർഗ്ഗീയ കാർഡിന്റെ അനന്തര ഫലമായിരുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അങ്ങ് ഇക്കാര്യം ഒരിക്കൽ ഈ നിയമസഭയിൽത്തന്നെ പറഞ്ഞതാണ്, അന്ന് ആ കാര്യം സൂചിപ്പിച്ച പുസ്തകം ചൂണ്ടിക്കാണിച്ചിരുന്നു. അതിനുശേഷം ഞാൻ ആ പുസ്തകം പരതിയെടുത്ത് വായിച്ചു. വളരെ കൃത്യമായി അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പാകുമ്പോഴേയ്ക്കും നാട്ടുകാരെ എങ്ങനെയെങ്കിലും പല തട്ടുകളിലാക്കി കുറച്ച് വോട്ട് എങ്ങനെയുണ്ടാക്കാമെന്നാണ് സി.പി.ഐ.(എം) നോക്കുന്നത്. ഭിന്നിക്കാനും ഭിന്നിപ്പിക്കാനും വളരെ എളുപ്പമാണ്. പക്ഷേ തൊട്ടടുത്തുള്ള നിയമസഭാ തെരഞ്ഞെടുപ്പുവരെ മാത്രമല്ല നമ്മുടെ ജീവിതം എന്നോർക്കണം. തെരഞ്ഞെടുപ്പുകൾ വരും പോകും, അതിനപ്പുറം നമ്മുടെ മക്കൾക്ക് സമാധാനത്തോടെ ഇവിടെ ജീവിക്കണം. അതിനായി വർഗ്ഗീയ വിദ്വേഷമില്ലാത്ത, വിഭാഗീയതയില്ലാത്ത സാമൂഹ്യ സമ്പ്രദായം നിലനിൽക്കണം. അതിന് പോറലേൽപ്പിക്കുന്ന യാതൊന്നിനെയും കേരള സമൂഹം പിന്തുണയ്ക്കില്ല. തുടർഭരണമെന്നത് നിങ്ങളുടെ വ്യാമോഹം മാത്രമാണ്. അതൊരിക്കലും നടക്കാൻ പോകുന്നില്ല. ഇതിനേക്കാൾ ഭൂരിപക്ഷത്തിൽ തിരിച്ചുവരുമെന്ന് നിങ്ങൾ ഇപ്പോൾ പറയുന്നുണ്ടാകാം, Wait and see രണ്ടുമൂന്ന് മാസമേയുള്ളൂ, ഒരു സംശയവുമില്ല, യു.ഡി.എഫ്. വളരെ വലിയ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരും. ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, നയപ്രഖ്യാപനത്തിന്മേലുള്ള ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ഉജ്ജ്വലമായ ഉയിർത്തെഴുന്നേൽപ്പിനെ ചരിത്രപരമായി അടയാളപ്പെടുത്തിയ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടന്നത്. ഈ നയപ്രഖ്യാപനം കോവിഡ് മഹാമാരിക്കാലത്ത് കേരളം ലോകത്തോട് വിളിച്ചുപറയുന്ന വിജയഗാഥയാണ്. പ്രതിസന്ധികളുടെ അപായച്ചുഴികളിൽനിന്നും എങ്ങനെയാണ് ഒരു ജനകീയ സർക്കാർ നാടിനെ ഉണർവ്വിന്റെ ഉത്തുംഗതകളിലേയ്ക്ക് വിളിച്ചുണർത്തുന്നതെന്ന് ലോകത്തിന് കാണിച്ചുകൊടുത്ത പാഠപുസ്തകമാണ് ഈ നയപ്രഖ്യാപന പ്രസംഗം. കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലമായി കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ ജനക്ഷേമ-വികസന-സേവന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് തെരഞ്ഞെടുപ്പ് വിജയം. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ മാത്രമല്ല, കഴിഞ്ഞ കാലങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിലൊക്കെ കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പിന്തുണയ്ക്കാൻ തയ്യാറായത് ഈ അംഗീകാരത്തിന്റെ ഫലമാണ്. ഈ നാലേമുക്കാൽ വർഷക്കാലവും കേരളത്തിലെ ജനങ്ങളെ മറന്നുകൊണ്ട്, ഭരണത്തിന് ഇടങ്കോലിട്ട് നുണപ്രചാരങ്ങൾ നടത്തി ഭരണ പ്രവർത്തനങ്ങളെ പ്രതിരോധിച്ച്, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവർത്തനങ്ങളാണ് പ്രതിപക്ഷം ചെയ്തുകൊണ്ടിരുന്നതെങ്കിൽ എല്ലാ പ്രതിസന്ധികളെയും പ്രതിരോധിച്ചുകൊണ്ടും അതിനെ അതിജീവിച്ചുകൊണ്ടും നാടിന്റെ വികസനത്തിനും ക്ഷേമത്തിനുംവേണ്ടി ചെയ്ത കാര്യങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് നന്നായി ബോദ്ധ്യമുണ്ട്. ബോദ്ധ്യമില്ലാത്തത് ഒരു കൂട്ടർക്ക് മാത്രമാണ്, അത് ഇവിടത്തെ പ്രതിപക്ഷത്തിനുമാത്രമാണ്. ഒന്നോരണ്ടോ മേഖലയിൽ മാത്രമാണോ, സമസ്ത മേഖലകളിലും, ഓരോ വകുപ്പും, എല്ലാ മന്ത്രിമാരും അവർക്ക് കൊടുത്തിട്ടുള്ള ഉത്തരവാദിത്വം സ്തുത്യർഹമായ തരത്തിൽ പ്രവർത്തിച്ചു മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതിന് മൊത്തത്തിൽ നേതൃത്വം കൊടുത്തുകൊണ്ട്, ഈ ഭരണത്തിന്റെ ക്യാപ്റ്റൻ സഖാവ് പിണറായി വിജയൻ ഇന്ന് കേരളത്തിലെ ജനങ്ങളുടെ മനസ്സിന്റെ ക്യാപ്റ്റനായി മാറിയ ചരിത്രമാണ് നമ്മുടെ മുമ്പിലുള്ളത്.

2.00 P.M.]

ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, പശ്ചാത്തലം, കാർഷികം, പൊതുവിതരണ സമ്പ്രദായം തുടങ്ങിയ സമസ്തമേഖലകളിലും ഒരു നാട് എങ്ങനെയായിരിക്കണം; എങ്ങനെയുള്ള ജനതയായിരിക്കണം ഒരു നാട്ടിലുണ്ടാകേണ്ടത്? ആരോഗ്യമുള്ള, വിദ്യാഭ്യാസമുള്ള, കിടപ്പാടമുള്ള, പട്ടിണി ഇല്ലാത്ത ഒരു ജനതയാണ് ഇന്ന് കേരള ജനത. ഓഖി, നിപ, മഹാപ്രളയം, കാലവർഷക്കെടുതി, കൊറോണ ഇതായിരുന്നു

കഴിഞ്ഞ കാലഘട്ടം. അതിനെയെല്ലാം പ്രതിരോധിച്ച്, ഈ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം പരുന്ത് റാഞ്ചാൻ വരുമ്പോൾ തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിനടിയിൽ ഒളിപ്പിച്ച് സംരക്ഷിക്കുന്നതുപോലെ ഓഖിയുടെയും നിപയുടെയും കൊറോണയുടെയും പ്രളയത്തിന്റെയും കാലവർഷക്കെടുതിയുടെയും ഈ കാല ഘട്ടത്തിൽ ജനങ്ങളെ നെഞ്ചോടുചേർത്തുപിടിച്ച് സംരക്ഷിച്ച്, അവരുടെ മക്കൾക്ക് പഠിക്കാൻ സ്കൂൾ നിർമ്മിച്ചു, അവർക്ക് ചികിത്സിക്കാൻ ആശുപത്രി നിർമ്മിച്ചു കൊടുത്തു, അവർക്ക് കിടക്കാൻ കിടപ്പാടമുണ്ടാക്കിക്കൊടുത്തു, അവർക്ക് പട്ടിണിയില്ലാതെ ജീവിക്കുവാൻ റേഷൻ, കിറ്റ് എന്നിവ കൊടുത്ത് ഈ കേരള ജനതയെ സംരക്ഷിച്ച് നിർത്തിയ ഭരണമാണ് കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലമായി നടന്നുകൊണ്ടിരിക്കുന്നത്. ആരോഗ്യ- വിദ്യാഭ്യാസ മേഖലകളിൽ മാത്രമാണോ; പശ്ചാത്തല മേഖലയിലും കേരളത്തിലെ ജനങ്ങളുടെ സ്വപ്ന പദ്ധതികളെല്ലാം യാഥാർത്ഥ്യമാക്കിയ, അവരുടെ സ്വപ്നത്തിൽപ്പോലുമില്ലാതിരുന്ന പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിച്ച ഭരണമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഭരണം. പ്രതിപക്ഷത്തിനാകെ ഒരു സ്വപ്നയെ മാത്രമെ അറിയൂ. അവർ അതിന്റെ പിറകെയാണ്. പക്ഷേ, കേരളത്തിലെ ജനങ്ങളുടെ സ്വപ്നങ്ങളെക്കുറിച്ച് അറിയാവുന്ന ഭരണം അവർക്ക് സ്വപ്നംപോലും കാണാൻ കഴിയാത്ത കാര്യങ്ങൾ അവർക്കുവേണ്ടി നടപ്പിലാക്കിയ ഭരണമാണ്. ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി യു.ഡി.എഫ്. ഉപേക്ഷിച്ചുവെന്നു മാത്രമല്ല അത് നടപ്പിലാക്കാൻവേണ്ടി പരിശ്രമിച്ചപ്പോൾ അതിനെതിരായി സമരമുണ്ടാക്കി അതിനെ ഇല്ലാതാക്കാനും ഇവിടെ ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി വേണ്ടെന്നും പ്രഖ്യാപിച്ച യു.ഡി.എഫ്. നേതൃത്വത്തെ അതിജീവിച്ചുകൊണ്ട് ആ പ്രവൃത്തി പൂർത്തീകരിച്ചു. അവർക്ക് സഹിക്കില്ല; കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി പ്രവൃത്തിപഥത്തിൽ എത്തിക്കാൻ കഴിയില്ലെന്നാണ് അവർ കരുതിയിരുന്നതെങ്കിൽ അത് യാഥാർത്ഥ്യമാക്കിയത് ഈ ഭരണമാണ്. നാഷണൽ ഹൈവേയുടെ വികസനം നടക്കില്ലെന്ന് പ്രഖ്യാപിച്ച് ഉപേക്ഷിച്ച പദ്ധതി പ്രവൃത്തി പഥത്തിൽ എത്തിച്ച ഭരണമാണ്. അതുപോലെതന്നെ നിരവധി ബൈപ്പാസുകൾ, എന്റെ മണ്ഡലത്തിലെ കൊല്ലം ബൈപാസ് ഉൾപ്പെടെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ ഭരണനേട്ടം തന്നെയാണ്. ആ ബൈപ്പാസുകൾ മാത്രമാണോ, കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്യപ്പെട്ട വൈപ്പിൻ - കുണ്ടന്നൂർ പാലങ്ങൾ ഉൾപ്പെടെ, ഇതെല്ലാം ആർക്കുവേണ്ടിയാണ്? കേരളത്തിലെ ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അവരുടെ പ്രതീക്ഷകളറിഞ്ഞ് അത് മനസ്സിലാക്കി പ്രവർത്തിക്കുന്നൊരു ഭരണമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഭരണം. ഇവർ എന്താണ് ചെയ്തുകൊണ്ടിരുന്നത്? ഇവർ സ്വപ്നം കണ്ടുകൊണ്ടിരുന്നോ? സ്വപ്ന പദ്ധതികളായ ഗെയ്ൽ, നാഷണൽ ഹൈവേ, പാലങ്ങൾ, ഫ്ലൈ ഓവറുകൾ, പാവപ്പെട്ടവന്റെ മക്കൾ പഠിക്കുന്ന സ്കൂളുകൾ ഹൈടെക്കായി ഡിജിറ്റൽ ലാബുകളുള്ള

സംവിധാനത്തിലേയ്ക്ക് മാറുമെന്ന് ആരും സ്വപ്നം കണ്ടില്ല. ഇവിടത്തെ സമ്പന്നന്റെ മക്കളേക്കാൾ മെച്ചപ്പെട്ട നിലയിൽ വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം പട്ടിണിപ്പാവങ്ങളുടെ മക്കൾക്കുമുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളത് തന്റെ കടമയാണ്, ഉത്തരവാദിത്വമാണ്, കർത്തവ്യമാണെന്ന് തിരിച്ചറിയുന്നൊരു ഗവൺമെന്റ് ഇവിടെ ഉള്ളതുകൊണ്ടാണ് ഇന്ന് കേരളത്തിലെ സ്കൂളുകളെല്ലാം ഹൈടെക്കായി മാറിയത്. അതുപോലെ ആശുപത്രികളിൽ സാധാരണക്കാരന് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊടുക്കുക എന്നുള്ളത് തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിഞ്ഞൊരു ഗവൺമെന്റുണ്ടായതുകൊണ്ടാണ് കേരളത്തിലെ ആശുപത്രികളെല്ലാം തന്നെ മികവിന്റെ കേന്ദ്രങ്ങളായി മാറിയത്. പാവപ്പെട്ടവന് കിടക്കാൻ കിടപ്പാടമുണ്ടാക്കിക്കൊടുക്കുക, അവന് തല ചായ്ക്കാൻ കിടപ്പാടമുണ്ടാക്കിക്കൊടുക്കുകയെന്നുള്ളതും സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെയുമാണ് ലൈഫ് മിഷൻ വഴി ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെല്ലാം ആപ്പ് അടിക്കുന്ന പണിയായിരുന്നല്ലോ അവിടെ ഉണ്ടായിരുന്നത്. പാവപ്പെട്ടവന്റെ കിടപ്പാടംപോലും ഇല്ലാതാക്കുന്നതിന് വേണ്ടിയിട്ടല്ലേ ലൈഫ് മിഷൻ പദ്ധതിക്കെതിരായുള്ള ദുഷ്പ്രചരണങ്ങളുമായി ഇവർ ഇറങ്ങിപ്പുറപ്പെട്ടത്. അതിനുള്ള മറുപടി ജനം കൊടുത്തുകഴിഞ്ഞു. വടക്കാഞ്ചേരി ഉൾപ്പെടെ ഇപ്പോൾ ആരോടൊപ്പമാണ്? വടക്കാഞ്ചേരിയിലെ ജനപ്രതിനിധി ഇപ്പോൾ കയ്യും കാലുമിട്ടടിക്കുകയാണ്. ആ പദ്ധതി എങ്ങനെയെങ്കിലുമൊന്ന് പൂർത്തീകരിക്കണമെന്ന് ഈ സഭയിൽ പറഞ്ഞതല്ലേ, ഞങ്ങൾ ഈ പദ്ധതിക്ക് എതിരല്ല, എതിരല്ല, എതിരല്ല എന്ന് ആണയിടുന്ന സ്ഥിതിവിശേഷമുണ്ടായി. കേരളത്തിലെ ജനങ്ങൾ അവർക്ക് പാഠം നൽകുകയാണ്, അവരെ പഠിപ്പിക്കുകയാണ്. കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എന്താണ് കണ്ടത്? തെരഞ്ഞെടുപ്പാകുന്ന യുദ്ധഭൂമിയിൽ കരചരണങ്ങൾ അറ്റ് രക്തം വാർന്നൊഴുകി മരണാസന്ന നിലയിൽ കിടക്കുന്ന അവസ്ഥയിലാണ് യു.ഡി.എഫ്. പാണ്ടി ലോറി കയറിയ മാക്കാച്ചിത്തവളയുടെ മുകളിൽ ടിപ്പർ ലോറി കയറിയ അവസ്ഥയിലാണ് ഇന്ന് യു.ഡി.എഫ്. ഇവിടെയിപ്പോൾ ഓരോരുത്തരും ഏത്തമിടുകയാണ്. ഞാൻ വിദേശത്തുപോയി അങ്ങനെ പ്രസംഗിച്ചിട്ടില്ലെന്ന് ഏത്തമിടുന്നു. കഴിഞ്ഞ ദിവസം ശ്രീ. വി. എസ്. ശിവകുമാർ പറയുന്നതു കേട്ടു, ഞാൻ അങ്ങനെയൊന്നും ഒരു കുറ്റവും ചെയ്തിട്ടില്ല എന്ന്. നിങ്ങൾ സ്വർണ്ണക്കടത്ത്, സ്വർണ്ണക്കടത്ത് എന്നുപറയുമ്പോൾ സ്വർണ്ണത്തട്ടിപ്പ് നടത്തിയത് ആരാണ്? നിക്ഷേപകരുടെ കോടിക്കണക്കിന് രൂപ തട്ടിച്ചെടുത്തുകൊണ്ട് ജയിലിനകത്തുപോയ ശ്രീ. എം. സി. കമറുദ്ദീനെ കക്ഷത്തുവച്ചിട്ടാണ് ഈ പ്രസംഗം നടത്തുന്നത്. ലജ്ജയില്ലേ യു.ഡി.എഫ്. നിങ്ങൾക്ക്; ഇവിടെ നേരത്തെ

പരാമർശിച്ചതുപോലെ കമ്പി ഇല്ലാതെ എങ്ങനെ പാലം പണിയാമെന്ന് തെളിയിച്ച് കമ്പിക്കകത്തായി കമ്പിയഴി എണ്ണുന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ കൂടെ നിർത്തിക്കൊണ്ടാണ് ഇവരുടെ വർത്തമാനം അര ഏക്കർ ഇഞ്ചി കൃഷി നടത്തി കോടികൾ സമ്പാദിക്കുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സ്വർണ്ണക്കച്ചവടം നഷ്ടമെന്നാണ് പറഞ്ഞത്. സ്വർണ്ണക്കച്ചവടം നഷ്ടമായിപ്പോയതുകൊണ്ടാണ് നിക്ഷേപകർക്ക് പണം തിരിച്ചുകൊടുക്കാൻ കഴിയാതിരുന്നത് എന്നാണ്. അപ്പോൾ സ്വർണ്ണക്കച്ചവടം നഷ്ടം, ഇഞ്ചി കച്ചവടം ലാഭം എന്ന പുതിയ മെത്തേഡ് നമുക്ക് കാണിച്ചുതന്നു; അവരുടെ കൂടാരമല്ലേ ഇത്. പയ്യോളി എക്സ്പ്രസ്, ശ്രീമതി പി. ടി. ഉഷയെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. പക്ഷേ ഇപ്പോൾ പുതിയൊരു എക്സ്പ്രസ് ഇറങ്ങിയിട്ടുണ്ട്, തൃക്കാക്കര എക്സ്പ്രസ് അതാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. ഒളിമ്പിക്സിൽ കൊണ്ടുപോയാൽ പ്രൈസ് വാങ്ങിക്കുന്ന തരത്തിലുള്ള ഓട്ടമാണ് തൃക്കാക്കരയിൽ കണ്ടത്. ഇവരുടെ കൂടാരമാണത്. കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ഏലംകുളം പഞ്ചായത്ത് ജയിച്ചത് എങ്ങനെയെന്നാണ് ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞത്? ഏലംകുളത്ത് പതിനാറ് സീറ്റാണ് ആകെയുള്ളത്. അതിലെ എട്ട് സീറ്റിൽ ഒരു സീറ്റ് വെൽഫെയർ പാർട്ടിയാണ്. നറുക്കെടുപ്പിലാണ് അത് കിട്ടിയത്. വെൽഫെയർ പാർട്ടിയെ കൂട്ടുപിടിച്ചതുകൊണ്ടാണ് ഞങ്ങൾക്കത് കിട്ടിയതെന്ന് പറയാനുള്ള ആർജ്ജവം ശ്രീ. മഞ്ഞളാംകുഴി അലി കാണിക്കണ്ടേ? എൽ.ഡി.എഫ്.-ന് എട്ട് സീറ്റ്, കോൺഗ്രസിനും ലീഗിനും വെൽഫെയർ പാർട്ടിക്കുംകൂടിയാണ് എട്ട്. എന്നിട്ടും നറുക്കെടുപ്പിലാണ് അത് കിട്ടിയത്. നിലമ്പൂർ മുനിസിപ്പാലിറ്റി ചരിത്രത്തിലാദ്യമായി എൽ.ഡി.എഫ്. പിടിച്ചു. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ മുസ്ലീം ലീഗിന് ഒരൊറ്റ സീറ്റുപോലുമില്ല. കോണി ചിഹ്നത്തിൽ മത്സരിച്ച മുഴുവൻപേരും പരാജയപ്പെട്ടു. അതാണ് നിലമ്പൂരിൽ സംഭവിച്ചത്. ബഹുമാന്യനായ പി. കെ. ബഷീറിന്റെ ഭാര്യ പ്രസിഡന്റായിരുന്ന പഞ്ചായത്ത് ഇന്ന് ആരാണ് ഭരിക്കുന്നത്? ശ്രീ. ഉമ്മൻ ചാണ്ടിയുടെ പഞ്ചായത്ത്, ശ്രീ. രമേശ് ചെന്നിത്തലയുടെ പഞ്ചായത്ത് ആരാണ് ഭരിക്കുന്നത്? ഈ യാഥാർത്ഥ്യം തിരിച്ചറിയണം. നിങ്ങൾ സ്വപ്നയെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ജനങ്ങളുടെ സ്വപ്നത്തെക്കുറിച്ചുതന്നെയാണ് ഞങ്ങൾ ചിന്തിക്കുന്നത്. അവ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഞങ്ങളുടെ മനസ്സിലുള്ളത്. തീർച്ചയായും കഴിഞ്ഞ കാലങ്ങളേക്കാൾ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. ഇതെല്ലാം വന്നിട്ടും ഇവർ പഠിക്കാൻ തയ്യാറല്ലെന്നുള്ളതിന്റെ തെളിവല്ലേ ഇവിടെ സഭാനാഥനെതിരെ സമരം ചെയ്യുന്നത്? ആദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവയ്ക്കണമെന്നുപറഞ്ഞാണ് ഇവർ സമരം തുടങ്ങിയത്. അതുകഴിഞ്ഞ് ഡോ. കെ. ടി. ജലീൽ എന്നാക്കി. മറന്നുപോയോ; മറന്നുപോകുന്നതെന്താണ്?

<u>മി. ചെയർമാൻ</u>: താങ്കളുടെ സമയം കഴിഞ്ഞു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവയ്ക്കണം. ഫുട്ബോൾ കമന്ററിപോലെയായിരുന്നല്ലോ. ദാ വരുന്നു, ദേ വരുന്നു, മുഖ്യമന്ത്രി ഏതാനും നിമിഷങ്ങൾക്കകം എത്തുന്നതാണ്. ഫുട്ബോൾ കമന്ററിപോലെ പറഞ്ഞുകൊണ്ടേയിരുന്നു. എന്നിട്ട് എന്ത് സംഭവിച്ചു? ഒരു ചുക്കും സംഭവിച്ചില്ല. കേരളത്തിന്റെ കരുത്തനായ, പ്രിയങ്കരനായ, കേരളത്തിലെ ജനങ്ങളുടെ ക്യാപ്റ്റനായ സഖാവ് പിണറായി വിജയന്റെ രോമത്തിൽ തൊടാൻപോലും ഇവിടത്തെ ഒരു അന്വേഷണ ഏജൻസിക്കും കഴിഞ്ഞില്ല.

<u>മി. ചെയർമാൻ</u>: കൺക്ലൂഡ് ചെയ്യൂ.....

<u>ശ്രീ. എം. നൗഷാദ്</u>: സർ, കേരളത്തിലെ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന, ലോകത്തിന്റെ നെറുകയിൽ കേരളത്തിന്റെ മാനം വാനോളമുയർത്തിയ, അതിന് നേതൃത്വം കൊടുത്ത് മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ ബി.ജെ.പി.യുടെ കയ്യിലെ ആയുധങ്ങളായ എൻ.ഐ.എ., സി.ബി.ഐ., ഇ.ഡി., സി.&എ.ജി., കസ്റ്റംസ് ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളെ ഉപയോഗപ്പെടുത്തി തകർക്കാൻ പരിശ്രമിച്ചപ്പോൾ അതിന് ചൂട്ടുപിടിച്ച, കൂട്ടുനിന്ന യു.ഡി.എഫ്.നെ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ അവരുടെ വോട്ട് എന്ന വജ്രായുധമുപയോഗിച്ച് പ്രതിരോധിച്ച ചരിത്രമാണ് ഇന്നുള്ളത്. അതാണ് കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നാം കണ്ടത്. ആ യാഥാർത്ഥ്യം തിരിച്ചറിയണമെന്ന് പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. എല്ലാ കലണ്ടർ വർഷവും ആദ്യത്തെ സമ്മേളനം ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിക്കണമെന്നും അതിനെത്തുടർന്ന് ആ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം സഭയിൽ അവതരിപ്പിക്കണമെന്നുമുള്ളത് ഭരണഘടനാ വ്യവസ്ഥയാണ്; കീഴ്വഴക്കമാണ്. 2011-ലെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള നയപ്രഖ്യാപന പ്രസംഗവും അതിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയവും ഞാൻ ഓർക്കുകയാണ്. അന്ന് ആ പ്രമേയം അവതരിപ്പിച്ചത് ഇന്നത്തെ പ്രതിപക്ഷനേതാവും അന്ന് കെ.പി.സി.സി. പ്രസിഡന്റുമായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയാണ്. അദ്ദേഹം അന്ന് ആ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞ ഒരു കാര്യം "Manifesto is our Bible, Manifesto is our Geetha, Manifesto is our Quran" എന്നാണ്.

ഇംഗ്ലീഷിലാണ് അദ്ദേഹം അന്ന് ആ വാചകം പറഞ്ഞത്. 'ഞങ്ങളുടെ ബൈബിളും ഗീതയും ഖുറാനും ഈ മാനിഫെസ്റ്റോ ആണ് എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം അവതരിപ്പിച്ചത്. ഞാൻ ആ പ്രസംഗം പ്രതിപക്ഷത്തെ ഒരു കക്ഷിനേതാവെന്ന നിലയിൽ ഇവിടെയിരുന്ന് കേട്ടതാണ്. അതിനുശേഷം ആ പ്രകടനപത്രിക, യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോ ഒന്ന് തുറന്നുനോക്കാൻ യു.ഡി.എഫ്. നേതാക്കൾക്ക് അന്ന് കഴിഞ്ഞിരുന്നോ? മാനിഫെസ്റ്റോയിൽ പറഞ്ഞ 600 വാഗ്ദാനങ്ങളിൽ 573 എണ്ണം നടപ്പിലാക്കിയതിനുശേഷമാണ് ഞങ്ങൾ നിൽക്കുന്നതെന്ന് ഇവിടെ കൃത്യമായി ഞങ്ങൾ പറയുന്നു. ഇനിയുള്ള സമയത്ത് ബാക്കിയുള്ളവ ഞങ്ങൾ നടപ്പിലാക്കും. യു.ഡി.എഫ്. അവരുടെ ബൈബിളും ഗീതയും ഖുറാനുമായി വിശേഷിപ്പിച്ച മാനിഫെസ്റ്റോയിൽ പറഞ്ഞ എത്ര കാര്യങ്ങൾ നടപ്പിലാക്കിയെന്ന് ഞാൻ ചോദിക്കുന്നില്ല. എത്ര വാഗ്ദാനങ്ങൾ ഉണ്ടായിരുന്നുവെന്നെങ്കിലും ഓർത്തുപറയാൻ യു.ഡി.എഫ്.-ന് കഴിയുമോ? അവിടെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാട്, ജനങ്ങളോട് എന്ത് വാഗ്ദാനങ്ങൾ പറഞ്ഞ് അധികാരത്തിൽ വന്നോ ആ വാഗ്ദാനങ്ങൾ ഏറ്റവും കൃത്യമായി ഒന്നൊന്നായി നടപ്പിലാക്കി, ഇനിയുള്ള സമയത്ത് ബാക്കിയുള്ള 27 കാര്യങ്ങൾകൂടി നടപ്പിലാക്കുമെന്ന് ജനങ്ങളുടെ മുമ്പിൽ ഉറപ്പുനൽകിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നേറിക്കൊണ്ടിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപന തെരഞ്ഞെടുപ്പുകളിൽ വമ്പിച്ച തോൽവി അവർക്കുണ്ടായി. അവരത് അംഗീകരിക്കുന്നു. അതിൽ എനിക്ക് സംതൃപ്തിയുണ്ട്. പക്ഷേ അവർ പറയുന്നത് എന്താണ്? തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഞങ്ങൾ ഉഷാറായി, ഞങ്ങൾ പ്രവർത്തനസജ്ജരായി, ആ തോൽവിയിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് നിയമസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് ഞങ്ങൾ തയ്യാറെടുത്തു കഴിഞ്ഞിരിക്കുന്നു, ഞങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കാൻ പോകുകയാണെന്നൊക്കെയാണ് പറയുന്നത്. അങ്ങനെ നല്ല രീതിയിൽ പ്രവർത്തിച്ചിട്ട് വല്ല കാര്യവുമുണ്ടോ? തെരഞ്ഞെടുപ്പുകളിൽ പ്രചരണങ്ങളിലൂടെ കിട്ടുന്ന പ്രസംഗങ്ങളും സന്ദേശങ്ങളുമല്ല ജനങ്ങൾ സ്വീകരിക്കുന്നത്. ജനങ്ങൾക്ക് അവരുടെ മുമ്പിലുള്ള അനുഭവങ്ങളാണ് പ്രധാനം. ആ അനുഭവങ്ങൾ കഴിഞ്ഞ കാലത്തെ യു.ഡി.എഫ്. സർക്കാരുമായി ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങളെ തട്ടിച്ചുനോക്കിക്കൊണ്ടാണ് ജനങ്ങൾ വിലയിരുത്തുന്നത്. 2011 മുതൽ 2016 വരെ ഈ സംസ്ഥാനം ഭരിച്ച സർക്കാർ എന്തൊക്കെ ചെയ്തു, എന്തൊക്കെ ചെയ്തില്ല എന്നുള്ള വിശദാംശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. പക്ഷേ, 2016-ലെ അവസ്ഥയിലേയ്ക്ക് ഈ നാട് തിരികെ പോകാൻ കേരളത്തിലെ പൊതുസമൂഹം, ഒരു ശരാശരി കേരളീയൻ ഇഷ്ടപ്പെടുന്നില്ല എന്ന തിരിച്ചറിവെങ്കിലും നിങ്ങൾക്കുണ്ടാകണം. അതുകൊണ്ട് ജനങ്ങളെ സംബന്ധിച്ച് അവരെ നിയന്ത്രിക്കുന്ന, നയിക്കുന്ന പ്രധാനപ്പെട്ട വികാരം അവരുടെ അനുഭവങ്ങളാണ്. അനുഭവങ്ങൾ

എണ്ണിയെണ്ണി പറയാൻ നിരവധിയുണ്ട്. യു.ഡി.എഫ്. ആ കാലഘട്ടങ്ങളിൽ, പ്രത്യേകിച്ച് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാന്യനായ ഉമ്മൻ ചാണ്ടി ഉപയോഗിച്ചിരുന്ന രണ്ട് വാക്കുകളുണ്ട്. ഞങ്ങളുടെ ഗവൺമെന്റിന്റെ മുഖമുദ്ര രണ്ട് കാര്യങ്ങളിലാണെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നതാണ്. ഒന്ന്, വികസനം രണ്ട്, കരുതൽ. വികസന കാര്യങ്ങളിൽ യു.ഡി.എഫ്. ഗവൺമെന്റിന് ഈ ഗവൺമെന്റുമായി എന്തെങ്കിലും താരതമ്യമുണ്ടോ? കഴിഞ്ഞ ഗവൺമെന്റ് ഉപേക്ഷിച്ചുകളഞ്ഞതും അപ്രായോഗികമെന്നുപറഞ്ഞ് മുദ്രകുത്തിയതുമായ എത്രയോ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതിന്റെ പട്ടികയിലേയ്ക്ക് ഞാൻ പോകുന്നില്ല. അതിനെക്കുറിച്ച് നേരത്തെയുള്ള പ്രസംഗങ്ങളിൽ പറഞ്ഞു. വികസന രംഗത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തേക്കാൾ നല്ല റോഡുകൾ, മെച്ചപ്പെട്ട ആശുപത്രികൾ, ഹൈടെക് ക്ലാസ്സുകൾ, മെച്ചപ്പെട്ട പൊതു വിതരണ സമ്പ്രദായം, കിറ്റുകൾ, ലാഭകരമാകുന്ന പൊതുമേഖലാ വ്യവസായങ്ങൾ അങ്ങനെ വികസന രംഗത്ത് ഒരു താരതമ്യ പഠനത്തിന് കേരളത്തിലെ ജനങ്ങൾ തയ്യാറാകുകയാണ്. മാനിഫെസ്റ്റോയെ സംബന്ധിച്ച് അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞ കാര്യം ഞാൻ മുമ്പേ പറഞ്ഞു. മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലുടനീളം അവരുടെ മുഖമുദ്രയെന്ന് പറഞ്ഞ വികസന കാര്യങ്ങളിൽ ആ ഗവൺമെന്റ് ചെയ്തതിനേക്കാൾ കൂടുതൽ ഞാൻ പറയും, പൊതുസമൂഹം പറയും. കേരള രൂപീകരണത്തിനുശേഷം ഇത്രമാത്രം വികസന പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തുണ്ടായ ഒരു കാലഘട്ടമില്ല. കേരളത്തിന്റെ വികസനത്തിന്, വളർച്ചയ്ക്ക് അടിത്തറയിട്ടത് ഒന്നാമത്തെ ഇ.എം.എസ്. ഗവൺമെന്റാണ്. ഇന്ന് മെച്ചപ്പെട്ട പൊതുവിദ്യാഭ്യാസ സമ്പ്രദായമുണ്ടായതും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യ പ്പെടുത്തുമ്പോൾ പൊതുജനാരോഗ്യ മേഖലയിൽ മെച്ചപ്പെട്ട നിലവാരം പുലർത്താൻ കഴിയുന്നതുമൊക്കെ ആ അടിത്തറയിൽനിന്ന് ആരംഭിച്ചതാണെങ്കിലും ഈ കാല ഘട്ടത്തിൽ നടന്നത്ര തോതിൽ ഒരു വികസന സമ്പ്രദായം ഞങ്ങളുടെ ഗവൺ മെന്റുകളുടെ കാലഘട്ടത്തിൽപ്പോലും ഉണ്ടായിട്ടില്ല. ഒരു താരതമ്യവും അതുമായിട്ടില്ല. കരുതൽ ആ ഗവൺമെന്റിന്റെ കാലഘട്ടത്തിലായിരുന്നോ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണോ കൂടുതലുള്ളത്? കേവലം 500 രൂപ പെൻഷൻ 18 മാസം കുടിശ്ശിക വരുത്തിയിട്ടല്ലേ ആ ഗവൺമെന്റ് പോയത്? അത് 1500 രൂപയായി എന്നുമാത്രമല്ല, ഒരു മാസത്തെ കുടിശ്ശികയുമില്ലാതെ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന കരുതലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കർഷകരെ കരുതുന്ന ഒരു ഗവൺമെന്റാണിത്. പച്ചക്കറിക്ക് താങ്ങുവില നൽകുന്ന തരത്തിൽ നടപടിയെടുത്ത ഒരു ഗവൺമെന്റാണിത്. കരുതലും വികസനവും യു.ഡി.എഫ്. ഗവൺമെന്റിനേക്കാൾ, അവരുടെ മുഖമുദ്രയായി അവർ പ്രസംഗിച്ചുനടന്നത് ഏറ്റവും

നന്നായി നടപ്പിലാക്കിയ ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. വികസന പ്രവർത്തനങ്ങൾക്കും നാടിന്റെ വളർച്ചയ്ക്കും പണമില്ലായ്മ ഒരു തടസ്സമാകരുതെന്ന് തീരുമാനിച്ച് നടപടികൾ സ്വീകരിച്ച ഗവൺമെന്റാണിത്. ഇപ്പോൾ പല വേദികളിലായി കിഫ്ബിയെ സംബന്ധിച്ച് വിമർശനം ഉയർത്താറുണ്ട്. വായ്പയെടുത്താണ് വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. വായ്പയെടുത്താൽ തിരിച്ചടയ്ക്കണ്ടേ എന്നാണ് ചോദ്യം. പ്രതിപക്ഷം നിരന്തരമായി ഈ സഭയിലും സഭയുടെ പുറത്തും ഉന്നയിക്കുന്ന പ്രശ്നമാണിത്. ഇവിടെ നമ്മൾ എം.എൽ.എ.-മാരായി തെരഞ്ഞെടുക്കപ്പെട്ട് വരുമ്പോൾ നിയമസഭാ സെക്രട്ടേറി യറ്റിൽനിന്ന് നമുക്ക് വാഹനം വാങ്ങാൻ വായ്പ തരുന്നുണ്ട്. പണമുണ്ടായിട്ട് വാഹനം വാങ്ങിയാൽ പോരേ? എം.എൽ.എ. എന്ന നിലയിലുള്ള നമ്മുടെ പ്രവർത്തനങ്ങൾ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ആദ്യ മാസം മുതൽതന്നെ നമുക്ക് വാഹനം വേണം. അഡ്വാൻസ് തരികയാണ്. അഡ്വാൻസ് നമ്മുടെ ശമ്പളത്തിൽ നിന്ന് തിരിച്ചുപിടിക്കും. ഈ കാലാവധി കഴിയുമ്പോൾ ആ വായ്പ വായ്പയല്ലാതായി മാറും, വാഹനം നമ്മുടേതായി മാറും. പക്ഷേ എം.എൽ.എ. എന്ന നിലയിൽ ഫലപ്രദമായി പ്രവർത്തിക്കാൻ ഒരു വാഹനം എം.എൽ.എ.-യ്ക്ക് ആവശ്യമായതു കൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റ് ഞങ്ങൾക്ക് വാഹനത്തിന് വായ്പ നൽകുന്നു, തിരിച്ചുപിടിക്കുന്നു. അതുകൊണ്ട് ഈ അഞ്ച് വർഷക്കാലം എം.എൽ.എ. എന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ വാഹനമില്ലായ്മ ഒരു പ്രശ്നമല്ല. ഇതുപോലെയാണ് നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങളും. അൻപത് കൊല്ലം കഴിഞ്ഞ് റോഡുകൾ നിർമ്മിച്ചാൽ മതിയോ? പത്ത് കൊല്ലം കഴിഞ്ഞ് കുടിവെള്ള പദ്ധതികൾ മതിയോ? ഇന്നുള്ള ആളുകൾക്ക് വെള്ളം വേണ്ടേ, വൈദ്യുതി വേണ്ടേ? അത് ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാൻ കിഫ്ബിയിലൂടെ വായ്പ എടുത്താണെ ങ്കിൽപ്പോലും പണമില്ലായ്മ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ഒരു തടസ്സമാക രുതെന്ന നിർബന്ധ ബുദ്ധിയോടുകൂടി പ്രവർത്തിച്ച ഗവൺമെന്റാണ് കേരളത്തിൽ കാലാവധി പൂർത്തിയാക്കാൻ പോകുന്നത്. മാനിഫെസ്റ്റോയിലെ കാര്യങ്ങൾ മാത്രമല്ലല്ലോ ചെയ്യേണ്ടി വരുന്നത്. വെള്ളപ്പൊക്കത്തെ നേരിടാമെന്ന് മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടില്ല, അതുകൊണ്ട് ഞങ്ങൾ ചെയ്യില്ല എന്നാണോ ഗവൺമെന്റ് പറഞ്ഞത്? കോവിഡ് വന്നു, മാനിഫെസ്റ്റോയിലില്ലാത്തതുകൊണ്ട് നടപടി എടുക്കാതിരുന്നോ? നമ്മുടെ നാട്ടിൽ എന്ത് ദുരന്തങ്ങളുണ്ടായാലും അവിടെ ഇടപെടുന്ന, ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്ന, ജനങ്ങളെ കാത്തുസൂക്ഷിക്കുന്ന സർക്കാരാണ് എന്ന സുരക്ഷിതത്വബോധം കേരളത്തിലെ ജനങ്ങൾക്ക് നൽകിയ ഒരു ഗവൺമെന്റാണിത്. ഏറ്റവും മെച്ചപ്പെട്ട ക്രമസമാധാനനില കൈവരിച്ച സംസ്ഥാനമെന്ന് ഇന്ത്യാ ടുഡേ. കേരളത്തെ തെരഞ്ഞെടുക്കുമ്പോൾ ഏത് ദുരന്തമുഖത്തും തങ്ങളെ സംരക്ഷിക്കുന്ന ഒരു സർക്കാരായി കേരളത്തിലെ ജനങ്ങൾ ശ്രീ. പിണറായി വിജയൻ

സർക്കാരിനെ വീക്ഷിക്കുകയാണെന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് തോൽവികൊണ്ട് ഉഷാറായാലൊന്നും ജനങ്ങളുടെ ഈ അനുഭവങ്ങൾ മാറാൻ പോകുന്നില്ലെന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം. സർക്കാരിനെയും ഭരണപക്ഷത്തെയും മാത്രമല്ല, പ്രതിപക്ഷത്തെയും വിലയിരുത്താൻ ശേഷിയുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. ഭരണ മികവിന്റെ തിളക്കം കുറയ്ക്കാനുള്ള കുത്സിത പ്രവർത്തനങ്ങളിൽ പ്രതിപക്ഷം നിരന്തരമായി ഇടപെടുന്നുവെന്നത് ജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട്. ഒരുപക്ഷെ അത് പ്രതിപക്ഷത്തിന്റെ ജോലിയായിരിക്കാം. ഞങ്ങളും പ്രതിപക്ഷത്തിരുന്നപ്പോൾ സർക്കാരിന് അധികം തിളക്കം കിട്ടാതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ, ജനങ്ങൾക്ക് കിട്ടേണ്ട ക്ഷേമപ്രവർത്തനങ്ങളുടെ ഗുണം നഷ്ടപ്പെടുത്തിക്കളയാനുള്ള നടപടികൾ ഏറ്റവും ഗൂഢമായി നടപ്പിലാക്കുന്ന പ്രതിപക്ഷമാണ് കേരളത്തിലേത് എന്ന് ജനങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ തിളക്കം ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമം സ്വാഭാവികമായും പ്രതിപക്ഷത്തിന് ചെയ്യാമെങ്കിലും ഭരണ നേട്ടങ്ങൾ ഗുണഭോക്താക്കളിൽ എത്താതിരിക്കാനുള്ള പരിശ്രമമാണ് ഇപ്പോൾ കണ്ടത്. ഏറ്റവും അവസാനം ലൈഫ് പദ്ധതി. രണ്ടര ലക്ഷത്തോളം വീടുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. ശരാശരി ഒരു വീട്ടിൽ നാലുപേരുണ്ടെങ്കിൽ പത്ത് ലക്ഷം ആളുകൾക്ക് സുരക്ഷിതമായി കിടന്നുറങ്ങാനുള്ള വീടുകൾ നിർമ്മിച്ചുകഴിഞ്ഞു. അവിടെയാണ് 140 വീടുകളെ സംബന്ധിച്ച് പരാതി ഉയർന്നത്. ഞാൻ അല്പം കണക്ക് പഠിച്ചതുകൊണ്ട് കണക്കുകൂട്ടി നോക്കി, 99.95 ശതമാനം വീടുകളെ സംബന്ധിച്ച് പരാതിയില്ല, 0-05 ശതമാനം വീടുകളെ സംബന്ധിച്ച് പരാതിയുണ്ടാക്കി ലൈഫ് പദ്ധതിയെ മുഴുവൻ തകർത്തുകളഞ്ഞ് ജനങ്ങൾക്ക് അതിന്റെ പ്രയോജനം കിട്ടാതിരിക്കാൻവേണ്ടിയുള്ള പദ്ധതികൾക്കാണ് ഇവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പരിശ്രമങ്ങൾ സ്വന്തമായി വിജയിപ്പിക്കാനാകില്ലെന്ന തിരിച്ചറിവ് യു.ഡി.എഫ്.-നുണ്ട്. അതുകൊണ്ടാണ് ദേശീയ തലത്തിൽ രാഷ്ട്രീയമായി ഭിന്നദിശയിൽ നിൽക്കുന്നവരാണെങ്കിൽപ്പോലും കേരള ഗവൺമെന്റിന്റെ പ്രതിച്ഛായ നശിപ്പിക്കാൻ അല്ലെങ്കിൽ അതിനപ്പുറത്തേയ്ക്ക് അത് നടത്തുന്ന പ്രവർത്തനങ്ങളും നേട്ടങ്ങളും ജനങ്ങൾക്ക് ലഭിക്കാതിരിക്കാൻ അവർ ബി.ജെ.പി.-യെയും ബി.ജെ.പി. ഗവൺമെന്റിന്റെ ഏജൻസികളെയും കൂട്ടുപിടിച്ചിരിക്കുന്നത്. പ്രളയ കാലത്ത് സാലറി ചലഞ്ചിനെ എതിർത്തതാരാണ്? യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചിരിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഒരു മിനിറ്റുകൂടി, ഇപ്പോൾ അവസാനിപ്പിക്കാം. വെള്ളപ്പൊക്കക്കാലത്ത് വിദേശരാജ്യത്തുനിന്നും സഹായം വാങ്ങരുതെന്ന് പറഞ്ഞതാരാണ്? യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും. ബഹുമാനപ്പെട്ട മന്ത്രിമാർ വിദേശത്തു

പോയി സഹായം വാങ്ങാനോ വിഭവം ശേഖരിക്കാനോ പാടില്ലെന്ന് പറഞ്ഞതാരാണ്? മന്ത്രിമാർ ഭിക്ഷയാചിക്കാൻ പോകുന്നു എന്നുപറഞ്ഞ ഒരു ബഹുമാന്യ അംഗം ഇവിടെയുണ്ട്. ബി.ജെ.പി.യും പോകാൻ അനുമതി നൽകിയിരുന്നില്ല. എല്ലാ കാര്യങ്ങളിലും ഒരുമിച്ചുനിന്ന് ഈ ഗവൺമെന്റിനെ എതിർക്കാൻവേണ്ടി ശ്രമിക്കുകയാണ്. കുറേ സമരങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. പ്രതിപക്ഷം വലിയൊരു സമരത്തിലേയ്ക്കിറങ്ങിത്തിരിച്ചല്ലോ, ആ സമരത്തിന്റെ മുദ്രാവാക്യം എന്തായിരുന്നു? 'പിണറായി വിജയൻ രാജി വയ്ക്കണം'. രണ്ടാഴ്ചത്തെ സമരം കഴിഞ്ഞപ്പോൾ ഇവിടെയുണ്ടായിരുന്ന പ്രതിദിന കോവിഡ് രോഗികളുടെ എണ്ണം 100-ൽ നിന്നും 5000 ആയി വർദ്ധിച്ചു. അപ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞു, 'സമരം ലക്ഷ്യം കണ്ടു, അതുകൊണ്ട് ഞങ്ങൾ സമരം അവസാനിപ്പിക്കുകയാണ്' എന്ന്. എന്നാൽ ശ്രീ. പിണറായി വിജയൻ രാജി വച്ചോ? ശ്രീ. പിണറായി വിജയൻ രാജി വയ്ക്കണം, ഡോ. കെ. ടി. ജലീൽ രാജി വയ്ക്കണം എന്നാവശ്യപ്പെട്ട് സമരം ആരംഭിച്ചവർ 100-ൽ നിന്നും കോവിഡ് രോഗികളുടെ എണ്ണം 5000 ആയി വർദ്ധിച്ചപ്പോൾ 'സമരം ലക്ഷ്യം കണ്ടു, സമരം അവസാനിപ്പിക്കുന്നു' എന്ന് പറഞ്ഞപ്പോൾ ഭരണപക്ഷത്തെയും ഗവൺമെന്റിനെയും വിലയിരുത്തുന്നതുപോലെതന്നെ പ്രതിപക്ഷത്തിനെയും വിലയിരുത്തുന്ന പ്രബുദ്ധരായ ജനതയെ ഉൾക്കൊള്ളുന്ന ഒരു നാടാണ് കേരളമെന്നത് മറന്നുപോകരുത്. രാജ്യത്തുണ്ടായ പല നടപടികളിലും വ്യക്തമായ രാഷ്ട്രീയ ദിശാബോധത്തോടുകൂടി ഇടപെട്ട ഒരു മുന്നണിയും ഗവൺമെന്റുമാണ് ഈ സംസ്ഥാനത്തുള്ളത്. നോട്ട് പിൻവലിക്കൽ ഈ രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കുമെന്ന് ആദ്യം പറഞ്ഞത് കേരളമാണ്. പൗരത്വ ഭേദഗതി നിയമം ഫെഡറൽ സംവിധാനത്തെയും മതേതരത്വത്തെയും തകർക്കുമെന്ന് പറഞ്ഞ് നിലപാടെടുത്ത് അതിനുവേണ്ടി തെരുവിലിറങ്ങാൻ തയ്യാറായത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. കേന്ദ്ര ഗവൺമെന്റ് ഇന്ന് കൊണ്ടുവന്നിരിക്കുന്ന പുതിയ കാർഷിക നിയമങ്ങൾ കർഷക വിരുദ്ധമാണെന്നുള്ള നിലപാടെടുത്ത ഗവൺമെന്റാണിത്. ജനങ്ങളെ സുരക്ഷിതമായി മുന്നോട്ട് നയിക്കുന്ന, നാട്ടിൽ വികസനം കൊണ്ടുവരുന്ന, ജനങ്ങളെ സംരക്ഷിക്കുന്ന, ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന, സുവ്യക്തമായ രാഷ്ട്രീയ നിലപാടെടുത്ത് മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിന്റെ രാഷ്ട്രീയം തിരുത്തിക്കുറിക്കാൻ പോകുകയാണ്. ഭരണത്തുടർച്ച ഉണ്ടാകാൻ പോകുന്നു എന്നത് ഈ നാട് അംഗീകരിച്ചിരിക്കുന്ന യാഥാർത്ഥ്യമാണെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഈ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

മി. ചെയർമാൻ: ശ്രീമതി ഷാനിമോൾ ഉസ്മാന് സീറ്റിൽ ഇരുന്ന് സംസാരിക്കാവുന്നതാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, സീറ്റിലിരുന്ന് സംസാരിക്കാൻ അനുവദിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ ഇന്നലെ മുതൽ നടക്കുന്ന പ്രസംഗങ്ങൾ കേൾക്കുമ്പോൾ ചരിത്രത്തിലാദ്യമായിട്ട് ഒരു തെരഞ്ഞെടുപ്പ് കേരളത്തിൽ നടന്നതുപോലെയാണ് തോന്നുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും പറയുന്നത്, പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വിജയം നിങ്ങൾ കണ്ടില്ലേ എന്നാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വിജയം കണ്ടില്ലേ എന്ന് ചോദിക്കുന്നവരോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത്, 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വിജയം നിങ്ങൾ കണ്ടില്ലായിരുന്നോ എന്നാണ്? അന്ന് ധാർമ്മികത പറഞ്ഞുകൊണ്ട് നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള പ്രസ്താവന നടത്താൻ തയ്യാറായിരുന്നോ? ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചരിത്രത്തിൽ ഇടംപിടിച്ച ഒരു ഗവൺമെന്റാണ്, അതിന് യാതൊരു സംശയവുമില്ല. അത് ഏത് കാര്യത്തിലാണെന്ന് മനസ്സിലാക്കണം. ഇന്ത്യയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കസ്റ്റംസും സി.ബി.ഐ.-ഉം അന്താരാഷ്ട്ര തലത്തിലുള്ള ഇന്റർപോൾപോലും വട്ടംകറങ്ങുന്ന ഒരു പ്രദേശമായി കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തെ മാറ്റിയെടുത്തതിനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. ഇവിടെ ഇരിക്കുമ്പോൾ, ഇപ്പോഴത്തെ കോവിഡ് കാലഘട്ടത്തിൽ ആരുടെയും മുഖഭാവങ്ങൾ കാണാൻ സാധിക്കില്ല, പക്ഷെ നെഞ്ചിടിപ്പ് നന്നായി കേൾക്കാം. പലയാളുകളുടെയും വീടിന്റെ വാതിൽക്കൽ കസ്റ്റംസ് നിൽക്കുകയാണ്, പലയാളുകളുടെയും വീടിന്റെ വാതിൽക്കൽ ഇ.ഡി. നിൽക്കുകയാണ്. പലരുടെയും വീടിനകത്തേയ്ക്ക് അവർ കയറിചെന്നിരിക്കുന്നു എന്നുള്ള പിന്നാമ്പുറ ചർച്ചകളും നാട്ടിൽ നടക്കുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി തെരഞ്ഞെടുക്കപ്പെട്ട ചില കെട്ടിടങ്ങളിൽ മാത്രം ഇടിമിന്നലുണ്ടായത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലേ? ആ ഇടിമിന്നലിൽ ചില സി.സി.ടി.വി. ക്യാമറകളും സർവറുകളും മാത്രം തെരഞ്ഞുപിടിച്ച് നശിപ്പിക്കപ്പെട്ടത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലേ? ഈ ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. ഡോളർ കടത്തിനെക്കുറിച്ചും സ്വർണ്ണ കടത്തിനെക്കുറിച്ചും അവയവക്കടത്തിനെക്കുറിച്ചുമടക്കമുള്ള വാർത്തകൾ വരുമ്പോൾ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ പറയുകയാണ് ഈ സർക്കാർ ജനങ്ങൾക്കൊപ്പം നിൽക്കുകയാണെന്ന്. അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന ഈ സർക്കാരിന്റെ എത്രയോ ഉദാഹരണങ്ങൾ കഴിഞ്ഞ കുറെ ദിവസങ്ങളായി കേരളത്തിലെ പൊതുസമൂഹം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറേ നാളുകളായി ഏറ്റവും കൂടുതൽ ദുര്യോഗമുണ്ടായിട്ടുള്ള കേരളത്തിലെ ചെറുപ്പക്കാരുടെ സംഘടന ഏതാണെന്ന് ചോദിച്ചാൽ സങ്കടത്തോടുകൂടി ഞാൻ പറയും അത് ഡി.വൈ.എഫ്.ഐ. ആണെന്ന്. അതിനുമുണ്ട് കാരണങ്ങൾ. ഏതെങ്കിലും തരത്തിലുള്ള

രാഷ്ട്രീയ ചെയ്തികളെ ന്യായീകരിക്കേണ്ടിവന്നാൽ അതിൽ രാഷ്ട്രീയമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. പക്ഷെ മയക്കമരുന്ന് രാജാക്കന്മാരെയും അന്താരാഷ്ട്ര മയക്കമരുന്ന് ബന്ധമുള്ളയാളുകളെപ്പോലും ന്യായീകരിക്കേണ്ട ഗതികേട് വന്നിട്ടുള്ള ചെറുപ്പക്കാരെ ഓർത്തുകൊണ്ട് ഞാൻ ഈ അവസരത്തിൽ ദുഃഖം രേഖപ്പെടുത്തുകയാണ്. ഓരോ ദിവസവും നടക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയല്ലേ. ടെലിവിഷൻ ചാനലുകളിൽ വന്നിരുന്ന് അന്താരാഷ്ട്ര തലത്തിൽ ഡോളർ കടത്ത് കേസിലടക്കം ബന്ധമുള്ളയാളുകളെ നിങ്ങൾ ന്യായീകരിക്കുമ്പോൾ നിങ്ങളോട് പറയാനുള്ളത്, അഭിപ്രായ സ്വാതന്ത്ര്യത്തിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ സമരം ചെയ്ത ആളുകളാണ് നിങ്ങൾ എന്നാണ്. ശ്രീ. റ്റി. വി. രാജേഷിനെപ്പോലെയുള്ളവർ ചങ്ങല പൊട്ടിച്ച് പുറത്തുവരാൻ തയ്യാറാകണമെന്നാണ് വിനയപൂർവ്വം എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. എന്താണ് ഗവർണറുടെ പ്രസംഗത്തിലുള്ളത്? എന്റെ കയ്യിൽ 2016, 2017, 2021 എന്നീ വർഷങ്ങളിലെ പ്രസംഗങ്ങളുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ പ്രസംഗങ്ങൾ പരിശോധിച്ചാൽ, അതിൽ രണ്ട് മൂന്നെണ്ണം ഞാൻ സൂചിപ്പിക്കാം, 2021-ലെ പ്രസംഗത്തിലെ 61-ാമത്തെ ഖണ്ഡികയിൽ പറയുന്നത്, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ പുനർഗേഹം 2022-ൽ പൂർത്തിയാക്കുമെന്നാണ്. 2017-ൽ ഗവർണറുടെ പ്രസംഗത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ തീരത്തു നിന്നും 200 മീറ്റർ അകലെയുള്ള പ്രദേശങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ല. 2017-ൽ പറഞ്ഞു, കൂടുതൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ സ്ഥാപിക്കുമെന്ന്. എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ല. ഭാരതപ്പുഴപോലുള്ള ഒരു പ്രധാന നദീതടത്തെ പങ്കാളിത്ത സമീപനത്തിലൂടെ ശാസ്ത്രീയമായ ക്യാച്ച്മെന്റ് ഏരിയ പരിപാലനത്തിനായി ഏറ്റെടുക്കുമെന്ന് 2017-ൽ പറഞ്ഞിരുന്നു. പ്രഖ്യാപനങ്ങൾ നടത്താനും ഇതുപോലെയുള്ള കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറയാനും എളുപ്പമാണ്. പക്ഷെ യാതൊരു കാരണവശാലും ഇനി ഒരിക്കലും ജനങ്ങളുടെ മുന്നിൽ കള്ളത്തരങ്ങൾ തെളിയിച്ച് നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിലെ സി.പി.ഐ.(എം)-ന്റെ ഓരോരോ പ്രസംഗങ്ങൾ നമ്മൾ കേട്ടിട്ടുണ്ട്. വെടിയുണ്ട വന്നാൽ വിരിമാറ് കാട്ടണമെന്ന് പാവപ്പെട്ട പാർട്ടി പ്രവർത്തകരോട് പറയും. സി.ബി.ഐ.-യുടെ കാൽവെട്ടം കണ്ടാൽ ഈ പാർട്ടി ക്ലാസ്സെടുക്കുന്ന നേതാക്കന്മാർക്ക് അപ്പോൾ നെഞ്ചുവേദന വരും, ഹാർട്ടറ്റാക്ക് വരും. പിന്നെ ആംബുലൻസിൽ കയറി സൈറനിട്ട് പെട്ടെന്നുതന്നെ തിരുവനന്തപുരത്തെ ആശുപത്രിയിലെത്തും. ഇതുപോലെയുള്ള കാര്യങ്ങൾ എത്ര ദിവസങ്ങളായി നമ്മൾ കാണുന്നു. അറസ്റ്റു ചെയ്ത് ചോദ്യം ചെയ്യുമെന്ന് കാണുമ്പോൾ- ചോദ്യം ചെയ്തുവെന്ന് ഇതുവരെ ആരും അംഗീകരിച്ചിട്ടില്ല- ശ്രീ. എം. ശിവശങ്കർ അടക്കം കസ്റ്റംസുമായി

കൂടിക്കാഴ്ച നടത്തുന്നുവെന്നാണ് പറയുന്നത്. അദ്ദേഹം ഇ.ഡി.-യുമായി കൂടിക്കാഴ്ച നടത്തുന്നുവെന്ന് പറയുന്നവരോട് ഞാൻ ചോദിക്കട്ടെ, ഇത്തരത്തിലുള്ള ആളുകൾ എന്തുകൊണ്ട് മാന്യമായി ഒരു ചോദ്യം ചെയ്യലിനുപോലും തയ്യാറാകാതെ ഒളിച്ചോടുന്നു? ഇതെല്ലാം കേരളത്തിലെ പൊതുസമൂഹത്തിനറിയാം എന്നുമാത്രം ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മയക്കുമരുന്ന് കേസ്സിലൊക്കെ ഡി.വൈ.എഫ്.ഐ.-ക്ക് ഒരു നിലപാടില്ലേ; ഒരു യുവജന സംഘടന എന്നുള്ള നിലയിൽ അവർ അതിനെ ന്യായീകരിക്കുന്നവരാണെന്ന് നമ്മളാരും കരുതുന്നില്ല. പക്ഷെ, പല ആളുകളും IPC 511 സെക്ഷനുകൾ അട്രാക്ട് ചെയ്യുന്ന ആളുകളെ ന്യായീകരിക്കുന്നവരായി മാറിയിരിക്കുന്നു. ഇതെന്ത് ഗതികേടാണെന്ന് നമ്മൾ ആലോചിച്ചുനോക്കണം. കഴിഞ്ഞ ദിവസം ഇവിടെ ഒരു ബഹുമാന്യനായ അംഗം പറയുന്നതുകേട്ടു, കർഷകർ സമരം നടത്തുന്നു, ഈ സമരത്തെയൊക്കെ അവരാണ് നയിക്കുന്നതെന്ന്. ആരാണ് ഈ സമരത്തെ നയിക്കുന്നത്; ആദ്യമായി ആരാണ് ഈ സമരത്തിന് നേതൃത്വം കൊടുത്തത്? ഉത്തരേന്ത്യയിലെ കർഷകർക്കുവേണ്ടി അവരുടെ ട്രാക്ടർ സ്വന്തമായി ഓടിച്ചുകൊണ്ട് കർഷക സമരത്തിന് തുടക്കം കുറിച്ചത് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. പഞ്ചാബിൽ ഒരു മുഖ്യമന്ത്രി ഈ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ശ്രീ. അമരീന്ദർ സിംഗ് ഏത് പാർട്ടിക്കാരനാണെന്ന് നിങ്ങൾ ഒന്ന് അന്വേഷിച്ച് നോക്കണം. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കൊള്ളയുടെ കണക്കുകൾ ഇനിയും പറയണോ. ഇവിടെ ആര് എന്ത് പറഞ്ഞാലും ആവർത്തിക്കുന്നത് കിഫ്ബിയാണല്ലോ. കിഫ്ബിയുടെ ചെലവിനെക്കുറിച്ചൊന്ന് ആലോചിക്കണം, 2020 സെപ്റ്റംബർ മാസം വരെ 46.5 കോടി രൂപ പരസ്യത്തിന് ചെലവാക്കിയല്ലോ. അതിൽനിന്ന് കുറച്ചെങ്കിലും നൂറ് മീറ്റർ കടൽഭിത്തി കെട്ടുന്നതിന് ഉപയോഗിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോയെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. നിങ്ങൾ കിഫ്ബിയുടെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്നതും ലൈഫ് മിഷന്റെ പേരിൽ പറഞ്ഞു കൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ കോടതി പറയുമ്പോൾ നമുക്കൊരു ഭയമുണ്ട്. കാരണം, ഇഷ്ടമില്ലാത്ത വിധികൾ വരുമ്പോൾ ആ കോടതിയിലിരിക്കുന്ന ജഡ്ജിമാർക്കെതിരെ പ്രതീകാത്മക സമരം നടത്തി നിയമവ്യവസ്ഥയെപ്പോലും വെല്ലുവിളിക്കുന്നവരാണ് ഇവിടത്തെ ഭരണകർത്താക്കൾ. അതിന് എത്രയോ ഉദാഹരണങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഖാദി ബോർഡിന്റെ ഒരു സെക്രട്ടറിക്ക് ലക്ഷങ്ങൾ ശമ്പളമായി കൊടുക്കുകയാണ്; അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. അതുപോലെ തന്നെ പോലീസ് ക്യാന്റീനുകൾ മുഴുവൻ മാറ്റിക്കൊണ്ട് പോലീസ് അസോസിയേഷന് കയ്യയച്ചുകൊടുത്തിരിക്കുകയാണ്. 'കമിഴ്ന്നുവീണാൽ കാൽപ്പണം' എന്ന് പറയുന്നതു പോലെ ഏതൊരു പദ്ധതിയുടെ പിന്നിലും കോടിക്കണക്കിന് രൂപ അഴിമതി നടത്തുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. ഇവിടെ

പിൻവാതിൽ നിയമനങ്ങൾ വരുന്നു. ഈ സഭയിലില്ലാത്ത, ജയിലിൽ കിടക്കുന്ന ആളുകളുടെയൊന്നും പേര് പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ നിങ്ങൾ നടത്തിയിട്ടുള്ള ഇത്തരത്തിലുള്ള നിയമനങ്ങൾ നിങ്ങളുടെ മന:സാക്ഷിക്കെങ്കിലും ന്യായീകരിക്കാൻ കഴിയുമോയെന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് ആലോചിക്കണം. ശ്രീ. പി. ടി. തോമസിനെയും ശ്രീ. വി. ഡി. സതീശനെയും പറഞ്ഞുപറഞ്ഞ് ഇല്ലാതാക്കാനാനുള്ള ശ്രമം രണ്ട് ദിവസമായി കണ്ടുവരുന്ന ഒരു ഫാഷനാണ്. അവരാരും ഓട് പൊളിച്ച് സഭയിൽ വന്നവരല്ല. വിദ്യാർത്ഥി, യുവജന രാഷ്ട്രീയത്തിലൂടെ കടന്നുവന്ന് കേരളത്തിലെ പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള ആളുകളാണ്. അവർ അന്തസ്സോടുകൂടി ഈ നിയമസഭയിൽ വന്നുകൊണ്ട് അന്വേഷണം നടത്തണമെന്ന് പറയുകയാണ്. നിങ്ങൾ അഞ്ച് വർഷമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളി ലൊന്നുംതന്നെ ഉറച്ചുനിൽക്കാൻ കഴിയാതെ പുതിയ പുതിയ ആരോപണങ്ങൾ കൊണ്ടുവന്ന് നിങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചാൽ കേരളത്തിലെ അരിയാഹാരം കഴിക്കുന്ന ജനങ്ങൾ അത് മനസ്സിലാക്കുമെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു നുണ ആയിരം വട്ടം പറഞ്ഞാൽ അത് സത്യമാകില്ലെന്ന് നിങ്ങൾക്കുമറിയാം അതുപോലെ കേരളത്തിലെ പൊതു സമൂഹത്തിനും അറിയാമെന്ന് സൂചിപ്പിക്കുന്നു. നമുക്ക് അറിയാം, പാലത്തായി കേസ് എത്രയോ തവണ ചർച്ച ചെയ്തതാണ്. ആ കേസിനെ സംബന്ധിച്ച് നിങ്ങൾ ഒറ്റയക്ഷരം മിണ്ടുന്നില്ലല്ലോ. കേസന്വേഷണത്തിന് നിയോഗിച്ചിരുന്ന സംഘത്തെ കോടതി മാറ്റിയിരിക്കുന്നു. കാരണം, അതിൽ ഇരയ്ക്കൊപ്പം നിൽക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വാളയാർ കേസ് എത്രയോ തവണ ഇവിടെ ചർച്ച ചെയ്യപ്പെട്ടു, അതിലും നിങ്ങൾക്ക് ഇരയ്ക്കൊപ്പം നിൽക്കാൻ കഴിഞ്ഞിട്ടില്ല. ഈ കേസുകളിലെല്ലാം കോടതി കൃത്യമായ നിലപാടുകളെടുത്തതുകൊണ്ടുള്ള നിവൃത്തികേടുകൊണ്ടാണ് നിങ്ങൾ ഇപ്പോൾ അഭിപ്രായം മാറ്റുന്നത്. കഴിഞ്ഞ ദിവസം തെരഞ്ഞെടുപ്പിന്റെ വിജയത്തെക്കുറിച്ചൊക്കെ പറയുന്നതുകേട്ടു. ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ. പോളിംഗ് സ്റ്റേഷനിൽ ചെന്ന് ഇടതുപക്ഷ സഹയാത്രികനായ ഒരു ഉദ്യോഗസ്ഥനോട്, കള്ളവോട്ട് ചെയ്യുന്നതിനെതിരെ നടപടിയെടുക്കുകയോ സംസാരിക്കുകയോ ചെയ്താൽ കാൽ വെട്ടുമെന്ന് പറയുകയാണ്. ആ പോളിംഗ് ഓഫീസർക്ക് പോലീസ് സംരക്ഷണം കൊടുക്കണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഇതുപോലെ നിരവധി കേസ്സുകളുണ്ട്. ശുപേഷിന്റെയും ശരത് ലാലിന്റെയും കേസിൽ കോടിക്കണക്കിന് രൂപ മുടക്കിയിട്ട് ഏറ്റവും അവസാനം ചെയ്യുന്നതെന്തെന്നാൽ, സി.ബി.ഐ.-യ്ക്കുമുമ്പിൽ ഉത്തരം പറയുന്നതിനുവേണ്ടി രാഷ്ട്രീയപരമായി ഇറങ്ങിയിരിക്കുകയാണ്. നിങ്ങൾ കേരളത്തിലെ പൊതുസമൂഹത്തിന് മുന്നിൽ നാണംകെട്ട് നിൽക്കുന്നുവെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ഒരിക്കൽക്കൂടി ഈ നന്ദി പ്രമേയത്തെ എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. തുലനം ചെയ്യാൻ പറ്റാത്ത നിലയിലുള്ള വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാളുകളിൽ കേരളത്തിൽ നടത്തിയിട്ടുള്ളത്. കഴിഞ്ഞ നാലേമുക്കാൽ വർഷം ഈ ഗവൺമെന്റ് ജനങ്ങളെ ചേർത്തുനിർത്തിക്കൊണ്ടാണ് ഓരോ സമയത്തും മുന്നോട്ടുപോയിട്ടുള്ളത്. നിരവധി പ്രതിസന്ധികളും വെല്ലുവിളികളും ഈ കാലയളവിൽ നേരിടേണ്ടതായി വന്നിട്ടുണ്ട്. ഈ നയപ്രഖ്യാപന പ്രസംഗം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്ന സംഗതി, നേരത്തെയുള്ള നയപ്രഖ്യാപന പ്രസംഗങ്ങളിൽ പറഞ്ഞ വികസന കാഴ്ചപ്പാട് അക്ഷരംപ്രതി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളതാണ്. എൽ.ഡി.എഫ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പ്രകടനപത്രികയിൽ പറഞ്ഞിരുന്ന 600 വാഗ്ദാനങ്ങളിൽ 570 എണ്ണവും നടപ്പിലാക്കിയെന്ന് വളരെ ആർജ്ജവത്തോടുകൂടി ജനങ്ങളോട് പറഞ്ഞിട്ടാണ് തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജനങ്ങളുടെ മുമ്പിലെത്തിയത്. അങ്ങനെ പറയാൻ ഇന്ത്യാ മഹാരാജ്യത്തിൽ ഏതെങ്കിലും ഒരു സംസ്ഥാനം തയ്യാറായിട്ടുണ്ടോ. നമ്മൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രോഗ്രസ്സ് റിപ്പോർട്ടടക്കം ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ആ നിലയിൽ, പറഞ്ഞ കാര്യങ്ങൾ ആർജ്ജവത്തോടുകൂടി നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് ഈ കേരളം ഭരിക്കുന്നതെന്നുള്ളത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. അതുപോലെ പ്രതിസന്ധികളിൽ എങ്ങനെയാണ് ഒരു ഗവൺമെന്റ് ജനങ്ങളെ ചേർത്തുപിടിക്കുക എന്നുള്ളതിന് ഒരു പാഠശാലകൂടിയായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. നമുക്കെല്ലാവർക്കുമറിയാം: രണ്ട് പ്രളയങ്ങൾ, നിപ, ഓഖി എന്നിവ നമ്മൾ നേരിടുകയും ഇപ്പോൾ ഏറ്റവും അവസാനം കോവിഡ് എന്ന മഹാമാരിയെ നേരിടുന്ന ഈ ഘട്ടങ്ങളിലൊക്കെത്തന്നെ മുഖ്യമന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന്റെ വാർത്താ സമ്മേളനങ്ങളും അദ്ദേഹത്തിന്റെ കൃത്യമായിട്ടുള്ള നേതൃത്വവുമൊക്കെത്തന്നെ ജനങ്ങൾ എങ്ങിനെയാണ് സ്വീകരിച്ചതെന്ന് നമ്മളെല്ലാവരും കണ്ടതല്ലേ. അദ്ദേഹത്തിന്റെ വൈകുന്നേരത്തെ വാർത്താസമ്മേളനം കാണാൻ സമസ്തവിഭാഗം ജനങ്ങളും ടെലിവിഷന്റെ മുമ്പിലിരിക്കുന്നത് നമ്മളെല്ലാവരും കണ്ടതല്ലേ. ആദ്യമായിട്ടാണ് സിനിമയ്ക്കും ടെലിവിഷൻ സീരിയലിനുമുപരിയായി ഒരു വാർത്താസമ്മേളനത്തിന് ഇത്രയുമധികം ചാനൽ റേറ്റിംഗ് കിട്ടുന്നത്. ഈ നിലയിൽ കേരളത്തിലെ ജനങ്ങൾക്ക് കൃത്യമായ ദിശാബോധം കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചുവെന്ന് പറയുന്നത് ചെറിയൊരു കാര്യമല്ല. എന്നുമാത്രമല്ല അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾ ഏറ്റെടുത്തുകൊണ്ട് ഈ നാട്ടിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ കൃത്യമായി ഇടപെടാൻ തയ്യാറായി. ഒന്നാമതും രണ്ടാമതും പ്രളയം നടക്കുന്ന സന്ദർഭത്തിൽ ഞാൻ തിരുവനന്തപുരം നഗരത്തിന്റെ ചുമതല വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഹ്വാനം ശിരസ്സാവഹിച്ചുകൊണ്ടാണ് അന്ന് തിരുവനന്തപുരം നഗരത്തിലെ ജനങ്ങളെ മുഴുവൻ സംഘടിപ്പിച്ചുകൊണ്ട് പ്രളയബാധിത

മേഖലകളിലേയ്ക്ക് കൃത്യമായി സഹായങ്ങളെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയത്. വോട്ട് പിടിക്കാൻവേണ്ടി അങ്ങനെ ചെയ്തതാണെന്ന് പറഞ്ഞ് ഇവിടെ ചില യു.ഡി.എഫ്. നേതാക്കന്മാർ കളിയാക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർക്കും എം.പി.മാർക്കും അവർ ഭരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിയാത്ത ഒരു കാര്യം എൽ.ഡിഎഫ്. ഭരിക്കുന്ന തിരുവനന്തപുരം നഗരസഭ ചെയ്യുമ്പോൾ അങ്ങനെ ചെയ്യണമെന്ന് നിങ്ങളുടെ ഭരണസമിതിക്കാരെ ഉപദേശിക്കാൻ നിങ്ങൾക്ക് കഴിയേണ്ടതല്ലേ; അങ്ങനെ ചെയ്യാതെ ചെയ്തവരെ കളിയാക്കുന്ന ഒരു നയസമീപനമല്ലേ എടുത്തത്? ചെറുപ്പക്കാർക്ക് ഏറ്റവും കൂടുതൽ അവസരം കൊടുത്തിട്ടുള്ള ഒരു സംഘടനകൂടിയാണ് എൽ.ഡി.എഫ്.. ഈ കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പുകളിലും ആ നിലയിലാണ് എൽ.ഡി.എഫ്. കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത്. ഇവിടെ യൂത്ത് കോൺഗ്രസിന്റെ നേതാക്കന്മാർ ഇരിക്കുന്നുണ്ടല്ലോ, ഞങ്ങളെ ആരെങ്കിലുമൊക്കെ പരിഗണിക്കണം ഇല്ലെങ്കിൽ ഞങ്ങൾ സ്വമനസ്സാലെ ഇലക്ഷനിൽ മത്സരിക്കുമെന്ന് പറയേണ്ട ഗതികേടിലേയ്ക്ക് കേരളത്തിലെ യൂത്ത് കോൺഗ്രസ് മാറിയിരിക്കുകയാണ്. ഇവിടെയാണ് എൽ.ഡി.എഫ്.-ഉം കോൺഗ്രസും തമ്മിലുള്ള വ്യത്യാസം നമുക്ക് മനസ്സിലാക്കാൻ കഴിയുക. കേരളത്തിലെ ഏറ്റവും വലിയ, തിരുവനന്തപുരം കോർപ്പറേഷന്റെ ഭരണ സാരഥ്യം കുമാരി ആര്യ രാജേന്ദ്രൻ എന്ന പെൺകുട്ടിയെ ഏൽപ്പിച്ചപ്പോൾ ഇവിടെ കോൺഗ്രസിന്റെ പ്രമുഖനായിട്ടുള്ള നേതാവ് അതിനെ വിശേഷിപ്പിച്ചത് മാർക്കറ്റിംഗ് എന്നാണ്. അതിനെ പ്രോത്സാഹിപ്പിക്കുന്നതിനും അഭിനന്ദിക്കുന്നതിനും പകരം മാർക്കറ്റിംഗ് എന്നുപറഞ്ഞ് കളിയാക്കുന്ന ഒരു രീതിയാണ് നിങ്ങൾ അവലംബിച്ചത്. 21 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ പലയിടത്തും അധികാരത്തിലുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. 21 വയസ് പൂർത്തിയായാൽ മാത്രമേ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയുകയുള്ളൂ എന്ന് അദ്ദേഹം മറന്നുപോയി. ഇതാണ് ഇവിടത്തെ യു.ഡി.എഫ്. നേതൃത്വത്തിന്റെ അവസ്ഥ. ചെറുപ്പക്കാർക്ക് അവസരം കൊടുക്കാനും നിർണ്ണായക സ്ഥാനങ്ങൾ കൊടുക്കാനുമൊക്കെ എൽ.ഡിഎഫ്. കൃത്യമായി ഇടപെട്ടിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾക്ക് കേരളത്തിലെ യുവജനങ്ങൾ മറുപടി നൽകുമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട കോൺഗ്രസ് നേതാക്കന്മാരോട് സൂചിപ്പിക്കാനുള്ളത്. കോൺഗ്രസും ബി.ജെ.പി.യും ഭരിക്കുന്ന ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും കേന്ദ്രസർക്കാരും തസ്തികകൾ വെട്ടിക്കുറച്ച് യുവജനങ്ങളെ വഞ്ചിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അതേസമയം കേരളത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് 45000-ലധികം പുതിയ തസ്തികകൾ സൃഷ്ടിക്കാനും പി.എസ്.സി. വഴി 141615 ജീവനക്കാരെ നിയമിക്കാനും സാധിച്ചിട്ടുണ്ട്. അതുമാത്രമല്ല, ഈ സർക്കാരിന്റെ വിവിധ വകുപ്പുകളിലൂടെ നിരവധി ചെറുപ്പക്കാർക്ക് പുതുതായി തൊഴിൽ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയിലുൾപ്പെട്ട സംരംഭക വികസന

പദ്ധതിവഴി ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് കാലത്തും ഐ.ടി. മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 29510 പേർക്ക് ഈ കാലഘട്ടത്തിൽ നേരിട്ട് തൊഴിൽ ലഭിച്ചിട്ടുണ്ട്. 292 കമ്പനികൾ പുതിയതായി കേരളത്തിൽ പ്രവർത്തനമാരംഭിച്ചു. സ്റ്റാർട്ട്അപ് കമ്പനികളുടെ എണ്ണം 300-ൽനിന്നും 2200 ആയി. ഈ മേഖലയിൽ 2011-16 കാലയളവിൽ 207 കോടി രൂപയുടെ നിക്ഷേപം ഉണ്ടായപ്പോൾ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ 1200 കോടി രൂപയായി നിക്ഷേപം വർദ്ധിച്ചുവെന്നത് വളരെ അഭിനന്ദനീയമായ കാര്യമാണ്. പാർശ്വവത്കരിക്കപ്പെട്ട ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുവാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള പത്ത് ശതമാനം സംവരണം സാമൂഹിക നീതിക്കുവേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ ഉറച്ച കാൽവയ്പായിരുന്നു. മാത്രമല്ല, പട്ടികജാതി/പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അംബേദ്കർ കോളനികളടക്കമുള്ള കാര്യങ്ങൾ, നമ്മുടെ എല്ലാവരുടേയും മണ്ഡലങ്ങളിലുള്ള നൂറ് കണക്കിന് കോളനികളുടെ കൃത്യമായ മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു കാലഘട്ടമാണിത്. കോവിഡ് കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഹ്വാനം ചെയ്തതുപോലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു. കേരളത്തിൽ ഒരാൾപോലും പട്ടിണി കിടക്കരുതെന്നുള്ള അദ്ദേഹത്തിന്റെ ആഹ്വാനം ഏറ്റെടുത്തുകൊണ്ടാണ് എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നഗരസഭകളുമൊക്കെത്തന്നെ കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിച്ചുകൊണ്ട് ലക്ഷക്കണക്കിന് ജനങ്ങൾക്ക് ആഹാരമെത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചത്. 20 രൂപയ്ക്ക് ഭക്ഷണം നൽകുന്ന ജനകീയ ഭക്ഷണശാലയടക്കമുള്ള സംവിധാനങ്ങൾ ഈ നാട്ടിലെ കുടുംബശ്രീക്ക് കീഴിൽ ആരംഭിക്കുന്നതിന് സാധിച്ചു. സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ 'സുഭിക്ഷ' പദ്ധതി ആരംഭിക്കാൻ സാധിച്ചു. അങ്ങനെ ഏറ്റവും മികച്ച നിലയിൽ കോവിഡ് കാലത്തെ കൈകാര്യം ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്ന് പറയുന്നത് വളരെ അഭിമാനകരമായ കാര്യമാണ്. കേരളത്തിലെ സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റവും മികച്ച നിലയിൽ മുന്നോട്ടുപോയിട്ടുണ്ട്. ഇപ്പോൾ നമ്മുടെ റേഷൻ കടകൾ കണ്ടാൽ വലിയ അഭിമാനം തോന്നും. വളരെ ശോചനീയമായ അവസ്ഥയിൽനിന്നും റേഷൻ കടകൾക്ക് രൂപമാറ്റം വരുത്തി അതിന്റെ പഴയ പ്രതാപം വീണ്ടെടുക്കാനും ഉടമസ്ഥന് അഭിമാനത്തോടുകൂടി കട നടത്തിക്കൊണ്ടുപോകാനും കഴിയുന്ന തരത്തിൽ ഒരു വലിയ മാറ്റം കൊണ്ടുവരാൻ സിവിൽ സപ്ലൈസ് വകുപ്പിന് സാധിച്ചുവെന്ന് പറയുന്നത് തീർച്ചയായും അഭിമാനകരമായ ഒരു കാര്യമാണ്. അതുപോലെതന്നെ തൊഴിലിടങ്ങളിൽ സ്ത്രീകളുടെ

സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ടെക്സ്റ്റൈൽസുകളിൽ ഇരുന്ന് തൊഴിൽ ചെയ്യാനുള്ള അവകാശം സ്ഥാപിച്ചെടുത്തത് ഈ സർക്കാരാണ്. അത് ഏറ്റവും അഭിമാനകരമായ കാര്യമായി ചൂണ്ടിക്കാണിക്കുകയാണ്. അതിജീവനമെന്ന പേരിൽ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതി നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡേഴ്സിനായി 'മഴവിൽ' പദ്ധതി ആവിഷ്കരിക്കാൻ സാധിച്ചു. കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം, എച്ച്.ഐ.വി. സീറോ സർവയലൻസ് സെന്റർ തുടങ്ങിയവ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ മഴവിൽ പദ്ധതിയുടെ ഭാഗമായി നമുക്ക് അവതരിപ്പിക്കാൻ സാധിച്ചു. വനിത, ശിശുക്ഷേമ, സ്ത്രീശാക്തീകരണ മേഖലകളിൽ ലോകമാതൃക സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളിലെല്ലാം വനിതാ ജീവനക്കാരുടെ എണ്ണം കൂട്ടി. മാത്രമല്ല ഡ്രൈവർ തസ്തികയിൽ സ്ത്രീകൾക്ക് അപേക്ഷിക്കുന്നതിന് അവസരം നൽകിക്കൊണ്ട് സ്പെഷ്യൽ റൂൾ പാസ്സാക്കിയത് ഈ ഗവൺമെന്റിന്റെ കാലത്താണെന്നുള്ളതും വളരെ അഭിമാനകരമായിട്ടുള്ള കാര്യമാണ്. കോവിഡ് കാലത്ത് അംഗൻവാടി കുട്ടികൾക്കും ഗർഭിണികൾക്കും അവരുടെ വീടുകളിൽ പോഷകാഹാരം എത്തിക്കാനായിട്ടുള്ള പ്രവർത്തനങ്ങൾ അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരെയും ഉപയോഗിച്ചുകൊണ്ട് ചെയ്യാൻ സാധിച്ചു. എന്നുമാത്രമല്ല, സംസ്ഥാന ബഡ്ജറ്റിൽ 16% തുക വനിതാക്ഷേമത്തിനുവേണ്ടി നീക്കിവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള അവഗണന നമുക്കെല്ലാവർക്കും അറിയാം. നമുക്ക് ലഭിക്കേണ്ട ന്യായമായ നികുതി വിഹിതങ്ങളെല്ലാംതന്നെ ഇല്ലാതെയാക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതിനെതിരെ യു.ഡി. എഫ്.-ഓ കോൺഗ്രസിന്റെ നേതൃത്വമോ ഒരു വാക്കുപോലും ഉച്ചരിക്കുന്നതിന് തയ്യാറായിട്ടില്ല. ഫെഡറൽ തത്വങ്ങളെ ആകമാനം ഇല്ലാതാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതിനെതിരെ ഒരക്ഷരംപോലും ഉരിയാടാൻ തയ്യാറാകുന്നില്ല. ഇപ്പോൾ ജനസംഖ്യ നിർണ്ണയ വർഷം 2011-ലേയ്ക്ക് മാറ്റിയത് കേരളത്തെ ദോഷകരമായി ബാധിക്കുന്ന തീരുമാനമല്ലേ? ആ തീരുമാനത്തിനെതിരെ പ്രതികരിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. ജനസംഖ്യാ നിർണ്ണയ വർഷം മാറ്റിയതിന്റെ ഭാഗമായി കേരളത്തിന്റെ നികുതി വിഹിതം 2.5% ത്തിൽനിന്നും 1.8% ആയി മാറുകയാണ്. വരുമാനം പങ്കുവയ്ക്കാനുള്ള അനുപാതം 42% ആയി നിജപ്പെടുത്തുന്നത് നമ്മുടെ സമ്പദ്ഘടനയെ ബാധിക്കുന്ന കാര്യമാണ്. ധന കമ്മീഷൻ ശിപാർശ പ്രകാരമുള്ള കേന്ദ്ര വിഹിതത്തിൽ 2017-2018-ൽ 28% വെട്ടിക്കുറവാണുണ്ടായിരിക്കുന്നത്. റേഷൻ വിഹിതം ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പേരിൽ വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയുണ്ടായിരിക്കുകയാണ്. കേരളത്തിൽ സൗജന്യ കിറ്റ് നൽകുന്നതുപോലും കേന്ദ്രസർക്കാരിന്റെ പണം ഉപയോഗിച്ചാണെന്ന് യു.ഡി.എഫ്.-ന്റെ ഒരു നേതാവ് ഇവിടെ പ്രസംഗിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ

പണമെന്ന് പറയുന്നത് നമുക്കുകൂടി അവകാശപ്പെട്ട പണമല്ലേ; ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും തുല്യമായി ആ പണത്തിന്റെ വിഹിതം ലഭിക്കേണ്ടതല്ലേ; ഇവിടെ അതുപോലും മനസ്സിലാക്കുന്നില്ല. ബി.ജെ.പി.-ക്കാർ പറയുന്നത് എന്താണ്; ഇവിടെ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചാണെന്നാണ്. എന്നാൽ എന്താണ് യാഥാർത്ഥ്യം? അവർ പ്രഖ്യാപിക്കുന്ന ഓരോ പദ്ധതിയിലും നിശ്ചിത ശതമാനം തുക മാത്രമേ കേന്ദ്ര ഗവൺമെന്റ് നൽകുന്നുള്ളൂ. സ്മാർട്ട്സിറ്റി പദ്ധതി തിരുവനന്തപുരം, കൊച്ചി ഉൾപ്പെടെയുള്ള നഗരസഭകൾക്ക് ലഭിച്ചിട്ടുള്ള സ്കീമാണ്. അതിൽ അൻപത് ശതമാനം തുക മാത്രമേ കേന്ദ്രഗവൺമെന്റ് നൽകുന്നുള്ളൂ. ബാക്കി തുക സംസ്ഥാന ഗവൺമെന്റും അതാത് നഗരസഭകളും ചേർന്നാണ് നൽകേണ്ടത്. അമൃത് പദ്ധതി-അതിലും കേന്ദ്ര വിഹിതം അൻപത് ശതമാനം മാത്രമേയുള്ളൂ. പി.എം.എ.വൈ. പദ്ധതിയിൽ 37 ശതമാനവും സ്വച്ഛ്ഭാരത് പദ്ധതിക്ക് 35 ശതമാനവും മാത്രമാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. അതുപോലെ സർവ്വശിക്ഷാ അഭിയാൻ അടക്കമുള്ള പദ്ധതികളുടെ വിഹിതം വെട്ടിക്കുറയ്ക്കുന്നവരായി കേന്ദ്രഗവൺമെന്റ് മാറിയിരിക്കുകയാണ്. അതിനെതിരായൊന്നും ഒരക്ഷരംപോലും ഉരിയാടാൻ ഇവർക്ക് സാധിക്കുന്നില്ലെന്നുള്ളത് തീർച്ചയായും മലയാളികൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. നിരവധി കാര്യങ്ങളിൽ സംസ്ഥാനത്തോടുള്ള കേന്ദ്രഗവൺമെന്റിന്റെ വിവേചനം കാണാൻ സാധിക്കും. കൃഷിയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും നമ്മുടെ ഗവൺമെന്റ് വളരെ കൃത്യമായി മുന്നോട്ട് പോകുകയാണ്. രാജ്യ തലസ്ഥാനത്ത് സമരം ചെയ്തു കൊണ്ടിരിക്കുന്ന കർഷകരെ ശ്രീ. രാഹുൽഗാന്ധി ട്രാക്ടർ ഓടിച്ച് നയിച്ചുവെന്നാണ് ഇവിടെ ബഹുമാനപ്പെട്ട ഒരംഗം സംസാരിച്ചത്. കോൺഗ്രസ് ഇതിന് നേതൃത്വം കൊടുക്കുവാൻ തയ്യാറായതുതന്നെ വലിയ ആശ്വാസം. ഏറ്റവും കൂടുതൽ കാലം ഇന്ത്യ ഭരിച്ച ഒരു പാർട്ടി അതിന്റെ നേതൃസ്ഥാനത്ത് പ്രതിഷ്ഠിക്കാൻപോലും ആളില്ലാത്ത അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്താൻ വേണ്ടിയിട്ടെങ്കിലും അവർ പരിശ്രമിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കർഷകരെ സഹായിക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റ് റോയൽറ്റി ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി. ഈ ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളും വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിക്കുന്നതിനുവേണ്ടി തയ്യാറായിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കാര്യമെടുത്താൽ, എല്ലാ മണ്ഡലങ്ങളിലും റോഡുകൾ നന്നാവുകയാണ്, എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറുകയാണ്. റോഡുകളും പാലങ്ങളുമൊക്കെ ചെയ്യുന്നതിനാവശ്യമായിട്ടുള്ള ധനസഹായം ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവർക്കും നൽകിയിട്ടുള്ള ഗവൺമെന്റാണിത്. ഏറ്റവും ഗുണമേന്മയോടുകൂടി ആ റോഡുകൾ നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേതൃത്വം കൊടുക്കുന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്.

പവർകട്ടില്ലാത്ത ഒരുനാടായി ഈ കൊച്ചുകേരളത്തെ മാറ്റാൻ നമുക്ക് സാധിച്ചില്ലേ? വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല, വെള്ളക്കരം കൂട്ടിയിട്ടില്ല. അങ്ങനെ സമസ്ത മേഖലയിലും ജനക്ഷേമം കൊണ്ടുവന്നിട്ടുള്ള ഗവൺമെന്റാണ് ഈ നാട് ഭരിക്കുന്നത്. കേരളത്തിലെ എല്ലാ മന്ത്രിമാരും ഒന്നിനൊന്ന് മെച്ചപ്പെട്ട നിലയിൽ അവരുടെ വകുപ്പുകൾ കൈകാര്യം ചെയ്യുന്നുവെന്നുള്ളത് എടുത്തുപറയത്തക്ക രീതിയിൽ വികസന പന്ഥാവിലേയ്ക്ക് ഈ നാട് പോകുകയാണെന്നുള്ളതിന്റെ സൂചനയാണ്. തീർച്ചയായും അത്തരത്തിൽ നല്ല പ്രവർത്തനം നടത്തുന്ന സംസ്ഥാന ഗവൺമെന്റിനെ അഭിനന്ദിക്കാൻകൂടി ഈ സന്ദർഭം വിനിയോഗിച്ചുകൊണ്ട് ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നമസ്കാരം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.എസ്. ശബരീനാഥൻ)

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. ഇന്ന് ഏറ്റവും അവസാനം പ്രസംഗിച്ച ശ്രീ. വി. കെ. പ്രശാന്ത് പറഞ്ഞത് കൂടുതൽ ചെറുപ്പക്കാരെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കാൻ എൽ.ഡി.എഫ്. തയ്യാറായെന്നാണ്, അത് നല്ല കാര്യമാണ്. നമുക്കെല്ലാം സന്തോഷമുള്ളതും സ്വാഗതം ചെയ്യുന്നതുമായ കാര്യമാണ്. എന്നാൽ കേരളത്തിലെ ചെറുപ്പക്കാരോട് എൽ.ഡി.എഫ്. ഗവൺമെന്റ് ഭരണരംഗത്ത് എടുത്ത നിലപാടെന്താണ്? തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ കൂടുതൽ പരിഗണന നൽകുമെന്ന് കേരളത്തിലെ ചെറുപ്പക്കാർ പ്രതീക്ഷിച്ചു. എന്നാൽ സംഭവിച്ചത് എന്താണ്; പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടത്താത്തതിന്റെ പേരിൽ സെക്രട്ടേറിയറ്റ് പടിക്കലും നിയമസഭയുടെ മുന്നിലും നിരന്തരമായി സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഗവൺമെന്റിനെ അനുകൂലിച്ച് സംസാരിക്കുന്ന പ്രിയപ്പെട്ട അംഗങ്ങൾ പറയണം, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വിശ്വാസ്യതയോടെ നടത്തുന്നതാണ് പി.എസ്.സി. പരീക്ഷകൾ. ഇക്കാര്യത്തിൽ കേരളം ഇന്ത്യക്ക് മാതൃകയാണ്. അങ്ങനെയുള്ള പി.എസ്.സി. പരീക്ഷയെ അട്ടിമറിച്ചുകൊണ്ട് കള്ളക്കളി നടത്താൻ അവസരമുണ്ടാക്കുന്ന രീതിയിലേയ്ക്ക് പോകുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ആദ്യമായി ഉണ്ടായിരിക്കുകയാണ്. ചെറുപ്പക്കാരെ വഞ്ചിക്കുകയും അവരോട് അനീതി കാണിക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായതെന്ന് വ്യക്തമാകുകയാണ്. അതിനേക്കാൾ ഗൗരവമായി കഴിഞ്ഞ ദിവസം ഈ സഭ ചർച്ച ചെയ്ത വിഷയമാണ് പിൻവാതിൽ നിയമനം കേരളത്തിൽ അതിന്റെയൊരു ഘോഷയാത്ര നടക്കുകയാണ്. എല്ലാ വകുപ്പിലും മത്സരിച്ച് പിൻവാതിൽ നിയമനം നടത്തുകയാണ്. മന്ത്രിമാർതന്നെ ഇപ്പോൾ അതിനെ സംരക്ഷിക്കുകയാണ്. ഇതുപോലെ യുവജനങ്ങളെ വഞ്ചിക്കുന്ന, ചെറുപ്പക്കാരോട് നീതി പുലർത്താൻ കഴിയാത്ത സാഹചര്യം എൽ.ഡി.എഫ്.

ഗവൺമെന്റിൽനിന്നുണ്ടായിയെന്നുള്ളത് ഞാൻ ആദ്യം തന്നെ ചൂണ്ടിക്കാണിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഗവൺമെന്റിന്റെ മുദ്രാവാക്യം 'വികസനവും കരുതലു'മായിരുന്നു. ഈ മുദ്രാവാക്യത്തിന്റെ പശ്ചാത്തലത്തിൽ നിരവധി കർമ്മപരിപാടികളുമായി ഗവൺമെന്റ് മുന്നോട്ടുപോയി. ഇന്നത്തെ സാഹചര്യം എന്താണ്; ഇപ്പോൾ എണ്ണം പറയുന്നു, പ്രകടന പത്രികയിൽ പറഞ്ഞ 600 കാര്യങ്ങളിൽ 570 എണ്ണം നടപ്പിലാക്കി എന്നെല്ലാം പറയുന്നു. യഥാർത്ഥത്തിൽ ഇവിടെ നടന്നത് എന്താണ്; ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ജെ. ജോസഫ് ചൂണ്ടിക്കാണിച്ചു പോലെ, പ്രഖ്യാപനങ്ങളുടെ എണ്ണമാണ് 570 എന്നുപറഞ്ഞാൽ ന്യായമാണ്. ഇതിനപ്പുറം എന്ത് വികസനമാണ് നടപ്പിലാക്കിയത്; നടപ്പാക്കിയതിന്റെ പ്രോഗ്രസ്സ് പരിശോധിക്കുമ്പോൾ യാഥാർത്ഥ്യങ്ങൾ നമുക്ക് വ്യക്തമാകുമല്ലോ? പ്രളയക്കെടുതി വന്നതിനുശേഷം 'റീ-ബിൽഡ് കേരള' നടപ്പാക്കിയെന്നു പറയുന്നു, എവിടെയാണ് റീ-ബിൽഡ് നടന്നത്; പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അടുത്ത ബഡ്ജറ്റ് വരാൻ പോവുകയാണ്. സംസ്ഥാനം തെരഞ്ഞെടുപ്പിലേയ്ക്ക് പോകുന്നതുകൊണ്ട് എന്തുവേണമെങ്കിലും ധൈര്യമായി പ്രഖ്യാപിക്കാം, അതൊന്നും നടപ്പാക്കേണ്ടിവരില്ല. ഇവിടെ പ്രളയക്കെടുതിയിൽ തകർന്ന പാവപ്പെട്ടവർക്കുവേണ്ടി ഇടുക്കി പാക്കേജ് 5000 കോടി രൂപ, വയനാട് പാക്കേജ് 5000 കോടി രൂപ, തീരദേശ പാക്കേജ് 10,000 കോടി രൂപ എന്നെല്ലാം പറഞ്ഞതല്ലാതെ എന്തെങ്കിലും കൊടുത്തിട്ടുണ്ടോ; തകർന്നടിഞ്ഞുനിൽക്കുന്ന കുട്ടനാടിന്റെയും അപ്പർ കുട്ടനാടിന്റെയും സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിൽ എന്തെങ്കിലും നടന്നിട്ടുണ്ടോ; ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെ മുമ്പിൽ മറുപടി പറയാൻ കഴിയാത്ത വിധത്തിൽ പ്രതിക്കൂട്ടിൽ നിൽക്കുന്ന സാഹചര്യങ്ങളെയും പ്രഖ്യാപനങ്ങളുടെ ഘോഷയാത്ര പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. പാവങ്ങൾക്ക് വീട് കൊടുക്കുന്ന കാര്യത്തിൽ, ലൈഫ് പദ്ധതിയാകട്ടെ, മറ്റ് പദ്ധതികളാകട്ടെ, എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തിയിലും കോട്ടയം ജില്ലയാകെ പഞ്ചായത്തടി സ്ഥാനത്തിലും ഞങ്ങൾ പരിശോധിച്ചു. പല സ്ഥലത്തും, ഒരു പഞ്ചായത്തിൽ ഒരു വീടിൽ കൂടുതൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. മിക്കവാറും സ്ഥലങ്ങളിൽ വീടും പൊളിച്ചിട്ട് പടുത വലിച്ചുകെട്ടി പണം കിട്ടുമെന്ന് പ്രതീക്ഷിച്ച് ആളുകൾ കാത്തിരിക്കുന്ന സ്ഥിതിയാണ്. അഴിമതിയും മറ്റുവിഷയങ്ങളുമെല്ലാം കാരണം ആ പദ്ധതി തന്നെ പൊളിഞ്ഞുകഴിഞ്ഞു. സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഒരു കടമയുണ്ടല്ലോ; പാവങ്ങൾക്ക് വീട് കൊടുക്കുന്നതിന് എല്ലാ ഗവൺമെന്റിന്റെയും കാലത്ത് മുൻഗണന നൽകിയിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ പാവങ്ങൾക്ക് കൊടുത്ത വീടുകളുടെ കാര്യത്തിൽ ഒരു

വ്യക്തതയുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയില്ല. ഇനി എന്ന് കൊടുക്കാൻ സാധിക്കും; ആളുകൾ കാത്തിരിക്കുകയാണ്, ഈ ബഡ്ജറ്റിലൂടെ അടുത്ത പ്രഖ്യാപനം വരുമായിരിക്കും. ഇതുപോലെ ജനങ്ങളെ കബളിപ്പിക്കുന്ന ഒരു സമീപനം എല്ലാ രംഗത്തും സ്വീകരിച്ചുവെന്നുള്ളത് തീർച്ചയായും പ്രതിഷേധാർഹമായ കാര്യമാണ്. കാരുണ്യ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 'കാരുണ്യ പദ്ധതി' കേരളത്തിലെ പാവങ്ങൾക്ക് വലിയ അനുഗ്രഹമായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് കാരുണ്യ ലോട്ടറി കൊണ്ടുവന്നു. പാവപ്പെട്ട മനുഷ്യരുടെ ചികിത്സാ ചെലവുകൾ, അത് രണ്ടുലക്ഷമോ മൂന്നുലക്ഷമോ ആകട്ടെ, അതെല്ലാം കൊടുക്കാൻ ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എന്ന പുതിയ സ്കീമിലേയ്ക്ക് ലയിപ്പിച്ചിരിക്കുകയാണെന്നാണ്. എല്ലാവർക്കും സഹായം കിട്ടുന്നുണ്ടെന്ന് പറയുന്നു. എവിടെയാണ്; ആർക്കാണ് കിട്ടുന്നത്? മെഡിക്കൽ കോളേജിന്റെ വാതിൽക്കലും ഗവൺമെന്റ് ആശുപത്രികളുടെ വാതിൽക്കലും ചികിത്സാ സഹായം കിട്ടാതെ പാവപ്പെട്ട മനുഷ്യർ നെട്ടോട്ടമോടുകയാണ്. കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഈ ഗവൺമെന്റ് പരിപൂർണ്ണ പരാജയമാണെന്ന് പറയുന്നതിൽ ഞങ്ങൾക്ക് വേദനയുണ്ട്. ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയാണ് കാരുണ്യ പദ്ധതി കൊണ്ടുവന്നത്. ഈ പദ്ധതി എൽ.ഡി.എഫ്. ഗവൺമെന്റ് നിർത്തലാക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "ബഹുമാനപ്പെട്ട തോമസ് ഐസക്, നിങ്ങൾ കാരുണ്യ പദ്ധതിയുടെ കഴുത്ത് ഞെരിച്ചുകൊല്ലരുത്, ഇത് പാവങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണ്, ഈ പദ്ധതി അട്ടിമറിച്ചാൽ നിങ്ങൾ പാവങ്ങളുടെ കഴുത്താണ് ഞെരിക്കുന്നത്". ജനങ്ങൾക്കുവേണ്ടി കൂടുതൽ ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും കാരുണ്യ പദ്ധതികൾപോലുള്ള കാര്യങ്ങൾ നിർത്തലാക്കിയത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യങ്ങളല്ല.

കൃഷിക്കാരുടെ കാര്യത്തിൽ ഇവിടെ വലിയ കാര്യങ്ങൾ പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 150 രൂപ എന്നത് നാലരവർഷക്കാലം ഭരിച്ചിട്ടും 151 രൂപയാക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ; മാത്രമല്ല റബ്ബർ വിലസ്ഥിരതാ ഫണ്ട് ഒരുവർഷമായി കുടിശ്ശികയാണ്. നാളത്തെ ബഡ്ജറ്റിൽ നിങ്ങൾക്കത് വേണമെങ്കിൽ 200-ഓ 250-ഓ ആയി വർദ്ധിപ്പിക്കാം. ഇനി പ്രഖ്യാപിച്ചാൽ ഈ ഗവൺമെന്റിന് കൊടുക്കേണ്ട കാര്യം വരുന്നില്ല. അടുത്ത ഗവൺമെന്റാണ് കൊടുക്കേണ്ടിവരുന്നത്. അതുകൊണ്ട് ധൈര്യമായി പ്രഖ്യാപിക്കാം. 250 ആക്കണമെന്ന് കഴിഞ്ഞ നാലരവർഷമായി ഞങ്ങൾ ആവശ്യപ്പെടുകയാണ്, ഇതുവരെ ചെയ്തിട്ടില്ല. റബ്ബർ കൃഷിക്കാർക്കുവേണ്ടി യു.ഡി.എഫ് കൊണ്ടുവന്ന 150 രൂപയുടെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാൻ കഴിയാതിരുന്ന

തിലുള്ള ശക്തമായ പ്രതിഷേധം ഞാൻ പ്രകടിപ്പിക്കുകയാണ്. കൃഷിക്കാർക്കുവേണ്ടി നിരവധി പ്രഖ്യാപനങ്ങളല്ലാതെ ഇവിടെ ഒന്നും നടന്നിട്ടില്ല. സാധാരണ നടക്കുന്ന കുറച്ച് പദ്ധതികളല്ലാതെ കർഷക ജനത ഈ കോവിഡ് കാലത്ത് ഇത്രയും ബുദ്ധിമുട്ടിയപ്പോൾ അവരെ സഹായിക്കാൻവേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് കൊണ്ടുവരാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് കഴിഞ്ഞില്ല. അത്രയേറെ കാർഷികമേഖലയെയും കൃഷിക്കാരെയും അവഗണിക്കുകയും വഞ്ചിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായി എന്നുള്ളതും പ്രതിഷേധാർഹമാണ്. സത്യത്തിൽ, കോവിഡ് വന്നതുകൊണ്ട് സർക്കാർ രക്ഷപ്പെട്ടു. സമരം ചെയ്താൽ കോവിഡ് വ്യാപിക്കുമെന്ന് ശ്രീ. മാത്യു. ടി. തോമസ് പറഞ്ഞു. അതൊരു ഉപകാരമായെന്ന് കൂട്ടിയാൽമതി. കാരണം കേരളത്തിൽ സമരങ്ങൾ കുറഞ്ഞു. ഗവൺമെന്റിന് വികസന കാര്യങ്ങൾ ജനങ്ങളുമായി ചർച്ച ചെയ്യേണ്ട സാഹചര്യം ഒഴിവായി. വളരെ തന്ത്രപൂർവ്വം ഗവൺമെന്റ് രക്ഷപ്പെട്ടുപോകുന്നുവെന്നതൊഴിച്ചാൽ, വികസന രംഗത്തും ജനക്ഷേമ പദ്ധതികളുടെ കാര്യത്തിലും നാടിനെ മറന്ന സമീപനം ഉണ്ടായെന്നുള്ളത് പ്രതിഷേധാർഹമാണ്. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നതിന് സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സമസ്തമേഖലകളിലും സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളുംകൊണ്ട് ലോകത്തിന് മാതൃകയായ ഈ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഞാൻ ഹൃദയത്തിൽ ചേർത്തുപിടിച്ച് അഭിനന്ദിക്കുന്നു. സമ്പന്നമായ കുതിപ്പിന്റെ നാൾവഴികളിലൂടെയാണ് കോവിഡ് കാലത്തും കേരളം മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. സർക്കാർ എല്ലാവരെയും ചേർത്തുപിടിച്ച് കേരളത്തിന്റെ കരുത്തും കരുതലുമായി മുന്നോട്ടുപോകുകയാണ്. പ്രകടന പത്രികയിൽ പറഞ്ഞ എല്ലാ പ്രഖ്യാപനങ്ങളും ചെയ്തുതീർക്കുക മാത്രമല്ല, പ്രോഗ്രസ്സ് റിപ്പോർട്ട് ജനങ്ങളുടെ മദ്ധ്യത്തിൽ എത്തിക്കുകകൂടി ചെയ്തിരിക്കുകയാണ്. ഇതുവരെ അങ്ങനെയൊരു സർക്കാർ ചെയ്തതായി എന്റെ അന്വേഷണത്തിൽ ഇല്ല. ചെയ്യാൻ കഴിയുന്നതേ പറയൂ, പറയുന്നതേ ചെയ്യൂ. അതാണ് ഈ സർക്കാർ.

"പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,

പൂക്കുന്നു തേന്മാവ്, പൂക്കുന്നശോകം;

വായ്ക്കുന്ന വേലിക്കു വർണ്ണങ്ങൾ,

പൂവാൽ ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ" .

ദീർഘവീക്ഷണത്തോടെ മഹാകവി കുമാരനാശാൻ പാടിയത് കേരളത്തെ ക്കുറിച്ചാണ്. അന്തിമേഘംപോലെ ചുവക്കുന്ന ഈ കേരളത്തിൽ, സർക്കാർ ക്ഷേമപ്രവർത്തനത്തിലും വികസന പ്രവർത്തനത്തിലും പിന്നിലാണെന്ന് തെറ്റായ വ്യാഖ്യാനങ്ങൾ നടത്തുന്നവർക്കുപോലും മനസ്സുതൊട്ട് പറയാൻ കഴിയില്ല. അതുമാത്രമല്ല, അഴിമതിയില്ലാത്ത ഈ സർക്കാർ ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാന സർക്കാരു കളേക്കാൾ മുൻപന്തിയിൽ നിൽക്കുകയാണ്. പ്രളയം, വെള്ളപ്പൊക്കം മുതലായ ദുരന്തങ്ങൾ നീന്തിക്കടന്ന്, വന്ന മഹാമാരികളെയെല്ലാം അകറ്റിനിർത്തി കേരളത്തെ രക്ഷിച്ചത് ഈ മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും മറ്റ് മന്ത്രിമാരുമാണ്. ഇവിടത്തെ സാമാന്യ ജനതയെ കൂട്ടുപിടിച്ചുകൊണ്ട്, എല്ലാ പഞ്ചായത്തുകളെയും എല്ലാ ജനവിഭാഗങ്ങളെയും കോർത്തിണക്കി, അവരുടെ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി കേരളത്തിന്റെ മുന്നേറ്റം സാധ്യമാക്കാൻവേണ്ടി പ്രയത്നിച്ചു. കോവിഡ് മഹാമാരിയെ നേരിട്ട സർക്കാർ, ആരും വീട്ടിൽനിന്ന് പുറത്ത് പോകരുതെന്നും പട്ടിണി കിടക്കരുതെന്നും പ്രഖ്യാപിച്ചു. പുറത്തു പോകാതിരുന്നാൽ ഈ മഹാമാരിയെ നേരിടാൻ കഴിയുമെന്ന വിശ്വാസംകൊണ്ടാണ് അങ്ങനെ പറഞ്ഞത്. പുറത്തുപോകാതിരുന്നാൽ പണമില്ലാത്തവർ എങ്ങനെ ജീവിക്കും, ജീവിതം വഴിമുട്ടുമോ എന്ന് ശങ്കിച്ചുനിന്ന ഒരു സാമാജികൻകൂടിയാണ് ഞാൻ. അപ്പോഴാണ് മുഖ്യമന്ത്രി പറയുന്നത് ആവശ്യമുള്ള കിറ്റുകൾ വീടുകളിൽ വിതരണം ചെയ്യുമെന്ന്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസ മില്ലാതെ ജനങ്ങളുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് കോഴി കുഞ്ഞുങ്ങളെ ചിറകിനുള്ളിൽ സംരക്ഷിക്കുന്നതുപോലെ ഈ സർക്കാർ പോറ്റുകയാണ്. കേരളത്തിലെ ജനങ്ങളെ മാത്രമല്ല, അതിഥി തൊഴിലാളികളെപ്പോലും ഇത്രയധികം സ്നേഹിക്കുകയും അവർക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ സഹായത്തോടുകൂടി രണ്ട് മണ്ഡലത്തിൽ 'അപ്നാ ഘർ' പദ്ധതി തയ്യാറാക്കിവരികയുമാണ്.

3.00 P.M.]

പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് ജനങ്ങളെയാകെ ചേർത്തുപിടിച്ച് നാടിന്റെ പുരോഗതിക്കായി തേര് തെളിക്കുന്ന പിണറായി സർക്കാരിനെ അഭിനന്ദിച്ചുകൊണ്ടാണ് ആരാധ്യനായ ഗവർണ്ണർ നേട്ടങ്ങൾ എണ്ണിയെണ്ണി പറഞ്ഞത്. യു.ഡി.എഫ്-ന് അത് സഹിക്കാൻ കഴിഞ്ഞിരിക്കില്ല. എന്നാൽ ബി.ജെ.പി.-യുടെ പ്രതിനിധി എല്ലാം കേട്ടിരുന്നു. നാട് ആരോഗ്യത്തോടെ മുന്നോട്ടുപോകുകയാണ്. നമ്മുടെ നാട്ടിൽഒരു പവർ കട്ടുണ്ടായോ? ആർക്കെങ്കിലും കൂടുതൽ കാശ് കൊടുക്കേ ണ്ടിവന്നോ? ലഭ്യമല്ലായെന്ന് മാത്രം പറഞ്ഞുകേട്ടിരുന്ന വൈദ്യുതി സംരക്ഷിക്കുക മാത്രമല്ല, അത് വിൽക്കുകകൂടി ചെയ്ത 'കറുത്ത മനുഷ്യൻ' നമ്മുടെ നാടിനെ 'വെളുപ്പി ക്കുകയാണ്', അതാണ് ഊർജ്ജസ്വലനായ ഊർജ്ജ വകുപ്പുമന്ത്രി. പലപ്പോഴും പ്രാദേശിക തെരഞ്ഞെടുപ്പ് ഫലങ്ങൾ ഭരിക്കുന്നവർക്ക് എതിരാകാറാണുള്ളത്.

എന്നാൽ കഴിഞ്ഞ ഇരുപത് വർഷത്തെ ചരിത്രം മാറ്റിക്കുറിച്ചുകൊണ്ട്, ഇവിടെ ആര് എന്തൊക്കെ പറഞ്ഞാലും വർഗ്ഗീയതയ്ക്ക് എന്നും എതിരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഒരാളെയും കൂട്ടുപിടിക്കില്ല; ജയിച്ചു വന്നു. ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയടങ്ങിയ ത്രിതല പഞ്ചായത്തുകളിൽ നടന്ന തെരഞ്ഞെടുപ്പ് ഫലം അതാണ് കാണിക്കുന്നത്. ഇവിടെ ഗൂഢാലോചനകളും കുത്തിത്തിരിപ്പുകളും നടന്നു. ബി.ജെ.പി.-യും യു.ഡി.എഫ്-ഉം ഒരേ തൂവൽപക്ഷികളായി കളത്തിൽ മേഞ്ഞുനടന്നത് ഇവിടത്തെ ജനങ്ങൾ കണ്ടിട്ടുണ്ട്. ഇവിടെ ഭരണത്തുടർച്ച ഉണ്ടാകുമെന്നതിന്റെ തെളിവുകൂടിയാണ് ഈ സൂചന. പൊറാട്ട് വേഷങ്ങൾ കെട്ടിനടന്ന് ജനങ്ങളെ പറ്റിക്കാൻ സാധിക്കില്ല, കാരണം അവരുടെ ജീവിതമാണ് നിങ്ങൾ പന്താടുന്നത്. അവരുടെ കുട്ടികളുടെ പഠനത്തിനായും ജീവിത സംസ്കാരം മെച്ചപ്പെടുത്താനായും അവരുടെ ജീവിതത്തിൽ എന്തൊക്കെ സാധ്യതകൾ ഈ സർക്കാർ ചെയ്തുവെന്ന് അവർക്കറിയാം, അവർക്ക് ആവശ്യമുള്ളതെല്ലാം ചെയ്യാൻ തയ്യാറുള്ളൊരു സർക്കാരിനെ എങ്ങനെ ഇകഴ്ത്തിക്കാണിക്കാനാകും? ജനങ്ങൾക്ക് എങ്ങനെ എൽ.ഡി.എഫ്-നെ നെഞ്ചിലേറ്റാതിരിക്കാനാകും; ഇത്തരത്തിൽ ജനങ്ങൾ നെഞ്ചിലേറ്റുന്ന സർക്കാർ ലോകത്തിൽ വേറെ എവിടെയാണുള്ളത്? അഭിപ്രായവ്യത്യാസങ്ങളുണ്ടാകും, പക്ഷെ, ഏകാഭിപ്രായത്തോടെ ഈ കോവിഡ് കാലത്തും സമ്പന്നമായ കുതിപ്പുകൾ സമ്മാനിച്ചത് ഈ ജനങ്ങൾ ഒത്തുചേർന്ന് മുന്നോട്ട് നീങ്ങിയതുകൊണ്ടാണ്. ഈ നിശ്ചയദാർഢ്യത്തിനും വ്യക്തമായ നയത്തിനുമാണ് ത്രിതല പഞ്ചായത്തിലെ വിജയം ജനങ്ങൾ സമ്മാനിച്ചത്. ലോകത്തിലെ ഏറ്റവും വലിയ ഭരണഘടനയാണ് ഇന്ത്യയ്ക്കുള്ളത്. നമ്മുടെ രാജ്യം കാർഷിക രാജ്യമാണ്. ഇവിടെ മഹാഭൂരിപക്ഷവും കർഷകരാണ്. എന്നാൽ കർഷകന് പ്രോത്സാഹനം നൽകുന്ന ഒരു നിയമവും ഈ രാജ്യത്തില്ല. എന്നിട്ടും കർഷകരുടെ സമരം തകർക്കാൻ ബി.ജെ.പി. ഗവൺമെന്റ് കൈക്കൊണ്ട നിലപാടുകൾ നമ്മളൊക്കെ കണ്ടതാണ്. കർഷകർ മറ്റൊരു സ്വാതന്ത്ര്യസമരത്തിന് തയ്യാറെടുക്കുകയാണ്. തൊഴിലാളികൾ രക്തംചീന്തി നേടിയെടുത്ത കൂലി, സുരക്ഷിതത്വം, സ്വാതന്ത്ര്യം, എട്ട് മണിക്കൂർ ജോലി തുടങ്ങിയവയെല്ലാം അട്ടിമറിക്കപ്പെടുന്നത് കാണാതിരുന്നുകൂടാ. ബി.ജെ.പി.-യുടെ സംസ്കാരം എക്കാലത്തും തൊഴിലാളിവർഗ്ഗത്തിനെതിരാണ്. ജാതി കോമരങ്ങൾ എന്തെല്ലാം അഴിഞ്ഞാട്ടം നടത്തിയാലും...... നടക്കില്ലെന്നുപറഞ്ഞ് കളഞ്ഞിരുന്ന ഗ്യാസ് പൈപ്പ് ലൈൻ ഇന്ന് യാഥാർത്ഥ്യമായി. ഇരട്ടചങ്കനെന്നോ മറ്റെന്തു ചങ്കനെന്നോ നിങ്ങൾ വിളിച്ചാലും ശരി, നിശ്ചയ ദാർഢ്യമുള്ളൊരു മുഖ്യമന്ത്രിയും അത് നടപ്പിലാക്കാൻ പറ്റിയ മന്ത്രിമാരുമുള്ളതുകൊണ്ടാണ് ഇത് സംഭവിച്ചത്. ജനവാസ-മലയോരകേന്ദ്രങ്ങളിലൂടെയും ജലാശയങ്ങളിലൂടെയും എത്തുന്ന ഗ്യാസ് പൈപ്പ് ലൈൻ ഇക്കഴിഞ്ഞ ദിവസം മുഖ്യമന്ത്രി ഉദ്ഘാടനം

ചെയ്തു. ജനങ്ങൾ വളരെ സന്തോഷത്തിലാണ്. കാരണം, 20% ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുള്ള ഒരു പൈപ്പ് ലൈനാണ്, ജലം പൈപ്പിലൂടെ നമ്മുടെ അടുക്കളകളിൽ എത്തുന്നതുപോലെയാണ് ഗ്യാസ് എത്തുന്നത്. ഈ സമ്പ്രദായം എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. അത് യാഥാർത്ഥ്യമാക്കി. ഇരുപത് ശതമാനം ഇന്ധനച്ചെലവ് കുറയ്ക്കാൻ ഇതുവഴി സാധിക്കുമെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. വാതക ടാങ്കുകൾ നിരത്തിലൂടെ ഓടുമ്പോഴുണ്ടാകുന്ന അപകടങ്ങൾ ഇല്ലാതെയാകും. റോഡ് സുരക്ഷിതത്വം ഉറപ്പുവരുത്തും. മലിനീകരണമില്ലാത്ത ഇന്ധന വ്യവസായ വളർച്ച നമ്മുടെ രാജ്യത്തുണ്ടാകും. അടുക്കളകളിൽ പൈപ്പ് ലൈനുകളിലൂടെ ഗ്യാസ് വിതരണം ചെയ്യും. എന്റെ മണ്ഡലത്തിലെ വീടുകളിലേയ്ക്ക് നൽകിയ ഗ്യാസ് പൈപ്പ് ലൈൻ ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞ ദിവസം എനിക്ക് സാധിച്ചുവെന്നത് അഭിമാനത്തോടെ ഞാൻ അറിയിക്കുകയാണ്. ഇതൊക്കെ ചെയ്തിട്ടും നിങ്ങൾ പിന്നെയും വിവരക്കേട് പറയുകയാണ്.

സാംസ്കാരിക രംഗം വളരെ സജീവമായ കാലഘട്ടമാണിത്. മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങളുടെയും ഗ്രാന്റ് വർദ്ധിപ്പിച്ചു. ഇല്ലായ്മയിൽ നിന്നാണിത് ചെയ്യുന്നത്. ഒന്നര ലക്ഷം രൂപയായിരുന്ന എഴുത്തച്ഛൻ പുരസ്കാരം അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തി. ഒന്നര ലക്ഷമായിരുന്ന രാജാരവിവർമ്മ പുരസ്കാരം മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തി. ഗുരുഗോപിനാഥ് തുടങ്ങി നിരവധി സാംസ്കാരിക നായകൻമാരുടെ പേരിലുള്ള അവാർഡുകളുടെയൊക്കെ തുക വർദ്ധിപ്പിച്ചു. സാംസ്കാരിക ക്ഷേമനിധി ബോർഡ് നൽകിവരുന്ന കലാകാരൻമാർക്കുള്ള പെൻഷൻ ആയിരം രൂപയിൽനിന്ന് മൂവായിരം രൂപയായി വർദ്ധിപ്പിച്ചു. കലാകാരൻമാർക്ക് പെൻഷൻ യു.ഡി.എഫ്. കൊടുക്കുമോ? കുടുംബ പെൻഷൻ 750 രൂപയിൽനിന്ന് 1500 രൂപയാക്കി വർദ്ധിപ്പിച്ചു. അടിയന്തര ചികിത്സാസഹായമായി പരമാവധി ഒരു ലക്ഷം രൂപ നൽകി. ഇത് കലാകാരൻമാർക്ക് നൽകിയ കാര്യമാണ്. ഇതുകൂടാതെ സാമൂഹ്യ പെൻഷനടക്കമുള്ള മറ്റ് കാര്യങ്ങൾ നിരവധിയുണ്ട്. കലാകാരൻമാർ അവജ്ഞയോടെ കാണപ്പെടേണ്ടവരല്ല. കലാരംഗം ജീവനോപാധിയാക്കിയ 32000 കലാകാരൻമാർക്ക് 2000 രൂപ വീതം വേറെ നൽകി. ഇതുവരെ സഹായം ലഭിക്കാത്തവരെക്കുറിച്ച് പല എം.എൽ.എ.-മാരും കത്തെഴുതിയും ഫോൺ മുഖാന്തരവും അറിയിച്ചിട്ടുണ്ട്. അത്തരക്കാരെ സഹായിക്കാനായി ആയിരം രൂപ വീതം നൽകി. കഴക്കൂട്ടത്ത് ചലച്ചിത്ര അക്കാദമിക്ക് സ്വന്തമായി ആസ്ഥാന മന്ദിരം, ഫിലിം റിസർച്ച് സെന്റർ തുടങ്ങിയവയുടെ സാമ്പത്തിക സ്രോതസ്സ് ഈ സർക്കാരാണ് നൽകുന്നത്. ഇതിൽനിന്നാണ് നമ്മുടെ സിനിമാ രംഗത്തുനിന്ന് ഒരു വലിയ വിപ്ലവം കഴിഞ്ഞ ദിവസം നമ്മൾ കണ്ടത്. അവർക്ക് ആവശ്യമുള്ള സൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു ഈ സർക്കാർ. മഹാനടൻമാർ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയ മുഴുവൻ പേരും സർക്കാരിനെ അഭിനന്ദിച്ചു. നവോത്ഥാന നായകരുടെ സ്മരണയ്ക്കായി ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയങ്ങൾ,

'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ നൂറാം പിറന്നാൾ ആഘോഷിച്ചു. ഗാന്ധിജി മൂന്ന് തവണ സന്ദർശനം നടത്തിയ പാലക്കാട്ടെ ഗാന്ധിസ്മൃതി മണ്ഡപത്തിലുള്ള ഗാന്ധി പ്രതിമയുടെ മുകളിൽ ഒരു കാവിക്കൊടി കണ്ടു. ഉളുപ്പുണ്ടോ ഇവർക്ക്? ഗാന്ധിജിയുടെ ഘാതകൻമാരായ ഇവരുടെ നിലപാട് എന്താണ്? ഗാന്ധി ഘാതകൻമാർ ഗാന്ധി പ്രതിമയിൽ കാവിക്കൊടി പുതപ്പിച്ചുവത്രേ. നമ്മുടെ രാജ്യത്തെ വർഗ്ഗീയ തയിലേയ്ക്ക് കൊണ്ടുപോകാനും സംഘർഷങ്ങളുണ്ടാക്കാനും കേരളത്തിലെ മാതൃകാ സ്ഥാപനങ്ങളും ജനങ്ങളും അനുവദിക്കില്ല. കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ ഗ്രാമീണ തലത്തിലേയ്ക്ക് പോകുകയാണ്. ശില്പകല, പ്രതിമകൾ, സൃഷ്ടികൾ അതുപോലെ എല്ലാ മേഖലകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് വിപണനകേന്ദ്രം ആരംഭിച്ചു. കാർഷിക മേഖലയെക്കുറിച്ച് എല്ലാവരും സംസാരിച്ചു. കാർഷിക മേഖലയ്ക്ക് വിപണന കേന്ദ്രം വേണം. ചക്കയിൽനിന്നും കപ്പയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വനിതാ ഇൻഡസ്ട്രി എന്റെ മണ്ഡലത്തിൽ വരാൻ പോകുന്നു. മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങളുടെയും ഗ്രാന്റ് വർദ്ധിപ്പിച്ചത് സാംസ്കാരിക അവബോധമുള്ള സർക്കാരാണ് ഇവിടെ ഭരിക്കുന്നതെന്നുള്ളതിന്റെ തെളിവാണ്. നിരവധി സാംസ്കാരിക സ്ഥാപനങ്ങൾ കേരളത്തിന്റെ ഓരോ ജില്ലയിലും വന്നു. എൻ.എൻ. കക്കാടിന്റെ സ്മാരക മന്ദിരം അടുത്ത ദിവസം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കേരളത്തിൽ പുതിയ കാലം, പുതിയ നിർമ്മാണം, അത്ഭുതമാണ് എന്റെ മണ്ഡലത്തിൽ, കേരളത്തിൽ മിക്കവാറും നമ്മൾ പോകുന്ന സ്ഥലങ്ങളിലെല്ലാം, ഞാൻ നഗരങ്ങളിൽ കാണുന്ന റോഡുകളുടെയും പാലങ്ങളുടെയും മനോഹാരിത എന്റെ ഗ്രാമത്തിലും കാണാൻ സാധിക്കുന്നു.

<u>മി. ചെയർമാൻ</u>: രണ്ടര മിനിട്ട് അധികമായി, അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, കൺക്ലൂഡ് ചെയ്യാം. ഇതെല്ലാം ചെയ്യാൻ സാധിക്കുന്നത് ഇച്ഛാശക്തികൊണ്ട് മാത്രമല്ല, അഴിമതിയില്ലാത്തൊരു ഭരണം ഈ സംസ്ഥാനത്ത് നടക്കുന്നുവെന്നുള്ളതിന്റെ തെളിവുകൂടിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും എപ്പോഴും കൃഷിയെക്കുറിച്ച് പറയാറുണ്ട്. കൃഷി നമ്മുടെ സംസ്കാരമാണ്. അത് നമ്മുടെ ജീവിത സംസ്കാരമായി മാറുന്നു. കാർഷികോത്പന്നങ്ങൾ പലതും നമ്മൾ ഇറക്കുമതി ചെയ്യാറാണ് പതിവ്. എന്നാൽ ഇപ്പോഴത് കയറ്റി അയയ്ക്കുന്നതിൽ എത്തി നിൽക്കുകയാണ്. പച്ചക്കറി ഉൽപ്പാദനം 6 ലക്ഷം മെട്രിക് ടണ്ണായിരുന്നത് പതിനഞ്ച് ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. ഇന്ത്യയിൽ ആദ്യമായി നെൽകർഷകർക്ക് ഒരു ഹെക്ടറിന് 2000 രൂപയുടെ റോയൽറ്റി നടപ്പിലാക്കി. നെല്ല് സംഭരണ വില 28% വർദ്ധിപ്പിച്ച് 27.48 രൂപയിലേയ്ക്ക് എത്തിച്ചു. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതോടെ നാളികേര കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിലും കുട്ടികളുടെ പഠന കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത മാറ്റങ്ങൾ ഉണ്ടായി. കേരളം കൃഷി സംസ്കാരത്തിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടേയും ഉത്സവ പറമ്പായി മാറാൻ പോകുകയാണ്. സമ്പദ്സമൃദ്ധിയുടെ നവകേരളത്തിന് നിങ്ങൾ വിലങ്ങുതടിയായി നിൽക്കരുത്, കുറ്റം പറയരുത് എന്നുമാത്രം പറയുന്നു. ദേശീയ അന്വേഷണ ഏജൻസികൾ കേന്ദ്ര രാഷ്ട്രീയം ആയുധമാക്കുന്നു. വളരെ ശാശ്വതമായ ജനജീവിത സംസ്കാരം കെട്ടിപ്പടുക്കാനുള്ള പദ്ധതിക്ക് നിങ്ങളുടെ എല്ലാവരുടെയും പിന്തുണയുണ്ടാകണം. ജനങ്ങളിലൂടെ ഈ സർക്കാർ ഭരണം ഒരു തുടർഭരണമാക്കി മാറ്റുകയെന്ന ഉദ്ദേശ്യമാണ് നമുക്കുള്ളത്. അങ്ങനെ ആഗ്രഹിക്കുന്നു. എല്ലാവർക്കും അഭിവാദ്യങ്ങൾ.

ശ്രീ. ഒ. രാജഗോപാൽ: ബഹുമാനപ്പെട്ട സ്പീക്കർ, നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു. നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണർ ചെയ്തിട്ടുള്ള പ്രസംഗത്തിന് ഞാനും ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസംഗത്തിലെ നയങ്ങളോട് യോജിക്കാൻ കഴിയില്ല. കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്ത അഴിമതിയുടെയും ദേശവിരുദ്ധ പ്രവർത്തനങ്ങളുടെയും പേരിൽ ആരോപണത്തിന്റെ മുൾമുനയിൽ നിൽക്കുന്ന, കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽ നിൽക്കുന്നൊരു സർക്കാരിന് എന്ത് നയമാണ് ജനങ്ങൾക്ക് മുമ്പാകെ വയ്ക്കാനുള്ളത്? കേരളത്തിന് നിരവധി പദ്ധതികൾ ലഭിക്കുന്നതും അതിന്റെ പ്രയോജനം കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നതും കേന്ദ്ര സർക്കാർ രാജ്യത്താകമാനം നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളുടെയും യഥാർത്ഥ ഉടമസ്ഥർ കേന്ദ്ര സർക്കാരാണെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അതിനെക്കുറിച്ച് ഒരു പരാമർശംപോലും ഈ നയ പ്രഖ്യാപനത്തിൽ പറയാതിരുന്നത് നന്ദിപ്രമേയത്തിലെ ഒരു നന്ദികേടാണെന്ന് പറയേണ്ടിവരും. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന, ജല ജീവൻ മിഷൻ, ഗെയ്ൽ പദ്ധതി, നാഷണൽ ഹൈവേ പ്രോജക്ട്, ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, തൊഴിലുറപ്പ് പദ്ധതി, സ്കൂൾ നവീകരണ പദ്ധതി, സൗജന്യ കുക്കിംഗ് ഗ്യാസ്, മുദ്ര യോജന, അടൽ പെൻഷൻ പദ്ധതി, അമൃത പദ്ധതി, സ്റ്റാർട്ട് അപ്പ് മിഷൻ, ആയുഷ്മാൻ ഭാരത്, ഡിജിറ്റൽ ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ എന്നിവ ഇതിൽ ചിലത് മാത്രമാണ്. ഇപ്പോൾ കേന്ദ്രം പാസ്സാക്കിയിരിക്കുന്ന കാർഷിക ഭേദഗതി നിയമം കർഷകർക്കുള്ള സാമ്പത്തിക സഹായം, അവരുടെ വരുമാനം ഇരട്ടിയാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. മുന്നോക്കക്കാരിൽ സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്നവർക്ക് 10% സാമ്പത്തിക സംവരണം തുടങ്ങി എത്രയെത്ര പദ്ധതികളാണ് രാജ്യത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനെക്കുറിച്ചൊന്നും ഒരു പരാമർശവും നടത്താതെ നയപ്രഖ്യാപനം നടത്തിയതിലുള്ള എതിർപ്പും ഞാൻ രേഖപ്പെടുത്തുന്നു. നയപ്രഖ്യാപനത്തിൽ ഫെഡറൽ സംവിധാനത്തെക്കുറിച്ച് പലസ്ഥലത്തും പറഞ്ഞിരിക്കുന്നു. ഫെഡറൽ സംവിധാനമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ഓരോ സംസ്ഥാനവും സ്വതന്ത്ര രാജ്യങ്ങൾ എന്നല്ല, ഇന്ത്യൻ യൂണിയന്റെ ഭാഗമായി മാത്രമേ പ്രവർത്തിക്കാൻ കഴിയൂവെന്നുള്ളതാണ്. കോവിഡ്-19 എന്ന മഹാമാരിയെ പ്രതിരോധിക്കാൻ കേന്ദ്ര സർക്കാർ നൽകിയ സഹായങ്ങളും വാക്സിൻ കണ്ടു പിടിക്കുന്നതിലും അതിന്റെ വിതരണ ശൃംഖല ക്രമീകരിക്കുന്നതിലും ഭാരതം കൈവരിച്ച നേട്ടത്തെ ലോക രാജ്യങ്ങൾപോലും പ്രശംസിക്കുമ്പോൾ നമ്മുടെ നയപ്രഖ്യാപനത്തിൽ ഇതൊന്നും ഇടം പിടിക്കുന്നില്ലെന്നത് വളരെ ഖേദകരമാണ്. അതുകൊണ്ട് ഈ സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനങ്ങളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. മതനിരപേക്ഷത ഉയർത്തിപ്പിടിക്കേണ്ട ഈ കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ള നയങ്ങളും സമീപനങ്ങളുമാണ് നമ്മുടെ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതെന്നാണ് ഞാൻ കരുതുന്നത്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം പല മേഖലയിലും വർഗ്ഗീയ ഫാസിസ്റ്റ് കൂട്ടുകെട്ടുകൾ അരങ്ങ് തകർക്കുമ്പോൾ സ്വൈരജീവിതം നയിക്കാൻ സാധിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യവും ഒരു പൊതുസാഹചര്യവും കേരളത്തിൽ നിലനിൽക്കുന്നുവെന്നുള്ളതിൽ ഇടതുപക്ഷവുമായി സഹകരിച്ചുനിന്ന് പ്രവർത്തിക്കാൻ സാധിച്ച കേരള കോൺഗ്രസ് എന്ന നിലയിൽ ഏറെ സന്തോഷത്തോടുകൂടിയാണ് ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നത്. കാർഷിക വിഷയങ്ങളിൽ കേരള കോൺഗ്രസ് എന്നും നിലപാടുകളെടുത്തിട്ടുണ്ട്. ആ നിലപാടുകളോട് യോജിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരോട് ആ നിലപാടുകൾ ശരിയാണെന്ന് തുറന്നുപറയാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സാധിച്ചിട്ടുള്ളൊരു പാർട്ടിയാണ് കേരള കോൺഗ്രസ്. ഞങ്ങളെടുത്ത സമീപനവും അതുതന്നെയാണ്. 1980-ലെ നായനാർ ഗവൺമെന്റിൽ ഞങ്ങളുടെ ആരാധ്യനായ നേതാവ് കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് കർഷകത്തൊഴിലാളി പെൻഷൻ ആദ്യമായി കേരളത്തിൽ അനുവദിക്കപ്പെടുന്നത്. അതിനുശേഷം 2011-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ അദ്ദേഹം വീണ്ടും ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് കർഷക പെൻഷൻ കേരളത്തിൽ കൊണ്ടുവന്നത്. കാർഷിക

മേഖലയോടുള്ള ആഭിമുഖ്യം ചെറുതായി കാണുന്നൊരു പ്രസ്ഥാനമല്ല ഞങ്ങളുടേത്. അത് തുടർന്ന കൊണ്ടുപോകാൻ സാധിച്ച ഒരു രാഷ്ട്രീയ സാഹചര്യം കേരളത്തിൽ സംജാതമാക്കിയ ഗവൺമെന്റാണ് പിണറായി ഗവൺമെന്റ് എന്ന് ഞങ്ങൾ അടിയുറച്ച് വിശ്വസിക്കുന്നു. കർഷക ക്ഷേമ ബോർഡ് കൊണ്ടുവന്നില്ലേ? കർഷക ക്ഷേമ ബോർഡിനെ കേരളത്തിലെ കർഷകർ സ്വീകരിക്കുകയും അവരുടെ മനസ്സിൽ ഏറ്റവും കൂടുതൽ സന്തോഷം നൽകുകയും ചെയ്യുന്നൊരു സന്ദർഭമാണ് കാണുന്നത്. അതിന്റെയൊക്കെ ഫലം ഈ തെരഞ്ഞെടുപ്പിലുണ്ടായിട്ടുണ്ട്. അതൊക്കെ സൈലന്റായി ഇരിക്കുന്നുവെന്നുള്ളതാണ് ഒരുപക്ഷേ ചർച്ച ചെയ്യപ്പെടാൻ സാധിക്കാതെ വന്നിട്ടുള്ളത്. പതിനാറിനം പഴം, പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന കർഷകരുടെ ആശങ്ക മാറിയില്ലേ? അതിന് അടിസ്ഥാനവില കൊണ്ടുവരാൻ സാധിച്ചിരിക്കുന്നു. ഇത് പറയാൻ എന്താണ് മടി കാണിക്കുന്നത്? ആ നിലയിൽ കാർഷിക മേഖലയോട് ആധിപത്യം പുലർത്തുന്ന, ജനാധിപത്യ വ്യവസ്ഥയോട് സ്വീകാര്യതയുള്ള, ജനങ്ങളുടെ മുമ്പിൽ ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളാണ് ഏറ്റവും ഹൃദ്യമായി ഞങ്ങൾ കാണുന്നത്. പട്ടയ നടപടി ത്വരിതപ്പെടുത്തിയിരിക്കുന്നു. ആ നിലയിൽ എല്ലാ മേഖലയിലും മാറ്റങ്ങൾ കാണുകയാണ്. 1964-ൽ കേരള കോൺഗ്രസ് രൂപീകരിക്കുന്ന കാലഘട്ടത്തിൽ അന്ന് ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത നേതാക്കന്മാർ ഉയർത്തിയ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം മുന്നോക്ക വിഭാഗത്തിൽപ്പെട്ടവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് സംവരണം ഏർപ്പെടുത്തുകയെന്നുള്ളതാണ്. അതെന്താണ് ഇത്രയും കാലമായിട്ടും രൂപപ്പെടുത്താൻ കഴിയാത്തത്? നിലവിലുള്ള ഒരു സംവരണാനുകൂല്യവും അട്ടിമറിക്കാതെ, ഇവർക്ക് വിദ്യാഭ്യാസരംഗത്തും ജോലി ലഭിക്കുന്ന കാര്യത്തിലും 10% സംവരണം കൊണ്ടുവരാൻ സന്മനസ്സ് കാണിച്ച ഒരു ഗവൺമെന്റാണ് പിണറായി ഗവൺമെന്റെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഈ നിലപാട് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്? നിലവിലുള്ള ആനുകൂല്യങ്ങൾക്ക് ഒരു കുഴപ്പവുമുണ്ടായിട്ടില്ല. ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് തീരുമാനമെടുക്കാൻ സാധിച്ചിട്ടുള്ളത്. അതോടൊപ്പം, കാർഷിക മേഖലയ്ക്കുവേണ്ടി നടത്തിയിട്ടുള്ള ധാരാളം വിഷയങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. മുഖ്യമന്ത്രി സമരങ്ങളോട് കാണിക്കുന്ന സമീപനങ്ങളെയാണ് ഞങ്ങൾ കണ്ടത്. ഞാൻ നിയമസഭയിൽവച്ച് സമരപ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഇടുക്കിയിലെ നിർമ്മാണ നിരോധനവുമായി ബന്ധപ്പെട്ടുണ്ടായ വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനായി അടിയന്തരപ്രമേയത്തിന് അനുമതികൊടുത്ത് ഇവിടെ പ്രസംഗിക്കുന്ന സന്ദർഭത്തിൽ കട്ടപ്പനയിൽ നിരാഹാരം നടത്തിയൊരാളാണ് ഞാൻ. അന്ന് ഞാൻ മനസ്സിൽ കുറിച്ചിട്ടൊരു കാര്യമാണ്. മുഖ്യമന്ത്രി എന്താണ് ചെയ്തത്? അവിടെയൊരു എം.എൽ.എ. നിരാഹാരം കിടന്നോട്ടെയെന്ന്

വിചാരിച്ചില്ല. അന്നേദിവസം ആറ് മണിക്കൂർ കഴിയുന്നതിനുമുമ്പ് അതിലിടപെട്ട് സർവ്വകക്ഷി യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർത്ത് ആ വിഷയങ്ങളുടെ സാധ്യത പരിശോധിച്ച് അത് നടപ്പിലാക്കി ഞങ്ങളെ രക്ഷിക്കാനുള്ള നിലപാടെടുത്തൊരു ഗവൺമെന്റിന്റെ മുഖമാണ് ശ്രീ. പിണറായി വിജയന്റെ മുഖമെന്ന് അഭിമാനത്തോടെ ഞങ്ങൾ പറയും. അതല്ലേ രാഷ്ട്രീയ മേഖലയിൽ ഞങ്ങൾ കണ്ടത്? ആ വിഷയങ്ങൾ പരിഹരിക്കപ്പെടാനുള്ള സാധ്യതകളോടെ മുന്നോട്ടുപോകുന്നു. കോവിഡ്-19 കാലഘട്ടം നമുക്ക് മാറ്റിനിർത്താൻ സാധിക്കുമോ; ലോക്ക് ഡൗൺ വന്നത് വളരെ പെട്ടെന്നല്ലേ? ആ ലോക്ക് ഡൗൺ കാലഘട്ടത്തിൽ എല്ലാവരും എവിടെയായിരുന്നോ അവിടെയായിരിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. നമ്മളെല്ലാവരും എവിടെ യായിരുന്നോ അവിടെ നിന്നിരുന്നു. സ്വന്തക്കാരും ഉറ്റവരും ബന്ധുക്കളുമെല്ലാം വിവിധ സ്ഥലങ്ങളിൽ കുടുങ്ങിപ്പോയി. വ്യോമയാനവും റെയിൽവേയും നിലച്ചു. ഭക്ഷണം കിട്ടാതെ എല്ലാവരും വിഷമിച്ചു. എന്താണ് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന? ആരും വിഷമിക്കേണ്ടതില്ല, ജാഗ്രത പുലർത്തണം, അതിന്റെ പേരിൽ ഉത്കണ്ഠ കാണിക്കേണ്ടതില്ല എന്നാണ്. ഭക്ഷ്യ കിറ്റുകളെപ്പറ്റി ശ്രീ. പുരുഷൻ കടലുണ്ടി ഇവിടെ പറഞ്ഞല്ലോ; 87 ലക്ഷം കുടുംബങ്ങൾക്കാണ് ഭക്ഷണമെത്തിച്ചത്. എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് എവിടെയെങ്കിലും ഏതെങ്കിലും മേഖലയിൽ വീഴ്ചയുണ്ടായോ? ഞാൻ ഉറച്ച് വിശ്വസിക്കുന്നു, ജനങ്ങളെ കാതലായി ബാധിക്കുന്ന പ്രശ്നങ്ങളിൽ അകക്കാമ്പിൽ ഇടപെട്ടൊരു ഗവൺമെന്റായതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ പാവപ്പെട്ടവർ ഈ ഗവൺമെന്റിനെ സഹായിച്ചത്. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം പട്ടിണിയില്ലാതെ കേരളത്തിൽ നടന്ന ആദ്യത്തെ പൊതുതെരഞ്ഞെടുപ്പാണ് കഴിഞ്ഞുപോയ ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പ്. എവിടെയെങ്കിലും ആക്ഷേപമുണ്ടായോ: ഏതെങ്കിലും മേഖലയിൽ അങ്ങനെയുള്ള പ്രത്യാരോപണങ്ങളുണ്ടായോ; കിട്ടിയില്ലെന്ന് ആരെങ്കിലും ആക്ഷേപം പറഞ്ഞോ? ഇതെല്ലാം കാണേണ്ടതാണ്. നിലവിലുള്ള ധാരാളം കാര്യങ്ങൾക്ക് പരിഹാരം കാണാനുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ആരോഗ്യരംഗത്ത് മാറ്റമുണ്ടായില്ലേ? കോവിഡ്-19 സാഹചര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമുൾപ്പെടെയുള്ളവർ ഈ രംഗത്തെടുത്ത സേവനങ്ങൾ ചെറുതാണോ? ഞാൻ കോവിഡ് ബാധിതനായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന ആളാണ്. നിയമസഭയിൽ ധാരാളം മെമ്പർമാർക്ക് കോവിഡ് ബാധിച്ചിട്ടുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ? സൗജന്യമായി ചികിത്സ കൊടുക്കാൻ കഴിവുള്ളൊരു സംസ്ഥാനമായി കേരളം മാറി. ഞങ്ങൾക്ക് ആശങ്കയില്ല, അതുണ്ടായാൽ പരിരക്ഷിക്കും. ഏത് സംസ്ഥാനത്താണ് ഇത് സാധ്യമാകുന്നത്? ആ നിലയിൽ

ആരോഗ്യരംഗത്ത് വലിയ മാറ്റങ്ങൾക്ക് രൂപംകൊടുക്കാൻ കഴിഞ്ഞു. നിയമസഭയിൽ ഇപ്രാവശ്യം സത്യപ്രതിജ്ഞ ചെയ്തശേഷം ഞാൻ ആദ്യം കൊടുത്ത കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കുമാണ്. ഇടുക്കിയിലെ മെഡിക്കൽ കോളേജ് നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള സഹായം ചെയ്തുതരണമെന്ന് പറഞ്ഞ് മുഖ്യമന്ത്രിയുടെ അടുത്തുചെന്നു. പുതിയ മെഡിക്കൽ കോളേജുകളൊന്നും ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണ് അദ്ദേഹം വായിച്ച് നോക്കിയിട്ട് മറുപടി പറഞ്ഞത്. ഞാൻ വിചാരിച്ച നടപടിയെല്ലാം തെറ്റിയല്ലോയെന്ന്. വീണ്ടും ആവർത്തിച്ചു. ഇടുക്കിയിൽ ആരംഭിച്ച മെഡിക്കൽ കോളേജിൽ ഒരു ക്ഷീണവുമുണ്ടാകാതെ ഞാൻ സാക്ഷ്യപ്പെടുത്തി പറയാം, ഇത് ആർക്കും പരിശോധിക്കാം. ബഹുനില മന്ദിരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം രൂപപ്പെടുത്തി സെപ്റ്റംബറിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഇൻസ്പെക്ഷൻ പൂർത്തിയായാൽ വീണ്ടും ക്ലാസ് ആരംഭിക്കാൻ കഴിയുമെന്നുമാത്രമല്ല, ഐ.പി./ഒ.പി. വിഭാഗങ്ങളെല്ലാം പുതിയ ബിൽഡിംഗിലേയ്ക്ക് മാറി. ഡയാലിസിസ് യൂണിറ്റും സി.ടി.സ്കാനും കാത്തലൈസ്ഡ് യൂണിറ്റിന്റെ നിർമ്മാണവും ആർ.ടി.പി.സി.ആർ. ടെസ്റ്റും നടക്കുന്നു. ഈ മേഖലയിലുണ്ടായ മാറ്റങ്ങൾ ആ മലയോരമേഖലയെ ദൃശ്യമാക്കി. അന്ന് ഏതായാലും ഞാൻ ഇടതുപക്ഷത്തിന്റെ ഭാഗമല്ലല്ലോ; യു.ഡി.എഫ്-ൽനിന്നുകൊണ്ടാണ് ആവശ്യപ്പെട്ടതെങ്കിലും ആ നിലപാടുകളോട് മുഖ്യമന്ത്രി കാണിച്ച സമീപനം സത്യമാണെന്ന് തെളിയിക്കാൻ ഇപ്പോൾ സാധിച്ചതിൽ അതിയായ സന്തോഷവും സംതൃപ്തിയും ഗവൺമെന്റിനോടുള്ള നന്ദിയും ഞാൻ രേഖപ്പെടുത്തുകയാണ്. ഗവൺമെന്റിന് മുമ്പാകെ ഒരുകാര്യംമാത്രം സൂചിപ്പിക്കാനാഗ്രഹിക്കുന്നു. സംസ്ഥാനത്തുടനീളം 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരവും നൽകിയിട്ടുള്ള പട്ടയഭൂമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരണം. ആ നിയമഭേദഗതിക്കായി കാലതാമസമുണ്ടാകാൻ പാടില്ല. നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന പൊതുവായ വിഷയമായി നിലനിൽക്കുന്നു. അതുകൊണ്ട് ആ വിഷയത്തിലെല്ലാം സുഗമമായ ഇടപാടിനുവേണ്ടിയുള്ള നടപടികളുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. തീർച്ചയായും കേരളാ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം ഒരിക്കലും തകരില്ല. യഥാർത്ഥമായ ദിശാബോധത്തിലൂടെ മുന്നോട്ടുപോകും. എന്തുകൊണ്ടാണ് തകരാത്തത്? ഞാൻ ഇന്ന് പോകുന്നവഴിക്ക് ഡോ. എൻ. ജയരാജിനോട് ഇതുസംബന്ധിച്ച് സംസാരിച്ചു. അത് അതിന്റെ കൃത്യതയോടുകൂടി നടക്കും. ഭാരത കേസരി എന്നറിയപ്പെടുന്ന മന്നത്ത് പത്മനാഭൻ സമയവും കാലവും നോക്കി തിരുനക്കരയുടെ തിരുമുറ്റത്ത് തിരികൊളുത്തിയൊരു പ്രസ്ഥാനമാണ്. ഞങ്ങൾക്ക് ദിശാബോധവും തിരിച്ചറിവുമുള്ളതുകൊണ്ട് സമൂഹത്തിന്റെ മാറ്റങ്ങൾക്കനുകൂലമായി മതനിരപേക്ഷത ഉയർത്തിക്കാണിക്കുന്ന ഇടതുപക്ഷ പ്രസ്ഥാനവുമായി സഹകരിച്ച് മുന്നോട്ട് പോകുമ്പോൾ രാഷ്ട്രീയത്തിന് പുതിയ

മാനവും അതിനോടൊപ്പം നേട്ടവുമുണ്ടാകും. പ്രതീക്ഷകൾക്കപ്പുറത്തേയ്ക്ക് കഴിഞ്ഞ കാലങ്ങളിലുണ്ടായ അനുഭവങ്ങളെല്ലാം മാറ്റിവച്ച് യാതൊരു മാറ്റവുമില്ലാത്ത അടിസ്ഥാന വർഗ്ഗത്തിന്റെ വിഷയങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഗവൺമെന്റിനെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുപോലെ കേരളത്തിലെ ജനങ്ങൾ പിന്തുണയ്ക്കുമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട്, ഈ നയപ്രഖ്യാപനത്തെ ഞാൻ അങ്ങേയറ്റം പിന്തുണയ്ക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഗവർണറുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഓഖി, പ്രളയങ്ങൾ, നിപ, നോട്ട് നിരോധനം, കോവിഡ്-19 എന്നിങ്ങനെ എന്തെല്ലാം ദുരന്തങ്ങളെയാണ് നാം നേരിട്ടത്. നേരത്തെ സഭയിൽ സൂചിപ്പിച്ചതുപോലെ, കേന്ദ്രഗവൺമെന്റ് മുന്നൊരുക്കം ചെയ്യാതെ പ്ലേറ്റ് കൊട്ടി നേരെ ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയാണ് ചെയ്തത്. വീട്ടിൽനിന്നും പുറത്തിറങ്ങരുത്, വാഹനമോടിക്കാൻ പാടില്ല, കടകൾ തുറക്കരുത് എന്നിങ്ങനെയുള്ള സമ്പൂർണ്ണമായ ലോക്ക് ഡൗൺ. ഇന്ത്യയിലാകമാനം പൗരത്വ ഭേദഗതി ബില്ലിനെതിരെയുള്ള സമരം നടക്കുന്ന കാലയളവായതിനാൽ ആ സമരവും അതിന്റെ ഭാഗമായി അവസാനിപ്പിക്കുന്ന സാഹചര്യമുണ്ടായി എന്നത് ബി.ജെ.പി. ഗവൺമെന്റിനെ സംബന്ധിച്ച് സന്തോഷത്തിന് വകനൽകുന്ന കാര്യംകൂടിയാണ്. കേരള സർക്കാർ എന്താണ് ചെയ്തത്; വളരെ പെട്ടെന്ന് മന്ത്രിസഭായോഗം ചേർന്ന് സൗജന്യ റേഷൻ പ്രഖ്യാപിച്ചു. പെൻഷൻ വീട്ടിലെത്തിച്ചുകൊടുത്തു. ആ പെൻഷൻ മതിയാകില്ല, കുടുംബാംഗങ്ങൾ തൊഴിലെടുക്കാത്ത സാഹചര്യമുള്ളതിനാൽ 100 രൂപ വർദ്ധിപ്പിച്ചുകൊടുത്തു. അതോടൊപ്പം, ഭക്ഷണ കിറ്റ് വീട്ടിലെത്തിച്ചുകൊടുത്തു. ഒരു പെൻഷനും ലഭിക്കാത്തവർക്ക് 1000 രൂപ പെൻഷൻ കൊടുത്തു. തൃശ്ശൂരിൽ നിന്ന് മറ്റിതര മേഖലയിലേയ്ക്ക് കോവിഡ്-19 വ്യാപിക്കുന്ന സാഹചര്യത്തിൽ അതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു. ഫസ്റ്റ് എയ്ഡ് ട്രീറ്റ്മെന്റ് സെന്റർ, കോവിഡ് സെന്ററുകൾ, ആശുപത്രി സംവിധാനങ്ങൾ എന്നിവയെല്ലാം ജനകീയ പങ്കാളിത്തത്തോടെ നല്ല രീതിയിൽ ചെയ്യാനുള്ള മുൻകയ്യെടുത്തു. ലോകത്ത് സൗജന്യമായി ടെസ്റ്റ് നടക്കുന്ന ഏക സംസ്ഥാനം കേരളമാണ്. കോവിഡ് രോഗികളെ ആശുപത്രിയിലെത്തിക്കാനുള്ള ആംബുലൻസ് സംവിധാനം സൗജന്യമായുള്ളത് ഇവിടെയാണ്. കോവിഡ് ചികിത്സ സൗജന്യമായുള്ളതും കേരളത്തിലാണ്. ഏറ്റവുമൊടുവിൽ ലോകാരോഗ്യസംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും ഡയറക്ഷന്റെ അടിസ്ഥാനത്തിൽ കേരള ഗവൺമെന്റെടുത്ത തീരുമാനത്തിന്റെ ഭാഗമായി കോവിഡ് പോസിറ്റീവായ രോഗികൾക്ക് വീട്ടിൽ സൗകര്യമുണ്ടെങ്കിൽ അവിടെത്തന്നെ നിൽക്കാമെന്ന നിലയിലെത്തി. അതോടൊപ്പം, കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. അതിഥി തൊഴിലാളികൾ ഇവിടെ ധാരാളമുള്ളതിനാൽ

ഭക്ഷണം കിട്ടാതെ പ്രയാസപ്പെടരുതെന്ന നിലയ്ക്ക് ജനകീയ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തുകളെ ഏറെ വിശ്വാസത്തിലെടുത്ത്, ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് കമ്മ്യൂണിറ്റി കിച്ചൺ വ്യാപകമായി ആരംഭിച്ചു. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി 20 രൂപയ്ക്ക് നല്ല ഭക്ഷണം നൽകി. ഗവൺമെന്റ് സബ്സിഡി നൽകിക്കൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ധാന്യം നൽകി, അതും വ്യാപകമായി ആരംഭിച്ചു. ഇത് കേരളത്തിലല്ലാതെ വേറെ എവിടെയുണ്ട്; ഇന്ത്യയിലും ലോകത്തിലുമായി എവിടെയെങ്കിലും കാണാൻ കഴിയുമോ? കോവിഡിന്റെ ചികിത്സാച്ചെലവ് സംബന്ധിച്ച വാർത്തകൾ ഇന്നത്തെ പത്രത്തിൽ നമുക്ക് കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് സാമ്രാജ്യത്വ സാമ്പത്തിക വികസനനയം കുറേ വർഷങ്ങളായി ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അത് കോൺഗ്രസ് തുടങ്ങിവച്ചതാണ്. ഉദാര-സ്വകാര്യവത്കരണത്തിന്റെ ഭാഗമായി മൂന്ന് കർഷകവിരുദ്ധ ബില്ലുകൾ പാസ്സാക്കിയെടുത്തു. അപ്പോൾ കേരളത്തിലെ ഗവൺമെന്റ് ഇന്ന് ലോകത്തെവിടെയുമില്ലാത്തവിധം കാർഷിക മേഖലയെയും കൃഷിക്കാരെയും സഹായിക്കാൻവേണ്ടി കർഷകക്ഷേമനിധി ബോർഡ് രൂപീകരിക്കുകയാണ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് കർഷക വിരുദ്ധ ബിൽ പാസ്സാക്കുമ്പോൾ, ഇവിടെ കർഷക ക്ഷേമനിധി ബോർഡ് അഞ്ച് സെന്റിന്റെ ഉടമ മുതൽ ഭൂപരിഷ്കരണ പരിധിക്കകത്ത് വരുന്ന ഭൂവുടമകളായ ആളുകൾക്കുവരെ പതിനെട്ട് വയസ്സ് പൂർത്തിയായിക്കഴിഞ്ഞാൽ പതിനായിരം രൂപ വരെ പെൻഷൻ കിട്ടുന്ന സ്കീം നടപ്പിലാക്കി. ഈ സർക്കാർ ഒപ്പമുണ്ട് എന്നു പ്രഖ്യാപിച്ചുകൊണ്ട് ഈ ദുരന്തങ്ങളുടെ കാലയളവിലെല്ലാം പ്രത്യേകിച്ച് കോവിഡിന്റെ സാഹചര്യത്തിലും നാട്ടിലെ ജനങ്ങളെ സഹായിക്കാൻ ഞങ്ങളുണ്ട് എന്നു പ്രഖ്യാപിച്ചുകൊണ്ട് ഇറങ്ങിയതിന്റെ തെളിവാണ് ഇന്ത്യയിലെ കൃഷിക്കാരെ മുഴുവൻ തെരുവിലേയ്ക്കിറക്കിയ സാഹചര്യത്തിൽ കേരളത്തിലെ ഗവൺമെന്റെടുത്ത ഈ നിലപാട്. അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ ഗവൺമെന്റ് നാല് മിഷൻ പ്രഖ്യാപിച്ചു. കേരളം മുഴുവൻ യാത്ര ചെയ്ത് ജനങ്ങളുടെ അഭിപ്രായമാരാഞ്ഞു. ബുദ്ധിജീവികൾ, ശാസ്ത്രജ്ഞന്മാർ, തൊഴിലാളികൾ, കൃഷിക്കാർ അങ്ങനെ 600 പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചു. ലോക്ക് ഡൗൺ പ്രഖ്യാപിച്ചില്ലായിരുന്നുവെങ്കിൽ 600 പദ്ധതികളും ഇപ്പോൾ പൂർത്തിയാക്കാനോ തുടങ്ങാനോ കഴിയുമായിരുന്നു. അഞ്ഞൂറ്റി എഴുപതിലേറെ എണ്ണം പൂർത്തീകരിക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. 600-ഉം പ്രഖ്യാപിച്ചേ ഈ ഗവൺമെന്റ് അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നുള്ളൂ. അങ്ങനെ നാല് മിഷൻ പ്രഖ്യാപിച്ച് ഈ ഗവൺമെന്റ് ജനങ്ങളോടൊപ്പമാണെന്നുള്ള ഒരു വിഷന്റെ ഭാഗമായാണ് അത് നടപ്പിലാക്കിയത്. ഇതുപോലുള്ള പ്രതിസന്ധികളൊക്കെ തരണം ചെയ്യാനുള്ള സാഹചര്യങ്ങൾ വച്ചുകൊണ്ടാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയ പദ്ധതികൾക്ക് തുടക്കം കുറിച്ചത്. ഹരിത കേരളം

പദ്ധതി ഇതുപോലുള്ള വൈറസ് രോഗങ്ങളുൾപ്പെടെ തടയുന്നതിനും മണ്ണിനേയും വായുവിനേയും ജലത്തേയും ശുദ്ധീകരിക്കുന്ന പ്രവർത്തനത്തിന് തുടക്കം കുറിക്കാനുമുള്ളതാണ്. പുഴകളെയും നദികളെയും മറ്റ് തണ്ണീർത്തടങ്ങളെയുമെല്ലാം ജനകീയ പങ്കാളിത്തത്തോടെ ശുദ്ധീകരിക്കുന്ന വൈവിദ്ധ്യപൂർവ്വമായ പ്രവർത്തനങ്ങളിലൂടെയാണ് മുന്നോട്ടുപോയത്. ഇതിന്റെ ഭാഗമായി വലിയ മുന്നേറ്റം കേരളത്തിലുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അസാധ്യമാണെന്നുകണ്ട എല്ലാ പ്രവർത്തനങ്ങളും നടത്തി. തീരദേശപാത, ദേശീയപാത, ഗെയിൽ പദ്ധതി, ജലപാത, മലയോര ഹൈവേ ഇതെല്ലാം മുടങ്ങിക്കിടന്നതാണ്. അവയുടെ വ്യാപകമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. തീർച്ചയായും ഈ സർക്കാർ ജനങ്ങളോടൊപ്പമാണെന്ന് തെളിയിക്കുന്നതിന്റെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. അതോടൊപ്പം ഇവിടെ പറയാതെ പോയ ചില വിഷയങ്ങൾകൂടി പറയേണ്ടതുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ പറയട്ടെ; 163691 പേർക്ക് പട്ടയം നൽകിയത് പ്രഖ്യാപിത നയത്തിന്റെ ഭാഗമായാണ്. ബ്രിട്ടീഷുകാരുടെ ഭരണ കാലത്തുള്ളതാണ് നമ്മുടെ വില്ലേജ് ആഫീസുകളും രജിസ്ട്രാർ ആഫീസുകളുമൊക്കെ. അതിന് മാറ്റം വരുത്തുന്നതിന്റെ ഭാഗമായി 186 വില്ലേജ് ആഫീസുകൾ നിർമ്മിച്ചു. കേരള ഇനിഷ്യേറ്റീവ് വഴി 255 വില്ലേജ് ആഫീസുകളുൾപ്പെടെ 441 സ്മാർട്ട് വില്ലേജ് ആഫീസുകൾക്ക് അനുമതി നൽകി. കൂടാതെ 43 സ്റ്റാഫ് ക്വാർട്ടേഴ്സുകളും 308 വില്ലേജ് ആഫീസുകളുടെ ചുറ്റുമതിൽ നിർമ്മാണവും നടത്തിക്കഴിഞ്ഞു. 30 പുതിയ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം നടന്നു. ഈ കാലയളവിൽ 6 പുതിയ റവന്യൂ ഡിവിഷണൽ ഓഫീസുകളും 2 പുതിയ താലൂക്ക് ഓഫീസുകളും 3 പുതിയ വില്ലേജ് ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. വിവിധ കേസുകളിലായി സർക്കാർ ഭൂമി കയ്യേറിയത് ഒഴിപ്പിച്ച് 852 ഏക്കർ ഭൂമി നമ്മുടേതാക്കി മാറ്റിയിട്ടുണ്ട്. നാഷണൽ ഹൈവേയ്ക്ക് വേണ്ടി നേരത്തേ സൂചിപ്പിച്ച ദേശീയപാതാ വികസനത്തിന്റെ ഭാഗമായി 4510.22 ഏക്കർ ഭൂമി ഏറ്റെടുത്തു. ഗെയിൽ പൈപ്പ് ലൈൻ റൈറ്റ് ഓഫ് യൂസിനായി 503 കിലോമീറ്റർ ഭൂമി ഏറ്റെടുക്കാനും ഈ സമയത്ത് കഴിഞ്ഞു. ഇന്ത്യയിൽ ഒരു കർഷക സമരം നടക്കുന്ന കാലയളവിൽ കേരളത്തിലെ ഗവൺമെന്റ് കൃഷിക്കാരോട് എങ്ങനെ പെരുമാറിയെന്ന് തെളിയിക്കുന്നതാണ് ഇന്ത്യയിലാദ്യമായി നെൽകൃഷിക്ക് രണ്ടായിരം രൂപ റോയൽറ്റി നടപ്പിലാക്കിയ നടപടി. പെൻഷനുകൾ 600 രൂപയിൽനിന്ന് തുടങ്ങി ഇപ്പോൾ 1400 രൂപയായി. ജനുവരി മാസം മുതൽ 1500 രൂപ നൽകുമെന്ന് തദ്ദേശഭരണ തെരഞ്ഞെടുപ്പിന്റെ കാലയളവിൽ പറഞ്ഞു. ഇപ്പോൾ 1500 രൂപ നൽകുകയാണ്. കോവിഡിന്റെ കാലയളവിലാണ് പതിനാറിനം പച്ചക്കറി ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിച്ചത്. ഇന്ത്യയുടെ അതിർത്തി സംരക്ഷിക്കുന്ന പട്ടാളക്കാരെ, ഇന്ത്യയുടെ വിവിധ മേഖലകളെ ഊട്ടുന്ന കൃഷിക്കാർക്കുനേരെയാണ് കേന്ദ്രം

തിരിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ കൃഷിക്കാരെ സഹായിക്കാൻ നേരത്തെ പറഞ്ഞ പദ്ധതികളോടൊപ്പം കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'കേരകേരളം സമൃദ്ധ കേരളം' പദ്ധതിയുടെ ഭാഗമായി പത്ത് വർഷംകൊണ്ട് രണ്ട് കോടി തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിന് രൂപരേഖയായി. വാർഡുകൾ തോറും എല്ലാ വർഷവും 75 തെങ്ങിൻതൈകൾ വിതരണം ചെയ്ത് കേരളം കേരത്തിന്റെ നാടാണ് എന്നു തെളിയിക്കുന്ന രീതിയിലേയ്ക്ക് കേര കൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. അങ്ങനെ വിവിധങ്ങളായ പദ്ധതികളാണ് കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. അതോടൊപ്പം മറ്റെല്ലാ വകുപ്പുകളുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ, പുതിയ കാലം പുതിയ നിർമ്മാണം എന്ന നിലയ്ക്ക് പൊതുമരാമത്ത് വകുപ്പും കേരളത്തിലെ മുഴുവൻ പേർക്കും കുടിവെള്ളമെത്തിക്കുക എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ട് ജലവിഭവ വകുപ്പും നിലകൊള്ളുകയാണ്. കൂടാതെ സാംസ്കാരിക മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടക്കുന്നു. വൈദ്യുത മേഖലയിലൂടെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സംസ്ഥാനമായി കേരളം മാറി. വ്യാവസായിക രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലായി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് റേഷൻ കാർഡ് കൊടുക്കാതെ നിർത്തിപ്പോയതാണ്; എന്നാൽ അത് നൽകി; ഇന്ന് റേഷൻ കടകൾക്ക് ഒരു പുതിയ മാറ്റം വന്നു. രണ്ടുമൂന്ന് മാസത്തേയ്ക്ക് ബഫറായി കരുതിക്കൊണ്ടുള്ള റേഷൻ കടകൾ നമ്മുടെ നാട്ടിലുണ്ട്. വനമേഖലയിൽ ഒരു കോടി വൃക്ഷത്തൈകൾ നേരത്തെ സൂചിപ്പിച്ച പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. അങ്ങനെ ഒട്ടേറെ പദ്ധതികളാണ് ഇതിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ നടക്കുന്നത്. സൗജന്യ പാചക വാതകം കൊടുക്കുന്ന പദ്ധതി കേന്ദ്രം നടപ്പാക്കിയെന്ന് ഈ കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാന്യനായ ഒ. രാജഗോപാൽ പറയുകയുണ്ടായി. പിന്നിട്ട രണ്ടാഴ്ചകളിൽ രണ്ട് തവണകളിലായി 50 രൂപ വീതമാണ് പാചക വാതകത്തിന് വില വർദ്ധിപ്പിച്ചത്. കൂടാതെ പെട്രോൾ, ഡീസൽ എന്നിവയ്ക്കും ദിവസംതോറും വില വർദ്ധിക്കുകയാണ്. അതിനൊരു കണക്കില്ല. പക്ഷെ നമ്മെപ്പോലുള്ള ആളുകൾക്കുപോലും ആവേശം നൽകുന്ന രീതിയിലാണ് പഞ്ചാബിലെയും ഹരിയാനയിലെയും കൃഷിക്കാർ സമരം നടത്തിക്കൊണ്ടിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ ഒരു നിമിഷം. നമ്മുടെ ഗ്യാലറിയിൽ മധ്യപ്രദേശ് ടൂറിസം & സാംസ്കാരിക വകുപ്പുമന്ത്രി ശ്രീമതി ഉഷാ ഠാക്കൂറും സംഘവുമുണ്ട്. അവരെ നിങ്ങൾക്ക് മുന്നിൽ പരിചയപ്പെടുത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, പാചക വാതക വില വർദ്ധനവ്, ഡീസൽ, പെട്രോൾ വിലവർദ്ധനവ് എന്നിവയോടൊപ്പം കാർഷികമേഖലയെ തകർക്കുന്ന ബില്ലുകൂടി കൊണ്ടുവന്നപ്പോൾ സമരം ചെയ്യുന്നത് പഞ്ചാബിലെ കൃഷിക്കാരനാണ്. അവൻ ഖാലിസ്ഥാൻ രാഷ്ട്രവാദിയാണോ? ഖാലിസ്ഥാൻ രാഷ്ട്രവാദമുയർത്തുന്ന സാഹചര്യം ഉയർന്നുവന്നതെങ്ങനെയെന്ന് അപ്പുറത്തിരിക്കുന്നവർക്കറിയാം. ഭിന്ദ്രൻവാല എന്ന ആളിനെ പാലൂട്ടി വളർത്തി ഖാലിസ്ഥാൻ രാഷ്ട്രവാദിയാക്കി മാറ്റിയതാരാണ്? അതിനുശേഷം പോലീസിന് വഴിപ്പെടാത്ത രീതിയിൽ തീവ്രവാദ പ്രസ്ഥാനം വളർന്നുവന്നപ്പോൾ പഞ്ചാബ് ഇന്ത്യയോടൊപ്പം നിൽക്കണമെന്ന അദമ്യമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഐതിഹാസിക മുഹൂർത്തങ്ങൾക്ക് നേതൃത്വം നൽകിയ പഞ്ചാബിലെ ജനത ഇന്ത്യയോടൊപ്പമാണെന്ന ദേശീയ ബോധം ഉയർത്തിപ്പിടിച്ചുകൊണ്ട് അത്തരം തീവ്രവാദ പ്രവർത്തനം നടത്തുന്നവർ എന്റെ മകനല്ല, എന്റെ മകളല്ല എന്ന് പ്രഖ്യാപിച്ച ധീരമായ തീരുമാനത്തിന്റെ ഭാഗമായാണ് പഞ്ചാബ് ഇന്ത്യയോടൊപ്പം നിൽക്കുന്നത്. അവർക്ക് നൊന്തപ്പോൾ, ഇന്ത്യയിലെ കാർഷിക മേഖലകൾ തകർന്നപ്പോൾ ഇന്ന് എല്ലാം സഹിച്ചുകൊണ്ട് അവർക്കു വേണ്ടിയല്ല, ഈ നാടിനു വേണ്ടി, പ്രായംചെന്ന കാരണവന്മാരുൾപ്പെടെയുള്ളവർക്കുവേണ്ടി, അവരവിടെ മരിച്ചു വീഴുമെന്നവർക്കറിയാം, ഈ പോരാട്ടത്തിന്റെ വഴികളിലേക്ക് അവർ വന്നത്. തീർച്ചയായും പാചകവാതകത്തിന്റെ വില വർദ്ധിക്കുമ്പോൾ, ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിക്കുമ്പോൾ ഇതിനെ ചേർത്തുകൊണ്ടുള്ള സമരം ഇന്ത്യയിൽ അനിവാര്യമാണ്. നേരത്തെ ഭരിച്ചവരും ഇപ്പോൾ ഇന്ത്യ ഭരിക്കുന്നവരും സാമ്രാജ്യത്വ വികസന നയമാണ് നടപ്പിലാക്കുന്നത്. അതല്ല നമുക്ക് വേണ്ടത്. നമുക്ക് വേണ്ടത്, കേരളം ഇവിടെ തുടങ്ങിവച്ച ഈ വികസന നയമാണ്. അത് സ്വീകരിക്കാൻ കേരളത്തിലെ ജനതയുണ്ടെന്ന് തെളിയിച്ചതാണ് ലോക്കൽ ബോഡി തെരഞ്ഞെടുപ്പ്. അതിന്റെ തുടർച്ചയായി തീർച്ചയായും ഒരു തുടർഭരണം കേരളത്തിലുണ്ടാകണമെന്നും കേരളത്തിന്റെ കഴിഞ്ഞകാല അനുഭവങ്ങൾ മാറ്റിമറിച്ചുകൊണ്ട് എൽ.ഡി.എഫ്.-ന്റെ ഭരണത്തുടർച്ച ഇവിടെ നടക്കുമെന്നുമുള്ള കാര്യത്തിൽ തർക്കമില്ല. അതാണ് 'ഒപ്പമുണ്ട്' എന്ന പ്രഖ്യാപനം കേരളം നെഞ്ചിലേറ്റിക്കൊണ്ട് ഇന്ന് ഈ പ്രസ്ഥാനത്തെ കാണുന്നത്. നാടിന്റെ മോചനത്തിനുവേണ്ടി നാളെയുടെ മാറ്റത്തിനുവേണ്ടി കേരളത്തിന്റെ ഈ ശബ്ദം കേൾക്കാൻ ഇന്ത്യയാകെ ശ്രമിക്കുകയാണ്. അതിന് നിങ്ങളുടെയെല്ലാവരുടെയും പിന്തുണയുണ്ടാകണം. എന്തുകൊണ്ടാണ് ഇവർ എതിർക്കുന്നതെന്ന് നമുക്ക് ബോധ്യപ്പെടുന്നില്ല. ഇന്ത്യ ഇന്ന് നേരിടുന്ന ഈ വെല്ലുവിളിയെ, തീവ്രവാദ രാഷ്ട്രീയ ഫാസിസ്റ്റ് സമീപത്തിനെതിരെയുള്ള പോരാട്ടത്തിൽ നിങ്ങൾ അറച്ചുനിൽക്കരുത്. ലോക്കൽ ബോഡി തെരഞ്ഞെടുപ്പിൽ

നിങ്ങളെടുത്ത നിലപാടുകൾ ഈ രാജ്യത്തിനെതിരാണ് എന്ന് നിങ്ങൾ കാണണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

## VIII വ്യക്തിപരമായ വിശദീകരണം

### പുനർജ്ജനി പദ്ധതിയെക്കുറിച്ചുള്ള ആരോപണം

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. റ്റി. വി. രാജേഷ് എനിക്കെതിരെ എഴുതിക്കൊടുക്കാതെ ഉന്നയിച്ച ആരോപണങ്ങൾക്ക് ഞാൻ വ്യക്തിപരമായ വിശദീകരണം നൽകുകയാണ്. ഈ സഭയിൽ രണ്ടാമത്തെയോ മൂന്നാമത്തെയോ പ്രാവശ്യമാണ് ഇത് ആവർത്തിക്കപ്പെടുന്നത്. കഴിഞ്ഞ പ്രളയത്തിനുശേഷം എന്റെ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പുനർജ്ജനി പദ്ധതിയെക്കുറിച്ചാണ് ആക്ഷേപമുന്നയിച്ചത്. വീടുകൾ നിർമ്മിച്ചുകൊടുക്കൽ മാത്രമല്ല അവിടെ ചെയ്തത്. 200-ഓളം വീടുകളാണ് ഞങ്ങൾ നിർമ്മിച്ചത്. എറണാകുളം നഗരത്തിലെയും പരിസര പ്രദേശങ്ങളിലെയും റോട്ടറി ക്ലബ്ബുകൾ 80-ഓളം വീടുകൾ പണിതുതന്നിട്ടുണ്ട്. ആരൊക്കെയാണ് ഓരോ വീടിന്റെയും സ്പോൺസർ എന്ന് ഓരോ വീടിന്റെയും ശിലാസ്ഥാപനം നിർവ്വഹിക്കുമ്പോഴും അതിന്റെ താക്കോൽദാനം നിർവ്വഹിക്കുമ്പോഴും പരസ്യമായി അറിയിച്ചിട്ടാണ് ആ പരിപാടികളെല്ലാം നടത്തിയിരുന്നത്. റോട്ടറി ഇന്റർനാഷണലിന്റെ പ്രസിഡന്റ് പറവൂരിൽ വരികയുണ്ടായി. അദ്ദേഹം അത് പരിശോധിച്ചതിനുശേഷം എറണാകുളത്തെ എല്ലാ റോട്ടറി ക്ലബ്ബുകളുടെയും യോഗം വിളിച്ചുചേർത്ത് രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, വെള്ളപ്പൊക്കത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായ സ്ഥലം പറവൂരാണ്. 2000-ത്തിലധികം വീടുകൾ പൂർണ്ണമായും 25000-ത്തിലധികം വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ പറവൂരിനാണ് പ്രയോറിറ്റി കൊടുക്കേണ്ടത്. രണ്ടാമത്തെ കാര്യം, പറവൂരിൽ നടപ്പിലാക്കുന്ന ഈ പദ്ധതി വളരെ സുതാര്യമാണ്. മറ്റ് സ്ഥലത്തൊന്നുമില്ലാത്ത രീതിയിൽ വളരെ കൃത്യമായിട്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും നടപ്പിലാക്കുന്നതും. രണ്ട് മുറികളും അടുക്കളയും ചെറിയ ഒരു ടോയ്ലെറ്റുമുള്ള 449 സ്ക്വയർ ഫീറ്റ് വീടിന്റെ ഒരു മോഡലാണ് ഞങ്ങൾ അവിടെ നിർമ്മിച്ച് നടപ്പിലാക്കുന്നത്. റോട്ടറി ഇന്റർനാഷണൽ ക്ലബ്ബ് കൂടാതെ ആസ്റ്റർ മെഡിഹോംസ്, എംഫാർ ഗ്രൂപ്പ് തുടങ്ങിയ ഗ്രൂപ്പുകളെല്ലാം നടത്തിയിട്ടുണ്ട്. വിദേശത്തെ ഒരു സ്ഥാപനവും നമുക്ക് സഹായം ചെയ്തുതന്നിട്ടില്ല. ഡോ. ആസാദ് മൂപ്പൻ, ശ്രീ. ഗൾഫാർ മുഹമ്മദാലി എന്നിവരെപ്പോലെയുള്ള ധാരാളം വിദേശ മലയാളികളും ഐക്യകേരള സമാജം പോലെയുള്ള വിദേശ സംഘടനകളും സഹായം തന്നിട്ടുണ്ട്. ഇവരിൽ 80-90 ശതമാനത്തോളം ആളുകൾ നേരിട്ടുവന്നാണ് വീടുകൾ

നിർമ്മിച്ചുനൽകിയിട്ടുള്ളത്. വീടുകൾ നേരിട്ട് നിർമ്മിച്ചുതരാൻ ബുദ്ധിമുട്ടുള്ള വ്യക്തികളും സ്ഥാപനങ്ങളും, എത്ര കരാറുകാരുണ്ട്; എല്ലാംകൂടി ഒരു കരാറുകാരനാണോ കൊടുത്തതെന്നുള്ള കുറേ ചോദ്യങ്ങൾ അദ്ദേഹം ചോദിച്ചു. പ്രാദേശിക തലത്തിൽ സേവന സന്നദ്ധരായി വന്ന കരാറുകാരുടെ ഒരു പാനൽ ഞങ്ങളുണ്ടാക്കി. കാരണം ഇതിൽനിന്നും വലിയ ലാഭം പ്രതീക്ഷിക്കരുത്. നാട്ടിലുണ്ടാകുന്ന സംഭവമാണെന്നു ള്ളതുകൊണ്ട് എല്ലാ പ്രാദേശിക കരാറുകാരും നാലോ അഞ്ചോ വീടുകൾ ലാഭമില്ലാതെ ചെയ്തുതരാൻ തയ്യാറായി വന്നതുകൊണ്ടാണ് 5 ലക്ഷം രൂപയ്ക്കും 5.5 ലക്ഷം രൂപയ്ക്കുമെല്ലാം 200-ഓളം വീടുകൾ പൂർത്തിയാക്കിയത്. വിദേശത്തുനിന്നോ സ്വദേശത്തുനിന്നോ പുനർജ്ജനി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു രൂപപോലും ചെക്കായോ അല്ലാതെയോ വാങ്ങിയിട്ടില്ല. ഡോണർ വന്നുകഴിഞ്ഞാൽ ഡോണർ നേരിട്ടല്ല പണിചെയ്യുന്നതെങ്കിൽ അവിടത്തെ കരാറുകാരന് ആദ്യം 2 ലക്ഷം രൂപയുടെ ചെക്ക് കൊടുക്കും, അടുത്ത സ്റ്റേജാകുമ്പോൾ അടുത്ത 2 ലക്ഷം രൂപ കൊടുക്കും, അത് പൂർത്തിയാക്കി ഫൈനൽ സ്റ്റേജാകുമ്പോൾ ഒരു ലക്ഷം രൂപ കൊടുക്കും. അതിനാവശ്യമായ പേപ്പറുകളും സംവിധാനങ്ങളുമെല്ലാം പുനർജ്ജനിയുടെ വോളന്റീയർമാരാണ് കൃത്യമായി ചെയ്യുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കളമശ്ശേരിയിലെ XIME എന്ന മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ 200-ഓളം വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരാഴ്ച നീണ്ടുനിന്ന പ്രൊഫഷണലായ സർവ്വേ നടത്തിയിട്ടാണ് ഈ ടാർജറ്റ് ഗ്രൂപ്പിനെയും ബെനിഫിഷ്യറീസിനെയും കണ്ടെത്തിയത്. ആർക്കൊക്കെയാണ് ആദ്യം വീട് കൊടുക്കേണ്ടതെന്ന് രാഷ്ട്രീയമൊന്നും നോക്കാ തെയാണ് ഓർഡർ തയ്യാറാക്കിയത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എനിക്കെതിരായി പ്രവർത്തിച്ച മാർക്സിസ്റ്റ് പാർട്ടിക്കാരനായ വ്യക്തിയുടെ മരണശേഷം അദ്ദേഹത്തിന്റെ പ്രളയത്തിൽ തകർന്ന വീടുൾപ്പെടെ, ബി.ജെ.പി., സി.പി.ഐ.(എം), സി.പി.ഐ. എന്നിങ്ങനെ രാഷ്ട്രീയമൊന്നും നോക്കാതെയാണ് ബെനിഫിഷ്യറീസിനെ തെരഞ്ഞെ ടുത്തത്. അത് സംബന്ധിച്ച പരാതികൾ അവിടെയില്ല. പാവപ്പെട്ട സ്ത്രീകളുടെ ഉപജീവന മാർഗ്ഗമായ ആയിരത്തിലധികം തയ്യൽ മെഷീനുകൾ അവിടെ നഷ്ടപ്പെട്ടു. അവർക്കെല്ലാം തയ്യൽ മെഷീനുകൾ വാങ്ങിക്കൊടുത്തു. 25, 50, 100 എന്നുള്ള തരത്തിലാണ് ഡോണർമാർ മെഷീനുകൾ വാങ്ങി നൽകിയത്. അതിനായി ഉഷ കമ്പനിയുമായി ഞങ്ങൾ ധാരണയുണ്ടാക്കി. 100 എണ്ണത്തിന്റെ പണം കൊടുത്താൽ അവർ 110 എണ്ണം നൽകും, ഈ പ്രോജക്ടായതുകൊണ്ട് വളരെ വില കുറച്ചുതരും. ഡോണർ ഉഷ കമ്പനിക്ക് ചെക്ക് കൊടുക്കും. ചെക്ക് കൊടുക്കുമ്പോൾ തയ്യൽ മെഷീനുകൾ അസംബിൾ ചെയ്ത് ഡോണറിന്റെ സാന്നിദ്ധ്യത്തിൽ കമ്പനി അവിടെ വിതരണം ചെയ്തു. രണ്ടായിരത്തിലധികം കടകൾക്ക് ഞങ്ങൾ......(ബഹളം).....

മി. സ്പീക്കർ: അംഗങ്ങൾ ഇരിക്കു, ഇരിക്കു...., അദ്ദേഹത്തെ സംബന്ധിച്ചുവന്ന ആക്ഷേപത്തിന് അദ്ദേഹം വിശദീകരണം നൽകുകയാണ്. നിങ്ങൾ ഇരിക്കു. ചട്ടം 288 പ്രകാരം അദ്ദേഹത്തെക്കുറിച്ച് വന്ന ആക്ഷേപത്തിന് അദ്ദേഹം വിശദീകരിക്കുകയാണ്......(ബഹളം)...... അങ്ങ് വേഗം പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പെട്ടെന്ന് തീർക്കാം......(ബഹളം)......

മി. സ്പീക്കർ: ഇരിക്കു, ഇരിക്കു, .........(ബഹളം)......നിങ്ങൾ മനസ്സിലാക്കേണ്ടത് വ്യക്തിപരമായ പരാമർശം വന്നാൽ അതിന് വിശദീകരണം നൽകാൻ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവസരം കൊടുക്കാറുണ്ട്......(ബഹളം)......നിങ്ങൾ കേൾക്കു. .....(ബഹളം)...... പ്ലീസ്, പ്ലീസ്...അദ്ദേഹം പറയട്ടെ. ഇരിക്കു......(ബഹളം)...... സി.ഡി. പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞല്ലോ. ഒരു അംഗത്തെ സംബന്ധിച്ച് പരാമർശം വന്നാൽ വ്യക്തിപരമായ വിശദീകരണം നൽകാൻ അവസരം എല്ലാവർക്കും നൽകാറുണ്ട്. അത് നൽകിയതാണ്. നിങ്ങൾ ബഹളമുണ്ടാക്കരുത്. സി.ഡി. പരിശോധിക്കാം. അദ്ദേഹം പറയാനുള്ളത് പറയട്ടെ. ചുരുക്കിപ്പറയൂ. ....(ബഹളം)...... ഇത് ശരിയല്ല. നിങ്ങൾ ഉന്നയിച്ച കാര്യത്തിനുള്ള പ്രശ്നം പരിശോധിച്ച് പറയാമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിച്ച് വന്ന ആക്ഷേപത്തിനുള്ള വിശദീകരണമാണ് അദ്ദേഹം പറയുന്നത്.....(ബഹളം)......

ശ്രീ. ജെയിംസ് മാത്യു: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട പറവൂർ അംഗത്തിന് വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് അങ്ങ് അനുവദിച്ചതിനെ നൂറു ശതമാനം അംഗീകരിക്കുകയാണ്. പക്ഷെ അദ്ദേഹത്തിനെതിരായ ആരോപണം എഴുതിക്കൊടുക്കാതെ ബഹു. കല്ല്യാശ്ശേരി അംഗം ഉന്നയിച്ചുവെന്ന് പറഞ്ഞുകൊണ്ട് ആരംഭിച്ചത് തെറ്റാണ്. എന്തുകൊണ്ടെന്ന് ചോദിച്ചാൽ കല്ല്യാശ്ശേരി അംഗം പുതുതായി ഒരു ആക്ഷേപവും അദ്ദേഹത്തിനെതിരെ ഉന്നയിച്ചിട്ടില്ല. അവിശ്വാസപ്രമേയ ചർച്ചയിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്ത് സഭയുടെ മേശപ്പുറത്ത് വച്ച ഒരു സി.ഡി.-യും ആ സമയത്ത് പ്രസംഗത്തിൽ ഞാൻ ഉന്നയിച്ച വസ്തുതകളും ഇന്നലെ ചോദ്യോത്തരവേളയിൽ ആവർത്തിക്കപ്പെട്ടതും പിന്നീട് അടിയന്തരപ്രമേയ അവതരണഘട്ടത്തിൽ അദ്ദേഹം തന്നെ ഈ സഭയിൽ പറഞ്ഞതുമായ കാര്യങ്ങളല്ലാതെ ഒരു കാര്യവും ബഹുമാനപ്പെട്ട കല്ല്യാശ്ശേരി അംഗം പറഞ്ഞിട്ടില്ല. അദ്ദേഹത്തിനെതിരായി എഴുതിക്കൊടുക്കാതെ ആരോപണം ഉന്നയിച്ചുവെന്ന് സ്ഥാപിക്കുന്നതിനും ബഹുജനങ്ങൾ അറിയേണ്ടതായ അദ്ദേഹത്തിന്റെ ഭാഗത്തു നിന്ന് നൽകേണ്ട വിശദീകരണം ഈ സഭയ്ക്കകത്ത് നൽകുന്നതിന് അവസരം നൽകുന്നതും അദ്ദേഹത്തിന്റെ പേര് പരാമർശിച്ചു എന്നതിന്റെ പേരിൽ നൽകാവുന്ന വ്യക്തിപരമായ വിശദീകരണത്തിന്റെ അവസ്ഥയിൽ ഉൾപ്പെടുന്നതല്ല. ഇത് തെറ്റായ രീതിയാണ്. ഇത് അംഗീകരിക്കില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഇവിടെ പുതിയ ഒരു കാര്യവും ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ജെയിംസ് മാത്യു സ്പീക്കർക്ക് എഴുതി നൽകിയതും ഇവിടെ സി.ഡി. വച്ച് ഉന്നയിച്ച കാര്യവുമാണ് ഞാൻ പറഞ്ഞത്. അദ്ദേഹം 200 വീട് വച്ചു, ബെർമിംങ്ഹാമിൽ പോയി പണം പിരിച്ചു, ഏത് അക്കൗണ്ടിലേയ്ക്കാണ് പണം വന്നത്; എങ്ങനെ ചെലവഴിച്ചു; ആരാണ് കോ-ഓർഡിനേറ്റ് ചെയ്തത്; ആരാണ് കരാർ ഏറ്റെടുത്തത്; ആരാണ് മേൽനോട്ടം വഹിച്ചത്; ആരാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്? ഞാൻ ചോദിച്ച ഈ കാര്യങ്ങൾ അദ്ദേഹം പറഞ്ഞതാണ്. അത് പുതിയ കാര്യമല്ല, അതുകൊണ്ട് ഇത് ശരിയല്ല.

മി. സ്പീക്കർ: സഭയിൽ ഉയർന്നുവന്ന വിഷയത്തിൽ വ്യക്തിപരമായ പരാമർശം വന്നിട്ടുണ്ടെങ്കിൽ ആ അംഗത്തിന് അതുസംബന്ധിച്ച് വിശദീകരിക്കാനുള്ള അവസരം കൊടുക്കാറുണ്ട്. അത് പഴയ കാര്യമാണോ അല്ലയോ എന്നുള്ളത് ചെയർ പരിശോധിച്ച് പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ റൂൾ 303 അനുസരിച്ച് ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിന്മേൽ തീരുമാനമെടുക്കേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്. ഞാൻ റൂളിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ അവസരമാണ് ഞാൻ വിനിയോഗിക്കുന്നത്. കാരണം ഒരു അംഗത്തിനെതിരായി വ്യക്തിപരമായ ആക്ഷേപമുണ്ടായാൽ ആ വ്യക്തിക്ക് വിശദീകരണം നൽകാനുള്ള അവകാശമുണ്ട്. കരാറുകാരൻ ആരാണെന്നും എവിടെനിന്നാണ് പൈസ കിട്ടിയതെന്നും ഏത് അക്കൗണ്ടിലാണ് പൈസ വന്നതെന്നും അദ്ദേഹം ചോദിച്ചു. അങ്ങനെ ചോദിച്ചതിനല്ലാതെ, എനിക്കെതിരായി വ്യക്തിപരമായി പറഞ്ഞതിനല്ലാതെ ഞാനൊന്നും പറഞ്ഞിട്ടില്ല. വീട് മാത്രമാണോ വച്ചത്, വേറെ എന്തെങ്കിലും ചെയ്തോ? ഇത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കറല്ലേ ഇത് തീരുമാനിക്കേണ്ടത്. ....(ബഹളം)... എന്നെ സംസാരിക്കാൻ അനുവദിച്ചാൽ ഞാൻ രണ്ട് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. എന്റെ മണ്ഡലത്തിൽ രണ്ടായിരത്തിലധികം കടകളിൽ വെള്ളം കയറി. എല്ലാവർക്കും നഷ്ടപരിഹാരം നൽകി. ഡോണർമാർ വന്നു. വ്യാപാരി വ്യവസായികളുമായി ആലോചിച്ച് ഞങ്ങൾ ബെനിഫിഷ്യറീസിന്റെ പേരുകൾ കൊടുത്തു. അവരുടെ ആധാർ കാർഡും ഐ.ഡി. കാർഡും അതുപോലെ ബാങ്ക് അക്കൗണ്ടും ഞങ്ങൾ കൊടുത്തപ്പോൾ ഡോണർ ചെക്ക് എഴുതിക്കൊണ്ടുവന്നു. ഡോണറിന്റെയും എന്റെയും സാന്നിദ്ധ്യത്തിൽ അവർ ആ ചെക്ക് ഈ ബെനിഫിഷ്യറിക്ക് കൈമാറ്റം ചെയ്തു. വിദ്യാഭ്യാസ വകുപ്പ് എനിക്കൊരു ലിസ്റ്റ് തന്നു. പ്രളയത്തിൽ 9000 കുട്ടികളുടെ സകലവസ്തുക്കളും പോയെന്ന് പറഞ്ഞു. ആ 9000 കുട്ടികൾക്ക് സ്കൂൾ ബാഗും സ്റ്റഡി മെറ്റീരിയൽസും കൊടുത്തു. യൂണിഫോം നഷ്ടപ്പെട്ട 7000 കുട്ടികൾക്ക് ഞാൻ യൂണിഫോം കൊടുത്തു.

പാഠപുസ്തകങ്ങൾ സർക്കാർ കൊടുത്തു. അപ്പോൾ 9000 കുട്ടികൾക്ക് നോട്ട് ബുക്കുകളില്ലെന്ന് അദ്ധ്യാപകർ പറഞ്ഞു. ഞാൻ ബാംഗ്ലൂരിൽ പോയി അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കെ. ജെ. ജോർജ്ജിനെ കണ്ട് കർണ്ണാടക ഗവൺമെന്റിന്റെ ബാംഗ്ലൂരിലുള്ള പൊതുമേഖല സ്ഥാപനത്തിൽനിന്നും ഒരു ലക്ഷം നോട്ട് ബുക്കുകൾ കൊണ്ടുവന്ന് പറവൂരിലെ 9000 കുട്ടികൾക്ക് പത്ത് നോട്ട് ബുക്കുകൾ വച്ച് കൊടുത്തു. 2000 കന്നുകാലികൾ ഒഴുകിപ്പോയി. ബാക്കിയുള്ള കന്നുകാലികൾക്ക് തീറ്റപോലുമില്ലാതെ കിടക്കുകയാണ്. ഞാൻ ഒരു പശുവിന് 25 കിലോഗ്രാം വച്ച് 50 ടൺ കാലിത്തീറ്റ.... ......(ബഹളം)..... ചെക്കാണ് കൊടുത്തത്.

മി. സ്പീക്കർ: അങ്ങയെ സംബന്ധിച്ചുള്ള വിമർശനത്തിന് മറുപടി പറയൂ. ......(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, തടസ്സപ്പെടുത്തിയില്ലെങ്കിൽ ഒരു മിനിട്ട് കൊണ്ട് അവസാനിപ്പിക്കാം. ......(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. ......(ബഹളം)..... അങ്ങയെ സംബന്ധിച്ചുള്ള വിമർശനത്തെ സംബന്ധിച്ച് അങ്ങ് വിശദീകരിക്കൂ. ......(ബഹളം)..... അങ്ങ് സംസാരിച്ച് പൂർത്തിയാക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. റ്റി. വി. രാജേഷ്, ഞാൻ കരയുകയില്ല. ഏങ്ങി ഏങ്ങി കരയുകയില്ല ഞാൻ. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്......അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ അവിടെ ഇരിക്കട്ടെ. അവർ ഇരിക്കാതെ ഞാനെങ്ങനെയാണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ. ......(ബഹളം)..... ഒരു മിനിട്ടേ കൊടുക്കൂ. ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ പേരിലുള്ള വിമർശനത്തെ സംബന്ധിച്ച് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് ഒരു മിനിട്ട് തരണമെന്ന് ഞാൻ പറഞ്ഞു. അതിന് ബഹുമാനപ്പെട്ട സ്പീക്കർ എന്നെ പ്രൊട്ടക്ട് ചെയ്യണ്ടേ? ആളുകൾ ഇരിക്കാതെ ഞാൻ സംസാരിക്കുന്നതെങ്ങനെയാണ്? ......(ബഹളം).....

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. ......(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അവരെ ഇരുത്തൂ. എന്നിട്ട് എനിക്ക് പ്രൊട്ടക്ഷൻ തരണം. എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടത് അങ്ങല്ലേ? ......(ബഹളം).....

മി. സ്പീക്കർ: ശ്രീ. രാജേഷ്, ശ്രീ. ജെയിംസ് മാത്യു ദയവായി അങ്ങ് ഇരിക്കു. ഒരു മിനിട്ടുകൊണ്ട് അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കും. നിങ്ങൾ ദയവായി ഇരിക്കു. ഒരു മിനിട്ടുകൊണ്ട് അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടേ. ......(ബഹളം)..... ശ്രീ. എ. എൻ. ഷംസീർ, അതൊക്കെ പിന്നീട് പറയാം. അടുത്തയാൾ പ്രസംഗിക്കുമ്പോൾ പറഞ്ഞോ. അങ്ങ് സംസാരിക്കു. ......(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബഹളത്തിനിടയിൽ ഞാൻ എങ്ങനെയാണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: എല്ലാം നിശബ്ദമാകാൻ കാത്തുനിൽക്കേണ്ട. അങ്ങ് സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കുമ്പോൾ സംസാരിക്കുന്നത് എങ്ങനെയാണ്. ...(ബഹളം).. ഞാൻ കന്നുകാലികളുടെ കാര്യം സൂചിപ്പിക്കാൻ കാരണം, കോയമ്പത്തൂരുള്ള ഒരു കമ്പനി 50 ടൺ കാലിത്തീറ്റ തരാമെന്ന് പറഞ്ഞപ്പോൾ ആ കമ്പനി ചെക്ക് തന്നിരുന്നു. ......(ബഹളം)..... ആ ചെക്ക് ഇരിങ്ങാലക്കുടയിലെ കാലിത്തീറ്റ കമ്പനിയിലേയ്ക്കാണ് ഞാൻ കൊടുത്തത്. ......(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ചോദിച്ച കാര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം മറുപടി പറയുന്നത്. പ്ലീസ്..... നിങ്ങൾ കേൾക്കു. ......(ബഹളം)..... അങ്ങ് സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിനുള്ള പണം നൽകിയത് ആരാണെന്ന് ചോദിച്ചു. ......(ബഹളം)..... ശ്രീ. റ്റി. വി. രാജേഷ് ചോദിച്ചത്, ഞങ്ങൾക്കാർക്കും കിട്ടിയില്ലല്ലോ, നിങ്ങൾക്കുമാത്രം ഇതെങ്ങനെ കിട്ടി എന്നാണ്. കൊച്ചിൻ ഷിപ് യാർഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളും ഞാൻ യൂണിയൻ പ്രസിഡന്റായിരിക്കുന്ന ഇരുപത്തിയഞ്ചിലധികം സ്ഥാപനങ്ങളും സംസ്ഥാനത്തുണ്ട്. ആ സ്ഥാപനങ്ങളെല്ലാം പറവൂരിലുള്ള ഈ പാവങ്ങളെ സഹായിച്ചു. അതെല്ലാം അവരുടെ സി.എസ്.ആർ. ഫണ്ടും മറ്റുഫണ്ടുംകൊണ്ടാണ്. കേരളത്തിന് പുറത്ത് ബാംഗ്ലൂർ, ചെന്നൈ, കോയമ്പത്തൂർ, മുംബൈ, ഡെൽഹി, പൂന തുടങ്ങിയ സ്ഥലങ്ങളിൽനിന്നുവരെ കിട്ടി. സാനിറ്റൈസർ വരെ എന്റെ സുഹൃത്തുക്കൾ ഹെലികോപ്റ്ററിൽ കൊണ്ടുവന്ന് ഇറക്കിയതാണ്. പുനർജ്ജനിയുമായി ബന്ധപ്പെട്ട് ഒരു അക്കൗണ്ടില്ല. ......(ബഹളം)..... ഞാൻ 20 വർഷം പ്രതിനിധിയായിരിക്കുന്ന, എല്ലാം തകർന്നുപോയ, എന്റെ നിയോജകമണ്ഡലത്തിലെ പാവങ്ങൾക്ക് ഞാൻ വീട് വച്ചുകൊടുത്തു. സർക്കാർ ചെയ്യേണ്ട കാര്യങ്ങൾകൂടി ഒരു എം.എൽ.എ. എന്നുള്ള നിലയിൽ എന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഞാൻ ചെയ്തതിന്,

ഈ സർക്കാരിനെ സഹായിച്ചതിന്, ഞാൻ പിന്തുണച്ചതിന് എന്നെ അഭിനന്ദി ക്കേണ്ടതിന് പകരം തെരഞ്ഞെടുപ്പ് അടുത്തപ്പോൾ അധിക്ഷേപിക്കാൻ വരുന്നത് ശരിയല്ലെന്നുമാത്രം ഞാൻ പറയുന്നു. ആണാണോ; തന്റേടമുണ്ടോ; നട്ടെല്ലുണ്ടോ; എന്നൊക്കെ ചോദിച്ചു. ആത്മവിശ്വാസക്കുറവുള്ളവർ മറ്റുള്ളവരോട് അങ്ങനെ ചോദിക്കുകയില്ല. അത് അവർ സ്വയം വിലയിരുത്തിയാൽ മതി. ഇല്ലെങ്കിൽ സ്വന്തക്കാരായിട്ടുള്ള ആരോടെങ്കിലും ചോദിച്ചാൽ മതി, ഇതൊക്കെ എനിക്കു ണ്ടോയെന്ന്. എന്നോട് ചോദിക്കേണ്ട. അത്രേയുള്ളൂ.

4.00 P.M.]

<u>ശ്രീ. എം. സ്വരാജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. വ്യക്തിപരമായ വിശദീകരണത്തിന് നോട്ടീസ് നൽകിയ അംഗത്തിന് അത് അവതരിപ്പിക്കാൻ അനുവാദം നൽകുമ്പോൾ പരാമർശിക്കപ്പെട്ടതിനുള്ള വിശദീകരണമാണോ പറയു ന്നതെന്ന് ചട്ടപ്രകാരം ബഹുമാനപ്പെട്ട ചെയർ ഉറപ്പുവരുത്തേണ്ടതാണ്. ഇവിടെ ആരും പിണ്ണാക്കിന്റെയും സ്കൂൾ ബാഗിന്റെയും പ്രശ്നം പറഞ്ഞിട്ടില്ല. ബർമിംഗ്ഹാമിൽ പോയി എഫ്.സി.ആർ.എ. (Foreign Contribution (Regulation Act) ലംഘിച്ച് 500 പൗണ്ട് ആവശ്യപ്പെട്ട കാര്യമാണ് പറഞ്ഞത്. അത് ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പാകെയുണ്ട്. അങ്ങ് സി.ഡി. പരിശോധിക്കണം. അതിനുപകരം പൊതുയോഗ പ്രസംഗം നടത്താൻ ചട്ടം 288 ദുരുപയോഗം ചെയ്യുകയാണിവിടെ ചെയ്തത്. അത് പരിശോധിച്ച് രേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന് പോയിന്റ് ഓഫ് ഓർഡർ അനുസരിച്ച് ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. .... (ബഹളം)...

<u>മി. സ്പീക്കർ</u>: ശ്രീ. എം. സ്വരാജ് ഉന്നയിച്ച കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് നേരത്തെ പറഞ്ഞതാണ്. ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് അവസരമുണ്ടെങ്കിലും ചർച്ചയ്ക്ക് അവസരമില്ല.

## നന്ദിപ്രമേയ ചർച്ച (തുടർച്ച)

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ)

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ശ്രീ. വി. ഡി. സതീശന്റെ കയ്യിൽ ഒരു ബാറ്റ് കൊടുത്തു, ഒരു ലൂസ് ബോളും എറിഞ്ഞുകൊടുത്തു, അദ്ദേഹം മനോഹരമായി ഒരു സിക്സർ അടിച്ചു. അതിൽ അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ച് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. പക്ഷേ ഒരു കാര്യത്തിൽ ഗവൺമെന്റിനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ ഗവൺമെന്റ് ഗവർണറെ ഇങ്ങനെ മെരുക്കി മയക്കി പാകപ്പെടുത്തിയെടുത്തത് എങ്ങനെയാണ്; എന്ത് കേക്കാണ് കൊടുത്തത്; ആ കേക്കിന്റെ ചേരുവ എന്താണ്? അത് വല്ലാത്തൊരു കേക്കാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനിയും പല കൂട്ടുകളും ചേരുവകളും നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകും. ശ്രീ. എ. എൻ. ഷംസീർ അവിടെയിരുന്ന് പറയുന്നതുകൊണ്ട് ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെക്കുറിച്ചും മുസ്ലീം ലീഗിനെക്കുറിച്ചും ഒരക്ഷരം പറഞ്ഞില്ലെങ്കിൽ രാത്രി ഉറക്കം വരാത്ത ആളാണ് അദ്ദേഹം. അത് പാണക്കാട് തങ്ങളുടെ ഗുണമാണ്. നിങ്ങൾക്ക് രാത്രി ഉറക്കം കിട്ടണമെങ്കിൽ പാണക്കാട് തങ്ങളുടെ പേര് പറയണം. അതാണ് പാണക്കാട് തങ്ങളുടെ നന്മയും ഗുണവും. ശ്രീ. എ. എൻ. ഷംസീറിനെപ്പോലെയുള്ള ആളുകൾക്ക് ഉറക്കം കിട്ടണമെങ്കിൽ പാണക്കാട് തങ്ങളെക്കുറിച്ച് പറയണം. പ്രസംഗത്തിന്റെ തുടക്കത്തിൽത്തന്നെ ഗവർണർ വിദേശത്ത് താമസിക്കുന്നവരെക്കുറിച്ചാണ് പറഞ്ഞത്. ജനസംഖ്യയുടെ 9 ശതമാനം ആളുകളും വിദേശത്ത് താമസിക്കുന്നവരാണെന്ന് ഗവർണ്ണർ പറയുന്നു. ഇപ്പോഴെങ്കിലും വിദേശത്ത് താമസിക്കുന്ന ആളുകളെ ഈ സർക്കാർ ഓർത്തതും അവരെക്കുറിച്ച് ഗവർണറെക്കൊണ്ട് പറയിപ്പിച്ചതും നല്ല കാര്യമാണ്. കാരണം കോവിഡ് കാലത്ത് നമ്മുടെ സർക്കാർ വിദേശത്തെ സഹോദരന്മാരോട് കാട്ടിയ അനീതിയും ക്രൂരതയും എന്താണെന്ന് നമുക്കെല്ലാം അറിയാം. കോവിഡ് കാലത്ത് ഭക്ഷണവും വെള്ളവും കിട്ടാതെ വിഷമിച്ച ധാരാളം സഹോദരന്മാർ വിദേശത്തുണ്ടായിരുന്നു. മാസങ്ങളോളം ഭക്ഷണവും വെള്ളവും കിട്ടാതെ അവർ വിഷമിച്ചു. എങ്കിലും കെ.എം.സി.സി.യുടെയും ഇൻകാസ് (INKAS)-ന്റെയും പ്രവർത്തകരുള്ളതുകൊണ്ട് ഭക്ഷണം കിട്ടാതെ അവർക്ക് വിഷമിക്കേണ്ടി വന്നിട്ടില്ല. ഈ പ്രവർത്തകരുള്ളതുകൊണ്ടാണ് അവർക്ക് ജോലി നഷ്ടപ്പെട്ടിട്ടും പാർപ്പിട സൗകര്യമില്ലാതായിട്ടും അവിടെ ജീവിക്കാൻ കഴിഞ്ഞത്. ഇത് ഞങ്ങൾ പറയുന്നതല്ല. ഇടതുപക്ഷത്തോട് ആഭിമുഖ്യമുള്ള പ്രവർത്തകരുടെ വീഡിയോ നമ്മൾ കണ്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ കെ.എം.സി.സി.-ക്ക് മാത്രമേ സാധിക്കുകയുള്ളൂവെന്ന് പറഞ്ഞത് ഇടതുപക്ഷ ചിന്താഗതിയുള്ള പ്രവർത്തകരാണെന്നുള്ളത് നമ്മൾ കണ്ടതാണ്. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അവിടത്തെ കെ.എം.സി.സി. പ്രവർത്തകരുമായി ബന്ധപ്പെടാൻ ബഹുമാന്യനായ മന്ത്രി കെ. ടി. ജലീലും പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് അതല്ല, കോവിഡ് കാലത്ത് ഇങ്ങനെ ധാരാളം പ്രയാസങ്ങൾ മലയാളികൾ അനുഭവിച്ചിട്ടുണ്ട്. അവരെ സഹായിക്കാൻ കെ.എം.സി.സി.-യും ഇൻകാസുമൊക്കെയുണ്ടായിരുന്നു. ഗൾഫിലുള്ള ആളുകളോട് സർക്കാർ എന്താണ് പറഞ്ഞത്? നിങ്ങളെല്ലാവരും നാട്ടിലേയ്ക്ക് വരൂ, നിങ്ങളെ ഞങ്ങൾ സുരക്ഷിതരായി നോക്കിക്കൊള്ളാം, ഒരു ലക്ഷം, രണ്ട് ലക്ഷം ബെഡ്ഡുകൾ ഞങ്ങളിവിടെ ഒരുക്കിവച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. നാട്ടിൽ വന്നപ്പോൾ ഒരു ലക്ഷം

ബെഡ്ഡ് കണ്ടിട്ടില്ലെന്ന് മാത്രമല്ല ഒരു ബ്രെഡ് പോലും കണ്ടില്ല. ഇത് നുണയല്ല. അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. ഗൾഫിലുള്ള ആളുകൾ തിരുവനന്തപുരം വിമാനത്താവളത്തിലും നെടുമ്പാശ്ശേരിയിലും കരിപ്പൂരിലും കണ്ണൂരിലും വന്നിറങ്ങി. അവർ വന്നിറങ്ങി നാടണയുന്നതിനിടയിൽ അവർക്ക് ഒരു കുപ്പി വെള്ളംപോലും കൊടുത്തില്ല. കഴിക്കാൻ ഒരു ബ്രെഡ് പോലും കൊടുത്തില്ല. മാത്രമല്ല, ആളുകളെ രാത്രി 12 മണിക്കും ഒരു മണിക്കും റോഡിലിറക്കി വിട്ടു. എവിടെ പോകണമെന്ന് അവർക്കറിയില്ല. കോവിഡ് കാലത്ത് ഗൾഫിലുള്ള നമ്മുടെ സഹോദരന്മാരെ ഏറ്റവും ക്രൂരമായി പീഡിപ്പിച്ച സർക്കാരാണ് ഇതെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എത്രയോ ആളുകൾ പാതിരാത്രിയിൽ എന്നെപ്പോലെയുള്ള പൊതുപ്രവർത്തകരെ വിളിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സിലാണ് അവരെ നാട്ടിലേയ്ക്ക് കൊണ്ടുവന്നത്. വിമാനത്താവളത്തിൽനിന്ന് വീട്ടിലേയ്ക്ക് അല്ലെങ്കിൽ ക്വാറന്റൈൻ സെന്ററിൽ എത്തുന്നതുവരെ അവർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം ചെയ്തുകൊടുത്തില്ല. അവർക്ക് ഭക്ഷണം കൊടുത്തില്ല.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം കൊടുത്തില്ലേ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അവർക്ക് ഭക്ഷണവും വെള്ളവും കൊടുത്തില്ലെങ്കിലും കെ.എസ്.ആർ.ടി.സി. ബസ് കൊടുത്തില്ലേയെന്നാണ് ചോദിക്കുന്നത്. എന്തൊരു തൊലിക്കട്ടിയാണിത്. കോവിഡ് പോസിറ്റീവായ ആളുകൾക്ക് ഇത്രമാത്രം ചികിത്സ നടത്തിയ ഒരു സർക്കാർ ലോകത്തെങ്ങുമില്ലെന്നാണ് ഇന്നലെ അപ്പുറത്തുള്ള ഒരംഗം പറഞ്ഞത്. കോവിഡ് പോസിറ്റീവായ രോഗികൾക്ക് എന്ത് മരുന്നാണ് നിങ്ങൾ നൽകിയത്? കേരളത്തിലെന്നല്ല, ലോകത്തിന്റെ ഏതുഭാഗത്ത് നോക്കിയാലും കോവിഡ് പോസിറ്റീവായ ആളുകൾക്ക് അസിത്രോമൈസിൻ, ഡോളോ 650 എന്നീ രണ്ട് ഗുളികകൾ മാത്രമാണ് നൽകാറുള്ളത്. ഇവിടെയും നൽകിയിട്ടുള്ളത് ഇതുതന്നെയാണ്. കോവിഡ് പോസിറ്റീവായ ആളുകൾക്ക് വീടുകളിൽ താമസിക്കാൻ സൗകര്യമില്ലെങ്കിൽ അവരെ എഫ്.എൽ.ടി.സി. (First Line Treatment Centre)-കളിൽ കൊണ്ടുപോകുന്നു. അവിടെ നല്ല സൗകര്യമുണ്ടെന്ന് പറഞ്ഞാണ് കൊണ്ടു പോകുന്നത്. കോവിഡ് പോസിറ്റീവായ രോഗികൾക്ക് ഏറ്റവും അത്യാവശ്യമായി വേണ്ടത് പോഷകാഹാരമാണ്. അത് കൊടുക്കാൻ നമുക്ക് സാധിച്ചോ? പല എഫ്.എൽ.ടി.സി.-കളിൽനിന്നും ഞങ്ങളെപ്പോലെയുള്ള പ്രവർത്തകരെ ആളുകൾ വിളിച്ചിട്ടുണ്ട്. ചൂട് വെള്ളം പോയിട്ട് പച്ചവെള്ളം പോലുമില്ല. .....(ബഹളം)... കാസർഗോഡ് കേരളത്തിലല്ലേ? പല എഫ്.എൽ.ടി.സി.-യിലേയും അനുഭവം ഇതുതന്നെയാണ്. വെള്ളംപോലും കൊടുത്തില്ല. അവർക്ക് ഭക്ഷണം കൊടുത്തോ?

പലയിടങ്ങളിലും ഭക്ഷണംപോലും കൊടുത്തത് യൂത്ത് ലീഗിന്റെയും യൂത്ത് കോൺഗ്രസിന്റെയും പ്രവർത്തകരാണെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ പറയുന്ന ഒരു കാര്യം, സമൂഹ അടുക്കള (കമ്മ്യൂണിറ്റി കിച്ചൻ) ആണ്. സമൂഹ അടുക്കള നിങ്ങൾ എങ്ങനെയാണ് നടത്തിയതെന്ന് ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. അതിലേയ്ക്ക് സാധനങ്ങൾ വാങ്ങിക്കൊടുത്തത് പല സാമൂഹിക സംഘടനകളുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളോട് നിങ്ങൾ സമൂഹ അടുക്കള നടത്തണമെന്ന് പറഞ്ഞു. സമൂഹ അടുക്കള നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ ഗവൺമെന്റ് പൈസ നൽകിയിട്ടില്ല. നിങ്ങളുടെ പ്രസംഗം കേട്ടാൽ കോവിഡ് കാലത്ത് ആളുകളെ സഹായിച്ചത് എ.കെ.ജി. സെന്ററിൽ നിന്നാണെന്ന് തോന്നും. ഇവിടെ കിറ്റുകൾ കൊടുത്ത കാര്യം നിങ്ങൾ പറഞ്ഞു. കോവിഡ് കാലത്ത് സ്കൂളുകൾ പ്രവർത്തിച്ചിട്ടില്ല, അതുകൊണ്ട് ഉച്ചഭക്ഷണവുമില്ല. ആ ഉച്ചഭക്ഷണത്തിന്റെ സാധനങ്ങളാണ് നിങ്ങൾ കിറ്റുകളായി കൊടുത്തത്. എന്നിട്ട് ഇവിടെ മേനി പറഞ്ഞ് നടക്കുകയാണ്. കോവിഡ് പോസിറ്റീവായ ആളുകൾ പ്രായമുള്ളവരാണെങ്കിൽ അവർക്ക് വെന്റിലേറ്റർ സൗകര്യം ഏർപ്പെടുത്തണം. അല്ലെങ്കിൽ അവർക്ക് ശ്വാസകോശത്തിന് തകരാർ സംഭവിക്കും. ന്യൂമോണിയ ബാധിച്ചവരെയും വെന്റിലേറ്ററിൽ ആക്കേണ്ടിവരും. അങ്ങനെയുള്ള വെന്റിലേറ്റർ സൗകര്യം നിങ്ങളുടെ നാട്ടിലുണ്ടോയെന്നറിയില്ല. പക്ഷെ, കാസർഗോഡ് അങ്ങനെയുള്ള ഒരു സൗകര്യവുമുണ്ടായിട്ടില്ല. പല എഫ്.എൽ.ടി.സി.-യിലും മെഡിക്കൽ കോളേജുകളിലും വെന്റിലേറ്റർ ഇല്ല. അങ്ങനെ വെന്റിലേറ്ററിന്റെ സൗകര്യമില്ലാത്തതുകൊണ്ട് പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിച്ചാൽ ഇവിടേയ്ക്ക് കൊണ്ടുവരേണ്ട; അതിനുള്ള സൗകര്യമില്ലെന്ന് പറയും. മംഗലാപുരത്തേയ്ക്കാണ് കൊണ്ടുപോകുന്നതെങ്കിൽ അതിനിടയിൽ ഒരുപാട് ആളുകൾ മരിച്ചിട്ടുണ്ടാകും. ആരാണ് അതിന് ഉത്തരവാദി? അങ്ങനെയുള്ള സർക്കാരാണ് കോവിഡ് കാലത്ത് ലോകത്തിലെ ഒരു സർക്കാരിനും ചെയ്യാൻ പറ്റാത്ത കാര്യങ്ങളാണ് ഞങ്ങൾ ചെയ്തിട്ടുള്ളതെന്ന് പറയുന്നത്. മലപ്പുറം കളക്ടർ ഈ ഗവൺമെന്റിന്റെ ഭാഗമാണ്. ആ കളക്ടർപോലും പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളെയാണ് സമീപിച്ചത്. ഇവിടെ ആശുപത്രികളിൽ കോവിഡ്-19 പോസിറ്റീവായ ആളുകളെ ചികിത്സിക്കാനുള്ള സംവിധാനങ്ങളില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും അതിനുള്ള സംവിധാനങ്ങളുണ്ടാക്കി കുറച്ച് വെന്റിലേറ്ററുകൾ ഡൊണേറ്റ് ചെയ്യണമെന്ന് പറഞ്ഞു. കാരണം ഇതുപോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ മുസ്ലീം ലീഗിനെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂവെന്ന് സർക്കാരിന്റെ പ്രതിനിധിയായ ആ കളക്ടർക്ക് അറിയാം. അല്ലെങ്കിൽ ആ കളക്ടർ മുഖ്യമന്ത്രിയുടെ അടുത്താണ് പോകേണ്ടിയിരുന്നത്.

ഞാൻ എന്റെ ജില്ലയിലെ കാര്യംതന്നെ പറയുകയാണ്. അവിടെ മെഡിക്കൽ കോളേജുണ്ട്; ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ടാറ്റ കമ്പനിക്കാർ കാസർഗോഡുകാരുടെ ദുരിതമൊക്കെ മനസ്സിലാക്കിക്കൊണ്ട് 60 കോടി രൂപ ചെലവാക്കി അവിടെ ഒരു കോവിഡ് ആശുപത്രി പണിതു. അതിന്റെ ഇപ്പോഴുള്ള സ്ഥിതി, അവിടെനിന്നുള്ള മലിനജലം ഒഴുകി ആ പ്രദേശത്തെ ആളുകൾക്ക് താമസിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതാണ് ഈ സർക്കാർ കാസർഗോഡ് ജില്ലയ്ക്ക് കൊറോണക്കാലത്ത് നൽകിയ സമ്മാനമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കോവിഡ് പോസിറ്റീവായ ഒരാൾ സർക്കാർ ആശുപത്രിയിൽ വെന്റിലേറ്റർ സൗകര്യമില്ലാത്തതുകൊണ്ട് സ്വകാര്യ ആശുപത്രിയിൽ പോയാൽ ഒരു ദിവസത്തെ ചികിത്സാച്ചെലവ് പതിനായിരമോ പതിനയ്യായിരമോ ആകും. പാവപ്പെട്ട ആളുകൾ എങ്ങനെയാണ് ഈ ചെലവ് വഹിക്കുന്നത്? ഈ സർക്കാർ ഒരു നയാപൈസയെങ്കിലും കൊടുത്തോ; ഒരുപാട് ആളുകൾ മരണപ്പെട്ടു. ഓരോ സ്വകാര്യ ആശുപത്രിയിലും ഈടാക്കുന്ന ചാർജ്ജ് ഇതാണ്. ഇവിടെ ഭരണപക്ഷത്തെ അംഗങ്ങൾ ചില കാര്യങ്ങൾ പറഞ്ഞു. എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്, പറഞ്ഞുപറഞ്ഞ് തേഞ്ഞുപോയതാണെങ്കിലും നിങ്ങളുടെ ചെയ്തികളെ വിശേഷിപ്പിക്കാൻ മലയാളഭാഷയിൽ വേറെയൊന്നും കാണുന്നില്ല. പണ്ടൊക്കെ പറയാറുള്ളതുപോലെ 'നാണമില്ലാത്തവന്റെ ആസനത്തിൽ ആൽ മുളച്ചാൽ അവനത് തണൽ' എന്ന പഴയ ചൊല്ലുമാത്രമേ ഞാൻ ഇപ്പോൾ നിങ്ങളെക്കുറിച്ച് പറയുന്നുള്ളൂ. 'പ്രതിപക്ഷം അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്നു; അഴിമതി തൊട്ടു തീണ്ടിയിട്ടില്ലാത്തവരാണ് ഞങ്ങൾ' മുഖ്യമന്ത്രിപോലും അങ്ങനെയാണ് പറഞ്ഞത്. കള്ളം പറഞ്ഞുപറഞ്ഞ് സത്യമാണെന്ന തോന്നലുണ്ടാക്കാനുള്ള നിങ്ങളുടെ വൈദഗ്ദ്ധ്യം അപാരമാണെന്നേ എനിക്ക് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളൂ. അനീതിയും അധർമ്മവും ചെയ്യുക, അതാണ് നിങ്ങളുടെ രീതി. ബാലസംഘം മുതലുള്ളവരെ നിങ്ങൾ പഠിപ്പിക്കുന്നത് അതാണ്. ഇവിടെ ഭരണപക്ഷത്തെ അംഗങ്ങളുടെ പ്രസംഗം കേട്ടാൽ എല്ലാവർക്കും ഒരേ ശൈലിയാണെന്ന് നമുക്ക് മനസ്സിലാകും. ഞാൻ അവരുടെ ശൈലിയെക്കുറിച്ച് പറയുന്നില്ല.

<u>മി. ചെയർമാൻ</u>: .....സമയം കഴിഞ്ഞു...

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അവരുടെ പ്രസംഗം കേട്ടാൽ അറിയാം. അതൊക്കെ ഇവർക്ക് നൽകുന്ന ഒരു പ്രത്യേക ക്ലാസ്സാണ്. ഏത് കളവിനെയും സത്യമാക്കിക്കൊള്ളുമെന്നതാണ് അവരുടെ കഴിവ്. എനിക്ക് പറയാനുള്ളത്, നിങ്ങളുടെ കണ്ണിന് മഞ്ഞപ്പിത്തം ബാധിച്ചിരിക്കുന്നതുകൊണ്ടാണ് മറ്റുള്ളവരുടെ ശരീരത്തിലും കണ്ണിലുമൊക്കെ നിങ്ങൾക്ക് മഞ്ഞയായി തോന്നുന്നതെന്നാണ്. കിറ്റിന്റെ മറവിൽ നിങ്ങൾ ചെയ്ത അഴിമതി കേരളം ഉള്ളിടത്തോളം മറക്കുകയില്ലെന്നാണ് എനിക്ക്

പറയാനുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം കണ്ടാണ് നിങ്ങൾ തുടർഭരണത്തെക്കുറിച്ച് സ്വപ്നം കാണുന്നതെങ്കിൽ നിങ്ങളുടെ സ്വപ്നം കേരളത്തിൽ ഒരിക്കലും പൂവണിയാൻ പോകുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ എൻ. ഷംസുദ്ദീൻ സംസാരിക്കുമ്പോൾ പറഞ്ഞിരുന്നു, തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് എന്നുപറയുന്നതിൽ പല ഘടകങ്ങളുമുണ്ടെന്ന്. ഞാൻ ഒരു ഉദാഹരണം പറയാം, എന്റെ ജില്ലയിൽ തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ വാർഡിൽ ഒരു സ്ഥാനാർത്ഥി മത്സരിച്ചു. ഗ്രാമപഞ്ചായത്തിലേയ്ക്കും ബ്ലോക്കിലേയ്ക്കും ജില്ലാ പഞ്ചായത്തിലേയ്ക്കും ഓരോരുത്തർ മത്സരിച്ചു. ഈ മത്സരിച്ച മൂന്നുപേരും ഒരേ പാർട്ടിയുടെ സ്ഥാനാർത്ഥികളാണ്. ഗ്രാമപഞ്ചായത്തിൽ മത്സരിച്ച സ്ഥാനാർത്ഥി 89 വോട്ടിന് തോറ്റു. ബ്ലോക്ക് പഞ്ചായത്തിലേയ്ക്കും ജില്ലാ പഞ്ചായത്തിലേയ്ക്കും മത്സരിച്ച സ്ഥാനാർത്ഥികൾക്ക് 500, 600 വോട്ടുകൾ കൂടുതൽ ലഭിച്ചു. ഇത് നിങ്ങൾ വിശ്വസിക്കില്ല. കാരണം നിങ്ങളുടെ തലയിൽ അടുത്ത ഭരണമാണ്. അതുകൊണ്ട് ഈ പറഞ്ഞ കണക്കൊന്നും നിങ്ങളുടെ തലയിൽ കയറുകയില്ല. ഈ തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പിന്റെ ഫലംകണ്ട് അടുത്ത ഭരണം നിങ്ങൾ സ്വപ്നം കാണേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. ചെയർമാൻ</u>: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇനി നിങ്ങൾക്ക് ഭരണം കിട്ടണമെങ്കിൽ ഒരേയൊരു രക്ഷ ബി.ജെ.പി.യാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബി.ജെ.പി.യുമായി നിങ്ങൾക്ക് ഒരു ബന്ധവുമില്ലായെന്ന് കാസർഗോഡുനിന്നുവന്ന എന്നോട് പറയാൻ ധൈര്യം കാണിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് സമയത്ത് ബി.ജെ.പി.ക്കാരനെ പ്രസിഡന്റാക്കുന്ന കാര്യത്തിലും അവരുടെ സഹായം വാങ്ങി നിങ്ങളുടെ ആളുകൾ പ്രസിഡന്റാകുന്ന കാര്യത്തിലും അതുകഴിഞ്ഞ് സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ അവരെ നിങ്ങളുടെ കമ്മിറ്റിയിൽ അംഗങ്ങളാക്കുന്നതിലുമൊക്കെ നിങ്ങൾ കാണിച്ചിട്ടുള്ള ഉത്സാഹം നല്ലതുപോലെ അറിയാവുന്ന ഒരാളാണ് ഞാൻ. എനിക്ക് നിങ്ങളോട് പറയാനുള്ളത് എൽ.ഡി.എഫ്. പല ഘടക കക്ഷികളെയും തേടി ഇറങ്ങിയിരിക്കുകയാണ്. ഇനി നിങ്ങൾക്ക് നല്ലത്, ബി.ജെ.പി.യെ എൽ.ഡി.എഫ്.-ന്റെ ഘടക കക്ഷിയാക്കുകയെന്നതാണ്. അപ്പോൾ നിങ്ങൾക്ക് സുരേന്ദ്രനെ മാറോടുചേർത്ത് ഇരുമെയ്യാണെങ്കിലും ഒറ്റക്കരളല്ലേ നമ്മൾ സുരേന്ദ്രാ എന്നുപറഞ്ഞ് എ.കെ.ജി. സെന്ററിൽ അദ്ദേഹത്തെ ആശ്ലേഷിക്കാം.

<u>മി. ചെയർമാൻ</u>: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇനി നിങ്ങൾക്ക് ഭരണത്തിൽ വരാനുള്ള ഒരുവഴി അതുമാത്രമാണ്. വേണമെങ്കിൽ പലയിടങ്ങളിലും നിങ്ങൾക്ക് ബി.ജെ.പി.-യെയും കൂട്ടാം. കോവിഡിന്റെ കാലത്ത് ആരോഗ്യപ്രവർത്തകരും പോലീസും നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവരെ ഭരണകക്ഷിക്കാർ പരിഗണിച്ചില്ല. നിങ്ങൾ അവർക്കുവേണ്ട സഹായം ചെയ്തുകൊടുത്തില്ല. ഇരുപത്തിനാല് മണിക്കൂറും പണിയെടുത്ത പോലീസിന്റെ ഒരു മാസത്തെ ശമ്പളംപോലും നിങ്ങൾ പിടിച്ചുവച്ചു. മാത്രമല്ല, വിദൂരദിക്കുകളിൽനിന്നും ഡ്യൂട്ടിക്കുവരുന്ന പോലീസുകാർക്ക് പെട്രോളടിക്കാനുള്ള തുകയെങ്കിലും കൊടുക്കണ്ടേ; അതുംകൊടുത്തില്ല. കൂടാതെ ഭക്ഷണവും വെള്ളവുമില്ലാതെ നമ്മുടെ ആരോഗ്യപ്രവർത്തകരും ജോലി ചെയ്തു.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചില്ലെങ്കിൽ അടുത്ത അംഗത്തെ വിളിക്കേണ്ടിവരും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഉത്തർപ്രദേശിൽ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ ദളിത് പെൺകുട്ടിയുടെ വീട്ടുകാരെകണ്ട് വാർത്ത തയ്യാറാക്കാൻ ഒക്ടോബർ 5-ന് ഉത്തർപ്രദേശിൽ പോയ കേരള പത്രപ്രവർത്തക യൂണിയൻ ഡൽഹി ഘടകം സെക്രട്ടറി മലപ്പുറം വേങ്ങര സ്വദേശിയായ സിദ്ദിഖ് കാപ്പൻ ഇപ്പോൾ യു.പി. പോലീസിന്റെ കിരാത മർദ്ദനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തെ മോചിപ്പിക്കാൻ എന്തെങ്കിലുമിടപെടൽ നടത്തണമെന്നാണ് ശ്രീ. പി. ഉബൈദുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇന്നലെ ആവശ്യപ്പെട്ടത്. എനിക്ക് അങ്ങേയറ്റത്തെ ചില പരിമിതികളുണ്ടെന്നാണ് അതിന് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. എന്ത് പരിമിതിയാണുള്ളത്? ദിവസവും രാവിലെയും വൈകുന്നേരവും ശ്രീ. നരേന്ദ്ര മോദിയുടെ സുഖവിവരം അറിയാൻ ഫോൺ ചെയ്യുന്ന ആളല്ലേ നമ്മുടെ മുഖ്യമന്ത്രി; ആ കൂട്ടത്തിൽ ഇക്കാര്യമെങ്കിലും പറഞ്ഞുകൂടേ? ഈ സർക്കാരിന്റെ താൽപ്പര്യമെന്താണെന്നും ഈ സർക്കാർ ആരുടെ കൂടെയാണ് നിൽക്കുന്നതെന്നും നമുക്കെല്ലാവർക്കുമറിയാം. അങ്ങനെയുള്ള സർക്കാരിനുവേണ്ടി ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഏറ്റവും കടുത്ത ഭാഷയിൽ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഭാവിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഗവർണറുടെ പ്രസംഗത്തിലൊന്നും പറഞ്ഞിട്ടില്ലെന്നത് ഒരു പോരായ്മയായി പ്രതിപക്ഷത്തെ ചിലയാളുകൾ വിമർശനമുന്നയിച്ചു. കഴിഞ്ഞകാല പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് ഗവർണറുടെ

പ്രസംഗത്തിൽ പറഞ്ഞതെന്നാണ് അവർ പറയുന്നത്. ഗവർണർക്ക് ചില ബാധ്യതകളുണ്ട്. കഴിഞ്ഞ വർഷം അദ്ദേഹം പ്രസംഗിച്ച കാര്യങ്ങളൊക്കെ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്തം ഗവർണ്ണർക്കുള്ളതുകൊണ്ടാണ് കഴിഞ്ഞ കാലത്തെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. അത് വെറുതെ പറയുന്നതല്ല. പ്രകടനപത്രികയിൽ 600 വാഗ്ദാനങ്ങൾ പറഞ്ഞുകൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നത്. അതിൽ 573 എണ്ണം നടപ്പാക്കുകയും അതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുള്ള സർക്കാരാണിത്. അതുകൊണ്ടാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഇക്കാര്യങ്ങൾ വിശദമായി സൂചിപ്പിച്ചിട്ടുള്ളത്. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്നുപറഞ്ഞ് ഇവിടെ ചിലയാളുകൾ കളിയാക്കുന്നുണ്ട്. എല്ലാ കാര്യവും ശരിയായിട്ടുണ്ടെന്നുതന്നെയാണ് ഈ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നത്. ഒരു ഗവൺമെന്റ് പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങളിൽ 98 ശതമാനവും നടപ്പാക്കിയെന്നുപറയുന്നത് തന്നെയാണ് 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്നുപറയുന്നതിന്റെ അർത്ഥം. ഈ ഗവൺമെന്റ് ഇക്കാര്യങ്ങളൊക്കെ നേടിയത് ഒരുപാട് പ്രതിബന്ധങ്ങളെ അതിജീവിച്ചാണ്. ഞാൻ ചില കാര്യങ്ങൾ പറയാം. നാല് പ്രധാനപ്പെട്ട ദൗത്യങ്ങൾ ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് പദ്ധതി, ഹരിത കേരളം, ആർദ്രം, ഇതൊന്നുംകൂടാതെ പുതിയ കാലം പുതിയ നിർമ്മാണം, പൊതുവിതരണ സമ്പ്രദായം തുടങ്ങിയ ഒരുപാട് കാര്യങ്ങൾ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ചെയ്തിട്ടുണ്ട്. അതുതന്നെയാണ് എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും എന്നുപറയുന്നത്. ഇവിടെ എന്തെല്ലാം പ്രതിബന്ധങ്ങളാണുണ്ടായത്. ഗെയ്‌ലിനെ സംബന്ധിച്ച് എന്തെല്ലാമാണ് നിങ്ങൾ പറഞ്ഞത്? ശ്രീ. പുരുഷൻ കടലുണ്ടിയുടെ നാട്ടിൽനിന്നും കുന്നമംഗലത്തേയ്ക്ക് ദേശീയപാതയിലൂടെ ഗ്യാസിന്റെ പൈപ്പിട്ടുകൊണ്ടിരിക്കുകയാണ്. ഒരു പ്രശ്നവുമില്ല. കുന്നമംഗലംവരെ ആ പൈപ്പ് വന്നിട്ടുണ്ട്. അത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. പിന്നെയും നിങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത്, കിഫ്ബിക്ക് ഓഡിറ്റില്ലെന്നുപറഞ്ഞ് കുറേ ബഹളം വച്ചു. കിഫ്ബിക്ക് ഓഡിറ്റില്ലേ? ഇപ്പോൾ നിങ്ങൾ കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടും കൊണ്ടാണ് ചർച്ചയ്ക്ക് വരുന്നത്. ഞാൻ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് കെ.എം.സി.സി-യെക്കുറിച്ച് ഇവിടെ സംസാരിച്ചു. കെ.എം.സി.സി. മോശമാണെന്ന് ഞാനിവിടെ പറയുന്നില്ല. പക്ഷേ ചാർട്ടേഡ് ഫ്ലൈറ്റ് നടത്തിയതോടുകൂടി വേറെയൊരു കാര്യവും പറയാതിരിക്കുന്നതാണ് നല്ലതെന്നാണ്

എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. നിങ്ങൾ ചെയ്തത് വലിയൊരു പാതകമായിപ്പോയി. മലപ്പുറം കളക്ടർ തങ്ങളുടെ അടുത്തുപോയപ്പോൾ പത്ത് കോടി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്, അതിൽ എത്ര കോടി കൊടുത്തുവെന്ന് നോക്കിയാൽ മതി. ഒരു പൈസയും കൊടുത്തിട്ടില്ലെന്നതാണ് അവസ്ഥ. പറയുമ്പോൾ പല കാര്യങ്ങളും പറയാം നിങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്?

ഇവിടെ സംവരണത്തെ സംബന്ധിച്ച് നിങ്ങൾ സംസാരിച്ചു. എല്ലായിടത്തും സംവരണത്തെ സംബന്ധിച്ച് ചർച്ചയാണ്, ആരാണ് മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാർക്ക്, ദരിദ്രർക്ക് സംവരണം കൊടുത്തത്; അതിനുള്ള ഉത്തരവ് എന്നാണ് ഇറക്കിയത്? 2006 ഫെബ്രുവരി 26-ാം തീയതി. അന്ന് ആരാണ് ഭരിക്കുന്നത്? 10 percent seats in the degree and post-graduate degree courses, classes will be set apart for those who are below poverty line from among the forward communities. ഇത് നിങ്ങൾ ഭരിക്കുന്ന കാലത്ത് പുറപ്പെടുവിച്ച ഉത്തരവാണ്. ഞങ്ങൾ അതിനെ എതിർക്കുന്നില്ല. നിങ്ങളുടെ മാനിഫെസ്റ്റോയിലും ഇടതുപക്ഷത്തിന്റെ മാനിഫെസ്റ്റോയിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. പക്ഷേ ഇപ്പോൾ നിങ്ങൾ എന്തോ വലിയ പാതകം മുന്നോക്കക്കാർക്ക് ചെയ്തുകൊടുത്തുവെന്ന് പറഞ്ഞുകൊണ്ട് നാട്ടിൽ മുഴുവൻ ഇറങ്ങിനടന്ന് നിരന്തരമായി സെമിനാറുകളും മറ്റും നടത്തിക്കൊണ്ടിരിക്കുകയാണ്. നരേന്ദ്രൻ പാക്കേജ് നടപ്പാക്കുക എന്നുപറഞ്ഞുകൊണ്ട് അന്ന് നടത്തിയ ഒരു വലിയ വഞ്ചനയുടെ ചരിത്രമാണ് ഇക്കാര്യത്തിലുള്ളത്. നിങ്ങൾ ഇന്ന് പറഞ്ഞുകൊണ്ടിരിക്കുകയും സാമുദായിക ധ്രുവീകരണമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് അസ്ഥാനത്താണെന്നുമാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇവിടെ വടക്കാഞ്ചേരി ലൈഫ് പദ്ധതിയെ സംബന്ധിച്ച് പറഞ്ഞു. വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിക്ക് എന്താണുണ്ടായത്? പുനർ ജനിയെ സംബന്ധിച്ചുപറഞ്ഞു. ഇത് രണ്ടും ഒരേ വിഷയം തന്നെയാണ്. വടക്കാഞ്ചേരി ലൈഫ് പദ്ധതിക്ക് എന്താണ് സംഭവിച്ചത്? കരാറുകാർ പണി നിർത്തിപ്പോയാൽ എന്ത് ചെയ്യാൻ സാധിക്കും? ആ കരാറുകൊടുത്തത് ഗവൺമെന്റല്ല. നിർത്തിപ്പോയ കരാറിന്റെ ബാക്കി പണി ഗവൺമെന്റിന് ഏറ്റെടുക്കാൻ സാധിക്കില്ല. കരാർ റദ്ദ് ചെയ്യാൻ സാധിക്കില്ല. കാരണം ഗവൺമെന്റ് അല്ല കരാർ വച്ചത്. ഇങ്ങനെ ആളുകൾക്ക് വളരെ പ്രയാസകരമായ ഒരു സാഹചര്യമുണ്ടാക്കി. ഇതുതന്നെയാണ് ബഹുമാനപ്പെട്ട വി. ഡി. സതീശനെ സംബന്ധിച്ച് പറഞ്ഞത്, ബാഗ് കൊടുത്തതും പച്ചക്കറി കൊടുത്തതും മെഷീൻ കൊടുത്തതുമല്ല പ്രശ്നം, വിദേശ വിനിമയവുമായി ബന്ധപ്പെട്ട എഫ്.സി.ആർ.എ. ലംഘിച്ചോയെന്നുള്ളതാണ്. അതുതന്നെയാണ് നിങ്ങൾ ലൈഫ് പദ്ധതിയുടെ കാര്യത്തിലും ഉന്നയിച്ചിട്ടുള്ളത്. ലൈഫുമായി ബന്ധപ്പെട്ട് നിങ്ങളിത് ഉന്നയിച്ചതുകൊണ്ടാണ് ഇത്തരം വിഷയങ്ങളൊക്കെ

വരുന്നത്. എനിക്ക് മുസ്ലീം ലീഗുകാരോട് പറയാനുള്ളത്, നമ്മുടെ നാട്ടിൽ ധാരാളം പള്ളിയും മദ്രസ്സയുമൊക്കെയുണ്ടാകും. ഏതെങ്കിലുമൊരു അറബിയുടെ കീഴിൽ ജോലി ചെയ്യുന്ന ഒരാൾ നാട്ടിൽ ഒരു പള്ളി അല്ലെങ്കിൽ ഒരു സ്ഥാപനം വേണമെന്ന് അദ്ദേഹത്തോട് പറയുമ്പോൾ അവർ ആരെയെങ്കിലും ഏൽപ്പിച്ച് അത് പണിത് കൊടുക്കും. അതിന്റെയൊക്കെ കണക്ക് നിരവധി പള്ളികളുടെ പ്രസിഡന്റായ പാണക്കാട് തങ്ങളോട് ചോദിച്ചാൽ കിട്ടുമോ? അതിന്റെ കണക്ക് അദ്ദേഹത്തിന് പറയാൻ സാധിക്കുമോ? ഞങ്ങളുടെ നാട്ടിൽ നിരവധി പള്ളിയും യത്തീംഖാനകളുമുണ്ട്. കാരയ്ക്കുരു സ്വർണ്ണമാണെന്ന് പറയുന്ന ആളുകൾ മനസ്സിലാക്കേണ്ട ഒരു കാര്യം നിങ്ങൾ തലമറന്ന് എണ്ണ തേയ്ക്കാൻ പാടില്ലെന്നുള്ളതാണ്. കാരണം നമ്മുടെ നാട്ടിൽ അറബികൾ നിരവധി സ്ഥാപനങ്ങളുണ്ടാക്കിയിട്ടുണ്ട്. ഏതെങ്കിലും കരാറുകാരനെ ഏൽപ്പിച്ചാണ് അവരത് നിർമ്മിക്കുന്നത്. പണിയെല്ലാം കഴിഞ്ഞ് താക്കോലും ഏൽപ്പിച്ച് ആ കരാറുകാരൻ പോകും, താക്കോൽ തരുമ്പോൾ അതിൽ ബാക്കിയുള്ള കാര്യങ്ങൾ നമ്മൾ ചെയ്യുന്നുവെന്നേയുള്ളൂ. ആ രീതിയിൽ നിങ്ങൾ ഇവിടെ സംസാരിക്കരുത്. അങ്ങനെ സംസാരിച്ചാൽ ധാരാളം പ്രശ്നങ്ങളുണ്ട്. അതൊക്കെ മാന്തി പുറത്തിട്ടാൽ ധാരാളം പ്രശ്നങ്ങളുണ്ട്. ഈ ഗവൺമെന്റിനെതിരായി, ലൈഫ് പദ്ധതിയെ തകർക്കാൻ ഇത്തരം കാര്യങ്ങൾ പറഞ്ഞാൽ കാരയ്ക്കുരുവിന്റെ ഉള്ളിൽ സ്വർണ്ണമാണ്, അത് പരിശോധിക്കണമെന്ന് പറഞ്ഞാലുണ്ടാകുന്ന പ്രയാസ മെന്താണെന്നുള്ളത് അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾ മനസ്സിലാക്കും. അത്രയും ഗുരുതരമായ ഒരു വിഷയമാണ് നിങ്ങൾ എടുത്തിട്ടുള്ളത്. നിങ്ങൾ ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങളൊക്കെ നിഷ്പ്രഭമാക്കുന്ന രീതിയിലുള്ള പ്രചരണമാണ് ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളത്. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന് ഞാൻ പറഞ്ഞല്ലോ; അത് എന്റെ നിയോജകമണ്ഡലത്തിൽ എങ്ങനെ അർത്ഥവത്തായി എന്നുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ പൊതുവായി എല്ലാവരും എല്ലാ വകുപ്പുകളെ സംബന്ധിച്ചും പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ വന്നു. ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിൽ ബൊട്ടാണിക്കൽ ഗാർഡൻ സർക്കാർ ഏറ്റെടുത്തു. സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സ് ആരംഭിച്ചു. ഗെയിൽ പൈപ്പ് ലൈൻ കുന്നമംഗലംവരെ വന്നു. സാംസ്കാരിക വകുപ്പിനുകീഴിൽ ഷാർജ കൾച്ചറൽ കോംപ്ലക്സിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയായി. പട്ടികജാതി വകുപ്പിന്റെ കീഴിൽ നാല് കോളനികൾ അംബേദ്കർ പദ്ധതിയിലുൾപ്പെടുത്തി. നാല് വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ 44 ലക്ഷം രൂപ വീതം അനുവദിച്ചു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പിന്റെ കീഴിൽ കുന്നമംഗലം ഗവൺമെന്റ് കോളേജിന് 17 കോടി രൂപയാണ് ബഹുമാനപ്പെട്ട മന്ത്രി അനുവദിച്ചത്. അവിടെ പുതിയ കോഴ്സുകൾ ആരംഭിച്ചു. പുതിയ

കുടിവെള്ള പദ്ധതിയും വ്യവസായവും സ്പോർട്സ് കോംപ്ലക്സുമെല്ലാം ആരംഭിച്ചു. സഹകരണവും ടൂറിസവും വകുപ്പിനുകീഴിലുള്ള കേരള ബാങ്ക് രൂപീകരണം വലിയ രീതിയിലുള്ള മാറ്റങ്ങൾ എന്റെ നിയോജകമണ്ഡലത്തിലുണ്ടാക്കി. നിങ്ങൾ മുമ്പെങ്ങോ ഉദ്ഘാടനം നടത്തി പിന്നീട് മുടങ്ങി കിടന്നിരുന്ന ജപ്പാൻ കുടിവെള്ള പദ്ധതി ജലവിഭവ വകുപ്പ് പ്രാവർത്തികമാക്കി നാല് പഞ്ചായത്തുകളിലും ശുദ്ധജലം എത്തിച്ചു. ആ പദ്ധതി എത്തിച്ചേരാത്ത ചാത്തമംഗലം-മാവൂർ പഞ്ചായത്തുകളിൽ ശുദ്ധജലം വിതരണം നടത്തുന്നതിന് പ്രത്യേക സംവിധാനമൊരുക്കി അത് പ്രാവർത്തികമാക്കി. വൈദ്യുതി വകുപ്പ് കുന്നമംഗലത്ത് 162 കോടി രൂപ ചെലവിൽ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ സ്ഥാപിച്ച് അതിന്റെ പണി പൂർത്തിയാക്കി വരുന്നു. ഫിഷറീസ് വകുപ്പ് തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി റോഡുകൾ നിർമ്മിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ധാരാളം റോഡുകൾ പുനരുദ്ധരിക്കാൻ പണം നൽകി. അതുമാത്രമല്ല, ലൈഫ് പദ്ധതിയിൽ ചാത്തമംഗലത്തും മാവൂരിലും രണ്ട് ഫ്ലാറ്റ് സമുച്ചയങ്ങളുടെ പ്രവൃത്തി ആരംഭിച്ചു. അതുപോലെ എന്റെ മണ്ഡലത്തിൽ വനമില്ലെങ്കിൽപ്പോലും കാട്ടുമൃഗങ്ങളുടെ ശല്യം പരിഹരിക്കാനുള്ള നടപടികൾ വനം വകുപ്പ് നല്ല നിലയിൽ പ്രവർത്തിപ്പിച്ച് വിജയത്തിൽ എത്തിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ പോർട്ടൊന്നുമില്ലെങ്കിലും ബഹുമാനപ്പെട്ട മ്യൂസിയം വകുപ്പുമന്ത്രി 100 വർഷം പഴക്കമുള്ള ഒരു കെട്ടിടം സംരക്ഷിക്കുന്നതിനായി ഒരു കോടി രൂപ നൽകി. തൊഴിലും എക്സൈസും വകുപ്പ് പുതിയ ഐ.ടി.ഐ. സ്ഥാപിച്ചു. പൊതു വിദ്യാഭ്യാസ മണ്ഡലത്തിൽ ഒൻപത് സ്കൂളുകൾ നവീകരിച്ച് പുതിയ കെട്ടിടത്തിന് തുക നൽകി. ചൂലൂരിൽ അത്യാധുനിക കാൻസർ സെന്ററിന് ഒരു കോടി രൂപയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. അതുപോലെ എല്ലാ ആശുപത്രികളും പി.എച്ച്.സി.-കളും ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തി. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് എന്റെ നിയോജകമണ്ഡലത്തിൽ പതിനൊന്ന് പാലങ്ങൾക്കാണ് ഭരണാനുമതി നൽകിയത്. എല്ലാ റോഡുകളും ബി.എം.&ബി.സി. ചെയ്ത് പരിഷ്കരിച്ചു. ചാത്തമംഗലത്ത് ഒരുകോടി രൂപ ചെലവിൽ പുതിയ രജിസ്ട്രാർ ഓഫീസ് നിർമ്മിച്ചുവരുന്നു. കാർഷികരംഗത്ത് വലിയ പുരോഗതിയുണ്ടായി. ഇപ്പോൾ ഞാൻവരെ കൃഷി രീതികളെല്ലാം പഠിച്ചു. തരിശിടുന്ന മുഴുവൻ സ്ഥലങ്ങളിലും കൃഷി ആരംഭിച്ചു. കേരഗ്രാമം പദ്ധതി മൂന്ന് പഞ്ചായത്തുകളിൽ നടപ്പാക്കി. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അവിടെ ഉപഭോക്തൃ തർക്കപരിഹാര കോടതി സ്ഥാപിച്ചു. ധനകാര്യ വകുപ്പ് അവിടെ എല്ലാ കാര്യങ്ങളും ചെയ്തു. കിഫ്ബിയിൽ ഉൾപ്പെടുത്തി കുന്നമംഗലം മണ്ഡലത്തിൽ 653 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. കുന്നമംഗലം മിനി സിവിൽ സ്റ്റേഷൻ ഉൾപ്പെടെയാണത്. അഞ്ച് നിലയുള്ള കെട്ടിടത്തിലാണ് കുന്നമംഗലം മിനി സിവിൽ സ്റ്റേഷൻ. അതു കൊണ്ടാണ് എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന് ഞാൻ പറഞ്ഞത്.

ഞാൻ തെരഞ്ഞെടുപ്പിന് മുമ്പ് ജനങ്ങളോട് ഒരു കാര്യം പറഞ്ഞിരുന്നു. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വരികയും ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയാകുകയും ചെയ്താൽ നിങ്ങൾ ആവശ്യപ്പെടുന്ന മുഴുവൻ കാര്യങ്ങളും ചെയ്തുതരുമെന്ന്. അത് മുഴുവൻ പൂർത്തിയാക്കിയതുകൊണ്ടാണ് എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞത്. അത് എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ശരിയായിരിക്കുന്നുവെന്ന് പറഞ്ഞു കൊണ്ടും ഈ ഗവൺമെന്റിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഒരിക്കൽക്കൂടി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ തെരഞ്ഞെടുപ്പിലുണ്ടായ നേരിയ വിജയം നിങ്ങൾ നടത്തിയ എല്ലാ അഴിമതി കൾക്കുമുള്ള ജനങ്ങളുടെ അംഗീകാരമാണെന്ന് ഇടതുമുന്നണി കരുതുകയാണെങ്കിൽ കേരളത്തിലെ, ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഏറ്റവും അവസാനത്തെ നയപ്രഖ്യാപനമായി ഈ നയപ്രഖ്യാപനം മാറുമെന്ന് പറയാൻ ഞാൻ ആഗ്രഹി ക്കുകയാണ്. ഇത് നയപ്രഖ്യാപനമാണോ നടക്കാത്ത പ്രഖ്യാപനമാണോ എന്നാണ് സംശയം. യഥാർത്ഥത്തിൽ നടക്കാത്ത പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ നടത്തിയിരിക്കുന്നത്. 2016 മുതലുള്ള നയപ്രഖ്യാപനങ്ങൾ പരിശോധിച്ചാൽ നടക്കാത്ത പ്രഖ്യാപനങ്ങളാണ് ഏറ്റവും കൂടുതലുള്ളത്. 2016-ൽ ഐ.ടി., ബയോടെക്നോളജി, ടൂറിസം, ഇലക്ട്രോണിക് മേഖലയിൽ പത്ത് ലക്ഷം പേർക്ക് തൊഴിൽ; കൃഷി, നിർമ്മാണം, ചെറുകിട വ്യവസായം മേഖലയിൽ പതിനഞ്ച് ലക്ഷം പേർക്ക് തൊഴിൽ; ആകെ ഇരുപത്തിയഞ്ച് ലക്ഷം പേർക്ക് ആദ്യ വർഷംതന്നെ തൊഴിൽ കൊടുക്കാമെന്ന് പറഞ്ഞിരുന്നു. രണ്ട് മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിൽ ഉയർത്തുമെന്ന് പറഞ്ഞു. 2016-ൽ നിങ്ങൾ എയിംസ് നിലവാ രത്തിൽ ഉയർത്തുമെന്ന് പറഞ്ഞ ആ മെഡിക്കൽ കോജേജുകൾ ഏതെല്ലാമാണ്? മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുവണ്ടി തോട്ടങ്ങൾ സ്ഥാപിക്കും, ഏത് സ്റ്റേറ്റിലാണ് നിങ്ങൾ സ്ഥലം പാട്ടത്തിനെടുത്തത്? തീരത്തുനിന്നും മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുമെന്ന് പറഞ്ഞു, 2016-ലും 2017-ലും 2019-ലും മാറ്റി പാർപ്പിക്കുമെന്ന് പറഞ്ഞു. മാറ്റി പാർപ്പിക്കുമെന്നുള്ള പ്രഖ്യാപനങ്ങളല്ലാതെ ഇതുവരെയും അവരെ മാറ്റി പാർപ്പിച്ചു കാണുന്നില്ല. വൈദ്യുതിയുള്ള എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ എത്തിക്കുമെന്ന് 2017-ൽ പറഞ്ഞിരുന്നു, അത് കൊടുത്തോ? മൂന്ന് മൊബൈൽ ഫോൺ നിർമ്മാണ പാർക്കുകൾ ഉൾപ്പെടെ 12 ഹാർഡ്‌വെയർ പാർക്കുകൾ നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. എവിടെയെങ്കിലും നിർമ്മിച്ചോ? ആഴക്കടൽ മണൽ ഖനനം തുടങ്ങും, എവിടെ തുടങ്ങി? റബ്ബർ മേഖലയ്ക്ക് അമൂൽ മോഡൽ സംഘം ആരംഭിക്കും, എവിടെയാണ് നിങ്ങൾ ആരംഭിച്ചത്? അവിടെയും

പറഞ്ഞിട്ടുണ്ട് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റി പ്പാർപ്പിക്കുമെന്ന്. 7000 കോടി രൂപ ചെലവിൽ കാസർഗോഡിനെ കളിയിക്കാ വിളയുമായി ബന്ധിപ്പിക്കുന്ന ഹിൽ ഹൈവേ, എവിടെയാണ് ഹിൽ ഹൈവേ തുടങ്ങിയത്? ....(ബഹളം).. എത്ര കിലോമീറ്റർ? തിരുവനന്തപുരത്തും കോഴിക്കോട്ടും യഥാക്രമം 4219 കോടി രൂപയുടേയും 2509 കോടി രൂപയുടേയും ലൈറ്റ് മെട്രോ പദ്ധതി, ബഹുമാനപ്പെട്ട ജെയിംസ് മാത്യു കോഴിക്കോട് എത്തിയാൽ ഇപ്പോൾ ലൈറ്റ് മെട്രോയിലാണ് സഞ്ചരിക്കുന്നത്. തിരുവനന്തപുരത്തുള്ള മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും സഞ്ചരിക്കുന്നത് ലൈറ്റ് മെട്രോയിലൂടെയാണ്. സ്വകാര്യ മേഖലയിലെ തൊഴിലുകളിൽ സംവരണം ഏർപ്പെടുത്തുമെന്ന് പറഞ്ഞിരുന്നു. വീണ്ടും ഒരു കാര്യം പറഞ്ഞിരിക്കുകയാണ്. ഗൾഫിൽ കേരള പബ്ലിക് സ്കൂളുകളും പ്രൊഫഷണൽ കോളേജുകളും കേരള ക്ലിനിക്കുകളും സ്ഥാപിക്കും, എവിടെയാണ് സ്ഥാപിച്ചിട്ടുള്ളത്? അൺ എയ്ഡഡ് അദ്ധ്യാപകർക്കായി മിനിമം വേതനം ആക്ട് കൊണ്ടുവന്നു. 2018-ലെ മഹാപ്രളയത്തെത്തുടർന്ന് 3100 കോടി രൂപയുടെ പ്രളയ പുനർനിർമ്മാണ പദ്ധതി ഇതുവരെ തുടങ്ങിയിട്ടില്ല. ലോക ബാങ്കിൽനിന്നും കിട്ടിയ വായ്പപോലും ശമ്പളത്തിനും പെൻഷനും ധൂർത്തിനുമായി വകമാറ്റി. എല്ലാ വകുപ്പുകളിലും പട്ടിക-ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക റിക്രൂട്ട്മെന്റുകൾ നടത്തും, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ മൂന്നാമത്തേയും നാലാമത്തേയും ബ്രോഡ്ഗേജ് റെയിൽപ്പാത സ്ഥാപിക്കും, എവിടെയാണ് സ്ഥാപിച്ചത്? എലിവേറ്റഡ് റെയിൽവേ ലൈൻ, ഗ്രീൻഫീൽഡ് കോറിഡോർ, മണിക്കൂറിൽ 150 കിലോമീറ്റർ സ്പീഡിൽ ഓടുന്ന സെമി ഹൈസ്പീഡ് ട്രെയിനുകൾ തിരുവനന്തപുരത്തിനും എറണാകുളത്തിനുമിടയിൽ ഓടിക്കും. അതെല്ലാം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഒൻപത് പ്രധാന നദികളും ജലാശയങ്ങളും ശുചീകരിച്ച് നദികളുടെ സമീപത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കും, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത, കടലിൽനിന്നും മാലിന്യം കൊണ്ടുവരുന്നവർക്ക് അതിൽനിന്നും ഡീസൽ ഉൽപ്പാദിപ്പിച്ച് സബ്സിഡി നിരക്കിൽ നൽകും. ഇത് 2020-ലെ പ്രഖ്യാപ നമാണ്. Ease of doing business-ൽ രാജ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റും. നേരത്തെ 21-ാം സ്ഥാനമായിരുന്നത് ഇപ്പോൾ 28-ാം സ്ഥാനമായി മാറി. മാലിന്യത്തിൽനിന്നും ഊർജ്ജമുണ്ടാക്കുന്ന പ്ലാന്റുകൾ; ബഹുമാനപ്പെട്ട മന്ത്രി കടകംപള്ളി സുരേന്ദ്രൻ ശ്രദ്ധിക്കണം, തിരുവനന്തപുരത്ത് ലൈറ്റ് മെട്രോയ്ക്കൊപ്പം ശ്രീകാര്യം, ഉള്ളൂർ, പട്ടം, മേൽപ്പാലങ്ങൾ നിർമ്മിക്കും; കരയിലും വെള്ളത്തിലും സഞ്ചരിക്കുന്ന വാട്ടർ ബസ്; എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. ക്ലിനിക്കുകൾ; കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി; മാലിന്യമുക്ത പരിസരം; പൊളിക്കുന്ന കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ പ്ലാന്റ് സ്ഥാപിക്കും; സമഗ്ര തീരദേശ

വികസന പദ്ധതി നടപ്പിലാക്കും; ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് ഇങ്ങനെ നടക്കാത്ത പ്രഖ്യാപനങ്ങളായി ഈ നയപ്രഖ്യാപനത്തെ മാറ്റിയ ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് എല്ലാ വർഷവും നന്ദിപ്രമേയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട അംഗം എസ്. ശർമ്മയെയാണ് ചുമതലപ്പെടുത്തുന്നത്. ആദ്യമെല്ലാം അദ്ദേഹം വലിയ ആവേശത്തോടെ പ്രസംഗിച്ചു. പക്ഷെ ഇത്തവണ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വലിയ ആവേശമൊന്നുമില്ല. പഴയ കാലത്തെ സി.പി.ഐ.(എം)-ന്റെ ഗ്രൂപ്പ് നിലവാരം വച്ച് നോക്കിയാൽ അദ്ദേഹം ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഏറ്റവും അടുത്ത ആളായിരുന്നു. ഈ നയപ്രഖ്യാപനത്തിന്റെ നന്ദിപ്രമേയമെന്ന കുരിശ് ചുമന്നുചുമന്ന് അദ്ദേഹത്തിന് മടുത്തു. നന്ദിപ്രമേയം പറഞ്ഞുപറഞ്ഞു ആത്മനിന്ദയോടുകൂടിയാണ് അദ്ദേഹം ഈ നന്ദിപ്രമേയം ഇവിടെ അവതരിപ്പിച്ചത്. ഏതെങ്കിലുമൊന്ന് നടപ്പിലാക്കിയോ? സമയക്കുറവുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തീരദേശത്ത് ഏതെങ്കിലുമൊരാൾക്ക് പട്ടയം കൊടുത്തിട്ടുണ്ടോ? എന്റെ നിയോജകമണ്ഡലത്തിൽ നൂറുകണക്കിന് തീരദേശവാസികൾ പട്ടയത്തിനുവേണ്ടി അപേക്ഷ കൊടുത്ത് എല്ലാ നടപടികളും പൂർത്തിയാക്കി സർക്കാരിന്റെ/മന്ത്രിസഭയുടെ അംഗീകാരത്തിനായി കാത്തിരിക്കുന്നു. ഇതുവരേയും ഒരു തീരുമാനമെടുത്തിട്ടില്ല. മുപ്പതും നാൽപ്പതും വർഷങ്ങളായി തീരദേശത്ത് വസിക്കുന്ന അവർക്ക്, അടിയന്തരമായി പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അൺസർവ്വേയ്ഡ് ലാൻഡിൽ താമസിക്കുന്ന അഞ്ഞൂറോളം കുടുംബങ്ങളുണ്ട്, അവരുടെ സർവ്വേ നടപടികൾ പൂർത്തിയാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതുവരേയും അതിനുള്ള നടപടി പൂർത്തിയായിട്ടില്ല. അതിന് അടിയന്തരമായി നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, തീരദേശത്തെ പട്ടയത്തിന്റെ കാര്യം അങ്ങ് പറയുമ്പോൾ കഴിഞ്ഞ 64 വർഷമായി, അതായത് തുമ്പയിൽ ISRO സ്ഥാപിതമായ സന്ദർഭത്തിൽ അവിടെനിന്ന് കുടിയൊഴിപ്പിക്കപ്പെട്ട് പള്ളിത്തുറയിലേയ്ക്ക് പോയ, 54 വർഷമായി പട്ടയം കിട്ടാതെ കാത്തിരുന്ന പള്ളിത്തുറ വാസികളായ മുഴുവൻ ആളുകൾക്കും പട്ടയം കൊടുത്ത കാര്യവും പള്ളിത്തുറയിലെ പള്ളിക്കും പള്ളിക്കൂടത്തിനും പട്ടയം കൊടുത്ത കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഇന്നുവരെ ഒരു പട്ടയവും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക സ്വാധീനം ഉപയോഗിച്ചായിരിക്കും അവിടെ പട്ടയം കൊടുത്തത്. അത്രയെങ്കിലും നന്ദിയുണ്ട്. അങ്ങ് ടൂറിസം മന്ത്രികൂടിയാണല്ലോ; കോവളമാണ് കേരളത്തിലെ ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷൻ. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്? ഈ

ഗവൺമെന്റിന്റെ പ്രത്യേക തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോവളത്തേയ്ക്ക് ആരും വരാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. ടൂറിസ്റ്റുകൾ വന്നാൽ ഏഴ് ദിവസം താമസിക്കാം. എട്ടാം ദിവസം അവരവിടെ താമസിച്ചാൽ ക്വാറന്റയിനിലേയ്ക്ക് പോകേണ്ടിവരും. സാധാരണ കൊച്ചിയിലേയ്ക്കാണ് എല്ലാവരും വരുന്നത്. പിന്നെ അതിന്റെ പരിസരത്ത് റൂമെടുക്കും. കോവളത്തേയ്ക്ക് ആരും വരില്ല. അവിടെ ഒരു ഹോട്ടലുകളും തുറന്നിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഏഴ് ദിവസം എന്നുള്ള തീരുമാനം മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ കൈത്തറിയുടെ ഈറ്റില്ലമാണ് ഞങ്ങളുടെ സ്ഥലം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. സ്കൂളുകളിൽ കൈത്തറി യൂണിഫോം എന്നത് വളരെ നല്ല കാര്യമാണ്. പക്ഷേ ഇന്ന് ആ പദ്ധതി ഉണ്ടോ ഇല്ലയോ എന്നുപോലും അറിയാൻ കഴിയുന്നില്ല. നെയ്ത്ത് വച്ചിരിക്കുന്ന തുണി വാങ്ങാൻ ആളില്ല. അവർക്ക് നൂൽ കൊടുക്കുന്നില്ല. നൂൽ കൊടുക്കാതെ എങ്ങനെയാണ് നെയ്യാൻ കഴിയുക; നെയ്തെടുത്ത തുണികൾക്കുപോലും ഇന്ന് പണം കൊടുക്കാത്ത ഒരു പ്രതിസന്ധിയിലാണ് നിൽക്കുന്നത്. ഇവിടെ കിറ്റ് കൊടുത്തു എന്നെല്ലാം പറയുന്നു. എല്ലാവർക്കും കിറ്റ് കൊടുക്കുന്നു. കേരളത്തിൽ ഒരുപാട് പ്രതിസന്ധികൾ ഉണ്ടായല്ലോ; ഓഖി ദുരന്തമുണ്ടായപ്പോൾ നിങ്ങൾ എത്ര കിറ്റ് കൊടുത്തു; 2018-ൽ മഹാപ്രളയം ഉണ്ടായപ്പോൾ എത്ര കിറ്റ് കൊടുത്തു; 2019-ലെ ഉരുൾപൊട്ടലിൽ നിങ്ങൾ എത്ര കിറ്റ് കൊടുത്തു; ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞു, വെള്ളം അടുപ്പത്ത് വച്ചാൽ അരി കൊടുക്കുമെന്ന്. മാർച്ച് മാസം ലോക്ഡൗൺ പ്രഖ്യാപിച്ചിട്ട് ഏപ്രിൽ 29-നാണ് രണ്ട് രൂപയ്ക്കുള്ള 20 കിലോ അരി കൊടുത്തത്, 40 രൂപയുടെ അരി കൊടുത്തതാണ് ഇവിടെ വലിയ കാര്യമായി കൊട്ടിഘോഷിക്കുന്നത്. ഒരു കിറ്റ് മാത്രമാണ് ആ കാലയളവിൽ കൊടുത്തിട്ടുള്ളത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുക്കാറായപ്പോഴാണ് മറ്റ് പ്രതിസന്ധി കാലത്തൊന്നും കൊടുക്കാത്ത കിറ്റ് കൊടുക്കാൻ ഈ സർക്കാരിന് ബോധോദയം ഉണ്ടായത്. ആ കിറ്റ് പഞ്ചായത്ത് കിറ്റുകളായിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം ആ കിറ്റ് ഇപ്പോൾ ഏപ്രിൽ വരെ നിയമസഭാ കിറ്റായി. ഏപ്രിലിന് എന്താണ് പ്രാധാന്യം? ഏപ്രിലിലാണ് തെരഞ്ഞെടുപ്പ് വരാൻ പോകുന്നത്. അങ്ങനെ ഏപ്രിലിൽ കിറ്റ് കൊടുക്കാൻ പോകുന്നു. തെരഞ്ഞെടുപ്പ് ലാക്കാക്കി, ജനങ്ങളുടെ ദൈന്യതയെയും കഷ്ടപ്പാടിനെയും തെരഞ്ഞെടുപ്പിനുവേണ്ടി മുതലാക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കിറ്റ് കൊടുക്കാൻ പാടില്ലെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. എം. വിൻസെന്റ്: സർ, കിറ്റ് കൊടുക്കാൻ പാടില്ലെന്നല്ലല്ലോ ഞാൻ പറഞ്ഞത്. ഇതിനേക്കാൾ വലിയ പ്രതിസന്ധി ഉണ്ടായപ്പോൾ കിറ്റ് കൊടുത്തില്ല എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അല്ലാതെ കൊടുത്തതിനെക്കുറിച്ചൊന്നുമല്ല പറഞ്ഞത്. 14 ലക്ഷം പേർക്കാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് പെൻഷൻ കൊടുത്തതെങ്കിൽ ഞങ്ങൾ 34 ലക്ഷം പേർക്ക്, അതായത് 20 ലക്ഷം പേർക്ക് അധികമായി പെൻഷൻ കൊടുത്തു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സാമൂഹ്യക്ഷേമ പെൻഷൻ 1,000 രൂപയിൽ കൂടുതൽ കൊടുത്തത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണെന്നത് ഓർക്കണം. ഞാൻ സർക്കാർ ഉത്തരവടക്കം പറയാം. 1-3.2016-ൽ ഇറക്കിയ 24-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,500 രൂപ 75 വയസ്സ് കഴിഞ്ഞ വിധവകൾക്ക് കൊടുത്ത ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. 300 രൂപയിൽനിന്ന് 800 രൂപയാക്കി ഞങ്ങൾ പെൻഷൻ തുക വർദ്ധിപ്പിച്ചു. ഞങ്ങൾ 34 ലക്ഷം കൊടുത്തു. നിങ്ങളത് 48 ലക്ഷമാക്കി. ഞങ്ങൾ 20 ലക്ഷം പേർക്ക് അധികം കൊടുത്തു. നിങ്ങൾ 14 ലക്ഷം പേർക്ക് കൊടുത്തു. ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം, ഞങ്ങൾ പെൻഷൻ മാത്രമേ കൊടുത്തുള്ളൂ. നിങ്ങൾ പെൻഷനോടൊപ്പം വോട്ടർമാരുടെ സ്ലിപ്പുംകൂടിയാണ് കൊടുത്തത്; അതാണ് വ്യത്യാസം. കിറ്റ് നൽകിയതിനോടൊപ്പം നിങ്ങൾ പറഞ്ഞത് വോട്ട് ചെയ്യണമെന്നാണ്. സർക്കാർ ഖജനാവിൽനിന്ന് പെൻഷൻ കൊടുക്കുമ്പോൾ ലോക്കൽ സെക്രട്ടറിയും ബ്രാഞ്ച് സെക്രട്ടറിയും പെൻഷൻ കൊടുക്കുന്ന ഉദ്യോഗസ്ഥൻമാരോടൊപ്പം പോയി അവർ പറയുന്ന സമയത്ത് മാത്രമേ കൊടുക്കാവൂ എന്നുപറഞ്ഞാൽ ഇത് എ.കെ.ജി. സെന്ററിൽനിന്നും കൊടുക്കുന്ന പണമാണോ; സർക്കാർ ഖജനാവിൽനിന്ന് കൊടുക്കുന്ന പണമാണ്. ആ പണം ന്യായമായി വിനിയോഗിക്കാതെ രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ളതാണോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എം. വിൻസെന്റ്: സർ, ഇക്കഴിഞ്ഞ കാലയളവിൽ കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ലാത്ത വിധത്തിൽ സ്വർണ്ണക്കള്ളക്കടത്ത് അന്വേഷിക്കുന്ന അന്വേഷണ സംഘം പോകുന്നത് സെക്രട്ടേറിയറ്റിലേയ്ക്കാണ്. സെക്രട്ടേറിയറ്റിലേയ്ക്ക് പോകുന്നത് കാറ്റ് കൊള്ളാനോ കിറ്റ് വാങ്ങാനോ അല്ല. പ്രതികളെ തേടിയാണ് അവിടേയ്ക്ക് പോകുന്നത്. അവിടെ അന്വേഷണം വ്യാപിച്ചപ്പോൾ സെക്രട്ടേറിയറ്റിനുതന്നെ തീയിട്ട സർക്കാരാണ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. ആദ്യം പോലീസ് പറഞ്ഞു, ഷോർട്ട് സർക്യൂട്ടാണെന്ന്. ഫോറൻസിക് പരിശോധന വന്നപ്പോൾ എന്താണ്; ഒരു ഷോർട്ട് സർക്യൂട്ടുമില്ല. ഇത്രയധികം അഴിമതി നിറഞ്ഞൊരു സർക്കാർ. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യയിലെ വികസ

നത്തിന്റെ കവാടമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. അന്ന് ഈ തുറമുഖ പദ്ധതി കൊണ്ടുവന്നപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞു, 7,000 കോടി രൂപയുടെ പദ്ധതിയിൽ 5,000 കോടി രൂപയുടെ അഴിമതി എന്ന്. അദ്ദേഹത്തിന്റെ എത്രയോ ഡി.ജി.പി.-മാർ, എത്രയോ എ.ഡി.ജി.പി.-മാർ എല്ലാവരും അന്വേഷിക്കട്ടെ. ഒന്നും കണ്ടെത്തിയില്ല. പക്ഷേ എനിക്ക് പറയാനുള്ളത്, അദ്ദേഹം ഇരിക്കുന്ന കസേരയിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറായിരുന്നു മുഖ്യമന്ത്രിയായി ഇരിക്കുന്നതെങ്കിൽ 2019 ഡിസംബർ മാസത്തിൽ വിഴിഞ്ഞം തീരത്ത് ലോകത്തെ ഏറ്റവും വലിയ കപ്പൽ വന്ന് ട്രാൻസ്ഷിപ്പ്മെന്റ് നടത്തുന്ന വിസ്മയകരമായ കാഴ്ചയ്ക്ക് ഈ കേരളം സാക്ഷ്യം വഹിക്കുമായിരുന്നു. ഇനിയും മൂന്ന് വർഷമെങ്കിലും കഴിയാതെ ആ പദ്ധതി പൂർത്തിയാക്കാൻ കഴിയില്ല. അദാനി ഗ്രൂപ്പിന്റെ പാളിച്ചകളുണ്ട്. സർക്കാരിന്റെ മോണിറ്ററിംഗ് പാളിച്ചകളുണ്ട്. ഇന്ന് ആഴം കുറഞ്ഞ പ്രദേശത്തുള്ള 700 മീറ്റർ ബ്രേക്ക് വാട്ടർ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഇനി പോകുന്തോറും 20 മീറ്റർ താഴ്ചയുള്ള പ്രദേശങ്ങളിലാണ് ബ്രേക്ക് വാട്ടർ നിർമ്മിക്കേണ്ടത്. ആ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് 75 ലക്ഷം മെട്രിക് ടൺ പാറ വേണ്ടിവരുന്നതാണ്. അപ്പോൾ എത്ര വർഷംകൊണ്ട് പൂർത്തിയാക്കും; ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ നിത്യസ്മാരകമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാറിയിരിക്കുകയാണ്. സകല അഴിമതികളും, സ്പ്രിംഗ്ലറിന്റെ പേരിൽ ഈ നാട്ടിലെ പാവപ്പെട്ട ആളുകളുടെ ഡാറ്റകൾ അന്താരാഷ്ട്ര ലോബികൾക്ക് കൊടുത്തുകൊണ്ട് അമ്മാനമാടാനുള്ള അവസരം ഈ സർക്കാർ ഉണ്ടാക്കിക്കൊടുത്തു. അത് തടഞ്ഞത് ഞങ്ങളാണ്, പ്രതിപക്ഷമാണ്. അതുപോലെതന്നെ പമ്പയിലെ മണൽ, പൊട്ടിപ്പൊളിഞ്ഞ ഒരു പൊതുമേഖലാ കമ്പനിയുടെ മറവിൽ സ്വകാര്യ വ്യക്തിക്ക് കടത്താനുള്ള ശ്രമം ഞങ്ങളാണ് തടഞ്ഞത്. ഈ നാട്ടിലെ ജനങ്ങളുടെ കാവൽക്കാരായി നിൽക്കേണ്ടവർ കള്ളന്മാരായി മാറുമ്പോൾ അവർക്ക് കാവലായി നിൽക്കാൻ ഐക്യജനാധിപത്യ മുന്നണിയും പ്രതിപക്ഷവും ഇവിടെയുണ്ടാകും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുമെന്ന് അറിഞ്ഞപ്പോൾ മുതൽ അദ്ദേഹം നയപ്രഖ്യാപനം പൂർണ്ണമായി പ്രസംഗിക്കില്ല, അദ്ദേഹം ഇടയ്ക്ക് നിർത്തി ഇറങ്ങിപ്പോകും അദ്ദേഹം വാക്കൗട്ട് നടത്തും എന്നെല്ലാം കരുതിയിരുന്ന കേരളത്തിലെ പ്രതിപക്ഷം ഇപ്പോൾ കടുത്ത നിരാശയിലാണ്. ഇന്നലെയും ഇന്നും ഇവിടെ നടന്ന ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗങ്ങൾ നിരാശയിൽ മാത്രം ജീവിക്കുന്ന പ്രസംഗങ്ങളാണ്. ഞങ്ങൾക്ക് ദുഃഖമുണ്ട്. ഏറ്റവും കൂടുതൽ സമയം കോവിഡിനെ സംബന്ധിച്ച് പറയാൻ ഗവർണ്ണർ

മാറ്റിവച്ചു എന്നാണ് ഇന്നലെ ഒരു പ്രസംഗത്തിൽ പറഞ്ഞത്. അത് അത്ഭുതത്തോടെയാണ് ഞാൻ കേട്ടത്. ഇവിടെ ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് Covid First Line Treatment Centre-നെകുറിച്ചൊക്കെ പറഞ്ഞു. അവിടെ ഭക്ഷണം കൊടുക്കുന്നില്ലത്രേ. ഞാൻ ചോദിക്കുന്ന ഒറ്റ ചോദ്യമേയുള്ളൂ. ഏത് പഞ്ചായത്താണ് ഭക്ഷണം കൊടുക്കാത്തത്; മുസ്ലീം ലീഗ് ഭരിക്കുന്ന പഞ്ചായത്താണോ കോവിഡ് രോഗികൾക്ക് ഭക്ഷണം കൊടുക്കാത്തത്; കൊടും പാപമാണത്. അങ്ങനെ ചെയ്യരുത്. അവിടെ ടാറ്റ നിർമ്മിച്ച ആയിരം ബെഡ്സുള്ള Covid First Line Treatment Centre-ലേയ്ക്ക് ഞങ്ങളുടെ എതിർപ്പ് മറികടന്നുകൊണ്ട് ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞുവിട്ടത് ഇറ്റലിയിൽനിന്ന് വന്ന ആളുകളുടെ കോവിഡ് കണ്ടുപിടിച്ച റാന്നി താലൂക്ക് ആശുപത്രിയിലെ ഡോ. ആനന്ദിനെയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് അവിടത്തെ ട്രീറ്റ്മെന്റുകളെല്ലാം നടക്കുന്നതെന്ന് ഓർക്കണം. അതുകൊണ്ട് അങ്ങനെ പറയരുത്.

ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞൊരു വാക്ക് പിൻവലിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അദ്ദേഹം പറഞ്ഞത് ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ഈ അവാർഡുകളെല്ലാം കിട്ടുന്നത് പി.ആർ. വർക്കിന്റെ ഫലമായിട്ടാണെന്നാണ്, അങ്ങനെ പറയരുത്, ആ നാവു കൊണ്ട് ദയവുചെയ്ത് അങ്ങനെ പറയരുത്. മനസ്സിലാക്കുക, ഏറ്റവും ഒടുവിൽ നമ്മുടെ ഫിനാൻഷ്യൽ ടൈംസിൽ വന്ന ലോകത്തിലെ 5 വനിതകൾ, ന്യൂസിലാന്റ് പ്രധാനമന്ത്രി ശ്രീമതി ജസീന്ത ആഡേണിനോടൊപ്പമാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ ഫോട്ടോ പ്രസിദ്ധീകരിച്ചത്. നമ്മൾ അഭിമാനിക്കുകയല്ലേ വേണ്ടത്? നമ്മൾ മലയാളികൾ തല ഉയർത്തിപ്പിടിച്ച് നിൽക്കണം. ലോകത്തിൽ ഏറ്റവും കുറഞ്ഞ കോവിഡ് മരണ നിരക്കുള്ള സംസ്ഥാനങ്ങളെടുത്താൽ ഒറ്റ സംസ്ഥാനമേയുള്ളൂ, അത് കേരളമാണ്. അത് നമ്മൾ അഭിമാനത്തോടെ ഉറക്കെ പറയണം. അതാണ് നമ്മൾ പറയേണ്ടത്. നൂറുശതമാനം എല്ലാം കുറ്റമറ്റരൂപത്തിൽ നടന്നുവെന്ന് ഞാൻ പറയില്ല, ആരും പറയില്ല. മരണങ്ങളുണ്ടാകും, സ്വാഭാവികമാണ്. പക്ഷെ കോവിഡ് പ്രതിരോധിക്കുവാൻ നമ്മൾ നടത്തിയിട്ടുള്ള പരിശ്രമം ലോകം കാണുകയാണ്. ലോകത്തിലെ ഓരോ രാജ്യങ്ങളും വീക്ഷിക്കുകയാണ്. എങ്ങനെയാണ് ഇതിനെ കൈകാര്യം ചെയ്യുന്നതെന്ന് ആളുകൾ നോക്കിക്കാണുകയാണ്. നമ്മുടെ മൊത്തത്തിലുള്ള കാര്യങ്ങൾ, അത് 108 ആംബുലൻസിനെ പ്രവർത്തിപ്പിച്ചതാണെങ്കിലും, പഞ്ചായത്തുകൾക്ക് 200 കോടി രൂപ നൽകിയാണ് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഇവിടെ തുടങ്ങിയത്. 2000 കോടി രൂപയിലധികം ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. കേന്ദ്രം എത്രയാണ് നൽകിയത്? ആകെ നൽകിയത് 400 കോടി രൂപയാണ്. ബാക്കിയുള്ള പണം നമ്മളാണ്

കണ്ടെത്തിയത്. എന്റേയും നിങ്ങളുടേയും ഈ നാട്ടിലെ മൂന്നരക്കോടി വരുന്ന ജനങ്ങളുടെയും ആരോഗ്യപ്രശ്നങ്ങൾ സംരക്ഷിക്കാൻ വേണ്ടിയല്ലേ ഗവൺമെന്റ് ഇത്ര ഉയർന്ന രൂപത്തിൽ പ്രവർത്തിച്ചത്? നല്ലതു ചെയ്താൽ അതിനെ അംഗീകരിക്കാനുള്ള ഒരു മനോഭാവം ദയവുചെയ്ത് കോവിഡിന്റെ കാര്യത്തിലെങ്കിലും നിങ്ങൾക്കുണ്ടാകണം. എന്തുകൊണ്ടാണ് നിങ്ങളെ ജനങ്ങൾ വെറുത്തത്; അത് കേവലം താൽക്കാലികമായ വെറുപ്പാണെന്ന് നിങ്ങൾ സമാശ്വസിക്കുന്നു. നിങ്ങൾ ആശ്വസിച്ചോ, കേരളത്തിന്റെ വികസനത്തിൽ ഏറ്റവും നെഗറ്റീവായ അപ്രോച്ചാണ് നിങ്ങൾ സ്വീകരിക്കുന്നത്. അത് ഏത് വികസനരംഗമെടുത്താലും കാണാൻ കഴിയും. ഇവിടെ ശ്രീ. എം. വിൻസെന്റ് ചോദിച്ചു, ഹിൽ ഹൈവേ എവിടെയെന്ന്? 3500 കോടി രൂപയുടെ ഭരണാനുമതി കൊടുത്ത് കാസർഗോഡ് മുതൽ എത്ര റീച്ചുകൾ പണിതു എന്നുചോദിച്ചു. ശ്രീ. കെ. സി. ജോസഫ് ഇവിടെയുണ്ടല്ലോ; അദ്ദേഹത്തിന്റെ മണ്ഡലത്തിൽ എവിടെയൊക്കെ പണി തുടങ്ങിയെന്ന് അദ്ദേഹം പറയട്ടെ; അദ്ദേഹം പത്രത്തിൽ പരസ്യം കൊടുത്ത് ബോർഡ് വച്ച ആളാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നാലുവർഷംകൊണ്ട് എത്ര കിലോമീറ്റർ ഹിൽ ഹൈവേ നിങ്ങൾക്ക് നിർമ്മിക്കാൻ കഴിഞ്ഞു; 510 കിലോമീറ്ററിന്റെ തീരദേശ ഹൈവേയിൽ എത്ര കിലോമീറ്റർ പണിതു?

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഇന്നലെ വന്ന കണക്കനുസരിച്ച്, പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റീച്ചടക്കം 212 കിലോമീറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മലയോര ഹൈവേയിൽ തുടങ്ങി. പരിപാവനമായ നിയമസഭയിൽ നമ്മൾ അബദ്ധങ്ങൾ വിളമ്പരുത്. തീരദേശ ഹൈവേ ആലപ്പുഴ വഴി കടന്നുപോകണം. എത്ര മനോഹരമായിട്ടാണ് ആ തീരദേശ ഹൈവേയുടെ ഫ്ലൈഓവർ കടന്നു പോകുന്നത്. ശ്രീ. എം. വിൻസെന്റ് അടക്കം, നിങ്ങളുടെ നേതാക്കൻമാരടക്കം, നിങ്ങൾ നെഗറ്റീവായി ചിന്തിക്കുന്നു. നിങ്ങൾ കേരളത്തിനുവേണ്ടി ചിന്തിക്കണം. കഴിഞ്ഞ 5 വർഷക്കാലം നിങ്ങൾ ഏതെങ്കിലും നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അത് നല്ല കാര്യങ്ങളാണെന്ന് പറയാൻ ഞങ്ങൾ ആർജ്ജവമുള്ളവരാണ്. പക്ഷെ നിങ്ങൾ എന്തു ചെയ്തു; ഞങ്ങൾ എന്തു പറയണം? നിങ്ങൾ കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങി. ഞങ്ങളത് അംഗീകരിക്കുന്നു. നിങ്ങൾ ഒരു കാര്യം ഒഴിച്ച് ബാക്കി ഏതെങ്കിലും കാര്യത്തിൽ ഒരു ചെറുവിരൽ അനക്കിയോ; ഏത് കാര്യത്തിലാണ്? നിങ്ങൾ അവകാശപ്പെടുന്ന വിഴിഞ്ഞം, ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ, അന്ന് കേന്ദ്രത്തിൽ പ്രോജക്ട് സമർപ്പിച്ചപ്പോൾ ചൈനീസ് കമ്പനി ടെണ്ടർ ക്വാട്ട് ചെയ്തുവെന്ന് പറഞ്ഞ് നിങ്ങളല്ലേ പോയി അത് അട്ടിമറിച്ചത്? നിങ്ങൾ കേരളത്തിൽ പ്രതിക്കൂട്ടിലാണ്. എറണാകുളം മെട്രോയുടെ കാര്യത്തിൽ അന്നത്തെ ഗവൺമെന്റ് 50 കോടി രൂപ നോർത്ത് മേൽപ്പാലത്തിന്

നീക്കിവച്ച് തുടങ്ങിവച്ച ഒരു പദ്ധതി, കേന്ദ്രത്തിൽ പോയി നിങ്ങൾ അട്ടിമറിച്ചു. നേതാക്കന്മാരുടെ പേരൊന്നും ഞാൻ പറയുന്നില്ല. ഇവിടെ കെ-ഫോൺ വന്നു, നിങ്ങളുടെ സമീപനമെന്താണ്? കെ-ഫോൺ വേണ്ടാ എന്നല്ലേ നിങ്ങളുടെ സമീപനം? കെ-ഫോൺ വന്നുകഴിഞ്ഞാൽ ഒരു മാസം 23,000 കോടി രൂപ നഷ്ടപ്പെടുന്ന ഇവിടത്തെ ചില കമ്പനികളുണ്ട്. ആ കമ്പനികളുടെ വക്താക്കളായി നിങ്ങൾ വാദം ഉയർത്തി, ചെറിയ കാര്യമല്ല. 20 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനടക്കം സൗജന്യമായി ഇന്റർനെറ്റ് ഡാറ്റ കൊടുക്കുന്നതാണ് കെ-ഫോൺ. ബാക്കിയുള്ളവർക്ക് പകുതി വിലയ്ക്കും, അത് ഹൈസ്പീഡാണ്. അതിന്റെ സ്പീഡ് 5-ജി ആണ്. ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാനിരുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനുമുമ്പ് ഞങ്ങളത് കമ്മീഷൻ ചെയ്യും. ഇന്റർനെറ്റ് ഡാറ്റ നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുമ്പോൾ നിങ്ങൾ അതിനെതിരെ പ്രതിഷേധമുയർത്തുന്നു. ആർക്കുവേണ്ടി? ഏത് കമ്പനിയാണ് നിങ്ങളെ വിലയ്ക്കെടുത്തത്? അതാണ് ഈ നിയമസഭയിൽ നിങ്ങൾ പറയേണ്ടത്. ഏത് കമ്പനിക്കുവേണ്ടിയാണ് നിങ്ങൾ വാദിക്കുന്നത്? നിങ്ങൾ അഭിനന്ദിക്കുകയല്ലേ വേണ്ടത്! അതാണ് നിങ്ങൾ നെഗറ്റീവായി കേരളത്തിന്റെ വികസനത്തെ കാണുന്നുവെന്ന് ഞങ്ങൾ പറഞ്ഞത്. കെ-റെയിലിനെതിരെ പല സ്ഥലങ്ങളിലും നിരത്തി ബോർഡ് വച്ചിരിക്കുകയാണ്. 5 മണിക്കൂർകൊണ്ട് കാസർഗോഡുനിന്നും തിരുവനന്തപുരത്തെത്തുന്ന ഒരു റെയിൽപാത നിർമ്മിക്കാൻ തുടങ്ങുമ്പോൾ അത് നല്ലതാണെന്ന് പറയേണ്ടതല്ലേ? നിങ്ങൾ ചെയ്ത ഏതെങ്കിലും നല്ല കാര്യങ്ങൾ ഞങ്ങൾ നല്ലതല്ലെന്ന് പറഞ്ഞോ? ഞങ്ങൾ അഴിമതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്, അഴിമതി ഞങ്ങൾ വീണ്ടും ചൂണ്ടിക്കാട്ടും. നിങ്ങളുടെ തെരഞ്ഞെടുപ്പിന്റെ മുദ്രാവാക്യം എന്തായിരുന്നു? 'അഴിമതിക്കെതിരെ ഒരു വോട്ട്' പറഞ്ഞ് വായിൽ നാക്കിടുന്നതിന് മുമ്പുതന്നെ ഒരു പ്രധാന എം.എൽ.എ. അകത്തായി, അഴിയിലായി, അഴിമതിക്കെതിരെയുള്ള വോട്ട് എന്ന മുദ്രാവാക്യംകൊണ്ട് നിങ്ങൾ ഓടിയ വഴിക്ക് പുല്ല് കിളിർത്തിട്ടില്ല. ഇന്നലെയും ഇന്നും ഇവിടെ നടന്ന ചർച്ചകളിൽ, എവിടേയ്ക്കാണ് നിങ്ങൾ പോകുന്നത്; നിങ്ങൾ സ്വയം വിലയിരുത്തണം. കേരളത്തിന്റെ വികസനത്തിൽ എന്തുപങ്കാണ് ഇവിടെ സംഭാവനയായി നൽകിയിട്ടുള്ളതെന്ന് നിങ്ങൾ ഓർക്കണം. അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ആ സ്ഥാനത്താണ് ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി അതിഗംഭീരമായ പദ്ധതികളുമായി മുന്നോട്ട് പോകുന്നത്. നിങ്ങൾ എന്താണ് ഇവിടെ പ്രഖ്യാപിച്ചത്; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്താണ് പറഞ്ഞത്; ഞങ്ങൾ അധികാരത്തിൽ വന്നാൽ കേരള ബാങ്ക് പിരിച്ചുവിടും. ഒരു പ്രതിപക്ഷനേതാവിന് പറയാൻ കൊള്ളാവുന്ന കാര്യമാണോ? കേരള ബാങ്ക് രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ്. ഒരു

സംസ്ഥാനത്തിന് സ്വന്തമായി ഒരു ബാങ്ക് ഇന്ത്യയിലെ ആദ്യത്തെ കാര്യമാണ്. അങ്ങനെയൊരു നല്ല കാര്യം ചെയ്തപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത്? ഞങ്ങൾ അധികാരത്തിൽ വന്നാൽ കേരള ബാങ്ക് പിരിച്ചുവിടുമെന്ന്. ജനങ്ങളോടുള്ള സമീപനമെന്താണ്? ജനങ്ങൾ നിങ്ങളെ ചെവിക്കുപിടിച്ച് അറബിക്കടലിലേയ്ക്ക് എറിഞ്ഞു. ലൈഫ് മിഷൻ പിരിച്ചുവിടുമെന്ന് ആരാണ് പറഞ്ഞത്? കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ. അത് പറയാൻ കൊള്ളാമോ? ഇനിയെങ്കിലും നിങ്ങൾ മാപ്പ് പറയണം. നിങ്ങൾ വീരവാദം മുഴക്കിയല്ലോ; കഴിഞ്ഞ ഗവൺമെന്റ് പ്ലാൻഫണ്ട്, നോൺപ്ലാൻ ഫണ്ട് നീക്കിവച്ചുകൊണ്ട് എത്ര വീടുകൾ പണിതു; പി.എം.എ.വൈ. പദ്ധതിയിൽ വീടുകൾ പണിതതല്ലാതെ, കേന്ദ്രത്തിൽനിന്നുള്ള പൈസ കിട്ടി വീട് പണിതതല്ലാതെ, സ്റ്റേറ്റ് പ്ലാൻ ഉപയോഗിച്ച്, സംസ്ഥാനത്തിന് ഒരു പദ്ധതിയുണ്ടോ? ശ്രീ. വി. എസ്. അച്യുതാനന്ദന്റെ സമയത്തെ ഇ.എം.എസ്. ഭവന പദ്ധതി നിങ്ങൾ അഴിച്ചെടുത്ത് കുപ്പയിലെറിഞ്ഞു. നിങ്ങൾക്ക് സ്റ്റേറ്റിനൊരു പദ്ധതിയുണ്ടോ? ഇല്ല. സംസ്ഥാന പദ്ധതി ഉപയോഗിച്ചുകൊണ്ട് ഇവിടെ ലൈഫ് മിഷൻ കൊണ്ടുവന്ന് ചോർന്നൊലിച്ച് വീടില്ലാതെ കിടക്കുന്ന പാവങ്ങൾക്ക് ഒരു ജീവിതമുണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റ് നോക്കുമ്പോൾ നിങ്ങളുടെത്ത സമീപനമെന്താണ്? തികച്ചും നെഗറ്റീവായ സമീപനം. ഞങ്ങൾ 8 ലക്ഷം ആളുകൾക്ക് വീടുകൊടുക്കാൻ പ്ലാൻ ചെയ്യുകയാണ്. അതിൽ 4 ലക്ഷം ആളുകളുടെ അപേക്ഷ സ്വീകരിച്ചു. 4 ലക്ഷം ആളുകളുടെ പ്രോസസ്സിംഗ് അന്തിമ ഘട്ടത്തിലേയ്ക്ക് പോകുകയാണ്. ആ 4 ലക്ഷം ആളുകൾക്ക് നിങ്ങൾ വീടുകൾ കൊടുക്കുകയില്ല, ഞങ്ങൾ തന്നെ വീടുകൾ കൊടുക്കും. അടുത്ത ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ. ഒട്ടും സംശയിക്കേണ്ട.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ ധാർമ്മിക രോഷംകൊണ്ട് സംസാരിക്കുമ്പോൾ, അങ്ങ് സംസാരം തുടങ്ങുന്നതിന് അൽപ്പം മുമ്പ് ഞാൻ പുറത്തേയ്ക്ക് പോയപ്പോൾ ടി.വി.യിൽ കണ്ട ഒരു വാർത്ത ശരിയാണോ എന്നറിയാനാണ് ചോദിക്കുന്നത്. അങ്ങ് പത്തനംതിട്ടയിലെ ഒരു പ്രമുഖ സി.പി.ഐ.(എം) നേതാവാണല്ലോ; സി.പി.ഐ.(എം) നേതാക്കളുടെ ഭീഷണിമൂലം ഒരു സി.പി.ഐ.(എം) നേതാവ് അവിടെ ആത്മഹത്യ ചെയ്തുവെന്ന ഭാര്യയുടെ പ്രസ്താവന ഏഷ്യാനെറ്റ് ചാനലിൽ എഴുതി കാണിച്ചുകൊണ്ടിരിക്കുന്നു, എന്തെങ്കിലും പറയാനുണ്ടോ;

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ശ്രീ. പി. ടി. തോമസ് കഴിഞ്ഞ 10 മാസക്കാലം ഈ നാട്ടിൽ നടത്തിയിട്ടുള്ള വാദഗതികളും അപവാദപ്രചരണങ്ങളും പ്രസംഗങ്ങളും സ്റ്റേറ്റുമെന്റുകളും രാവിലേയും വൈകിട്ടുമുള്ള പത്രസമ്മേളനങ്ങളും കേരളത്തിലെ ജനങ്ങൾ പരമ പുച്ഛത്തോടുകൂടി തള്ളിക്കളഞ്ഞിട്ടുണ്ട്. നിങ്ങളുടെ ഈ വാർത്തയ്ക്ക്

ഒരു ദിവസത്തെ ആയുസ്സേ ഉണ്ടാകുകയുള്ളൂ. നിങ്ങൾ പേടിക്കേണ്ട കാരണം ഇന്ന് കേരളത്തിലെ ജനങ്ങൾ നിങ്ങളെ വിശ്വസിക്കുന്നില്ല, അതാണ് പ്രശ്നം എനിക്ക് സഹതാപമുണ്ട്. ശ്രീ. പി. ടി. തോമസ് എന്റെ നല്ല സ്നേഹിതനാണ്. നിങ്ങൾ നടത്തുന്ന ഈ പ്രസ്താവനകളെ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുന്നില്ല. പ്രതിപക്ഷനേതാവ് നടത്തുന്ന പ്രസ്താവനകളെ വിശ്വസിക്കുന്നുണ്ടോ; മുൻ മുഖ്യമന്ത്രി നടത്തുന്നതുണ്ടോ; കെ.പി.സി.സി. പ്രസിഡന്റ് നടത്തുന്നതുണ്ടോ; നിങ്ങൾ നടത്തുന്ന പ്രസ്താവനകൾ കേരളത്തിലെ ജനങ്ങൾ വിശ്വാസത്തിലെടുക്കുന്നില്ല, കേരളം മാറുകയാണ്.

50 വർഷം മുമ്പിൽ കണ്ടുകൊണ്ടുള്ള കേരളത്തെയാണ് ഇവിടത്തെ ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ഇവിടെയുള്ളവർ മാത്രമല്ല, കേരളത്തിന് പുറത്തും വിദേശങ്ങളിലുമുള്ള ജനങ്ങളാകെ പ്രതീക്ഷയോടെയാണ് നമ്മെ നോക്കിക്കാണുന്നത്. ലോക കേരളസഭ നടന്നതിനെ എത്ര പരമപുച്ഛത്തോടെയാണ് നിങ്ങൾ കണ്ടത്! ഇവിടെ കസേര പണിതില്ലേ, കാർപ്പറ്റ് വാങ്ങിച്ചില്ലേ, ബാഗ് വാങ്ങിച്ചില്ലേ എന്നെല്ലാം പറഞ്ഞ് എത്ര മോശപ്പെട്ട രൂപത്തിലാണ് ലോക കേരളസഭയെ അപമാനിക്കാൻ ശ്രമിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികൾക്ക് ഒരുമിച്ച് ചേരാനുള്ള ഒരു പ്ലാറ്റ്ഫോം ഉണ്ടാക്കിക്കൊടുക്കാൻ കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കഴിഞ്ഞുവെന്ന് പറയുന്നതല്ലേ ഏറ്റവും അഭിമാനകരമായ കാര്യം, നിങ്ങൾ അതിനെ പിന്തുണയ്ക്കുകയല്ലേ ചെയ്യേണ്ടത്? നിങ്ങൾ വന്നില്ലെങ്കിലും നിങ്ങളുടെ ഒ.ഐ.സി.സി. (Overseas Indian Cultural Congress) നേതാക്കന്മാർ അവിടെ വന്നു. അവർ നടത്തിയ പ്രസംഗം എന്തായിരുന്നു? ശ്രീ. പിണറായി വിജയനെ ഞങ്ങൾ ആദരിക്കുന്നു, ഞങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസുകാരാണെങ്കിലും അദ്ദേഹവും സർക്കാരും നടത്തിയ ഈ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നുവെന്നാണ് നിങ്ങളുടെ ഒ.ഐ.സി.സി. നേതാക്കന്മാർ ആ പ്ലാറ്റ്ഫോമിൽ വന്ന് പരസ്യമായി പറഞ്ഞത്. അതാണ് നിങ്ങൾ കാണേണ്ടത്, ഇത്തരം കാര്യങ്ങളെല്ലാം കാണണം. ഇതെല്ലാം പറയുന്നത് ഞങ്ങൾ മാത്രമല്ല. നാഷണൽ ഹൈവേ സംബന്ധിച്ച ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ ചെന്നപ്പോൾ കേന്ദ്രത്തിലെ ഉപരിതലഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരി പറഞ്ഞത്, ഈ മുഖ്യമന്ത്രിയെ ഇനിയും ഡൽഹിക്ക് നടത്തരുതെന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഉപേക്ഷിച്ച നാഷണൽ ഹൈവേ വികസനത്തിനായി 5-ാം തവണയാണ് കേരളത്തിന്റെ മുഖ്യമന്ത്രി ഡൽഹിയിലെത്തിയത്. ശ്രീ. നിതിൻ ഗഡ്കരി, ശ്രീ. പിണറായി വിജയന്റെ മുമ്പിൽവച്ചുതന്നെ ഫയൽ വരുത്തി ഒപ്പിട്ടു. പ്രിയമുള്ളവരേ, എൻ.എച്ച് -ന്റെ ആ 7 പ്രവൃത്തികൾ ഉദ്ഘാടനം ചെയ്യാൻ വന്ന വേദിയിൽ ശ്രീ. പിണറായി വിജയന്റെ മുമ്പിൽവന്നുകൊണ്ട് അദ്ദേഹം പറഞ്ഞത്,

'നന്ദി മി. വിജയൻ, നിങ്ങളില്ലായിരുന്നെങ്കിൽ ഈ പ്രോജക്ട് നടപ്പാകില്ലായിരുന്നു ' എന്നാണ്. കേരളം മാറുകയാണ്. രണ്ടുവരി പാതയിൽ നിന്നും മൂന്നുവരിയിലേയ്ക്കും ആറുവരിയിലേയ്ക്കും കേരളം മാറണ്ടേ, നിങ്ങളുടെ മുമ്പിൽ വന്ന ഫയലായിരുന്നു, എന്തേ അന്നത് മാറ്റി വച്ചു? കുറച്ച് കെട്ടിടയുടമകളും വസ്തുവുടമകളും മുമ്പിൽ വന്നപ്പോൾ നിങ്ങൾ പറഞ്ഞത് അവരുടെ വോട്ടാണ് ഞങ്ങളുടെ മുഖ്യവിഷയം എന്നാണ്. വോട്ടുവേണം, എന്നാൽ വോട്ട് മാത്രമല്ല മുഖ്യം, ഈ കേരളമാണ് വലുത് എന്നാണ് ഞങ്ങൾ പറഞ്ഞത്. അങ്ങനെ കേരളമാണ് വലുതെന്ന് കണ്ടുകൊണ്ടാണ് ഞങ്ങൾ ഈ പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുന്നത്. ആ കാര്യത്തിൽ നിങ്ങൾക്ക് ഒരു സംശയവും വേണ്ട. ഇതൊന്നും എൻ.എച്ച്-ന്റെ കാര്യത്തിൽ മാത്രമല്ല നടന്നത്, ഗെയ്ൽ പൈപ്പ് ലൈനിനെതിരെ അത് മുടക്കാനായി, നിങ്ങൾ എത്രയോ പടഹ കാഹള ധ്വനികൾ മുഴക്കിയിട്ടുണ്ട്. ആ പദ്ധതി നിങ്ങൾ ഉപേക്ഷിച്ചു പോയതല്ലേ? നിങ്ങൾ ഒഴിവാക്കിയിട്ടു പോയതാണെന്ന് നേരത്തെ ഇവിടെ പറഞ്ഞതിനാൽ ഞാൻ അക്കാര്യം പരാമർശിക്കുന്നില്ല. ആ പദ്ധതി ഒരു ബോംബാണെന്നും 48 മണിക്കൂറിനുള്ളിൽ നിങ്ങൾ കേരളം വിട്ടുപോയില്ലെങ്കിൽ ഞങ്ങളുടെ യഥാർത്ഥ മുഖം കാണിച്ചുതരാമെന്നും പ്രസംഗത്തിൽ പറഞ്ഞത് യൂത്ത് ലീഗ് നേതാവ് ശ്രീ. ഫിറോസാണ്. 48 മണിക്കൂറിനുള്ളിൽത്തന്നെ അവർ പോയി. പക്ഷേ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായി അധികാരമേറ്റുവെന്ന് അറിഞ്ഞപ്പോൾ അവർ മടങ്ങി വന്നു. അതുമാത്രമല്ല, മി. പിണറായി വിജയൻ പ്രസംഗിക്കുമ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കയ്യടിക്കുന്ന വാർത്ത പത്രങ്ങളുടെയൊക്കെ മുൻപേജിൽ നിങ്ങൾ കണ്ടില്ലേ. രണ്ട് സ്റ്റേറ്റുകൾ മാത്രമല്ല, ദക്ഷിണ കേരളം മുഴുവനുമുള്ള പദ്ധതിയാണ്. പ്രിയ സ്നേഹിതാ, ശ്രീ. നരേന്ദ്ര മോദി ഇന്ത്യയുടെ പ്രധാനമന്ത്രിയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. കൊച്ചി കോർപ്പറേഷനിൽ ബി.ജെ.പി.യുമായി ഉണ്ടാക്കിയ ധാരണ എറണാകുളത്തെ ബഹുമാനപ്പെട്ട നേതാക്കന്മാർ മറന്നുപോകരുത്, ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ വകുപ്പും മിന്നിത്തിളങ്ങുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങൾ ഇവിടെ ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ഒരു സർവ്വകലാശാല ആരംഭിച്ചു. നിങ്ങൾക്ക് ആലോചിക്കാൻ കഴിയുന്ന കാര്യമാണോ? ശ്രീനാരായണ ഗുരുദേവനെന്ന ആ വിശ്വപൗരനെ ലോകമെങ്ങുമുള്ള സമാധാന പ്രേമികളും മതസൗഹാർദ്ദത്തിനുവേണ്ടി ആഗ്രഹിക്കുന്ന ആളുകളും ആദരിക്കുകയാണ്. അവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള ഒരു സർവ്വകലാശാല കേരളത്തിൽ ആരംഭിച്ചുകൊണ്ട് നമ്മുടെ മതേതരത്വത്തിന് ഒരു പുതിയമുഖം കാണിച്ചു കൊടുക്കാൻ മുന്നോട്ടു വന്നു. ഇതിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല, ശബരിമല വിമാനത്താവളം കൊണ്ടുവരികയാണ്. കേരളത്തിലെ അഞ്ചാമത്തെ ഇന്റർനാഷണൽ എയർപോർട്ടിന്റെ

നടപടികൾ ആരംഭിച്ചിരിക്കുന്നു. കണ്ണൂർ എയർപോർട്ടിന്റെ തലവൻ ശ്രീ. തുളസീദാസിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങി വച്ചിരിക്കുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി യേറ്റെടുക്കൽ അടക്കമുള്ള എല്ലാ നടപടികളും ഇ. കെ. നായനാരുടെ കാലഘട്ടത്തിൽ തുടങ്ങിവച്ചതാണ്, ഈ സർക്കാർ അത് പൂർത്തിയാക്കി. പ്രിയമുള്ളവരേ, ഇതാ അഞ്ചാമത്തെ വിമാനത്താവളം യാഥാർത്ഥ്യമാകുന്നു. നാലാമത്തെ വിമാനത്താവളവും അഞ്ചാമത്തെ വിമാനത്താവളവും ഇടതുപക്ഷത്തിന്റെ തൊപ്പിയിലെ തൂവലായി മാറാൻ പോകുകയാണ്. നിർദ്ദിഷ്ട അങ്കമാലി-എരുമേലി ശബരി റെയിൽ നിർമ്മാണത്തിനായുള്ള പകുതി ഫണ്ടായി ഏകദേശം 1500 കോടി രൂപയോളം എടുക്കാമെന്ന തീരുമാനം മന്ത്രിസഭായോഗം ഔദ്യോഗികമായി തീരുമാനിച്ചിരിക്കുന്നു. ആ മാറ്റങ്ങൾ നിങ്ങൾ കാണണം. നിങ്ങളുടെ സമീപനം എന്താണ്, കഴിഞ്ഞ 10 മാസക്കാലത്തിനുള്ളിൽ ഞങ്ങളുടെ 6 സഹോദരന്മാരെയാണ് നിങ്ങൾ കൊത്തിയരിഞ്ഞത്. കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണിയുടെ കൈകൾ രക്തപങ്കിലമാണെന്ന് കേരളത്തിലെ ജനങ്ങൾ കാണുന്നു. വെമ്പായത്തെ ആ രണ്ടു ചെറുപ്പക്കാരെ എന്തിനാണ് നിങ്ങൾ വെട്ടിയരിഞ്ഞ് നടുറോഡിൽ തള്ളിയത്? അവരുടെ രക്തം നിങ്ങളുടെ കൈകളിലുണ്ട്, അത് മായ്ച്ചുകളയാൻ നിങ്ങൾക്ക് സാധിക്കില്ല. ഈ കേരളത്തെ ചോരയിൽ മുക്കാൻ, ഞങ്ങളുടെ പ്രവർത്തകരെ ഇല്ലാതാക്കിക്കൊണ്ട് മുമ്പോട്ടുപോകാൻ നിങ്ങൾ എത്രയോ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്, അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് പരാജയ ഭീതിയിലായ നിങ്ങൾ ഉപതെരഞ്ഞെടുപ്പുകൾ കഴിഞ്ഞപ്പോൾ കൈകളിൽ വാളെടുത്തത്. അങ്ങനെയുള്ള നിങ്ങളെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ലെന്നതിൽ ഒരു സംശയവും വേണ്ട. കേരളത്തിലെ ജനങ്ങൾ രക്തദാഹികളായ നിങ്ങൾക്കെതിരെ അണിനിരക്കും, വികസനത്തിനെതിരെ ശബ്ദമുയർത്തുന്ന, ലൈഫിനെ പിരിച്ചുവിടുന്ന, കുടുംബശ്രീയെ ഇല്ലാതാക്കാൻ നോക്കുന്ന നിങ്ങൾക്കെതിരെ അണിനിരക്കും. പാവങ്ങളെ നെഞ്ചോടു ചേർത്തുപിടിച്ച് ഒരു പട്ടിണിക്കാരനും കേരളത്തിൽ ഉണ്ടാകരുതെന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ച സർക്കാരിനെ കരിതേച്ച് കാണിക്കാൻ നിങ്ങൾ നടത്തുന്ന പരിശ്രമങ്ങൾ കേരളത്തിലെ ജനങ്ങൾ പരമപുച്ഛത്തോടുകൂടി വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ അറബിക്കടലിന്റെ ആഴങ്ങളിലേയ്ക്ക് വലിച്ചെറിയും എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

മി. ചെയർമാൻ: ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു.)